പ്രധാനമന്ത്രി നരേന്ദ്ര മോദി യുടെ പാർലമെൻറ് പ്രസംഗങ്ങൾ 2014-2021



പ്രധാനമന്ത്രി
നരേന്ദ്ര മോദി യുടെ
പാർലമെൻറ്
പ്രസംഗങ്ങൾ
2014-2021

പ്രധാനമന്ത്രി മോദിജി യുടെ പ്രസംഗങ്ങൾ മലയാളത്തിൽ
മൊഴിമാറ്റം ചെയ്തത്

ലോക് സഭ സെക്രട്ടറിയേറ്റ്
പ്രസിദ്ധീകരിച്ചത്

ആമുഖം

ജനാധിപത്യത്തിന്റെ പരമോന്നത ശ്രീകോവിലാണ് പാർലെമൻറ്. പാർലെമന്റിന്റെ ഇരുസഭകളിലും നടക്കുന്ന ക്രിയാത്മകമായ ചർച്ചകള് ശക്തവും വികസിതവും പക്വതയുള്ള ജനാധിപത്യ വ്യവസ്ഥിതിയുടെ പ്രതിഫലനമാണ്. സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം നീണ്ട എഴുപത്തിയഞ്ച് വർഷങ്ങള് നമ്മുടെ ജനാധിപത്യവ്യവസ്ഥയുടെ മഹത്വപൂർണമായ പ്രയാണമായിരുന്നു. ഇതേ മഹത്തായ ജനാധിപത്യ പ്രയാണത്തിലെ അത്യന്തം മഹത്വപൂർണമായ കാലഘട്ടം ആയിരുന്നു ശ്രീ നരേന്ദ്ര മോദി നമ്മുടെ രാജ്യത്തിന്റെ പ്രധാനമന്ത്രിയായി ചുമതലയേറ്റ രണ്ടായിരത്തി പതിനാല് എന്ന വർഷം. ആ വർഷം മുതല് ഇന്ന് വരെ അദ്ദേഹത്തിൻറെ ശക്തമായ നേതൃത്വത്തില് സമഗ്ര വികസനം, സ്ഥിരത, സമൃദ്ധി എന്നിവയുടെ പുതിയ മാനങ്ങൾ കണ്ടെത്തുവാന് രാജ്യത്തിന് സാധിച്ചു. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ഊർജ്ജസ്വലമായ നേതൃത്വത്തിന് കീഴില് കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയിൽ ഘടനാപരവും സാമ്പത്തികപരവുമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ഇന്ന് ലോകത്തെ മികച്ച സമ്പദ് വ്യവസ്ഥയുടെ അടുത്ത ഘട്ടത്തില് ഇന്ത്യൻ സമ്പദ്വ്യവസ്ഥ എത്തി നില്ക്കുന്നു. ഈ കാലയളവിലാണ്, നമ്മുടെ സമ്പദ് വ്യവസ്ഥയെ കൂടുതൽ ശക്തമാക്കുകയും മാറ്റങ്ങള് ഉൾക്കൊള്ളുന്നതുമായ തരത്തിലുള്ള ജിഎസ്ടി, ഇൻസോൾവൻസി ആൻഡ് സോൾവൻസി കോഡ്, റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, ക്രിപ്റ്റോ കറൻസി റെഗുലേഷൻ ഉൾപ്പെടെ വഴിത്തിരിവാകുന്ന നിയമങ്ങൾ പാർലമെന്റ് പാസാക്കിയത് . ആഗോള മഹാമാരിയായ കോവിഡ്-19 ഉയർത്തിയ കനത്ത വെല്ലുവിളികളെ വിജയകരമായി മറികടക്കുവാന് നമുക്ക് സാധിച്ചു എന്ന വസ്തുതയിലൂടെ നമ്മുടെ സമ്പദ് വ്യവസ്ഥയുടെ ശക്തി നമുക്ക് അളക്കുവാന് സാധിയ്ക്കും. ആഗോള അസ്ഥിരതയെയും നാം വിജയകരമായി നേരിടുകയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി വിഭാവനം ചെയ്ത, രണ്ടായിരത്തി ഇരുപത്തിയാറോടെ അഞ്ച് ട്രില്യൻ യു എസ് ഡോളർ സമ്പദ് വ്യവസ്ഥയായി മാറുവാനുള്ള പാതയിലാണ് ഇന്ത്യ.

സമ്പദ്വ്യവസ്ഥയെ നവീകരിക്കുന്നതിൽ മാത്രമല്ല സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്, സാധാരണക്കാരുടെ ജീവിതത്തിൽ സകാരാത്മകമായ തരത്തിൽ സാമൂഹികവും സാമ്പത്തികവുമായ മാറ്റങ്ങൾ കൊണ്ടുവരാൻ നിരവധി നൂതന പരിപാടികളും നയങ്ങളും രൂപീകരിച്ചിട്ടുണ്ട്. എല്ലാവർക്കും ആയുഷ്മാൻ ഭാരത് യോജനയിലൂടെ ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ നൽകുന്നുണ്ട്. പ്രധാനമന്ത്രി-കിസാൻ സമ്മാൻ യോജനയും പ്രധാൻ മന്ത്രി ഫസൽ യോജനയും പാവപ്പെട്ട കർഷകരുടെ ജീവിതത്തെ നല്ല രീതിയിൽ സ്വാധീനിച്ചു.

ആഗോളമായി ബാധിച്ച സമ്പദ് വ്യവസ്ഥയുടെ അസ്ഥിരതയെ നാം വിജയകരമായി ചെറുത്തുനിൽക്കുന്നു. അഞ്ച് ട്രില്യൺ യുഎസ് ഡോളർ സമ്പദ് വ്യവസ്ഥ യാകുവാനുള്ള പാതയിലാണ് ഇന്ത്യ. 2026 ഈ ലക്ഷ്യം സഫലമാകണമെന്നതാണ് ആദരണീയനായ പ്രധാനമന്ത്രിയുടെ സങ്കല്പം.സമ്പദ് വ്യവസ്ഥയെ പരിഷ്കരിക്കുക മാത്രമല്ല ഗവൺമെന്റിന്റെ ലക്ഷ്യം. സാമൂഹ്യവും സാമ്പത്തികവുമായ പല മാറ്റങ്ങളിലൂടെ സാധാരണ ജനങ്ങളുടെ ജീവിതത്തിലും ഗുണപരമായ മാറ്റം ഇന്ന് നമ്മുടെ ലക്ഷ്യമാണ്. ആരോഗ്യ പരിരക്ഷ ഏവർക്കും നൽകുവാനായി ആയുഷ്മാൻ ഭാരത് യോജന പോലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാനമന്ത്രി കിസാൻ സമ്മാൻ യോജന, പ്രധാനമന്ത്രി ഫസൽ യോജന, എന്നിവ ദരിദ്രരായ കർഷകരുടെ ജീവിതത്തിൽ നല്ല മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

കർഷകരുടെ ഉൽപന്നങ്ങൾക്ക് മികച്ച വിപണന സൗകര്യങ്ങൾ ലഭ്യമാക്കുന്നതും അവരുടെ ഉൽപന്നങ്ങൾക്കുള്ള താങ്ങു വിലയിലെ സ്ഥിരതയാർന്ന വർദ്ധനയും സംബന്ധിച്ച തീരുമാനങ്ങൾ രാജ്യത്തെ കർഷകരുടെ അവസ്ഥയെ ഗണ്യമായി മെച്ചപ്പെടുത്തി. ഗ്രാമങ്ങളിലും നഗരങ്ങളിലും പ്രധാൻ മന്ത്രി ആവാസ് യോജന നടപ്പിലാക്കിയതിലൂടെ സ്ത്രീകളുടെ അവസ്ഥ കൂടുതൽ ശക്തിപ്പെടുത്തുവാന് സാധിച്ചു, ഈ പദ്ധതിയുടെ കീഴിലെ കുടുംബത്തിലെ സ്ത്രീ അംഗത്തിൻറെ പേരിലേ വസ്തു രജിസ്റ്റർ ചെയ്യാൻ കഴിയൂ എന്നതാണു കാരണം. "പെൺമക്കളെ രക്ഷിക്കു പെൺമക്കളെ പഠിപ്പിക്കു, (ബേട്ടി ബജാവോ ബേട്ടി പട് ആവോ) പദ്ധതികളും സ്ത്രീ ശാക്തീകരണത്തിന് കാരണമായി.

ആദരണീയനായ പ്രധാനമന്ത്രി സമൂഹത്തിലെ എല്ലാ ശ്രേണിയിലുള്ളവരുടെയും ക്ഷേമത്തിനായി പ്രയത്നിക്കുന്നു."സർവ്വ ജന ഹിതായ സർവ്വ ജന സുഖായ (ഏവരുടെയും ക്ഷേമത്തിനായി, ഏവരുടെയും സന്തോഷത്തിനായി) എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രവർത്തനങ്ങൾ. ഏവർക്കും കൂടി വെള്ളം ഉറപ്പാക്കുന്നതിന് വേണ്ടി , ജൽ ജീവൻ മിഷനു ആദരണീയ പ്രധാനമന്ത്രി തുടക്കം കുറിച്ചു. പൊതു ശുചിത്വ നിലവാരം ഏവർക്കും ഉറപ്പാക്കുക എന്നതിനാണ് സ്വച്ഛ് ഭാരത് മിഷൻ; തീരപ്രദേശത്തിന്റെയും ജലപാതകളുടെയും മുഴുവൻ സാധ്യതകളും തുറക്കുന്നതിനുള്ള പദ്ധതിയാണ് സാഗർമാല; ആദിവാസി മേഖലകളിൽ മുന്നൂറോളം പുതിയ നഗരങ്ങളുടെ വികസനത്തിനും മറ്റ് നിരവധി ക്ഷേമത്തിനും, അടിസ്ഥാന സൗകര്യ വികസന പരിപാടികൾക്കും വേണ്ടിയാണ് 'അർബൻ' പദ്ധതി.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന് അനുയോജ്യമായ ആധുനിക ഇന്ത്യയെ സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് ഡിജിറ്റൽ ഇന്ത്യ, മെയ്ക്ക് ഇൻ ഇന്ത്യ, സ്റ്റാർട്ടപ്പ് ഇന്ത്യ, എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുള്ളത് , അതിലൂടെ രാജ്യത്തെ യുവ സംരംഭകർക്ക് അനുയോജ്യമായ അന്തരീക്ഷം നല്കുവാന് സാധിയ്ക്കും . അഴിമതിയും കള്ളപ്പണവും തുടച്ചുനീക്കുന്നതിന് സഹായിച്ച ഭീം, റുപേ കാർഡുകൾ തുടങ്ങിയ ഡിജിറ്റൽ പേയ്മെന്റ് രീതികൾ അവതരിപ്പിച്ച് സാമ്പത്തിക പരിസ്ഥിതി വ്യവസ്ഥയെ നവീകരിച്ചു. ഇന്ന് ഇടനിലക്കാരില്ലാതെ ധനസഹായം ലഭിക്കേണ്ടവരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് പണം എത്തുന്നു. . ഇതുപ്രകാരം ദരിദ്രരായവർക്ക് ധനലഭ്യത ഉറപ്പാക്കുകയും ധന ദുർവിനിയോഗം ഒഴിവാക്കുകയും ചെയ്യുന്നു. സർക്കാർ പദ്ധതി ഗുണഭോക്താക്കളുടെ തിരിച്ചറിയൽ , ആധാർ അടിസ്ഥാനമാക്കിയുള്ള സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പ് വഴി സുതാര്യമായി. നമ്മുടെ പാവപ്പെട്ടവരുടെ കീശകളിൽ കൂടുതല് പണം ഉറപ്പാക്കുന്നതിന് പുറമെ , ഇത് സർക്കാര് ഖജനാവില് ഗണ്യമായ നീക്കിയിരിപ്പിനും കാരണമായി. ദീർഘവീക്ഷണവും പുരോഗമന ചിന്താഗതിയുമുള്ള നമ്മുടെ പ്രധാനമന്ത്രിയുടെ പ്രചോദനാത്മകമായ പ്രസംഗങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം, ഇത് , രാജ്യത്തെ, സാമൂഹിക, ഭരണ, സാമ്പത്തിക, രാഷ്ട്രീയ സാഹചര്യങ്ങൾ സംബന്ധിച്ചുള്ള വിഷയങ്ങളില് ആദരണീയ പ്രധാനമന്ത്രിയുടെ ചിന്തകളിലേക്കും , കാഴ്ചപ്പാടുകളിലേക്കും പാർലമെന്റംഗങ്ങൾക്കും ഗവേഷകർക്കും പൊതുജനങ്ങൾക്കും വെളിച്ചം വീശും. അതോടൊപ്പം വിവിധ ദേശീയ, അന്തർദേശീയ വിഷയങ്ങളിലദ്ദേഹത്തിന്റെ വീക്ഷണങ്ങളെക്കുറിച്ചും അവർക്ക് അറിവ് പകരും .

രാജ്യം ആസാദി കാ അമൃത് മഹോത്സവം (സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം) ആഘോഷിക്കുന്ന സമയത്താണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത് എന്നത് ഞങ്ങളെ സംബന്ധിച്ചു വളരെ സന്തോഷം നൽകുന്നു . ശക്തവും സുരക്ഷിതവും സമൃദ്ധവുമായ രാഷ്ട്രമാക്കി ഇന്ത്യയെ മാറ്റുവാനുള്ള ആദരണീയ പ്രധാനമന്ത്രിയുടെ ദർശനത്തെ രാജ്യത്തെയും ലോകത്തെയും മുഴുവൻ ജനങ്ങളിലേക്കും എത്തിക്കുവാനുള്ള ഒരു ശ്രമം ആണ് ഈ പുസ്തകം.

ആദരണീയനായ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ പ്രഭാഷണങ്ങളുടെ ഈ സമാഹരണം പ്രസാധനം ചെയ്യുവാൻ ലോക് സഭാ സെക്രട്ടറിയേറ്റ് നടത്തിയ ഈ സംരംഭത്തെ ഞാൻ അനുമോദിക്കുന്നു. ഈ സവിശേഷമായ പരിശ്രമം പാർലമെൻററി ചർച്ചകളെ കൂടുതല് സമ്പന്നമാക്കുകയും പാർലമെന്റേറിയൻമാർക്കും ഗവേഷകർക്കും പൊതുനയ- വിദേശനയ, വിദ്യാർത്ഥികൾക്കും ഇന്ത്യൻ രാഷ്ട്രീയത്തെക്കുറിച്ചും നമ്മുടെ ശക്തമായ ജനാധിപത്യത്തെക്കുറിച്ചും മനസ്സിലാക്കാനും പഠിക്കാനും താൽപ്പര്യമുള്ളവർക്കും ഇത് വളരെ ഉപയോഗപ്രദമാകും എന്നു ഉറച്ചു ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

ശ്രീ ഓം ബിർള
സ്പീക്കർ, ലോക്സഭ

മുഖവുര

2014-ൽ ശ്രീ നരേന്ദ്ര ദാമോദർദാസ് മോദി ഇന്ത്യയുടെ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ആ ഉന്നത പദവി വഹിക്കുന്നതും സ്വതന്ത്ര ഇന്ത്യയിൽ ജനിച്ച ഒരു തലമുറയിലെ ഇന്ത്യക്കാരൻ എന്ന പ്രത്യേകതയും നേടിയ ആദ്യത്തെ നേതാവായി അദ്ദേഹം മാറി. അദ്ദേഹത്തിന്റെ ജീവിതയാത്ര, ഒരുപക്ഷേ അനിവാര്യമായത് പോലെ പുതുതായി കോളനിവൽക്കരിക്കപ്പെട്ട ഒരു രാജ്യത്തിന്റെ വിധിയുമായി അഭേദ്യമായി ഇഴചേർന്നിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതം, പ്രതിസന്ധികളാൽ വലയുന്ന, എന്നാൽ ആത്മവിശ്വാസവും സുസ്ഥിരവും ശക്തവും ഐക്യവും പ്രബുദ്ധവുമായ ജനാധിപത്യ ഇന്ത്യയുടെ ഭാഗധേയത്തിൽ ആത്മവിശ്വാസം നിറഞ്ഞ ഒരു ജനതയുടെ പ്രതിഫലനമാണ്. ശ്രീ നരേന്ദ്ര മോദിയുടെ ജീവിതയാത്രയിലെ പരീക്ഷണങ്ങളും കഷ്ടപ്പാടുകളും, എണ്ണമറ്റ വ്യത്യസ്ത വഴികളിലൂടെ പ്രതിസന്ധികളിൽ തളരാതെ, ദൃഢനിശ്ചയത്തോടെ എന്നാൽ സമത്വവും ക്ഷമയും സമചിത്തതയും കഠിനാധ്വാനവും കൊണ്ട് വളർന്നുവരുന്ന ഒരു യുവ രാഷ്ട്രത്തെയും അതിന്റെ ജനാധിപത്യ രാഷ്ട്രീയത്തെയും പരിപോഷിപ്പിച്ച എണ്ണമറ്റ സഹവാസികളുടെ പോരാട്ടങ്ങളുടെ ഇതിഹാസമാണ്. പ്രധാനമന്ത്രിയായി പാർലമെന്റിലെത്തിയ ആദ്യ ദിവസം ശ്രീ നരേന്ദ്ര മോദി സൻസദ് ഭവന്റെ പടികളിൽ പാർലമെന്റിന് സമർപ്പിച്ച പ്രണാമം, പാർലമെൻ്റിറി ജനാധിപത്യത്തിൻ്റെ വക്താക്കളുടെയെല്ലാം ഓർമ്മയിൽ വളരെക്കാലം നിലനിൽക്കും. നിരവധി സഹസ്രാബ്ദങ്ങളായി ഈ നാടെന്ന ജ്വാല സജീവമായി നിലനിർത്തിയ പങ്കാളിത്ത ഭരണത്തിന്റെ ധാർമ്മികതയിലുള്ള അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസത്തിന്റെ ശക്തമായ ദൃഷ്ടാന്തമായിരുന്നു ഈ പ്രവൃത്തി.

2014-നും 2021-നും ഇടയിൽ ഇന്ത്യൻ പാർലമെന്റിൽ പ്രധാനമന്ത്രിയായിരിക്കെ നരേന്ദ്ര മോദി നടത്തിയ 34 പ്രസംഗങ്ങളുടെ കാലാനുസൃത സമാഹാരം ഈ വാല്യത്തിൽ അടങ്ങിയിരിക്കുന്നു. ഈ പ്രസംഗങ്ങളിലൂടെ അദ്ദേഹത്തിന്റെ ലോകവീക്ഷണത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച വായനക്കാരിൽ എത്തുന്നു. നമ്മുടെ നാഗരികതയുടെ ആത്മാവിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, അതിന്റെ വിവിധ സംസ്കാരങ്ങളുടെ ബഹുസ്വരതയാൽ സമ്പുഷ്ടമാക്കപ്പെട്ട, യുക്തിസഹവും ശാസ്ത്രീയവുമായ നവയുഗത്തെ സ്വീകരിക്കാനുള്ള സന്നദ്ധതയാൽ പ്രചോദിപ്പിക്കപ്പെട്ട ഒരു ലോകവീക്ഷണമാണിത്. ലോകചരിത്രത്തിൽ ഇന്ത്യ ഏറെക്കുറെ പരമ്പരാഗതമായി ആസ്വദിച്ചിരുന്ന പദവിയായ, ലോക രാഷ്ട്രങ്ങളുടെ കൂട്ടായ്മയിലെ ആഗോള നേതാവെന്ന തങ്ങളുടെ യഥാർത്ഥ സ്ഥാനം വീണ്ടെടുക്കാനുള്ള ഇന്ത്യൻ രാഷ്ട്രത്തിന്റെ കഴിവിലുള്ള പ്രധാനമന്ത്രി മോദിയുടെ അചഞ്ചലമായ വിശ്വാസത്തിന്റെ അടിത്തറയായി പ്രവർത്തിച്ചത് ഈ ലോകവീക്ഷണമാണ്. പാർലമെന്റിലെ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലൂടെ ഇന്ത്യൻ ഭരണഘടനയിലും അത് നിലനിർത്തിയ മൂല്യങ്ങളിലും പ്രധാനമന്ത്രി മോദിയുടെ അചഞ്ചലമായ വിശ്വാസത്തെ വീണ്ടും ഉറപ്പിക്കുന്നതിൽ പരാജയപ്പെട്ടിട്ടില്ലെന്ന് വായനക്കാർക്ക് മനസ്സിലാവും. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, ആയിരക്കണക്കിന് വർഷങ്ങളായി ജനങ്ങളുടെ ചിന്തയിൽ നിന്നും പ്രതിഫലനത്തിൽ നിന്നും വാർത്തെടുത്ത ജ്ഞാനത്തിന്റെ ഫലമാണ് ഇന്ത്യൻ ഭരണഘടന. ഇത് സാധാരണക്കാരുടെ പ്രതീക്ഷകളുടെയും അഭിലാഷങ്ങളുടെയും കലവറയാണ്, രാഷ്ട്രത്തെ ഒന്നിച്ചുനിർത്തുന്ന കെട്ടുറപ്പുള്ള ശക്തിയാണ്, കൂടാതെ എല്ലാ വിഭാഗങ്ങൾക്കും രാജ്യത്തിന്റെ എല്ലാ പ്രദേശങ്ങളുടെയും ഇന്ത്യയുടെ പൊതു ഭാഗധേയത്തിന്റെ ഉടമസ്ഥാവകാശത്തിന്റെ മഹത്തായ സാക്ഷ്യപത്രമാണ്. പ്രധാനമന്ത്രിയുടെ വാക്കുകളിൽ, ഇന്ത്യൻ ഭരണഘടന 'ഇന്ത്യയുടെ അന്തസ്', 'ഇന്ത്യയുടെ ഐക്യം' എന്നിവയുടെ പ്രതീകമാണ്. ഈ പശ്ചാത്തലത്തിലാണ് ഇന്ത്യൻ ഭരണഘടന തന്റെ സർക്കാരിന്റെ ഏക മതവും ഏക മതഗ്രന്ഥവുമാണെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവനയെ വീക്ഷിക്കുകയും അഭിനന്ദിക്കുകയും ചെയ്യേണ്ടത്.

ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി പദവിയിൽ നിന്ന് പ്രധാനമന്ത്രി പദവിയിലേക്ക് ഉയർത്തപ്പെട്ട ആദ്യ വ്യക്തിയായി ശ്രീ നരേന്ദ്രമോദി മാറി. ഒരു ദശാബ്ദത്തിലേറെ ഇന്ത്യൻ സംസ്ഥാനത്തിന്റെ ചീഫ് എക്സിക്യൂട്ടീവായി നേടിയ അനുഭവസമ്പത്ത്, കേന്ദ്ര-സംസ്ഥാന ഇടപെടലുകളുടെ സ്വഭാവത്തെക്കുറിച്ച് സവിശേഷമായ കാഴ്ചപ്പാടുകൾ അദ്ദേഹത്തിന് നൽകി. 'സഹകരണ ഫെഡറലിസം' എന്ന ആശയം അദ്ദേഹം പാർലമെന്റിൽ ശക്തമായി അവതരിപ്പിച്ചത്, നമ്മുടെ രാഷ്ട്രീയത്തിന്റെ ഫെഡറൽ സ്വഭാവത്തെ അറിയിക്കുന്ന ഭരണഘടനാ വ്യവസ്ഥകൾ പ്രായോഗികമായി എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ചുള്ള ധാരണാപരമായ പ്രതിഫലനത്തിന്റെ ഫലമാണ്. ഇന്ത്യയെപ്പോലുള്ള വിശാലവും വൈവിധ്യപൂർണ്ണവുമായ രാജ്യത്ത് ഫെഡറൽ പദ്ധതി വിജയിക്കണമെങ്കിൽ പ്രധാനമന്ത്രിയും മുഖ്യമന്ത്രിമാരും ഒരു ടീമായി പ്രവർത്തിക്കേണ്ടതുണ്ടെന്ന് അദ്ദേഹത്തിന്റെ ചില പ്രസംഗങ്ങളിൽ വ്യക്തമാക്കാറുണ്ട്. അതിനാൽ, ജി.എസ്.ടി നിയമത്തിന്റെ വിജയകരമായ പാസാക്കലും നടപ്പാക്കലും കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിലുള്ള ചർച്ചകൾക്ക് വഴികാട്ടിയ പരസ്പര ധാരണയുടെയും പൊരുത്തപ്പെടലിന്റെയും സാക്ഷ്യമായി കണക്കാക്കപ്പെടുന്നു. ഈ നേട്ടം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ സഹകരണ ഫെഡറലിസത്തിന്റെ ആദർശം കൈവരിക്കുന്നതിനുള്ള പാതയിൽ ഒരു സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തി.

സാധാരണക്കാരുടെ പോരാട്ടങ്ങൾ പ്രധാനമന്ത്രി മോദി അടുത്തറിഞ്ഞിട്ടുള്ളതാണ്. വിശേഷാധികാരങ്ങളുടെയും അവകാശങ്ങളുടെയും കൈനിയിൽ പെടുന്ന സാധാരണക്കാരുടെ ജീവിതം അദ്ദേഹത്തിന്റെ കഥ കൂടിയാണ്. ഏതൊരു ഇന്ത്യക്കാരനും അനുരണനം കണ്ടെത്താവുന്ന പ്രധാനമന്ത്രിയുടെ ജീവിത യാത്ര 'എത്ര സംഭവിച്ചാലും തളരില്ല' എന്ന ശാശ്വത മനോഭാവം, മാന്യത, സമഗ്രത, കടമ എന്നിവയുടെ സ്വാഭാവിക ബോധം, അറിവ് നേടാനുള്ള അതിയായ ആഗ്രഹം, അനുഭവത്തിൽ നിന്ന് പഠിക്കാനും ഉൾക്കൊള്ളാനുമുള്ള സന്നദ്ധത, എല്ലാത്തിനുമുപരിയായി, മാതൃരാജ്യത്തോടുള്ള അചഞ്ചലമായ ഭക്തി എന്നിവയാൽ ശ്രദ്ധേയമാണ്. ഈ സന്ദർഭത്തിലായിരിക്കാം അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ പല അവസരങ്ങളിലും, ഓരോ മനുഷ്യനിലും സഹജമായിട്ടുള്ള അസാധാരണ നേട്ടങ്ങൾക്കുള്ള സാധ്യതയെക്കുറിച്ച് മനസിലാക്കാനുള്ള വിശ്വാസം ഊട്ടിയുറപ്പിച്ചത്. ഓരോ പൗരനെയും അവരവരുടെ നിലവാരം കണ്ടെത്താൻ സഹായിക്കുകയെന്നത് സർക്കാരിന്റെ ഗൗരവമേറിയ കടമയായി അദ്ദേഹം കണക്കാക്കുന്നു. നമ്മുടെ രാജ്യത്തെ യുവജനങ്ങൾ പ്രതിനിധീകരിക്കുന്ന വിഭാഗത്തിൽ പ്രധാനമന്ത്രിക്ക് അപാരമായ വിശ്വാസമുണ്ട്. ശരിയായ പ്രോത്സാഹനങ്ങൾ, പിന്തുണ നൽകുന്ന അന്തരീക്ഷം എന്നിവ കണക്കിലെടുക്കുമ്പോൾ, നമ്മുടെ ഗ്രാമീണ ചെറുകിട നഗരങ്ങളിലെ യുവാക്കൾ ആഗോളവും പ്രാദേശികവുമായ പൊതു, പ്രൊഫഷണൽ മേഖലകളിൽ ശ്രദ്ധേയമായ മത്സര സ്വഭാവവും വൈദഗ്ധ്യവും പ്രദർശിപ്പിച്ചിരിക്കുന്നു. സമീപകാലത്ത് വ്യവസായസ്ഥാപനങ്ങൾക്കും നവീകരണത്തിനുമായി അടിസ്ഥാന സൗകര്യങ്ങളിലും പരിസ്ഥിതിയിലും മികച്ച പുരോഗതി കൈവരിച്ച, ഇതുവരെ അവഗണിക്കപ്പെട്ടിരുന്ന നമ്മുടെ ടയർ 2 ടയർ 3 നഗരങ്ങളുടെ വർദ്ധിച്ചുവരുന്ന ഊർജ്ജസ്വലതയിൽ പ്രധാനമന്ത്രി മോദിക്ക് വലിയ പ്രതീക്ഷയും പ്രത്യാശയും ഉണ്ട്. ഓരോ വ്യക്തിയുടെയും പ്രത്യേക കഴിവുകളിലുള്ള പ്രധാനമന്ത്രിയുടെ ആഴത്തിലുള്ള വിശ്വാസം, അദ്ദേഹത്തിന്റെ ഗംഭീരമായ ശ്ലോക പാരായണത്തിലൂടെ സംക്ഷിപ്തമായി പ്രകടിപ്പിക്കുന്നു:

अमन्त्रमक्षरं नास्ति, नास्ति मूलमनौषधम्।अयोग्यः पुरुषो नास्ति, योजकस्तत्र दुर्लभः॥

(മന്ത്രത്തിൽ ഇടം കിട്ടാത്ത അക്ഷരമില്ല, ഔഷധഗുണമില്ലാത്ത വേരില്ല, തികച്ചും അയോഗ്യനായ ഒരു വ്യക്തിയുമില്ല, എന്നാൽ അവ എങ്ങനെ ഉപയോഗിക്കണമെന്ന് അറിയുന്നവർ വിരളമാണ്).

ഓരോ വ്യക്തിക്കും അതുല്യമായ കഴിവുകൾ ഉള്ളതിനാൽ, ഈ സമാഹാരത്തിലെ നിരവധി പ്രസംഗങ്ങൾ, ഇന്ത്യയിലെ ഓരോ പൗരനെയും സ്വയം പ്രാപ്തരാക്കുന്നതിന് ഊർജ്ജം പ്രദാനം ചെയ്യുന്നതിനായി സർക്കാരിന്റെ എല്ലാ കാര്യങ്ങളും തങ്ങളുടെ കഴിവിനനുസരിച്ച് ചെയ്യണമെന്ന പ്രധാനമന്ത്രിയുടെ ദൃഢമായ ബോധ്യം പ്രകടിപ്പിക്കുന്നു. 'സബ്കാ സാത്ത്, സബ്കാ വികാസ്' എന്നത് അദ്ദേഹത്തിന്റെ സർക്കാരിന്റെ നയ മാതൃകയുടെ ആണിക്കല്ലാണ്. ഇത് ഒരു നയ ചട്ടക്കൂടാണ്, ഓരോ വ്യക്തിക്കും അന്തസ്സുള്ള ഒരു ജീവിതം ഉറപ്പുനൽകുന്നതിനായി സർക്കാർ സ്വന്തം ജനങ്ങളെ വിശ്വസിക്കുന്നു എന്ന തിരിച്ചറിവ് നൽകിക്കൊണ്ട് ആശ്വസിക്കാൻ ഓരോ പൗരനെയും അനുവദിക്കുന്നു. ജീവിതത്തിൽ തങ്ങളുടെ സ്ഥാനം എന്തായിരുന്നാലും, ഓരോ വ്യക്തിഗത കഴിവുകൾക്കും പ്രസരിക്കാൻ പ്രചോദനങ്ങൾ നൽകും. സാധാരണക്കാരന്റെ അഖണ്ഡതയിൽ പ്രധാനമന്ത്രി അർപ്പിക്കുന്ന ആത്മവിശ്വാസം, പൗരന്മാർക്കും പൊതു ഉദ്യോഗസ്ഥർക്കും ഇടയിൽ വിശ്വാസം രൂപപ്പെടുത്തുന്നതിൽ പരിവർത്തനപരമായ സ്വാധീനം ചെലുത്തിയിട്ടുള്ള, അവബോധത്തിൽ നിന്നാണ് ഉണ്ടായിരിക്കുന്നത്. പൗരന്മാർ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾക്ക് ഔദ്യോഗിക അംഗീകാരം നൽകാനും പൊതു ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തൽ നിർബന്ധമാക്കിയ നിലവിലുള്ള വ്യവസ്ഥകൾ മാറ്റാനും തന്റെ സർക്കാരിന്റെ വിശ്വാസത്തിന്റെ കുതിച്ചുചാട്ടത്തെക്കുറിച്ച് പ്രധാനമന്ത്രി തന്നെ മികച്ച രീതിയിൽ വിവരിച്ച ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കുന്നു. അതുവഴി മുമ്പുണ്ടായിരുന്ന വലിയ മടുപ്പും പ്രയാസവും കുറയ്ക്കുക മാത്രമല്ല, സമൂഹത്തിലും രാഷ്ട്രീയത്തിലും വിശ്വാസത്തിന്റെ ഉടമ്പടി ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

ജൻധൻ യോജന, നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം, ആവശ്യമുള്ള ജില്ലകളുടെ ത്വരിത വികസനം, കർഷക സമൂഹങ്ങൾക്കുള്ള ഒരു കൂട്ടം പദ്ധതികൾ, എല്ലാവർക്കും ആരോഗ്യം ഉറപ്പുനൽകുന്ന ആയുഷ്മാൻ യോജന, 'വോക്കൽ ഫോർ ലോക്കൽ', മേക്ക് ഇൻ ഇന്ത്യ, സ്റ്റാർട്ടപ്പ് ഇന്ത്യ, ചെറുകിട സംരംഭകർക്കും ബിസിനസുകൾക്കുമുള്ള പദ്ധതികൾ, നടപടിക്രമങ്ങൾ ലളിതമാക്കൽ, പിന്നാക്ക വിഭാഗങ്ങൾക്കായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, രാജ്യത്തിന്റെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ മുഖ്യധാരാ പദ്ധതികൾ എന്നിങ്ങനെയുള്ള സംരംഭങ്ങളെയാണ് ഇപ്പോഴത്തെ സമാഹാരത്തിലെ നിരവധി പ്രസംഗങ്ങളിൽ പരാമർശിക്കുന്നത്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ, സർക്കാരിന്റെ പദ്ധതികളും സംരംഭങ്ങളും വിഭാവനം ചെയ്യുകയും രൂപകൽപ്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടത് എല്ലാ പൗരന്മാർക്കും വിശ്വസനീയവും വിതരണം ചെയ്യാവുന്നതുമായ അവകാശങ്ങൾ സൃഷ്ടിക്കപ്പെടുന്ന വിധത്തിൽ, അത്തരം നയപരമായ ഇടപെടലുകളുടെ ഫലം യഥാർത്ഥത്തിൽ സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവരായ സ്ത്രീകൾ, കർഷകർ, യുവജനങ്ങൾ തുടങ്ങിയവരിലേക്കാണ്. പൊതുസേവന വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഉപയോക്തൃ സൗഹൃദവും പ്രവചനാതീതവുമാക്കുക എന്നതാണ് പ്രധാനമന്ത്രിയുടെ ദൗത്യം. അതുവഴി അസംതൃപ്തിക്കും നിരാശയ്ക്കും ഇടം നൽകാതെ, പ്രത്യാശ, ക്ഷേമം, ശാക്തീകരണം, അവകാശം ഉടമസ്ഥത തുടങ്ങിയവ സൃഷ്ടിക്കുന്നു. ലോകോത്തര അടിസ്ഥാന സൗകര്യങ്ങളും അത്യാധുനിക സാങ്കേതിക വിദ്യയും നൂതനത്വവും കൊണ്ട് സജ്ജീകരിച്ചിട്ടുള്ള ഒരു ബിസിനസ് സൗഹൃദ ആധുനിക ഇന്ത്യയുമായി യോജിച്ചു പോകുന്ന ഒരു ക്ഷേമ രാഷ്ട്രമാണ് പ്രധാനമന്ത്രി മോദിയുടെ വികസനത്തിന്റെയും പുരോഗതിയുടെയും കാഴ്ചപ്പാട്. ക്ഷേമം, വികസനം, വിശ്വാസം എന്നിവയിലൂടെ സർക്കാരിന് രാഷ്ട്രത്തിന്റെ മഹത്തായ മഹത്വത്തിൽ പൊതുപങ്കാളിത്തം സൃഷ്ടിക്കാൻ കഴിയുമ്പോഴാണ് 'एक भारत श्रेष्ठ भारत' (ഏക ഭാരതം, ശ്രേഷ്ഠ ഭാരതം) എന്ന ആത്യന്തിക സ്വപ്നം സാക്ഷാത്കരിക്കാനുള്ള ശ്രമത്തിലെ വിജയം ഏറ്റവും നന്നായി സാക്ഷാത്കരിക്കപ്പെടുക എന്ന് പ്രധാനമന്ത്രി വിശ്വസിക്കുന്നു.

യുവത്വമുള്ള ഒരു രാജ്യത്തിന്റെ വളർന്നുവരുന്ന ആത്മവിശ്വാസത്തിൽ പ്രധാനമന്ത്രി മോദി ഭാവിയിലേക്കുള്ള ശോഭനമായ പ്രതീക്ഷകൾ കാണുന്നു. അതിനാൽ, പാർലമെന്റിലെ അംഗങ്ങളോടും

അവരിലൂടെ രാഷ്ട്രത്തോടും വലിയ രീതിയിൽ ചിന്തിക്കാനും അവരുടെ കഴിവുകളിൽ വിശ്വസിക്കാനും ദീർഘവീക്ഷണം പ്രകടിപ്പിക്കാനും വിനാശത്തിന്റെ പ്രവാചകന്മാരാൽ നിരാശപ്പെടാതിരിക്കാനും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. സമീപഭാവിയിൽ രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ 5 ട്രില്യൺ ഡോളർ പ്ലസ്‌ലീഗിലേക്ക് എത്തിക്കുന്ന വളർച്ചാ പാതയിൽ സർക്കാർ ദൃഢനിശ്ചയത്തോടെ മുന്നോട്ട് പോകുകയാണെന്ന് അദ്ദേഹം പാർലമെന്റ് അംഗങ്ങൾക്ക് ഉറപ്പ് നൽകുന്നു. ഇന്ത്യ യഥാർത്ഥത്തിൽ അവസരങ്ങളുടെ നാടാണെന്ന് പ്രധാനമന്ത്രി വിശ്വസിക്കുന്നു. നമ്മുടെ രാജ്യക്കാർ 2047-ലെ ഒരു ഇന്ത്യയെ സ്വപ്നം കാണണം - നമ്മുടെ സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികം - അത് സാർവത്രികമായി അംഗീകരിക്കപ്പെടേണ്ടതാണ്.

ഏതൊരു സമൂഹത്തിനും ക്രമസമാധാനം നിലനിർത്താനും വികസനത്തിന്റെ പാതയിൽ മുന്നേറാനും പൗരന്മാർ തങ്ങളുടെ പൗരധർമ്മങ്ങൾ അച്ചടക്കത്തോടെയും ആത്മാർത്ഥതയോടെയും നിർവഹിക്കേണ്ടതുണ്ടെന്നതാണ് പ്രധാനമന്ത്രിയുടെ ഉറച്ച വീക്ഷണം. മൗലിക കർത്തവ്യങ്ങൾ പൗരന്മാരുടെ അവകാശങ്ങളുമായി കൈകോർക്കുന്നുവെന്ന് എല്ലാവരും മനസ്സിലാക്കേണ്ടത് പ്രധാനമാണ്. അതിനാൽ, അമൃത് കാലിൽ ഇന്ത്യയുടെ ആദർശം കൈവരിക്കുന്നതിന് രാജ്യത്തോടുള്ള കടമകൾ മനഃസാക്ഷിയോടെ നിർവഹിക്കാൻ എല്ലാ രാജ്യക്കാരേയും പ്രധാനമന്ത്രി ആഹ്വാനം ചെയ്യുന്നു.

പ്രധാനമന്ത്രി മോദി കാത്തുസൂക്ഷിക്കുന്ന, ദൃഢമായ വിശ്വാസവും, ഐക്യവും ശക്തവും എല്ലാവരെയും ഉൾക്കൊള്ളുന്നതും ആത്മവിശ്വാസത്തോടെ ഉയർന്നുവരുന്നതുമായ ഒരു ഇന്ത്യയുടേതാണ്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലെ ശ്ലോകങ്ങളും മന്ത്രങ്ങളും വളരെയധികം ആകർഷിക്കപ്പെടുന്നതായി വായനക്കാർക്ക് മനസ്സിലാകും, അവ നമ്മുടെ പങ്കിട്ട അനുഭവങ്ങളും വിശ്വാസ വ്യവസ്ഥകളും നന്നായി പ്രകടിപ്പിക്കുന്നു. ഈ തെളിയിക്കപ്പെട്ട ജ്ഞാനം യുഗങ്ങളായി പൂർവ്വികരുടെ എണ്ണമറ്റ തലമുറകൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. അനിവാര്യമായും പ്രധാനമന്ത്രി മനോഹരമായ വേദമന്ത്രത്തിലൂടെ വ്യക്തിയെയും ഇന്ത്യൻ ജനതയുടെ കൂട്ടായ പ്രതിഭയെയും പ്രചോദിപ്പിക്കുന്നു:

अयुतोअहं, अयुतो मे आत्मा, अयुतं मे
अयुतं चक्षु,अयुतं श्रोत्रम

(ഞാൻ ഒരു വ്യക്തിയല്ല, ഞാൻ ഒറ്റയ്ക്കല്ല, എന്നോടൊപ്പം ദശലക്ഷക്കണക്കിന് മനുഷ്യരെ ഞാൻ കാണുകയും അവരുടെ സാമീപ്യം അനുഭവിക്കുകയും ചെയ്യുന്നു. അതിനാൽ, എന്റെ ആത്മീയ ശക്തി ദശലക്ഷക്കണക്കിന് ആളുകളാണ്. എനിക്ക് ദശലക്ഷക്കണക്കിന് ആളുകളുടെ കാഴ്ചയുണ്ട്, എനിക്ക് ദശലക്ഷക്കണക്കിന് ആളുകളുടെ കേൾവിയുണ്ട്, കർമ്മശക്തിയുണ്ട്).

2014-21 കാലയളവിൽ പാർലമെന്റിൽ നടത്തിയ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ 34 പ്രസംഗങ്ങൾ പ്രധാന ഇന്ത്യൻ ഭാഷകളിൽ പരിഭാഷപെടുത്തുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക എന്ന വെല്ലുവിളി നിറഞ്ഞ ദൗത്യം ഏറ്റെടുക്കുക എന്നത് ലോക്സഭാ സെക്രട്ടേറിയറ്റിന് അഭിമാനമുള്ള കാര്യമാണ്. പ്രധാനമന്ത്രിയുടെ വീക്ഷണങ്ങളും ചിന്തകളും സ്വന്തം മാതൃഭാഷയിൽ നന്നായി മനസ്സിലാക്കാനും അഭിനന്ദിക്കാനും വിമർശനാത്മകമായി വിലയിരുത്താനും വായനക്കാർക്ക് കഴിയുമെന്നാണ് ഞങ്ങളുടെ വിശ്വാസം. ബഹുഭാഷാ പ്രസിദ്ധീകരണത്തിന്റെ ഈ സംരംഭം എന്നത് ബഹുമാനപ്പെട്ട ലോക്സഭാ സ്പീക്കർ ശ്രീ ഓം ബിർല മുന്നോട്ട് വച്ച ആശയമായിരുന്നു, എല്ലാ ഘട്ടങ്ങളിലും അദ്ദേഹത്തിന്റെ മാർഗനിർദേശവും പ്രോത്സാഹനവും ലഭിച്ചത് ഈ വെല്ലുവിളി നിറഞ്ഞതും എന്നാൽ അതുല്യവുമായ സംരംഭം ഏറ്റെടുക്കാൻ ഞങ്ങളെ എല്ലാവരെയും പ്രേരിപ്പിച്ചു. ലോക്സഭാ സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറിയും ഉദ്യോഗസ്ഥനുമായ ശ്രീ സത്പാൽ ഗുലാത്തി,

പ്രസംഗങ്ങളുടെ വിവർത്തനത്തിൽ പലതരത്തിലുള്ള വെല്ലുവിളികൾ നേരിട്ടപ്പോഴും അക്ഷീണം പ്രവർത്തിക്കുകയും അദ്ദേഹത്തിലർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിക്കുകയും ചെയ്തു. ലോക്സഭാ സെക്രട്ടേറിയറ്റിലെ എല്ലാ തലങ്ങളിലും പ്രദർശിപ്പിച്ച കഠിനാധ്വാനത്തിനും അർപ്പണബോധത്തിനുമുള്ള ആദരവാണ് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ പ്രസംഗങ്ങളുടെ ഇപ്പോഴത്തെ പ്രസിദ്ധീകരണം. ഇന്ത്യയിലെ വിവിധ ഭാഷാ പശ്ചാത്തലങ്ങളിൽ നിന്നുള്ള വായനക്കാർക്ക് ഈ പ്രസിദ്ധീകരണം ഉപയോഗപ്രദമാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ഉത്പ്പൽ കുമാർ സിംഗ്

സെക്രട്ടറി ജനറൽ
ലോക്സഭ

ഉള്ളടക്കം

Sl. No.	Subject	Page No.
1.	ലോക്സഭാ സ്പീക്കറായി ശ്രീമതി സുമിത്ര മഹാജനെ തിരഞ്ഞെടുത്ത വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സ്വാഗത പ്രസംഗം. ജൂൺ 6, 2014	3
2.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ രാജ്യസഭയിൽ നടന്ന നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ മറുപടി പ്രസംഗം. ജൂൺ 11, 2014	5
3.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയിലെ നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ മറുപടി പ്രസംഗം. ജൂൺ 11, 2014	17
4.	ലോക്സഭയുടെ ഡെപ്യൂട്ടി സ്പീക്കറെ അനുമോദിച്ചുകൊണ്ട് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ പ്രസംഗം. ആഗസ്റ്റ് 13, 2014	29
5.	സാധ്വി നിരഞ്ജൻ ജ്യോതി വിഷയത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ലോക്സഭയിൽ നടത്തിയ പ്രസ്താവന. ഡിസംബർ 5, 2014	31
6.	26/11 സംഭവത്തിൽ കുറ്റാരോപിതനായ സാക്കി-ഉർ-റഹ്മാൻ ലാഖ്വി-ക്ക് പാകിസ്ഥാനിൽ ജാമ്യം അനുവദിച്ചതിൽ പ്രദാനമന്ത്രി ശ്രീ നരേന്ദ്രമോദി ലോക്സഭയിൽ നൽകിയ പ്രസ്താവന. ഡിസംബർ 19, 2014	33
7.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയിലെ നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ മറുപടി പ്രസംഗം. ഫെബ്രുവരി 27, 2015	37
8.	പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ലോക്സഭയിൽ നടത്തിയ പ്രസ്താവന. മാർച്ച് 9, 2015	53
9.	പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ലോക്സഭയിൽ നടത്തിയ പ്രസ്താവന. ഏപ്രിൽ 23, 2015	55
10.	ബി ആർ അംബേദ്കറുടെ നൂറ്റി ഇരുപത്തിയഞ്ചാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി ഭരണഘടനയോടുള്ള പ്രതിബദ്ധതയോടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി നൽകിയ പ്രസംഗം. നവംബർ 27, 2015	57
11.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയിലെ നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ മറുപടി പ്രസംഗം. മാർച്ച് 3, 2016	71
12.	ലോക്സഭയിൽ ജിഎസ്ടി ബിൽ ചർച്ചയിൽ ശ്രീ നരേന്ദ്ര മോദി നടത്തിയ പ്രസംഗം. ആഗസ്റ്റ് 8, 2016	83

Sl. No.	Subject	Page No.
13.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയിലെ നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ മറുപടി പ്രസംഗം. ഫെബ്രുവരി 7, 2017	93
14.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ രാജ്യസഭയിൽ നടന്ന നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ മറുപടി പ്രസംഗം. ഫെബ്രുവരി 8, 2017	111
15.	ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ എഴുപത്തിയഞ്ചാം വാർഷികവേളയിൽ ലോക്സഭയിൽ നടന്ന പ്രത്യേക ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി നൽകിയ സന്ദേശം. ആഗസ്റ്റ് 9, 2017	127
16.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ രാജ്യസഭയിൽ നടന്ന നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ മറുപടി പ്രസംഗം. ഫെബ്രുവരി 7, 2018	137
17.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയിലെ നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ മറുപടി പ്രസംഗം. ഫെബ്രുവരി 7, 2018	153
18.	രാജ്യസഭയിൽ നിന്ന് വിരമിക്കുന്ന അംഗങ്ങൾക്ക് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ ആശംസാ പ്രസംഗം. മാർച്ച് 28, 2018	173
19.	കേന്ദ്ര മന്ത്രിസഭക്കെതിരെ കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ എതിർത്ത് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ലോക്സഭയിൽ നടത്തിയ പ്രസംഗം. ജൂലൈ 20, 2018	177
20.	രാജ്യസഭയുടെ ഡെപ്യൂട്ടി ചെയർമാനെ അനുമോദിച്ചുകൊണ്ട് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ പ്രസംഗം. ആഗസ്റ്റ് 9, 2018	195
21.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയിലെ നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ മറുപടി പ്രസംഗം. ഫെബ്രുവരി 7, 2019	199
22.	ശ്രീ അടൽ ബിഹാരി വാജ്പേയിയുടെ ഛായാചിത്രം അനാച്ഛാദനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി പാർലമെന്റിൽ ചെയ്ത പ്രസംഗം. ഫെബ്രുവരി 12, 2019	223
23.	പതിനാറാം ലോക്സഭയുടെ അവസാന സമ്മേളനത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ചെയ്ത പ്രസംഗം. ഫെബ്രുവരി 13, 2019	227
24.	ലോക്സഭാ സ്പീക്കറായി ശ്രീ ഓം ബിർല തിരഞ്ഞെടുക്കപ്പെട്ട വേളയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ചെയ്ത സ്വാഗത പ്രസംഗം. ജൂൺ 19, 2019	235
25.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയിലെ നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ മറുപടി പ്രസംഗം. ജൂൺ 25, 2019	239

Sl. No.	Subject	Page No.
26.	രാജ്യസഭയുടെ ഇരുന്നൂറ്റി അൻപതാം സമ്മേളനത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ പ്രസംഗം. നവംബർ 18, 2019	251
27.	ഭരണഘടനയുടെ എഴുപതാം വാർഷിക ദിനത്തിൽ പാർലമെന്റിന്റെ ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ പ്രസംഗം. നവംബർ 26, 2019	259
28.	ശ്രീരാമ ജന്മഭൂമി തീർത്ഥ ക്ഷേത്ര ട്രസ്റ്റിന്റെ രൂപീകരണത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ ലോക്സഭയിലെ പ്രസംഗം. ഫെബ്രുവരി 5, 2020	265
29.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ രാജ്യസഭയിൽ നടന്ന നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ മറുപടി പ്രസംഗം. ഫെബ്രുവരി 6, 2020	269
30.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയിലെ നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ മറുപടി പ്രസംഗം. ഫെബ്രുവരി 6, 2020	285
31.	ശ്രീ ഹരിവംശ് നാരായൺ സിംഗിനെ രാജ്യസഭാ ഡെപ്യൂട്ടി ചെയർമാനായി തിരഞ്ഞെടുത്ത വേളയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി നടത്തിയ പ്രസംഗം. സെപ്റ്റംബർ 14, 2020	301
32.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ രാജ്യസഭയിൽ നടന്ന നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ മറുപടി പ്രസംഗം. ഫെബ്രുവരി 8, 2021	307
33.	രാജ്യസഭയിലെ നാല് അംഗങ്ങളുടെ വിരമിക്കൽ വേളയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ ആശംസാപ്രസംഗം. ഫെബ്രുവരി 9, 2021	325
34.	രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയിലെ നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ മറുപടി പ്രസംഗം. ഫെബ്രുവരി 10, 2021	329

ആദരണീയ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി രാജ്യസഭയിലും ലോക് സഭയിലും ചെയ്ത പ്രസംഗങ്ങളുടെ മലയാള പരിഭാഷ



67th Mahaparinirvan Diwas of Dr. B. R. Ambedkar



Floral Tribute to Pandit Madan Mohan Malviya and Shri Atal Bihari Vajpayee



Floral Tribute to Netaji Subhash Chandra Bose



IPU President Address in the Central Hall of Parliament

2014



ആദ്യമായി പാർലമെന്റ് മുഖ്യ സഭാഗൃഹം (സെൻട്രൽ ഹാൾ) സന്ദർശന വേളയിൽ ശ്രീ. നരേന്ദ്ര മോദി ചവിട്ടുപടികളെ നമസ്കരിക്കുന്നു.

"പാർലമെന്റ്, രാജ്യത്തെ ജനാധിപത്യത്തിന്റെ ശ്രീകോവിലാണ്"

“ലോക്സഭാ സ്പീക്കറായി ശ്രീമതി
സുമിത്ര മഹാജനെ
തിരഞ്ഞെടുത്ത വേളയിൽ
പ്രധാനമന്ത്രി നരേന്ദ്ര മോദി
യുടെ സ്വാഗത പ്രസംഗം

ജൂൺ 6, 2014”

ജൂൺ 06, 2014

ലോക് സഭ

സ്പീക്കർ തെരഞ്ഞെടുപ്പിൽ ആശംസകൾ അർപ്പിച്ച് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ചെയ്ത പ്രസംഗം

ആദരണീയ സ്പീക്കർ മാഡം, ഈ സഭയുടെ മഹത്തായ പാരമ്പര്യം അനുസരിച്ച് സർവസമ്മതമായി സഭാദ്ധ്യക്ഷയായി ശ്രീമതി സുമിത്ര മഹാജൻജിയെ തെരഞ്ഞെടുത്തതിന് എല്ലാ രാഷ്ട്രീയ കക്ഷികളെയും ഒപ്പം എല്ലാ സഭാംഗങ്ങളെയും ഞാൻ ഹൃദയപൂർവ്വം അഭിവാദ്യം ചെയ്യുന്നു. ആദരണീയയായ സ്പീക്കർ മാഡം, എല്ലാ രാഷ്ട്രീയ കക്ഷികൾ ഒപ്പം എല്ലാ സഭാംഗങ്ങളെയും ഞാൻ ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു. ഒരു വനിത, ജനാധിപത്യ ക്ഷേത്രത്തിലെ പ്രസംഗപീഠത്തിൽ ഇരുന്ന് അതിനെ നിയന്ത്രിക്കുകയും രാജ്യത്തെ സാധാരണക്കാരായ മനുഷ്യരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ആവശ്യമായ മാർഗനിർദേശങ്ങൾ ദീർഘകാലം നല്കുകയും ചെയ്യുമെന്നത് നാം ഏവർക്കും അഭിമാനകരമായ കാര്യം ആണ്.

സ്പീക്കർ മാഡം, ഇൻഡോറിലെ മുനിസിപ്പൽ കോർപ്പൊറേഷൻ അംഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയായി ദശകങ്ങൾ നീണ്ട യാത്രയിലൂടെയാണ് ഈ ആദരണീയമായ പദവിയിൽ അങ്ങ് എത്തിച്ചേർന്നത് എന്നത് ഈ സഭയെ സംബന്ധിച്ച് അഭിമാനകരമാണ്. എട്ട തവണ സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട താങ്കളുടെ അനുഭവസമ്പത്ത് സഭയുടെ സുഗമമായ നടത്തിപ്പിന് അങ്ങേയറ്റം ഉപയോഗപ്രദവും വിലപ്പെട്ടതുമായിരിക്കും.

സഭയുടെ ഘടനയുടെയും അംഗബലത്തിൻറെയും കാര്യത്തിൽ ഒന്നാം ലോക് സഭയ്ക്ക് സമാനമായ അവസരം ആണ് പതിനാറാം ലോക് സഭയിൽ നമുക്ക് ലഭിച്ചത്. ആദ്യ ലോക് സഭ രൂപീകരണത്തിന് ശേഷം ദീർഘകാലം കഴിഞ്ഞാണ് 315 അംഗങ്ങൾ ആദ്യമായി സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിന് നമ്മൾ സാക്ഷ്യം വഹിക്കുന്നത്. ലോകം മുഴുവൻ വളരെയധികം പ്രതീക്ഷയോടെയും അഭിലാഷത്തോടെയും സഭയെ ഉറ്റു നോക്കുമ്പോൾ നിരവധി പഴയ ആചാരങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയോട് വിടപറഞ്ഞു ആരോഗ്യകരമായ പുതിയ ശീലങ്ങളെ സ്വീകരിക്കുകയും ചെയ്തു കൊണ്ട് ഒരു പുതിയ വെളിച്ചത്തിലേക്ക് സഭയെ കൊണ്ടുവരാനായി ശ്രമിക്കുന്നു എന്നതാണ് ഇതിലൂടെ വെളിപ്പെടുന്നത്. രാജ്യത്തിന്റെ യഥാർത്ഥ വികസന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ പാകത്തിൽ ഊർജ്ജത്തിന്റെ ശക്തി കേന്ദ്രമായി മാറുവാൻ ഈ ജനാധിപത്യ ക്ഷേത്രത്തിന് തീർച്ചയായും സാധിക്കും. ലോകത്തിന് മുന്നിൽ ശക്തമായ ജനാധിപത്യമായി ഇന്ത്യയെ നിർമിക്കുന്നതിന് ഈ പുതുരക്തവും പുതുതായി കണ്ടെത്തിയ ഊർജവും ഈ സഭക്ക് തീർച്ചയായും അവസരം നൽകുകയും ചെയ്യും.

താങ്കളുടെ നേതൃത്വത്തിനും മാർഗ്ഗനിർദേശത്തിനും കീഴിൽ പ്രതീക്ഷകളും അഭിലാഷങ്ങളും നിറവേറ്റുവാൻ ഈ സഭയ്ക്ക് തീർച്ചയായും സാധിയ്ക്കും. മാഡം, താങ്കളുടെ പേര് തന്നെ സൗമനസ്യവും സൗഹൃദവും ജനിപ്പിക്കുന്നതാണ്. എല്ലാവരും താങ്കളുമായി ഊഷ്മളമായ ബന്ധം പങ്ക് വയ്ക്കും.

മാഡം, ''മഹാന്മാരുടെ പാത പിന്തുടരുക'', എന്ന് വേദഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇവിടെ ഒരു മഹാജൻ സഭാ അധ്യക്ഷയായിരിക്കുന്നതായി നമുക്ക് കാണാനാകും. അങ്ങ് ചൂണ്ടിക്കാണിക്കുന്ന പാത പിന്തുടരുവാൻ സഭയ്ക്കത്ത് പ്രയോജനമാകും. താങ്കളുടെ പ്രതീക്ഷ പോലെ ഇന്ത്യയിലെ സാധാരണക്കാരന്റെ പ്രതീക്ഷയും അഭിലാഷങ്ങളും പൂർത്തീകരിക്കുന്നതിനായി പൂർണ്ണ മനസോടെ ഒരുമിച്ച് പ്രവർത്തിക്കാനുള്ള എല്ലാ അവസരവും ഈ സഭ ഉപയോഗിക്കും എന്ന് ഞാൻ താങ്കൾക്ക് ഉറപ്പ് തരികയും എന്റെ ആശംസകൾ അറിയിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. താങ്കൾക്ക് ഒരിക്കൽ കൂടി എന്റെ ആശംസകൾ ഞാൻ നേരുന്നു. കൂടാതെ ഈ ആരോഗ്യകരമായ പാരമ്പര്യം ഉയർത്തിപ്പിടിച്ചതിന് എല്ലാ രാഷ്ട്രീയ പാർട്ടികളും നല്കിയ ഏകകണ്ഠമായ പിന്തുണയ്ക്ക് ഹൃദയംഗമമായ നന്ദി അറിയിക്കുന്നു.

രാഷ്ട്രപതിയുടെ പ്രസംഗത്തിൽ
രാജ്യസഭയിൽ നടന്ന
നന്ദിപ്രമേയ ചർച്ചയിൽ
പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി
യുടെ മറുപടി പ്രസംഗം

ജൂൺ 11, 2014

ജൂൺ 11, 2014
രാജ്യസഭ

രാഷ്ട്രപതിയുടെ നയപ്രഖ്യാപനത്തിലെ നന്ദി പ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നേരന്ദ്ര മോദിയുടെ മറുപടി പ്രസംഗം

ആദരണീയ സ്പീക്കർ, എല്ലാ ആദരണീയരായ മുതിർന്ന സഭാംഗങ്ങളെ, ഈ സഭയിൽ ആദ്യമായി സംസാരിക്കുവാനുള്ള അവസരം എനിക്ക ലഭിച്ചിരിക്കുകയാണ്. ഇവിടെ ഉള്ള എല്ലാ അംഗങ്ങളും മുതിർന്നവരും പരിചയ സമ്പന്നരുമാണ്. ഭാവിയിൽ ഇവരിൽ നിന്ന് എല്ലാവരിൽനിന്നും ഒരുപാട് കാര്യങ്ങൾ പഠിക്കുവാൻ എനിക്ക സാധിയ്ക്കും, പേക്ഷ ഈ പ്രാരംഭഘട്ടത്തിൽ, എന്റെ അനുഭവക്കുറവ് കൊണ്ട് ഞാൻ എന്തെങ്കിലും കാര്യങ്ങൾ വിട്ട പോയിട്ടുണ്ടെങ്കിൽ, ആ പോരായ്മക്ക് എന്നോടു ക്ഷമിക്കണമെന്ന് ഞാൻ നിങ്ങൾ ഏവരോടും അഭ്യർഥിക്കുന്നു.

നാൽപ്പത്തി രണ്ട് ബഹുമാന്യ അംഗങ്ങൾ നന്ദിപ്രമേയ ചർച്ചയിൽ പെങ്കടുത്തു സംസാരിക്കുകയുണ്ടായി. ബഹുമാന്യനായ ഗുലാം നബി ആസാദ് ജി, ശ്രീ സതീഷ് ചന്ദ്ര മിശ്രജി, ശ്രീ ഡൈറക് ഒബ്രിയൻജി, ശ്രീ ഡി.പി. ത്രിപാഠിജി, പ്രൊഫ. രാം ഗോപാൽ യാദവ്ജി, ശ്രീ സീതാറാം യെച്ചൂരിജി ഒപ്പം സഭയിലെ മുതിർന്ന എല്ലാ സഭാംഗങ്ങളും അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. എല്ലാ പാർട്ടികളുടെയും നേതാക്കൾ അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ഈ അഭിസംബോധനെയ ഭ്രരിപക്ഷം അംഗങ്ങളും പിന്തുണയ്ക്കുകയും ചെയ്തു. ചില നിർദേശങ്ങൾ നല്കുകയും ചില ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു. വളരെ അർത്ഥവത്തായിരുന്ന ചർച്ച. ബഹുമാനെപ്പട്ട അംഗങ്ങളുടെ രാഷ്ട്രീയം നോക്കാതെ അവർ നൽകുന്ന സ്വീകാര്യമായ എല്ലാ നിർദ്ദേശങ്ങളും ക്രിയാത്മകമായി ഉപേയാഗിക്കാനായി ഞങ്ങൾ ശ്രമിക്കുന്നതാണ്.

ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉന്നയിച്ച ആദരണീയരായ എല്ലാ അംഗങ്ങൾക്കും ഞാൻ നന്ദി പറയുന്നു. ഇവെയല്ലാം എങ്ങിനെ സാധ്യമാകും, എപ്പോൾ, എങ്ങിനെ ആണ് ഇതെല്ലാം ചെയ്യുക തുടങ്ങി തങ്ങളുടെ ഉത്കണ്ഠകളും ആശങ്കകളും ആദരണീയരായ ചില അംഗങ്ങൾ പ്രകടിപ്പിച്ചിരുന്നു. നിരാശയുടെ അന്തരീക്ഷത്തിലായിരുന്ന എന്നത് വസ്തുതയാണ്. കഴിഞ്ഞ നിരവധി വർഷങ്ങളായി നിലനിന്ന നിരാശയുടെ ഒരു അന്തരീക്ഷം കൊണ്ടാണ് എല്ലാം നഷ്ടമായെതന്നും ഒന്നും ഇനി ചെയ്യാൻ ആകില്ലെന്നും എല്ലാവരും ചിന്തിക്കുവാൻ തുടങ്ങിയെതന്നത് ഒരു വാസ്തവം ആണ്. ആ ഒരു വികാരത്തിന്റെ നിഴൽ ഇപ്പൊഴും നിലനിൽക്കുന്നു. അത് കൊണ്ട് എങ്ങിനെ അത് ചെയ്യും, എപ്പോൾ അത് ചെയ്യും, ആര് ചെയ്യും തുടങ്ങിയ ചോദ്യങ്ങൾ ഉയരുക സ്വാഭാവികമാണ്.

എന്നാൽ, ദിവസങ്ങൾക്കുള്ളിൽ തെന്നെ, നിരാശയുടെ അന്തരീക്ഷം മാറി ഒരു പുതിയ പ്രതീക്ഷയോടെയും
ആത്മവിശ്വാസേത്താടെയും മുന്നേറാൻ രാജ്യം തീരുമാനിച്ചതായി ഈ സുഹൃത്തുക്കളും വിശ്വസിക്കുവാൻ തുടങ്ങും.

ബഹുമാന്യനായ രാഷ്ട്രപതി അദ്ദേഹത്തിന്റെ അഭിസംബോധനയിൽ നിരവധി കാര്യങ്ങളെക്കുറിച്ച പറയുകയുണ്ടായി. എല്ലാ ബഹുമാനെപ്പട്ട അംഗങ്ങളും അവരുടേതായ രീതിയിൽ അവെയ വീണ്ടും ഇവിടെ പരാമർശിക്കുകയുണ്ടായി. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു, വിജയവും തോൽവിയും നെമ്മ ചിലത് പഠിപ്പിക്കാൻ പ്രാപ്തമാണ് എന്ന് ഊന്നിപ്പറയെട്ട. വിജയത്തിൽ നിന്ന് പാഠം ഉൾക്കൊള്ളാൻ ആകാത്തവർ പരാജയത്തിന്റെ വിത്ത് വിതയ്ക്കുന്നു, തോൽവിയിൽ നിന്ന് ഒന്നും പഠിക്കാത്തവർ ഉന്മൂലനത്തിന്റെ വിത്ത് വിതയ്ക്കുന്നു. ജയപരാജയങ്ങളുടെ ചിന്തകെള മറികടന്ന് അവയിൽ നിന്നും നമുക്ക് പഠിക്കേണ്ടതുണ്ട്. ഞാൻ ഒരിക്കൽ ആചാര്യ വിനോബ ഭാവെയുടെ തത്ത്വചിന്ത വായിക്കുകയായിരുന്നു, അതിൽ അദ്ദേഹം 'യുവത്വം' എന്തെന്ന് നിർവചിച്ചിട്ടുണ്ട്. വളരെ ലളിതമായ നല്ല ഒരു

നിർവചനമാണ്. നാളെയെക്കുറിച്ച് ചിന്തിക്കുന്ന ഭാവിയെക്കുറിച്ച് സംസാരിക്കുന്ന ഒരാളാണ് 'യുവാവ്' എന്ന് അദ്ദേഹം പറയുന്നു. എന്നാൽ ഭ്രതകാലെത്ത കുറിച്ച മാത്രം ചിന്തിക്കുകയും അതേക്കുറിച്ച് മാത്രം വാചാലനാകുകയും ചെയ്യുന്ന ഒരാൾക്ക് 'യുവാവ്' ആകാൻ കഴിയില്ല, അവരുടെ ചിന്തകൾ യുവത്വം നിറഞ്ഞതും ആകില്ല. ജനം അംഗീകരിച്ചാലും ഇല്ലെങ്കിലും ഭ്രതകാലെത്തക്കുറിച്ച് മാത്രം ചിന്തിക്കുന്നതും ചിന്തകൾ പഴയതിൽ മാത്രം തങ്ങി നിൽക്കുന്നതും ഉചിതമല്ല. ടെയിനിലോ ബസ്സിലോ നമ്മൾ യാത്ര ചെയ്യുമ്പോൾ ചില പ്രായമായവെര നമ്മൾ കണ്ടു മുട്ടുന്നു, അവരുടെ സംഭാഷണം ദീർഘേനരം കേൾക്കേണ്ടി വരാറുണ്ട്. കഴിഞ്ഞ കാലങ്ങളിൽ അവർ

എന്തായിരുന്നുവെന്നും അവരുടെ ജീവിതത്തിൽ പണ്ട് നടന്ന എല്ലാ സംഭവവികാസങ്ങളും നമ്മൾ ശ്രദ്ധിക്കേണ്ടി വരും. വിനോബ ജിയുടെ 'യുവത്വ'ത്തെക്കുറിച്ചുള്ള നിർവ്വചനം വളരെ നല്ലതാണെന്ന് ഞാൻ വിശ്വസിക്കുന്നു, ഇത് ഭാവിയിലേക്ക് ഉറ്റു നോക്കാനും ചിന്തിക്കാനും നമുക്ക് പ്രചോദനമാകുന്നു. ഇന്ത്യയുടെ ഫെഡറൽ വ്യവസ്ഥ നമ്മുടെ ശക്തിയുടെ പ്രധാന കാരണങ്ങളിലൊന്നാണ്. ശ്രീ ബാബാസാഹിബ് അംബേദ്കറും മറ്റ് ദാർശനിക പ്രമുഖരും നൽകിയ ഭരണഘടനയുടെ ഏറ്റവും വലിയ ശക്തി ഇതുതന്നെയാണ്. നമ്മുടെ ഫെഡറൽ വ്യവസ്ഥയെ വീണ്ടും ശക്തിമത്താക്കുവാൻ സാധിച്ചോ എന്ന ഒരു ആത്മപരിശോധന ഇവിടെ ഡെൽഹിയിൽ ഇരുന്നു നമ്മൾ നടത്തേണ്ടതുണ്ട്. കൂടുതൽ കാര്യക്ഷമമാക്കുവാൻ നമുക്ക് സാധിച്ചോ? ഇന്ത്യ മുന്നോട്ട് പോകണം എങ്കിൽ നമ്മുടെ സംസ്ഥാനങ്ങളും മുന്നോട്ട് നീങ്ങണം. രാഷ്ട്രം അഭിവൃദ്ധിപ്പെടണമെങ്കിൽ, സംസ്ഥാനങ്ങൾ അഭിവൃദ്ധി പ്രാപിക്കണം, രാഷ്ട്രം ശക്തമാകണമെങ്കിൽ സംസ്ഥാനങ്ങൾ ശക്തമാകണം.

"വികസിത ഇന്ത്യയ്ക്കായി വികസിത ഗുജറാത്ത്" എന്ന ഒരു മുദ്രാവാക്യത്തെക്കുറിച്ച് ഞാൻ ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്നപ്പോൾ ഞങ്ങൾ സംസാരിക്കാറുണ്ടായിരുന്നു. അക്കാര്യം ഞങ്ങൾ എപ്പോഴും പറയുമായിരുന്നു. സംസ്ഥാനങ്ങളിൽ അത്തരമൊരു അന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടോ? ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായിരിക്കെ ഒരു സംസ്ഥാനത്തിന്റെ തലവൻ അഭിമുഖീകരിക്കേണ്ട ബുദ്ധിമുട്ടുകൾ അനുഭവിക്കാനും അതിലൂടെ കടന്നുപോകാനും എനിക്ക് അവസരം ലഭിച്ചു. കേന്ദ്രത്തിൽ അനുകൂല സർക്കാർ ഉള്ളപ്പോൾ സംസ്ഥാനത്തിന് എങ്ങിനെ പ്രവർത്തിക്കുവാൻ ആകുമെന്നും ഡൽഹിയിൽ അനുകൂലമല്ലാത്ത സർക്കാർ ഉണ്ടാകുമ്പോൾ സംസ്ഥാനത്തിന് എന്താകും സംഭവിക്കുന്നതെന്നും ഞാൻ അനുഭവിച്ചിട്ടുണ്ട്.

അതിനാൽ സംസ്ഥാനങ്ങൾ അനുഭവിക്കുന്ന വിഷമതകൾ ഞാൻ സ്വയം അനുഭവിച്ചതാണ്. ഞാൻ ഇതെല്ലാം മനസ്സിലാക്കിയിട്ടുണ്ട്. ഒരു സംസ്ഥാനം എങ്ങനെ പതറുന്നു? സംസ്ഥാനത്തെ എങ്ങനെ അവഗണിക്കുന്നു? ഒരു സംസ്ഥാനത്തിലെ വികസനപദ്ധതികൾക്കു സ്വാർത്ഥതാല്പര്യങ്ങൾ എങ്ങനെ വിഘാതമാകുന്നു? ഒരു സംസ്ഥാനത്തിന്റെ വളർച്ചയിൽ തുരങ്കം വയ്ക്കാൻ ഏതൊക്കെ വിധത്തിലാണ് ഗൂഢാലോചനകൾ നടക്കുക തുടങ്ങിയവയെല്ലാം ഞാൻ എന്റെ സ്വന്തം അനുഭവത്തിൽ നിന്നും മനസ്സിലാക്കി. സംസ്ഥാനങ്ങളുടെ വിഷമതകൾ അങ്ങിനെ മനസ്സിലാക്കിയ ഒരാളാണ് പ്രധാനമന്ത്രിയാകാൻ നിയുക്തനായത്. അങ്ങനെയുള്ള വ്യക്തിയാണ് രാജ്യത്തെ സേവിക്കാൻ ആ പദത്തിൽ എത്തിച്ചേർന്നത്. ഈ വേദനകൾ നന്നായി മനസ്സിലാക്കിയ ഒരാൾ എന്ന നിലയിൽ നമ്മുടെ ശ്രമം വിജയിക്കും എന്ന് സഭക്ക് ഉറപ്പ് തരാൻ ഞാൻ ആഗ്രഹിക്കുന്നു.

ആദരണീയ ചെയർമാൻ സാർ, രാഷ്ട്രപതിയുടെ പ്രസംഗത്തിൽ നമ്മൾ ഇത് ഊന്നിപ്പറയുകയും സഹകരണ വ്യവസ്ഥിതിയെക്കുറിച്ച് പരാമർശിക്കുകയും ചെയ്തു. ഈ വല്യേട്ടൻ, കൊച്ചനുജൻ മനോഭാവം തുടരാനാകില്ല. സംസ്ഥാനങ്ങളെ നമുക്ക് തുല്യരായി പരിഗണിക്കേണ്ടതുണ്ട്. സംസ്ഥാനങ്ങളുമായി തോളോടുതോൾ ചേർന്ന് പ്രവർത്തിക്കാനുള്ള പാത ഞങ്ങൾ സ്വീകരിച്ചു. ഇന്ത്യയുടെ ഉന്നമനത്തിനായിട്ടാണ് പ്രവർത്തിക്കുന്നതെന്നു സംസ്ഥാനങ്ങൾക്കും ചെറിയ സംസ്ഥാനങ്ങൾ പോലും വികസിപ്പിക്കാതെ ഇന്ത്യക്ക് വികസിക്കാൻ കഴിയില്ലെന്ന തോന്നൽ അധികാരികൾക്കും തോന്നുന്ന രീതിയിൽ ഒരു തൊഴിൽ സംസ്കാരം നാം വികസിപ്പിക്കേണ്ടതുണ്ട്. ഈ ചിന്താഗതിയോടെ ആകണം നമുക്ക് രാജ്യകാര്യങ്ങൾ നടത്തേണ്ടത്. ആദരണീയ ചെയർമാൻ സാർ, സംസ്ഥാനങ്ങളെ നമ്മൾ വിശ്വാസത്തിലെടുക്കുകയാണെങ്കിൽ വളരെ വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കുന്ന നിരവധി കാര്യങ്ങളുണ്ടെന്ന് എനിക്ക് വളരെ ആത്മവിശ്വാസത്തോടെ പറയാൻ കഴിയും. ഒരു ഫെഡറൽ ഘടനയുള്ള ഇന്ത്യപോലൊരു രാജ്യത്തിൻറെ കാര്യങ്ങൾ നടത്തുന്നതിന് പ്രധാനമന്ത്രിയും എല്ലാ മുഖ്യമന്ത്രിമാരും ഒരു ടീം എന്ന നിലയിൽ ഐക്യത്തോടെ പ്രവർത്തിക്കണമെന്ന് രാഷ്ട്രപതിയുടെ പ്രസംഗത്തിൽ നമ്മൾ സൂചിപ്പിച്ചിരുന്നു. ആ ടീമിനെ രൂപീകരിക്കാൻ പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ മന്ത്രിമാരും മാത്രം പോരാ. പ്രധാനമന്ത്രിയും സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും - അതാണ് നമ്മൾ രൂപീകരിക്കേണ്ട സംഘത്തിന്റെ രൂപം. അതിനു നാം ഊന്നൽ നൽകിയാൽ സംസ്ഥാനങ്ങളുടെ ശക്തി രാജ്യത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്താൻ കഴിയും. മൈത്രേയൻ ജിയുടെ പ്രസംഗം ഞാൻ കേട്ടിരുന്നു. തൻറെ മുഖ്യമന്ത്രി 40 കത്തുകൾ എഴുതി, പക്ഷേ അവയ്ക്കൊന്നും പ്രതികരണം ലഭിച്ചില്ല എന്നദ്ദേഹം പറഞ്ഞു. ഈ അവസ്ഥയും നമ്മൾ

മാറ്റമുണ്ടാക്കണം. ഈ സാഹചര്യം മാറ്റുവാനുതകുന്ന ഒരു സംവിധാനം വികസിപ്പിക്കുന്നതിനെ ഞങ്ങൾ അനുകൂലിക്കുന്നു. ആ ദിശയിൽ തന്നെ മുന്നോട്ട് പോകുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

നമ്മുടെ രാജ്യത്തെ ഗുജറാത്ത് മോഡലിനെക്കുറിച്ച് കുറച്ചു പേർ വളരെയധികം ആശങ്കാകുലരാണ്. ഈ ഗുജറാത്ത് മോഡൽ എന്താണ് എന്ന ചോദ്യം ചിലരുടെ മനസ്സിലുണ്ട്. അവരുടെ ബുദ്ധിമുട്ട് എനിക്ക് മനസ്സിലാകും. ഗുജറാത്ത് മാതൃകയെക്കുറിച്ച് ലളിതമായി പറഞ്ഞാൽ, മായാവതി ജിയുടെ സർക്കാർ ഉത്തർപ്രദേശിൽ ചില നല്ല പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ, ആ പ്രവർത്തികളെ നമ്മുടെ സംസ്ഥാനത്ത് അഭിനന്ദിക്കുകയും അംഗീകരിക്കുകയും നടപ്പിലാക്കുകയും വേണം-ഇതാണ് ഗുജറാത്ത് മോഡൽ. കേരളത്തിൽ ഒരു ഇടതുപക്ഷ സർക്കാർ ഉണ്ടായിരുന്നു, അവർ കുടുംബശ്രീ എന്ന പരിപാടി നടപ്പിലാക്കിയിരുന്നു. അവരിൽ നിന്ന് ഞങ്ങൾ അത് പഠിക്കുകയും ഞങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി അതിൽ ക്രമീകരണങ്ങൾ നടത്തുകയും ചെയ്ത ശേഷം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കി. ഇന്ന് നമ്മൾ സംസ്ഥാനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, മാതൃകകൾ ആണ് നമ്മൾ ചർച്ച ചെയ്യുന്ന വിഷയം. വികസനത്തിന്റെ പശ്ചാത്തലത്തിലാണ് മോഡലുകൾ ചർച്ച ചെയ്യപ്പെടുന്നത്. വികസിതരാകുന്ന സംസ്ഥാനവുമായി മറ്റൊരു സംസ്ഥാനം വികസനക്കാര്യത്തിൽ മത്സരിക്കുന്ന നല്ല ഒരു അന്തരീക്ഷം ഇത് സൃഷ്ടിക്കും. ഒരു ദിവസം ബംഗാൾ ഗുജറാത്തിനെ മറികടന്നുവെന്ന് പറയുക, അല്ലെങ്കിൽ ഗുജറാത്തിനെയും ബംഗാളിനെയും മറികടന്നുവെന്ന് തമിഴ്നാട് പറയുക, ചിലപ്പോൾ ആന്ധ്രാപ്രദേശ് തെലങ്കാനയെക്കാൾ മുന്നിലാണെന്ന് പറയുക അല്ലെങ്കിൽ തെലങ്കാന പറയുന്നു ആന്ധ്രയെ മറികടന്നതായി, അല്ലെങ്കിൽ ബീഹാർ ഗുജറാത്തിനെക്കാൾ വളരെ മുന്നിലാണെന്ന് പറയുന്നു, എന്നിവ കേൾക്കാൻ എനിക്കു വളരെ അധികം ആകാംക്ഷയുണ്ട്. നമ്മുടെ രാജ്യത്തെ ഓരോ സംസ്ഥാനത്തിനും അതിൻറെതായ ശക്തിയും പ്രത്യേകതയും ഉണ്ട്, അത് നമ്മൾ കാണുകയും മനസ്സിലാക്കുകയും രാജ്യത്തെ വികസനത്തിനായി ഈ മത്സരം പ്രോത്സാഹിപ്പിക്കുകയും വേണം. ഗുജറാത്ത് ഒരു ചെറിയ സംസ്ഥാനമാണ്, പക്ഷേ ഗുജറാത്തിലെ എല്ലാ ജില്ലകളിലും ഒരുപോലെ പ്രവർത്തിക്കാൻ ആകില്ല. ലോകത്തെ മുഴുവൻ പേരെയും ഒരേ പോലെയുള്ള വസ്ത്രം ധരിപ്പിക്കാൻ സാധിക്കില്ല. അതുപോലെ, ഒരു സംസ്ഥാനത്തിൻറെ മാതൃക മറ്റൊരു സംസ്ഥാനത്തേക്ക് അടിച്ചേൽപ്പിക്കാൻ കഴിയില്ല. ഗുജറാത്ത് സംസ്ഥാനത്തിൻറെ പ്രത്യേകത അനുസരിച്ച് മരുഭൂമിയിലെ കച്ച് ജില്ലയുടെ മാതൃകയെ ഹരിതാഭം നിറഞ്ഞ വൽസാദ് ജില്ലയിൽ പ്രയോഗിക്കാൻ കഴിയില്ല. അതുപോലെ, ഡൽഹിയുടെ കാഴ്ചപ്പാടുകൾ മറ്റ് സംസ്ഥാനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ കഴിയില്ല. അവരുടെ മുൻഗണനകൾ എന്തൊക്കെയാണ്, അവരുടെ ബുദ്ധിമുട്ടുകൾ എന്തൊക്കെയാണ് എന്നൊക്കെ നമ്മൾ മനസ്സിലാക്കണം. അതിനനുസരിച്ച് വിഭവ സ്രോതസ്സുകളെ ഉപയോഗിക്കണം. അങ്ങനെ ചെയ്താൽ അവർ കൂടുതൽ വേഗത്തിൽ മുന്നോട്ട് കുതിക്കും. അതിനാൽ, രണ്ടുപേർക്കും ഒരു കൂട്ടായ ഉത്തരവാദിത്തമുള്ള വികസിത സംസ്ഥാനത്തിൻറെയും രാഷ്ട്രത്തിൻറെയും ദിശയിലേക്ക് നീങ്ങാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഭാരതമാതാവിൻറെ ഭൂപടത്തിൽ നോക്കിയാൽ, കേരളം, കർണാടക, ഗോവ, ഗുജറാത്ത്, മഹാരാഷ്ട്ര, രാജസ്ഥാൻ, ഹരിയാന, ഡൽഹി, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന പടിഞ്ഞാറൻ ഭാഗത്ത് ചില വികസന പ്രവർത്തനങ്ങൾ കാണാം. എന്നാൽ ഒഡീഷ, ബീഹാർ, പശ്ചിമബംഗാൾ, ഉത്തർപ്രദേശിലെ പൂർവാഞ്ചൽ പ്രദേശം എന്നിവ ഉൾപ്പെടുന്ന രാജ്യത്തിലെ കിഴക്കൻ മേഖലയുടെ അവസ്ഥയോ? ഭാരതാംബയുടെ ഒരു കൈ ശക്തമായിരിക്കെ മറുകൈ ദുർബലമായിരിക്കുന്നത് നമ്മൾ ആഗ്രഹിക്കുന്നുണ്ടോ? അതുകൊണ്ട് കുറഞ്ഞത്, നമ്മുടെ രാജ്യത്തിൻറെ പടിഞ്ഞാറൻ ഭാഗത്തിൻറെ തലത്തിലേക്ക് എങ്കിലും വികസനത്തിൽ പിന്നിലായിപ്പോയ രാജ്യത്തിൻറെ കിഴക്കൻ ഭാഗത്തെ കൊണ്ടുവരാൻ നമ്മൾ മുൻഗണന നല്കണം. "സബ് കാ-സാഥ്, സബ് കാ-വികാസ്"- "എല്ലാവരുടെയും ഒപ്പം, എല്ലാവരുടെയും ഉയർച്ച" എന്ന് പരാമർശിക്കുമ്പോൾ, വികസനം എല്ലാവരെയും ഉൾക്കൊള്ളുന്നതും എല്ലാവരെയും സ്പർശിക്കുന്നതും സാർവ്വത്രികവും എല്ലാവർക്കും സ്വീകാര്യവും, അത് എല്ലാവർക്കും നന്മ ചെയ്യണമെന്നും നമ്മൾ അർത്ഥമാക്കുന്നു. അതിനാൽ, ഏതെങ്കിലും ഒരു മൂലയിൽ മാത്രം നാം വികസനം നോക്കരുത്. വികസനത്തെ നിർവ്വചിക്കുമ്പോൾ അത് എല്ലാവരുടെയും ക്ഷേമത്തിനായിട്ടുള്ളതാണ് എന്ന നമ്മുടെ വിശ്വാസം അതിൽ പ്രതിഫലിപ്പിക്കണം. അതുകൊണ്ടാണ് നമ്മുടെ രാജ്യത്തിൻറെ കിഴക്കൻ മേഖലയെക്കുറിച്ച് നമ്മൾ കൂടുതൽ ശ്രദ്ധ നല്കേണ്ടത്.

നമ്മൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്ക് സാമ്പത്തിക സഹായം മാത്രം നല്കിയ ശേഷം അവയെ വിധിക്ക് വിട്ടുകൊടുക്കുകയാണ്. എത്ര നാൾ ഇങ്ങനെ തുടരാനാകും? നമുക്ക് പുതിയ രീതിയിൽ കാര്യങ്ങളെ ചിന്തിച്ച് കൂടെ? ഇന്ന് നമ്മുടെ രാജ്യത്ത് 30,000-ത്തിലധികം കോളേജുകളുണ്ട്. ഈ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ എല്ലാ വർഷവും 8-10 ദിവസം നീളുന്ന വിനോദയാത്രകൾ നടത്തുന്നത് ഒരു സ്ഥിരം കാഴ്ചയാണ്. എല്ലാ വർഷവും ഒരു 10 ദിവസത്തേക്ക് തങ്ങളുടെ വിദ്യാർഥികളെ ഈ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ സന്ദർശിക്കുവാൻ അയക്കുന്നത്തിന് പ്രാധാന്യം നല്കണം എന്ന് കോളേജുകളെ ചിന്തിപ്പിക്കാൻ വേണ്ട മാർഗനിർദേശം നല്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ടോ? ഈ 30,000 കോളേജുകളിലെ 100 വിദ്യാർത്ഥികളെ വീതം വടക്കുകിഴക്കൻ മേഖല ഒരാഴ്ച സന്ദർശിക്കുവാൻ അയക്കുകയാണെങ്കിൽ, വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിലെ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിൽ അതെത്രമാത്രം സഹായകമാണ് എന്ന് ഒന്നു ചിന്തിക്കുക. പരിസ്ഥിതി ടൂറിസത്തെ പ്രോത്സാഹിപ്പിക്കാൻ ഇതിലൂടെ എത്രത്തോളം സഹായിക്കും? ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള ആളുകൾക്ക് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ജനങ്ങളുടെ സന്തോഷവും അവർ അനുഭവിക്കുന്ന പ്രശ്നങ്ങളും അറിയാൻ കഴിയും, അവർക്ക് അവരോട് കൂടുതൽ അടുപ്പം തോന്നും. തങ്ങളുടെ മാതൃരാജ്യത്തെ വാഴ്ത്തുന്ന ആളുകൾ ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും ഉണ്ടെന്നവർ മനസ്സിലാക്കും. അവരെ ചേർത്തുനിർത്താനുള്ള ഒരു മാർഗമായിരിക്കില്ലേ ഈ കാര്യം?

നമ്മുടെ രാജ്യത്തെ ഭരണക്രമങ്ങൾ നടപ്പിലാക്കാൻ പുതിയ വഴികൾ കണ്ടെത്തണം, അതിനായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഞാൻ മുഖ്യമന്ത്രിയായിരിക്കെ വടക്ക്- കിഴക്കൻ സംസ്ഥാനങ്ങളുടെ മുഖ്യമന്ത്രിമാർക്കും ഈ വിഷയം സൂചിപ്പിച്ച് കത്തുകളെഴുതി. ശ്രീമാൻ മൻമോഹൻജി പ്രധാനമന്ത്രിയായിരിക്കെ അദ്ദേഹം ഒരു എൻഡിസി യോഗം സംഘടിപ്പിച്ചു. ആ യോഗത്തിലും ഇതേ വിഷയം ഞാൻ സൂചിപ്പിക്കുകയും 200 വനിതാ പോലീസുകാരെ ഗുജറാത്തിലേക്ക് രണ്ട് കൊല്ലത്തേക്ക് അയക്കാൻ ഞാൻ അപേക്ഷിക്കുകയും ചെയ്തു. രണ്ടു വർഷം കഴിയുമ്പോൾ അവരെ മാറ്റി പുതിയ സംഘത്തെ അയക്കണം. അങ്ങിനെ അവർക്ക് എൻറെ സംസ്ഥാനത്ത് ജോലി ചെയ്യാനുള്ള അവസരം ലഭിക്കും, അവർ തിരികെ അവരുടെ നാട്ടിൽ എത്തുമ്പോഴേക്കും സംസ്ഥാനത്തിലെ നിരവധി കുടുംബങ്ങളുമായി ആത്മ ബന്ധം സ്ഥാപിക്കാനും അവർക്ക് സാധിയ്ക്കും. ജനങ്ങളെ ഒരുമിപ്പിക്കാൻ വളരെ നല്ല ഒരു ആശയം ആയിരുന്നു അത്. നമ്മൾ അഖണ്ഡഭാരതത്തെ കുറിച്ച് വിഭാവനം ചെയ്യുമ്പോൾ ആ സ്വപ്നസാക്ഷാത്കാരത്തിലേക്കുള്ള വലിയൊരു പടവാണിത്. ഒന്നോ രണ്ടോ സംസ്ഥാനങ്ങളെ യോജിപ്പിക്കുന്ന ഒരൊറ്റ ഇന്ത്യയുടെ ഐക്യത്തെ സംബന്ധിച്ചാണിത്.

ഇന്ന് രാജ്യം ജാതീയതയുടെ ശാപത്തിൽ മുങ്ങിയിരിക്കുന്നു. പ്രാദേശികവാദം നമ്മുടെ രാജ്യത്തെ നശിപ്പിച്ചു. ഈ വിദ്വേഷം നിറഞ്ഞ ഭാഷയെ ഉപേക്ഷിച്ച് ഏക സ്വരത്തിൽ സംസാരിക്കേണ്ട സമയമാണിത്. അതുകൊണ്ടാണ് ഞങ്ങൾ "ഏക ഭാരതം ശ്രേഷ്ഠ ഭാരതം" എന്ന ദർശനം കൊണ്ടുവന്നത്. ഒരൊറ്റ ഇന്ത്യയിൽ ആരെങ്കിലും രണ്ട് ഇന്ത്യയെ കാണുന്നുവെങ്കിൽ അതവരുടെ മാനസിക വൈകല്യം കൊണ്ട് മാത്രമാണ്. ഐക്യത്തിൻറെ മന്ത്രമാണ് ഞങ്ങൾ കൊണ്ടുവന്നത്. ഭാഷ, ജാതി, മതം എന്നിവയുടെ പിടിയിൽ നിന്നും മുക്തരായി ഒരു രാഷ്ട്രമെന്ന കാഴ്ചപ്പാടിൽ മുന്നേറാം. നമ്മുടെ രാജ്യം വൈവിധ്യങ്ങളാൽ സമ്പന്നമാണ്, അത് ഏകീകൃതമാക്കാൻ കഴിയില്ല, അതിനാലാണ് ''ഒരൊറ്റ ഭാരതം ശ്രേഷ്ഠ ഭാരതമെന്ന" ദർശനത്തിലൂടെ രാജ്യത്തിൻറെ ക്ഷേമത്തെക്കുറിച്ച് സംസാരിക്കുന്നത്.

നാനാത്വത്തിൽ ഏകത്വമുള്ള രാജ്യമാണ് നമ്മുടേത്. നമ്മുടേത് ഏകീകൃത രാജ്യമല്ല; രാജ്യം ഏകീകൃത രാജ്യമായി മാറരുത്. ഓരോ ഇരുപത് കിലോമീറ്ററിലും ഒരേ തരത്തിലുള്ള പിസ്സ കഴിക്കുന്നവരെപ്പോലെയല്ല നമ്മൾ; മറിച്ച് ദക്ഷിണ ഭാരതത്തിൽ നിന്നും ഇഡ്ഡലി കഴിച്ച വടക്കേ ഇന്ത്യയിൽ എത്തുമ്പോഴേക്കും പറാത്ത കഴിക്കുന്നവരാണ് നമ്മൾ. നമ്മുടെ രാജ്യം വൈവിധ്യങ്ങളാൽ സമ്പന്നമാണ്, അതിനെ ഏകീകൃതമാക്കാൻ കഴിയില്ല, അതിനാലാണ് "ഒരൊറ്റ ഭാരതം ശ്രേഷ്ഠ ഭാരതം'' എന്ന ദർശനത്തിലൂടെ രാജ്യക്ഷേമം കൈവരിക്കാൻ യത്നിക്കുന്നത്. രാജ്യത്തിൻറെ വിഭവങ്ങൾ കണക്കിലെടുത്ത് ഒരു പുതിയ സമീപനത്തിലൂടെ നമുക്ക് എല്ലാവരെയും പ്രചോദിപ്പിക്കാൻ എങ്ങിനെ സാധിയ്ക്കും? ഓരോ സംസ്ഥാനങ്ങൾക്കും അവരുടേതായ സവിശേഷതകളും വെല്ലുവിളികളും ഉണ്ട്. എന്തുകൊണ്ട് കാലാനുസൃതമായ രീതികളിലൂടെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം തേടാനുള്ള ഒരു സംസ്കാരം നമുക്ക് കണ്ടെത്തിക്കൂടാ? ഉദാഹരണത്തിന്, ഹിമാലയ സംസ്ഥാനങ്ങളെ നോക്കാം, താരായ് മേഖലയിലെ വികസന മാതൃക അവിടെ

പ്രാവർത്തികമാക്കാൻ സാധിക്കില്ല. അവിടെ നമ്മൾ നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥൻ തൻറെ വാഹനം 60 കിലോമീറ്റർ വേഗത്തിൽ ഓടിക്കാൻ ആവശ്യപ്പെട്ടേക്കും. എന്നാൽ ആ വേഗത്തിൽ ഹിമാലയ മേഖലയിൽ വാഹനം എങ്ങിനെ ഓടിക്കും? ഒരു നിശ്ചിത ദൂരം വാഹനം ഓടിക്കുന്നതിന് ഒരു നിശ്ചിത അളവിലുള്ള ഡീസൽ വേണ്ടിവരുമെന്ന് അദ്ദേഹം പറയും. എന്നാൽ അവിടെയുള്ള അനേകം കിലോമീറ്റർ ദൂരം എങ്ങിനെ ആ വാഹനത്തിന് ഓടാൻ സാധിയ്ക്കും? അതിനാൽ, പ്രത്യേകം ശുപകൽപന ചെയ്ത പരിഹാരം നമുക്ക് ഈ വിഷയത്തിൽ ഉപയോഗിക്കേണ്ടിവരും, ഇക്കാരണംകൊണ്ടാണ് രാഷ്ട്രപതിയുടെ പ്രസംഗത്തിൽ എല്ലാ ഹിമാലയ സംസ്ഥാനങ്ങളുമായി ഒരുമിച്ചിരുന്ന് അവരുടെ പ്രശ്നങ്ങൾ മനസിലാക്കാനും ഒരു പൊതുവായ സംവിധാനം അവർക്ക് വേണ്ടി രൂപ്പെടുത്താനാകുമോ എന്നു ശ്രമിക്കാമെന്നും ഞങ്ങൾ വ്യക്തമാക്കിയത്. ആ ദിശയിലേക്ക് നീങ്ങാൻ നമ്മൾ ശ്രമിക്കണം.

പിന്നെ തീരദേശ സംസ്ഥാനങ്ങളിൽ തീരപ്രദേശങ്ങൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. ആഗോള വ്യാപാരത്തിൻറെ കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്, പക്ഷേ നമ്മുടെ സമുദ്ര തീരങ്ങൾ അതേ വേഗതയിൽ വികസിക്കുന്നില്ല. ഇന്ത്യയുടെ അഭിവൃദ്ധിയുടെ കവാടമായി മാറാനുള്ള എല്ലാ കഴിവും ഇന്ത്യയുടെ സമുദ്രതീരങ്ങൾക്കുണ്ട്. നമ്മുടെ തീരപ്രദേശം ഇന്ത്യയുടെ ഉയർച്ചയുടെ ഉപാധികളായി മാറിയേക്കാം, പക്ഷേ ഇന്ന് ഏറ്റവും അവഗണിക്കപ്പെടുന്നത് അവയാണ്. നമ്മൾ ആകെ മികച്ച രീതിയിൽചിന്തിക്കുന്നത് മത്സ്യത്തൊഴിലാളികളെക്കുറിച്ച് മാത്രമാണ്. തീരദേശ മേഖലയുടെ മുഴുവൻ വികസനത്തെക്കുറിച്ചും നമ്മൾ ചിന്തിച്ചിരുന്നില്ല, അതിനാലാണ് തീരദേശ വികസനം മാത്രമായി കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംവിധാനം ബഹുമാന്യ രാഷ്ട്രപതിയുടെ പ്രസംഗത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാ തീരദേശ സംസ്ഥാനങ്ങളും ഒരുമിച്ച് വേണം എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. തീരദേശ വികസനത്തിൻറെ പൊതു ആശയങ്ങൾ എന്തൊക്കെ ആകണം, അവരുടെ ബുദ്ധിമുട്ടുകൾ എന്തൊക്കെ ആണ്, അവർ എങ്ങിനെ മറ്റുള്ളവരുമായി സഹകരിക്കും, അവർ തങ്ങളുടെ ബുദ്ധിമുട്ടുകൾ എങ്ങിനെ അവർക്കിടയിൽ തന്നെ പങ്ക് വയ്ക്കും? ഇന്ത്യക്ക് നീണ്ട തീരദേശം ഉണ്ട്. കിഴക്കിനെയും പടിഞ്ഞാറിനെയും ബന്ധിപ്പിക്കുന്ന പ്രധാന സമുദ്ര ശക്തിയായി പ്രവർത്തിക്കാൻ പാകത്തിലാണ് ഭൂമിശാസ്ത്രപരമായി നമ്മൾ സ്ഥിതി ചെയ്യുന്നത്. പക്ഷേ നമുക്ക് ചെയ്യുവാൻ സാധിക്കുമായിരുന്നിട്ടും ആ ദിശയിൽ നമ്മൾ കാര്യമായ പുരോഗതി ഒന്നും നേടിയില്ല. ശ്രീലങ്കയിലെ കൊളംബോ ഒരു ചെറിയ പ്രദേശമാണ്, പക്ഷേ ആഗോള സമുദ്ര വ്യാപാരത്തിലെ കേന്ദ്ര ആകർഷണമായി അവർ മാറി. അതേ പോലെ നമുക്ക് മറുവശത്ത് സിംഗപ്പൂർ ഉണ്ട്, ഇപ്പുറത്ത് നോക്കിയാൽ പാകിസ്ഥാനിൽ ചൈന അവരുടെ സാന്നിധ്യം ഉറപ്പിക്കുന്നു. ഈ സ്ഥിതിവിശേഷം കണക്കിലെടുത്ത് തീരദേശങ്ങളിൽ ഇന്ത്യ പ്രത്യേക ശ്രദ്ധ നല്കേണ്ടത് ആവശ്യമാണ്. തീരദേശ സംസ്ഥാനങ്ങളുമായി ഒരുമിച്ചിരുന്ന് ഈ സംസ്ഥാനങ്ങൾക്ക് ആവശ്യമായ ഒരു മാതൃക ഉണ്ടാക്കിക്കൂടേ?

കരയാൽ ചുറ്റപ്പെട്ട സംസ്ഥാനങ്ങളുണ്ട്, അവയും വൈവിധ്യങ്ങളാൽ സമ്പന്നമാണ്. ആ വൈവിധ്യം നാം മനസ്സിലാക്കണം. മാവോയിസം ബാധിക്കപ്പെട്ട ചില മേഖലകൾ ഉണ്ട് . ചില ഇടങ്ങൾ മാവോയിസത്തിന് സാധ്യതയുള്ളവയാണ്. ഈ പ്രദേശങ്ങളെ തിരിച്ചറിയാനായി നമുക്ക് സാധിക്കില്ലെ? അതിലൂടെ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും യോജിച്ച് ആലോചിച്ച് അവരുടെ പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ ആകും. ഈ കാര്യങ്ങൾ നമുക്ക് എങ്ങനെ മുന്നോട്ട് കൊണ്ടുപോകാനാകും? ഇതാണ് നമ്മൾ പിന്തുടരാൻ ആഗ്രഹിക്കുന്ന വഴി, കാരണം അതിലൂടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും അവരുടെ ശക്തിയും കഴിവും അനുസരിച്ച് വികസന പാതയിൽ മുന്നേറാൻ കഴിയും. ഈ ദിവസങ്ങളിൽ എന്താണ് സംഭവിച്ചത്? രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഡെൽഹിയിലിരുന്നു ഏതെങ്കിലും തീരുമാനം എടുക്കും, ഏതെങ്കിലും നിയമം പാസ്സാക്കും, പക്ഷേ അവ പ്രാവർത്തികമാക്കേണ്ടത് സംസ്ഥാനങ്ങളാണ്. ഈ പദ്ധതികൾ നടപ്പിലാക്കാനുള്ള സാമ്പത്തിക വിഭവശേഷി സംസ്ഥാന സർക്കാരുകൾക്കില്ല. അതിൻറെ ഫലമായി പദ്ധതികൾ നടപ്പാക്കാൻ ആകില്ല. പത്രമാധ്യമങ്ങൾ ഇതേപ്പറ്റി കുറേ ദിവസങ്ങൾ ചർച്ച ചെയ്യും, പദ്ധതികൾ നടപ്പിലാകാത്തതിൻറെ പേരിൽ സംസ്ഥാനങ്ങൾ പഴി കേൾക്കേണ്ടി വരികയും ചെയ്യും. എന്തിനാണ് നാം ഇത്തരം സംഘർഷങ്ങളുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നത്? ഞാൻ ഒരു മുഖ്യ മന്ത്രിയായി പ്രവർത്തിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ എനിക്കറിയാം ഇത്തരം സംഘർഷ അന്തരീക്ഷങ്ങൾ

നമ്മളെ വിപരീത ദിശകളിലേക്ക നയിക്കുമെന്ന്. അക്കാരണം കൊണ്ടുതന്നെ ഇതുപോലുള്ള സാഹചര്യങ്ങളെപ്പറ്റി വളരെ ഗൗരവപൂർവ്വം നാം ചിന്തിക്കേണ്ടതുണ്ട്, മാറ്റങ്ങൾ നമുക്ക് വരുത്തേണ്ടതുണ്ട്.

കാർഷിക, കാലാവസ്ഥാ മേഖലകളായി നമ്മുടെ കൃഷി വിഭജിക്കപ്പെട്ടിട്ടുണ്ട്. ഓരോ പ്രത്യേക വിളയ്ക്ക് വേണ്ടി ഓരോ സംസ്ഥാനത്തിനും ഓരോ നിശ്ചിത പ്രദേശമുണ്ട്. ഇക്കാര്യത്തിൽ അടയാളപ്പെടുത്തലുകൾ തീർച്ചയായും ചെയ്തിട്ടുണ്ട്. ഗോതമ്പ് വളർത്തുന്ന സംസ്ഥാനങ്ങൾക്ക് അവരുടേതായ പ്രത്യേക പ്രശ്നമുണ്ട്, അതവരുമായി പ്രത്യേകമായി നമ്മൾ ചർച്ച ചെയ്യും. നെൽകൃഷി ചെയ്യുന്ന സംസ്ഥാനങ്ങൾക്ക് അവരുടേതായ പ്രശ്നമുണ്ട്, അവരുമായി പ്രത്യേകം അതും നമ്മൾ ചർച്ച ചെയ്യും. കരിമ്പ് വളരുന്ന സംസ്ഥാനങ്ങൾക്കും അവരുടെ പ്രത്യേക പ്രശ്നമുണ്ട്, അവരുമായും പ്രത്യേകം നമ്മൾ ആ വിഷയം ചർച്ച ചെയ്യും.

പ്രശ്നത്തെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളിൽ നമ്മൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ലെങ്കിൽ ഡൽഹിയിൽ നിന്ന് മാത്രം നയങ്ങൾ കൈകാര്യം ചെയ്യുന്നതു നമ്മൾ തുടർന്നു കൊണ്ടിരിക്കുകയും, നമ്മൾ നിരവധി നിയമങ്ങൾ നടപ്പാക്കിയെന്നും പലതും ചെയ്യുവെന്നും നമ്മൾ ലോകത്തോട് പറയുകയും ചെയ്യും, എന്നിട്ടും മാറ്റങ്ങൾ ഉണ്ടായിട്ടില്ല. ഇന്ന് നമുക്ക് ചിന്തിക്കണം, സാമൂഹ്യ പടവുകളിലെ ഏറ്റവും അവസാനം നിൽക്കുന്ന ആളിലേക്ക് എങ്ങിനെയാണ് നമ്മളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും എത്തിക്കാൻ സാധിക്കുക എന്ന് ഇന്ന് നമ്മൾ തീരുമാനിക്കണം. ഏറ്റവും അവസാനം നിൽക്കുന്നയാളിന് എത്തിക്കുക എന്നതാണ് യഥാർത്ഥത്തിൽ വലിയ പ്രശ്നം. അതിൻറെ ശരിയായ കാരണം, ഭരണരീതിയിലാണ് ചെന്നെത്തുന്നത്.

നമ്മൾ സ്വയം ഭരണം നേടിയെടുത്തു, എന്നാൽ മികച്ച ഭരണം നൽകുന്നതിൽ നമ്മൾ പരാജയപ്പെട്ടുവെന്നത് നമ്മൾ അംഗീകരിക്കണം. എന്നെ നേതാവായി തിരഞ്ഞെടുക്കപ്പെട്ട ദിവസം, കഴിഞ്ഞ സർക്കാരുകൾ ഒന്നും ചെയ്തിട്ടില്ലെന്ന അഭിപ്രായം എനിക്കില്ല എന്ന് ഞാൻ വ്യക്തമായി പറഞ്ഞത് ആ ദിവസത്തെ എൻറെ പ്രസംഗം ശ്രദ്ധിച്ചവർ ഓർക്കും. ഒന്നും ചെയ്യാതിരിക്കാൻ അല്ല ഒരു സർക്കാരും അധികാരത്തിൽ വരുന്നത്, എല്ലാ സർക്കാരുകളും എന്തെങ്കിലും ഒക്കെ ചെയ്യുവാൻ തന്നെയാണ് വരുന്നത്. ഭരണകാലയളവിൽ എല്ലാ സർക്കാരുകളും എന്തെങ്കിലുമൊക്കെ ചെയ്തിട്ടുമുണ്ട്. ആ പരിശ്രമങ്ങളുടെ കൂട്ടായ ഫലപ്രാപ്തി കൊണ്ടാണ് നമ്മൾ ഇന്ന് ഇവിടെ എത്തിനിൽക്കുന്നത്. എന്നാൽ അവർക്ക് ചെയ്യാൻ ആകുന്നത് അവർ ചെയ്തിട്ടില്ല, അതുമല്ല ചെയ്തതൊക്കെയും വേണ്ട ദിശയിലുമല്ല, അവയ്ക്ക ആവശ്യമായ ഊർജ്ജം ഉപയോഗിച്ചിട്ടുമില്ല. ഈ പോരായ്മകൾ നമ്മൾ പരിഹരിക്കേണ്ടതുണ്ട്. മികച്ച ഭരണം സാധാരണക്കാരൻറെയും ഉത്തരവാദിത്തമാണ്.

വിദേശരാജ്യങ്ങളിൽ പോയി നമ്മുടേത് ഒരു ദരിദ്ര രാജ്യമാണെന്നു പറയും. അവരാണ് ഇവിടെ നമുക്ക് ഉദാഹരണങ്ങൾ നൽകുന്നത്. ഒരു കാലത്ത് 'സ്വർണ്ണ പക്ഷി' എന്നാണ് നമ്മുടെ രാജ്യം അറിയപ്പെട്ടിരുന്നത്. മുൻനിര സമ്പന്ന രാജ്യങ്ങളിൽ ഒന്നായി നമ്മുടെ രാജ്യം കണക്കാക്കപ്പെട്ടിരുന്നു. അറിവ്, ശാസ്ത്ര മേഖലകളിലെ പുരോഗതിക്ക് നമ്മുടെ രാജ്യം പേര് കേട്ടിരുന്നു. അടിമത്തകാലത്ത് അവയെല്ലാം നശിപ്പിക്കപ്പെട്ടു, പക്ഷേ നമ്മൾ അതിൽ നിന്ന് കരകയറി. മികച്ച ഭരണത്തിൽ നമുക്ക് എങ്ങനെ ഊന്നൽ നൽകാൻ കഴിയും? നമ്മുടെ ജനാധിപത്യ സംവിധാനം പലപ്പോഴും നമുക്ക് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയും പല തരത്തിലുള്ള ബുദ്ധിമുട്ടുകളെ നേരിടേണ്ടി വരികയും ചെയ്തതുകൊണ്ട് മികച്ച ഭരണത്തിന് ഊന്നൽ കൊടുക്കാൻ സാധിച്ചില്ല. മികച്ച ഭരണം സാധാരണക്കാരനോടും ഉത്തരവാദപ്പെട്ടതാണ്. നമ്മുടെ എല്ലാ ഭരണ സംവിധാനവും സാധാരണ ജനത്തോട് ഉത്തരവാദപ്പെട്ടതാണ് എന്ന് ഇന്ന് നമുക്ക് അവകാശപ്പെടുവാൻ സാധിക്കുമോ? നല്ല ഭരണത്തിൻറെ ആദ്യത്തെ അനിവാര്യത അത് പൗരന്മാരോടുള്ള ഉത്തരവാദിത്വമാരിക്കണം. എന്നാൽ അങ്ങനെയല്ല സംഭവിച്ചത്. ഇന്നത്തെ സ്ഥിതിവിശേഷത്തിൽ പാവപ്പെട്ടവരുടെ പരാതികൾ കേൾക്കുന്നുണ്ടെന്ന് നമുക്ക് പറയാൻ സാധിക്കുമോ? സർക്കാർ പാവപ്പെട്ടവർക്കുവേണ്ടി പ്രവർത്തിക്കുന്നില്ലെങ്കിൽ, ഇത്തരം പോരായ്മകൾ സൃഷ്ടിക്കുന്ന ജനാധിപത്യ സംവിധാനത്തിൽ എന്തുണ്ട്? അതിനാൽ, രാജ്യത്ത് മികച്ച ഭരണത്തിന് നമ്മൾ ഊന്നൽ നൽകേണ്ടത് കാലഘട്ടത്തിൻറെ ആവശ്യമാണ്. അതിനാൽ, നമ്മൾ മികച്ച ഭരണത്തിന് പ്രാധാന്യം നൽകേണ്ടതുണ്ട്.

ഒരു വ്യക്തി കാഴ്ചയിൽ ഉയരത്തിലും ശരീര ഭാരത്തിലും എത്ര ആരോഗ്യവാനായി തോന്നിയാലും അയാൾക്ക് മറ്റു രോഗങ്ങൾ ഇല്ലെങ്കിലും ഒരിക്കൽ പ്രമേഹരോഗം എന്ന അവസ്ഥ പിടിപെട്ടു കഴിഞ്ഞാൽ അയാളുടെ ശരീരം രോഗങ്ങളുടെ വിളനിലം ആകും. ശരീരം അതോടെ എല്ലാത്തരം രോഗങ്ങൾക്കും ആതിഥേയത്വം വഹിക്കും. പ്രമേഹം ഒരാളുടെ ആരോഗ്യം മുഴുവൻ നശിപ്പിക്കുന്നത് പോലെ, ദുർഭരണം ഭരണസംവിധാനത്തെയും രാജ്യത്തെയും മുഴുവൻ നശിപ്പിക്കുകയും ചെയ്യും. മോശം ഭരണം പ്രമേഹത്തേക്കാൾ മോശമാണ്.

രാജ്യത്തെ ആശങ്കപ്പെടുത്തുന്ന കാര്യമാണ് അഴിമതി. എനിക്കു തോന്നുന്നു, ആഗോളതലത്തിൽ നമ്മൾ ഒരു ബഹുമതി നേടിയെടുത്തിട്ടുണ്ടെന്ന്. നല്ലതോ ചീത്തയോ ശരിയോ തെറ്റോ എല്ലാവർക്കും അതേക്കുറിച്ച് അവരവരുടെ അഭിപ്രായങ്ങൾ ഉണ്ട്. ലോകമെമ്പാടും അഴിമതി നിറഞ്ഞ ഇന്ത്യ എന്ന ഒരു സ്ഥാനം ആണ് ഇന്ത്യ നേടിയെടുത്തത്. ഇത് പൊതുവായ ധാരണയാണ്. ഈ ധാരണ ഇന്ത്യയുടെ പുരോഗതിയുടെ യാത്രയിൽ തടസ്സങ്ങൾ സൃഷ്ടിച്ചു. നമ്മുടെ ടൂറിസം മേഖലക്കു വലിയ തിരിച്ചടി നേരിട്ടു. എന്തുകൊണ്ടാണ് അത് സംഭവിച്ചത്? ഇന്ത്യയിലെ ബലാത്സംഗ സംഭവങ്ങൾ ഇവിടേക്ക് വരുന്നതിൽ നിന്ന് വിനോദസഞ്ചാരികളെ പിന്തിരിപ്പിച്ചു. ഇന്ത്യയിലെ ചെറിയസംഭവങ്ങൾപോലും രാജ്യത്തിൻറെ പുരോഗതിയിലേക്കുള്ള യാത്രയെ ആശങ്കപ്പെടുത്തുന്നതാണ്. അത് കൊണ്ട് ഇത്തരം പ്രശ്നങ്ങൾ രാഷ്ട്രീയവൽക്കരിക്കാനാവില്ല. തീവ്രവാദത്തെ രാഷ്ട്രീയവൽക്കരിക്കാൻ പാടുണ്ടോ? മാവോയിസ്റ്റ് ആക്രമണങ്ങളെ രാഷ്ട്രീയവൽക്കരിക്കാൻ പാടുണ്ടോ? നമ്മുടെ അമ്മമാർക്കും സഹോദരിമാർക്കും എതിരായ ബലാത്സംഗ സംഭവങ്ങളെ രാഷ്ട്രീയവൽക്കരിക്കാനാകുമോ? നിരപരാധികളുടെ കൊലപാതകങ്ങളെ രാഷ്ട്രീയവൽക്കരിക്കാൻ പാടുണ്ടോ? ഈ പ്രശ്നങ്ങളിൽ വിട്ടുവീഴ്ചക്കൊരുങ്ങാതെ പരിഗണനകളെ മറികടക്കേണ്ട സമയമാണിത്. രാജ്യത്തിൻറെ അന്തസ്സിനെ കളങ്കപ്പെടുത്തുന്ന ഈ സ്ഥിതിവിശേഷത്തിൽ നിന്നും കരകയറാനും ഇതിനെ മറികടക്കാനുള്ള വഴി കണ്ടെത്താനും നമുക്ക് ഒരുമിച്ചു നീങ്ങാം.

ഇന്ത്യയിലേക്ക് ലോകം കൂടുതൽ ആകർഷിക്കപ്പെടുന്നു. വിനോദസഞ്ചാരത്തിനായി ആളുകൾ ഇന്ത്യയിലേക്ക് വന്നിരുന്നു, പക്ഷേ സമീപകാലത്ത് അവരുടെ എണ്ണത്തിൽ പെട്ടെന്ന് ഇടിവുണ്ടായി. ഇത്തരം സംഭവങ്ങളാണ് ഈ തകർച്ചയ്ക്ക് കാരണമായത്. ഈ വിഷയത്തിൽ നമുക്ക് ഒരു കൂട്ടായ ഉത്തരവാദിത്തമില്ലേ? രാഷ്ട്രീയത്തിന് അപ്പുറം ഉയർന്ന് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നമുക്ക് സാധിക്കില്ലെ?

രാജ്യമെമ്പാടുനിന്നും കഴിവുകളുള്ള നിരവധി വ്യക്തികൾ ഈ സഭയിൽ ഇരിക്കുന്നുണ്ട്. അറിവുള്ളവരുടെ ആലോചനാ സമിതിയാണ് ഈ സഭ. അവർ മാർഗനിർദേശം നല്കണം. മാർഗങ്ങൾ കണ്ടെത്താൻ നമ്മൾ ഒരുമിച്ച് ശ്രമിക്കണം. രാജ്യത്തെ മുന്നോട്ട് നയിക്കാൻ പരിഹാരമാർഗങ്ങൾ തേടാൻ നമ്മൾ ഒരുമിച്ചിരിക്കും, അതിനായി നമ്മൾ പ്രയത്നിക്കും.

അഴിമതിക്കെതിരെ രാജ്യത്തെ സാധാരണക്കാർക്കിടയിൽ അമർഷമുണ്ട്. അഴിമതിക്കാർ ജയിലിൽ പോകുന്നതുവരെ കാത്തിരിക്കാൻ രാജ്യം തയാറെടുത്തിട്ടില്ല. അവർ കൈകാര്യം ചെയ്യുന്ന ആയുധം ഇന്നത്തെ രാഷ്ട്രീയക്കാരെ ശിക്ഷിക്കാൻ അവരെ പ്രാപ്തരാക്കിയിട്ടുണ്ട്. പക്ഷേ അത് മതിയാകില്ല. അഴിമതി സംഭവിച്ചതിന് ശേഷം എന്ത് നടപടിയെടുക്കണമെന്ന് ആശങ്ക കാണിക്കുന്നതിനുപകരം അഴിമതി നടക്കാതിരിക്കാൻ കൂടുതൽ ശ്രദ്ധ കാണിക്കേണ്ടതുണ്ട്. ആദരണീയനായ രാഷ്ട്രപതിയുടെ പ്രഭാഷണത്തിലും നമ്മൾ ഇത് ഊന്നിപ്പറഞ്ഞിട്ടുണ്ട്. അഴിമതി നടന്നതിന് ശേഷം സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ നിരവധി വിഷയങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്, പക്ഷേ അഴിമതി നടക്കാതിരിക്കാനാവശ്യമായ ചില നടപടികൾ സ്വീകരിക്കണം. അതിൽ പ്രധാനം നയങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങൾ പ്രവർത്തിക്കുക എന്നതാണ്. ഈ നയങ്ങൾ വളരെ വ്യക്തതയുള്ളതാകുമെങ്കിൽ വിവേചനമതിൽ കാണില്ല, ആദ്യം അവസാനമെന്നൊന്നും വേർതിരിവുകൾ കാണില്ല, എല്ലാവർക്കും തുല്യ അവസരം ലഭിക്കണം. അതിൽ സുതാര്യതയുണ്ടെങ്കിൽ ആർക്കും ചോദ്യങ്ങൾ ചോദിക്കാം. നയപ്രകാരം പ്രവർത്തിക്കുന്നവയാകണം സംസ്ഥാനങ്ങൾ, അപ്പോൾ അഴിമതിക്കുള്ള സാധ്യതകൾ കുറയും. ധാർമികമായി അധഃപതിച്ച മേഖലകൾ താരതമ്യേന കുറയുകയും ചെയ്യും.

മറ്റൊരു അളവുകോൽ സാങ്കേതികവിദ്യയാണ്. ഇന്ന് സാങ്കേതികവിദ്യയ്ക്ക് അഴിമതിയെ തടയുന്നതിൽ വളരെ വലിയ പങ്ക് വഹിക്കാനാകും. പരിസ്ഥിതി മന്ത്രാലയവുമായി ബന്ധപ്പെട്ട ഫയലുകൾ കൂന കൂടി കിടക്കുന്നതു ഇങ്ങിനെ തുടരുകയാണെങ്കിൽ എല്ലാത്തരം ആരോപണങ്ങളും ഉയർന്നുവരും. എന്നാൽ ഫയലുകൾ ഓൺലൈനിലാണെങ്കിൽ, തങ്ങളുടെ വീട്ടിൽ സൗകര്യമായി ഇരുന്നു കൊണ്ട്, ഏതൊരു അപേക്ഷകനും ഒരു പാസ്‌വേഡിൻറെ സഹായത്തോടെ അവരുടെ ഫയലിൻറെ അവസ്ഥ എവിടെ വരെയായെന്ന് നേരിൽ അറിയാൻ സാധിയ്ക്കും. ഏതൊരു തരത്തിലുള്ള അഴിമതിയിലും ഏർപ്പെടുന്നതിന് മുമ്പ് ഒരു സാധാരണക്കാരനെക്കൊണ്ടു 50 തവണ ചിന്തിക്കാൻ കഴിയുന്നതു സുതാര്യത കൊണ്ടുവരാൻ സാങ്കേതികവിദ്യയ്ക്ക് കഴിയും. സിസിടിവി ക്യാമറ പോലുള്ള ഗാഡ്ജെറ്റുകൾ ജനങ്ങൾക്കിടയിലും ഏറ്റവും ഭയങ്കരന്മാരായ ആളുകളുടെ മനസ്സിൽ പോലും ഭയം ജനിപ്പിക്കും. അതുകൊണ്ടു നമുക്ക് സാങ്കേതികവിദ്യയെ പൂർണമായും ഉപയോഗിക്കാൻ കഴിയും. അഴിമതി തടയുന്നതിന് ഇ-ടെൻഡറിംഗ് പോലുള്ള ചെറിയ നടപടികൾ ആരംഭിച്ചു, പക്ഷേ അത് വലിയ തോതിൽ ചെയ്യേണ്ടതുണ്ട്. അത് മാത്രമല്ല, നമ്മളിപ്പോൾ സ്കൂളുകളിലെ കുട്ടികളുടെ ഹാജർനില ഒരു ബയോമെട്രിക് സംവിധാനവുമായി ബന്ധിപ്പിക്കുകയാണ് എങ്കിൽ കേവലം 40 വിദ്യാർത്ഥികൾ മാത്രം ഉള്ളപ്പോൾ ആരെങ്കിലും അത് 80 എന്ന സംഖ്യ കാണിച്ചു ആനുകൂല്യങ്ങൾ സ്വീകരിച്ചാൽ അത് കണ്ടെത്താനും ഇത്തരത്തിലുള്ള അഴിമതികൾ സ്വയമേ അവസാനിപ്പിക്കപ്പെടുകയും ചെയ്യും. എല്ലാ തരത്തിലുമുള്ള അഴിമതികളും താഴേത്തട്ടിൽനിന്ന് മുകളിലത്തെ തലത്തിലേക്ക് എത്തുന്നു. റെയിൽവേയിൽ സിസിടിവി ക്യാമറകൾ നല്കിയാൽ റെയിൽവേയിൽ നടക്കുന്ന അഴിമതികൾ നമുക്ക് തടയാൻ കഴിയും. അത്തരം നിരവധി കാര്യങ്ങളുണ്ട്. നയങ്ങളെ അടിസ്ഥാനമാക്കിയുള്ള സംസ്ഥാനങ്ങൾ, സാങ്കേതികവിദ്യയുടെ വ്യാപകമായ ഉപയോഗം, അഴിമതിക്കാർക്കെതിരെ കർശനമായ നടപടി വ്യവസ്ഥകൾ, ഇവയൊക്കെ പ്രാവർത്തികമായാൽ, ഇത്തരം സ്ഥിതിവിശേഷങ്ങളെ മാറ്റുവാൻ സാധിക്കുമെന്ന് എനിക്കു ആത്മവിശ്വാസമുണ്ട്.

നമുക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും രാജ്യത്ത് ഈ സഭകളുടെ അന്തസ്സ് അട്ടിമറിക്കപ്പെട്ടിട്ടുണ്ട്. പാർലമെൻറിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ക്രിമിനൽ പശ്ചാത്തലമുണ്ടെന്ന് പരക്കെ പറയപ്പെടുന്നു. അഞ്ചോ ഏഴോ പത്തോ ആയിരിക്കാം അത്തരം വ്യക്തികളുടെ എണ്ണം, പക്ഷേ അങ്ങിനെയൊരു ചിത്രം രൂപപ്പെട്ടു. രണ്ടു സഭകളെയും ഈ കളങ്കത്തിൽ നിന്ന് മുക്തരാക്കേണ്ടത് നമ്മുടെ കൂട്ടായ ഉത്തരവാദിത്തമാണ്. ഇത് ചെയ്യുന്നതിനുള്ള ഒരു നല്ല മാർഗ്ഗം നാമേവരും ചേർന്ന് തീരുമാനിക്കണം. നമ്മുടെ ഏതെങ്കിലും അംഗത്തിനെതിരെ ഏതെങ്കിലും തരത്തിൽ എഫ്ഐആർ ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ, അത് നീതിന്യായ സംവിധാനത്തിലൂടെ ത്വരിതപ്പെടുത്തണമെന്നും ഒരു വർഷത്തിനുള്ളിൽ കേസ് തീർപ്പാക്കുകയും വേണമെന്ന് ഇന്ത്യയുടെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയോട് നമുക്ക് അഭ്യർഥിക്കണം. കുറ്റവാളികളെ ജയിലിലേക്ക് അയച്ചേക്കാം, നിരപരാധികളെ കുറ്റവിമുക്തരാക്കണം. അങ്ങിനെ നിരപരാധികളായി തന്നെ അവർക്ക് ലോകത്തെ അഭിമുഖീകരിക്കാം. എന്തുകൊണ്ടാണ് രാഷ്ട്രീയ കാരണങ്ങളാൽ ഇത്രയധികം കേസുകൾ രജിസ്റ്റർ ചെയ്യുന്നത്? എന്തുകൊണ്ടാണ് നിരപരാധികൾ കൊല്ലപ്പെടുന്നത്? രാജ്യത്തിനോടും ലോകത്തോടും നമുക്ക് പറയാം, കുറഞ്ഞത് 2015 -ൽ ലോക്സഭയിലായാലും രാജ്യസഭയിലായാലും, ഒരു സിറ്റിംഗ് അംഗത്തിനും മേൽ കളങ്കം ഇല്ലെന്ന്. ലോകത്ത് നമുക്ക് ഒരു തുടക്കം കുറിക്കാൻ കഴിയും. ഈ രീതിയിൽ നമുക്ക് ലോക്സഭയെ രാഷ്ട്രീയമായി ശുദ്ധീകരിക്കാൻ കഴിയുമെങ്കിൽ, രാഷ്ട്രീയ പാർട്ടികൾ അവരുടെ ടിക്കറ്റുകൾ വിതരണം ചെയ്യും മുന്നേ കുറഞ്ഞത് 50 തവണയെങ്കിലും ചിന്തിക്കേണ്ടി വരും. ഒരു വർഷത്തിനുള്ളിൽ നമ്മൾ ഈ ശുദ്ധീകരണം നടത്തും. അപ്പോൾ സീറ്റുകൾ ഒഴിയുവാൻ തുടങ്ങും. ആരും അത്തരം കാര്യങ്ങൾ ചെയ്യാൻ ധൈര്യപ്പെടില്ല. പിന്നീട് ഇത് അസംബ്ലികളിലും പിന്നീട് സാവധാനത്തിൽ കോർപ്പറേഷനുകളിലും നടപ്പിലാക്കണം. സമവായത്തോടെ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടാൽ നമുക്ക് അപരാധികരണത്തിലെ രാഷ്ട്രീയത്തെ സ്വതന്ത്രമാക്കാം. ഇത് ആരംഭിക്കുന്നതിനുള്ള ശരിയായ മാർഗ്ഗമാണിത്. അതുകൊണ്ടാണ് ആദരണീയ രാഷ്ട്രപതി തൻറെ പ്രസംഗത്തിലും ഇക്കാര്യം പരാമർശിച്ചത്. ഇതിൽ നിന്ന് മോചനം ആഗ്രഹിക്കാത്ത ആരും ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. എഫ്ഐആർ ആർക്കെതിരെയാണോ രജിസ്റ്റർ ചെയ്യപ്പെട്ടത് ആ വ്യക്തി പോലും പറയും, 15 വർഷമായി ഈ വാൾ തൻറെ തലക്ക് മേൽ തൂങ്ങിക്കിടക്കുകയാണെന്ന്. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന സമയങ്ങളിൽ എല്ലാം ഓരോ എൻജിഒയും പത്രങ്ങളിൽ 25-30 ക്രിമിനൽ കേസുകൾ അദ്ദേഹത്തിനെതിരെ ഉണ്ടെന്ന് പ്രസിദ്ധീകരിക്കുമ്പോൾ അദ്ദേഹത്തിനെ ഇക്കാര്യം സൂചിപ്പിക്കുക തന്നെ വേണം. ഈ അപമാനത്തിൽ നിന്ന് മുക്തരാകാൻ എല്ലാവരും ആഗ്രഹിക്കുന്നു.

എങ്ങനെയാണ് ന്യായവ്യവസ്ഥ നടപ്പിലാക്കേണ്ടത്? എൻറെ വിശ്വാസം രാജ്യസഭയിലും ലോകസഭയിലും എല്ലാ അംഗങ്ങളും സഹകരിച്ച് ഇക്കാര്യം യാഥാർഥ്യമാകുമെന്നാണ്. സുപ്രീംകോടതിയുടെ സഹകരണത്തോടെ നാം ഒരു വ്യവസ്ഥിതിയെ ഇവിടെ വരുത്തേണ്ടതുണ്ട്. കുറ്റവാളികളായി ജയിലിൽ എത്തിയാൽ കുറ്റവിമുക്തരായി നിഷ്ക്രമിക്കുന്നവരായി പൊതുജനസമക്ഷം ചൊല്ലുവാനും കഴിയണം. ഇതേപോലെ പല കാര്യങ്ങൾക്കും നാം ഇവിടെ ഒരു തുടക്കം കുറിക്കണം, മറ്റുകാര്യങ്ങൾ താനേ വന്നുചേരും. കുറ്റവാളികൾ രക്ഷപ്പെടുന്നു എന്ന നിങ്ങളുടെ വികാരം ഞാൻ മാനിക്കുന്നു. നിയമവാഴ്ച നിലനിൽക്കണം, കുറ്റം ചെയ്യാത്തവർ സംരക്ഷിക്കപ്പെടുകയും കുറ്റവാളികൾ ശിക്ഷിക്കപ്പെടുകയും വേണം. അതിനാലാണ് കള്ളപ്പണം അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ നിയോഗിച്ചത്. ഞങ്ങൾ അത് ചെയ്തു, അത് ഞങ്ങളുടെ മുൻഗണനയിൽ ഉള്ളതിനാലാണ്. ആരുടെ കൈവശമാണ് കള്ളപ്പണം ഉള്ളത് എന്ന് ആർക്കുമറിയില്ല, എന്നാൽ കള്ളപ്പണം ഉണ്ടോ ഇല്ലയോ എന്ന കാര്യം പൊതുജനസമക്ഷം വെളിപ്പെടുത്തണം. ഉണ്ടെങ്കിൽ ആരുടെ കൈവശമാണ്? എത്രകണ്ട് ഉണ്ട്? എങ്ങനെ വന്നു? എവിടേക്ക് പോയി? എന്ന വിവരമെങ്കിലും ജനങ്ങൾക്ക് അറിയാം. അങ്ങനെയെങ്കിലും ജനങ്ങളുടെ സംശയനിവാരണം ഉണ്ടാകുമല്ലോ? സമാധാനാന്തരീക്ഷം ഉണ്ടാകും. ഈ വക കാര്യങ്ങളിൽ ഒരുവിധത്തിലുമുള്ള വിട്ടുവീഴ്ച പാടില്ല, ധൈര്യത്തോടെ മുന്നേറും. ജനങ്ങൾക്ക് പാർലമെൻറിലും ജനാധിപത്യത്തിലുമുള്ള വിശ്വാസം തിരിച്ചുകിട്ടും. ഗവൺമെൻറിൽ അവർ വിശ്വാസമർപ്പിക്കും. ഇങ്ങനെയാകണം നമ്മൾ ജൂഡീഷ്യൽ പ്രക്രിയ നടത്തേണ്ടത്. ഇത് സാധ്യമാക്കുന്നതിന് ലോക്സഭയിൽ നിന്നോ രാജ്യസഭയിൽ നിന്നോ ഉള്ള എല്ലാ അംഗങ്ങളും സഹകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. സുപ്രീം കോടതിയുടെ സഹായത്തോടെ കുറ്റവാളികൾക്ക് ജയിൽ ശിക്ഷയും നിരപരാധികൾക്ക് കളങ്കം ഇല്ലാതെ ലോകത്തെ അഭിമുഖീകരിക്കുവാനുമുള്ള ഒരു സംവിധാനവും നാം തയാറാക്കണം. ഈ രണ്ട് സഭകൾക്കും ഈ ജോലി ചെയ്യാൻ അധികാരമുണ്ട്. അത്തരം നിരവധി പ്രശ്നങ്ങളുണ്ട്.

നാം ഇവിടെ ഒരു തുടക്കം കുറിക്കണം, മറ്റുകാര്യങ്ങൾ താനേ വന്നുചേരും. കുറ്റവാളികൾ രക്ഷപ്പെടുന്നു എന്ന നിങ്ങളുടെ വികാരം ഞാൻ മാനിക്കുന്നു. നിയമവാഴ്ച നിലനിൽക്കണം, കുറ്റം ചെയ്യാത്തവർ സംരക്ഷിക്കപ്പെടുകയും കുറ്റവാളികൾ ശിക്ഷിക്കപ്പെടുകയും വേണം. അതിനാലാണ് കള്ളപ്പണം അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ നിയോഗിച്ചത്. രണ്ടുവർഷമായി ഈ ദൗത്യം നടക്കാൻ ഇരിക്കുകയായിരുന്നു. ഞങ്ങൾ അത് ചെയ്തു, അത് ഞങ്ങളുടെ മുൻഗണനയിൽ ഉള്ളതിനാലാണ്. ആരുടെ കൈവശമാണ് കള്ളപ്പണം ഉള്ളത് എന്ന് ആർക്കുമറിയില്ല. എന്നാൽ കള്ളപ്പണം ഉണ്ടോ ഇല്ലയോ എന്ന കാര്യം പൊതുജനസമക്ഷം വെളിപ്പെടുത്തണം. ഉണ്ടെങ്കിൽ ആരുടെ കൈവശമാണ്? എത്രകണ്ട് ഉണ്ട്? എങ്ങനെ വന്നു? എവിടേക്ക് പോയി? എന്ന വിവരമെങ്കിലും ജനങ്ങൾ അറിയണം. അങ്ങനെയെങ്കിലും ജനങ്ങളുടെ സംശയനിവാരണം ഉണ്ടാകുമല്ലോ. സമാധാനത്തിന് അന്തരീക്ഷം ഉണ്ടാകും. ഈ വക കാര്യങ്ങളിൽ ഒരുവിധത്തിലുമുള്ള വിട്ടുവീഴ്ച പാടില്ല. ധൈര്യത്തോടെ മുന്നേറും. ജനങ്ങൾക്ക് പാർലമെൻറിൽ, ജനാധിപത്യത്തിൽ വിശ്വാസം തിരിച്ചുകിട്ടും.

നമ്മൾ ഇവിടെ നിന്ന് ഒരു തുടക്കം കുറിക്കണം, ബാക്കിയുള്ള കാര്യങ്ങൾ സ്വയം പരിപാലിക്കും. പക്ഷേ ആരെയും ഒഴിവാക്കരുതെന്ന നിങ്ങളുടെ വികാരത്തെ ഞാൻ മാനിക്കുന്നു. നിയമവാഴ്ച നിലനിൽക്കണം. നിരപരാധികളെ സംരക്ഷിക്കുകയും കുറ്റവാളികളെ ശിക്ഷിക്കുകയും വേണം. അതുകൊണ്ടാണ് ഞങ്ങൾ അധികാരമേറ്റയുടൻ കള്ളപ്പണം അന്വേഷിക്കുവാൻ പ്രത്യേക അന്വേഷണ സംഘത്തെ ഞങ്ങൾ നിയോഗിച്ചത്. രണ്ടു വർഷമായി ഈ കാര്യം ഇഴഞ്ഞിഴഞ്ഞു കിടന്നിരുന്നു. ഞങ്ങൾ അത് ചെയ്തു, കാരണം അത് ഞങ്ങളുടെ മുൻഗണനയാണ്. കള്ളപ്പണം കൈവശം വച്ചിരിക്കുന്ന ഈ ആളുകൾ ആരാണെന്ന് നമുക്കൊന്നും അറിയില്ല, പക്ഷേ കള്ളപ്പണം നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്ന് രാജ്യത്തെ ജനങ്ങളോട് വെളിപ്പെടുത്തേണ്ടത് പ്രധാനമാണ്, ഉണ്ടെങ്കിൽ അത് ആരുടേതാണ്, അതിൽ എത്രത്തോളം ഉണ്ട്, അത് എവിടെ നിന്നാണ് വന്നത്, എവിടേക്ക് പോയി; അത് നിലവിലില്ലെന്ന് രാജ്യം അറിഞ്ഞാൽ രാജ്യത്തെ വായുവെങ്കിലും ശുദ്ധം ആകും. രാജ്യം സമാധാനം ആസ്വദിക്കും. അത്തരം കാര്യങ്ങളിൽ അലസത ഉണ്ടാകരുത്, നമ്മൾ ധൈര്യത്തോടെ മുന്നോട്ട് പോകണം, ആ ദിശയിൽ മുന്നോട്ട് പോയാൽ, പാർലമെൻറിലുള്ള സാധാരണക്കാരുടെ വിശ്വാസം പുന:സ്ഥാപിക്കപ്പെടും, അവർക്ക് ജനാധിപത്യത്തിൽ കൂടുതൽ വിശ്വാസമുണ്ടാകും, അവർ സർക്കാരിനെ വിശ്വസിക്കാൻ തുടങ്ങും.

രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ദുരന്തം വിശ്വാസ തകർച്ചയാണ്. ഇവിടെ ഇരിക്കുന്നവർ അവരുടെ ഫോണിൽ നിന്ന് എസ്എംഎസ് അയച്ചശേഷം ഫോൺ വിളിച്ച് അയച്ച സന്ദേശം ലഭിച്ചോ എന്ന് ഉറപ്പാക്കുന്നു. എന്തുകൊണ്ട്? നമ്മുടെ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു അല്ലെങ്കിൽ എസ്എംഎസ് അയച്ചാൽ അത് ഉടൻ ലഭിക്കുമെന്ന് ജനത്തിന് ഉറപ്പുണ്ട്. പക്ഷേ അവർ സന്ദേശം അയച്ചിട്ടു ഫോൺ ചെയ്തു ചോദിക്കുന്നു. നഷ്ടപ്പെട്ട വിശ്വാസം തിരിച്ചു കൊണ്ടുവരണം. ഒരു വ്യക്തി ഗവൺമെൻറ് ആശുപത്രിയിൽ അഡ്മിറ്റ് ആവുകയാണെങ്കിൽ തൻറെ അസുഖം ചികിത്സിച്ച് ഭേദമാക്കപ്പെടും എന്ന വിശ്വാസം അയാൾക്കുണ്ടാകണം. ഒരു കുട്ടിയെ ഗവൺമെൻറ് സ്കൂളിൽ അയക്കുമ്പോൾ മാതാപിതാക്കൾക്ക് കുട്ടിയുടെ വിദ്യാഭ്യാസത്തെക്കുറിച്ച് വിശ്വാസം ഉണ്ടാകണം. വിശ്വാസം സൃഷ്ടിക്കുക എന്നത് വലിയ വെല്ലുവിളിയാണ്. പക്ഷേ നാമൊരുമിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഇക്കാര്യം സാധ്യമാണ്. നിങ്ങളുടെ എല്ലാവരുടെയും നിർദ്ദേശങ്ങളെ ഞങ്ങൾ വിലമതിക്കുന്നു. വിനയത്തോടെ പറയുവാൻ ഞാൻ ആഗ്രഹിക്കുന്ന ഒരു കാര്യം ഞങ്ങൾ തെരഞ്ഞെടുപ്പ് ജയിച്ചു എങ്കിലും ജനങ്ങൾ ഞങ്ങൾക്ക് വലിയ ഭൂരിപക്ഷം നൽകിയിട്ടുണ്ടെങ്കിലും നിങ്ങളുടെ സഹകരണം ഇല്ലെങ്കിൽ ഞങ്ങളുടെ ഭൂരിപക്ഷം അപൂർവ്വമായിരിക്കും. അതിനാൽ ഞങ്ങൾ നിങ്ങളെ കൂടെ കൂട്ടാൻ ആഗ്രഹിക്കുന്നു. ആവശ്യമുള്ള പക്ഷം നിങ്ങളുടെ ഉപദേശങ്ങളും ഞങ്ങൾക്ക് വേണ്ടിവരും. ഇതൊരു പുതിയ കാര്യമല്ല, നരസിംഹറാവു ജിയുടെ സർക്കാർ അധികാരത്തിലിരുന്ന സമയത്ത് ജനീവയിൽ ഒരു സമ്മേളനത്തിൽ പങ്കെടുക്കാൻ ആളെ അയക്കേണ്ടി വന്നു. മറ്റ് രാജ്യങ്ങളുടെ പിന്തുണ പാക്കിസ്ഥാനെതിരെ ആവശ്യമായിരുന്നു. നരസിംഹ റാവു ജി പ്രതിനിധിസംഘത്തിൻറെ ഭാഗമായി അടൽ ബിഹാരി വാജ്പേയി ജിയെ തെരഞ്ഞെടുക്കുകയും അയക്കുകയും ചെയ്തു, വാജ്പേയിജി കൃത്യമായി അത് നിർവ്വഹിച്ചു. അതിനാൽ, എല്ലാ നല്ല കാര്യങ്ങളെയും നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അതിലൂടെ രാജ്യത്തിൻറെ താൽപ്പര്യത്തിനായി പ്രവർത്തിക്കുകയാണ് എന്നത് വ്യക്തമാകും.

പാർട്ടിയുടെ താത്പര്യങ്ങളെക്കാൾ മുകളിലാണ് രാജ്യം. ഇതാണ് നമ്മൾ പ്രാവർത്തികമാക്കേണ്ട മന്ത്രം. ഈ മഹനീയമായ സഭകളിൽ ആ മന്ത്രം പ്രതിഫലിപ്പിക്കാൻ ഞങ്ങൾ ശ്രമിക്കും. പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ഞങ്ങളുടെ പ്രക്രിയയെ നിങ്ങളുടെ സഹകരണം ലളിതവും വേഗത്തിലുമാക്കും. രാഷ്ട്രീയ താല്പര്യങ്ങൾക്ക് അവസാന വർഷം മതിയാകും. ആദ്യത്തെ നാലു വർഷങ്ങൾ രാജ്യതാത്പര്യങ്ങൾക്കായി മാറ്റിവെക്കണം. ജയപരാജയങ്ങൾ കയ്പ് ഉളവാക്കിയിട്ടുണ്ട്, പക്ഷേ നമുക്ക് അത് മാറ്റിവയ്ക്കാം. കയ്പ്പ് ഇഴഞ്ഞു കയറും പക്ഷേ, അതുയും പാരുഷ്യത്തോടെ നമ്മൾ മുന്നോട്ട് പോകേണ്ടതില്ല, ഇത് മുതിർന്നവരുടെ സഭയാണ്, ഈ സഭയിലെ അന്തരീക്ഷം ശ്രേഷ്ഠവും ഉത്സാഹം നിറഞ്ഞതുമാകണം. അത്തരത്തിലുള്ള അന്തരീക്ഷം നിലനിർത്താൻ നമ്മൾ ശ്രമിക്കും.

എൻറെ കാഴ്ചപ്പാടിൽ, രാജ്യത്തിൻറെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാനുള്ള ഉത്തരവാദിത്തം തെരഞ്ഞെടുപ്പിൽ വിജയിക്കുന്ന പാർട്ടിക്ക് മാത്രമല്ല, തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങൾക്കും ഉണ്ട്. ആ ഉത്തരവാദിത്തം നിർവഹിക്കുവാൻ കഴിവില്ലാത്തവരാണ് നമ്മൾ എന്ന അഭിപ്രായം കേൾക്കാൻ ഇടവരുത്തുകയില്ല. സഭയ്ക്ക് മുന്നിൽ എൻറെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുവാൻ അവസരം ലഭിച്ചതിൽ ഒരിക്കൽ കൂടി എൻറെ നന്ദി അറിയിക്കുന്നു. രാജ്യത്തിന് ഒരു പുതിയ ദിശാബോധം, ഒരു പുതിയ ആവേശം നൽകുന്നതിനായി നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കപ്പെട്ട പ്രമേയത്തെ ഏകകണ്ഠമായി പിന്തുണയ്ക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. വളരെയധികം നന്ദി. നമസ്കാരം

രാഷ്ട്രപതിയുടെ പ്രസംഗത്തിൽ
ലോക്സഭയിലെ നന്ദിപ്രമേയ
ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ
നരേന്ദ്ര മോദി യുടെ മറുപടി

ജൂൺ 11, 2014

ജൂൺ 11, 2014

ലോക് സഭ

രാഷ്ട്രപതിയുടെ നന്ദിപ്രഖ്യാപനത്തിൽ നടന്ന നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ മറുപടി പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭയിൽ ഞാൻ പുതിയ അംഗമാണ് ഇവിടെ സംസാരിക്കാനുള്ള എൻറെ ആദ്യ അവസരവും ആണിത്.

ഈ സഭയ്ക്ക് ഉയർന്ന അന്തസ്സും മഹത്തായ പാരമ്പര്യവുമാണുള്ളത്. മൂന്നു നാലു പതിറ്റാണ്ടുകൾ ഈ സംഭയിൽ അംഗങ്ങൾ ആയി, രാജ്യത്തെ സംബന്ധിച്ച വിഷയങ്ങളെ മുന്നോട്ട് വയ്ക്കുകയും പരിഹരിക്കുകയും ചെയ്ത വളരെ പരിചയസമ്പന്നരായ മുതിർന്ന അംഗങ്ങൾ ഇവിടെ ഉണ്ട്. എന്നെപ്പോലെ പുതിയ അംഗം എന്തെങ്കിലും സംസാരിക്കുമ്പോൾ അത് സഭയുടെ അന്തസ്സിനെയും ആഭിജാത്യത്തെയും വേദനിപ്പിച്ചാൽ, പുതിയ ഒരാൾ എന്ന് കരുതി സഭാംഗങ്ങൾ എൻറെ പോരായ്മകൾ പൊറുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ആദരണീയനായ രാഷ്ട്രപതിയുടെ പ്രസംഗത്തെക്കുറിച്ച് സഭയിലെ അമ്പതിൽപരം അംഗങ്ങൾ അഭിപ്രായം പറഞ്ഞു കഴിഞ്ഞു, ആ അഭിപ്രായങ്ങൾ എല്ലാം ഞാൻ ശ്രദ്ധിച്ച് കേട്ടു.

ബഹുമാന്യനായ മല്ലികാർജ്ജുൻ ജി, ബഹുമാന്യ മുലായംസിംഗ് ജി, ഡോക്ടർ തമ്പി ദുരൈജി, ഭർതൃഹരിജി, ടിഎംസി നേതാവ്, പാർലമെൻറിലെ എല്ലാ മുതിർന്ന അംഗങ്ങൾ എന്നിവരുടെ അഭിപ്രായങ്ങൾ ഞാൻ ശ്രദ്ധിച്ചു കേട്ടു. ഒരുപാട് കാര്യങ്ങൾ മുന്നിൽ ഉണ്ട്, പക്ഷേ അവ എങ്ങിനെ നടപ്പാക്കും എപ്പോൾ നടപ്പാക്കും എന്നതായിരുന്നു എല്ലാവരുടെയും ചോദ്യം. ശരിയായ വിഷയത്തെ തൊട്ടുകഴിഞ്ഞു, അപ്പോൾ സ്വാഭാവികമാണ് അത് മനസ്സിലേക്ക് വരികയെന്നാണ് എൻറെ വിശ്വാസം. എൻറെ ഒരു അനുഭവം പറയാം. ഗുജറാത്തിലെ പുതിയ മുഖ്യമന്ത്രിയായിരിക്കെ ഞാൻ അസംബ്ലിയിൽ പറഞ്ഞു ഗുജറാത്തിലെ ഗ്രാമങ്ങളിലെ എല്ലാ വീടുകളിലും 24 സമയവും വൈദ്യുതി നല്കുക എന്നത് എൻറെ ആഗ്രഹമാണെന്ന്. ഓരോ വീട്ടിലും അത് വേണമെന്ന്.

ഭരണകക്ഷിയിൽ ഉള്ളവർ കൈയ്യടിച്ച് അനുകൂലിച്ചു. പ്രതിപക്ഷത്ത് ആകട്ടെ നിശബ്ദതയും. ഞങ്ങളുടെ പ്രതിപക്ഷ നേതാവ് ചൗധരി അമർസിംഗ് ജി മുതിർന്ന കോൺഗ്രസ് അംഗമാണ്, വളരെ പക്വതയുള്ള വ്യക്തി. പിന്നീട് അദ്ദേഹം മുൻകൂട്ടി സമയം നിശ്ചയിച്ചു എന്നെ വന്നു കണ്ടു. അദ്ദേഹം ചോദിച്ചു:- ''മോദിജി, താങ്കൾ ചെയ്യുന്നത് തെറ്റല്ലേ? താങ്കൾ പുതിയ അംഗമാണ്, പരിചയക്കുറവുണ്ട്. 24 മണിക്കൂർ വൈദ്യുതി വിതരണം ചെയ്യുക അസാധ്യമാണ്. അതെങ്ങനെ താങ്കൾ ചെയ്യും?'' വളരെ സൗഹൃദത്തോടെ ആണ് അദ്ദേഹം ആ ചോദ്യം ചോദിച്ചത്. അങ്ങിനെ ഒരു ചിന്ത എനിക്കുതോന്നി, നമ്മൾ അത് നടപ്പാക്കുമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. അത് അസാധ്യമാണ് എന്ന് അദ്ദേഹം പറഞ്ഞു. രണ്ടായിരം മൂവായിരം മെഗാവാട്ട് കുറവുള്ളപ്പോൾ താങ്കൾക്ക് ആ വിടവ് നികത്താൻ എങ്ങിനെ സാധിക്കുമെന്ന് അദ്ദേഹം ചോദിച്ചു. അങ്ങിനെ അദ്ദേഹം ചോദിച്ചതു സ്വാഭാവികം മാത്രമാണ്. എന്നാൽ ഗുജറാത്തിൽ ആ ലക്ഷ്യം സാധിച്ചെടുത്തെന്നു ഞാൻ സന്തോഷപൂർവം പറയട്ടേ. ഇതു വരെ ചെയ്യാൻ കഴിഞ്ഞില്ല അതുകൊണ്ടു തന്നെ ഇനിയെങ്ങിനെ ചെയ്യുമെന്ന് ഇവിടെ പാർലമെൻറിൽ ഇരിക്കുന്ന എല്ലാ മുതിർന്ന അംഗങ്ങളും ചിന്തിച്ചു എങ്കിൽ അത് സ്വാഭാവികം മാത്രമാണ്. ഇതുവരെ സംഭവിച്ചില്ല അപ്പോൾ സ്വാഭാവികമായും സംശയം ഉയരും. എന്നാൽ, ആദരണീയനായ രാഷ്ട്രപതി പ്രസംഗത്തിൽ പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിൽ ഒരു കുറവും ഉണ്ടാകാതെ ഞങ്ങൾ പൂർത്തീകരിക്കും എന്ന് ഞാൻ സഭക്ക് ഉറപ്പ് നല്കുന്നു. ഞങ്ങളെ സംബന്ധിച്ച ആദരണീയനായ രാഷ്ട്രപതിയുടെ പ്രസംഗം ഒരു ആചാരമോ അനുഷ്ഠാനമോ അല്ല. പകരം അദ്ദേഹത്തിൽ നിന്നു വന്ന ഓരോ വാക്കും പവിത്രമാണ്, അത് ഞങ്ങൾക്ക് പവിത്രമായ ഒരു ഉടമ്പടി ആണ് അത് നടപ്പാക്കുവാൻ ഞങ്ങൾ ആകാവുന്ന എല്ലാ ശ്രമങ്ങളും നടത്തും. ഈ ഉത്സാഹം തന്നെ ഈ പ്രവർത്തികൾ പൂർത്തീകരിക്കുവാൻ ഞങ്ങൾക്ക് വലിയ പ്രചോദനം ആകുന്നു.

അത് കൊണ്ട് തന്നെ ഭാവിയിലേക്ക് രാഷ്ട്രപതിയുടെ പ്രഭാഷണത്തിനെ ശ്രേഷ്ഠവും തെളിവുള്ളതുമായി എപ്പോഴും കണ്ട് അതിലെ ലക്ഷ്യങ്ങൾ നേടാൻ സഭയിലെ എല്ലാവർക്കും ഒരുമിച്ച് പ്രവർത്തിക്കാം.

വോട്ട് ചെയ്യുന്നത് വരെ നമ്മളൊക്കെ സ്ഥാനാർഥികൾ മാത്രമാണ്, പക്ഷേ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ ജനങ്ങളുടെ പ്രതീക്ഷകളുടെയും അഭിലാഷങ്ങളുടെയും സന്ദേശവാഹകരാണ്. അവരുടെ ആഗ്രഹങ്ങളുടെ സൂക്ഷിപ്പുകാരാണ്. സന്ദേശവാഹകരെന്ന നിലയിൽ അവരുടെ ആഗ്രഹങ്ങളെ പൂർത്തീകരിക്കുക എന്നതാണ് നമ്മളിൽ ചിലരുടെ കടമ, അവർക്ക് വേണ്ടി സംരക്ഷകരായി മാറി അവർക്കായി ശബ്ദമുയർത്തുക എന്നതാണ് ചിലരുടെ കർത്തവ്യം, അതും വളരെ നല്ല കടമയാണ്. നമ്മൾ എല്ലാവരും ഈ കടമകൾ ചെയ്യും.

സഭയിൽ ഉയരുന്ന വിഷയങ്ങളിൽ ചെറിയ കലഹങ്ങൾ ഉണ്ടായാലും വളരെ സകാരാത്മകമായ അന്തരീക്ഷത്തിൽ ആണ് അത് ചർച്ച ചെയ്യുന്നത് എന്നത് എനിക്ക് സംതൃപ്തിയുണ്ട്. ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് വാദപ്രതിവാദങ്ങൾ ആവശ്യമാണ്. ഇവിടെ ചർച്ച ചെയ്യുന്ന പ്രശ്നങ്ങളിൽ ഒരു പ്രതീക്ഷയുണ്ട്. രാജ്യത്തെ ഈ പാർലമെൻറിലെ അംഗങ്ങളിൽ അവർ പ്രതിപക്ഷം ആകട്ടെ ഭരണപക്ഷം ആകട്ടെ അവരുടെ പ്രസംഗങ്ങളിൽ അവരെ തെരഞ്ഞെടുത്ത് ഇവിടെക്ക് അയച്ച 125 കോടി ജനങ്ങളുടെ പ്രതീക്ഷ പ്രതിഫലിക്കുന്നുണ്ട്. അത് ഇന്ത്യയുടെ ഭാഗധേയത്തിൻറെ ശുഭോദർക്കമായ സൂചനയാണ്. ആദരണീയനായ രാഷ്ട്രപതി, തെരഞ്ഞെടുപ്പിനെ, സമ്മതിദായകരെ, തെരഞ്ഞെടുപ്പ് ഫലത്തെ, അദ്ദേഹത്തിൻറെ പ്രഭാഷണത്തിൽ അഭിനന്ദിച്ചിരുന്നു. അനേകം വർഷങ്ങൾക്ക് ശേഷം, അടുത്ത അഞ്ചു വർഷത്തേക്കുള്ള ഭരണത്തിനു, വികസനത്തിന്, നല്ല ഭരണ സംവിധാനത്തിന് ആവശ്യമായ യാത്രക്ക് വേണ്ടി വോട്ട് ചെയ്ത രാജ്യത്തെ എല്ലാ ജനങ്ങൾക്കും നന്ദി രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ത്യയിലെ സമ്മതിദായകരുടെ ഉത്കണ്ഠകൾ, ആകുലതകൾ എന്നിവയെല്ലാം ഞങ്ങൾക്ക് പരിഗണിക്കേണ്ടതുണ്ട്, അവർ ഞങ്ങളിൽ അർപ്പിച്ച ഉത്തരവാദിത്തം പൂർത്തീകരിക്കുകയും വേണം. അഭിനന്ദിക്കുന്നതിനൊപ്പം അടുത്ത അഞ്ച് കൊല്ലത്തെ സ്ഥിതിഗതികൾ അവരിലൂടെ ഭദ്രമാണെന്ന് വിശ്വസിക്കുന്നു. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ ശക്തിയാണ് നമ്മൾ എന്ന വസ്തുത നമ്മൾ ചിന്തിക്കേണ്ടതുണ്ട്. നമ്മുടെ ഈ ശക്തി, നമ്മുടെ ഉന്നതമായ ജനാധിപത്യ പാരമ്പര്യങ്ങൾ, സാധാരണക്കാരനാകട്ടെ, നിരക്ഷരൻ ആകട്ടെ അവർ ജനാധിപത്യത്തിന് നൽകുന്ന ആദരം, ജനാധിപത്യ പാരമ്പര്യത്തിലൂടെ തങ്ങളുടെ അഭിലാഷങ്ങളും പ്രതീക്ഷകളും പൂർത്തീകരിക്കുമെന്നതിനെ കുറിച്ച് അവർ വളരെയധികം ബോധവാൻമാരാണ്. ഈ ശക്തിയെ അതിൻറെ യഥാർത്ഥ രൂപത്തിൽ നമ്മൾ എപ്പോഴെങ്കിലും ലോകത്തിന് മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ? ഈ തെരഞ്ഞെടുപ്പിന് ശേഷം, നമ്മുടെ ശക്തിയെ ലോകത്തിന് മുന്നിൽ ധൈര്യത്തോടെ വെളിപ്പെടുത്തുക എന്നത് നമ്മുടെ കൂട്ടായ കർത്തവ്യമാണ്. ലോകത്തെ നമ്മൾ സ്വാധീനിക്കേണ്ടിയിരിക്കുന്നു. യൂറോപ്പും അമേരിക്കയും മൊത്തം എടുത്താലും അതിലും കൂടിയ സമ്മതിദായകർ ആണ് നമ്മുടെ രാജ്യത്തെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത്. നമ്മൾ വളരെ വലിയ ശക്തിയാണ്. നമ്മുടെ ശക്തമായ ശക്തിയെ നാം ലോകത്തിന് മുന്നിൽ പ്രകടിപ്പിച്ചിട്ടുണ്ടോ? ഇത് നമ്മുടെ കൂട്ടായ ഉത്തരവാദിത്തം ആണെന്ന് ഞാൻ വിശ്വസിക്കുന്നു. കുറച്ചു ശൂന്യത ഉണ്ട് എന്നത് നമുക്കറിയാം. 1200 കൊല്ലത്തെ അടിമത്ത മനോഭാവം നമ്മളെ വിഷമിപ്പിക്കുന്നുണ്ട്. നമ്മളെക്കാൾ ഉന്നതരായ ഒരാളെ കണ്ടാൽ അയാളെ മുഖാമുഖം നോക്കി സംസാരിക്കുവാനുള്ള ശക്തി നമ്മളിൽ നിന്നും ചോർന്ന് പോകുന്നതായി പലപ്പോഴും നമുക്ക് അനുഭവപ്പെട്ടിട്ടുണ്ട്.

ചിലപ്പോൾ വർണ്ണ വ്യത്യാസവും നമ്മളെ ബാധിക്കാറുണ്ട്. ഇന്ത്യയെ പോലെ ശക്തമായ ജനാധിപത്യ രാജ്യത്തിന് ഇതൊക്കെ അതി ജീവിച്ച് ഉയർന്ന് ശക്തമായ രാജ്യമായി ലോകത്തിന് മുന്നിൽ നിൽക്കേണ്ട സമയമാണിത്. തലയുയർത്തി കണ്ണിൽ നോക്കി ശക്തമായ ചുവടോടെ ലോകത്തിന് മുന്നിൽ നിൽക്കാൻ നമുക്ക് ശക്തി ഉണ്ടാകണം. രാജ്യത്തെ 125 കോടി ഇന്ത്യക്കാരുടെ ശക്തിയെ പ്രകടമാക്കിക്കൊണ്ട്, കൃത്യമായ പദ്ധതിയോടെ പുരോഗതിയുടെ പാതയിൽ അവരെ കൊണ്ടുപോകുക. ഇന്ത്യയെ ശ്രേഷ്ഠമായ പാതയിലൂടെ അവരാണ് കൊണ്ടുപോകുക.

ബഹുമാന്യ സ്പീക്കർ, രാജ്യത്തിൻറെ ആദ്യത്തെ അവകാശി ആരാണ്? ആരെയാണ് സർക്കാർ സേവിക്കേണ്ടത്? വിദ്യാഭ്യാസം ഉള്ളവർക്കൊപ്പം മാത്രം മതിയോ ഗവൺമെൻറ്? സർക്കാർ പാവപ്പെട്ടവർക്ക് വേണ്ടിയുള്ളതാവണം എന്നാണ് ഞാൻ പറയുന്നത്. പണക്കാർ തങ്ങളുടെ കുട്ടികളെ പഠിപ്പിക്കാൻ എവിടെനിന്നെങ്കിലും യോഗ്യരായ

അധ്യാപകരെ കണ്ടെത്തും. രോഗം വന്നാൽ അവർ നൂറുകണക്കിന് ഡോക്ടർമാരെയും കണ്ടെത്തും. എന്നാൽ പാവങ്ങൾ എവിടെ പോകും? അവർ സർക്കാർ വക സ്കൂളിലോ ആശുപത്രിയിലോ പോകും. അപ്പോൾ സർക്കാരിൻറെ പ്രഥമവും പ്രധാനവുമായ കൃത്യം പാവങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുക എന്നതാണ്. അത് സാധിച്ചില്ലെങ്കിൽ രാജ്യം നിങ്ങളെ വെറുതെ വിടില്ല. ബഹുമാനപ്പെട്ട സ്പീക്കർ മാഡം, ഇതാണ് സർക്കാരിൻറെ ആദ്യ കർത്തവ്യം. പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായയുടെ ആദർശങ്ങളുടെ വഴിയാണ് നാം ശീലിച്ചത്. അന്ത്യോദയ എന്ന തത്വമാണ് അദ്ദേഹം പഠിപ്പിച്ചത്. ഗാന്ധി, ലോഹ്യ, ദീൻദയാൽ ഇവരുടെ തത്വങ്ങളാണ് നാം പിന്തുടരുന്നത്. സാമൂഹ്യ പടികളിൽ അവസാനത്തേതിൽ നിൽക്കുന്ന വ്യക്തിയുടെയും ക്ഷേമത്തിന് മുൻഗണന നല്കണം എന്നതാണ് നൂറ്റാണ്ടിലെ വലിയ രാഷ്ട്രീയ ഉജ്ജ്വല വ്യക്തിത്വങ്ങളായ ഇവർ ചൂണ്ടിക്കാണിച്ചത്. ഇതിന് നമ്മൾ പ്രതിബദ്ധരാണ്. ദാരിദ്ര്യത്തിനെതിരെ ഉയർന്നെഴുന്നേൽക്കും വിധം പാവപ്പെട്ടവരെ ശാക്തീകരിക്കാൻ നാം ശ്രമിക്കണം. അന്ധവിശ്വാസത്തിൽ നിന്നും നിരക്ഷരതയിൽ നിന്നും ദരിദ്രരെ സ്വതന്ത്രരാക്കുവാൻ നമുക്ക് സാധിച്ചാൽ നമ്മുടെ രാജ്യത്തെ പാവപ്പെട്ടവർ ആരെയും ആശ്രയിച്ച് ജീവിക്കാൻ ആഗ്രഹിക്കില്ല. സ്വന്തം പ്രയത്നം കൊണ്ട് സ്വന്തമായ ലോകം സൃഷ്ടിക്കാൻ അവർ തയാറാകും. അഭിമാനത്തോടെ, ആദരവോടെ ജീവിക്കുവാൻ കഴിയുക എന്നത് പാവപ്പെട്ടവരുടെ അടിസ്ഥാന ആവശ്യമാണ്. അതിനാവശ്യമായ പദ്ധതികളിലൂടെ അവരുടെ അടിസ്ഥാന ആവശ്യങ്ങളെ ശക്തിപ്പെടുത്താൻ ഗവൺമെൻറ് പ്രയത്നിക്കും. ഭരണത്തിലെ എല്ലാ സംവിധാനങ്ങളും പാവപ്പെട്ടവരുടെ കരുത്ത് കൂട്ടുവാനുള്ളതും എല്ലാ പദ്ധതികളുടെ ആത്യന്തിക ലക്ഷ്യം സാമൂഹ്യ ഏണിപ്പടികളിൽ അവസാനം ഇരിക്കുന്ന ആളുടെയും വികസനമെന്നതുമാണ്. ദാരിദ്ര്യത്തിനെതിരെ പോരാടാൻ നാം പാവപ്പെട്ടവരെ ശാക്തീകരിക്കും. ഈ നല്ല ലക്ഷ്യം കേന്ദ്രീകരിച്ചു പ്രവർത്തിച്ചാൽ മാറ്റങ്ങൾ ഉണ്ടാക്കുവാൻ നമുക്ക് സാധിയ്ക്കും.

ഞാനൊരു സർക്കാരിനെയും വിമർശിക്കുവാനല്ല ഇവിടെ നിൽക്കുന്നത്. നമ്മുടെ ഗ്രാമങ്ങളെ ഉന്നമനത്തിൽ എത്തിക്കാം എന്ന വിശ്വാസം കൊണ്ടാണ്. പക്ഷേ നമ്മുടെ ഗ്രാമങ്ങളിലെയും കർഷകരുടെയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയെന്ന് ഹൃദയത്തിൽ കൈവച്ച് നമുക്ക് പറയുവാൻ സാധിക്കുമോ? രാഷ്ട്രപതിയുടെ പ്രസംഗത്തിലൂടെ ഈ വിഷയത്തെ സ്പർശിക്കാൻ നമ്മൾ ശ്രമിച്ചു, പക്ഷേ എങ്ങിനെ അത് സാധിയ്ക്കും എന്ന ചോദ്യവും ഉയർന്നു. ഇവിടെ നമ്മൾ ഒരു വാക്ക് ഉപയോഗിച്ചു. അർബൻ- നാഗരികതയുടെ സൗകര്യങ്ങളും എന്നാൽ ഗ്രാമത്തിൻറെ ആത്മാവും ഉള്ള സ്ഥലം എന്ന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പ്രഭാഷണത്തിൽ അതേക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. ഗ്രാമത്തിൻറെ ആത്മാവിനെ മുൻനിർത്തിയാണ് ആ ഗ്രാമത്തെ നിർവചിക്കുക. സ്വന്തം എന്ന ഒരു വികാരം ഗ്രാമങ്ങളിൽ ഇന്നുമുണ്ട്. ജനങ്ങൾക്ക് തങ്ങളുടെ സ്വന്തം ഗ്രാമം എന്ന ബോധം നിലനിൽക്കണം. ഒരു ഗ്രാമത്തിലേക്ക് ഒരു കല്യാണ ആഘോഷയാത്ര വരുമ്പോൾ അത് ഗ്രാമം മുഴുവൻ ആഘോഷിക്കുന്നു. ഒരു വീട്ടിലേക്ക് വരുന്ന അതിഥി ഗ്രാമത്തിൻറെ മുഴുവൻ അതിഥിയായി മാറുന്നു. ഇത് നമ്മുടെ രാജ്യത്തിലെ വിശിഷ്ടമായ ഒരു ഗുണമാണ്. അതു സംരക്ഷിക്കപ്പെടണം എന്നാൽ അവർക്കു വേണ്ട സൗകര്യങ്ങളെ നിഷേധിക്കരുത്. എൻറെ അനുഭവത്തിൽ നിന്ന് പറയട്ടെ, ഗ്രാമങ്ങൾക്ക് ആധുനിക സൗകര്യങ്ങൾ നൽകിയാൽ നാടിൻറെ പുരോഗതിക്ക് നഗരങ്ങളെക്കാൾ കൂടുതൽ സംഭാവനകൾ നൽകാൻ അവർക്ക് കഴിയും. ഗ്രാമങ്ങൾക്ക് 24 മണിക്കൂറും വൈദ്യുതി ലഭ്യമായാൽ, ഗ്രാമങ്ങൾക്ക് ബ്രോഡ്ബാൻഡ് കണക്ഷനുകൾ ലഭ്യമായാൽ, ഗ്രാമത്തിലെ കുഞ്ഞുങ്ങൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമായാൽ, ഗ്രാമങ്ങളിൽ മികച്ച അദ്ധ്യാപകർ കുറവാണ് എന്ന് നമ്മൾ ഒരിട ചിന്തിച്ചേക്കും, എന്നാൽ അതിനു പകരമായി കാലങ്ങളായി വിദൂരവിദ്യാഭ്യാസം ശാസ്ത്രം നൽകിക്കഴിഞ്ഞു. വിദൂര ഗ്രാമങ്ങളിലെ കുട്ടികൾക്ക് പോലും മികച്ച അദ്ധ്യാപകർക്ക് അറിവ് പകരാൻ സാധിയ്ക്കും. പാവപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസം നല്കാൻ ഉപഗ്രഹങ്ങളുടെയും ആധുനിക സാങ്കേതിക വിദ്യയുടെയും സഹായം എന്തുകൊണ്ട് നമ്മൾക്ക് ഉപയോഗിച്ചു കൂടാ? ഇതുപോലെ മാറ്റങ്ങൾ നമ്മുടെ ഗ്രാമങ്ങളിൽ നല്കാൻ നമുക്കായാൽ, അവർ സ്വന്തം ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്ക് കുടിയേറി പാർക്കേണ്ടി വരില്ല. ഗ്രാമങ്ങളിലെ യുവജനങ്ങൾ എന്താണ് ആഗ്രഹിക്കുന്നത്? അവർക്ക് ജോലി ലഭിച്ചാൽ സ്വന്തം മാതാപിതാക്കളുടെ അരികിൽ അവർക്ക് ജീവിക്കാൻ സന്തോഷമാകും. ഗ്രാമങ്ങളുടെ അടുത്തു നമുക്ക് വ്യവസായങ്ങളുടെ ശൃംഖല ആരംഭിച്ചു കൂടെ? കൃഷി അധിഷ്ഠിത വ്യവസായത്തിൽ തന്നെ ആകണം എന്നതിന് നമുക്ക് ഊന്നൽ കൊടുക്കാം. അവരുടെ ഉത്പന്നങ്ങളുടെ വില ഉയർത്തുന്നതിലൂടെ അവർക്ക് ശക്തി വർദ്ധിപ്പിക്കാൻ സാധിയ്ക്കും. ഗ്രാമീണ ജനതയുടെ ശക്തി തിരിച്ചറിയുവാനും അത് ശരിയായി

ഉപയോഗിക്കുവാനുമായാൽ ഗ്രാമങ്ങളിലെ ജനങ്ങളുടെ സാമ്പത്തിക അവസ്ഥയെ മെച്ചപ്പെടുത്താനും അവിടെ ഉള്ള സംവിധാനങ്ങളുടെ പ്രവർത്തനത്തെ മാറ്റുവാനും അത് കർഷകർക്ക് പ്രയോജനപ്പെടുത്താനും സാധിയ്ക്കും.

സിക്കിം ഒരു ചെറിയ സംസ്ഥാനമാണ്. ജനസംഖ്യ തീരെ കുറവുമാണ്. എന്നാൽ ആ ചെറിയ സംസ്ഥാനം വളരെ വലിയ മുന്നേറ്റമാണ് ഉണ്ടാക്കിയത്. സമീപഭാവിയിൽത്തന്നെ ജൈവ സംസ്ഥാനം എന്ന അഭിമാനാർഹമായ പദവി അവർ നേടും. അത് ഇന്ത്യക്ക് പ്രശസ്തിയാകും. എല്ലാം ജൈവ ഉത്പന്നങ്ങളാക്കുവാനാണ് അവരുടെ ശ്രമം. ഇന്ന് ജൈവ കാർഷികോത്പന്നങ്ങൾക്ക് ലോകത്തിൽ വലിയ വിപണന സാധ്യതയുണ്ട്. ഹോളിസ്റ്റിക് ഹെൽത്ത് കെയറിനെക്കുറിച്ച് വളരെ ആശങ്കയുള്ള ഒരു വലിയൊരു വിഭാഗം ലോകത്തുണ്ട്, എത്ര വിലകൊടുത്തും ജൈവ ഉത്പന്നങ്ങൾ അവർ വാങ്ങുകയും ചെയ്യും. ഈ പദ്ധതി അതിൻറെ ശ്രമങ്ങളുമായി ചേർത്ത് നമ്മൾ മുന്നോട്ട് കൊണ്ടുപോയാൽ സിക്കിമിലെ കർഷകർ ആഗോള വിപണി കയ്യടക്കും എന്ന് നമ്മൾ പ്രത്യാശിക്കുന്നു. അങ്ങ് ദൂരെ ഹിമാലയത്തിൻറെ മടിത്തട്ടിൽ കിടക്കുന്ന സിക്കിം കൂടുതൽ കരുത്താർജിക്കും. വടക്ക്-കിഴക്കൻ പ്രദേശങ്ങളെ മുഴുവൻ ചേർത്ത് ജൈവ സംസ്ഥാനം ആക്കുന്നതിനെ കുറിച്ചു നമ്മൾ ഒരിക്കൽ പോലും കരുതിയിട്ടില്ലെ? വടക്ക്-കിഴക്കൻ പ്രദേശങ്ങളെ പൂർണമായി ജൈവ പ്രദേശമായി കരുതി ഗവൺമെൻറ് അവർക്ക് ആവശ്യമായ സാമ്പത്തിക സഹായം നല്കി ആഗോള വിപണിയിലേക്ക് എത്തിക്കുവാൻ സഹായിച്ചാൽ അത് കാർഷിക മേഖലയിൽ വലിയ മാറ്റം കൊണ്ടുവരികയും പർവതപ്രദേശങ്ങളിലെ ജനജീവിതത്തെ മെച്ചപ്പെടുത്തുകയും ചെയ്യും.

നമുക്ക് പല കാർഷിക സർവ്വകലാശാലകളുണ്ട്. ഗവേഷണങ്ങൾ കൂടുതലായിട്ടുണ്ട്. എന്നാൽ നിർഭാഗ്യം എന്ന് പറയട്ടെ പരീക്ഷണശാലകളിലെയും കൃഷിയിടത്തിലെയും സ്ഥിതികൾ വ്യത്യസ്ഥമാണ്. പരീക്ഷണശാലകളിൽ നിന്നും കൃഷിയിടത്തിലേക്ക് നാം ചെല്ലേണ്ടിയിരിക്കുന്നു. ഇന്ന് പാരമ്പര്യ കൃഷിയിൽ നിന്നും മാറി ആധുനിക കൃഷിയിലേക്ക് മാറേണ്ട ആവശ്യമുണ്ട്. ഗുജറാത്തിൽ ഒരു ചെറിയ കാൽവയ്പ്പ് ഉണ്ടായി- സോയിൽ ഹെൽത്ത് കാർഡ്. നമ്മുടെ രാജ്യത്തു ജനങ്ങൾക്ക് പോലും ആരോഗ്യ കാർഡ് ഇതുവരെ ഇല്ല. പക്ഷേ ഗുജറാത്തിൽ ആ ഒരു തുടക്കം വന്നു. അവരുടെ കൃഷിഭൂമിയിലെ മണ്ണിനേ കുറിച്ചുള്ള കാർഡ്, അതിലൂടെ തങ്ങളുടെ ഭൂമിയിലെ മണ്ണിന് ചേരാത്ത കൃഷിക്കാണോ താൻ പണം ചെലവഴിച്ചതെന്ന് കർഷകന് അറിയാൻ സാധിയ്ക്കും. ആ വിളവിനു ആവശ്യം ഇല്ലാത്ത വളവും കീടനാശിനിയുമാണ് താൻ നൽകിയതെന്ന് അറിയാൻ സാധിയ്ക്കും. ആവശ്യമില്ലാത്ത വളവും കീടനാശിനിയും ഉപയോഗിച്ചു. അര ലക്ഷം മുതൽ ഒരു ലക്ഷം വരെ ചെലവഴിച്ചത് പാഴിലായി. മണ്ണിൻറെ ആരോഗ്യ കാർഡ് വഴി ശരിയായ കൃഷിരീതി അയാൾ മനസിലാക്കുന്നു. രാജ്യത്തെ എല്ലാ കൃഷിക്കാരനും ഈ സോയിൽ ഹെൽത്ത് കാർഡ് നൽകാൻ സാധിക്കില്ലെ നമുക്ക്? തീർച്ചയായും സാധിയ്ക്കും. മണ്ണ് പരിശോധനക്കു പഠനത്തിലൂടെ പണമുണ്ടാക്കുക എന്ന പുതിയ തലത്തിലേക്ക് പോകുവാൻ നമുക്കാകും. ഞാൻ വിശദമായി പറയാം. ഏപ്രിൽ-മെയ്-ജൂൺമാസ അവധിക്കാലങ്ങളിൽ നമ്മുടെ കാർഷിക സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾ അവരുടെ ഗ്രാമങ്ങളിലേക്ക് പോകാറുണ്ട്. അവിടെ പത്ത്, പ്ലസ് ടു ക്ലാസുകൾ ഉള്ള സ്കൂളുകളിൽ എല്ലാം പരീക്ഷണശാലകൾ ഉണ്ട്. ഈ പരീക്ഷണ ശാലകളെ 'മണ്ണ് പരിശോധനാ കേന്ദ്രങ്ങളാക്കാൻ' നമുക്ക് സാധിയ്ക്കും. സർവകലാശാലയിലെ അവധിക്കു പോകുന്ന വിദ്യാർഥികളെ സ്കൂളുകളിലെ പരീക്ഷണശാലകളിൽ മണ്ണുപരിശോധന നടത്തുവാൻ വേണ്ടി ഏർപ്പാടാക്കാം. സ്കൂളുകൾക്ക് അത് വഴി പണം ഉണ്ടാക്കുവാനും പരീക്ഷണശാലകൾ മെച്ചപ്പെടുത്താനും സാധിക്കും. ഈ ചെറിയ പരീക്ഷണ പരിപാടികളിലൂടെ വലിയ മാറ്റങ്ങൾ ഉണ്ടാക്കാം എന്നാണ് ഞാൻ പറഞ്ഞതിലെ സാരം...

ചട്ടപ്പടിമാത്രം ജീവനക്കാർ പ്രവർത്തിക്കുന്ന ഒരു പ്രവണത ഇന്ന് റെയിൽവേയിൽ ഉണ്ട്. തിങ്കളാഴ്ച ലഭിച്ച സാധനങ്ങൾ ഒരാഴ്ചയ്ക്കുള്ളിൽ അയയ്ക്കണമെന്ന് അവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടാകും. മാർബിൾ തിങ്കളാഴ്ച സ്റ്റേഷനിൽ എത്തിയിട്ടുണ്ട്, അത് മുംബൈയിലേക്ക് അയയ്ക്കണം, ചൊവ്വാഴ്ച ദിവസം തക്കാളി വന്നിട്ടുണ്ടെങ്കിലും, അവർ മാർബിൾ ആദ്യം അയയ്ക്കുകയും തക്കാളി പിന്നീട് അയയ്ക്കുകയും ചെയ്യുന്നു. എന്തുകൊണ്ടാണ് അവർ ഇങ്ങിനെ ചെയ്യുന്നത്? നാല് ദിവസത്തിന് ശേഷം മാർബിൾ എത്തിയാലും അത് പ്രശ്നമുള്ള കാര്യമല്ല. എന്നാൽ തക്കാളി വൈകിയാണ് എത്തുന്നതെങ്കിൽ അത് ചീഞ്ഞഴുകിപ്പോകും. നമ്മൾ സംവിധാനത്തിൽ കാതലായ മാറ്റങ്ങൾ കൊണ്ട് വരണം.

വിവരസാങ്കേതിക മേഖലയിൽ ലോകത്ത് നമ്മൾ പ്രശസ്തരാണ്, നമ്മുടെ സോഫ്റ്റ് വെയർ എഞ്ചിനീയർമാർക്ക് അംഗീകാരം ലഭിച്ച, പക്ഷേ നമ്മുടെ രാജ്യത്ത് കാർഷിക ഉൽപന്നങ്ങളുടെ തത്സമയ ഡാറ്റ ഇല്ല എന്നതാണ് ഇന്ന് രാജ്യത്തിൻറെ നിർഭാഗ്യം. വിവരസാങ്കേതികവിദ്യാ ശൃംഖല വഴി കാർഷിക ഉത്പന്നങ്ങളുടെ തത്സമയ വിവരങ്ങൾ ശേഖരിക്കുവാൻ നമുക്ക് സാധിക്കില്ലേ?

നാണയപ്പെരുപ്പം മാറുമെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്, ആ വഴിയിൽ പരിശ്രമിക്കാൻ ഞങ്ങൾ പ്രതിബദ്ധരാണ്. ഞങ്ങൾ അത് ചെയ്യും, കാരണം അത് തിരഞ്ഞെടുപ്പ് വാഗ്ദാനം മാത്രമായിട്ടല്ല മറിച്ച് പാവപ്പെട്ടവരുടെ വീടുകളിൽ എന്നും രാത്രിയിൽ ഭക്ഷണം ഉണ്ടാക്കണം എന്ന ഞങ്ങളുടെ താത്പര്യം കാരണം പാവപ്പെട്ടവരുടെ വീടുകളിലെ കുഞ്ഞുങ്ങൾ അത്താഴം കഴിക്കാതെയാണ് ഉറങ്ങുന്നത്. ഈ അവസ്ഥ മാറണം. സംസ്ഥാന കേന്ദ്ര സർക്കാരുകൾ ഇത് ഓർക്കേണ്ടതാണ്. ഇതിനായി ധാന്യങ്ങളുടെ ശേഖരം തിട്ടപ്പെടുത്തണം.

രാജ്യത്ത് ആവശ്യത്തിന് ഭക്ഷ്യധാന്യങ്ങൾ ഉണ്ടെങ്കിലും തത്സമയ ഡാറ്റ ആവശ്യമാണ്. ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനുള്ള സംഭരണ സൗകര്യങ്ങൾക്കു കുറവുണ്ട്. അത് എവിടെയാണ് ആവശ്യമുള്ളതെന്ന് ഗവൺമെൻറിന് അറിയാമെങ്കിൽ റെയിൽവേയുടെ വിശ്രമവേളകളിൽ അത് അവിടേക്ക് മാറ്റണം, അവിടെ ഗോഡൗണുകൾ സൃഷ്ടിക്കുകയും സാധനങ്ങൾ സൂക്ഷിക്കുകയും ചെയ്യാം. അങ്ങിനെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വർഷങ്ങളായി ഒരേ പോലെയുള്ള അടിസ്ഥാന സൗകര്യമാണ് ഉപയോഗിക്കുന്നത്. അത് ആധുനികവൽക്കരിക്കാനാകില്ലേ? ഒരേ സംവിധാനം മൂന്ന് ഭാഗങ്ങളായി വിഭജിക്കുകയും മൂന്നും പ്രത്യേക ഏജൻസികൾ ചെയ്യുകയും ആ മൂന്ന് ഭാഗങ്ങൾ കൈകാര്യം ചെയ്യാൻ അവർക്ക് ഉത്തരവാദിത്തങ്ങൾ നൽകുകയും ചെയ്താൽ, ഇപ്പോഴുള്ള സാഹചര്യങ്ങൾ മാറ്റാൻ കഴിയുമെന്ന് എനിക്ക് ആത്മവിശ്വാസത്തോടെ പറയാൻ കഴിയും.

നമ്മുടെ കാർഷിക സർവകലാശാലകളും കർഷകരും ഒരു കാര്യത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഈ കാലഘട്ടത്തിൻറെ ആവശ്യം ആണത്. ഞാൻ നേരത്തെ ആധുനിക കാർഷിക രീതിയെ കുറിച്ച സൂചിപ്പിച്ചത് പോലെ കാർഷികരംഗത്ത് എത്രയും നേരത്തെ സാങ്കേതികത്വം ഉപയോഗിക്കുന്നുവോ അത്രയും കൂടുതൽ പ്രയോജനം സാധ്യമാകും കാരണം, കുടുംബത്തിലെ അംഗസംഖ്യ വർദ്ധിക്കുകയും അതേ സമയം കൃഷിസ്ഥലം കുറഞ്ഞു വരികയും ചെയ്യുകയാണ്. നമുക്ക് ഭൂമിയുടെ ഉൽപാദനക്ഷമത വർധിപ്പിക്കണം. അതിനാവശ്യമായ ഗവേഷണങ്ങൾ വർധിപ്പിക്കേണ്ടതുണ്ട്. ധാന്യ വിളകളുടെ കാര്യത്തിൽ കാര്യമായ ഗവേഷണങ്ങൾ കുറെ വർഷങ്ങളായി നടന്നിട്ടില്ല. ധാന്യങ്ങൾ നമുക്കൊരു വെല്ലുവിളി ആയി മാറിയിട്ടുണ്ട്. ഇന്ന് ധാന്യങ്ങളിൽ നിന്നും മാത്രമാണു പാവങ്ങൾക്ക് പ്രോട്ടീൻ ലഭിക്കുന്നത്. പ്രോട്ടീൻ ശരീരവളർച്ചയുടെ പ്രധാന ഘടകങ്ങളിൽ ഒന്നാണ്. പോഷകാഹാരക്കുറവിനെ മറികടക്കണം എങ്കിൽ ഈ വിഷയത്തെ നമ്മൾ അഭിമുഖീകരിക്കുക തന്നെ വേണം. വർഷങ്ങളായി ധാന്യങ്ങളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാനോ ധാന്യങ്ങളിലെ പ്രോട്ടീൻ അളവ് വർദ്ധിപ്പിക്കുവാനോ നമുക്ക് സാധിച്ചിട്ടില്ല. കരിമ്പിലെ പഞ്ചസാരയുടെ തോത് വർദ്ധിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞു. എന്നാൽ ധാന്യങ്ങളിലെ പ്രോട്ടീൻ തോത് വർധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇതൊരു പ്രധാന വെല്ലുവിളിയാണ്. നമ്മുടെ ശാസ്ത്രജ്ഞൻമാർ കാർഷിക സർവകലാശാലകളെ പ്രോത്സാഹിപ്പിക്കുമോ? സംയുക്ത ശ്രമങ്ങളിലൂടെ പ്രശ്നപരിഹാരം എളുപ്പമാകും. ആ രീതിയിലാണ് ഇതിനെ നേരിടേണ്ടത്.

ജനസംഖ്യയുടെ 50 ശതമാനം സ്ത്രീകളാണ്. ഇന്ത്യയുടെ വികസനയാത്രയിൽ അവരുടെ പങ്കാളിത്തം നമുക്ക് ഉറപ്പ് വരുത്തേണ്ടതുണ്ട്. സാമ്പത്തിക പുരോഗതിയിൽ അവരെ കൂട്ടിച്ചേർക്കണം. വികസനത്തിൻറെ പുതിയ ഉയരങ്ങൾ നമുക്ക് തേടണം എങ്കിൽ ഇന്ത്യയിലെ 50 ശതമാനം മാതൃശക്തിയുടെ ഊർജിതമായ പങ്കാളിത്തം നമ്മൾ ഉറപ്പ് വരുത്തണം. അവർക്ക് അന്തസ്സും സുരക്ഷയും നൽകണം. സ്ത്രീ സുരക്ഷക്കും അവരോടുള്ള ആദരവിനും രാജ്യത്തെ നൂറ്റിയിരുപത്തിയഞ്ച് കോടി ജനങ്ങൾ മുൻഗണന നൽകണം. മുൻ കാലങ്ങളിൽ നടന്ന ചില സംഭവങ്ങൾ വേദനാജനകമായവ ആണ്. ഞങ്ങൾ അധികാരത്തിലാണോ ഇല്ലയോ എന്ന വസ്തുതയുമായി ഇതിന് ബന്ധമില്ല. പൂനെയിലും ഉത്തർപ്രദേശിലും നടന്ന കൊലപാതകങ്ങൾ, മണാലിയിലെ നദിയിൽ യുവതി മുങ്ങിമരിച്ചത്, നമ്മുടെ

സഹോദരിമാരുടെ മാനഭംഗ കേസുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഈ സംഭവങ്ങളെല്ലാം നമ്മളെ ആത്മവിചിന്തനത്തിന് പ്രേരിപ്പിക്കുന്നു. ഗവൺമെൻറുകൾ കർശനമായി പ്രവർത്തിക്കണം.

രാജ്യവും അക്രമത്തിനു ഇരയായവരും ഏറെ കാലം കാത്തിരിക്കുകയില്ല. നമ്മുടെ സ്വന്തം മനസാക്ഷി നമുക്ക് മാപ്പു തരികയുമില്ല. അതിനാൽ, മാനഭംഗ സംഭവങ്ങളുടെ 'മനശാസ്ത്രപരമായ വിശകലനം' എങ്കിലും ചെയ്യാതിരിക്കണം എന്ന് രാജ്യമെമ്പാടുമുള്ള രാഷ്ട്രീയ നേതാക്കളോട് ഞാൻ അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുന്നു. നമുക്ക് അത് യോജ്യമല്ല. നമ്മുടെ അമ്മമാരുടെയും സഹോദരിമാരുടെയും അഭിമാനം വച്ചാണ് നമ്മൾ കളിക്കുന്നത്. ഇത്തരത്തിലുള്ളവ രാഷ്ട്രീയ തലത്തിൽ ഉചിതമാണോ? നമുക്ക് ഇനി ശബ്ദരായിരിക്കാൻ കഴിയില്ല. അതുകൊണ്ട്, സ്ത്രീകളുടെ സുരക്ഷക്കും ആദരവിനും വേണം രാജ്യത്തെ നൂറ്റിയിരുപത്തിയഞ്ച് കോടി ജനങ്ങൾ മുൻഗണന നൽകുവാൻ.

ഈ രാജ്യത്തെ 65 ശതമാനം ജനങ്ങളും 35 വയസ്സിന് താഴെയുള്ളവരാണ്. നമ്മൾ വലിയ ഭാഗ്യവാന്മാരാണ്. അങ്ങിനെ ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഇന്ത്യ, ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ രാജ്യമായ കാലഘട്ടത്തിൽ ഞങ്ങൾ പാർലമെൻറിൽ ഇരിക്കുന്നു. ജനസംഖ്യാപരമായ വിഭജനത്തിൻറെ ശക്തി നാം തിരിച്ചറിയണം. ഭാവിയിൽ ലോകത്തിനു മുഴുവനും തൊഴിൽശക്തിയും മനുഷ്യശക്തിയും വിദഗ്ധ മനുഷ്യശക്തിയും ആവശ്യമാണ്.

ഇതേക്കുറിച്ച് അനുഭവമുള്ള ജനങ്ങൾക്ക് അറിയാം ഭാവിയിൽ ലോകത്തിന് നൈപുണ്യമുള്ള മനുഷ്യശക്തി ആവശ്യമായി വരുമെന്ന്. നമ്മുടെ അയൽരാജ്യമായ ചൈനക്കു പ്രായമേറുകയാണ്, നമ്മൾ യൗവനത്തിലാണ്. ഇത് അനുകൂലമാണ്. ലോകത്തിലെ സമ്പന്നരായ രാജ്യങ്ങൾ ഉൾപ്പെടെ എല്ലാ രാജ്യങ്ങൾക്കും ഏകദേശം ഒരേ അജണ്ടയാണുള്ളത്-നൈപുണ്യ വികസനം. നമ്മുടെ മുൻഗണനകളിൽ നൈപുണ്യ വികസനം വേണം. അതോടൊപ്പം നാം വിജയം കൈവരിക്കണമെങ്കിൽ "ശ്രമമേവ ജയതേ" എന്ന മുദ്രാവാക്യവും പിന്തുടരണം. രാഷ്ട്രനിർമ്മാണത്തിൽ തൊഴിലാളിക്ക് പ്രധാനസ്ഥാനം ഉണ്ട്. അവരാണ് വിശ്വകർമ്മ. അവരുടെ അന്തസ്സ് ഉയർത്തുവാൻ ആവശ്യമായ കാര്യങ്ങൾ നമുക്ക് ചിന്തിക്കേണ്ടതുണ്ട്. വൈദഗ്ധ്യമുള്ള ഇന്ത്യയാക്കി മാറ്റുവാൻ നമുക്ക് ശ്രമിക്കാം.

ബഹുമാന്യരെ, അഴിമതിയുടെ ഇന്ത്യ എന്ന ബഹുമതി നമ്മൾ നേടിയിട്ടുണ്ട്. അതിനെ വൈദഗ്ധ്യമുള്ള ഇന്ത്യ എന്നാക്കി നമുക്ക് മാറ്റിയെടുക്കണം, ആ സ്വപ്നം നമുക്ക് സാക്ഷാത്ക്കരിക്കാം. അതുകൊണ്ട് ആദ്യമായി ഇതിനായി നൈപുണ്യ വികസന മന്ത്രാലയം സ്ഥാപിച്ചു.

നമ്മുടെ രാജ്യത്തൊരു ദൗർഭാഗ്യം ഉണ്ട്. വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ച് ആരോടെങ്കിലും ചോദിച്ചാൽ താനൊരു ബിരുദധാരിയോ ഒരു എം എ-ക്കാരനോ ഇരട്ട ബിരുദധാരിയോ ആണെന്ന് പറയുന്നു. നമുക്ക് അത് കേൾക്കുമ്പോൾ സന്തോഷം തോന്നും. എൻറെ കുട്ടിക്കാലത്ത് ഞാൻ ദാദ ധർമാധികാരി ജിയുടെ ഒരു പുസ്തകം വായിക്കുകയുണ്ടായി. മഹാത്മാഗാന്ധിയുടെ അഭിപ്രായങ്ങളെ കുറിച്ച് വളരെ ചിന്തിക്കുന്ന വിനോബാജിയോടൊപ്പം ജീവിക്കുകയും ചെയ്ത വ്യക്തി കൂടിയാണ് അദ്ദേഹം. ഒരു ചെറുപ്പക്കാരൻ ജോലി ലഭിക്കാനായി തൻറെ അടുക്കൽ വന്ന ഒരു അനുഭവം അദ്ദേഹം പങ്കുവെച്ചിരുന്നു. അയാളുടെ വിദ്യാഭ്യാസ യോഗ്യതകളെക്കുറിച്ച് ചോദിക്കവേ താൻ ഒരു ബിരുദധാരിയാണെന്ന് ഉത്തരം ലഭിച്ചു. തനിക്ക് ഒരു ജോലി വേണമെന്ന് അയാൾ പറഞ്ഞു. ദാദാ ധർമാധികാരിജി അയാളുടെ നൈപുണ്യത്തെക്കുറിച്ച് ചോദിച്ചു. താൻ ഒരു ബിരുദധാരിയാണെന്ന് അയാൾ ആവർത്തിച്ചു. ദാദാ ധർമാധികാരിജി പറഞ്ഞു - അതെ സഹോദരാ, നിങ്ങൾ ബിരുദധാരിയാണ്, പക്ഷേ നിങ്ങൾക്കെന്തറിയാമെന്ന് പറയൂ? അയാൾ മറുപടി പറഞ്ഞു - ഇല്ല, ഇല്ല! ഞാൻ ഒരു ബിരുദധാരിയാണ്. നാലാം വട്ടവും അയാളോട് അയാൾക്കെന്തറിയാം എന്ന് ചോദിച്ചു. താനൊരു ബിരുദധാരിയാണെന്ന് അയാൾ വീണ്ടും പറഞ്ഞു. ഈ ഒരു സംഭവത്തിലൂടെ, ഒരാൾക്ക് ജീവിതമാർഗ്ഗത്തിന് വൈദഗ്ധ്യം ആണ് വേണ്ടതെന്നും സർട്ടിഫിക്കറ്റുകൾ കൊണ്ട് മാത്രം കാര്യമില്ല എന്നും മനസിലാക്കുവാൻ സാധിയ്ക്കും.

നൈപുണ്യ വികസനത്തിന് അതിനാൽ ഊന്നൽ നൽകേണ്ടതുണ്ട്, അതോടൊപ്പം നിപുണരായ തൊഴിലാളികൾക്ക് ഒരു സാമൂഹിക പദവി സൃഷ്ടിക്കേണ്ടതുണ്ട്. ദാരിദ്ര്യം കാരണം ഒരു കുട്ടിക്ക് ഏഴാം ക്ളാസ്സിൽ നിന്നും സ്കൂൾ വിടേണ്ടി വരുന്നു. ഒരു നൈപുണ്യ വികസന കോഴ്സിൽ ചേരാനുള്ള അവസരം എങ്ങിനെയോ ആ കുട്ടിക്ക് ലഭിക്കുകയും ആ കോഴ്സ് അയാൾ പൂർത്തിയാക്കുകയും ചെയ്യുന്നു. പക്ഷേ, ഏഴാം ക്ലാസ് വരെ മാത്രമേ ആ കുട്ടി പഠിച്ചിട്ടുള്ളൂ എന്ന കാരണത്താൽ ആ കുട്ടിക്ക് വേണ്ട പ്രധാന്യം നല്കാൻ ജനങ്ങൾ തയാറല്ല. ഈ കാരണത്താൽ തുല്യമായ ഒരു സംവിധാനം സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ഗുജറാത്തിൽ ഈ കാര്യം ഞാൻ പരീക്ഷിച്ചു. ദ്വിവർഷ ഐടിഐ കോഴ്സ് പത്താം ക്ലാസിന് തത്തുല്യമാക്കി. പത്താം ക്ലാസിന് ശേഷം ഈ ഐടിഐ കോഴ്സ് പന്ത്രണ്ടാം ക്ലാസിന് തുല്യമാക്കി. അതിനുശേഷം അവർക്ക് ഏതെങ്കിലും ഡിപ്ലോമ കോഴ്സിനോ ഡിഗ്രി കോഴ്സിനോ എൻറോൾ ചെയ്യാനോ കൂടുതൽ പഠിക്കാനോ സാധിയ്ക്കും. ബിരുദ പഠനത്തിന് ഏഴാം ക്ലാസ് പാസായ ഒരു വിദ്യാർത്ഥിക്ക് ഞങ്ങൾ വഴിയൊരുക്കി. പുതിയ തീരുമാനങ്ങൾ ധൈര്യത്തോടെ എടുക്കണം.

തൊഴിൽ വൈദഗ്ധ്യത്തിൽ ഊന്നൽ നല്കുമ്പോൾ അവർക്ക് സാമൂഹ്യ അംഗീകാരം ലഭ്യമാക്കുവാനും നാം ശ്രമിക്കണം. ലോകത്തിന് തൊഴിൽ സേനയെ ആവശ്യമുണ്ട് എന്ന് ഞാൻ സൂചിപ്പിച്ചു. ഇന്ന് ലോകമാകെ അധ്യാപകരെ ആവശ്യമുണ്ട്. എന്തുകൊണ്ട് നമുക്ക് അധ്യാപകരെ കയറ്റി അയച്ചു കൂടാ? ഗണിത, ശാസ്ത്ര അദ്ധ്യാപകരെ നമുക്ക് അയക്കാം. ഒരു വ്യാപാരി വിദേശത്തു പോയാൽ അയാൾക്ക് ഏറ്റവും സാധിക്കുക കൂടുതൽ ഡോളർ കൊണ്ടു വരിക എന്നത് മാത്രമാണ്. പക്ഷേ അധ്യാപകരെ അയക്കുമ്പോൾ അവർ ഒരു തലമുറയെ മുഴുവനായും അവർക്കൊപ്പം കൊണ്ട് പോകുകയാണ്. ഈ തരത്തിലുള്ള ശക്തിയാണ് നമുക്ക് ആർജിക്കേണ്ടത്. നമ്മുടെ ശക്തിയെ ലോകത്തിന് മുന്നിൽ വെളിപ്പെടുത്താനുള്ള മാർഗങ്ങളിൽ പെടുന്നതാണിത്. ഇത്തരം യുവസേനയെ നമുക്ക് നമ്മുടെ രാജ്യത്തു സജ്ജമാക്കിക്കൂടേ? നമ്മുടെ രാജ്യത്ത് ധാരാളം സാധ്യതകളുണ്ട്, ഈ സാധ്യതകളെ ഉപയോഗിച്ച് നാം മുന്നോട്ട് പോകുകയെങ്കിൽ മികച്ച ഫലം നമുക്ക് ലഭിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ദളിത് സഹോദരന്മാരുടെ ജീവിത സാഹചര്യങ്ങളിൽ സാരവത്തായ മാറ്റങ്ങൾ കൊണ്ടുവരാൻ നമുക്ക് സാധിച്ചിട്ടുണ്ട് എന്ന് ആത്മവിശ്വാസത്തോടെ നമുക്ക് പറയുവാൻ സാധിക്കുമോ? ഫണ്ട് ചെലവഴിച്ചില്ലെന്നോ സർക്കാർ ഗൗരവമായി കണ്ടില്ല എന്നോ അല്ല, ഞാൻ ഒരു ആരോപണവും ഉന്നയിക്കുന്നില്ല, പക്ഷേ അവരുടെ ജീവിത അവസ്ഥയിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ല എന്നത് ഒരു വസ്തുതയാണ്. നമ്മുടെ പരമ്പരാഗത രീതികളിൽ നിന്നും മാറി നടക്കുവാൻ നാം തയാറെടുത്തിട്ടുണ്ടോ? പ്രസ്തുത സമൂഹത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സർക്കാരിൻറെ പദ്ധതികളെ സംയോജിപ്പിച്ചാൽ നമുക്ക് സാധിയ്ക്കും. എന്തുകൊണ്ടാണ് അവരുടെ ജീവിതരീതികൾ മാറ്റാൻ കഴിയാത്തത്? ഞാനൊരു ചെറിയ കുട്ടിയായിരിക്കവേ ഉപജീവനമാർഗ്ഗത്തിനായി സൈക്കിളുകൾ നന്നാക്കുന്ന മുസ്ലീം സമുദായത്തിലെ ഒരാളെ ഞാൻ കണ്ടു. അദ്ദേഹത്തിൻറെ മൂന്നാം തലമുറ ഇപ്പോഴും അതേ ജോലി ചെയ്യുന്നു. എന്തുകൊണ്ടാണ് അങ്ങനെ? അവരുടെ ജീവിതത്തെ എങ്ങനെ മാറ്റാനാകും? വളരെ ശ്രദ്ധ കേന്ദ്രീകരിച്ച് വേണം ആ മാറ്റങ്ങൾക്ക് വേണ്ടി നമ്മൾ പ്രവർത്തിക്കേണ്ടത്. ചില പുതിയ പദ്ധതികൾ നമുക്ക് കൊണ്ടുവരേണ്ടതുണ്ട്. ആ പദ്ധതികളെ പ്രീണനമായി ഞാൻ കാണുന്നില്ല, പകരം അവരുടെ ജീവിതത്തിലെ മാറ്റങ്ങളായി ആ പദ്ധതികളെ ഞാൻ കാണുന്നു. ഒരാളുടെ ശരീരത്തിൻറെ ഏതെങ്കിലും ഭാഗം തകരാറിലായാൽ ആരോഗ്യവാന്മാരായിരിക്കുവാൻ ആർക്കും സാധിക്കില്ല. ശരീരത്തിൻറെ എല്ലാഭാഗങ്ങളും ആരോഗ്യത്തോടെ ഇരുന്നാൽ മാത്രമേ ആ ശരീരത്തിന് ശക്തി ഉണ്ടാകൂ.

അതേപോലെ ഒരു സമൂഹത്തിൽ ഏതെങ്കിലും ഒരുവിഭാഗം ദുർബലമാണെങ്കിൽ ആ സമൂഹം ശാക്തീകരിക്കപ്പെട്ടതാണ് എന്ന് പറയുവാൻ സാധിക്കില്ല.

അതുകൊണ്ട് സമൂഹത്തിൻറെ എല്ലാ വിഭാഗങ്ങളും ശാക്തീകരിക്കപ്പെടണം. ഇക്കാര്യം കണക്കിലെടുത്ത് വേണം നമ്മൾ പ്രവർത്തിക്കാൻ. അത് നടപ്പാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്ത് വികസനത്തിൻറെ ഒരു പുതിയ നിർവചനം തേടേണ്ടതുണ്ട്. സ്വാതന്ത്ര്യ സമരകാലത്ത് സ്വാതന്ത്ര്യത്തിനു വേണ്ടി ആളുകൾ ജീവത്യാഗം ചെയ്യാത്ത വർഷങ്ങൾ ഇല്ല. 1857 മുതൽ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള നമ്മുടെ പോരാട്ട ചരിത്രം നമുക്ക് മുന്നിലുണ്ട്.

സ്വാതന്ത്ര്യത്തിനായി സ്വന്തം ജീവൻ ജനങ്ങൾ ബലിയർപ്പിക്കാത്ത ഒരു ഭാഗവും രാജ്യത്തില്ല. ആ ചങ്ങല തുടർന്നു, സ്വന്തം രാജ്യത്തിനായി ജീവൻ ബലിയർപ്പിക്കുന്നത് ജനങ്ങൾ തുടർന്നു.

സ്വാതന്ത്ര്യാനന്തരം ജനിച്ചവരാണ് നമ്മളിൽ പലരും. സ്വാതന്ത്ര്യത്തിനു മുമ്പ് ജനിക്കുകയും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും ചെയ്ത ചില അംഗങ്ങൾ നമുക്കിടയിലുണ്ട്. ഞാൻ സ്വാതന്ത്ര്യത്തിനു ശേഷമാണ് ജനിച്ചത്. എന്റെ രാജ്യത്തിനുവേണ്ടി ജീവത്യാഗം ചെയ്യാനുള്ള അവസരം എനിക്ക് ലഭിച്ചില്ലെന്ന് ഞാൻ കരുതുന്നു, പക്ഷേ എൻറെ രാജ്യത്തിനായി ജീവിക്കാനുള്ള അവസരം എനിക്ക് ലഭിച്ചു. നമ്മുടെ രാജ്യത്തിനു വേണ്ടി നാം ജീവിക്കണം എന്ന സന്ദേശം ജനങ്ങളിലേക്ക് പകരേണ്ടതുണ്ട്. ഇന്ത്യ സ്വാതന്ത്ര്യം നേടിയതിൻറെ 75-മതു വർഷത്തിൽ 2022-ൽ, മാതൃരാജ്യത്തിനുവേണ്ടി സ്വജീവൻ ബലിയർപ്പിച്ച നമ്മുടെ രാജ്യത്തെ എല്ലാ മഹാന്മാരുടെയും രക്തസാക്ഷികളുടെയും സ്മരണയ്ക്കായി എല്ലാ പൗരന്മാർക്കും വൈദ്യുതി, വെള്ളം, ശൗചാലയം തുടങ്ങിയ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു വീട് നൽകാൻ നമുക്ക് തീരുമാനിക്കാം. ഇത് നമ്മൾ ചെയ്യേണ്ട ഏറ്റവും കുറഞ്ഞ കാര്യമാണ്. കേന്ദ്ര ഗവൺമെൻറ് എല്ലാ സംസ്ഥാന സർക്കാരുകളും ഒത്തുചേർന്ന്, അടുത്ത 8 മുതൽ 9 വർഷത്തേക്ക് പരിപാടികൾ ഇതിനായി ആവിഷ്കരിക്കും. ഭഗത് സിംഗ്, സുഖ്ദേവ്, രാജ്ഗുരു, മഹാത്മാ ഗാന്ധി, സർദാർ പട്ടേൽ സ്മരണയ്ക്കായി നമ്മുടെ സ്വാതന്ത്ര്യത്തിൻറെ 75-മതു വാർഷികത്തിൽ എല്ലാവർക്കും വീട് നൽകാൻ ആവശ്യമായ ഫണ്ട് അനുവദിക്കുക. ഈ പ്രമേയം യാഥാർത്ഥ്യമാക്കാൻ ശ്രമിച്ചാൽ നമ്മുടെ രാജ്യത്തിൻറെ സ്വപ്നങ്ങൾ നിറവേറ്റാനാകും.

വിജയത്തിൻറെ അടിസ്ഥാനത്തിൽ അളക്കാവുന്ന ഒരു പദ്ധതി നടപ്പിലാക്കുക വളരെ ബുദ്ധിമുട്ടാണെന്ന് അധികാരത്തിൽ വന്നതിനു ശേഷം എനിക്കറിയാം. നേരത്തെ എൻറെ സർക്കാർ ഭരിച്ചിട്ടുണ്ടെന്ന് ബഹുമാന്യനായ മുലായം സിംഗ് ജി പറയുകയുണ്ടായി. അതെ, എൻറെ സർക്കാർ ഭരിച്ചു. അതുകൊണ്ടാണ് ഇത് എങ്ങനെ ചെയ്യുവാനാകുമെന്ന് ഞാൻ ചോദിക്കുന്നത്. അദ്ദേഹത്തിൻറെ ആശംസകൾക്ക് അദ്ദേഹത്തോട് എനിക്കു നന്ദിയുണ്ട്. തൻറെ ഉത്കണ്ഠ അദ്ദേഹം പ്രകടിപ്പിച്ചു. പക്ഷേ കൂടിയാലോചനകളിലൂടെ ഒരു വഴി നമ്മൾ കണ്ടെത്തും. ഒരുപാട് സ്വപ്നങ്ങളുണ്ട് നമുക്ക്, ആ സ്വപ്നങ്ങൾ നിറവേറ്റാനായി ഞങ്ങൾ ശ്രമിക്കും. ആ ശ്രമത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായാൽ, നിങ്ങളെപ്പോലുള്ള പരിചയസമ്പന്നരായ വ്യക്തികളുടെ മാർഗ്ഗനിർദ്ദേശം ഞങ്ങൾക്ക് ലഭിക്കും. പാവപ്പെട്ടവർക്കു വേണ്ടിയാണ് നാം പ്രവർത്തിക്കേണ്ടത്, ഇതിനായി നമുക്ക് മുന്നോട്ട് പോകണം.

ഒരു പുതിയ കുപ്പിയിലെ പഴയ മദ്യം പോലെയാണ് ഗവണ്മെന്റിന്റെ അജണ്ടയെന്ന് ഇവിടെയാരോ പറഞ്ഞു. മദ്യത്തെ അദ്ദേഹം ഓർക്കുന്നത് തികച്ചും സ്വാഭാവികമാണ്. ഇത് തങ്ങളുടെ അജണ്ടയാണെന്നും അതിൽ കുറച്ച് മാറ്റങ്ങൾ മാത്രമേ നിങ്ങൾ വരുത്തിയിട്ടുള്ളൂവെന്നും പുതിയതായി അതിൽ ഒന്നുമില്ലെന്നും അദ്ദേഹം പറഞ്ഞു. ഞങ്ങൾ അവതരിപ്പിക്കുവാൻ പോകുന്ന അജണ്ടയെക്കുറിച്ച് നിങ്ങൾക്ക് അറിയാമായിരുന്നു എന്നാണ് ഈ പറഞ്ഞതിന് അർഥം. ഇന്നലെ മുതൽ മഹാഭാരതം ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഒരു കാര്യം ഞാൻ പറയട്ടെ, ഒരിക്കൽ ദുര്യോധനനോട് നല്ലതും ചീത്തയും സത്യവും അസത്യവും ഉണ്ടോ ഇല്ലയോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു, 'jānāmidharmmanā ca me pravṛtti', അതിനർത്ഥം അദ്ദേഹത്തിന് നീതിയെന്ത് എന്ന് അറിയാമായിരുന്നു, എന്നാൽ അത് പിന്തുടരുന്നത് അദ്ദേഹത്തിൻറെ സ്വഭാവമല്ല. അദ്ദേഹത്തിന് സത്യവും നന്മയും എന്തെന്ന് അറിയാം പക്ഷേ അത് അദ്ദേഹത്തിൻറെ സ്വഭാവത്തിൽ ഇല്ലായിരുന്നു. അതേപോലെ നിങ്ങൾക്ക് എല്ലാം അറിയാം, ഏതാണ് നല്ലതെന്നും ഏതാണ് മോശമെന്നും. മഹാഭാരതം നമ്മൾ വളരെ കാലമായി ശ്രദ്ധിക്കുന്നു പക്ഷേ ആ കാലഘട്ടം അവസാനിച്ചു. പാണ്ഡവരും കൗരവരും ജീവിച്ചിരിക്കുന്നില്ല പക്ഷേ ജനങ്ങൾ ഇന്നും എപ്പോഴും പാണ്ഡവരുടെ വിജയത്തിനൊപ്പമാണ്. പാണ്ഡവർ പരാജയപ്പെടണം എന്ന് ജനങ്ങൾ ഒരിയ്ക്കലും ആഗ്രഹിക്കുന്നില്ല.

സഹോദരി സഹോദരന്മാരെ, വിജയം നമ്മെ ഒരുപാട് കാര്യങ്ങൾ പഠിപ്പിക്കുന്നു, നമ്മൾ അതിൽ നിന്ന് പഠിക്കുകയും വേണം. വിജയം നമ്മെ വിനയം പഠിപ്പിക്കുന്നു. ഏത് രാഷ്ട്രീയ പാർട്ടിയിലെയും ആകട്ടെ, ഇവിടുത്തെ മുതിർന്നവരുടെ അനുഗ്രഹത്താൽ വിനയം ഉണ്ടാകുകയും അഹംഭാവത്തിൽ നിന്ന് നമുക്ക് രക്ഷയുണ്ടാകുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുകയും സഭക്ക് ഉറപ്പ് തരികയും ചെയ്യുന്നു.

ഞങ്ങൾക്ക് ഈ സഭയിൽ വലിയ ഭൂരിപക്ഷമുണ്ടായിരിക്കാം, പക്ഷേ ഒരുമിച്ചുള്ള വിവേകമില്ലാതെ മുന്നോട്ട് പോകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. സംഖ്യകളുടെ കരുത്തിൽ നമ്മൾ മുന്നേറേണ്ടതില്ല, ഒന്നിച്ചുള്ള പ്രവർത്തനത്തിൻറെ കരുത്തിലാണ് മുന്നോട്ട് പോകേണ്ടത്. ഒരുമിച്ചുള്ള മനോഭാവത്തോടെ മുന്നോട്ട് പോകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ഈ ദിവസങ്ങളിൽ ചർച്ചകളുടെ കേന്ദ്ര ബിന്ദുവാണ് ഗുജറാത്ത് മോഡൽ. എൻറെ പ്രസംഗം ശ്രദ്ധിച്ച അവരോട് ഗുജറാത്ത് മോഡലിനെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വൈവിധ്യങ്ങൾ കാരണം ഒരു ജില്ലയുടെ മാതൃക ഗുജറാത്തിലെ മറ്റൊരു ജില്ലയിൽ ആവർത്തിക്കാനാവില്ല. കച്ചിലെ മാതൃക ഹരിതാഭ നിറഞ്ഞ ജില്ലയായ ബൽസാറിൽ ആവർത്തിക്കാനാവില്ല. ഈ ധാരണയുള്ളതുകൊണ്ട് ഗുജറാത്ത് മുന്നോട്ട് പോയി. ഈ മാതൃകയ്ക്ക് ഈ ധാരണയാണുള്ളത്. ഗുജറാത്തിലെ രണ്ടാമത്തെ മാതൃകയെന്തെന്നാൽ രാജ്യത്തിൻറെ എല്ലാ കോണുകളിൽ നിന്നും മികച്ച രീതികൾ ഞങ്ങൾ പഠിക്കുകയും അത് അംഗീകരിക്കുകയും ചെയ്തു. ഈ മാതൃക ഭാവിയിൽ പിന്തുടരാൻ ഞങ്ങൾ ആഗ്രഹിക്കുന്നു; ഇന്ത്യയുടെ ഓരോ കോണിൽ നിന്നും മികച്ച രീതികൾ പഠിക്കുകയും ആവശ്യമുള്ളിടത്ത് അത് നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യും.

ഗുജറാത്തിനെക്കാൾ മികച്ചതാണ് തമിഴ്നാടിൻറെ മാതൃകയെന്ന് ഇന്നലെ പ്രസ്താവിച്ചിരുന്നു. വികസന മാതൃകയുടെ മത്സരം രാജ്യത്ത് ആരംഭിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എൻറെ സംസ്ഥാനം നിങ്ങളുടെ സംസ്ഥാനത്തേക്കാൾ കൂടുതൽ വികസിക്കുകയാണെന്ന് ഒരു സംസ്ഥാനം പറയാൻ തുടങ്ങി. ഈ മത്സരം തുടങ്ങാൻ കാരണമായത് ഗുജറാത്ത് മോഡലിൻറെ ഏറ്റവും വലിയ സംഭാവനയാണെന്ന് ഞാനിപ്പോൾ കരുതുന്നു. വരും കാലങ്ങളിൽ സംസ്ഥാനങ്ങൾ പരസ്പരം വികസന മുഖത്ത് മത്സരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. വികസനത്തിൻറെ കാര്യത്തിൽ സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ മത്സരമുണ്ടാകണം. ഓരോ സംസ്ഥാനവും ഗുജറാത്തിനേക്കാൾ കൂടുതൽ വികസിച്ചുവെന്ന് പറയണം. ഇത് കേൾക്കാൻ ഞാൻ തയ്യാറാണ്. ഈ സാഹചര്യം രാജ്യത്ത് വന്നാൽ, പരിവർത്തനം വരും. ചെറിയ സംസ്ഥാനങ്ങളും നല്ല വികസന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കും. ഞാൻ പറഞ്ഞതുപോലെ സിക്കിം ഒരു ജൈവ സംസ്ഥാനമായി മാറിയിരിക്കുന്നു. തമിഴ്നാട്ടിലെ നഗരപ്രദേശങ്ങളിലെ മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ പഠിക്കേണ്ടതാണ്. മാവോയിസ്റ്റുകളുടെ ക്രൂരതകൾക്കിടയിൽ ജീവിക്കുന്ന ഛത്തീസ്ഗഢ് സമൂഹത്തിലെ ഏറ്റവും ദരിദ്ര വിഭാഗത്തെ പോറ്റാനുള്ള പിഡിഎസ് സംവിധാനത്തിൻറെ മാതൃക നല്ലി.

35 വർഷത്തെ തിന്മകളിൽ നിന്ന് പശ്ചിമ ബംഗാളിനെ രക്ഷിക്കാൻ നമ്മളുടെ സഹോദരി മംമ്താജി പരമാവധി ശ്രമിക്കുന്നു, അക്കാര്യത്തിൽ ഞങ്ങൾ അവരെ അഭിനന്ദിക്കുന്നു. അതേപോലെ കേരളത്തിൽ നിന്നുൾപ്പെടെ എല്ലാ എല്ലാ സംസ്ഥാനങ്ങളിലും. കേരളത്തിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ ഞാൻ വിളിച്ചതു അറിഞ്ഞാൽ നിങ്ങൾ സന്തോഷിക്കും. അദ്ദേഹം വളരെ ജൂനിയർ ഓഫീസറായിരുന്നു. ഇടതു സർക്കാർ അധികാരത്തിലുണ്ടായിരുന്നപ്പോൾ അദ്ദേഹം വളരെ ചെറുപ്പമായിരുന്നു. വളരെ ഗൗരവമുള്ള ചർച്ചയ്ക്കായി ഒരു സെഷൻ ഞാൻ സംഘടിപ്പിച്ചു. എൻറെ സംസ്ഥാനത്ത് 'ചിന്തൻ ശിബിർ'; എൻറെ മന്ത്രിസഭ മൊത്തം അവിടെ ഒരു വിദ്യാർത്ഥികളെപ്പോലെ ഇരുന്നു. അദ്ദേഹത്തിൽനിന്ന് 'കുടുംബശ്രീ' പദ്ധതിയെക്കുറിച്ച് ഞാൻ പഠിച്ചു. ഞങ്ങളെ രണ്ടു മണിക്കൂർ അദ്ദേഹം പഠിപ്പിച്ചു.

എന്നെ പഠിപ്പിക്കാൻ ഞാൻ നാഗാലാൻഡിന്റെ ചീഫ് സെക്രട്ടറിയെ വിളിച്ചു. നാഗാലാൻഡിലെ ആദിവാസികൾക്കായി വളരെ നല്ലൊരു പദ്ധതി ആവിഷ്കരിച്ചു. ഇത് നമ്മുടെ രാജ്യത്തിന്റെ മാതൃകയായിരിക്കണം. ഇന്ത്യയുടെ എല്ലാ ഭാഗത്തെയും ഗവൺമെന്റുകളുടെ നന്മ നാം ബഹുമാനിക്കുകയും അംഗീകരിക്കുകയും വേണം.

രാജ്യത്തിന് പ്രയോജനം ചെയ്യുന്ന മാതൃകയാണിത്. വല്യേട്ടനെ പോലെ പെരുമാറുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. മറിച്ച്, എല്ലാവരേയും ഒപ്പം കൊണ്ടുപോയിട്ടുള്ള രാജ്യവികസനം ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനാലാണ് 'സഹകരണ ഫെഡറലിസ' ത്തെക്കുറിച്ച് ഞങ്ങൾ സംസാരിച്ചത്. സഹകരണ സംവിധാനത്തിലെ സംഘടിത ആശയവുമായി മുന്നോട്ടുപോകുന്നതിനെക്കുറിച്ച് ഞങ്ങൾ സംസാരിച്ചു, ഈ പരിശ്രമത്തിലൂടെ മുന്നോട്ട് പോകാമെന്ന് ഞാൻ വിശ്വസിക്കുന്നു. വിമർശനമാണ് ജനാധിപത്യത്തിന്റെ ഏറ്റവും ശക്തമായ ടോണിക്ക്.

ആദരണീയ സ്പീക്കർ, നന്ദി പ്രമേയത്തെക്കുറിച്ചുള്ള ക്രിയാത്മക സംവാദത്തിന് എല്ലാ മുതിർന്ന നേതാക്കളോടും ഞാൻ നന്ദിയുള്ളവനാണ്. ആരോഗ്യകരമായ വിമർശനമായിരുന്നു അവയെന്ന് ഞാൻ കരുതുന്നു, അതിനെ സ്വാഗതം ചെയ്യുന്നു. ഇന്ന് പാർട്ടികളിൽ നിന്നും ലഭിച്ച നല്ല നിർദ്ദേശങ്ങളെ വിമർശനമായി ഞാൻ കണക്കാക്കുന്നില്ല, അവയെ മാർഗ്ഗനിർദ്ദേശക ശക്തിയായി ഞാൻ കണക്കാക്കുന്നു. ജനാധിപത്യത്തിന് വിമർശനം നല്ലതാണ്, അവയെ പ്രയോജനപ്പെടുത്തുകയും ചെയ്യും. ആരോപണങ്ങൾ മോശമാണ്, വിമർശനമല്ല മോശം. വിമർശനം നമുക്ക് ശക്തി നൽകുന്നു. ജനാധിപത്യത്തിന്റെ ഏറ്റവും ശക്തമായ മരുന്നാണ് വിമർശനം. ആ വിമർശനം കേൾക്കുവാൻ ഞങ്ങൾ എപ്പോഴും തയ്യാറാണ്. എല്ലാ നയങ്ങളെയും വ്യക്തമായി പഠിച്ച ശേഷം അവയെ വിമർശിക്കപ്പെടുന്നത് എനിക്കു ഇഷ്ടമുള്ള കാര്യമാണ്. എങ്കിലേ അവ പുനപരിശോധിക്കാനും രാജ്യത്തിന്റെ നേട്ടത്തിനായി കുറ്റമറ്റതാക്കാനും സാധിക്കൂ. ഈ മനോഭാവത്തോടെ മുന്നോട്ട് നീങ്ങാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ഇന്ന്, പുതിയ സഭയിൽ എന്റെ കാഴ്ചപ്പാടുകളെകുറിച്ച് പറയാൻ എനിക്ക് അവസരം ലഭിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ മാഡം, ഞാൻ എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ ഞാൻ നിയമങ്ങളുടെ പരിധിക്കപ്പുറം പോയിട്ടുണ്ടെങ്കിൽ ദയവായി എന്നോട് ക്ഷമിക്കുക. തെരഞ്ഞെടുപ്പിന് മുമ്പ് ഞങ്ങൾ സ്ഥാനാർത്ഥികളായിരുന്നു, തിരഞ്ഞെടുപ്പിന് ശേഷം ജനങ്ങളുടെ പ്രതീക്ഷകളുടെ രക്ഷകരും സന്ദേശവാഹകരുമാണ് എന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചത് പോലെ, സഭയുടെ പൂർണ്ണ സഹകരണത്തോടെ നൂറ്റിയിരുപത്തിയഞ്ച് കോടി രാജ്യവാസികളുടെ പ്രതീക്ഷകൾ നിറവേറ്റാൻ നമ്മൾ ശ്രമിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഞങ്ങൾക്ക് നിങ്ങളുടെ പിന്തുണയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ വാക്കുകളോടെ, ഞാൻ എല്ലാവരോടും നന്ദി പറയുന്നു.

ലോക്സഭയുടെ ഡെപ്യൂട്ടി
സ്പീക്കറെ അനുമോദിച്ചുകൊണ്ട്
പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി
യുടെ പ്രസംഗം

ആഗസ്ത് 13, 2014

ആഗസ്റ്റ് 13, 2014

സ്പീക്കറെ തെരഞ്ഞെടുത്തതിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രഭാഷണം

ആദരണീയ സ്പീക്കർ, ഈ സഭയുടെ പരമോന്നത പാരമ്പര്യമനുസരിച്ച് സഭയിലെ എല്ലാ പാർട്ടികളും എല്ലാ സഭാംഗങ്ങളും ഡോ. തമ്പിദുരൈയെ ഡെപ്യൂട്ടി സ്പീക്കറായി ഏകകണ്ഠമായി തിരഞ്ഞെടുത്തു. ആദ്യമായി, സഭയിലെ എല്ലാ അംഗങ്ങളോടും പ്രത്യേകിച്ചും എല്ലാ പ്രതിപക്ഷ അംഗങ്ങളോടും ഞാൻ എൻറെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഡോ. തമ്പിദുരൈ മുൻപും ഡെപ്യൂട്ടി സ്പീക്കറുടെ പദവി വഹിക്കുകയും സഭക്ക് മാർഗനിർദേശങ്ങൾ നല്കുകയും മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്തിട്ടുണ്ട്. സഭയിലെ സജീവാംഗം ആണ് അദ്ദേഹം. വിവിധ വിഷയങ്ങളിൽ അദ്ദേഹത്തിൻറെ പാണ്ഡിത്യം ഈ സഭയ്ക്കും രാഷ്ട്രത്തിനും ഗുണം ചെയ്തിട്ടുണ്ട്. കുറച്ചുകാലം മന്ത്രിസഭയിൽ ഉണ്ടായിരുന്നതിനാൽ ട്വിറ്റർ ബെഞ്ചിൽ പ്രവർത്തിച്ച പരിചയവും അദ്ദേഹത്തിനുണ്ട്. ഒരു വിദ്യാഭ്യാസ വിദഗ്ധൻ കൂടിയാണ് അദ്ദേഹം എന്ന പ്രത്യേകത എടുത്തു പറയേണ്ടതുണ്ട്. അതിനു പുറമെ ഒരു കർഷകൻ കൂടിയാണ് അദ്ദേഹം. വൈവിധ്യമാർന്ന മേഖലകളിലെ അറിവും അനുഭവവും ചേർന്നതാണ് അദ്ദേഹത്തിൻറെ ജീവിതം. ഈ സഭയുടെ നടത്തിപ്പിൽ അദ്ദേഹത്തിൻറെ അനുഭവം വളരെ ഉപകാരപ്രദമാകുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഡെപ്യൂട്ടി സ്പീക്കറെന്ന നിലയിൽ അദ്ദേഹത്തിൻറെ ചുമതലകൾ നിർവഹിക്കുന്നതിന് സർക്കാർ പൂർണ പിന്തുണ നൽകുമെന്നും ഞാൻ അദ്ദേഹത്തിന് ഉറപ്പ് നല്കുന്നു. ദീർഘനാളേക്കു സഭയിലെ ആരോഗ്യകരമായ ആശയവിനിമയത്തിന് അനുകൂലമായി താങ്കളുടെ അനുഭവ പരിചയം സംഭാവന ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. സഭയുടെയും എൻറെയും പേരിൽ താങ്കൾക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

സാധ്വി നിരഞ്ജൻ ജ്യോതി
വിഷയത്തിൽ പ്രധാനമന്ത്രി
ശ്രീ നരേന്ദ്രമോദി ലോക്സഭയിൽ
നടത്തിയ പ്രസ്താവന

ഡിസംബർ 5, 2014

ഡിസംബർ 05, 2014

ലോക് സഭ

ഒരു കേന്ദ്ര മന്ത്രിയുടെ ആക്ഷേപകരമായ ഭാഷാപ്രയോഗം

ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രഭാഷണം,

ബഹുമാനപ്പെട്ട മാഡം സ്പീക്കർ, കുറച്ചുകാലമായി രാജ്യസഭ പ്രവർത്തിക്കാൻ കഴിയുന്നില്ല. എതിർപ്പ് ഉണ്ടായിട്ടും ഈ സഭ പ്രവർത്തിപ്പിക്കാൻ അനുവദിച്ചതിൽ ലോക് സഭയിലെ എല്ലാ അംഗങ്ങളോടും ഞാൻ നന്ദിയുള്ളവനാണ്.

വിവാദ പ്രസ്താവനയുമായി ബന്ധപ്പെട്ട്, ഈ വിഷയം പാർലമെന്റിൽ ഉന്നയിക്കുന്നതിന് മുമ്പ് എന്റെ പാർട്ടിയുടെ എംപിമാർ യോഗം ചേർന്നപ്പോൾ, ഇത്തരം വാക്കുകളും ഭാഷയും ഉപയോഗിക്കരുതെന്ന് ആ യോഗത്തിൽ ഞാൻ ശക്തമായി നിർദ്ദേശിക്കുകയും എൻറെ അതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. അത്തരം കാര്യങ്ങൾ അംഗീകരിക്കാൻ ആർക്കും കഴിയില്ല.

അതെത്തുടർന്ന്, മന്ത്രി മാപ്പ് പറഞ്ഞു. അവരുടെ പശ്ചാത്തലം നമുക്കറിയാം. അവർ ഗ്രാമത്തിൽ നിന്നാണ്, അവർ ക്ഷമ ചോദിക്കുകയും ചെയ്തു.

ഈ മഹനീയ സഭയുടെ മുന്നിൽ നമ്മുടെ സഹപ്രവർത്തകർ ഒരിക്കൽ മാപ്പ് പറയുകയാണെങ്കിൽ, നമ്മളും അവരോടു സൗമനസ്യം കാണിക്കണം എന്ന ഒരു കടമ ഈ സഭയിലെ മുതിർന്ന അംഗങ്ങൾക്കുണ്ട്. ഈ സഭ പ്രവർത്തിക്കാൻ അനുവദിച്ച എല്ലാ ലോക്സഭാംഗങ്ങളോടും ഞാൻ നന്ദിയുള്ളവനാണ്. നാമെല്ലാവരും, പൊതുജീവിതത്തിലുള്ള എല്ലാ വ്യക്തികളും, നമ്മുടെ പരിധികൾ അറിയേണ്ടത് നമ്മുടെ കടമയാണ്, ഈ വിഷയത്തിൽ സഭയുടെ കടമയായി ഞാൻ കരുതുന്നു. ഇതേ പരിധിക്കുള്ളിൽ തന്നെ നിന്നു വേണം ഈ സഭക്കുള്ളിലും പുറത്തും നമ്മൾ സംസാരിക്കാൻ. ഇക്കാര്യത്തിൽ ഒരു തർക്കവുമില്ല. ഒരിക്കൽ മന്ത്രി മാഡം ക്ഷമ ചോദിച്ചതിനാലും അവർ ഒരു പുതിയ മന്ത്രിയായതിനാലും, സഭയിലെ എല്ലാ അംഗങ്ങളും എല്ലാ മുതിർന്ന അംഗങ്ങളും അവരുടെ പാർട്ടി പ്രവർത്തകരോടു ഈ വിഷയം ഇവിടെ വച്ച് അവസാനിപ്പിക്കുവാനും ദേശീയ താൽപ്പര്യാർത്ഥം മുന്നോട്ട് പോകാനും അഭ്യർത്ഥിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

“26/11 സംഭവത്തിൽ
കുറ്റാരോപിതനായ സാക്കി-ഉർ-
റഹ്മാൻ ലാഖ്വി-ക്ക്
പാകിസ്ഥാനിൽ ജാമ്യം
അനുവദിച്ചതിൽ പ്രദാനമന്ത്രി
ശ്രീ നരേന്ദ്രമോദി ലോക്സഭയിൽ
നൽകിയ പ്രസ്താവന”

ഡിസംബർ 19, 2014

ഡിസംബർ 19, 2014

ലോക് സഭ

പാക്കിസ്ഥാനിൽ നടന്ന ഭീകരാക്രമണത്തെ സംബന്ധിച്ച് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി

ആദരണീയയായ സ്പീക്കർ മാഡം, ബംഗ്ലാദേശ് പ്രസിഡണ്ട് ഇന്ന് ഇവിടെയുണ്ട്, ഞാൻ അദ്ദേഹവുമായി ഒരു കൂടിക്കാഴ്ചയുടെ തിരക്കിലായിരുന്നു.

ഇന്ന് പാക്കിസ്ഥാനിൽ സംഭവിച്ച സംഭവത്തിൽ സഭ ആശങ്ക പ്രകടിപ്പിക്കുകയും അപലപിക്കുകയും ചെയ്തു. സംഭവത്തിന് ശേഷം, പാക്കിസ്ഥാനോട്, ഇന്ത്യയുടെ വികാരം ഏക ശബ്ദത്തിൽ ഭാരത സർക്കാർ പ്രകടിപ്പിച്ചു. കുട്ടികളെ കൂട്ടക്കൊല ചെയ്തു, ഈ ഭീകര സംഭവം കാരണം പാകിസ്ഥാനനുഭവിച്ച വേദന എന്താണെന്ന് മനസിലാക്കുന്നു.

ഇന്ത്യ അവർക്കൊപ്പം തന്നെ ദു:ഖം അനുഭവിക്കുന്നുണ്ട്. ഹിന്ദുസ്ഥാനിലെ ഓരോ കുട്ടിയുടെയും കണ്ണുകളിലും കണ്ണുനീരുണ്ട്, ഓരോ ഹിന്ദുസ്ഥാനിയുടെയും കണ്ണുകൾ നിറഞ്ഞിരിക്കുന്നു. അതോടൊപ്പം പറയട്ടെ, ഇത്തരത്തിലുള്ള മനോഭാവം ലോകത്തിലെ എല്ലാ മനുഷ്യരെയും ഞെട്ടിക്കും. ഇക്കാര്യം ഉചിതമായ വാക്കുകളിൽ പാകിസ്ഥാനെ അറിയിച്ചിട്ടുണ്ട്. സഭ പ്രകടിപ്പിച്ച വികാരങ്ങൾ, സഭയുടെ വികാരങ്ങളെ മാനിച്ചു കൊണ്ട് അതേ വെളിച്ചത്തിലും പശ്ചാത്തലത്തിലുമായിരിക്കും ഗവണ്മെന്റിന്റെ കൂടുതൽ പ്രവർത്തനങ്ങൾ.

വിദേശകാര്യ മന്ത്രി ബംഗ്ലാദേശ് പ്രസിഡണ്ടുമായുള്ള ചുമതലകളിൽ നിന്നും തിങ്കളാഴ്ച ഒഴിവായതിന് ശേഷം ഇതിൻറെ വിശദമായ കാര്യങ്ങൾ അവരുടെ പ്രസ്താവനയിലൂടെ ഈ സഭയെ അറിയിക്കും.

2015



ശ്രീ നരേന്ദ്രമോദി "ഡിജിറ്റൽ ഇന്ത്യ" പരിപാടിയിൽ, ജനങ്ങളെ സംബോധന ചെയ്യുന്നു.

"ഡിജിറ്റൽ ഇന്ത്യക്കു വേണ്ടിയുള്ള നമ്മുടെ അന്വേഷണം ചുറ്റും വ്യാപിച്ചിരിക്കുന്നു. വിവിധ തലത്തിൽ ജന ജീവിതത്തെ അത് സപ്ർശിക്കും . അത് നിങ്ങളുടെ ജീവിതത്തെ കൂടുതല് സുഖകരമാക്കും"

രാഷ്ട്രപതിയുടെ പ്രസംഗത്തിൽ
ലോക്സഭയിലെ നന്ദിപ്രമേയ
ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ
നരേന്ദ്രമോദി യുടെ മറുപടി
പ്രസംഗം

ഫെബ്രുവരി 27, 2015

ഫെബ്രുവരി 27, 2015

ലോക് സഭ

രാഷ്ട്രപതിയുടെ നയപ്രഖ്യാപനത്തിൽ നടന്ന നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ മറുപടി പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ മാഡം, രാഷ്ട്രപതിയുടെ പ്രസംഗത്തിന് നന്ദി പ്രമേയത്തിന് ഞാൻ നന്ദി പറയുന്നു. ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളോടും നന്ദി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെ നല്ലൊരു ചർച്ചയായിരുന്നു അത്. ഏകദേശം 60 ആദരണീയ അംഗങ്ങളുടെ കാഴ്ചപ്പാടുകൾ ഞാൻ ശ്രദ്ധിക്കുകയുണ്ടായി. നാൽപ്പതോളം ബഹുമാനപ്പെട്ട അംഗങ്ങൾ അവരുടെ അഭിപ്രായങ്ങൾ രേഖാമൂലം പ്രകടിപ്പിച്ചിട്ടുണ്ട്. അർത്ഥവത്തായ ഒരു ചർച്ച ആയിരുന്നു എന്നാണ് ഇതിലൂടെ മനസിലാക്കാൻ സാധിക്കുന്നത്. നിരവധി വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു, നമ്മുടെ പ്രതിപക്ഷ നേതാവ് ശ്രീ. ഖാർഗെ ജി, മറ്റ് പാർട്ടികളിലെ മുതിർന്ന അംഗങ്ങളും വിവിധ വിഷയങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്.

രാഷ്ട്രപതി തൻറെ പ്രസംഗത്തിൽ നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങളെക്കുറിച്ചും ആ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികളെക്കുറിച്ചും, കൈക്കൊണ്ട നടപടികളുടെ ദിശയും വേഗതയും സൂചിപ്പിച്ചിട്ടുണ്ട്. പല ബഹുമാനപ്പെട്ടവരും സൂചിപ്പിച്ചതു സത്യമാണ്. ഒരു പ്രത്യേക കാര്യം കൂടുതൽ മെച്ചപ്പെടുത്താമായിരുന്നുവെന്ന് സഭയിലെ ബഹുമാനപ്പെട്ട പല അംഗങ്ങളും വിശ്വസിക്കുന്നു. ഭരണകക്ഷി അംഗങ്ങൾ അല്ലെങ്കിൽ പ്രതിപക്ഷ അംഗങ്ങൾ പ്രകടിപ്പിച്ചതാണോ എന്നതല്ല കാര്യം, ഈ പ്രതീക്ഷകൾക്ക് വലിയ പ്രധാന്യം ഉണ്ടെന്നതിലാണ്. അത് ഞാൻ സകാരാത്മകമായി എടുക്കുന്നു. കൂടാതെ, ഈ നിലവിലെ കാലയളവിൽ മാത്രമേ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ എന്ന നിങ്ങളുടെ വിശ്വാസമാണ് ഇത് പ്രകടമാക്കുന്നതെന്നതിനാൽ ഇത് ഒരു നല്ല കാര്യമാണ്. മുൻപുണ്ടായിരുന്ന പദ്ധതികളുടെ പേരുകൾ മാത്രമാണ് ഞങ്ങൾ മാറ്റുന്നതെന്നതിനാൽ ബഹുമാനപ്പെട്ട ചില അംഗങ്ങൾക്ക് എതിർപ്പുണ്ട്. പ്രശ്നം ഏതെങ്കിലും പദ്ധതിയുടെയോ ആ പദ്ധതിയുടെ പേരിൻറേയോ ആണെന്ന് ഞാൻ കരുതുന്നില്ല. യഥാർത്ഥ പ്രശ്നം എന്നത് ആ പ്രശ്നമാണ്. പദ്ധതി പുതിയതോ പഴയതോ എന്നതിനെ ചൊല്ലി വിവാദം ഉണ്ടാകാം, എന്നാൽ ദീർഘകാലമായിട്ടുള്ള പ്രശ്നം ഇപ്പൊഴും നിലനിൽക്കുകയാണ് എന്നതിൽ വിവാദമേയില്ല. അതിനാൽ ഞങ്ങൾക്ക് പാരമ്പര്യമായി ലഭിച്ച പ്രശ്നത്തെ പരിഹരിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. പദ്ധതിയുടെ പേര് ഞങ്ങൾ മാറ്റിയിട്ടുണ്ടെന്നും അത് യഥാർത്ഥത്തിൽ അവർ തുടങ്ങിയതാണ് എന്നും അവർ ഞങ്ങളെ കുറ്റപ്പെടുത്തുന്നു. അത്തരം പ്രശ്നങ്ങളെ നമ്മൾ വിമർശിക്കേണ്ടതില്ലെന്ന് ഞാൻ കരുതുന്നു, പ്രശ്നങ്ങൾ പരിഹരിക്കാനുള്ള വ്യഗ്രതയിൽ ഈ വശത്തോ മറുവശത്തോ ഉള്ള ജനങ്ങളുടെ, അല്ലെങ്കിൽ മുൻപ് അധികാരത്തിൽ ഇരുന്നവരുടെ അതല്ലെങ്കിൽ ഇപ്പോൾ അധികാരത്തിൽ വന്നവരുടെ ചിന്താ പ്രക്രിയകൾ ശരിയാണെന്നും ശരിയായ ദിശയിലാണെന്നും ചിന്തിച്ച് അവർക്ക് അഭിമാനവും സന്തോഷവുമാണ് തോന്നേണ്ടത്. അത് വളരെ നല്ല കാര്യമാണെന്ന് ഞാൻ കരുതുന്നു.

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാത്തതിന് ഞങ്ങളെ പുറത്ത് വിമർശിച്ചത് ഞാൻ ഓർക്കുന്നു. ഒരിക്കൽ അടൽ ജി വളരെ ഉചിതമായ മറുപടി നൽകി. അദ്ദേഹം പറഞ്ഞു, "1857-ലെ സ്വാതന്ത്ര്യസമരത്തിൽ നിങ്ങൾ എവിടെയായിരുന്നു?" കുറച്ചുകാലം ഇത്തരം കാര്യങ്ങൾ നല്ലതായി തോന്നും. അവർ പറയുന്നു, ഞങ്ങൾ നിർമ്മൽ ഭാരത് ആരംഭിച്ചു, നിങ്ങൾ അത് 'സ്വച്ഛ് ഭാരത്' എന്നാക്കി മാറ്റിയെന്ന്. അതിനു ഉത്തരമായി എനിക്കു പറയുവാനുള്ളത്, 1999 -ൽ അടൽ ജി ഒരു സമ്പൂർണ്ണ ശുചിത്വ പദ്ധതി ആരംഭിച്ചു എന്നതാണ്. ആ പദ്ധതി "നിർമ്മൽ ഭാരത്" എന്ന മറ്റൊരു പേരിൽ ആക്കിയമാറ്റിയതാണോ? അതിനാൽ പദ്ധതിയുടെ പേരല്ല, മറിച്ച് യഥാർത്ഥ പ്രശ്നം തന്നെയാണ് പ്രശ്നമെന്ന് ഞാൻ വിശ്വസിക്കുന്നു.

നമ്മുടെ രാജ്യത്ത് ശുചീകരണം ഒരു പ്രശ്നമാണ്, അത് നമ്മുടെ മാനസികാവസ്ഥയുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നു. ശുചീകരണ പ്രചാരണത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പാവപ്പെട്ടവരെക്കുറിച്ചാണ് ഞാൻ എപ്പോഴും ചിന്തിക്കുന്നത്.

ലോകബാങ്കിൻറെ റിപ്പോർട്ട് അനുസരിച്ച്, ശുചിത്വമില്ലായ്മ മൂലമുണ്ടാകുന്ന അസുഖങ്ങൾ കാരണം ഒരു ശരാശരി പാവപ്പെട്ട വ്യക്തിക്ക് 7,000 രൂപ ചെലവു വരും, ശുചീകരണത്തിൻറെ ഉത്തരവാദിത്തം നമുക്ക് ഏറുകയാണ്. ഒരു കുടുംബത്തിൽ അഞ്ച് അംഗങ്ങളുണ്ടെങ്കിൽ, 35,000 രൂപ അവർക്ക് ചെലവ് വരും. സ്ത്രീയുടെ അഭിമാനവുമായി ഇക്കാര്യം ബന്ധപ്പെട്ടിരിക്കുന്നു. ഗ്രാമങ്ങളിലെ സ്ത്രീകൾക്ക് മലമൂത്ര വിസർജ്ജനം നടത്തുവാൻ ഇന്നും വെളിമ്പ്രദേശങ്ങളെ ആശ്രയിക്കുകയല്ലാതെ മറ്റൊരു പോംവഴിയില്ല, അതിനായി ഇരുട്ട് വീഴുന്നത് വരെ അവർക്ക് കാത്തിരിക്കേണ്ടി വരും. അതുകൊണ്ടു തന്നെ പദ്ധതി ആരാണ് ആരംഭിച്ചത് എന്നതല്ല പ്രശ്നം, പ്രശ്നം സ്ത്രീയുടെ അഭിമാനവും ജീവിക്കാനുള്ള അവകാശമവർക്ക് ഉറപ്പാക്കുന്നതുമാണ്. അതിനാൽ, ശുചിത്വത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഞങ്ങൾ പറയുന്നു "ഞങ്ങൾക്ക് ഇക്കാര്യം നടപ്പിലാക്കണം". എന്തുകൊണ്ടാണ് ധാരാളം പെൺകുട്ടികൾ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോകുകയോ സ്കൂളിൽ പോകുന്നത് നിർത്തുകയോ ചെയ്യുന്നത് എന്ന് നിങ്ങൾക്കറിയാമോ? അവരുടെ സ്കൂളുകളിൽ പെൺകുട്ടികൾക്കുള്ള ശൗചാലയങ്ങൾ ലഭ്യമല്ല എന്നതാണ് പ്രധാന കാര്യമായി നമ്മുടെ മനസിൽ വരുന്നത്. അതിനാൽ പരസ്പരം കുറ്റപ്പെടുത്തുന്നതിനു പകരം, ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കണം, അക്കാരണത്താൽ, ശുചിത്വത്തിൻറെ ഈ പ്രചാരണത്തെ ഞങ്ങൾ പ്രോത്സാഹിപ്പിച്ചു. ഈ മൂന്ന് കാര്യങ്ങൾ എപ്പോഴും എൻറെ മനസ്സിനെ കുഴക്കുന്നു. ഈ പ്രചാരണം ഒരു ഉദ്ഘാടന ചടങ്ങല്ല, ഇത് എന്നെന്നേക്കുമായി പ്രവർത്തിക്കണം, നാമെല്ലാവരും അത് മുന്നോട്ട് കൊണ്ടുപോകണം. നമ്മളാരും വൃത്തിഹീനമായ അന്തരീക്ഷം ഇഷ്ടപ്പെടുന്നില്ല. എനിക്ക് ശുചീകരണ പ്രചാരണം ആരംഭിക്കണം, നമുക്ക് അത് അറിയില്ല. ഈ രാജ്യത്തെ 125 കോടി ജനങ്ങളോട് അതിൻറെ ഭാഗമാകാൻ നമുക്ക് ആവശ്യപ്പെട്ടുകൂടെ?

സുപ്രിയാജി ഇന്നലെ നടത്തിയ പ്രസംഗത്തിൽ അതെക്കുറിച്ച് സംസാരിക്കുകയും അത് ഒരു നല്ല പ്രചാരണമാണെന്നും ഞങ്ങൾ എംപിമാർക്കു എങ്ങനെയാണ് അതിൻറെ ഭാഗമാകാൻ സാധിക്കുകയെന്നും സൂചിപ്പിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഈ പ്രചാരണത്തിൻറെ ഭാഗമാകാൻ നമുക്ക് എങ്ങനെ കഴിയുമെന്ന് അവർ സഭയിൽ ഇന്നലെ ചോദിച്ചു. ശുചിത്വ പ്രചാരണത്തെ സാധാരണക്കാർ എങ്ങനെയാകും അഭിനന്ദിക്കുകയെന്ന് നമുക്ക് സങ്കൽപ്പിക്കാൻ കഴിയില്ല. കേദാർനാഥ് ദുരന്തകാലത്ത് അവർ നാല് കോടി രൂപ സമാഹരിച്ചുവെന്ന ഒരു മാധ്യമ സംഘം എന്നോടു പറഞ്ഞു. ഗുജറാത്തിലെ ഭൂകമ്പസമയത്ത് ഞങ്ങൾ പ്രവർത്തിക്കുകയും മൂന്നു കോടി രൂപ സമാഹരിക്കുകയും ചെയ്തിരുന്നു. എന്നാൽ അടുത്തയിടെ ശുചിത്വവുമായി ബന്ധപ്പെട്ട് ഒരു ടെലിവിഷൻ പ്രചാരണം ഞങ്ങൾ ആരംഭിച്ചു, ആളുകൾ നാനൂറ് കോടി രൂപ നൽകി. അതുകൊണ്ട് രാഷ്ട്രീയത്തിലെ വ്യക്തികളോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നു, അവർ വോട്ടിൻറെ കാര്യത്തിൽ പരിഗണിച്ചാലും, അത് സമൂഹത്തിൽ ഏറ്റവും കൂടുതൽ ആവശ്യപ്പെടുന്നു. ഈ പ്രവർത്തി ഒരു സാമൂഹിക നയമായി നിങ്ങൾ ഏറ്റെടുക്കുകയാണെങ്കിൽപ്പോലും, അതിൽ നിന്നും ലഭിക്കുന്ന ആത്മ സംതൃപ്തിയുടെ തലം മറ്റൊന്നിൽ നിന്നും ലഭിക്കുന്നതിനെക്കാൾ വളരെ ഉന്നത തലത്തിലായിരിക്കും. അത് കൊണ്ട് പദ്ധതി പേരുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു പകരം, പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് നമ്മളെങ്കിൽ ഈ രീതിയിൽ, നമുക്ക് ഒരുപാട് നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന് ഞാൻ കരുതുന്നു.

ബഹുമാന്യനായ മുലായം സിംഗ് ജി ഇന്നലെ നടത്തിയ പ്രസംഗത്തിൽ മോദിജി ശുചിത്വത്തെക്കുറിച്ച് ധാരാളം സംസാരിക്കുന്നുണ്ടെങ്കിലും അദ്ദേഹം വൃത്തിയാക്കാൻ പോയ അസി ഘാട്ട് പദ്ധതി ഇപ്പോഴും അപൂർണ്ണമാണ് എന്നു പരാമർശിക്കുകയുണ്ടായി. എങ്ങനെ പ്രതികരിക്കണമെന്ന് എനിക്കറിയില്ല, കാരണം മുലായം സിംഗ് ജി ഉത്തർപ്രദേശ് സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ റിപ്പോർട്ട് കാർഡു നൽകിയിട്ടുണ്ടോ എന്ന് ഞാൻ അതിശയിച്ചു പോയത് കൊണ്ട് എങ്ങിനെ ഇതിനോട് പ്രതികരിക്കണം എന്നെനിക്ക് അറിയില്ല. രണ്ടാമതായി, അസി ഘാട്ടിന്റെ ഈ ശുചിത്വ പദ്ധതി കഴിഞ്ഞ മൂന്ന് മാസമായി പ്രവർത്തിക്കുന്നു. അവിടെ കൂടിക്കിടക്കുന്ന മാലിന്യങ്ങൾ എത്രമാത്രമാണ് എന്നു നിങ്ങൾക്ക് ഊഹിക്കുവാനാകും. വാരാണസിയുടെ സ്വത്വമാണ് അസിഘട്ട്.

എനിക്ക് നിങ്ങളോട് നന്ദിയുണ്ട്. മുലായം സിംഗ് ജി പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. ലോഹ്യ ജി ശുചിത്വ പ്രചാരണം നടത്തിയിരുന്നു. ലോഹ്യ ജിയുടെ ഏതെങ്കിലും പ്രവർത്തനം നിങ്ങൾ ശ്രദ്ധിച്ചാൽ, മഹാത്മാഗാന്ധിക്കുശേഷം ലോഹ്യജിയാണ് രാജ്യത്ത് ശുചിത്വത്തിനായി ശബ്ദമുയർത്തിയതെന്ന് നിങ്ങൾക്കുറപ്പിച്ചു പറയുവാനാകും. ലോഹ്യ ജി ശബ്ദമുയർത്തിയതു കൊണ്ട് മോദിജി അതിൻറെ ഭാഗമാകരുത് എന്നത് സാധ്യമല്ല. ലോഹ്യ ജി എന്തെങ്കിലും നല്ല കാര്യം ആരംഭിച്ചിട്ടുണ്ടെങ്കിൽ, അതേ പാതയിൽ പ്രവർത്തിക്കുന്നതിൽ മോദി ജി അഭിമാനിക്കണം.

ഇത്ര കാലത്തിനു ശേഷവും അവിടെ ധാരാളം മാലിന്യങ്ങൾ ഉണ്ടായിരുന്നു. നമ്മുടെ എംബസികൾ മറ്റ് രാജ്യങ്ങളിൽ ഉണ്ട്. ഇന്ത്യയിൽ ഒരു ശുചിത്വ പ്രചാരണം ആരംഭിച്ചതായി ലോകമെമ്പാടുമുള്ള നമ്മുടെ എല്ലാ എംബസികൾക്കും സുഷമ ജി ഒരു കത്തെഴുതിയത് അറിഞ്ഞാൽ നിങ്ങൾ ആശ്ചര്യപ്പെടും. നിങ്ങളുടെ എംബസികളിലെ അവസ്ഥ നോക്കു. നേരത്തെ ഉണ്ടായിരുന്നതും അതിനു ശേഷവുമുണ്ടായ ശ്രദ്ധേയമായ മാറ്റങ്ങൾ ഞാൻ കണ്ട ഫോട്ടോഗ്രാഫുകളിൽ ഉണ്ട്. നമ്മുടെ ആളുകൾ താമസിച്ചിരുന്ന സ്ഥലങ്ങൾ മാലിന്യം കൊണ്ട് നിറഞ്ഞിരുന്നു. കടലാസുകൾ വെള്ളത്തിൽ കുതിർന്നു കല്ലുകൾ പോലെ മാറിയിരുന്നു. സർക്കാർ ഓഫീസുകളിൽ സൗകര്യങ്ങളില്ലേ? എല്ലാം അവിടെയുണ്ട്, പക്ഷേ മനോഭാവത്തിൻറെ കുറവുണ്ട്. ശ്രേഷ്ഠമായ കാര്യത്തിനായാണ് നമ്മൾ നമ്മുടെ ഏറ്റവും മികച്ച ശ്രമങ്ങൾ നടത്തുന്നത്, അത് ശ്രേഷ്ഠമായ പ്രവർത്തനമാണ്. ഇത് ഈ സർക്കാരിന്റെയോ ഈ സർക്കാരിന്റെ തലവന്റെയോ മാത്രം ഉത്തരവാദിത്തമല്ല. ഈ രാജ്യത്തു വസിക്കുന്ന 125 കോടി ജനങ്ങളുടെ കടമയാണ്.

ഈ ദൗത്യത്തിന് ഏതെങ്കിലും പദ്ധതിക്ക് കീഴിൽ നേതൃത്വം നൽകിയ ജനങ്ങളോട് എന്റെ നന്ദി അറിയിക്കുന്നു. നിങ്ങൾ ഇതുവരെ ചെയ്ത എല്ലാത്തിനും ഞാൻ നിങ്ങളോട് നന്ദിയുള്ളവനാണ്. ഈ വിധ കാര്യങ്ങൾ വിവാദ വിഷയമാക്കരുത്. ഈ രാജ്യത്ത് ഉണ്ടായിരുന്ന എല്ലാ പ്രധാനമന്ത്രിമാരുടെയും തുടർച്ചയായ സർക്കാരുകളുടെയും സംഭാവനകളിലൂടെയാണ് ഈ രാജ്യം പുരോഗമിച്ചത് എന്നു ചെങ്കോട്ടയിൽ നിന്ന് പറയുവാൻ ഞാൻ ധൈര്യപ്പെട്ടു. രാജ്യം ഭരിച്ചിരുന്ന എല്ലാ സർക്കാരുകളെയും അംഗീകരിച്ച് ചെങ്കോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് ഞാൻ പറഞ്ഞിരുന്നു. ഒൻപത് മാസത്തിനുള്ളിൽ എല്ലാം ചെയ്യുവെന്ന് അവകാശപ്പെടാനോ അല്ലെങ്കിൽ ഈ രാജ്യം 1947 ആഗസ്റ്റ് 15-ന് നിലവിൽ വന്നതായി വിശ്വസിക്കാനോ ഞങ്ങൾ അവകാശപ്പെടാൻ പോകുന്നില്ല എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആയിരക്കണക്കിന് വർഷങ്ങളുടെ പാരമ്പര്യമുണ്ട് ഈ രാജ്യത്തിന്. ഈ രാജ്യം അസ്തിത്വത്തിന് ഋഷിമാർ, സന്യാസിമാർ, ദാർശനികർ, അധ്യാപകർ, തൊഴിലാളികൾ, കർഷകർ എന്നിവരോട് കടപ്പെട്ടിരിക്കുന്നു. സർക്കാരുകൾ വരികയും പോവുകയും ചെയ്യും. സർക്കാരുകൾ ഒരു രാജ്യം നിർമിക്കുന്നില്ല. ജനങ്ങളുടെ കാര്യക്ഷമത, ജനങ്ങളുടെ ശക്തി, എന്നിവ കൊണ്ടാണ് അത് സൃഷ്ടിക്കപ്പെടുക. സ്വന്തം തത്ത്വചിന്തക്കൊപ്പം വേഗത്തിലാണ് രാഷ്ട്രം പുരോഗതി കൈവരിക്കുന്നത്. ആശയസംഹിതകൾ മാറിക്കൊണ്ടേയിരിക്കും.

രാജ്യങ്ങൾ അവയുടെ അടിസ്ഥാന തത്വശാസ്ത്രത്തിലാണ് പ്രവർത്തിക്കുന്നത്, ഇന്ത്യയുടേത്- "ഏകം സത് വിപ്ര ബഹുദാ വദന്തി, സർവേ ഭവന്തു സുഖിന, സർവേ സന്തു നിരാമയാ, സർവേ ഭദ്രാണി പശ്യന്തു, മാ കശ്ചിത് ദുഃഖ് ഭാഗ് ഭവേത്". ഇന്ത്യയുടെ കാതലായ ഘടകങ്ങൾ ഇവയാണ്, എല്ലാവരുടെയും ക്ഷേമം ഇവിടെ ശ്രദ്ധിക്കപ്പെടുന്നു. ഗവൺമെന്റുകൾ മാറിക്കൊണ്ടിരിക്കും, പക്ഷേ ഈ രാജ്യം അതേപടി ഇന്നും നിലനിൽക്കും. ഡൽഹി, ഞങ്ങൾ ഡെൽഹി തെരഞ്ഞെടുപ്പിൽ നന്നായി പ്രവർത്തിച്ചില്ലെന്ന് ചില ജനങ്ങൾക്ക് തോന്നിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് ആഴ്ചകളായി മധ്യപ്രദേശിലെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയിലേക്ക് നടന്ന വിവിധ തിരഞ്ഞെടുപ്പുകളിൽ ഞങ്ങൾക്ക് ലഭിക്കുന്ന ഫലങ്ങളെക്കുറിച്ച് അവരോട് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അസ്സമിൽ വലിയ വിജയം ഞങ്ങൾ നേടുകയാണ്. അതിനെക്കുറിച്ച് എന്താണ് പറയുക? നിങ്ങൾ പഞ്ചാബിനെക്കുറിച്ചും രാജസ്ഥാനെക്കുറിച്ചും മാത്രമേ സംസാരിക്കുകയുള്ളൂ എന്നുണ്ടോ? അത് പറയുന്നത് നന്നായി തോന്നുന്നു. പക്ഷേ അങ്ങനെയാണെങ്കിൽ, കോൺഗ്രസ് വളരെ നല്ല ഭൂമി ഏറ്റെടുക്കൽ നിയമം കൊണ്ടുവന്നു, പിന്നെ എന്തുകൊണ്ടാണ് ചരിത്രപരമായ തോൽവി അവർ നേരിട്ടത്. അടിയന്തിരാവസ്ഥ പോലും ഒരു വലിയ പ്രതിസന്ധിയായിരുന്നു. എന്നിട്ടും കോൺഗ്രസിതരെയും ഒരിക്കലും കടുത്ത പ്രതിസന്ധിയിലായിരുന്നില്ല.

കർഷകർ ഈ നിയമം ഇഷ്ടപ്പെട്ടിരുന്നുവെങ്കിൽ, തിരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയിക്കുമായിരുന്നു. അതിനാൽ, ഇത്തരം വാദങ്ങൾ ഉന്നയിക്കരുത്, കാരണം അത് പറയുന്നത് നല്ലതാണെന്ന് തോന്നുമെങ്കിലും നിങ്ങൾക്ക് വസ്തുതകളെ തെളിയിക്കാൻ കഴിയില്ല. അതിനാൽ, പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും മനസ്സിനെ ഉപയോഗിച്ച് വഴികൾ കണ്ടെത്തുകയും ചെയ്യണമെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഞങ്ങൾ ചിലപ്പോൾ മൻരേഗാ (എം. ജി. എൻ. ആർ. ഇ. ജി. എ- മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലായ്മെൻറ് ഗ്യാരൻറി ആക്ട്) നിർത്തലാക്കുകയോ നിർത്തിയെന്നോ ഒക്കെ ചെയ്യുമെന്ന് ഞങ്ങളോട് പറയുന്നു. വ്യത്യസ്ത വിഷയങ്ങളിൽ എന്റെ കഴിവിനെ ധാരാളം ആളുകൾ ചോദ്യം ചെയ്യുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. മോദിക്ക് അറിവും അനുഭവവും ഇല്ലെന്നു നിങ്ങൾക്ക് വ്യത്യസ്ത അഭിപ്രായങ്ങൾ കണ്ടെക്കും. അതുണ്ടായേക്കും, പക്ഷേ എനിക്ക് നല്ല രാഷ്ട്രീയബോധമുണ്ടെന്ന് നിങ്ങൾക്കു തീർച്ചയായും വിശ്വസിക്കാം. മൻരേഗാ ഒരിക്കലും അവസാനിപ്പിക്കില്ലെന്ന് എന്റെ രാഷ്ട്രീയ ബോധം പറയുന്നു. എനിക്ക് അത്തരമൊരു തെറ്റ് ചെയ്യാൻ കഴിയില്ല, കാരണം നിങ്ങളുടെ പരാജയങ്ങളുടെ ജീവനുള്ള ഉദാഹരണമാണ് മൻരേഗാ.

സ്വാതന്ത്ര്യം ലഭിച്ച് അറുപത് വർഷങ്ങൾക്ക് ശേഷവും കുഴികൾ കുഴിക്കാൻ ആളുകളെ നിയമിക്കാൻ നിങ്ങൾ നിർബന്ധിതരായി. ഇത് നിങ്ങളുടെ പരാജയത്തിന്റെ ജീവനുള്ള ഉദാഹരണമാണ്, എന്റെ പൂർണ്ണ ശക്തിയോടെ ഇക്കാര്യം ഞാൻ ഉയർത്തിക്കാണിക്കും. അതുകൊണ്ട് എന്റെ രാഷ്ട്രീയ വിവേകത്തെ സംശയിക്കരുത്. എം.ജി.എൻ.ആർ.ഇ.ജി.എ അവിടെ തന്നെ ഉണ്ടാകും, വളരെ ഗംഭീരമായി അത് ഞാൻ പ്രചരിപ്പിക്കും, അത് ലോകത്തോട് ഞങ്ങൾ പറയുകയും ചെയ്യും. എന്നാൽ എന്റെ രാജ്യത്തിന്റെ ക്ഷേമത്തിനായി ഞാൻ ജീവിക്കുന്നത് കൊണ്ടും അത് തുടരാൻ ആഗ്രഹിക്കുന്നതിനാലും ഒരു കാര്യം കൂടി തീർച്ചയായും സംഭവിക്കും. അക്കാരണത്താൽ ഈ രാജ്യത്തിന്റെ ക്ഷേമത്തിന് പ്രത്യേകിച്ച് ദാരിദ്ര്യം അനുഭവിക്കുന്നവരുടെ ഉന്നമനത്തിനുള്ള വഴികൾ വളരെ വലിയ രീതിയിൽ തന്നെ കണ്ടെത്താൻ ഞാൻ പരിശ്രമിക്കും. പദ്ധതിയിൽ എന്തൊക്കെ ചേർക്കാനുണ്ടോ അതെല്ലാം ഞങ്ങൾ ചെയ്യും. ഈ പദ്ധതിയിൽ കൂടുതൽ ഉൽപാദനക്ഷമതയുള്ള കാര്യങ്ങൾ ഞങ്ങൾ ചേർക്കും, കാരണം അത്തരം അവശിഷ്ടങ്ങൾക്കു പിന്നിൽ ആരെയൊക്കെയാണ് ഉപേക്ഷിക്കപ്പെട്ടതെന്ന് ജനം അറിയണമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആരാണ് ഇത്രയും വർഷങ്ങൾക്ക് ശേഷവും കുഴികൾ കുഴിക്കാൻ നിങ്ങളെ നിർബന്ധിച്ചത്. നിങ്ങളുടെ നല്ല പ്രവൃത്തികളെക്കുറിച്ച് ആളുകൾ അറിയേണ്ടത് അത്യാവശ്യമാണ്. നിങ്ങളുടെ കാൽപ്പാടുകളെ നിങ്ങൾ പിന്നിൽ ഉപേക്ഷിച്ചു.

അഴിമതിയെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യുമ്പോഴെല്ലാം, നമ്മുടെ രാജ്യത്തെ അഴിമതി നശിപ്പിച്ചതായി ഞാൻ വിശ്വസിക്കുന്നു. അനാരോഗ്യകരമായ ചർച്ചകൾ കാരണം ഈ പ്രധാനപ്പെട്ട വിഷയത്തിന്റെ പ്രസക്തി രാഷ്ട്രീയ വൃത്തങ്ങളിൽ നഷ്ടപ്പെട്ടു എന്നതു കൊണ്ട് മാത്രം രാഷ്ട്രീയ വൃത്തങ്ങളിൽ അഴിമതിയെ പരിമിതപ്പെടുത്തരുത്. ഏറ്റവും കുറഞ്ഞ അഴിമതിക്കാരൻ ആരാണ് എന്നു തീരുമാനിക്കുന്നതിൽ ഈ പ്രശ്നത്തെ നമ്മൾ പരിമിതപ്പെടുത്തുകയാണ്. പരസ്പരം കുറ്റപ്പെടുത്തുന്നതിലേക്ക് പരിമിതപ്പെടുകയും അഴിമതിക്കാർ സംവിധാനത്തെ നശിപ്പിക്കുന്നത് തുടരുകയും ചെയ്യുന്നു. ഇതൊരുമിച്ച് നിർത്താൻ നമ്മൾ തീരുമാനിക്കുകയാണെങ്കിൽ, അതിൽ നിന്ന് നമുക്ക് മുക്തി നേടാം. രാഷ്ട്രീയവൽക്കരിക്കാതെ പരിഹരിക്കാനാവാത്ത എന്തെങ്കിലും പ്രശ്നം രാജ്യത്ത് ഉണ്ടോ? അഴിമതി ഒരു വലിയ പ്രശ്നമാണ്, നയങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങളുടെ പ്രവർത്തനം നടത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഒരിക്കൽ ഒരു സംസ്ഥാനം നയങ്ങളെ പിന്തുടർന്നു മുന്നോട്ട് പോകുമെങ്കിൽ പ്രശ്നങ്ങളുടെ മോശം അവസ്ഥ കുറഞ്ഞിരിക്കും. ഞങ്ങളുടെ നയങ്ങൾ എല്ലാം പിഴവുകൾക്കതീതമെന്ന് പിശകില്ലാത്തതാണെന്ന് ഞാൻ അവകാശപ്പെടില്ല. അത് മനുഷ്യന്റെ കഴിവിനപ്പുറമാണ്. നമുക്ക് ഇന്ന് ഒരു പ്രശ്നം കാണാൻ കഴിഞ്ഞെന്ന് വരില്ല, പക്ഷേ അഞ്ച് മുതൽ ഏഴ് വർഷം കഴിഞ്ഞും അതവിടെ ഉണ്ടായേക്കാം, എന്നാൽ അത് കൊണ്ടുള്ള വിനാശതോത് കുറഞ്ഞിരിക്കും, ഈ മോശം അവസ്ഥ കുറയുമ്പോൾ വ്യാഖ്യാനത്തിനോ മുൻഗണനകൾ തീരുമാനിക്കുന്നതിനോ ഉദ്യോഗസ്ഥർക്ക് അവസരങ്ങൾ ലഭിക്കില്ല. അതിനാൽ, നയപരമായി ഗവണ്മെന്റ് നയിക്കപ്പെടണമെന്നും ഒരു വ്യക്തി രാജ്യത്തെ നയിക്കരുതെന്നും ഞാൻ കരുതുന്നു. എല്ലാം ഇന്ത്യൻ ഭരണഘടനയുടെ അധികാരപരിധിയിൽ തന്നെ ചെയ്യണം, എങ്കിൽ മാത്രമേ അത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് സാധ്യമാകൂ.

കൽക്കരി ബ്ലോക്കുകൾ അനുവദിച്ചതിന്റെ ഒരു ഉദാഹരണം എടുക്കുക. സിഎജി അതിനെക്കുറിച്ച് റിപ്പോർട്ട് ചെയ്തപ്പോൾ തുടക്കത്തിൽ ആരും അത് വിശ്വസിച്ചില്ല. ഇതിനുമുമ്പ് 600 അല്ലെങ്കിൽ 500 കോടി രൂപ ഉൾപ്പെടുന്ന അഴിമതികളെക്കുറിച്ച് ജനങ്ങൾ കേട്ടിരുന്നു, എന്നാൽ 1,86,000 കോടി രൂപ രാജ്യത്തെ ഞെട്ടിച്ചു. രാഷ്ട്രീയ പ്രസംഗങ്ങളിൽ ആളുകൾ ഇത് പരാമർശിക്കാറുണ്ടായിരുന്നുവെങ്കിലും തുക 1,86,000 കോടിയായിരിക്കുമെന്നത് അവിശ്വസനീയമായിരുന്നു. കൽക്കരി ബ്ലോക്കുകൾ അനുവദിച്ചപ്പോൾ സുപ്രീം കോടതി 204 കൽക്കരി ബ്ലോക്കുകൾ റദ്ദാക്കി. ഇതുവരെ 18 അല്ലെങ്കിൽ 19 ബ്ലോക്കുകൾ മാത്രമാണ് ലേലം ചെയ്തത്, അതിൽ നിന്ന് നമുക്ക് ഇതിനോടകം ഒരു ലക്ഷം കോടിയിലധികം രൂപ ലഭിച്ചിട്ടുണ്ട്. 204 കൽക്കരി ബ്ലോക്കുകളുടെ ലേലത്തിന് ശേഷം വലിയ തുക സമാഹരിക്കുമെന്ന് സിഎജി പ്രതീക്ഷിക്കുന്നു. അക്കാലത്ത് അവർ പൂജ്യം സിദ്ധാന്തത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു. കഴിഞ്ഞ സർക്കാർ എന്തു ചെയ്യണമായിരുന്നു എന്ന് പറയാൻ എനിക്ക് താൽപര്യമില്ല. അതല്ല ഞാൻ പറയുന്നതു, അത് നിങ്ങൾക്കും നിങ്ങളുടെ മനസ്സാക്ഷിക്കും ഇടയിലെ കാര്യമാണ്. ഈ ദിശയിലേക്ക് നമ്മൾ നീങ്ങുകയാണെങ്കിൽ, നമുക്ക് പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് ഞാൻ കരുതുന്നു. അഴിമതിരഹിത സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കാൻ കഴിയുമെന്നതിന് ഒരു ഉദാഹരണം മാത്രമാണിത്. അഴിമതി കുറയ്ക്കാൻ കഴിയുന്ന അത്തരം സംവിധാനങ്ങൾ നമുക്ക് വികസിപ്പിച്ചെടുക്കാൻ കഴിയും. ദയവായി നിങ്ങളുടെ മികച്ച നിർദ്ദേശങ്ങൾ ഇതിനായി നൽകുക. നിങ്ങൾ എൻറെ സമയം ഈ ആവശ്യത്തിനായി ആവശ്യപ്പെടുകയാണെങ്കിൽ, അത് നൽകാൻ ഞാൻ തയ്യാറാണ്. ഈ ഗുരുതരമായ പ്രശ്നം മറികടക്കാൻ ദയവായി നിങ്ങളുടെ നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക. സർക്കാർ അത് പരിശോധിക്കും. പക്ഷേ ഈ പ്രശ്നം നമ്മുടെ രാജ്യത്ത് നിന്ന് ഇല്ലാതാക്കാൻ നാമെല്ലാവരും ശ്രമിക്കണം. ഈ പ്രശ്നത്തിന്റെ വ്യാപ്തി നാം തിരിച്ചറിയണം.

ഞങ്ങളുടെ ബഹുമാനപ്പെട്ട അംഗങ്ങളിൽ ഭൂരിഭാഗവും കള്ളപ്പണത്തെക്കുറിച്ച് സംസാരിച്ചു. കള്ളപ്പണം വർജ്യമായി കരുതുന്ന ആളുകൾ അതേക്കുറിച്ച് സംസാരിക്കുന്നത് കേൾക്കുമ്പോൾ എനിക്കു സന്തോഷമുണ്ട്. കള്ളപ്പണത്തെക്കുറിച്ച് സംസാരിക്കാൻ ആളുകളെ നിർബന്ധിക്കുവാൻ ഞങ്ങൾക്ക് സാധിച്ചത് ഞങ്ങളുടെ വലിയ നേട്ടമാണെന്ന് ഞാൻ കരുതുന്നു. അവർ പലപ്പോഴും സുപ്രീംകോടതിയെക്കുറിച്ച് സംസാരിക്കാറുണ്ടെങ്കിലും കള്ളപ്പണാന്വേഷണത്തിന് ഒരു എസ്ഐടി രൂപീകരിക്കാൻ സുപ്രീം കോടതി ആവശ്യപ്പെട്ടപ്പോൾ സുപ്രീംകോടതിയെ അവർ ബഹുമാനിച്ചില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിട്ടുകഴിഞ്ഞാൽ, സമയം പാഴാക്കാതെ എസ്ഐടി ഉണ്ടാക്കുക എന്നത് അവരുടെ കടമയല്ലേ? സുപ്രീം കോടതി ഉത്തരവിട്ടിട്ടും മൂന്ന് വർഷമായി എസ്ഐടി രൂപീകരിച്ചിരുന്നില്ല. പുതിയ സർക്കാർ രൂപീകരിച്ച ഉടൻ ആദ്യ മന്ത്രിസഭാ യോഗത്തിൽ എടുത്ത ആദ്യ തീരുമാനം കള്ളപ്പണാന്വേഷണത്തിന് എസ്ഐടി രൂപീകരിക്കുക എന്നതായിരുന്നു. നമ്മൾ കള്ളപ്പണത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ആ ചർച്ചകളുടെ ഭാഗമാണ് സ്വിസ് ബാങ്കുകൾ.

അന്താരാഷ്ട്ര നിയമങ്ങൾ ഉൾപ്പെടുന്ന നിയമങ്ങൾ പഠിക്കുകയും സുപ്രധാന വിവരങ്ങൾ പങ്കുവെക്കാൻ സ്വിറ്റ്സർലൻഡ് സർക്കാരിനെ ബോധ്യപ്പെടുത്തുകയും ചെയ്ത ശ്രീ അരുൺ ജെയ്റ്റ്ലിയെ ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. ഇക്കാരണത്താൽ സ്വിസ് ബാങ്കുകളിൽ നിന്ന് വിവരങ്ങൾ കിട്ടാൻ ഞങ്ങൾക്ക് സാധിക്കുന്നില്ല. ധനകാര്യ മന്ത്രിയോട് ഇക്കാര്യത്തിൽ നന്ദി പറയുന്നു. ഇത് മാത്രമല്ല, നിങ്ങൾ ജി-20 ഉച്ചകോടിയിൽ പങ്കെടുക്കാറുണ്ടായിരുന്നു. ഞാൻ ആദ്യമായി പോയി, ചില വ്യക്തികളെ ആദ്യമായി കാണാനുള്ള അവസരം ലഭിച്ചു. എങ്ങനെയാണ് ജി-20 ഉച്ചകോടിയെ ഞങ്ങൾ ഉപയോഗിച്ചത്? ജി-20 ഉച്ചകോടിയുടെ സംയുക്ത പ്രഖ്യാപനത്തിനു കീഴിൽ, കള്ളപ്പണത്തിനും മയക്കുമരുന്ന് കടത്തിനും എതിരെ നടപടിയെടുക്കാൻ ജി-20 രാജ്യങ്ങളോട് ഞങ്ങൾ ആവശ്യപ്പെടുകയും അവരെ ഞങ്ങൾ പിന്തുണയ്ക്കുന്നുവെന്ന് ഉറപ്പു നല്കുകയും ചെയ്തു. കള്ളപ്പണത്തിനെതിരായ ഈ പോരാട്ടത്തിൽ ഞങ്ങൾ പരസ്പരം പിന്തുണയ്ക്കും. ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ എല്ലാ ജി-20 അംഗങ്ങളെയും ഞങ്ങൾ നിർബന്ധിച്ചു. ഞങ്ങളുടെ പ്രയത്നം കൊണ്ടായിരുന്നു അത്. ഞങ്ങളുടെ പരിശ്രമങ്ങൾ വെറുതെയാകില്ല. നമ്മൾ എപ്പോഴും നമ്മുടെ ലക്ഷ്യത്തിലേക്ക് ശരിയായ ദിശയിൽ നീങ്ങുകയും അതിൽ നിന്നും ഒരിയ്ക്കലും മാറുകയുമില്ല. ഇതിൽനിന്ന് ഒരു കുറ്റവാളിക്കും രക്ഷപ്പെടാനാകില്ല. ഞാൻ അത് നിങ്ങൾക്ക് ഉറപ്പ് തരാം.

പ്രതികാരേച്ഛയായതിനാൽ ആണ് ഞങ്ങൾ ഇതൊക്കെ ചെയ്യുന്നതെന്ന് ഞങ്ങളെ ആരും കുറ്റപ്പെടുത്തരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞങ്ങൾ വാശാനങ്ങൾ നൽകിയിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ വ്യക്തികളും രാഷ്ട്രീയ നേതാക്കൾ ആയിരിക്കണമെന്നൊന്നുമില്ല, പക്ഷേ അങ്ങിനെ ഉള്ളവർ നമ്മുടെ രാജ്യത്തിന് നഷ്ടം ആണ് വരുത്തിയത്. ഈ പശ്ചാത്തലത്തിൽ ആണ് സർക്കാരിൻറെ ഇച്ഛാശക്തി നമുക്ക് ആവശ്യമായി വരുന്നത്, ആ ഇച്ഛാശക്തി ഞങ്ങൾ കാണിച്ചു. ഞങ്ങളുടെ ഭാഗത്തുനിന്നുമുള്ള ശ്രമങ്ങൾ ഞങ്ങൾ നടത്തുന്നുണ്ടെന്നും ആത്യന്തിക ലക്ഷ്യം നേടുന്നതുവരെ ഞങ്ങൾ അത് തുടരുമെന്നും ഈ സഭയ്ക്ക് ഉറപ്പ് നൽകാൻ എനിക്കു സാധിയ്ക്കും. ഞങ്ങൾ എന്ത് സംരംഭം ആണ് എടുത്തിട്ടുള്ളതെന്ന് ആളുകൾ ചിലപ്പോൾ ഞങ്ങളോടു ചോദിക്കും. എങ്ങിനെ ഈ ജോലി എങ്ങനെ പൂർത്തിയാക്കാം എന്നതിന് ഒരു ഉദാഹരണം ചൂണ്ടിക്കാണിച്ചുകൊണ്ട് ഇക്കാര്യം ഞാൻ വിശദീകരിക്കാൻ ശ്രമിക്കാം. ഒരു വശത്ത് നമ്മൾ കർഷകരുടെ ക്ഷേമത്തെക്കുറിച്ച് ധാരാളം സംസാരിക്കും, പക്ഷേ കർഷകർ നേരിടുന്ന എല്ലാ അതിക്രമങ്ങൾക്കും പരിഹാരം എപ്പോൾ കണ്ടെത്തും? അവരെ സഹായിക്കാൻ നിരവധി മാർഗങ്ങളുണ്ട്, 'ഓരോ തുള്ളി-കൂടുതൽ വിള!' എന്ന ആശയം ഞങ്ങൾ അവതരിപ്പിച്ച പോലെ. നമ്മുടെ രാജ്യത്ത് ജലദൗർലഭ്യം ഉണ്ട്. ലോകം മുഴുവൻ ഈ പ്രതിസന്ധി നേരിടാൻ സാധ്യതയുണ്ട്. ഇക്കാര്യത്തിൽ ഹ്രസ്വകാല പദ്ധതിയെ മാത്രം ആശ്രയിക്കാതെ അടുത്ത 30-40 വർഷത്തേക്ക് ദീർഘകാല പദ്ധതി ആസൂത്രണം ചെയ്യേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമല്ലേ. ഇത് ചെയ്യുന്നതിലൂടെ ഒരുപക്ഷേ നമുക്ക് രാഷ്ട്രീയ നേട്ടങ്ങളും ലക്ഷ്യങ്ങളും കൈവരിച്ചേക്കാം. പക്ഷേ ഇത് ദേശീയ ലക്ഷ്യങ്ങളിലേക്കുള്ള നമ്മുടെ നയങ്ങൾക്ക് അത് പ്രയോജനം ചെയ്യും. നമ്മൾ മണ്ണ് ആരോഗ്യ കാർഡിനെ കുറിച്ച് സംസാരിച്ചിരുന്നു, "സ്വസ്ഥ് ധര, ഖേത് ഹര" (ആരോഗ്യമുള്ള ഭൂമി, ഹരിതാഭയുള്ള കൃഷിയിടം) എന്ന മന്ത്രം ഞങ്ങൾ സ്വീകരിച്ചു. പക്ഷേ, വിജ്ഞാൻ ഭവനിൽ റിബൺ മുറിച്ചും മെഴുകുതിരികൾ കത്തിച്ചുകൊണ്ടും മാത്രം നമുക്ക് ഇത് നേടാനാകില്ല. ഈ സർക്കാർ അപ്പോൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത്? പരിശോധനയ്ക്കായി നമ്മൾ ഒരു ഡോക്ടറെ സന്ദർശിക്കുമ്പോൾ, രക്തപരിശോധനയും മൂത്രപരിശോധനയും നടത്താൻ നമ്മളോട് നിർദ്ദേശിക്കുന്നു. പരിശോധനകളുടെ ഫലങ്ങൾക്കുശേഷം ഡോക്ടർ ആവശ്യമായ മരുന്നുകൾ നൽകുന്നു. ആരോഗ്യകരമായ ജീവിതത്തിന് നമ്മുടെ ശരീരത്തിന് ഈ പരിശോധനകൾ ആവശ്യമാണെന്നിരിക്കെ വിളകൾ വളർത്താൻ തുടങ്ങുന്നതിനുമുമ്പ് മണ്ണിൻറെ ഫലഭൂയിഷ്ഠത ഉറപ്പായി പരിശോധിക്കാൻ ശ്രമിക്കണമെന്ന് നമ്മുടെ രാജ്യത്തെ കർഷകരോട് നമുക്ക് ആവശ്യപ്പെടുകടെ. നമ്മുടെ നാടിനെ നമ്മുടെ മാതൃഭൂമി എന്ന് നമ്മൾ വിളിക്കുന്നു. പക്ഷേ നമ്മുടെ മണ്ണിൻറെ അവസ്ഥ മനസ്സിലാക്കാൻ പോലും നമ്മൾ ശ്രമിക്കുന്നില്ല. വിളകൾ വളരാൻ പാകത്തിൽ ഫലഭൂയിഷ്ഠമാണോ നമ്മുടെ രാജ്യത്തെ മണ്ണ് എന്നു നമ്മൾ അറിഞ്ഞിരിക്കണം. യൂറിയയുടെ അമിത ഉപയോഗമാണോ നമ്മുടെ രാജ്യത്തെ മണ്ണിൽ? ഈ അവസ്ഥയുടെ ഗൗരവം എന്നാണ് നമ്മൾ മനസിലാക്കുക? മണ്ണ് ഒരിക്കൽ പരിശോധിച്ചാൽ മാത്രമേ അതിൻറെ ഫലം നമുക്ക് അറിയാനാകൂ. മണ്ണ് പരിശോധനാ കാർഡ് അവതരിപ്പിച്ചത് കൊണ്ട് മാത്രം ലക്ഷ്യം പൂർത്തീകരിക്കില്ല. ലാബുകളിൽ മണ്ണ് പരിശോധിക്കാൻ ഓരോ ഗ്രാമത്തിലും സംരംഭകർ വേണം എന്നു ഞാൻ നിർദേശം മുന്നോട്ട് വച്ചിരുന്നു. ഗ്രാമങ്ങളിൽ താമസിക്കുന്ന വിദ്യാഭ്യാസം കുറഞ്ഞ യുവാക്കളെ ഇതിനായി നമുക്ക് പരിശീലിപ്പിക്കേണ്ടതുണ്ട്. ഇതേ കാര്യത്തിന് വേണ്ടി ലാബുകൾ നിർമിക്കാൻ യുവാക്കളെ ലോണുകൾ നല്കി സഹായിക്കാൻ ബാങ്കുകൾ തയാറാകണം. ഇതിലൂടെ ഗ്രാമത്തിൽ അനുയോജ്യമായ ഒരു അന്തരീക്ഷം സംജാതമാകുകയും മണ്ണ് പരിശോധനക്ക് വേണ്ടി ഗ്രാമീണർ ലാബുകൾ സന്ദർശിക്കുന്നതിലേക്ക് നയിക്കുകയും ചെയ്യും.

എല്ലാ വർഷവും മഴക്കാലത്തിന് മുമ്പ് കർഷകർ ഈ ലാബുകളിൽ അവരുടെ വയലിലെ മണ്ണ് പരിശോധിക്കുകയും ഉചിതമായ പ്രതികരണങ്ങൾ സ്വീകരിക്കുകയും അവരുടെ മണ്ണിനേ കുറിച്ചുള്ള സൂക്ഷ്മപോഷകാഹാര വിശദാംശങ്ങൾ അറിഞ്ഞിരിക്കുകയും വേണം.

ആദരണീയ സ്പീക്കർ, 10,12 ക്ലാസുകളിലെ ശാസ്ത്ര വിദ്യാർത്ഥികൾക്കായി സ്കൂളുകളിലും കോളേജുകളിലും ലബോറട്ടറികൾ ഉണ്ടെന്ന് നമുക്കറിയാം. എന്നാൽ നമ്മുടെ രാജ്യത്ത് ഈ പരീക്ഷണശാലകൾ ഫെബ്രുവരി മുതൽ ജൂലൈ വരെ അടഞ്ഞു കിടക്കും. വിദ്യാർത്ഥികൾ അവരുടെ പരീക്ഷയുടെ തിരക്കിലായിരിക്കുകയും. ജൂൺ അല്ലെങ്കിൽ ജൂലൈയിൽ സ്കൂളുകൾ അവധിക്കാലത്തിന് ശേഷം വീണ്ടും തുറക്കുകയും ചെയ്യും. ഈ സ്കൂൾ ലാബുകൾ 3-4 മാസക്കാലത്തേക്ക് അടച്ചിടും. മണ്ണ് പരിശോധന ഒരു റോക്കറ്റ് സയൻസല്ല, അത് വളരെ എളുപ്പത്തിൽ കൈകാര്യം

ചെയ്യുവാൻ സാധിയ്ക്കും. 10,12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനം നല്കി, അവധിക്കാലത്ത് സ്കൂൾ പരീക്ഷണ ശാലകളെ മണ്ണ് പരിശോധനാ ലാബുകളാക്കി മാറ്റാനും കഴിയും. ഇതാകട്ടെ സ്കൂളുകൾക്കും ആ ഗ്രാമങ്ങളിൽ താമസിക്കുന്ന യുവാക്കൾക്കും അധിക വരുമാന സ്രോതസ്സായിരിക്കും. നമ്മുടെ രാജ്യം ദരിദ്രമാണ്; ഒരു ദിവസം കൊണ്ട് ഒരു ലാബ് നിർമിക്കുവാൻ സാധിക്കില്ല, കാരണം അത് ചെലവേറിയ കാര്യം ആണ്. നമ്മുടെ അടിസ്ഥാന സൌകര്യങ്ങളെ ഏറ്റവും മികച്ച രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. കാരണം ഇവയാണ് നല്ല ഭരണത്തിന് ഉപയോഗിക്കുന്ന ഉചിതമായ തന്ത്രങ്ങൾ. ഇത്തരം തന്ത്രങ്ങൾ വഴി പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ നമുക്ക് സാധിയ്ക്കും. നമ്മുടെ കർഷകർ മണ്ണിൻറെ ഫലഭൂയിഷ്ഠതയെക്കുറിച്ചും അവരുടെ വിളകൾക്ക് അതനുയോജ്യവുമാണെന്ന് അറിഞ്ഞുകഴിഞ്ഞാൽ അവർ ഉചിതമായ നടപടികൾ കൈക്കൊള്ളുകയും പാഴ്ചെലവുകളിൽ നിന്ന് സ്വയം രക്ഷിക്കുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ആദരണീയ സ്പീക്കർ, ലോകമെമ്പാടും പെട്രോൾ, ഡീസൽ വില കുറയാമെങ്കിൽ എന്തുകൊണ്ടാണ് നമ്മുടെ രാജ്യത്ത് വില കുറയാത്തത് എന്ന് ആളുകൾ ചോദിക്കുന്നത് നമ്മൾ പലപ്പോഴും കേൾക്കാറുണ്ട്. ഞങ്ങൾ ഗവൺമെൻറ് ഉണ്ടാക്കിയപ്പോൾ സാഹചര്യം വളരെയധികം പ്രതികൂലമായിരുന്നുവെന്നത് നമ്മൾ എപ്പോഴും മറക്കുന്നു. മഴ 12 ശതമാനത്തിലധികം കുറവുണ്ടായിരുന്നു. അപ്പോൾ ഡീസൽ സബ്സിഡി 50 ശതമാനം വർദ്ധിപ്പിക്കാനും വൈദ്യുതി ബിൽ സബ്സിഡി 50 ശതമാനം വർദ്ധിപ്പിക്കാനും ഞങ്ങൾ തീരുമാനിച്ചു. പക്ഷേ അതിൻറെ ഫലമായി ഡീസൽ പ്രതിസന്ധി മൂലം സർക്കാരിന് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടിവന്നു. ഞങ്ങൾ കർഷകർക്ക് ആനുകൂല്യങ്ങൾ നൽകി, എന്നാൽ കർഷകർക്ക് ഞങ്ങൾ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെന്ന് പറയുന്നവർ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ഡാറ്റ മാത്രമേ ഓർക്കുന്നുള്ളൂ. പക്ഷേ മെയ്, ജൂൺ , ജൂലൈ മാസങ്ങളിലെ പഴയ ഡാറ്റ അവർ മറന്നു.

അത് സത്യമല്ല; നമുക്കുവേണ്ടി സർക്കാർ ഉണ്ടെന്ന് നമ്മൾ മനസ്സിലാക്കണം. ദരിദ്രർക്കുവേണ്ടിയാണ് ഈ സർക്കാർ, പൂർണമായും പാവപ്പെട്ടവർക്ക് വേണ്ടി അർപ്പിതമാണ്. രാജ്യത്തിൻറെ ചെലവ് കുറയ്ക്കുന്നതിന് ഞങ്ങൾ എക്സ്പെൻഡിച്ചർ കമ്മീഷൻ രൂപീകരിച്ചു. ഭരണത്തിൽ ഉണ്ടാകുന്ന അനാവശ്യ ചെലവുകൾ നിർത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു, അത് പാവപ്പെട്ടവരുടെ ക്ഷേമത്തിനും വികസനത്തിനും ഉപയോഗിക്കാം. നല്ല ഭരണത്തിൻറെ പാതയിലേക്ക് നീങ്ങുകയാണ് ഞങ്ങൾ. വ്യത്യസ്ത തലമുറയിൽ നിന്നുള്ള ആളുകളാണെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. എൻറെ കട്ടിക്കാലം മുതൽ സിറോക്സിൻറെ ഉപയോഗം നിലനിന്നിരുന്ന എന്ന വസ്തുത എനിക്ക് അറിയില്ലായിരുന്നു. എന്നിട്ടും എൻറെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് എനിക്ക് ഒരു ഗസറ്റഡ് ഓഫീസറെ സന്ദർശിക്കേണ്ടിവന്നു. എംഎൽഎയുടെ, എംപിയുടെ വീടിനു പുറത്ത് എനിക്ക് കൃവിൽ നിൽക്കേണ്ടി വന്നു. ആ സമയത്ത് എംഎൽഎയോ എംപിയോ അവിടെ ഇല്ലായിരുന്നപ്പോൾ അവരുടെ സഹായികളിൽ ഏതെങ്കിലും ഒരാൾ സ്റ്റാമ്പ് ഉപയോഗിച്ച് എൻറെ പ്രമാണം സാക്ഷ്യപ്പെടുത്തുകയും, നിങ്ങളുടെ രേഖകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് പറയുകയും ചെയ്തു. നമ്മൾ ആ സ്റ്റാമ്പുകളെ വിശ്വസിക്കുന്നു, പക്ഷേ നമ്മുടെ സ്വന്തം നാട്ടുകാരെ നമുക്ക് വിശ്വാസമില്ല. പൗരന്മാർക്ക് രേഖകൾ സ്വയം സാക്ഷ്യപ്പെടുത്താനും സ്ഥിരീകരണത്തിനായി അയയ്ക്കാനും, പ്രക്രിയ പൂർത്തിയായിക്കഴിഞ്ഞാൽ സ്ഥിരീകരണത്തിനായി യഥാർത്ഥ രേഖകൾ ഹാജരാക്കാമെന്നും ഞങ്ങൾ ഒരു നിയമം കൊണ്ടുവന്നു. ഇത് വളരെ ചെറിയ ഒരു കാര്യമായി നിങ്ങൾ കണ്ടേക്കാം, പക്ഷേ ജനങ്ങളുടെ മനസിൽ അതിനു വലിയ പ്രാധാന്യം ഉണ്ട്. സർക്കാരിന് അവരിൽ പൂർണ വിശ്വാസമുണ്ടെന്ന് അവർ വിശ്വസിക്കുന്നതിനാലാണിത്. നമ്മുടെ കാലത്ത് ഒരു ജോലിയ്ക്ക് മുപ്പതു മുതൽ നാൽപത് പേജുകളുള്ള അപേക്ഷ ഫോമുകൾ നമ്മൾ പൂരിപ്പിക്കണമായിരുന്നു. സർക്കാർ ഫയലുകൾ കുന്നുകൂടുന്നതിനാൽ അത്തരം ദൈർഘ്യമേറിയ ഫോമുകൾ ഞങ്ങൾക്ക് ആവശ്യമില്ലെന്ന് ഈ ഫോമുകൾ കണ്ടപ്പോൾ ഞാൻ നിർദ്ദേശിച്ചു. അതിനാൽ, ഈ ഫോമുകൾ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. കൂടാതെ പേജുകളുടെ എണ്ണം ഗണ്യമായി കുറയുകയും ചെയ്തു. പല സ്ഥലങ്ങളിലും ദൈർഘ്യമേറിയ ഫോമുകൾ ഒരു പേജ് ഫോമുകളായി ചുരുക്കിയിരിക്കുന്നു.

സംവിധാനം ലളിതമാക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു. ചുവപ്പ് നാട കുറയ്ക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതിലൂടെ സാധാരണക്കാർക്ക് അതിൻറെ പ്രയോജനങ്ങൾ ലഭ്യമാകും. ഞങ്ങൾ ആ ദിശയിലാണ് പ്രവർത്തിക്കുന്നത്. ഒന്നിനുപുറകെ ഒന്നായി ഞങ്ങൾ പുതിയ തന്ത്രങ്ങൾ കൊണ്ടുവരുന്നു. അവയുടെ ഫലങ്ങൾ ഉടൻ വരും.

നമ്മുടെ രാജ്യത്ത് വിരമിച്ച എല്ലാ സർക്കാർ ജീവനക്കാരും അവരുടെ പെൻഷൻ ലഭിക്കുന്നതിന് എല്ലാ വർഷവും നവംബർ മാസത്തിൽ ഒരു ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുണ്ട്. മുൻ അംഗങ്ങളും അത് അവരുടെ ഓഫീസിൽ സമർപ്പിക്കേണ്ടതുണ്ട്. നിശ്ചിത പ്രായം വരെ അതൊക്കെ ശരിയാണ്, കാരണം അവർക്ക് യാത്ര ചെയ്യാൻ സാധിയ്ക്കും, പക്ഷേ ഒരു നിശ്ചിത പ്രായത്തിന് ശേഷം ഓഫീസുകൾ സന്ദർശിക്കാൻ അവർക്ക് കഴിയില്ല. നമുക്ക് ഈ സംവിധാനങ്ങൾ മാറ്റാൻ സാധിക്കില്ലെ? വിരമിച്ച പെൻഷൻ ഉടമകൾക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ അവരുടെ സ്വന്തം സ്ഥലത്ത് നിന്ന് അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഒരു സമ്പൂർണ്ണ സംവിധാനം ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അവർക്ക് അവരുടെ പെൻഷൻ ലഭിക്കും. നമ്മുടെ പെൻഷൻകാരോടുള്ള ആദരവ് കാണിക്കാനാണ് ഇത്.

ഇന്ത്യ ഒരു വലിയ രാജ്യമാണെന്നും മോദി ജി ചെറിയ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെന്നും നിങ്ങൾ ചിന്തിച്ചേക്കാം. ഓരോ പ്രശ്നത്തിൻറെയും വേരുകളിൽ ഈ ചെറിയ കാര്യങ്ങൾ ഉണ്ട്, ശരിയായ സമയത്ത് തിരുത്തപ്പെടാത്തപ്പോൾ അത് മറ്റൊരു വലിയ പ്രശ്നത്തിലേക്ക് നയിക്കുകയും എല്ലാവർക്കും പ്രശ്നമാകുകയും ചെയ്യും. അതുകൊണ്ടാണ് ഈ ചെറിയ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുന്നത് വളരെ പ്രധാനമായത്.

ഞാൻ ഓർക്കുന്നു, മുൻകാല സെഷനുകളിൽ പല അവസരങ്ങളിൽ ഞങ്ങൾ പരിഹസിക്കപ്പെട്ടിട്ടുണ്ട്. അവർ ഉപയോഗിക്കുന്ന ഭാഷ ഉചിതമാണോ അല്ലയോ എന്ന് എനിക്കറിയില്ല? പാർലമെൻറിൽ പ്രവേശിക്കുന്നതിന് അവർ വിസ നൽകുന്നുവെന്ന് പോലും അവർ ഞങ്ങളോട് പറഞ്ഞു. ഇത്തരത്തിലുള്ള വാക്കുകൾ ഉപയോഗിക്കുന്ന ആളുകളോട് കൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല, എന്നാൽ ഒരു കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു, അത് നാം അന്താരാഷ്ട്ര തലത്തിൽ ചെയ്യേ തീർക്കേണ്ട നിയുക്ത പ്രതിബദ്ധതകൾക്ക് മുൻഗണന നല്കണം എന്നതാണ്.

മുൻകാലങ്ങളിൽ, രാജ്യത്തിൻറെ മുൻ പ്രധാനമന്ത്രിമാർക്കും ഈ അന്താരാഷ്ട്ര യോഗങ്ങളിൽ പങ്കെടുക്കേണ്ടിയിരുന്നു. ഇപ്പോഴത്തെയും അത് തന്നെയാണ്. ഭാവി പ്രധാനമന്ത്രിയും യോഗങ്ങളിൽ പങ്കെടുക്കേണ്ടി വരും. പക്ഷേ അത് ഇന്ന് ചിരിക്കാനുള്ള വിഷയമായി മാറിയിരിക്കുന്നു. അത്തരം വിഷയങ്ങൾ ചർച്ച ചെയ്യേണ്ടി വരുന്ന അവസ്ഥയിലേക്ക് നമ്മുടെ രാഷ്ട്രീയം താഴ്ന്നുവോ? എന്നെ വിമർശിക്കാൻ നിങ്ങൾക്ക് മറ്റ് പ്രശ്നങ്ങളില്ലേ? രാജ്യത്തിൻറെ പ്രധാനമന്ത്രി നടത്തുന്ന വിദേശ സന്ദർശനത്തെക്കുറിച്ച് നിങ്ങൾക്കെല്ലാവർക്കും അത്രയധികം ഉത്കണ്ഠ ഉണ്ടെങ്കിൽ എത്ര സമയം ചെലവഴിച്ചു, എവിടെയെന്നതിനെക്കുറിച്ചും പ്രതിപക്ഷം അന്വേഷിക്കണമായിരുന്നുവെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ജപ്പാൻ സന്ദർശിച്ചപ്പോൾ, എൻറെ പ്രോഗ്രാമിലേക്ക് ഒരു മീറ്റിംഗ് കൂടി ചേർത്തു എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നോബൽ ജേതാവായ ശാസ്ത്രജ്ഞനായ യമനാകയെ കാണാൻ ഞാൻ പോയിരുന്നു. എന്തുകൊണ്ട്? അദ്ദേഹത്തോടൊപ്പം ഫോട്ടോ എടുക്കാൻ മാത്രമാണോ? അദ്ദേഹം നടത്തിയ സ്റ്റെം സെൽ ഗവേഷണം മനസ്സിലാക്കുക എന്നതായിരുന്നു എൻറെ സന്ദർശനത്തിൻറെ ഏക കാരണം അദ്ദേഹത്തിൻറെ കണ്ടുപിടിത്തം നമുക്ക് ഉപകരിക്കുമെന്നതാണ് എനിക്കു മനസിലാക്കാൻ സാധിച്ചത്. കാരണം എൻറെ രാജ്യത്തെ ഗോത്രവർഗക്കാർ തലമുറകളായി ഭയാനകമായ സിക്കിൾ സെൽ രോഗം നേരിടുന്നുണ്ടെന്ന് എനിക്കറിയാം. ക്യാൻസറിനേക്കാൾ മാരകമാണ് സിക്കിൾ സെൽ രോഗം. സിക്കിൾ സെൽ ബാധിച്ചവരോട് ചോദിച്ചാൽ, ജനിതകമായി കൈമാറ്റം ചെയ്യപ്പെടുന്ന ഈ രോഗം എത്ര വേദനാജനകമാണെന്ന് നമുക്കറിയാം. ഇതുവരെ ഈ രോഗത്തിന് ചികിത്സയില്ല. സ്റ്റെം സെല്ലിൻറെ സഹായത്തോടെ ഈ രോഗത്തിനുള്ള പ്രതിവിധി കണ്ടെത്താൻ കഴിയുമെന്ന പ്രതീക്ഷ ഉയർന്നു. ഞാൻ അവിടെ പോയി അവരുമായി ഒരു ചർച്ച നടത്തി. ഇന്ന് ഞങ്ങൾ അതേ ദിശയിലാണ് പ്രവർത്തിക്കുന്നത്, ബാംഗളൂരിലെ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, നമ്മുടെ യുവ ശാസ്ത്രജ്ഞർ സ്റ്റെം സെല്ലുകൾ ഉപയോഗിച്ച് പ്രതിവിധി കണ്ടെത്തുമെന്നും തലമുറകളായി ഈ മാരകരോഗം അനുഭവിക്കുന്ന എൻറെ ആദിവാസി സഹോദരങ്ങൾക്കു ഇതിൽ നിന്ന് പുറത്തുവന്ന് സുഖം പ്രാപിക്കാൻ കഴിയുമെന്നും ഞാൻ വിശ്വസിക്കുന്നു.

ഓസ്ട്രേലിയയിൽ നടന്ന ജി-20 ഉച്ചകോടിയിൽ പങ്കെടുക്കാൻ നമ്മൾ പോയി. അവിടെ, കൃഷി ശാസ്ത്രജ്ഞരെ ഞാൻ സന്ദർശിച്ചു, അവരുടെ ലാബുകളിൽ പോയി. അവർ ഗവേഷണം നടത്തി വളരെ മോശം മണ്ണിൽ പോലും പയർ വർഗങ്ങൾ വളർത്താനും ഒരു ഹെക്ടറിൽ നിറയെ ഉൽപാദനം നേടാനുമാവശ്യമായ വഴികൾ അവർ കണ്ടെത്തി. അതിനെക്കുറിച്ച് നേരത്തെ വായിച്ചിരുന്നതിനാൽ അവിടം ഞാൻ സന്ദർശിച്ചു. പയർവർഗ്ഗങ്ങളുടെ ഉൽപാദനത്തിൽ നമ്മൾ വളരെ പിന്നിലാണ്. നമ്മുടെ രാജ്യത്തിന് പയറുവർഗങ്ങൾ വളരെയധികം ആവശ്യമുണ്ട്. പാവപ്പെട്ട ആളുകൾക്ക് പോഷകാഹാര ലഭ്യതയ്ക്ക് അവരുടെ ഭക്ഷണത്തിൽ പ്രോട്ടീൻ ആവശ്യമാണ്. ഈ പയർ വർഗങ്ങളിൽ നിന്നാണ് അതവർക്ക് ലഭിക്കുക. നമ്മുടെ കർഷകൻ വലിയ അളവിൽ പയർവർഗ്ഗങ്ങൾ വളർത്തുകയോ അല്ലെങ്കിൽ ഒരു ഹെക്ടറിന് കൂടുതൽ വിളവ് ലഭിക്കുകയോ ചെയ്താൽ കർഷകന് നല്ല വരുമാനം ലഭിക്കുകയും പാവപ്പെട്ട ആളുകൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്യും. അതിനാൽ, വലിയ അളവിൽ പയർവർഗ്ഗങ്ങൾ വളർത്താനുള്ള വഴികൾ അറിയാൻ ഞാൻ അവിടെ ശാസ്ത്രജ്ഞരുമായി മണിക്കൂറുകൾ ചെലവഴിച്ചു. ധാന്യങ്ങൾ, പയർ, തുവര പരിപ്പ് എന്നിവ കൂടുതൽ ഉത്പാദിപ്പിക്കുന്നതിന് കർഷകർക്ക് എന്തെല്ലാം വഴികൾ സ്വീകരിക്കാം. വാഴപ്പഴത്തിൽ പുതിയ പരീക്ഷണങ്ങൾ നടത്തിയ മറ്റൊരു ശാസ്ത്രജ്ഞനെ ഞാൻ സന്ദർശിച്ചു. എനിക്ക് അതേക്കുറിച്ച് പൂർണ്ണമായി അറിയാത്തതിനാൽ അത് മനസ്സിലാക്കാൻ ഞാൻ ആഗ്രഹിച്ചു. ഞാൻ അവരുമായി ഒരു കൂടിക്കാഴ്ച നടത്തി. ഞാൻ അദ്ദേഹത്തിന്റെ ലാബ് സന്ദർശിക്കുകയും പരീക്ഷണങ്ങൾ നിരീക്ഷിക്കുകയും ചെയ്തു. കൂടുതൽ വിറ്റാമിനുകൾ പോലെ വാഴപ്പഴത്തിലെ പോഷകമൂല്യം വർദ്ധിപ്പിക്കുന്നതിൽ അവർ വലിയ വിജയം നേടിക്കഴിഞ്ഞു. എന്റെ സഹോദരീ സഹോദരന്മാരേ, വാഴപ്പഴം സമ്പന്നർക്ക് ഒരു ഫലമല്ല, എന്നാൽ അത് പാവപ്പെട്ടവന്റെ ഫലമാണ്. കൂടുതൽ വിറ്റാമിനുകളുള്ള കൂടുതൽ പോഷകമൂല്യത്തോടെ വാഴപ്പഴം ഉൽപാദിപ്പിക്കപ്പെടുന്നെങ്കിൽ, അത്തരം ഗവേഷണത്തിലൂടെ എന്റെ രാജ്യത്തെ പാവപ്പെട്ടവരിൽ ഏറ്റവും പാവപ്പെട്ടവർക്ക് വാഴപ്പഴം കഴിക്കാനും കൂടുതൽ പോഷകങ്ങൾ ലഭിക്കാനും കൂടുതൽ കരുത്ത് നേടാനും കഴിയും. ഞാൻ വിദേശത്ത് സന്ദർശിക്കുമ്പോൾ, ഏതൊരു കാര്യത്തിനും എന്റെ രാജ്യത്തെ ദരിദ്രരുടെയും ആദിവാസികളുടെയും കർഷകരുടെയും ക്ഷേമം എന്റെ മനസ്സിൽ നിലനിൽക്കും. ലോകത്തിലെ നല്ലതെന്തും രാജ്യത്തെ പാവപ്പെട്ടവർക്ക് നൽകാൻ ഞാൻ ശ്രമിക്കുന്നു. ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ നിന്നും പാവപ്പെട്ടവർക്ക് പ്രയോജനകരമായതെന്തും നേടാൻ ഞാൻ എപ്പോഴും ശ്രമിക്കുന്നു. ഇതിനായി ഞങ്ങൾ പരിശ്രമിക്കുന്നു. അതിനാൽ, സമയം പ്രയോജനപ്പെടുത്തിക്കൊണ്ട് രാഷ്ട്രത്തിന്റെ പുരോഗതിയെക്കുറിച്ച് ചിന്തിക്കുക.

ജൻ ധൻ യോജനയെക്കുറിച്ച് ഇവിടെ പരാമർശിക്കപ്പെട്ടിരുന്നു. അത് വളരെക്കാലമായി ഇവിടെയുണ്ട് എന്ന രീതിയിൽ ആയിരുന്നു അത്. ബാങ്കുകൾ ദേശസാൽക്കരിക്കപ്പെട്ടിട്ട് 40 വർഷമായി. പാവപ്പെട്ടവരുടെ നന്മയ്ക്കുവേണ്ടിയാണ് ബാങ്കുകളുടെ ദേശസാൽക്കരണം നടത്തിയത്. എന്നാൽ ഇന്നും രാജ്യത്തെ പാവപ്പെട്ടവർക്കു ബാങ്കുകളിലേക്കുള്ള പ്രവേശനം വിദൂരത്തായിരുന്നു.

സാമ്പത്തിക വ്യവസ്ഥയുടെ പ്രധാന ധാരയായി ബാങ്കിംഗ് സംവിധാനം മാറിയിരിക്കുന്നു. ഭാവിയിൽ നമുക്ക് പദ്ധതികൾ ആസൂത്രണം ചെയ്യണമെങ്കിൽ, അവിടെ നിന്നുമാണു തുടങ്ങുക. ജനുവരി 26-ന് പതാക ഉയർത്തുന്നതിനുമുമ്പ് ഞങ്ങളുടെ ലക്ഷ്യം നിറവേറുമെന്ന് ഞങ്ങൾ ഓഗസ്റ്റ് 15-ന് പ്രഖ്യാപിച്ചിരുന്നു. സമയപരിധിക്കുള്ളിൽ ഞങ്ങൾ അത് പൂർത്തിയാക്കിയിരുന്നോ ഇല്ലയോ? പാവപ്പെട്ടവർക്ക് ബാങ്കിൽ പ്രവേശിക്കാനുള്ള അവസരം ലഭിച്ചിരുന്നില്ല, കോട്ടും പാൻറ്സും ടൈയും ധരിച്ച എയർകണ്ടീഷൻ ചെയ്ത മുറികളിൽ നിന്ന് പുറത്തിറങ്ങാറില്ല ബാങ്ക് ജീവനക്കാർ. ആ ബാങ്ക് ജീവനക്കാരാകട്ടെ പാവപ്പെട്ടവരുടെ കുടിലിലേക്ക്, പാവപ്പെട്ടവരുടെ വീട്ടിലേക്ക് പോയി. നിലവിലുള്ള സംവിധാനത്തിൽ പ്രോചോദനം നൽകാനും മാറ്റം വരുത്താനും സർക്കാരിന് സാധ്യമല്ലേ? ഞങ്ങൾ അത് ചെയ്തു. ഇന്ന് ഈ നേട്ടം കൈവരിക്കാൻ സാധിച്ചതിന് ബാങ്കിംഗ് മേഖലയിലെ മുകൾ തട്ട് മുതൽ താഴെ തട്ട് വരെയുള്ള എല്ലാ ജീവനക്കാരെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അവർ ഞങ്ങളുടെ വാക്കുകൾ പാലിക്കുക മാത്രമല്ല അവ നിറവേറ്റുകയും ചെയ്തു. ഇപ്പോൾ, സംവിധാനം നിലവിലുണ്ട്, എംജിഎൻഎആർജിഎയിൽ ധാരാളം ചോർച്ചകളുണ്ടെന്ന് പറയപ്പെട്ടു. ഇപ്പോൾ എംജിഎൻഎആർജി ഫണ്ട് ജൻ ധൻ യോജന വഴി നൽകും, ആധാർ കാർഡ് ഈ ചോർച്ചകൾ കുറയ്ക്കുകയും പണം നേരിട്ട് പാവപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് എത്തുകയും ചെയ്യും. ഞങ്ങൾ എപ്പോഴും പാവപ്പെട്ടവരെക്കുറിച്ചാണ് ചിന്തിക്കുന്നത്, പക്ഷേ

പാവപ്പെട്ടവരുടെ പേരിൽ ഞങ്ങൾ രാഷ്ട്രീയം പ്രവർത്തിക്കുന്നില്ല. പാവങ്ങളെ സേവിക്കുന്നതിലൂടെ നമുക്ക് ദൈവത്തെ സേവിക്കാനുള്ള അവസരം ലഭിച്ചു. അതിനാൽ, ഞങ്ങൾ ജോലി ചെയ്യുമ്പോൾ പാവപ്പെട്ടവരുടെ ക്ഷേമം നമ്മുടെ മനസ്സിൽ സൂക്ഷിച്ച് ഞങ്ങൾ അത് പ്രവർത്തിക്കുകയും ആ ദിശയിൽ ഞങ്ങൾ പരിശ്രമിക്കുകയും ചെയ്യുന്നു.

ശൗചാലയങ്ങളെക്കുറിച്ചു ഞാൻ സംസാരിക്കുമ്പോൾ, ഇതുവരെ ചെയ്ത ജോലികളെക്കുറിച്ച് നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സ്കൂളുകളിൽ ഏകദേശം നാല് ലക്ഷത്തി ഇരുപത്തയ്യായിരം ശൗചാലയങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. നാല് ലക്ഷത്തി ഇരുപത്തയ്യായിരം ടോയ്‌ലറ്റുകളിൽ ഒന്നര ലക്ഷത്തോളം പുതിയ ടോയ്‌ലറ്റുകൾ നിർമ്മിക്കേണ്ടതുണ്ട്. ശേഷിക്കുന്ന ശൗചാലയങ്ങൾ നന്നാക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതുണ്ട്. പുതിയ ഓൺലൈൻ പോർട്ടലുകൾ സൃഷ്ടിക്കുകയും അടയാളപ്പെടുത്തുകയും ചെയ്തു. ഒരു പ്രത്യേക വിലാസത്തിനു ആവശ്യമായ ശൗചാലയങ്ങളുടെ എണ്ണം നമുക്ക് അറിയാൻ സാധിയ്ക്കുന്നു. എല്ലാ വിശദാംശങ്ങളും തയ്യാറാക്കിയിട്ടുണ്ട്. ഇതുവരെ അറുപത് മുതൽ അറുപത്തി അയ്യായിരം വരെ ടോയ്‌ലറ്റുകൾ പെൺകുട്ടികൾക്കായി നിർമ്മിച്ചിട്ടുണ്ടെന്ന് പറയുവാൻ എനിക്ക് സാധിയ്ക്കും. എല്ലാ പാർലമെൻറംഗങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. ഈ ജോലി പൂർത്തിയാക്കുന്നതിനു നിരവധി പാർലമെൻറംഗങ്ങൾ സജീവമായി പങ്കെടുത്തിട്ടുണ്ട്. അവർ അവരുടെ മണ്ഡലങ്ങളിൽ എംപിഎൽഎഡി ഫണ്ടും ഉപയോഗിച്ചിട്ടുണ്ട്. ഇത് സി എസ് ആർ-ലും ഉപയോഗിച്ചിട്ടുണ്ട്. ജില്ലാ ഓഫീസർമാർ സജീവമായി ഉണ്ടായിരുന്നിടത്ത് ജോലി വേഗത്തിൽ നിർവഹിച്ചു. വരും അവധിക്കാലദിനങ്ങളിൽ കളക്ടറോടും ജില്ലയിലെ ഉദ്യോഗസ്ഥരോടും ജോലിയുടെ പുരോഗതിയെക്കുറിച്ച് ചോദിക്കാൻ നമ്മൾ എല്ലാവരും തീരുമാനിക്കണം എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങൾ കത്തുകൾ അയക്കൂ, ജൂൺ മാസത്തിൽ പുതിയ സെഷൻ ആരംഭിക്കുമ്പോൾ, ഈ അവധിക്കാലത്തിന് ശേഷം ടോയ്‌ലറ്റുകൾ നിർമ്മിക്കുന്ന ജോലികൾ ഈ സെഷനുമുമ്പ് അവസാനിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എല്ലാവർക്കും സംതൃപ്തി അനുഭവപ്പെടുമെന്നും ഈ ലക്ഷ്യം കൈവരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ ഈ ജോലി ആരംഭിക്കും, അത് എൻറെ ഉറച്ച വിശ്വാസമാണ്.

ശുചീകരണത്തിൻറെ അനന്തരഫലം എന്താണ്? ഇത് ടൂറിസം വ്യവസായത്തിനു പ്രയോജനം ചെയ്യുന്നു. ഞങ്ങൾ 'ഓൺലൈൻ വിസ', 'വിസ ഓൺ അറൈവൽ' എന്നിവ തുടങ്ങി, ശുചിത്വത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ രണ്ട് സംരംഭങ്ങളും ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിൽ വളരെയധികം സംഭാവന ചെയ്യുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ടൂറിസം മേഖലയിൽ ഗണ്യമായ വളർച്ചയാണ് കാണിക്കുന്നത്. ചിലപ്പോൾ സംഘടിതമായ എതിർ പ്രചാരണം ടൂറിസത്തെ പ്രതികൂലമായി ബാധിക്കുമെങ്കിലും ഈ നടപടികൾ രാജ്യത്തിൻറെ ടൂറിസം വ്യവസായത്തെ ഗണ്യമായി പ്രോത്സാഹിപ്പിച്ചു.

അപ്പോൾ ദുരന്തനിവാരണത്തെ കുറിച്ച്? ഈ കാലയളവിൽ ദേശീയ ദുരന്തം കൈകാര്യം ചെയ്യാത്ത ഒരു സർക്കാരും ഇല്ല. ദുരന്ത നിവാരണത്തിനായി ഓരോ സർക്കാരും പല നടപടികളും സ്വീകരിക്കേണ്ടിയിരുന്നു. എന്നാൽ ദുരന്തം കൈകാര്യം ചെയ്യുന്ന രീതി മാറ്റാവുന്നതാണ്. ജമ്മു-കശ്മീരിനെ വെള്ളപ്പൊക്കം ബാധിച്ചപ്പോൾ, ജമ്മു-കശ്മീരിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെയും ഒരു പട്ടിക ഉണ്ടാക്കി അവരെ അവിടെ അയക്കുക എന്നതായിരുന്നു ഞാൻ ആദ്യം ചെയ്തത്. അന്നത്തെ ആഭ്യന്തര സെക്രട്ടറി ജമ്മു കശ്മീരിലെ പഴയ കേഡറിൽ നിന്നുള്ളയാളായിരുന്നു. ഞാൻ അദ്ദേഹത്തെ ഒരാഴ്ചത്തേക്ക് ജമ്മു-കശ്മീരിലേക്ക് അയച്ചു. എന്തുകൊണ്ട്? ദുരന്ത നിവാരണത്തിനുള്ള ചെക്കുകൾ വിതരണം ചെയ്യുന്നതിനേക്കാൾ കൂടുതൽ ഉത്തരവാദിത്തം ഇന്ത്യൻ സർക്കാരിനുണ്ട്. സാമ്പത്തിക സഹായം നൽകുന്നത് പര്യാപ്തമല്ല.

അവരെ പൂർണ്ണ ശക്തിയോടെ നമ്മൾ പിന്തുണയ്ക്കണം. ഞാൻ തന്നെ കശ്മീരിൽ പോയി വിവിധ ഗ്രൂപ്പുകളുമായി വിശദമായി സംസാരിച്ചു. നമ്മുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് ഗവൺമെൻറിലെ മറ്റ് അംഗങ്ങളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ അവരോടൊപ്പം ഞാൻ ദീപാവലി ആഘോഷിച്ചു. ജോലി പൂർത്തിയായിക്കഴിഞ്ഞാൽ അവരെ അവരുടെ സ്വന്തം വിധിക്ക് നമ്മൾ വിട്ടുകൊടുക്കരുത്. ഇത് നമ്മുടെ ഉത്തരവാദിത്തമാണ്, ഇക്കാര്യത്തിൽ ഞങ്ങൾക്ക് സകാരാത്മകമായ സമീപനമുണ്ട്. ദുരന്തസമയത്ത് നമ്മൾ നിസ്സാര രാഷ്ട്രീയ കളികളിൽ ഏർപ്പെടരുത്. പ്രശ്നത്തെ കൈകാര്യം ചെയ്യുമ്പോൾ ലഭ്യമായ വിഭവങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കുമ്പോൾ ഉത്തരവാദിത്തബോധത്തോടെ ഒരുമിച്ച് നാം പ്രവർത്തിക്കേണ്ടതുണ്ട്. ഞങ്ങൾക്ക് ഈ

സമീപനമുണ്ട്, ഈ ദിശയിൽ മാത്രം പ്രവർത്തിക്കാനുള്ള ഞങ്ങളുടെ ശ്രമമാണത്. ഭൂമി ഏറ്റെടുക്കൽ നിയമത്തെക്കുറിച്ച് കൗതുകകരമായ നിരവധി കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. ചെയ്ത കാര്യങ്ങൾ കുറ്റമറ്റതാണെന്നും അതിനേക്കാൾ മികച്ചതായി ഒന്നും ചെയ്യാൻ കഴിയില്ലെന്നും കരുതി ഒരാളു പോലും ധാർഷ്ട്യം കാണിക്കരുത്. ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ കഴിഞ്ഞ സർക്കാരിനെ ഞങ്ങൾ പൂർണ്ണമായി പിന്തുണച്ചിരുന്നു. ആ ബിൽ തിരക്കിട്ട് പാസാക്കുവാൻ ശ്രമിച്ചതിന് പിന്നിലെ കാരണം രാഷ്ട്രീയ മുതലെടുപ്പു ആയിരുന്നു, ഞങ്ങൾക്കറിയാം. അതിനുശേഷവും ഞങ്ങൾ മുൻ സർക്കാരിനെ പിന്തുണച്ചിരുന്നുവെന്നും ഞങ്ങൾക്കറിയാം. 1894-ലെ നിയമം നിലവിൽ വന്നിട്ട് 120 വർഷങ്ങൾ പിന്നിട്ടിട്ടും 2013 വരെ അതിലെ പോരായ്മകളെ കുറിച്ച് ചർച്ച ചെയ്യാൻ സാധിച്ചില്ലെ എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സ്വാതന്ത്ര്യത്തിൻറെ 60 വർഷത്തിനുശേഷവും നമ്മുടെ കർഷകർ 1894-ൽ നടപ്പാക്കിയ നിയമത്തെ ആശ്രയിക്കേണ്ടി വരുന്നു. നമ്മുടെ കർഷകരുടെ ഈ ദുരവസ്ഥയ്ക്ക് ഉത്തരവാദികൾ ആരാണ്? ഈ നിയമം നടപ്പാക്കിയപ്പോൾ ഞങ്ങൾ മുൻ സർക്കാരിനെ പിന്തുണച്ചു. ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഞങ്ങളുടെ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എല്ലാ സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ രാഷ്ട്രീയ കക്ഷിക്ക് മുകളിലായി കർഷകരെ സഹായിക്കാമെന്ന് ഏക സ്വരത്തിൽ പറഞ്ഞു. കർഷകരുടെ നിലനിൽപ്പ് ജലസേചനത്തെ ആശ്രയിച്ചിരിക്കുന്നു. പക്ഷേ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. ഗ്രാമീണ മേഖലയിലെ പാവപ്പെട്ടവർക്ക് ജീവിക്കാൻ റോഡുകളും വീടുകളും ആവശ്യമാണ്. എന്നാൽ ബി.ജെ.പി പിന്തുണച്ച ഈ നിയമത്തിനും കർഷകർക്ക് പ്രയോജനം നൽകാൻ കഴിയുന്നില്ല.

നമ്മുടെ സംസ്ഥാനങ്ങളിലെ എല്ലാ മുഖ്യമന്ത്രിമാരും ഇത് പ്രസ്താവിച്ചിട്ടുണ്ട്. നമ്മുടെ രാജ്യം ഫെഡറലിസത്തെ പിന്തുടരുന്നു. നമ്മൾ ഫെഡറൽ സഹകരണത്തെക്കുറിച്ച് സംസാരിക്കുന്നു, പക്ഷേ നമ്മുടെ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, പ്രത്യേകിച്ച് അവർ കുഴപ്പത്തിലായപ്പോൾ അത് ശ്രദ്ധിക്കാത്ത വിധം ധാർഷ്ട്യം ആണ് നമുക്ക്. നമുക്ക് അവരുടെ വികാരങ്ങളെ മാനിക്കാനും അവരുടെ ആവശ്യങ്ങൾ സകാരാത്മകമായ മനോഭാവത്തോടെ കേൾക്കാനും കഴിയുന്നില്ലേ? ഞാൻ സൈനിക ഉദ്യോഗസ്ഥരെ കണ്ടു. ഈ നിയമം പാസാക്കിയതിൽ ഞങ്ങളുടെ പാർട്ടിയും പിന്തുണ നൽകിയെന്നതിനാൽ അവർ ഈ നിയമത്തോട് അവർക്കുള്ള നീരസം പ്രകടിപ്പിക്കുകയും ചെയ്തു. ഈ നിയമം മൂലം പ്രതിരോധ പദ്ധതികൾ നടപ്പിലാക്കാൻ കഴിയില്ലെന്ന് അവർ അഭിപ്രായപ്പെട്ടു. ആണവ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് എല്ലാ വിവരങ്ങളും രേഖാമൂലം അവർക്ക് നൽകേണ്ടി വരും. ഞങ്ങൾ നമ്മുടെ പദ്ധതികൾ ആ സ്ഥലത്ത് സ്ഥാപിക്കാൻ പോവുകയാണെന്ന് പാകിസ്ഥാനെ നേരിട്ട് അറിയിക്കുന്നതാണ് നല്ലത്. പ്രതിരോധ പദ്ധതികൾ എങ്ങനെ നടപ്പാക്കുമെന്നതിൽ നമ്മുടെ സൈനിക ഉദ്യോഗസ്ഥർക്ക് ആശങ്കയുണ്ട്. കുറ്റകൃത്യമോ പാപമോ ചെയ്തിട്ടില്ല എന്നതല്ല, പക്ഷേ നിയമത്തിൽ ചില പോരായ്മകളുണ്ട്. അത് തിരുത്തേണ്ടതു നമ്മുടെ ഉത്തരവാദിത്തമല്ലേ? അത് തിരുത്തിക്കൊണ്ടാണ് ഞങ്ങൾ അത് ചെയ്യുന്നത്. മുൻ സർക്കാരിൻറെ ശ്രമങ്ങൾ ഞങ്ങൾ നിഷേധിക്കുന്നില്ല, പക്ഷേ എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ, അത് മാത്രം ചേർക്കാൻ ഞങ്ങൾ ശ്രമിക്കുന്നു.

ദയവായി ഇതിൽ രാഷ്ട്രീയം കളിക്കരുത്. എന്തെങ്കിലും വ്യവസ്ഥ കർഷകർക്ക് എതിരാണെങ്കിൽ മാറ്റങ്ങൾ വരുത്താൻ തയ്യാറാണെന്ന് ഞാൻ ഉറപ്പ് നൽകുന്നു. കിഴക്കൻ ഉത്തർപ്രദേശ്, ബിഹാർ, പശ്ചിമ ബംഗാൾ, ആസാം, വടക്ക് കിഴക്ക് ഒറീസ, കിഴക്കൻ ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ ആകർഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്തിൻറെ പടിഞ്ഞാറ് ഭാഗത്തുള്ള ഗ്രാമങ്ങൾക്ക് റോഡുകൾ പോലുള്ള ചില അടിസ്ഥാന സൗകര്യങ്ങളുണ്ട്, എന്നാൽ ഈ നിയമം മൂലം ഏറ്റവും കൂടുതൽ അനുഭവിച്ച പ്രദേശം ഇന്ത്യയുടെ കിഴക്കൻ ഭാഗമാണ്. ഈ നിയമം അവരുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്നുവെന്ന് മുഖ്യമന്ത്രിമാർ പറഞ്ഞു. നമ്മുടെ രാജ്യത്തിൻറെ പടിഞ്ഞാറൻ ഭാഗത്ത് നൽകിയിട്ടുള്ള അതേ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും നമ്മുടെ രാജ്യത്തിൻറെ കിഴക്കൻ ഭാഗത്തുള്ള ഗ്രാമങ്ങൾക്ക് ഉണ്ടാകരുത് എന്നാണോ? മുൻ സർക്കാർ നടത്തിയ പരിശ്രമങ്ങളെ ഞാൻ ബഹുമാനിക്കുന്നു, പക്ഷേ പോരായ്മകൾ പരിഹരിക്കാൻ സമയബന്ധിതമായ നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. കർഷകരുടെ താൽപ്പര്യാർത്ഥം പോരായ്മകൾ നീക്കം ചെയ്യാനുള്ള ഒരു ശ്രമം മാത്രമാണ് ഇത്. ഇത് ഒരു അഭിമാന പ്രശ്നമാക്കരുതെന്ന് എല്ലാ സഭാംഗങ്ങളോടും ഞാൻ അഭ്യർത്ഥിക്കുന്നു, നേരത്തെ അതിൽ

പ്രവർത്തിച്ചവർക്ക് അതിനുള്ള കടപ്പാട് പരസ്യമായി നല്കാൻ പോലും ഞാൻ തയാറാണ്. ഇത് രാഷ്ട്രീയം കളിക്കാൻ വേണ്ടിയല്ല അതൊന്നും.

മുഖ്യമന്ത്രിമാരുടെ പ്രശ്നങ്ങൾ ഞാൻ കേട്ടു. ഞാനും ഒരു മുഖ്യമന്ത്രിയായി പ്രവർത്തിച്ചിട്ടുണ്ട്. കേന്ദ്രം നടപ്പാക്കിയ നിയമങ്ങളുടെ പേരിൽ സംസ്ഥാനങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളെ കുറിച്ച് ഡെൽഹിയിൽ ഇരുന്ന വിഭാവനം ചെയ്യുക ബുദ്ധിമുട്ടാണെന്ന് എനിക്കറിയാം. ഒരു വിധത്തിൽ, ഞാൻ അവരുടെ പ്രതിനിധി കൂടിയാണ്, കാരണം ഞാൻ വളരെക്കാലമായി ഈ സംഘത്തിൽ ഉണ്ടായിരുന്നു. അവരുടെ ദുരവസ്ഥ എനിക്ക് മനസ്സിലാകും. കർഷകർക്ക് എതിരായ എന്തും തിരുത്താൻ ഞങ്ങൾ തയ്യാറാണ്. ഇപ്പോൾ പോലും ചില പോരായ്മകൾ അവശേഷിച്ചേക്കാം, പക്ഷേ അവ നീക്കം ചെയ്യേണ്ടത് നമ്മുടെ കടമയാണ്. അവർക്ക് അതിൽ നിന്ന് രാഷ്ട്രീയ ലാഭം എടുക്കാൻ സാധിയ്ക്കും. അതിൽ എനിക്ക് ഒരു പ്രശ്നവുമില്ല. അവർക്ക് ജാഥകൾ, റാലികൾ തുടങ്ങിയവ നടത്താൻ കഴിയും, പക്ഷേ അവർ ദേശീയ താൽപ്പര്യത്തിൽ ഊന്നിയും ഒരു തീരുമാനമെടുക്കണം. അതിനാൽ, കക്ഷി രാഷ്ട്രീയത്തിന് ഉപരിയായി ഉയരണം എന്ന് ഞാൻ അംഗങ്ങളോട് അഭ്യർത്ഥിക്കുന്നു.

വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്കായുള്ള "ആക്ട് ഈസ്റ്റ്" നയവുമായി ഞങ്ങൾ മുന്നോട്ട് പോകുന്നു. അലഞ്ഞുതിരിയുന്നയാളും ഒരു സംന്യാസിയുമാണ് ഞാൻ, ഏകദേശം 40 വർഷത്തോളം രാജ്യത്തെ എല്ലാ ജില്ലകളിലും സഞ്ചരിക്കാനുള്ള അവസരം ലഭിച്ചതിൽ ഞാൻ ഭാഗ്യവാനാണ്. വളരെക്കാലം വടക്കുകിഴക്കൻ മേഖലയിലും ഞാൻ ചെലവഴിച്ചിട്ടുണ്ട്. വികസനത്തിന് വളരെയധികം സാധ്യതകളുണ്ട് രാജ്യത്തിൻറെ ഈ ഭാഗങ്ങൾക്ക്. നമ്മുടെ രാജ്യത്തിൻറെ ജൈവ ഉൽപാദനത്തിൻറെ ഒരു കേന്ദ്രമായി ഇത് മാറിയേക്കാം. ഈ ദിവസങ്ങളിൽ ഞാൻ പലപ്പോഴും വടക്ക് കിഴക്ക് സന്ദർശിക്കാറുണ്ട്. ഇതിൽ ഒരു രാഷ്ട്രീയ ഉദ്ദേശ്യമെനിക്കുണ്ടായിരുന്നെങ്കിൽ, 60-80 സീറ്റുകളുള്ള ഒരു സ്ഥലം ഞാൻ തിരഞ്ഞെടുക്കുമായിരുന്നു. നേരെമറിച്ച്, ഞാൻ ഒരു പാർലമെൻറ് മണ്ഡലം മാത്രമുള്ള സംസ്ഥാനങ്ങളിൽ പോയി ഒന്നോ രണ്ടോ ദിവസം അവിടെ ചെലവഴിക്കുന്നു. ഇത് ഞാൻ ചെയ്യുന്നത് രാഷ്ട്രീയ നേട്ടത്തിന് വേണ്ടിയല്ല. എൻറെ രാജ്യത്തിൻറെ അവിഭാജ്യ ഘടകമാണത്, അവരെ എനിക്ക് പരിപാലിക്കേണ്ടതുണ്ട്. എനിക്ക് അവരുമായി എന്നെ ബന്ധപ്പെടുത്തേണ്ടതുണ്ട്. അതിനാൽ, നമ്മുടെ രാജ്യത്തിൻറെ കിഴക്കൻ ഭാഗം പുരോഗമനം കൈവരിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു, നമ്മുടെ രാജ്യത്തിൻറെ പടിഞ്ഞാറൻ ഭാഗത്തിൻറെ പുരോഗതിക്ക് തുല്യമായെങ്കിലും അവരെ എനിക്ക് കൊണ്ടുവരണം. ബീഹാർ, ബംഗാൾ, അസം, വടക്കൻ പ്രദേശം അല്ലെങ്കിൽ കിഴക്കൻ ഉത്തർപ്രദേശ് എന്നിങ്ങനെ എല്ലാ സംസ്ഥാനങ്ങളും തുല്യമായി വികസിപ്പിക്കണം. ഒരു ഭാഗം മറ്റുള്ളവരുടെ ചെലവിൽ വികസിപ്പിക്കുകയും മറ്റേ ഭാഗം വികലമാക്കുകയും ചെയ്താൽ നമ്മുടെ നാടിന് പുരോഗമിക്കാൻ കഴിയില്ല. അതുകൊണ്ടാണ് അവരുടെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. അതിനാൽ, വികസനത്തിന് ഇതിൽ ഊന്നൽ നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ നിങ്ങൾ സഹായിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

സഹകരണ സംയുക്ത ഭരണത്തെയും, ഫെഡറലിസത്തെയും കുറിച്ച് ധാരാളം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. എന്താണ് സംഭവിക്കുന്നതെന്തെന്നാൽ, നമ്മൾ ഓർക്കുന്നത് ഒരു റെയിൽവേ പാലം തയ്യാറായെങ്കിലും രണ്ടു ഭാഗത്തും അതിലേക്കു ബന്ധം ഇല്ലായിരുന്നു. രണ്ട് വർഷത്തിലേറെയായി ഈ പാലം ഉപയോഗശൂന്യമായിരുന്നു. ചിലപ്പോൾ, ഇരുവശത്തും ബന്ധം ഉണ്ടായിരുന്നു, പക്ഷേ പാലം നിർമിച്ചിരുന്നില്ല. ഒന്നുകിൽ നമുക്ക് അവിടുത്തെ സർക്കാരിനെ ഇഷ്ടപ്പെടാത്തതിനാലോ അല്ലെങ്കിൽ ഒരു വകുപ്പ് മറ്റ് വകുപ്പുകളുമായി ഏകോപനം ഇല്ലാത്തതിനാലോ ആകാം അത് സംഭവിച്ചത്. ഫയലുകളിലാണ് ജോലി നടക്കുന്നത്. അത്തരം നൂറുകണക്കിന് പദ്ധതികൾ ഉണ്ട്. ഇത് മാത്രമല്ല, ഒരു ഗ്രാമത്തിലൂടെ ഒരു റെയിൽ കടന്നുപോകുമ്പോൾ, റെയിൽവേ ട്രാക്കിൻറെ മുറവശത്ത് സെറ്റിൽമെൻറ് വികസിക്കാൻ തുടങ്ങി. ജല വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന സമയത്ത് റെയിൽവേ വകുപ്പ് ഉറച്ചുനിൽക്കുകയും രണ്ട് വർഷത്തോളം ജല വിതരണത്തിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കാൻ അനുമതി നൽകാതിരിക്കുകയും ചെയ്തു.

എന്താണ് ഗ്രാമവാസികളുടെ തെറ്റ്? ആര് അധികാരത്തിലിരുന്നാലും ട്രാക്കിന് താഴെള്ളുടെ പൈപ്പ് ലൈൻ സ്ഥാപിച്ച് ജലം നൽകിയെ ആകൂ. ഞാൻ അധികാരത്തിൽ വന്നപ്പോൾ ആദ്യം അത്തരം നിർദ്ദേശങ്ങളെല്ലാം നടപ്പാക്കുവാൻ ഞാൻ അധികാരികളോട് ആവശ്യപ്പെട്ടു. ഞങ്ങൾ അത്തരം കാര്യങ്ങളെല്ലാം നടപ്പാക്കി എന്ന് ഞാൻ

അഭിമാനപൂർവ്വം പറയുന്നു. അവിടെ ഏത് സർക്കാരാണ് അധികാരത്തിലുള്ളതെന്ന് ഞാൻ നോക്കിയില്ല. ഇങ്ങനെയാണ് വികസനം നടക്കുന്നത്. ഈ ദിശയിൽ ഞങ്ങൾ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അനുമതികൾ ലഭിക്കാൻ കാത്ത് തീർപ്പുകൽപ്പിക്കാതെ പലതും ഉണ്ട്. റെയിൽവേയെ എല്ലാ വകുപ്പുകളുമായും ഞാൻ ബന്ധിപ്പിച്ചു. എല്ലാ വകുപ്പുകളും സംയുക്തമായി പ്രവർത്തിക്കണമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളുമായി ഒരുമിച്ച് പ്രവർത്തിക്കുക. റെയിൽവേയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് നീങ്ങുമ്പോൾ, എല്ലാ വകുപ്പുകൾക്കും എങ്ങനെ പ്രവർത്തിക്കാതിരിക്കാനാകും? അത് ചെയ്യാൻ കഴിയില്ല. വികസനത്തിൻറെ ഈ നിർവചനത്തെയാണ് ഞങ്ങൾ പിന്തുടർന്നത്. അതുകൊണ്ടാണ് ഞാൻ സഹകരണ ഫെഡറലിസത്തെക്കുറിച്ച് സംസാരിക്കുന്നത്. ആ സംസ്ഥാനങ്ങളിലെ പ്രശ്നങ്ങളെ നമുക്ക് പരിഹരിക്കേണ്ടതുണ്ട്. 'ആരു ചെയ്യു, ആരാണ് ചെയ്യാതിരുന്നത്' എന്നതിൻറെ അടിസ്ഥാനത്തിൽ രാജ്യത്തിന് പ്രവർത്തിക്കാൻ കഴിയില്ല. രാജ്യത്തിൻറെ പുരോഗതിക്ക് എല്ലാ സംസ്ഥാനങ്ങളെയും അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്. ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന സമയം, "ഇന്ത്യയുടെ വികസനത്തിന് ഗുജറാത്തിൻറെ വികസനം ആവശ്യമാണ്" എന്ന് ഞാൻ പറയാറുണ്ട്.

ഈ മന്ത്രം എപ്പോഴും എൻറെ ഹൃദയത്തോട് ഞാൻ ചേർത്തുനിർത്തി, എല്ലാവരോടും പറയുകയും ചെയ്തു. ഇന്ന് ഞാൻ പറയുന്നത് രാജ്യത്തെ അഭിവൃദ്ധിപ്പെടുത്താൻ സംസ്ഥാനം അഭിവൃദ്ധി പ്രാപിക്കേണ്ടതുണ്ട് എന്നാണ്. രാജ്യത്തെ ശക്തിപ്പെടുത്താൻ, സംസ്ഥാനങ്ങളെ ശക്തിപ്പെടുത്തുക. ഇതാണ് എൻറെ കാഴ്ചപ്പാട്. ഞങ്ങൾ അധികാരത്തിൽ വന്നയുടൻ ധാതുക്കളുടെ റോയൽറ്റി 1.5 മടങ്ങ് വർദ്ധിപ്പിച്ചു. ഈ പണം കൊണ്ട് ആർക്കാണ് പ്രയോജനം ലഭിക്കുക. ഇത് സംസ്ഥാനങ്ങളിലേക്ക് പോകും. ഏതാണ് ഈ സംസ്ഥാനങ്ങൾ? ധാതു നിക്ഷേപങ്ങളാൽ സമ്പന്നമായ സംസ്ഥാനങ്ങളാണിവ. കിഴക്കൻ ഇന്ത്യയുടെ വികസനത്തെക്കുറിച്ച് ഞാൻ പലപ്പോഴും സംസാരിക്കാറുണ്ട്. ഈ സംസ്ഥാനങ്ങൾ അവിടെയുണ്ട്. നമ്മുടെ പശ്ചിമ ഭാഗം ധാതു സമ്പന്നമായ പ്രദേശമാണ്. ഈ ഭാഗങ്ങൾ നേട്ടങ്ങൾ കൊയ്യാൻ പോകുന്നു. കൽക്കരി ലേലം ചെയ്താൽ ആർക്കാണ് പണം ലഭിക്കുക? മുഴുവൻ തുകയും സംസ്ഥാനത്തിൻറെ ട്രഷറിയിൽ നിക്ഷേപിക്കും. ചില സംസ്ഥാനങ്ങൾ അവരുടെ ബജറ്റിനേക്കാൾ കൂടുതൽ പണം ലഭിക്കുമെന്ന് ഒരിയ്ക്കലും സങ്കൽപ്പിച്ചിരുന്നില്ല. അത് നേടിയെടുക്കാൻ അവർ കരുതിയിട്ടുണ്ടോ? ഫെഡറൽ ഘടനയ്ക്ക് കീഴിൽ സംസ്ഥാനങ്ങളെ ശക്തിപ്പെടുത്തുന്ന രീതി അല്ലേയിത്?

ധനകാര്യ കമ്മീഷൻറെ റിപ്പോർട്ട് ഞങ്ങൾ സ്വീകരിച്ചു. ധനകാര്യ കമ്മീഷൻ ഇക്കാര്യത്തിൽ ഏകകണ്ഠമല്ലെങ്കിലും സംസ്ഥാനങ്ങളിലേക്ക് ഞങ്ങൾ 42% മാറ്റുകയാണ്. അവർക്കിടയിൽ തർക്കമുണ്ട്. ഞങ്ങൾക്ക് വേണമെങ്കിൽ അത് പ്രയോജനപ്പെടുത്താമായിരുന്നു, പക്ഷേ വസ്തുതകളോടുള്ള ഞങ്ങളുടെ പ്രതിബദ്ധത കാരണം ഞങ്ങളത് ആഗ്രഹിച്ചില്ല. സംസ്ഥാനങ്ങൾ സമ്പന്നമായിരിക്കണം, അവ ശക്തിപ്പെടുത്തണം, അതിനാൽ ഞങ്ങൾ 42% നൽകുന്നു. ഇതൊരു ചെറിയ തുകയല്ല. തുക കണക്ക് കൂട്ടുമ്പോൾ നിങ്ങൾ ആശ്ചര്യപ്പെടും, അത് ഒരു വലിയ തുകയാണ്. ചില സംസ്ഥാനങ്ങൾക്ക് ഈ തുക സൂക്ഷിക്കാൻ വേണ്ടത്ര പരിശുദ്ധിയില്ല. ഇതിനുപുറമെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവക്കും എന്തെങ്കിലും തരത്തിൽ ഉണ്ടാകുന്ന ദുരന്തനിവാരണത്തിനും പ്രത്യേക വ്യവസ്ഥകൾ ഉണ്ട്.

ഈ തുകകളെല്ലാം ഞാൻ കൂട്ടിച്ചേർത്താൽ, അത് 47-48% വരെ ഉയർന്നേക്കാം. കേന്ദ്രസർക്കാരിലും എല്ലാ സംസ്ഥാന സർക്കാരുകളിലും ലഭ്യമായ ആകെ തുക ഞങ്ങൾ കണക്കുകൂട്ടുകയാണെങ്കിൽ സ്വാതന്ത്ര്യാനന്തരം ഇതാദ്യമായി കേന്ദ്രത്തിലും എല്ലാ സംസ്ഥാന സർക്കാരുകളുടെയും കൈവശം ഉള്ളത് കണക്ക് നോക്കിയാൽ 62% അവരുടെ ഭാഗത്തും 38% കേന്ദ്ര സർക്കാരിൻറെയും ഭാഗത്തുണ്ട് എന്നത് അറിഞ്ഞു നിങ്ങൾ സന്തോഷിക്കും, പ്രത്യേകിച്ചും മുഖ്യമന്ത്രിമാർ. നേരത്തെ ഉണ്ടായിരുന്നതിന് വിപരീതമാണ് സ്ഥിതി. ഞങ്ങൾ കേന്ദ്ര സർക്കാരിൻറെ ട്രഷറി കുറച്ചു, സംസ്ഥാനങ്ങളുടെ ട്രഷറികൾ നിറഞ്ഞു. സംസ്ഥാനങ്ങളെ കൂടുതൽ ശക്തമാക്കണമെന്നും വികസനങ്ങൾക്ക് അവർക്ക് അവസരങ്ങൾ നൽകണമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ ഈ ജോലി ചെയ്യുന്നു, രാഷ്ട്രീയ പക്ഷപാതിത്വമില്ലാതെ പ്രവർത്തിക്കുന്നു. പാർട്ടി പരിധിക്ക് പുറത്താണ് രാജ്യത്തിൻറെ വികസനത്തിനായി എടുത്ത തീരുമാനങ്ങൾ. നമ്മുടെ പതാകയുടെ നിറം ശ്രദ്ധിച്ചാൽ അതിൽ മൂന്നു നിറങ്ങൾ മാത്രമാണ്. മറ്റൊരു നിറവും ഞങ്ങൾ അതിൽ കാണുന്നില്ല. ഞങ്ങൾ ത്രിവർണത്തിനായി പ്രവർത്തിക്കുന്നു.

മാധ്യം സ്പീക്കർ, രാഷ്ട്രീയ കാരണങ്ങളാൽ നമ്മുടെ രാജ്യത്തിൻറെ സിരകളെ വർഗീയതയുടെ വിഷം മലിനമാക്കുന്നു. ഇത് വളരെക്കാലമായി തുടരുകയും നമ്മുടെ രാജ്യത്തെ നശിപ്പിക്കുകയും ഹൃദയങ്ങളെ തകർക്കുകയും ചെയ്തു. പക്ഷേ, അതിൽ ഞങ്ങളുടെ പങ്കിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നു. ഇന്ന്, ഞാൻ ഈ സഭയോട് പറയാൻ ആഗ്രഹിക്കുന്നു, 2013 ഒക്ടോബർ 27 ന് ഞാൻ പട്നയിലെ ഗാന്ധി മൈതാനിലായിരുന്നു. ലക്ഷക്കണക്കിന് ആളുകൾ അവിടെ ഉണ്ടായിരുന്നു. ബോംബുകൾ പൊട്ടുകയും നിരപരാധികൾ കൊല്ലപ്പെടുകയും ചെയ്തു. ഇത് വളരെ വേദനാജനകമായിരുന്നു, രക്തം എല്ലായിടത്തും ഉണ്ടായിരുന്നു. അത്തരമൊരു ഭയാനകമായ സാഹചര്യത്തിൽ ഒരാൾ സംസാരിക്കുകയാണെങ്കിൽ, അയാൾ ഹൃദയം കൊണ്ടു സത്യമേ പറയുകയുള്ളൂ മറ്റൊന്നും അയാളുടെ വായിൽ നിന്ന് വരുന്നില്ല. ഒന്നും മറച്ചു വയ്ക്കുന്നില്ല. വെടിവയ്പ്പ്, സ്ഫോടനം, രക്തച്ചൊരിച്ചിൽ നടക്കുകയും ജനങ്ങൾ മരിച്ചു വീഴുകയും ചെയ്തു. ആ സമയത്ത് ഞാൻ ചെയ്ത എൻറെ പ്രസംഗത്തിൽ ചോദിച്ചു, ഹിന്ദുവിന് ആരോടാണ് യുദ്ധം ചെയ്യേണ്ടത്? അവർക്ക് മുസ്ലീംകളോടോ ദാരിദ്ര്യത്തോടോ യുദ്ധം ചെയ്യണോ? ഞാൻ മുസ്ലീങ്ങളോട് ചോദിച്ചു, അവർക്ക് ഹിന്ദുക്കളുമായി യുദ്ധം ചെയ്യണോ? അതോ ദാരിദ്ര്യത്തോട് യുദ്ധം ചെയ്യണോ? ഞാൻ പറഞ്ഞു, മതി ദാരിദ്ര്യത്തിനെതിരെ നമുക്കൊരുമിച്ചു പോരാടാം. പട്നയിലെ ഗാന്ധി മൈതാനിയിൽ തോക്കുകളുടെ ഇടയിൽ നിന്നാണ് ഞാൻ സംസാരിച്ചത്. അതിനാൽ ദയവായി, ഇല്ലാത്ത കാര്യങ്ങളെ അടിസ്ഥാനമാക്കി തെറ്റായ വാദങ്ങൾ ഉയർത്തുന്നത് നിർത്തുക.

ഇന്ത്യ വൈവിധ്യങ്ങളാൽ നിറഞ്ഞതാണെന്ന് ഈ രാജ്യത്തെ സ്നേഹിക്കുന്ന എല്ലാ വ്യക്തികൾക്കും അറിയാം. നാനാത്വത്തിലെ ഏകത്വമാണ് നമ്മുടെ രാജ്യത്തിൻറെ സ്വത്വം. ഇതാണ് നമ്മുടെ ശക്തി. ഞങ്ങൾ സാരൂപ്യത്തെ അനുകൂലിക്കുന്നില്ല, ഞങ്ങൾ ഏകതയെയാണ് ഇഷ്ടപ്പെടുന്നത്. ഇത് ഇന്ത്യയാണ്, ഇവിടെ എല്ലാ സമുദായങ്ങൾക്കും അഭിവൃദ്ധി പ്രാപിക്കാനുള്ള അവസരങ്ങൾ ലഭിക്കുന്നു. ആയിരക്കണക്കിന് വർഷങ്ങളിലെ നമ്മുടെ ജ്ഞാനം നമ്മുടെ ഭരണഘടനയിൽ പ്രതിഫലിപ്പിക്കുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സാധാരണക്കാരുടെ പ്രതീക്ഷകളും അഭിലാഷങ്ങളും നമ്മുടെ ഭരണഘടനയിൽ പ്രതിഫലിപ്പിക്കുന്നു. ഭരണഘടന അനുശാസിക്കുന്ന പരിധികളിൽ നിന്നുകൊണ്ടേ രാജ്യത്തിന് പ്രവർത്തിക്കാനാകൂ, അവയെ മറികടന്നു കൊണ്ടല്ല. നിയമം ലംഘിക്കാൻ ആർക്കും അവകാശമില്ല. സമുദായത്തിൻറെ അടിസ്ഥാനത്തിൽ വിവേചനം കാണിക്കാൻ ആർക്കും അവകാശമില്ല. മുന്നോട്ട് നടക്കാൻ എല്ലാവർക്കും അവകാശമുണ്ട്, അത് എൻറെ ഉത്തരവാദിത്തമാണ്. ഞാൻ ഗവൺമെൻറിലുണ്ട്. സർക്കാരിൻറെ പ്രവർത്തനം തീരുമാനിക്കേണ്ടത് എൻറെ കടമയാണ്. അതിനാൽ, സമുദായത്തിൻറെ പേരിൽ അസംബന്ധം പറയുന്നവരോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നു, നിങ്ങളെ നിശബ്ദനാക്കാൻ എനിക്ക് നിരവധി വാദങ്ങൾ നിരത്താനാകും. സമയം പാഴാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങളുടെ പ്രതിബദ്ധത ഉറപ്പിച്ച് പറയുവാൻ ഞാനാഗ്രഹിക്കുന്നു. എൻറെ സർക്കാരിന് ഒരു ധർമ്മമേയുള്ളൂ, അത് ഇന്ത്യയാണ് ഏറ്റവും പ്രഥമം എന്നതാണു. ആ പ്രതിബദ്ധത ഉറപ്പിച്ച് പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഭരണഘടനയാണ് എൻറെ സർക്കാർ പിന്തുടരുന്ന വേദഗ്രന്ഥം. രാജ്യത്തെ 1.25 ബില്യണിലധികം ജനങ്ങളുടെ ക്ഷേമത്തിനായി മാത്രമാണ് എൻറെ സർക്കാർ സമർപ്പിക്കപ്പെട്ടിരിക്കുന്നത്.

എൻറെ ഗവൺമെൻറിന് ഒരേയൊരു പ്രവർത്തനശൈലി മാത്രമേയുള്ളൂ, അത് എല്ലാവരുടെയും ഒപ്പം, എല്ലാവരുടെയും വികസനം എന്നതാണ് (സബ്കാ സാത്, സബ്കാ വികാസ്). അതിനാൽ, ഭരണഘടന നിശ്ചയിച്ചിരിക്കുന്ന പരിധിക്കുള്ളിൽ നിന്ന് ഭരണഘടനയോടൊപ്പം പുരോഗമിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. "ഏകം സത് വിപ്രാ ബഹുദാ വദന്തി", "സത്യം ഒന്നാണ്, ജ്ഞാനികൾ അതിനെ പല പേരുകളിൽ വിളിക്കുന്നു" എന്നതാണ് നമ്മുടെ തത്വശാസ്ത്രം. നമ്മൾ ആ ജനങ്ങളിൽ ഒന്നാണ്. അത് മാത്രമല്ല, ഈ രാജ്യത്താണ് ഗുരുനാനാക്ക് ഇങ്ങനെ പറഞ്ഞത്, ‘‘സബ് മേം ഹായ് രബ് രഹിയാ, പ്രഭു ഏകൈ. പേത്ത് പേത്ത് നനം നിക്സായി.’’ ദൈവം എല്ലാവരിലും ഉണ്ട്. എവരിലും അവനെ കാണുമ്പോൾ നാനാക്ക് സന്തോഷിക്കുന്നു. അത് നമ്മുടെ അന്തർ ബോധമാണ്. അത് നമ്മുടെ പാരമ്പര്യമാണ്. "തേൻ ത്യക്തേൻ ഭുഞ്ജിത" എന്ന മന്ത്രം പിന്തുടരുന്ന ആളുകളാണ് നമ്മൾ. അതുകൊണ്ട്, 'സബ്കാ സാത്, സബ്കാ വികാസ്' എന്ന് ഞാൻ പറയുമ്പോൾ, എല്ലാവർക്കും വികസനം കൈവരിക്കാൻ നിങ്ങളുടെ സഹകരണവും ഞാൻ തേടുന്നു.

തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്ക് വച്ച എല്ലാ ബഹുമാന്യ അംഗങ്ങൾക്കും ഒരിക്കൽക്കൂടി ഞാൻ നന്ദി പറയുന്നു. ഇവിടെ നൽകിയ അമൂല്യമായ നിർദേശങ്ങൾ രാജ്യത്തിൻറെ ക്ഷേമത്തിന് ബാധകമായ എല്ലായിടത്തും നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യും. ഇന്ത്യയുടെ രാഷ്ട്രപതിക്ക് എൻറെ ഹൃദയത്തിൻറെ ഉള്ളിൽ നിന്നും നന്ദി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു, മുന്നോട്ട് മാർഗനിർദേശം അദ്ദേഹം തന്നുകൊണ്ടിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

നന്ദി.

പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി
ലോക്സഭയിൽ നടത്തിയ
പ്രസ്താവന

മാർച്ച് 9, 2015

മാർച്ച് 09, 2015

ലോക് സഭ

ജമ്മു&കശ്മീരിലെ ഗവൺമെൻറ് വിഘടനവാദികളെ വിട്ടയച്ച വിഷയത്തിൽ ശ്രീ നരേന്ദ്ര മോദി

ഭാവിയിൽ സമയം അനുവദിക്കുമ്പോൾ രാഷ്ട്രീയ പ്രസ്താവനകൾ പാസാക്കാമെന്ന് ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളോട് ഞാൻ അഭ്യർഥിക്കുന്നു. സർക്കാരിൻറെ സഖ്യകക്ഷിയാണ് ഭാരതീയ ജനതാ പാർട്ടി. അതിനായി നിങ്ങൾക്ക് ശക്തമായി വിമർശിക്കാം, കാരണം അത് നിങ്ങളുടെ അവകാശമാണ്, വിമർശനം ഉണ്ടായിരിക്കണം. എന്നിരുന്നാലും, രാജ്യത്തിൻറെ ഐക്യത്തെക്കുറിച്ച് വ്യത്യസ്തമായ രീതികളിൽ സന്ദേശം പ്രചരിപ്പിക്കരുത്. ഈ സന്ദേശം ലോകത്താകമാനം പ്രചരിപ്പിക്കരുത്, കശ്മീരിലോ രാജ്യത്തോ പ്രചരിപ്പിക്കാൻ അനുവദിക്കരുത്.

ഈ ഗവൺമെൻറ് അത്തരം ഒരു പ്രവർത്തനത്തെയും പിന്തുണയ്ക്കുന്നില്ലെന്ന് ഈ സഭയ്ക്കും രാജ്യത്തിനും ഉറപ്പു നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്തിൻറെ ഐക്യത്തിലും അഖണ്ഡതയിലും ഒരു വിട്ടുവീഴ്ചയും അംഗീകരിക്കാൻ കഴിയില്ല. ഞങ്ങൾ ഭരണഘടനയുടെ പരിധിക്കുള്ളിൽ നിന്ന് നടപടികളെടുക്കും, ഭാവിയിലും ഞങ്ങൾ അത് ചെയ്യും. സഭയ്ക്ക് ഇക്കാര്യം വാശാനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് മോദിജി മിണ്ടാത്തതെന്ന മറ്റൊരു കാര്യം സൂചിപ്പിച്ചു. ഈ വിഷയത്തിൽ എനിക്കുള്ള വീക്ഷണങ്ങൾ ആ സഭയിൽ ഞാൻ വിശദമായി പറയുകയുണ്ടായിരുന്നു, അതിനാൽ നമ്മൾ നിശബ്ദരാകേണ്ട ഒരു കാരണവുമില്ല. ഈ വിഷയങ്ങളിൽ ഈ ആദർശങ്ങൾക്കു വേണ്ടിയാണല്ലോ ശ്യാമപ്രസാദ് മുഖർജിയെ നമ്മൾ പരിത്യാഗം ചെയ്തത്. അതുകൊണ്ട് ദയവുചെയ്ത് ഞങ്ങളെ ദേശസ്നേഹം പഠിപ്പിക്കരുത്.

സഭയുടെ നടത്തിപ്പിനെക്കുറിച്ച് ഇന്ന് ഒരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു, ഇന്ത്യയുടെ പരമാധികാര അധികാരമായ പാർലമെൻറിൽ ഇന്ത്യയെ ഭരിക്കാനുള്ള ഉത്തരവാദിത്തവുമായിട്ടാണ് ഞങ്ങൾ വന്നിരിക്കുന്നത്. തീർച്ചയായും ഈ പരമാധികാര സമിതിയിലെ അംഗമായതിനാൽ ഇതിലും വലിയ മറ്റൊരു ഉത്തരവാദിത്തമോ ഭാഗ്യമോ ഉണ്ടാകുകയില്ല, കാരണം ഈ രാജ്യത്തെ വലിയ ജനസംഖ്യയുടെ ഭാഗധേയത്തിന് ഈ സഭ ഉത്തരവാദിയാണ്. എല്ലായ്പ്പോഴും അല്ലെങ്കിലും ജീവിതത്തിൽ എപ്പോഴെങ്കിലും ഈ മഹത്തായ ഉത്തരവാദിത്തബോധം നമുക്കെല്ലാവർക്കും തോന്നിയിട്ടുണ്ടാകണം. ഈ ഭാഗധേയത്തിൽ നാമത് അനുഭവിച്ചിരിക്കണം. നമുക്ക് യോഗ്യതയുണ്ടോ ഇല്ലയോ എന്നത് വേറെ കാര്യം. അതിനാൽ, ഈ അഞ്ച് വർഷത്തിനിടയിൽ ചരിത്രത്തിൻറെ അരികിൽ മാത്രമല്ല, ചിലപ്പോൾ ചരിത്രം സൃഷ്ടിക്കുന്ന പ്രക്രിയയിലും ഞങ്ങൾ പങ്കാളികളായിരുന്നു. നമ്മുടെ പ്രഥമ പ്രധാനമന്ത്രി ബഹു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ജിയാണ് 1957-ൽ ഇതുയും ഉയർന്ന ബഹുമാനം എംപിമാരോട് പ്രകടിപ്പിച്ചത്. ആ സമയത്ത് നമ്മൾ ആരും അവിടെ ഉണ്ടായിരുന്നില്ല. ഞങ്ങൾ ആരും തന്നെ, ഞങ്ങളുടെ പാർട്ടിയിൽ നിന്നുള്ള ആരും ഉണ്ടായിരുന്നില്ല. അദ്ദേഹം അന്നുതന്നെ പറഞ്ഞിരുന്നു. രാജ്യം അത് അറിയേണ്ടത് പ്രധാനമാണ് എന്നത് കൊണ്ടാണ് ഞാൻ അത് പരാമർശിക്കുന്നത്. ബഹളങ്ങളുടെ ഇടയിൽ, നിങ്ങളുടെ നിശ്ചയദാർഢ്യവും ശക്തമായ ഇച്ഛാശക്തിയും കാരണം ചില ബില്ലുകൾ ഈ ലോക്സഭയിൽ പാസാക്കിയെങ്കിലും അവയ്ക്ക് അധികം ദൂരം മുന്നോട്ട് പോകാൻ കഴിഞ്ഞില്ല. ദേശീയ ജലപാത ബിൽ - ഒഴുകുന്ന വെള്ളത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സാധ്യതകൾ കണക്കാക്കിക്കൊണ്ടു ഒരു പദ്ധതിയുമായി പ്രവർത്തിക്കാൻ സർക്കാർ ആഗ്രഹിക്കുന്നു. ഒരു ബില്ല് തടസ്സപ്പെടുത്തിക്കൊണ്ട് രാജ്യത്തിന് എന്ത് ഗുണമാണ് നമ്മൾ ചെയ്യുന്നത്? രാഷ്ട്രപതി തൻറെ പ്രസംഗത്തിൽ പരാമർശിച്ചിരുന്നു. അതേ വിധത്തിൽ വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ (ഭേദഗതി) ബില്ലും, പൗര കേന്ദ്രീകൃത പ്രശ്നങ്ങൾ എന്ന് വിളിക്കപ്പെടാവുന്ന പ്രശ്നങ്ങളാണ് ഇവ. ജാഗ്രതയുള്ള പൗരന്മാരുടെ അവകാശങ്ങളെക്കുറിച്ച് നമ്മൾ സംസാരിക്കണം. ഈ ബിൽ സ്തംഭിപ്പിക്കുന്നതിന് പിന്നിൽ ഒരു യുക്തിയും ഞാൻ കാണുന്നില്ല.

അതുപോലെ ഇന്നലെ മുതൽ കേൾക്കുന്നത് ജിഎസ്ടി നമ്മുടെ ബുദ്ധിയായിരുന്നു എന്നാണ് . ഇതും നിങ്ങളുടേതാണ്, ജിഎസ്ടി ബില്ലും നിങ്ങളുടേതാണ്. എന്തിനാണ് നിർത്തുന്നത്? ഉപഭോക്തൃ സംരക്ഷണ ബിൽ - ആരാണ് ഉപഭോക്താവ്? അത് തടയപ്പെട്ടു, ഇൻസോൾവൻസി ആൻഡ് ബാങ്ക് റപ്സി കോഡിനും ഇതേ വിധിയാണ് നേരിട്ടത്. ഒന്നു ചിന്തിച്ച് നോക്കാം. ബഹുമാനപ്പെട്ട രാഷ്ട്രപതിയാണ് നമ്മുടെ ഭരണഘടനയിലെ പരമോന്നത ഉദ്യോഗസ്ഥൻ. അദ്ദേഹത്തിൻറെ ഉപദേശം ഞങ്ങൾ തീർച്ചയായും സ്വീകരിക്കും. പാർലമെൻറിൻറെ പ്രവർത്തനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, എല്ലാ ബഹുമാന്യ അംഗങ്ങളുടെയും മുമ്പാകെ എൻറെ കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അംഗങ്ങൾ പ്രധാനമന്ത്രി എന്ന നിലയിൽ ഞാൻ പറയുന്നത് കേൾക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ ആദ്യമായി എം.പി ആയ ഒരാളുടെ നിരീക്ഷണങ്ങളായി ഇതിനെ കണക്കാക്കാം.

കഴിഞ്ഞ 14 വർഷമായി എനിക്ക് നിരവധി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നുണ്ട്. ഒരെണ്ണം കൂടി കിട്ടുന്നതിൽ എനിക്ക് വിഷമമില്ല. ഞാൻ നിങ്ങളോട് അങ്ങേയറ്റം നന്ദിയുള്ളവനാണ്. ബഹുമാനാർത്ഥം നിങ്ങളുടെ മുന്നിൽ തല കുനിക്കുന്നു. എനിക്ക് ഒരു നിർദ്ദേശമുണ്ട്, മാർച്ച് 5, 6 തീയതികളിൽ നിങ്ങൾ ഒരു പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ട്. ഇത്തവണ മാർച്ച് 8-ന്, അതായത് അന്താരാഷ്ട്ര വനിതാ ദിനത്തിൽ, നമ്മുടെ സഭ നടപടികൾ ഉണ്ടാകും. മാർച്ച് എട്ടിന് അന്നത്തെ അജണ്ട അതേപടി തുടരണം. എന്നാൽ മാർച്ച് 8-ന് നമ്മുടെ വനിതാ അംഗങ്ങൾ മാത്രമേ സംസാരിക്കൂ എന്ന് നമുക്ക് തീരുമാനിക്കാമോ? നമ്മുടെ കാലത്തെ അവസ്ഥ ഇതായിരുന്നുവെന്ന് പറയപ്പെടുന്നു; നിങ്ങളുടെ കാലത്തും ഇങ്ങനെയാണ്. നിങ്ങൾ അങ്ങനെയാണ്, നമ്മളും അങ്ങനെയായിരുന്നു. ഇന്ന് നമ്മളെ കുറിച്ച് എല്ലാം രാജ്യത്തിന് അറിയാം. നമ്മളെല്ലാവരും ആരാണെന്നും നമ്മൾ എവിടെ നിൽക്കുന്നുവെന്നും നമ്മൾ എന്താണ് ചിന്തിക്കുന്നതെന്നും രാജ്യത്തിന് മുഴുവൻ അറിയാം. വർഷത്തിൽ ഒരിക്കൽ രണ്ട് സെഷനുകൾ ഷെഡ്യൂൾ ചെയ്യണോ അല്ലെങ്കിൽ ഒരു സെഷൻ, അതിൽ ഒരാഴ്ച ആദ്യമായി എംപിമാരായവരെ സംസാരിക്കാൻ ക്ഷണിക്കുന്നു, ഇതേക്കുറിച്ച് എല്ലാ

മുതിർന്ന പ്രമുഖ അംഗങ്ങളിൽ നിന്നും മാർഗ്ഗനിർദ്ദേശം ലഭിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. ആദ്യമായി വന്ന ആൾ എന്ന നിലയിൽ അല്ല ഞാൻ ഇത് പറയുന്നത്. ഈ സഭയിൽ പുത്തൻ ആശയങ്ങൾ ആവശ്യമാണെന്ന് തോന്നിയതിനാലാണ് ഞാൻ ഇത് പറയുന്നത്. എംപിമാർ പുതിയ പരിപാടികളിൽ താൽപ്പര്യം പ്രകടിപ്പിക്കുന്നതിനാൽ, അവർക്ക് അവസരങ്ങൾ നൽകണമെന്ന് കരുതുന്നതിനാലാണ് ഞാൻ ഇത് പറയുന്നത്. പുതിയ എംപിമാർക്ക് രാജ്യത്തിന് വേണ്ടി ഒരുപാട് പുതിയ കാര്യങ്ങൾ നമ്മുടെ മുന്നിൽ വയ്ക്കാൻ കഴിയും, ആ ആശയങ്ങളിൽ നമുക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയും.

ഐക്യരാഷ്ട്രസഭ രൂപപ്പെടുത്തിയ സുസ്ഥിര വികസന ലക്ഷ്യങ്ങൾ ലോകമെമ്പാടുമുള്ള രാജ്യങ്ങൾ നിർദേശിച്ചിട്ടുണ്ട് . ഹിന്ദിയിൽ 'ടികൗ വികാസ് ലക്ഷ്യ' എന്ന് വളരെ നല്ല രീതിയിൽ നമ്മുടെ നേതാവ് സുഷമാജി അതിനെ ഹിന്ദിയിലേക്ക് മാറ്റിയിട്ടുണ്ട് . ഗവൺമെൻറ് അവിടെ പോയി നമ്മുടെ അഭിപ്രായം പ്രകടിപ്പിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്. എനിക്കൊരു ആശയമുണ്ട് , സഭയിലെ എല്ലാ അംഗങ്ങൾക്കും ശനിയാഴ്ച , ഒരു ദിവസം കൂടി ഇരിക്കാമോ? സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ നമുക്ക് ചെയ്യാൻ ആകുന്നതെന്ത് എന്നു കണ്ടെത്തുവാൻ , അന്താരാഷ്ട്ര ലോകത്ത്, ഇന്ത്യ അതിൽ വഹിക്കുന്ന പങ്ക് പ്രകടമാക്കുവാൻ ഒരു സെഷനിൽ ഒന്നോ രണ്ടോ ദിവസം നമുക്ക് നമുക്കൊരുമിച്ചിരുന്നുകൂടെ ? നമ്മുടെ എല്ലാം അജണ്ടകളിൽ പലതും കണ്ടേക്കാം , എന്നാൽ ഒരു രീതിയിലും രാഷ്ട്രീയവും ഇല്ലാത്ത ഒരു നിമിഷം ഉണ്ടാകണം, ദേശീയവും മാനുഷികവുമായ ആശങ്കകൾ മാത്രം ചർച്ച ചെയ്യപ്പെടണം. ഇതേക്കുറിച്ച് തീർച്ചയായും ചിന്തിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

നമ്മുടെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ നിലവാരം വളരെ ആശങ്കാജനകമാണ്. രാജ്യത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ നമ്മൾ ശ്രദ്ധിച്ചില്ലെങ്കിൽ നമ്മുടെ ഭാവി എന്താകും? പരിസ്ഥിതി, ആഗോളതാപനം, സിഒപി -21(കോൺഫെറൻസ് ഓഫ് ദി പാരിസ് -21), ജലം എന്നി വിഷയങ്ങളിലും നമ്മൾ ശ്രദ്ധാപൂർവം പ്രവർത്തിക്കണം

മൂന്ന് പോയിന്റുകൾ കൂടി നിങ്ങളുമായി പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. അത് ഈ ഗവൺമെന്റോ മറ്റൊരു സർക്കാരോ ആകട്ടെ, വിദ്യാഭ്യാസം സംസ്ഥാനങ്ങളുടെ വിഷയമാണെങ്കിലും നമ്മുടെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ നിലവാരം അത്യന്തം ആശങ്കാജനകമാണ്, ഏറ്റവും വേദനാജനകമായ കാര്യമാണ്. നാട്ടിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ നമ്മുടെ ഭാവി എന്താകും? അതുപോലെ, പരിസ്ഥിതി, ആഗോളതാപനം, സിഒപി -21 എന്നിവയിലും നാം പ്രവർത്തിക്കണം, പക്ഷേ ജലത്തിന്റെ പ്രശ്നം നമുക്ക് വലിയ സാമൂഹിക ഉത്തരവാദിത്തമാണ്. അതുപോലെ, എല്ലാവർക്കും ആശങ്കയുള്ള ഒരു വിഷയമുണ്ട്, അതിൽ ആശങ്കപ്പെടാൻ കാരണങ്ങളുണ്ട്, അതിന്റെ ആഴത്തിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, നീതിയിലെ കാലതാമസം നീതി നിഷേധമാണെന്ന് നാമെല്ലാവരും ഓർക്കണം . ഇന്നും നമ്മുടെ കീഴ്ക്കോടതികളിൽ നിരവധി കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്. നമുക്ക് എപ്പോഴെങ്കിലും സഭയിൽ ഇരുന്നു ഈ പ്രശ്നം പരിഹരിക്കാനുള്ള വഴികൾ ചർച്ചചെയ്യാമോ അല്ലെങ്കിൽ ഈ പ്രശ്നത്തിൽ നിന്ന് രക്ഷപ്പെടാനുള്ള വഴികളെക്കുറിച്ച് ചിന്തിക്കാമോ? അത്തരത്തിലുള്ള ഒന്നോ രണ്ടോ വിഷയങ്ങളിൽ നമുക്ക് തീരുമാനമെടുത്ത് ആറുമാസം മുമ്പേ തീരുമാനിക്കാം. നമുക്ക് വിദഗ്ധരുടെ അഭിപ്രായം സ്വീകരിക്കാം, ഗുണപരമായ സംവാദം നടത്തി അതിൽ നിന്ന് എന്തെങ്കിലും മൂല്യവത്തായ ആശയങ്ങളും പ്രവർത്തനക്ഷമമായ പോയിന്റുകളും വേർതിരിച്ചെടുക്കാൻ കഴിയുമോ എന്ന് നോക്കാം, ആ പോയിന്റുകൾ ഏതെങ്കിലും ഗവൺമെന്റിന്റെതല്ല, സഭയുടെ സ്വത്താണ്.

സർക്കാരിനെ പ്രശംസിക്കാൻ പാടില്ല. അനുഭവപരിചയമുള്ള ഒരുപാട് പേർ ഈ സഭയിലുണ്ട്. അതുകൊണ്ട്, കൂട്ടായ ആലോചന ഉണ്ടാകണം, .എന്തുകൊണ്ട് അംഗങ്ങൾക്ക് ഒരു ദിവസം ഇല്ല എന്ന ഒരു കാര്യം ശ്രീ സത്പതി ജി കഴിഞ്ഞ തവണ ഉന്നയിച്ചിരുന്നുവെന്ന് എനിക്കറിയാം. ഞാൻ അതേ കാര്യം അല്പം ഘടനാപരമായ രീതിയിൽ അവതരിപ്പിക്കുന്നു. ശ്രീ സത്പതിയുടെ പ്രസംഗം ശ്രദ്ധിച്ചപ്പോഴാണ് ഈ ചിന്ത വാസ്തവത്തിൽ എന്റെ മനസ്സിൽ വന്നത്. അതിനാൽ, ഈ കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയുമെങ്കിൽ, അത് മിക്കവാറും പൂർത്തീകരിക്കപ്പെടുമെന്ന് ഞാൻ കരുതുന്നു

ബഹളം സൃഷ്ടിച്ച് സഭ നിർത്തിവയ്ക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നത് ചിലപ്പോൾ ജനങ്ങൾക്കിടയിൽ പൊതു ചർച്ചാ വിഷയമായി മാറിയേക്കാം. സർക്കാർ തങ്ങളെ ശ്രദ്ധിക്കാത്തതുകൊണ്ടു ഗവൺമെന്റിനെ പ്രവർത്തിക്കാൻ അനുവദിക്കുന്നതല്ലെന്ന് ചിലർ പറഞ്ഞേക്കാം, എണ്ണത്തിൽ കുറവായിട്ടും ഗവൺമെന്റിന് മുന്നിൽ തങ്ങളുടെ ശക്തി പ്രകടിപ്പിച്ചു എന്ന് ചിന്തിക്കാനും ഇത് ആരെയെങ്കിലും പ്രേരിപ്പിച്ചേക്കാം. ഇതെല്ലാം നടക്കുന്നു. പക്ഷേ, ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം കൂടിയുണ്ട്. എന്തുകൊണ്ടാണ് ഈ സഭയെ പ്രവർത്തിക്കാൻ അനുവദിക്കാത്തത്? സർക്കാരിനെതിരെ ദേഷ്യം ഉള്ളതുകൊണ്ടല്ല, മറിച്ച് ഒരു അപകർഷതാ ബോധം കാരണം പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല . മിടുക്കരായ , നാളെയുടെ വാഗ്ദാനങ്ങളായ ജനപ്രതിനിധികൾ പ്രതിപക്ഷത്ത് ഉള്ളതിനാൽ അവരെ നമ്മൾ ശ്രദ്ധിക്കണമെന്ന് ഞാൻ വിശ്വസിക്കുന്നു , അവരുടെ ആശയങ്ങൾ വലിയ സമ്പത്താണ്. സഭ നടന്നാൽ ഞങ്ങൾക്ക് സംസാരിക്കാൻ അവസരം ലഭിക്കുമെന്നും സംസാരിച്ചാൽ അവർക്ക് കയ്യടി കിട്ടുമെന്നും അപ്പോൾ തങ്ങൾക്ക് എന്ത് സംഭവിക്കുമെന്നും ഈ സഭയെ തടസ്സപ്പെടുത്തുന്നവർ ഭയപ്പെടുന്നു. ഇതാണ് അപകർഷതാ ബോധം. പ്രതിപക്ഷത്തിന്റെ ശക്തരായ എംപിമാർക്ക് സംസാരിക്കരുത്, പ്രതിപക്ഷത്തെ, കഴിവുള്ള എംപിമാരെ രാജ്യത്തിന് പരിചയപ്പെടുത്തരുത്, അത് കൊണ്ട് സർക്കാരിനെ തടയുന്നത് മറ്റൊരു പ്രശ്നമാണ്. പക്ഷേ ഒരാളെ പ്രതിപക്ഷത്ത് ശക്തരാക്കാൻ അനുവദിക്കരുത്, അവർ നാളെയുടെ വാഗ്ദാനമായി തോന്നരുത് എന്നത് അപകർഷതാബോധത്തിന്റെ ഫലമാണ്. ഇത്തവണ പാർലമെന്റ് സമ്മേളനം നടക്കുമ്പോൾ, നമുക്ക് എത്രയോ പ്രഗത്ഭരായ വ്യക്തികൾ ഉണ്ട്, എത്ര മഹത്തായ ആശയങ്ങൾ ആണുള്ളത് എന്നെനിക്ക് മനസ്സിലായി, എന്നാൽ കഴിഞ്ഞ രണ്ട് ലോക്സഭാ കാലത്ത് അതിന്റെ പ്രയോജനം നേടാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. അതിനാൽ, ഇത് വളരെ പ്രധാനമാണെന്ന് ഞാൻ കരുതുന്നു. ഒരുപാട് പഠിച്ച് ശേഷം ഇവിടെ വരുന്നവരെ ഞാൻ കണ്ടിട്ടുണ്ട്. അവരിൽ ചിലർ മൂന്ന് നാല് അംഗങ്ങൾ മാത്രമുള്ള ചെറിയ പ്രതിപക്ഷ പാർട്ടികളുടേതാണ്. ചില അംഗങ്ങൾ സ്വയം രസിപ്പിക്കുകയും ചെയ്യുന്നു.

ചിലത് വായിക്കുമ്പോൾ ചില കാര്യങ്ങൾ എന്റെ മനസ്സിൽ വരും. നമ്മൾ ആരെയും പരിഹസിക്കരുത്. പക്ഷേ നമ്മൾ "മെയ്ക്ക് ഇൻ ഇന്ത്യ"യെ പരിഹസിക്കുകയാണ് . "മെയ്ക്ക് ഇൻ ഇന്ത്യ" രാജ്യത്തിന് വേണ്ടിയാണ്. അതെ, അത് വിജയിച്ചില്ലെങ്കിൽ, അതിന്റെ പോരായ്മകളെക്കുറിച്ച് മനസിലാക്കി അതിനെ വിജയകരമാക്കുവാൻ നാം ശ്രമിക്കണം. ഈ പോരായ്മകൾ ചർച്ച ചെയ്യണം. എനിക്ക് ഒരു കാര്യം പറയാനുണ്ട്, എന്തിനാണ് മറ്റുള്ളവർക്ക് മുന്നിൽ നമ്മുടെ രാജ്യത്തെ ഇങ്ങിനെ അപഹസിക്കുന്നത്? നമ്മൾ ഭിക്ഷാപാത്രവുമായി ഇറങ്ങി, നമ്മളെത്തന്നെ അപകീർത്തിപ്പെടുത്തുമ്പോൾ മറ്റുള്ളവർക്ക് അത് ഉറപ്പോടെ പറയാൻ ആവശ്യമായ കാരണങ്ങൾ ലഭിക്കും.

ഇന്ദ്രപ്രസ്ഥ കോളേജിൽ വച്ച് 1974-ലാണ് ഇന്ദിരാജി ഈ പ്രസംഗം നടത്തിയത്. അതിനാൽ ഞങ്ങൾ ഏതെങ്കിലും പുതിയ പദ്ധതി കൊണ്ടുവരുന്നതിനെ കാത്തു നിൽക്കുക എതിർപ്പുകളാണ് , പ്രായം കൂടുന്നത് ചിലർക്ക് കൂടുതൽ ജ്ഞാനം നൽകില്ല, കാര്യങ്ങൾ മനസിലാക്കാൻ അവർക്ക് വളരെയധികം സമയമെടുക്കും എന്നത് സത്യമാണ്. അതുകൊണ്ടാണ് പ്രതിഷേധിക്കാൻ ഒന്നല്ലെങ്കിൽ മറ്റൊരു വഴി അവർ കണ്ടെത്തുന്നത്. അക്കാരണത്താൽ ഞാൻ ഈ മനോവേദനയുള്ള വാക്കുകൾ പങ്കിടാൻ ആഗ്രഹിക്കുന്നു:

"നമ്മുടെ രാജ്യത്ത് നിരവധി പ്രശ്നങ്ങളുണ്ട്, അവയിൽ മിക്കതും വളരെ പഴക്കമുള്ളവയാണ് - ദാരിദ്ര്യം, പിന്നോക്കാവസ്ഥ, അന്ധവിശ്വാസങ്ങൾ, ചില ദുഷിച്ച പാരമ്പര്യങ്ങൾ, വികസനത്തിനും പുരോഗതിക്കുമൊപ്പം അവയിൽ ചിലതു ഉയർന്നു വന്നതുമാണ് , പക്ഷേ ഈ രാജ്യത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി ദ്രുതഗതിയിലുള്ള മാറ്റങ്ങളിൽ പ്രതിഷേധിക്കുക എന്നതാണു ഈ രാജ്യത്തെ ഏറ്റവും വലിയ വെല്ലുവിളി . പ്രതിഷേധം ഉയർത്തുവാൻ വിദ്യാഭ്യാസം ഉള്ള വിഭാഗത്തിന് വലിയ താത്പര്യം ആണ്. .ഒരു പ്രത്യേക ജോലി പുരോഗമിക്കുമ്പോൾ, എന്തുകൊണ്ട് അത് ചെയ്യിപ്പിക്കാതെ ഇരിക്കാം എന്നതിന് നൂറു കാരണങ്ങൾ പറയും. ശക്തവും ഉയർന്നതുമായ ഒരു മതിൽ നമ്മെയെല്ലാം വലയം ചെയ്തതായി ഞാൻ കരുതുന്നു. "

ഇന്ദിരാഗാന്ധി 1968 ൽ പറഞ്ഞ വാക്കുകളാണിത്. ഇവിടെ എന്തെങ്കിലും പരാമർശിക്കുമ്പോഴെല്ലാം തന്നെ അത് ഞങ്ങളുടെ ഭരണകാലത്ത് ചെയ്തുവെന്ന് പറയാറുണ്ട്, അത് ഞങ്ങളുടെ സംഭാവനയാണെന്ന്. അവർക്ക് മാത്രം അംഗീകാരം ലഭിക്കുന്ന ചില കാര്യങ്ങളുണ്ട്. ഇപ്പോൾ സ്കൂളുകളിൽ ശൗചാലയം നിർമിക്കാനുള്ള യജ്ഞം ഞങ്ങൾ

ആരംഭിച്ചിട്ടുണ്ട്. നിങ്ങളുടെ ഭരണകാലത്ത് ശൗചാലയങ്ങൾ പണിതിരുന്നെങ്കിൽ ഞങ്ങൾക്ക് ചെയ്യാൻ എന്താണ് ബാക്കിയുണ്ടാകുക. നിങ്ങൾ ഇപ്പോൾ പറഞ്ഞത് ശരിയാണ്. നിങ്ങൾ അവ നിർമ്മിക്കാഞ്ഞതിനാൽ, 4 ലക്ഷം ശൌചാലയങ്ങൾ നിർമ്മിക്കാൻ ഞങ്ങൾക്ക് സാധിച്ചു . അതിന്റെ ബഹുമതി നിങ്ങൾക്ക് മാത്രമാണ് അവകാശപ്പെട്ടത്

പതിറ്റാണ്ടുകൾക്ക് ശേഷമാണ് ബംഗ്ലാദേശുമായുള്ള അതിർത്തി തർക്കം പരിഹരിച്ചത്. ഞങ്ങളുടെ ഭരണകാലത്ത് ഞങ്ങൾ ഇത് പരിഹരിച്ചിരുന്നു എങ്കിൽ ഇത് നിങ്ങളുടെ നേട്ടം എങ്ങിനെ ആകുമായിരുന്നു എന്നു നിങ്ങൾക്ക് പറയാം. ഞങ്ങൾ നിങ്ങൾക്കായി ജോലി അപൂർണ്ണമായി ഉപേക്ഷിച്ചുവെന്ന് നിങ്ങൾക്ക് പറയാം. ക്രെഡിറ്റ് നിങ്ങൾക്കുള്ളതാണ്. സ്വാതന്ത്ര്യശേഷം ഇത്രയും വർഷങ്ങൾ പിന്നിട്ടിട്ടും 18,000 ഗ്രാമങ്ങൾ അന്ധകാരത്തിൽ മുങ്ങിക്കഴിഞ്ഞു , ഈ ഗ്രാമങ്ങളെ വൈദ്യുതീകരിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞെങ്കിൽ ഈ 18,000 ഗ്രാമങ്ങളും വൈദ്യുതീകരിച്ചത് നിങ്ങൾ കാരണമാണെന്ന് അഭിമാനത്തോടെ പറയാം. അതുകൊണ്ട് തന്നെ ഇതിന്റെ അംഗീകാരവും നിങ്ങൾക്ക് മാത്രം അവകാശപ്പെട്ടതാണ്. എനിക്ക് അത് നിഷേധിക്കാൻ കഴിയില്ല, 60 വർഷത്തെ നിങ്ങളുടെ ഭരണത്തിന് ശേഷമുള്ള ഫലമാണിത്. വളരെ അഭിമാനത്തോടെ ചില സമയങ്ങളിൽ എംഎൻആർഇജിഎയെ കുറിച്ച് പരാമർശിക്കപ്പെടുന്നു. എംഎൻആർഇജിഎ പരാമർശിക്കുമ്പോഴെല്ലാം, 50 വർഷത്തെ പഴക്കമുള്ളതാണ് എംജിഎൻആർജിഎയുടെ ചരിത്രം എന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിന് സമമായ നടപടികൾ നാട്ടുരാജ്യങ്ങളുടെ കാലത്തും ഉണ്ടായിരുന്നു.

മഹാരാഷ്ട്രയിലെ തൊഴിലുറപ്പ് പദ്ധതി 1972-ൽ അവതരിപ്പിച്ചതാണ് . ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, എൻആർഇപി 1980-ൽ അവതാരമെടുത്തു. ഗ്രാമീണ ഭ്രൂഹിത തൊഴിലുറപ്പ് പദ്ധതി, ആർഎൽഇജി പദ്ധതി 1983-ൽ അവതരിപ്പിച്ചു. വിവിധ കാലഘട്ടങ്ങളിൽ വിവിധ അവതാരങ്ങളിൽ ഇത് അവതരിപ്പിക്കപ്പെട്ടു. പദ്ധതികൾ പുതുതായി അവതരിപ്പിക്കപ്പെട്ടു. ജവഹർ രോസ്ഗാർ യോജന, 1989 ലെ ജെആർവൈ എന്നത് എംഎൻആർഇജിഎയുടെ പഴയ പേരാണ്, ജവഹർലാൽ ജിയുടെ പേര് നീക്കം ചെയ്തതിൽ ഞാൻ ആശ്ചര്യപ്പെടുന്നു, അത് മറ്റാരുമല്ല, ഞങ്ങളെ എതിർക്കുന്ന പാർട്ടിതന്നെയാണ് ചെയ്തത് . എംപ്ലോയ്മെന്റ് അഷ്വറൻസ് സ്കീം, ഇഎഎസ് 1993-ൽ അവതരിപ്പിച്ചു.

അതിനുശേഷം വാജ്പേയിയുടെ സർക്കാർ അധികാരത്തിൽ വന്നു. അക്കാലത്ത്, ഈ പദ്ധതികളിൽ ഏറ്റവും മികച്ചത് ഷോർട്ട്ലിസ്റ്റ് ചെയ്യുകയും 'സമൃർണ ഗ്രാമീണ രോസ് ഗാർ യോജന' (എസ്ജിആർവൈ) എന്ന പേരിൽ വീണ്ടും അവതരിപ്പിക്കുകയും ചെയ്തു. 2004-ൽ ഇത് വീണ്ടും പുനരവതാരം എടുത്തു. നാഷണൽ ഫുഡ് ഫോർ വർക്ക് ആരംഭിച്ചു . പിന്നീട് അത് 2006-ൽ എംഎൻആർഇജിഎ എന്ന പേരിൽ ഒരു പുതിയ രൂപം പ്രാപിച്ചു . ആദ്യം അതിന് എൻആർഇജിഎ എന്ന് പേരിട്ടു, പിന്നീട് മൻ രേഗാ (എംഎൻആർഇജിഎ)എന്ന് പുനർനാമകരണം ചെയ്തു. ജൻധൻ, ആധാർ, മൊബൈൽ -ജാം പദ്ധതിയിലൂടെ ഗുണഭോക്താവിന് നേരിട്ട് പണം കൈമാറാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

ഇത്തരത്തിൽ പാവപ്പെട്ടവരുടെ ക്ഷേമത്തിനായി തുടർച്ചയായി ഒന്നല്ലെങ്കിൽ മറ്റൊന്ന് പദ്ധതികൾ നടത്തിക്കൊണ്ടിരുന്നു. തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായിട്ടാണ് ദാരിദ്ര്യ നിർമാർജനത്തിൻറെ അവകാശവാദം ഉന്നയിക്കുന്നത് എന്ന് നിങ്ങൾക്ക് മുനയില്ലാതെ പറയാം അത് തികച്ചും വ്യത്യസ്തമായ കാര്യമാണ്. . പക്ഷേ എത്ര നന്നായി ശ്രമിച്ചിട്ടും നിർമാർജനം ചെയ്യാൻ സാധിക്കാത്ത വിധത്തിൽ ദാരിദ്ര്യത്തിന്റെ വേരുകളെ ആഴത്തിൽ പടരാൻ അനുവദിച്ചത് എത്ര ആഴത്തിലാണ് എന്നത് നിങ്ങൾക്ക് അറിയില്ല . ഈ ഓഫീസിൽ വന്നതിന് ശേഷമാണ് എത്ര ആഴത്തിലാണ് ദാരിദ്ര്യത്തിൻറെ വേരുകൾ എന്ന യാഥാർത്ഥ്യം ഞാൻ മനസ്സിലാക്കിയത്. കഴിഞ്ഞ സർക്കാർ 60 വർഷത്തെ അവരുടെ ഭരണകാലത്ത് പാവപ്പെട്ടവരുടെ ക്ഷേമത്തിനായി പ്രവർത്തിച്ചിരുന്നെങ്കിൽ, ഈ രാജ്യത്തെ പാവപ്പെട്ടവർ നിസ്സാര ജോലികൾ ചെയ്യാൻ ഇന്ന് നിർബന്ധിതരാകില്ലായിരുന്നു എന്ന വസ്തുത നിഷേധിക്കാനാവില്ലെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട് . നമ്മുടെ വിജയത്തിന്റെ നാഴികക്കല്ലല്ല ഇതെന്ന് സമ്മതിക്കേണ്ടിവരും.

അതിനാൽ, പദ്ധതിയെ കൂടുതൽ മെച്ചപ്പെടുത്തുക എന്നത് ഞങ്ങളുടെ കടമയാണ്, ആ കടമ നിറവേറ്റാൻ ഞങ്ങൾ ശ്രമിക്കുന്നു. എന്നാൽ വിദഗ്ദ്ധരായ തൊഴിലാളികളെ പോലും അവിദഗ്ധരായി പരിഗണിക്കപ്പെടുന്നതിൽ സന്തോഷിക്കുന്ന തരത്തിലേക്ക് നമ്മുടെ രാജ്യത്തെ നാം കൊണ്ടുവന്നുവെന്നത് നമുക്ക് അംഗീകരിക്കേണ്ടിവരും. അതിനാൽ, ഇത് നമ്മുടെ പരാജയത്തിന്റെ സൂചകമാണെന്ന് ഞാൻ പറയുമ്പോൾ, ദാരിദ്ര്യത്തിന് വേണ്ടിയല്ലായിരുന്നുവെങ്കിൽ എൻആർഇജിഎ അല്ലെങ്കിൽ മൻ രേഗാ (എംഎൻആർഇജിഎ) പോലുള്ള പദ്ധതികൾ ആവശ്യമില്ലെന്ന് മാത്രമാണ് അർത്ഥമാക്കുന്നത്. പക്ഷേ, ദാരിദ്ര്യം വളരെ ആഴത്തിൽ വേരുന്നിയിരിക്കുന്നത് ഞാൻ കണ്ടുവെന്നത് സത്യമാണ്, അത് ഇല്ലാതാക്കാനും നിലവിലെ പദ്ധതികളിലെ പോരായ്മകൾ മറികടക്കാനുമാവശ്യമായ എല്ലാ ശ്രമങ്ങളും ഞങ്ങൾ നടത്തുന്നുണ്ട് . മൻരേഗായിൽ (എംഎൻആർഇജിഎയിൽ) വളരെയധികം അഴിമതിയുണ്ടെന്ന് ആദരണീയനായ ഖാർഗെ ജി പറഞ്ഞു. ഞാൻ അദ്ദേഹത്തോട് പൂർണ്ണമായും യോജിക്കുന്നു. ഞാൻ അതിനെ എതിർക്കുന്നില്ല. 2012ലെ സിഎജി റിപ്പോർട്ടിൽ നിങ്ങൾക്ക് ഇത് കാണാൻ സാധിച്ചു . അതിലെ നിരീക്ഷണങ്ങൾ എന്തൊക്കെയാണ്? എങ്ങനെയാണ് അഴിമതി അതിലേക്ക് അരിച്ചിറങ്ങിയത് ? പാവപ്പെട്ടവന്റെ പേരിൽ എങ്ങനെയാണ് പണം കൊള്ളയടിക്കുന്നത്? ഇതെല്ലാം 2012ലെ സിഎജി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അതിനാൽ ഞങ്ങൾ അതിൽ നിന്ന് എന്തെങ്കിലും പഠിക്കാൻ ശ്രമിച്ചു, അതിൽ നിന്ന് ഒരുപാട് പഠിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ പഠന പ്രക്രിയയിൽ, വീഴ്ചകൾ ഇല്ലാതാക്കി കാര്യങ്ങൾ പിഴവില്ലാതെ ആക്കുവാനും അത് ആവശ്യക്കാരിലേക്ക് എത്തിക്കാനും ഞങ്ങൾ ശ്രമിക്കും. സിഎജി ശ്രദ്ധേയമായ അതിശയിപ്പിക്കുന്ന ഒരു നിരീക്ഷണം നടത്തിയിട്ടുണ്ട്. കൂടുതൽ ആളുകൾ ദാരിദ്ര്യത്തിൽ കഴിയുന്ന സംസ്ഥാനങ്ങളെ അപേക്ഷിച്ച്, ദരിദ്രരുടെ എണ്ണം കുറവുള്ളതും സുഗമമായ ഭരണനിർവഹണ പ്രവർത്തനമുള്ളതുമായ സംസ്ഥാനങ്ങളിലാണ് എംഎൻആർഇജിഎ ഏറ്റവും ഫലപ്രദമെന്ന് സിഎജി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. . പദ്ധതിയുടെ ലക്ഷ്യം ദരിദ്രർക്ക് എത്തിക്കുന്നതിൽ നമ്മൾ വിജയിച്ചിട്ടില്ലെന്ന് മാത്രമാണ് ഇത് സൂചിപ്പിക്കുന്നത്. അതിനാൽ, ദരിദ്രരും ദാരിദ്ര്യവും കൂടുതലുള്ള സംസ്ഥാനങ്ങളിൽ പദ്ധതി കൂടുതൽ മികച്ചതാക്കാനും കൂടുതൽ ആളുകൾക്ക് പ്രയോജനം ചെയ്യാനുമുള്ളതാക്കി മാറ്റുക എന്നതു നമ്മുടെ കടമയാണ് . സമ്പന്ന സംസ്ഥാനങ്ങൾക്ക് ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവുണ്ട്. അത്തരം സംസ്ഥാനങ്ങളിലേക്ക് എത്തിക്കുന്നതിന് ഈ ദിശയിൽ പ്രവർത്തിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ജൻധൻ, ആധാർ, മൊബൈൽ എന്നീ പദ്ധതികളിലൂടെ ഇടനിലക്കാരെ ഒഴിവാക്കി ഗുണഭോക്താവിന് നേരിട്ട് പണം കൈമാറ്റം ചെയ്യാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. അത് മാത്രമല്ല , നൂറു ദിവസം കൊണ്ട് ലക്ഷ്യം നേടാൻ ഞങ്ങൾക്ക് ഒരിയ്ക്കലും സാധിച്ചിട്ടില്ല , ഞങ്ങൾ മുപ്പതോ നാൽപ്പതോ ദിവസങ്ങൾക്കിടയിൽ പേട്ട് പോകുന്നു. ലക്ഷ്യത്തോടെ ഉള്ള പ്രവർത്തനം, ഏറ്റവും കൂടുതൽ തൊഴിൽ, ഇടനിലക്കാർ ഇല്ല, പണം വളരെ കാര്യക്ഷമമായി ചെലവിടുക , എല്ലാത്തിനും കൃത്യമായി കണക്ക് ഉണ്ടാക്കുക തുടങ്ങിയ പുതിയ രീതി സൃഷ്ടിക്കാൻ ഞങ്ങൾ വളരെ അധികം ശ്രമിച്ചു . അത് കൊണ്ട് തൊഴിലാളികളുടെ ബാങ്ക്, അല്ലെങ്കിൽ പോസ്റ്റ് ഓഫീസ് അക്കൌണ്ടുകളിലേക്ക് ഇലക്ട്രോണിക് സംവിധാന സഹായത്തോടെ ഈ പണം നേരിട്ട അയക്കാൻ സാധിച്ചുന്നു എന്നു എനിക്കുറപ്പുണ്ട്. ഈ രീതിയിലൂടെ 94 ശതമാനം തൊഴിലാളികൾക്കും പണം നൽകുന്ന അവസ്ഥയിലേക്ക് നമ്മൾ എത്തി

ഈ സഭ അസൂയയുടെ പ്രേരണയാൽ അല്ല ഈ സഭ നയിക്കപ്പെടേണ്ടത്. അസൂയ കാരണമോ , ഞങ്ങൾ എന്തെങ്കിലും തെറ്റുകൾ ചെയ്തത് കൊണ്ടോ അല്ല ഞങ്ങൾ വിമർശിക്കപ്പെടുന്നത്, ബഹുമാനപ്പെട്ട സ്പീക്കർ, പക്ഷേ ഞങ്ങൾ അവരെക്കാൾ നന്നായി പ്രവർത്തിക്കുന്നു എന്ന കാരണം കൊണ്ട് മാത്രമാണു ഞങ്ങൾ വിമർശിക്കപ്പെടുന്നത് . അത് മാത്രമാണ് പ്രശ്നം. . അറുപത് വർഷക്കാലം അവർക്ക് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ എങ്ങിനെ ഞങ്ങൾക്ക് ഇത്ര നന്നായി ചെയ്യുന്നു , ജനങ്ങൾക്ക് ദീർഘകാലം പ്രയോജനം ചെയ്യുന്ന പദ്ധതികൾ എങ്ങനെ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുവെന്നും ചിന്തിച്ചവർ ആശങ്കാകുലരാണ്. അടൽജിയുടെയും എംജിഎൻആർഇജിഎയുടെയും കാലത്ത് ആരംഭിച്ച പ്രധാനമന്ത്രി ഗ്രാം സഡക് യോജന എന്ന രണ്ട് പദ്ധതികളെക്കുറിച്ച് താരതമ്യ പഠനം നടത്താൻ രാജ്യത്തെ ബുദ്ധിജീവികളെ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രധാനമന്ത്രി ഗ്രാം സഡക് യോജന ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തിയത് ദരിദ്ര സംസ്ഥാനങ്ങൾക്ക് ആണെന്ന് വിശകലനം ചെയ്താൽ, നിങ്ങൾക്കു കണ്ടെത്തുവാൻ സാധിച്ചും. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും റോഡുകളുടെ നിർമ്മാണം സഹായിക്കുന്നു . വിദ്യാഭ്യാസം, ആരോഗ്യം, വ്യാപാരം എന്നിവയ്ക്കും ഇത് സഹായകമായി.

മുകളിൽ സൂചിപ്പിച്ച രണ്ട് പദ്ധതികൾക്കും സർക്കാർ ഫണ്ട് നൽകിയിട്ടുണ്ട്, എന്നാൽ പ്രധാൻ മന്ത്രി ഗ്രാം സഡക് യോജനയ്ക്ക് കീഴിലാണ് ആസ്തി സൃഷ്ടിച്ചത്. ഇപ്പോൾ, എംജിഎൻആർഇജിഎയ്ക്ക് കീഴിലും ആസ്തികൾ സൃഷ്ടിക്കുന്നതിലും ഞങ്ങൾ ശ്രദ്ധ കൊടുക്കുന്നു . ജലസംരക്ഷണത്തിനും ഞങ്ങൾ കൂടുതൽ ശ്രദ്ധ നല്കുന്നു . ഇക്കാര്യത്തിൽ നമ്മൾ തീർച്ചയായും വിജയം കൈവരിക്കും

ബഹു. ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തെ കുറിച്ച് എപ്പോഴും സംസാരിക്കുന്ന മല്ലികാർജ്ജുൻ ജി ഗുജറാത്തിന്റെ കാര്യം വരുമ്പോൾ വളരെ സന്തോഷവാനാണ്, അദ്ദേഹത്തിന് ഒന്നും പറയാനില്ല. അത് നിങ്ങളുടെ പാപ്പരത്തമാണ്. നിങ്ങൾക്ക് പരാമർശിക്കാൻ നേട്ടങ്ങളൊന്നും ഇല്ലെന്ന് എനിക്കറിയാം, അതുകൊണ്ടാണ് നിങ്ങൾ കൊണ്ടുവന്ന ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തെ കുറിച്ച് എപ്പോഴും പരാമർശിക്കുന്നത്. ബഹു. സ്പീക്കർ, 2014 മെയ് മാസത്തിലാണ് ഞങ്ങൾ അധികാരത്തിൽ വന്നത്. 2014 മെയ് വരെ 11 സംസ്ഥാനങ്ങൾ മാത്രമാണ് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയത്, അവരും അത് കൃത്യമായി നടപ്പിലാക്കിയിരുന്നില്ല. ഇന്ന്, ഈ നിയമം നടപ്പാക്കാത്ത എട്ട് സംസ്ഥാനങ്ങളിൽ നാലെണ്ണം നിങ്ങളുടെ പാർട്ടിയാണ് ഭരിക്കുന്നത്, അവ - കേരളം, മിസോറാം, മണിപ്പൂർ, അരുണാചൽ പ്രദേശ് എന്നിവയാണെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു.

ഗുജറാത്ത് ഇപ്പോൾ അത് നടപ്പാക്കിയിട്ടുണ്ട്. എല്ലാത്തരത്തിലും അത് നടപ്പിലാക്കിയ രീതി, പഠിക്കാൻ ഒരു ടീമിനെ അവിടെ അയക്കണം. നിങ്ങൾ കേരളത്തിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ പോകുന്നു, ഈ നിയമം അവിടെ നടപ്പാക്കാത്തതിന്റെ കാരണം കേരളത്തിലെ ജനങ്ങൾ നിങ്ങളോട് ചോദിക്കും. എന്തുകൊണ്ടാണ് നിങ്ങൾ അരുണാചൽ പ്രദേശിലും മിസോറാമിലും മണിപ്പൂരിലും ഇത് നടപ്പിലാക്കാത്തത്. എട്ട് സംസ്ഥാനങ്ങൾ അവശേഷിക്കുന്നു, അതിൽ നാല് സംസ്ഥാനങ്ങൾ നിങ്ങളുടെ പാർട്ടി ഭരിക്കുന്നു.

പ്രധാനമന്ത്രി ഫസൽ ബീമാ യോജനയെക്കുറിച്ച് വെങ്കയ്യ ജി സംസാരിക്കുമ്പോൾ സൗഗത റായ് ജി തന്റെ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റു. അദ്ദേഹം പൊടുന്നനെ ആണ് എഴുന്നേൽക്കുക , അദ്ദേഹം എന്താണ് ചെയ്യാൻ പോകുന്നതെന്ന് അദ്ദേഹത്തിൻറെ പാർട്ടിക്കാർ പോലും ആലോചിച്ചേക്കും . പ്രധാനമന്ത്രി ഫസൽ ബീമാ യോജന 45 ജില്ലകൾക്കു മാത്രമാണെന്ന് സൗഗത റായ് ജി പറഞ്ഞു. ഏപ്രിൽ 1 മുതൽ രാജ്യത്തെ എല്ലാ ഗ്രാമങ്ങളിലും എല്ലാ കർഷകർക്കുമായി ഇത് നടപ്പിലാക്കുമെന്ന് ഞാൻ ഇവിടെ പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നു, എന്നാൽ ഈ പദ്ധതിയുടെ മറ്റൊരു സവിശേഷതയിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പൈലറ്റ് പ്രോജക്ടായി 45 ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അത് വിജയിക്കുമോ ഇല്ലയോ എന്നത് പ്രശ്നമല്ല, വേറെയും പ്രശ്നങ്ങളുണ്ട്. ഈ ഇൻഷുറൻസ് പദ്ധതിയുടെ കീഴിൽ രണ്ട് കാര്യങ്ങൾ കൂടി പരിരക്ഷിക്കാൻ ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ 45 ജില്ലകളിലെ കർഷകർക്ക് പരീക്ഷണാടിസ്ഥാനത്തിൽ ഏഴ് ബദൽ കാര്യങ്ങൾ നൽകാൻ ഞങ്ങൾ തീരുമാനിച്ചു. ആദ്യത്തേത് - പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന, രണ്ടാമത്തേത്- പ്രധാനമന്ത്രി സുരക്ഷാ ബീമ യോജന, മൂന്നാമത്തേത്- ക്ഷാത്ര സുരക്ഷാ യോജന, നാലാമത്തേത്- ഘർ അഗ്നി ദുർഘടന ബീമാ യോജന, അഞ്ചാമത്തേത്- കൃഷി സന്യാത്ര പമ്പ്സെറ്റ് ബീമ യോജന, ആറാമത്തേത് - ട്രാക്ടർ ബീമാ യോജന ഏഴാമത്തേത് മോട്ടോർ ബൈക്ക് ബീമാ യോജന.

ഇവയാണ് കർഷകരുമായി ബന്ധപ്പെട്ട ഏഴ് കാര്യങ്ങൾ. ഫസൽ ബീമ യോജനക്കൊപ്പം ഏതെങ്കിലും രണ്ട് കാര്യങ്ങൾ എടുക്കാൻ അവർ ആഗ്രഹിക്കുന്നുവെങ്കിൽ, അവരുടെ പന്നുകൾ പ്രവർത്തനരഹിതമാകുമ്പോൾ കുറഞ്ഞ പ്രീമിയത്തിൽ അവർക്ക് അധിക ആനുകൂല്യം ലഭിക്കും. അതുകൊണ്ടാണ് ഇത് പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യേണ്ടത്. ഇൻഷുറൻസ് കമ്പനികൾക്ക് ഈ ജോലിയിൽ ചെറിയ ബുദ്ധിമുട്ട് ഉണ്ടെങ്കിലും ഞാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. അതൊരു പരീക്ഷണമാണ്. അതിനെക്കുറിച്ച് ചിന്തിക്കാൻ ഞാൻ എംപിമാരോട് അഭ്യർത്ഥിക്കുന്നു. അവർക്ക് അനുയോജ്യമെന്ന് തോന്നുകയാണെങ്കിൽ, അവർ മുന്നോട്ട് പോകണം, അനുയോജ്യം അല്ലെങ്കിൽ ഈ ആശയം ഉപേക്ഷിക്കണം. അതൊരു പരീക്ഷണാടിസ്ഥാനത്തിലായിരുന്നു. അത് പ്രധാനമന്ത്രി ഫസൽ ബീമാ യോജനയ്ക്ക് കീഴിലായിരുന്നില്ല. ചിലപ്പോഴൊക്കെ അവർ പറയാറുണ്ട് അത് ഞങ്ങളുടെ പദ്ധതിയായിരുന്നു എന്ന് . റെയിൽവേ സർവീസ് ഞാൻ തുടങ്ങിയെന്ന് എങ്ങനെ ഞാൻ പറയും? നിങ്ങൾക്ക് അത്തരമൊരു അവകാശവാദം ഉന്നയിക്കാൻ കഴിയുമോ? വാസ്തവത്തിൽ, നിങ്ങൾക്ക് എന്തും പറയാം. അതിനുള്ള

ധൈര്യം ഞങ്ങൾക്കില്ല. സുരേഷ് ജി ഇവിടെയുണ്ട്, യുപിഎ ഗവൺമെന്റിന്റെ 10 വർഷത്തെ ഭരണകാലത്ത് റെയിൽവേയുടെ വികസനത്തിനായി ശരാശരി വാർഷിക ചെലവ് 9291 ആയിരം കോടി രൂപയായിരുന്നു . രണ്ട് വർഷത്തിൽ റെയിൽവേയ്ക്കായി ഞങ്ങളുടെ ചെലവ് 32,587 കോടിയായിരുന്നു . . യുപിഎ-1 ഭരണകാലത്ത് ഓരോ വർഷവും ശരാശരി 1477 കി.മീ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. യുപിഎ-രണ്ടാം സർക്കാരിന്റെ കാലത്ത് ഈ ശരാശരി 1520 കിലോമീറ്ററായി ഉയർത്തിയിരുന്നു. എൻഡിഎ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ച ശരാശരി ലൈനുകൾ 2292 കിലോമീറ്ററാണ്. അതായത് ഏകദേശം 2300 കി.മീ. ഒരേ സ്രോതസ്സുകൾ, ഒരേ റെയിൽവേ ടാക്കുകൾ, അതേ വകുപ്പുകൾ, അതേ ജീവനക്കാർ, അതേ നിയമവ്യവസ്ഥ എന്നിവ ഉപയോഗിച്ച് ഒരു ഭരിക്കുന്ന ഗവൺമെന്റ് എങ്ങനെ വേഗത്തിൽ പദ്ധതി നടപ്പിലാക്കുന്നുവെന്ന് ഞങ്ങൾ കാണിച്ചുതന്നു. ഇത് ഒരു ഉദാഹരണമാണ്, എല്ലാ മേഖലയിലും അത്തിനുള്ള ഉദാഹരണങ്ങൾ നല്കാൻ എനിക്കു കഴിയും, പക്ഷേ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പ്രസംഗത്തിൽ തന്നെ ഞാൻ എന്നെ പരിമിതപ്പെടുത്തുന്നു .

ബഹു. മാഡം സ്പീക്കർ, ധനകാര്യവുമായി ബന്ധപ്പെട്ട് എപ്പോഴും ചർച്ചയുടെ ഭാഗമായിട്ടുള്ള ഒരു കാര്യം, സംസ്ഥാനങ്ങളുടെ ഫണ്ട് വെട്ടിക്കുറച്ചിരിക്കുന്നു തുടങ്ങിയവയാണ് . വളരെ പവിത്രമായ ഒരു ഇടം ആണിത്. രാജ്യത്തിന് മുന്നിൽ വസ്തുതകൾ അവതരിപ്പിക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ കരുതുന്നു. 14-ാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾക്ക് ശേഷം, 2014-15 വർഷത്തെ അപേക്ഷിച്ച് 2015-16 വർഷം മുതൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകുന്നുണ്ട്. മൂന്ന് പ്രധാന മേഖലകൾക്കു കീഴിലാണ് സംസ്ഥാനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നത്- കേന്ദ്ര നികുതികളിൽ സർക്കാരിന്റെ വിഹിതം, പദ്ധതിയേതര ഗ്രാന്റുകൾ, സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായം. . 2014-15 വർഷത്തിൽ സംസ്ഥാന സർക്കാരുകൾക്ക് 6 ലക്ഷം, 78 ആയിരം ,819 കോടി രൂപ അനുവദിച്ചു . 2015-16 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം, സംസ്ഥാനങ്ങൾക്ക് 8 ലക്ഷം 20 ആയിരം 133 കോടി ഫണ്ടായി നല്കി. 2015-16 വർഷത്തിൽ ഒരു ലക്ഷം 41 ആയിരം, 314 കോടി രൂപയുടെ ഫണ്ട് നല്കി, അത് 2014-15 വർഷത്തെ ഫണ്ടിനേക്കാൾ കൂടുതലാണ്. ഈ മൂന്ന് തലങ്ങളിലും ലഭിച്ച തുക മുൻവർഷത്തേക്കാൾ 20.8 ശതമാനം കൂടുതലാണ്. അതിനാൽ, പ്രചരിപ്പിക്കുന്ന കിംവദന്തികൾ മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

അതുപോലെ, നമ്മുടെ രാജ്യം ജനാധിപത്യത്തിൽ വിശ്വസിക്കുകയും അതിനോട് പ്രതിബദ്ധത പുലർത്തുകയും ചെയ്യുന്നു. ഈ രാജ്യത്ത് പൊതുജീവിതം നയിക്കുന്നതിനാൽ നാമെല്ലാവരും ജനങ്ങളോട് ഉത്തരം പറയാൻ ബാധ്യസ്ഥരാണ് എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ചോദ്യങ്ങൾ ചോദിക്കാൻ എല്ലാവർക്കും അവകാശമുണ്ട്, എന്നാൽ ഉത്തരവാദിത്തമില്ലാത്ത ചിലരുണ്ട്, അവരോട് എന്തെങ്കിലും ചോദിക്കാനോ എന്തെങ്കിലും പറയാനോ ആരും ധൈര്യപ്പെടില്ല. അവരോട് ചോദ്യങ്ങൾ ചോദിക്കാൻ ധൈര്യപ്പെടുന്നവരുടെ ഗതി ഞാൻ കണ്ടു. ഒരു സംഭവം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു; അതിന്റെ അർത്ഥം നിങ്ങൾ കണ്ടെത്തേണ്ടതുണ്ട്. സ്റ്റാലിന്റെ സുഹൃത്തായിരുന്ന റഷ്യയുടെ രാഷ്ട്രത്തലവൻ ശ്രീ ക്രൂഷ്ചേവ് സ്റ്റാലിനെ എല്ലായിടത്തും വിമർശിച്ചിരുന്നു. എവിടെ പോയാലും അദ്ദേഹത്തെ രൂക്ഷമായി വിമർശിക്കുക ക്രൂഷ്ചേവിൻറെ പതിവായിരുന്നു. ഒരിക്കൽ ഒരു കോൺഫറൻസ് റൂമിൽ സംസാരിക്കുകയായിരുന്നു, ക്രൂഷ്ചേവ് , തന്റെ മുൻഗാമിയായ സ്റ്റാലിനെ കുറ്റപ്പെടുത്താൻ ധാരാളം കാര്യങ്ങൾ അദ്ദേഹത്തിന് ഉണ്ടായിരുന്നു. അത് ശ്രദ്ധിച്ച് കേട്ട് പുറകിലെ മൂലയിൽ ഇരുന്ന ഒരു ചെറുപ്പക്കാരൻ എഴുന്നേറ്റു. ക്രൂഷ്ചേവിനെ അഭിസംബോധന ചെയ്തുകൊണ്ട്, ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഇപ്പോൾ സ്റ്റാലിനെ ശാസിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന ക്രൂഷ്ചേവ് , സ്റ്റാലിൻ ജീവിച്ചിരുന്നപ്പോൾ, കൂട്ടാളിയായിരുന്നപ്പോൾ അദ്ദേഹത്തിൻറെ പ്രവർത്തിയുടെ ശൈലി എന്തായിരുന്നു എന്നും ചോദിച്ചു . അന്ന് എന്താണ് ചെയ്തത്? കോൺഫറൻസ് ഹാളിൽ നിശബ്ദതയായിരുന്നു . കുറച്ച് സമയത്തെ നിശബ്ദതയ്ക്ക് ശേഷം ക്രൂഷ്ചേവ് ആ വ്യക്തിയോട് എഴുന്നേറ്റു നിൽക്കാൻ അഭ്യർത്ഥിച്ചു. ആൾ എഴുന്നേറ്റു. ഉത്തരം കിട്ടിയോയെന്ന് ക്രൂഷ്ചേവ് അയാളോട് ചോദിച്ചു. താൻ ഇപ്പോൾ ചെയ്യുന്നത് സ്റ്റാലിൻ്റെ കാലത്ത് ചെയ്യാൻ ആഗ്രഹിച്ചിരുന്നുവെന്നും എന്നാൽ അതിന് സാധിച്ചില്ലെന്നും അദ്ദേഹം പറഞ്ഞു. നിങ്ങൾ അത്

മനസ്സിലാക്കാൻ കുറച്ച് സമയമെടുക്കും. നിങ്ങക്ക് ഇത് കുറച്ച മനസ്സിലാക്കിയേക്കും, പക്ഷേ മറ്റുള്ളവരെക്കുറിച്ച് എനിക്ക് പറയാൻ കഴിയില്ല. നമ്മുടെ ഇതിഹാസങ്ങളിലും ശാസ്ത്രങ്ങളിലും ഒരു ജനപ്രിയ പഴമൊഴിയുണ്ട് - 'പർ ഉപദേശ് കുശാൽ ബഹുതേരേ, ജെ അച് രാഹിൻ തേ നർ ന ഘനേരേ'. മറ്റുള്ളവർക്ക് ഉപദേശം നൽകാൻ ധാരാളം പേരുണ്ട് എന്നാൽ ആ രീതിയിൽ പെരുമാറുന്നവർ ചുരുക്കം'. ഞാൻ എപ്പോഴും നിങ്ങളുടെ ഉപദേശങ്ങളും വിമർശനങ്ങളും ശ്രദ്ധിച്ചു. വെറും വിമർശനങ്ങളേക്കാൾ കൂടുതൽ ആരോപണങ്ങൾ ഞാൻ നേരിട്ടിട്ടുണ്ട്. എന്റെ 14 വർഷത്തെ സേവന ജീവിതത്തിൽ ഇതിനൊപ്പം ജീവിക്കാൻ ഞാൻ പഠിച്ചു. പക്ഷേ, ഈ രാജ്യത്തിന് ആ എപ്പിസോഡ് മറക്കാൻ കഴിയില്ല, നമ്മുടെ ബഹുമനപ്പെട്ട പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് 2013 സെപ്റ്റംബർ 27-ന് അമേരിക്കയിലായിരുന്നു. അമേരിക്കൻ പ്രസിഡന്റുമായി ഒരു ഉഭയകക്ഷി ചർച്ച നിശ്ചയിച്ചിരുന്നു. അദ്ദേഹം രാജ്യത്തിന്റെ ആദരണീയനായ നേതാവാണ്. ഫാറൂഖ് അബ്ദുള്ള, ശ്രീ ആന്റണി, ശ്രീ ശരദ് പവാർ തുടങ്ങി രാജ്യത്തെ പ്രഗത്ഭരും പരിചയസമ്പന്നരുമായ നേതാക്കളും ഉൾപ്പെട്ട ഇന്ത്യൻ മന്ത്രിസഭ ഒരു തീരുമാനമെടുത്തിരുന്നു ആ തീരുമാനം സെപ്തംബർ 27, 2013 ന പ്രസ്സ് കൌൺസിലിൽ വച്ച് കീറി എറിഞ്ഞു, ഓർഡിനൻസ് കീറിയെറിയപ്പെട്ടു. നാം നമ്മുടെ മുതിർന്നവരെ ബഹുമാനിക്കണം.

ബഹു. സ്പീക്കർ മാഡവും ശ്രീ മുലായം സിംഗും ഞാനും രണ്ട് വ്യത്യസ്ത ധ്രുവങ്ങളെ പ്രതിനിധീകരിക്കുന്നു. ശ്രീ ലോഹ്യയുടെ അഭിപ്രായങ്ങളെ അല്ലാതെ അദ്ദേഹം പറയുന്നതിനെ പറയുന്നതു അംഗീകരിക്കാൻ എനിക്കും ഞാൻ പറയുന്നതിനെ അദ്ദേഹത്തിനും അംഗീകരിക്കാൻ കഴിയില്ല. ഞാൻ ജനിച്ച ഇടത്തിൻറെ പ്രത്യേകത കൊണ്ട് ശ്രീ ലോഹ്യയെ ഇഷ്ടപ്പെടുക എന്നെ സംബന്ധിച്ചു സ്വാഭാവികമാണ്. എന്നാൽ ഉത്തർപ്രദേശിന് വേണ്ടി എന്തെങ്കിലും ചെയ്യുമെന്ന് ശ്രീ മുലായം സിംഗ് പൊതുജനങ്ങൾക്ക് വാഗ്ദാനം നൽകിയിരുന്നു. ഞാൻ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും മുലായം സിംഗ് വളരെ മുതിർന്ന നേതാവാണ്. ആദരണീയനായ മുലായം സിംഗ്ജിയുടെ ആശയങ്ങൾ അടങ്ങിയ ഒരു പേപ്പർ ഒരു പൊതുയോഗത്തിൽ കീറിയത് ഒരിക്കൽ കൂടി 'പർ അപ്ദേശ് കുശാൽ ബഹുതേരെ, ജെ ആച്രാഹി തേ നർ നാ ഘനേരേ' എന്ന് എന്നെ ഓർമ്മിപ്പിക്കുന്നു.

മാഡം, ജനാധിപത്യത്തിൽ മുന്നേറേണ്ടതിൻറെ ആവശ്യകതകളെക്കുറിച്ച് ഞാൻ പറയാൻ പോകുന്ന കാര്യം നമ്മളെല്ലാം ഒരു പക്ഷേ ഇഷ്ടപ്പെട്ടേക്കാം. ഞാൻ ചെറുപ്പമായിരുന്ന സമയം . ഞാൻ വളർന്ന അതേ ഗ്രാമത്തിൽ ഒരു എംഎൽഎ ഉണ്ടായിരുന്നു, അദ്ദേഹം ഒരു തിരഞ്ഞെടുപ്പിലും തോറ്റിട്ടില്ല, എപ്പോഴും ജയിച്ചു. അദ്ദേഹം ട്രെയിനിൽ യാത്ര ചെയ്യവേ അദ്ദേഹത്തിനൊപ്പം ആൾക്കൂ വേണ്ട സൌകര്യങ്ങൾ ഞാൻ ചെയ്തു കൊടുത്തു , അദ്ദേഹം എൽഐകൃ എന്ന് ഒരിക്കൽ അദ്ദേഹം പറയുന്നത് ഞാൻ കേട്ടു. തിരഞ്ഞെടുക്കപ്പെടുക എന്നാൽ എന്താണെന്ന് എനിക്കറിയില്ലായിരുന്നു. പക്ഷേ, കാലം കടന്നുപോയപ്പോൾ, എൽഐകൃ എന്നത് വ്യത്യസ്തമാണെന്ന് ഞാൻ മനസ്സിലാക്കി. എപ്പോഴെങ്കിലും ചില എൽഐകൃ അയയ്ക്കുമ്പോൾ, അത് മുഴുവൻ സർക്കാർ സംവിധാനങ്ങളുടെയും നട്ടെല്ലിൽ വിറയൽ വീഴ്ത്തുന്നത് ഞാൻ കാണാറുണ്ടായിരുന്നു. അസംബ്ലിയിലോ പാർലമെന്റിലോ ചോദ്യം ഉയരുന്നത് കൊണ്ട് ഉന്നതതലം മുതൽ താഴെ വരെയുള്ള ഉദ്യോഗസ്ഥർ പരിഭ്രാന്തരായി. ഭയത്തിന്റെ അന്തരീക്ഷമായിരുന്നു അവിടെ. ചില വിഷയങ്ങളിൽ സഭയിൽ ചില ചർച്ചകൾ നടക്കുമ്പോൾ, എന്ത് സംഭവിക്കുമെന്ന ഭയത്തിൽ ഉദ്യോഗസ്ഥർ അകപ്പെടാറുണ്ട് . നമ്മുടെ പാർലമെന്റംഗങ്ങളുടെ ചോദ്യങ്ങളിൽ ഭരണതലത്തിലുള്ള ഒരു ഉദ്യോഗസ്ഥനും വലിയ ഉത്കണ്ഠയില്ലാത്ത എത്തിപ്പെട്ട അവസ്ഥയിലാണ് ഇന്ന് നമ്മുടെ ജനാധിപത്യവും പാർലമെന്ററി നടപടികളും. നമ്മുടെ ഉദ്യോഗസ്ഥർ ആശങ്കപ്പെടാത്ത തരത്തിൽ സംവിധാനത്തിനോടു നമ്മൾ എന്താണ് ചെയ്തത്. ഏത് പാർട്ടിയാണ് സർക്കാരിനെ നയിക്കുന്നതെന്നത് പ്രശ്നമല്ല. ഈ അധഃപതനം കാലക്രമേണ സംഭവിച്ചതാണ് , ഒരാളേ പ്രതിപക്ഷ പാർട്ടിയിൽ ഉള്ളൂ, അല്ലെങ്കിൽ പാർട്ടിയിൽ നിന്ന് മറ്റാരെങ്കിലും ഇല്ലെങ്കിലും, സർക്കാർ ഉദ്യോഗസ്ഥർക്കും സർക്കാർ സംവിധാനങ്ങളെയും സംബന്ധിച്ചിടത്തോളം ആ വ്യക്തി പ്രധാനമന്ത്രിയേക്കാൾ ഒട്ടും പ്രധാന്യം കുറഞ്ഞ ആളല്ല കുറവല്ല. . ഇന്ന് നമ്മൾ അത് തീരുമാനിക്കണം.

ഒരു രാഷ്ട്രീയക്കാരൻ മറ്റൊരാളെ കുറ്റപ്പെടുത്തുകയും ഉദ്യോഗസ്ഥർ ഈ ചടങ്ങ് മുതലെടുക്കുകയും ചെയ്യും. ഇത് വളരെക്കാലമായി നടക്കുന്നു. പ്രതിപക്ഷത്തിന്റെ ശബ്ദം ഈ സഭയിൽ പ്രധാനമാണ്. ഇവർ ജനങ്ങളുടെ പ്രതിനിധികളാണ്, രാജ്യത്തെ ജനങ്ങളുണ്ട്. ഈ അവസ്ഥ വരണം. നമ്മൾ പരസ്പരം കുറ്റപ്പെടുത്തുന്നു. നമ്മൾ മാധ്യമങ്ങളിൽ ജനപ്രിയരാകുന്നു, വളരെയധികം ചെയ്യുവെന്ന് നമ്മൾ കരുതുന്നു, പക്ഷേ കർക്കശമായ

കണക്കെടുപ്പുകൾ അതിവേഗം നഷ്ടപ്പെടുകയാണ് . ജനാധിപത്യത്തിൽ, ഓരോ അഞ്ച് വർഷത്തിലും പൊതുജനങ്ങൾക്ക് മുന്നിൽ നമ്മുടെ അക്കൗണ്ടിന്റെ പരീക്ഷണം അഭിമുഖീകരിക്കുന്നു, ഒരാൾ ജയിക്കുകയോ തോൽക്കുകയോ ചെയ്യാം എന്നത് മറ്റൊരു കാര്യം, എന്നാൽ ബ്യൂറോക്രസിയുടെ കണക്കെടുപ്പ് ഉറപ്പാക്കാനുള്ള ഒരേയൊരു ഇടമാണിത്. അതുകൊണ്ട് തന്നെ പാർലമെന്ററി നടപടിക്രമങ്ങളിൽ ഒരംഗവും പ്രധാനമന്ത്രിയേക്കാൾ പ്രധാന്യം കുറഞ്ഞവർ അല്ല . അതിനാൽ, എക്സിക്യൂട്ടീവുകളുടെ ഉത്തരവാദങ്ങൾ വർദ്ധിപ്പിക്കേണ്ടത് പ്രധാനമാണ്. നമ്മൾ ഒരുമിച്ച് പ്രവർത്തിക്കുന്നത് വരെ ഇത് സാധ്യമല്ല. ഒരു സർക്കാരിനെ കുറ്റപ്പെടുത്തും, മറ്റൊരു സർക്കാർ വരും, അവർക്കിഷ്ടമുള്ളത് അവർ ചെയ്യും. ഈ ഭരണകാലത്തിൻറെ ഭരണ നിർവഹണം മെച്ചപ്പെടണം, നിങ്ങളുടെ പിന്തുണയില്ലാതെ ഇത് നടക്കില്ല. സർക്കാർ മാറും, ആളുകൾ മാറും, ചർച്ചകൾ നടന്നേക്കാം എന്നാൽ ഈ രാജ്യം എന്നെന്നേക്കുമായി നിലനിൽക്കും.

നമ്മുടെ മുന്നിൽ ഒരു വെല്ലുവിളിയുണ്ട്, ഈ വെല്ലുവിളിയെ മറികടക്കാൻ നമ്മൾ കൂട്ടായ പരിശ്രമം നടത്തേണ്ടിവരുമെന്ന് എനിക്കറിയാം. നിങ്ങളും ഇതിന്റെ കഷ്ടപ്പാട് അനുഭവിക്കണം, പക്ഷേ ഞാൻ വളരെക്കാലമായി ഇതിന് സാക്ഷ്യം വഹിക്കുന്നു. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. എന്നാൽ മാധ്യമങ്ങളുടെ ഹൈലൈറ്റിനായി ഞങ്ങളുടെ കാര്യത്തിൽ, ഞങ്ങൾ പരസ്പരം കുറ്റപ്പെടുത്തുന്നത് തുടരുന്നു, ലക്ഷക്കണക്കിന് ജീവനക്കാരുണ്ട്, അവരുടെ ശമ്പളത്തിനായി ശതകോടിക്കണക്കിന് രൂപ ചിലവഴിക്കുന്നു. പദ്ധതികൾക്ക് ക്ഷാമമില്ല, നിങ്ങളുടെ ഭരണകാലത്തും ഇപ്പോഴുമില്ല. ഉത്തരവാദിത്തം എങ്ങനെ പരിഹരിക്കപ്പെടും എന്നതാണ് ചോദ്യം.

ഒരു കാര്യം കൂടിയുണ്ട്, ഇന്ത്യയെപ്പോലെ ഒരു ജനാധിപത്യ രാജ്യത്തെ പൗരന്മാരെ ബ്യൂറോക്രസിയുടെ കൈകളിൽ ഏൽപ്പിക്കാൻ നമുക്ക് കഴിയില്ല. രാജ്യത്തെ നൂറ്റി ഇരുപത്തിയഞ്ച് കോടി ജനങ്ങളെ നമുക്ക് വിശ്വസിക്കേണ്ടിവരും. അവരിൽ നമുക്ക് വിശ്വാസമുണ്ടായിരിക്കണം. നൂറ്റി ഇരുപത്തിയഞ്ച് കോടി ജനങ്ങളിൽ വിശ്വസിച്ച് നമ്മൾ മുന്നോട്ട് പോകുകയാണെങ്കിൽ, രാജ്യത്തെ പൗരന്മാർ നമ്മളിൽ നിന്ന് കൂടുതലായി ഒന്നും ചോദിക്കുകയില്ലെന്നും അവർ നമ്മളെ പിന്തുണയ്ക്കാൻ തയ്യാറാണെന്നും ഞാൻ ഉറപ്പ് നൽകുന്നു. ആ ദിശയിൽ ഞങ്ങൾ ചില ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അവ വളരെ വലുതാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷേ, ആ ദിശയിലേക്ക് നാം നീങ്ങേണ്ടതുണ്ട്. എന്തുകൊണ്ടാണ് ചെറിയ ജോലികളിലെ ജീവനക്കാരുടെ അഭിമുഖം ഞങ്ങൾ നിർത്തിയത്, ആ പൗരന്മാരെ വിശ്വസിക്കാൻ നമ്മൾ ശീലിക്കേണ്ടതാണ് എന്ന കാരണത്താലാണ് . സിറോക്സിന്റെ കാലത്തും ഗസറ്റഡ് ഓഫീസറുടെ അടുത്ത് പോയി ഒപ്പിടണം, ചിലപ്പോൾ ആളുകൾ എംപിയുടെ വീടിനു മുന്നിൽ വരി നിൽക്കേണ്ടി വരും. പലപ്പോഴും എം.പിയും എം.എൽ.എയും അവരുടെ നേരെ തിരിഞ്ഞു പോലും നോക്കില്ല, കടലാസിൽ സ്റ്റാമ്പ് ഒട്ടിക്കുന്ന ജോലി ഒരു കൊച്ചുപയ്യനെ ചെയ്യൂ. നമ്മൾ പത്താം ക്ലാസിലെയും പന്ത്രണ്ടാം ക്ലാസിലെയും കുട്ടികളെ വിശ്വസിച്ചു, പക്ഷേ നമ്മൾ ആ പൗരന്മാരെ വിശ്വസിച്ചില്ല, ഞങ്ങൾ ആ സാക്ഷ്യപ്പെടുത്തൽ ഇല്ലാതാക്കിയത് പൗരന്മാരെ വിശ്വസിക്കാൻ ശീലിക്കാൻ വേണ്ടിയാണ് . അവർക്ക് ജോലി ലഭിക്കേണ്ട അവസാന ഘട്ടത്തിൽ സർട്ടിഫിക്കറ്റുകൾ അവർക്ക് കാണിക്കാനാകും.

ബജറ്റിൽ ഞാൻ ഒരു കാര്യം പറഞ്ഞിട്ടുണ്ട്, ഞാൻ രണ്ടു കോടി രൂപ വരെ ഒന്നും ചോദിക്കില്ല, നിങ്ങൾക്ക് എന്ത് വേണമെങ്കിലും തരാം, ഞങ്ങൾ എടുക്കാം. ആത്മവിശ്വാസം വളർത്തിയെടുക്കണം. എന്തെങ്കിലും പുതിയ നിർദ്ദേശമുണ്ടെങ്കിൽ, ദയവായി അത് എനിക്ക് തരൂ, സർക്കാർ അത് ഒരു ശീലമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഭരണത്തിന്റെ ഭരണവും മെച്ചപ്പെടണം, നിങ്ങളുടെ പിന്തുണയില്ലാതെ ഇത് നടക്കില്ല. എനിക്ക് നിങ്ങളുടെ സഹായവും പിന്തുണയും നിങ്ങളുടെ അനുഭവത്തിന്റെ പ്രയോജനവും വേണം. ഞാൻ പുതിയ ആളാണ്, നിങ്ങൾ പരിചയസമ്പന്നരാണ്, വരൂ, നമുക്ക് ഒരുമിച്ച് മുന്നോട്ട് പോകാം, പോകുന്നതിന് മുമ്പ് രാജ്യത്തിന് എന്തെങ്കിലും നല്ലത് ചെയ്യുക. സർക്കാർ മാറും, ആളുകൾ മാറും, ചർച്ചകൾ നടന്നേക്കാം എന്നാൽ ഈ രാജ്യം എന്നെന്നേക്കുമായി നിലനിൽക്കും. ഈ നാടിന്റെ നന്മയ്ക്കായി നമുക്ക് പ്രവർത്തിക്കാം. ഈ പ്രതീക്ഷയോടെ ഞാൻ രാഷ്ട്രപതിയെ ഒരിക്കൽ കൂടി അഭിനന്ദിക്കുന്നു. വളരെ നന്ദി.

“ലോക്സഭയിൽ ജിഎസ്ടി ബിൽ ചർച്ചയിൽ ശ്രീ നരേന്ദ്ര മോദി നടത്തിയ പ്രസംഗം

ആഗസ്ത് 8, 2016”

ആഗസ്റ്റ് 08, 2016

ലോക് സഭ

ഭരണഘടനാ (നൂറ്റി ഇരുപത്തി രണ്ടാം ഭേദഗതി) ബിൽ , 2014:പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി

ബഹുമാനപ്പെട്ട മാഡം, ഇന്ന് ആഗസ്റ്റ് 8 . ഇന്നാണ് വിപ്ലവത്തിനുള്ള കാഹളം മുഴങ്ങിയതും 'ഇന്ത്യ വിടുക' എന്ന മുദ്രാവാക്യത്തോടെ സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി തീവ്രമായ സമരത്തിലേക്ക് മഹാത്മാഗാന്ധി രാജ്യത്തെ നയിച്ചതും . ആഗസ്റ്റ് 9 ന് സ്വാതന്ത്ര്യ സമര സേനാനികളെ ഉപദ്രവിച്ച . ആ സംഭവത്തിന്റെ 75 വർഷം ഇന്ന് ആഗസ്റ്റ് 8 ന്, നമ്മൾ അനുസ്മരിക്കുന്നു. ഇന്ന്, ഈ പാർലമെന്റിൽ ഇരുസഭകളിലെയും അംഗങ്ങൾക്കൊപ്പം നികുതി ഭീകരതയിൽ നിന്നും രാജ്യത്തെ വിമുക്തമാക്കാൻ വലിയ ഒരു ചുവടുവെപ്പ് നമ്മൾ നടത്താൻ പോകുന്നു.

നികുതിയുമായി ബന്ധപ്പെട്ട് നമ്മുടെ രാജ്യത്ത് എന്ത് തരത്തിലുള്ള സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്, സുപ്രീം കോടതിയിൽ ഒരു വിഷയം ഫയൽ ചെയ്ത കാര്യം വളരെ കുറച്ച് ആളുകൾക്ക് മാത്രമേ അറിയൂ. തേങ്ങയെ പഴമായാണോ പച്ചക്കറിയാണോ കണക്കാക്കുന്നത് എന്നതായിരുന്നു വിഷയം. തേങ്ങയെ ഫലമായി കണക്കാക്കി നികുതി ചുമത്തണോ അതോ പച്ചക്കറിയായി കണക്കാക്കി നികുതി ഒഴിവാക്കണോ? ഈ വിഷയം സുപ്രീം കോടതി വരെ പോയി. നികുതിയുടെ പാരമ്പര്യത്തിലെ ഉയർച്ച താഴ്ചകൾ മനസിലാക്കാൻ, ഈ സംഭവം സ്വയം വിശദീകരിക്കുന്നതാണ്

എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും നന്ദി പറയാൻ ഞാൻ ഇവിടെയുണ്ട്, ഈ രാഷ്ട്രീയ പാർട്ടികൾ എല്ലാമാണ് സർക്കാരുകൾ ഭരിക്കുന്നത്. ഞങ്ങൾ ഒരു തീരുമാനം എടുക്കാൻ പോകുന്നു. രാജ്യസഭ, ലോക്സഭ, 29 സംസ്ഥാനങ്ങൾ, 90 രാഷ്ട്രീയ പാർട്ടികളുടെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്നിവർ , ഒരുമിച്ചിരുന്ന്, നടത്തിയ സമഗ്രമായ ചർച്ചകൾക്കും വിശദമായ ആലോചനയ്ക്കും ശേഷമാണ് ഈ തീരുമാനത്തിലെത്തിയത് , അതിനു അന്തിമമായ ഒരു അവസാന രൂപം ഇപ്പോൾ ഉണ്ടാകും . ഈ സന്ദർഭത്തിൽ പറയുമ്പോൾ , ഒരാൾ ഒരു കുഞ്ഞിനെ പ്രസവിക്കുകയും മറ്റാരോ അവനെ വളർത്തുകയും ചെയ്യുന്നത് ഓർക്കുന്നത് ഉചിതമായിരിക്കും . ഭഗവാൻ കൃഷ്ണൻറെ ഉദാഹരണം എടുക്കാം . പക്ഷേ ഇത് ഒരു രാഷ്ട്രീയ പാർട്ടിയുടെയോ ഒരു സർക്കാരിന്റെയോ വിജയമല്ല എന്നതും സത്യമാണ്. ഇത് ഇന്ത്യൻ ജനാധിപത്യത്തിന്റെ ഉന്നതമായ പാരമ്പര്യത്തിന്റെ വിജയമാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും വിജയമാണ്. മുൻ സർക്കാരുകളുടെയും ഇപ്പോഴത്തെയും എല്ലാ സർക്കാരുകളുടെയും സംഭാവനകൾ കൊണ്ടാണ് ഇത് സാധ്യമായത്, അതിനാൽ ആരാണ് വിജയിച്ചത്, ആരാണ് പരാജയപ്പെട്ടത് എന്നതിനെക്കുറിച്ച് ഒരു ചർച്ചയും ആവശ്യമില്ലെന്ന് ഞാൻ കരുതുന്നു.

ജിഎസ് ടി എന്നാൽ - ഗ്രേറ്റ് സ്റ്റെപ്പ് ബൈ ടീം ഇന്ത്യ (ടീം ഇന്ത്യയുടെ മഹത്തായ ചുവടുവയ്പ്) എന്നർത്ഥം - ജിഎസ് ടി എന്നാൽ - ഗ്രേറ്റ് സ്റ്റെപ്പ് ടുവേഡ്സ് ട്രാൻസ്ഫർമേഷൻ (മാറ്റത്തിലേക്കുള്ള മഹത്തായ ചുവടുവെപ്പ്) . കൂടാതെ, ജിഎസ്ടി എന്നാൽ ഗ്രേറ്റ് സ്റ്റെപ്പ് ടുവേഡ്സ് ട്രാൻസ്പെരൻസി (സുതാര്യതയിലേക്കുള്ള മഹത്തായ ചുവടുകൾ) . അതിനാൽ, നമ്മൾ ഒരു പുതിയ സംവിധാനത്തിലേക്ക് അണിചേരുന്നു . എല്ലാ കാര്യങ്ങളിലും മികവ് പുലർത്തുന്ന ഒരു ഏകീകൃത ഇന്ത്യയെയാണ് ഞങ്ങൾ സ്വപ്നം കാണുന്നത്. റെയിൽവേയിലേക്ക് നോക്കുമ്പോൾ ഇന്ത്യയെയത് ശക്തമായി ഓർമ്മിപ്പിക്കുന്നു. തപാൽ വകുപ്പും നമ്മളെ ഇന്ത്യയെ ഓർമ്മിപ്പിക്കുന്നു. അഖിലേന്ത്യാ സിവിൽ സർവീസും ഇന്ത്യയെ ഓർമ്മിപ്പിക്കുന്നു. ഐപിഎസ് - സിആർപിസിയെ നോക്കുമ്പോൾ, ഇന്ത്യയുടെ പ്രതിച്ഛായയാണ് നമ്മിലേക്ക് കൊണ്ടുവരുന്നത്. ഇന്ത്യ നെറ്റ് , ഭാരത ശൃംഖല ഡിജിറ്റൽ ഇന്ത്യ , സാഗർമാല എന്നിവയെ കുറിച്ച് പറഞ്ഞാൽ , അവയും പ്രബലമായ ഏകീകൃത ഇന്ത്യയെ കുറിച്ചാണ് ശക്തമായി സംവദിക്കുന്നത് . ഈ ആശയങ്ങളുടെ തുടർച്ച എന്നോണം ജിഎസ്ടി എന്ന പുതിയൊരു മുത്ത് കൂടി ഇന്ത്യയുടെ കണ്ണാഭരണത്തിൽ നാം കോർക്കുന്നു . ഇത് കേവലം ഒരു നികുതി വ്യവസ്ഥയല്ല, സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും ഭാഗത്തുനിന്ന് ഇത്തരമൊരു സഹകരണം പ്രതീക്ഷിക്കുന്നു. ചെറുതും വലുതുമായ എല്ലാ സംസ്ഥാനങ്ങളുടെയും കൂട്ടായ പ്രയത്നങ്ങൾ ഈ ഭരണം എല്ലാവർക്കും അവകാശപ്പെട്ടതാണെന്ന് ഉറപ്പാക്കുന്ന കേന്ദ്രവും. ഇന്ത്യയുടെ ഏകത്വത്തിന്റെ ആത്മാവിന്

പുതുജീവൻ നൽകുന്ന ഭരണമാണിത്, ഈ വിഷയത്തിന് ഞാൻ വളരെയധികം പ്രാധാന്യം നൽകുന്നു. ജിഎസ്ടിയെ സംബന്ധിച്ച പലതരം സംശയങ്ങൾ ആശങ്കകൾ എന്നിവയുണ്ടായിരുന്നു. ഞാൻ മുഖ്യമന്ത്രിയായിരിക്കെ അവയിൽ ചിലത് ബഹുമാനപ്പെട്ട പ്രണബ് മുഖർജിയുമായി ഞാൻ കൂടിയാലോചിക്കുകയും ചെയ്തിട്ടുണ്ട്. ജി എസ് ടിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ മുൻ കാലങ്ങളിൽ കൈകാര്യം ചെയ്തിരുന്നത് പ്രയോജനം ചെയ്തതിനാൽ മുഖ്യമന്ത്രി ആയിരിക്കെ കൈകാര്യം ചെയ്യുന്നതിനെക്കാൾ പ്രധാനമന്ത്രി എന്ന നിലയിൽ ജി എസ് ടിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ എനിക്കു എളുപ്പമായി . അക്കാലത്ത് അഭിസംബോധന ചെയ്യാൻ പ്രയാസമേറിയതും വെളിപ്പെടാതെ കിടന്നതുമായ നിരവധി പ്രശ്നങ്ങൾ പിന്നീട് വളരെ വ്യക്തമാകുന്നതിനായി, നീണ്ട കാലം എടുത്തു നടത്തിയ ചർച്ചകൾക്ക് നന്ദി, . അതിലേക്ക് സംഭാവന എൻറെ മാത്രം അല്ല. എല്ലാവരും അവരവരുടെ ഭാഗത്ത് നിന്നും സംഭാവനകൾ നൽകി, അതിലൂടെ നമുക്ക് നിരവധി പോരായ്മകൾ പരിഹരിക്കാൻ കഴിഞ്ഞു. കൂട്ടായ ചർച്ചകളുടെ ഫലമാണിത്. എങ്കിലും, ഇന്നോ ഭാവിയിലോ പൂർണരാണെന്നും ഒരു കുറവും ഇല്ലാത്തവരാണെന്നും ആർക്കും അഭിമാനിക്കാൻ ആകില്ല എന്നതാണ് സത്യം. നിരവധി വ്യക്തികൾ ഈ വിഷയത്തിൽ ചിന്തിക്കുകയും മെച്ചപ്പെട്ടതൊന്നു വികസിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ അധ്വാനത്തിന്റെ ഫലം നാം ആസ്വദിക്കാൻ പോകുകയാണ്. ഇന്ന് രാജ്യം മുഴുവൻ ഒരു ലക്ഷ്യത്തിലേക്ക് നയിക്കുന്ന ഒരു തട്ടിനെ സ്വപ്നം കാണുകയും ആഗ്രഹിക്കുകയും ചെയ്യുന്ന ഈ മുദ്രാവാക്യത്തിനു ഉചിതമായാണ് ഞങ്ങൾ ജി എസ് ടി യെ കൈക്കൊള്ളുന്നത് . രാജ്യസഭയിലെ കണക്കിലെ കുറവുമൂലം ഈ ബിൽ കഴപ്പത്തിലാകാൻ സാധ്യതയുണ്ടെന്നതും ഇതോടൊപ്പം ഓർക്കേണ്ടതാണ്. കേന്ദ്രത്തോട് കടുത്ത സംശയം സംസ്ഥാനങ്ങൾക്ക് ഉണ്ടായിരുന്നു എന്നത് സത്യമാണ്. അവരുടെ മുൻകാല അനുഭവങ്ങൾ മൂലമാണ് അങ്ങിനെ തോന്നുന്നത്. ആയതിനാൽ സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും ഇടയിൽ വിശ്വാസം പുനഃസ്ഥാപിക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടു.

ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനങ്ങൾ എടുക്കേണ്ടത് ഒഴിവാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് . എന്ത് വിലകൊടുത്തും ഒഴിവാക്കാൻ ഞങ്ങൾ ശ്രമിക്കുന്ന കാര്യമാണിത്, അക്കങ്ങളുടെ ഒരു കളിയായി മാത്രം ജനാധിപത്യത്തെ ചുരുക്കാൻ സാധിക്കില്ല എന്നു സഭയിൽ ഞാൻ നേരത്തെ പറഞ്ഞിരുന്നു. സമവായത്തിന്റെ യാത്രയാണിത് . നിരന്തരമായ ആലോചനകളിൽ ഏർപ്പെട്ടിരിക്കുകയാണ് ഞങ്ങൾ . ഈ സഭയെ ജൂനിയർ സഭ എന്ന് ആളുകൾ വിളിക്കുമ്പോഴെല്ലാം ഞങ്ങളുടെ സഹപ്രവർത്തകൻ ശ്രീ മൊയ്ലിജിക്ക് വളരെ വിഷമം തോന്നുന്നു. ഇത്തരത്തിലുള്ള പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നവരുടെ അടുത്തേക്ക് നിങ്ങളുടെ സന്ദേശം എത്തുക എന്നത് കുറച്ചു ബുദ്ധിമുട്ടാണ് എങ്കിലും ഉറപ്പായും അവർ അവരുടെ നിലപാട് മാറ്റുമെന്നും അദ്ദേഹത്തിന് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുന്നു . ബഹു. സോണിയാജിയെയും അതുപോലെ ബഹു. മൻമോഹൻ സിംഗ്ജിയെയും കൂടിയാലോചനക്ക് ക്ഷണിച്ചിരുന്നു , അവരിൽ ഒരാൾ ലോക്സഭാ എംപിയാണ്, മറ്റൊരാൾ രാജ്യസഭാ എംപിയാണ് , പക്ഷേ , ജിഎസ്ടിയെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഞാൻ തുല്യ പ്രാധാന്യം നൽകിയിട്ടുണ്ട്. അതിനാൽ, എല്ലാവരുടെയും നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുക എന്നത് ഞങ്ങളുടെ നിരന്തരമായ പരിശ്രമമാണ്. അഭൂതപൂർവമായ ഒരു സമവായ അന്തരീക്ഷം അത് സൃഷ്ടിച്ചിട്ടുണ്ടെന്ന് എനിക്കറിയാം.

ഇത്തരത്തിലുള്ള കാര്യങ്ങൾ വലിയ അളവിലുള്ള ഊർജ്ജം ആണ് നൽകുന്നത് , അത് ഒരു രാഷ്ട്രം വിലമതിക്കേണ്ട കാര്യമാണ്. നമുക്കെല്ലാവർക്കും വ്യത്യസ്ഥമായ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുണ്ട്. നമ്മുടെ ചിന്താഗതിയുടെ ഭാഗമാണ് രാഷ്ട്രീയ വീക്ഷണങ്ങൾ , നമ്മുടെ ചിന്തകളിലൂടെ അതിന്റെ പ്രതിഫലനം തികച്ചും സ്വാഭാവികമാണ്. എന്നിരുന്നാലും, ജിഎസ്ടിയെക്കുറിച്ചുള്ള മുഴുവൻ ചർച്ചകളിലും, എല്ലാവരും സഭയുടെ അന്തസ്സിൽ ശ്രദ്ധാലുക്കൾ ആണെന്നും രാഷ്ട്രീയ പ്രത്യയശാസ്ത്രത്തെ ഒരിക്കലും അതിൽ ഇടപെടാൻ അനുവദിക്കില്ലെന്നും അതിനെ ഒരു രാഷ്ട്രീയ വേദിയാക്കാൻ അനുവദിക്കില്ലെന്നും അവർ ശ്രമിച്ച എന്നതിന് ഞങ്ങൾ സാക്ഷിയായിരുന്നു. അതിനു പകരം സഭയെ ഒരു ദേശീയ വേദി ആക്കാനും രാജ്യത്തിന്റെ താൽപ്പര്യത്തെ പ്രധാന്യത്തോടെ നിലനിർത്തുകയും ചെയ്തു. രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുപരി ദേശീയ താൽപ്പര്യം എല്ലായ്പ്പോഴും വിജയിക്കുന്ന നമ്മുടെ രാജ്യത്തിന്റെ തിളക്കമാർന്ന വശങ്ങളിലൊന്നാണിത്. നമ്മുടെ കൂട്ടായ പരിശ്രമത്തിലൂടെയാണ് ഇത് ശരിയാണെന്ന് തെളിയിച്ചത്. ഒരു

തരത്തിലുമുള്ള വിമർശനങ്ങളും പരാതികളെയും ഈ നിർദ്ദേശങ്ങൾ ആകർഷിക്കില്ല എന്നല്ല , ഈ പരാതി അവിടെ മാത്രമേ ഉണ്ടാകൂ എന്ന് ഞാൻ അർത്ഥമാക്കുന്നില്ല.

എന്നാൽ സഭയിൽ സന്നിഹിതർ ആയ ആളുകളിൽ കുറച്ച പെർക്കെങ്കിലും നിലവിലുള്ളതിനേക്കാൾ മികച്ചതു മറ്റെന്തെങ്കിലും ആയിരുന്ന നല്ലതെന്ന തോന്നിയേക്കാം അല്ലെങ്കിൽ ഒരു ഫുൾ സ്റ്റോപ്പിന് പകരം ഒരു കോമ ഇടുന്നതാണ് നല്ലതെന്നോ തോന്നാം. ഈ രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. ഇതാണ് ജനാധിപത്യത്തിന്റെ ശക്തി, ഭിന്നതകൾക്കിടയിലും മുന്നോട്ട് പോകാൻ ഞങ്ങൾ ശ്രമിച്ചു. ലളിതമാക്കുന്ന ഭരണത്തിന്റെ വിപുലമായ സാധ്യതകൾ ജിഎസ്ടി സ്വീകരിക്കുന്നതോടെ നമുക്കുണ്ടാകും. വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ത ഫോമുകൾ പൂരിപ്പിക്കുകയും സർക്കാർ ഉദ്യോഗസ്ഥർ ആ രേഖകൾ വളരെ സൂക്ഷ്മമായി പരിശോധിക്കേണ്ടതുമായ വളരെ ബുദ്ധിമുട്ടുള്ള ഒരു പ്രക്രിയ ഇന്നത്തെ ഭരണത്തിൽ ആവശ്യമാണെന്ന് ഇന്ന് നമുക്കറിയാം. ഇനി നികുതി വ്യവസ്ഥയുള്ള പ്രക്രിയയും ഏകീകൃതമാകും . ഉപഭോക്താവാണ് രാജാവ് എന്ന വ്യക്തമായ സന്ദേശം അത് എല്ലായിടവും എത്തും എന്നതാണ ഇതിൻറെ അനന്തരഫലം. ഉപഭോക്താവാണ് രാജാവ് എന്ന സന്ദേശമെങ്ങും എത്തിക്കും എന്നതാണ് ജിഎസ്ടിയുടെ മുഖമുദ്ര. രാജ്യത്തുള്ള ഒരു നിയമത്തിലൂടെ ഉപഭോക്താവിനെ രാജാവാക്കുന്നത് സംവിധാനത്തിൻറെ പ്രധാന സംഭാവനയാണ്

എന്റെ സ്വന്തം അനുമാനത്തിൽ, സംരംഭകരും വ്യാപാരികളും കടന്നുപോകേണ്ട 7 മുതൽ 13 വരെയുള്ള നിരവധി വ്യവസ്ഥാ സംവിധാനങ്ങൾ അവസാനിപ്പിക്കാൻ ജി എസ് ടി സഹായകമാകും എന്നതാണ എൻറെ വ്യക്തിപരമായ അനുമാനം. മാത്രവുമല്ല അത് സംവിധാനത്തെ കൂടുതൽ ലളിതവത്കരിക്കുകയും അത് വഴി ചെറുകിട വ്യവസായികൾക്കും ഉപഭോക്താക്കൾക്കും പ്രയോജനമാവുകയും ചെയ്യും. നമ്മുടെ സമ്പദ്വ്യവസ്ഥയുടെ ചാലകശക്തിയായ ചെറുകിട ഉൽപ്പാദകർക്ക് സുരക്ഷിതത്വത്തിന്റെ ഗ്യാരണ്ടിയും ജിഎസ്ടി നൽകുന്നു, അവരെ നമുക്ക് എത്രത്തോളം സുരക്ഷിതമാക്കുവാൻ ആകുമോ അത്രയും ഗുണം ഉണ്ടാകും

വിവിധ മാർഗങ്ങളിൽ കൂടി നമ്മുടെ സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കാൻ സാധ്യമാണ് എന്നു നമുക്കറിയാം. നമ്മുടെ സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കാനും കാര്യക്ഷമമാക്കാനും മനുഷ്യൻ, യന്ത്രം, വസ്തുക്കൾ , പണം, മിനിറ്റുകൾ എന്നിങ്ങനെ അഞ്ച് കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന വളരെ ചെറിയ ഒരു നിർദ്ദേശം എനിക്കുണ്ട് , അവയെ എനിക്ക് വളരെ ചെറിയ നിർദ്ദേശമുണ്ട്, അപ്പോൾ നമ്മൾ മറ്റ് പരിഹാരങ്ങളിലേക്ക് നോക്കേണ്ടതില്ല. അവയുടെ നല്ല വശങ്ങൾ ഉപയോഗിക്കാൻ നമുക്ക് സാധ്യമായാൽ മറ്റ് പ്രശ്നപരിഹാരങ്ങളെ നമുക്ക് തേടേണ്ടി വരില്ല

നമ്മുടെ ഒക്ടോയ് നികുതി സമ്പ്രദായം കാരണം സംസ്ഥാന അതിർത്തികളിൽ കിലോമീറ്ററുകൾ നീളുന്ന വാഹനങ്ങളുടെ കൃ നമ്മൾ കാണുന്നത് പതിവാണ്. ഞങ്ങളുടെ ലോജിസ്റ്റിക്കൽ വിഭവങ്ങളുടെ 40 ശതമാനം വരെ മാത്രമേ നമുക്ക് ഉപയോഗിക്കാൻ കഴിയുന്നുള്ളുവെന്നും അവയിൽ 60 ശതമാനവും നിരവധി കെട്ടിക്കിടക്കലുകൾ കാരണം പാഴായിപ്പോകുന്നുവെന്നും കണക്കാക്കപ്പെടുന്നു. സാമ്പത്തിക ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സ്വതന്ത്ര ഏജൻസി അടുത്തിടെ നടത്തിയ ഒരു സർവേയിൽ വിവിധ ഗതാഗത തടസ്സങ്ങൾ കാരണം ഇന്ത്യയിൽ ഒരു ലക്ഷത്തി നാൽപതിനായിരം കോടി രൂപയുടെ വിഭവങ്ങൾ പാഴായതായി കണക്കാക്കുന്നു.ഇതിനെല്ലാം ഒക്ടോയിയെ കുറ്റപ്പെടുത്തേണ്ടതില്ല, പക്ഷേ എന്നിരുന്നാലും നല്ലൊരു ഭാഗം അതിനുണ്ട്.

ഈ തടസ്സങ്ങളിൽ പലതും ജിഎസ്ടി അവസാനിപ്പിക്കും, അവയിൽ ചിലത് അവശേഷിച്ചാൽ അവയും സമയബന്ധിതമായി പരിഹരിക്കപ്പെടും.

നീണ്ട നിരകളിൽ കുടുങ്ങിക്കിടക്കുന്ന വാഹനങ്ങൾ പെട്രോളും ഡീസലും കത്തിച്ചുകൊണ്ടേയിരിക്കുന്നതു വഴി പരിസ്ഥിതിക്ക് ഉണ്ടാകുന്ന നാശം ഒഴിവാക്കാനും ഇത് ആത്യന്തികമായി പ്രയോജനം ചെയ്യും.നമ്മുടെ പല ചരക്കുകളും ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകുമ്പോൾ കാലതാമസം നേരിടുന്നു, പുതിയ സംവിധാനത്തിലൂടെ സംവിധാനം കൂടുതൽ ലഘൂകരിക്കാനും അത് വഴി വളരെയധികം സൗകര്യങ്ങൾക്കും കാരണമാകും, ഇത് എണ്ണ ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാൻ നമ്മളെ സഹായിക്കും. സ്വന്തം ആവശ്യങ്ങൾ

നിറവേറ്റുന്നതിൽ പൂർണ്ണമായും സ്വയം പര്യാപ്തമായ സംസ്ഥാനങ്ങൾ നമുക്കില്ല, ഭൂരിഭാഗം ആവശ്യങ്ങളും നിറവേറ്റുന്നതിന് അവർ പരസ്പരാശ്രിതരാണ്, മറ്റൊന്നിൽ നിന്നും വിഭവങ്ങൾ കുറെ അവർക്ക് നേടേണ്ടി വരും. എങ്കിലേ കാര്യങ്ങൾ മുന്നോട്ട് പോകൂ, നിലവിലെ ഭരണ സംവിധാനം അതിനു പ്രധാന തടസ്സമാണ് .

ഈ തടസ്സങ്ങളെല്ലാം ജിഎസ്ടി സംവിധാനം നീക്കുകയും നമ്മുടെ രാജ്യത്ത് പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും.

ഈ സംസ്ഥാനങ്ങങ്ങൾക്ക് വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ നിക്ഷേപം നടത്തേണ്ടി വന്നാൽ, ജിഎസ്ടി സംവിധാനം അത്തരം സംസ്ഥാനങ്ങളിൽ അവരുടെ വരുമാനം വർദ്ധിപ്പിക്കാനും അത് അവരുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് പ്രയോജനപ്പെടുത്താനും സഹായിക്കും.

പടിഞ്ഞാറൻ രാജ്യങ്ങളിലെ ഇത്തരം വികസനം ശ്രദ്ധിച്ചാൽ , രാജ്യത്തിന്റെ കിഴക്കൻ ഭാഗത്തെയും ശേഷിക്കുന്ന ഭാഗങ്ങളിലെയും സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് താരതമ്യ പഠനം നടത്തേണ്ടത് ഉറപ്പായും നമ്മുടെ ഉത്തരവാദിത്തമാണ് എന്നു ഉറപ്പാകും , അല്ലാത്തപക്ഷം ഈ അസന്തുലിത വളർച്ചാ നിരക്ക് രാജ്യത്തിന്റെ പുരോഗതിക്ക് തടസ്സമായി മാറിയേക്കാം . അത്തരം സംസ്ഥാനങ്ങൾക്ക് ജിഎസ്ടി പുതിയ അവസരം നൽകി. ജിഎസ്ടി സംവിധാനം നടപ്പിലാക്കിയ ശേഷം അത് പരമാവധി പ്രയോജനപ്പെടുത്താൻ അത്തരം സംസ്ഥാനങ്ങളോട് ഞാൻ അഭ്യർത്ഥിക്കുന്നു. ജിഎസ്ടിയിലൂടെ ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി അവർക്ക് നിക്ഷേപിക്കാം, കാലക്രമേണ ഈ രാജ്യത്തിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനാകും. ഉപഭോക്തൃ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഉൽപ്പാദന സംസ്ഥാനങ്ങൾ ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ പോകുന്നു എന്നത് ശരിയാണ്, എന്നിരുന്നാലും, ആ സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ ഇന്ത്യൻ സർക്കാർ ജിഎസ്ടിയിൽ ഒരു വ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ട്, കൂടാതെ ഉൽപ്പാദന സംസ്ഥാനങ്ങൾക്കും ഈ പുതിയ സംവിധാനം പ്രയോജനപ്പെടുത്താനുള്ള സാധ്യതയുണ്ട്

രണ്ട് സഹോദരങ്ങൾക്കിടയിൽ സ്വത്തുക്കളുടെയോ വിഭവങ്ങളുടെയോ പേരിൽ തർക്കമുണ്ടാകുക സാധാരണമാണ്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ തർക്കങ്ങളുണ്ട്, പൊതുവെ പ്രകൃതിവിഭവങ്ങൾ അല്ലെങ്കിൽ നികുതിയുടെ ആസ്തികൾ കാരണം ആകും അത് , നികുതിയിൽ നിന്നും ശരിയായ വിഹിതം ലഭിക്കുന്നില്ലെന്ന് സംസ്ഥാനങ്ങൾ പരാതിപ്പെടുന്നു . കേന്ദ്രവും സംസ്ഥാനവും ഉണ്ടാക്കുന്ന വരുമാനത്തിന്റെ വിശദാംശങ്ങൾ നൽകിക്കൊണ്ട് ഈ പുതിയ സംവിധാനം നിലവിലുള്ള വ്യവസ്ഥയെ സുതാര്യമാക്കുകയും കൂടുതൽ സൌകര്യപ്രദവുമാക്കും . ജിഎസ്ടിയിലൂടെ കേന്ദ്രം എത്രമാത്രം വരുമാനം ഉണ്ടാക്കുന്നുവെന്നു സംസ്ഥാനങ്ങൾക്കും തിരിച്ചും അറിയുവാൻ സാധിക്കുകയും അതിന്റെ വിതരണം രേഖാമൂലമുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും വിശ്വാസം ഒരു ഫെഡറൽ ഘടനയിലെ പ്രധാന ഘടകമാണ്. ഈ പുതിയ ഭരണസംവിധാനം നടപ്പിലാക്കുന്നത് ഉറപ്പാക്കുന്നതിൽ ജിഎസ്ടി ഒരു പ്രധാന ഉത്പ്രേരകം ആണെന്ന് തെളിയിക്കും അതോടൊപ്പം രാജ്യത്തെ ഫെഡറൽ സംവിധാനത്തെ ശക്തിപ്പെടുത്തുകയും ചെയ്യും. ഇരു സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും അറിവോടെയായിരിക്കും നികുതി പിരിവ്. ഖാർഗെ ജി ഈ ബില്ലിന്റെ സവിശേഷതകൾ സൂക്ഷ്മമായി നിരീക്ഷിച്ചാൽ നന്നായിരുന്നു. ഈ ബില്ലിന്റെ കരട് തയ്യാറാക്കുമ്പോൾ അതിന്റെ സവിശേഷതകൾ നോക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടുണ്ടാകില്ല. അതേക്കുറിച്ച് പിന്നീട് എപ്പോഴെങ്കിലും ഞാൻ സംസാരിക്കാം . ജിഎസ്ടി ബിൽ ദരിദ്രർക്ക് കൂടുതൽ പ്രയോജനകരമാണ്. അവശ്യവസ്തുക്കളെ ഈ നികുതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഉപഭോക്തൃ പണപ്പെരുപ്പം നിർണ്ണയിക്കുമ്പോൾ ഏകദേശം 55ശതമാനം ഭക്ഷണവും അവശ്യ മരുന്നുകളും ജിഎസ്ടിയുടെ പരിധിക്ക് പുറത്താണ്. എന്നെ വിമർശിക്കാൻ നിങ്ങൾക്ക് വേണ്ടത്ര കാര്യങ്ങൾ ലഭിക്കും, കൂടാതെ അത് പറയാൻ മാധ്യമങ്ങളിൽ സമയവും നിങ്ങൾക്ക് ലഭിക്കും . നിങ്ങൾക്ക് ഞാൻ ആശംസകൾ നേരുന്നു, എന്നിരുന്നാലും, സത്യം മറ്റൊന്നാണ്

ചില ഘട്ടങ്ങളിൽ , ചിട്ടയോട് കൂടിയ മാറ്റങ്ങൾ നമുക്ക് കൂടുതൽ പ്രയോജനം ചെയ്യും. റവന്യൂവും ധനക്കമ്മിയും തമ്മിൽ എല്ലായ്പ്പോഴും വലിയ വ്യത്യാസമുണ്ടെന്ന് നമുക്കറിയാം, സംസ്ഥാനങ്ങൾ വായ്പയെടുക്കുകയും കടഭാരത്തിന് കീഴിലാവുകയും ചെയ്യാറുണ്ടായിരുന്നു, ഇത് ഒരു തുടർച്ചയായ സമ്പ്രദായമായിരുന്നു.

തുടർന്ന് ഞങ്ങൾ എഫ് ആർ ബി എം (ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ്) ആക്ടിലേക്ക് കടന്നു . ആ സാമ്പത്തിക അച്ചടക്കത്തിൽ സംസ്ഥാനങ്ങളെയും ഉൾപ്പെടുത്തി, കേന്ദ്രവും അതിന്റെ സമ്മർദ്ദം ചെലുത്തി, എഫ്ആർബിഎം നിയമം വരുമാനവും കമ്മിയും തമ്മിൽ സന്തുലിതമാക്കാൻ ശ്രമിച്ചു. സംസ്ഥാനങ്ങളുടെ സാമ്പത്തിക ആരോഗ്യത്തിൽ ആരോഗ്യകരമായ മാറ്റത്തിന് ഇതിലൂടെ സാധിച്ചു , നല്ല മാറ്റത്തിന് ഇത് കാരണമായി. വളരെ പ്രാധാന്യമുള്ള ഒരു നിയമം കൊണ്ടുവന്നുകൊണ്ട് ഒരു സുപ്രധാന തീരുമാനമാണ് ഈ സർക്കാർ എടുത്തത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും

ഗവൺമെൻറും ഒരുപോലെ തീരുമാനം എടുക്കാത്ത ഒരു വിഷയത്തിൽ ഒരു നിയമം കൊണ്ടുവരാനുള്ള തീരുമാനം . വളർച്ചയും പണപ്പെരുപ്പവും എപ്പോഴും പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പണപ്പെരുപ്പം പലിശയുടെ നിരക്കിൽ ഇരുപതിലധികം സ്വാധീനം ചെലുത്തുമെന്നും പലിശനിരക്ക് അങ്ങനെയാണെങ്കിൽ നിക്ഷേപത്തെ പ്രതികൂലമായി ബാധിക്കുമെന്നും നിക്ഷേപം ഇല്ലെങ്കിൽ വളർച്ച ഉണ്ടാകില്ലെന്നുമുള്ള തർക്കം നമ്മൾ എപ്പോഴും കേൾക്കുന്നതാണ്.

ഇതാദ്യമായി , നിയമനിർമ്മാണത്തിലൂടെ പണപ്പെരുപ്പം നാല് ശതമാനമായി നിജപ്പെടുത്തണമെന്ന് റിസർവ് ബാങ്കിനോട് ഗവൺമെൻറ് ഉറപ്പിച്ചു പറഞ്ഞു .

ഇത് രണ്ട് ശതമാനം അധികമോ കുറവോ ആകാം. ഈ സംവിധാനം 2021 വരെ നിലനിൽക്കും. ഇത് എല്ലാ ധനകാര്യ സ്ഥാപനങ്ങളെയും കണക്ക് പറയേണ്ടതാക്കും. ഇത് ആദ്യമായി ഉണ്ടാക്കിയതാണ്, നമ്മുടെ നികുതി പിരിവ് സംവിധാനത്തിന് ഇത് പ്രയോജനം നൽകുമെന്നും അതിലൂടെ കള്ളപ്പണം വികസന ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ജനങ്ങളെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുകയും ചുറ്റുപാടുകളിൽ മാറ്റം കൊണ്ടുവരികയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു .

സ്വാതന്ത്ര്യം കിട്ടിയ കാലം മുതൽ നമ്മൾ ദാരിദ്ര്യത്തോട് പൊരുതുന്നു എന്നത് സത്യമാണ്. ഇപ്പോഴും 65 ശതമാനം ജനസംഖ്യ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് ആരെങ്കിലും ചൂണ്ടിക്കാണിക്കുമ്പോൾച്ചാൽ , നമുക്ക് അത് പാരമ്പര്യമായി ലഭിച്ചതാണ്, അത് നമുക്ക് ഏവർക്കും അറിയാം. നല്ലതോ ചീത്തയോ ആകട്ടെ , പാരമ്പര്യമായി ലഭിക്കുന്നതെന്തും നമ്മൾ അംഗീകരിക്കണം . ഈ രാജ്യത്തിന് ദാരിദ്ര്യം പാരമ്പര്യമായി ലഭിച്ചു, എന്നിരുന്നാലും, ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും ദാരിദ്ര്യം നിർമാർജ്ജനം ചെയ്യാനുള്ള ഇച്ഛാശക്തി നമുക്കെല്ലാമുണ്ട്, അത് . നമുക്കെല്ലാവർക്കും ഒരേ ഉദ്ദേശ്യങ്ങളുണ്ട്, എന്നിരുന്നാലും, രീതികൾ വ്യത്യസ്തമായിരിക്കും എങ്കിലും നമുക്ക് ഒരേ ഉദ്ദേശ്യങ്ങൾ ആണ്. പാവപ്പെട്ടവരുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ശാക്തീകരണത്തിന് വേണ്ടിയാണ് നമ്മുടെ ശ്രമങ്ങൾ . ഇത്തരം രണ്ടു കാര്യങ്ങൾ വഴി സ്വന്തമായി ദാരിദ്ര്യം ലഘൂകരിക്കാനും പുരോഗതിയിലേക്ക് നയിക്കാനും സാധ്യമാകുന്ന തരത്തിൽ അവരുടെ ഒരു സൈന്യത്തെ തയാറാക്കുവാനും സാധിച്ചു . ജിഎസ്ടിക്ക് അത്തരമൊരു അന്തരീക്ഷം ഒരുക്കാൻ സഹായിക്കാനും ഒരു പ്രധാന വേദി നൽകാനും കഴിയും, അതിനു പുറമെ ദാരിദ്ര്യത്തിനെതിരായ നമ്മുടെ പോരാട്ടത്തിൽ നമ്മെ സഹായിക്കാനും കഴിയും. ചെറുകിട സംരംഭകർ വായ്പയ്ക്കായി ബാങ്കുകളെ സമീപിക്കുമ്പോഴെല്ലാം അവർക്ക് ധാരാളം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുമെന്ന് നമുക്കറിയാം. ഈ പഴയ ശീലങ്ങളിൽ മാറ്റം വരുത്താൻ ഞങ്ങൾ ശ്രമിക്കുന്നു. എന്നിരുന്നാലും, ഈ മാറ്റം ഉടനടി കൊണ്ടുവരാൻ കഴിയില്ല, ആ ലക്ഷ്യത്തിന് വേണ്ടി ഞങ്ങൾ പരിശ്രമിക്കുന്നു. നമുക്ക് ധാരാളം മോശം ശീലങ്ങൾ ഉണ്ട് എന്നത് സത്യമാണ്. ചെറുകിട സംരംഭകർക്ക് ബാങ്കുകളിൽ നിന്ന് വായ്പയെടുക്കേണ്ടി വന്നാൽ, അവരോട്

ധാരാളം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുകയും അവരുടെ എല്ലാ രേഖകളും ചോദ്യം ചെയ്യുകയും ഉടർന്ന് അവരുടെ വായ്പാ അപേക്ഷ നിരസിക്കുകയും ചെയ്യുന്നു, അതേസമയം തങ്ങൾക്ക് താത്പര്യമുള്ളവർക്ക് വായ്പ നൽകാൻ ബാങ്കുകൾ മടിക്കുന്നില്ല. കുറച്ച് താൽപ്പര്യം. വായ്പയെടുക്കുന്ന ഓരോ വ്യക്തിയുടെയും സാക്ഷ്യപ്പെടുത്തിയ ഇടപാട് വിശദാംശങ്ങൾ ജിഎസ്ടി സംവിധാനം നൽകും. ആ വ്യക്തി ആ രേഖകൾ ബാങ്കിൽ ഹാജരാക്കുമ്പോൾ, വിവേചനം കാണിക്കാൻ ഒരു ബാങ്കിനും അധികാരമില്ല.

പാവപ്പെട്ടവരിൽ പാവപ്പെട്ടവരായവർക്ക് ഒരു രേഖയുടെ സഹായത്തോടെ ജിഎസ്ടി സൗകര്യമൊരുക്കും, അതിനാൽ ഒരു ചെറുകിട വ്യവസായി, പാൽ, ചായ വിൽപ്പനക്കാരെ പോലെ ചെറുകിട വ്യാപാരികൾ, ബാർബൽ , പത്രം വിൽക്കുന്നയാൾ, അല്ലെങ്കിൽ വളരെ ചെറുകിട വ്യവസായികൾ എന്നിവർക്ക് പോലും ജിഎസ്ടിയുടെ സഹായം സ്വീകരിച്ചു വായ്പയെടുക്കാനും കഴിയും. ജിഎസ്ടിയുടെ ഏറ്റവും വലിയ ഉപകരണമാണ് സാങ്കേതികവിദ്യ, അതിൻറെ സഹായത്തോടെ തത്സമയ ഡാറ്റ സൃഷ്ടിക്കുവാൻ സാധിച്ചു തത്സമയ ഡാറ്റാ ലഭ്യമാകുമ്പോൾ ആളുകൾക്ക് ആപ്ലിക്കേഷനുകൾ നിർമ്മിക്കുന്നതിൽ ഒരു പ്രശ്നവും നേരിടേണ്ടിവരില്ല, കൂടാതെ സംവിധാനത്തിൽ കൂടി പ്രയോജനം നേടാനും കഴിയും.പണം എളുപ്പത്തിൽ ഒഴുകുമ്പോൾ, അത് മത്സരം വർദ്ധിപ്പിക്കുന്നു. ഉൽപ്പാദനത്തിൻറെ മത്സര സാധ്യതകളും വർദ്ധിക്കുന്നു, അത്തരം മത്സരം വർദ്ധിക്കുമ്പോൾ പണം സൃഷ്ടിക്കപ്പെടുന്നു, ആളുകൾക്ക് ജോലി ചെയ്യാനുള്ള അവസരങ്ങളും സൃഷ്ടിക്കപ്പെടുന്നു, അത്തരം എല്ലാ തൊഴിലവസരങ്ങൾക്കും പണമൊഴുക്ക് വർദ്ധിപ്പിക്കാനും ജി എസ് ടി സഹായിക്കുന്നു

നമ്മുടെ രാജ്യത്ത് നിക്ഷേപം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നികുതിയും ജിഡിപി അനുപാതവും എപ്പോഴും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ പുതിയ സംവിധാനം ഈ ചോദ്യചിഹ്നം എന്നെന്നേക്കുമായി ഇല്ലാതാക്കുകയും സംസ്ഥാനങ്ങൾക്കും സ്വന്തമായി ഒരു തീരുമാനം എടുക്കാനും അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹിക മേഖല മുതലായവയുടെ വളർച്ചയിൽ തീരുമാനമെടുത്ത് വികസനത്തിന്റെ പാതയിൽ മുന്നേറാനും സാധിച്ചു

രാഷ്ട്രീയ കോണിൽ നിന്ന് അതിനെ കാണരുത് . തൽക്കാലം എല്ലാവർക്കും ചില നഷ്ടങ്ങൾ സഹിക്കേണ്ടിവരുമെങ്കിലും ഈ വിഷയം ഗൗരവമായ പരിഗണന അർഹിക്കുന്ന ഒന്നാണ് . എല്ലാ വർഷവും അഞ്ചു മുതൽ ഏഴ് വരെ സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കുന്നു. ഒരു കോടിയിലധികം സർക്കാർ ഉദ്യോഗസ്ഥരെ ഇടയ്ക്കിടെയുള്ള തിരഞ്ഞെടുപ്പുകൾക്കായി അവിടെ വിന്യസിച്ചിരിക്കുന്നു. അധ്യാപകരും പ്രൊഫസർമാരും തിരഞ്ഞെടുപ്പ് പ്രക്രിയയിൽ അവരുടെ ചുമതലകൾ നിർവഹിക്കേണ്ടതുണ്ട്. ഇടയ്ക്കിടെയുള്ള തെരഞ്ഞെടുപ്പുകൾ കാരണം വരും തലമുറയ്ക്ക് ദുരിതം അനുഭവിക്കേണ്ടിവരുന്നു. കൂടാതെ, ഇതിന് വലിയ ചെലവും ആവശ്യമാണ്. 2009ൽ 1100 കോടി രൂപ ചെലവിട്ടത് ലോക്സഭാ തിരഞ്ഞെടുപ്പിൽ 4000 കോടി രൂപയായി ഉയർന്നു. രാഷ്ട്രത്തിന് എത്ര വലിയ ഭാരമാണ് ഇതിലൂടെ വഹിക്കേണ്ടിവരുന്നതെന്ന് ഊഹിക്കുക .

ആദരണീയ സ്പീക്കർ, ഇന്ന് നമ്മൾ ക്രമസമാധാന പാലന വിഷയത്തിൽ നിരവധി വെല്ലുവിളികൾ നേരിടുന്നു. പ്രകൃതിക്ഷോഭം ഉണ്ടായതിനാൽ സുരക്ഷാസേനയുടെ സഹായവും തേടിയിട്ടുണ്ട്. ആഗോള ഭീകരതയും നമ്മുടെ ശത്രു രാജ്യവും നമ്മുടെ സുരക്ഷാ സേനയെ അവിടെ വിന്യസിക്കാൻ നമ്മെ നിർബന്ധിക്കുന്നു. കാലത്തിൻറെ പുരോഗതിക്കൊപ്പം ഇതിന് വലിയ ആക്കം കൂടുകയും ചെയ്യുന്നു. മറുവശത്ത്, തിരഞ്ഞെടുപ്പ് കൈകാര്യം ചെയ്യുന്നതിന് വൻ സുരക്ഷാ സേനയെ വിന്യസിച്ചിരിക്കുന്നു. അത്തരമൊരു സാഹചര്യത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം. സമയത്തിൻറെ ആവശ്യത്തിന് അനുസരിച്ച് സാഹചര്യം വിഭാവനം ചെയ്യാൻ കഴിയുന്ന ഒരു പാർട്ടിക്ക് അത് ഏകപക്ഷീയമായി തീരുമാനിക്കാനാവില്ല. സർക്കാരിന് സ്വന്തമായി ഒരു തീരുമാനവും എടുക്കാൻ കഴിയില്ല. എന്നിരുന്നാലും, ഉത്തരവാദിത്തമുള്ള ആളുകൾ എല്ലാവരേയും ഒരുമിച്ച് ഇരുത്തി ഈ പ്രശ്നത്തിന് കൃത്യമായ പരിഹാരം കണ്ടെത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട രാഷ്ട്രപതി തുടക്കമിട്ട ഈ ചർച്ച മുന്നോട്ട് കൊണ്ടുപോകണം. അവരുടെ നന്ദിക്കായി നാം പരിശ്രമിക്കണം

ബഹുമാനപ്പെട്ട സ്പീക്കർ , നമ്മുടെ രാജ്യത്തിലെ ഗ്രാമീണ സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്താതെ, രാജ്യത്തിന്റെ സാമ്പത്തിക ലക്ഷ്യം പുരോഗമിക്കുന്നില്ല. രാഷ്ട്രപതിയുടെ പ്രസംഗത്തിൽ, ദളിത്, അടിച്ചമർത്തപ്പെട്ട പീഡനം ചെയ്യപ്പെടുന്നവർ, അധഃസ്ഥിതരായവർ , യുവാക്കൾ, തൊഴിലാളികളെ കുറിച്ച് പോലും പരാമർശിച്ചതിൽ നമ്മുടെ പ്രതിപക്ഷ നേതാവിന് പ്രശ്നം തോന്നി എന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. ദരിദ്രർ, അടിച്ചമർത്തപ്പെട്ടവർ, നിരാലംബർ എന്നിവരെ രാഷ്ട്രപതിയുടെ പ്രസംഗത്തിൽ പരാമർശിച്ചു കൂടേ എന്നു എനിക്കറിയണം . അവരെ അവരുടെ വിധിക്ക് വിട്ടു കൊടുക്കണോ. എന്തിനാണ് അവർ അതിനെ വിമർശിക്കുന്നത് എന്നോർത്തു ഞാൻ ഞെട്ടിപ്പോയി .

ഞങ്ങൾ കൃഷി സിഞ്ചായി യോജനയ്ക്ക് ഊന്നൽ നൽകി. നോക്കൂ, എന്തൊരു സമൂലമായ മാറ്റമാണ് മൻരേഗ കൊണ്ടുവന്നത്. മൂന്ന് വർഷത്തിൽ നിങ്ങൾ അത് 600 കോടി രൂപ ഉയർത്തി. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ അത് 11000 കോടി രൂപയായി ഉയർത്തി. ബഹിരാകാശ സാങ്കേതികവിദ്യ ഞങ്ങൾ ഉപയോഗിച്ചു. ഞങ്ങൾ അതിനുള്ളിൽ ജിയോ-ടാഗിംഗ് വ്യവസ്ഥ ചെയ്തു. ജലസേചനത്തിന് പരമപ്രധാനമായതിനാൽ കുളങ്ങൾ സൃഷ്ടിക്കുന്നതിനും ഞങ്ങൾ ഊന്നൽ നൽകിയിട്ടുണ്ട്. മത്സ്യകൃഷിക്കും ചെറിയ കുളങ്ങൾ ഉപയോഗപ്രദമാണ്.

ദരിദ്രർക്ക് അവരുടെ ഉപജീവനമാർഗം ഇതിൽ നിന്നും കണ്ടെത്താം, ഈ ആലോചന കൊണ്ട് പത്ത് ലക്ഷത്തിലധികം കുളങ്ങൾ സൃഷ്ടിക്കാൻ ഞങ്ങൾ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. കഴിഞ്ഞ തവണ കുളങ്ങൾ ഉണ്ടാക്കണമെന്ന് ഞങ്ങൾ നിർബന്ധം പിടിച്ചിരുന്നു. ഇത് നമ്മുടെ കർഷകർക്ക് ഏറെ ഗുണം ചെയ്യും. ജിയോ ടാഗിംഗിന് നന്ദി, നിരീക്ഷണം ഇപ്പോൾ സാധ്യമാണ്. ഇതും അവരുടെ നേട്ടം കൂട്ടും. ബഹിരാകാശ സാങ്കേതികവിദ്യയിൽ ഉപഗ്രഹത്തിൽ അന്തർലീനമായ നിരവധി കാര്യങ്ങൾ ഉണ്ടായിരുന്നിട്ടും, അതിന്റെ സവിശേഷത പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ നാം പരാജയപ്പെട്ടു. പകരം പത്രങ്ങളുടെ തലക്കെട്ടിൽ ഇടം പിടിക്കാനാണ് ശ്രമിച്ചത്. ഈ ഗവൺമെന്റ് നിരന്തര പരിശ്രമം നടത്തുകയും കൂടുതൽ കൂടുതൽ പരിവർത്തനങ്ങൾക്കായി പരിശ്രമിക്കുകയും ചെയ്യും.

പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതി- വിള ഇൻഷുറൻസ് പദ്ധതി നേരത്തെയും നിലവിലുണ്ടായിരുന്നു. എന്നിരുന്നാലും കർഷകരുടെ താൽപര്യം സംരക്ഷിക്കപ്പെടാത്തതിനാൽ വിള ഇൻഷുറൻസ് എടുക്കാൻ കർഷകർ തയ്യാറായില്ല. നാമെല്ലാവരും പൊതുജീവിതത്തിൽ പ്രവർത്തിക്കുന്നവരാണ്. ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടികളോടുള്ള പ്രതിബദ്ധതയല്ലാതെ സമൂഹത്തോട് നമുക്ക് ബാധ്യതയുണ്ട്. ഈ സഭയിലെ എല്ലാ അംഗങ്ങളും പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയെ കുറിച്ച് പഠിക്കണം, കർഷകർക്ക് എങ്ങനെ സഹായവും നൽകാമെന്ന് നമുക്ക് ചിന്തിക്കാം. പദ്ധതിയിൽ നിന്ന് പ്രയോജനം നേടുന്നതിന് അവരെ പ്രബുദ്ധരാക്കാം. പ്രകൃതിക്ഷോഭം മൂലം വിത്ത് വിതയ്ക്കാൻ സാധിക്കാത്ത കർഷകർക്കും വിള ഇൻഷുറൻസിന് അർഹത ലഭിക്കുന്നത് ഇതാദ്യമായാണ്. വിളവെടുപ്പ് കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ എന്തെങ്കിലും ദുരന്തമുണ്ടായാൽ പോലും അവർക്ക് വിള ഇൻഷുറൻസിന് അർഹതയുണ്ട്, അതൊരു സാധാരണ തീരുമാനമല്ല. അതിനാൽ, അവർക്കായി ഉദ്ദേശിച്ച ആനുകൂല്യങ്ങൾ യഥാർത്ഥത്തിൽ അവരിലേക്ക് എത്തുന്നുവെന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ ബാധ്യതയാണ്.

സോയിൽ ഹെൽത്ത് കാർഡിന്റെ കാര്യത്തിൽ രാഷ്ട്രീയ വ്യത്യാസങ്ങളുണ്ടാകാം. എന്നിരുന്നാലും, ദയവായി നിങ്ങളുടെ മണ്ഡലത്തിലെ കർഷകരെ സോയിൽ ഹെൽത്ത് കാർഡിനെക്കുറിച്ച് ബോധവാന്മാരാക്കുക, ഇത് അവർക്ക് പ്രയോജനകരമാകും. ശരിയായ ഭൂമിയിൽ ഉചിതമായ വിളകൾ വളർത്തിയാൽ അത് പ്രയോജനകരമാകും. ശാസ്ത്രീയമായി ലളിതമായ ഒരു കാര്യമാണിത്. അതിൽ രാഷ്ട്രീയം പറയേണ്ടതില്ല. നമ്മൾ അത് മുന്നോട്ട് കൊണ്ടുപോകണം. ചെറുകിട സംരംഭകരും ഈ നീക്കത്തിൽ പങ്കാളികളാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അവർ സ്വന്തമായി സ്വകാര്യ ലാബുകൾ നിർമ്മിക്കുകയും സ്വയം സർട്ടിഫിക്കേഷൻ ലാബ് സ്ഥാപിക്കുകയും വേണം, സമയത്തിന്റെ മാറ്റത്തിനും ഒഴുക്കിനും അനുസരിച്ച് ഗ്രാമങ്ങളിൽ പുതിയ തൊഴിലവസരങ്ങൾ തുറക്കുമെന്ന് ഞാൻ കരുതുന്നു. ആ ദിശയിലാണ് നാം പ്രവർത്തിക്കേണ്ടത്.

മാഡം സ്പീക്കർ, യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനെക്കുറിച്ച് ഇവിടെ സഭയിൽ ചർച്ച നടന്നിട്ടുണ്ട്. മുദ്ര യോജനയ്ക്ക് കീഴിൽ അപേക്ഷകർക്ക് യാതൊരു ജാമ്യവും കൂടാതെ ഫണ്ട് (യഥാർത്ഥ വായ്പകൾ) വിതരണം ചെയ്തിട്ടുണ്ട്, കൂടാതെ ഗുണഭോക്താക്കളുടെ എണ്ണം രണ്ട് കോടിയിലധികം വരും. ഇത് അവരെ സ്വയം ആശ്രയിക്കാൻ പ്രാപ്തരാക്കുന്നു, ആരെങ്കിലും ഇതിനകം തന്നെ സ്വയം ആശ്രയിക്കുന്നുണ്ടെങ്കിൽ, ഇപ്പോൾ ഒന്നിലധികം ആളുകളെ ജോലി ചെയ്യാൻ പ്രാപ്തമാക്കിയിരിക്കുന്നു.

രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിച്ചില്ലെങ്കിൽ ഒന്നും സംഭവിക്കില്ല എന്നതാണ് നമ്മുടെ ചിന്ത. ഞങ്ങളുടെ ചിന്ത എല്ലായിടത്തും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടണമെന്നും ആ നയം നമ്മൾ സ്വീകരിക്കുകയും ചെയ്യുന്ന തരത്തിലായിരിക്കണംഎന്നതാണ് ഞങ്ങളുടെ നയം. നൈപുണ്യ വികസനത്തിന് ഞങ്ങൾ ഊന്നൽ നൽകിയിട്ടുണ്ട്. അതിന്റെ ഫലമാണ് ഇപ്പോൾ കാർഷിക മേഖലയ്ക്കായിട്ടുള്ള പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന നടപ്പാക്കുമ്പോൾ ജനങ്ങൾക്ക് ആ ജോലിയിൽ തൊഴിൽ ലഭിക്കില്ലേ? പ്രധാനമന്ത്രി ഊർജ ഗംഗാ യോജനയ്ക്ക് കീഴിൽ കിഴക്കൻ ഇന്ത്യയിലേക്ക് ഗ്യാസ് പൈപ്പ് ലൈൻ കണക്ഷനുകൾ നൽകുന്നതിന് ഞങ്ങൾ ഒരു വലിയ പ്രചാരണം ആരംഭിച്ചിട്ടുണ്ട്. നൂറുക്കണക്കിന് കിലോമീറ്ററാണ് ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടത്. യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ലേ? അതിനാൽ, വികസനത്തിന്റെ ദിശ യുവാക്കൾക്ക് തൊഴിൽ സൃഷ്ടിക്കുന്നതിലേക്ക് നയിക്കണം.

ബഹുമാനപ്പെട്ട സ്പീക്കർ മാഡം, ഞങ്ങൾ ഇവിടെ മറ്റു പല വിഷയങ്ങളും, യുവാക്കൾക്കുള്ള തൊഴിലവസരങ്ങളും ചർച്ച ചെയ്തു. മുദ്രാ പദ്ധതിയിൽ നിന്ന് രണ്ട് കോടിയിലധികം ആളുകൾക്ക് ഒരു ഗ്യാരണ്ടിയും കൂടാതെ നൽകിയ പണം, ഒന്നുകിൽ അവർ സ്വന്തം കാലിൽ നിന്നോ അല്ലെങ്കിൽ ഇതിനകം ഉണ്ടായിരുന്നോ, അതിനുശേഷം ഒന്നിലധികം പേർക്ക് തൊഴിൽ നൽകാനുള്ള അധികാരം ലഭിച്ചു. നമ്മൾ ജനങ്ങളാണ്, ഇതാണ് നമ്മുടെ ചിന്തകൾ, രാജ്യത്ത് തൊഴിലവസരങ്ങൾ വർധിപ്പിക്കാതിരിക്കുന്നത് വരെ, അവന്റെ തൊഴിൽ സാധ്യത എല്ലായിടത്തും വർദ്ധിക്കും എന്നതായിരിക്കണം നമ്മുടെ നയങ്ങൾ, ഞങ്ങൾ ആ നയം സ്വീകരിച്ചു. നൈപുണ്യ വികസനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്, ഇവിടെ കാർഷിക മേഖലയുണ്ട് എന്നതാണ് അതിന്റെ നേട്ടം. ഊർജ ഗംഗാ യോജനയുമായി

കിഴക്കൻ ഇന്ത്യയെ ഗ്യാസ് പൈപ്പ്ലൈനുമായി ബന്ധിപ്പിക്കുന്നതിന് ഞങ്ങൾ ഒരു വലിയ പ്രചാരണം ആരംഭിച്ചിട്ടുണ്ട്. നൂറുകണക്കിന് കിലോമീറ്റർ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ പോകുന്നു, ഒമ്പത് സൈനികർക്ക് ജോലി ലഭിക്കുമോ ഇല്ലയോ?

ടെക്സ്റ്റൈൽസ്, ഷൂസ് നിർമ്മാണ മേഖലയിൽ ഞങ്ങൾ നിരവധി സംരംഭങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. രാജ്യത്തെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഈ ബജറ്റിലും നിരവധി സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾ കൂടുതൽ ശക്തിപ്പെടുന്തോറും നമ്മുടെ രാജ്യത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. നമ്മുടെ ഉൽപ്പാദനത്തിന്റെ മാനദണ്ഡമായി പൂജ്യം ഇഫക്ട് നിലനിർത്തിയാൽ, നമുക്ക് ആഗോള വിപണിയും സ്ഥാനം നേടാം. . നമ്മുടെ ചെറുകിട വ്യവസായികൾക്ക് കയറ്റുമതി ചെയ്യാൻ അധികാരമുണ്ട്. ചെറുകിട ഫാക്ടറികളിൽ നിർമ്മിക്കുന്ന ചെറിയ ഭാഗങ്ങൾ വൻകിട വ്യവസായങ്ങളിൽ ഉപയോഗിക്കുന്നു. എഞ്ചിനീയറിംഗ് ലോകത്ത് നമുക്ക് അതിലൂടെ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. പുതിയ ബജറ്റിൽ കൊണ്ടുവരുന്ന പദ്ധതികളുടെ നേട്ടം 96 ശതമാനം വ്യവസായികൾക്കും ലഭിക്കും. സമ്പന്നരിൽ നാല് ശതമാനം പേർ പുറത്തായെങ്കിലും 50 കോടിയിൽ താഴെ വിറ്റുവരവുള്ളവരിൽ 96 ശതമാനം പേർക്കും വലിയ ആനുകൂല്യങ്ങൾ ലഭിക്കുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വലിയ സാധ്യതകളാണ് ഇതിലൂടെ ഉണ്ടാകാൻ പോകുന്നത്.

സർജിക്കൽ സ്ട്രൈക്കിന്റെ കാര്യവും ഉന്നയിക്കപ്പെട്ടു. ഞാൻ ആശ്ചര്യപ്പെട്ടു. നിങ്ങളുടെ ഹൃദയത്തിൽ കൈവെച്ച് നിങ്ങൾ ചോദിക്കൂ. സർജിക്കൽ സ്ട്രൈക്കിന്റെ ആദ്യ 24 മണിക്കൂറിൽ രാഷ്ട്രീയക്കാർ പലതരത്തിലുള്ള പ്രസ്താവനകളും ഭാഷകളും പ്രയോഗിച്ചു, എന്നാൽ രാജ്യത്തിന്റെ മാനസികാവസ്ഥ വ്യത്യസ്തമാണെന്ന് കണ്ടപ്പോൾ അവർക്ക് ഭാഷ മാറ്റേണ്ടിവന്നു. ഇത് വളരെ വലിയ തീരുമാനമായിരുന്നുവെന്നും ഈ തീരുമാനത്തെക്കുറിച്ച് ആരും എന്നോട് ചോദിക്കുന്നില്ലെന്നും ഞാൻ പറയാൻ ആഗ്രഹിക്കുന്നു. നോട്ട് അസാധുവാക്കലിനെ കുറിച്ച് ആളുകൾ എന്നോട് ചോദിക്കുന്നു, എന്തുകൊണ്ടാണ് ഞാൻ അത് രഹസ്യമാക്കി വെച്ചത്? മന്ത്രിസഭയ്ക്ക് പോലും ഇത് സംബന്ധിച്ച് ഒരു വിവരവുമില്ലെന്നാണ് ഇവർ പറയുന്നത്. സർജിക്കൽ സ്ട്രൈക്കിനെക്കുറിച്ച് ആരും ചോദിക്കുന്നില്ല. സഹോദരീ സഹോദരന്മാരേ, രാജ്യത്തിന്റെ സൈന്യത്തെ നാം എത്രയധികം പ്രകീർത്തിക്കുന്നു. നമ്മുടെ രാജ്യത്തിലെ സൈന്യത്തെ എത്ര പ്രശംസിച്ചാലും മതിയാകില്ല. അത്രയും വിജയകരമായ സമരമാണിത്. സർജിക്കൽ സ്ട്രൈക്ക് നിങ്ങളെ അസ്വസ്ഥമാക്കുന്നുവെന്ന് എനിക്കറിയാം. നിങ്ങളെ അസ്വസ്ഥരാക്കുന്നു. സർജിക്കൽ സ്ട്രൈക്കിനെ കുറിച്ചുള്ള നിങ്ങളുടെ പ്രശ്നം, അതിനെ കുറിച്ച് പരസ്യമായി സംസാരിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല എന്നതും അക്കാരണം കൊണ്ട് ഉള്ളിൽ വേദന അനുഭവപ്പെടുന്നു എന്നതാണ്. ഇത് നിങ്ങളുടെ പ്രശ്നമാണ്, പക്ഷേ, ഈ രാജ്യം, നമ്മുടെ സൈന്യം പൂർണ്ണമായി പ്രാപ്തവും രാജ്യത്തെ സംരക്ഷിക്കാൻ ശാക്തീകരിക്കപ്പെട്ടതുമാണെന്ന് മനസ്സിലാക്കുക

സഹോദരീ സഹോദരന്മാരേ! നമ്മുടെ രാജ്യത്തിന്റെ സൈന്യത്തെ നമ്മുടെ രാജ്യത്തിന്റെ സൈന്യം പ്രശംസിക്കട്ടെ. നമ്മുടെ രാജ്യത്തെ സൈന്യത്തെ എത്രയധികം പുകഴ്ത്തുന്നുവോ അത്രയധികം അത് കുറയുന്നു, സർജിക്കൽ സ്ട്രൈക്ക് നിങ്ങളെ ഇത്ര വലിയ പാളിയിൽ അലട്ടുന്നുണ്ടെന്ന് എനിക്കറിയാം. സർജിക്കൽ സ്ട്രൈക്ക് നിങ്ങളെ വിഷമിപ്പിക്കുന്നു, അതിനാൽ നിങ്ങളുടെ പ്രശ്നം പൊതുസ്ഥലത്ത് സംസാരിക്കാൻ കഴിയാത്തതാണ്, നിങ്ങൾക്ക് ഉള്ളിൽ വേദന അനുഭവപ്പെടുന്നു, ഇതാണ് നിങ്ങളുടെ പ്രശ്നം. എന്നാൽ ഈ രാജ്യം, ഈ രാജ്യം, നമ്മുടെ സൈന്യം ഈ രാജ്യത്തെ സംരക്ഷിക്കാൻ പൂർണ്ണമായി പ്രാപ്തരാണെന്ന് നിങ്ങൾ വിശ്വസിക്കുന്നു, അത് വളരെ ശക്തമാണ്.

ആശയങ്ങളുടെ കൈമാറ്റം ഉണ്ടാകണം, അത് ഏത് ദിശയിൽ നിന്നും വരണം. ആശയങ്ങൾ ഒരു പ്രത്യേക ദിശയിൽ നിന്ന് വരണമെന്നില്ല. ഏത് ദിശയിൽ നിന്നും വരാം. മഹത്തായ ആശയങ്ങളെ സ്വാഗതം ചെയ്യുന്നു, കാരണം നമുക്കെല്ലാവർക്കും ആത്യന്തികമായ ഒരു ലക്ഷ്യമുണ്ട് - നമ്മുടെ രാജ്യത്തെ വികസിപ്പിക്കുക. നമ്മുടെ എല്ലാവരുടെയും ഉദ്ദേശ്യം നാടിനെ പ്രശ്നരഹിതമാക്കുക എന്നതാണ്. രാജ്യത്തെ പുതിയ ഉയരങ്ങളിലെത്തിക്കുക എന്നതാണ്

ആത്യന്തികമായി ഞങ്ങളുടെ ലക്ഷ്യം. ഇന്ന് ലോകത്ത് അതിനുള്ള അവസരം സംജാതമായിരിക്കുന്നു. അത്തരം അവസരങ്ങൾ വിരളമാണ്. ഇന്ന്, ആഗോള സാഹചര്യം ഇന്ത്യയ്ക്ക് ഒരു അവസരം നൽകിയിട്ടുണ്ട്. ഈ അവസരം നമ്മൾ പ്രയോജനപ്പെടുത്തുകയും ഒരേ ശബ്ദത്തിലും ശക്തിയിലും നമ്മെത്തന്നെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുകയും ചെയ്താൽ, നമ്മുടെ പൂർവ്വികരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ട്.

ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ പറയുന്നത് കേൾക്കാൻ നിങ്ങൾ എനിക്ക് സമയം തന്നു, ഇതിന് ഞാൻ നിങ്ങളോട് നന്ദിയുള്ളവനാണ്, ബഹുമാനപ്പെട്ട രാഷ്ട്രപതിയെ ഹൃദ്യമായി അഭിനന്ദിച്ചുകൊണ്ട് ഒരിക്കൽ കൂടി എന്റെ പ്രസംഗം ഞാൻ ഉപസംഹരിക്കുന്നു , വളരെ നന്ദി!

രാഷ്ട്രപതിയുടെ പ്രസംഗത്തിൽ
രാജ്യസഭയിൽ നടന്ന
നന്ദിപ്രമേയ ചർച്ചയിൽ
പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി
യുടെ മറുപടി പ്രസംഗം

ഫെബ്രുവരി 8, 2017

ഫെബ്രുവരി 08, 2017
രാജ്യസഭ

രാജ്യസഭയിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേൽ നടന്ന നന്ദി പ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ മറുപടി പ്രസംഗം

ആദരണീയ അദ്ധ്യക്ഷൻ,

രണ്ട് സംയുക്ത സഭകളേയും അഭിസംബോധന ചെയ്ത രാഷ്ട്രപതിക്ക് നന്ദി പറയാൻ ഞാൻ നിങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഈ ചർച്ചയിൽ ബഹുമാനപ്പെട്ട 40 അംഗങ്ങൾ പങ്കെടുത്തു. ശ്രീ. ഗുലാം നബി ആസാദ് ജി, നീരജ് ശേഖർ ജി, ശ്രീ എ. നവനീത്കൃഷ്ണൻ ജി, ശ്രീ ഡെറക് ജി, ശ്രീ ഡി രാജ, ശ്രീ ശരദ് യാദവ് ജി, ശ്രീ സീതാറാം ജി, മിസ്റ്റർ അഹമ്മദ് ഭായ്, കൂടാതെ ഇപ്പോൾ, ശ്രീ ആനന്ദ് ശർമ്മ ജി, നിങ്ങൾ എല്ലാവരോടും ഞാൻ വളരെ നന്ദിയുള്ളവനാണ്. വിഷയം ഉന്നയിച്ച മറ്റ് മാന്യ അംഗങ്ങളോടും ഞാൻ നന്ദിയുള്ളവനാണ്.

ചർച്ചകളിലെ അധിക വിഷയവും നോട്ട് നിരോധനത്തെ ചുറ്റിപ്പറ്റിയുള്ളതായിരുന്നു. നമ്മുടെ രാജ്യത്ത് തിന്മ കടന്നു വന്ന എന്ന കാര്യം നമുക്ക് നിഷേധിക്കാനാവില്ല, ഇത് നമ്മുടെ സമ്പദ്വ്യവസ്ഥയിൽ, നമ്മുടെ സാമൂഹിക വ്യവസ്ഥയിൽ വേരുന്നിയതാണ്. അതിനാൽ തന്നെ അഴിമതിക്കും കള്ളപ്പണത്തിനുമെതിരായ പോരാട്ടം ഒരു രാഷ്ട്രീയ പോരാട്ടമല്ല. ഒരു രാഷ്ട്രീയ പാർട്ടിയെയും ഉപദ്രവിക്കാനല്ല ഈ പോരാട്ടം. അങ്ങനെ ചിന്തിക്കാൻ പോലും ഒരു കാരണവുമില്ല. അതിനാൽ ആരെങ്കിലും ഈ വിവാദവുമായി ആരെയും ബന്ധപ്പെടുത്താൻ ഒരു കാരണവുമില്ല. ഈ സഭയിൽ ഇത് നമ്മുടെ ഉത്തരവാദിത്തമാണ്, ഭരണഘടനയുടെ മര്യാദകൾ പാലിച്ച് കൊണ്ട്, നമ്മുടെ ബുദ്ധി ഉപയോഗിച്ച് നമുക്കാകാവുന്നതെല്ലാം ഇതിനെതിരെ പ്രവർത്തിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്തമാണ്, ഇത് സത്യമാണ്, സമാന്തര സമ്പദ്വ്യവസ്ഥയുടെ ഫലമായി ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ചത് ഏറ്റവും അധികം ബാധിച്ചത് ദരിദ്രരെയാണ്. മധ്യവർഗത്തിനെ ചൂഷണം ചെയ്യപ്പെടുകയും ദരിദ്രരുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടുകയും ചെയ്തു. നേരെത്തെ ഇതുപോലെ ശ്രമങ്ങൾ ഉണ്ടായിട്ടില്ല എന്നല്ല നേരത്തെയും ശ്രമങ്ങൾ നടത്തിയിരിക്കണം, കൂടുതൽ ശ്രമങ്ങൾ ആവശ്യമാണ്. ഈ പ്രയത്നം പോലും കൂടുതൽ പരിശ്രമത്തിലേക്ക് നയിക്കുകയാണെങ്കിൽ, പോകേണ്ടതുണ്ട്. കാരണം എത്രകാലം ഈ പ്രശ്നങ്ങളെ പരവതാനിക്ക് കീഴിലാക്കി നമ്മൾ ജീവിതം തള്ളിനീക്കും?

ഒരു വിഷയം ചർച്ചയ്ക്ക് വന്നു, കള്ളനോട്ടുകളുടെ ചർച്ച ഒരു വാർത്ത പ്രചരിക്കുന്നുണ്ട്, അത് ഇതാണ്, ബാങ്ക് അക്കൗണ്ടുകളിൽ കള്ളനോട്ടുകൾ എത്തി, അതിൻറെ കണക്കുകൾ ആര് പറയുമെന്നാണ് ആ പ്രചരണം. പക്ഷേ ബാങ്കിന്റെ വാതിൽപ്പടിയിൽ കള്ളനോട്ടുകൾ എത്താതെ ഇരിക്കുവാനാണ് സംവിധാനങ്ങളിൽ കൂടി ശ്രമിക്കുന്നത് , തീവ്രവാദം, നക്സലിസം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ഈ കള്ളനോട്ടുകൾ ഉപയോഗിക്കുന്നു. ചിലർ ആവേശത്തോടെ ഉറക്കെ പറയുന്നുണ്ട്, തീവ്രവാദികളുടെ കയ്യിൽ നിന്നും രണ്ടായിരത്തിന്റെ കള്ളനോട്ട് കിട്ടിയെന്ന്. നമ്മൾ മനസിലാക്കേണ്ടത് ഒന്നുണ്ട് , നോട്ട് നിരോധനത്തിനു ശേഷം നമ്മുടെ രാജ്യത്ത് വന്ന അവസ്ഥയിൽ ബാങ്ക് കൊള്ളയടിക്കാനുള്ള ശ്രമമുണ്ടായി, അതിൽ പുതിയ നോട്ടുകൾ എടുക്കാനുള്ള ശ്രമവുമുണ്ടായി, അത് സംഭവിച്ചത് ജമ്മു കശ്മീരിലായിരുന്നു. കാരണം, കള്ളനോട്ട് നിരോധനം വന്നപ്പോൾ അവരുടെ ദൈനംദിന വ്യാപാരത്തിന് പ്രശ്നങ്ങൾ നേരിട്ടു. ബാങ്ക് കൊള്ളയടിച്ച് ഏതാനും ദിവസങ്ങൾക്ക് ശേഷം ഭീകരർ കൊല്ലപ്പെട്ട സംഭവത്തിൽ ആ നോട്ടുകൾ കണ്ടെടുക്കുകയുണ്ടായി. അതിനാൽ ഇതിന് നേരിട്ടുള്ള ബന്ധമുണ്ട്, നമ്മൾ അത് മനസ്സിലാക്കണം, അങ്ങനെയുള്ളവർക്ക് അനുകൂലമായി നമ്മുടെ കാഴ്ചപ്പാടുകൾ നിലനിർത്താൻ ഒരു കാരണവുമില്ല, ഈ ആളുകൾ അങ്ങനെയാണ്, അവർർക്കെതിരെ ഒരേ സ്വരത്തിൽ നമ്മൾ പോരാടേണ്ടിവരും. സത്യസന്ധതയില്ലാത്തവനോട് പരുഷമായി പെരുമാറാത്തിടത്തോളം സത്യസന്ധനായ ഒരാൾക്ക് ശക്തി ലഭിക്കുകയില്ല. അതിനാൽ ഈ

നടപടികളുടെ ആത്യന്തിക നേട്ടം സത്യസന്ധരായ ശക്തികൾക്ക് കരുത്ത് പകരുന്നതായാകും , അത് ഞങ്ങളുടെ വ്യക്തമായ കാഴ്ചപ്പാടാണ്.

ബഹുമാനപ്പെട്ട ചെയർമാൻ, വർഷങ്ങൾക്ക് മുമ്പ് ഒരു വാഞ്ചു കമ്മിറ്റി രൂപീകരിച്ചിരുന്നു. നോട്ട് നിരോധനത്തിന്റെ സാമ്പത്തിക ആവശ്യങ്ങളുമായി ബന്ധപ്പെട്ട്, ആ സമയത്ത് , ശ്രീമതി ഇന്ദിര ഉണ്ടായിരുന്ന സമയത്ത് , അദ്ദേഹം തന്റെ റിപ്പോർട്ട് നൽകി. യശ്വന്ത്റാവു ജി ചവാനും അദ്ദേഹത്തോട് യോജിക്കുകയും അത് മുന്നോട്ട് കൊണ്ടുപോകാൻ ആഗ്രഹിക്കുകയും ചെയ്തു, എന്നാൽ ആ സമയത്ത് ഇന്ദിര ജി പറഞ്ഞു, "ഹേ സഹോദരാ, ഞങ്ങൾ രാഷ്ട്രീയത്തിലാണ്, ഞങ്ങൾ തിരഞ്ഞെടുപ്പിൽ പോരാടുന്നു". ഇത് ഗോഡ്ബോലെജിയുടെ പുസ്തകത്തിൽ ഉണ്ട്. നിങ്ങൾക്ക് ഗോഡ്ബോലെ ജി, ശ്രീ യശ്വന്ത്റാവു ചവാന്റെ, ഗോഡ്ബോലെ ജിയുടെ പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ നിങ്ങൾ ഇത്രയും ജാഗരൂകരായിരുന്നു എങ്കിൽ, ആ പുസ്തകത്തിനെതിരെ ശബ്ദം ഉയർത്തിയിരുന്നു എങ്കിൽ നല്ലതായിരുന്നു. നിങ്ങൾ അപ്പോൾ ഉറങ്ങുകയായിരുന്നോ? എന്തു ചെയ്യുകയായിരുന്നു? മാത്രമല്ല ഇന്ദിരാജിക്കെതിരെ ഇത്രയും വലിയ ആരോപണം ഉന്നയിക്കപ്പെട്ടപ്പോൾ, ഒരു ഉദ്യോഗസ്ഥൻ ഇതേ പോലെ ആരോപണം നടത്തി, അപ്പോഴൊക്കെ നിങ്ങൾ ഉറങ്ങുകയായിരുന്നോ? ഹേയ്, ഞാൻ നിങ്ങളുടെ സ്ഥാനത്ത് ഉണ്ടായിരുന്നെങ്കിൽ, ഞാൻ ഗോഡ്ബോലെജിക്കെതിരെ കേസ് കൊടുക്കുമായിരുന്നു. പക്ഷേ നിങ്ങൾ ചെയ്തില്ല. ഇന്ന് ഗോഡ് ബോലെ ജിയുടെ പുസ്തകത്തിൻറെ ചർച്ച ചെയ്യപ്പെടുമ്പോൾ , ഇന്ന് സ്ഥിതി അൽപ്പം വ്യത്യാസമാണ്, വാഞ്ചു കമ്മിറ്റി റിപ്പോർട്ട് നൽകിയപ്പോൾ, വിഷയങ്ങൾ കള്ളപ്പണത്തിലും പണത്തിലും ഒതുങ്ങി. ഇന്ന് കള്ളപ്പണം, തീവ്രവാദ സംഘടനകൾ, കള്ളപ്പണം, മയക്കുമരുന്ന് വ്യാപാരം, ഹവാല ബിസിനസ്സ് എന്നിവ ജീവിതത്തിന്റെ പല മേഖലകളിലേക്കും വ്യാപിച്ചിരിക്കുന്നു, അതിനാൽ അതിന്റെ വ്യാപനം വളരെ വലുതാണ്.

നവംബർ എട്ടിന് തീരുമാനമെടുത്തപ്പോൾ കള്ളനോട്ട് തിരിച്ചുവരുമോയെന്ന ചോദ്യം പോലും ഉയർന്നില്ല. കള്ളനോട്ട് നിർവീര്യമാക്കിയിരുന്നു . അതിനാൽ ആരുടെയെങ്കിലും കൈവശം ആ അക്കൌണ്ടുകൾ ഉണ്ടെങ്കിൽ, അതെങ്ങനെ എന്ന് ആശ്ചര്യം തോന്നും കാരണം കള്ള നോട്ടുകൾ ആ സമയം നീർവീര്യമാക്കി. നിങ്ങൾ ഒരു വാർത്ത ടെലിവിഷനിൽ കണ്ടിരിക്കണം. ശത്രു രാജ്യത്ത് കള്ളപ്പണത്തിന്റെ വൻകിട ബിസിനസ്സുകാരന് ആത്മഹത്യ ചെയ്യേണ്ടി വന്നു, ആ കാര്യം വളരെക്കാലം ടിവി വാർത്തകളിൽ നിറഞ്ഞു .

ഇനി നോക്കൂ നമ്മുടെ നാട്ടിൽ മുപ്പത് -നാൽപ്പത് ദിവസത്തിനുള്ളിൽ എഴുന്നൂറിലധികം മാവോയിസ്റ്റുകൾ കീഴടങ്ങി, മുപ്പത്- നാൽപ്പത് ദിവസത്തിനുള്ളിൽ ഇത് ആദ്യമായി സംഭവിച്ചു, നവംബർ-ഡിസംബർ കാലയളവിൽ, നാൽപ്പത് ദിവസത്തിനുള്ളിൽ എഴുന്നൂറോളം പേർ കീഴടങ്ങി, അതിന് ശേഷവും ഈ പ്രക്രിയ തുടരുന്നു. . ഉണ്ടായിട്ടുണ്ട്. മാവോയിസ്റ്റുകൾ കീഴടങ്ങിയാൽ അതിൻറെ സന്തോഷം ഈ സഭയിൽ ഉണ്ടാകാതെ ഇരിക്കില്ല , ഇനി അഥവാ അങ്ങിനെ ഇല്ല എങ്കിൽ അതിനു മറ്റെന്തെങ്കിലും അർത്ഥമുണ്ടാകും .

അതുപോലെ, രാജ്യത്തിന്റെ ഔപചാരിക സംവിധാനത്തിൽ പണം ഉണ്ടായിരിക്കണം എന്നത് വളരെ പ്രധാനമാണ് എന്നത് ശരിയാണ് . ആയിരം നോട്ടുകൾ അച്ചടിച്ച ശേഷം, അത് സാധാരണ ജനങ്ങളുടെ ഇടയിലേക്ക് പോയില്ല . 500 നോട്ടുകൾ കുറച്ചു പോയി ,ആയിരം നോട്ടുകൾ കുറച്ചു പോയി . നോട്ടുകളുടെ കെട്ടുകളുടെ ബിസിനസ്സ് തുടർന്നു. ഇതൊരു വസ്തുതയാണ്, ഈ വസ്തുത നമുക്ക് നിഷേധിക്കാനാവില്ല. ഇത്രയും വലിയ കറൻസി അത് ഇപ്പോൾ ബാങ്കുകളിൽ എത്തിയതോടെ സാധാരണക്കാരന് പണം നൽകാനുള്ള ബാങ്കുകളുടെ ശക്തി വർദ്ധിക്കുന്നത് സ്വാഭാവികമാണ്. പലിശ നിരക്ക്, എല്ലാ ബാങ്കുകളും ഒരുമിച്ച് പലിശ നിരക്ക് കുറച്ചു, അത് നമ്മുടെ രാജ്യത്ത് ആദ്യമായി സംഭവിച്ചു.

ബാങ്കിന്റെ പ്രയോജനം സാധാരണക്കാർക്ക്.. ഇവിടെ നമ്മൾ സംസാരിക്കുന്നത് അസംഘടിത തൊഴിലാളികളെക്കുറിച്ചാണ്, ശരിക്കും അസംഘടിത തൊഴിലാളികൾക്ക് അവരുടെ ശമ്പളത്തിന്റെ കാര്യത്തിൽ

സുരക്ഷിതത്വം ലഭിക്കണം , ഇത് നിങ്ങളോട്, പ്രത്യേകിച്ചും സീതാറാം ജിയോടും അദ്ദേഹത്തിന്റെ പാർട്ടിയോടും അഭ്യർഥനയുണ്ട് അസംഘടിത തൊഴിലാളികൾക്ക്, അവരുടെ വരുമാനത്തിൻറെ കാര്യത്തിൽ സുരക്ഷ ഉറപ്പ് വരുത്തണമെന്നത് . ഇത് സത്യമാണ്, പറഞ്ഞതത്രയും കൊടുക്കാറില്ല , കൊടുത്താലും അതിൽ നിന്നും പുറത്തു നിൽക്കുന്ന ആൾ അതിൽ നിന്നും എടുത്ത ശേഷം കൊടുക്കും എന്നത് ഒരു വസ്തുതയാണ്. ഇത്തരം നിരവധി മോശം രോഗങ്ങൾ ധാരാളം നമുക്ക് പരിചയം ഉള്ളവയുണ്ട്. അത് കൊണ്ട് ഇത്തരം വ്യവസ്ഥകൾ നമ്മൾ കൊണ്ട് വന്നാൽ അത്തരം തൊഴിലാളികൾക്ക് അതിൻറെ പ്രയോജനം , ഇ പി എഫിൽ കൂടെ അവരെ അതിൻറെ സ്കീമിൽ ചേർക്കാം, അതിലൂടെ അവർക്ക് സുരക്ഷയും ലഭിക്കും, അത്തരം ദിശകളിൽ കൂടി ശ്രമിക്കുകയാണ് ലക്ഷ്യം .

ആസാം കൃഷിത്തോട്ടത്തിന്റെ ഒരു ഉദാഹരണം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു, അവിടെ സർക്കാർ മുൻകൈയെടുത്തു, തേയിലത്തോട്ടത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അവർ ബാങ്ക് അക്കൗണ്ട് തുടങ്ങി, ഏകദേശം ഏഴ് ലക്ഷം, മൊബൈൽ ആപ്പിൽ വ്യാപാരം ചെയ്യാൻ അവരെ പഠിപ്പിച്ചു, തുടക്കത്തിൽ യൂണിയൻ ആളുകൾ അത് വിലക്കി, പണം കൊടുക്കാൻ ആവശ്യപ്പെട്ട കാരണം അതിൽ മറ്റു കാര്യങ്ങൾ ഉൾപ്പെട്ടിരുന്നു, പക്ഷേ ആപ്പിലൂടെ ഈ തേയിലത്തോട്ടത്തിലെ തൊഴിലാളികൾക്ക് മുഴുവൻ ശമ്പളവും ലഭിക്കാൻ തുടങ്ങി, അവരുടെ ബിസിനസ്സ് ആ പ്രദേശത്ത് സുരക്ഷിതമായത് ഒരു മികച്ച അനുഭവമാണ് .

അതുപോലെ, നോട്ട് നിരോധനവുമായി ബന്ധപ്പെട്ട്, ആരെങ്കിലും ഒരു വിദേശ പത്രത്തെ ഉദ്ധരിക്കുന്നു, ആരെങ്കിലും വിദേശ സാമ്പത്തിക വിദഗ്ധരെ ഉദ്ധരിക്കുന്നു, അങ്ങനെ ഒരു പാനൽ ഉണ്ട്, നിങ്ങൾ പത്ത് മഹാന്മാരെ ഉദ്ധരിച്ചാൽ എനിക്ക് ഇരുപത് ഉദ്ധരിക്കാം . ലോകത്ത് ഇതിന് സമാന്തരമായി ഒന്നും ഇല്ലാത്തത് കൊണ്ടാണ് ഇതെന്തു കൊണ്ടാണ് എന്നു വച്ചാൽ ലോകത്ത് തന്നെ ഇതിന് സമാന്തരമായി ഒന്നില്ലായിരുന്നു അതിനാലാണ്. ഇത്രയും വലുതും സമഗ്രവുമായ തീരുമാനം ലോകത്ത് ഉണ്ടായിട്ടില്ല. അതിനാൽ ലോകത്തിലെ സാമ്പത്തിക വിദഗ്ധരുടെ കയ്യിലും ഇതേക്കുറിച്ച് എഴുതാനോ പറയുവാനോ ഒരു മാനദണ്ഡവുമില്ലായിരുന്നു. ലോകത്തെ സാമ്പത്തിക വിദഗ്ധർക്ക്, ലോകത്തെ സർവകലാശാലകൾക്ക് ഇത് വളരെ വലിയ ഒരു പഠനമായി മാറിയേക്കാം. ഭാരതം എത്ര വലിയ തീരുമാനമാണ് എടുത്തിരിക്കുന്നത്, അതുപോലെ, ഒരു ജനാധിപത്യ രാജ്യത്തിലെ മനുഷ്യശക്തി എത്രയാണെന്ന് മനസിലാക്കാം.

ഈ സഭയിൽ ഇരിക്കുന്ന എല്ലാ മാന്യന്മാരോടും ഞാൻ പറയാൻ ആഗ്രഹിക്കുന്നു, ഈ നോട്ട് നിരോധനത്തിന് ശേഷം, സാമൂഹ്യശാസ്ത്രജ്ഞർ തീർച്ചയായും പഠിക്കും, ആദ്യമായി ഒരു രാജ്യത്ത് തിരശ്ചീനമായ വിഭജനം ഉടലെടുത്തു. . തിരശ്ചീന വിഭജനം എന്ന് പറയുമ്പോൾ ഒരു വശത്ത് പൊതുജനത്തിൻറെ ഭ്രരിപക്ഷ ശക്തി മറുവശത്ത് നേതാക്കളുടെയും . അവർ ജനങ്ങളിൽ നിന്ന് വളരെയധികം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. ആദ്യമായി നമ്മൾ സന്തോഷിക്കണം , സാധാരണയായി സർക്കാർ എന്തെങ്കിലും തീരുമാനം എടുക്കുമ്പോൾ, ജനങ്ങളും സർക്കാരും മുഖാമുഖം, ആയിരിയ്ക്കും. വലിയതോതിൽ, ഏതെങ്കിലും ഗവണ്മെന്റ് ആയിക്കൊള്ളട്ടെ. പക്ഷേ ഇത് ആദ്യമായാണ് ഇത്തരമൊരു സംഭവം, കുറച്ചു പേർ അവിടെയുണ്ട് പക്ഷേ സർക്കാരും പൊതുജനങ്ങളും ഒരുമിച്ചാണ്. ഈ കാര്യത്തിൽ നമ്മൾ ഇതിൽ അഭിമാനിക്കണം, ശരിയാണ് നിങ്ങൾക്ക് ചില ബുദ്ധിമുട്ടുകൾ ഉണ്ടായേക്കാം, പക്ഷേ നമ്മൾ ഇത് മനസ്സിലാക്കണം, ഈ രാജ്യത്തെ 125 കോടി ജനങ്ങൾ ഇങ്ങിനെ ഉണ്ട് എന്നു ലോകത്തിന് മുന്നിൽ അഭിമാനത്തോടെ പറയാൻ കഴിയും, അവർ നിരക്ഷരരായിരിക്കാം, അവർക്ക് വിദ്യാഭ്യാസം കിട്ടിയിട്ടുണ്ടാവില്ല, നിങ്ങൾ വർണ്ണന നടത്തുന്നത് പോലെ - ഇപ്പോൾ നിങ്ങൾ കൊടുത്ത റിപ്പോർട്ട് കാർഡിനെ പോലെ - നിങ്ങൾ ഇങ്ങനെയാണ്, നിങ്ങൾ അങ്ങനെയാണ്, ഇതൊക്കെയാണെങ്കിലും, പോയ കാലത്തിലെ മോശം അവസ്ഥകളിൽ നിന്ന് പുറത്തുവരാൻ പ്രയത്നിച്ചു കൊണ്ടിരിക്കുന്ന നാടാണിത്. രാഷ്ട്രീയക്കാരനായാലും, ഏത് പാർട്ടിയായാലും, ഈ നാട്ടിൽ ഇതുപോലെയുള്ള ജനങ്ങൾ ഉണ്ടെന്നത് നമുക്ക് അഭിമാനകരമാണ്, തങ്ങളുടെ തിന്മകൾക്കെതിരെ പോരാടാൻ , ബുദ്ധിമുട്ടുകൾ നേരിടാൻ തയ്യാറുള്ള, തിന്മയിൽ നിന്നും രക്ഷപ്പെടാനുള്ള വഴികൾ തേടുകയാണ്. അതുകൊണ്ട് ഇതും നമ്മൾ മനസ്സിലാക്കണം.

ആദരണീയ അദ്ധ്യക്ഷൻ , കഴിഞ്ഞ സമ്മേളനത്തിൽ മൻമോഹൻ ജി തന്റെ വീക്ഷണങ്ങൾ പറഞ്ഞിരുന്നു, ശരിയാണ്, നിങ്ങളുടെ ഭാഗത്ത് ഒരു പുസ്തകം വന്നിട്ടുണ്ട് നിങ്ങളുടെ ഭാഗത്ത് നിന്നും. അദ്ദേഹം ഒരു പ്രശസ്ത സാമ്പത്തിക വിദഗ്ധനാണെന്നും അതിനാൽ അതിൽ (പുസ്തകത്തിന്) അദ്ദേഹത്തിന്റെ സംഭാവനയുണ്ടാകുമെന്നും ഞാൻ കരുതി. എന്നാൽ പുസ്തകം മറ്റാരോ എഴുതിയതാണെന്നും അദ്ദേഹം മുഖവുര മാത്രമാണ് എഴുതിയതെന്നും എനിക്ക് മനസ്സിലായി. അത് കൊണ്ട് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോഴും എനിക്കങ്ങനെ തന്നെ തോന്നി ഒരുപക്ഷേ ..

ഇത് മനസ്സിലാക്കേണ്ടത് വലിയ കാര്യമാണ്. ഏകദേശം 30-35 വർഷമായി, (സഭയോടു - "ഞാൻ പറയാത്ത ഒരു വാക്കിന്റെ അർത്ഥം പോലും അവർ (കോൺഗ്രസ്സ്) മനസിലാക്കി , അത് ഒരു അത്ഭുതമാണ് സർ") . ഡോ. മൻമോഹൻ സിംഗ് ജി ഒരു മുൻ പ്രധാനമന്ത്രിയാണ്, ആദരണീയനായ വ്യക്തിയാണ്. കൂടാതെ, കഴിഞ്ഞ 30-35 വർഷമായി , ഇന്ത്യയുടെ സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നവരുമായി അദ്ദേഹത്തിന് നേരിട്ടുള്ള ബന്ധമുണ്ടായിരുന്നു, അതിൽ നിങ്ങൾ ഒരു നിർണായക പങ്ക് വഹിച്ച 35 വർഷത്തേക്ക്. ഈ രാജ്യത്ത് അത്തരമൊരു സാമ്പത്തിക കാര്യ വ്യക്തി ഉണ്ടാകില്ല. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച എഴുപത് വർഷത്തിനിടയിൽ, പകുതിയോളം സമയവും ഒരാളോട് ഇത്രമേൽ വിധേയത്വം പുലർത്തിയത്. പിന്നെ, എത്രയോ അഴിമതികളുടെ വിവരങ്ങൾ വന്നു. പക്ഷേ... പ്രത്യേകിച്ചും രാഷ്ട്രീയപ്പാർട്ടിക്കാർക്ക് ഡോ. മൻമോഹൻ ജി യിൽ നിന്നും പഠിക്കാൻ ഉണ്ട്. ഇത്രയധികം കാര്യങ്ങൾ നടന്നു, അദ്ദേഹത്തിൽ ഒരു കറ പോലും പുരണ്ടില്ല ! ബാത്ത്റൂമിൽ റെയിൻകോട്ട് ധരിച്ച് കുളിക്കുക ഈ കല ഡോക്ടർക്ക് മാത്രമേ അറിയൂ, മറ്റാർക്കും അറിയില്ല.

ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷൻ , ഇത്രയും ഉയർന്ന പദവിയിൽ ഇരുന്ന ഒരു വ്യക്തി കൊള്ളയടിക്കൽ (loot), plunder(പിടിച്ചുപറി) തുടങ്ങിയ ശബ്ദപ്രയോഗങ്ങൾ നടത്തിയപ്പോൾ അവിരവിടെ (കോൺഗ്രസ്) അൻപത് തവണയെങ്കിലും ചിന്തിക്കണമായിരുന്നു, മര്യാദയുടെ പരിധികൾ നിങ്ങൾ കടക്കുമ്പോൾ , മറുപടി കേൾക്കാനുള്ള ധൈര്യവും കാണിക്കണം. അതേ നാണയത്തിൽ തിരിച്ചടിക്കാനുള്ള ശേഷി ഞങ്ങൾക്കുണ്ട്. ഭരണഘടന അനുവദിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിന്നാണ് ഞങ്ങൾ അത് ചെയ്യുന്നത്. ജനാധിപത്യത്തെ ആദരിച്ചു കൊണ്ട് പ്രവർത്തിക്കുന്നവരാണ്. പക്ഷേ ഒരു തരത്തിലും പരാജയം അംഗീകരിക്കാൻ അവർ (കോൺഗ്രസ്) ആഗ്രഹിക്കുന്നില്ല. എത്രനാൾ അത് തുടരും?

ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , ഒരു കാര്യം ശരിയാണ്. പൊതുസമൂഹത്തെ ഇളക്കി വിടാൻ ഇവിടെ പല ശ്രമങ്ങളും നടത്തപ്പെട്ടു. ഇന്ന് നമ്മൾ രാജ്യത്തു കാണുന്നത് പൊടുന്നനെ ഒരു ചെറിയ പ്രശ്നമുണ്ടായാൽ പോലും രണ്ടോ നാലോ വാഹനങ്ങൾ കത്തിച്ചു നശിപ്പിക്കും , ബസ് വൈകിയാൽ പോലും ഒന്നോ രണ്ടു ബസുകൾ കത്തിക്കും . ഇത് വലിയ രീതിയിൽ . അവയുടെ ഒക്കെ പ്രഭാവം എന്താകും എന്നത് ആലോചിക്കേണ്ട കാര്യമാണ്, എന്നാൽ ഈ രംഗങ്ങൾ ദൈനംദിന സംഭവങ്ങളാണ്. പക്ഷേ, നമ്മുടെ ഉള്ളിലെ തിൻമകൾക്ക് എതിരെ പോരാടുവാൻ രാജ്യത്തിൻറെ മനസിൽ അത്രയധികം പ്രതിബദ്ധതമായത് കൊണ്ടാണ് ഇത്രയധികം ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടും അങ്ങനെയൊരു സംഭവം ഉണ്ടാകാൻ അവർ . ഭാരതത്തിലെ ജനങ്ങളുടെ ഈ കഴിവ് നാം അഭിമാനത്തോടെ ലോകത്തിനുമുമ്പിൽ അവതരിപ്പിക്കണം, അത് നമ്മൾ ചെയ്യണം അതിനെക്കുറിച്ച് സംസാരിക്കണം, അപ്പോൾ മാത്രമേ നമ്മൾ എങ്ങനെ ചിന്തിക്കുന്നുവെന്ന് ലോകത്തിന് മനസ്സിലാക്കാൻ കഴിയൂ.

ഇന്ന് ഒരു കാര്യം കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, ഞങ്ങളുടെയും സീതാറാം ജിയുടെയും വ്യത്യസ്ത ആശയങ്ങൾ ആണ്, അതിനാൽ ആശയങ്ങളുടെ അവതരണം വ്യത്യസ്തമാകുന്നത് സ്വാഭാവികമാണ്. പക്ഷേ, ഞാൻ ചിന്തിക്കുമ്പോൾ, ഇത് അത്തരമൊരു വിഷയമാണ്, ഈ കാര്യത്തിൽ സീതാറാം ജിയും അദ്ദേഹത്തിന്റെ പാർട്ടിയും ഞങ്ങളോടൊപ്പം ഉണ്ടാകുമെന്ന് എനിക്ക് തോന്നൽ ഉണ്ട്. താങ്കളുടെ പാർട്ടിയുടെ മുതിർന്ന നേതാവായ ജ്യോതിമയ് ബസു 1972-ൽ വാഞ്ചൂ കമ്മിറ്റി റിപ്പോർട്ട് സഭയിൽ സൂക്ഷിക്കണമെന്ന് വലിയ ആവശ്യം ഉന്നയിക്കുകയും വലിയൊരു പോരാട്ടം നടത്തുകയും ചെയ്തു. സർക്കാർ സമ്മതിച്ചില്ല, അവതരിപ്പിച്ചില്ല, അവസാനം അവർ ഒരു കോപ്പി

കൊണ്ടുവന്നു, അവർ തന്നെ അത് മേശപ്പുറത്ത് വച്ചു. ജ്യോതിമയ് ബസു ജി ആ റിപ്പോർട്ട് മേശപ്പുറത്ത് വെച്ചു. അന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗം ഇപ്പോഴും പ്രാധാന്യമുള്ളതാണ്. , അദ്ദേഹം പറഞ്ഞു, "1972 ഓഗസ്റ്റ് 26, സർ 12 നവംബർ 1970 ശക്തവും അഭിമാനകരവുമായ കമ്മിറ്റിയുടെ പ്രാഥമിക സേവനങ്ങളിലൊന്ന് നോട്ട് നിരോധനമായിരുന്നു, സർ ,ശ്രീമതി മിസ്സിസ് അതിജീവിച്ചത് കള്ളപ്പണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. കള്ളപ്പണം കൊണ്ട് മാത്രമാണ് അവരുടെ രാഷ്ട്രീയം നിലനിൽക്കുന്നത്. അതുകൊണ്ട് തന്നെ ഈ റിപ്പോർട്ട് നടപ്പാക്കിയില്ലെന്ന് മാത്രമല്ല, ഒന്നരവർഷത്തോളം അത് അടിച്ചമർത്തുകയും ചെയ്തു". ഇത് ജ്യോതിമയ് ബസു ജി ആയിരത്തി തൊള്ളായിരത്തി എഴുപത്തി രണ്ടിൽ പറഞ്ഞു. വീണ്ടും ആയിരത്തി തൊള്ളായിരത്തി എഴുപത്തി രണ്ട് സെപ്റ്റംബർ നാലിന് വീണ്ടും ലോക്സഭയിൽ പ്രസംഗം നടത്തുമ്പോൾ ജ്യോതിർമൊയി ബസു ജി പറഞ്ഞു,

"ഞാൻ നോട്ട് നിരോധനവും മറ്റ് നടപടികളും ശുപാർശ ചെയ്തിട്ടുണ്ട്. അവ ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

സർക്കാർ സത്യസന്ധമായി ജനങ്ങളുമായി സഹകരിക്കണം.

പക്ഷേ, പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെയും അവരുടെ സർക്കാരിന്റെയും സ്വഭാവം ഇങ്ങിനെ സംഗ്രഹിക്കാം കള്ളപ്പണ സർക്കാരായി, കള്ളപ്പണത്താൽ, കള്ളപ്പണത്തിന് വേണ്ടി."

ഞാൻ 1972-നെക്കുറിച്ചാണ് സംസാരിക്കുന്നത്, 1972 സെപ്റ്റംബർ 4-ന് . ഇത് മാത്രമല്ല, മുതിർന്ന സി.പി.എം നേതാവ് ഹർകിഷൻ സിംഗ് ജി സുർജിത്ത്, 1981 ഓഗസ്റ്റ് 27 ന് ഈ സഭയിൽ ഒരു പ്രസംഗം നടത്തി, അദ്ദേഹം പറഞ്ഞു, "കള്ളപ്പണം തടയാൻ സർക്കാർ എന്തെങ്കിലും ഗൗരവമായ നടപടികൾ സ്വീകരിക്കാൻ ആഗ്രഹിക്കുന്നുണ്ടോ? 100 രൂപ നോട്ട് അസാധുവാക്കൽ പോലുള്ള ഒരു തീരുമാനം എടുക്കാമോ?" 1981-ൽ സുർജിത് ജിയും ഇതേ സഭയിൽ ഈ ചോദ്യം ഉന്നയിച്ചിരുന്നു, അതുകൊണ്ടാണ് ഈ പോരാട്ടത്തിൽ നിങ്ങൾ ഞങ്ങളെ പിന്തുണയ്ക്കണമെന്ന് ഞാൻ പ്രത്യേകിച്ച് ഇടതുപക്ഷത്തോട് അഭ്യർത്ഥിക്കുന്നത്, നിങ്ങൾ ചെയ്യുമെന്നു കരുതുന്നു, തീർച്ചയായും നിങ്ങളുടെ വീക്ഷണങ്ങൾ വ്യാപകമായി സൂക്ഷിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു, പക്ഷേ ഈ ജോലി അങ്ങനെയാണ് നിങ്ങൾക്ക് അതിൽ നിന്നും മാറാൻ ആകില്ല, താങ്കളുടെ സ്വഭാവം അങ്ങിനെയല്ല ഇത് കാലം തെളിയിക്കും , ജനാധിപത്യ വ്യവസ്ഥിതിയിൽ ഇത്തരം കടുത്ത തീരുമാനങ്ങൾ എടുക്കുമ്പോൾ, ജനകീയമായ ചുവടുകൾ സ്വീകരിക്കുന്നത് ജനാധിപത്യത്തിന്റെ സ്വഭാവമായി മാറുമെന്ന് ആളുകൾ പൊതുവെ വിശ്വസിക്കുന്നു എന്നത് ശരിയാണ്. അതുകൊണ്ടാണ് ഇതുപോലെ വലിയ തീരുമാനം മനസിലാക്കാൻ സമയം എടുക്കുന്നത് . കുറച്ച് സമയമെടുത്താലും, അതിൽ ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല, ക്രമേണ ആളുകൾക്ക് മനസ്സിലാകും, ഇത്തരമൊരു വലിയ തീരുമാനത്തെ ഇന്ന് എതിർക്കുന്നവർക്കും ഗുണം ചെയ്യും. രാജ്യം. വലിയ സാധ്യതകളുമായി വന്നിരിക്കുന്നു, അത് മുന്നോട്ട് കൊണ്ടുപോകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ഇവിടെ ഡിജിറ്റൽ സംവിധാനത്തെ സംബന്ധിക്കുന്ന ചർച്ചകൾ നടക്കുകയാണ് , എനിക്കു അമ്പരപ്പുണ്ടായി. എത്ര പ്രസംഗങ്ങൾ നടന്നോ അതെല്ലാം , "ഈ രാജ്യത്തു അത് നടന്നിട്ടില്ല ,നല്ലതൊന്നുമില്ല, ഇത് നടന്നിട്ടില്ല , അത് കാണുവാനില്ല , കള്ളസ് ഉണ്ട് പക്ഷേ വെള്ളമില്ല", എനിക്കറിയില്ല എന്തൊക്കെയോ പറഞ്ഞു , ഞാൻ ആലോചിച്ചു? ഇവർ പറയുന്നുണ്ട് , ഇവർ എന്താണ് പറയുന്നത്? എനിക്കു തോന്നുന്നത് അവർ എഴുപത് വർഷത്തെ ഇന്ത്യൻ സർക്കാരുകളുടെ റിപ്പോർട്ട് കാർഡുകൾ നൽകുകയായിരുന്നു എന്നാണ്. ഈ എഴുപത് വർഷത്തിൽ എന്റെ സംഭാവന രണ്ടര വർഷത്തെയാണ് . -ഇത് ഞങ്ങളുടെയാണ്- നിങ്ങൾ ടോയ്ലറ്റ് ഉണ്ടാക്കിയപ്പോൾ ഞാൻ പൂട്ടിയിട്ടോ ? നിങ്ങൾ ഒരു റോഡ് പണിതപ്പോൾ ഞാൻ അത് പൊളിച്ച് ദൂരെയേറിഞ്ഞോ ? നിങ്ങൾ വാട്ടർ ടാപ്പ് ഇട്ടപ്പോൾ, ഞാൻ ട്യൂബ് മുറിച്ചോ? ഇതൊരു യാഥാർത്ഥ്യമാണ്, ആരും പറയുന്നില്ല ഇന്ത്യയുടെ എല്ലാ കോണിലും

ഡിജിറ്റൽ സംവിധാനമുണ്ടെന്ന് , ആരാണ് അത് പറയുന്നത്? ചിന്താഗതി മാറ്റാൻ സാധ്യതയുള്ളിടത്ത് നമുക്ക് അത് ചെയ്യാൻ കഴിയുമോ ഇല്ലയോ എന്നതാണ് ചോദ്യം.

ഡൽഹി നഗരത്തിൽ ഒരു സാധ്യതയുണ്ടെന്ന് കരുതുക, നമുക്ക് ഡൽഹിയിൽ നിന്ന് ആരംഭിക്കാം, നമുക്ക് എന്തെങ്കിലും പോസിറ്റീവ് സംഭാവന ചെയ്യാം. പെരുമാറ്റ രീതിയിലെ മാറ്റമാണ് പ്രശ്നം . കൽക്കത്തയിലെ ജനങ്ങൾക്ക് മൊബൈൽ ഫോണുണ്ടെങ്കിൽ. കൽക്കട്ടയിൽ ആളുകൾക്ക് ഡിജിറ്റൽ കണക്റ്റിവിറ്റി ഉണ്ടെങ്കിൽ അവിടെ നിന്ന് ആരംഭിക്കുക. ബംഗ്ലാദേശിലെ അതിർത്തിയിലെ വിദൂര ഗ്രാമത്തിൽ അതില്ലായിരിക്കാം . അത് പറയൂ , , രണ്ടാമതായി, ഞങ്ങൾ ഇത് ചെയ്യൂ, ഞങ്ങൾ അത് ചെയ്യൂ, എന്നതിനെക്കുറിച്ചുള്ള പാട്ടുകൾ പാടിക്കൊണ്ടേയിരിക്കും. പക്ഷേ അത് നടപ്പിലാക്കുന്ന കാര്യം വരുമ്പോൾ നിങ്ങൾ കഴപ്പത്തിലാണ്.

രണ്ടാമതായി, നമ്മൾ വാക്കുകളുടെ കളികൾ കളിക്കുന്നു. എല്ലാവർക്കും അറിയാം. ഏത് കുട്ടിയോടും ചോദിക്കുക, കുഞ്ഞേ, നിങ്ങൾ ദിവസവും സ്കൂളിൽ പോകുന്നോ , ആരോടെങ്കിലും. നിങ്ങളുടെ കുട്ടികളോടും ഞാൻ ചോദിച്ചാൽ പറയും അതെ, ഞാൻ ദിവസവും പോകും. പക്ഷെ ഞായറാഴ്ച ആരും പോകാറില്ല എന്ന് അവനും എനിക്കും എല്ലാവർക്കും അറിയാം. അതിനാൽ ഇത് സ്വാഭാവികമാണ്, അതുപോലെ തന്നെ രാജ്യത്ത് - ക്യാഷ് ലെസ്സ് എന്നത് അർഥമാക്കുന്നത് സമൂഹത്തെ ക്രമേണ ഇത്തരത്തിലുള്ള പേയ്മെന്റിൻറെൻറെ ദിശയിലേക്ക് കൊണ്ടുപോകുന്നു. ഇന്നും ലോകത്ത്, വലിയ രാജ്യങ്ങൾ പോലും തിരഞ്ഞെടുപ്പ് നടത്തുന്നു, അവർ അത് ബാലറ്റ് പേപ്പറുകൾ അച്ചടിച്ച് സ്റ്റാമ്പ് ചെയ്താണ് നടത്തുന്നത്. പക്ഷേ, നിരക്ഷരരായി കണക്കാക്കപ്പെടുന്ന രാജ്യം, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഈ ഇന്ത്യയിൽ , നമ്മൾ ബട്ടൺ അമർത്തി വോട്ടുചെയ്യുന്നു. ബട്ടണ് അമർത്തുന്ന സമ്പ്രദായം വന്നപ്പോൾ നമ്മുടെ രാജ്യത്തെ പാവപ്പെട്ടവരിൽ ഏറ്റവും പാവപ്പെട്ടവർ പോലും ഇത്തരം സാങ്കേതിക വിദ്യ സ്വീകരിക്കുമെന്ന് ആരെങ്കിലും കരുതിയിരിക്കുമോ ? ചുരുക്കി പറഞ്ഞാൽ നമ്മുടെ രാജ്യത്തിന്റെ ശക്തിയെ നമ്മൾ തന്നെ വിലകുറച്ച് കാണരുത്. പക്ഷേ , ഈ മാർഗ്ഗം തന്നെ തെറ്റാണെന്ന് നിങ്ങൾ കരുതുകയാണ് എങ്കിൽ ശരി, വേണ്ട എന്ന വയ്ക്കുക , അതേ സമയം അസൌകര്യം ആണ്, ബുദ്ധിമുട്ടുകൾ ആണെന്ന കാരണം പറഞ്ഞ് അത് ഉപേക്ഷിക്കുക, എന്ന നിലപാട് ശരിയല്ല. അസൗകര്യങ്ങൾ ഉണ്ടാകും, ക്രമീകരണങ്ങൾ കുറവായിരിക്കും, പക്ഷേ നമുക്ക് മുന്നോട്ട് തന്നെ പോകണം. മുന്നോട്ട് പോകണം എന്നു പറയുമ്പോൾ

ലോകത്ത് അങ്ങനെ രാജ്യങ്ങളോ എന്നു ചിലർ ചോദിക്കുന്നു. ലോകത്തിലെ പല രാജ്യങ്ങളും - ഞാൻ ആശ്ചര്യപ്പെടുന്നു, ആനന്ദ് ശർമ്മ ജി പറയുന്നുണ്ടായിരുന്നു . നിങ്ങൾ ആശ്ചര്യപ്പെടും കൊറിയ ഡിജിറ്റലിലേക്ക് മാറാൻ പ്രോത്സാഹന പദ്ധതി സൃഷ്ടിച്ചു. ഇത്രയും വലിയ രീതിയിൽ അത് വന്നു . ഡിജിറ്റലിനെ പ്രോത്സാഹിപ്പിക്കാൻ കോടിക്കണക്കിന് രൂപ ഞങ്ങൾ ചെലവഴിക്കുന്നു എന്നിവർ പറയുന്നു. ഇപ്പോൾ ഭീം ആപ്പ് സൃഷ്ടിച്ചു. ഭീം ആപ്പിൽ ഒരു നയ പൈസയുടെ ചെലവ് വരുന്നില്ല . ചെലവില്ലാതെയാണ് ഇടപാട് നടക്കുന്നത്. ഒരു രൂപ പോലും ഒരു ബാങ്കിലേക്കും ആർക്കും കമ്മീഷൻ ലഭിക്കുന്നില്ല, അതിനാൽ ലോകം കടലാസില്ലാത്ത, ബാങ്കിംഗിലേക്ക് നീങ്ങുന്നു. ഇന്ത്യ പിന്നിലാകാൻ ഒരു കാരണവുമില്ല. നമ്മുടെ വ്യവസ്ഥകൾ നോക്കുമ്പോൾ ചിലപ്പോൾ രണ്ട് വർഷം കൂടി വേണ്ടിവരും, അല്ലെങ്കിൽ അഞ്ച് വർഷം കൂടി വേണ്ടിവരും. പക്ഷേ ഈ ദിശയിൽ പ്രവർത്തിക്കുക തെറ്റാണ് അല്ലെങ്കിൽ ആരംഭിക്കുന്നത് തെറ്റാണ് എന്നു പറയുന്ന ചിന്താഗതി തെറ്റാണ് . ആ രീതിയിൽ ചിന്തിക്കുന്നത് അനുയോജ്യമല്ലെന്ന് ഞാൻ കരുതുന്നു. ഈ കാര്യങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള ശ്രമങ്ങളാണ് നമ്മൾ നടത്തേണ്ടത്. അതത് പ്രദേശങ്ങളിലെ ആളുകളെ നമ്മൾ ബോധ്യപ്പെടുത്തണം, ആ ദിശയിൽ നാം മുന്നോട്ട് പോകണം.

ഇപ്പോൾ നോക്കൂ, റെയിൽവേ. സാധാരണക്കാരൻ നമ്മുടെ നാട്ടിലേക്ക് പോകുന്നു. ഇന്ന് അറുപത് ശതമാനം റെയിൽവേയിലും ഓൺലൈൻ ബുക്കിംഗ് ആരംഭിച്ചു. അവർക്ക് പണം അടക്കുന്ന സംവിധാനം ഓൺലൈനായി. അവർ ടിക്കറ്റ് റദ്ദാക്കിയാൽ ഓൺലൈനിൽ തന്നെ പണം തിരികെ പോകും. ഇന്ന് നഗരങ്ങളിൽ താമസിക്കുന്ന നിരവധി കുടുംബങ്ങളുണ്ട്. അവർക്ക് വൈദ്യുതി ബില്ലടക്കണമെങ്കിൽ നേരത്തെ അവർക്ക് പകുതി ദിവസം ജോലിയിൽ നിന്നും അവധിയെടുത്ത് വൈദ്യുതി ബില്ലടക്കാൻ പോകണമായിരുന്നു. ഇന്ന് രാത്രി 12 മണിക്ക് വീട്ടിൽ വന്ന് മൊബൈൽ ഫോണിൽ നിന്ന് കറണ്ട് ബിൽ അടക്കുകയാണ്. സൗകര്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ സാങ്കേതികവിദ്യയുടെ വഴിയിൽ ഈ സൗകര്യം ലഭ്യമാണെങ്കിൽ, അതെ, തീർച്ചയായും അതിന്റെ പോരായ്മകളെക്കുറിച്ച് നാം ആശങ്കപ്പെടേണ്ടതുണ്ട്. എന്തെങ്കിലും സാങ്കേതിക പോരായ്മ ഉണ്ടെങ്കിൽ അത് തിരുത്തണം, എന്നാൽ ഇതെന്തിനാണ് എന്ന ചിന്ത തെറ്റാണ്, ഈ നിഷേധാത്മകതയോടെ നമ്മൾ നടന്നാൽ, രാജ്യത്തിന് ഒരു ഗുണവും ചെയ്യാൻ കഴിയില്ല.

റുപേ കാർഡ്- ഇപ്പോൾ അരുൺ ജി പറയുകയായിരുന്നു. ഈ രാജ്യത്ത്, ഈ രാജ്യത്തെ 21 കോടി ജനങ്ങൾക്ക് ജൻധൻ അക്കൗണ്ടിനൊപ്പം റുപേ കാർഡും നൽകിയിട്ടുണ്ട്. മാത്രമല്ല അതിന്റെ ശക്തി എന്താണെന്ന് നിങ്ങൾക്ക് അറിയില്ല. സാധാരണയായി ഈ കാർഡ് പോക്കറ്റിൽ ഉണ്ടെങ്കിൽ, ഇത് ഒരു വിഭാഗത്തിന് വളരെ അഭിമാനകരമായി മാറിയിരിക്കുന്നു, പണമടയ്ക്കണമെങ്കിൽ, കാർഡ് വഴി ചെയ്യുക. ഇപ്പോൾ അനന്ത്കുമാർ ജി എന്നോട് പറയുകയായിരുന്നു. ബാംഗ്ലൂരിൽ നിന്ന് വരുമ്പോൾ ഒരു ഐടി പ്രഫഷണൽ കൂടെ ഇരുന്നു, അപ്പോഴാണ് അദ്ദേഹത്തിൻറെ ഡ്രൈവറുടെ അനുഭവം കേട്തത്. ഈ നോട്ട് നിരോധനത്തിൽ തന്റെ ഡ്രൈവർ വളരെ സന്തോഷവാനാണെന്ന് പറഞ്ഞു. അയാൾ പറഞ്ഞത്? ഇന്ന് ചില വലിയ മനുഷ്യർ കാർഡ് സൂക്ഷിക്കുന്നു, ഞാനും കാർഡ് സൂക്ഷിക്കുന്നു. അയാൾ കാർഡ് കാണിക്കാൻ തുടങ്ങി. അദ്ദേഹത്തിന് വല്ലാത്ത സന്തോഷം തോന്നി. ഇപ്പോൾ നോക്കൂ, ഇത് സമൂഹത്തിലെ സാധാരണക്കാരന്റെ ജീവിതത്തിൽ മാറ്റത്തിന്റെ ഒരു സംവിധാനമാണ്. ഒരു പുതിയ ആത്മവിശ്വാസം ജനിക്കുന്നു. വീട്ടിൽ സൈക്കിൾ പോലും വരാത്ത ആളിൻറെ വീട്ടിൽ , മോട്ടോർ സൈക്കിൾ വരുമ്പോഴുള്ള സന്തോഷം അടക്കാനാവുന്നില്ല. സ്കൂട്ടറുള്ളയാളുടെ വീട്ടിൽ പഴയതാണെങ്കിൽ പോലും കാർ കൊണ്ടുവരുന്നതിൽ അഭിമാനിക്കുന്നു. സമൂഹത്തിലെ ചെറിയ മനുഷ്യരുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിലായിരിക്കണം നമ്മുടെ ശ്രമങ്ങൾ.

ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ- എത്ര വലിയ ആനുകൂല്യമാണ് ഉണ്ടായത്. ഞാൻ ആ സഭയിൽ വിശദമായി പറഞ്ഞിരുന്നു ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി, ഏകദേശം 50,000 കോടി രൂപ , ചോർന്ന് പോയിരുന്ന , എല്ലാ വർഷവും നഷ്ടപ്പെട്ടിരുന്ന , അത് രക്ഷിക്കുവാൻ സാധിച്ച ഇനിയും എത്ര ലാഭിക്കുമെന്നറിയില്ല . ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കോളർഷിപ്പ് പോലെ ഉള്ളതിൽ ഒരേ വ്യക്തി ആറ് സ്ഥലങ്ങളിൽ നിന്ന് എടുത്തിരുന്നു . വിധവാ പെൻഷൻ, ജനിക്കുക പോലും ചെയ്തിട്ടില്ലാത്ത മകൾ , ആ മകൾ വിധവയായതോടെ ചെക്കും കൊടുക്കുന്നു. ഈ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം കാരണം, ഈ ചോർച്ച ഇടനിലക്കാർ കൊണ്ട് പോയിരുന്ന ആ ചോർച്ച നിന്നു. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ കാരണം . രാജ്യത്തെ സമ്പത്ത് കൊള്ളയടിക്കുന്നതിന് തടസ്സമായി . അതിനാൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീമും നേട്ടമുണ്ടാക്കി. നമ്മൾ ശ്രമിക്കണം, ഡിജിറ്റൽ പേയ്മെന്റ് വർദ്ധിപ്പിക്കാൻ നമ്മൾ ചെയ്യുന്നതെയും പരിശ്രമം തുടരണം.

പോസ് മഷീൻ ആവശ്യകത സർക്കാർ മനസ്സിലാക്കിയുണ്ട്, അതിവേഗം പിഒഎസ് മെഷീനുകൾ വർധിപ്പിക്കുകയാണ്. മൊബൈൽ പേയ്മെന്റിനുള്ള ഇ-വാലറ്റ് പ്രമോട്ട് ചെയ്യുന്നു. ഇൻറർനെറ്റ്-ബാങ്കിംഗിനായുള്ള

പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 'ആധാർ അടിസ്ഥാനമാക്കിയുള്ള പേയ്മെന്റ്. സാങ്കേതികവിദ്യ വികസിച്ച രീതി. അതേ പോലെ 'ആധാർ' മാത്രം അടിസ്ഥാനമാക്കി പണമടയ്ക്കാൻ കഴിയും മൊബൈൽ ഫോൺ പോലും ആവശ്യമില്ല, ആ ദിവസങ്ങൾ വിദൂരമല്ല. അതിനാൽ ഞങ്ങൾ ഈ ക്രമീകരണങ്ങൾ കുറച്ചോ അതിലധികമോ മനസ്സിലാക്കാനും ഞങ്ങളുടെ ടീമുകളെ അതിൽ നടപ്പിലാക്കാനും ശ്രമിക്കുന്നു. ഭീം ആപ്പ് വളരെ മികച്ച സംവിധാനമായി മാറിയിരിക്കുന്നു. ഇത് ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലാണ് നിർമ്മിച്ചിരിക്കുന്നത്, ഭീം ആപ്പ് എത്രത്തോളം ജനപ്രിയമാക്കുന്നുവോ അത്രയും ഒരു വ്യാപാരിക്കോ പുറത്തുള്ള ഏജൻസിക്കോ ഇതുമായി ബന്ധപ്പെടേണ്ടി വരുന്നില്ല . ആളുകൾക്ക് നേരിട്ടു പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു പ്രവർത്തനക്ഷമമായ പ്ലാറ്റ്ഫോമാണ് . നമ്മൾ ഇത് ചെയ്യണം.

ഡ്രൈവർ ; നോക്കു ഹൈവേയിൽ പോകുന്ന ഡ്രൈവർ . വാഹനങ്ങൾ നിർത്തിയിടുന്നത് മൂലം നമ്മുടെ പെട്രോളിനും ഡീസലിനും എത്രമാത്രം നഷ്ടം വരുന്നു എന്ന് നമുക്കറിയാം. നവംബർ എട്ടിന് ശേഷം അതിനും അൽപ്പം ഊന്നൽ നൽകിയിരുന്നു, ഡ്രൈവർമാർ തങ്ങളുടെ വാഹനങ്ങൾക്ക് ടോൾ ടാക്സ് അടയ്ക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കണം. റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ, (ആർ എഫ് ഐ ഡി) വഴി, മുമ്പ് കുറച്ച് ആളുകൾ ആ സംവിധാനം ഉപയോഗിച്ചിരുന്നു , പക്ഷേ ഇത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ, ഇന്നത്തെ ട്രാഫിക്കിന്റെ ഏകദേശം ഇരുപത് ശതമാനവും ആർഎഫ്ഐഡി വഴിയാണ് പണം നൽകുന്നത്. കാർ വരുന്നു, അതിന്റെ രജിസ്ട്രേഷൻ നേരിട്ട് നടക്കുന്നു, അത് ബാങ്കിൽ നിന്ന് നേരിട്ടെടുക്കുന്നു. , അത് നിർത്തേണ്ടതില്ല, അത് പോകുന്നു. ഇത് കൂടിയാൽ നാട്ടിൽ എത്ര പെട്രോൾ ലാഭിക്കാം . നമ്മുടെ രാജ്യത്ത് ടോൾ ടാക്സിൽ ഈ സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. അതുപോലെ, പെട്രോൾ പമ്പുകളിലെ ഏകദേശം ഇരുപത്തിയൊൻപത് -മുപ്പത് ശതമാനം ശതമാനം ആളുകൾ ഇന്ന് ഡിജിറ്റൽ കറൻസി പ്രയോജനപ്പെടുത്താൻ തുടങ്ങി. ചന്ദ്രബാബു നായിഡു ജിയുടെ നേതൃത്വത്തിൽ ഞങ്ങൾ കമ്മിറ്റി രൂപീകരിച്ചു. ഇടക്കാല റിപ്പോർട്ട് വന്നിട്ടുണ്ട്. അവരത് പഠിക്കുന്നു. അന്തിമ റിപ്പോർട്ട് വരാനിരിക്കുകയാണ്. നമുക്ക് മാറ്റത്തിനായി തയ്യാറെടുക്കാം, ഞാനും അങ്ങിനെ കരുതുന്നു.

ഒരു വിഷയം ആണ് ബാങ്കിംഗ് സംവിധാനം - നിങ്ങൾ എന്തെങ്കിലും പറഞ്ഞാൽ അത് റിപ്പോർട്ട് കാർഡാണെന്ന് ഞാൻ പറയും. പഴയ കാലത്തെ കാര്യങ്ങൾ പറയുന്ന റിപ്പോർട്ട് കാർഡ്. ഈ സർക്കാർ വന്നതിന് ശേഷം ആദ്യം ചെയ്തത് ഒരു ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ (ഡിആർടി) രൂപീകരിച്ചു - ആറെണ്ണം. ബാങ്കുകളിലെ കടം പരിഹരിക്കാൻ സർക്കാർ മുൻകൈയെടുത്തു. ബാങ്കുകളിൽ നടത്തിയിരുന്ന നിയമനങ്ങൾക്ക് ചട്ടമില്ലായിരുന്നു, അങ്ങിനെ പോകുകയായിരുന്നു. ഈ സർക്കാർ ബാങ്ക് ബോർഡ് ബ്യൂറോ സൃഷ്ടിച്ചു, അത് ഒരു സ്വതന്ത്ര ഏജൻസിയാണ്, അത് റിക്രൂട്ട്മെന്റ് നടത്തുന്നു. അതിന്റെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, അതിന്റെ ഡയറക്ടർ തുടങ്ങിയവ. ബാങ്കിംഗ് സംവിധാനത്തിൽ പ്രൊഫഷണലിസം കൊണ്ടുവരാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

ബാങ്ക് ആൻഡ് ഫിനാൻസ് വേൾഡ്, ബാങ്കിംഗ് സെക്ടർ, ഇക്കണോമിക് വേൾഡ് ഇവയുടെ ഒരു വട്ടമേശ സമ്മേളനം രണ്ട് ദിവസങ്ങളിലായി നടന്നു. നമ്മുടെ രാജ്യത്തിന്റെ ബാങ്കിങ്ങ് എങ്ങനെ ആഗോള നിലവാരത്തിലേക്ക് എത്തിക്കാം, എന്നു അവർ വിശദമായി ആത്മപരിശോധന നടത്തി, ചിന്തിച്ചു, തങ്ങളുടെ പോരായ്മകൾ മനസ്സിലാക്കി അത് തിരുത്താൻ ശ്രമിച്ചു.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഗരിമ - എനിക്കെതിരെ ഒരു ആക്രമണം ഉണ്ടാകാം , നമ്മുടെ പാർട്ടിക്ക് നേരെ ആക്രമണം ഉണ്ടായേക്കും , നമ്മുടെ സർക്കാരിന് നേരെ ആക്രമണം ഉണ്ടായേക്കും , അത് വളരെ സ്വാഭാവികമാണ്, അത് അങ്ങിനെ തുടരും അതെനിക്ക് മനസിലാകും. പക്ഷേ അതിലേക്കു റിസർവ് ബാങ്കിനെ വലിച്ചിഴക്കേണ്ട സാഹചര്യമില്ല. ആർബിഐ ഗവർണറെ വലിച്ചിഴക്കേണ്ട സാഹചര്യമില്ല. അത്തരം സ്ഥാപനങ്ങളുടെ മര്യാദകളും

മാനദണ്ഡങ്ങളും പാലിക്കുന്നതിൽ നാം ശ്രദ്ധ ചെലുത്തണം നമ്മുടെ സംഭവനകൾ നല്കണം. ഇതിനു മുമ്പുള്ള ഗവർണർക്കെതിരെയും ചിലർ ശബ്ദം ഉയർത്തി. അതും ഞാൻ എതിർത്തിരുന്നു. . ഇത്തരം പ്രവർത്തികൾ ചെയ്യുന്നത് നല്ലതല്ല . ഇത്തരം കാര്യങ്ങൾ വിവാദമാകാതെ സൂക്ഷിക്കണം. സർക്കാരിന്റെ ബാക്കി ക്രമീകരണങ്ങൾ ഉണ്ട്, അവ തുടരും. നമ്മൾ അത് ചെയ്യണം.

സമ്പദ്‌വ്യവസ്ഥയെ നയിക്കുന്നതിൽ റിസർവ് ബാങ്ക് ഒരു പ്രധാന പങ്ക് വഹിക്കുന്നു. അതിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിന് നാം നല്ല സംഭാവനകൾ നൽകണം.

എന്നാൽ റിസർവ് ബാങ്കിനെതിരെയും ഈ സർക്കാരിനെതിരെയും ആരോപണം ഉയർത്തുന്നവരോടു ചിലത് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെ ദുഖത്തോടെയാണ്

ഞാൻ ഇത് പറയുന്നത്.

റിസർവ് ബാങ്കിന്റെ മുൻ ഗവർണർ ഡോ. സുബ്ബറാവു ഒരു പുസ്തകം രചിച്ചു. ''ഫ്രം മൂവ്ഡ് മൈ ഇൻറെസ്റ്റ് റേറ്റ്'' എന്നതാണ് പുസ്തകത്തിൻറെ പേര്. .

രണ്ടായിരത്തി എട്ടിൽ , അന്നത്തെ ധനകാര്യ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ലിക്വിഡിറ്റി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാനുള്ള സർക്കാരിന്റെ തീരുമാനത്തിൽ താൻ കപിതനും അസ്വസ്ഥനുമാണെന്ന് അദ്ദേഹം അതിൽ പരാമർശിച്ചു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വിഷയത്തിൽ ചിദംബരം വ്യക്തമായി കടന്നു കയറിയിരുന്നു. ലിക്വിഡിറ്റി മാനേജ്മെന്റ് പൂർണമായും റിസർവ് ബാങ്കിന്റെ പരിധിയിലാണ്.ഈ വിഷയം എന്നോടു അദ്ദേഹം ചർച്ച ചെയ്തില്ലെന്നു മാത്രമല്ല, വിജ്ഞാപനം വന്ന കാര്യം എന്നെ അറിയിച്ചിട്ടുമില്ല.ഈ തീരുമാനം ഞങ്ങൾ രണ്ടു വ്യക്തികൾ തമ്മിലുള്ള ബന്ധത്തെ മോശമാക്കുമെന്നും എന്റെ ഭരണത്തിന്റെ അവസാന വർഷത്തിൽ സങ്കീർണ്ണമായ ഒരു ബന്ധത്തിന്റെ ടോൺ സജ്ജീകരിക്കുമെന്നും എനിക്കു എങ്ങിനെയറിയാം അറിയും? റിസർവ് ബാങ്ക് മുൻ ഗവർണർ മുൻഗവൺമെന്റിനെക്കുറി നടത്തിയ ഗൗരവതരമായ ആരോപണം ആയിരുന്നു, അദ്ദേഹം അത് തന്റെ പുസ്തകത്തിൽ പ്രസിദ്ധീകരിച്ചു, ഇതുവരെ ആരും മറുപടി നൽകിയിട്ടില്ല.ഇപ്പോൾ ഞാൻ സംസാരിക്കുമ്പോൾ, അവർ എന്തെങ്കിലും പറയും അത് വേറെ കാര്യം . പക്ഷേ ഈ ആളുകളോട് ആത്മപരിശോധന നടത്താനും ഞങ്ങൾ ആവശ്യപ്പെടുന്നു എന്നത് സത്യമാണ്.അതിനെ രാഷ്ട്രീയവത്കരിക്കരുതെന്നും ഈ സ്ഥാപനത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ ശ്രമിക്കണമെന്നും ഞാൻ കരുതുന്നു. ഞങ്ങൾ എന്താണ് ചെയ്തിട്ടുള്ളത്? .

ആർബിഐയെ കൂടുതൽ ശാക്തീകരിക്കുന്ന തീരുമാനങ്ങളാണ് ഈ സർക്കാർ കൈക്കൊണ്ടിരിക്കുന്നത്. ആർബിഐ നിയമം ഭേദഗതി ചെയ്തതിന് ശേഷം ഞങ്ങൾ മോണിറ്ററി പോളിസി കമ്മിറ്റി രൂപീകരിച്ചു. ഇത് വളരെക്കാലമായി ചർച്ച ചെയ്തതാണ് പക്ഷേ ഞങ്ങൾ അത് ചെയ്തു.

മോണിറ്ററി പോളിസിയുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഈ കമ്മിറ്റി പൂർണ്ണമായും സ്വയംഭരണാധികാരമുള്ളതാണ്.

ഈ കമ്മിറ്റിയിലെ പ്രധാനി ആർബിഐ ഗവർണറാണ് . ആർബിഐയിലെ രണ്ട് ഉദ്യോഗസ്ഥർക്കും പുറമെ മൂന്ന് സ്വതന്ത്ര വിദഗ്ധരും അടങ്ങുന്നതാണ് സമിതി. ഈ സമിതിയിൽ കേന്ദ്രസർക്കാരിൽ നിന്നും ആരും ഉണ്ടാകില്ല.

മോണിറ്ററി പോളിസിയുടെ പ്രവർത്തനങ്ങളിൽ സ്വയംഭരണം എന്നത് വളരെ വലിയ കാര്യമാണ്. ഈ സർക്കാർ ആർബിഐക്ക് നൽകിയ സ്വയംഭരണ അധികാരം ആർക്കും സങ്കൽപ്പിക്കാൻ കഴിയില്ല.ഇതിലൂടെ ആർബിഐയെ കൂടുതൽ ശക്തിയാകുകയും ചെയ്തു.

ഒരു കാര്യം സത്യമാണ്. പല വിഷയങ്ങളിലും ഇവിടെ ചർച്ചകൾ നടന്നിട്ടുണ്ട്. ഒരു സർക്കാരും ഉറങ്ങുവാനായി വരുന്നില്ല. മുൻകാലങ്ങളിൽ വന്ന സർക്കാരുകളും അവരും എന്തെങ്കിലും ഒക്കെ ചെയ്യാൻ ശ്രമിച്ചിട്ടുണ്ടാകണം. ആരും ഒന്നും ചെയ്തില്ല എന്ന് ഞാൻ പറയുന്നില്ല . ഞാൻ ചെങ്കോട്ടയിൽ നിന്നാണ് സംസാരിച്ചത്, ചെങ്കോട്ടയിൽ നിന്നും ഞാൻ പറഞ്ഞത് പോലെ ഇന്ത്യയുടെ മറ്റൊരു പ്രധാനമന്ത്രിയും സംസാരിച്ചിട്ടില്ല. രാജ്യം സ്വതന്ത്രമായത് മുതൽ, എത്ര സർക്കാരുകൾ വന്നു , എത്ര പ്രധാനമന്ത്രിമാർ വന്നു, എത്ര ജനങ്ങൾ പ്രവർത്തിച്ചു അവരുടെയൊക്കെ സംഭാവന കൊണ്ട് തന്നെയാണ് ഈ രാജ്യം ഇന്ന് ഇവിടെ എത്തിയിരിക്കുന്നുവെന്ന് ഞാൻ പറഞ്ഞു. ഞങ്ങൾ അങ്ങനെയുള്ള ആളുകളാണ്. എനിക്ക് അവരെ (കോൺഗ്രസ്സ്) അറിയാം, അവർ പേരുകൾ പറയുന്നതിൽ നിന്ന് ഒഴിഞ്ഞുമാറുന്നു. മറ്റൊരാൾ ചെയ്യുന്ന കാര്യങ്ങളെ കുറിച്ചു ഒന്നു സൂചിപ്പിക്കുവാൻ പോലും അവർ (കോൺഗ്രസ്സ്)ഇഷ്ടപ്പെടുന്നില്ല . ചരിത്രം സാക്ഷിയാണ്. പക്ഷേ, ഭരണത്തിന്റെ കാര്യത്തിൽ ഈ സർക്കാർ ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്നത് സത്യമാണ്. ചെറിയ തീരുമാനങ്ങൾ എടുക്കും എന്നാൽ തീരുമാനങ്ങൾ സാധാരണക്കാരന്റെ ശക്തിക്ക് വലിയ ഉത്തേജനം നൽകി.

ഞങ്ങൾ സത്യവാങ്മൂലം (അഫിഡവിറ്റ്) എന്ന ഏർപ്പാട് നിർത്തലാക്കി . അതിനായി എംപിയുടെ വീട്ടിലും എംഎൽഎയുടെ വീട്ടിലും കോർപ്പറേറ്ററുടെ വീട്ടിലും ആളുകൾ രാവിലെ വന്ന് സ്റ്റാമ്പ് ചെയ്യാൻ നിന്നിരുന്നു. ഒരു ക്യൂ ഉണ്ടായിരുന്നു. ഒരു പൗണ്ട് അവിടെ ഇരിക്കും ഒരു സഹപ്രവർത്തകൻ കൂടെ കാണും അവർ അതിൽ സ്റ്റാമ്പ് ചെയ്യും. ആ സർട്ടിഫിക്കറ്റ് സ്വയം സാക്ഷ്യപ്പെടുത്തിയാൽ (സെൽഫ് അറ്റെസ്റ്റേഷൻ) മതി എന്നു ഞങ്ങൾ തീരുമാനിച്ചു. അതു കാരണം സാധാരണക്കാരനു ഗുണമായി , കാരണം ഒരാളുടെ നിയമനം അവസാന ഘട്ടത്തിൽ നടക്കുമ്പോൾ ഒറിജിനൽ കോപ്പി കൊണ്ട് പോയാൽ മതി , സീറോക്സിന്റെ കാലമാണ് , ഇതൊക്കെ എല്ലാം ചെയ്യേണ്ടതിൻറെ ആവശ്യകത എന്താണ് ?

നോൺ ഗസറ്റഡ് - ഞങ്ങൾ അഭിമുഖം എന്നത് നിർത്തലാക്കി. പൂർത്തിയാക്കി. ടെക്നോളജി (സാങ്കേതിക വിദ്യയിലൂടെ)യിലൂടെ യോഗ്യതയുള്ളവരെ തീരുമാനിക്കും. യോഗ്യതയുടെ അടിസ്ഥാനത്തിൽ ജോലി ലഭ്യമാകും അതുകൊണ്ടാണ് അഴിമതി നടക്കില്ല . ഈ രണ്ട് സഭകളും 1100-ലധികം പഴയ നിയമങ്ങൾ ഇല്ലാതാക്കി.

മുതിർന്ന തസ്തികയിലെ നിയമനം- പല പത്രങ്ങളും ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ആദ്യമായാണ് യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. , പഴയ പ്രക്രിയകൾ ഇല്ലാതായി, ഇതിനെക്കുറിച്ച് വളരെ നല്ല ലേഖനങ്ങൾ പല ന്യൂടൽ പത്രങ്ങളും എഴുതിയിട്ടുണ്ട്.

ഡിബിടി ചോർച്ച തടഞ്ഞു നേരിട്ടുള്ള ആനുകൂല്യമാണ്. നേരത്തെ, കമ്പനി രജിസ്റ്റർ ചെയ്യേണ്ടതുണ്ടെങ്കിൽ, അതിന് ഏഴ ,പതിനഞ്ച് ദിവസങ്ങൾ, അല്ലെങ്കിൽ രണ്ട് മാസങ്ങൾ ഒക്കെ എടുക്കുമായിരുന്നു. ഇന്ന് ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ കമ്പനി രജിസ്റ്റർ ചെയ്യാം. ഈ വ്യവസ്ഥ കൊണ്ടുവന്നു .

പാസ്പോർട്ട്-നേരത്തെ പാസ്പോർട്ട് ലഭിക്കാൻ മാസങ്ങൾ എടുത്തിരുന്നെങ്കിൽ ഇന്ന് ഒരാഴ്ചക്കകം പാസ്പോർട്ട് നൽകാനുള്ള ക്രമീകരണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഇപ്പോൾ ഞങ്ങൾ ഹെഡ് പോസ്റ്റ് ഓഫീസുകളെ പാസ്പോർട്ട് ഓഫീസു കൂടിയാക്കുന്ന ദിശയിലാണ് പ്രവർത്തിക്കുന്നത്, അതിലൂടെ സാധാരണക്കാർക്കും പ്രയോജനം ലഭ്യമാകും, ഞങ്ങളുടെ ശ്രമങ്ങൾ ആ ദിശയിലാണ്.

കൽക്കരി ലേലം എത്ര വലിയ വിഷയമായിരുന്നു എന്നു നമുക്കറിയാം. സർക്കാർ അത് എളുപ്പത്തിൽ നടപ്പാക്കി. സുതാര്യത കൊണ്ടുവന്നു .

വളരെ പ്രധാനപ്പെട്ട ഒരു തീരുമാനം എടുത്തിട്ടുണ്ട്, വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടിട്ടില്ല, അത് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സർക്കാർ വാങ്ങുന്ന രീതി , ആ പരമ്പരയിലാണ് ഞങ്ങൾ ജെഇഎം (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് -ജേം) ആരംഭിച്ചത്. ഈ സംവിധാനത്തിന് ലോകബാങ്കിൻറെ സൗത്ത് ഏഷ്യ പ്രൊക്യൂർമെന്റ് ഇന്നൊവേഷൻ അവാർഡുകളും നൽകി ആദരിച്ചിട്ടുണ്ട്. ഇതിൽ ലോകത്ത് ആർക്ക് എന്തു വേണമെങ്കിലും സർക്കാരിന് വിൽക്കാം. അവർ ഓൺലൈനിൽ വരുന്നു, അവരുടെ ലിസ്റ്റ് സൂക്ഷിക്കുക, അതിൽ നിന്ന് സർക്കാരിന് തീരുമാനിക്കാം. സാമ്പത്തിക ലാഭവും ഉണ്ടായിട്ടുണ്ട്, നിങ്ങൾക്ക് 5000 രൂപയിൽ കൂടുതൽ പേമെൻറ് നൽകണമെങ്കിൽ, ജെം വഴി അത് ചെയ്യാം. ഞങ്ങൾ ആ ദിശയിൽ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

സദ്ഭരണത്തിലൂടെ, സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ അഴിമതിക്കെതിരായ ഒരു സുതാര്യത കൊണ്ടുവരുന്നതിൽ ഞങ്ങൾ മികച്ച വിജയം കൈവരിച്ചു.

സ്ത്രീ ശാക്തീകരണത്തിനായി ഈ സർക്കാർ നിരവധി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഉജ്ജ്വല പദ്ധതി. ഗ്യാസ് സിലിണ്ടറുകളുടെ കാലഘട്ടം എന്താണെന്ന് നമുക്കറിയാം, എംപിക്ക് 25-25 കൂപ്പണുകൾ ലഭിച്ചിരുന്നു, ആ 25 കൂപ്പണുകൾ ലഭിക്കാൻ ആളുകൾ കൃവിൽ നിന്നിരുന്നു. 2014ലെ തെരഞ്ഞെടുപ്പിൽ 9 സിലിണ്ടറുകൾ അല്ലെങ്കിൽ12 സിലിണ്ടറുകൾ എന്നതിനെച്ചൊല്ലിയായിരുന്നു തിരഞ്ഞെടുപ്പ് വിഷയം. ഞങ്ങളുടെ സർക്കാരിന്റെ പ്രവർത്തനത്തിൽ എത്ര വ്യത്യാസമാണ് കൊണ്ടുവന്നത് . പാവപ്പെട്ട സ്ത്രീകൾക്ക് ഗ്യാസ് സ്റ്റൗ, അവർക്ക് സ്വപ്നത്തിൽ പോലും ചിന്തിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതുവരെ ഒരു കോടി 65 ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്ക് ഗ്യാസ് കണക്ഷൻ നൽകി. അഞ്ചു കോടി കുടുംബങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യമുണ്ട്. രാജ്യത്ത് 25 കോടി കുടുംബങ്ങളുണ്ട്, അഞ്ച് കോടി പാവപ്പെട്ട കുടുംബങ്ങളിലേക്ക് ഗ്യാസ് എത്തിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

പ്രധാനമന്ത്രി ആവാസ് യോജന - സ്ത്രീകളുടെ പേരിൽ വീടുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമപരമായ ക്രമീകരണം. മുമ്പ് 40-45 ശതമാനം ആയിരുന്ന മൻരേഗായിൽ (എംജിഎൻആർഇജിഎയിൽ) ഇന്ന് 55% സ്ത്രീകൾ ജോലി ചെയ്യുന്നു.

മുദ്ര സ്കീമിൽ യാതൊരു ജാമ്യവുമില്ലാതെയാണ് ബാങ്കിൽ നിന്ന് പണം നൽകുന്നത്. പണം കൊണ്ടുവരുന്നതിൽ 70 ശതമാനവും സ്ത്രീകളാണ്, അതായത് അതിൽ സംരംഭകരായി നമ്മുടെ രാജ്യത്തെ സ്ത്രീകളും ചേരുന്നു.

പണ്ഡിറ്റ് ദീൻദയാൽ അന്ത്യോദയ യോജന - സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം ദക്ഷിണേന്ത്യയിൽ ഒരു പരിധി വരെ നടന്നു. എന്നാൽ ഇന്ത്യയിലുടനീളവും കിഴക്കൻ ഇന്ത്യയിലും ഇത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദിശയിൽ പ്രവർത്തിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

പാവപ്പെട്ട ഗർഭിണികൾക്ക് ഇന്ത്യയിൽ മുഴുവൻ 6000 രൂപ ഐഎംആർ, പ്രസവസമയത്ത് എംഎംആർ. എന്നിവയ്ക്ക് വേണ്ടി, 'ബേഠി ബച്ചാവോ-ബേട്ടി പഠാവോ' കാമ്പെയ്ൻ, അതിന് വലിയ അംഗീകാരം ലഭിച്ചു, ഒരു സാമൂഹിക പ്രസ്ഥാനമായി തുടരുന്നു. സുകന്യ സമൃദ്ധി യോജന - പെൺകുട്ടികളുടെ പേരിൽ ഒരു കോടി അക്കൗണ്ടുകളും 11,000 കോടി രൂപയും ഭാവിയിലേക്കുള്ള സുരക്ഷിതത്വം ഉറപ്പുനൽകുന്നു. മഹിളാ ശക്തി കേന്ദ്രങ്ങൾ 14 ലക്ഷം അങ്കണവാടി കേന്ദ്രങ്ങളിൽ 500 കോടി ചെലവിൽ ഇത് സ്ഥാപിച്ചു.

മിഷൻ ഇന്ദ്രധനുഷ് - സർക്കാരുകൾ ഉണ്ടായിരുന്ന പക്ഷേ കുട്ടികൾക്ക് വാക്സിനേഷൻ നൽകിയിരുന്നില്ല. , വാക്സിനേഷൻ പരിപാടികൾ ഉണ്ടായിരുന്നു. പക്ഷേ നൽകിയില്ല. കുട്ടികൾ കുത്തിവയ്പ് എടുക്കാത്തവരുടെ എണ്ണം 55

ലക്ഷം ശ്രദ്ധയിൽപ്പെട്ടു. ഇന്ദ്രധനുഷ് മിഷനിലൂടെയാണ് കുട്ടികളെ കണ്ടെത്തിയത്. അവരുടെ ജീവൻ രക്ഷിക്കാനുള്ള ദിശയിൽ പ്രവർത്തനങ്ങൾ നടത്തി.

ശുചിത്വം - എനിക്കു അതിശയം തോന്നി. ശുചിത്വം എന്നു പറയുമ്പോൾ ഇവിടെ പരിഹസിക്കുന്നത് എന്നെ അത്ഭുതപ്പെടുത്തി. കാരണം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. മാലിന്യത്തിൽ ജീവിക്കാൻ ആഗ്രഹിക്കുന്ന ആരും നമുക്കിടയിൽ ഇല്ല. ശുചിത്വമെന്ന സ്വഭാവ പ്രശ്നമെന്ന നിലയിൽ ഉയർന്നതാണെന്ന് നമുക്കറിയാം. അടിസ്ഥാന സൗകര്യങ്ങൾ അതിനൊപ്പമേ വരൂ. നമ്മൾ രാഷ്ട്രീയക്കാർ ചിലപ്പോൾ വീഴ്ചവരുമെന്ന് ഞാൻ പറയും, ശുചിത്വത്തിന്റെ പ്രസ്ഥാനം ഏറ്റെടുത്ത ഈ രാജ്യത്തെ മാധ്യമങ്ങളെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് എല്ലാ മാധ്യമങ്ങളും ശുചിത്വത്തിന് പ്രതിഫലം നൽകുന്നു, ശുചിത്വവുമായി ബന്ധപ്പെട്ട് അവരും പ്രവർത്തനങ്ങൾ നടത്തുന്നു. സാധാരണ സർക്കാർ കാര്യങ്ങളുമായി ബന്ധപ്പെട്ടത് നെഗറ്റീവ് പറയുക മാധ്യമങ്ങൾക്ക് സ്വാഭാവികമാണ്, പക്ഷേ ഇത് അതിനു ഒരു അപവാദമാണ് . മാധ്യമപ്രവർത്തകർ സർക്കാരിനെക്കാൾ, രാഷ്ട്രീയക്കാരെക്കാൾ ഒരു പടി മുന്നോട്ട് പോയി ശുചിത്വം ഒരു പ്രസ്ഥാനമാക്കാൻ ശ്രമിച്ചു. അവരെ ഈ സഭയിലൂടെ ഞാൻ അഭിനന്ദിക്കുന്നു. ഇവിടെ ഒരാൾ നിന്നുകൊണ്ട് പറയുന്നുണ്ടായിരുന്നു , ടോയ്ലറ്റ് ഉണ്ട്, വെള്ളമില്ല എന്ന് .

മഹാത്മാഗാന്ധിയും ഈ വിഷയത്തിൽ വലിയ നിർബന്ധം പുലർത്തിയിരുന്നു. മഹാത്മാഗാന്ധി ഇന്ന് അവിടെ ഉണ്ടായിരുന്നെങ്കിൽ ശുചിത്വത്തെ കുറിച്ച് സംസാരിക്കുമായിരുന്നെങ്കിൽ നമ്മൾ ഇതേ ഭാഷ സംസാരിക്കുമായിരുന്നോ എന്ന് ഞാൻ ഭയപ്പെടുന്നു. നമുക്ക് ജനങ്ങളുടെ ഉത്തരവാദിത്തം ഇല്ലേ, സമൂഹത്തിൽ മാറ്റം കൊണ്ടുവരാൻ സകാരാത്മകമായ എന്തെങ്കിലും ചെയ്യാൻ നമുക്ക് കഴിയില്ലേ? എല്ലാറ്റിനേയും നമ്മൾ എതിർക്കും. എനിക്കു സന്തോഷമുണ്ട് , ഗ്രാമപ്രദേശങ്ങളിൽ നേരത്തെ 42 ശതമാനമായിരുന്ന ശുചിത്വ ശതമാനം, ഈ പ്രസ്ഥാനത്തിന് ശേഷം 62 ശതമാനത്തിലെത്തിയതിൽ എനിക്ക് സന്തോഷമുണ്ട്.

നമ്മൾ ടോയ്ലറ്റുകളെ കുറിച്ച് പറയുമ്പോൾ, ഗ്രാമത്തിലെ സ്ത്രീകൾക്ക്, നഗരത്തിലെ ചേരികളിൽ താമസിക്കുന്ന സ്ത്രീകൾക്ക് എന്ത് മാത്രം ബുദ്ധിമുട്ടുകൾ ആണെന്ന് നിങ്ങൾക്ക് ഊഹിക്കാവുന്നതേയുള്ളൂ, എത്രമാത്രം വേദനയുള്ള കാര്യമാണ്. ഇരുട്ടുന്നത് വരെ അവർക്ക് ടോയ്ലറ്റിൽ പോകാൻ കഴിയാതെ ഇരിക്കുക . ഇതൊരു വേദനയായിരിക്കണം. ഇത് നീ , ഞാൻ എന്ന വിഷയമല്ല പരിഹസിക്കേണ്ട കാര്യമല്ല, ഇതൊരു തമാശ ആക്കരുത്.
.

സ്ത്രീകളുടെ സുരക്ഷയ്ക്കായി വനിതാ ഹെൽപ്പ് ലൈൻ 181 സാർവത്രികമാക്കൽ, 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി സർവീസ് ആരംഭിച്ചു. 18 സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും ഈ വനിതാ ഹെൽപ്പ് ലൈനിന്റെ ക്രമീകരണം മുന്നോട്ട് കൊണ്ടുപോയി. വനിതാ പോലീസ് റിക്രൂട്ട്മെന്റ് 33% ആണ്, ചില സംസ്ഥാനങ്ങളും ഇത് അംഗീകരിച്ചു. യുടികൾക്കുള്ളിൽ ഇത് നിർബന്ധമാക്കിയിട്ടുണ്ട്. ഹരിയാനയിൽ പുതിയ പരീക്ഷണം നടത്തി. ഇന്ത്യയിൽ മറ്റ് ആളുകൾ ചെയ്യുന്നത്. എല്ലാവരുടെയും മുന്നിൽ ഞാൻ ഒരു അവതരണം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ ആളുകളെ സഹായിക്കുന്ന ജോലി ചെയ്യുന്ന മഹിളാ പോലീസ് വോളണ്ടിയർമാരുടെ ഒരു ശൃംഖല അവർ സൃഷ്ടിച്ചിട്ടുണ്ട്. ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. ഒരു പാനിക് ബട്ടണിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച്, വരും ദിവസങ്ങളിൽ ഞങ്ങൾ ഇത് നിങ്ങളിലേക്ക് കൊണ്ടുവരാൻ പോകുന്നു.

കർഷകരുടെ ശാക്തീകരണം - ഈ സർക്കാർ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രധാന് മന്ത്രി ഫസൽ ബീമാ യോജനയാണ് ഏറ്റവും വലിയ കാര്യം. നമ്മൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, കർഷകന് സുരക്ഷ നൽകണമെങ്കിൽ, അവരുടെ വരുമാനത്തിന്റെ ഉറപ്പുമായി വയലിനെ ബന്ധപ്പെടുത്തണം. നമ്മുടെ ഇവിടെ

ജലസേചന സൗകര്യം വളരെ കുറവാണ്. കൃഷി പ്രകൃതി വിഭവങ്ങളെ മാത്രം ആശ്രയിച്ചിരിക്കുന്നു. അത്തരമൊരു സാഹചര്യത്തിൽ, ഒരാൾക്ക് വിതയ്ക്കാൻ കഴിഞ്ഞില്ലെങ്കിലും, വിളവെടുപ്പ് കഴിഞ്ഞാലും, അത് നശിച്ചാൽ, ഇൻഷുറൻസ് ലഭ്യമായാൽ നല്ലതാണ്. ചില പുരോഗമന സംസ്ഥാനങ്ങൾ 40-40 50-50 ശതമാനം കർഷകരുടെ ഇൻഷുറൻസ് ചെയ്തിട്ടുണ്ടെന്ന് എനിക്കറിയാം. കർഷകർക്ക് വിള ഇൻഷുറൻസ് പദ്ധതി വലിയ തോതിൽ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ പ്രവർത്തിച്ചിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഗണ്യമായ വർധനവുണ്ടായിട്ടുണ്ടെങ്കിലും ചില സംസ്ഥാനങ്ങൾ വളരെ പിന്നിലാണ്. ഇത് ആശങ്കാജനകമാണ്. ഇത് മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്.

പുതിയ വളം നയം- യൂറിയയുടെ ഉത്പാദനം. നോക്കൂ, വേപ്പെണ്ണ പൂശിയാൽ രണ്ട് പ്രധാന ഗുണങ്ങളുണ്ട്, ഒന്ന് ഭൂമിക്ക് ഗുണം, രണ്ട് ഉൽപ്പാദനവും വർദ്ധിക്കുന്നു. നേരത്തെ ബിൽ , സബ്സിഡി എന്നിവ കർഷകൻറെ പേരിൽ ആയിരുന്നു ,പക്ഷേ യൂറിയ അസംസ്കൃത വസ്തുവായി രാസ വ്യവസായത്തിലേക്ക് പോയി. സിന്തറ്റിക് പാൽ ഉണ്ടാക്കുന്നവരും യൂറിയ ഉപയോഗിച്ചു. എന്നാൽ 100 ശതമാനം വേപ്പെണ്ണ പൂശുമ്പോൾ ഭൂമി ഒഴികെ മറ്റൊരിടത്തും ഉപയോഗിക്കാനായിട്ടില്ല. നേരത്തെ യൂറിയ മോഷ്ടിക്കപ്പെട്ടിരിക്കുന്നു. എന്നാൽ യൂറിയയ്ക്കും ഇന്ന് കള്ളപ്പണം ലഭിക്കുന്നില്ല. ഇന്ന് യൂറിയ ലഭിക്കുന്നില്ല എന്നു പറഞ്ഞു കൊണ്ട് മുഖ്യമന്ത്രിമാരിൽ നിന്ന് അങ്ങനെയൊരു കത്ത് വരുന്നില്ല. യൂറിയയ്ക്ക് വേണ്ടി ഇന്ന് ക്യൂ ഇല്ല, യൂറിയയ്ക്ക് ആരും ഒരു പ്രശ്നവും നേരിടുന്നില്ല. ഒരു ചെറിയ മാറ്റം പോലും എത്ര വലിയ മാറ്റമുണ്ടാക്കുമെന്ന് നിങ്ങൾക്ക് കാണാൻ കഴിയും.

നമ്മുടെ രാജ്യത്ത് പയറുവർഗങ്ങളുടെ ഉത്പാദനം- ഈ സർക്കാർ പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ചു. അതിന്റെ ഫലമാണ് ഇന്ന് ഏകദേശം 50 മുതൽ 60 ശതമാനം വരെ വർധനവിനുള്ള സാധ്യത ഇത്തവണ ഉയർന്നിരിക്കുന്നത്. നമ്മുടെ നാട്ടിലെ കർഷകർ സർക്കാരിന്റെ ആഹ്വാനത്തെ സ്വീകരിച്ച് എല്ലാ റെക്കോർഡുകളും തകർത്താണ് അവർ ഈ ജോലി ചെയ്തത്.

ഇനാം - ഇലക്ട്രോണിക് മാർക്കറ്റ് 500 മണ്ഡികളിൽ, ഇപ്പോൾ കർഷകന് ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വിൽക്കാൻ കഴിയുന്നിടത്തെല്ലാം സാങ്കേതികവിദ്യയിലൂടെ അത് ചെയ്യാൻ കഴിയും. ഇന്ന് 500 മണ്ഡികളിൽ മൊബൈൽ ഫോൺ വഴി കച്ചവടം ചെയ്യാവുന്ന അവസ്ഥയിലാണ് എന്റെ കർഷകൻ. ഏകദേശം 250 മണ്ഡികൾ ഈ ജോലി പൂർത്തിയാക്കി. സംസ്ഥാനങ്ങൾക്ക് ചില നിയമങ്ങൾ മാറ്റേണ്ടി വന്നു, ചില നിയമങ്ങൾ മാറ്റിയിട്ടുണ്ട്.

ഭക്ഷ്യ സംസ്കരണത്തിന് ഊന്നൽ നൽകുമ്പോൾ- ഭക്ഷ്യ സംസ്കരണം നമ്മുടെ കർഷകന് ഗുണം ചെയ്യുമെന്ന് നമുക്കറിയാം. സർക്കാർ 100 ശതമാനം എഫ്ഡിഐ അനുവദിച്ചു, അതിനാൽ ഭക്ഷ്യ സംസ്കരണത്തെ സഹായിക്കുകയും മൂല്യവർദ്ധനവ് നൽകുകയും വേണം, അങ്ങനെ നമ്മുടെ കർഷകർക്ക് കൂടുതൽ വരുമാനം ലഭിക്കുകയും ആ ദിശയിൽ പ്രവർത്തിക്കാൻ ഞങ്ങൾ ശ്രമിക്കുകയും ചെയ്യുന്നു.

ആദിവാസികളുടെ ശാക്തീകരണം - ഏകദേശം 28 വകുപ്പുകൾക്ക് എവിടെയോ ആദിവാസികളുമായി ബന്ധമുണ്ട്. ഞങ്ങൾ ആദ്യമായി ഒരു ടൈബൽ സബ് പ്ലാൻ പ്രകാരം തുക വർദ്ധിപ്പിച്ചു, എന്നാൽ വൻബന്ധു കല്യാൺ യോജനയ്ക്ക് കീഴിൽ, ഒരു സമഗ്ര പദ്ധതിയായി മാറി ഫലം ദൃശ്യമാകുകയാണെങ്കിൽ ആ ദിശയിൽ ഞങ്ങൾ വിജയകരമായ ഒരു ശ്രമം നടത്തി.

വനാവകാശ നിയമം - അത് ദൃഢമായി നടപ്പിലാക്കുന്നതിനായി പ്രവർത്തിച്ചു. നമ്മുടെ നാട്ടിലെ എല്ലാ ധാതുക്കളും ഖനനം ചെയ്യുന്നതിനാൽ ആദിവാസി മേഖലകളിൽ ആദ്യമായി, അവയിൽ ഭൂരിഭാഗവും ആദിവാസി-ബെൽറ്റുകളിലാണ്, അത് കൽക്കരി ആയാലും, അത് ഇരുമ്പായാലും, മറ്റെന്തെങ്കിലും ആയാലും, പക്ഷേ അവിടെ ലാഭം

ഉണ്ടായില്ല. ആദ്യമായി സർക്കാർ ജില്ലാ മിനറൽ ഫൗണ്ടേഷൻ രൂപീകരിക്കുകയും ഖനിയിൽ നിന്ന് പുറത്തുവരുന്നവയ്ക്ക് നികുതി ചുമത്തുകയും ചെയ്തു. ഛത്തീസ്ഗഢ് മുഖ്യമന്ത്രി എന്നോട് പറയുകയായിരുന്നു എന്റെ ഏഴ ജില്ലകളിൽ, അവിടെ നിന്നാണ് ധാതുക്കൾ ഖനനം ചെയ്യുന്നത് നിങ്ങൾ ആസൂത്രണം ചെയ്യുകയും , അടിത്തറ സൃഷ്ടിക്കുകയും ചെയ്തു , അതിനാൽ ആ ജില്ലകളുടെ വികസനത്തിന് എനിക്ക് ഒരിക്കലും അധിക ബജറ്റ് ആവശ്യമില്ല. ഇതുപോലെ വലിയ തുക ആ പാവപ്പെട്ട ആദിവാസികൾക്ക് ഉപയോഗപ്രദമാകും, ഞങ്ങൾ അതിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഞങ്ങൾ നടത്തിയ റർബൻ മിഷന്റെ ഏറ്റവും വലിയ നേട്ടം ആദിവാസി മേഖലയിലായിരിക്കും. ആദിവാസി വിപണി വലിയ വിപണിയായി വികസിപ്പിക്കണം. വിപണിയിൽ വികസനമുണ്ടെങ്കിൽ, വിദ്യാഭ്യാസ സമ്പ്രദായം വരുന്നു, അവിടെ മെഡിക്കൽ സൗകര്യം വരുന്നു, വിനോദത്തിനുള്ള സൗകര്യമുണ്ട്. ക്രമേണ ഇത് 50-100 സമീപ ഗ്രാമങ്ങളുടെ കേന്ദ്രമായി മാറുകയും റർബനിലൂടെ ഗോത്രമേഖലകളിൽ 300 പുതിയ നഗരങ്ങൾ സൃഷ്ടിക്കാൻ ഞങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ആദിവാസി മേഖലയുടെ വികസനത്തിന് ഇത് മഹത്തായ പ്രവർത്തനമാകും.

അതുപോലെ, സ്വച്ഛത- ശുചിത്വം ഒരു ബഹുജന പ്രസ്ഥാനമായി മാറണമെന്ന് ഞാൻ ആദ്യം പറഞ്ഞിരുന്നു. ശുചിത്വം എന്നത് ഒരു ബഹുജന പ്രസ്ഥാനം ആകണം എന്നു ഞാൻ പറഞ്ഞു. ബഹുജന പ്രസ്ഥാനം ആക്കി മാറ്റുന്നതിന് നാമെല്ലാവരും എന്തെങ്കിലും സംഭാവന ചെയ്യണം. ഞങ്ങൾ ശുചിത്വത്തിന്റെ റാങ്കിംഗ് ആരംഭിച്ചു. സ്വതന്ത്ര ഏജൻസി മുഖേനയാണ് ചെയ്യുന്നത് . നഗരങ്ങൾക്കിടയിൽ മത്സരമുണ്ട്. ഒരു നഗരം മുന്നോട്ട് പോയാൽ, മറ്റൊരു നഗരം ആ നഗരത്തെ തടസ്സപ്പെടുത്തുന്നു, ആ നഗരം മുന്നോട്ട് നീങ്ങി, എന്തുകൊണ്ടാണ് നമ്മൾ നമ്മുടെ വൃത്തിയാക്കാത്തത്? പതിയെ ഈ മത്സരം പരക്കുന്നു . നമ്മൾ അത് ഊന്നിപ്പറയണം, നമ്മുടെ രാജ്യത്തെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഈ ദിവസങ്ങളിൽ എവിടെയെങ്കിലും ഭരണം നടത്താനുള്ള അവസരം ലഭിക്കുന്നുണ്ട്. ചിലത് മുനിസിപ്പാലിറ്റിയിലും ചിലത് ജില്ലാ പഞ്ചായത്തിലുമാകും. ചിലത് സംസ്ഥാനത്തും ഉണ്ടാകും. നിങ്ങളുടെ പാർട്ടിയുടെ സർക്കാരുകളിൽ നിങ്ങൾ സേവനവുമായി മത്സരിക്കുക. എല്ലാ നഗരങ്ങളിലും വൃത്തിയുടെ മത്സരം വേണമെന്ന് കമ്മ്യൂണിസ്റ്റുകാർ ഭരിക്കുന്ന എത്ര നഗരങ്ങളിൽ വൃത്തിയുടെ മത്സരം വേണമെന്ന് കമ്യൂണിസ്റ്റുകാർ തീരുമാനിക്കു അല്ലെങ്കിൽ അവർ ഭരിക്കുന്ന ജില്ലാപഞ്ചായത്തുകളിൽ മത്സരം നടത്തു . ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളാണെങ്കിൽ അവിടെയുള്ള മുനിസിപ്പാലിറ്റികൾ മത്സരിക്കണം. ഒരിക്കൽ നമ്മൾ ഈ മത്സരം മുന്നോട്ട് കൊണ്ടുപോകുമ്പോൾ, ഈ ശുചിത്വ കാമ്പയിൻ വിജയിക്കുമെന്ന് ഞാൻ കരുതുന്നു. ഇതൊരു സർക്കാർ പരിപാടിയല്ല, ഒരു ബഹുജന പ്രസ്ഥാനമായിരിക്കണം. ഇത് കാലഘട്ടത്തിന്റെ ആവശ്യമാണ്, പെരുമാറ്റശീലത്തിൽ മാറ്റം ആവശ്യമാണ്. ലോകബാങ്ക് റിപ്പോർട്ട് പ്രകാരം, ശുചീകരണമില്ലായ്മ മൂലം ആരോഗ്യ സംരക്ഷണത്തിന് ഏകദേശം 2.5 ലക്ഷം കോടി ചെലവ് വരും. ശ്രദ്ധിച്ചാൽ 2.5 ലക്ഷം കോടി ലാഭിക്കാം. ഇതാണ് ഇന്ത്യയെക്കുറിച്ച് ലോകബാങ്ക് റിപ്പോർട്ട് ചെയ്തത്. പാവപ്പെട്ട സാധാരണക്കാരന് പ്രതിവർഷം ഏഴായിരത്തോളം രൂപ ചെലവാക്കേണ്ടി വരുന്നു. വൃത്തിഹീനമായ സാഹചര്യങ്ങൾ സ്വാഭാവികമായും രോഗങ്ങളെ ആകർഷിക്കുന്നു. ഇത് നമുക്ക് തടയാം

ഭക്ഷണം കഴിക്കുന്നതിന് മുമ്പ് കുട്ടികൾ കൈ കഴുകണം. എല്ലാവരും അതിനോട് യോജിക്കുന്നു. പക്ഷേ നമ്മൾ ആരെയെങ്കിലും ഉപദേശിച്ചാൽ വെള്ളമില്ല, ടാപ്പില്ല, സൗകര്യമില്ല, കുട്ടി കിണറ്റിൽ പോകേണ്ടി വന്നാലോ എന്ന് പറഞ്ഞു തുടങ്ങും. അങ്ങനെയല്ല ഒരാൾ ചിന്തിക്കേണ്ടത്. ഇത്തരം ചിന്താഗതികൾ രാജ്യ പുരോഗതിയെ തടസ്സപ്പെടുത്തി. അതിനെക്കുറിച്ച് ചിന്തിക്കുക, നമുക്ക് ഒരു തുടക്കം ഉണ്ടാക്കാം; വഴിയിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകും, അവ പരിഹരിക്കാനുള്ള വഴികൾ കണ്ടെത്തും. എന്നാൽ കൈകഴുകണം എന്നു കുട്ടികളെ ഉപദേശിക്കാൻ

ആവശ്യപ്പെടുമ്പോൾ സൗകര്യങ്ങൾ ലഭ്യമല്ലെന്ന് പരാതിപ്പെടുന്നത് എങ്ങനെ നാടിനെ മാറ്റും. ഈ ചിന്താഗതി രാജ്യത്തിന് വലിയ നാശമാണ് ഉണ്ടാക്കുന്നത്. ഇത്തരം ചിന്താഗതിയിൽ നിന്ന് നാം പുറത്തുവരണം.

ലോകമെമ്പാടും നമ്മൾ ശ്രദ്ധിച്ചാൽ , നമ്മുടെ അയൽ രാജ്യങ്ങൾ, ദക്ഷിണ കൊറിയയായാലും, മലേഷ്യയായാലും, തായ്‌ലൻഡായാലും, സിംഗപ്പൂരായാലും, ചെറിയ രാജ്യങ്ങൾ , 15 വർഷങ്ങൾ ശുചീകരണത്തിനായി അവർ ചെലവഴിച്ചു. ഇന്ന് മറ്റുള്ളവർക്ക് ശുചിത്വത്തിലെ മാതൃകയാണ് അവർ. എന്തുകൊണ്ടാണ് നമുക്ക് ഇന്ത്യയിൽ അത് ചെയ്യാൻ സാധിക്കുന്നില്ല ? നിരവധി ചെറിയ രാജ്യങ്ങൾ അത്തരം കാര്യങ്ങളിൽ നേട്ടം കൈവരിക്കുമ്പോൾ അത് നേടുവാനായി നമ്മളും ശ്രമിക്കണം . ആ ദിശയിൽ നാം പരിശ്രമിക്കണം. പക്ഷേ , ഒരു ഉറുദു കവി പറഞ്ഞത് പോലെ ആകും ഒരാൾക്ക് ചിലപ്പോൾ തോന്നുക "ഇത് നിങ്ങളുടെ നഗരം, ഇവിടെ കൊലയാളിയും ന്യായാധിപനും നിങ്ങൾ ; ഉറപ്പാണ് എനിക്ക് , ഞാൻ കുറ്റവാളിയെന്ന് ഉത്തരവിടും " എന്നാൽ ഈ ചിന്താഗതിയിൽ നിന്ന് നമ്മൾ പുറത്തുവരണമെന്ന് ഞാൻ വിശ്വസിക്കുന്നു

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകളെ അവസാനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

"ഏക് ഭാരത് ശ്രേഷ്ഠ ഭാരത്" - സർദാർ പട്ടേലിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് ഒക്ടോബർ 31-ന് ഞങ്ങൾ ഇത് സമാരംഭിച്ചു. നമ്മുടെ രാജ്യത്ത് വർഷങ്ങളായി ഇത് സംഭവിക്കുന്നു. ലോകത്തിലെ മറ്റ് സംസ്ഥാനങ്ങളുമായും നഗരങ്ങളുമായും നമ്മുടെ രാജ്യത്തെ സംസ്ഥാനങ്ങളും നഗരങ്ങളും സഹോദരസംസ്ഥാനങ്ങളോ സഹോദരി നഗരങ്ങളോ ആയി മാറും പക്ഷേ പക്ഷേ, നമ്മുടെ സ്വന്തം രാജ്യത്തെ വിവിധ ജനങ്ങളുമായി ഇടപഴകുന്ന ശീലം നമ്മൾ ഇതുവരെ വളർത്തിയെടുത്തിട്ടില്ല. പല സംസ്ഥാനങ്ങൾക്കും അവഗണന അനുഭവപ്പെടുന്ന തരത്തിലാണ് നമ്മൾ കാര്യങ്ങൾ നടത്തിയത്. നമ്മുടെ സ്വന്തം രാജ്യത്തെ സംസ്ഥാനങ്ങളുടെ സാധ്യതകൾ നാം മനസ്സിലാക്കണം. ഏക് ഭാരത് ശ്രേഷ്ഠ ഭാരത് പരിപാടിയിലൂടെ ഞങ്ങൾ ഒരു ശ്രമം നടത്തിയിട്ടുണ്ട്. ഈ പരിപാടി മനസ്സിലാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ സഭയിലെ അംഗങ്ങൾ സഹായിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള ധാരണാപത്രം പോലെയാണ് ഇത്.

ഒരുപക്ഷേ 12 സംസ്ഥാനങ്ങൾ ഇത്തരമൊരു ധാരണയിൽ ഏർപ്പെട്ടിരിക്കാം. ഉദാഹരണത്തിന്, ഹരിയാനയും തെലങ്കാനയും അത് ചെയ്തിട്ടുണ്ട്. ഹരിയാനയിൽ നിന്നുള്ളവർ തെലുങ്ക് ഭാഷയിൽ 100 വാക്യങ്ങൾ സംസാരിക്കാൻ പഠിക്കണം. ആശുപത്രി എവിടെയാണ്, എവിടെ നിക്ഷ കിട്ടും, ഹോട്ടൽ എവിടെയാണ്, പോലീസുകാരനെ എവിടെ കണ്ടെത്താം എന്നിങ്ങനെയുള്ള വാക്യങ്ങൾ ആകാം. അതേ പോലെ തെലങ്കാനയിൽ നിന്നുള്ളവർ ഹരിയാൻവി ഭാഷ പഠിച്ചാൽ തെലങ്കാനയ്ക്ക് ഹരിയാനയിലും ഹരിയാനയ്ക്ക് തെലങ്കാനയിലും ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കാം. തെലങ്കാന ഫിലിം ഫെസ്റ്റിവൽ ഹരിയാനയിലും ഹരിയാനയുടെ ഫിലിം ഫെസ്റ്റിവൽ തെലങ്കാനയിലും നടത്തണം. ക്രിസ് മത്സരങ്ങൾ സംഘടിപ്പിക്കണം, ഹരിയാനയിലെ കുട്ടികൾ തെലങ്കാനയിലെ ക്രിസ് മത്സരത്തിൽ പങ്കെടുക്കണം. രാഷ്ട്രത്തെ അറിയുന്നതിനും രാജ്യവുമായി ബന്ധപ്പെടുന്നതിനുമുള്ള ഒരു ദൗത്യമായിരിക്കും ഇത്. ഈ ദൗത്യത്തെ നമ്മൾ പ്രോത്സാഹിപ്പിക്കണം. ഹിന്ദി ഭാഷയിൽ പ്രത്യേക പദങ്ങൾ ഇല്ലെന്ന് ചിലപ്പോൾ തോന്നും, എന്നാൽ അത്തരം വാക്കുകൾ തമിഴ് ഭാഷയിൽ കാണപ്പെടാം. പക്ഷെ നമുക്ക് അവ പരിചയമില്ല.മറാത്തി, ബംഗ്ലാ ഭാഷകളിൽ നല്ല വാക്കുകളോ പദങ്ങളോ ഉണ്ടാകാം, പക്ഷേ അവ നമുക്ക് പരിചിതമല്ല. നമ്മുടെ രാജ്യം വേണ്ടത്ര ശക്തമാണ്. നമ്മുടെ രാജ്യത്തിന്റെ ഈ ശക്തിയെ സമന്വയിപ്പിക്കുന്നതിന് "വൺ ഇന്ത്യ- ഗ്രേറ്റ് ഇന്ത്യ "(ഒരേയൊരിന്ത്യ -മഹത്തായ ഇന്ത്യ" എന്ന ദൗത്യം നടത്താൻ ഞങ്ങൾ പദ്ധതിയിടുന്നു.

ഈ ചർച്ചയിൽ അഭിപ്രായങ്ങൾ പ്രകടിപ്പിച്ച എല്ലാ മാന്യ അംഗങ്ങൾക്കും ഒരിക്കൽ കൂടി ഞാൻ നന്ദി രേഖപ്പെടുത്തുന്നു. എന്റെ കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കാൻ നിങ്ങൾ എനിക്കവസരം തന്നതിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പ്രസംഗത്തെ ഞാൻ പിന്തുണയ്ക്കുന്നു, ഈ വാക്കുകളോടെ ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. വളരെ നന്ദി.

“ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ
എഴുപത്തിയഞ്ചാം
വാർഷികവേളയിൽ ലോക്സഭയിൽ
നടന്ന പ്രത്യേക ചർച്ചയിൽ
പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി
നൽകിയ സന്ദേശം

ആഗസ്റ്റ് 9, 2017”

ആഗസ്റ്റ് 09, 2017
ലോക്സഭാ

ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ എഴുപത്തി അഞ്ചാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ലോക് സഭയിൽ നടത്തിയ പ്രസംഗം

ആദരണീയ അധ്യക്ഷ ജി , ഞാൻ എനിക്കുള്ള നന്ദി താങ്കളെയും സഭയിലെ ആദരണീയരായ അംഗങ്ങളെയും അറിയിച്ചു കൊള്ളുന്നു, ആഗസ്റ്റ് ക്രാന്തി സ്മരിക്കുവാനായി ഈ പുണ്യ സഭയിൽ അവസരം ലഭിച്ചതിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാം നമ്മളിൽ പലരും ഓഗസ്റ്റ് ക്രാന്തി, ഓഗസ്റ്റ് ഒൻപത് സംഭവവികാസങ്ങൾ ഓർക്കുന്നു. എന്നിരുന്നാലും, വർഷങ്ങൾക്ക് ശേഷവും, അത്തരം പ്രധാന സംഭവങ്ങളുടെ ഓർമ്മകൾ ജനങ്ങൾക്ക് പ്രചോദനമാണ്. ഇത്തരം സുപ്രധാന സംഭവങ്ങൾ ഓർക്കുന്നത് ജീവിതത്തിന് പുതിയ ഉണർവും രാജ്യത്തിന് ശക്തിയും നൽകുന്നു. അതുപോലെ ഈ സന്ദേശം നമ്മുടെ പുതിയ തലമുറകളിലേക്ക് എത്തുന്നുവെന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ കടമയാണ്. ഓരോ തലമുറയ്ക്കും അവരുടെ കാലത്തെ തലമുറകളുടെ പൈതൃകവും മഹത്തായ ചരിത്രവും, അക്കാലത്തെ അന്തരീക്ഷവും, നമ്മുടെ മഹാന്മാരുടെ ത്യാഗങ്ങളും, കടമയും, ശക്തിയും, വരും തലമുറകൾക്ക് പകർന്നു നൽകാനുള്ള ഉത്തരവാദിത്തമുണ്ട്.

ഓഗസ്റ്റ് ക്രാന്തി അതിന്റെ ഇരുപത്തിയഞ്ചാം വർഷവും അൻപതാം വർഷവും ആഘോഷിക്കുമ്പോൾ, രാജ്യത്തുടനീളമുള്ള ആളുകൾ അത് ആഘോഷിച്ചു. ഈ സംഭവത്തിന്റെ എഴുപത്തിയഞ്ചാം വർഷം നാം ഇന്ന് സ്മരിക്കുമ്പോൾ, ഇത് തീർച്ചയായും ഞങ്ങൾക്ക് അഭിമാനകരമാണ്. ഈ അവസരം നൽകിയതിന് സ്പീക്കറോട് ഞാൻ നന്ദിയുള്ളവനാണ്.

നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ, ഓഗസ്റ്റ് ഒൻപത് എന്നത് ബ്രിട്ടീഷുകാർക്ക് പോലും സങ്കൽപ്പിക്കാൻ കഴിയാത്തത്ര സുപ്രധാനവും വിപുലവും തീവ്രവുമായ ഒരു സമരമായിരുന്നു. മഹാത്മാഗാന്ധിയേയും എല്ലാ മുതിർന്ന നേതാക്കളേയും ജയിലിൽ അടച്ചു. പുതിയ നേതൃത്വം ഉയർന്നുവന്ന നിമിഷമായിരുന്നു അത്. ലാൽ ബഹാദൂർ ശാസ്ത്രി, രാം മനോഹർ ലോഹ്യ, ജയ് പ്രകാശ് നാരായൺ തുടങ്ങിയ ധീരരായ നിരവധി യുവാക്കൾ മുതിർന്ന നേതാക്കൾ ജയിലിൽ പോയ ശൂന്യത നികത്തി പ്രക്ഷോഭത്തെ മുന്നോട്ട് കൊണ്ടുപോയി. നമ്മുടെ രാഷ്ട്രത്തിന്റെ ചരിത്രത്തിലെ അത്തരം പ്രസ്ഥാനങ്ങൾ ജനങ്ങൾക്കിടയിൽ ഒരു പുതിയ പ്രചോദനമായും, പുതിയ ഊർജ്ജമായും, പുതിയ ദൃഢനിശ്ചയമായും, നവീകരണത്തിന്റെ ചൈതന്യമായും കാണണം.

നമ്മുടെ പുതിയ കഴിവുകൾ വികസിപ്പിക്കാനും പ്രചോദനം വർധിപ്പിക്കാനും പുതിയ ദൃഢനിശ്ചയങ്ങൾ കൈക്കൊള്ളാനും നമ്മിൽ കർത്തവ്യബോധം ഉണർത്താനുമുള്ള അവസരങ്ങളാക്കി ഈ ചരിത്രസംഭവങ്ങളെ മാറ്റുക എന്നത് നമ്മുടെ നിരന്തരമായ പരിശ്രമമായിരിക്കണം. ഇന്ത്യ സ്വാതന്ത്ര്യം നേടിയെടുക്കുന്നത് 1947-ലാണ് . സ്വാതന്ത്ര്യ സമരത്തിന്റെ വിവിധ ഘട്ടങ്ങൾക്കും നിരവധി സംഭവവികാസങ്ങൾക്കും ആയിരത്തി എണ്ണൂറ്റി അൻപത്തിയെഴിനും ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തിയെഴിനും ഇടയിലെ കാലഘട്ടം സാക്ഷ്യം വഹിച്ചു . ധീരതയുടെയും ത്യാഗത്തിന്റെയും വ്യത്യസ്തമായ നേട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച കാലഘട്ടം. പ്രസ്ഥാനം കുതിച്ചുയർന്നു, അത് വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയി, പക്ഷേ സ്വാതന്ത്ര്യത്തിന് മുമ്പ്, ഇത്തരത്തിൽ വ്യാപകമായ അവസാനത്തെ പ്രസ്ഥാനമായിരുന്നു ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തി രണ്ടിൽ നടന്ന സംഭവങ്ങൾ . അവസാനത്തെ വ്യാപകമായ ജനകീയ സമരമായിരുന്നു അത് . സ്വാതന്ത്ര്യം നേടുന്നതിന് ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ ഈ പൊതു പ്രസ്ഥാനം വളരെ സഹായകമായി. രാജ്യത്തെ ജനങ്ങൾ ഏറെ കാത്തിരുന്ന ഒന്നായിരുന്നു അത് . ആയിരത്തി എണ്ണൂറ്റി അൻപത്തിയെഴിലെ സ്വാതന്ത്ര്യസമര പ്രസ്ഥാനമായിരുന്നു രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും സ്വാതന്ത്ര്യ സമരത്തിൻറെ കാഹളം മുഴക്കിയത് എന്നു അറിയാൻ സാധിയ്ക്കും. പിന്നീട് വിദേശത്ത് നിന്ന് മഹാത്മാഗാന്ധിയുടെ മടങ്ങിവരവ്, പൂർണ സ്വരാജ് എന്ന വികാരത്തിൻറെ അലയൊലികൾ , ലോകമാന്യ തിലകിന്റെ 'സ്വരാജ് എന്റെ ജന്മാവകാശം' എന്നിവയെല്ലാം 1942

വിപ്ലവത്തിന് ആവശ്യമായ പശ്ചാത്തലം ഒരുക്കി. 1930-ൽ മഹാത്മാഗാന്ധിയുടെ ദണ്ഡി മാർച്ച്, നേതാജി സുഭാഷ് ബോസ് ഇന്ത്യൻ നാഷണൽ ആർമി സ്ഥാപിക്കുന്നു ,ഭഗത് സിംഗ്, സുഖ്ദേവ്, രാജ്ഗുരു, ചന്ദ്രശേഖർ ആസാദ്, ചാപേക്കർ ബന്ധു തുടങ്ങിയ അസംഖ്യം ധീരരായ വ്യക്തികളുടെ വിവിധ സമയങ്ങളിൽ നടത്തിയ പരമോന്നത ജീവൽ ത്യാഗങ്ങൾ എന്നിവയെല്ലാം സ്വാതന്ത്ര്യസമരത്തിന് ഗണ്യമായ സംഭാവന നൽകി.

അക്കാരണം കൊണ്ടാണ് , ഇപ്പോഴല്ലെങ്കിൽ, നമുക്ക് ഒരിക്കലും നമ്മൾ ആഗ്രഹിക്കുന്നത് നേടാനാവില്ല എന്നുള്ള പ്രബലമായ വികാര കുതിപ്പിലേക്ക് 1942-ൽ രാജ്യമെത്തിച്ചേർന്നത് അത് ഓരോ വ്യക്തികളുടെയും മനസ്സിലെ തീവ്ര വികാരമായി മാറുകയായിരുന്നു. .ആ വികാരത്തോടെ രാജ്യത്തെ ഓരോ വ്യക്തിയും സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടിരുന്നു. . നേരത്തെ, ചില അവസരങ്ങളിൽ സ്വാതന്ത്ര്യസമരം ഒരു വരേണ്യവർഗമാണ് നയിക്കുന്നതെന്ന ഭയം ചിലർക്ക് ചില അവസരങ്ങളിൽ തോന്നിയിരുന്നു, ഉണ്ടായിരുന്നു, പക്ഷേ 1942-ലെ സംഭവവികാസങ്ങൾ നമ്മുടെ സമൂഹത്തിന്റെ ഒരു ഭാഗത്തെയും ഒരു വിഭാഗത്തെയും സ്പർശിക്കാതെ വിട്ടില്ല . ഈ പ്രസ്ഥാനം തങ്ങളുടേതല്ലെന്ന് തോന്നാത്തവർ സാമൂഹിക തലങ്ങളിൽ ഒരു വ്യക്തി പോലും ഉണ്ടായിരുന്നില്ല., ഗാന്ധിജിയുടെ വാക്കുകളാൽ അവർ ഉണർത്തപ്പെട്ടു .

ക്വിറ്റ് ഇന്ത്യ എന്ന ആഹ്വാനമുയർന്നപ്പോഴുണ്ടായ പ്രസ്ഥാനമായിരുന്നു അത്. . മഹാത്മാ ഗാന്ധിയുടെ പ്രത്യയശാസ്ത്രത്തിലൂടെയും തത്ത്വചിന്തയിലൂടെയും ഒരാൾ കടന്നുപോകുകയാണെങ്കിൽ, ഈ പ്രസ്ഥാനം വളരെ വ്യത്യസ്തമായിരുന്നു എന്നു കാണുവാൻ സാധിയ്ക്കും. മഹാത്മാഗാന്ധിജിയുടെ മുഴുവൻ കാലഘട്ടത്തിലും കണ്ടതിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു വികാരമായിരുന്നു ഈ പ്രസ്ഥാനം പ്രതിധ്വനിച്ചത് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. " ഡൂ ഓർ ഡൈ " ("പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക ") എന്ന് മഹാനായ ആ മനുഷ്യൻ ആഹ്വാനം ചെയ്തു. ഗാന്ധിജി ആഹ്വാനം ചെയ്ത "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക " എന്ന പ്രയോഗം ഒരു അത്ഭുതമായി പ്രവർത്തിച്ചു. സ്വയം ഒരു സ്വതന്ത്ര വ്യക്തിയായി കണക്കാക്കാനും സ്വാതന്ത്ര്യനായ ഒരാളെപ്പോലെ പ്രവർത്തിക്കാനും ഗാന്ധിജി എല്ലാവരേയും ഓർമ്മിപ്പിച്ചു. പൂർണ സ്വാതന്ത്ര്യത്തിൽ കുറഞ്ഞ ഒന്നിലും താൻ തൃപ്തനാകാൻ പോകുന്നില്ലെന്നും 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക ' ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതായിരുന്നു ബാപ്പുവിന്റെ വാക്കുകൾ, എന്നാൽ താൻ അഹിംസയുടെ പാത ഉപേക്ഷിച്ചിട്ടില്ലെന്നും ബാപ്പു വ്യക്തമാക്കിയിരുന്നു, എന്നാൽ അക്കാലത്ത് രാജ്യത്തുണ്ടായ പൊതു സമ്മർദ്ദം കാരണം ബാപ്പുവിന് പോലും ഈ വാക്കുകൾ ഉപയോഗിക്കേണ്ടിവന്നു.

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും - ഗ്രാമീണർ, കർഷകർ, തൊഴിലാളികൾ, അധ്യാപകർ, വിദ്യാർത്ഥികൾ, എല്ലാവരും ഈ പ്രസ്ഥാനത്തിൽ ചേർന്ന് 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക ' എന്ന മുദ്രാവാക്യം ഉയർത്തിയിരുന്നതായി ഞാൻ മനസ്സിലാക്കുന്നു.

ആരെങ്കിലും ബ്രിട്ടീഷുകാരുടെ അക്രമത്തിന്റെ ഫലമായി രക്തസാക്ഷിത്വം വരിച്ചാൽ 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക ' എന്നു കുറിച്ച ഒരു കടലാസോ തുണിയോ അവരുടെ ശരീരത്തിൽ കൊരുത്തിയിടുക വേണമെന്നും അതേ പോലെ മരണമടഞ്ഞ വ്യക്തി സ്വാതന്ത്ര്യ സമരത്തിന്റെ രക്തസാക്ഷിയാണെന്ന കുറിപ്പും ആ ശരീരത്തിൽ വയ്ക്കണം എന്നും ബാപ്പു അഭിപ്രായപ്പെട്ടിരുന്നു. പ്രസ്ഥാനത്തെ ഇരുയും ഉയരങ്ങളിൽ എത്തിക്കാൻ ബാപ്പു ശ്രമിച്ചിരുന്നു.

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും പെട്ടവർ ജനസമരത്തിൽ പങ്കാളികളായി - ഗ്രാമീണർ, കർഷകർ, തൊഴിലാളികൾ, അധ്യാപകർ, വിദ്യാർത്ഥികൾ, (ഡൂ ഓർ ഡൈ)'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക ' എന്ന മുദ്രാവാക്യം ഉയർത്തിയിരുന്നു .

അതിന്റെ ഫലമായി ഇന്ത്യ അടിമത്തത്തിന്റെ അടിമത്തത്തിൽ നിന്ന് മോചിതമായി. രാജ്യം സ്വാതന്ത്ര്യത്തിനായി കൊതിക്കുകയായിരുന്നു.

ഒരു നേതാവായാലും പൗരനായാലും ഒരേ വികാരം പങ്കിട്ടു.

രാജ്യം നിവർന്നു എഴുന്നേൽക്കുമ്പോൾ അതിൽ നിന്നും കൂട്ടായ്മയുടെ ശക്തി ഉത്പാദിപ്പിക്കപ്പെടുന്നു, ലക്ഷ്യം നിശ്ചയിച്ചിരിക്കുന്നു,

നിശ്ചയിച്ച ലക്ഷ്യം കൈവരിക്കാനുള്ള നിശ്ചയദാർഢ്യവുമായി ജനങ്ങൾ മുന്നോട്ടുപോകുകയും ചെയ്യുന്നു, പിന്നെ ഒന്നിനും അവരെ തടയാൻ കഴിയില്ല. ഈ ഉത്സാഹത്തിൻറെ യോജിപ്പിലാണ് അഞ്ചു വർഷത്തിനകം (ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തി രണ്ടു മുതൽ ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തിയേഴ് വരെയുള്ള അഞ്ചു വർഷത്തിനുള്ളിൽ) അടിമത്തത്തിൽ നിന്ന് ഭാരതാംബ മോചിതയായതും .

രാം വൃക്ഷ് ബേനിപുരി "സഞ്ജീരേ ഔർ ദീവാരേ" എന്ന ഒരു പുസ്തകം എഴുതിയിട്ടുണ്ട്. രാജ്യത്തുടനീളം അതിശയകരമായ അന്തരീക്ഷമാണ് നിലനിൽക്കുന്നതെന്ന് അദ്ദേഹം അതിൽ വിവരിച്ചു. ആ നിമിഷങ്ങളെ അദ്ദേഹം ഈ വാക്കുകളിൽ വിവരിച്ചു:

“ഓരോ വ്യക്തിയും നേതാവായിത്തീർന്നു, രാജ്യത്തെ ഓരോ നാൽക്കവലകളും 'ഡൂ ഓർ ഡൈ' (പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക) പ്രസ്ഥാനത്തിന്റെ കാര്യാലയമായി മാറി. രാജ്യം വിപ്ലവത്തിലേക്ക് സ്വയം എടുത്തു ചാടി . വിപ്ലവ ജ്വാല രാജ്യമെമ്പാടും ജ്വലിച്ചു , മാർഗ്ഗം ബോംബെ കാണിച്ചു. എല്ലാ ഗതാഗത മാർഗങ്ങളും നിലച്ചു. കോടതി നടപടികൾ സ്തംഭിച്ചു. ഇന്ത്യയിലെ ജനങ്ങളുടെ ധീരതയുടെയും ബ്രിട്ടീഷ് സർക്കാരിന്റെ ക്രൂരതയുടെയും വാർത്തകൾ ഓരോ കോണിലും എത്തിക്കൊണ്ടിരുന്നു. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക ' എന്ന ഗാന്ധിയൻ മന്ത്രം പൊതുജനം ഉൾക്കൊണ്ടിരുന്നു. "

ആ സമയത്തെക്കുറിച്ചുള്ള വിവരണം വായിക്കുമ്പോൾ, ആ അവസരത്തിൽ നിലനിന്നിരുന്ന അന്തരീക്ഷം വായനക്കാർക്ക് മനസിലാക്കുവാൻ സാധിയ്ക്കുന്നു. ഒരു കാലമുണ്ടായിരുന്നു, ബ്രിട്ടീഷ് കൊളോണിയലിസം ഇന്ത്യയിൽ ആരംഭിച്ചുവെന്നത് ശരിയാണ്, ഈ സംഭവത്തിന് ശേഷം അത് ഇന്ത്യയിൽ മാത്രമാണ് അവസാനിച്ചത്.

ഇന്ത്യയുടെ സ്വാതന്ത്ര്യം കേവലം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ ഒരു സംഭവമായിരുന്നില്ല. കോളനിവത്ക്കരണത്തിന് എതിരായ പോരാട്ടം നടക്കുന്ന ആഫ്രിക്കൻ, ഏഷ്യൻ രാജ്യങ്ങൾ ഉൾപ്പെടെ ലോകത്തിന്റെ പല ഭാഗങ്ങളുടെയും വിമോചനത്തിന് ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തി രണ്ടിന് ശേഷം ഇന്ത്യ പ്രചോദനത്തിന്റെ ഉറവിടമായി മാറി. അതിനാൽ, ഇന്ത്യയുടെ സ്വാതന്ത്ര്യം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ സംഭവം മാത്രമല്ല, ഇന്ത്യയിലെ സാധാരണക്കാരുടെ ദൃഢനിശ്ചയം ലോകത്തിന്റെ പല ഭാഗങ്ങളും സ്വതന്ത്രമാകാനുള്ള ആഗ്രഹം ആളിക്കത്തിക്കാൻ കാരണമായി, ഏതൊരു ഇന്ത്യക്കാരനും അതിൽ അഭിമാനിക്കാം

ഇന്ത്യ വിമോചിതമായിക്കഴിഞ്ഞപ്പോൾ മറ്റ് രാജ്യങ്ങളിൽ നിന്ന് കോളണിവത്ക്കരണം വേരോടെ പിഴുതെറിയപ്പെടുകയും അവർ സ്വാതന്ത്ര്യം നേടുകയും ചെയ്തു. ഏതാനും വർഷങ്ങൾക്കുള്ളിൽ ലോകത്തിലെ ഈ രാജ്യങ്ങളെല്ലാം സ്വാതന്ത്ര്യം നേടി, ഇന്ത്യയുടെ അജയ്യമായ ഇച്ഛാശക്തിയുടെ ഏറ്റവും മികച്ച ഫലമായിരുന്നു ഈ നേട്ടങ്ങൾ

ലക്ഷ്യം നേടാനുള്ള നമ്മുടെ മുഴുവൻ കഴിവും വിനിയോഗിക്കാൻ നാം ഒറ്റക്കെട്ടായി ദൃഢനിശ്ചയം ചെയ്താൽ, രാജ്യത്തിന്റെ കൂട്ടായ ശക്തി പ്രതിസന്ധികളിൽ നിന്ന് നമ്മളെ കരകയറ്റുകയും അടിമത്തത്തിന്റെ കെട്ടുപാടുകളിൽ നിന്ന് നമ്മെ മോചിപ്പിക്കുകയും ചെയ്യുമെന്നതാണ് നമുക്കുള്ള പാഠം. പുതിയ ലക്ഷ്യങ്ങൾക്കായി രാജ്യത്തെ സജ്ജരാക്കുകയും ചെയ്യാം. ചരിത്രം ഈ വസ്തുതയുടെ തെളിവാണ്. രാഷ്ട്രകവി സോഹൻലാൽ ദ്വിവേദിയുടെ കവിത അക്കാലത്തെ മുഴുവൻ പ്രസ്ഥാനത്തിന്റെയും ആഖ്യാനവും ബാപ്പുവിന്റെ വ്യക്തിത്വം അതിനെ എങ്ങനെ സ്വാധീനിച്ചുവെന്നും വ്യക്തമാക്കുന്നു.

ചൽ പടെ ജിഥർ ദോ ഡഗ് മഗ് മേ , ചൽ പടെ കോടി പഗ് ഉസി ഓർ

പട് ഗയീ ജിഥർ ഭീ എക് ദൃഷ്ടി , ഗഡ് ഗയേ കോടി ദൃഗ് ഉസി ഓർ

കോടിക്കണക്കിന് ആളുകൾ ഗാന്ധിജിയുടെ പാത പിന്തുടർന്നു. ഗാന്ധിജിയുടെ ആശയങ്ങളും ദർശനങ്ങളും കോടിക്കണക്കിന് ആളുകൾ പിന്തുടർന്നു. നമ്മൾ ഇന്ന് ജീവിക്കുന്നത് രണ്ടായിരത്തി പതിനേഴിൽ ആണ് . ഇന്ന് ഗാന്ധി ഇല്ല എന്ന വസ്തുത നമുക്ക് നിഷേധിക്കാനാവില്ല, അദ്ദേഹത്തിന്റെ ഉന്നതമായ നേതൃത്വവും നമ്മോടൊപ്പമില്ല. എന്നിരുന്നാലും, ഗാന്ധിജിയുടെയും ആ സ്വാതന്ത്ര്യ സമര സേനാനികളുടെയും സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ നൂറ്റിഇരുപത്തിയഞ്ച് കോടി രാജ്യക്കാരുടെ കൂട്ടായ ശക്തിയോടെ, നാമെല്ലാവരും ശ്രമിക്കുകയാണെങ്കിൽ, അത് നമുക്ക് ബുദ്ധിമുട്ടുള്ള കാര്യമല്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ന് അതിനുള്ള അവസരമാണ്. ആ സമയത്തും ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തി രണ്ടിലെ ആഗോള സാഹചര്യം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് വളരെ അനുകൂലമായിരുന്നു. ചരിത്രം പഠിച്ചവർക്കെല്ലാം അത് അറിയാം. 'ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ' എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന രണ്ടായിരത്തി പതിനേഴിൽ ഒരിക്കൽ കൂടി ഞാൻ കരുതുന്നു, ആഗോള സാഹചര്യം ഇന്ത്യക്ക് വളരെ അനുകൂലമാണ്, ആ അനുകൂല സാഹചര്യം പരമാവധി വേഗത്തിൽ പ്രയോജനപ്പെടുത്തണം. അക്കാലത്ത് നമ്മൾ ലോകത്തിലെ പല രാജ്യങ്ങൾക്കും പ്രചോദനത്തിന്റെ ഉറവിടമായി മാറിയതിനാൽ, ഇന്ന് നമ്മൾ അവസരം ഉപയോഗിച്ചാൽ, ഒരിക്കൽ കൂടി നമുക്ക് ലോകത്തെ പല രാജ്യങ്ങൾക്കും പ്രചോദനത്തിന്റെ ഉറവിടമാകാനും പ്രയോജനകരമാകാനും കഴിയും, ഇന്ന് നമ്മൾ ഈ ഘട്ടത്തിൽ നിൽക്കുകയാണ്. ആഗോള പശ്ചാത്തലത്തിൽ ഇന്ത്യയുടെ പ്രാധാന്യത്തിന്റെ കാര്യത്തിൽ ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തി രണ്ടിനും രണ്ടായിരത്തി പതിനേഴിനും ശക്തമായ സമാനതകളുണ്ട്, ഇത്തവണ ഈ ഉത്തരവാദിത്തം നാം എങ്ങനെ നിർവഹിക്കണം എന്നത് നമുക്ക് പരമപ്രധാനമാണ്.

ചരിത്രത്തിന്റെ ഈ ഏടുകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, രാജ്യവും ദേശീയ താൽപ്പര്യവും നൂറ്റി ഇരുപത്തിയഞ്ച് കോടി ജനങ്ങളും പാർട്ടിക്കും രാഷ്ട്രീയ താൽപ്പര്യത്തിനും മുകളിലാണെന്നു ഞാൻ വിശ്വസിക്കുന്നു, ഈ വികാരവുമായി നാമെല്ലാവരും ഒരുമിച്ച് നീങ്ങിയാൽ, നമുക്ക് പ്രശ്നങ്ങൾ വിജയകരമായി പരിഹരിക്കാനാകും. അഴിമതിയുടെ ചിതലുകൾ ഈ രാജ്യത്തിന്റെ പ്രധാന ഭാഗങ്ങളെ കാർന്ന് തിന്നുകൊണ്ടേയിരുന്നു എന്ന വസ്തുതയെ എങ്ങനെ നമുക്ക് നിഷേധിക്കാനാകും? അത് രാഷ്ട്രീയ അഴിമതിയായാലും സാമൂഹിക അഴിമതിയായാലും വ്യക്തിപരമായ അഴിമതിയായാലും ഇന്നലെ നടന്നത്, എപ്പോൾ, ആരാണ് ചെയ്തത്, ഈ തർക്കങ്ങൾ പരിഹരിക്കാൻ നിരവധി അവസരങ്ങളുണ്ട്, എന്നാൽ ഇന്ന് ഈ പുണ്യ നിമിഷത്തിൽ നമുക്ക് സത്യസന്ധതയെ ആഘോഷിക്കാം, സത്യസന്ധതയുടെ ദൃഢനിശ്ചയം എടുക്കാം, രാഷ്ട്രത്തെ നയിക്കാം . നമുക്ക് രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും, അത് കാലഘട്ടത്തിന്റെ ആവശ്യമാണ്, സാധാരണക്കാരന്റെ അഭിലാഷമാണ്.

ദാരിദ്ര്യം, പോഷകാഹാരക്കുറവ്, നിരക്ഷരത എന്നിവയാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളികൾ. ഈ വെല്ലുവിളികളെ ഗവൺമെന്റ് ഒറ്റയ്ക്ക് നേരിടുമെന്ന് നാം കരുതരുത്. രാജ്യത്തിനു മുന്നിലാണ്, ഈ വെല്ലുവിളികൾ മുഴുവനും . രാജ്യത്തെ പാവപ്പെട്ട ജനങ്ങളെ പ്രതിസന്ധി ഉറ്റുനോക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ രാജ്യത്തിനുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യുന്നവർ രാഷ്ട്രത്തെ സേവിക്കാൻ ദൃഢനിശ്ചയം ചെയ്യണം . അതിന്റെ ലക്ഷ്യം നിറവേറ്റുന്നതിനായി ഒത്തുചേരലിന്റെ പൊതുവായ അടിസ്ഥാനം കണ്ടെത്തുക. ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തി രണ്ടിൽ പോലും, വ്യത്യസ്ത ആശയങ്ങളുള്ള ആളുകൾ ഉണ്ടായിരുന്നു, അക്രമത്തിൽ വിശ്വസിക്കുന്ന ആളുകൾ പോലും..

തന്റെ സമീപനത്തിൽ നേതാജി സുഭാഷ് ചന്ദ്ര വ്യത്യസ്തനായിരുന്നുവെങ്കിലും ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തി രണ്ടിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഉണ്ടായ 'ക്വിറ്റ് ഇന്ത്യ' ആയിരുന്നു തങ്ങളുടെ പാതയെന്ന് എല്ലാവരും ഏകസ്വരത്തിൽ പറഞ്ഞു. നമ്മുടെ വളർത്തൽ വ്യത്യസ്തമായിരിക്കാം, നമുക്ക് പ്രത്യയശാസ്ത്രപരമായ വ്യത്യാസങ്ങളുണ്ടാകാം, എന്നാൽ ദാരിദ്ര്യം, പട്ടിണി, നിരക്ഷരത അല്ലെങ്കിൽ അന്ധവിശ്വാസം തുടങ്ങിയ പ്രശ്നങ്ങളിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കാൻ നാം ദൃഢനിശ്ചയം ചെയ്യണം എന്നതാണ് കാലഘട്ടത്തിന്റെ ആവശ്യം. മഹാത്മാഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം പണ്ടേ വിസ്മരിക്കപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടാണ്

ആളുകൾ ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് കുടിയേറുന്നത്? ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമത്തിന്റെ ആ ചിത്രവും അവയെക്കുറിച്ച് അദ്ദേഹത്തിന് ഉണ്ടായിരുന്ന ആശങ്കകളും നമുക്ക് പുനരുജ്ജീവിപ്പിക്കാൻ കഴിയുമോ? ഗ്രാമത്തിനും, പാവപ്പെട്ടവർക്കും, കർഷകർക്കും, ദളിതർക്കും, പീഡിതർക്കും, ദരിദ്രർക്കും, പീഡിതർക്കും വേണ്ടി നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ, നമ്മൾ യോജിച്ച പരിശ്രമം നടത്തണം. ഇത് ഞാനും നിങ്ങളും തമ്മിലോ ഈ പക്ഷവും മറുപക്ഷവും തമ്മിലോ ഉള്ള പ്രശ്നമല്ല, മറിച്ച് ഇത് നൂറ്റി ഇരുപത്തിയഞ്ച് കോടി ജനങ്ങളുടെയും അവരുടെ പ്രതിനിധികളുടെയും കാര്യമാണ്. മറ്റുള്ളവർക്കായി എന്തെങ്കിലും ചെയ്യാനുള്ള പ്രചോദനം നമുക്ക് ശക്തി നൽകുന്ന സമയമാണിത്, ഈ ദുഷ്നിശ്ചയവുമായി നമുക്ക് മുന്നോട്ട് പോകാം.

അറിഞ്ഞോ അറിയാതെയോ ആളുകൾ കർത്തവ്യം പാലിക്കുന്നതിനുപകരം അവകാശങ്ങൾ നേടുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെന്നു നമുക്കറിയാം. ഒരു രാഷ്ട്രത്തിലും സമൂഹത്തിലും, കടമയെക്കുറിച്ചുള്ള ബോധത്തിന് വിരുദ്ധമായി അവകാശങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിയാൽ അത് പല പ്രശ്നങ്ങളിലേക്കും നയിക്കുന്നു. നിർഭാഗ്യവശാൽ, നമ്മൾ ചെയ്യുന്നത് തെറ്റാണെന്ന് നമുക്ക് തോന്നാത്ത ചില കാര്യങ്ങൾ നമ്മുടെ ജീവിതരീതിയിലും സ്വഭാവത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രോസിംഗിൽ ചുവന്ന ലൈറ്റ് ലംഘിച്ചാൽ, നിയമം ലംഘിക്കുന്നതായി നമുക്ക് തോന്നില്ല. നമ്മൾ എവിടെയെങ്കിലും തുപ്പുകയും മാലിന്യം വലിച്ചെറിയുകയും ചെയ്യുന്നു, പക്ഷേ നമ്മൾ എന്തെങ്കിലും തെറ്റ് ചെയ്യുന്നതായി നമുക്ക് തോന്നുന്നില്ല. നമ്മുടെ ജീവിതരീതിയിൽ, നിയമങ്ങളുടെ ലംഘനം നമ്മുടെ മനസ്സിൽ ഒരു ശീലമായി മാറിയിരിക്കുന്നു, നമ്മൾ നമ്മുടെ കടമകളിൽ നിന്ന് അകന്നുപോകുന്നു. ചെറിയ സംഭവങ്ങൾ പോലും നമ്മെ അക്രമത്തിലേക്ക് നയിക്കുന്നു.

ഡോക്ടർ കാരണം ഒരു രോഗിക്ക് എന്തെങ്കിലും സംഭവിച്ചാൽ, അതിന് ഉത്തരവാദി ഡോക്ടറോ ആശുപത്രിയോ അല്ലെങ്കിലും, രോഗിയുടെ ബന്ധുക്കൾ ആശുപത്രിയിൽ വന്ന് ആശുപത്രിയിൽ തീയിടുകയും ഡോക്ടറെ തല്ലുകയും ചെയ്യുന്നു. എവിടെയെങ്കിലും അപകടമുണ്ടായാൽ ഉടനെ കാർ കത്തിക്കുകയും ഡ്രൈവറെ മർദിക്കുകയും ചെയ്യും. ഇത്തരത്തിലുള്ള പെരുമാറ്റം വ്യാപകമാണ്, നിയമം അനുസരിക്കുന്ന പൗരന്മാർ എന്ന നിലയിൽ ഇത് നമ്മുടെ ഉത്തരവാദിത്തമായിരിക്കണം, അത് നമ്മുടെ കൈവിട്ടുപോകുന്നുവെന്ന് ഞങ്ങൾ കരുതുന്നു. നമ്മൾ നിയമം ലംഘിക്കുകയാണെന്ന് ചിന്തിക്കാൻ അനുവദിക്കാത്ത ചില കാര്യങ്ങൾ നമ്മുടെ ജീവിതരീതിയിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഈ പോരായ്മകൾ അകറ്റി സമൂഹത്തിൽ കർത്തവ്യബോധം വളർത്തേണ്ടത് നേതൃത്വത്തിന്റെ ഉത്തരവാദിത്തമാണ്, നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്.

സ്വച്ഛത - ശൌചാലയം എന്നീ വിഷയങ്ങൾ പരിഹസിക്കേണ്ട വിഷയമല്ല . . ആ അമ്മമാരുടെയും സഹോദരിമാരുടെയും അവസ്ഥ മനസിലാക്കുമ്പോൾ അറിയാനാകും , ശൌചാലയങ്ങളുടെ അഭാവത്തിൽ സന്ധ്യയെത്തും വരെ ഇരുട്ടിനെ കാത്ത് എങ്ങനെ പകൽ ചെലവഴിക്കേണ്ടിവരുമെന്ന അവരുടെ കഷ്ടപ്പാടുകൾ .

സമൂഹ ചിന്താഗതിയിൽ മാറ്റം വരുത്തി ശൗചാലയം നിർമ്മിക്കേണ്ടത് ആവശ്യമാണ്, സാധാരണക്കാരിൽ അവബോധം സൃഷ്ടിക്കേണ്ടത് പ്രധാനമാണ്. ഈ അവബോധം നാം സൃഷ്ടിക്കേണ്ടതുണ്ട്. നിയമം കൊണ്ട് ഈ അവബോധം ഉണ്ടാക്കാൻ കഴിയില്ല. നിയമത്തിന് അതിനെ സഹായിക്കാൻ കഴിയും, എന്നാൽ കർത്തവ്യ ബോധം അതിന് വളരെയധികം സഹായകമാകും. അതിനാൽ, നമുക്ക് ഇത് ചെയ്യേണ്ടിവരും.

നമ്മുടെ രാജ്യത്തെ മഹിളകൾ ചെയ്തിട്ടുള്ള മുൻകാല സംഭാവനകൾ കണക്കിലെടുക്കുകയും അവരുടെ പ്രശ്നങ്ങൾ നമ്മൾ മനസ്സിലാക്കുകയും വേണം. അവരുടെ കഴിവുകൾ നമുക്ക് ശക്തിയും അവരുടെ പങ്കാളിത്തം നമ്മുടെ വികസനത്തിന് ശക്തിയും നൽകും. സ്വാതന്ത്ര്യസമരം മുഴുവൻ നോക്കൂ, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ എവിടെയൊക്കെ ഏതെങ്കിലും പ്രസ്ഥാനം ഉണ്ടായിട്ടുണ്ടോ, അവിടെയെല്ലാം ആ സ്വാതന്ത്ര്യ സമരങ്ങളിൽ പങ്കെടുത്ത് സ്ത്രീകൾ സംഭാവനകൾ നൽകി. ഇന്നും അവർ രാജ്യത്തിന്റെ കുതിച്ചുറ്റ ഭാവിക്ക് സംഭാവന നൽകുന്നു. ആ ലക്ഷ്യസാക്ഷാത്കാരത്തിനായി കർത്തവ്യ ബോധത്തോടെ നമ്മൾ മുന്നേറണം.

സ്വാതന്ത്ര്യസമരം വിവിധ ഘട്ടങ്ങളിലൂടെ 1857 മുതൽ 1942 വരെ കടന്നുപോയി, ഉയർച്ച താഴ്ചകൾ ഉണ്ടായി, പ്രസ്ഥാനത്തിൽ പല വഴിത്തിരിവുകളുണ്ടായി, നേതൃത്വം മാറി എന്നത് സത്യമാണ്.

ചിലപ്പോഴൊക്കെ വിപ്ലവകരമായ പ്രത്യയശാസ്ത്രം ശക്തി പ്രാപിക്കുകയും മറ്റ് ചില സമയങ്ങളിൽ അഹിംസ കൂടുതൽ ആധിപത്യം ലഭിക്കുകയും ചെയ്തു. ചില സമയങ്ങളിൽ ഈ ആദർശങ്ങൾ പരസ്പര പൂരകമായും ചിലപ്പോൾ എതിരായും തോന്നാം. 1857 മുതൽ 1942 വരെയുള്ള കാലഘട്ടം പരിശോധിച്ചാൽ, അത് വർധിക്കുന്നതായി കാണപ്പെട്ടു. വളരുകയും എങ്ങും പടരുവാനും ആരംഭിച്ചു . ജനങ്ങൾ അതിലേക്ക് സ്വയം സഹകരിക്കുവാൻ തുടങ്ങി, പക്ഷേ 1942 മുതൽ 1947 വരെ, മാറ്റങ്ങൾ എറിയില്ല എന്നാൽ ചുറ്റുപാടുകളിൽ തടസ്സങ്ങൾ ഉണ്ടായിരുന്നു. അത് എല്ലാ സമവാക്യങ്ങളെയും തെറ്റിച്ച് ബ്രിട്ടീഷുകാരെ ഇന്ത്യ വിടാൻ നിർബന്ധിതരാക്കി. 1857 മുതൽ 1942 വരെ, ക്രമേണ എന്തെങ്കിലും ഒക്കെ സംഭവിച്ചു, എന്നാൽ 1942 മുതൽ 1947 വരെ, അതല്ലായിരുന്നു. സമൂഹചരിത്രം , നമ്മൾ പരിശോധിച്ചാൽ നൂറു മുതൽ ഇരുന്നൂറ് വർഷത്തെ ചരിത്രം വികസന പ്രയാണത്തിൽ വർധിച്ച വർഷങ്ങൾ ആയിരുന്നു എന്നറിയാനാകും. ലോകം സാവധാനം മുന്നോട്ട് നീങ്ങുകയും മാറ്റങ്ങൾ വരികയും ചെയ്തു. പക്ഷേ പൊടുന്നനെയുള്ള മാറ്റങ്ങൾക്ക് ലോകം കഴിഞ്ഞ മുപ്പത -നാൽപ്പത വർഷങ്ങളിൽ സാക്ഷ്യം വഹിച്ചു. ഇക്കാര്യത്തിൽ സാങ്കേതികവിദ്യ പ്രധാന പങ്ക് വഹിച്ചു. ലോകത്ത് കഴിഞ്ഞ 30-40 വർഷത്തിനുള്ളിൽ ഒരു വ്യക്തിയുടെ ജീവിതത്തിൽ വന്ന മാറ്റം ആർക്കും സങ്കൽപ്പിക്കാൻ കഴിയില്ല, അത് മുൻ കൂട്ടി സങ്കൽപ്പിക്കാൻ പോലും കഴിയില്ല. തടസ്സങ്ങളുടെ അനുകൂലമായ ഒരു നല്ല മാറ്റം നമുക്ക് അനുഭവിക്കുവാനാകും . വർദ്ധനവിന്റെ ഘട്ടത്തിൽ നിന്ന് പുറത്തു വന്നതോടെ അത് ഒരു വലിയ കുതിപ്പ് നടത്തി.

കഴിഞ്ഞ ഇന്ത്യയുടെ 75 വർഷം 2017-2022, സ്വാതന്ത്ര്യത്തിന്റെ 75 വർഷം, 1942 മുതൽ 1947 വരെയുള്ള അന്തരീക്ഷം, രാജ്യം 75 വർഷം ആഘോഷിക്കുന്ന 2017 മുതൽ 2022 കാലയളവിൽ ആ അന്തരീക്ഷം നമ്മൾ രാജ്യത്ത് പുനഃസൃഷ്ടിച്ചാൽ, നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികളുടെ ആ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ നമ്മെത്തന്നെ നമ്മളും സമർപ്പിക്കും . ഇത് നമ്മുടെ രാജ്യത്തിന് മാത്രമല്ല ഗുണം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു, 1942 മുതൽ 1947 വരെയുള്ള വിജയത്തിന്റെ ഫലമായി, ശക്തിയും ആത്മവിശ്വാസവും ഉളവാക്കുന്ന സ്വാതന്ത്ര്യം കൊതിച്ചിരുന്ന പല രാജ്യങ്ങൾക്കും പ്രയോജനം ലഭിച്ചു. അങ്ങനെ ഇന്ത്യയെ ഉറ്റുനോക്കുന്ന നിരവധി രാജ്യങ്ങളുണ്ട്. 2017 മുതൽ 2022 വരെയുള്ള കാലഘട്ടം, ഉത്തരവാദിത്തം ഏറ്റെടുക്കേണ്ട കാലഘട്ടം, നമ്മൾ ഇന്ത്യയെ പുതിയ ഉയരങ്ങളിലെത്തിക്കുകയാണെങ്കിൽ, ഒരു വലിയ നേതൃത്വത്തിന് വേണ്ടി അന്വേഷിക്കുന്ന ഒരു വലിയ സമൂഹം ലോകത്തുണ്ട്, മറ്റുള്ളവരുടെ പരീക്ഷണങ്ങളിൽ നിന്ന് പഠിക്കാൻ ആഗ്രഹിക്കുന്നവർ. അവരുടെ ആവശ്യങ്ങളും നിറവേറ്റാൻ ഇന്ത്യയ്ക്ക് കഴിയും, നമ്മൾ ഇത് ചെയ്യാൻ ശ്രമിച്ചാൽ, അങ്ങിനെയെങ്കിൽ അത് ഈ രാജ്യത്തിനും ലോകത്തിനും ഒരു വലിയ സേവനമാകുമെന്ന് ഞാൻ കരുതുന്നു.

അതിനാൽ, ഒരു കൂട്ടായ ദൃഢനിശ്ചയം ഉണ്ടാക്കുക, രാജ്യത്തെ ജനങ്ങളെ ഒന്നിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകാൻ പ്രതിജ്ഞാബദ്ധമാക്കുക, ഈ അഞ്ച് വർഷത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുകയാണെങ്കിൽ, ചില വിഷയങ്ങളിൽ സമവായത്തിലെത്തി നമുക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ജി.എസ്.ടി. നിയമനിർമ്മാണം നാം അടുത്തിടെ കണ്ടു. ഇത് എന്റെ രാഷ്ട്രീയ പ്രസ്താവന മാത്രമല്ല, ഇത് എന്റെ ഉറച്ച വിശ്വാസം കൂടിയാണെന്ന്. ജിഎസ്ടി യുടെ വിജയം ഒരു സർക്കാരിന്റെയും വിജയമല്ല, ജി എസ് ടി യുടെ വിജയം ഒരു പാർട്ടിയുടെയും വിജയമല്ല എന്നാൽ ഈ സഭയിലെ അംഗങ്ങളുടെ ഇച്ഛാശക്തിയുടെ ഫലമാണ്. പ്രതിപക്ഷത്തിരുന്നാലും അങ്ങോട്ടും ഇങ്ങോട്ടും ഇരുന്നാലും നേട്ടം എല്ലാവർക്കും, സംസ്ഥാനങ്ങൾക്കും , പൊതു വ്യാപാരികൾക്കുമാണ് എന്നത് കൊണ്ടാണ് ഇത് സാധ്യമായത്. ഒരു രാജ്യത്തിന് ഇത്രയും വലിയൊരു ചുവടുവെപ്പ് നടത്താൻ കഴിയുന്നത് അതിന്റെ രാഷ്ട്രീയ നേതൃത്വ പ്രതിബദ്ധത കൊണ്ടാണ്. ജിഎസ്ടി ലോകത്തിന് ഒരു അത്ഭുതമാണ്, ജി എസ് ടിയുടെ വിജയം നോക്കി ഈ രാജ്യത്തിന് ഇത് ചെയ്യാൻ കഴിയുമെങ്കിൽ, ഒരുമിച്ചുള്ള ഒരുപാട് തീരുമാനങ്ങൾ ഈ രാജ്യത്തിന് എടുക്കാം. നൂറ്റി ഇരുപത്തഞ്ചു കോടി ഇന്ത്യക്കാരുടെ പ്രതിനിധി എന്ന നിലയിൽ നൂറ്റി ഇരുപത്തഞ്ചു കോടി ഇന്ത്യക്കാരെയും ഒപ്പം കൂട്ടിക്കൊണ്ടുതന്നെ 2022-ലേക്കുള്ള പ്രമേയവുമായി

ഞങ്ങൾ മുന്നോട്ടുപോകും, ഞങ്ങൾ ആഗ്രഹിച്ച ഫലം കൊണ്ടുവരുമെന്ന് ഞാൻ വിശ്വസിക്കുന്നു. "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" ഈ മുദ്രാവാക്യം മഹാത്മാഗാന്ധി നൽകി, അത് അക്കാലത്തെ മുദ്രാവാക്യമായിരുന്നു.

2017ൽ അഴിമതി തുടച്ചുനീക്കി 2022ലേക്ക് ഒരുമിച്ച് പോകുമെന്ന പ്രമേയവുമായി നമുക്ക് മുന്നോട്ട് പോകണം. ദരിദ്രർക്ക് അവരുടെ എല്ലാ അവകാശങ്ങളും നമ്മൾ ഒരുമിച്ച് തന്നെ നിന്നു നൽകും. യുവാക്കൾക്ക് തീർച്ചയായും സ്വയം തൊഴിൽ അവസരങ്ങൾ നമ്മൾ ഒരുമിച്ച് നിന്നു നൽകും. പോഷകാഹാരക്കുറവ് എന്ന പ്രശ്നം നമുക്ക് ഒരുമിച്ച് പരിഹരിക്കാം. സ്ത്രീകളുടെ വികസനത്തെ തടയുന്ന ചങ്ങലകളെ നമ്മൾ ഒരുമിച്ച് തകർക്കും. നമ്മൾ ഒരുമിച്ച് നിരക്ഷരത ഇല്ലാതാക്കും, അതേ പോലെ മറ്റ് പ്രശ്നങ്ങളും .

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക.- ഇത് ആ കാലഘട്ടത്തിലെ മുദ്രാവാക്യം ആയിരുന്നു . ഇപ്പോൾ നമ്മൾ സ്വാതന്ത്ര്യത്തിന്റെ 75 വർഷം ആഘോഷിക്കുമ്പോൾ നമ്മുടെ മുദ്രാവാക്യം ഇതായിരിക്കണം- "എന്ത് വന്നാലും നമ്മൾ അത് ചെയ്യും, ചെയ്യണം." ഇത് ഒരു പാർട്ടിയുടെയും സർക്കാരിന്റെയും മുദ്രാവാക്യമല്ല, മറിച്ച് നൂറ്റി ഇരുപത്തിയഞ്ച് കോടി ഇന്ത്യക്കാരുടെയും അവരുടെ പ്രതിനിധികളുടെയും കൂട്ടായ മുദ്രാവാക്യമായിരിക്കും. 2017 മുതൽ 2022 വരെയുള്ള അഞ്ച് വർഷങ്ങളിൽ നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികളുടെ സ്വപ്നം സാക്ഷാത്കരിക്കാൻ ഈ ദൃഢനിശ്ചയം നമ്മെ പ്രചോദിപ്പിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഇന്ന്, ഈ ഓഗസ്റ്റ് ക്രാന്തി ദിനത്തിൽ, നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികളുടെ ത്യാഗങ്ങളെ സ്മരിക്കുകയും അവരുടെ അനുഗ്രഹം തേടുകയും ചെയ്യുന്നു, അതിലൂടെ നമുക്ക് നമ്മുടെ രാജ്യത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ നിന്ന് മുക്തി നേടാനും സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും ലക്ഷ്യം നേടാനും മുന്നോട്ട് പോകാം. ആദരണീയ സ്പീക്കർ, ഈ പ്രതീക്ഷയോടെ ഒരിക്കൽ കൂടി ഞാൻ നിങ്ങളോട് എന്റെ നന്ദി അറിയിക്കുകയും സ്വാതന്ത്ര്യ സമര സേനാനികളെ അഭിവാദ്യം ചെയ്യുകയും ചെയ്യുന്നു

2018



ആയുഷ്മാൻ ഭാരത് യോജനയുടെ ഗുണഭോക്താക്കളുമായി ശ്രീ നരേന്ദ്രമോദി സംവദിക്കുന്നു

"ആരോഗ്യമുള്ള കുടുംബത്തിലൂടെയും
ആരോഗ്യമുള്ള സമൂഹത്തിലും
നിന്നും മാത്രമേ ആരോഗ്യമുള്ള
രാഷ്ട്രം സൃഷ്ടിക്കുവാൻ കഴിയൂ"

രാഷ്ട്രപതിയുടെ പ്രസംഗത്തിൽ
രാജ്യസഭയിൽ നടന്ന
നന്ദിപ്രമേയ ചർച്ചയിൽ
പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി
യുടെ മറുപടി പ്രസംഗം

ഫെബ്രുവരി 7, 2018

ഫെബ്രുവരി 7, 2018
രാജ്യസഭ
രാഷ്ട്രപതിയുടെ രാജ്യസഭയിലെ പ്രസംഗത്തിൽ നടന്ന നന്ദിപ്രമേയചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ മറുപടി പ്രസംഗം

ആദരണീയനായ ചെയർമാൻ ,

ആദരണീയനായ രാഷ്ട്രപതിയുടെ നന്ദി പ്രമേയത്തിന് വിശദമായ ചർച്ച ഈ സഭയിൽ നടന്നുകഴിഞ്ഞു. ഏതാണ്ട് 38 സഭ അംഗങ്ങൾ അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു കഴിഞ്ഞു. തന്റെ ആദ്യ പ്രസംഗത്തോടെ ശ്രീ അമിത് ഭായ് ഷാ പ്രമേയം അവതരിപ്പിച്ചു. ശ്രീ വിനയ് സഹസ്ര ബുദ്ധേജി പ്രസ്താവനയെ പിന്താങ്ങി. ശ്രീ ഗുലാബ് നബി ആസാദ് ജി , ശ്രീ ടി പി ത്രിപാഠി ജി, പ്രമോദ് തിവാരി ജി, സർദാർ ബൽവന്ത് സിംഗ്ജി, ആനന്ദ് ശർമ ജി, ഡെറിക് ഓബ്രിയൻ ജി, ഡി രാജ ജി , സഞ്ജയ് സിംഗ്, സുകേന്ദു ശേഖർ റായി ജി, ടി കെ രംഗരാജൻ ജി, പിജി വെങ്കിടേഷ് ജി, തുടങ്ങി അനവധി സഭ അംഗങ്ങൾ അവരുടെ ആശയങ്ങൾ ഇവിടെ പങ്കുവച്ചു. തൊഴിൽ, അഴിമതി, കർഷകരുടെ വരുമാനം , വിദേശനയം , സുരക്ഷാനടപടികൾ , ആയുഷ്മാൻ ഭാരത് പദ്ധതി തുടങ്ങി അനേകം വിഷയങ്ങളിൽ ഇവിടെ അംഗങ്ങൾ അവരുടെ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു. മറ്റുള്ളവരുടെ പ്രസംഗങ്ങൾ മുറിയിലിരുന്നാണ് ഞാൻ കേട്ടത് എങ്കിലും സഭയിൽ തന്നെ ഇരുന്നാണ് ഗുലാംനബി ജിയുടെ വാക്കുകൾ ഞാൻ കേട്ടത്. അതിനാൽ അദ്ദേഹത്തിന്റെ ശരീരഭാഷ നിരീക്ഷിക്കുവാൻ എനിക്കു സാധിച്ചു. അദ്ദേഹം കുടുംബവാഴ്ചയെപ്പറ്റി , രാഷ്ട്രീയത്തെ കുറിച്ചെല്ലാം സംസാരിക്കവേ ഒരു കുടുംബത്തെ രക്ഷിച്ചെടുക്കാൻ അദ്ദേഹം കഷ്ടപ്പെടുന്നത് കണ്ടു. അദ്ദേഹം പറഞ്ഞത് ശരിയാണ്, പക്ഷേ അത് പറയുന്ന സമയത്ത് അദ്ദേഹം വളരെ നിഷ്കളങ്കനായി കാണപ്പെട്ടു. അത് കാണുവാൻ നല്ല കൌതുകമുണ്ടായിരുന്നു. അവരിൽ മിക്കവരും , ഗുലാംനബി മുതൽ ആനന്ദ് ശർമ്മ വരെ ഉള്ളവർ അവരുടെ മുൻ ഗവൺമെൻറിനെ കുറിച്ചായിരുന്നു സംസാരിച്ചത്. പുറത്ത് ആരും ഈ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ തയ്യാറാകാത്തത് കൊണ്ട് അവർ ഈ അവസരം അതിനായി ഉപയോഗിച്ചു. എന്തായാലും കോൺഗ്രസുകാരോ മറ്റ് പാർട്ടികളോ എന്തു ചെയ്തു, ചെയ്തില്ല എന്നൊന്നും പറയുവാൻ എനിക്കു അവകാശമില്ല . പക്ഷേ നിങ്ങൾ ആയുഷ്മാൻ ഭാരത് യോജനയെ പറ്റി പറഞ്ഞു കൊണ്ട് , അമേരിക്കയെയും ബ്രിട്ടനെയും കുറിച്ച് പരാമർശിക്കുകയുണ്ടായി . . എന്നാൽ ഇന്ത്യയുടെ സാമൂഹികാവസ്ഥയും അമേരിക്കൻ ബ്രിട്ടീഷ് മാതൃകകളും തമ്മിൽ വളരെ വലിയ വ്യത്യാസമുണ്ട്. ചില പ്രത്യേക വിഷയങ്ങൾ അവിടെ വിജയം ആയേക്കാം ഇവിടെ പരാജയവും, അതേ പോലെ ഇവിടെ വിജയിക്കുന്ന ചില കാര്യങ്ങൾ അവിടെ പരാജയം ആയേക്കാം . അതിനാൽ അത്തരം വാദങ്ങൾ ഒട്ടും ശരിയല്ല . നാം നമ്മുടെ കാഴ്ചപ്പാടിൽ നിന്നു വേണം കാര്യങ്ങൾ നോക്കിക്കാണുവാൻ. അൻപതോ അൻപത്തിയഞ്ചോ വർഷങ്ങൾ ഭരണത്തിൽ ഇരിക്കവേ യാഥാർത്യത്തിൽ നിന്നും അകലുക എന്നത് സ്വാഭാവികമാണ് , അപ്പോൾ സ്വാഭാവികമായി ഈ രീതിയിലുള്ള വിചാരങ്ങളും പ്രവർത്തനങ്ങളും ഉണ്ടാകുന്നു. എന്നാൽ നമ്മുടെ രാജ്യത്ത് ആരോഗ്യരംഗത്ത് ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട് എന്ന കാര്യം എല്ലാവരും സമ്മതിക്കും. അതിനർത്ഥം ഗുലാം നബി ആരോഗ്യ മന്ത്രിയായിരുന്നപ്പോൾ ഒന്നും ചെയ്തിരുന്നില്ല എന്നല്ല. പലതും അദ്ദേഹം ചെയ്തിട്ടുണ്ടാകും. എന്നാൽ ഇനിയും പലതും ചെയ്യേണ്ടതായിട്ടുണ്ട്. അതിനാൽ ചർച്ചയിൽ ഇനിയുള്ള നേരത്തെങ്കിലും രാജ്യത്തിൻറെ ആഗ്രഹങ്ങളും പ്രതീക്ഷകളും അനുസരിച്ച് നമുക്കിനി എന്തുചെയ്യാൻ കഴിയുമെന്ന് നാം ചിന്തിക്കേണ്ടതുണ്ട്. ഞങ്ങളാണ് ആയുഷ്മാൻ ഭാരത് എന്ന പദ്ധതി കൊണ്ടുവന്നത് എന്ന കാര്യം ശരി തന്നെ. ഈ പദ്ധതിയിലും പല കുറവുകളും കണ്ടേക്കാം. എങ്കിലും ഈ പദ്ധതി രാജ്യത്തിനുവേണ്ടി ഉള്ളതാണ്. ഏതെങ്കിലും പാർട്ടിക്ക് വേണ്ടി ഉള്ളതല്ല. അതിനാൽ കോൺഗ്രസിൽ നിന്നും മറ്റ് പാർട്ടികളിൽ നിന്നുമുള്ള സുഹൃത്തുക്കൾ ചേർന്ന് ഒരു പ്രത്യേക ദൗത്യ സംഘം രൂപീകരിച്ച ആയുഷ്മാൻ ഭാരത് പദ്ധതിയെ കുറിച്ച് പഠിക്കുക. അതിലെ കുറവുകളെ പറ്റി നിങ്ങൾ കണ്ടെത്തി പറയുന്നത് കേൾക്കുവാൻ ഞാൻ തന്നെ സമയം കണ്ടെത്തും. ആത്യന്തികമായ ലക്ഷ്യം എന്താണ്? നമ്മുടെ നാട്ടിലെ പാവപ്പെട്ടവരെയോ താഴ്ന്ന മധ്യവർഗ്ഗക്കാരെയോ രോഗം അലട്ടിയാൽ അവർ അതുവരെ സമ്പാദിച്ചതെല്ലാം നഷ്ടമാവുകയാണ്. ചിലപ്പോൾ അവർ കടക്കെണിയിൽ പെടുകയും ചെയ്യും. ചിലപ്പോൾ പലിശക്കാരുടെ കയ്യിൽ നിന്നും കടം വാങ്ങേണ്ടി വന്നേക്കാം. തങ്ങളുടെ കുട്ടികളെ കടക്കെണിയിൽ തള്ളിവിടാൻ ആഗ്രഹിക്കാതെ രോഗം അവർ സഹിക്കുന്നു . ഇത് ഒരു സാധാരണ ജീവിത തത്ത്വം ആണ് . അതിനാൽ ആര് എന്തു

ചെയ്യ ആരെന്തു ചെയ്തില്ല, 70 വർഷങ്ങൾ എന്തുകൊണ്ട് ചെയ്തില്ല തുടങ്ങിയ ചോദ്യങ്ങൾ സ്വാഭാവികമായി ഉയരാം . എന്നാൽ എന്റെ ചർച്ചയുടെ വിഷയം അതല്ല. നമ്മൾ ചെയ്യണോ ചെയ്യണ്ടേ എന്നത് മാത്രമാണ് . ഞങ്ങൾക്ക മാത്രം ദൈവം എല്ലാം തന്ന എന്ന നിങ്ങൾ ചിന്തിക്കുന്ന രീതിയല്ല ഞങ്ങളുടേത്. . മികച്ച പാണ്ഡിത്യവും അനുഭവ പരിചയവുമുള്ള നിരവധി വ്യക്തികൾ ഈ സഭയിൽ തന്നെ ഉണ്ട് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആയുഷ്മാൻ ഭാരത് പദ്ധതിയിലൂടെ ഭാരതത്തിലെ 40 -50 കോടി ജനങ്ങളുടെ മനസ്സിൽ നല്ല ആരോഗ്യത്തെ കുറിച്ച് പ്രതീക്ഷ പകരുവാൻ നമുക്ക് ഒന്നിച്ചിരിക്കാം ? ഇത് ഒരു സുരക്ഷാ പദ്ധതിയാണ്. ഇൻഷുറൻസിൽ വ്യവസ്ഥകൾ എന്താണെന്നും നമുക്ക് അറിയാം. അതിനാൽ ബഡ്ജറ്റിൽ എങ്ങനെ ഈ ചിലവ് കണ്ടെത്തുമെന്നും മറ്റും ചിന്തിച്ച് സമയം കളയേണ്ടതില്ല അത്തരം കാര്യങ്ങളെപ്പറ്റി നമ്മൾ നന്നായി മനസ്സിലാക്കിയിട്ടുണ്ട് എന്നാൽ രാജ്യത്തെ പാവപ്പെട്ടവർക്ക് ഇതിന്റെ പ്രയോജനം തീർച്ചയായും ലഭിക്കണം. ഈ കാര്യത്തിൽ ഇവിടെ ആർക്കും അഭിപ്രായ വ്യത്യാസം ഉണ്ടാവില്ല. പദ്ധതി നടപ്പിലാക്കിയതിനുശേഷം അതിൽ ഞങ്ങളുടെ ശ്രദ്ധ കുറവുമൂലം അപാകതയുണ്ട് എങ്കിൽ തീർച്ചയായും നിങ്ങൾക്ക് വിമർശിക്കാം ഞങ്ങൾ അത് സ്വാഗതം ചെയ്യുന്നു. നിർദ്ദേശ ഘട്ടത്തിൽ പദ്ധതിയുടെ പ്രാഥമിക ആശയങ്ങൾ ആണ് അവതരിക്കപ്പെട്ടത്. ഈ പദ്ധതിയെ എങ്ങനെ കൂടുതൽ മെച്ചപ്പെടുത്തുവാൻ സാധിയ്ക്കും . അതിനാൽ നല്ല നിർദ്ദേശങ്ങളും നിർദേശങ്ങളും കേൾക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു . അതുപോലെ ടെലിവിഷനിലൂടെ എന്റെ പ്രസംഗം കേൾക്കുന്നവരോട് എനിക്ക് അപേക്ഷയുള്ളത് ഈ പദ്ധതിയെ മികച്ചതാക്കുവാൻ സാധ്യമായ നിർദ്ദേശങ്ങൾ അറിയിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ അറിയിക്കുക. രാജ്യത്തെ പാവപ്പെട്ടവരെ സേവിക്കാൻ ആണ് ലക്ഷ്യമെങ്കിൽ അത് ഒരു പാർട്ടിക്ക മാത്രമായി പരിമിതപ്പെടുത്തേണ്ടതില്ല . ഈ ശ്രമം നമുക്ക് മുന്നോട്ട് കൊണ്ടുപോകാം എന്ന് ഞാൻ വിശ്വസിക്കുന്നു.

ഞാൻ ഇവിടെ ഇരുന്ന് വായുവിൽ ഇംഗ്ലീഷിൽ ഒൻപത് എന്ന് വരച്ചു കാണിക്കുകയാണെങ്കിൽ എന്നോടൊപ്പം ഇരിക്കുന്നവർക്ക് അത് ഒൻപത് ആണെന്ന് കാണാൻ കഴിയും. എന്നാൽ അപ്പുറത്ത് ഇരിക്കുന്ന നിങ്ങൾക്ക് അത് ആറ് ആണെന്ന് തോന്നും. ഞാൻ ഒൻപത് എന്ന് എഴുതിയതിൽ തെറ്റില്ല നിങ്ങൾ എന്റെ എതിർദിശയിൽ ഇരിക്കുന്നത് കൊണ്ടാണ് അത് ആറായി നിങ്ങൾക്ക് തോന്നുന്നത്. എനിക്ക് അതിലെന്ത് ചെയ്യുവാൻ സാധിക്കും? ഇനി നിങ്ങൾ പറയൂ , ഇന്ത്യയുടെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് (സംരംഭകർക്ക് പ്രവർത്തിക്കുവാൻ ഏറ്റവും ഉതകുന്ന സാഹചര്യങ്ങൾ) റാങ്കിംഗ് പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുമ്പോൾ നമ്മൾക്കെന്തിനാണ് ദുഖം? ഈസ് ഓഫ് ഡൂയിങ് ബിസിനസ് റേറ്റിംഗ് നന്നാവുമെങ്കിൽ അതു എല്ലാ പൗരന്മാർക്കും അഭിമാനകരം അല്ലേ? ലോകത്തിനു മുൻപിൽ നമ്മുടെ പ്രതിച്ഛായയാണ് നന്നാകുന്നത് . രാജ്യത്തിന് ഇത് നല്ല കാര്യമാണ്. തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ നമുക്ക് നടത്താവുന്ന കളികളാണ് "ഞങ്ങൾ ആണ് അത് ചെയ്തത് നിങ്ങളാണ് അത് ചെയ്തത്"തുടങ്ങിയ വാദങ്ങൾ . എന്നാൽ രാജ്യത്തിൻറെ കാര്യം ആകുമ്പോൾ ആ ലക്ഷ്യമാണ് ഏറ്റവും മുകളിൽ. പക്ഷേ നമ്മൾ ഏതു നിലവാരത്തിലേക്കാണ് താഴ്ന്നത് ? ചില സമയങ്ങളിൽ ഒരു റേറ്റിംഗ് ഏജൻസിക്ക ആ കാര്യം നല്കുമ്പോൾ നമ്മളെ നേരിട്ടു ആക്രമിക്കാൻ കഴിയാതെ ആകുന്നു, അപ്പോൾ അവരുടെ നേരെ തിരിയുന്നു . ലോകത്ത് മറ്റൊരിടത്തും ഇങ്ങനെ സംഭവിക്കുന്നില്ല. ചിലപ്പോൾ ഞാൻ ചിന്തിക്കാറുണ്ട് ഭാരതീയ ജനതാപാർട്ടിയെ കുറ്റം പറയുമ്പോൾ നിങ്ങൾ രാജ്യത്തെ തന്നെയാണ് കുറ്റം പറയുന്നതെന്ന്. നിങ്ങൾ ഭാരതീയ ജനതാ പാർട്ടിയെ വിമർശിച്ചോളൂ, വിമർശനം നല്ലതാണ് . അത് നിങ്ങളുടെ അവകാശമാണ്. മോദിയെ നിങ്ങൾക്ക് വിമർശിക്കാം. ശക്തമായി വിമർശിക്കൂ. ഒരു ജനാധിപത്യത്തിൽ അതിനുള്ള അവകാശമുണ്ട്. പക്ഷേ ഭാരതീയ ജനതാ പാർട്ടിയെ ഭർത്സിക്കുമ്പോൾ എല്ലാം മറന്നു നിങ്ങൾ ഭാരതത്തെയും കുറ്റം പറയുന്നു. മോദിയെ ആക്രമിക്കുമ്പോൾ നിങ്ങൾ സ്വയം മറന്ന് രാജ്യത്തെയും ആക്രമിക്കുകയാണ്. രാഷ്ട്രീയപരമായി നിങ്ങൾക്ക് മോദിയെ , ബിജെപിയെ വിമർശിക്കുവാനുള്ള അവകാശം ഉണ്ട് പക്ഷേ അങ്ങിനെ ചെയ്യുമ്പോൾ നിങ്ങൾ ചില പരിധികൾ ലംഘിക്കുകയാണ്. അതിൻറെ ഫലമായി രാജ്യത്തിനു തന്നെ അത് വലിയ നഷ്ടം വരുത്തുന്നു. ഇത്തരം ആളുകൾ നമുക്കിടയിൽ സന്നിഹിതരാകുക എന്നത് നിങ്ങൾക്ക് തീരെ അംഗീകരിക്കുവാൻ ആകുന്നില്ല . നിങ്ങൾ എങ്ങനെ അത് അംഗീകരിക്കും? നിങ്ങളുടെ വേദന ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ദൈവത്തെയോർത്തു ലോകത്തിന് മുന്നിൽ രാജ്യത്തിൻറെ അഭിമാനം നഷ്ടമാകുന്നതൊന്നും ചെയ്യരുത് .

രാഷ്ട്രപതി ഇപ്പോൾ അദ്ദേഹത്തിൻറെ പ്രസംഗത്തിൽ ന്യൂ ഇന്ത്യയെ പറ്റി പറയുകയുണ്ടായി സ്വാമി വിവേകാനന്ദനും പുതിയ ഇന്ത്യയെ പറ്റിയാണ് പറഞ്ഞത്. മഹാത്മാഗാന്ധി യംഗ് ഇന്ത്യയെ (യുവ ഇന്ത്യയെ)പറ്റി പറഞ്ഞു. നമ്മുടെ പൂർവ്വ രാഷ്ട്രപതിയും നവ ഇന്ത്യയെ കുറിച്ച് പറയുകയുണ്ടായി. എങ്കിൽ എവിടെയാണ് പ്രശ്നം എന്ന എനിക്കറിയില്ല ? നമുക്ക് നവ ഈന്തയ് വേണ്ട , നമുക്ക് നമ്മുടെ പഴയ ഭാരതം മതി എന്ന് വാശി എന്തിന്? ഞാൻ വിശ്വസിക്കുന്നത് നമുക്ക് ആവശ്യം ഗാന്ധിയുടെ ഇന്ത്യയാണ് വേണ്ടതെന്നാണ്. ഞാനും ആഗ്രഹിക്കുന്ന ഗാന്ധിയുടെ ഇന്ത്യ- കാരണം അദ്ദേഹം പറഞ്ഞു " ഇന്ത്യ സ്വതന്ത്രയാണ്. നമുക്ക് കോൺഗ്രസ് ഇനി ആവശ്യമില്ല . കോൺഗ്രസ്സ് പിരിച്ചു വിടണം '. എന്നായിരുന്ന അദ്ദേഹത്തിന്റെ അഭിപ്രായം. കോൺഗ്രസ് മുക്ത ഭാരതം മോദിയുടെ സങ്കല്പമല്ല. അത് ഗാന്ധിജിയുടെ സങ്കല്പമാണ്.

ആ കാലടികളെ പിൻതുടരുവാൻ ഞങ്ങൾ ശ്രമിക്കുന്ന എന്നേയുള്ളൂ. ഇപ്പോൾ നിങ്ങൾക്ക് ആ പഴയ ഇന്ത്യയെ വേണം എന്നാണ് - ജീപ്പ് അഴിമതി, മുങ്ങിക്കപ്പൽ അഴിമതി, ബോഫോഴ്സ് അഴിമതി അല്ലെങ്കിൽ ചോപ്പർ അഴിമതികൾ വാരി വിതറപ്പെട്ട ഇന്ത്യ, നിങ്ങൾക്ക് നവ ഇന്ത്യയെ വേണ്ട പക്ഷേ അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ രാജ്യം ജയിലായി മാറ്റപ്പെട്ട പഴയ ഇന്ത്യ ആണ് വേണ്ടത് ; അടിയന്തിരാവസ്ഥ ചുമത്തി ജയപ്രകാശ് നാരായൺ ജി, മൊറാർജി ഭായ് ദേശായി പോലെ ലക്ഷക്കണക്കിനു ജനങ്ങളെ അഴികളിൽ ആക്കിയ ആ ഇന്ത്യ .

ജനാധിപത്യ വ്യവസ്ഥകൾ എടുത്തു മാറ്റപ്പെട്ട, പത്രസ്വാതന്ത്ര്യം തടയപ്പെട്ട ആ ഇന്ത്യയെ ആണ് നിങ്ങൾക്ക് ആഗ്രഹം . ഏത് ഇന്ത്യ ആണ് നിങ്ങൾക്ക് ആവശ്യം? 'വലിയ വൃക്ഷം' വീണുകഴിഞ്ഞപ്പോൾ ആയിരക്കണക്കിന് നിരപരാധികളായ സിഖുകാരെ കൊലപ്പെടുത്തിയ ഇന്ത്യയാണോ ?തണ്ടൂർ കേസിൽ സ്വാധീന ശക്തിയുള്ള ആളുകളുടെ മുന്നിൽ മുഴുവൻ ഭരണസംവിധാനവും മുട്ടിൽ നിന്ന ഇന്ത്യയാണോ നിങ്ങൾക്ക് വേണ്ടത്? ആയിരക്കണക്കിന് ജനങ്ങളുടെ കൊലയ്ക്ക് കാരണക്കാരായവരെ വിമാനത്തിൽ ഇരുത്തി പുറത്തു കടത്തിയ ആ ഇന്ത്യ ആണോ നിങ്ങൾക്ക് വേണ്ടത്? . നിങ്ങളും ദാവോസിൽ പോയി , ഞങ്ങളും ദാവോസ് സന്ദർശിച്ചു. പക്ഷേ നിങ്ങൾ ആരുടെയോ കത്തുകളുമായി ആരെയോ അയച്ചു. നിങ്ങൾ ആ ഇന്ത്യ ആണ് വേണം എന്ന ആഗ്രഹിക്കുന്നത് . ആ കാരണം കൊണ്ടാണ് നിങ്ങൾക്കു നവ ഇന്ത്യ ആഗ്രഹമില്ലാത്തത് .

നിങ്ങൾ ഞങ്ങളുടെ പ്രവർത്തനങ്ങൾ നോക്കി, സത്യസന്ധമായി വിലയിരുത്തിയാൽ നിങ്ങൾ പറയും ഞങ്ങൾ ലക്ഷ്യം മാറ്റുന്നവർ ആണെന്ന്. ലക്ഷ്യത്തെ പിന്തുടർന്ന നേടിയെടുക്കുന്നവരാണ് ഞങ്ങൾ. അതുകൊണ്ട് , ഞങ്ങൾ ലക്ഷ്യമിടുന്ന ഓരോ കാര്യതിനും ഞങ്ങൾ സമയ പരിധി വയ്ക്കുന്നു. അത് കൈവരിക്കാൻ ആവശ്യമായ രൂപരേഖ തയാറാക്കുന്ന , സ്രോതസ്സുകളെ ഒരുക്കുന്ന, കഷ്ടപ്പെടുന്ന, അപ്പോൾ മാത്രമാണ ഇന്നുള്ള അത്യാപത്തുകളുടെ വെല്ലുവിളികളിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാനുള്ള സംഭാവനകൾ നല്കുവാൻ ഞങ്ങൾക്ക് കഴിയുകയുള്ളൂ.

ജൻധൻ യോജനയെ കുറിച്ച് ബഹുമാനപ്പെട്ട രാഷ്ട്രപതി സൂചിപ്പിച്ചിരുന്നു. ജൻധൻ യോജനയെപ്പോലും നിങ്ങൾ വിമർശിക്കുകയും അത് പ്രത്യേകിച്ചൊന്നുമില്ലെന്നും അതിനു സമാനമായ ഒരു പദ്ധതി മുമ്പും നിലനിന്നിരുന്നുവെന്നും നിങ്ങൾ പറഞ്ഞു. കുറഞ്ഞത് വസ്തുതകളെങ്കിലും നിങ്ങൾ അംഗീകരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. രാഷ്ട്രീയമായി നിങ്ങൾക്ക് എന്ത് വേണമെങ്കിലും പറയാം. നമ്മൾ സംസാരിക്കുന്ന 31 കോടി ജൻധൻ അക്കൗണ്ടുകൾ ഞങ്ങളുടെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2014-ൽ സൃഷ്ടിക്കപ്പെട്ടതാണ്. മാത്രമല്ല ആ റെക്കോഡ് ആർക്കും മാറ്റുവാനും സാധിക്കില്ല. ഈ രേഖകൾ ലഭ്യമാണ്, അതിനാൽ നിങ്ങളുടെ വസ്തുതകൾ നിങ്ങൾ ശരിയാക്കുമെങ്കിൽ അത് വളരെ നന്നായിരുന്നു . ഞങ്ങൾ 'നെയിം ചേഞ്ചർ' (പേര് മാറ്റുന്നവർ)' ആണെന്നും 'ഗെയിം ചേഞ്ചർമാർ' അല്ലെന്നും നിങ്ങൾ പറഞ്ഞു. ഞങ്ങളുടെ പ്രവർത്തനങ്ങളെ നോക്കി സത്യസന്ധതയോടെ നിരീക്ഷിക്കുമെങ്കിൽ ഞങ്ങൾ 'ലക്ഷ്യം മാറ്റുന്നവർ' ആണെന്ന് നിങ്ങൾ പറയും. ലക്ഷ്യത്തെ പിന്തുടർന്ന നേടിയെടുക്കുന്നവരാണ് ഞങ്ങൾ. അതുകൊണ്ട് , ഞങ്ങൾ ലക്ഷ്യമിടുന്ന ഓരോ കാര്യതിനും ഞങ്ങൾ സമയ പരിധി വയ്ക്കുന്നു. അത് കൈവരിക്കാൻ ആവശ്യമായ രൂപരേഖ തയാറാക്കുന്ന , സ്രോതസ്സുകളെ ഒരുക്കുന്ന, കഷ്ടപ്പെടുന്ന, അപ്പോൾ മാത്രമാണ ഇന്നുള്ള അത്യാപത്തുകളുടെ വെല്ലുവിളികളിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാനുള്ള സംഭാവനകൾ നല്കുവാൻ ഞങ്ങൾക്ക് കഴിയുകയുള്ളൂ.

അതുകൊണ്ട്, കോൺഗ്രസ്സ് നേട്ടങ്ങൾക്ക് കൊതിക്കുന്നത് തികച്ചും സ്വാഭാവികമാണ്. എല്ലാ കൈയടികളും ജന ശ്രദ്ധയും നിങ്ങൾ ആഗ്രഹിക്കുന്നത് സ്വാഭാവികമാണ്. അവ കേട്ടു തഴമ്പിച്ചതിനാൽ മറ്റൊന്നും നിങ്ങളുടെ ഉള്ളിലേക്കു കടന്നു ചെല്ലില്ല .

കോൺഗ്രസ് പാർട്ടിയിൽ നിന്നുള്ള ഏതെങ്കിലും പ്രധാനമന്ത്രിമാർ അദ്ദേഹത്തിൻറെയോ / അവരുടെയോ പ്രസംഗങ്ങളിൽ ആഗസ്റ്റ് 15 ന് മറ്റ് സർക്കാരുകളോ, സംസ്ഥാന സർക്കാരുകളോ ചെയ്ത നല്ല പ്രവർത്തനങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ടോയെന്ന്

നിങ്ങൾ രേഖകൾ ഒന്നു പരിശോധിച്ചാൽ എനിക്ക് സന്തോഷമുണ്ട്.

നമ്മുടെ രാജ്യത്തെ ഇത്രയും ദൂരം കൊണ്ട് വരുന്നതിന് വേണ്ടി ഇന്നുവരെ എല്ലാ കേന്ദ്ര സർക്കാരുകളും സംസ്ഥാന സർക്കാരുകളും സംഭവനകൾ നല്കിയ കാര്യം ചെങ്കോട്ടയിൽ നിന്നുകൊണ്ട് പറഞ്ഞത് ഞാനാണ്. അതിൽ ഒരു സംശയവുമില്ല .

ഞങ്ങളുടെ പ്രവർത്തനങ്ങളെ നോക്കി സത്യസന്ധതയോടെ നിരീക്ഷിക്കുമെങ്കിൽ ഞങ്ങൾ 'ലക്ഷ്യം മാറ്റുന്നവർ' ആണെന്ന് നിങ്ങൾ പറയും. ലക്ഷ്യത്തെ പിന്തുടർന്നു നേടിയെടുക്കുന്നവരാണ് ഞങ്ങൾ. അതുകൊണ്ട് , ഞങ്ങൾ ലക്ഷ്യമിടുന്ന ഓരോ കാര്യത്തിനും ഞങ്ങൾ സമയ പരിധി വയ്ക്കുന്നു. അത് കൈവരിക്കാൻ ആവശ്യമായ രൂപരേഖ തയാറാക്കുന്നു , സ്രോതസ്സുകളെ ഒരുക്കുന്നു, കഷ്ടപ്പെടുന്നു, അപ്പോൾ മാത്രമാണു ഇന്നുള്ള അത്യാപത്തുകളുടെ വെല്ലുവിളികളിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാനുള്ള സംഭാവനകൾ നല്കുവാൻ ഞങ്ങൾക്ക് കഴിയുകയുള്ളൂ. നിങ്ങൾ അടൽജിയെ ഓർക്കണം എന്നു ഞങ്ങൾ ആഗ്രഹിക്കുന്നില്ല , ഇനിയിപ്പോൾ നിർബന്ധം കൊണ്ട് ചെയ്യേണ്ടി വന്നാൽ അതിൽ കഴപ്പമില്ല. 2014-ന് മുമ്പ് ചെയ്ത എല്ലാത്തിനും നിങ്ങൾ അവകാശം എടുത്തിട്ടുണ്ട്. നിങ്ങൾ എല്ലാത്തിനും ക്രെഡിറ്റ് എടുക്കാൻ ആഗ്രഹിക്കുന്നു. അതേ പോലെ ചില അതിശയകരമായ നിയമങ്ങളും നിങ്ങൾക്കുണ്ട് . ചെറുപ്പത്തിൽ, ഞങ്ങളുടെ ഗ്രാമത്തിൽ ക്രിക്കറ്റ് കളിക്കുന്ന കൊച്ചുകുട്ടികളെ ഞങ്ങൾ നിരീക്ഷിച്ചിരുന്നു. അവസാനം അവർ വഴക്കിടുകയായിരുന്നു. അവർ എന്തിനാണ് വഴക്കിട്ടതെന്ന് ഞങ്ങൾ ചിന്തിച്ചിരുന്നു. കാരണം

അവർ കളിച്ചുകൊണ്ടിരിക്കുകയായിരുന്നല്ലോ. അവർക്കൊരു നിയമം ഉണ്ടെന്ന് ഞങ്ങൾക്ക് മനസ്സിലായി. ബാറ്റിൻറെ ഉടമ ബാറ്റ് ചെയ്യാറുണ്ടായിരുന്നു, അവനെ പുറത്താക്കിയ നിമിഷം തന്നെ അവൻ ആ ബാറ്റുമായി പോകാറുണ്ടായിരുന്നു. നിങ്ങളും അതേ പോലെയാണ്. നിങ്ങൾ എപ്പോഴും ബാറ്റ് ചെയ്യുമെന്ന് കരുതുന്നുണ്ടോ? ഇപ്പോൾ നിങ്ങൾക്ക് ബാറ്റ് ചെയ്യാൻ കിട്ടാത്തതിനാൽ 'ഗെയിം ഓവർ' എന്ന് പറയും. ഇങ്ങനെയല്ല കാര്യങ്ങൾ നടക്കുന്നത് സുഹൃത്തുക്കളെ!

പിന്നെ, ആധാറിലേക്ക് വരാം, അതിലേക്കു വരുമ്പോൾ അത് നിങ്ങൾ ജോലിയാണെന്നും ഞങ്ങൾ അതിൻറെ ക്രെഡിറ്റ് എടുക്കുന്നുവെന്നും നിങ്ങൾ പറയും. പക്ഷേ, 1998 ജൂലൈ 7ന് ഇതേ സഭയിൽ വെച്ച് അന്ന് ഈ സഭയിലെ അംഗമായിരുന്ന ബഹുമാനപ്പെട്ട ചെയർമാൻ ഒരു ചോദ്യം ചോദിച്ചതെന്ന് ഓർക്കണം.അന്നത്തെ ആഭ്യന്തര മന്ത്രി ശ്രീ ലാൽ കൃഷ്ണ അദ്വാനി ജി അതേ സഭയിൽ മറുപടി നൽകിയിരുന്നു, "പാസ്പോർട്ടുകൾ, ഡ്രൈവിംഗ് ലൈസൻസുകൾ, റേഷൻ കാർഡുകൾ, ആരോഗ്യ സംരക്ഷണം, പ്രവേശനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു സ്വകാര്യ മേഖലയിലെ തൊഴിൽ എന്നിവ നൽകുന്നതിനും മൾട്ടി പർപ്പസ് നാഷണൽ ഐഡൻറിറ്റി കാർഡുകൾ ഉപയോഗിക്കും. , ലൈഫ്, ജനറൽ ഇൻഷുറൻസ്, കൂടാതെ ഭൂരേഖകളുടെയും നഗര സ്വത്തുക്കളുടെയും പരിപാലനത്തിനും".

ആധാറിൻറെ വിത്ത് അവിടെയാണ് പാകിയത്.

20 വർഷം മുമ്പ് അടൽ ബിഹാരി വാജ്പേയിയുടെ ദർശനം ഇതായിരുന്നു. എന്നിട്ടും, ആധാർ ആരംഭിച്ചത് അവരാണെന്ന് കോൺഗ്രസ് പറഞ്ഞാൽ, അവർക്ക് അതിൻറെ അവകാശം നൽകുന്നതിൽ ഞങ്ങൾക്ക് പ്രശ്നമില്ല.

ആധാർ നിങ്ങളുടെ ആശയമാണ് . രാജ്യത്തെയാണ് പാർട്ടിയേക്കാൾ മുന്നിൽ പ്രാധാന്യത്തോടെ ഞങ്ങൾ പ്രതിഷ്ഠിച്ചത്. രാജ്യ ക്ഷേമമാണ് ഞങ്ങളുടെ തീരുമാനങ്ങളുടെ അടിസ്ഥാനം.

ഇന്ന് നേട്ടം സ്വന്തമാക്കാൻ നിങ്ങൾ അക്ഷമരാണ്. സുപ്രീംകോടതി തന്നെ എസ് ഐ ടി നിർമ്മിക്കുവാൻ നിർദ്ദേശിച്ചതാണ്. എന്നാൽ മൂന്ന വർഷത്തോളം നിങ്ങൾ ഒരു തീരുമാനവും എടുത്തില്ല. ഇത് നിങ്ങളുടെ മാത്രം നേട്ടമാണ്. ഞങ്ങൾ ആദ്യ എസ് ഐ റ്റി ഏറ്റെടുക്കുകയുണ്ടായി.

ഇന്ന് നേട്ടങ്ങൾ സ്വന്തം പേരിലാക്കാൻ വേണ്ടി നിങ്ങൾ ആഗ്രഹിക്കുന്നു. അത് സ്വഭാവികമാണ്. ഒരു എസ് ഐ ടി ക്കു വേണ്ടി സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നു. എന്നാൽ മൂന്നു വർഷം അതിനു വേണ്ടി ഒരു തീരുമാനവും നിങ്ങൾ കൈക്കൊണ്ടില്ല. അതിനുമുള്ള നേട്ടം നിങ്ങൾ എടുക്കും. പക്ഷേ ഞങ്ങൾ ആദ്യ

എസ്ഐടിയെ അംഗീകരിച്ചു, പക്ഷേ ഈ പ്രശ്നം ഞങ്ങളുടെ മുമ്പിലാണ് ആദ്യം വന്നതായി നിങ്ങൾ പറഞ്ഞേക്കാം.

കള്ളപ്പണത്തിനെതിരായ അന്വേഷണത്തിലെ നേട്ടവും കോൺഗ്രസ് സ്വീകരിച്ചേക്കും. ബിനാമി സ്വത്തിനെതിരായ നിയമം കോൺഗ്രസ് 28 വർഷമായി നടപ്പാക്കിയിരുന്നില്ല. അതിലെ ക്രെഡിറ്റും എടുക്കു. നാളിതുവരെ കോടിയിലധികം വരുന്ന സ്വത്തുക്കൾ, 3500 കോടി രൂപ കണ്ടുകെട്ടി. ബഹുമാനപ്പെട്ട ആനന്ദ് ജി, നിങ്ങൾ ഇത് അറിഞ്ഞിരിക്കേണ്ടതാണ്. നിങ്ങൾ വളരെക്കാലമായി ഇവിടെയുണ്ടല്ലോ. കാര്യങ്ങൾ പറയുവാൻ താങ്കൾക്കു പ്രത്യേക കഴിവുണ്ട്. വളരെ സൂക്ഷ്മമായ ആക്ഷേപഹാസ്യ ബോധമുണ്ട്. ബിനാമി സ്വത്ത് നിയമം ഇരുസഭകളിലും 28 വർഷം മുമ്പ് പാസാക്കിയെങ്കിലും ചട്ടങ്ങൾ രൂപപ്പെടുത്തിയില്ല, അത് വിജ്ഞാപനം ചെയ്തില്ല. അത് അനിശ്ചിതത്വത്തിലായിരുന്നു.

ആരാണ് തടഞ്ഞത്? അതിന് ഒരു പ്രതിപക്ഷവും ഉത്തരവാദിയല്ല

ഇപ്പോൾ, നിങ്ങളുടെ ഭരണകാലത്ത് ഉണ്ടായ എല്ലാ ബിനാമി സ്വത്തുക്കളുടെയും വർധനവിലെ നേട്ടവും നിങ്ങൾക്ക് നൽകണം. എല്ലാ ക്രെഡിറ്റും നിങ്ങൾക്കുള്ളതാണ്. ലോകം മാറിക്കഴിഞ്ഞു, നിങ്ങൾക്ക് ഇൻസോൾവൻസി കോഡിനെക്കുറിച്ചോ പാപ്പരത്ത നിയമങ്ങളെക്കുറിച്ചോ അറിയില്ലായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ പലരുടെയും വ്യക്തിപരമായ നേട്ടങ്ങൾക്കായി നിങ്ങൾ ഈ നിയമങ്ങൾ കൊണ്ടുവന്നില്ല എന്നതിൻറെ ക്രെഡിറ്റും നിങ്ങൾക്കുള്ളതാണ്. ഇന്നേ ദിവസം വരെ 3500 കോടി രൂപ കണ്ടുകെട്ടിക്കഴിഞ്ഞു . .

ഞങ്ങൾ തീരുമാനങ്ങൾ എടുത്തു, അതിലൂടെ വ്യാവസായിക മേഖലയ്ക്കും ആഗോള സമൂഹത്തിനും ഇന്ത്യയിലും ഇന്ത്യയുടെ നിയമങ്ങളിലും വിശ്വാസവും കൂറും വർദ്ധിക്കും . വൺ റാങ്ക് വൺ പെൻഷനെന്ന കാര്യത്തിലേക്ക് വന്നാൽ ,അവർ നാല് പതിറ്റാണ്ടുകളായി രാജ്യത്തെ വിഡ്ഢികളാക്കി . തിരഞ്ഞെടുപ്പിന് മുമ്പ് 500 കോടി രൂപ ബജറ്റ് ഇതിന് വകയിരുത്തിയിരുന്നു. കാരണം എന്തുചെയ്യണമെന്നറിയാതെ വലിയ സമ്മർദ്ദം ഉണ്ടായിരുന്നു. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ, ഒന്നിനും മതിയായ രേഖകൾ ഇല്ലെന്ന് ഞങ്ങൾ കണ്ടെത്തി, സൂക്ഷ്മമായ പഠനങ്ങൾ നടന്നിട്ടില്ലായിരുന്നു. . ഞങ്ങൾ അത് പ്രാബല്യത്തിൽ കൊണ്ടുവന്നപ്പോൾ 11,000 കോടി രൂപയുടെ ആവശ്യം വന്നു. 500 കോടി രൂപ ഉപയോഗിച്ച് നിങ്ങൾക്ക് ഇത് എങ്ങനെ കൈകാര്യം ചെയ്യാനാകുമായിരുന്നു? ,ക്രെഡിറ്റ് തീർച്ചയായും നിങ്ങൾക്കുള്ളതാണ്. ജി എസ് ടി നടപ്പിലാക്കാൻ അർദ്ധരാത്രിയിലും സഭ സമ്മേളിക്കുകയുണ്ടായി. പക്ഷേ കോൺഗ്രസ് അത് ബഹിഷ്കരിച്ചു. എല്ലാ പാർട്ടികളും അതിൽ പങ്കെടുത്തിരുന്നു. അതിൻറെ എല്ലാ ക്രെഡിറ്റും ഞങ്ങൾക്ക് കിട്ടുമെന്ന് നിങ്ങൾ ഭയപ്പെട്ടു. ജി എസ് ടി യെ സംബന്ധിക്കുന്ന എല്ലാ നിഷേധ നിലപാടുകളും നിങ്ങൾ അങ്ങിനെ കൊണ്ടുവന്നതാണ്. വിശ്വസിച്ചാലും ഇല്ലെങ്കിലും, ജിഎസ്ടിക്കെതിരെ നിങ്ങൾ ചെയ്യുന്ന എല്ലാ നിഷേധാത്മകതയും നിങ്ങളുടെ അക്കൗണ്ടിൽ രജിസ്റ്റർ ചെയ്യപ്പെടുകയും അത് രജിസ്റ്റർ ചെയ്യുന്നത് തുടരുകയും ചെയ്യും. രാജ്യം അത് ശ്രദ്ധിക്കുകയും ചെയ്യും. ഒന്നു ചിന്തിച്ചു നോക്കു! മറ്റുള്ളവർക്ക് എല്ലാ ക്രെഡിറ്റും ലഭിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്നു.

യൂറിയയിൽ വേപ്പെണ്ണ പൂശുന്ന കാര്യത്തെ കുറിച്ച് പറയുമ്പോൾ , നിങ്ങളുടെ ഭാഗത്തു നിന്നും പറയുവാൻ തുടങ്ങും അത് ഞങ്ങൾ ആണ് ആരംഭിച്ചതെന്ന് പക്ഷേ അത് പാതിവഴിയിൽ നിങ്ങൾ ഒരു കാര്യം ഉപേക്ഷിക്കുകയും അത് നിങ്ങൾ ക്യാപ്പ് ചെയ്യുകയും ചെയ്യുകയാണെങ്കിൽ , ഇനി മുന്നോട്ട് പോകാൻ ഇല്ല എന്നു പറഞ്ഞു ഉപേക്ഷിക്കുമെങ്കിൽ അതിലൂടെ ലാഭത്തെക്കാൾ ഏറെ അത് നഷ്ടമാകും സംഭവിക്കുക . വേപ്പെണ്ണ പൂശുന്നതിന് പിന്നിൽ രണ്ട് വശങ്ങൾ ഉണ്ട്, അത് നിങ്ങൾക്കും അറിയാം.

ഒന്നാമത്തേത് അതിലൂടെ യൂറിയയുടെ ശക്തി വർദ്ധിപ്പിക്കുന്നു. അക്കാരണം കൊണ്ട് കുറഞ്ഞ തോതിൽ യൂറിയ ഉപയോഗിച്ച് കർഷകർക്ക് കൃഷി ചെയ്യാൻ കഴിയും. രണ്ടാമതായി, വിളവിൽ വർദ്ധന ഉണ്ടാകുക എന്ന ഗുണപരമായ മാറ്റം കൊണ്ടുവന്നു. ഇനി മറ്റൊന്ന് , ബിൽ, സബ്സിഡി എന്നിവ കർഷകരുടെ പേരിൽ ഉള്ളപ്പോൾ ആണ് അത് ഫാക്ടറികളിലേക്ക് തിരിച്ചു വിട്ടിരുന്നത് . എന്നാൽ നൂറു ശതമാനം വേപ്പെണ്ണ പുരട്ടിയതാണെങ്കിൽ അത് ഫാക്ടറികളിൽ ഉപയോഗിക്കാൻ സാധിക്കില്ല എന്നത് നിങ്ങൾക്കു നന്നായി അറിയാമായിരുന്നു. എന്തുകൊണ്ടാണ് മുപ്പത്തിയഞ്ച് ശതമാനം ക്യാപ്പിംഗ് നടത്തിയത്?

ആർക്ക് വേണ്ടിയാണ് നിങ്ങൾ ആ 65% മാറ്റി വച്ചത്? ഈ ഖ്യാതി ഞാൻ ആർക്കാണ് നല്കേണ്ടത്? 100% പിന്നിൽ നമ്മൾ പോയാൽ . മാത്രവുമല്ല ഇറക്കുമതി ചെയ്യുന്ന യൂറിയയും 100% വേപ്പെണ്ണ പുരട്ടിയതാണ്. അതിനാൽ ഇന്ന് യൂറിയയുടെ അഭാവം കർഷകൻ അനുഭവിക്കുന്നില്ല. ഞാൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ യൂറിയക്കു വേണ്ടി രണ്ടോ മൂന്നോ കത്തുകൾ പ്രധാനമന്ത്രിക്ക് എഴുതേണ്ടി വരുമായിരുന്നു. ഞാൻ ഇവിടെ വരുമ്പോൾ എനിക്കു ആദ്യകാലങ്ങളിൽ യൂറിയക്ക് വേണ്ടി മുഖ്യമന്ത്രിമാരുടെ രണ്ടോ മൂന്നോ കത്തുകൾ ലഭിച്ചിരുന്നു. ഇന്ന് ഒരു കത്ത് പോലും എനിക്ക് ലഭിക്കുന്നില്ല ആരെയെങ്കിലും പോലീസിനെ വിട്ട് ലാത്തിചാർജ് ചെയ്യേണ്ട ആവശ്യവുമില്ല . ജനങ്ങൾക്ക് യൂറിയ ലഭിക്കുന്നുണ്ട്. ചില കാര്യങ്ങൾ ഇനിയും മാറ്റാവുന്നതാണ് . ചില സമയം രാഷ്ട്രീയം പ്രബലമാകും. അത് തെരഞ്ഞെടുപ്പുകൾ ആവർത്തിക്കുന്നത് കൊണ്ടുള്ള ഫലമാണ്, അപ്പോൾ പദ്ധതി ആസൂത്രണം പൂർത്തിയായോ ഇല്ലയോ എന്ന് നോക്കുന്നതിന് മുൻപ് തന്നെ നമ്മൾ തറക്കല്ലുകൾ ഇടുകയും പദ്ധതികൾ തുടങ്ങുകയും ചെയ്യും. അവയുടെയൊക്കെ പരിണാമം എന്താണ്? ഇത് നോക്കൂ , റെയിൽവേ ബജറ്റിൽ പ്രഖ്യാപനങ്ങൾ ഞങ്ങൾക്ക് കുറക്കേണ്ടി വന്നു. റെയിൽവേ ബജറ്റ് അംഗീകരിക്കപ്പെട്ടു. പക്ഷേ എന്തിനാണ് അങ്ങിനെ ചെയ്തത്? മുൻ ഗവൺമെന്റുകൾ 15,000ന മുകളിൽ റെയിൽവേ പദ്ധതികൾ പ്രഖ്യാപിച്ചു, പക്ഷേ അവയെ ശ്രദ്ധിക്കുവാനോ അവയുടെ പുരോഗതി നോക്കി വിലയിരുത്താനോ ആരുമില്ലായിരുന്നു. അവ പ്രഖ്യാപിക്കുന്ന ദിവസം കുറച്ചു ദിവസങ്ങൾ സഭ അതിൽ അഭിനന്ദിച്ചു കയ്യടിച്ചു പ്രോത്സാഹിപ്പിക്കുകയും ഇതിനെ സംബന്ധിക്കുന്ന ഒരു വാർത്ത ദിന പത്രങ്ങളിൽ വന്നു, അവിടുത്തെ എംപി പ്രശസ്തനാകും അതോടെ എല്ലാം അവസാനിച്ചു. ഈ ഒരു സംസ്കാരം രാജ്യത്തെ ഒരുപാട് പിന്നിലാക്കിയിട്ടുണ്ട്.

പ്രഗതി സാങ്കേതികവിദ്യ ഉപയോഗിക്കുവാൻ ഞാൻ മുൻകൈ എടുത്തിട്ടുണ്ടെന്ന് അറിയുമ്പോൾ നിങ്ങൾ ആശ്ചര്യപ്പെടും. താൽക്കാലികമായി നിർത്തിവച്ച എല്ലാ പദ്ധതികളും ഞാൻ വ്യക്തിപരമായി അവലോകനം ചെയ്യാൻ തുടങ്ങി. എല്ലാ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്കും ഇന്ത്യാ ഗവൺമെൻറിലെ എല്ലാ സെക്രട്ടറിമാർക്കും ഒപ്പം ഞാൻ ഓൺലൈനിൽ സംവദിക്കുന്നു. നിങ്ങൾ അതിശയിച്ചു പോകും. 30-40 വർഷം പഴക്കമുള്ള പദ്ധതികൾ ഉണ്ടായിരുന്നുവെന്നും അവയുടെ തറക്കല്ലിടൽ നടന്നിരുന്നുവെങ്കിലും അവ രേഖകളിൽ ഇല്ല .

എല്ലാ വകുപ്പുകളുടെയും എല്ലാ പദ്ധതികളും ഞാൻ അവലോകനം ചെയ്യാൻ തുടങ്ങി. മുൻ സർക്കാരുകൾ ആരംഭിച്ചതാണ് ഈ പദ്ധതികൾ എന്നത് കൊണ്ട് ഉത്തരവാദിത്തത്തിൽ നിന്ന് ഞാൻ ഒഴിഞ്ഞുമാറുകയല്ല. എല്ലാറ്റിനും ഉപരിയായി തടസ്സങ്ങളില്ലാതെ രാജ്യം തുടർച്ചയായി പോകണം എന്നതാണ് . . സർക്കാരുകൾ മാറിക്കോട്ടെ, അത് ജനാധിപത്യമാണ്. ജയറാം രമേശിൻറെ കാലത്ത് ആരംഭിച്ച പദ്ധതിയാണ് എന്നു പറഞ്ഞ് ഉപേക്ഷിക്കാനാകില്ല. അത്തരം ഒരു മനോഭാവത്തോടെയല്ല ഒരാളും പ്രവർത്തിക്കേണ്ടത് . നാളിതുവരെ ഒൻപത് ലക്ഷം കോടിയിലധികം രൂപയുടെ പദ്ധതികൾക്ക് ഞാൻ അനുമതി നൽകിയിട്ടുണ്ടെന്നറിയുമ്പോൾ നിങ്ങൾ ആശ്ചര്യപ്പെട്ടേക്കും . 30-40 വർഷം പഴക്കമുള്ള അപൂർണ്ണമായ പദ്ധതികൾ പരിശോധിക്കാൻ എല്ലാ മന്ത്രാലയങ്ങളോടും ഞാൻ ആവശ്യപ്പെട്ടു. അക്കാലത്ത് ഈ പദ്ധതികൾ പൂർത്തീകരിച്ചിരുന്നെങ്കിൽ ഏതാനും

ആയിരം കോടി രൂപ ചെലവാകുമായിരുന്നു. എന്നാൽ ഇന്ന് ഈ പദ്ധതികൾ നടപ്പാക്കാൻ ഇവ ഒമ്പത് ലക്ഷം കോടിയുടെയോ 10 ലക്ഷം കോടിയുടെയോ വേണ്ടി വരുന്നു. നിങ്ങളും സർക്കാർ നടത്തി , ഞങ്ങളും . ഏത് സർക്കാർ അധികാരത്തിലായാലും അത് അവരുടെ ഉത്തരവാദിത്തമാണ്.

എങ്കിലും ഈ കല്ലുകളിൽ നിങ്ങളുടെ പേരുകൾ കൊത്തിവച്ചിട്ടുണ്ട്, ചില കല്ലുകൾ മോഷ്ടിച്ച കൊണ്ട് പോയിട്ടുമുണ്ട്. അതിനാൽ ക്രെഡിറ്റ് നിങ്ങൾക്കുള്ളതാണ്.

ഈ പദ്ധതികൾ എല്ലാം നിങ്ങളുടേതാണ്. നിങ്ങളാണ് ഈ പദ്ധതികളെല്ലാം തുടങ്ങി വെച്ചത്.

1)ഇപ്പോൾ ആസാദ് സാഹബ് ഭക്ഷ്യസുരക്ഷാ ബില്ലിനെ പറ്റി തീയതി സഹിതം സഭയിൽ പറഞ്ഞു. ആർക്കും ആ തീയതിയെ കുറിച്ച നിങ്ങളോട് ചോദിക്കാം, ഞങ്ങളുടെ സർക്കാർ അതിനും ഒരു വർഷം കഴിഞ്ഞാണ് അധികാരത്തിൽ വന്നത്. ആ ഒരു വർഷത്തിൽ നിങ്ങൾ എന്തുകൊണ്ട് അത് പ്രാബല്യത്തിൽ കൊണ്ടുവന്നില്ല? ? ഇപ്പോൾ നിങ്ങൾ പരമോന്നത കോടതിയുടെ ഉത്തരവ് പരാമർശിക്കുന്നു. കേരളത്തിൽ അന്നത്തെ നിങ്ങളുടെ ഗവൺമെൻറ് ബിൽ അംഗീകരിച്ചില്ല. പിന്നീട് സുപ്രീം കോടതി അധികാരം ഉപയോഗിക്കേണ്ടി വന്നു. എന്നിട്ടും നിങ്ങൾ ഞങ്ങളിലേക്ക് ആ കുറ്റം ചാരുന്നു. ഏത് തീരുമാനം നമ്മൾ എടുത്താലും അത് ചെയ്യു തീർക്കുമെന്ന ലക്ഷ്യബോധം നമുക്കുണ്ടാകണം എന്നു ഞാൻ വിശ്വസിക്കുന്നു.

ഇപ്പോൾ നിങ്ങൾ പറയുന്നത്. വളം നിർമ്മാണ (ഫെർട്ടിലൈസർ) ഫാക്ടറികൾ തുടങ്ങിയത് നിങ്ങളുടെ കാലത്താണെന്നാണ് .

അതുശരിയാണ്. എന്നാൽ നിങ്ങളുടെ ഭരണകാലത്ത് തന്നെയാണ് അവ പൂട്ടിപ്പോയതും . നിരവധി തൊഴിലാളികൾ

താങ്കളുടെ ഭരണകാലത്ത് തൊഴിൽരഹിതരായി. ഇന്ന്, നിയമങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് ഞങ്ങൾ അത് നടപ്പിലാക്കുകയാണ്. യു.പി.യിലെ ഗോരഖ്പൂർ, ബിഹാറിലെ ബറൗനി, ജാർഖണ്ഡിലെ സിന്ദ്രി എന്നിവിടങ്ങളിലെ അടച്ചുപൂട്ടിയ യൂറിയ ഫാക്ടറികളുടെ പ്രവർത്തനം പുനരാരംഭിക്കാനും വേഗത്തിലാക്കാനും വേണ്ടി ഞങ്ങൾ ഇന്ന് ശ്രമിക്കുന്നു. ജഗദീഷ്പൂർ-ഹാൽദിയ ഗ്യാസ് പൈപ്പ്ലൈനും ഫാക്ടറികളുമായി ഞങ്ങൾ ബന്ധിപ്പിച്ചതിനാൽ ഗ്യാസ് വിതരണത്തിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാനവർക്ക് സാധിച്ചു. കിഴക്കൻ ഇന്ത്യയുടെ വികസന സാധ്യതകൾ വർദ്ധിപ്പിക്കുവാൻ പര്യാപ്തമായ ഒരു പ്രത്യേക മേഖലയിലാണ് അത്തരമൊരു ക്രമീകരണം ഞങ്ങൾ ചെയ്യുന്നത്, ആ സംസ്ഥാനം ഭരിക്കുന്നത് ഭാരതീയ ജനതാ പാർട്ടിയല്ല. വികസന സിദ്ധാന്ത അടിസ്ഥാനത്തിലാണ് ഞങ്ങൾ നേരിട്ട് പ്രവർത്തിക്കുന്നത്. നിങ്ങൾ അത് വിലമതിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

നമ്മുടെ ആദരണീയനായ സഭാംഗം ശ്രീ അമിത് ഷാ ഇവിടെ പ്രസംഗിച്ചു. അമിത് ഷായുടെ പ്രസംഗത്തിൽ സർദാർ പട്ടേലിനെ പറ്റി പരാമർശം ഇല്ല എന്ന് ആസാദ് സാഹബ് പറയുകയുണ്ടായി. എനിക്കത് കേട്ടപ്പോൾ സന്തോഷം തോന്നി. നിങ്ങൾ സർദാർ സാബിനെ സ്മരിച്ചതിൽ എനിക്കു സന്തോഷമുണ്ട്. ഇപ്പോഴാണ് ഗുജറാത്തിൽ തെരഞ്ഞെടുപ്പ് നടന്നത്. ഞങ്ങളുടെ ബാബു ഭായ് ഇവിടെ ഇരിക്കുന്നുണ്ട് . ആ തെരഞ്ഞെടുപ്പിൽ സർദാർ പട്ടേൽ എന്ന നാമം കോൺഗ്രസിൻറെ എല്ലാ എഴുത്തിലും നിറഞ്ഞു നിന്നു. വർഷങ്ങൾക്കുശേഷം ഇത്തരം ഒരു ദിവസം കാണുവാനായതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. ഈ പാരമ്പര്യം തെരഞ്ഞെടുപ്പിനു ശേഷവും തുടരും എന്ന് ഞാൻ കരുതി. എന്നാൽ ഗുജറാത്തിൽ തെരഞ്ഞെടുപ്പു അവസാനിച്ചു. അതിനു ശേഷം നിങ്ങളുടെ പാർട്ടി സംഘടിപ്പിച്ച ഒരു ചടങ്ങിൽ സർദാർ പട്ടേലിന് ഫോട്ടോ ഒരിടത്തും കാണാൻ ഇല്ലായിരുന്നു, പശ്ചാത്തലത്തിൽ എവിടേയും ഇല്ലായിരുന്നു. നിങ്ങൾക്ക് ആ പരിപാടിയുടെ പഴയ ഫോട്ടോകൾ കാണുവാനാകും. തെരഞ്ഞെടുപ്പ് കഴിഞ്ഞ് കേവലം ഒരാഴ്ച മാത്രം കഴിഞ്ഞപ്പോൾ നടത്തിയ ആ പരിപാടിയെ കുറിച്ചു പത്രങ്ങളിൽ വാർത്തകൾ വന്നു . സർദാർ പട്ടേൽ അവയിലൊക്കെ അപ്രത്യക്ഷം . . ഞങ്ങളുടെ നേതാക്കൾ സർദാർ പട്ടേലെന്ന പേര് പറഞ്ഞു ചട്ടം മറികടക്കാൻ നോക്കിയിട്ടില്ല പക്ഷേ നിങ്ങൾ അത് ഉപയോഗിക്കാൻ നോക്കി. സർദാർ പട്ടേലിനും ബാബു സാഹിബിനും ഭാരതരത്നം നൽകി ആദരിക്കപ്പെട്ട സമയം ഒന്ന് ഓർക്കുവാൻ ശ്രമിക്കൂ? ഇത്ര കാലതാമസം എന്തുകൊണ്ടാണ് അത് നല്കാൻ എടുത്തത്? ഈ വിഷയം രാഷ്ട്രപതിയുടെ സന്ദേശത്തിനു പുറത്തുള്ളതാണ് എങ്കിലും

നിങ്ങൾ അത് ഉന്നയിച്ചു. നിങ്ങൾ ആ കാര്യം പറഞ്ഞത് നന്നായി. പക്ഷേ നിങ്ങൾ എപ്പോഴൊക്കെയും പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുമോ അപ്പോൾ നിങ്ങൾക്കു നേരെ തന്നെ നാല് വിരലുകൾ ചൂണ്ടിയിരിക്കുന്നുണ്ടാകും. അതു നിങ്ങൾ മറക്കരുത്. നമ്മുടെ രാജ്യത്ത് ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി, ഒരു പക്ഷേ ഇത് പോലെയുള്ള സൂക്ഷ്മഭേദങ്ങൾ നിരീക്ഷിക്കുക എന്നത് നിങ്ങളുടെ പ്രവർത്തന സംസ്കാരത്തിൽ ഉൾപ്പെട്ടിട്ടുണ്ടാകില്ല.

ദീർഘനാൾ മുഖ്യമന്ത്രിയായി തുടരാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. ആസാദ് സാബ് വളരെ കാലം മുഖ്യമന്ത്രി ആയിരുന്നു. അതിനാൽ ഈ കാര്യങ്ങളുടെ വിശദാംശങ്ങളിലേക്ക് നമുക്ക് പോയേ മതിയാകൂ എന്ന് അദ്ദേഹത്തിനും അറിയാം. ശരത് റാവുവും മുഖ്യമന്ത്രിയായിരുന്നു, അതിനാൽ അദ്ദേഹത്തിനും അറിയാം കാര്യങ്ങളുടെ സൂക്ഷ്മത എന്താണെന്നു അറിയാൻ ഒരാൾ മുതിർന്നെ തീരുവെന്ന് . മുഖ്യമന്ത്രിമാർക്കു കാര്യങ്ങൾ കാട്ടും പടലും തല്ലി പറയാൻ ആകില്ല. വിശദമായി കാര്യങ്ങൾ അവർ അറിയണം . മുഖ്യമന്ത്രിമാർ ആയിരുന്നവർക്ക് അക്കാര്യം അറിയാം. വളരെ കുറച്ച് മുഖ്യമന്ത്രിമാരെ ഇവിടെയുള്ളൂ. ചെറിയ വകുപ്പുകളാണ് ഇവിടെ വന്നിട്ടുള്ളവർക്ക് ലഭിച്ചിട്ടുള്ളത് . എനിക്ക് വലിയൊരു ചുമതലയാണ് ലഭിച്ചത്. അതിനാൽ എൻറെ പഴയ കാല അനുഭവം എനിക്ക് വളരെ ഉപയോഗപ്പെടുന്നു. ജലസേചനപദ്ധതികൾ വർഷങ്ങൾക്കു മുൻപ് വന്നതാണ്. ഡാമുകൾ നിർമ്മിക്കപ്പെട്ടു. എന്നാൽ ആ ജലം എന്തിനുവേണ്ടിയായിരുന്നു? അവ കൃഷിയിടങ്ങൾക്ക് ആയിരുന്നു. എന്നാൽ നാൽപ്പത്- അൻപത് വർഷങ്ങളിൽ കനാലുകൾ ഒന്നും നിർമ്മിക്കപ്പെട്ടില്ല. ആർക്കെങ്കിലും അത് സങ്കൽപ്പിക്കുവാൻ സാധിക്കുമോ ? ഒരു ആറു നില കെട്ടിടം ഉണ്ടാക്കുന്നു. എന്നാൽ ഗോവണികളോ , ലിഫ്റ്റോ നിർമിക്കുന്നില്ല! അങ്ങിനെയാണ് കാര്യങ്ങൾ ചെയ്തിരിക്കുന്നത് . അത്തരം 99 പദ്ധതികൾ ഞാൻ തിരിച്ചറിഞ്ഞു. ആയിരക്കണക്കിന് കോടി രൂപ മുടക്കി ആ പദ്ധതികൾ പുനരാരംഭിച്ചു അതിലൂടെ കർഷകർക്ക് ജലലഭ്യത ഉറപ്പാക്കുകയാണ് ലക്ഷ്യം. അൻപത് പദ്ധതികൾ ഞങ്ങൾ പൂർത്തിയാക്കി . ബാക്കിയുള്ള പദ്ധതികളും വേഗത്തിൽ തന്നെ തീർക്കുവാൻ വേണ്ടി ഞങ്ങൾ പ്രയത്നിക്കുന്നു

നിങ്ങൾ അവയെല്ലാം നിർമ്മിച്ചത് നല്ല കാര്യം. എന്നാൽ അവ എന്തുകൊണ്ട് അപൂർണ്ണമായി എന്നതാണു ചോദ്യം ? ജോലി എങ്ങിനെ പാതി വഴിയിലായി? അവയിൽ നിന്ന് പൂർണ്ണമായ ഫലപ്രാപ്തി ഉണ്ടായില്ല . സമഗ്രവും സംയോജിതവുമായ സമീപനവും വിശാലമായ കാഴ്ചപ്പാടും പിന്തുടർന്നാൽ കൂടുതൽ മികച്ചതാകമായിരുന്നു. നിങ്ങളുടെ ഭരണകാലത്ത് ചെയ്ത എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കിയിരുന്നെങ്കിൽ, രാജ്യം മികവോടെ പ്രവർത്തിക്കുമായിരുന്നു. നിങ്ങൾ ചെയ്തില്ല എന്ന് ഞാൻ പറയുന്നില്ല, എന്നാൽ എങ്ങിനെ ആയിരുന്നോ പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്യേണ്ടിയിരുന്നത് അതാണ് വലിയ മാറ്റങ്ങൾ വരുത്തുക . അതിൻറെ കുറവുണ്ടായിരുന്നു നിങ്ങൾക്ക്.

ഭരിക്കാൻ അവസരം ലഭിച്ചവർ ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കണം. അതിനാൽ, ഞങ്ങൾ എങ്ങനെയാണ് ഒരു വലിയ മാറ്റം കൊണ്ടുവന്നതെന്ന് നിങ്ങൾ കണ്ടിരിക്കണം. നമ്മുടെ രാജ്യത്ത് കൂടുതൽ ബജറ്റ് വിഹിതം തൃപ്തികരമാണെന്ന് കണക്കാക്കപ്പെടുന്നു.

അത് കൈയടികൾ നേടുന്നു . ബജറ്റിൽ വകയിരുത്തി.

വിഹിതത്തിൽ ശ്രദ്ധിക്കുന്നവർ കുറവാണ് . അതിന്റെ ഫലം എന്താണെന്ന് മനസ്സിലാക്കുന്നവർ അതിലും കുറവ്. ഫലം എന്താകും എന്നാരും ചിന്തിക്കുന്നില്ല. ഞങ്ങൾ ആ പ്രവർത്തനശൈലി തന്നെ മാറ്റി. ഞങ്ങൾ ഫലപ്രാപ്തി റിപ്പോർട്ട് തയ്യാറാക്കി. അത് പാർലമെന്റിൽ വയ്ക്കുന്നു. . അത് വഴി ഒരു പ്രത്യേക പദ്ധതിക്കായി നൽകപ്പെടുന്ന ഫണ്ടുകൾ ആ പദ്ധതിക്കു വേണ്ടി തന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുവാനാകുന്നു. അതിനാൽ ഫലപ്രാപ്തി ഉറപ്പ് നമ്മുടെ ശ്രമം . നമ്മുടെ നാട്ടിലെ കാർഷിക മാലിന്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ, കർഷകരുടെ വരുമാന നിലവാരം ഉയർത്താൻ നമുക്ക് സഹായിക്കാനാകും. കർഷകരുടെ വരുമാനം വർധിപ്പിക്കുന്ന കാര്യം ഇപ്പോൾ ചർച്ച ചെയ്യപ്പെടുകയായിരുന്നു. കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിൽ ആർക്കാണ് പ്രശ്നമുണ്ടാകുക എന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു? ആരും എതിർക്കരുതെന്ന് ഞാൻ കരുതുന്നു. രാഷ്ട്രീയ താൽപര്യങ്ങൾ അതിൽ ഇല്ലാത്തത് കൊണ്ടല്ല . ഇത് നമ്മൾ ചെയ്യേണ്ട കാര്യം ആണ് എന്ന ധാരണ ഇവിടെ ഇരിക്കുന്ന എല്ലാവരുടെയും

മനസ്സിലുണ്ട്. ഈ കൃത്യം എങ്ങിനെ നടപ്പാക്കാം . ഭൂമിയുടെ ഭാഗങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കുടുംബത്തിലെ അംഗങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു കർഷകന് 10 ബിഘാ ഭൂമിയുണ്ടെങ്കിൽ, അത് അവരുടെ കുട്ടികൾക്കിടയിൽ വിഭജിക്കപ്പെടുകയും അത് രണ്ടോ ഒന്നോ ബിഘ ചുരുങ്ങുകയും ചെയ്യുന്നു. അപ്പോൾ അത് ബുദ്ധിമുട്ടായി മാറുന്നു. അതിനാൽ സാങ്കേതിക ഇടപെടൽ അനിവാര്യമാണ്. കാർഷിക - സാങ്കേതികവിദ്യയിലേക്ക് നാം നീങ്ങേണ്ടതുണ്ട്.നമുക്ക് ആധുനികവത്ക്കരണം ആവശ്യമാണ് . അപ്പോൾ മാത്രമേ അത് ഒരു മാറ്റത്തിന് കാരണമാകൂ. സോയിൽ ഹെൽത്ത് കാർഡ് അത്തരത്തിലുള്ള ഒന്നാണ്. ഓരോ തുള്ളിക്ക് കൂടുതൽ വിളക്കു വേണ്ടി മൈക്രോ ഇറിഗേഷനും അത്തരം ഒരു ശ്രമമാണ്. സ്പ്രിംഗ്ലർ- നമ്മുടെ നാട്ടിൽ ഫ്ലഡ് ഇറിഗേഷൻ ഇല്ലാതെ (വെള്ളം കെട്ടി നിർത്തിയുള്ള രീതി) കരിമ്പ് ഉത്പാദിപ്പിക്കാൻ കഴിയാത്ത ഒരു കാലമുണ്ടായിരുന്നു. കരിമ്പ് കൃഷി ചെയ്യണമെങ്കിൽ പാടത്ത് വെള്ളം നിറച്ചിരിക്കണം എന്നായിരുന്നു കർഷകരുടെ വിശ്വാസം. എന്നാൽ എൻറെ അനുഭവം അനുസരിച്ച്, ഗുജറാത്തിൽ , കരിമ്പ് കൃഷി ചെയ്യാൻ സ്പ്രിംഗ്ളർ ജലസേചന സംവിധാനം ഉപയോഗിക്കണമെന്ന ഒരു നിയമം ഉണ്ടായിരുന്നു, അതിൽ നിന്നുണ്ടായ വിളവ് ധാരാളമായിരുന്നു. ഇപ്പോൾ രാജ്യത്തുടനീളം ആ രീതിയിൽ കൃഷി ചെയ്യപ്പെടുന്നു. ക്രമേണ രാജ്യത്തുടനീളം ജലം സംരക്ഷിക്കപ്പെടും. ഇത്തരം നിരവധി പരീക്ഷണങ്ങൾ ഉണ്ട്. പണ്ട് വാഴകൃഷി ചെയ്തിരുന്നവർ വാഴയുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യാൻ പണം മുടക്കേണ്ടിയിരുന്ന എന്ന കാര്യം എല്ലാവർക്കും അറിയാം. ഓരോ ഏക്കർ കണക്കിൽ അയ്യായിരമോ പതിനായിരമോ പതിനയ്യായിരം രൂപയോ അവർക്ക് ഈ അവശിഷ്ടങ്ങൾ നീക്കം ചെയ്യാനായി കൊടുക്കേണ്ടി വന്നു.

നമ്മുടെ കാർഷിക സർവ്വകലാശാല വാഴയുടെ അവശിഷ്ടങ്ങളിൽ നിന്നും നാരുകൾ ഉണ്ടാക്കി തുണികളും വസ്ത്രങ്ങളും നിർമ്മിച്ചു.

അത്യധികം ഗുണമേന്മയുള്ള വസ്ത്രങ്ങളാണ് അതിൽ നിന്ന് ഉത്പാദിപ്പിക്കപ്പെടുന്നത്. മാത്രമല്ല, വരണ്ട ഭൂമിയിൽ അവ മുറിച്ച് വിതറിയാൽ ജലമില്ലാതെ ആ ഭൂമിയിൽ ചെടികളും മരങ്ങളും തൊണ്ണൂറു ദിവസത്തെക്കെങ്കിലും വളരും! ആ മാലിന്യം ഇപ്പോൾ സമ്പത്തായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇന്ന് ആളുകൾ അത് ഏക്കറിന് പതിനായിരവും പതിനയ്യായിരവും വച്ച് വാങ്ങുവാനും വരുന്നു . നമ്മുടെ രാജ്യത്തെ കാർഷിക മാലിന്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ, കർഷകരുടെ വരുമാന നിലവാരം ഉയർത്താൻ നമുക്ക് സഹായിക്കാനാകും. ഇപ്പോൾ, കർഷകനു രണ്ട് രീതിയിലും നഷ്ടമുണ്ടാകാം - അവർ മിച്ചമോ കമ്മിയോ ഉൽപ്പാദിപ്പിച്ചാൽ. നമ്മുടെ രാജ്യത്തെ പഞ്ചസാര ഫാക്ടറികൾ പ്രവർത്തിക്കുന്നത് പ്രധാനമായും നമ്മുടെ രാജ്യത്തെ കർഷകർ കാരണമാണ്. ഇപ്പോൾ എഥനോളിൻറെ ആവശ്യകത പത്ത് ശതമാനമായി ഞങ്ങൾ ഉയർത്തി. പഞ്ചസാരയുടെ മേൽ സമ്മർദ്ദം ഉണ്ടാകുമ്പോഴെല്ലാം അത് ആഗോള വിപണിയിൽ ചലനമുണ്ടാക്കുന്നു. എന്നാൽ അത് എഥനോളിലേക്ക് തിരിച്ചുവിട്ടാൽ അത് കർഷകരുടെ സംരക്ഷണം ഉറപ്പാക്കും.

ഞങ്ങൾ കിസാൻ സമ്പദ യോജനയും ആരംഭിച്ചിട്ടുണ്ട്. നമുക്കറിയാം , നമ്മുടെ ലക്ഷമോ കോടിയോ കണക്കിനു പണം നഷ്ടമായി പോകാൻ കാരണം വയലുകൾ മുതൽ വിപണി വരെയുള്ള ശൃംഖലയിലുടനീളം ധാരാളം ദുർബലമായ ഘടകങ്ങൾ ഉള്ളത് കൊണ്ടാണ് . അടിസ്ഥാന സൗകര്യങ്ങളിൽ നിരവധി ദുർബലമായ ഘടകങ്ങളുണ്ട്. വിത്ത് മുതൽ വിപണി വരെ സമഗ്രമായ ഒരു സമീപനം നമുക്കുണ്ടെങ്കിൽ മാത്രമേ ശ്രമങ്ങൾ ഫലവത്താകൂ. അതിനാൽ, ഞങ്ങൾ ആ ദിശയിൽ പ്രവർത്തിക്കുന്നു.

ഇ-നാം പദ്ധതി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, എപിഎംസി നിയമത്തിൽ ഇതിനോടകം ഭേദഗതികൾ വരുത്തേണ്ടതും എന്നാൽ അങ്ങനെ ചെയ്യാത്തതുമായ നിരവധി സംസ്ഥാനങ്ങളുണ്ട്. എന്നിരുന്നാലും, ഇ-നാം വഴിയുള്ള ഓൺലൈൻ വിൽപ്പനയിലൂടെ കർഷകർ ഏകദേശം 36,000 കോടി രൂപയുടെ ബിസിനസ്സ് നടത്തുകയുണ്ടായി . 36,000 കോടി മുതൽ മുടക്ക് ഉള്ള ബിസിനസ് എന്നത് വളരെ ശുഭകരമായ കാര്യമാണ് , അത് ഇനിയും പുരോഗമിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമുക്ക് മൂല്യവർദ്ധനവിലേക്ക് പോകണം. പച്ചമുളക് വിറ്റാൽ കർഷകർക്ക് കുറഞ്ഞ തുകയാകും ലഭിക്കുക . എന്നാൽ നല്ലയിനം ചുവന്ന മുളക് ഉണ്ടെങ്കിൽ, അതിൽ നിന്ന് പൊടിയുണ്ടാക്കി കൃത്യമായ ബ്രാൻഡിംഗിൽ പാക്ക് ചെയ്യുന്നത് കർഷകരുടെ വരുമാനം വർധിപ്പിക്കും. കർഷകരുടെ അനുബന്ധ പ്രവർത്തനങ്ങളെ കുറിച്ച് പറയുകയാണെങ്കിൽ, ഇന്ന് വയലിനുള്ളിൽ ഒരു സൗരോർജ്ജ ഫാം

കൂട്ടിച്ചേർക്കാൻ കഴിയും. അത് വഴി സോളാർ പമ്പുകൾക്കുള്ള വൈദ്യുതിയും ഉൽപ്പാദിപ്പിക്കാനാകും. അങ്ങിനെ ഡീസലിനും വൈദ്യുതിക്കുമുള്ള ചെലവ് കുറയ്ക്കാനാകും. സംസ്ഥാന സർക്കാരുകൾക്കും ആ വൈദ്യുതി വാങ്ങാം. ചെലവിൽ വളരെയധികം കുറവുണ്ടാകും.

മുളകളെ കുറിച്ച് നമ്മൾ പറയുകയാണെങ്കിൽ തൊണ്ണൂറു വർഷമായി - നിങ്ങളുടെ കുഴപ്പമല്ല - നിയമപരമായി മുളയെ നമ്മൾ മരമായി കരുതി. അതിനാൽ മുള മുറിക്കാൻ അനുവാദമില്ലായിരുന്നു. എന്നാൽ ലോകം മുഴുവൻ മുളയെ പുല്ലായിട്ടാണ് കരുതുന്നത്. നിങ്ങളും അങ്ങനെ ചെയ്തിരുന്നെങ്കിൽ അതിൻറെ അംഗീകാരം ലഭിച്ചേനെ. ഞങ്ങൾ അതു ചിന്തിച്ച് മുളയെ പുല്ലുകളുടെ ഇനത്തിൽ തരംതിരിച്ചു . ഇന്ന് കർഷകർക്ക് അവരുടെ കൃഷിഭൂമിക്കു ചുറ്റും മുളകൾ നട്ടു പിടിപ്പിക്കാം. അവരുടെ വിളവുകൾക്ക് ഒരു നഷ്ടവും വരുകയില്ല. അത് അധികവരുമാനം ആകും. ഇന്ന് ഇന്ത്യ ആയിരക്കണക്കിന് കോടി രൂപയുടെ മുള ഇറക്കുമതി ചെയ്യുന്നു. തീപ്പെട്ടി ഉണ്ടാക്കുവാനും സാമ്പ്രാണി ഉണ്ടാക്കുവാനും പട്ടങ്ങൾ ഉണ്ടാക്കുവാനുമായാണ് നമ്മൾ അവ ഇറക്കുമതി ചെയ്യുന്നത് . കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള ചെറിയൊരു തീരുമാനമാണ് അത് . തേനീച്ച വളർത്തൽ മേഖലയിലും നമുക്ക് നല്ല പുരോഗതി കൈവരുത്താനാകുമായിരുന്നു, എന്നാൽ എന്തു കൊണ്ട് അത് ചെയ്തില്ല എന്നോർത്തു ഞാൻ അതിശയിക്കുന്നു. എന്തുകൊണ്ട് അത് ചെയ്തില്ല ? കഴിഞ്ഞ നാലു വർഷങ്ങളിൽ പതിനൊന്ന് സമഗ്ര തേനീച്ച വളർത്തൽ കേന്ദ്രങ്ങൾ ഞങ്ങൾ ആരംഭിച്ചു. ഇതിലൂടെ തേൻ ഉത്പാദനത്തിൽ മുപ്പത്തിയെട്ട് ശതമാനം വർധന കൈവരിച്ചു. നമ്മൾ ഇപ്പോൾ മറ്റു രാജ്യങ്ങളിലേക്ക് ഈ തേൻ കയറ്റി അയക്കുന്നുണ്ട്. പ്രധാനപ്പെട്ട ഒരു കാര്യം സമഗ്രമായ ആരോഗ്യ സംരക്ഷണത്തിലേക്ക് ലോകം നീങ്ങുന്നു എന്ന വസ്തുത നാം ശ്രദ്ധിക്കണം. പരിസ്ഥിതി സൗഹൃദ ജീവിതത്തെക്കുറിച്ച് ലോകം ബോധവാന്മാരായിക്കഴിഞ്ഞു. അത് കൊണ്ട് കെമിക്കൽ മെഴുകിന് പകരം തേനീച്ചയുടെ മെഴുകിന് പ്രാധാന്യം ഏറുന്നു. . തേനീച്ചക്കൂട്ടിലെ മെഴുകു സംസ്കരിച്ചെടുത്താൽ അത്തിലൂടെ ആഗോളവിപണിയിൽ ഭാവിയിൽ നമുക്ക് കൂടുതൽ മികവ് നേടാൻ സാധിയ്ക്കും. നമ്മുടെ കർഷകർക്ക് ഒരു മരത്തിന്റെ കീഴിൽ തന്നെ ഇത് ചെയ്യു പലതും നേടാം. പശു പരിപാലനവും മീൻ വളർത്തലും കോഴി വളർത്തലും എല്ലാം വരുമാനം വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളാണ്. കർഷകരുടെ വരുമാനം രണ്ടിരട്ടി കൂട്ടുക എന്നത് അത്ര വിഷമമുള്ള കാര്യമല്ല എന്ന് ഞാൻ കരുതുന്നു . കർഷകർ ഇതിലൂടെ സ്വയംപര്യാപ്തത നേടും നാമെല്ലാം സഹകരിക്കുക ആണെങ്കിൽ ഇത് നമുക്ക് കൈവരിക്കാവുന്നതേയുള്ളു. ഇതിലൂടെ നല്ല ഫലപ്രാപ്തി ഉണ്ടാകും നമ്മുടെ കൂട്ടായ പരിശ്രമം ഈ ദിശയിലേക്ക് പോവണം.

ഇന്ന് നമ്മുടെ രാജ്യത്ത് സ്വച്ഛ് ഭാരത് അഭിയാൻ, മേക്ക് ഇൻ ഇന്ത്യ, ജൻ ധന് യോജന, അന്താരാഷ്ട്ര യോഗ ദിനം എന്നിവ പരിഹസിക്കപ്പെടുന്നു , കള്ളപ്പണത്തെക്കുറിച്ചുള്ള അന്വേഷണത്തെ പരിഹസിക്കുന്നു , സർജിക്കൽ സ്ട്രൈക്കിൽ ചോദ്യങ്ങൾ ഉയർത്തുന്നു.

നിങ്ങൾ എന്നോട് പറയൂ, ഒബിസി കമ്മീഷന് ഭരണഘടനാ പദവി . ആരാണ് ഇതിനെ എതിർക്കുന്നത്? എന്തെങ്കിലും കാരണം ഉണ്ടോ? ? ഇക്കാര്യത്തിന് വേണ്ടി വർഷങ്ങളായി ആവശ്യം ഉയരുന്നു. ഈ ചുമതല നിങ്ങൾ ഏറ്റെടുക്കാത്തതിന് പല കാരണങ്ങളുണ്ടായേക്കും. ആ കമ്മിറ്റിയിൽ ഇടുന്നു, ഈ കമ്മിറ്റിയിൽ ഇടുന്നു. അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുന്നു. നമുക്ക് ഈ കാര്യം ചെയ്യാൻ കഴിയില്ലേ? അനീതിക്കെതിരെ പരസ്യമായി പ്രതിഷേധിക്കാനോ പൊതുജനങ്ങളെ അഭിമുഖീകരിക്കാനോ ധൈര്യമില്ല. ഇന്ന് ഒബിസി സമൂഹത്തിൽ അഭിലാഷങ്ങൾ ഉണർന്നിരിക്കുന്നു. ഇന്ന് ഒബിസി സമൂഹം ജാഗ്രൂകരാണ്., ഓബിസി അവകാശങ്ങൾക്കായി മൈതാനത്തേക്ക് വന്നിരിക്കുന്നു. എന്നാൽ നിങ്ങളുടെ രാഷ്ട്രീയം നിങ്ങളെ തുറന്ന് സംസാരിക്കാൻ അനുവദിക്കുന്നില്ല. അതിനാൽ, നിങ്ങൾ ഒഴികഴിവുകൾ പറഞ്ഞുകൊണ്ടേയിരിക്കുന്നു. പക്ഷേ എനിക്കറിയാം എന്നാൽ ഈ രാജ്യത്തെ ഒബിസി സമൂഹം രാഷ്ട്രത്തിന് നൽകുന്നവരുടെ ഭാഗത്താണ്, അത് കൊണ്ട് തന്നെ അവർ അവരുടെ തങ്ങളുടെ അവകാശങ്ങൾ ചോദിച്ചാൽ പകരം കൊടുക്കുക.

അതുകൊണ്ട് അതിനെ തടയാൻ ശ്രമിക്കാതെ രാഷ്ട്രീയം മാറ്റി നിർത്തി പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കണമെന്നാണ് എന്റെ ആഗ്രഹം .

തീൻ തലാഖ് (മുത്തലാഖ്) - മുത്തലാഖ് വിഷയത്തിൽ നിയമം രൂപീകരിക്കുന്നതിൽ എന്തു നിയമം ആണ് നിങ്ങൾ ആഗ്രഹിച്ചത്? നിങ്ങളെ തടഞ്ഞത് ആരാണ്? 30 വർഷം മുമ്പ് വിഷയം നിങ്ങളുടെ കൈകളിൽ എത്തിയതാണ്. അത് നിങ്ങൾക്ക് എന്തും ചെയ്യാമായിരുന്നു. ചെയ്യാമായിരുന്നു. എന്നാൽ നിങ്ങളുടെ രാഷ്ട്രീയം. നിങ്ങളുടെ തന്നെ ഒരു മന്ത്രിയുടെ പ്രസംഗം ഉണ്ടായിരുന്നു, സഭയിൽ തീൻ തലാഖ് പോകേണ്ടത് എന്തുകൊണ്ട് ? ! എന്നാൽ നാലു ഭാഗത്ത് നിന്നും ശബ്ദം ഉയരുകയും രാഷ്ട്രീയം കലരുകയും വോട്ട് ബാങ്കും അപകടത്തിലായി എന്ന് വന്നപ്പോൾ പൊടുന്നനെ ആ മന്ത്രിക്കും ആ ദൗത്യത്തിനും പോകേണ്ടി വന്നു.

ഹിന്ദുസ്ഥാനിലെ എല്ലാ ക്രിമിനൽ നിയമങ്ങളിലും ഇത് പോലെ കടന്നു വരുന്നുണ്ട്. കാരണമായി പറയുന്ന ന്യായീകരണവും യുക്തിയും ഇതേ പോലെയാണ് പറയുക ഒരു വ്യക്തി ആരുടെയെങ്കിലും കൊലപാതകം ചെയ്യുന്നു, പക്ഷേ വീട്ടിലെ ഏക മകനാണ്. 30 വയസ്സുണ്ട് . അയാളെ ജയിലിൽ പോകാൻ നിയമം അനുശാസിച്ചാൽ അയാളുടെ വൃദ്ധരായ മാതാപിതാക്കൾ എന്ത് കഴിക്കും ? ഒരു ഹിന്ദു രണ്ട് സ്ത്രീകളെ വിവാഹം കഴിച്ചാൽ അയാൾക്ക് ജയിലിൽ പോകേണ്ടി വരും. അയാൾക്ക് ശിക്ഷ ആകാം . അപ്പോൾ നിങ്ങളുടെ ചിന്ത വന്നില്ല , അയാളുടെ കുടുംബത്തിലെ ജനങ്ങൾ എന്ത് കഴിക്കുമെന്ന് . ശിക്ഷ ആയില്ലേ? . അതിനാൽ, തന്നെ ഈ കാര്യങ്ങൾ ആരെങ്കിലും ഇത് വിശകലനം ചെയ്താൽ , നിങ്ങളുടെ യുക്തി കേട്ട് ആ വ്യക്തി ആശ്ചര്യപ്പെട്ടു പോകും .

നരേഷ് ജിയുടെ വാക്കുകൾ കേട്ടിട്ട് അദ്ദേഹം അവഹേളിക്കുകയാണോ (സ്ത്രീകളെ) അതോ അവരോട് സഹതപിക്കുകയാണോ എന്ന കാര്യത്തിൽ ഞാൻ ചിന്താ കുഴപ്പത്തിൽ ആകുന്നു. (തുളസി ജി ഇവിടെ ഉണ്ട്) പറയുവാൻ പ്രയാസമുണ്ട് , അദ്ദേഹം പല കാര്യങ്ങളും പറഞ്ഞു. പതിനഞ്ച വർഷങ്ങളിൽ നാം എന്തെല്ലാം സഹിച്ചു. ഭയം , ജയിൽ... നിയമം പ്രാവർത്തികം ആയാലും ഇല്ലെങ്കിലും നിങ്ങൾ നിലവിളിക്കാൻ തുടങ്ങി. ആരുടെയൊ മകനെ കരുക്കിലാക്കുകയാണ് , അയാളെ അനാവശ്യമായി ബുദ്ധിമുട്ടിക്കുകയാണ് തുടങ്ങി . ഇത്തരം സംഭാഷണങ്ങൾ എല്ലാം തന്നെ നിയമവ്യവസ്ഥയെ പരിഹസിക്കുന്നതാണെന്ന് ഞാൻ കരുതുന്നു. നിയമം അതിന്റെ രീതികൾ ചെയ്യും. . എന്തു ചെയ്യാം. . അതിനാൽ നിങ്ങൾ "എന്നെ സഹായിക്ക എന്നെ സഹായിക്ക എന്ന് പറയുമ്പോൾ ഞാൻ കവി ദുഷ്യന്ത് കുമാറിന്റെ കവിതയുടെ ഏതാനും വരികൾ ഉദ്ധരിക്കുന്നു :

"ഉൻ കി അപ്പീൽ ഹേ കി ഉൻഹേം ഹം മദദ് കരേ

ചാഹേ കീ പസലിയോ സേ ഹ്രസാരിഷ് തോ ദേഖിയേ" (അയാളെ നമ്മൾ സഹായിക്കണം എന്ന് അയാളുടെ അപേക്ഷ

കത്തി വാരിയെല്ലുകളോട് ചെയ്യുന്ന അഭ്യർഥന നോക്ക)

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ - സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കോൺഗ്രസ്, ബിജെപി തുടങ്ങിയ ഏതെങ്കിലും പ്രത്യേക പാർട്ടിയുടെ മാത്രം വിഷയമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അത് ഒരിക്കലും ആകുകയും ഇല്ല. നിങ്ങൾ ഉയർത്തുന്ന ആശങ്കകൾ സ്വഭാവികമാണ്, ആസാദ് ജി പറഞ്ഞ കാര്യങ്ങളും . അതുകൊണ്ട്, തന്നെയാണ് ചെങ്കോട്ടയിൽ നിന്ന് ഞാൻ ധൈര്യപൂർവം പറഞ്ഞിരുന്നത് - പെൺമക്കൾക്കു വേണ്ടി ഒരു പാടു കാര്യങ്ങൾ പറയും , എന്നാൽ ആരെങ്കിലും ഒക്കെ ചോദിക്ക ആൺമക്കൾ എന്തുകൊണ്ടാണ് വൈകിട്ടു വീട്ടിലേക്ക് വൈകി മടങ്ങുന്നത് എന്ന് ചോദിക്കണം. ആരെങ്കിലും ഒക്കെ ചോദിക്ക മകൻ എവിടെ പോകുന്നു, ആരെയാണ് കാണുന്നത് എന്ന് ചോദിക്കണം. പുത്രന്മാർക്കും മൂല്യങ്ങൾ നൽകുന്നതിൽ എല്ലാവരും ശ്രദ്ധാലുവായിരിക്കണം. നമുക്കെല്ലാവർക്കും ഒരേ സ്വരത്തിൽ ആ അമ്മമാരോടും പിതാക്കന്മാരോടും അദ്ധ്യാപകരോടും ചോദിക്കാൻ സാധിക്കില്ലെ ? മകളോട് ക്രൂരതകൾ ചെയ്യുന്നവർ ആരുടെയോ മകൻ ആകുമല്ലോ . അതുകൊണ്ട് ഈ സാമൂഹിക തിന്മയ്ക്കെതിരെ നമ്മൾ ഒറ്റക്കെട്ടായി ശബ്ദമുയർത്തണം. അതിനെ തുടച്ചുനീക്കാൻ നമ്മൾ ഒറ്റക്കെട്ടായി പരിശ്രമിക്കണം. നമ്മൾ ഒരുമിച്ച് പ്രവർത്തിക്കണം.

സ്ത്രീ ശാക്തീകരണത്തിനായി ഞങ്ങൾ ഉജ്ജ്വല യോജന കൊണ്ടുവന്നു. നമ്മുടെ രാജ്യത്ത് ക്ലീൻ കുക്കിംഗിന് യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കണമെന്ന് രാജ്യത്തെ സ്റ്റാർട്ടപ്പുകളുള്ള ആളുകളോട് സഭയിലൂടെ പ്രത്യേക അഭ്യർത്ഥന നടത്താൻ ഞാൻ ആഗ്രഹിക്കുന്നു. സാധ്യമെങ്കിൽ, സൗരോർജ്ജത്തിൽ അധിഷ്ഠിതമായ പുതിയ നൂതന

പാചക അടുപ്പുകൾ നമുക്ക് നവീകരിക്കാം, അതുവഴി ഭക്ഷണം പാകം ചെയ്യുന്നതിനായി പാവപ്പെട്ടവർക്ക് അധിക പണം ചെലവഴിക്കേണ്ടിവരില്ല, അങ്ങനെ ഗ്യാസ് സിലിണ്ടർ ഗതാഗത ചെലവും കുറയും. സ്വന്തം വീടുകളിൽ സൗരോർജ്ജ ക്രമീകരണം ഉണ്ടാക്കാം . കൂടാതെ ആധുനിക നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഗ്യാസ് സ്റ്റൗവുകൾ നിർമ്മിക്കാം. ക്ലീൻ കുക്കിംഗ് നമ്മുടെ ചിട്ടയായ ജീവിതത്തിനും പരിസരത്തിനും സ്ത്രീകളുടെ ആരോഗ്യത്തിനും അത്യന്താപേക്ഷിതമാണ്. ഇത്തിൽ ഒരു രാഷ്ട്രീയ അജണ്ടകളുമില്ല

ഇത് രാജ്യത്തിന്റെ ക്ഷേമത്തിന് വേണ്ടിയാണ്. നമ്മൾ ഒരുമിച്ച് അതിനെ മുന്നോട്ട് കൊണ്ടുപോകണം.

പിന്നെ നടന്ന ചർച്ച, സ്വച്ഛ് ഭാരത പരസ്യത്തിന് ഇത്ര ശ്രപ ചെലവഴിച്ചു എന്നതാണ് . നിങ്ങളെ ആരെയും വേദനിപ്പിക്കുവാൻ അല്ല ഞാൻ പറയുന്നത് . പക്ഷേ നിങ്ങളും സർക്കാരിനേ നയിച്ചവരാണ് , പൊതുജീവിതമുള്ളവരാണ്. ടോയ്ലറ്റ്-ശുചിത്വമെന്ന വിഷയം അടിസ്ഥാന സൗകര്യ പ്രശ്നത്തേക്കാൾ പെരുമാറ്റ പ്രശ്നമാണ്. അതൊരു പെരുമാറ്റ ശീലമാണ്. ഈ വിഷയത്തെ കുറിച്ച് പഠിക്കുന്ന ലോകമെമ്പാടുമുള്ള എല്ലാവരും ഇത് തന്നെയാണ് പറഞ്ഞത്. നിങ്ങൾ അന്ന് ഭരണം നടത്തുമ്പോഴും ഇത് തന്നെയായിരുന്നു അതായത് പെരുമാറ്റത്തിൽ ഒരു മാറ്റമുണ്ടാകുന്നിടത്തോളം കാലം ഒരു വഴിത്തിരിവ് ഉണ്ടാകുന്നില്ല. പരസ്യങ്ങളുണ്ട് , അവ സർക്കാർ പരിപാടികളുടെ മിന്നിത്തിളക്കം അല്ല , പെരുമാറ്റ മാറ്റത്തിനായി ചെറിയ പരിപാടികൾ നടത്തി ജനങ്ങളെ ബോധവത്കരിക്കുന്നതിനാണ് ഇവ. അതും പറയുന്നതിന് മുമ്പ്, നമ്മൾ ഇത് മറക്കരുത്, ഖജനാവിലേക്ക് വരുന്ന പാവപ്പെട്ടവരുടെ പണം കൊണ്ട് ഒരു കുടുംബത്തിലെ ഏതാനും അംഗങ്ങളുടെ ജന്മദിനത്തിൽ മുഴുവൻ പേജ് പരസ്യം പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു എന്നത് . അതിൽ നിക്ഷേപിച്ച രാജ്യത്തിന്റെ പണത്തിന്റെ അളവ് കണക്കാക്കുക. ആ കുടുംബത്തിലെ അംഗങ്ങളുടെ ജന്മദിനത്തിൽ പരസ്യങ്ങൾക്കായി ചിലവഴിച്ച പണം അറിഞ്ഞാൽ നിങ്ങൾ ഞെട്ടും. എന്നാൽ ഇത് പെരുമാറ്റ മാറ്റത്തിനുള്ളതാണ്, നാമെല്ലാവരും അതിനായി പരിശ്രമിക്കണം. പെരുമാറ്റ മാറ്റത്തിനായി ബജറ്റ് വിഹിതം നൽകാൻ നിങ്ങളുടെ സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുക. അവരും ജനങ്ങളെ ഉദ്ബോധിപ്പിക്കട്ടെ.

ബഹുമാനപ്പെട്ട ചെയർമാൻ സാർ, നമ്മുടെ ബഹുമാന്യനായ ആസാദ് ജി ബൊഫോഴ്സ് വിഷയത്തിൽ വിശദമായ ചർച്ച നടത്തുകയും വലിയ ക്രെഡിറ്റ് നേടാൻ ശ്രമിക്കുകയും ചെയ്തു. ഒരു ഉദ്ധരണി വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഉദ്ധരണി കോൺഗ്രസിലെ മുതിർന്ന ഒരു മന്ത്രിയും പിന്നീട് അനിഷേധ്യ രാഷ്ട്രപതിയുമായ ശ്രീ. ആർ. വെങ്കിട്ടരാമൻജിയുടെ ആത്മകഥയിൽ നിന്നുമുള്ള വരികളാണ് ആത്മകഥയുടെ പേര് 'മൈ പ്രസിഡൻഷ്യൽ ഇയേഴ്സ്' . അദ്ദേഹം ജെആർഡി ടാറ്റയെ കാണുകയും കൂടിക്കാഴ്ചയിൽ നടന്ന സംഭാഷണം എഴുതുകയും ചെയ്തിരുന്നു - "ടാറ്റ പറഞ്ഞു ''തോക്കിലും മറ്റ് പ്രതിരോധ ഇടപാടുകളിലും രാജീവിനോ അദ്ദേഹത്തിൻറെ കുടുംബാംഗങ്ങൾക്കോ ഒരു ലാഭവും ഉണ്ടായാലും ഇല്ലെങ്കിലും കോൺഗ്രസിനു കമ്മീഷനുകൾ ലഭിച്ചില്ലെന്ന് നിഷേധിക്കുക എന്നത് ബുദ്ധിമുട്ടാണ് ''. അത് അദ്ദേഹത്തിന് (ടാറ്റ) തോന്നി.- ഇത് എൻറെ പുസ്തകത്തിൽ നിന്നുമല്ല . ഞാൻ വെങ്കിട്ടരാമൻ ജി യുടെ ആത്മകഥയിൽനിന്ന് വായിക്കുന്നതാണ്.- 1980 കു ശേഷം , അദ്ദേഹത്തിന് (ടാറ്റ) തോന്നി . രാഷ്ട്രീയ സംഭാവനകൾക്കായി വ്യവസായികളെ സമീപിച്ചിരുന്നില്ല, പാർട്ടിയുടെ ചെലവുകൾ ഇത്തരം ഡീലുകളിൽ നിന്നും ലഭിച്ച കമ്മീഷൻ മുഖേനയാണ് നടക്കുന്നതെന്നതായിരുന്നു ."

ഇത് ആർ വെങ്കിട്ടരാമൻ ജിയാണ്, അദ്ദേഹം മുതിർന്ന നേതാവാണ്. രാഷ്ട്രപതിയുമായിരുന്നു. ഇവിടെ കുടുംബ വിഷയം വരുമ്പോൾ ദുഖം വരും ദേഷ്യം വരും, സ്വാഭാവികമാണ്, നിങ്ങൾ ആരുടെയെങ്കിലും രാഷ്ട്രീയകാര്യങ്ങളിൽ പ്രശ്നം ഉണ്ടാകണം എന്നു ഞാൻ ഒരിയ്ക്കലും ആഗ്രഹിക്കുന്നില്ല . എന്നാൽ നിങ്ങളുടെ മഹാനായ ഒരാൾ പറഞ്ഞു അത് മാധ്യമങ്ങളിൽ വരികയും ചെയ്തു. അദ്ദേഹം പറഞ്ഞു " സുൽത്താന്മാരുടെ ഭരണം കഴിഞ്ഞു.' എന്നാലും നമ്മൾ ഇപ്പോഴും സുൽത്താന്മാരെ പോലെ പെരുമാറുന്നു". ഇത്രയും തുറന്നു പറഞ്ഞതിന് ഞാൻ ജയറാംരമേശ് ജിയെ അനുമോദിക്കുന്നു.

താഴ്ന്ന ഇടത്തരക്കാരും മധ്യവർഗവും- വിലവർധന ഏറ്റവും കൂടുതൽ ബാധിച്ചത് മധ്യവർഗക്കാരെയാണ്. നേരത്തെ വിലക്കയറ്റം അനിയന്ത്രിതമായി ഉയർന്നത് എങ്ങനെയെന്ന് നമുക്കെല്ലാവർക്കും അറിയാം! ഇത് 2 ശതമാനത്തിനും

6 ശതമാനത്തിനും ഇടയിൽ സ്ഥിരതയോടെ നിലനിർത്താൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. വില വർദ്ധനവ് ആ നിരക്കിൽ ഉടർന്നുകൊണ്ടിരുന്നെങ്കിൽ താഴ്ന്ന ഇടത്തരക്കാർക്കും ഇടത്തരക്കാർക്കും അതിജീവിക്കാൻ ബുദ്ധിമുട്ടാകുമായിരുന്നു. ഇടത്തരം കുടുംബങ്ങളെ സംരക്ഷിക്കുന്നതിനാണ് ഞങ്ങൾ ഈ നടപടികൾ സ്വീകരിച്ചു . ദരിദ്രരും മധ്യവർഗക്കാരും വീടുകൾ നിർമ്മിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ അതിനുള്ള ബാങ്ക് പലിശനിരക്ക് കുറച്ചുകൊണ്ട് സബ്സിഡികൾ നൽകിക്കൊണ്ട് സുപ്രധാന ദൗത്യം ഈ സർക്കാർ നിറവേറ്റുകയും ചെയ്തു

പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) പ്രകാരം ഞങ്ങൾ പുതിയ വിഭാഗങ്ങൾ സൃഷ്ടിച്ചു. ഇടത്തരക്കാരെ വീട് പണിയാൻ സഹായിക്കുന്നതിന് ഒൻപത് ലക്ഷം രൂപ വരെയുള്ള വായ്പകളുടെ പലിശ നിരക്കിൽ നാല് ശതമാനം കിഴിവ് നൽകിയിട്ടുണ്ട്; മധ്യവർഗക്കാർക്ക് വീടുകൾ എന്ന അഭിലാഷം പൂർത്തീകരിക്കാൻ ആണിത്. 12 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് 3% കിഴിവ് നൽകിയിട്ടുണ്ട്. അതുപോലെ, ഗ്രാമത്തിൽ ഒരു കുടുംബത്തിന് അവരുടെ പഴയ വീട് പുതുക്കിപ്പണിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ അല്ലെങ്കിൽ കുടുംബം വികസിക്കുമ്പോൾ ഒന്നോ രണ്ടോ മുറികൾ കൂട്ടിച്ചേർക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, രണ്ടു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മൂന്നു ശതമാനം കിഴിവ് നൽകിയിട്ടുണ്ട്. ഈ നടപടികളെല്ലാം താഴ്ന്ന മധ്യവർഗത്തിനും നിമ്ന മധ്യവർഗത്തിനും അവരുടെ അഭിലാഷങ്ങൾ നിറവേറ്റാൻ സഹായിക്കും

അതുപോലെ, റിയൽ എസ്റ്റേറ്റ് റെഗുലേറ്റിംഗ് ആക്ട് അഥവാ (ആർഇആർഎ) - ഗൃഹ നിർമ്മാണ കാര്യത്തിൽ ഉത്കണ്ഠയുള്ള ഇടത്തരക്കാരായ സാധാരണക്കാർക്ക് സുരക്ഷ നൽകുന്നതിൽ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട് . സാധാരണക്കാർക്ക് പ്രയോജനമാകുന്ന തരത്തിൽ നിരവധി നിയമങ്ങളും ചട്ടങ്ങളും ഞങ്ങൾ ചേർത്തിട്ടുണ്ട്. ഉപഭോക്തൃ സംരക്ഷണ നിയമം, ഉപഭോക്തൃ ശാക്തീകരണം എന്നിവയിലും ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ജനങ്ങൾക്ക് വില താങ്ങാനാവുന്ന രീതിയിൽ മരുന്നുകൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഭാരതീയ ജൻ ഔഷധിക്ക് കീഴിൽ എണ്ണൂറിൽ അധികം മരുന്നുകൾ വളരെ കുറഞ്ഞ നിരക്കിൽ നൽകുന്നു. തങ്ങളുടെ ചെലവ് അറുപത് മുതൽ എഴുപതു ശതമാനം കുറഞ്ഞിട്ടുണ്ടെന്ന് ഗുണഭോക്താക്കൾ കരുതുന്നു . കാൽമുട്ട് ഇംപ്ലാൻറുകളുടെയും ഓപ്പറേഷനുകളുടെയും സ്റ്റെന്റുകളുടെയും ചെലവ് ഞങ്ങൾ കുറച്ചിട്ടുണ്ട്. അതുപോലെ ഡയാലിസിസ് -- ഇന്ന്, വൃക്കയുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ നമ്മുടെ രാജ്യത്ത് കൂടിയിട്ടുണ്ട്. എന്നാൽ സ്ഥിരമായി ഡയാലിസിസ് ചെയ്യണമെങ്കിൽ രോഗിക്ക് ജില്ലാ ആസ്ഥാനത്തോ ഏതെങ്കിലും പ്രധാന നഗരത്തിലേക്കോ സന്ദർശിക്കേണ്ടി വരുന്നു. ഞങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിച്ചു. 500-ലധികം ജില്ലകളിൽ ഡയാലിസിസ് പ്രസ്ഥാനം നാമമാത്രമായ നിരക്കിൽ പ്രവർത്തിച്ചു. എനിക്കു ലഭിച്ച ഏറ്റവും അടുത്ത വിവരമനുസരിച്ച് 22 ലക്ഷത്തിലധികം ഡയാലിസിസുകൾ നടന്നിട്ടുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം മനുഷ്യരാശിയുടെ ക്ഷേമത്തിന് വേണ്ടിയാണ്. അത്തരം ജോലികൾക്ക് ഞങ്ങൾ ഊന്നൽ നൽകിയിട്ടുണ്ട്. എൽ ഇ ഡി ബൾബുകളുടെ പ്രയോജനത്തെ കുറിച്ച് നിങ്ങൾക്ക് നന്നായി അറിയാം. അവയുടെ ഉപയോഗത്തിലൂടെ ആയിരക്കണക്കിന് കോടി രൂപയുടെ ലാഭം ഇടത്തരക്കാർക്ക് ലഭിച്ചു. ഏകദേശം 15,000 കോടി രൂപ നേടി.

പട്ടണങ്ങളിലെ പ്രധാനമന്ത്രി ആവാസ് യോജനയിൽ ഞങ്ങൾ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തി. ഒൻപത് ലക്ഷം വരെയുള്ള ലോണുകൾ ഇൽ പലിശ നിരക്ക് നാല് ശതമാനം കുറച്ചു. ഇത് മധ്യവർഗ്ഗ കാർക്ക് വീട് ഉണ്ടാക്കുവാൻ ആണ് . അവർക്കും വളരെ പ്രതീക്ഷകളുണ്ട് പന്ത്രണ്ട് ലക്ഷം വരെയുള്ള ഭവന വായ്പയിൽ മൂന്ന് ശതമാനം പലിശ നിരക്ക് കുറച്ചിട്ടുണ്ട്. അതുപോലെ ഒരു ഗ്രാമത്തിൽ കുടുംബത്തിൽ അംഗങ്ങൾ കൂടുമ്പോൾ അവരുടെ പഴയവീട് പുതുക്കണം എങ്കിൽ അല്ലെങ്കിൽ ഒന്നോ രണ്ടോ മുറികൾk പണിയണം എങ്കിലും ഞങ്ങൾ അവർക്കായി രണ്ടു ലക്ഷം വരെയുള്ള വായ്പകളിൽ മൂന്ന് ശതമാനം ഇളവ് വരുത്തിയിട്ടുണ്ട്.

രാഷ്ട്രപതി തൻറെ പ്രസംഗത്തിൽ പറഞ്ഞ ഒരു കാര്യത്തോട് ഞാൻ യോജിക്കുന്നു. ഇത് സർക്കാരിന്റെയോ ഒരു പാർട്ടിയുടെയോ മാത്രം പ്രവർത്തനമല്ല. രാഷ്ട്രത്തെക്കുറിച്ച് ഉത്കണ്ഠയുള്ള ഓരോ വ്യക്തിയുടെയും ജോലിയാണിത്. ഈ സഭയിൽ ഇരിക്കുന്ന എല്ലാവരുടെയും ആശങ്കയാണ്. അത് എല്ലാവരുടെയും ജോലിയാണ്. ബഹുമാനപ്പെട്ട രാഷ്ട്രപതി വിഷയത്തെ വളരെ വ്യക്തമാക്കി പറഞ്ഞിരുന്നു. പ്രണബ് ദാ രാഷ്ട്രപതിയായിരിക്കെ, അദ്ദേഹവും ഈ അഭിപ്രായം ഉന്നയിച്ചിരുന്നു, കൂടാതെ ഈ വിഷയത്തിൽ മറ്റ് പലർക്കും അവരുടെ അഭിപ്രായങ്ങൾ ഉണ്ടായിരുന്നു.

അത് അതാകട്ടെ ലോക്സഭാ, അസംബ്ലി തെരഞ്ഞെടുപ്പുകളും ഒരേസമയം നടത്തുന്നതിനെ കുറിച്ചായിരുന്നു. രാജ്യസഭയിലുള്ളവർക്ക് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച ഉത്കണ്ഠ ഇല്ല എന്നത് ശരിയാണ്, എന്നാൽ ലോക്സഭയിലും രാജ്യസഭയിലും പോയിട്ടുള്ളവർക്ക് തിരഞ്ഞെടുപ്പിൻറെ ബഹളത്തെക്കുറിച്ച് നന്നായി അറിയാം.

ലോക്സഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട് രാജ്യസഭയിലേക്ക് വരുന്ന ചുരുക്കം ചിലരുണ്ട്. അവർക്കും സ്ഥിതിഗതികൾ നന്നായി അറിയാം. വർഷങ്ങൾ കൊണ്ട് ഇന്ത്യൻ ജനാധിപത്യം പക്വതയാർജിച്ചു എന്നത് നാം മനസ്സിലാക്കണം. ആരോഗ്യകരമായ ഒരു പാരമ്പര്യത്തിലേക്ക് നമുക്ക് നീങ്ങാൻ നമുക്ക് കഴിയുമോ? 1967 വരെ ലോക്സഭയിലേക്കും അസംബ്ലികളിലേക്കും ഒരേസമയം തിരഞ്ഞെടുപ്പ് നടന്നിരുന്നു. കുറച്ച വ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെങ്കിലും സംവിധാനം നിലവിലുണ്ടായിരുന്നു. അക്കാലത്ത് ബുദ്ധിമുട്ടുകളൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ പിന്നീട് രാഷ്ട്രീയ കാരണങ്ങളാൽ അസ്ഥിരത സൃഷ്ടിക്കപ്പെട്ടു. ഇന്ന് ഒരു തിരഞ്ഞെടുപ്പ് അവസാനിച്ചാലുടൻ അടുത്ത തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ തുടങ്ങുന്നതും അതുപോലെ തന്നെ മൂന്നാം തെരഞ്ഞെടുപ്പിനും മറ്റും തുടങ്ങുന്നതും നമുക്ക് കാണാം. ഇത് കേന്ദ്ര സർക്കാരിലും സംസ്ഥാന സർക്കാരുകളിലും സമ്മർദം സൃഷ്ടിക്കുന്നുണ്ട് . ഒരു ഫെഡറൽ ഘടനയ്ക്ക് ഹൃദ്യമായ അന്തരീക്ഷം ഉണ്ടായിരിക്കണം.

തെരഞ്ഞെടുപ്പിനു ശേഷം 5-6 മാസത്തേക്ക് രാഷ്ട്രീയ കലഹങ്ങൾ തുടരുമെന്ന് മനസ്സിലാക്കാം, എന്നാൽ ബാക്കിയുള്ള നാലു നാലര വർഷം നമുക്ക് സമാധാനപരമായി പ്രവർത്തിക്കാം. നമ്മുടെ മുഴുവൻ ശേഷിയും ഉപയോഗിക്കാൻ പാകത്തിൽ നമുക്ക് പ്രവർത്തിക്കാം . നമ്മൾ ആ ലക്ഷ്യത്തിന് വേണ്ടി പ്രവർത്തിക്കണം, ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തണമെന്ന് ഞാൻ കരുതുന്നു.

വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ, നാല് സംസ്ഥാനങ്ങൾ അവർക്കൊപ്പമാണെന്ന് നിങ്ങൾ കാണും - ആന്ധ്രപ്രദേശ്, തെലങ്കാന, അരുണാചൽ, ഒഡീഷ. തടസ്സങ്ങളെക്കുറിച്ച് ഞങ്ങൾക്ക് നല്ല ധാരണയുണ്ട്. 2009ലെ ലോക്സഭാ തിരഞ്ഞെടുപ്പിന് ഏകദേശം ആയിരം കോടി രൂപ ചിലവഴിച്ചു. അത് നാലായിരം കോടിയായി 2014ൽ ഉയർന്നു. 1000ൽ നിന്ന് 4000 ആയി! മാത്രമല്ല, 2014ന് ശേഷം ഇതുവരെ നിയമസഭാ തെരഞ്ഞെടുപ്പിനായി മൂവായിരം കോടി രൂപ ചെലവഴിച്ചു. ദരിദ്രരായ ജനങ്ങൾക്ക് സൗകര്യങ്ങൾ എത്തിക്കേണ്ട ഉത്തരവാദിത്തമുള്ള ഇന്ത്യയെപ്പോലുള്ള നമ്മുടെ രാജ്യത്ത്, തിരഞ്ഞെടുപ്പിനായി നമ്മൾ വിഭവങ്ങളും സുരക്ഷാസേനയും അനുവദിക്കുന്നു എന്നത് നമുക്ക് സങ്കൽപ്പിക്കാം .

ഒമ്പത് ലക്ഷത്തി മുപ്പതിനായിരം പോളിങ് സ്റ്റേഷനുകളിലേക്ക് വേണ്ടി ഒരു കോടിയിലധികം ആളുകൾക്കാണ് ജോലിക്കായി നിയോഗിച്ചിട്ടുള്ളത് . തിരഞ്ഞെടുപ്പിനായി വൻ സുരക്ഷാ സേനയെ വിന്യസിച്ചിട്ടുണ്ട്. നമ്മുടെ സേനകൾ ആ ജോലിയിൽ മാത്രമാണ് ഏർപ്പെട്ടിരിക്കുന്നത്. ഈ വിഷയം കക്ഷി രാഷ്ട്രീയത്തിന് അതീതമാണ്. രാജ്യ ക്ഷേമത്തിനായി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം, പക്ഷേ ആ വാദങ്ങൾ കലഹങ്ങളായി മാറരുത്. വാദങ്ങൾ ആത്മാർത്ഥവും പവിത്രത നിലനിർത്തുന്നതുമായിരിക്കണം. പ്രശ്നങ്ങൾക്കുള്ള

പരിഹാരങ്ങൾ നമ്മൾ ഒന്നിച്ചു തേടണം. അത് വിജയകരമായി നമ്മൾ മുന്നോട്ട് കൊണ്ടുപോകുമെന്ന് ഞാൻ വിശ്വസിക്കുന്നു.ലോകത്തിലെ പല രാജ്യങ്ങളും അത്ഭുതമായി കണക്കാക്കുന്ന അത്തരം നിരവധി തീരുമാനങ്ങൾ നമ്മൾ എടുത്തിട്ടുണ്ട്. നിരവധി പാർട്ടികൾ ഉണ്ടായിരുന്നിട്ടു പോലും ഇത്തരം തീരുമാനങ്ങൾ എടുക്കാൻ എങ്ങിനെയാണ് സാധിക്കുക എന്നവർ ആശ്ചര്യപ്പെടുന്നു! പക്ഷേ ഈ സഭയിൽ ഇരിക്കുന്ന ആളുകൾ മുൻകാലങ്ങളിൽ തീരുമാനങ്ങൾ എടുക്കുകയും മികച്ച തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്; ഭാവി തലമുറയ്ക്ക് പ്രയോജനപ്പെടുന്ന തീരുമാനങ്ങൾ.

ഇരുസഭകളിലും ഇരിക്കുന്ന വിശിഷ്ട വ്യക്തികൾക്ക് മുന്നിൽ ഈ ജോലി ചെയ്യാൻ അവസരം ലഭിച്ചത് ഭാഗ്യമായി ഞാൻ കരുതുന്നു.

ഇത് നമ്മൾ തുടരണം.

ആദരണീയ ചെയർമാൻ സർ, എല്ലാ പ്രമുഖ വ്യക്തികളും വിവിധ വിഷയങ്ങളിൽ അവരുടെ വീക്ഷണങ്ങൾ പങ്ക് വയ്ക്കുകയുണ്ടായി. രാഷ്ട്രപതിയുടെ പ്രസംഗം പൂർണമായ ഒരു സന്ദേശമാണ്. ഗവൺമെൻറ് ചെയ്യുന്ന പ്രവർത്തികളുടെ ദിശയും വേഗതയും ലക്ഷ്യങ്ങളും , സാധാരണ ജനങ്ങളുടെ ക്ഷേമത്തിനായി നമ്മൾ മുന്നേറുന്ന രീതിയുടെയും രത്നച്ചുരുക്കം പരിമിതമായ സമയ ചട്ടക്കൂടിൽ നിന്നും അവതരിപ്പിച്ചത്. അത് അങ്ങയുടെ മുൻപിൽ വയ്ക്കുവാൻ അദ്ദേഹം ശ്രമിച്ചു. രാഷ്ട്രപതിയുടെ പ്രസംഗത്തെ ഏകകണ്ഠമായി അംഗീകരിച്ച് കൊണ്ട് ഈ നന്ദിപ്രമേയം നമുക്ക് പാസാക്കാം . ഈ പ്രതീക്ഷകളോടെ , എൻറെ പിന്തുണ അറിയിച്ചു കൊണ്ട് ഞാൻ എൻറെ വാക്കുകൾ ഉപസംഹരിക്കുന്നു . ഒരുപാട് നന്ദി.

രാഷ്ട്രപതിയുടെ പ്രസംഗത്തിൽ
ലോക്സഭയിലെ നന്ദിപ്രമേയ
ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ
നരേന്ദ്രമോദി യുടെ മറുപടി
പ്രസംഗം

ഫെബ്രുവരി 7, 2018

ഫെബ്രുവരി 07, 2018
ലോക്സഭാ

ലോക്സഭയിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേൽ നടന്ന നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ മറുപടി പ്രസംഗം

ആദരണീയ സ്പീക്കർ മാഡം, ഇന്നലെ സഭയിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പ്രസംഗത്തിലെ നന്ദി പ്രമേയത്തെ പിന്തുണച്ചു കൊണ്ട് നിരവധി മാന്യ അംഗങ്ങൾ അവരുടെ അഭിപ്രായങ്ങൾ വ്യക്തമാക്കിയിരുന്നു . ശ്രീ മല്ലികാർജ്ജുൻ ഖാർഗെജി, ശ്രീ എം ഡി സലീംജി, ശ്രീ വിനോദ് കുമാർ ജി, ശ്രീ ടി നരസിംഹൻ ജി, ശ്രീ താരിഖ് അൻവർ ജി, ശ്രീ പ്രേം സിംഗ് ചന്ദുമാജ്രാ ജി, ശ്രീ എ. അൻവർ രാജ ജി, ശ്രീ ജയ് പ്രകാശ് നാരായൺ ജി , ശ്രീ കല്യാൺ ബാനർജി ജി, ശ്രീ പി. വേണുഗോപാൽ ജി, ശ്രീ ഭർതൃഹരി മഹ്താബ്ജി, ശ്രീ ആനന്ദ്റാവു അദ്സുൽജി, ശ്രീ ഭാരതി മോഹൻ ജി എന്നിവരുൾപ്പെടെ മുപ്പത്തിനാല് ബഹുമാന്യരായ അംഗങ്ങൾ ഇന്നലെ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. വിശദമായ ചർച്ച നടന്നു. ചിലർ അനുകൂലിച്ചെങ്കിലും അത് അർത്ഥവത്തായ ചർച്ചയായിരുന്നു. രാഷ്ട്രപതിയുടെ പ്രസംഗം ഒരു പാർട്ടിയുടേതല്ല. രാജ്യത്തിന്റെ പ്രതീക്ഷകളുടെയും അഭിലാഷങ്ങളുടെയും ആ ദിശയിലുള്ള നടപടികളുടെയും പ്രകടനമാണ് അദ്ദേഹത്തിന്റെ പ്രസംഗം.

അങ്ങിനെ നോക്കുമ്പോൾ രാഷ്ട്രപതിയുടെ പ്രസംഗം നാമെല്ലാവരും ആദരിക്കണം . വിരോധത്തിന് വേണ്ടി മാത്രം എതിർക്കുന്നത് എത്ര ഉചിതമാണ് ?

ആദരണീയ അധ്യക്ഷ ജി, നമ്മുടെ രാജ്യത്തെ ചില സംസ്ഥാനങ്ങൾ ബഹുമാനപ്പെട്ട അടൽ ബിഹാരി വാജ്പേയി ജിയും സൃഷ്ടിച്ചിരുന്നു. മൂന്ന് പുതിയ സംസ്ഥാനങ്ങളുടെ നിർമ്മാണം നടന്നിരുന്നു. അത് ഉത്തർപ്രദേശിൽ നിന്ന് ഉത്തരാഖണ്ഡ് നിർമിച്ചതായാലും മധ്യപ്രദേശിൽ നിന്ന് ഛത്തീസ്ഗഡ് നിർമിച്ചതായാലും ബീഹാറിൽ നിന്ന് ജാർഖണ്ഡ് നിർമിച്ചതായാലും . അത് ആ സർക്കാരിന്റെ ദീർഘദൃഷ്ടിയാണ് , ഒരു പ്രശ്നവുമില്ലാതെ സംസ്ഥാനങ്ങളുടെ നിർമ്മാണം നടക്കുവാൻ കാരണം അത് മൂന്നു സംസ്ഥാനങ്ങൾ രൂപീകരണ സമയത്ത് തന്നെ എന്തൊക്കെ വിഭജിക്കുവാനുണ്ടോ അതെല്ലാം ചെയ്തു , ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം വേണം അതും ചെയ്തു , എല്ലാം വളരെ സുഗമമായി നടന്നു. നേതൃത്വം , രാഷ്ട്രീയ സ്വാർഥതയിൽ ധൃതിപിടിച്ച തീരുമാനങ്ങൾ എടുക്കാതിരിക്കുമ്പോൾ എത്ര സ്വസ്ഥമായി കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും , അതിന്റെ ഉദാഹരണം അടൽ ബിഹാരി വാജ്പേയി ജി മൂന്ന് സംസ്ഥാനങ്ങളുടെ നിർമ്മാണങ്ങൾ നടത്തിയ സമയത്ത് നല്കിയിട്ടുണ്ട് . അത് ഇന്ന് രാജ്യം അനുഭവിക്കുന്നുമുണ്ട്.

നിങ്ങളുടെ ചരിത്രത്തിലുണ്ട് , നിങ്ങൾ ഭാരതത്തിന്റെ വിഭജനം നടത്തിയപ്പോൾ , രാജ്യത്തെ മുറിച്ച് മാറ്റി , നിങ്ങൾ വിതറിയ വിഷം , സ്വാതന്ത്ര്യം ലഭിച്ചു എഴുപതു വർഷത്തിനു ശേഷവും നൂറ്റി മുപ്പതു കോടി ജനങ്ങളും നിങ്ങളുടെ ആ പാപത്തിന്റെ ഫലം അനുഭവിക്കാത്ത ഒരു ദിവസവുമില്ല . . നിങ്ങൾ രാജ്യത്തെ വിഭജിച്ചു. അതും എങ്ങിനെയാണ് നിങ്ങൾ ചെയ്തത് ? . തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് തിടുക്കത്തിൽ , പാർലമെന്റിന്റെ വാതിലുകൾ അടച്ച്, സഭ ക്രമത്തിൽ അല്ലായിരുന്നു , അപ്പോഴും ആന്ധ്രാപ്രദേശിലെ ജനങ്ങളുടെ വികാരങ്ങളെ അവഗണിച്ച് കൊണ്ട് നിങ്ങൾ രാജ്യത്തെ വിഭജിച്ചു. തെലങ്കാന സൃഷ്ടിക്കുന്നതിന് ഞങ്ങളും അനുകൂലമായിരുന്നു, തെലങ്കാന മുന്നോട്ട് പോകണം , അവരുടെ പക്ഷത്തു തന്നെ ഞങ്ങൾ ഉണ്ട്. പക്ഷേ അന്ന് ആന്ധ്രക്ക് നേരെ നിങ്ങൾ എന്തു വിത്ത് പാകിയോ , തെരഞ്ഞെടുപ്പിനു വേണ്ടി തിടുക്കപ്പെട്ടു എന്തൊക്കെ ചെത്ത്, ഇത് അതിന്റെ പരിണിതഫലമാണ് നാല് വർഷം കഴിഞ്ഞിട്ടും പ്രശ്നങ്ങൾ കത്തിക്കൊണ്ടിരിക്കുന്നത് ...

അത് കൊണ്ട് ഇപ്രകാരമുള്ള കാര്യങ്ങൾ നിങ്ങൾക്ക് ചേരുകയില്ല. അധ്യക്ഷ ജി, ഞാൻ ഇന്നലെ കോൺഗ്രസ് നേതാവ് ശ്രീ മല്ലികാർജ്ജുൻ ഖഡ്ഗേ ജി യുടെ പ്രസംഗം കേൾക്കുകയായിരുന്നു. എനിക്കത് മനസ്സിലായില്ല ... അതായത് അദ്ദേഹം ടഷറി ബഞ്ചിനെ അഭിസംബോധന ചെയ്യുകയായിരുന്നു ഇവിടെയിരുന്ന അതോ സ്വന്തം പാർട്ടിയിലെ നയ നിർമാതാക്കളെ പ്രീതിപ്പെടുത്താൻ ബുദ്ധിമുട്ടുകയായിരുന്നോ .... ഇന്നലെ അദ്ദേഹം ബഷീർ ബദറിന്റെ കവിത ഉദ്ധരിച്ചു കൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. ഞാൻ പ്രതീക്ഷിക്കുന്നു , അദ്ദേഹം അവതരിപ്പിച്ച

ഏത് കവിതയാണോ ചൊല്ലിയത് , അത് കർണാടകയുടെ മുഖ്യമന്ത്രി ഉറപ്പായും കേട്ടുകാണുമെന്ന്. ഇന്നലെ അദ്ദേഹം കവിതയിൽ പറഞ്ഞത്:

" ദുഷ്മനി ജം കർ കരോ ,ലേകിൻ യേ ഹ്രഞ്ചായിഷ് രഹേ ,

ജബ് കഭി ഹം ദോസ്ത് ഹോ ജായെ തോ ശർമിന്ദ ന ഹോ "

("ശത്രുത തീവ്രമായി പുലർത്തു പക്ഷേ അപേക്ഷ ഉണ്ട്

നാളെ നമ്മൾ സുഹൃത്തുക്കൾ ആയാൽ ലജ്ജിക്കരുത് "

എനിക്കു തീർച്ചയായും തോന്നുന്നുണ്ട് , കർണ്ണാടക മുഖ്യമന്ത്രിജി താങ്കളുടെ സങ്കടം കേട്ടിട്ടുണ്ടാകുമെന്ന് , പക്ഷേ ശ്രീമാൻ ഖാർഗെ ജി, ഏത് ബഷീർ ബദറിന്റെ ഏത് കവിതയെ ആണോ അങ്ങ് പരാമർശിച്ചത് , ആ കവിതയിൽ നിങ്ങൾ പറഞ്ഞ വാക്കുകൾക്ക് തൊട്ടുമുമ്പുള്ള വരി കൂടി ഉണ്ടായിരുന്നെങ്കിൽ നന്നാകുമായിരുന്നു, അപ്പോൾ ഈ രാജ്യത്തിന് തീർച്ചയായും അറിയാനാകുമായിരുന്ന താങ്കൾ എവിടെയാണ് നിൽക്കുന്നതെന്ന് . അതേ കവിതയിൽ ബഷീർ ബദർ ജി മുന്നിലേക്ക് പറയുന്നുണ്ട് :

"ജീ ബഹുത് ചാഹ്താ ഹേ സച് ബോലെ

ക്യാ കരേ ഹോസ്ലാ നഹി ഹോതാ "

("സത്യം പറയുവാൻ മനസിൽ ഒരുപാട് ആഗ്രഹമുണ്ട്

എന്തു ചെയ്യാം ധൈര്യം വരുന്നില്ല ")

കർണാടകയിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഖഡ് ഗേ ജി ശരിയായ ഇടത്തിൽ കാണുമോ ഇല്ലയോ എന്നൊന്നും എനിക്ക് അറിയില്ല. അതിനാൽ ഇത് അദ്ദേഹത്തിന്റെ വിടപറയൽ പ്രസംഗം കൂടി ആയേക്കാം . സാധാരണ ഗതിയിൽ ആദ്യമായി സഭയിൽ ഒരംഗം പ്രസംഗിക്കുമ്പോൾ ആദരപൂർവ്വം എല്ലാവരും അവരുടെ വാക്കുകൾ കേൾക്കും അതേ പോലെ തന്നെ അവരുടെ അവസാന പ്രസംഗത്തെയും ആദരപൂർവ്വം എതിരേൽക്കാറുണ്ട്.

ചില മാന്യ അംഗങ്ങൾ ഇന്നലെ സംയമനം പാലിക്കുകയും ബഹുമാനപ്പെട്ട ഖാർഗെ ജിയുടെ വാക്കുകൾ അതേ ബഹുമാനത്തോടെ കേൾക്കുകയും ചെയ്തിരുന്നെങ്കിൽ നന്നായിരുന്നു. ജനാധിപത്യത്തിന് അത് വളരെ ആവശ്യമാണ്. പ്രതിഷേധിക്കാൻ അവകാശമുണ്ട്, പക്ഷേ അത് സഭ അത് കേൾക്കണം എന്നു ആവശ്യപ്പെടാൻ ആകില്ല .

ആദരണീയ അധ്യക്ഷ മഹോദയ , ചില പ്രതിപക്ഷ അംഗങ്ങൾ ഞങ്ങളുടെ എല്ലാ കാര്യങ്ങളെയും കുറിച്ച് ചർച്ച ചെയ്യാൻ തുടങ്ങും എന്നാൽ അതിൽ വസ്തുതകൾ വളരെ കുറവായിരിക്കും, പക്ഷേ തങ്ങളുടെ കാലത്ത് അങ്ങിനെ ആയിരുന്നു, ഞങ്ങളുടെ കാലത്ത് ഇങ്ങനെ ആയിരുന്നു.. മിക്കപ്പോഴും ഈ ഒരേ കാസറ്റ് ഇട്ടു കൊണ്ടേയിരിക്കും . എന്നാൽ ഇക്കാര്യം മറക്കരുത് , അതായത് ഭാരതം സ്വാതന്ത്ര്യം നേടി, അതിനു ശേഷം ഏതൊക്കെ രാജ്യങ്ങൾ സ്വാതന്ത്ര്യം നേടിയിട്ടുണ്ടോ അവരൊക്കെ നമ്മളെക്കാൾ വേഗത്തിൽ മുന്നേറിക്കഴിഞ്ഞു. നമുക്ക് മുന്നേറാൻ സാധിച്ചില്ല , അക്കാര്യം അംഗീകരിച്ചേ ആകൂ. നിങ്ങൾ മാതൃരാജ്യത്തെ കഷണങ്ങളാക്കി , അതിനു ശേഷവും രാജ്യം നിങ്ങളോടൊപ്പമാണ് നിലകൊണ്ടത്. ആ കാലഘട്ടത്തിൽ നിങ്ങൾ ദേശത്തു രാജവാഴ്ച നടത്തിയിരുന്നു. ആദ്യത്തെ മൂന്നു നാലു ദശകങ്ങളിൽ പ്രതിപക്ഷമെന്നാൽ , നാമമാത്രം . ആ കാലമാണ്, അന്ന് മാധ്യമങ്ങളുടെ അതിപ്രസരം അതുയൊന്നും ഉണ്ടായിരുന്നില്ല, ഉണ്ടായിരുന്നവർ രാജ്യത്തിന് പുരോഗതി ഉണ്ടാകണം എന്ന ആശയോടെ

ഭരണത്തിനൊപ്പം നിലകൊണ്ടു. പിന്തുണക്കുകയും ചെയ്തു. റേഡിയോ എപ്പോഴും നിങ്ങളെക്കുറിച്ചുള്ള പാട്ടുകൾ പാടിക്കൊണ്ടിരുന്നു, . അതിൽ നിന്നും മറ്റൊരു സ്വരവും ഉയർന്നു കേട്ടിരുന്നില്ല, അതിനു ശേഷം ടിവി വന്നപ്പോൾ , അത് നിങ്ങൾക്ക് വേണ്ടി പൂർണമായും സമർപ്പിച്ചതായിരുന്നു.

ആ കാലത്ത് ന്യായപാലികയിലും (ജുഡീഷ്യറി- നീതിന്യായ വകുപ്പ്) ജുഡീഷ്യറിയിലെ ഉന്നത സ്ഥാനങ്ങളിലെ നിയമനങ്ങളും കോൺഗ്രസ് പാർട്ടി നടത്തിയിരുന്നു. അത് പാർട്ടി മുഖേനയാണ് തീരുമാനിക്കുക. അതായത് അത്രയും ആഡംബരം ഉണ്ടായിരുന്നു നിങ്ങൾക്ക് . ആ കാലത്തൊന്നും കോടതികളിൽ ഇത്രയധികം (പൊതുതാൽപര്യ ഹർജികളൊന്നും (പിഐഎൽ)) ഉണ്ടായിരുന്നില്ല, ഇത്രയധികം എൻ ജി ഓകളും ഉണ്ടായിരുന്നില്ല. നിങ്ങൾ ഏത് ചിന്താഗതികൾ കൊണ്ടാണോ വളർന്ന് വന്നത് , അതേ പോലുള്ള അന്തരീക്ഷം ആയിരുന്നു ആ സമയത്തു രാജ്യത്തു നിങ്ങൾക്ക് ലഭ്യമായത് . പ്രതിഷേധങ്ങൾ എന്നതിൻറെ പൊടിപോലും ഇല്ലായിരുന്നു. പഞ്ചായത്ത് മുതൽ പാർലമെന്റ് വരെ നിങ്ങളുടെ കൊടിയായിരുന്നു പാറിക്കളിച്ചിരുന്നത്. പക്ഷേ നിങ്ങൾ ഒരു കുടുംബത്തെ കുറിച്ച് പാടി നടക്കുന്നതിൽ മുഴുകിയിരുന്നു. . രാജ്യത്തിൻറെ ചരിത്രം മറന്ന്, രാജ്യത്തെ ഒരു കുടുംബത്തെ മാത്രം രാജ്യം ഓർക്കണം അതിനു വേണ്ടി എല്ലാ ശക്തിയും ചെലവഴിച്ചു. അക്കാലത്ത് രാജ്യത്തിന്റെ ഉത്സാഹം, ആ കാലം സ്വാതന്ത്ര്യത്തിന് ശേഷമുള്ളവയായിരുന്നു . രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകാനുള്ള ആവേശമായിരുന്നു അതിൽ നിറഞ്ഞിരുന്നത്. നിങ്ങൾ കുറച്ച് കൂടി ഉത്തരവാദിത്തത്തോടെ പ്രവർത്തിച്ചിരുന്നെങ്കിൽ, ഈ രാജ്യത്തെ ജനങ്ങളുടെ ശക്തി കൊണ്ട് എവിടെ നിന്ന് എവിടേക്ക് വരെ കൊണ്ടുപോകാമായിരുന്നു, പക്ഷേ നിങ്ങൾ നിങ്ങളുടെ പാട്ട് പാടി നടന്നു. . നിങ്ങൾ ശരിയായ ലക്ഷ്യം നിലനിർത്തിയിരുന്നെങ്കിൽ, ശരിയായ നയങ്ങൾ നിർമിച്ചിരുന്നുവെങ്കിൽ, നിങ്ങളുടെ ഉദ്ദേശം നല്ലതായിരുന്നു എങ്കിൽ ഈ രാജ്യം ഇന്നത്തെ അവസ്ഥയേക്കാൾ എത്രയോ മടങ്ങ് മുന്നിലേക്ക് എത്തുമായിരുന്നു , ഇത് നിഷേധിക്കാനാവില്ല. ഒരു ഈ രാജ്യത്തിൻറെ ദുർഭാഗ്യമായിട്ടുള്ളത് എന്തെന്നാൽ കോൺഗ്രസ് നേതാക്കൾ കരുതുന്നത് 1947 ആഗസ്റ്റ് 15 നാണ് ഇന്ത്യ എന്ന രാജ്യം ജനിച്ചതെന്നാണ് . അങ്ങനെയല്ല അതിനുമുമ്പ് ഇങ്ങനെ ഒരു രാജ്യമുണ്ടായിരുന്നേ ഇല്ല എന്ന പോലെ . മില്ലാത്തതുപോലെ. ഇന്നലെ ഞാൻ അമ്പരന്നു പോയി, ഇതിനെ അഹങ്കാരം എന്നാണോ അതോ അജ്ഞതയെന്നാണോ അതോ മഴയുടെ ഋതുവിൽ കസേര സംരക്ഷിക്കാനുള്ള ബുദ്ധിമുട്ടാണെന്നോ വിളിക്കേണ്ടത് ? നെഹ്റുവാണ് രാജ്യത്തിന് ജനാധിപത്യം നൽകിയത് , രാജ്യത്തിന് ജനാധിപത്യം നൽകിയത് കോൺഗ്രസാണ് എന്നു കേൾക്കുമ്പോൾ

(ഹേ ഖാർഗെ സർ, കുറച്ചു ഒന്നു കുറുക്കു).

ഞാൻ ഒന്നു ചോദിക്കട്ടെ , നിങ്ങൾ ജനാധിപത്യത്തെക്കുറിച്ചാണോ സംസാരിക്കുന്നത്? അങ്ങിനെയെങ്കിൽ നിങ്ങൾക്ക് അറിയാവുന്ന കാര്യമാണ് , അതായത് നമ്മളുടെ രാജ്യം ലിഛാവി സാമ്രാജ്യമായിരുന്നപ്പോൾ , രുദ്ര പരമ്പര ആയിരുന്നപ്പോൾ അപ്പോഴും ഇവിടെ ജനാധിപത്യം നിലനിന്നിരുന്നു. കോൺഗ്രസോ നെഹ്റുവോ അല്ല ജനാധിപത്യം നൽകിയത്. ബോധ സംഘം എന്ന വ്യവസ്ഥയിൽ (ബുദ്ധസംഘം) ചർച്ചകൾ, ആലോചനകൾ, സംവാദങ്ങൾ, വോട്ടെടുപ്പ് എന്നിവയെ അടിസ്ഥാനമാക്കി തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയുണ്ടായിരുന്നു.

ശ്രീമാൻ ഖർഗേജി, താങ്കൾ കർണാടകയിൽ നിന്നുമാണ് വരുന്നത്. ഒരു കുടുംബത്തോട് ഭക്തി കാണിച്ചു, ഒരു കുടുംബത്തിന് വേണ്ടി മാത്രം സ്വയം സമർപ്പിച്ചുകൊണ്ട് കർണാടകയിലെ തെരഞ്ഞെടുപ്പിന് ശേഷം നിങ്ങൾക്ക് ഇവിടെ നിങ്ങളുടെ സീറ്റ് കണ്ടില്ലെന്നു വന്നേക്കാം , പക്ഷേ ജഗദ്ഗുരു ബസവേശ്വര്ജിയെ അപമാനിക്കരുത്.

നിങ്ങൾ കർണാടകക്കാരനായതിനാൽ അറിയണം, അക്കാലത്ത് ജഗദ്ഗുരു ബസവേശ്വര്ജി 'അനുഭവ മണ്ഡപം' എന്നറിയപ്പെട്ടിരുന്ന ഒരു സംവിധാനം നൽകിയിരുന്നു. എ ഡി പന്ത്രണ്ടാം നൂറ്റാണ്ടിലായിരുന്നു അത്. ഗ്രാമങ്ങളിലെ എല്ലാ തീരുമാനങ്ങളും ജനാധിപത്യ രീതിയിലാണ് എടുത്തത്. ഇത് മാത്രമല്ല, ആ സഭയിൽ സ്ത്രീശാക്തീകരണവും ഉണ്ടായിരുന്നു ആ സഭയിൽ സ്ത്രീകളുടെ സാന്നിധ്യം നിർബന്ധമായിരുന്നു. . ഇത് .

ജഗദ്ഗുരു ബസവേശ്വരന്റെ കാലത്ത്, പന്ത്രണ്ടാം നൂറ്റാണ്ടിൽ ഈ രാജ്യത്ത് ജനാധിപത്യം സ്ഥാപിക്കപ്പെട്ടിരുന്നു. ജനാധിപത്യം നമ്മുടെ രക്തത്തിലാണ്, നമ്മുടെ പാരമ്പര്യത്തിലാണ്.

ബിഹാറിൽ ലിഛാവി സാമ്രാജ്യത്തിന്റെ കാലത്ത് എങ്ങനെയുള്ള സംവിധാനമാണ് നമുക്ക്ഉണ്ടായിരുന്നത് എന്നതിന് ചരിത്രം സാക്ഷിയാണ്. നമ്മുടെ പ്രാചീന ചരിത്രം പരിശോധിച്ചാൽ രണ്ടര ആയിരം വർഷങ്ങൾക്ക് മുമ്പ് നമുക്ക് ഗണരാജ്യ (റിപ്പബ്ലിക്)വ്യവസ്ഥ ഉണ്ടായിരുന്നതായി കാണാം. ഇതും ജനാധിപത്യ പാരമ്പര്യം ആയിരുന്നു. യോജിപ്പിനും വിയോജിപ്പിനും നമ്മുടെ ഇവിടെ അംഗീകാരം ഉണ്ടായിരുന്നു .

നിങ്ങൾ ജനാധിപത്യത്തെക്കുറിച്ച് സംസാരിക്കുന്നോ?

ബഹുമാനപ്പെട്ട മൻമോഹൻ സിംഗ് ഗവൺമെന്റിൽ മന്ത്രിയായിരുന്ന ഒരു വ്യക്തി, ഒപ്പം നിങ്ങളുടെ പാർട്ടിയുടെ ഒരു നേതാവുമായിരുന്നയാൾ ഈ അടുത്തയിടെടെ നിങ്ങളുടെ പാർട്ടിയിൽ തിരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം മാധ്യമങ്ങളോട് പറയുകയുണ്ടായി -"ജഹാംഗീറിന്റെ സ്ഥാനത്ത് ഷാജഹാൻ വന്നു, ഷാജഹാന്റെ സ്ഥാനത്ത് ഔറംഗസേബും വന്നു. അവിടെ തിരഞ്ഞെടുപ്പു നടന്നിരുന്നോ, അപ്പോൾ നമ്മുടെ ഇവിടെയും അങ്ങനെ വന്നു " ജനാധിപത്യത്തെക്കുറിച്ച് സംസാരിക്കുകയാണോ ?

നിങ്ങൾ ഏതുതരം ജനാധിപത്യത്തെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് എനിക്ക് ആവർത്തിച്ചു ചോദിക്കാനുണ്ട്, നിങ്ങളുടെ മുൻ പ്രധാനമന്ത്രിയെ രാജീവ് ഗാന്ധി , ഹൈദരാബാദ് എയർപോർട്ടിൽ ഇറങ്ങിയപ്പോൾ, അവിടെ നിങ്ങളുടെ തന്നെ പാർട്ടിയുടെ ഒരു മുഖ്യമന്ത്രി, ദളിത് വിഭാഗത്തിൽ നിന്നുമുള്ള മുഖ്യമന്ത്രി, അവിടെ വിമാനത്താവളത്തിൽ അദ്ദേഹത്തെ സ്വീകരിക്കുവാൻ എത്തിയിരുന്നു. ജനാധിപത്യത്തിൻറെ കാര്യങ്ങൾ പറയുന്ന നിങ്ങൾ, നെഹറുജിയുടെ പേരിൽ ജനാധിപത്യ പരമ്പരയുടെ എല്ലാ സമർപ്പിക്കുന്ന നിങ്ങൾ, ആ പരമ്പരയിലെ രാജീവ് ഗാന്ധി , ഹൈദരാബാദ് വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ , ഒരു ദളിത് മുഖ്യമന്ത്രിയെ, തെരഞ്ഞെടുക്കപ്പെട്ട ഒരു ജനപ്രതിനിധിയെ എല്ലാവർക്കും മുന്നിൽ വച്ച് അപമാനിച്ചു

ശ്രീ ടി. ആഞ്ജനേയയെ അപമാനിച്ചു. നിങ്ങൾ ജനാധിപത്യത്തെ കുറിച്ച് സംസാരിക്കുന്നു, നിങ്ങൾ ജനാധിപത്യത്തെ കുറിച്ചു ചർച്ചകൾ നടത്തുമ്പോൾ ഈ ചോദ്യങ്ങൾ ആണ് ഉയരുന്നത് , ഈ തെലുഗു ദേശം പാർട്ടിയും ശ്രീ എൻ ടി രാമറാവുവും ആ അപമാനത്തിൻറെ തീച്ചൂളയിൽ നിന്നുമാണ് ജന്മം കൊള്ളുന്നത്. ഈ അപമാനത്തിൻറെ തീയിൽ നിന്നും ഉയർന്നു വന്നു. ശ്രീ ടി. ആഞ്ജനേയയുടെ അപമാനം ഉണ്ടായി, അദ്ദേഹത്തിന് ബഹുമാനം നൽകുന്നതിന് വേണ്ടി ശ്രീ രാമറാവുവിന് തൻറെ സിനിമാമേഖലയെ ഉപേക്ഷിച്ച് ആന്ധ്രാ പ്രദേശിലെ ജനങ്ങളെ സേവിക്കുവാൻ മൈതാനത്തേക്ക് ഇറങ്ങേണ്ടി വന്നു, നിങ്ങൾ ജനാധിപത്യത്തിൻറെ കാര്യം മനസ്സിലാക്കിയല്ലോ. ഈ രാജ്യത്ത്, 90 ലധികം തവണ മുന്നൂറ്റി അൻപത്തിയാറാം വകുപ്പ് ദുരുപയോഗം ചെയ്തു കൊണ്ട് സംസ്ഥാന സർക്കാരുകളെ , അവിടെ ഉയർന്നുവന്ന പാർട്ടികളെ നിങ്ങൾ പിഴുതെടുത്ത് പുറത്താക്കി . പഞ്ചാബിലെ അകാലിദളിനോട് നിങ്ങൾ എന്താണ് ചെയ്തത്? നിങ്ങൾ തമിഴ്നാട്ടിൽ എന്താണ് ചെയ്തത്? നിങ്ങൾ കേരളത്തിൽ എന്താണ് ചെയ്തത്? ഈ രാജ്യത്തെ ജനാധിപത്യത്തെ തഴച്ചുവളരാൻ നിങ്ങൾ അനുവദിച്ചില്ല. നിങ്ങളുടെ കുടുംബത്തിലെ ജനാധിപത്യത്തെ നിങ്ങൾ ജനാധിപത്യമായി കണക്കാക്കുന്നു ഒപ്പം നിങ്ങൾ രാജ്യത്തെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നു.

ഇത് മാത്രമല്ല കോൺഗ്രസ് പാർട്ടിയുടെ ജനാധിപത്യം. എപ്പോഴൊക്കെ മനസാക്ഷിയുടെ ശബ്ദം ഉയരുന്നുണ്ടോ അപ്പോൾ അവരുടെ ജനാധിപത്യം അടിച്ചമർത്തപ്പെടുന്നു. നിങ്ങൾക്ക് അറിയാം, കോൺഗ്രസ്സ് പാർട്ടി ശ്രീ നീലം സഞ്ജീവ റെഡ്ഡിയെ രാഷ്ട്രപതി സ്ഥാനാർഥിയുടെ രൂപത്തിൽ ഇഷ്ടപ്പെട്ടിരുന്നു പക്ഷേ ഒറ്റരാത്രികൊണ്ട് അദ്ദേഹത്തെ അവർ പുറകിൽ നിന്ന് കുത്തുകയും ഔദ്യോഗിക സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തി അതും നിങ്ങൾക്കറിയാം. അദ്ദേഹവും ആന്ധ്രാപ്രദേശിൽ നിന്നുള്ളയാളാണെന്നത് യാദൃശ്ചികതയാണ്. നിങ്ങൾ ശ്രീ ടി. അഞ്ജയ്യയെ അപമാനിച്ചു, നിങ്ങൾ ശ്രീ നീലം സഞ്ജീവ റെഡ്ഡിയെ അപമാനിച്ചു. നിങ്ങൾ ജനാധിപത്യത്തെക്കുറിച്ചാണ് സംസാരിക്കുന്നത്.

ഇത് മാത്രമല്ല, ഡോ. മൻമോഹൻ സിംഗ്ജി രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്നു. മന്ത്രിസഭ ഒരു തീരുമാനപ്പെടുത്തു, ഭരണഘടനയനുസരിച്ച് രൂപീകരിച്ച മന്ത്രിസഭ, സുപ്രധാന ജനാധിപത്യ സ്ഥാപനമായ മന്ത്രിസഭ , പക്ഷേ നിങ്ങളുടെ പാർട്ടിയുടെ സർക്കാരും നിങ്ങളുടെ സ്വന്തം പാർട്ടിയുടെ ചുമതലക്കാരനും ചേർന്ന് ഒരു പത്രസമ്മേളനം വിളിച്ച് മന്ത്രിസഭാ തീരുമാനങ്ങൾ അടങ്ങിയ കീറിപ്പ് അവരുടെ മുന്നിൽ കീറിക്കളഞ്ഞു.

ജനാധിപത്യം എന്ന വാക്ക് താങ്കളുടെ പദപ്രയോഗങ്ങളിൽ ചേരുന്നില്ല. അതുകൊണ്ട് ദയവായി ഞങ്ങളെ ജനാധിപത്യത്തിന്റെ പാഠം പഠിപ്പിക്കരുത്.

ചരിത്രത്തിൽ നിന്ന് ചിലത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാജ്യത്ത് കോൺഗ്രസ് നേതൃത്വത്തെ തിരഞ്ഞെടുക്കുന്നതിനുള്ള തിരഞ്ഞെടുപ്പ് നടന്നപ്പോൾ, പതിനഞ്ച് കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിച്ചു, തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളിൽ നിന്നും പന്ത്രണ്ട് കോൺഗ്രസ് കമ്മിറ്റികളും സർദാർ വല്ലഭായ് പട്ടേലിനു വോട്ട് ചെയ്തു, മൂന്ന് പേർ നോട്ടയ്ക്ക് വോട്ട് ചെയ്തു, അതായത് അവർ ആരുടേയും അനുകൂലമായി വോട്ട് ചെയ്തില്ലെന്ന് തീരുമാനിച്ചിരുന്നു. അതിനു ശേഷവും . സർദാർ വല്ലഭായ് പട്ടേലിന് നേതൃത്വം നൽകിയില്ല, അത് എന്തൊരു ജനാധിപത്യമായിരുന്നു അത്? പണ്ഡിറ്റ് നെഹ്റുവിന് നേതൃത്വം നൽകി. ആദ്യ പ്രധാനമന്ത്രി സർദാർ വല്ലഭായ് പട്ടേൽ രാജ്യത്തിന്റെ ആയിരുന്നെങ്കിൽ എൻറെ കശ്മീരിന്റെ ആ ഭാഗം പാക്കിസ്ഥാന്റെ കൈവശം ഉണ്ടാകുമായിരുന്നില്ല.

അടുത്തയിടെ , ഡിസംബറിൽ കോൺഗ്രസ് പാർട്ടിയുടെ അദ്ധ്യക്ഷൻറെ തിരഞ്ഞെടുപ്പാണോ നടന്നത് അതോ കിരീടധാരണമോ?

നിങ്ങളുടെ സ്വന്തം പാർട്ടിയിലെ ഒരു ചെറുപ്പക്കാരൻ ശബ്ദം ഉയർത്തി. സ്വന്തം സ്ഥാനാർത്ഥിത്വം സമർപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. നിങ്ങൾ അയാളെയും തടഞ്ഞു. നിങ്ങൾ ജനാധിപത്യത്തെക്കുറിച്ചു സംസാരിക്കുന്നുവോ.

(പ്രതിപക്ഷ ശബ്ദം) എനിക്കറിയാം ഈ ശബ്ദത്തെ അമർത്തുവാനുള്ള എല്ലാ ശ്രമവും പരാജയപ്പെടുമെന്ന് . കേൾക്കാനുള്ള ധൈര്യവും വേണം.

ബഹുമാനപ്പെട്ട അധ്യക്ഷ ജി , ഞങ്ങളുടെ സർക്കാരിൻറെ പ്രത്യേകത കേവലം പ്രഖ്യാപനങ്ങൾ നടത്തി വാർത്തകളുടെ തലക്കെട്ടുകൾ ഉത്തുവാരുകയോ പദ്ധതികളുടെ പ്രഖ്യാപനങ്ങൾ കൊണ്ട് ജനങ്ങളെ കബളിപ്പിക്കുകയോ ചെയ്യാത്ത ഒരു തൊഴിൽ സംസ്കാരം ഞങ്ങൾ കൊണ്ടുവന്നു എന്നതാണ് . അത് നമ്മുടെ സംസ്കാരമല്ല. നാം പൂർത്തീകരിക്കുവാൻ ആകുന്ന കാര്യങ്ങളെ മാത്രമേ ഞങ്ങൾ സ്പർശിക്കുന്നുള്ളൂ. അതേ പോലെ നല്ല കാര്യങ്ങൾ , അത് ഏതൊരു സർക്കാരിന്റെയും ആരുടേയും ആകട്ടെ അതൊന്നും ചെയ്യാതെ കെട്ടിക്കിടക്കുന്നത് രാജ്യത്തിന് നഷ്ടമുണ്ടാക്കുന്നതാണ് , അവയെ ശരിയായ രീതിയിൽ ഏറ്റെടുത്തു പൂർത്തീകരിക്കുക എന്ന പ്രവർത്തികൾ ഞങ്ങൾ ചെയ്യുന്നു. കാരണം ജനാധിപത്യത്തിൽ ഗവൺമെന്റുകൾ വരികയും പോവുകയും ചെയ്യും പക്ഷേ രാജ്യം നിലനിൽക്കും. , ഞങ്ങൾ ഈ സിദ്ധാന്തത്തെ അംഗീകരിക്കുന്നവരാണ് .

ഇത് സത്യം അല്ലേ? ഇതേ ഉദ്യോഗസ്ഥരും ഇതേ ഫയലുകളും ഇതേപോലുള്ള പ്രവർത്തന ശൈലികളും ആയിരുന്നിട്ടും എന്ത കാരണം കൊണ്ടാണ് കഴിഞ്ഞ സർക്കാരിന് പ്രതിദിനം 11 കിലോമീറ്റർ ദേശീയ പാതകൾ മാത്രം പൂർത്തിയാക്കാൻ സാധിച്ചത്? എന്നാൽ ഇന്ന് പ്രതിദിനം 22 കിലോമീറ്റർ ദേശീയ പാത നിർമ്മിക്കുന്നു, റോഡ് നിങ്ങളും നിർമിച്ചു ഞങ്ങളും നിർമിക്കുന്നു. മുൻ സർക്കാരിൻറെ അവസാന മൂന്നു വർഷക്കാലത്ത്

80,000 കിലോമീറ്റർ റോഡ് നിർമ്മിച്ചു. ഞങ്ങളുടെ സർക്കാരിൻറെ 3 വർഷത്തെ കാലയളവിൽ ഒരു ലക്ഷത്തി ഇരുപതിനായിരം കിലോമീറ്റർ റോഡുകൾ നിർമ്മിച്ചു. മുൻ സർക്കാരിൻറെ അവസാന മൂന്നു വർഷക്കാലത്ത് 1100 കിലോമീറ്റർ റെയിൽവേ ലൈനുകളുടെ നിർമ്മാണം നടന്നു. ഞങ്ങളുടെ സർക്കാരിൻറെ 3 വർഷത്തെ കാലയളവിൽ

2100 കിലോമീറ്റർ റെയിൽവേ ലൈനുകൾ നിർമ്മിച്ചു. മുൻ സർക്കാരിൻറെ അവസാന മൂന്ന വർഷക്കാലത്ത് 2,500 കിലോ മീറ്റർ റെയിൽ ലൈൻ വൈദ്യുതീവത്ക്കരിക്കപ്പെട്ടു, ഞങ്ങളുടെ സർക്കാരിൻറെ 3 വർഷത്തെ കാലയളവിൽ 4,300 ലധികം കിലോമീറ്റർ ജോലി കഴിഞ്ഞു.

2011ന ശേഷം കഴിഞ്ഞ 2014 വരെ നിങ്ങളുടെ സർക്കാർ . വീണ്ടും പറയും 'ഇത് ഞങ്ങളുടെ പദ്ധതിയായിരുന്ന, ഈ പദ്ധതി ഞങ്ങൾ ആവിഷ്കരിച്ചതാണ്, ഇതിന്റെ ക്രെഡിറ്റ് ഞങ്ങൾക്ക് ലഭിക്കണം' നിങ്ങൾ അത് തന്നെ പാടിക്കൊണ്ടേയിരിക്കും .

എന്താണ് സത്യം? ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് - നിങ്ങളുടെ പ്രവർത്തന രീതി എന്തായിരുന്ന? ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും പ്രയോജനപ്പെട്ടാലല്ലാതെ കാര്യങ്ങൾ മുന്നോട്ട് നീങ്ങില്ല. 2011 കഴിഞ്ഞു 2014 വരെ ആകെ59 പഞ്ചായത്തുകളിൽ മാത്രമാണ് ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കാൻ കഴിഞ്ഞത്. എന്നാൽ, തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഇത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരു ലക്ഷത്തിലധികം പഞ്ചായത്തുകൾക്ക് ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് ലഭ്യമാക്കി. മൂന്ന വർഷം കൊണ്ട് 60-ൽ താഴെ ഗ്രാമങ്ങളെവിടെ ? 3 വർഷത്തിനുള്ളിൽ ഒരു ലക്ഷത്തിലധികം ഗ്രാമങ്ങൾ എവിടെ ?കണക്കിൽ ഒരു ചേർച്ചയും ഇല്ല . കഴിഞ്ഞ സർക്കാർ 939 നഗരങ്ങളിൽ നഗര ഭവന പദ്ധതി നടപ്പാക്കിയിരുന്ന. ഇന്ന് നഗരങ്ങളിലെ 4320 നഗരങ്ങളിൽ പ്രധാനമന്ത്രി ആവാസ് യോജന നടപ്പാക്കിവരുന്ന. നിങ്ങൾ ആയിരത്തിൽ കുറവും , ഞങ്ങൾ 4000-ത്തിൽ കൂടുതൽ ചെയ്തിരിക്കുന്ന. . മുൻ സർക്കാരിൻറെ അവസാന മൂന്ന് വർഷങ്ങളിൽ ആകെ 12,000 മെഗാവാട്ട് പുനരുപയോഗ ഊർജ ശേഷി കൂട്ടിച്ചേർക്കപ്പെട്ടു. ഈ സർക്കാരിൻറെ മൂന്ന് വർഷത്തിനുള്ളിൽ 22,000 മെഗാവാട്ടിൽ അധികമായി ക്ഷമത കൂട്ടിച്ചേർത്തു. ഷിപ്പിംഗ് വ്യവസായം, ചരക്ക് കൈകാര്യം എന്നിവ നിങ്ങളുടെ കാലത്ത് നെഗറ്റീവ് വളർച്ചയായിരുന്ന. മൂന്ന് വർഷം കൊണ്ട് 11 ശതമാനത്തിലധികം വളർച്ചയാണ് ഈ സർക്കാർ കാണിച്ചത്. നിങ്ങൾ കാര്യങ്ങളുടെ അടിത്തട്ടുമായി ബന്ധപ്പെട്ടു പ്രവർത്തിരിച്ചിരുന്ന എങ്കിൽ ഈ സാഹചര്യം സംഭവിക്കില്ലായിരുന്ന. രണ്ട് കാര്യങ്ങൾ നമ്മുടെ ഖാർഗെ ജി പറഞ്ഞത് എനിക്ക് വളരെ നല്ലതായി തോന്നി , ഒന്ന് റെയിൽവേ, മറ്റൊന്ന് കർണാടക, ഖാർഗെ ജിക്കു അഭിമാനം തോന്നുന്നുണ്ട്. താങ്കൾ ബിദാർ-കൽബുർഗി റെയിൽവേ ലൈനിനെക്കുറിച്ച് സൂചിപ്പിച്ചു.

ഈ സത്യം രാജ്യവും അറിയണം . കോൺഗ്രസിന്റെ വായിൽ നിന്ന് ആരും ഇത് കേട്ടിരിക്കില്ല, ഒരിയ്ക്കലും അവർ പറയുകയുമില്ല. ഉദ്ഘാടന ചടങ്ങിൽ പോലും സംസാരിക്കില്ലായിരുന്ന. ശിലാസ്ഥാപനത്തിൽ പോലും പറഞ്ഞിട്ടുണ്ടാകില്ല. സത്യം അംഗീകരിക്കുക . ബിദാർ - കൽബുർഗിയുടെ 110 കിലോമീറ്റർ പുതിയ റെയിൽപാതയ്ക്ക് അടൽ ബിഹാരി വാജ്പേയി സർക്കാരിന്റെ കാലത്താണ് അംഗീകാരം ലഭിക്കുന്നത്. 2013 വരെ നിങ്ങളുടെ സർക്കാർ ആയിരുന്ന. നിങ്ങൾ സ്വയം റെയിൽവേ മന്ത്രിയായിരുന്ന, ഇത് നിങ്ങളുടെ സ്വന്തം പാർലമെന്ററി മണ്ഡലത്തിന്റെ പ്രദേശമാണ്. ഇതൊക്കെ ആയിരുന്നിട്ടും ഇത്രയധികം വർഷങ്ങൾക്കിടയിൽ, അടൽ ജിയുടെ സർക്കാരിന് ശേഷം എത്രയോ വർഷം ഉണ്ടായിരുന്ന , ആകെ 37 കിലോമീറ്റർ മാത്രം ജോലിയാണ് നടന്നതെന്ന് അറിയുക, ആ ജോലിയും നടന്നത് എപ്പോഴാണെന്നോ , യെദ്യൂരപ്പ മുഖ്യമന്ത്രിയായിരിക്കെ അദ്ദേഹം ആണ് അക്കാര്യത്തിന് മുൻകൈയെടുത്തതും. . ഇന്ത്യൻ സർക്കാർ എന്താണോ ആവശ്യപ്പെട്ടത് അത് ചെയ്യാം എന്ന സമ്മതിച്ചു.അപ്പോൾ ആണ് അടൽജിയുടെ സ്വപ്നം മുന്നോട്ട് കൊണ്ടുപോകാനുള്ള പ്രവർത്തനം നിങ്ങളുടെ സർക്കാർ ആരംഭിച്ചത്. അതും തിരഞ്ഞെടുപ്പ് വന്നപ്പോൾ നിങ്ങൾക്ക് തോന്നി, ഈ തീവണ്ടി ഓടിയാൽ നന്നായിരിക്കും എന്ന് . 110 കിലോമീറ്റർ വേണ്ടതാണ്, പക്ഷേ മുപ്പത്തിയേഴ് കിലോമീറ്റർ ആയപ്പോഴേ പതാകയുയർത്തി അവർ വന്ന. ഞങ്ങൾ വന്ന ശേഷം ബാക്കിയുള്ള എഴുപത്തിമൂന്ന കിലോമീറ്റർ ജോലികൾ ഇത്രയും കുറഞ്ഞ സമയം കൊണ്ട് ഞങ്ങൾ പൂർത്തിയാക്കി. അത് പ്രതിപക്ഷ നേതാവിൻറെ പാർലമെന്ററി മണ്ഡലമാണ്

എന്നാ ഞങ്ങൾ കരുതുന്നില്ല, അത് ഇപ്പോൾ കഴിയിൽ മൂട്ട, പിന്നീട് നോക്കാം . ഞങ്ങൾ അങ്ങനെയൊരു പാപം ചെയ്യുന്നില്ല. ആ പ്രദേശം നിങ്ങളുടെ ആയിരുന്നാം , പക്ഷേ പ്രവർത്തനം രാജ്യത്തിന്റേതായിരുന്നാ. രാജ്യത്തിന്റെ പ്രവർത്തനം എന്നാ കണക്കാക്കി ഞങ്ങൾ അത് പൂർത്തിയാക്കി. പൂർത്തീകരിച്ച ആ പദ്ധതി ജനങ്ങൾക്ക് സമർപ്പിച്ചത് ഞാനാണ്, അപ്പോഴും താങ്കൾക്ക് വേദനിക്കുന്നാ. ഈ രാജ്യത്തെ ജനങ്ങൾ ഈ വേദനക്കുള്ള മരുന്ന് പണ്ടേ തന്നിട്ടുണ്ട്.

ബഹുമാനപ്പെട്ട സ്പീക്കർ, രണ്ടാമത്തെ ചർച്ച ബാമറിലെ റിഫൈനറിയെക്കുറിച്ചാണ് നടന്നത്. വിജയം കൈവരിക്കുവാൻ വേണ്ടി , തിരഞ്ഞെടുപ്പിന് മുമ്പ് തറക്കല്ലിൽ പേര് എഴുതി ചേർക്കണം. അപ്പോൾ വണ്ടി ഓടിക്കൊള്ളും. നിങ്ങൾ പോയി ബാർമർ റിഫൈനറിയുടെ തറക്കല്ലിട്ടു. അതിൽ പേരെഴുതിച്ചു. ഞങ്ങൾ അധികാരത്തിൽ വന്നാ. കടലാസുകൾ പരിശോധിച്ചു. റിഫൈനറിയുടെ തറക്കല്ലിട്ടെങ്കിലും എല്ലാം കടലാസിലായിരുന്നാ. ഭൂമി ഏറ്റെടുക്കാനുള്ള അംഗീകാരമില്ല , ഭൂമിയില്ല , കേന്ദ്ര സർക്കാരുമായി ഒരു അന്തിമ കരാറും ഉണ്ടായിരുന്നില്ല. തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ട് നിങ്ങൾ അവിടെയും കല്ലിട്ടു. നിങ്ങളുടെ തെറ്റുകൾ തിരുത്തി, ആ പദ്ധതിയെ ശരിയായ രൂപത്തിലാക്കുവാൻ ഇന്ത്യാ ഗവൺമെന്റിനാം രാജസ്ഥാൻ സർക്കാരിനാം ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നാ, അതിനാ ശേഷമാണ് ആ പ്രശ്നങ്ങളിൽ നിന്നാം കരകയറി ആ പ്രവൃത്തിക്കു തുടക്കം കുറിച്ചത്.

ഞാൻ ധോല - സാദിയ പാലം ഉദ്ഘാടനം ചെയ്തപ്പോൾ ചില ആളുകൾക്ക് പ്രശ്നമുണ്ടായിരുന്നാ, അവർ പറഞ്ഞു ഇത് ഞങ്ങളുടേതാണ്. വളരെ എളുപ്പമുള്ള കാര്യമാണ്. പക്ഷേ അവരുടെ ജോലി മുന്നേറിയ സമയം , അപ്പോൾ ഈ സഭയിൽ ചോദ്യം ഉയർന്നാ,പക്ഷേ അടൽ ബിഹാരി വാജ്പേയിജി സർക്കാരിന്റെ കാലത്തു നിർണയം എടുത്ത ജോലിയാണ് ഇതെന്ന് പറയുവാനുള്ള സത്യസന്ധത അവർ ഒരിടത്തും കാണിച്ചില്ല . ആ പദ്ധതി പോലും നിയമസഭയിലെ ബിജെപി അംഗങ്ങളിൽ ഒരാൾ വിശദമായി പഠിച്ച് ആവശ്യം ഉന്നയിച്ചതിന് ശേഷം

ബഹുമാനപ്പെട്ട അടൽ ജി ആ ആവശ്യം അംഗീകരിക്കുകയും പിന്നീട് അതിൽ നിന്നാം ഇത് നിർമിച്ചു. നമ്മുടെ ഗവൺമെന്റ് 2014ൽ അധികാരത്തിൽ വന്നതിനാ ശേഷം വടക്കുകിഴക്കൻ മേഖലകൾക്ക് മുൻഗണന നൽകി.

ആ പ്രദേശങ്ങളിലെ വികസന പ്രവർത്തനം ത്വരിതപ്പെടുത്തി. അങ്ങിനെ ആണ് ഈ പാലം നിർമ്മിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ, അതു മാത്രമല്ല, അഭിമാനത്തോടെ പറയുകയാണ്, രാജ്യത്ത് ഇന്നുള്ളതിൽ വച്ചേറ്റവും നീളമുള്ള തുരങ്കം , ഏറ്റവും നീളമുള്ള ഗ്യാസ് പൈപ്പ് ലൈൻ , ഏറ്റവും വേഗതയുള്ള ടെയിൻ, കടലിനുള്ളിൽ കൂടി നീളമുള്ള പാലം എന്നിവയ്ക്ക് വേണ്ടിയുള്ള തീരുമാനങ്ങൾ എന്റെ സർക്കാർ എടുത്തിട്ടുണ്ട്, അതിനായുള്ള പ്രവർത്തനങ്ങളാം സമയബന്ധിതമായി മുന്നോട്ട് നീങ്ങുന്നുണ്ട്. ഈ കാലഘട്ടത്തിൽ 104 ഉപഗ്രഹങ്ങൾ വിക്ഷേപിക്കുന്നതിനാം വേണ്ടിയുള്ള പ്രവർത്തനം ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട രാഷ്ട്രപതി തന്റെ പ്രസംഗത്തിൽ പരാമർശിച്ച കാര്യങ്ങൾ നിഷേധിക്കാനാവില്ല. ജനാധിപത്യം എങ്ങനെയായിരിക്കണമെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നാ. അധികാരത്തിലിരിക്കുമ്പോൾ എങ്ങനെ എല്ലാവരെയും ആദരിക്കണമെന്നാം . ചെങ്കോട്ടയിൽ നടത്തിയ പ്രഭാഷണം എടുക്ക,

സ്വാതന്ത്ര്യാനന്തരം ചെങ്കോട്ടയുടെ കൊത്തളത്തിൽ നിന്ന് കോൺഗ്രസ് പാർട്ടിയുടെ പ്രധാനമന്ത്രിമാർ നടത്തിയ പ്രസംഗങ്ങൾ എടുക്ക. അവരുടെ ഒരു പ്രസംഗങ്ങളിൽ ഒരാൾ പോലും പറഞ്ഞിട്ടില്ല , ഇന്ന് രാജ്യമനുഭവിക്കുന്ന പുരോഗതികൽ എല്ലാ സർക്കാരുകളുടെയും സംഭാവന കാരണം ആണെന്ന്. മുൻ സർക്കാരുകളുടെ സംഭാവന ഉണ്ട് എന്നാ അങ്ങിനെ ഒരു വാക്യം പോലും ചെങ്കോട്ടയിൽ നിന്ന് കോൺഗ്രസ്സ് നേതാക്കൾ പറഞ്ഞിട്ടുണ്ട് എങ്കിൽ ദയവായി ചരിത്രപുസ്തകം തുറന്നു കൊണ്ട് വരിക . ഇത് നരേന്ദ്ര മോദി ചെങ്കോട്ടയിൽ നിന്ന് പറഞ്ഞു - രാജ്യം ഇന്ന് എവിടെ എത്തി നിൽക്കുന്നുവോ അതിനാ പിന്നിൽ എല്ലാ മുൻ സർക്കാരുകളുടെയും സംഭാവനയുണ്ട്, സംസ്ഥാന സർക്കാരുകളുടെ സംഭാവനയുമുണ്ട്, രാജ്യത്തെ ജനങ്ങളുടെ സംഭാവനയുണ്ടെന്ന് . ധൈര്യം തുറന്നു സമ്മതിക്കാനുള്ള

ധൈര്യം ഞങ്ങൾക്കുണ്ട്. അത് ഞങ്ങളുടെ സ്വഭാവത്തിലുണ്ട്. അത് ഞങ്ങളുടെ ചരിത്രമാണ്. ഒരു കാര്യം ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു , ഞാൻ ഗുജറാത്തിൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ, ആ സമയം ഗുജറാത്തിന്റെ സുവർണ്ണ ജൂബിലി വർഷമായിരുന്നു. ഞങ്ങൾ സുവർണ്ണ ജൂബിലി ആഘോഷിക്കാൻ ഒരു പരിപാടി സംഘടിപ്പിച്ചു. അതിൽ ബഹുമാനപ്പെട്ട ഗവർണർമാർ നടത്തിയ പ്രസംഗങ്ങൾ ഞങ്ങൾ ശേഖരിച്ചു.ഗവർണർമാരുടെ പ്രസംഗങ്ങൾ എന്താണെന്ന് ഇവിടെ വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആദരണീയ രാഷ്ട്രപതി അദ്ദേഹത്തിൻറെ പ്രസംഗത്തിൽ കേന്ദ്ര സർക്കാർ പ്രവർത്തനങ്ങളുടെ ഗതിവിഗതികൾ ആകം ഉൾക്കൊള്ളിക്കുക . ബഹുമാനപ്പെട്ട ഗവർണർ ആ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പ്രവൃത്തികൾ കുറിച്ച പരാമർശിക്കുന്നു. ഗുജറാത്ത് രൂപീകരണത്തിന് ശേഷം ഗുജറാത്തിലെ സർക്കാരുകൾ കോൺഗ്രസിൽ നിന്നായിരുന്നു പക്ഷേ ഗുജറാത്ത് രൂപീകൃതമായത് മുതൽ അൻപത് വർഷത്തെ യാത്രയിൽ എത്ര ഗവർണർമാർ പ്രഭാഷണങ്ങൾ നടത്തിയോ അവയിൽ എല്ലാ സർക്കാരുകളെടും പ്രവർത്തനങ്ങളെ കുറിച്ചുള്ള പരാമർശം ഉണ്ട്. അവയെല്ലാം ചേർത്ത് ഗ്രന്ഥമാക്കി , അത് ആർക്കൈവ്സിൽ സൂക്ഷിക്കാനുള്ള ജോലിയും ചെയ്തു. ഇതിനെ ജനാധിപത്യം എന്ന് വിളിക്കുന്നു.

നിങ്ങൾ ഇപ്പോൾ പ്രതിപക്ഷ ബഞ്ചിൽ ഇരിക്കുന്ന അവസ്ഥയ്ക്ക് നിങ്ങളും കുടുംബവുമാണ് ഉത്തരവാദികൾ. നിങ്ങൾ രാജ്യത്തെ അംഗീകരിച്ചിട്ടില്ല. അതുകൊണ്ടാണ് ഇന്ന് ഇരട്ടിവേഗത്തിൽ റോഡുകളും റെയിൽപാതകളും നിർമിക്കുന്നത്, ഒട്ടനവധി വികസനം നടക്കുന്നു, ഗ്യാസ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നു, അടഞ്ഞുകിടക്കുന്ന വളം പ്ലാന്റുകൾ തുറക്കുന്ന ജോലികൾ നടക്കുന്നു, കോടിക്കണക്കിന് വീടുകളിൽ ശൌചാലയങ്ങൾ പണിയുന്നു. പുതിയ തൊഴിലവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. കോൺഗ്രസിൽ നിന്നുള്ള എന്റെ സഹപ്രവർത്തകരോട് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്നു. തൊഴിലിനെയും തൊഴിലില്ലായ്മ സാഹചര്യത്തെയും വിമർശിക്കുന്നവരോട് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്നു. തൊഴിലിൻറെയും തൊഴിലില്ലായ്മയുടെ കണക്കുകൾ അവർ ഉദ്ധരിക്കുമ്പോൾ, രാജ്യമൊട്ടാകെയുള്ള തൊഴിലില്ലായ്മയുടെ കണക്കുകളാണ് അവർ അവതരിപ്പിക്കുന്നതെന്ന് നിങ്ങൾക്കും അറിയാം, രാജ്യത്തിനും അറിയാം എനിക്കും അറിയാം. തൊഴിലില്ലായ്മയെക്കുറിച്ചുള്ള കണക്കുകൾ മൊത്തം രാജ്യത്തു നിന്നും ആണെങ്കിൽ തൊഴിലിനെക്കുറിച്ചുള്ള കണക്കുകളും മുഴുവൻ രാജ്യത്തു നിന്നുമുള്ളതായിരിക്കണം. അപ്പോൾ നിങ്ങൾക്ക് ഞങ്ങളുടെ വാക്കുകളിൽ വിശ്വസം ഇല്ല. ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത് , നിങ്ങൾ രേഖകൾ നോക്കു, പശ്ചിമബംഗാളിലെ സർക്കാർ , കർണാടകയിലെ സർക്കാർ , ഒഡീഷയിലെ സർക്കാർ കേരളത്തിലെ സർക്കാർ , ഞങ്ങളല്ല അവിടെ , എൻഡിഎ യുമല്ല , ഈ നാലു സർക്കാരുകളും സ്വയം ശ്രമിച്ചു , അതിൻറെ കണക്കുകളിൽ കഴിഞ്ഞ മൂന്നു-നാല് വർഷങ്ങളിൽ ഈ നാല് സർക്കാരുകളും പറയുന്നതു അവിടെ ഏകദേശം ഒരു കോടി ജനങ്ങൾക്ക് തൊഴിൽ ലഭിച്ചു എന്നാണ്. നിങ്ങൾ അതും നിരാകരിക്കുമോ? തൊഴിലില്ലായ്മ കണക്കുകൾ രാജ്യത്തെ മുഴുവനും തൊഴിൽ കണക്കുകൾ ...? ഞാൻ ഇതിൽ രാജ്യത്തെ സാമ്പത്തിക അഭിവൃദ്ധിയുള്ള സംസ്ഥാനങ്ങളുടെ ചർച്ച അല്ല ചെയ്യുന്നത്, ഞാൻ ചർച്ച ചെയ്യുന്നത് നിങ്ങളുടെ ആളുകൾ സർക്കാർ ആയിരിക്കുന്നതിനൊപ്പം തൊഴിൽ നല്കുന്ന എന്ന അവകാശവും ഉന്നയിക്കുന്ന സംസ്ഥാനങ്ങളെ കുറിച്ചാണ്. അല്ലെങ്കിൽ നിങ്ങളുടെ കർണാടക നൽകുന്ന തൊഴിൽ കണക്കുകൾ നിങ്ങൾ നിരാകരിക്കു , കള്ളകണക്കുകൾ ആണ് നൽകിക്കൊണ്ടിരിക്കുന്നതെന്ന് . തൊഴിൽ നൽകുന്നതിനായി ഇന്ത്യാ ഗവൺമെന്റ് വളരെയധികം പരിശ്രമിക്കുകയും വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്, കൂടാതെ 18 മുതൽ 25 വയസ്സുവരെയുള്ള യുവാക്കളായ 70 ലക്ഷം പുതിയ പേരുകൾ ഇപിഎഫ്ഒയ്ക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് നിങ്ങൾക്കറിയാം. ഇത് തൊഴിൽ അല്ലേ? ഇത് മാത്രമല്ല, അവരിൽ ചിലർ ഡോക്ടർമാരായി, ചിലർ എഞ്ചിനീയർമാരായി, ചിലർ അഭിഭാഷകരായി, ചിലർ ചാർട്ടേഡ് അക്കൗണ്ടന്റായി, ചിലർ കമ്പനി സെക്രട്ടറിമാരായി, ചിലർ സ്വന്തമായി ബിസിനസ്സ് തുടങ്ങി, മറ്റുള്ളവർക്ക് അവരുടെ കമ്പനികളിൽ ജോലി നൽകി, സ്വയം തൊഴിൽ സൃഷ്ടിച്ചു. അത് തൊഴിലായി കണക്കാക്കാൻ നിങ്ങൾ തയ്യാറല്ല. ഔപചാരിക മേഖലയിൽ പത്ത് ശതമാനം തൊഴിലവസരങ്ങളും 90 ശതമാനം തൊഴിലവസരങ്ങളും അനൗപചാരിക മേഖലയിലാണെന്നും നിങ്ങൾക്കറിയാം. അതിനാൽ, അനൗപചാരിക മേഖലയെ ഔപചാരിക മേഖലയിലേക്ക് കൊണ്ടുവരുന്നതിനായി അത്തരം നിരവധി പ്രോത്സാഹനങ്ങളും പദ്ധതികളും വാഗ്ദാനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ഞങ്ങൾ ഇന്ന് വിജയകരമായി നടത്തി.

ഇത് മാത്രമല്ല, ഇന്ന് രാജ്യത്തെ ഇടത്തരം കുടുംബത്തിലെ യുവാക്കൾ ജോലിക്കായി യാചിക്കുന്നവരിൽപ്പെടുന്നില്ല. അവർ ബഹുമാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നു. അവർ അവരുടെ സ്വന്തം പ്രവർത്തനം കൊണ്ട് ജീവിക്കാൻ ആഗ്രഹിക്കുന്നു. പല ഐഎഎസുകാരെയും കാണാറുണ്ട് , അവരുടെ മക്കൾ എന്തായിത്തീരാനാണ് ആഗ്രഹിക്കുന്നതെന്ന് ഞാൻ ചിലപ്പോൾ ചോദിച്ചിട്ടുണ്ട് . അവരും സിവിൽ സർവീസുകാരാകാൻ ആകും ആഗ്രഹിക്കുന്നതെന്നു ഞാൻ കരുതിയിട്ടുണ്ട് . പക്ഷേ അവർ എന്നോടു പറയും , സർ, കാലമൊക്കെ മാറിക്കഴിഞ്ഞു, ഞങ്ങളുടെ പിതാവിൻറെ കാലത്ത് സർക്കാർ ജോലി തേടിയാണ് ഇവിടെ ഞങ്ങൾ എത്തിയത്, പക്ഷേ ഞങ്ങളുടെ കുട്ടികളെ സിവിൽ സർവീസ് രംഗത്തേക്ക് വരാൻ ഉപദേശിച്ചപ്പോൾ അവർ അത് വിസമ്മതിക്കുന്നു. പഠനം കഴിഞ്ഞ് വിദേശത്ത് നിന്ന് വന്നതാണ്, ഒരു സ്റ്റാർട്ടപ്പ് തുടങ്ങുമെന്ന് പറയുന്നു. അവർ എന്തിന് ഈ ജോലി ചെയ്യണം . ഇതാണ് രാജ്യത്തെ യുവാക്കളുടെ അഭിലാഷം, ഇന്ത്യയുടെ നേതൃത്വത്തിൽ ഏത് പാർട്ടിയുമാകട്ടെ, രാജ്യത്തെ മധ്യവർഗത്തിലെ ഉത്സാഹിതരായ യുവാക്കളെ നിരുത്സാഹപ്പെടുത്തുന്നതിനുപകരം അവരുടെ അഭിലാഷങ്ങളെ ശക്തിപ്പെടുത്തണം , പ്രോത്സാഹിപ്പിക്കണം. പ്രധാനമന്ത്രി മുദ്ര യോജന, നൈപുണ്യ വികസന യോജന, സംരംഭകത്വ ആസൂത്രണ യോജന എന്നിവയിലൂടെ രാജ്യത്തെ മധ്യവർഗത്തിലെ ഊർജ്ജസ്വലരായ യുവാക്കളുടെ അഭിലാഷം സാക്ഷാത്കരിക്കാനുള്ള ശ്രമത്തിലാണ് ഞങ്ങൾ. പ്രധാൻ മന്ത്രി മുദ്ര യോജന പ്രകാരം 10 കോടിയിലധികം വായ്പകൾക്ക് അംഗീകാരം ലഭിച്ചത് ഈ ശ്രമങ്ങളുടെ ഫലമാണ്. ഈ കണക്ക് നിസ്സാരമായ ഒന്നല്ല.

10 കോടിയുടെ വായ്പ അനുവദിക്കുന്ന പ്രക്രിയയിൽ ആരെങ്കിലും പണം വെട്ടിക്കുക ഏതെങ്കിലും ഇടനിലക്കാരൻ വരിക തുടങ്ങിയ പ്രശ്നങ്ങൾ വന്നിട്ടില്ല . ഇതും ഈ സർക്കാരിന്റെ തൊഴിൽ സംസ്കാരത്തിന്റെ ഫലമാണിത്. കാരണം കാണിക്കാതെ അവർക്ക് ബാങ്കുകളിൽ നിന്ന് പണം ലഭിക്കുമെന്നത് ഞങ്ങൾ ഉണ്ടാക്കിയ നയങ്ങളുടെയും നിയമങ്ങളുടെയും ഫലമായിരുന്നു. 10 കോടിയിലധികം വായ്പകൾ അനുവദിച്ചു. 4,00,000 കോടി അനുവദിച്ചു. അതുകൂടാതെ, വായ്പ ലഭിച്ചവരിൽ മൂന്നു കോടി ആളുകൾ ജീവിതത്തിലൊരിക്കലും അത്തരം അവസരങ്ങൾ ലഭിക്കാത്ത പുതിയ സംരംഭകരാണ്. ഇത് രാജ്യത്തെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കാനുള്ള പ്രവർത്തനമല്ലേ? പക്ഷേ നിങ്ങൾ കണ്ണുകൾ അടച്ചു വച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ചിന്താഗതി മാറ്റാൻ നിങ്ങൾ തയ്യാറാകാത്തത്. ഈ മനോഭാവം നിങ്ങളെവിടെയാണോ അവിടത്തെ നിങ്ങളെ നിർത്തും. അടൽജി പറഞ്ഞിട്ടുണ്ട് ;-

ഇടുങ്ങിയ മനസ്സോടെ ആർക്കും വലിയവരായിട്ടില്ല തകർന്ന മനസ്സോടെ ആർക്കും നിലനിൽക്കാനാകില്ല അതുകൊണ്ടാണ് നിങ്ങൾ എവിടെയാണോ ഉള്ളത് അവിടത്തെന്നെ കഴിയേണ്ടി വരും

ഇവരെല്ലാം ഞങ്ങളുടെ കാലത്ത് , ഞങ്ങളുടെ കാലത്തെന്ന പാട്ട് പാടിക്കൊണ്ടേയിരിക്കുന്നു. എൺപതുകളിൽ, ഇരുപത്തിയൊന്നാം നൂറ്റാണ്ടു വരുന്നു, ഇരുപത്തിയൊന്നാം നൂറ്റാണ്ടു വരുന്നു എന്ന ധ്വനി കേൾക്കാമായിരുന്നു. ആ സമയം ഈ കോൺഗ്രസിൻറെ നേതാവ് എല്ലാവരെയും ഇരുപത്തിയൊന്നാം നൂറ്റാണ്ടിൻറെ കാര്യങ്ങൾ ആണ് കാണിച്ചു കൊടുത്തിരുന്നത്. യുവ രാഷ്ട്രീയ നേതാവായിരുന്നു. പുതിയതായി കടന്നു വന്നു. തൻറെ മുത്തച്ഛനെക്കാൾ കൂടുതൽ വോട്ടുകൾ നേടിയാണ് വന്നത്. അക്കാലത്ത് രസകരമായ ഒരു കാർട്ടൂൺ ഞാൻ കണ്ടിരുന്നു

അതിൽ ഒരു യുവാവ് റെയിൽവേ പ്ലാറ്റ്ഫോമിൽ നിൽക്കുന്നതായും ഒരു വശത്ത് നിന്ന് ഒരു ട്രെയിൻ വരുന്നതായും കാണിച്ചു. ആ ട്രെയിനിൽ 21 നൂറ്റാണ്ട് എന്നെഴുതിയിരുന്നു. ഈ യുവാവ് ട്രെയിനിന് നേരെ ഓടുകയാണ്. അപ്പോൾ ഒരു വൃദ്ധൻ അയാളോട് പറയുന്നു നിൽക്കൂ , അത് വരാനുള്ളതാണ്, നമുക്ക് ഒന്നും ചെയ്യേണ്ട കാര്യമില്ല . ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പ്രസംഗങ്ങൾ എല്ലായിടത്തും നടന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെക്കുറിച്ച് ഏറെ സംസാരിച്ചിരുന്ന സർക്കാരിന് വ്യോമയാന നയം കൊണ്ടുവരാൻ പോലും കഴിഞ്ഞില്ല. എൺപതുകളുടെ വർഷത്തിൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെ കുറിച്ചുള്ള സ്വപ്നം കാണിച്ചു കൊണ്ടിരുന്നു, എവിടേയും ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെ കുറിച്ചുള്ള പ്രഭാഷണം കേട്ടുകൊണ്ടേയിരുന്നു, ഇരുപത്തിയൊന്നാം നൂറ്റാണ്ടിൻറെ കാര്യം പറയുന്ന സർക്കാർ ഈ രാജ്യത്ത് വ്യോമയാന നയം പോലും കൊണ്ടുവന്നില്ലായിരുന്നു. ഇരുപത്തിയൊന്നാം

നൂറ്റാണ്ടിൽ വ്യോമയാന നയം ഇല്ലെങ്കിൽ താങ്കൾ എന്തു ഇരുപത്തിയൊന്നാം നൂറ്റാണ്ടിൻറെ സ്വപ്നമാണ് കണ്ടത്- അത് കാളവണ്ടികളുടെ മാത്രം നൂറ്റാണ്ടായിരിക്കും. നിങ്ങൾ അതാണ് ചെയ്യുകൊണ്ടിരുന്നത് .

ബഹുമാനപ്പെട്ട സ്പീക്കർ, ഞങ്ങൾ ഒരു വ്യോമയാന നയം രൂപീകരിച്ചിട്ടുണ്ട്, ഇന്ന് ചെറിയ പട്ടണങ്ങളിലും നഗരങ്ങളിലും ഉള്ള ചെറിയ എയർസ്ട്രിപ്പുകൾ വ്യോമഗതാഗതത്തിനായി ഞങ്ങൾ ഉപയോഗിക്കുന്നു. അത്തരം 16 പുതിയ എയർസ്ട്രിപ്പുകൾ ഇതിനകം പ്രവർത്തനക്ഷമമായിക്കഴിഞ്ഞു, അത്തരം 80 സ്ട്രിപ്പുകൾ കൂടി വികസിപ്പിക്കാൻ ആലോചനയുണ്ട് , ഞങ്ങൾ അതിനായി പ്രവർത്തിക്കുന്നു. ടയർ-2, ടയർ-3 നഗരങ്ങളിൽ വിമാന സർവീസുകൾ തുടങ്ങും. ഇനി പറയുന്നതു കേൾക്കുമ്പോൾ ആ ഭാഗത്തിരിക്കുന്ന അംഗങ്ങൾക്ക് ബുദ്ധിമുട്ട് തോന്നും കാരണം ഇപ്പോൾ ഏകദേശം നാനൂറ്റി അൻപതോളം വിമാനങ്ങൾ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട് . ഈ വർഷം ഇന്ത്യയിൽ നിന്ന് 900-ലധികം വിമാനങ്ങൾ വാങ്ങാനുള്ള ഓർഡറുകൾ പോയിട്ടുണ്ട് , അത് ഞങ്ങളുടെ പ്രവർത്തനങ്ങളുടെ പരിണിത ഫലമാണ് എന്നു കേൾക്കുമ്പോൾ നിങ്ങൾക്ക് സന്തോഷമുണ്ടാകും. നമ്മൾ തീരുമാനങ്ങൾ എടുക്കുന്നു എന്നത് കൊണ്ടല്ല നമ്മൾ ഈ വിജയം നേടിയത്. നമ്മൾ സാങ്കേതിക വിദ്യയുടെ ശരിയായി ഉപയോഗപ്പെടുത്തുന്നത് കൊണ്ടാണ്.

നമ്മൾ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നു. റെയിൽവേയുടെയും റോഡുകളുടെയും പ്രവൃത്തികൾ ഡ്രോണുകൾ ഉപയോഗിച്ച് നിരീക്ഷിക്കുന്നു. സാറ്റലൈറ്റ് സാങ്കേതികവിദ്യയിലൂടെ ഞങ്ങൾ വികസന പ്രവർത്തനങ്ങൾ ട്രാക്ക് ചെയ്യുന്നു. ഇത് മാത്രമല്ല ടോയ്‌ലറ്റ് നിർമ്മിച്ചിട്ടുണ്ടെങ്കിൽ അതിൻറെ ഫോട്ടോ മൊബൈൽ ഫോണിൽ ടാഗ് ചെയ്യുന്നു. ഇത്തരത്തിൽ ഉപഗ്രഹ സാങ്കേതിക വിദ്യ ഉപയോഗിച്ച് എല്ലാ കാര്യങ്ങളേയും മുന്നോട്ട് കൊണ്ടുപോകുന്ന പ്രവർത്തനമാണ് നടത്തിയത്. നിരീക്ഷണം കാരണം ജോലിയുടെ വേഗത കൂടുകയും സുതാര്യത വർദ്ധിപ്പിക്കുവാനും സാധിച്ചു.

ഞങ്ങൾ തെരഞ്ഞെടുപ്പിൽ വിജയിച്ചു വന്നപ്പോൾ ഞാൻ ഓർക്കുന്നു.

മോദി 'ആധാർ' പദ്ധതി നിർത്തലാക്കുമെന്ന് നിങ്ങളുടെ പാർട്ടി സംശയം ഉന്നയിച്ചിരുന്നു. നിങ്ങളുടെ ആധാർ പദ്ധതിയെ മോദി തകർക്കും . ആധാർ വരാൻ പോലും മോദി സമ്മതിക്കില്ലെന്ന് കരുതി നിങ്ങൾ നടന്നു . അതുകൊണ്ട്, ആധാർ ഞാൻ കൊണ്ടുവരില്ലെന്ന് പറഞ്ഞു നിങ്ങൾ എന്നെ ആക്രമിച്ചു.

എന്നാൽ മോദി ആധാറിനെ സാങ്കേതികവിദ്യയുടെ വഴിയിലൂടെ കൊണ്ടു വന്നു , അതിനേ ശാസ്ത്രീയമായി ഉപയോഗിയ്ക്കുന്ന വഴികൾ അന്വേഷിച്ചു, അത് നിങ്ങളുടെ സങ്കൽപ്പത്തിൽ പോലും ഉണ്ടാകില്ല . ഇപ്പോൾ ആധാർ പ്രാവർത്തികമായപ്പോൾ, വളരെ നല്ല രീതിയിൽ പ്രവർത്തിക്കുവാൻ തുടങ്ങിയപ്പോൾ ഈ പദ്ധതിയിൽ നിന്ന് ദരിദ്രരായവർക്ക് അതിൻറെ പ്രയോജനം ലഭിക്കാൻ തുടങ്ങിയപ്പോൾ, നിങ്ങൾക്ക് ആധാർ നടപ്പാക്കിയ രീതി മോശം ആണെന്ന് തോന്നാൻ തുടങ്ങി. ഞാൻ ജയിക്കുന്ന കാര്യങ്ങളും നിങ്ങൾ തോൽക്കുന്ന കാര്യങ്ങളും നിങ്ങൾക്ക് വേണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നു.

അതിനാൽ, ഇന്ന് 115 കോടിയിലധികം ആളുകൾക്ക് 'ആധാർ കാർഡുകൾ' ഉണ്ട്. കേന്ദ്രസർക്കാരിലെ നാനൂറ്റി അൻപതോളം പദ്ധതികൾക്കായി പാവപ്പെട്ടവരുടെ അക്കൗണ്ടുകളിലേക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴിയാണ് പണം നിക്ഷേപിക്കുന്നത്. കടലാസിൽ മാത്രം വിധവകളായിരുന്ന വിധവകൾക്കും നിലവിലില്ലാത്ത പെൺമക്കൾക്കും വർഷങ്ങളായി നിങ്ങൾ പെൻഷൻ നൽകി. ഇടനിലക്കാരാണ് തുക തട്ടിയെടുത്തത്. മുതിർന്ന പൗരന്മാരുടെയും വികലാംഗരുടെയും അവസ്ഥയും സമാനമാണ്. ഇവർക്കുള്ള ഫണ്ട് ഇടനിലക്കാർ തട്ടിയെടുത്തു. ഇന്ന്, നിങ്ങൾ അസന്തുഷ്ടരായിരിക്കുന്നത് ആധാർ നേരിട്ടുള്ള ആനുകൂല്യ കൈമാറ്റത്തിന് ഉപയോഗിക്കുന്നതുകൊണ്ടല്ല, മറിച്ച് ഇടനിലക്കാർക്ക് അവരുടെ ബിസിനസ്സ് നഷ്ടപ്പെട്ടതിനാലാണ്. രാജ്യം കൊള്ളയടിക്കുന്ന തട്ടിപ്പുകാർക്ക് മാത്രമേ വരുമാനം നഷ്ടമായിട്ടുള്ളുവെന്നത് ഓർക്കുക.

ബഹുമാനപ്പെട്ട സ്പീക്കർ, ദരിദ്രരും ഇടത്തരം വരുമാനക്കാരുമായ നാല് കോടി കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനായി ഞങ്ങൾ സൗഭാഗ്യ പദ്ധതി കൊണ്ടുവന്നു.

ഇപ്പോൾ, സമാനമായ ഒരു സ്കീം ആരംഭിക്കുന്നതിനെക്കുറിച്ച് നിങ്ങൾ അവകാശപ്പെടും . ഒരു പദ്ധതിയുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു, പക്ഷേ ജനങ്ങൾക്ക് വൈദ്യുതി ലഭ്യമായിരുന്നോ?മതിയായ ട്രാൻസ്മിഷൻ ലൈനുകൾ ഉണ്ടായിരുന്നോ? 18,000 ഗ്രാമങ്ങളിൽ തൂണുകൾ പോലും സ്ഥാപിച്ചിട്ടില്ല. വൈദ്യുതി ഇല്ലാതെ ജീവിക്കാൻ ജനങ്ങൾ നിർബന്ധിതരായി. ഇത് നിങ്ങളുടെ പദ്ധതിയാണെന്ന് നിങ്ങൾ വീമ്പിളക്കുന്നു. വികസനം നമ്മൾ ഒറ്റപ്പെട്ട് കാണുന്നില്ല. ഒരു സമഗ്രവും സംയോജിതവുമായ സമീപനവും ദീർഘകാല വീക്ഷണത്തേയുമാണ് ഞങ്ങൾ പിന്തുടരുന്നത്.

വൈദ്യുതിയുടെ വിഷയത്തിൽ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സർക്കാർ പ്രവർത്തിയ്ക്കുന്ന ശൈലി എങ്ങനെയാണെന്ന് , വൈദ്യുതി സംവിധാനം മെച്ചപ്പെടുത്താൻ വേണ്ടി ഞങ്ങൾ ഏത് രീതിയിലാണ് ചെയ്യുന്നത് നിങ്ങൾക്ക മനസ്സിലാകും .രാജ്യത്തെ 125 കോടി കുടുംബങ്ങളിൽ നാല് കോടി കുടുംബങ്ങളിലും ഇന്നും വൈദ്യുതി കണക്ഷനില്ല. ഇതിനർത്ഥം ജനസംഖ്യയുടെ ഏകദേശം ഇരുപത്തു ശതമാനവും ഇപ്പോഴും ഇരുട്ടിലാണ്. ഇത് അഭിമാനം തോന്നേണ്ട വിഷയമല്ല. നിങ്ങൾ ഇത് ഞങ്ങൾക്ക് പാരമ്പര്യമായി നൽകിയിട്ടുണ്ട്, അതിനെ പൂർത്തിയാക്കാനുള്ള പൂർത്തിയാക്കാൻ ശ്രമത്തിലാണ് ഞങ്ങൾ .എന്നാൽ ഞങ്ങൾ അത് എങ്ങനെ ചെയ്യുന്നു? വൈദ്യുതി ഉൽപ്പാദനം, പ്രസാരണം ,വിതരണം, കണക്ഷൻ എന്നിങ്ങനെ നാല് ഭാഗങ്ങളായി ഞങ്ങൾ ഈ ചുമതലയെ തിരിച്ചിട്ടുണ്ട്. ഇവയെല്ലാം ഞങ്ങൾ ഒരുമിച്ച് വികസിപ്പിക്കുകയാണ്. ആദ്യമായി വൈദ്യുതി ഉത്പാദനം കൂട്ടുവാനായി ഊന്നൽ നല്കുന്നു . സൗരോർജ്ജം, ജലവൈദ്യുതി, താപം, ആണവോർജ്ജം തുടങ്ങിയ മേഖലകളിൽ കൂടിയും ഉൽപ്പാദനം സാധിയ്ക്കും. അതിൽ ഊന്നൽ നല്കി ഞങ്ങൾ വൈദ്യുതി ഉത്പാദനം വർധിപ്പിച്ചു. ട്രാൻസ്മിഷൻ നെറ്റ്വർക്കിനെ ദ്രുതഗതിയിൽ ഞങ്ങൾ വികസിപ്പിച്ചെടുത്തു. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 1.5 ലക്ഷം കോടിയിലധികം രൂപയുടെ പദ്ധതികളിൽ ഞങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. മുൻ സർക്കാരിൻറെ കഴിഞ്ഞ മൂന്നുവർഷത്തെ പ്രവർത്തനത്തേക്കാൾ 83% കൂടുതലാണിത്. 2014 ന് ശേഷം നമ്മുടെ സർക്കാർ ട്രാൻസ്മിഷൻ ലൈനുകളുടെ വിപുലീകരണത്തിൽ 31% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഞങ്ങൾ ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിച്ചു. വൈദ്യുതി പ്രസരണത്തിനായി കാശ്മീർ മുതൽ കന്യാകുമാരി വരെയും കച്ച് മുതൽ കാംരൂപ് വരെയും മുഴുവൻ ശൃംഖലയും സ്ഥാപിക്കുന്ന ജോലി ഞങ്ങൾ ചെയ്തു.

വൈദ്യുതി വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഞങ്ങൾ 2015-ൽ ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന അഥവാ ഉദയ് പദ്ധതിയിൽ സംസ്ഥാനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ചു. വൈദ്യുതി വിതരണ കമ്പനികളുടെയും സാമ്പത്തിക മാനേജ്മെന്റിന്റെയും മികച്ച പ്രവർത്തനം ഞങ്ങൾ ഉറപ്പിച്ചിട്ടുണ്ട്

വീടുകളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് സൗഭാഗ്യ പദ്ധതി ആരംഭിച്ചു. ഒരു വശത്ത് വൈദ്യുതി നൽകുകയും മറുവശത്ത് വൈദ്യുതി ലാഭിക്കുകയും ചെയ്യുന്ന ജോലികൾ നടന്നിട്ടുണ്ട്. 28 കോടി എൽഇഡി ബൾബുകൾ ഞങ്ങൾ വിതരണം ചെയ്തു. 28 കോടി എൽഇഡി ബൾബുകളുടെ ഉപയോഗത്തിലൂടെ

ഇടത്തരം കുടുംബങ്ങളുടെ വൈദ്യുതി ബില്ലു ഏകദേശം പതിനയ്യായിരം കോടിരൂപയോളം കുറഞ്ഞു .അത് ഇടത്തരം കുടുംബങ്ങളിലെ പോക്കറ്റിലേക്ക് തന്നെ പോയി. രാജ്യത്തെ ഇടത്തരക്കാർക്കാണ് നേട്ടമുണ്ടായത്. സമയനഷ്ടവും പണ നഷ്ടവും ഒഴിവാക്കാനായി.

ബഹുമാനപ്പെട്ട സ്പീക്കർ, കർഷകരുടെ പേരിൽ രാഷ്ട്രീയം കളിക്കാനുള്ള എല്ലാ ശ്രമങ്ങളും നടക്കുന്നുണ്ട്, അതിനു പിന്തുണ നല്കാൻ ആളുകളെയും അവർക്ക് ലഭിക്കുന്നു. സ്വാതന്ത്ര്യം ലഭിച്ച് 70 വർഷം പിന്നിട്ടിട്ടും , ഫാമുകളിൽ നിന്ന് സ്റ്റോറുകളിലേക്കും വിപണിയിലേക്കുമുള്ള വിതരണ ശൃംഖലയുടെ അഭാവത്താൽ പഴങ്ങൾ, പൂക്കൾ, പച്ചക്കറികൾ, ഭക്ഷ്യധാന്യങ്ങൾ തുടങ്ങി നമ്മുടെ രാജ്യത്തെ കർഷകരുടെ ഒരു ലക്ഷം കോടിയോളം വരുന്ന ഉൽപന്നങ്ങൾ നശിച്ചു പോകുന്നു. സർക്കാർ പ്രധാനമന്ത്രി കിസാൻ സമ്പദ യോജന ആരംഭിച്ചു. കർഷകരുടെ ഉൽപന്നങ്ങൾ നശിച്ചുപോകാതിരിക്കാൻ കുറഞ്ഞ ചെലവിൽ അവരുടെ ഉൽപന്നങ്ങൾ സംഭരിക്കുന്നതിന് സൗകര്യമൊരുക്കുന്നു/അടിസ്ഥാന സൗകര്യങ്ങൾക്ക് ഞങ്ങൾ ഊന്നൽ നൽകുന്നു. ഇക്കാര്യത്തിൽ അവർക്ക് ഒരു ഗ്യാരണ്ടി ലഭിക്കുന്നു.

വിതരണ ശൃംഖലയിൽ പുതിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സഹായിക്കാൻ സർക്കാർ തീരുമാനിച്ചു. അതിനു ശേഷം , ഒരു ലക്ഷം കോടി രൂപ വേണം. അത് രാജ്യത്തെ കർഷകരെ ഭക്ഷ്യ സംസ്കരണത്തിൽ ഏർപ്പെടാനും ഇടത്തരം യുവാക്കൾക്ക് ഗ്രാമങ്ങളിൽ കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്കുള്ള വഴികൾ സൃഷ്ടിക്കാനും ഇത് സഹായിക്കും.നമ്മുടെ രാജ്യത്ത് കൃഷി പോലെ തന്നെ പ്രധാനമാണ് മൃഗസംരക്ഷണവും. രണ്ടും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

നമ്മുടെ നാട്ടിൽ മൃഗസംരക്ഷണ മേഖലയിൽ ആവശ്യമായ സൗകര്യങ്ങളുടെ അഭാവം മൂലം പ്രതിവർഷം 40,000 കോടി രൂപയുടെ നഷ്ടം സംഭവിക്കുന്നു. കാമധേനു യോജനയിലൂടെ ഈ മൃഗങ്ങളുടെ ശരിയായ പരിപാലനവും ആരോഗ്യവും ഉറപ്പാക്കുന്നതിനുള്ള തീവ്ര പ്രവർത്തനങ്ങൾ ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്, കന്നുകാലികളെ വളർത്തുന്നവർ, കന്നുകാലികളുള്ള കർഷകർ എന്നിവർക്ക് ഈ പദ്ധതി പ്രകാരം വലിയ ആശ്വാസവും പ്രയോജനവും ലഭിക്കാൻ സാധ്യതയുണ്ട്.

കർഷകരുടെ വരുമാനം 2022 ആകുമ്പോഴേക്കും ഇരട്ടിയാക്കാൻ ഞങ്ങൾ പ്രയത്നിക്കുന്നു. 1980-ൽ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെക്കുറിച്ച് സംസാരിക്കുന്നത് സ്വീകാര്യമായിരുന്നു. എന്നാൽ 2018ൽ സ്വാതന്ത്ര്യത്തിൻറെ എഴുപത്തിയഞ്ചാം വർഷമായ 2022-നെ കുറിച്ച് മോദിജി സംസാരിക്കുമ്പോൾ അവർ അസ്വസ്ഥരാണ്. എന്തിനാണ് മോദിജി 2022നെ കുറിച്ച് സംസാരിക്കുന്നതെന്ന് അവർ ചോദിക്കുന്നു. 1980-ൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെ കുറിച്ച് പാടി നാടിന് സ്വപ്നങ്ങൾ കാണിച്ചിരുന്നവർ ഇന്ന്, എൻറെ സർക്കാർ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വർഷത്തിൽ, അതായത് 2022-ൽ ഒരു നിശ്ചിത ടൈംടേബിളിനൊപ്പം പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു, അത് നമ്മളെ സംബന്ധിച്ചു ഒരു പ്രചോദനമാണ്. അതിനു വേണ്ടി പ്രവർത്തിക്കുമ്പോൾ നിങ്ങൾക്ക് അതും ബുദ്ധിമുട്ടാകുന്നു ....

നിങ്ങൾ ഒരിക്കലും വലുതായി ചിന്തിച്ചിട്ടില്ല, അതുകൊണ്ടാണ് സംശയത്തിൽ ജീവിക്കുന്നത്, ചെറുതായി ചിന്തിച്ച് ഒന്നും ചെയ്യാൻ കഴിയില്ല. എന്തുകൊണ്ട് കർഷകരുടെ വരുമാനം ഇരട്ടിയാക്കാൻ ചെലവ് കുറയ്ക്കാൻ നമുക്ക് കഴിയുന്നില്ല? സോയിൽ ഹെൽത്ത് കാർഡുകൾ വഴി ഇത് സാധ്യമായി , സോളാർ പമ്പുകൾ വഴി അത് സാധ്യമായി , യൂറിയയിൽ വേപ്പെണ്ണ പൂശൽ എന്നിവയിലൂടെ ഇത് സാധ്യമായി. കർഷകർക്ക് ചെലവ് കുറയ്ക്കാൻ വേണ്ടിയാണ് ഇതെല്ലാം ചെയ്തത്, അത്തരം നിരവധി കാര്യങ്ങൾ ഞങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്ക് വയലിൽ നിന്നും തൊഴിൽ ലഭ്യമാകുവാൻ മൂല വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ഞങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. തങ്ങളുടെ വയലുകളുടെ വശങ്ങളിൽ മൂല നട്ടാൽ, മൂളയ്ക്ക് ഉറപ്പുള്ള വിപണിയുണ്ട്. ഇന്ന് നമ്മുടെ രാജ്യം ആയിരക്കണക്കിന് കോടി രൂപയുടെ മൂല ഇറക്കുമതി ചെയ്യുന്നു. ഇത് നിങ്ങളുടെ തെറ്റായ നയത്തിൻറെ കാരണമാണ്. നിങ്ങൾ മൂളയെ വൃക്ഷങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി, അതിനാൽ ആർക്കും മൂല മുറിക്കാൻ കഴിഞ്ഞില്ല.നോർത്ത് ഈസ്റ്റ് മേഖലയിലെ എൻറെ ജനങ്ങൾ വിഷമത്തിലായിരുന്നു. ഞങ്ങൾക്ക് ധൈര്യം ഉണ്ട്, മൂളയെ ഞങ്ങൾ പുല്ലിന്റെ വിഭാഗത്തിലേക്ക് കൊണ്ട് വന്നു .

കർഷകർ തങ്ങളുടെ വയലുകളുടെ വശങ്ങളിൽ മൂല നട്ടാൽ,

അവർക്ക് ഒരു ബുദ്ധിമുട്ടും നേരിടേണ്ടി വരില്ല, അത് അധിക വരുമാനവും നല്കും .

പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

പക്ഷേ നമ്മുടെ ഇവിടെ പശുവിൻറെ അനുപാതം അനുസരിച്ചു പാൽ ഉത്പാദനം കുറവാണ്. . ഇത് വർദ്ധിപ്പിക്കാൻ കഴിയും.

തേനീച്ച വളർത്തലിന് ഊന്നൽ നൽകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

തേനീച്ചവളർത്തലിൽ 40 ശതമാനത്തോളം വർധനവുണ്ടായി എന്നറിയുമ്പോൾ നിങ്ങൾ ആശ്ചര്യപ്പെടും. ഇന്ന് ലോകം സമഗ്രമായ ആരോഗ്യ സംരക്ഷണത്തിലും പരിസ്ഥിതി സൗഹൃദ ജീവിതത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെന്ന് വളരെ കുറച്ച് ആളുകൾക്ക് മാത്രമേ അറിയൂ. അതിനാൽ, കെമിക്കൽ വാക്സിന് പകരം തേനീച്ച മെഴുക് വേണം. ഇന്ന്, തേനീച്ച മെഴുകിന് ലോകമെമ്പാടും വളരെ വലിയ വിപണിയുണ്ട്. നമ്മുടെ കർഷകർ കൃഷിയോടൊപ്പം തേനീച്ച വളർത്തലും അവലംബിച്ചാൽ, തേനീച്ച മെഴുക് കാരണം അവരുടെ വരുമാനത്തിൽ മാറ്റമുണ്ടാകും.

വിളവുകൾ വർദ്ധിപ്പിക്കാൻ തേനീച്ച വളരെ സഹായകമാണ് എന്ന് നമുക്കറിയാം. പാൽ ഉൽപ്പാദനം, കോഴി വളർത്തൽ, മത്സ്യബന്ധനം, മുളയുടെ മൂല്യവർദ്ധന, തുടങ്ങി നിരവധി മേഖലകളുണ്ട്. ഇതെല്ലാം കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നവയാണ് .

ആധാർ' നടപ്പാക്കില്ലെന്ന് കരുതിയിരുന്നവർ - അത് സംഭവിച്ചു.

ജിഎസ്ടി നടപ്പാക്കില്ലെന്നും സർക്കാരിൽ സമ്മർദം ചെലുത്തിക്കൊണ്ടേയിരിക്കാമെന്നും അവർക്കു തോന്നി-

ഇപ്പോൾ ജിഎസ്ടി വന്നിരിക്കുന്നു. അപ്പോൾ, അവർ ഇനി എന്തു ചെയ്യും? അവർ പുതിയ ചില പദ്ധതികൾ തയ്യാറാക്കും.

ഈ കളി തുടർന്ന് കൊണ്ടേയിരിക്കുന്നു. ഒരു രാജ്യത്തിന്റെ രാഷ്ട്രീയ നേതൃത്വം രാജ്യത്തെ നിരാശപ്പെടുത്തുന്ന ഒന്നും ചെയ്യുന്നില്ല

എന്നാൽ ചിലർ ഈ രീതി സ്വീകരിച്ചിട്ടുണ്ട്. ഇന്ന്, ജിഎസ്ടിയുടെ ലോജിസ്റ്റിക്സിൽ നേട്ടം കൊണ്ടുവന്നു. കുരുക്കുകളിലും ടോൾ ടാക്സിലുമായി പാഴായിപ്പോകുന്ന സമയം ലാഭിക്കുകയും ചരക്ക് വിതരണം ചെയ്യുന്നതിൽ 60 ശതമാനം നമ്മുടെ ഗതാഗത സംവിധാനത്തിന് പുതിയ കുതിപ്പായി ലഭിക്കുകയും ചെയ്തു. അഞ്ച്- ആറ് ദിവസം കൊണ്ട് പൂർത്തിയാക്കിയിരുന്ന പണി ഇപ്പോൾ രണ്ടര - മൂന്ന് ദിവസം കൊണ്ട് പൂർത്തിയാകുകയാണ്. ഇത് രാജ്യത്തിന് വലിയ നേട്ടമാണ്.

ഇന്ത്യയെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ നമ്മുടെ രാജ്യത്തെ മധ്യവർഗത്തിന് വലിയ പങ്കുണ്ട്. ഇടത്തരക്കാരെ നിരാശരാക്കാൻ അവർക്കിടയിൽ തെറ്റിദ്ധാരണ പരത്താനും നുണകൾ പ്രചരിപ്പിക്കാനും ശ്രമങ്ങൾ നടക്കുന്നു. നമ്മുടെ രാജ്യത്തെ മധ്യവർഗം നല്ല ഭരണവും മെച്ചപ്പെട്ട വ്യവസ്ഥകളും ഗ്രഹിക്കുന്നു.

അവർ ഒരു ടെയിൻ ടിക്കറ്റ് വാങ്ങുകയാണെങ്കിൽ, അയാൾ മുടക്കുന്ന തുകയുടെ തുല്യമുള്ള സൗകര്യങ്ങൾ അയാൾക്ക് ആവശ്യമാണ്. അയാൾ തൻറെ കുട്ടികളെ പഠനത്തിനായി ഒരു കോളേജിലേക്കോ സ്കൂളിലേക്കോ അയച്ചാൽ, അവർക്ക് നല്ല വിദ്യാഭ്യാസം ലഭിക്കണം എന്നവർ ആഗ്രഹിക്കുന്നു.

പുറത്ത് ഭക്ഷണം കഴിക്കാൻ പോയാൽ ഗുണമേന്മയുള്ള ഭക്ഷണം വേണം. അത് കൊണ്ട് ഇത് സർക്കാരിൻറെ ഉത്തരവാദിത്തമാണ് വിദ്യാഭ്യാസത്തിന് നല്ല സംവിധാനം , ഉചിതമായ വിലയിൽ അവർക്ക് വീടുകൾ ലഭ്യമാക്കുക, നല്ല റോഡുകൾ, ഗതാഗതത്തിന് മികച്ച സംവിധാനം, ആധുനിക നാഗരിക അടിസ്ഥാന സൌകര്യങ്ങൾ , ഇടത്തരക്കാരുടെ അഭിലാഷങ്ങൾക്ക്, ഈസ് ഓഫ് ലിവിംഗിന് വേണ്ടി സർക്കാർ എല്ലാ രീതിയിലും പ്രവർത്തനങ്ങൾ ശ്രദ്ധാപൂർവം ചെയ്യുന്നുണ്ട്.

ലോകമെമ്പാടും എൻട്രി ലെവൽ ആദായനികുതി അഞ്ചു ശതമാനം എവിടെയെങ്കിലും നിലവിലുണ്ടെങ്കിൽ അത് ഇന്ത്യയിലാണെന്ന് കേട്ടാൽ ആളുകൾ ആശ്ചര്യപ്പെടും. സമ്പന്നമായ ഒരു രാജ്യത്തും ഇല്ലാത്തത് നമ്മുടെ നാട്ടിൽ ഉണ്ട്. ആദ്യ ബജറ്റിൽ നികുതിയിളവ് പരിധി 50,000 രൂപ വർധിപ്പിച്ച് രണ്ടര ലക്ഷം രൂപയാക്കി.

ഇത്തവണ ബജറ്റിൽ 40,000 രൂപ സ്റ്റാൻഡേർഡ് ഡിഡക്ഷനായി സ്വീകരിച്ചു. മുതിർന്ന പൗരന്മാർക്ക് നികുതിയിളവ് നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്, അങ്ങനെ ഇടത്തരക്കാർക്ക് പ്രതിവർഷം ഏകദേശം 12,000 കോടി രൂപയുടെ പുതിയ ആനുകൂല്യം ലഭിക്കും.ഇതാണ് നമ്മുടെ സർക്കാർ ചെയ്തത്. പ്രധാനമന്ത്രി ഷഹരി ആവാസ് യോജനയ്ക്കായി 31,000 കോടിയിലധികം രൂപ ഞങ്ങൾ ചെലവഴിച്ചു. ആദ്യമായി ഈ സർക്കാർ രാജ്യത്തെ ഇടത്തരം ജനങ്ങൾക്ക് പലിശയിൽ ഇളവ് അനുവദിച്ചു. പുതിയ എയിംസ്, പുതിയ ഐഐഎമ്മുകൾ, 11 വൻ നഗരങ്ങളിൽ മെട്രോ ടെയിനുകൾ, 32 ലക്ഷത്തിലധികം തെരുവ് വിളക്കുകൾ (എൽഇഡി) എന്നിവയ്ക്കായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.എംഎസ്എംഇ മേഖലയെ ആർക്കും അവഗണിക്കാനാവില്ല, എംഎസ്എംഇ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ഇടത്തരക്കാർക്കും ഉയർന്ന ഇടത്തരക്കാർക്കും ഈ സർക്കാർ വലിയ സേവനമാണ് ചെയ്തത്, ഇരുനൂറ്റി അൻപത് കോടി രൂപയുടെ വിറ്റുവരവിന്റെ നികുതി നിരക്ക് മുപ്പത്തു ശതമാനത്തിൽ നിന്ന് കുറച്ചു. ഇരുപത്തിയഞ്ച് ശതമാനമാക്കി ഞങ്ങൾ അഞ്ചു ശതമാനം റിബേറ്റ് നൽകിയിട്ടുണ്ട്. രണ്ട് കോടി രൂപ വരെയുള്ള ബിസിനസ് നടത്തുന്ന വ്യവസായികളുടെ കാര്യത്തിൽ,ബാങ്കിംഗ് വായ്പയിലൂടെ ഇടപാടുകൾ ഉള്ളവരുടെ വിറ്റുവരവിന്റെ നികുതി ബാധ്യത എട്ട് ശതമാനം എന്ന സ്ഥാനത്ത് ആറ് ശതമാനം ആയി സർക്കാർ കണക്കാക്കുന്നു. അതായത്, അവർക്ക് രണ്ടു ശതമാനം നികുതി ആനുകൂല്യം ലഭിക്കും

ജിഎസ്ടിക്ക് കീഴിൽ, ഒന്നര കോടി രൂപയുടെ വിറ്റുവരവ് ഉൾക്കൊള്ളുന്ന ഒരു കോമ്പോസിഷൻ സ്കീം ബിസിനസ്സിന് വാഗ്ദാനം ചെയ്തിട്ടുണ്ട്, കൂടാതെ വിറ്റുവരവിന്റെ ഒരു ശതമാനം മാത്രമേ നൽകേണ്ടതുള്ളൂ, ഇത് ലോകത്തെവിടെയും അപേക്ഷിച്ച് ഇന്ത്യയിൽ ഏറ്റവും കുറവാണ്. ഇതിൻറെ നേട്ടം ഈ സർക്കാരിനാണ് .

ബഹുമാനപ്പെട്ട സ്പീക്കർ, ജൻധൻ യോജനയ്ക്ക് കീഴിൽ 31 കോടിയിലധികം ബാങ്ക് അക്കൗണ്ടുകൾ തുറന്നിട്ടുണ്ട്. 18 കോടിയിലധികം ദരിദ്രരായ ആളുകൾക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പ്രയോജനം ലഭിക്കും. പ്രതിദിനം വെറും 90 പൈസ അല്ലെങ്കിൽ പ്രതിമാസം ഒരു രൂപ പ്രീമിയം. രാജ്യത്തെ പാവപ്പെട്ടവർക്കായി മികച്ച ഇൻഷുറൻസ് പദ്ധതികളുമായി ഞങ്ങൾ രംഗത്തെത്തിയിട്ടുണ്ട്. ദുരിതത്തിലായ പാവപ്പെട്ട കുടുംബങ്ങൾക്ക് ഈ ഇൻഷുറൻസ് പദ്ധതി പ്രകാരം രണ്ടായിരം കോടി രൂപ ലഭിച്ചു എന്നറിയുമ്പോൾ നിങ്ങൾക്ക് സന്തോഷമാകും. ബഹുമാനപ്പെട്ട സ്പീക്കർ, ഇത്തരമൊരു അസാധാരണമായ പ്രവർത്തനമാണ് നടന്നത്. മൂന്ന് കോടി മുപ്പത് ലക്ഷം പാവപ്പെട്ട അമ്മമാരും പെൺമക്കളും ഉജ്ജ്വല യോജനയിൽ നിന്ന് പ്രയോജനം നേടിയിട്ടുണ്ട്. നേരത്തെ ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി ജനങ്ങൾ എംപിമാരുടെ പിന്നാലെ പോകണമായിരുന്നു. എന്നാൽ ഇപ്പോൾ ഗ്യാസ് കണക്ഷൻ അവരുടെ വീട്ടുപടിക്കൽ ഞങ്ങൾ എത്തിക്കുകയാണ്. ഇത് എട്ട് കോടിയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്.

ബഹു. സ്പീക്കർ, ആയുഷ്മാൻ ഭാരത് യോജന - രാജ്യത്തെ പാവപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതല്ലേ? പണമില്ലാത്തതിനാൽ പാവപ്പെട്ടവർ ചികിത്സയ്ക്ക് പോകുന്നത് ഒഴിവാക്കുന്നു. അവർ മരിക്കാൻ ഇഷ്ടപ്പെടുന്നു, പക്ഷേ മക്കളെ കടക്കെണിയിലാക്കാൻ അവർ ആഗ്രഹിക്കുന്നില്ല. പാവപ്പെട്ടവരെയും താഴ്ന്ന ഇടത്തരം കുടുംബങ്ങളെയും സഹായിക്കാനുള്ള ഈ തീരുമാനം തെറ്റാണോ?

എന്നിരുന്നാലും, ഈ പദ്ധതിയിൽ എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടുവരണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് നല്ല പോസിറ്റീവ് മാറ്റങ്ങൾ കൊണ്ടുവരാം. അതിനു വേണ്ടി സമയം ചെലവിടാൻ ഞാൻ തയാറാണ് . അതുവഴി പാവപ്പെട്ടവർക്ക് 5 ലക്ഷം രൂപ വരെ പ്രതിവർഷം ചെലവിടാൻ ആകും ഈ സർക്കാരിന് സഹായിക്കാൻ കഴിയുമെന്ന് ഞാൻ കരുതുന്നു , തീർച്ചയായും നിർദ്ദേശങ്ങൾ സൂക്ഷ്മമായി പരിശോധിക്കും. പക്ഷേ, നിർഭാഗ്യവശാൽ, നിങ്ങൾ അവർക്കുവേണ്ടിയാണ് ഇത്തരം പ്രസ്താവനകൾ നടത്തുന്നത്!

ഇതൊരു നല്ല സ്കീമാണ്, നിങ്ങൾക്ക് എന്തെങ്കിലും ആശയങ്ങളും നിർദ്ദേശങ്ങളും ഉണ്ടെങ്കിൽ, ദയവായി ഞങ്ങളുമായി അവ പങ്കിടുക. നമുക്കൊരുമിച്ചിരുന്ന് അത് പരിഹരിക്കാം.

ബഹു. സ്പീക്കർ, സർക്കാർ സ്വീകരിച്ച നടപടികൾ ജനങ്ങളുടെ ചിന്താഗതിയിലും മാറ്റം വരുത്തി. ജൻധൻ യോജന പാവപ്പെട്ടവരുടെ ആത്മവിശ്വാസം വർധിപ്പിച്ചു. അവർ സ്വന്തം അക്കൗണ്ടിൽ പണം നിക്ഷേപിക്കുന്നു , റുപേ ഡെബിറ്റ് കാർഡ് ഉപയോഗിക്കുകയും ചെയ്യുന്നു. ഇന്ന്, സമ്പന്ന കുടുംബങ്ങളുമായി തന്നെ ഇന്നവർ തുലനം ചെയ്യുന്നു.

സ്വച്ഛ് ഭാരത് അഭിയാൻ സ്ത്രീകളുടെ ആത്മവിശ്വാസം വർധിപ്പിച്ചു.

വലിയ വിഷമത്തിൽ നിന്ന് അവരെ മോചിപ്പിക്കുന്നതിനുള്ള ഒരു ഘടകമായി അത് മാറിയിരിക്കുന്നു.

ഒരുമിച്ച് കൂട്ടിയ പണം നഷ്ടപ്പെടുമെന്നതിനാൽ മെച്ചപ്പെട്ട ജോലിക്കായി പഴയ ജോലി ഉപേക്ഷിക്കാൻ തൊഴിലാളികൾ നേരത്തെ ഭയപ്പെട്ടിരുന്നു. ക്ലെയിം ചെയ്യപ്പെടാത്ത 27 കോടി രൂപ ഞങ്ങൾ യൂണിവേഴ്സൽ അക്കൗണ്ട് നമ്പർ ഉപയോഗിച്ച് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇപ്പോൾ, ഒരു പാവപ്പെട്ട തൊഴിലാളിക്ക് തന്റെ ബാങ്ക് അക്കൗണ്ട് കൂടെ കൊണ്ടുപോകാം. അത്തരത്തിൽ ഞങ്ങൾ കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട സ്പീക്കർ, അഴിമതിയെയും കള്ളപ്പണത്തെയും കുറിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ഉറക്കം നഷ്ടപ്പെട്ടെന്ന് എനിക്കറിയാം. നിങ്ങളുടെ അസ്വസ്ഥതയുടെ കാരണം എനിക്ക് മനസ്സിലാകും.

ആർക്കും രക്ഷപ്പെടാനാവില്ല. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി നാല് മുൻമുഖ്യമന്ത്രിമാർ അഴിമതിക്കേസിൽ കുറ്റക്കാരായി കോടതി വിധിച്ചതിനാൽ ഇപ്പോൾ ജയിലിൽ കഴിയേണ്ടിവരുന്നു. ഇതായിരുന്നു ഞങ്ങളുടെ പ്രതിബദ്ധത. രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിച്ചവർ അത് തിരിച്ചു നൽകണം, ഇത്തരം ശ്രമങ്ങളിൽ നിന്ന് ഞാൻ ഒരിക്കലും പിന്നോട്ട് പോകില്ല. ഇതാണ് എന്റെ ഉറച്ച തീരുമാനം. ഞാൻ പോരാടുന്ന മനുഷ്യനാണ്. അതുകൊണ്ട് തന്നെ സത്യസന്ധതയുടെ അന്തരീക്ഷമാണ് ഇന്ന് രാജ്യത്ത് നിലനിൽക്കുന്നത്. ഞങ്ങൾ സത്യസന്ധതയുടെ ഉത്സവം ആഘോഷിക്കുകയാണ്. ഒരുപാട് പേർ മുന്നോട്ടു വരുന്നുണ്ട്. ആദായ വകുപ്പിലേക്ക് നല്ലാൻ മുന്നോട്ട് വരുന്നുണ്ട് , അവർക്ക് വിശ്വാസമുണ്ട്, സർക്കാരിൻറെ ഖജനാവിലേക്ക് പോകുന്നതെന്തിനും കണക്കുകൾ കൃത്യമായി കിട്ടുമെന്നും അതിനു ശരിയായ പ്രയോജനം ഉണ്ടെന്നും .

ബഹുമാനപ്പെട്ട സ്പീക്കർ, ഇന്ന് ഒരു വിഷയം വിശദമായി ചർച്ച ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. ചിലർ ഒരു നുണ ഉറക്കെ ആവർത്തിച്ച് പറയുന്നതിൽ വിശ്വസിക്കുകയും അത് ഒരു ഫാഷനായി മാറുകയും ചെയ്യുന്നു. നമ്മുടെ ധനമന്ത്രി ഇതേക്കുറിച്ച് വീണ്ടും വീണ്ടും പറഞ്ഞെങ്കിലും അവരെ അനുകൂലിക്കുന്നവർ കള്ളം ഉറക്കെ പറയുകയും സത്യം മറച്ചുവെക്കുകയും ചെയ്യുന്നു. അതാണ് എൻപിഎയുടെ പ്രശ്നം. ബഹു. സ്പീക്കർ, ഇന്ന്, എൻപിഎ പ്രശ്നത്തെക്കുറിച്ച് നിങ്ങളിലൂടെയും ഈ സഭയിലൂടെയും രാജ്യത്തെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എൻപിഎയുടെ പ്രശ്നം മുൻ സർക്കാരിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും ഇതിന് പൂർണ ഉത്തരവാദിത്തം അവർക്കാണെന്നും രാജ്യം അറിയണം. ഇതിന് ഒരു ശതമാനം പോലും ഉത്തരവാദി മറ്റാരുമല്ല.

ബാങ്കുകളിൽ അനാവശ്യ സമ്മർദ്ദം ചെലുത്തുന്ന അത്തരം ബാങ്കിംഗ് നയങ്ങൾ അവർ രൂപപ്പെടുത്തി. ഫോണിലൂടെ നൽകിയ രൂപാർശകൾ പ്രകാരം വായ്പകൾ അനുവദിച്ചു, പ്രിയപ്പെട്ടവർക്ക് അത് ലഭിച്ചു. കടം വാങ്ങിയ തുക തിരിച്ചടയ്ക്കാൻ ഇവർക്കായില്ല. ബാങ്കുകളും രാഷ്ട്രീയക്കാരും സർക്കാരും ഇടനിലക്കാരും വായ്പകളുടെ പുനഃക്രമീകരണത്തിൽ ഏർപ്പെട്ടിരുന്നു. ബാങ്കുകളിൽ നിന്ന് എടുത്ത പണം തിരികെ വന്നില്ല. ഇത് വെറും കടലാസുകളുടെ പ്രസ്ഥാനമായിരുന്നു, രാജ്യം കൊള്ളയടിക്കപ്പെടുകയായിരുന്നു.ആയിരക്കണക്കിന് കോടി രൂപയാണ് തട്ടിയെടുത്തത്.

അധികാരത്തിലെത്തിയ ഉടനെയാണ് ഇക്കാര്യം ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത്. എനിക്ക് രാഷ്ട്രീയ ലക്ഷ്യമുണ്ടായിരുന്നെങ്കിൽ, ആദ്യ ദിവസം തന്നെ ആ വസ്തുതകളെല്ലാം ഞാൻ രാജ്യത്തിന് മുന്നിൽ വയ്ക്കുമായിരുന്നു. പക്ഷേ, അത്തരത്തിലുള്ള ഏതൊരു നടപടിയും രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ തകർക്കും. രാജ്യം ഒരു പ്രതിസന്ധി പോലുള്ള അവസ്ഥയിലേക്ക് കൂപ്പുകുത്തിയിരിക്കാം, അതിൽ നിന്ന് കരകയറുക ബുദ്ധിമുട്ടായിരിക്കും.

അതിനാൽ, നിങ്ങളുടെ കൊള്ളരുതായ്മകൾ അറിഞ്ഞിട്ടും ഇക്കാര്യത്തിൽ തെളിവുകൾ ഉണ്ടായിട്ടും ഞാൻ മനഃപൂർവം എന്റെ രാജ്യതാൽപ്പര്യം കാത്തുസൂക്ഷിച്ചു. എനിക്കെതിരെ ഉയർന്ന ആരോപണങ്ങൾ രാജ്യത്തിന്റെ ക്ഷേമത്തെ മുൻനിർത്തി ഞാൻ സഹിച്ചുകൊണ്ടിരുന്നു. പക്ഷേ, ഇപ്പോൾ ഞങ്ങൾ ബാങ്കുകൾക്ക് ആവശ്യമായ ശക്തി നൽകിയിട്ടുണ്ട്. ഇപ്പോൾ രാജ്യത്തിന് മുന്നിൽ സത്യം വെളിപ്പെടുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു

ഈ എൻപിഎ യുടെ ഉത്തരവാദികൾ നിങ്ങളാണ്

ജനാധിപത്യത്തിന്റെ ക്ഷേത്രത്തിൽ നിൽക്കുമ്പോൾ, ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് എൻപിഎയ്ക്ക് കാരണമായേക്കാവുന്ന ഒരു വായ്പയും ഞങ്ങൾ അനുവദിച്ചിട്ടില്ലെന്ന് ഞാൻ ഇതിനാൽ പ്രഖ്യാപിക്കുന്നു. നിങ്ങൾ തെറ്റായ കണക്കുകളാണ് നൽകിയിരിക്കുന്നത്. നിങ്ങളുടെ ഭരണകാലത്ത് സമ്മർദ്ദത്തിലായ ആസ്തിയുടെ 36 ശതമാനമായിരുന്നു എൻപിഎയെന്ന് നിങ്ങൾ പറഞ്ഞു. 2014-ൽ ഞങ്ങൾ പറഞ്ഞു, ഞങ്ങൾ വ്യാജത്തിന്റെ പിന്നിൽ ഒളിക്കില്ലെന്ന്. എത്ര വന്നാലും ഞങ്ങൾ നിജസ്ഥിതി വെളിപ്പെടുത്തും. ഇതുമായി ബന്ധപ്പെട്ട് കടലാസുകൾ പരിശോധിച്ച് സത്യാവസ്ഥ അറിയാൻ ശ്രമിച്ചപ്പോൾ എൻന്പിഎ സംബന്ധിച്ച് നിങ്ങൾ രാജ്യത്തിന് നൽകിയ വസ്തുതകൾ തെറ്റാണെന്ന് ഞങ്ങൾ മനസ്സിലാക്കി. ഇത് സമ്മർദ്ദത്തിലായ ആസ്തിയുടെ 82 ശതമാനമായിരുന്നു.2008 മാർച്ച് വരെ ബാങ്കുകൾ മുൻകൂർ നൽകിയ മൊത്തം വായ്പ 2008 രൂപയായിരുന്നു. 18 ലക്ഷം കോടി രൂപയായി കുതിച്ചു. 2014 മാർച്ചിൽ 52 ലക്ഷം കോടി. രാജ്യത്തെ പാവപ്പെട്ട ജനങ്ങളുടെ പണമാണ് കൊള്ളയടിച്ചത്. നിങ്ങൾ എന്പിഎ ഇടർച്ചയായി പുനഃക്രമീകരിച്ചുകൊണ്ടിരുന്നു. ഇടനിലക്കാരുടെ സഹായത്തോടെ കടലാസിൽ കടം നൽകിയാണ് നിങ്ങൾ അവരെ രക്ഷിച്ചത്, കാരണം അവർ നിങ്ങളുടെ പ്രിയപ്പെട്ടവരാണ്, ഈ ജോലിയിൽ നിങ്ങൾക്ക് താൽപ്പര്യമുണ്ടായിരുന്നു, അതുകൊണ്ടാണ് നിങ്ങൾ ഇത് ചെയ്തത്. എന്ത് ബുദ്ധിമുട്ടുകൾ ഉണ്ടായാലും ഞങ്ങൾ തീരുമാനിച്ചു. ഞങ്ങൾ നേരിടുന്നു. എന്നാൽ എന്റെ ശുചിത്വ യജ്ഞം ആഹ്വാനങ്ങളിൽമാത്രം ഒതുങ്ങിയില്ല. എന്റെ ശുചിത്വ യജ്ഞം പൗരന്റെ അവകാശമാണ്, അത് അവരുടെ ജീവിതത്തിന്റെ ഭാഗമാണ്, അതുകൊണ്ടാണ് ഞങ്ങൾ ഈ പ്രവർത്തനം ആരംഭിച്ചത് . നാല് വർഷത്തോളം ഞങ്ങൾ റീക്യാപിറ്റലൈസേഷനായി പ്രവർത്തിച്ചു. ഞങ്ങൾ ലോകത്തിന്റെ മുഴുവൻ അനുഭവങ്ങളും പഠിക്കുകയും രാജ്യത്തെ ബാങ്കിംഗ് മേഖലയ്ക്ക് ശക്തി നൽകുകയും ചെയ്തു. അതിനുശേഷം, നാല് വർഷമായി ഞാൻ നുണകളെ അഭിമുഖീകരിച്ചു, ഇപ്പോൾ നിങ്ങൾ 18 ലക്ഷം കോടി രൂപ മുതൽ 52 ലക്ഷം കോടി രൂപ വരെ കൊള്ളയടിച്ചുവെന്ന സത്യം ഞാൻ ആദ്യമായി രാജ്യത്തിന് മുന്നിൽ വെളിപ്പെടുത്തുന്നു. ഇന്ന് വർദ്ധിച്ചുവരുന്ന എൻപിഎ തുക നമ്മുടെ സർക്കാർ നൽകുന്ന പണമല്ല. ആ നിഷ്ക്രിയ ആസ്തിയുടെ പലിശ മാത്രമാണ് 52 ലക്ഷം കോടി രൂപ. ഈ പാപത്തിന് രാജ്യം ഒരിക്കലും നിങ്ങളോട് പൊറുക്കില്ല. എന്നെങ്കിലും ഒരു ഘട്ടത്തിൽ ഉത്തരവാദപ്പെട്ടവർ രാജ്യത്തിന് മറുപടി നൽകണം

ഹിറ്റ് ആൻഡ് റൺ (ഇടിച്ചിട്ട് ഓടിപ്പോകുക) രാഷ്ട്രീയം എനിക്ക് കാണാം. ചെളി എറിഞ്ഞ് ഓടിപ്പോകുക. എത്ര ചെളി എറിയുന്നുവോ അത്രയും താമര പൂക്കും. എത്ര ചെളി വേണമെങ്കിലും എറിയുക.

ഇപ്പോൾ, നിരക്കുകൾ നിരത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. രാജ്യം തീരുമാനിക്കട്ടെ. നിങ്ങൾ ഖത്തറുമായി 20 വർഷത്തെ ഗ്യാസ് കരാറിൽ ഒപ്പുവെച്ചിരുന്നു. വാതകം വാങ്ങുന്ന വില സംബന്ധിച്ച് ഞങ്ങൾ ഖത്തറുമായി സംസാരിച്ച് ഞങ്ങളുടെ നിലപാട് വ്യക്തമാക്കിയിരുന്നു. ഇന്ത്യ കരാറിൽ പ്രതിജ്ഞാബദ്ധമാണ്, അതിനാൽ ഞങ്ങൾ അത് പാലിക്കേണ്ടതുണ്ട്. വിശ്വാസ്യത എന്ന ഘടകം കരാറുകളിൽ ഉൾപ്പെടുന്നു. ഞങ്ങൾ അവരുടെ മുന്നിൽ ചില വസ്തുതകൾ വെച്ചിരുന്നു. ഖത്തറുമായി ഞങ്ങൾ വീണ്ടും ചർച്ച നടത്തിയെന്നും ഗ്യാസ് വാങ്ങുന്നതിൽ 8000 കോടി രൂപ ലാഭിച്ചുവെന്നും ഈ മഹത് സഭയിൽനിന്നു കൊണ്ട് എൻറെ രാജ്യത്തെ ജനങ്ങളെ അറിയിക്കുന്നതിൽ ഞാൻ സംതൃപ്തനാണ്.നിങ്ങൾ 8000 കോടി രൂപ അധികമായി നൽകിയിരുന്നു. എന്തുകൊണ്ട്, എങ്ങനെ കൊടുത്തു എന്ന ചോദ്യങ്ങൾ ഉയർന്നേക്കാം. അത് രാജ്യം തീരുമാനിക്കും. ഇക്കാര്യത്തിൽ കൂടുതൽ ഒന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഗ്യാസിനായി ഓസ്ട്രേലിയയുമായി ഇന്ത്യാ ഗവൺമെന്റ് ഒരു കരാർ ഒപ്പിട്ടിട്ടുണ്ടെന്നും ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ അവരിൽ നിന്ന് ഗ്യാസ് വാങ്ങി. അവരുമായും ഞങ്ങൾ ചർച്ച നടത്തി. ഞങ്ങൾ കാലാവധി നീട്ടുകയും പ്രക്രിയയിൽ 4000 കോടി രൂപ ലാഭിക്കുകയും ചെയ്തു. ഞങ്ങൾ പൊതു പണം ലാഭിച്ചു. പൊതുജനങ്ങളുടെ ഈ പണം എന്തിന്, എങ്ങനെ, എവിടെ ചെലവഴിച്ചു തുടങ്ങിയ ചോദ്യങ്ങൾ രാജ്യം നിങ്ങളോട്

ചോദിക്കും. ഈ ചോദ്യങ്ങൾക്ക് ആളുകൾ തീർച്ചയായും ഉത്തരം ആവശ്യപ്പെടും.

ഒരു ചെറിയ വിഷയം - എൽഇഡി ബൾബ് . ആരെങ്കിലും എന്നോടു പറയൂ, നിങ്ങളുടെ കാലത്ത് ആ ബൾബ് മുന്നൂറിനും മുന്നൂറ്റി അൻപത് രൂപക്കും വിറ്റതിന്റെ കാരണം എന്താണെന്ന്. മുന്നൂറിനും മുന്നൂറ്റി അൻപത് രൂപക്കുമാണ് അത് വാങ്ങിയിരുന്നു. അതിൻറെ എന്തു കാരണം ആകണം അതേ ബൾബ് സാങ്കേതികവിദ്യയിൽ വ്യത്യാസമില്ലാത്ത ഗുണനിലവാരത്തിൽ വ്യത്യാസമില്ലാത്ത , നൽകുന്ന അതേ കമ്പനി - എങ്കിൽ എങ്ങിനെ മുന്നൂറിൻറെ ബൾബ് 40 രൂപയ്ക്ക് വന്നു. ഇതിനെ കുറിച്ച് നിങ്ങൾക്കു പറയേണ്ടി വരും. ഉത്തരം പറയേണ്ടി വരും .

നിങ്ങൾ എന്നോടു പറയൂ , നിങ്ങളുടെ കാലത്ത് സോളാർ പവർ യൂണിറ്റിനു 12 രൂപ, 13 രൂപ, 14 രൂപ, 15 രൂപ ആയിരുന്നു. കൊള്ളയടിച്ചു, ആർക്കൊക്കെ കൊള്ളയടിക്കണമോ, കൊള്ളയടിച്ചു, പക്ഷേ ഞങ്ങളെ കൂടെ പരിപാലിക്കണം, ഈ മന്ത്രവും കൊണ്ട് നടക്കുകയായിരുന്നു. ഇന്ന് അതേ സൗരോർജ്ജം യൂണിറ്റിന് രണ്ട് രൂപയും മൂന്ന് രൂപയും ഇടയിൽ വന്നിരിക്കുന്നു. പക്ഷേ, അതിനെ ചൊല്ലിയും ഞാൻ നിങ്ങളിൽ അഴിമതി ആരോപിക്കുന്നില്ല. രാജ്യമത് ചെയ്യുകൊള്ളും . , എന്നാൽ അതിൽ സംയമനം പാലിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു . പക്ഷേ ഇതാണ് യഥാർഥ്യം. അന്നെന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്?

ഇന്ത്യയുടെ ശ്രേയസ്സ് ഇന്ന് ലോകമെമ്പാടും വർദ്ധിച്ചിരിക്കുന്നു. ഇന്ത്യയുടെ പാസ്പോർട്ടിൻറെ മൂല്യം ലോകത്തെവിടേയും മൂല്യത്തോടെ കാണുന്നു, ഇന്ത്യയുടെ പാസ്പോർട്ടുളവർ ലോകത്തെവിടെ സഞ്ചരിക്കുമ്പോഴും തല ഉയർത്തി അഭിമാനത്തോടെ പോകുന്നു. നിങ്ങൾ വിദേശത്ത് പോയി രാജ്യത്തിൻറെ തെറ്റായ ചിത്രം നല്കുന്നു എന്നത് ലജ്ജാകരമാണ്, . രാജ്യം ഡോക്ലാം യുദ്ധം നടത്തുമ്പോൾ നിങ്ങൾ അവിടെ നിന്നു ചൈനയിലെ പ്രതിനിധികളോട് സംസാരിക്കുകയായിരുന്നു. നിങ്ങൾക്ക് ഓർമ വരണം . രാജ്യം, പാർലമെന്ററി സംവിധാനം, ജനാധിപത്യം, ഇവയിൽ പ്രതിപക്ഷത്തിന് ഉത്തരവാദിത്തങ്ങൾ ഉണ്ട് എന്നു അവർ ഓർക്കേണ്ടതുണ്ട്. ഷിംല കരാർ വന്നപ്പോൾ ഇന്ദിരാഗാന്ധി സുൽഫിക്കർ അലി ഭ്രട്ടോജിയുമായി കരാറിൽ എത്തി. ഞങ്ങളുടെ പാർട്ടി വിസമ്മതിച്ചു. പക്ഷേ ചരിത്രം സാക്ഷിയാണ്. ശ്രീ അടൽ ബിഹാരി വാജ്പേയിജി ഇന്ദിരാജിയോട് സമയം ആവശ്യപ്പെട്ടു , ഇന്ദിരാജിയെ കാണുവാൻ പോയി, കരാർ രാജ്യഹിതത്തിനു തെറ്റായിട്ടാണ് ചെയ്യുന്നതെന്ന് പറഞ്ഞു, ഞങ്ങൾ അതിൽ നിന്നും മാറി , രാജ്യത്തിന് ഒരു ദോഷവും വരുത്താൻ അനുവദിച്ചില്ല. രാജ്യത്തിനെ ചൊല്ലി നമുക്ക് ഉത്തരവാദിത്തം ഉണ്ട്. നമ്മുടെ സേനയിലെ ജവാൻമാർ സർജിക്കൽ സ്ട്രൈക്ക് നടത്തുന്നു അപ്പോൾ നിങ്ങൾ ചോദ്യചിഹ്നം ഉയർത്തുന്നു.

ഈ നാട്ടിൽ ഒരു കോമൺ വെൽത്ത് ഗെയിംസ് നടന്നു, ഇപ്പോഴും എന്തെല്ലാം കാര്യങ്ങളാണ് ആളുകളുടെ മനസ്സിൽ ചോദ്യചിഹ്നമായി മാറിയിരിക്കുന്നത്. ഈ സർക്കാർ വന്നശേഷം അൻപത്തി നാല് രാജ്യങ്ങളുടെ ഇന്ത്യാ - ആഫ്രിക്ക ഉച്ചകോടി നടന്നു. ബ്രിക്സ് ഉച്ചകോടി നടന്നും, ഫിഫ അണ്ടർ -17 ലോകകപ്പ് നടന്നു . ഇതുപോലെ വലിയ പദ്ധതികൾ നടന്നു. ജനുവരി 26 ന്, ആസിയാൻ രാജ്യങ്ങളുടെ പത്ത് തലവന്മാർ വന്നിരുന്നു. നമ്മുടെ ത്രിവർണ്ണ പതാക വീശുകയായിരുന്നു.. നിങ്ങൾ ഒരിക്കൽ പോലും ചിന്തിച്ച് കാണില്ല , ഈ പുതിയ സർക്കാർ സത്യപ്രതിജ്ഞാ ചെയ്ത ദിവസം , സാർക്ക് രാജ്യങ്ങളുടെ തലവന്മാർ വരുന്നു . നിങ്ങളുടെ മനസ്സിൽ ഒരു ചോദ്യം ഉണ്ടായിരുന്നു, 70 വർഷമായി എന്തുകൊണ്ടാണ് ഞങ്ങൾക്ക് ഇത് മനസ്സിലാകാതെ പോയതെന്ന്. ഒരു ചെറിയ മനസുകൾക്കു വലിയ കാര്യങ്ങൾ ചെയ്യാൻ സാധിക്കില്ല .

ആദരണീയ അധ്യക്ഷ ജി , പുതിയ ഇന്ത്യ എന്ന സ്വപ്നവുമായി മുന്നോട്ട് പോകാനാണ് രാജ്യം ആഗ്രഹിക്കുന്നത്. മഹാത്മാഗാന്ധി യംഗ് ഇന്ത്യയെ കുറിച്ച് പറഞ്ഞിട്ടുണ്ട്, സ്വാമി വിവേകാനന്ദൻ നവഭാരതത്തെ കുറിച്ച് പറഞ്ഞിട്ടുണ്ട്, രാഷ്ട്രപതിപദവിയിലിരിക്കുമ്പോൾ നമ്മുടെ മുൻ രാഷ്ട്രപതി പ്രണബ് മുഖർജി നവഭാരതത്തിനെ കുറിച്ചുള്ള സ്വപ്നം എല്ലാവർക്ക് മുന്നിലും പറഞ്ഞിരുന്നു. വരിക, നമ്മൾ എല്ലാവരും ഒരുമിച്ച് ഒരു പുതിയ ഇന്ത്യ നിർമിക്കുക എന്ന സ്വപ്നം

സാക്ഷാത്കരിക്കാൻ നമ്മുടെ ഉത്തരവാദിത്തങ്ങൾ ശരിയായി നിറവേറ്റാം. ക്രിയാത്മകമായ വിമർശനമാണ് ജനാധിപത്യത്തിലെ ശക്തിയും. പക്ഷേ കള്ള ആരോപണങ്ങൾ നടത്താൻ ജനാധിപത്യം അനുവാദം നൽകുന്നില്ല . സ്വാർഥ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി

രാജ്യത്തെ നിരാശപ്പെടുത്തുവാൻ ഒരു അവകാശവും നൽകുന്നില്ല.

അതിനാൽ , രാഷ്ട്രപതിയുടെ അഭിസംബോധനയിൽ അഭിപ്രായം പ്രകടിപ്പിക്കേണ്ടവർ അത് ചെയ്യുവെന്ന് ഞാൻ കരുതുന്നു. ഇനി കുറച്ചു വിശ്രമിച്ച ശേഷം അത് വായിക്കു . (പ്രതിപക്ഷത്തോട്) ആദ്യ വായനയിൽ മനസിലായില്ലെങ്കിൽ രണ്ടാമതും വായിക്കു. ഭാഷ മനസിലായില്ലാ എങ്കിൽ ആരുടെയെങ്കിലും സഹായം തേടൂ. പക്ഷേ കുറ്റപ്പിലും വെളുപ്പിലുമായി എഴുതപ്പെട്ടിരിക്കുന്ന സത്യങ്ങളെ നിരാകരിക്കുന്ന പ്രവർത്തി ചെയ്യാതിരിക്കുക , ഈ അപേക്ഷയോടൊപ്പം ആദരണീയ രാഷ്ട്രപതിയുടെ പ്രസംഗത്തിൽ തങ്ങളുടെ അഭിപ്രായം പ്രകടിപ്പിച്ച അംഗങ്ങളെ അഭിനന്ദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, അവരോടു നന്ദി അറിയിക്കുന്നു .

ഞാൻ എല്ലാവരോടും പറയുവാൻ ആഗ്രഹിക്കുന്നു, ആദരണീയ രാഷ്ട്രപതിജിയുടെ പ്രസംഗം ഏകകണ്ഠമായി സ്വീകരിക്കുക ഈ അപേക്ഷയ്ക്കൊപ്പം എനിക്കിത്രയും സമയം അനുവദിച്ചതിന് ഞാൻ നിങ്ങളോട് വളരെ നന്ദിയുള്ളവനാണ്, നന്ദി.

രാജ്യസഭയിൽ നിന്ന്
വിരമിക്കുന്ന അംഗങ്ങൾക്ക്
പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി
യുടെ ആശംസാ പ്രസംഗം

മാർച്ച് 28, 2018

മാർച്ച് 28, 2018
രാജ്യസഭ

രാജ്യസഭയിൽ നിന്ന് വിരമിക്കുന്ന അംഗങ്ങൾക്കായി പ്രധാനമന്ത്രി നൽകിയ വിടവാങ്ങൽ സന്ദേശം

ആദരണീയനായ സഭാദ്ധ്യക്ഷൻ, ആദരണീയരായ സഭാംഗങ്ങളെ, നമ്മളിൽ ചിലർ ആർജിച്ചെടുത്ത അനുഭവങ്ങളുമായി , സാമൂഹ്യ സേവനത്തിനുള്ള സാധ്യതകളെ കണ്ടെത്തി കൂടുതൽ മികവോടെ പ്രവർത്തിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. സഭയിൽ നിന്ന് പിരിഞ്ഞു പോകുന്ന ഓരോ മഹാത്മാക്കളും അവരുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട് എന്ന് ഞാൻ കരുതുന്നു. നിങ്ങൾ ഓരോരുത്തർക്കും അവരുടേതായ ഗുണങ്ങളുണ്ട്. സഭയിലെ അംഗങ്ങളായിരിക്കെ രാജ്യത്തിന്റെ ഉജ്ജ്വല ഭാവിക്കായി നിങ്ങളോരോരുത്തരും നിങ്ങളുടെ കഴിവിനനുസരിച്ച് പരമാവധി ശ്രമിച്ചിട്ടുണ്ട്. രാജ്യം ഒരിക്കലും അതൊന്നും മറക്കുകയില്ല.

സഭയിലെ നിങ്ങളുടെ സേവനങ്ങൾക്ക് ഞാൻ നന്ദി പറയുന്നു. നിങ്ങളുടെ ഭാവി ശോഭനമാകട്ടെ എന്ന് ആശംസിക്കുന്നു.

തലമുതിർന്ന അംഗങ്ങൾക്ക് ഉള്ളതാണ് ഈ സഭ . അവരുടെ അനുഭവസമ്പത്ത് സഭയിലെ ചർച്ചകൾക്ക് മൂല്യം കൂട്ടുന്നതാണ്. നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ ആശകളേയും ആകാംക്ഷകളെയും നിഷ്പക്ഷമായി കൃത്യതയോടെ അളന്നു തൂക്കി , സമൂഹത്തിന് ഭാവിയിൽ എത്ര ഗുണപ്രദമാണ് , എന്തെല്ലാം പ്രയോജനകരമല്ല എന്ന് തീരുമാനിക്കാനുള്ള വിവേകം ഈ സദസ്സിനു ഉണ്ട്. അതിനാൽ തന്നെ രാജ്യസഭയിലെ ചർച്ചകൾക്ക് സവിശേഷത എപ്പോഴുമുണ്ട്. ഈ സവിശേഷത തന്നെയാണ് നമ്മുടെ പദ്ധതി ആസൂത്രണങ്ങളിൽ വളരെ പ്രയോജനം ചെയ്യുന്നത്

ആദരണീയനായ പരാശർജിയെ പോലുള്ളവർ നമുക്കിടയിൽ ഉണ്ട്. ജീവിതത്തിൽ തികഞ്ഞ പ്രൊഫഷണൽ മികവ് പുലർത്തുകയും അതോടൊപ്പം ഒരു തപസ്വിയുടെ ജീവിതം നയിക്കുകയും ചെയ്യുന്നവരാണ് അവർ . ഇത്തരം വ്യക്തികൾ നമ്മുടെ ഇടയിൽ ഉണ്ടായിരുന്നു. നമുക്ക് ഇനി അവരുടെ കഴിവിന്റെ പ്രയോജനം സഭയിൽ ലഭിക്കുകയില്ല.

ഭാരതത്തിന്റെ അഭിമാനമായ രണ്ടു കളിക്കാർ- ശ്രീ ദിലീപ് ടിർക്കിയും സച്ചിൻ രമേഷ് ടെണ്ടുൽക്കർജിയും അടുത്തു തന്നെ വിരമിക്കുന്നു . പ്രൊഫസർ കുര്യനെയും നാം ഇനി ഓർക്കുന്നതാണ്. പുഞ്ചിരിക്കുന്ന മുഖത്തോടെയാണ് നമ്മൾ അദ്ദേഹത്തെ കണ്ടിട്ടുള്ളത് ! അത് നമ്മൾ പഠിക്കേണ്ട ഒരു കാര്യമാണ്. പറയുവാനുള്ള കാര്യങ്ങൾ പറയേണ്ട രീതിയിൽ തന്നെ പറയുക. എന്നാൽ ചിരിച്ചുകൊണ്ട് അത് പറയുവാൻ സാധിക്കണം . ഈ കഴിവു കാരണം ദുർഘട സന്ധികളിലും സഭയെ നേരാംവണ്ണം നയിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പാർട്ടികളുമായുള്ള ബന്ധം ഇല്ലാത്തവരായി നമ്മളിൽ കുറച്ചുപേർ മാത്രമേ ഇവിടെ വന്നിട്ടുള്ളൂ. നമ്മളിൽ അധികം ആളുകളും കക്ഷി - രാഷ്ട്രീയ പിൻബലം ഉള്ളവരാണ്. അതിനാൽ തന്നെ സ്വന്തം പാർട്ടിയുടെ നിലപാട് സ്ഥാപിച്ചെടുക്കാൻ നാമോരോരുത്തരും ശ്രമിക്കാറുമുണ്ട്.

എന്നാൽ ഗ്രീൻഹൗസിൽ - അതായത് ലോക് സഭയിൽ നടക്കുന്നതെല്ലാം റെഡ് ഹൗസിൽ അതായത് രാജ്യസഭയിലും നടക്കണം എന്ന നിർബന്ധബുദ്ധി പാടില്ല. കാരണം ഉപരി സഭയ്ക്ക് അതിന്റെതായ ഒരു ഗാംഭീര്യം ഉണ്ട്. ഇവിടുള്ള അംഗങ്ങളെല്ലാം അവരുടെ കർമ്മം നല്ല രീതിയിൽ തന്നെ അനുഷ്ഠിച്ചു കഴിഞ്ഞു.

നിങ്ങളുടെ അവസാന പ്രസംഗം അത് നന്നായി തയ്യാറാക്കുമെന്നും , ചരിത്രപരമായ ഒന്നായിരിക്കുമെന്നും നിങ്ങളിൽ പലരും ചിന്തിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു, സ്വന്തം കാഴ്ചപ്പാടുകൾ സഭയിൽ പങ്കുവെച്ച് രാജ്യത്തിന് വേണ്ടി സംഭാവന ചെയ്യാമെന്ന് നിങ്ങൾ കരുതിക്കാണും , പക്ഷേ നിങ്ങളുടെ പിന്നീടുള്ള ജോലി കാലയളവിൽ നിങ്ങൾക്ക് ആ അവസരം ലഭിച്ചില്ല. എല്ലാവരും ഇതിന് ഉത്തരവാദികളാണ്. ചില സുപ്രധാന ചർച്ചകളിൽ പങ്കെടുത്തിരുന്നെങ്കിൽ, നിങ്ങൾ തൃപ്തനാകുമായിരുന്നു, പക്ഷേ ഈ സഭയുടെ തന്നെ പ്രവർത്തന ശൈലി കാരണമാണ് അത്തരം ചരിത്രപ്രാധാന്യമുള്ള ചർച്ചയുടെ ഭാഗമാകാതെ നിങ്ങൾ ഇന്ന് പോകുന്നത്. ഇന്നലെ

തോന്നിയിരുന്നത് ഈ രീതിയിലുള്ള വിടവാങ്ങൽ ചടങ്ങും ഇന്ന് നടക്കില്ല എന്നായിരുന്നു. എന്നാൽ ആദരണീയ അദ്ധ്യക്ഷൻ എല്ലാവരോടും സംസാരിച്ചു. ഒത്തൊരുമയോടെ ഇന്നത്തെ ചടങ്ങ് ഒരു യാഥാർത്ഥ്യമായി. ശ്രീമാൻ വിജയ് ജിയും അതിനായി ഒരുപാട് പ്രവർത്തിച്ചു. അക്കാരണത്താൽ തന്നെയാണ് ഇന്ന് സഭയിൽ നിന്ന് വിരമിക്കുന്ന ഓരോരുത്തർക്കും അവരുടെ ചിന്തകൾ നമ്മോട് പങ്കുവയ്ക്കുവാൻ സാധ്യമാകുന്നത് , പക്ഷേ ഏറ്റവും മഹത്വമാർന്ന ഒരു തീരുമാനത്തിലെ ഭാഗമാകാൻ, ചരിത്ര നിർമ്മിതിയുടെ ഭാഗമാകാനുള്ള, എന്നെന്നും ഓർമിക്കുവാനുള്ള ഒരു അനുഭവം നിങ്ങൾക്ക് നഷ്ടമായി. സഭയുടെ കാലാവധിക്കിടയിൽ അത്തരം സന്ദർഭങ്ങൾ നിങ്ങൾക്ക് ലഭിച്ചിട്ടുണ്ട് , അത് നിങ്ങൾ ഉപയോഗിച്ച് എന്നത് സത്യം തന്നെ. എന്നാൽ ഇന്ത്യയുടെ വരും ഭാവിയെ ബാധിക്കുന്ന ഒരു ചരിത്രപ്രാധാന്യമുള്ള നിയമ നിർമ്മാണം ആണ് 'മുത്തലാക്ക്'. അതിൽ പങ്കെടുക്കാനുള്ള അവസരം നിങ്ങളിൽ ചിലർക്ക് നഷ്ടമാകും. പുതുതായി സഭയിലേക്ക് വരുന്നവർക്ക് ആ ചർച്ചകളിൽ പങ്കെടുക്കാൻ കഴിയും. എന്നാൽ ഇന്ന് വിരമിക്കുന്നവർക്ക് ചരിത്രത്തിൻറെ ഭാഗമാകുന്ന ആ ചർച്ചയിൽ പങ്കെടുക്കുവാനുള്ള അവസരം നഷ്ടമാകും. പത്തോ, ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കഴിഞ്ഞാലും അതൊരു , വ്യസനമായി മനസ്സിൽ അവശേഷിക്കും. ഇത് എന്റെ അഭിപ്രായമാണ്. അവർക്കും അത് സാധിച്ചിരുന്നു എങ്കിൽ നല്ല കാര്യം ആകുമായിരുന്നു
.

വിരമിക്കുന്ന അംഗങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും ഞാൻ ഒരിക്കൽ കൂടി നേരുന്നു. നിങ്ങളുടെ സഹപ്രവർത്തകൻ എന്ന നിലയിൽ ഒരു കാര്യം കൂടി ഞാൻ പറയാൻ ആഗ്രഹിക്കുന്നു. സഭയുടെ വാതിലുകൾ ഇപ്പോൾ അടഞ്ഞാലും ഈ പരിസരത്തെ വാതിലുകൾ എപ്പോഴും നിങ്ങൾക്കായി തുറന്നു തന്നെ കിടക്കും. പ്രധാനമന്ത്രിയുടെ ഓഫീസ് മുറിയും വാതിലുകളും നിങ്ങൾക്കായി എന്നും തുറന്നു കിടക്കും. രാജ്യ ഹിതവുമായി ബന്ധപ്പെട്ട് നിങ്ങളുടെ മനസ്സിൽ എന്തു ചിന്തകൾ വന്നാലും നിങ്ങൾ വരിക. നിങ്ങൾ പറയുന്നത് കേൾക്കാനും നിങ്ങളെ മനസ്സിലാക്കാനും നിങ്ങൾ പറയുന്ന കാര്യങ്ങൾ യോജ്യം ആയതെങ്കിൽ പ്രാവർത്തികമാക്കുവാനും ഞാൻ എന്നും ബദ്ധ ശ്രദ്ധനായിരിക്കും.

ഒരിക്കൽ കൂടി നിങ്ങളോട് ഞാൻ നന്ദി പറയുന്നു ,എല്ലാ ഭാവുകങ്ങളും നേരുന്നു.

കേന്ദ്ര മന്ത്രിസഭക്കെതിരെ
കൊണ്ടുവന്ന അവിശ്വാസ
പ്രമേയത്തെ എതിർത്ത്
പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി
ലോക്സഭയിൽ നടത്തിയ പ്രസംഗം

ജൂലൈ 20, 2018

ജൂലൈ 20, 2018

മന്ത്രിസഭയ്ക്കെതിരെയുള്ള അവിശ്വാസ പ്രമേയത്തിൽ
ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ചെയ്ത പ്രസംഗം,

ആദരണീയ സ്പീക്കർ മാഡം , ഇന്ന് സധൈര്യപൂർവം സഭയെ നയിച്ച താങ്കളുടെ രീതിക്ക് ഞാൻ ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു. ഈ അവിശ്വാസ പ്രമേയം നമ്മുടെ മഹത്വപൂർണമായ ജനാധിപത്യത്തിൻറെ ശക്തിയുടെ സൂചകമാണ് . ടിഡിപിയാണ് പ്രമേയം അവതരിപ്പിച്ചതെങ്കിലും അവരുമായി ബന്ധപ്പെട്ട മാന്യരായ ചില അംഗങ്ങൾ പ്രമേയത്തെ പിന്തുണച്ച് അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും , അതേസമയം വലിയൊരു വിഭാഗം അംഗങ്ങൾ പ്രമേയത്തെ എതിർത്ത് അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്തു. ഈ പ്രമേയത്തെ ഏവരും തള്ളിക്കളയണം എന്നും മുപ്പതു വർഷങ്ങൾക്ക് ശേഷം

വന്പിച്ച ഭൂരിപക്ഷത്തോടെ ഭരണത്തിലെത്തുകയും രാജ്യത്തിന് വേണ്ടി തീവ്ര ഗതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഈ സർക്കാരിൽ ഒരിക്കൽ കൂടി വിശ്വാസമർപ്പിക്കണമെന്നും പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. . ഇത് ഒരു നല്ല അവസരം ആണെന്ന് ഞാൻ കരുതുന്നു, ഞങ്ങൾക്ക് പറയുവാനുള്ള ഒരു അവസരം എന്തായാലും ലഭിച്ച അതോടൊപ്പം അവരുടെ യഥാർത്ഥ മുഖം കാണാൻ രാജ്യത്തിന് സാധിക്കുകയും ചെയ്തു. , എത്ര പ്രതികൂല മനോഭാവമാണ് അവരുടെയെന്നും വികസനത്തോടു എത്രമാത്രമാണ് അവർക്ക് വിരോധമെന്നും രാജ്യത്തിന് സാക്ഷ്യം വഹിക്കാനുള്ള ഒരു അവസരവും ആയത്.

നകാരാത്മകമായ (പ്രതികൂല മനോഭാവം) രാഷ്ട്രീയം .അവരിൽ ചിലരെ ചുറ്റി വളഞ്ഞിട്ടുണ്ട് അവരുടെ യഥാർത്ഥ മുഖം ഭംഗിയായി പുറത്തുവന്നിട്ടുണ്ട്. അവരിൽ പലരും ഇപ്പോഴും ചിന്തിക്കുന്നുണ്ട് എന്തുകൊണ്ടാണ് ഈ അവിശ്വാസ പ്രമേയം സഭയിൽ കൊണ്ടുവന്നതെന്ന് . സഭയിൽ അവർക്ക് സംഖ്യയോ ഭൂരിപക്ഷമോ ഇല്ല, പിന്നെ എന്തിനാണ് ഈ പ്രമേയം സഭയിൽ കൊണ്ടുവന്നത്? സർക്കാരിനെ താഴെയിറക്കാനുള്ള അവരുടെ അക്ഷമ എന്നെ അത്ഭുതപ്പെടുത്തുകയും എന്തുകൊണ്ട് 48 മണിക്കൂർ കാത്തിരുന്ന് കൂടാ എന്ന് ചിന്തിക്കാൻ എന്നെ നിർബന്ധിക്കുകയും ചെയ്തു? ഉടനടി ചർച്ച അതിന് ആവശ്യമില്ല. അവിശ്വാസ പ്രമേയം ഉടൻ ചർച്ച ചെയ്തില്ലെങ്കിൽ ആകാശം ഇടിഞ്ഞു വീഴുമോ, ഭൂകമ്പം വരുമോ? നിങ്ങൾ ചർച്ചയ്ക്ക് തയാറെടുത്തിട്ടില്ലെങ്കിൽ , അത് 48 മണിക്കൂർ വീണ്ടും നീട്ടുമെങ്കിൽ എന്തിനാണ് അത് കൊണ്ടുവന്നത്? അതിനാൽ, അവർ അത് മാറ്റിവയ്ക്കാൻ ശ്രമിക്കുന്ന രീതി അവരുടെ കഷ്ടപ്പാടിനെ സൂചിപ്പിക്കുന്നുവെന്ന് ഞാൻ കരുതുന്നു.

"ന മാൻത്ഡി ,ന രഹ്ബാർ, ന ഹഖ് മേ ഹവായെ ,

ഹേ കശ്തി ഭി ജർജർ , യേ കൈസാ സഫർ ഹേ "

"തുഴക്കാരൻ ഇല്ലാതെ, വഴികാട്ടി ഇല്ലാതെ, അനുകൂലമായ കാറ്റില്ലാതെ, കിറുകിറുക്കുന്ന ഒരു വഞ്ചിയിൽ - എന്തു തരം യാത്രയാണിത് "

ഞാൻ കേട്ട ഭാഷയും , അവരുടെ ചെയ്തികളും കണ്ടപ്പോൾ അത് അറിവില്ലാത്തത് കൊണ്ടോ, ഇല്ലാത്ത ആത്മവിശ്വാസം കൊണ്ടോ അല്ലെന്ന് കരുതുന്നു . അതുണ്ടായത് അഹങ്കാരം ഇത്തരം ഒരു പ്രവൃത്തിയിലേക്ക് അവരെ വലിച്ചു കൊണ്ട് പോകുകയായിരുന്നു. മോദിയെ നീക്കം ചെയ്യുക - എനിക്കു അമ്പരപ്പാണ്, ഇന്ന് രാവിലെ ചർച്ച തുടങ്ങിയിട്ടേ ഉള്ളു, . വോട്ടിംഗ് ഇനിയും നടക്കാനുണ്ട്, ഫലം ഇനിയും പ്രഖ്യാപിക്കാനിരിക്കുന്നതേയുള്ളു പക്ഷേ എന്നെ നീക്കം ചെയ്യാനുള്ള അവരുടെ ആവേശത്തിന് അതിരുകളില്ലായിരുന്നു. പറയുകയാണ്, എണീക്കു, എണീക്കു . പക്ഷേ ഇവിടെ നിന്നും ആർക്കും എഴുന്നേൽപ്പിക്കില്ല, ആരും ഇരുത്തുകയുമില്ല , പക്ഷേ രാജ്യത്തെ നൂറ്റി ഇരുപത്തിയഞ്ച് കോടി ജനങ്ങൾ മാത്രമേ ഇവിടെ ഇരുത്തുകയുള്ളു, രാജ്യത്തെ നൂറ്റി ഇരുപത്തിയഞ്ച് കോടി ജനങ്ങൾ മാത്രമേ ഇവിടെ നിന്നും എഴുന്നേൽപ്പിക്കുകയുള്ളു. ജനാധിപത്യത്തിൽ, ജനങ്ങളോടുള്ള വിശ്വാസമാണ് വേണ്ടത്. എന്തായിരുന്നു ഇത്രയും ധൃതി കാണിച്ചത്? ഇതഹങ്കാരം തന്നെയാണ്. പറയുന്നത് ഇതാണ് ഞങ്ങൾ

നിവർന്നു നിന്നാൽ പതിനഞ്ചു മിനിറ്റ് പോലും തങ്ങളെ അഭിമുഖീകരിച്ചു നിൽക്കില്ല എന്നായിരുന്നു. ആദരണീയ സ്പീക്കർ ജി, . ഞാൻ നിൽക്കുക മാത്രമല്ല നാല് വർഷം കൊണ്ട് ഞങ്ങൾ ചെയ്ത കാര്യങ്ങളിൽ ഉറച്ചുനിൽക്കുകയും ചെയ്യും.

ഞങ്ങളുടെ ചിന്ത അവരുടെ ചിന്തയിൽ നിന്നും വ്യത്യസ്തമാണ്. ഞങ്ങൾ പഠിച്ചത് -

"സാർ സാർ കോ ഗഹി രഹേ,

തോതാ ദേയി ഉഡായാ "

("നല്ല കാര്യങ്ങളെ അരിച്ച് സൂക്ഷിക്കുകയും കെട്ടതിനെ കളയുകയും ചെയ്യുന്നയാളാണ് നല്ല വ്യക്തി "). ഞാൻ സംഗ്രഹം അറിയാൻ ശ്രമിച്ചു പക്ഷേ ഇന്ന് കിട്ടിയില്ല . കേവലം അഹങ്കാരം കൊണ്ട് അമിത വിശ്വാസത്തിൻറെ കൊടുമുടിയിൽ കയറി ഇരുന്നു കൊണ്ട് പറയുന്നു 2019 ൽ ഞങ്ങളെ അധികാരത്തിൽ വരാൻ അനുവദിക്കില്ല . തങ്ങളാണ് വിധികർത്താക്കൾ എന്നു സ്വയം വിശ്വസിക്കുന്നവരുടെ വായിൽ നിന്നേ ഇത്തരം വാക്കുകൾ വരൂ. . ജനാധിപത്യത്തിൽ ജനങ്ങളാണ് വിധി കർത്താക്കൾ. ജനാധിപത്യ പ്രക്രിയയിൽ വിശ്വാസം വേണം . 2019 ൽ കോൺഗ്രസ് ഏറ്റവും വലിയ പാർട്ടിയായാൽ ഞാൻ പ്രധാനമന്ത്രിയാകും എന്നാൽ മറ്റുള്ളവർക്കും ധാരാളം അഭിലാഷങ്ങൾ ഇല്ലേ? അവയെന്താകും എന്നതിലാണ് ആശയക്കുഴപ്പം

മാഡം സ്പീക്കർ, ഇത് സർക്കാരിൻറെ വിശ്വാസവോട്ടെടുപ്പ് അല്ല.

ഇത് യഥാർത്ഥത്തിൽ കോൺഗ്രസിന്റെയും അതിൻറെ പങ്കാളികൾ എന്ന് വിളിക്കപ്പെടുന്നവരുടെയും വിശ്വാസവോട്ടെടുപ്പാണ്.

ഞാൻ പ്രധാനമന്ത്രിയാകും എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ മറ്റ് പാർട്ടികളുടെ പിന്തുണ തേടുകയും ടയൽ റൺ നടത്തുകയും ചെയ്യുന്നു. ഈ ചെയ്തിയുടെ പേരിൽ ഒപ്പം കൂടിച്ചേർക്കാൻ ശ്രമിച്ച കൂട്ടാളികൾ കൂട്ടം വിട്ടു പോകാതെ ഇരിക്കണം എന്ന വലിയ ആശങ്കയുമുണ്ട്. ഒരു മോദിയെ നീക്കം ചെയ്യുവാൻ വേണ്ടി, ഇത് വരെ നേരിട്ടു കണ്ടിട്ടില്ലാത്ത, സ്ഥിരമായി സമ്പർക്കം പോലുമില്ലാത്ത വിവിധ ധ്രുവങ്ങളിൽ നിന്നുമുള്ള പിന്തുണ ആർജിക്കുവാനുള്ള ഗൌരവമായ ശ്രമം നടക്കുന്നു. എനിക്ക കോൺ ഗ്രസിലെ കൂട്ടാളികളോട് നൽകാനുള്ള ഉപദേശം, എപ്പോഴെങ്കിലും നിങ്ങൾക്ക് സാധ്യതയുള്ള സുഹൃത്തുക്കളെ പരിശോധിക്കണം എന്നുണ്ടെങ്കിൽ അത് തീർച്ചയായും നിങ്ങൾ ചെയ്യണം. പക്ഷേ അതൊരിക്കലും അവിശ്വാസ പ്രമേയമെന്ന മറവിൽ ചെയ്യരുത്. ഗവൺമെന്റിനോട് നിങ്ങൾ കാണിക്കുന്ന അവിശ്വാസം എത്രത്തോളമുണ്ടോ കുറഞ്ഞത് അത്രയെങ്കിലും വിശ്വാസം നിങ്ങളുടെ ഭാവി സഹപ്രവർത്തകരോട് കാണിക്കുക.

മാഡം സ്പീക്കർ, സംഖ്യാബലം ഉള്ളതുകൊണ്ടാണ് ഞങ്ങൾ ഇവിടെ വന്നത്. നൂറ്റി ഇരുപത്തഞ്ചു കോടി ജനങ്ങളുടെ അനുഗ്രഹത്താൽ ആണ് ഞങ്ങൾ ഇവിടെയുള്ളത്. സ്വന്തം സ്വാർത്ഥതക്കു വേണ്ടി രാജ്യത്തിൻറെ മനസിലും ജനങ്ങളുടെ അനുഗ്രഹങ്ങളെയും ചോദ്യം ചെയ്യരുത്.

ആരെയും പ്രീതിപ്പെടുത്താതെ, ഒരു വോട്ട് ബാങ്ക് രാഷ്ട്രീയത്തിലൂടെയും അല്ലാതെ 'സബ്കാ സാത്ത് സബ്കാ വികാസ്' എന്ന മുദ്രാവാക്യത്തോടെയാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്.

ആദരണീയ അധ്യക്ഷ ജി , 18,000 ഗ്രാമങ്ങളിൽ വൈദ്യുതി വിതരണം എത്തിച്ചു. . എല്ലാവരുടെയും പങ്കാളിത്തം, എല്ലാവരുടെയും വികസനം എന്ന മുദ്രാവാക്യവുമായി പ്രവർത്തിക്കുന്ന ഒന്നാണ് നമ്മുടെ സർക്കാർ. 18,000 ഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുൻ സർക്കാരുകൾക്കും ചെയ്യാമായിരുന്നു.

മാധ്യം സ്പീക്കർ, ഈ പതിനെട്ടായിരം ഗ്രാമങ്ങൾ, 15,000 പൂർവി ഭാരതത്തിലാണ് (ഇന്ത്യയുടെ കിഴക്കൻ മേഖലയിൽ) കൂടാതെ അതിൽ തന്നെ 5000 ഗ്രാമങ്ങൾ പൂർണ്ണമായും വടക്ക് കിഴക്ക് മേഖലയിൽ ആണ്.

ആദരണീയ അധ്യക്ഷ ജി, ആരാണ് അവിടെ താമസിക്കുന്നത് എന്ന്

നിങ്ങൾക്ക് ഊഹിക്കാൻ കഴിയും? ദരിദ്രരായവർ, ദിവാസികൾ, ദലിതർ. ചൂഷണം ചെയ്യപ്പെടുന്നവർ , അടിച്ചമർത്തപ്പെട്ടവർ , കാട്ടിൽ കഴിയുന്നവരുടെയും വലിയ സംഖ്യ ഈ മേഖലകളിലാണ് . എന്തുകൊണ്ടാണ് ഇവർ ആ ജനങ്ങൾക്ക് വേണ്ടി ഒന്നും ചെയ്യാത്തത്, കാരണം ഇവരുടെ വോട്ട് ബാങ്ക് ഗണിതത്തിൽ അവർ ഫിറ്റ് ആകുന്നില്ലായിരുന്നു. ഈ ജനസംഖ്യയിൽ അവർക്ക് വിശ്വാസമില്ലായിരുന്നു. അതുകൊണ്ടാണ് നോർത്ത് ഈസ്റ്റ് ഒറ്റപ്പെട്ടത്. ഞങ്ങൾ അവർക്ക് വൈദ്യുതി നൽകുക മാത്രമായിരുന്നില്ല , കണക്ടിവിറ്റിയുടെ എല്ലാ മേഖലയിലും ഞങ്ങൾ വേഗത്തിൽ പ്രവർത്തിച്ചു.

പാവപ്പെട്ടവരുടെ പേരിൽ ബാങ്കുകൾ ദേശസാൽക്കരിക്കപ്പെട്ടെങ്കിലും ആ ബാങ്കുകളുടെ വാതിലുകൾ പാവപ്പെട്ടവർക്കായി തുറന്നില്ല. അധികാരത്തിലിരുന്നപ്പോൾ അവർ ഇത്രയും കാലം അധികാരത്തിൽ തുടർന്നു. അവർക്ക് പാവപ്പെട്ടവർക്കായി വാതിലുകൾ തുറക്കാമായിരുന്നു. 32 കോടി ജൻ-ധൻ അക്കൗണ്ടുകൾ തുറക്കുന്ന ജോലി ഞങ്ങളുടെ സർക്കാർ ചെയ്തു, ഇന്ന് ഈ പാവങ്ങൾ 80,000 കോടി രൂപ ഈ ജൻ-ധൻ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു. നമ്മുടെ അമ്മമാരുടെയും സഹോദരിമാരുടെയും അഭിമാനം സംരക്ഷിക്കുവാൻ ഈ സർക്കാർ എട്ട് കോടി ശൗചാലയങ്ങൾ നിർമ്മിച്ചു. മുൻ സർക്കാരുകൾക്കും ഇത് ചെയ്യാമായിരുന്നു.

ഉജ്ജ്വല പദ്ധതിയിലൂടെ നാലരക്കോടി പാവപ്പെട്ട സ്ത്രീകൾക്ക് ഇന്ന് പുകരഹിത ജീവിതവും മെച്ചപ്പെട്ട ആരോഗ്യവും ലഭിച്ചു- അവരുടെ വിശ്വാസം വർദ്ധിപ്പിക്കുന്ന ഈ പ്രവർത്തി ഞങ്ങളുടെ ഗവൺമെന്റ് ലി ചെയ്തു. ഈ ആളുകൾ അവരാണ്, ഒമ്പതും പന്ത്രണ്ടും സിലിണ്ടറുകളുടെ ചർച്ചയിൽ മുഴുകിയിരിക്കുകയായിരുന്നവർ. അവർ അവരുടെ അവിശ്വാസത്തിനു നടുവിൽ അവർ ജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയായിരുന്നു. ഒരു അന്താരാഷ്ട്ര റിപ്പോർട്ട് പ്രകാരം കഴിഞ്ഞ രണ്ട് വർഷത്തിനിടെ അഞ്ച് കോടിയോളം രാജ്യക്കാർ കടുത്ത ദാരിദ്ര്യത്തിൽ നിന്ന് കരകയറി. 20 കോടി ദരിദ്രർക്ക് പ്രതിദിനം 90 പൈസ, പ്രതിമാസം ഒരു രൂപ പ്രീമിയം തുകയിൽ ഇൻഷുറൻസ് പരിരക്ഷ ലഭിച്ചു, പാവപ്പെട്ടവരെ രോഗചികിത്സയ്ക്ക് സഹായിക്കുന്നതിന് വരും ദിവസങ്ങളിൽ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ അഞ്ച് ലക്ഷം രൂപ നൽകുമെന്ന് ഈ സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. അവരും ഈ കാര്യങ്ങളിൽ വിശ്വസിക്കുന്നില്ല. 2022 ആകുമ്പോൾ കർഷകരുടെ വരുമാനം ഇരട്ടിയാക്കാനുള്ള നടപടികൾ ഞങ്ങൾ ഓരോന്നായി സ്വീകരിക്കുകയാണ്. ഇവർ അതും വിശ്വസിക്കുന്നില്ല. വിത്തുകളും വിപണികളും ഉൾപ്പെടെ മുഴുവൻ സംവിധാനവും ഞങ്ങൾ മെച്ചപ്പെടുത്തുകയും സംവിധാനങ്ങൾ തടസ്സരഹിതമാക്കുകയും ചെയ്യുന്നു. ഇവർ അതിലും വിശ്വസിക്കുന്നില്ല. 99 ജലസേചന പദ്ധതികളും വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന മറ്റെല്ലാ പദ്ധതികളും പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. . ചില പദ്ധതികൾ പൂർത്തീകരിക്കാനൊരുങ്ങുമ്പോൾ ചിലത് ജനങ്ങൾക്കായി സമർപ്പിച്ചു. എന്നാൽ ഇതും ഇവർ വിശ്വസിക്കുന്നില്ല. ഞങ്ങൾ 15 കോടി കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് നൽകി, കർഷകരെ ആധുനിക കൃഷിരീതിയിലേക്ക് നയിച്ചു, എന്നാൽ ഇവർ ഇതും വിശ്വസിക്കുന്നില്ല.

മാധ്യം, അവർ യൂറിയയിൽ അൽപ്പം വേപ്പെണ്ണ പൂശിയിട്ട് ജോലി ഉപേക്ഷിച്ചു, പക്ഷേ അത് 100 ശതമാനം ചെയ്യാതെ പ്രയോജനം നേടാനാകില്ല. ഞങ്ങൾ യൂറിയയിൽ 100 ശതമാനം വേപ്പെണ്ണ പൂശുന്നു, ഇത് രാജ്യത്തെ കർഷകർക്ക് ഗുണം ചെയ്തു. യൂറിയയുടെ അഭാവം ഇപ്പോൾ അനുഭവപ്പെട്ടില്ല, പക്ഷേ ഇതും ഇവർ വിശ്വസിക്കുന്നില്ല. കർഷകരെ സഹായിക്കുന്നതിനായി പ്രധാനമന്ത്രിയുടെ വിള ഇൻഷുറൻസ് പദ്ധതിയിലൂടെ ഞങ്ങൾ കർഷകരിൽ ആത്മവിശ്വാസം സൃഷ്ടിച്ചു. ഞങ്ങൾ പ്രീമിയം കുറയ്ക്കുക മാത്രമല്ല, ഇൻഷുറൻസിന്റെ കവറേജ് വിപുലീകരിക്കുകയും ചെയ്തു. ഉദാഹരണത്തിന്, കർഷകർ 2016-17ൽ ഇൻഷുറൻസ് പ്രീമിയമായി ഏകദേശം 1300 കോടി അടച്ചു, അതേസമയം അവർക്ക് 1000 രൂപയിലധികം നഷ്ട പരിഹാരം നൽകി. സഹായമായി 5500 കോടി. അതായത് കർഷകരിൽ നിന്നും ലഭിക്കുന്ന തുകയേക്കാൾ മൂന്നിരട്ടി തുകയാണ് നഷ്ടപരിഹാരമായി സർക്കാർ നൽകുന്നതെങ്കിലും ഈ ആളുകൾ വിശ്വസിക്കുന്നില്ല.

മാഡം സ്പീക്കർ, എൽ.ഇ.ഡി. ബൾബുകളുടെ കാര്യം കൂടി പറഞ്ഞാൽ നന്നായിരിക്കും എന്നു തോന്നുന്നു , അവരുടെ ഗവൺമെന്റിന്റെ കാലത്ത് മുന്നൂറ്റി അൻപത്, നാനൂറ്, നാനൂറ്റി നാനൂറ്റി അൻപത് രൂപയ്ക്കാണ് ബൾബ് വിറ്റിരുന്നത്, ഇന്ന് അത് നാൽപ്പതും നാൽപ്പത്തിയഞ്ചും രൂപയ്ക്കാണ് വിൽക്കുന്നത്. നൂറുകോടി എൽ.ഇ.ഡി. ബൾബുകൾ നാളിതുവരെ വിറ്റുപോയി, അത് ഒരു ചെറിയ കാര്യമല്ല . മാത്രമല്ല, 500-ലധികം നഗര സ്ഥാപനങ്ങളിൽ തെരുവ് വിളക്കുകളിൽ 62 ലക്ഷത്തിലധികം എൽഇഡി ബൾബുകൾ സ്ഥാപിച്ചു, ഇത് നഗരസഭകളുടെ ചെലവും കുറച്ചു . അവരുടെ ഭരണ കാലത്ത് രണ്ട് മൊബൈൽ നിർമ്മാണ കമ്പനികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് 120 കമ്പനികൾ മൊബൈൽ ഫോൺ നിർമ്മിക്കുന്നുണ്ടെങ്കിലും അവർ അത് വിശ്വസിക്കുന്നില്ല. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് സ്വയംതൊഴിൽ എന്ന പേരിൽ സർട്ടിഫിക്കറ്റുകൾ ലഭിച്ചെങ്കിലും ഉപജീവനത്തിനായി അങ്ങോട്ടും ഇങ്ങോട്ടും അലയേണ്ടി വന്നു. 'മുദ്ര' യോജനയ്ക്ക് കീഴിൽ 13 കോടി യുവാക്കൾക്ക് ഞങ്ങൾ വായ്പ നൽകിയിട്ടുണ്ട്. ഇതുമാത്രമല്ല, കാലം മാറി,ഇന്ന് പതിനായിരത്തിലധികം സ്റ്റാർട്ടപ്പുകൾ നമ്മുടെ രാജ്യത്തെ യുവാക്കൾ നടത്തുകയും രാജ്യത്തെ നവീന ഇന്ത്യയിലേക്ക് കൊണ്ടുപോകാൻ പ്രവർത്തിക്കുകയും ചെയ്യുന്നു. നമ്മൾ ഡിജിറ്റൽ ഇടപാടുകളെ കുറിച്ച് സംസാരിക്കാൻ തുടങ്ങിയപ്പോൾ, നമ്മുടെ അതികായർ പറയുവാൻ തുടങ്ങി , നമ്മുടെ രാജ്യം നിരക്ഷര രാജ്യമല്ലേ, പിന്നെ എങ്ങിനെ ഡിജിറ്റൽ ഇടപാടുകൾ നടപ്പാകും ?അതെങ്ങനെ പാവങ്ങൾക്ക് ലഭ്യമാകും

മാഡം സ്പീക്കർ, ഇതേ രീതിയിൽ രാജ്യത്തെ ജനങ്ങളുടെ ശക്തിയെ കുറച്ചു കാണുന്ന വ്യക്തിക്ക് പൊതുസമൂഹം തക്ക മറുപടിയാണ് നൽകിയത്. ഏകദേശം ഒരു മാസത്തിനകം 'ഭീം' അപ്പ് , മൊബൈൽ ഫോണുകൾ എന്നിവയുടെ സഹായത്തോടെ നമ്മുടെ രാജ്യത്തെ പൗരന്മാർ 41,000 കോടി രൂപയുടെ ഇടപാടുകൾ ചെയ്തു കാണിച്ചു. പക്ഷേ, ഇവർക്ക് രാജ്യത്തെ ജനങ്ങളെ വിശ്വാസമില്ല. ജനങ്ങൾ നിരക്ഷരരാണെന്നും അവർക്ക് ഇതൊന്നും ചെയ്യാൻ കഴിയില്ലെന്നുമായിരുന്നു അവരുടെ നിലപാട്.

ഇത് അവരുടെ മാനസികാവസ്ഥയുടെ ഫലം മാത്രമാണ്.

ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥകളിൽ ആറാം സ്ഥാനത്താണ് ഇന്ത്യ . ഇതിന്റെ ക്രെഡിറ്റ് സർക്കാർ ഭരിക്കുന്ന ആളുകൾക്കല്ല, മറിച്ച് 1.2 ബില്യൺ ഇന്ത്യക്കാരുടെ കഠിനാധ്വാനത്തിനാണ്. ആദരണീയ മാഡം സ്പീക്കർ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് 42 പോയിന്റ് മെച്ചപ്പെട്ടു. ഇപ്പോൾ അതിലും ഇവർക്കും സംശയമുണ്ട്. ആ സ്ഥാപനങ്ങളോട് അവർ വിശ്വാസക്കുറവ് കാണിക്കാൻ തുടങ്ങിയിരിക്കുന്നു. ആഗോള മത്സര സൂചിക 31 പോയിൻറ് മെച്ചപ്പെട്ടു. അക്കാര്യത്തിലും ഇവർക്കു സംശയമുണ്ട്. ഇതിലെല്ലാം അഭിമാനിക്കാൻ അവർ പഠിക്കണം.

പക്ഷേ അവർക്ക് അഭിമാനിക്കുവാൻ അറിയില്ല . അഞ്ച് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയായി മാറുന്ന ലക്ഷ്യത്തിലേക്ക് രാജ്യം അതിവേഗം നീങ്ങുകയാണ്. കള്ളപ്പണത്തിനെതിരെ ഞങ്ങൾ യുദ്ധം ചെയ്തു, അത് നിർത്താൻ പോകുന്നില്ല. ഇതുമൂലം ഏതൊക്കെ ആളുകൾക്കാണ് പ്രശ്നങ്ങൾ നേരിടുന്നതെന്ന് എനിക്കറിയാം. അവരുടെ മുറിവുകൾ ഇതേ വരെ ഉണങ്ങിയിട്ടില്ല, അത് അവരുടെ പെരുമാറ്റത്തിൽ കൂടി നമുക്ക് മനസ്സിലാകും. ഞങ്ങൾ സാങ്കേതിക വിദ്യ ഉപയോഗിച്ചു , ടെക്നോളജിയുടെ സഹായത്തിലൂടെ സർക്കാർ ഖജനാവിൽനിന്ന് മറ്റു പലയിടത്തേക്കും മാറ്റപ്പെട്ട തൊണ്ണൂറായിരം കോടി രൂപ തിരിച്ചുപിടിക്കാൻ ഞങ്ങൾക്കു സാധിച്ചു. ഈ പണം തെറ്റായ കൈകളിൽ ചെന്നു പെടുമായിരുന്നു. ഏത് സംവിധാനങ്ങളിൽ കൂടിയാണ് ഇതൊക്കെ എന്നു എന്നു രാജ്യത്തിന് വളരെ നന്നായി അറിയാം. രണ്ടര ലക്ഷത്തിലധികം ഷെൽ കമ്പനികൾ ഞങ്ങൾ നിരോധിച്ചു, ഏകദേശം രണ്ട് രണ്ടര ലക്ഷം കമ്പനികൾ കൂടി ഞങ്ങളുടെ നിരീക്ഷണത്തിലുണ്ട് , അവയും ഏത് സമയവും അടച്ചു പൂട്ടാം. അവരെ പോറ്റുന്നതാരാണ് ? അവർക്ക് പിന്തുണ നൽകുന്നത് ആരാണ് , ഈ സംവിധാനങ്ങളിലൂടെ അവരുടെ നിക്ഷിപ്ത താൽപ്പര്യങ്ങൾ നിറവേറ്റപ്പെട്ടു. എല്ലാവർക്കും ഇതേക്കുറിച്ച് അറിയാം.

ബിനാമി പ്രോപ്പർട്ടി ബിൽ നിയമം ഈ സഭ പാസാക്കുകയുണ്ടായി പക്ഷേ ഇരുപത് വർഷത്തേക്ക് അത് വിജ്ഞാപനം ചെയ്തില്ല. എന്തുകൊണ്ട്? ആരെ സംരക്ഷിക്കാൻ ആയിരുന്നു അവർ ആഗ്രഹിച്ചത് ? ഞങ്ങൾ അത് വിജ്ഞാപനം ചെയ്യുകയും ഈ സമയത്തിനകം നാല്- നാലര ആയിരം കോടി രൂപയുടെ ബിനാമി സ്വത്ത് പിടിച്ചെടുക്കുകയും ചെയ്തു എന്നു സന്തോഷപൂർവം ഞാൻ പറയും. രാജ്യത്തെ ജനങ്ങൾക്കും ലോകത്തിനും ഈ ലോകത്തെ ഏറ്റവും നല്ല ഏജൻസികൾക്കും ഞങ്ങളിൽ വിശ്വാസമുണ്ട്. എന്നാൽ സ്വയം വിശ്വസിക്കാത്തവർക്ക് ഞങ്ങളിൽ എങ്ങനെ വിശ്വാസം വരാനാണ്. ഇത് അങ്ങനെ ഒന്നും സംഭവിക്കില്ല. നമ്മുടെ വേദങ്ങളിൽ ഇത്തരം മാനസിക അവസ്ഥയുള്ള ആളുകളെ കുറിച്ച പരാമർശിച്ചിട്ടുണ്ട്

"ധാരാ നൈവക് പതന്തി ചാതകമുഖേ മേഘാസ്യ കിം ദൂഷണം "

"ചാതകപ്പക്ഷിയുടെ തുറന്ന വായിൽ മഴത്തുള്ളികൾ പതിച്ചില്ലെങ്കിൽ മേഘങ്ങളുടെ തെറ്റെന്താണ്?" മാഡം, അതിനാൽ ആദരണീയ അധ്യക്ഷജി കോൺഗ്രസുകാർക്ക് അവരിൽ തന്നെ വിശ്വാസം ഇല്ല. ആത്മവിശ്വാസക്കുറവ് കൊണ്ട് അവർ കഷ്ടപ്പെടുകയാണ്. ആത്മവിശ്വാസമില്ലായ്മ നിറഞ്ഞതാണ് പൂർണമായും അവരുടെ പ്രവർത്തനശൈലി , അവരുടെ സാംസ്കാരിക ജീവിതം. അവർക്ക് ഒന്നിലും വിശ്വാസമില്ല. അവർക്ക് സ്വച്ഛ് ഭാരത് പദ്ധതിയിൽ വിശ്വാസമില്ല. അന്താരാഷ്ട്ര യോഗ ദിനം, ചീഫ് ജസ്റ്റിസിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ , സാമ്പത്തികരംഗത്തെ കണക്കുകളുമായി ബന്ധപ്പെട്ട രേഖകൾ നൽകുന്ന സംഘടനകൾ, ഇവയിലൊന്നും വിശ്വാസമില്ല . വിദേശരാജ്യങ്ങളിൽ ഇന്ത്യൻ പാസ്പോർട്ട് മൂല്യം അന്താരാഷ്ട്ര വേദികളിൽ രാജ്യപ്രസിദ്ധിയും പെരുമയും വർധിച്ചിരിക്കുന്നു, ഇതിലും ഇവർക്ക് വിശ്വാസമില്ല. തെരഞ്ഞെടുപ്പു കമ്മീഷൻ, ഇലക്ട്രോണിക് വോട്ടിംഗ് മഷീൻ ഇവയിലും വിശ്വാസമില്ല. എന്തുകൊണ്ടാണ് ഇങ്ങനെ വിശ്വാസക്കുറവ് വർധിക്കാൻ കാരണം ? മുമ്പ്, ഒരുപിടി ആളുകൾ ഈ പ്രത്യേകാവകാശം ആസ്വദിക്കുന്നുണ്ടായിരുന്നു, അവർ അത് അവരുടെ മാത്രം അവകാശമായി കണക്കാക്കിയിരുന്നു. ചില വിരലിലെണ്ണാവുന്ന ആളുകൾ ഭരണം അവരുടെ സ്വന്തം വിശേഷ അധികാരം ആണെന്ന് വിചാരിച്ചു കഴിയുമ്പോഴാണ് ജനങ്ങളിലേക്ക് അധികാരം കൈമാറപ്പെടുന്നത്. അപ്പോൾ അവർക്ക് പ്രശ്നം കൂടാൻ തുടങ്ങി . . ഭരണ സംവിധാനത്തിൽ ഇടപെടൽ നിർത്തിയപ്പോൾ അവരുടെ വേവലാതി കൂടുമെന്നത് സ്വഭാവികമായിരുന്നു, .

അഴിമതി വിഷയങ്ങളിൽ പ്രഹരം ഏൽക്കവേ അവരുടെ അസ്വസ്ഥത കൂടുന്നതും സ്വഭാവികം അഴിമതിയിൽ നിന്നും ലഭിച്ച കൊണ്ടിരുന്ന വരുമാനം നിന്നപ്പോൾ അവർക്കുണ്ടാകുന്ന വിഷമം ഇരട്ടിയായി . കോടതിയിൽ അവർക്കും കൂടി വരേണ്ടി വന്നത് മുതൽ അവർ കുറെക്കൂടി വിഷമിക്കാൻ തുടങ്ങി. ഇന്ന് എല്ലാവരും ഭഗവാൻ ശിവനെ കുറിച്ച് പറയാറുണ്ട്. ഞാനും ഭഗവാൻ ശിവനോടു പ്രാർഥിക്കുന്നു, ഞാനും രാജ്യത്തെ നൂറ്റിയിരുപത്തിയഞ്ച് കോടി ജനങ്ങളോട് പ്രാർഥിക്കുന്നു അതായത് രണ്ടായിരത്തി ഇരുപത്തി നാലിലും നിങ്ങൾക്ക് അവർ ശക്തി തരട്ടെ, അപ്പോൾ നിങ്ങൾക്ക് വീണ്ടും അവിശ്വാസ പ്രമേയം കൊണ്ടുവരാമല്ലോ . അവർക്ക് ഞാൻ ആശംസകൾ നേരുന്നു .

ഡോക്ലാമിനെ കുറിച്ച് ഇവിടെ ചർച്ച നടന്നു. നമുക്ക് അറിവില്ലാത്ത വിഷയങ്ങളിൽ നമ്മൾ സംസാരിക്കുമ്പോൾ അത് ചിലപ്പോൾ തിരിച്ചടിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. അത് ആ വ്യക്തിയെ അധികം ബാധിച്ചില്ലെങ്കിലും രാജ്യത്തെ അത് ഒരുപാട് ബാധിക്കും. അതിനാൽ സംസാരിക്കുവാൻ പോകുന്ന വിഷയത്തെ കുറിച്ച് നമ്മൾ കുറച്ചൊക്കെ അറിഞ്ഞിരിക്കണം. രാജ്യം പൂർണമായും, സംവിധാനം പൂർണമായും സർക്കാർ പൂർണമായും ഡോക്ലാം വിഷയത്തിൽ ഒരുമിച്ച് പ്രവർത്തിക്കുകയും അവരുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുകയും ആണെന്ന് നമ്മൾ ഓർക്കണം.

ഇവിടെ ഡോക്ലാമിനെ കുറിച്ച് ഇന്ന് സംസാരിച്ചയാൾ , അപ്പോൾ ചൈനയുടെ അംബാസഡർക്കൊപ്പം ഇരിക്കുകയായിരുന്നു. പിന്നീട് , ' ചിലപ്പോൾ ഉണ്ടാകാം , ചിലപ്പോൾ ഇല്ല " എന്ന സിനിമാ സ്റ്റൈലിൽ ആയിരുന്നു പ്രകടനം. നാടകീയമായ തരത്തിൽ നടക്കുകയായിരുന്നു. ചിലർ പറയുന്നു, അയാൾ കണ്ടു, ചിലർ പറയുന്നു അയാൾ കണ്ടില്ല. എന്താണ് സഹോദരാ , അങ്ങനെയൊരു സസ്പെൻസ്? തങ്ങളുടെ അദ്ധ്യക്ഷൻ ചൈനീസ് അംബാസഡറെ കണ്ടിട്ടേ ഇല്ല എന്നു കോൺഗ്രസ് വക്താവ് വ്യക്തമായി നിരാകരിച്ചു. അതേ സമയം ഒരു പത്രക്കുറിപ്പ് ഇറങ്ങി , അതോടെ കൂടിക്കാഴ്ച നടന്നു എന്നത് വിശ്വസിക്കാൻ കോൺഗ്രസ് നിർബന്ധിതരാകുകയും ചെയ്തു. എന്തോ രാജ്യത്തെ

സംബന്ധിക്കുന്ന വിഷയങ്ങളിൽ അല്പം കൂടി കാര്യ ഗൗരവത്തോടുകൂടി പെരുമാറേണ്ടത് അല്ലേ? എല്ലായിടത്തും കുട്ടിക്കളി തുടരേണ്ടതുണ്ടോ?

റഫേൽ വിഷയം ഇവിടെ ചർച്ചയ്ക്ക് വന്നു. സത്യത്തെ ഇങ്ങനെ ഞെരിക്കപ്പെടുമെന്ന് സ്വപ്നത്തിൽ പോലും ഞാൻ കരുത്തിയിട്ടില്ല, സത്യത്തെ ഇങ്ങനെ ചെത്തിക്കുറയ്ക്കുമെന്ന് എനിക്ക് സങ്കൽപ്പിക്കാൻ കഴിയില്ല. ഇപ്പോഴിതാ രാജ്യത്തെ തെറ്റിദ്ധരിപ്പിക്കാൻ വീണ്ടും മുറവിളി കൂട്ടുകയാണ്.

ഇത്തരം വിഷയങ്ങളിലും രാജ്യ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിലും ഈ വിഷയങ്ങൾ ഇങ്ങനെയാണോ ചർച്ച ചെയ്യുന്നത്? ഈ രാജ്യം നിങ്ങൾക്ക് ഒരിക്കലും മാപ്പ് നൽകുകയില്ല . എത്ര ദൌർഭാഗ്യകരം ആണെന്ന് നോക്കൂ, ഈ സഭയിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ കാരണം രണ്ടു രാജ്യങ്ങൾക്കും പ്രത്യാഖ്യാനം ചെയ്യേണ്ടി വന്നു, പ്രസ്താവനകൾ ഇറക്കേണ്ടി വന്നു. നമ്മൾ ഇത്തരം ബാലിശമായ പ്രവർത്തികൾ നമ്മൾ തുടർന്നുകൊണ്ടേയിരിക്കുമോ? ഒരു ഉത്തരവാദവും ഇല്ലെന്നുണ്ടോ? വരുഷങ്ങളോളം ഭരണത്തിൽ ഉണ്ടായിരുന്നവർ , അവർ തെളിവുകൾ ഇല്ലാതെ വെറുതെ മുറവിളി കൂട്ടുകയും ബഹളം വയ്ക്കുകയും ചെയ്യുന്നു. സത്യത്തെ അട്ടിമറിക്കാനാണ് അവർ ശ്രമിക്കുന്നത്. രാജ്യത്തെ ജനങ്ങൾക്ക് അത് നന്നായി അറിയാം. ഓരോ തവണയും പൊതുജനങ്ങൾ നിങ്ങളോട് പ്രതികരിച്ചു.

ഇപ്പോഴും മെച്ചപ്പെടുത്താൻ അവസരമുണ്ട്, മെച്ചപ്പെടുത്താൻ ശ്രമിക്കുക. ഈ രീതിയിലുള്ള രാഷ്ട്രീയം രാജ്യത്തിന് അനുകൂലമല്ല.

ആദരണീയ സ്പീക്കർ മാഡം, രാജ്യത്തെ ജനങ്ങളുടെ വിശ്വാസത്തിന് വേണ്ടി ഈ സഭയിലൂടെ ഒരു കാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കരാർ ഇരു രാജ്യങ്ങളും തമ്മിലാണ് ഒപ്പുവെച്ചിട്ടുള്ളത് എന്ന കാര്യത്തിൽ രാജ്യത്തെ ജനങ്ങൾക്ക് ഉറപ്പു നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. രണ്ടു വ്യാപാര കക്ഷികൾ തമ്മിൽ അല്ല ഇത് ഒപ്പ് വച്ചിട്ടുള്ളത്. ഉത്തരവാദിത്തപ്പെട്ട രണ്ട് ഗവൺമെന്റുകൾക്കിടയിൽ വളരെ പൂർണ സുതാര്യതയോടെ ഒപ്പ് വച്ചതാണ് . രാജ്യസുരക്ഷയുടെ കാര്യത്തിലും അതിവൈകാരിക വിഷയങ്ങളിലും ഇത്തരം ബാലിശമായ പ്രസ്താവനകൾ ഒഴിവാക്കു എന്ന് ഞാൻ അഭ്യർഥിക്കുന്നു. അത് എൻറെ നിർബന്ധവുമാണ്. നാടുവാഴിയോട് (നാംദാർ) ഞാൻ അഭ്യർഥിക്കുന്നു .

കാരണം , രാജ്യത്തെ സേനാ മേധാവിക്ക് നേരെ മോശമായ ഭാഷ ഉപയോഗിച്ചത് നമ്മൾ കണ്ടു, അതെത്ര തരം ഭാഷയാണ്? അത് എപ്പോഴെങ്കിലും സംഭവിച്ചിട്ടുണ്ടോ? രാജ്യത്തെ സേനാമേധാവിക്ക് നേരെ ഇത്തരത്തിലുള്ള ഭാഷ ഉപയോഗിക്കുമോ? ഇന്നും, അതിർത്തിയിൽ നിയോഗിക്കപ്പെട്ടവരോ അല്ലെങ്കിൽ വിരമിച്ചവരോ ആയ ഇന്ത്യയിലെ ഓരോ സൈനികനും അത് വളരെയധികം വേദനിച്ചിട്ടുണ്ടാകും. നമുക്ക് അത് സഭയിലിരുന്ന് സങ്കൽപ്പിക്കാൻ പോലും കഴിയില്ല. രാജ്യത്തിന് വേണ്ടി മരിക്കാൻ തയ്യാറായി പുറപ്പെട്ടവർ , രാജ്യ നന്മയ്ക്കായി പ്രയത്നിക്കുന്നവർ, നിങ്ങൾക്ക് അവരുടെ സാഹസികത അംഗീകരിക്കാൻ ധൈര്യമില്ല. പക്ഷേ, സർജിക്കൽ സ്ട്രൈക്കിനെ ജൂംല സ്ട്രൈക്ക് (വ്യാജ ആക്രമണം) എന്ന് വിളിക്കണോ? അവർ സർജിക്കൽ സ്ട്രൈക്കിനെ ജൂംല സ്ട്രൈക്ക് (വ്യാജ ആക്രമണം) എന്ന് വിളിച്ചു. രാജ്യം ഒരിക്കലും നിങ്ങളോട് ക്ഷമിക്കില്ല. നിങ്ങൾക്ക് അപമാനിക്കണം എങ്കിൽ മോദി ഇവിടെയുണ്ട്, നിങ്ങൾ ചീത്ത വിളിക്കാനുള്ളതെല്ലാം വിളിക്കുക , കേൾക്കാൻ ഞാൻ തയ്യാറാണ്. പക്ഷേ രാജ്യത്തെ ജവാൻമാർ, രാജ്യത്തിന് വേണ്ടി ജീവൻ നല്കാൻ പോകുന്ന സൈനികരെ അധിക്ഷേപിക്കുന്നത് ദയവായി നിർത്തുക.

സർജിക്കൽ സ്ട്രൈക്കിനെ ജൂംല സ്ട്രൈക്ക് എന്നു വിളിക്കുന്നു, തുടർന്നു കൊണ്ടേയിരിക്കുന്നു. ഈ തരത്തിൽ സേനയെ അപമാനിക്കുന്നത് നിരന്തരം ചെയ്തുകൊണ്ടേയിരിക്കുന്നു.

ബഹുമാനപ്പെട്ട സ്പീക്കർ മാഡം, ഈ അവിശ്വാസം തലമുറകളിൽ ഇന്നും തലമുറകളിലേക്ക് തുടരുന്നതാണ് , കോൺഗ്രസ് പാർട്ടിയുടെ രക്തത്തിലുണ്ട്. രാജ്യത്ത് അസ്ഥിരത സൃഷ്ടിക്കാൻ അവിശ്വാസ പ്രമേയത്തിൻറെ ഭരണഘടനാ സംവിധാനം കോൺഗ്രസ് ദുരുപയോഗം ചെയ്തു പോന്നു. . അവിശ്വാസ പ്രമേയത്തിൻറെ അംഗീകാരത്തിന് തൊട്ട് പിറകെ "ഞങ്ങളുടെ കൈവശം സംഖ്യ ഇല്ലെന്നു ആര് പറയുന്നു " എന്നു ചോദിച്ചതായി ഒരു

പ്രസ്താവന വന്നത് പത്രത്തിൽ ഞങ്ങൾ വായിച്ചു. ആ അഹങ്കാരം നോക്കൂ. ഞാൻ ഈ സഭയെ 1999 എന്ന വർഷം ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു, രാഷ്ട്രപതി ഭവനത്തിന് മുന്നിൽ നിന്നുകൊണ്ട് , ഞങ്ങൾക്ക് 272 എന്ന സംഖ്യ ഉണ്ട് എന്നും, കൂടുതൽ പേർ ഞങ്ങളോടൊപ്പം ചേരുമെന്നും അവർ അവകാശപ്പെട്ടു. ഒരു വോട്ടിന് അടൽ ജിയുടെ സർക്കാരിനെ അധികാരത്തിൽ നിന്ന് തള്ളിയിട്ടു. പക്ഷേ അവർ പറഞ്ഞ 272 എന്ന അവകാശവാദം കള്ളമായിരുന്നു എന്നു തെളിയുകയും അടുത്ത 13 മാസത്തിനുള്ളിൽ തിരഞ്ഞെടുപ്പിലേക്ക് രാജ്യത്തിന് പോകേണ്ടി വരികയും ചെയ്തു. തെരഞ്ഞെടുപ്പു രാജ്യത്തു അടിച്ചേൽപ്പിക്കുകയായിരുന്നു.

ബഹുമാനപ്പെട്ട സ്പീക്കർ, സുസ്ഥിരമായ ജനവിധിയെ അസ്ഥിരപ്പെടുത്തുന്ന കളി ഇന്ന് വീണ്ടും കളിക്കുകയാണ്. രാഷ്ട്രീയ അസ്ഥിരത സൃഷ്ടിച്ചു തങ്ങളുടെ സ്വാർത്ഥത പൂർത്തീകരിക്കുക എന്നത് കോൺഗ്രസിന്റെ സ്വഭാവമാണ്. 1979-ൽ

മണ്ണിൻറെ മകനും കർഷക നേതാവുമായ ചൗധരി ചരൺസിങ്ങിന്, പിന്തുണ നൽകാമെന്ന വ്യാമോഹം ആദ്യം നൽകി, തുടർന്ന് പിന്തുണ പിൻവലിച്ചു. ഒരു കർഷകന് , ഒരു തൊഴിലാളിക്ക്, ഇതിലും വലിയ അപമാനം മറ്റെന്തുണ്ട്? ശ്രീ ചന്ദ്രശേഖറിനോടും ഇതേ മാർഗ്ഗമാണ് പിന്തുടർന്നത് . ആദ്യം, കൂടെ നിൽക്കുമെന്ന പേരിൽ ഒരു കയർ എറിയുക, തുടർന്ന് ചതിയിലൂടെ അത് തിരികെ വലിച്ചെടുക്കുക . ഈ കളി തുടർന്നു കൊണ്ടേയിരുന്നു.. ഇതേ ഫോർമുല 1997-ൽ ഒരിക്കൽ കൂടി പ്രയോഗിക്കപ്പെട്ടു . അന്ന് ദേവഗൗഡ ജി അപമാനിക്കപ്പെട്ടു, പിന്നീട് ഇന്ദ്രകുമാർ ഗുജറാൾജിയുടെ ഊഴമായിരുന്നു. ദേവഗൗഡ ജിയോ മുലായം സിംഗ് യാദവ് ജിയോ കോൺഗ്രസുകാർ ജനങ്ങളോട് ചെയ്തത് ആർക്കാണ് മറക്കാൻ സാധിക്കുക ? താഴെക്കിടയിൽ നിന്നും വന്ന് , തങ്ങളുടെ കഠിന പ്രയത്നം കൊണ്ട് ഉയരുകയും ജനമനസ്സുകളിൽ നേതാക്കളായി ഇടം നേടുകയും ചെയ്ത ആ നേതാക്കളെയും ഒപ്പം പാർട്ടികളെയും കോൺഗ്രസ്സ് ചതിച്ചു, എന്നിട്ട് അസ്ഥിരതയിലേക്ക് രാജ്യത്തെ വീണ്ടും വീണ്ടും തള്ളിയിടുക എന്ന പാപം ചെയ്തിരിക്കുന്നു . തങ്ങളുടെ ഗവൺമെന്റിനെ രക്ഷിക്കാൻ രണ്ട് -രണ്ട് തവണ വിശ്വാസം വിലക്ക് വാങ്ങാൻ കോൺഗ്രസിന് എങ്ങിനെ സാധിച്ചു? വോട്ടിന് പകരം നോട്ട്, ഈ കളി ആർക്കും അറിയില്ല ...

ഇന്ന് ഇവിടെ ഒരു കാര്യം കൂടി പറയുകയുണ്ടായി, ഒരു കാര്യം ചോദിച്ചു , പ്രധാന മന്ത്രിയുടെ കണ്ണുകൊണ്ട് എൻറെ കണ്ണിലേക്ക് നോക്കുവാൻ പോലും സാധിക്കില്ലെന്ന്

ബഹുമാനപ്പെട്ട സ്പീക്കർ,

അത് ശരിയാണ്. അങ്ങയുടെ കണ്ണുകളിൽ നോക്കുവാൻ ഞാൻ ആരാണ്? ? ദരിദ്രയായ ഒരു പാവം അമ്മയുടെ മകൻ, പിന്നോക്ക ജാതിയിൽ ജനിച്ചവൻ, ഗ്രാമത്തിൽ നിന്നും വന്നവൻ, അങ്ങ് നാടുവാഴിയല്ലേ (നാംദാർ), നാടുവാഴി. ഞാൻ തൊഴിലാളിയും (കാംദാർ) . അങ്ങയുടെ കണ്ണുകളിൽ നോക്കുവാനുള്ള ധൈര്യം എനിക്കില്ല . എനിക്ക് അതിനാകില്ല . ചരിത്രം സാക്ഷിയാണ്. സുഭാഷ് ചന്ദ്രബോസ് എപ്പോഴെങ്കിലും കണ്ണിൽ കണ്ണിൽ നോക്കുവാനുള്ള ശ്രമം നടത്തിയിട്ടുണ്ടോ?? അദ്ദേഹത്തോട് എന്താണ് ചെയ്തത്? മൊറാർജി ഭായ് ദേശായി സാക്ഷിയാണ്, കണ്ണിൽ കണ്ണിൽ നോക്കാൻ അദ്ദേഹം ശ്രമിച്ചു, അദ്ദേഹത്തോട് എന്താണ് ചെയ്തത്? ജയപ്രകാശ് നാരായണൻ സാക്ഷിയാണ് , കണ്ണിൽ കണ്ണിൽ നോക്കാൻ അദ്ദേഹം ശ്രമിച്ചു, എന്താണ് അദ്ദേഹത്തോട് ചെയ്തത്? ചൌധരി ചരൺ സിംഹ് അദ്ദേഹം , കണ്ണിൽ കണ്ണിൽ നോക്കാൻ ശ്രമിച്ചു, എന്താണ് ചെയ്തത്? സർദാർ വല്ലഭായ് പട്ടേൽ കണ്ണിൽ കണ്ണിൽ നോക്കാൻ അദ്ദേഹം ശ്രമിച്ചു, അദ്ദേഹത്തോട് എന്താണ് ചെയ്തത്? ചന്ദ്രശേഖർ ജി , കണ്ണിൽ കണ്ണിൽ നോക്കാൻ ശ്രമിച്ചു. അദ്ദേഹത്തോട് എന്താണ് ചെയ്തത്? പ്രണബ് മുഖർജി സാക്ഷിയാണ്, കണ്ണിൽ കണ്ണിൽ നോക്കാൻ അദ്ദേഹം ശ്രമിച്ചു, അദ്ദേഹത്തോട് എന്താണ് ചെയ്തത്? ഇത്ര മാത്രമല്ല ,നമ്മുടെ ശരത് പവാർജിയും സാക്ഷിയാണ്, കണ്ണിൽ കണ്ണിൽ നോക്കാൻ ശ്രമിച്ചു , അദ്ദേഹത്തോടും എന്താണ് ചെയ്തത്? സകല വിവരങ്ങളും എനിക്ക് പുറത്തു പറയാൻ സാധിയ്ക്കും. കണ്ണിൽ നോക്കി സംസാരിക്കുന്നവരെ എങ്ങിനെയാണ് അപമാനിക്കുന്നതെന്ന് , എങ്ങിനെയാണ് അവരെ അടിച്ചും തൊഴിച്ചും പുറത്താക്കുന്നതെന്ന് , ഒരു കുടുംബത്തിൻറെ ചരിത്രം, ഈ ദേശത്തെ ആർക്കും അറിയാത്തതല്ല. ഞാൻ തൊഴിലാളിയാണ്, എങ്ങിനെ ജൻമിയുടെ കണ്ണിൽ കണ്ണിൽ നോക്കി സംസാരിക്കും . കണ്ണുകളുടെ കാര്യം പറയുന്നവരുടെ കണ്ണുകൾ ചെയ്യുന്നതെന്തെന്ന്, ഇന്ന് ടെലിവിഷനിലൂടെ രാജ്യത്തെ മുഴുവൻ

ജനങ്ങളും മനസിലാക്കും, എങ്ങിനെ കണ്ണുകൾ തുറക്കുന്നതെന്ന് . എങ്ങിനെ കണ്ണുകൾ ചിമ്മുന്നുവെന്ന് . ഇത് കണ്ണുകളുടെ ഒരു കളിയാണ്.

ആദരണീയ അധ്യക്ഷ ജി, കണ്ണുകളിൽ കണ്ണുകൾ നട്ട് സത്യത്തെ പല ആവർത്തി തകർത്തു കൊണ്ടിരിക്കുകയാണ്. അവർത്തിച്ച മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയാണ്. ഇവിടെ പറയുന്നുണ്ടായിരുന്നു, കോൺഗ്രസാണ്, എന്തു കൊണ്ട് പെട്രോളിനെ ജി എസ് ടിയുടെ പരിധിയിൽ ഞങ്ങൾ കൊണ്ട് വന്നില്ല എന്ന്?? എനിക്ക് ചോദിക്കാൻ ഒന്നുണ്ട്, നിങ്ങളുടെ കുടുംബ ചരിത്രത്തിന് പുറത്തും കോൺഗ്രസ്സ് ഇതിഹാസം ഉണ്ട് . നിങ്ങളുടെ നിങ്ങളുടെ കുടുംബ ചരിത്രത്തിന് പുറത്തും കോൺഗ്രസ്സ് സർക്കാരുകളുടെ ചരിത്രമുണ്ട്. അത് കൊണ്ട് കുറച്ചെങ്കിലും ശ്രദ്ധ കൊടുക്കു, യു പി എ സർക്കാർ ആയിരുന്നപ്പോൾ , പെട്രോളിനെ ജി എസ് ടിയുടെ പുറത്തു നിർത്തുവാൻ നിങ്ങളുടെ സർക്കാർ ആയിരുന്നു തീരുമാനം എടുത്തത്. താങ്കൾക്ക് അതും നിശ്ചയമില്ല. ഇവിടെ വീണ്ടും പറയുന്നതു കേട്ട, നിങ്ങൾ ചൌക്കിദാർ അല്ല, ഭാഗിദാർ ആണെന്ന്. ആദരണീയ അധ്യക്ഷ്ജി, അഭിമാനത്തോടെ ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു, ഞാൻ ചൌക്കിദാർ (കാവൽക്കാരൻ) മാത്രമല്ല, ഞാൻ ഭാഗിദാർ (പങ്കാളി) കൂടിയാണ് . എന്നാൽ ഞങ്ങൾ നിങ്ങളെ പോലെ കച്ചവടക്കാർ അല്ല, കരാറുകാരല്ല- ഞങ്ങൾ കരാറുകാരല്ല, ഞങ്ങൾ വ്യാപാരികൾ അല്ല, ഞങ്ങൾ പങ്കാളികളാണ്- അതേ ഞങ്ങൾ രാജ്യത്തെ പാവങ്ങളുടെ ദുഖത്തിൻറെ പങ്കാളികൾ ആണ്, രാജ്യത്തെ കർഷകരുടെ വേദനകളുടെ പങ്കാളികൾ ആണ് ഞങ്ങൾ, രാജ്യത്തെ യുവജനങ്ങളുടെ സ്വപ്നങ്ങളുടെ പങ്കാളികൾ ആണ് ഞങ്ങൾ .

രാജ്യത്ത് 115 അഭിലാഷ ജില്ലകളുണ്ട്, അവയുടെ വികസന സ്വപ്നങ്ങളിൽ ഞങ്ങളും പങ്കാളികളാണ്. രാജ്യത്തെ വികസനത്തിൻറെ നവീന പാതയിലേക്ക് നയിക്കുന്ന ജോലി ചെയ്യുന്ന തൊഴിലാളികളുടെ പങ്കാളികളാണ് ഞങ്ങൾ . ഞങ്ങൾ പങ്കാളികളാണ്, പങ്കാളികളായിരിക്കും. അവരുടെ ദുഃഖങ്ങളുടെ പങ്കാളികൾ. അവരുടെ വേദനകൾ പങ്ക് വയ്ക്കുക എന്നത് ഞങ്ങളുടെ പങ്കാളിത്തവും ഉത്തരവാദിത്തവുമാണ്, അതിൽ ഞങ്ങൾ ഉറച്ചു നിൽക്കുന്നു . ഞങ്ങൾ കരാറുകാരനല്ല, ഡീലർമാരല്ല. ഞങ്ങൾ കാവൽക്കാരാണ്, ഞങ്ങൾ പങ്കാളികളുമാണ് - അതിൽ ഞങ്ങൾ അഭിമാനിക്കുന്നു.

ഈ കോൺഗ്രസിന് ഒരു മന്ത്രമേയുള്ളു - ഒന്നുകിൽ ഞങ്ങൾ ഭരണത്തിൽ തുടരും അഥവാ ഞങ്ങൾ അല്ലെങ്കിൽ രാജ്യത്ത് അസ്ഥിരത തുടരും, നുണപ്രചാരങ്ങളുടെ സാമ്രാജ്യം ആകും - ഈ മുഴുവൻ കാലഘട്ടത്തെ നിങ്ങൾ ശ്രദ്ധിച്ചു നോക്കു. പരിണിത ഫലങ്ങൾ അനുഭവിച്ചവരാണ് അവിടെ ഇരിക്കുന്നത്. ഇവർക്കെല്ലാവർക്കും എന്താണ് പറ്റിയത് , എല്ലാവരോടും എങ്ങിനെയാണ് ചെയ്തത്, കെട്ടുകഥകൾ സൃഷ്ടിക്കപ്പെട്ടുകയാണ്. . ഇന്ന് നുണ പ്രചരിപ്പിക്കാൻ രാജ്യത്തു സാങ്കേതിക വിദ്യ ലഭ്യമാണ് - സംവരണം അവസാനിക്കും, അടിച്ചമർത്തപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്ന നിയമം നിർത്തലാക്കി - രാജ്യത്ത് അക്രമം പടർത്താനുള്ള തന്ത്രങ്ങൾ മെനയുന്നു.

ദളിതരെയും ഇരകളെയും പീഡനം ചെയ്യപ്പെടുന്നവരെയും അവശത അനുഭവിക്കുന്നവരെയും ദരിദ്രരെയും വൈകാരികമായി കൊള്ളയടിച്ച കൊണ്ടാണ് ഇക്കൂട്ടർ രാഷ്ട്രീയം നടപ്പാക്കുന്നത്. തൊഴിലാളികളുടെയും കർഷകരുടെയും കഷ്ടപ്പാടുകളിൽ വേവലാതിപ്പെടാതെ, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള വഴികൾ കണ്ടെത്തുന്നതിന് പകരം തെരഞ്ഞെടുപ്പിൽ വിജയിക്കാനുള്ള കുറുക്കുവഴി കണ്ടെത്താനുള്ള ശ്രമമാണ് രാജ്യത്തു നടക്കുന്നത്. രാജ്യത്തെ വലിയൊരു വിഭാഗത്തിന് ശാക്തീകരണം ലഭിക്കാതെ പോയതിനു പിന്നിലെ കാരണങ്ങൾ ഇതാണ്. ബാബാ സാഹിബ് അംബേദ്കറുടെ ഭാഷയെയും വസ്തുതയെയും രാഷ്ട്രീയത്തെയും പരിഹസിച്ചിരുന്നവർ ഇന്ന് അദ്ദേഹത്തെ പുകഴ്ത്താൻ തുടങ്ങിയിരിക്കുന്നു.

ആദരണീയ മാഡം, മുന്നൂറ്റി അൻപത്തിയാറാം വകുപ്പ് ദുരുപയോഗം ചെയ്ത ആളുകൾ നമ്മെ ജനാധിപത്യത്തിൻറെ പാഠം പഠിപ്പിക്കുകയാണ്. അവർക്ക് താത്പര്യം ഇല്ലാത്ത മുഖ്യമന്ത്രിയെ അവർ ഒഴിവാക്കി. അസ്ഥിരത സൃഷ്ടിക്കാൻ, ഈ കളി സ്വാതന്ത്ര്യത്തിന് തൊട്ടുപിന്നാലെ അവർ ആരംഭിച്ചു, ഒരിക്കലും ഒരു അവസരവും കോൺഗ്രസ്സ് വെറുതെ കളഞ്ഞില്ല. ഈ നീതിയുടെ പരിണിതഫലങ്ങൾ ആയിരുന്നു ദേശത്തെ കാലാവധി എത്തും മുന്നേ 1980, 1991, 1998, 1999 എന്നീ വർഷങ്ങളിൽ തെരഞ്ഞെടുപ്പിലേക്ക് വലിച്ചിഴക്കപ്പെട്ടത്. തെരഞ്ഞെടുപ്പ് നടത്തേണ്ടി വന്നു. ഒരു

കുടുംബത്തിന്റെ സ്വപ്നങ്ങൾക്കും അഭിലാഷങ്ങൾക്കും മുന്നിൽ ആരൊക്കെ വന്നാലും അവർക്കൊക്കെ പലതും അനുഭവിക്കേണ്ടി വന്നു. രാജ്യത്തിന്റെ ജനാധിപത്യത്തെ പോലും അപകടത്തിലാക്കേണ്ടി വന്നാലും . സ്വാഭാവികമാണ്. ആരുടെ മാനസിക അവസ്ഥ ഇങ്ങനെയാണോ, ആരുടെ ഉള്ളിലാണോ ഇത്രയേറെ അഹങ്കാരമുള്ളത്, അവർക്കു നമ്മളെ എങ്ങനെ അംഗീകരിക്കാൻ കഴിയും? നമ്മൾ ഇവിടെ ഇരിക്കുന്നത് അവർക്കെങ്ങനെ സഹിക്കുവാനാകും? അത് ഞങ്ങൾ നന്നായി മനസ്സിലാക്കുന്നു, അതു കൊണ്ട് നമ്മളോട് ഇഷ്ടക്കേടുണ്ടാകുക സ്വാഭാവികമാണ്.

ആദരണീയ അധ്യക്ഷ മഹോദയ, കോൺഗ്രസ് പാർട്ടിയുടെ മണ്ണിൽ നിന്നും അകന്നിരിക്കുന്നു. അവർ മുങ്ങിയിരിക്കുകയാണ് , ക്ലൂടെ ഉള്ളവരെയും അവർ മുക്കും. ഇവരുടെയും അതേ അവസ്ഥ ആകുവാൻ പോകുന്നു. അർഥാനർഥങ്ങളിൽ എപ്പോഴും കഴങ്ങുന്ന , പക്ഷേ താനൊരു മഹാ വിദ്വാൻ ആണെന്ന് സ്വയം കരുതുന്ന , അറിവിൻറെ അഹങ്കാരം ഉള്ള , ഒരു വ്യക്തി പറഞ്ഞ കാര്യം ഞാൻ ഇവിടെ ഉദ്ധരിക്കാം. ഞാൻ അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ ഇവിടെ ഉദ്ധരിക്കട്ടെ:-

"കോൺഗ്രസ് പാർട്ടി വിവിധ സംസ്ഥാനങ്ങളിൽ എന്തു കൊണ്ടാണ്, അല്ലെങ്കിൽ എങ്ങിനെയാണ് ദുർബലപ്പെട്ടത്?

ഞാൻ വരുന്ന സംസ്ഥാനം അത് പോലെ ഒന്നാണ്, അവിടെ ഈ പാർട്ടിയുടെ ആധിപത്യം അവസാനിച്ച അവസ്ഥയിലാണ് .

വരേണ്യ വിഭാഗങ്ങളിൽ നിന്നും വിഭവശേഷിയുള്ള വിഭാഗങ്ങളിൽ നിന്നും അധികാരം മാറിയെന്നും , ഗ്രാമീണർ, ഇൻറർമീഡിയറ്റ് ജാതികൾ, അതേ പോലെ സാമൂഹ്യ ക്രമത്തിലെ ഏറ്റവും താഴെത്തട്ടിലെന്ന് ആരോപിക്കപ്പെട്ട ജാതികളിൽ , ദരിദ്രർ, വരുമാനമില്ലാത്തവർ, തൊഴിൽരഹിതർ സ്വത്തില്ലാത്തവർ , ഒരു വരുമാനവും ഇല്ലാത്തവരിലേക്ക് എത്തിയിരിക്കുന്നു എന്നത് കോൺഗ്രസിന് എന്തു കൊണ്ട് മനസ്സിലാക്കാൻ കഴിയുന്നില്ല? ഇതിന് മുൻപ് കേട്ടിട്ടു പോലുമില്ലാത്ത , ചവിട്ടി മെതിക്കപ്പെട്ടവരിലേക്ക് അതെത്തിച്ചേർന്നിരിക്കുന്നു. അധികാരം താഴെത്തട്ടിലേക്ക് ചെന്നെത്തുമ്പോൾ , അത് ജനാധിപത്യത്തിൽ ആവശ്യമാണ്, കോൺഗ്രസ് പ്രഭാവം അതേ പോലെ പല സംസ്ഥാനങ്ങളിലും കുറഞ്ഞു".

ഉദ്ധരിക്കാവുന്ന ഉദ്ധരണിയാണ് ഇത് , ദേവഗൗഡ ജിയുടെ സർക്കാരിന്റെ വിശ്വാസ പ്രമേയ ചർച്ച 1997 ഏപ്രിൽ 11 നടന്നപ്പോൾ നിങ്ങളുടെ പ്രഗത്ഭനായ അംഗം ശ്രീ ചിദംബരം ജിയുടെ വാക്കുകളാണ്. അർഥാനർഥങ്ങളിൽ പെട്ട് ആകെ ആശയക്കുഴപ്പത്തിലായിരുന്ന അദ്ദേഹം . അവിടെയുള്ള കുറച്ചു വിദ്വാന്മാരുടെ വാക്കുകൾ ഒരുപക്ഷേ ആർക്കും മനസ്സിലായിട്ടുണ്ടാകില്ല.

18 വർഷം മുമ്പ് അടൽ ബിഹാരി വാജ്പേയി സർക്കാർ മൂന്ന് സംസ്ഥാനങ്ങൾ സൃഷ്ടിച്ചു - ഉത്തരാഖണ്ഡ്, ജാർഖണ്ഡ്, ഛത്തീസ്ഗഡ്. സംഘർഷങ്ങളൊന്നുമില്ലാതെ , പരിഭ്രമം തീരെ ഇല്ലാതെ, നമ്മൾ ഒരുമിച്ച് ഇരുന്നു, കഴിയാവുന്നത്ര വേഗത്തിൽ കാര്യങ്ങൾ ക്രമീകരിച്ചു. മൂന്ന് സംസ്ഥാനങ്ങളും സമാധാനപരമായും വേഗത്തിലും പുരോഗമിക്കുകയും രാജ്യത്തിന്റെ വികസനത്തിന് സംഭാവന നൽകുകയും ചെയ്തു. പക്ഷേ രാഷ്ട്രീയ മുതലെടുപ്പിനായി ആന്ധ്രാപ്രദേശിലെ ജനങ്ങളെ വിശ്വാസത്തിലെടുക്കാതെ, രാജ്യസഭയെ അപ്രാപ്യമാക്കി, സമ്മർദവും ബലപ്രയോഗവും നടത്തി, സഭ ക്രമത്തിലല്ലാത്തപ്പോൾ അവർ ആന്ധ്രാപ്രദേശും തെലങ്കാനയും വിഭജിച്ചു. ഇത് സത്യമാണ്. ജയദേവ് ജി പറഞ്ഞു. സത്യമാണ് ആ സമയത്ത് ഞാൻ പറഞ്ഞു "തെലുങ്ക് നമ്മുടെ അമ്മയാണ്. തെലുങ്കിൻറെ ആത്മാവ് തകരാൻ അനുവദിക്കരുത്. അവർ കഞ്ഞിനെ രക്ഷിക്കുകയും അമ്മയെ കൊല്ലുകയും ചെയ്തു. തെലുങ്ക് ആത്മാവ് നിലനിർത്തേണ്ടത് നമ്മളുടെ ഉത്തരവാദിത്തമാണ്." അന്ന് എൻറെ വാക്കുകളായിരുന്നു. ഇപ്പോഴും അത് തന്നെ ഞാൻ വിശ്വസിക്കുന്നു. 2014-ൽ നിങ്ങൾക്ക് എന്തവസ്ഥയാണ് സംഭവിച്ചത്?ഒരെണ്ണം പോയാൽ പോയി, പക്ഷേ മറ്റൊന്ന് ലഭിക്കുമല്ലോ എന്നായിരുന്നു നിങ്ങളുടെ ആലോചന . അവർ കരുതി. പക്ഷേ ജനങ്ങൾക്കു വിവരമുണ്ട് , പ്രശ്നങ്ങളെ അവിടെ കളഞ്ഞു നിങ്ങൾ ഇതും കിട്ടിയില്ല അതും കിട്ടിയില്ല. നിങ്ങൾ പ്രശ്നങ്ങൾ നിങ്ങൾക്ക് പിന്നിൽ ഉപേക്ഷിച്ചു പോകുകയും ചെയ്തു. നിങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊരു

പുതിയൊരു കാര്യമല്ല. നിങ്ങൾ ഇന്ത്യയെയും പാകിസ്ഥാനെയും വിഭജിച്ചു. അതിൻറെ തിക്തഫലങ്ങൾ ഇന്നും നമ്മൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇവരുടെ വിഭജനവും നിങ്ങൾ അങ്ങിനെ തന്നെയാണ് ചെയ്തത്. നിങ്ങൾ അവരെ വിശ്വാസത്തിൽ എടുത്തിരുന്നെങ്കിൽ ഇത്രയും പ്രശ്നം വരികയില്ലായിരുന്നു. പക്ഷേ നിങ്ങൾ ഒന്നും ചിന്തിച്ചില്ല . എനിക്കു ഓർക്കുവാൻ ആകുന്ന ഒരു കാര്യം സംസ്ഥാന വിഭജനവുമായി ബന്ധപ്പെട്ട് ചന്ദ്രബാബു നായിഡുവും തെലങ്കാന മുഖ്യമന്ത്രി കെ.സി.ആറും തമ്മിൽ ആദ്യ വർഷത്തിൽ ഒരുതരം പിരിമുറുക്കം നിലനിന്നിരുന്നു.

വഴക്കുകൾ ഉണ്ടായിരുന്നു. ഗവർണറും ഇടപെട്ടിരുന്നു, ആഭ്യന്തരമന്ത്രിയും ഇടപെടേണ്ടി വന്നിട്ടുണ്ട്, ചിലപ്പോൾ എനിക്കും ഇടപെടേണ്ടി വന്നു. അന്ന് ടിഡിപി തങ്ങളുടെ മുഴുവൻ ശക്തിയും തെലങ്കാനക്കെതിരെ ഉപയോഗിച്ചു. അവരോടു എതിരിട്ടു കൊണ്ടേയിരുന്നു . അവരെ സമാധാനിപ്പിക്കാനായി വളരെ ശ്രമങ്ങൾ നടത്തിയിരുന്നു, അവരെ കൈകാര്യം ചെയ്യു നിർത്തുവാൻ ശ്രമങ്ങൾ ധാരാളം ചെയ്തിരുന്നു . പക്ഷേ ടിആർഎസ് പക്വത കാണിക്കുകയും ഊർജം വികസനത്തിലേക്ക് തിരിച്ചു വിടുകയും ചെയ്തു. അവിടെ എന്ത് അവസ്ഥയാണ് ഉണ്ടായത്, അത് നിങ്ങൾ ഏവർക്കും അറിയാം. നിങ്ങൾ വിഭജനം ചെയ്ത രീതി കാരണം വിഭവങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇപ്പോഴും അവിടെ തുടരുകയാണ്.

തെലങ്കാനയിലെയും ആന്ധ്രാപ്രദേശിലെയും വികസന കാര്യങ്ങളിൽ ഒരു കുറവുണ്ടാകില്ലെന്നും അക്കാര്യത്തിൽ ഞങ്ങൾപ്രതിജ്ഞാബദ്ധരാണെന്നും എൻഡിഎ സർക്കാർ ഉറച്ച തീരുമാനം എടുത്തു. ഞങ്ങൾ സ്വീകരിച്ച നടപടികൾ- ചില മാധ്യമ റിപ്പോർട്ടുകൾ ഞാൻ ഓർക്കുന്നു, അവയിൽ ഒന്ന് ഈ സഭയിലെ ആദരണീയനായ ഒരു ടിഡിപി അംഗം പറഞ്ഞതായിരുന്നു. -സ്പെഷ്യൽ കാറ്റഗറി സ്റ്റാറ്റസിനേക്കാൾ വളരെ മികച്ചതാണ് സ്പെഷ്യൽ കാറ്റഗറി.- ഇത് ജനങ്ങൾ നൽകിയതാണ്. ഫിനാൻസ് കമ്മീഷൻ ശുപാർശകൾ ഒരിക്കൽ കൂടി ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ശുപാർശ പ്രകാരം, കമ്മീഷൻ സ്പെഷ്യൽ, ജനറൽ കാറ്റഗറി സ്റ്റാറ്റസ് സംസ്ഥാനങ്ങൾ തമ്മിലുള്ള വ്യത്യാസം നീക്കം ചെയ്തു. കമ്മീഷൻ , നോർത്ത്- ഈസ്റ്റേൺ, ഹിൽ സ്റ്റേറ്റ് എന്ന പുതിയ വിഭാഗത്തിന് രൂപം നൽകി. ഈ പ്രക്രിയയിൽ മറ്റു സംസ്ഥാനങ്ങൾക്ക് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടാകരുത് എന്ന നിഷ്കർഷ കമ്മീഷന് ഉണ്ടായിരുന്നു. ആന്ധ്രാപ്രദേശ് ജനതയുടെ പ്രതീക്ഷകളെയും അഭിലാഷങ്ങളെയും എൻഡിഎ സർക്കാർ മാനിക്കുന്നു. ദയവായി നിങ്ങൾ പൂർണമായും കേൾക്കുക, നിങ്ങൾക്കു പ്രയോജനമുള്ള ഇനിയും വരാനിരിക്കുന്നതേയുള്ളൂ.

എൻഡിഎ സർക്കാർ ആന്ധ്രാപ്രദേശിലെ ജനങ്ങളുടെ പ്രതീക്ഷകളെയും അഭിലാഷങ്ങളെയും മാനിക്കുന്നു, പക്ഷേ ഈ ഒരു കാര്യം കൂടി അറിയേണ്ടതുണ്ട് അതായത് പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശകൾ കൊണ്ട് സർക്കാരിന് പരിമിതികൾ ഉണ്ട്. അക്കാരണത്താൽ ആന്ധ്രാപ്രദേശിന് വേണ്ടി പുതിയ പ്രത്യേക സഹായ പദ്ധതി ഉണ്ടാക്കിയിട്ടുണ്ട്, ഈ പാക്കേജിലൂടെ സ്പെഷ്യൽ കാറ്റഗറി സ്റ്റാറ്റസ് ആകുന്നതിന് മുൻപേ സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരുന്ന സാമ്പത്തിക സഹായങ്ങൾ തുടർന്നും ലഭിക്കും . ഈ തീരുമാനം രണ്ടായിരത്തി പതിനാറ് സെപ്റ്റംബർ എട്ട് മുതൽ ആരംഭിച്ചു . ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി രണ്ടായിരത്തി പതിനാറ് നവംബർ നാലാം തീയതി സ്വയം ഈ പാക്കേജ് സ്വീകരിക്കുകയും ധനമന്ത്രിയോട് നന്ദി പറയുകയും ചെയ്തു. ആന്ധ്രാപ്രദേശ് പുനഃസംഘടന നിയമത്തിനും പ്രത്യേക സഹായ പാക്കേജിനും കീഴിലുള്ള എല്ലാ പ്രതിജ്ഞാബദ്ധതകളും നിറവേറ്റാൻ എൻഡിഎ സർക്കാർ ആഗ്രഹിച്ചു. പക്ഷേ ടിഡിപി തങ്ങളുടെ എല്ലാ തരത്തിലുമുള്ള വിഫലതകളും മറച്ചു വയ്ക്കുന്നതിന് വേണ്ടി യു-ടേൺ എടുത്തു, ബഹുമാനപ്പെട്ട സ്പീക്കർ മാഡം, ടിഡിപി എൻഡിഎയിൽ നിന്ന് വേർപിരിയുവാൻ തീരുമാനിച്ചപ്പോൾ ഞാൻ ശ്രീ ചന്ദ്രബാബുവിനെ ഫോണിൽ വിളിച്ചിരുന്നു. . ഈ വിവരങ്ങൾ നിങ്ങൾക്ക് പുതിയതായിരിക്കാം

ഇത് നിങ്ങളുടെ അറിവിലേക്കായി പറയുകയാണ്, ടിഡിപി എൻഡിഎയിൽ നിന്ന് വേർപിരിയുവാൻ തീരുമാനിച്ചപ്പോൾ ഞാൻ ശ്രീ ചന്ദ്രബാബുവിനെ ഫോണിൽ വിളിച്ചിരുന്നു, ഞാൻ ചന്ദ്രബാബു നായിഡുവിനോടു പറഞ്ഞു, ബാബു, താങ്കൾ വൈ എസ് ആർ കോൺഗ്രസിൻറെ പിടിയിൽ അകപ്പെട്ടിരിക്കുകയാണ്, അവിടെയുള്ള സ്പർദ്ധയിൽ , താങ്കൾക്ക് ഒരു തരത്തിലും രക്ഷപ്പെടുവാൻ സാധ്യമല്ല . ഇത് ഞാൻ അദ്ദേഹത്തോട് ഒരു ദിവസം പറഞ്ഞതാണ്. ഞാൻ അത് കാണുകയാണ്. ഇവരുടെ അവിടത്തെ വഴക്കിനായി അവർ ഇവിടെ സഭയെ ഉപയോഗിക്കുകയാണ്. ആന്ധ്രയിലെ ജനങ്ങൾ ഈ അവസരവാദം നോക്കി കാണുന്നുണ്ട്. തെരഞ്ഞെടുപ്പ്

അടുക്കുന്തോറും അഭിനന്ദനം വിമർശനമായി മാറിക്കഴിഞ്ഞു. എന്തു പ്രത്യേക ആനുകൂല്യം നല്കിയാലും അതിൻറെ പ്രഭാവം മറ്റ് മേഖലകളിലും പ്രകടമാകും. മൂന്നു വർഷം മുൻപ് ശ്രീ വീരപ്പ മൊയ് ലി ജി ഈ സഭയിൽ പറയുകയുണ്ടായി : " ഒരു സംസ്ഥാനത്തിനും മറ്റൊരു സംസ്ഥാനത്തിനും ഇടയിൽ ഇത്തരത്തിലുള്ള അസമത്വം സൃഷ്ടിക്കാൻ നിങ്ങൾക്ക് എങ്ങനെ സാധിയ്ക്കും ? അതൊരു പ്രധാന പ്രശ്നമാണ്. എല്ലാത്തിനുമുപരി, നിങ്ങൾ ഒരു മദ്ധ്യസ്ഥനാണ്".

ഇന്ന് ആന്ധ്രയിലെ ജനങ്ങൾക്ക് ഉറപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു, അത് മൂലധനത്തിന്റെ കാര്യമാകട്ടെ അല്ലെങ്കിൽ കർഷകരുടെ ക്ഷേമമാകട്ടെ, കേന്ദ്ര സർക്കാരോ എൻഡിഎ സർക്കാരോ ആന്ധ്രയിലെ ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറില്ല. ഞങ്ങൾക്ക് ചെയ്യുവാൻ കഴിയുന്ന എന്ത് സഹായവും ഞങ്ങൾ തുടർന്നും ചെയ്യും. ആന്ധ്രയുടെ ക്ഷേമവും രാജ്യത്തിന്റെ ക്ഷേമവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഞങ്ങൾ കരുതുന്നു. വികസന പ്രവർത്തനങ്ങളിൽ ഞങ്ങൾ ഒരു കുറവും വരുത്തുകയില്ല. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ഞങ്ങളുടെ പ്രയത്നവും പ്രവർത്തന പ്രക്രിയകളും .

'ഒരു റാങ്ക്, ഒരു പെൻഷൻ", വർഷങ്ങളോളം നീട്ടിക്കൊണ്ടു പോയത് ആരാണ് ? ജിഎസ്ടിയുടെ പ്രശ്നം വർഷങ്ങളോളം ഒരുമിച്ച് കൂടിക്കിടക്കുവാൻ ആരാണ് കാരണം ? അക്കാര്യം ഗുജറാത്ത് മുഖ്യമന്ത്രി അനുവദിച്ചില്ലെന്നാണ് ഇന്ന് പറഞ്ഞത്. ഒരു കാര്യം ഇവിടെ സഭയെ അറിയിക്കാനും അക്കാലത്തെ പ്രവർത്തനങ്ങൾ അറിയാവുന്നവർക്ക് , മുഖ്യമന്ത്രി എന്ന നിലയിൽ ഞാൻ അയച്ച കത്തുകൾ ഇപ്പോഴും ലഭ്യമാണ്.

സംസ്ഥാനങ്ങളുടെ ആശങ്കകൾ പരിഹരിക്കാതെ ജിഎസ്ടി നടപ്പാക്കാൻ കഴിയില്ലെന്ന് ഞാൻ ഇന്ത്യാ സർക്കാരിനോട് പറഞ്ഞിരുന്നു. സംസ്ഥാനങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ അവർ പരിഹരിക്കണം. എന്നാൽ അവരുടെ അഹങ്കാരം അത്രമാത്രമായിരുന്നത് കൊണ്ട് സംസ്ഥാനങ്ങളുടെ ഭാഗത്ത് നിന്നും ഒരു വാക്ക് കേൾക്കാൻ പോലും അവർ തയ്യാറല്ലായിരുന്നു. ഇന്ന് ഒരു രഹസ്യം കൂടി ഞാൻ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നു ,

ബിജെപി ഇതര മുഖ്യമന്ത്രിമാർ, കോൺഗ്രസിൽ നിന്നുള്ളവർ ഉൾപ്പെടെ മറ്റ് പാർട്ടികളുടെ മുഖ്യമന്ത്രിമാർ , മീറ്റിംഗുകളിൽ വച്ച് എന്നെ കാണാറുണ്ട്. എന്നോട് പറയാറുണ്ടായിരുന്നു, ഞങ്ങൾക്ക് സംസാരിക്കാൻ പോലും ആകില്ല അതിനാൽ മോദിജി താങ്കൾ പറയൂ. അതിലൂടെ ഞങ്ങളുടെ സംസ്ഥാനങ്ങൾക്കും പ്രയോജനം ലഭിക്കും. അതിനാൽ ഞാൻ ശബ്ദം ഉയർത്തുകയും ചെയ്യു. .

ഞാൻ പ്രധാനമന്ത്രിയായപ്പോൾ മുഖ്യമന്ത്രിയായിരുന്നപ്പോൾ ലഭിച്ച പരിചയം എനിക്ക് ഉപകാരപ്പെട്ടു. അത് കൊണ്ട് തന്നെ എല്ലാ സംസ്ഥാനങ്ങളുടെയും ആശങ്കകളെ അഭിമുഖീകരിക്കുവാനുള്ള ശ്രമം ഉണ്ടായത്. ആ പ്രശ്നങ്ങൾക്കു പിന്തുണ നൽകുവാനും ഞങ്ങൾക്കു സാധിച്ചു.

നിങ്ങൾക്ക് അഹങ്കാരം ഇല്ലായിരുന്നു എങ്കിൽ , സംസ്ഥാനങ്ങളുടെ പ്രശ്നങ്ങൾ നിങ്ങൾ പരിഹരിച്ചിരുന്നു എങ്കിൽ അഞ്ച് വർഷം മുമ്പ് ജിഎസ്ടി നിലവിൽ വരുമായിരുന്നു. പക്ഷേ ജോലികൾ ചെയ്യാതെ നീട്ടിവയ്ക്കുക എന്നതാണു നിങ്ങളുടെ രീതി . കള്ളപ്പണവുമായി ബന്ധപ്പെട്ട് എസ്ഐടി രൂപീകരിക്കാൻ സുപ്രീംകോടതി ആവശ്യപ്പെട്ടിരുന്നു. ആരാണ് അത് ചെയ്യാതെ മാറ്റിവച്ചത്? ബിനാമി സ്വത്ത് നിയമം കെട്ടിക്കിടക്കുവാൻ ആരായിരുന്നു കാരണം ?

മാധ്യം സ്പീക്കർ, കർഷകരുടെ ഖാരിഫ് വിളയുടെ എംഎസ്പി 150 ശതമാനം വർധിപ്പിക്കാനുള്ള ചരിത്രപരമായ തീരുമാനമാണ് എൻഡിഎ സർക്കാർ കൈക്കൊണ്ടത്, പക്ഷേ ആരാണ് അത് തടഞ്ഞത്? ഈ റിപ്പോർട്ട് 2006 മുതൽ നിങ്ങളുടെ പക്കൽ ഉണ്ടായിരുന്നു, നിങ്ങൾ 2014 വരെ ഭരണത്തിൽ ആയിരുന്നു.

എട്ട് വർഷത്തോളം നിങ്ങൾക്കാ റിപ്പോർട്ട് ഓർമ പോലും വന്നില്ല.

കർഷകർക്ക് എംഎസ്പി ഒന്നര ഇരട്ടി വർദ്ധിപ്പിക്കാൻ ഞങ്ങൾ തീരുമാനിച്ചു, ഞങ്ങൾ അത് ചെയ്തു. 2007ൽ യുപിഎ സർക്കാർ ദേശീയ കാർഷിക നയം പ്രഖ്യാപിച്ചപ്പോൾ അതിൽ അൻപത് ശതമാനമെന്ന കാര്യം വിഴുങ്ങി. അതവർ അപ്രത്യക്ഷമാക്കി കളഞ്ഞു. അതിനു ശേഷവും ഏഴ വർഷം കോൺഗ്രസ്സ്

നേതൃത്വത്തിലുള്ള സർക്കാർ ഭരിച്ചു. അപ്പോഴും അവർ എംഎസ്പിയെക്കുറിച്ച് സംസാരിച്ചുകൊണ്ടേയിരുന്നു, ജനങ്ങൾക്കും കർഷകർക്കും തെറ്റായ വിശ്വാസം നൽകിക്കൊണ്ടേയിരുന്നു.

ആദരണീയ സ്പീക്കർ മാഡം, ഇന്ന് ഒരു കാര്യം കൂടി ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. ഈ വിവരങ്ങൾ രാജ്യത്തിന് വളരെ പ്രധാനമാണ്. ഇത് കേൾക്കാൻ ആഗ്രഹിക്കാത്തവർക്ക്, ഇത് ഉപയോഗപ്രദമല്ല, പക്ഷേ ഇത് രാജ്യത്തിന് ആവശ്യമാണ്. 2014ലാണ് ഞങ്ങൾ അധികാരത്തിൽ വന്നത്. അക്കാലത്ത് പലരും ഞങ്ങളോട് സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ധവളപത്രം കൊണ്ടുവരാൻ ആവശ്യപ്പെട്ടിരുന്നു. ധവള പത്രം കൊണ്ടുവരണമെന്ന് ഞങ്ങളുടെ മനസ്സിലും ഉണ്ടായിരുന്നു, പക്ഷേ ആരംഭത്തിലുള്ള , വിവരശേഖരണം തുടങ്ങിയപ്പോൾ, സമ്പദ്‌വ്യവസ്ഥയുടെ അവസ്ഥ എന്താണെന്ന് ഞെട്ടിക്കുന്ന തരത്തിലുള്ള വിവരങ്ങൾ ഞങ്ങൾക്ക് ഒന്നിന് പിറകെ ഒന്നൊന്നായി ലഭിച്ചു.

അതിനാൽ, ഇന്ന് ഞാൻ എൻപിഎ(നോൺ പെർഫോമിംഗ് അസ്സറ്റ്) യുടെ കഥ നിങ്ങളെ കേൾപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തെല്ലാം വ്യവസ്ഥകൾ ആണ് സൃഷ്ടിച്ചത്? 2008-ലാണ് കഥയുടെ ആരംഭം, 2009-ലാണ് തിരഞ്ഞെടുപ്പ്. ഇനി ഒരു വർഷം കൂടി ബാക്കിയുണ്ട്, എത്ര ബാങ്കുകൾ കാലിയാക്കാമോ ചെയ്യാമെന്ന് എന്ന് കോൺഗ്രസ് കരുതി. ഒരിക്കൽ ഒന്നു ശീലമായാൽ -

അങ്ങനെ 2009 മുതൽ 2014 വരെ ബാങ്കുകളെ തുരങ്കം വച്ചുള്ള കൊള്ള തുടർന്നു. കോൺഗ്രസ് എത്രകാലം അധികാരത്തിലിരുന്നോ അത്രയും കാലം ബാങ്കുകൾ കൊള്ളയടിക്കുന്ന ആ കളി നിർത്താതെ തുടർന്നു.

ഒരു കണക്ക് കേട്ടാൽ ഈ സഭയിലെ അംഗങ്ങൾക്കും ഞെട്ടൽ ഉണ്ടാക്കും. സ്വാതന്ത്ര്യം നേടി അറുപത് വർഷങ്ങൾക്ക് ശേഷം ഈ രാജ്യത്തെ ബാങ്കുകൾ കാർഷിക വായ്പയായി നൽകിയത്18 ലക്ഷം കോടി രൂപയാണ്. അറുപത് വർഷത്തിൽ ലക്ഷം കോടി രൂപ. പക്ഷേ 2008 മുതൽ 2014 വരെ, വെറും ആറ് വർഷത്തിനുള്ളിൽ,

ഈ തുക 18 ലക്ഷം കോടി രൂപയിൽ നിന്ന് 52 ലക്ഷം കോടി രൂപയായി ഉയർന്നു. 60 വർഷത്തിനിടെ 18 ലക്ഷം കോടി രൂപയായിരുന്നത് വെറും ആറുവർഷത്തിനുള്ളിൽ 52 ലക്ഷം കോടി രൂപയായി ഉയർന്നു. കഴിഞ്ഞ 60 വർഷത്തിനിടെ സംഭവിച്ചത് ആറ് വർഷം കൊണ്ട് ഇരട്ടിയാക്കി. ഇത് എങ്ങനെ സംഭവിച്ചു

വളരെ വൈകിയാണ് ലോകത്ത് ഇൻറർനെറ്റ് ബാംങ്കിംഗ് എത്തുന്നത്. എന്നാൽ കോൺഗ്രസിൽ ഉള്ള അത്രയും ബുദ്ധിമാന്മാർ ഇൻറർനെറ്റ് ബാങ്കിംഗ് വരും മുൻപെ ഇന്ത്യയിൽ ഫോൺ ബാങ്കിംഗ് ആരംഭിച്ചു . ടെലിഫോൺ ബാങ്കിംഗ് ആരംഭിച്ചു. ആറ് വർഷത്തിനുള്ളിൽ വായ്പ തുക 18 ലക്ഷം കോടി രൂപയിൽ നിന്ന് 52 ലക്ഷം കോടി രൂപയായി വർധിക്കുകയും ബാങ്കുകളിലെ നിധികൾ തങ്ങളുടെ വേണ്ടപ്പെട്ടവർക്ക് വേണ്ടി കൊള്ളയടിക്കുകയും ചെയ്തത് ടെലിഫോൺ ബാങ്കിംഗിലെ അത്ഭുതമായിരുന്നു. എന്തായിരുന്നു അതിൻറെ പ്രവർത്തന രീതി?

രേഖകൾ ഒന്നും കാണേണ്ട ആവശ്യം ഇല്ല. വായ്പ കൊടുത്തോളൂ എന്ന് പറഞ്ഞാൽ ഫോൺ വരും , വായ്പ അടയ്ക്കുവാനായി മറ്റൊരു വായ്പ കൊടുക്കൂ. അതിനു പുറമെ മറ്റൊരു വായ്പ. പോയത് പോയി. , പൈസ അടക്കാൻ വേണ്ടി വായ്പക്ക് പുറത്തു വായ്പ നൽകിക്കൊണ്ടേയിരിക്കുക ,ഈ വിഷ വൃത്തം അങ്ങനെ പൊയ്ക്കൊണ്ടേയിരുന്നു., രാജ്യവും രാജ്യത്തെ ബാങ്കുകളും എൻ പി എ യുടെ വിശാലമായ ശൃംഖലയിൽ പെട്ടു. എൻ പി എ യുടെ ശൃംഖല ഭാരതത്തിലെ ബാങ്ക് സംവിധാനത്തെ സംബന്ധിച്ച് ഒരു തരത്തിൽ കഴിബോംബുകൾ മാതിരി വിരിക്കപ്പെട്ടിരുന്നു.

ഇക്കാര്യത്തിൽ സുതാര്യതയോടെ ഞങ്ങൾ അന്വേഷണം ആരംഭിച്ചു.

എൻപിഎ യുടെ യഥാർത്ഥ ചിത്രം എന്താണ്? അതിനു വേണ്ടിയുള്ള സംവിധാനം ആരംഭിച്ചു. എൻപിഎയുടെ ശൃംഖലയുടെ ആഴം കൂടുകയായിരുന്നു, നിരന്തരം ആഴം കൂടുകയായിരുന്നു അതിനാൽ വളരെ സൂക്ഷ്മതയോടെ ആയിരുന്നു നമ്മുടെ അന്വേഷണം. എൻപിഎ വലുതാകാൻ മറ്റൊരു കാരണം കൂടെയുണ്ടായിരുന്നു.

യുപിഎ ഗവൺമെന്റ് എടുത്ത ഒരു പ്രത്യേക തീരുമാനം മൂലധന ചരക്കുകളുടെ ഇറക്കുമതിയിൽ തുടർച്ചയായ വർദ്ധനവിന് കാരണമായി. അതറിഞ്ഞാൽ നിങ്ങൾ അതിശയിക്കും അതായത് കസ്റ്റംസ് തീരുവ കുറച്ചു കൊണ്ടാണ് മൂലധന ചരക്കുകളുടെ ഇറക്കുമതി വർദ്ധിപ്പിച്ചത് തീരുവ കുറച്ച് അത് ക്രൂഡ് ഓയിൽ ഇറക്കുമതിക്ക് തുല്യമാക്കി . ഈ ഇറക്കുമതികൾക്ക് ആവശ്യമായ പണം എല്ലാം ബാങ്ക് വായ്പകൾ വഴിയാണ് കണ്ടെത്തിയത്.അത് രാജ്യത്തെ മൂലധന ചരക്കുത്പാദനത്തെ പ്രതികൂലമായി ബാധിച്ചു. ബാങ്ക് ലെൻഡിംഗ് നൽകാതെയും പദ്ധതി വിലയിരുത്താതെയുമാണ് ക്ലിയറൻസ് നൽകിയത്. ഒട്ടുമിക്ക പ്രോജക്ടുകളിലും ബാങ്കുകൾ ഇക്വിറ്റിക്ക് പോലും വായ്പ അനുവദിച്ചു.

ഒരു വശത്ത്, മൂലധന ചരക്കുകളുടെ ഇറക്കുമതിയുടെ കസ്റ്റംസ് തീരുവയും പദ്ധതി നിർമ്മാണത്തിനുള്ള സർക്കാർ നികുതിയും കുറച്ചു. മറുവശത്ത്, സർക്കാർ അനുമതി തേടുന്നതിന് പുതിയ നികുതി ഏർപ്പെടുത്തി കൂടാതെ ഈ നികുതികൾ സർക്കാർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. ഈ നികുതികൾ കാരണം പദ്ധതികൾക്ക് അനുമതി നൽകുന്നതിൽ കാലതാമസമുണ്ടായി. തൽഫലമായി, ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കാനാകാതെ അവ കടുങ്ങിക്കിടക്കുകയും എൻപിഎ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഇന്ന്, നമ്മുടെ പ്രതിപക്ഷ സുഹൃത്തുക്കൾ നിരന്തരം

എൻപിഎയുടെ അവസ്ഥക്കുറിച്ചുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കുകയാണ്, ഈ സഭയിലൂടെ ഈ രാജ്യത്തെ ജനങ്ങൾക്ക് മുന്നിൽ പുതിയ ചില വസ്തുതകൾ അവതരിപ്പിക്കാൻ സർക്കാർ മുന്നോട്ട് വരാൻ ബാധ്യസ്ഥരാണ്. ഒരു വശത്ത്, ബാങ്ക് ബുക്കുകളിലെ എൻപിഎ യുടെ നിജസ്ഥിതി സത്യസന്ധമായി കാണിക്കാൻ ഞങ്ങളുടെ സർക്കാർ തീരുമാനിച്ചു, മറുവശത്ത്, ബാങ്കുകളുടെ പുരോഗതിക്കായി ഞങ്ങൾ നിരവധി നയ തീരുമാനങ്ങൾ എടുത്തിട്ടുണ്ട് ഈ തീരുമാനങ്ങൾ വരും വർഷങ്ങളിൽ രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് ഫലപ്രദമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. 50 കോടിയിലധികം മൂല്യമുള്ള എല്ലാ എൻപിഎ അക്കൗണ്ടുകളും അവലോകനം ചെയ്യാൻ ആരംഭിച്ചു. മനഃപൂർവ്വം വീഴ്ച വരുത്തുന്നവർ തട്ടിപ്പുകാർ എന്നിവരുടെ സംഭവനകൾ വിലയിരുത്തൽ ആരംഭിച്ചു, ബാങ്കുകളിലെ സ്ട്രെസ്ഡ് അസറ്റുകളുടെ കൈകാര്യത്തിന് പുതിയ സംവിധാനം തയ്യാറാക്കിയിട്ടുണ്ട്.

രണ്ട് ലക്ഷത്തി പതിനായിരം കോടിയിലധികം രൂപയാണ് റീ ക്യാപിറ്റലൈസേഷനായി ബാങ്കുകൾക്ക് നൽകുന്നത്.

നമ്മുടെ സർക്കാർ ഇൻസോൾവൻസി ആൻഡ് ബാങ്കറപ്റ്റ്സി കോഡുകളും ഉണ്ടാക്കി. അത് വഴി മൊത്തം എൻപിഎയുടെ ശതമാനത്തിലെ 25 ശതമാനത്തിന് തുല്യം വരുന്ന പ്രമുഖരായ -12 ഡിഫോൾട്ടർമാരുടെ (പണമടക്കുന്നതിൽ വീഴ്ചവരുത്തിയവരുടെ) കേസുകൾ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഏറ്റെടുത്തു. ഏകദേശം മൂന്ന് ലക്ഷം കോടി രൂപയാണ് ഈ 12 വൻ കേസുകളിലായി കുരുങ്ങിക്കിടക്കുന്നത്. കേവലം ഒരു വർഷത്തിനുള്ളിൽ ഇതിലെ മൂന്നു കേസുകളിൽ നിന്നു മാത്രമായി 55 ശതമാനം നമ്മുടെ സർക്കാർ വീണ്ടെടുത്തു. ഈ വലിയ പന്ത്രണ്ടു കേസുകളിൽ നിന്നും ഏകദേശം 45 ശതമാനം തുക ഇപ്പോൾ തിരിച്ചു പിടിച്ചു. . ഇത്തരം കുറ്റവാളികൾക്കുള്ള ഫ്യൂജിറ്റീവ് ഇക്കണോമിക് ഒഫൻഡേഴ്സ് ബിൽ ഇന്നലെയാണ് ലോക്സഭ പാസാക്കിയത്. ബാങ്കുകളുടെ ലോൺ അടക്കാത്തവർക്ക് നിയമത്തിൻറെ പിടിയിൽ നിന്ന് രക്ഷപ്പെടാൻ ഇനി ഏറെ ബുദ്ധിമുട്ടാകും . ഇത് എൻപിഎ നിയന്ത്രിക്കാൻ സഹായിക്കും. എൻ.ഡി.എ സർക്കാർ രണ്ടായിരത്തി പതിനാലിൽ അധികാരത്തിൽ വന്നില്ലായിരുന്നെങ്കിൽ, രാജ്യം കോൺഗ്രസ് ഭരണത്തിലായിരുന്നെങ്കിൽ. രാജ്യം വലിയ അപകടത്തിലാകുമായിരുന്നു

ഈ സഭയിലൂടെ രാജ്യത്തെ ഒരു കാര്യം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മുൻ സർക്കാർ പ്രത്യേക വിദേശ കറൻസി നോൺ റസിഡന്റ് ഡെപ്പോസിറ്റ് (എഫ്സിഎൻആർഡി) ഏകദേശം 32 മില്യൺ ഡോളർ കടം ബാക്കിയിട്ടാണ് പോയത്. ഭാരതം ഈ കടം പൂർണമായും തിരിച്ചടച്ചു.

ആദരണീയ സ്പീക്കർ മാഡം, ഗ്രാമ സ്വരാജ് അഭിയാന്റെ പ്രചാരണം മുന്നോട്ട് കൊണ്ടുപോകാനും മഹാത്മാഗാന്ധിയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും വേണ്ടി

65,000 ഗ്രാമങ്ങളിലെ ഓരോ വ്യക്തിക്കും ഒരു ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനും ഓരോ വ്യക്തിക്കും ഗ്യാസ് കണക്ഷനുകൾ, ബാങ്ക് അക്കൗണ്ടുകൾ, എല്ലാ വീടുകളിലും പ്രതിരോധ കുത്തിവയ്പ്പുകൾക്ക് വൈദ്യുതി, എല്ലാവർക്കും ഇൻഷുറൻസ് പരിരക്ഷ, എല്ലാ വീട്ടിലും എൽഇഡി ബൾബുകൾ എന്നിവ നൽകുന്നതിനും ഞങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. തെറ്റായ നയങ്ങൾ കാരണം പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന 115 ജില്ലകളിലാണ് ഈ ഗ്രാമങ്ങൾ ഉള്ളത്, ഞങ്ങൾ അവയിൽ ഒരു പുതിയ പ്രതീക്ഷ ഞങ്ങൾ നല്കിയിട്ടുണ്ട്.

പുതിയ ഇന്ത്യയുടെ സ്വപ്നങ്ങൾ സമർത്ഥവും സൂക്ഷ്മവുമാണ് .

സ്കൂളുകളിൽ ലാബുകൾ ഇല്ലായിരുന്നു, ഞങ്ങൾ അടൽ ടിങ്കറിംഗ് ലാബ് , 'സ്കിൽ ഇന്ത്യ', 'ഖേലോ ഇന്ത്യ' എന്നിവയിലൂടെ ഞങ്ങൾ പ്രതിഭകളെ കണ്ടെത്തി . ആരംഭിച്ചു. സ്ത്രീകളുടെ വിവിധ ഘട്ടങ്ങളിലെ ആവശ്യങ്ങൾക്ക് അർഹമായ ശ്രദ്ധ നൽകിക്കൊണ്ട് അവർക്കായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സുരക്ഷ സംബന്ധിച്ച കാബിനറ്റ് കമ്മിറ്റിയിൽ ആദ്യമായി രണ്ട് വനിതാ അംഗങ്ങൾ ഉണ്ടെന്നും അവർ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയുടെ ഭാഗമാണെന്നും അങ്ങേയറ്റം അഭിമാനത്തോടെ ഞാൻ പറയുന്നു. യുദ്ധവിമാന പൈലറ്റുമാരായും വനിതകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. മുത്തലാഖ് നേരിടുന്ന മുസ്ലീം സ്ത്രീകളെ സർക്കാർ ശക്തമായി പിന്തുണയ്ക്കുന്നു. 'ബേട്ടി-ബച്ചാവോ, ബേടി-പഠാവോ' ("മകളെ സംരക്ഷിക്കു, മകളെ പഠിപ്പിക്കു ") കാമ്പയിൻ ഒരു ജനകീയ വിപ്ലവമായി മാറിയിരിക്കുന്നു. രാജ്യത്തെ വിവിധ ജില്ലകളില് ശിശു ജനന നിരക്ക് വർധിച്ചു, പെൺകുട്ടികൾക്കെതിരെ അതിക്രമം കാണിക്കുന്നവർക്ക് വധശിക്ഷ വരെ നൽകാനുള്ള വ്യവസ്ഥകൾ നിലവിലുണ്ട്. ജനാധിപത്യ സംവിധാനത്തിൽ അക്രമങ്ങൾ, അതിക്രമങ്ങൾ എന്നിവ ചെയ്യാനുള്ള അനുവാദം നല്കാൻ ആകില്ല . ഇത്തരം സംഭവങ്ങളിൽ ഒരു ഭാരതീയൻറെ മരണം പോലും ദുഖകരമാണ്. മനുഷ്യത്വത്തിൻറെ അടിസ്ഥാന ഭാവത്തിന് പോലും എതിരാണ്. ഇത്തരം സംഭവങ്ങൾ എവിടെയൊക്കെ നടന്നാലും സംസ്ഥാന സർക്കാരുകൾ അവിടെയെല്ലാം നടപടി സ്വീകരിക്കുന്നുണ്ട്. അക്രമത്തിൽ ഏർപ്പെടുന്നവർക്കെതിരെ സംസ്ഥാന സർക്കാരുകൾ കർശന നടപടി സ്വീകരിക്കണമെന്ന് നിങ്ങളിലൂടെ വീണ്ടും അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്തിൻറെ സ്വപ്നങ്ങൾ നമുക്ക് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ സാക്ഷാത്കരിക്കണം.

'ഭാരത് മാല പദ്ധതിയുടെ കീഴിൽ രാജ്യത്തുടനീളം ഒരു ഹൈവേ ശൃംഖല സ്ഥാപിക്കുന്നു. 'സാഗർമാല'യുടെ കീഴിൽ തുറമുഖ വികസനവും തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള വികസനവും പ്രോത്സാഹിപ്പിക്കപ്പെടുന്നു. ടയർ-2, ടയർ-III നഗരങ്ങളിൽ അതിവേഗം എയർ കണക്ടിവിറ്റി നൽകുന്നുണ്ട്. നഗരങ്ങളിൽ മെട്രോ ടെയിൻ ഗണ്യമായ വളർച്ച നേടുന്നു, ത്വരിത ഗതിയിൽ ജോലികൾ തുടരുകയാണ്. രാജ്യത്തെ എല്ലാ പഞ്ചായത്തുകളിലും ഇൻറർനെറ്റ് ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. രാജ്യം മുഴുവൻ അതിന് സാക്ഷ്യം വഹിക്കുന്നു. ഗ്രാമങ്ങൾ മുതൽ വലിയ നഗരങ്ങൾ വരെ ദരിദ്രരുടെയും ഇടത്തരക്കാരുടെയും ജീവിതശൈലിയിൽ മാറ്റം വന്നിട്ടുണ്ട്.

മുൻ സർക്കാരുകളെ അപേക്ഷിച്ച് വികസന വേഗത വളരെ മികച്ചതാണ്. അത് റോഡുകളുടെ നിർമ്മാണമോ, റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണമോ, രാജ്യത്തിൻറെ ഉൽപ്പാദനശേഷി വർദ്ധനയോ, പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളോ, എൻ ഐ ടി-കളോ, മെഡിക്കൽ സീറ്റുകളുടെ എണ്ണത്തിൽ ഐ ഐ എം വർദ്ധനയോ ആകട്ടെ. ജീവനക്കാർക്കോ ബ്യൂറോക്രസിക്കോ , ഫയലുകളുടെ രീതികൾക്കൊ മാറ്റമില്ല പക്ഷേ ഇതൊക്കെയാണെങ്കിലും, രാഷ്ട്രീയ ഇച്ഛാശക്തിയാൽ, രാജ്യത്ത് പുതിയ ഊർജ്ജം നിറച്ച് ഞങ്ങൾ മുന്നോട്ട് പോകുന്നു. ഈ രാജ്യത്ത് തൊഴിൽ സംബന്ധിച്ച് വളരെയധികം ആശയക്കുഴപ്പങ്ങൾ പരത്തപ്പെടുന്നുണ്ട്. . അവർ വീണ്ടും സത്യത്തെ തകർക്കാൻ

ശ്രമിക്കുകയാണ്. അടിസ്ഥാനരഹിതമായ സംസാരം നടത്തുന്നു, ഒന്നിനെകുറിച്ചും വിവരവുമില്ലാതെ കിംവദന്തികൾ പരത്തുന്നു. പറയുന്നതു സൂക്ഷ്മമായി ശ്രദ്ധിച്ചാൽ , രാജ്യത്തെ യുവാക്കളെ നിരാശരാക്കിക്കൊണ്ടുള്ള രാഷ്ട്രീയപ്രവർത്തനത്തിൻറെ പാപം ഉണ്ടാകില്ല . രാജ്യത്തെ തൊഴിലുമായി ബന്ധപ്പെട്ട സംവിധാനത്തിൽ ലഭ്യമായ വിവിധ കണക്കുകൾ പ്രതിമാസം രാജ്യത്തിന് മുന്നിൽ അവതരിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. സംഘടിത മേഖലയിൽ അഥവാ ഫോർമൽ സെക്ടറിൽ തൊഴിൽ വളർച്ച അളക്കുന്നതിനുള്ള ഒരു മാർഗമാണ് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്, അതായത് ഇപിഎഫ്, സെപ്റ്റംബർ 2017 മെയ് 2018 വരെയുള്ള ഒൻപത് മാസങ്ങൾക്കിടയിൽ ഏകദേശം നാൽപ്പത്തിയഞ്ച് ലക്ഷം പുതിയ സബ്സ്ക്രൈബേഴ്സ് ചേർന്നിട്ടുണ്ട്. ഇവരിൽ എഴുപത്തിയേഴ് ശതമാനം ഇരുപത്തിയെട്ട് വയസ്സിന് താഴെ ഉള്ളവരാണ്. ഫോർമൽ സംവിധാനത്തിൽ ന്യൂ പെൻഷൻ സ്കീമിൽ അഥവാ എൻ പി എസിൽ കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ അഞ്ചു ലക്ഷത്തി അറുപത്തി എണ്ണായിരം ആളുകളെ ചേർത്തു . അങ്ങനെ, ഇപിഎഫിലെയും എൻപിഎസിലെയും കണക്കുകൾ കൂട്ടിയോജിപ്പിക്കുമ്പോൾ, കഴിഞ്ഞ ഒമ്പത് മാസത്തിനിടെ അൻപത് ലക്ഷത്തിലധികം ആളുകൾ ഔപചാരിക മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ വർഷം മുഴുവൻ നോക്കുമ്പോൾ അത് എഴുപത് ലക്ഷത്തിലധികം വരും. നിലവിൽ ആധാർ ലിങ്ക് ചെയ്യുന്ന ജോലികൾ നടക്കുന്നതിനാൽ ഈ എഴുപത് ലക്ഷം പേരുടെ ഇഎസ്ഐസിയുടെ കണക്ക് ചേർക്കുവാൻ സാധിച്ചിട്ടില്ല ഉൾപ്പെടുത്തിയിട്ടില്ല. ഇതുകൂടാതെ, പ്രൊഫഷണൽ ബിരുദങ്ങളുള്ള യുവ പ്രൊഫഷണലുകൾ സ്വയം രജിസ്റ്റർ ചെയ്യുകയും ജോലി ചെയ്യുകയും ചെയ്യുന്ന നിരവധി പ്രൊഫഷണൽ സ്ഥാപനങ്ങൾ രാജ്യത്തുണ്ട്.ഉദാഹരണത്തിന്, ഡോക്ടർമാർ, എഞ്ചിനീയർമാർ, ആർക്കിടെക്ടുകൾ, അഭിഭാഷകർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, കോസ്റ്റ് അക്കൗണ്ടന്റുമാർ, കമ്പനി സെക്രട്ടറിമാർ. ഒരു സ്വതന്ത്ര സ്ഥാപനം ഈ തൊഴിലുകൾക്കിടയിൽ ഒരു സർവേ നടത്തി. ഈ സ്വതന്ത്ര സ്ഥപനത്തിൻറെ പഠനമനുസരിച്ച്, 2016-17 കാലയളവിൽ ഏകദേശം 17,000 പുതിയ ചാർട്ടേഡ് അക്കൗണ്ടന്റുമാരെ ഈ സംവിധാനത്തിൽ ബന്ധിപ്പിച്ചിട്ടുണ്ട്. ഇവരിൽ അയ്യായിരത്തിലധികം പേർ പുതിയ കമ്പനികൾ തുടങ്ങിയിട്ടുണ്ട്. ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിൽ 20 പേർ ജോലി ചെയ്യുന്നുണ്ടെങ്കിൽ ഒരു ലക്ഷത്തിലധികം പേർക്ക് ഈ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നു. പോസ്റ്റ് ഗ്രാജ്വേറ്റ് ഡോക്ടർമാർ, ഡെൻറൽ സർജൻ, ആയുഷ് ഡോക്ടർമാർ എന്നിവരെ സംബന്ധിച്ചിടത്തോളം, ഓരോ വർഷവും 80,000-ത്തിലധികം പോസ്റ്റ് ഗ്രാജ്വേറ്റ് ഡോക്ടർമാരും ഡെൻറൽ സർജന്മാരും ആയുഷ് ഡോക്ടർമാരും കോളേജുകളിൽ നിന്ന് പുറത്തുപോകുന്നുണ്ടെന്ന് നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അവരിൽ അറുപത് ശതമാനം പേർ സ്വയം പ്രാക്ടീസ് ചെയ്താൽ ഒരു ഡോക്ടർ മുഖേന അഞ്ച് പേർക്ക് തൊഴിൽ അവസരങ്ങൾ ലഭിക്കും, ഈ സംഖ്യ രണ്ട് ലക്ഷത്തി നാല്പതിനായിരം വരും. 2017-ൽ 80,000-ത്തോളം ബിരുദധാരികളും ബിരുദാനന്തര ബിരുദധാരികളും അഭിഭാഷകരായി. അവരിൽ അറുപത് ശതമാനവും പ്രാക്ടീസ് ആരംഭിച്ച് രണ്ടോ മൂന്നോ പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെങ്കിൽ, ആ വക്കീലുകളിലൂടെ ഏകദേശം 2 ലക്ഷത്തോളം ആളുകൾക്ക് ജോലി ലഭിച്ചിരിക്കണം. 2017ൽ ഈ മൂന്ന് തൊഴിലുകളിലായി ആറ് ലക്ഷത്തിലധികം പേർക്ക് തൊഴിലവസരങ്ങൾ ലഭിച്ചു.

അനൗപചാരിക മേഖലയെക്കുറിച്ചു പറഞ്ഞാൽ ഗതാഗത മേഖലയിൽ തൊഴിൽ സാധ്യതകൾ ഏറെയാണ്. കഴിഞ്ഞ വർഷം ഗതാഗത മേഖലയിൽ ഏഴു ലക്ഷത്തി അറുപതിനായിരം വാണിജ്യ വാഹനങ്ങൾ വിറ്റഴിച്ചു. ഇവയിൽ ഇരുപത്തി അഞ്ചു ശതമാനം വിൽപ്പന പഴയ വാഹനങ്ങൾക്ക് പകരമായി കണക്കാക്കിയാൽ, അഞ്ചു ലക്ഷത്തി എഴുപതിനായിരം വാഹനങ്ങളും പുതിയവയും ചരക്ക് കൊണ്ടുപോകാൻ റോഡിലിറങ്ങി. ഇത്തരത്തിൽ ഒരു വാഹനത്തിൽ രണ്ട് പേർ ജോലി ചെയ്യുന്നുണ്ടെങ്കിൽ തൊഴിൽ ലഭിക്കുന്നവരുടെ എണ്ണം പതിനൊന്നു ലക്ഷത്തി നാൽപ്പത്തിനായിരം ആണ്. അതുപോലെ യാത്രാവാഹനങ്ങളുടെ വിൽപന പരിശോധിച്ചാൽ ഇരുപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തിനായിരം ആയിരുന്നു. ഇതിൽ ഇരുപത് ശതമാനം വാഹനങ്ങൾ, പഴയ വാഹനങ്ങൾക്ക് പകരമായി കണക്കാക്കിയാൽ ഇരുപത് ലക്ഷത്തോളം പുതിയ വാഹനങ്ങളാണ് നിരത്തിലിറങ്ങിയത്. ഈ വാഹനങ്ങളിൽ ഇരുപത്തി അഞ്ചു ശതമാനം മാത്രം ഒരു ഡ്രൈവറെ നിയമിച്ചു എങ്കിൽ തന്നെ അഞ്ച് ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ ലഭിച്ചു. ഇതേ പോലെ കഴിഞ്ഞ വർഷം രണ്ടു ലക്ഷത്തി അൻപത്തി അയ്യായിരം ഓട്ടോകൾ വിറ്റു. ഇതിൽ പത്തുശതമാനം വിൽപ്പന പഴയവയ്ക്ക് പകരമായി കണക്കാക്കിയാലും , കഴിഞ്ഞ

വർഷം രണ്ട് ലക്ഷത്തി മുപ്പതിനായിരത്തോളം പുതിയ ഓട്ടോകൾ നിരത്തിലിറങ്ങി, കാരണം രണ്ട് ഷിഫ്റ്റുകളിലായാണ് ഓട്ടോകൾ ഓടുന്നത്.

രണ്ട് ഓട്ടോകളിൽ നിന്ന് മൂന്ന് പേർക്ക് തൊഴിൽ ലഭിക്കും. ഈ രീതിയിൽ പുതിയ ഓട്ടോകളിലൂടെ മൂന്ന് ലക്ഷത്തി നാല്പതിനായിരം ആളുകൾക്ക് തൊഴില് ലഭിച്ചു. ഈ മൂന്ന് രീതിയിലൂടെ കഴിഞ്ഞ വർഷം ഗതാഗത മേഖലയിൽ മാത്രം ഇരുപത് ലക്ഷം പേർക്കു പുതിയ അവസരങ്ങൾ ലഭിച്ചു . ഇപിഎഫ്, എൻപിഎസ്, പ്രൊഫഷണൽ ട്രാൻസ്പോർട്ട് മേഖലകളെ ഒരുമിച്ച് എടുത്താൽ കഴിഞ്ഞ വർഷം മാത്രം ഒരു കോടിയിലധികം ആളുകൾക്ക് തൊഴിൽ ലഭിച്ചതായി കാണാം. ഇതൊരു സ്വതന്ത്ര സ്ഥാപനം നടത്തിയ സർവേയുടെ റിപ്പോർട്ടാണിത്. ആ സ്വതന്ത്ര സ്ഥാപനത്തെയാണ് ഞാൻ ഉദ്ധരിക്കുന്നത്. ഞാൻ സർക്കാരിൻറെ വിവരങ്ങൾ അല്ല പറയുന്നത്. ഇത് കൊണ്ടാണ് വസ്തുതകൾ അറിയാതെ സത്യത്തെ അടിച്ചമർത്താൻ ശ്രമിക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്. രാജ്യത്തെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുത്. രാജ്യം ഇന്ന് നിർണായക ഘട്ടത്തിലാണ് . അടുത്ത അഞ്ച് വർഷത്തിനുള്ളിൽ നൂറ്റി ഇരുപത്തിയഞ്ച് കോടി ജനങ്ങളിൽ 85 ശതമാനം വരുന്ന യുവാക്കൾ രാജ്യത്തിന്റെ ഭാവി തീരുമാനിക്കും125 .

രാജ്യത്തിന്റെ പുതിയ പ്രതീക്ഷകളുടെയും അഭിലാഷങ്ങളുടെയും അടിസ്ഥാനമായി പുതിയ ഇന്ത്യ മാറും. അവിടെ സാധ്യതകൾ, അവസരങ്ങൾ, സ്ഥിരത എന്നിവയിൽ അനന്തമായ ആത്മവിശ്വാസം ഉണ്ടാകും. പുതിയ ഇന്ത്യ , രാജ്യത്തിന്റെ പുതിയ പ്രതീക്ഷകളുടെയും അഭിലാഷങ്ങളുടെയും അടിസ്ഥാനം. അവിടെ സാധ്യതകൾ, അവസരങ്ങൾ, സ്ഥിരത എന്നിവയിൽ അനന്തമായ വിശ്വാസം ഉണ്ടാകും. ഒരു സമൂഹത്തോടോ ഏതെങ്കിലും പ്രദേശത്തോടോ വിശ്വാസക്കുറവോ വിവേചനമോ ഉണ്ടാകില്ല. ആഗോള സാഹചര്യത്തിൽ, മാറ്റങ്ങളുടെ സുപ്രധാന കാലഘട്ടത്തിൽ, ഐക്യത്തോടെ മുന്നോട്ട് പോകേണ്ടത് ആവശ്യമാണ്.

ബഹുമാനപ്പെട്ട സ്പീക്കർ, ഈ ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾക്ക് നന്ദി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ആന്ധ്രാപ്രദേശിന്റെ ക്ഷേമത്തിനായി ഈ സർക്കാർ പരമാവധി ശ്രമിക്കുമെന്ന് ഒരിക്കൽ കൂടി ഞാൻ ആവർത്തിക്കുന്നു.

ഇന്ത്യയുടെ വികസനത്തിന് സംഭാവന ചെയ്യുന്ന ഓരോ വ്യക്തിയെയും പിന്തുണയ്ക്കുമെന്ന് ഞങ്ങൾ പ്രതിജ്ഞയെടുത്തു.

ഈ മഹാന്മാരെ 2024-ൽ അവിശ്വാസ പ്രമേയം കൊണ്ടുവരാൻ ക്ഷണിച്ചുകൊണ്ട് ഞാൻ ഒരിക്കൽ കൂടി ഉപസംഹരിക്കുന്നു, കൂടാതെ ഈ അവിശ്വാസ പ്രമേയം പരാജയപ്പെടുത്താൻ ഞാൻ സഭയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എനിക്ക് സംസാരിക്കാൻ ഈ അവസരം നൽകിയതിന് ഞാൻ നിങ്ങളോട് നന്ദിയുള്ളവനാണ്.

“രാജ്യസഭയുടെ ഡെപ്യൂട്ടി
ചെയർമാനെ
അനുമോദിച്ചുകൊണ്ട്
പ്രധാനമന്ത്രി ശ്രീ
നരേന്ദ്രമോദി യുടെ പ്രസംഗം

ആഗസ്റ്റ് 9, 2018”

ഓഗസ്റ്റ് 9, 2018
രാജ്യസഭ

രാജ്യസഭയുടെ ഡെപ്യൂട്ടി ചെയർമാൻ ആയി ശ്രീ ഹരിവംശ് ജി തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് പ്രധാനമന്ത്രി പാർലമെന്റിൽ നടത്തിയ പ്രസംഗം

ആദരണീയനായ അദ്ധ്യക്ഷൻ ,ആദ്യമായി തന്നെ, ശ്രീമാൻ ഹരിവംശ്ജി ഡെപ്യൂട്ടി ചെയർമാൻ ആയി തെരഞ്ഞെടുത്തതിൽ ഞാൻ വ്യക്തിപരമായും സഭയുടെ മുഴുവൻ പേരിലും അനുമോദിക്കുന്നു. ശ്രീ അരുൺജി അദ്ദേഹത്തിന്റെ ആരോഗ്യം വീണ്ടെടുത്ത് നമ്മോടൊപ്പമുണ്ട് എന്ന കാര്യവും വളരെ സന്തോഷം നൽകുന്നു. ഇന്ന് ആഗസ്റ്റ് ഒന്പതാം തീയതി ആണ്. ഓഗസ്റ്റ് വിപ്ലവം ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ പ്രധാനപ്പെട്ട ഒരു നാഴികക്കല്ലാണ്. ഈ സമരത്തിൽ വലിയൊരു പങ്കാണ് ബലിയാ ജില്ല വഹിച്ചിട്ടുള്ളത്. ഇന്ത്യയുടെ 1857ലെ ആദ്യ സ്വാതന്ത്ര്യ സമര കാലം മുതൽ സ്വാതന്ത്ര്യസമരത്തിൽ മുൻപന്തിയിൽ തന്നെ ബലിയ ജില്ല നിലകൊണ്ടു. ആഗസ്റ്റ് വിപ്ലവത്തിന്റെ ശംഖ നാദം മുഴക്കി ജീവിതങ്ങൾ ആഹുതി ചെയ്യുന്നതിനും ബലിയ മുന്നിൽ തന്നെ ഉണ്ടായിരുന്നു. മംഗൽപാണ്ഡെ ആയാലും ചിന്നു പാണ്ഡേ ആയാലും ശ്രീമാൻ ചന്ദ്രശേഖർജിയുടെ സമര പാരമ്പര്യം ആയാലും അതിന്റെ കണ്ണികളാണ്

ജയപ്രകാശ് ജി ജനിച്ച ഗ്രാമത്തിലാണ് ഹരിവംശജിയും ജനിച്ചത്. ആ ഗ്രാമവുമായിട്ടുള്ള തന്റെ ബന്ധങ്ങൾ അദ്ദേഹം ഇപ്പൊഴും നിലനിർത്തിപ്പോരുന്നു. ജയപ്രകാശ് ജിയുടെ സ്വപ്നങ്ങൾ സഫലമാക്കാൻ അദ്ദേഹം ഇന്നും പ്രവർത്തിക്കുന്നു.

സ്വന്തമായി മേൽവിലാസം ഉണ്ടാക്കാൻ കഴിഞ്ഞ് എഴുത്തുകാരൻ കൂടിയാണ് ഹരി വംശ് ജി . അദ്ദേഹം ബനാറസിൽ വിദ്യാർത്ഥി ആയിരുന്നു എന്ന കാര്യവും എനിക്ക് ഏറെ ആഹ്ലാദം പകരുന്നു. ബനാറസിൽ നിന്നു തന്നെ സാമ്പത്തിക ശാസ്ത്രത്തിൽ എം എ ബിരുദം പൂർത്തിയാക്കി കൊണ്ടാണ് അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കിയത് . അതിനുശേഷം അദ്ദേഹത്തിന് ബാങ്കിൽ ജോലി ലഭിച്ചു എന്നാൽ അദ്ദേഹം റിസർവ് ബാങ്ക് ജോലി സ്വീകരിച്ചില്ല. എന്നാൽ പിന്നീട് സ്വന്തം വീട്ടിലെ സാഹചര്യങ്ങൾ മൂലം അദ്ദേഹത്തിന് ദേശീകൃത ബാങ്കിലെ ജോലി സ്വീകരിക്കേണ്ടി വന്നു.

ആദരണീയ അദ്ധ്യക്ഷൻ , അദ്ദേഹം രണ്ടുവർഷം ഹൈദരാബാദിൽ ജോലി ചെയ്തിരുന്നു എന്ന കാര്യം താങ്കൾക്കും സന്തോഷം നൽകും എന്ന് എനിക്കറിയാം. അദ്ദേഹം മുംബൈ, ഹൈദരാബാദ്, ദില്ലി എന്നിങ്ങനെ അനേകം സ്ഥലങ്ങൾ സന്ദർശിച്ചിരുന്നു എന്നാൽ പട്ടണങ്ങളുടെ ആകർഷണവലയത്തിൽ ഒരിക്കലും ആകർഷിക്കപ്പെടുന്ന വ്യക്തിത്വം ആയിരുന്നില്ല അദ്ദേഹത്തിന്റെത്. രവിവാർ എന്ന ദിനപത്രത്തിൽ ജോലി നോക്കുവാൻ അദ്ദേഹം കൽക്കട്ടയിൽ പോവുകയുണ്ടായി. ശ്രീ എസ് പി സിംഗ് ടെലിവിഷൻ രംഗത്ത് തിളങ്ങുന്ന ഒരു താരമാണ് എന്ന കാര്യം നമുക്ക് ഏവർക്കും അറിയാം ശ്രീ എസ് പി സിംഗുമായി ചേർന്ന് അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അവിടെ നിന്നാണ് അദ്ദേഹത്തിന്റെ ജീവിതം തുടങ്ങുന്നത്.

ധരം യുഗ എന്ന പ്രസിദ്ധീകരണത്തിൽ ഏറെ അർപ്പണ മനോഭാവത്തോടെ ആണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. അദ്ദേഹം ചന്ദ്രശേഖർ ജിയുടെ ആത്മമിത്രം കൂടിയായിരുന്നു നാം വഹിക്കുന്ന പദവിയുടെ ഗരിമയും ചെയ്യുന്ന ജോലിയുടെ മൂല്യബോധവും നാമറിയാതെതന്നെ നമ്മെ സമ്പന്നമാക്കുന്നു. ചന്ദ്രശേഖർ ജിയുടെ സംഘത്തിൽ പ്രവർത്തിച്ചിരുന്നതിനാൽ അദ്ദേഹത്തിന് എല്ലാവിധ വിവരങ്ങളും ലഭിച്ചിരുന്നു . ചന്ദ്രശേഖർ ജി രാജിവയ്ക്കാൻ പോകുന്ന വിവരം അദ്ദേഹം അറിഞ്ഞിരുന്നു . അന്നും അദ്ദേഹത്തിന് പത്രങ്ങളുമായി

ബന്ധമുണ്ടായിരുന്നു. പത്ര ലോകവുമായി ഒരുപാട് സൗഹൃദബന്ധങ്ങൾ ഉണ്ടായിരുന്നു എന്നാൽ സ്വന്തം പത്രത്തിൽ പോലും ചന്ദ്രശേഖർ ജി രാജിവയ്ക്കാൻ പോകുന്ന വിവരം നൽകാതെ അദ്ദേഹം രഹസ്യം സൂക്ഷിച്ചു . ആ വിവരം നൽകി അദ്ദേഹത്തിന്റെ സ്വന്തം പത്രം പോലും നേട്ടം കൈവരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല

ഹരിവംശ് ജി ബിഹാറിലെ രവിവാർ എന്ന പത്രത്തിൽ ചേർന്നു. അന്ന് അത് അവിഭാജിത ബീഹാറിന്റെ ഭാഗമായിരുന്നു. ജാർഖണ്ഡ് ഉണ്ടായത് അതിനുശേഷമാണ് . അദ്ദേഹം റാഞ്ചിയിൽ പോയി പ്രഭാത് ഖബർ എന്ന പത്രത്തിൽ ജോലി ചെയ്യാൻ ആരംഭിച്ചു. കേവലം 400 കോപ്പി ആയിരുന്നു ആ പത്രത്തിന്റെ അന്നത്തെ പ്രചാരം . ബാങ്ക് ഉദ്യോഗം ഉൾപ്പെടെ അനേകം അവസരങ്ങൾ ജീവിതത്തിൽ ലഭിച്ച വ്യക്തിയാണ് 400 കോപ്പി വിൽപ്പനയുള്ള പത്രത്തിൽ ജോലി തേടുന്നത് . നാല് പതിറ്റാണ്ട് നീണ്ടുനിന്ന പത്രപ്രവർത്തനരംഗത്തെ ജീവിതം. ജീവിതത്തിലുടനീളം സമൂഹത്തിനു വേണ്ടി നിലകൊള്ളുന്ന ധീര പത്രപ്രവർത്തകനായിരുന്നു അദ്ദേഹം. അധികാരത്തിലിരിക്കുന്നവർക്ക് വേണ്ടിയുള്ളതായിരുന്നില്ല പത്രപ്രവർത്തന ശൈലി. അതിനാൽ ഹരിവംശ് ജിയെ തെരഞ്ഞെടുക്കുന്നതിന് പ്രധാന കാരണം അദ്ദേഹം സാമൂഹ്യപ്രതിബദ്ധതയുള്ള പത്രപ്രവർത്തകനാണ് എന്നതാണ്. ഭരിക്കുന്നവർക്ക് വേണ്ടിയുള്ള പത്രപ്രവർത്തനം അല്ല അദ്ദേഹം നടത്തിയത്.

പൊതുജന പ്രസ്ഥാനങ്ങളുടെ ഭാഗമായിട്ടാണ് പത്രങ്ങൾ നടത്തിയിരുന്നത് . പരംവീർ ഗാലന്ററി അവാർഡ് നേടിയ ആൽബർട്ട് ഇക്ക രക്തസാക്ഷിയായ ശേഷം ഒരു പത്രവാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി. ആ വീര യോദ്ധാവിന്റെ ഭാര്യ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും ജീവിതം തള്ളിനീക്കുകയാണ് എന്നതായിരുന്നു ആ വാർത്ത. ഇത് 20 വർഷം മുമ്പുള്ള കാര്യമാണ്. ഹരി വംശ് ജി ആ ചുമതല ഏറ്റെടുക്കുകയും ജനങ്ങളിൽനിന്ന് ഏതാണ്ട് നാല് ലക്ഷം രൂപ പിരിച്ചെടുത്ത് വീര യോദ്ധാവിന്റെ വിധവയ്ക്ക് നൽകുകയും ചെയ്തു.

ഒരിക്കൽ നക്സലൈറ്റുകൾ ആദരണീയനായ ഒരു വ്യക്തിയെ തട്ടിക്കൊണ്ടുപോയി. ഹരിവംശ് ജി iസ്വന്തം പരിചയ ശൃംഖല ഉപയോഗപ്പെടുത്തി നക്സലൈറ്റുകളെ തേടിച്ചെന്ന് അവരുമായി സംസാരിച്ച തട്ടിയെടുക്കപ്പെട്ട വ്യക്തിയെ മോചിപ്പിക്കുകയും ചെയ്തു. സ്വന്തം ജീവിതം പണയപ്പെടുത്തി ആണ് ഇത് ചെയ്തത്. പരന്ന വായനയുള്ള അനേകം പുസ്തകങ്ങൾ രചിച്ചിട്ടുള്ള വ്യക്തികൂടിയാണ് അദ്ദേഹം. എനിക്ക് തോന്നുന്നത് ന്യൂസ് പേപ്പർ നടത്തിപ്പിലും പത്രപ്രവർത്തകരെ പരിശീലിപ്പിക്കാനും സാമൂഹ്യ പ്രവർത്തനത്തെക്കാളും സാമൂഹ്യ സേവനത്തെക്കാളും എളുപ്പമുള്ള കാര്യങ്ങൾ ആണെന്നാണ്. ഭരിക്കുന്നവരും ആയി ഇടപെടുന്നത് മറ്റൊരു അനുഭവമാണ്.

നല്ലൊരു പാർലമെന്റ് അംഗമായി കാലാവധി കഴിയും വരെ എങ്ങനെ പ്രവർത്തിക്കണമെന്ന് താങ്കൾ മറ്റുള്ളവർക്ക് കാണിച്ച കൊടുത്തു. എന്നാൽ സഭയിൽ പലപ്പോഴും കളിക്കാരെക്കാൾ കൂടുതൽ സമ്മർദ്ദത്തിലാണ് അമ്പയർമാർ. എല്ലാവരും നിയമം അനുസരിച്ച് പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നത് അതികഠിനമായ ഒരു ജോലി കൂടിയാണ്. എന്നാൽ ഹരിവംശ് ജിക്കു ഈ ജോലി നന്നായി നിർവഹിക്കുവാൻ ആകും

ഹരിവംശ്ജിയുടെ പത്നി ശ്രീമതി ആശാജി ചമ്പാരൻ ജില്ലയിൽ നിന്നുള്ള വ്യക്തിയാണ് .അതിനാൽ കുടുംബക്കാർ മുഴുവൻ ജെപിക്കും ഗാന്ധിജിക്കും ഒപ്പം ചേർന്ന് പ്രവർത്തിച്ചിട്ടുള്ളവരാണ്. അദ്ദേഹത്തിൻറെ ഭാര്യ രാഷ്ട്രതന്ത്രത്തിലും എം എ ബിരുദം നേടിയിട്ടുണ്ട്. അവരുടെ ഈ അക്കാദമിക അറിവും താങ്കൾക്ക് ഇനി സഹായകമാകും.

ഇനിമുതൽ സഭയിലുള്ള നമുക്കേവർക്കും ഹരിയുടെ അനുഗ്രഹങ്ങൾ ഉണ്ടായിരിക്കും എന്ന് എനിക്കുറപ്പുണ്ട്. ഇനി മുതൽ എല്ലാവരും ഹരിയെ തന്നെ ആശ്രയിക്കും. അതിനാൽ ഈ വശത്തുള്ളവർക്കും മറുവശത്തുള്ള പ്രതിപക്ഷക്കാർക്കും ഒരുപോലെ താങ്കളുടെ പിന്തുണ ഉണ്ടാകുമെന്നും എനിക്ക് ഉറപ്പുണ്ട്.

2019



ശ്രീ നരേന്ദ്രമോദി പ്രധാനമന്ത്രി മുദ്ര യോജനയുടെ സമാരംഭം കുറിക്കുന്നു

"ചെറുകിട, മൈക്രോ ബിസിനസ് സംരംഭങ്ങളെ സാമ്പത്തികമായും സാമൂഹ്യമായും സഹായിക്കുകയും അവർക്ക് വിജയിക്കുവാൻ ഒരു വേദി ഒരുക്കുകയും ചെയ്തിട്ടുണ്ട്"

“രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയിലെ നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി യുടെ മറുപടി പ്രസംഗം

ഫെബ്രുവരി 7, 2019”

ഫെബ്രുവരി 07, 2019
രാജ്യസഭ
രാഷ്ട്രപതിയുടെ പ്രസംഗത്തിൽ നടന്ന നന്ദി പ്രമേയ ചർച്ചയിൽ പ്രധാനമന്ത്രിയുടെ മറുപടി പ്രസംഗം

രാഷ്ട്രപതിയുടെ പ്രസംഗത്തിന് മേലുള്ള നന്ദി പ്രമേയത്തിൽ സംസാരിക്കുവാൻ ആണ് ഞാൻ നിൽക്കുന്നത്. പ്രധാനമന്ത്രി എന്ന നിലയിൽ, രാഷ്ട്രത്തെ നയിക്കുന്നതിനും ഗവൺമെന്റിന്റെ വീക്ഷണത്തെക്കുറിച്ച് വിശദമാക്കിയതിനും ബഹുമാനപ്പെട്ട രാഷ്ട്രപതിയോട് ഞാൻ നന്ദി പറയുന്നു.

ഈ ഗവൺമെന്റ് അതിന്റെ സത്യസന്ധതയ്ക്കും സുതാര്യതയ്ക്കും പാവപ്പെട്ടവരുടെ ക്ഷേമത്തിനും അവരെ പരിപാലിക്കുന്നതിനും ദേശീയ താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകുന്നതിനും അഴിമതിക്കെതിരെ നടപടിയെടുക്കുന്നതിനും സജീവമായും വേഗത്തിലും പ്രവർത്തിക്കുന്നതിനും പേരുകേട്ടതാണ്. കറൻസി നോട്ടുകൾ പോക്കറ്റിൽ കെട്ടിക്കിടക്കുന്നതെങ്ങനെയെന്ന് കാണിക്കുന്ന ടെലിവിഷൻ ചിത്രങ്ങൾ ഇപ്പോഴും ഞാൻ ഓർക്കുന്നു.

ഇന്ന്, ചർച്ചയിൽ പല ബഹു. അംഗങ്ങളായ ബഹു. മല്ലികാർജുൻ ഖാർഗെജി, ശ്രീ ഭർതൃഹരിജി, ശ്രീ വേണുഗോപാൽജി, ശ്രീമതി ഹർസിമ്രത് കൗർ ബദൽജി, ശ്രീ ദിനേശ് ത്രിവേദിജി, ശ്രീ എം. സലിം ജി, ശ്രീ സൗമിത്ര ഖാൻ എന്നിവർ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു

സഭയിൽ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചവർക്കും അവരെ പ്രോത്സാഹിപ്പിച്ച മുഴുവൻ സഭകൾക്കും എന്റെ നന്ദി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ചർച്ചയിൽ വിമർശനവും ചില പൊരുത്തക്കേടുകളും ഉണ്ടായിട്ടുണ്ട്, ചിലർ അവർക്ക് ഇഷ്ടമുള്ളത് സംസാരിച്ചു. എന്നിരുന്നാലും, ഇത് ഒരു തിരഞ്ഞെടുപ്പ് വർഷമായതിനാൽ ഒരാൾക്ക് ഒന്നല്ലെങ്കിൽ മറ്റെന്തെങ്കിലും പറയേണ്ടിവരുമെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് തന്നെ ആ പ്രേരണയിൽ അവർ പ്രവർത്തിച്ചത് തികച്ചും സ്വാഭാവികമാണ്. എന്നിരുന്നാലും, ജനങ്ങളെ അഭിമുഖീകരിക്കാൻ ഒരിക്കൽ സഭ വിട്ടിറങ്ങിയാൽ, ഇത് തിരഞ്ഞെടുപ്പ് വർഷമായതിനാൽ ജനങ്ങൾക്ക് വേണ്ടി നമ്മൾ ചെയ്തതെല്ലാത്തിനും കണക്ക് പറയേണ്ടി വരും എന്നതും ഒരുപോലെ സത്യമാണ്. വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ആരോഗ്യകരമായ മത്സരത്തിന് നിങ്ങൾക്കെല്ലാവർക്കും എന്റെ ആശംസകൾ നേരുന്നു.

ഈ രാജ്യത്ത് ആദ്യമായി പൊതുതെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ പോകുന്ന കോടിക്കണക്കിന് യുവാക്കളെയും സ്വാഗതം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. അവരെല്ലാം അഭിനന്ദനം അർഹിക്കുന്നു, കാരണം ഒരാളുടെ വോട്ടവകാശം നേടിയെടുക്കുന്നത് ചെറിയ നേട്ടമല്ല. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പാർലമെന്റിന് ആദ്യമായി വോട്ട് ചെയ്യാൻ പോകുന്ന നമ്മുടെ പുതുതലമുറയെ നാമെല്ലാവരും സ്വാഗതം ചെയ്യണം, കാരണം അവർ രാജ്യത്തിന്റെ നയരൂപീകരണ പ്രക്രിയയുടെ ഭാഗമാകാൻ പോകുന്നു. അതിനാൽ, പുതിയ യുവ വോട്ടർമാർക്ക് ഞാൻ എന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു, രാജ്യത്തിന് പുതിയ ദിശാബോധം നൽകുന്നതിൽ പുതിയ തലമുറ പ്രധാന പങ്ക് വഹിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

മാഡം സ്പീക്കർ, ഞങ്ങൾ ഒരു പുതിയ ഇന്ത്യയെക്കുറിച്ചാണ് സംസാരിക്കുന്നത്, ഞങ്ങൾ പ്രതീക്ഷയോടും ബോധ്യത്തോടും കൂടിയാണ് സംസാരിക്കുന്നത്, അതേസമയം നിരാശയുടെ മുകളിൽ നിന്നാൽ നിരാശാജനകമായ മനസ്സോടെ ഒരു വ്യക്തിക്കോ സമൂഹത്തിനോ തനിക്കോ യുവതലമുറയ്ക്കോ വേണ്ടി ഒന്നും ചെയ്യാൻ കഴിയില്ല എന്നത് ഒരുപോലെ സത്യമാണ്.

പ്രത്യാശയും ബോധ്യവും ഉള്ളവർക്ക് മാത്രമേ അതിനു സാധിക്കൂ. കരയുന്നവരും പരാതിപ്പെടുന്നവരുമായ ആളുകൾക്ക് ഒരുപക്ഷേ സഹതാപം പറയുന്നവരെ ചുറ്റിനും കണ്ടെത്താൻ കഴിയും, പക്ഷേ മാറ്റങ്ങൾ കൊണ്ടുവരാൻ തീരുമാനിച്ചവരെ ഈ ആളുകൾക്ക് ചുറ്റും ഒരിക്കലും കാണാനാകില്ല.

ഒരു പുതിയ ഇന്ത്യയെ കുറിച്ച് പറയുമ്പോൾ, സ്വാമി വിവേകാനന്ദൻ പറഞ്ഞത് ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, കാരണം നമ്മുടെ മുൻകാല അനുഭവങ്ങൾ ഒരു അനിവാര്യതയായിരുന്നു, കാരണം അതുയേറെ നാശത്തിന്റെയും

അശാന്തിയുടെയും അനുഭവങ്ങളിലൂടെയുള്ള യാത്രയാണ് ഇന്ത്യയെ ഒരു പുതിയ ആധുനിക രാഷ്ട്രമായി മാറാൻ പ്രാപ്തരാക്കുന്നത്.

പുതിയ ഇന്ത്യ ഇപ്പോൾ ഒരു മഹത്തായ തഴച്ചുവളരുന്ന വൃക്ഷമായി പൂത്തുനിൽക്കുകയാണ്. പ്രതികൂല സാഹചര്യങ്ങളിലുള്ള ഒരാളുടെ വിശ്വാസമാണ് വളർച്ചയുടെയും വികാസത്തിന്റെയും പാതയിലേക്ക് നയിക്കുന്നത്. വിജയസാധ്യതയുള്ള ഒരു രാജ്യം എപ്പോഴും വെല്ലുവിളികളെ വെല്ലുവിളിക്കുന്നു. അത്തരമൊരു രാജ്യം വെല്ലുവിളികളെ പരാജയപ്പെടുത്തുന്നു, എന്നാൽ വെല്ലുവിളികളിൽ നിന്ന് ഒഴിഞ്ഞുമാറുന്നവർ കൂടുതൽ വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളെ ക്ഷണിച്ചുവരുത്തുന്നു.

അതിനാൽ, വെല്ലുവിളികളെ നേരിടാനും നമ്മുടെ രാജ്യത്തെ സാധാരണക്കാരുടെ പ്രതീക്ഷകളും അഭിലാഷങ്ങളും നിറവേറ്റാനും ഞങ്ങളുടെ എല്ലാ കഴിവുകളോടും കൂടി ഞങ്ങൾ ഏർപ്പെട്ടിരിക്കുന്നു. ഇന്ന്, 1947-ലെ ചില വസ്തുതകൾ പരാമർശിക്കപ്പെട്ടു. നല്ല കാര്യം. പക്ഷേ ചരിത്രത്തെ കുറിച്ച് പറയുമ്പോൾ ഈ കാലഘട്ടത്തെ നമ്മൾ ബിസി, എഡി എന്നിങ്ങനെ വിഭജിക്കുകയാണ്. 1947 മുതൽ 2014 വരെയുള്ള കാലഘട്ടത്തെ സ്പർശിച്ച ഇന്നത്തെ പ്രസംഗങ്ങൾ, ഒരു പക്ഷേ ആ പ്രഭാഷകർ ബിസി, എഡി എന്നിവയ്ക്ക് അവരുടേതായ നിർവചനങ്ങൾ നല്കിയിട്ടുണ്ട് എന്ന തോന്നലാണ് എനിക്ക് നൽകിയത്. അവരെ സംബന്ധിച്ചിടത്തോളം ബിസി എന്നാൽ 'കോൺഗ്രസിന് മുമ്പ്' എന്നാണ്, എന്നു വച്ചാൽ രാജ്യത്ത് , കോൺഗ്രസിന് മുമ്പ് എന്തെങ്കിലും വികസനം ഉണ്ടായിട്ടുണ്ട് എന്നവർ വിശ്വസിക്കുന്നില്ലെന്ന് സൂചിപ്പിക്കുന്നു, കോൺഗ്രസ് നിലവിൽ വരുന്നതിന് മുമ്പ് രാജ്യത്തെ ചവറുതൊട്ടിയിൽ ആയിരുന്നു എല്ലാം. അവരെ സംബന്ധിച്ചിടത്തോളം എ ഡി എന്നാൽ(ആഫ്റ്റർ ഡൈനാസ്റ്റി) 'രാജവംശത്തിന് ശേഷം' എന്നർത്ഥം, എന്ത് നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അതെല്ലാം അത് അവർക്ക് ശേഷം മാത്രമേ ഉണ്ടായിട്ടുള്ളൂ എന്നാണ്.എങ്കിലും , എന്തെങ്കിലും വിലയിരുത്തും മുൻപ് നമ്മൾ താരതമ്യം ചെയ്യണം, അത് ചെയ്യുന്നത് മോശമാണെന്ന് വിശ്വസിക്കാൻ നമുക്ക് കാരണങ്ങളില്ല . എന്തിന് വേണ്ടി നമ്മൾ ഇത്രയും അസ്വസ്ഥരാകണം? നാലര വർഷം മുമ്പത്തെ അവസ്ഥ എന്തായിരുന്നു, ഇന്നത്തെ അവസ്ഥ എന്താണ്?

ഈ നാലര വർഷം കൊണ്ട് നമ്മൾ എങ്ങനെ പുരോഗമിച്ചു?

ഈ വർഷങ്ങളിൽ, സമ്പദ്‌വ്യവസ്ഥയിൽ നിലവിൽ ഉണ്ടായിരുന്ന പത്തോ പതിനൊന്നോ സ്ഥാനങ്ങളിൽ നിന്നും ആറാം സ്ഥാനത്തേക്ക് ഇന്ത്യ കുതിച്ചു . നമ്മൾ ഒരു വസ്തുത മറക്കരുത്, ഈ നാലര വർഷത്തിനിടയിൽ സഭയിൽ ഇരിക്കുന്ന ഈ ആളുകൾ , അവരെ കണ്ടെത്താൻ തന്നെ പ്രയാസമായിരുന്നു, അവർ ഇരുന്നുകൊണ്ടു ലോക സമ്പദ്‌വ്യവസ്ഥയിൽ ഇന്ത്യ പതിനൊന്നാം സ്ഥാനത്തെത്തിയ നേട്ടത്തെ അഭിനന്ദിച്ചു. പതിനൊന്നാം റാങ്കിലെത്തുന്നത് അഭിമാനപ്രശ്നമായി കരുതിയിരുന്നവർക്ക് ഇപ്പോൾ ആറാം റാങ്ക് നിരാശാജനകമായത് എങ്ങനെയെന്ന് മനസ്സിലാക്കാൻ എനിക്ക് കഴിയുന്നില്ല.

മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ത്യ കൂടുതൽ നേരിട്ടുള്ള വിദേശനിക്ഷേപത്തിന് സാക്ഷ്യം വഹിക്കുന്നുണ്ട്.

മേക്ക് ഇൻ ഇന്ത്യയുടെ ശക്തി' ഉൽപ്പാദനത്തിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുന്നു. ഇന്ന്, ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സ്റ്റീൽ ഉൽപ്പാദക രാജ്യമാണ് ഇന്ത്യ. ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ മൊബൈൽ ഫോൺ നിർമ്മാണ രാജ്യം കൂടിയാണ് ഇന്ത്യ. ഇന്ന്, ലോകത്തിലെ ഏറ്റവും വലിയ നാലാമത്തെ ഓട്ടോമൊബൈൽ നിർമ്മാതാക്കളാണ് ഇന്ത്യ. ഇന്ത്യയും വിളകളുടെയും പാലിന്റെയും റെക്കോർഡ് ഉൽപ്പാദനം നടത്തുകയാണ്.

ലോകത്ത് ഏറ്റവും കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് ഡാറ്റ ഉപയോഗിക്കുന്നതായി അവകാശപ്പെടാൻ കഴിയുന്ന ഏതെങ്കിലും രാജ്യമുണ്ടെങ്കിൽ അത് ഇന്ത്യയാണ്. സ്റ്റാർട്ട്-അപ്പ് ഇക്കോസിസ്റ്റം രാജ്യത്ത് അതിന്റെ സ്ഥാനം ഉറപ്പിച്ച രീതിയിൽ, ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ബഹുരാഷ്ട്ര കമ്പനികളെ വെല്ലുവിളിക്കുന്ന നിലയിലാണ് അത്. വ്യോമയാന മേഖലയും അതിവേഗം കുതിച്ചുയരുന്നു. എന്നിരുന്നാലും, നിങ്ങൾ പ്രതിപക്ഷത്താണെങ്കിൽ, ഏത്

സാഹചര്യത്തിലും നിങ്ങൾ എതിർക്കേണ്ടത് അനിവാര്യമാണ്. നിങ്ങൾ എതിർക്കരുതെന്ന് ഞാൻ പറയുന്നില്ല, തീർച്ചയായും നിങ്ങൾ ചെയ്യണം. തീർച്ചയായും നിങ്ങൾ മോദിയെ വിമർശിക്കുകയും സർക്കാരിന്റെ നയങ്ങളെയും വിമർശിക്കുകയും ചെയ്യണം. ഇത് നല്ലതാണ്, ജനാധിപത്യത്തിന് അത്യന്താപേക്ഷിതമാണ്. എന്നിരുന്നാലും, മോദിയെയോ ബി ജെ പിയെയോ വിമർശിക്കുന്ന പ്രക്രിയയിൽ നമ്മൾ സ്വന്തം രാജ്യത്തെ വിമർശിക്കാൻ തുടങ്ങുന്നു എന്നാണ് എനിക്ക് തോന്നുന്നത്. ഇത് രാജ്യത്തിന്റെ ക്ഷേമത്തിന് വഴിയൊരുക്കുന്നില്ല. വിദൂര സ്വപ്നങ്ങളിൽ പോലും നമ്മളാരും നമ്മുടെ രാജ്യത്തെ വിമർശിക്കുകയോ നമ്മുടെ നാടിന് ചീത്തപ്പേരുണ്ടാക്കുകയോ ചെയ്യരുത്. സൂചിപ്പിക്കാൻ ഒരുപാട് കാര്യങ്ങളുണ്ട്; ലണ്ടനിൽ പത്രസമ്മേളനം നടത്തി അവർ രാജ്യത്തിന് എന്ത് പേരു കൊണ്ടുവരുന്നു? വ്യാജ വാർത്താ സമ്മേളനങ്ങൾ നടത്തി അവർ ഒന്നും പറഞ്ഞിട്ടില്ലെന്ന് ഇന്ന് പറയുന്നു. എന്റെ അന്തസ്സിന്റെ പരിധിക്കുള്ളിൽ നിൽക്കുന്നതാണ് എനിക്ക് കൂടുതൽ നല്ലത്.

മോദി തന്റെ പൊതു പ്രസംഗങ്ങളിൽ ആവർത്തിച്ച് പറയുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട രാഷ്ട്രപതിജി തന്റെ പ്രസംഗത്തിൽ കൃത്യമായി പരാമർശിച്ചതായി ഖർഗെജി ഇന്ന് പറയുകയായിരുന്നു. ഈ വാദത്തിലൂടെ, ഞങ്ങൾ സഭയ്ക്കുള്ളിൽ ഒന്നും പറയുകയും പരസ്യമായി മറ്റൊന്നു പറയുകയും ചെയ്യുന്ന ഇരട്ടത്താപ്പ് ഞങ്ങൾക്കില്ലെന്ന് സ്വയം തെളിയിക്കപ്പെടുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. പൊതുജനങ്ങൾക്കിടയിൽ ആയാലും സഭയിലായാലും ഞങ്ങൾ എപ്പോഴും സത്യം പറയുന്നു എന്ന കാര്യം നിങ്ങൾ അംഗീകരിച്ചതിൽ എനിക്ക് നിങ്ങളോട് ഒരുപാട് നന്ദിയുണ്ട്.പ്രധാനമന്ത്രി സത്യമാണ് സംസാരിക്കുന്നത്, രാഷ്ട്രപതിയും സത്യമാണ് സംസാരിക്കുന്നത്. സത്യം കേൾക്കുന്ന ശീലത്തോട് നിങ്ങൾ വിടപറഞ്ഞതാണ് പ്രശ്നം. സത്യം കേൾക്കുന്ന ശീലം നിങ്ങൾ മറന്നുപോകുന്ന തരത്തിൽ നുണ പറയുവാൻ നിങ്ങൾ ശീലിച്ചു

മോദി രാജ്യത്തെ സ്ഥാപനങ്ങളെ നശിപ്പിക്കുകയാണെന്നും താങ്കൾ പറഞ്ഞല്ലോ.നമുക്ക് ഒരു പഴഞ്ചൊല്ലുണ്ട് "ഉൾട്ട ചോർ, ചൗക്കിദാർ കോ ഡാട്ടെ" (കള്ളൻ കാവൽക്കാരനെ ചീത്ത വിളിക്കുന്നു) ഇവിടെ ചിന്തിക്കാൻ ചിലകാര്യങ്ങളുണ്ട്. രാജ്യത്ത് അടിയന്തരാവസ്ഥ അടിച്ചേൽപ്പിച്ചത് കോൺഗ്രസാണ്, നിങ്ങൾ പറയുന്നു മോദി സ്ഥാപനങ്ങൾ തകർക്കുന്നുവെന്ന് . കരസേനാ മേധാവിയെ ഗുണ്ടാ (തെരുവ് തെമ്മാടി) എന്ന് വിളിച്ചിരുന്നു, അത് ചെയ്തത് മറ്റാരുമല്ല, കോൺഗ്രസുകാരാണ്, എന്നിട്ടും ഇപ്പോഴും മോദി സ്ഥാപനങ്ങൾ നശിപ്പിക്കുകയാണെന്ന് പറയപ്പെടുന്നു. സൈന്യത്തെ കോൺഗ്രസുകാർ അപമാനിച്ചു, ഇപ്പോഴും മോദി സ്ഥാപനം നശിപ്പിച്ചുവെന്ന് പറയുന്നു. വ്യാജ ബുദ്ധാലോചന സിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നു, രാജ്യത്ത് ഒരു ഭരണമാറ്റം കൊണ്ടുവരാൻ ഒരു അട്ടിമറി നടത്തുകയാണെന്ന് പറയപ്പെടുന്നു. ഇത് ഇന്ത്യൻ സൈന്യത്തിന്റെ അഭിമാനത്തിന് എത്രത്തോളം ദോഷകരമാണെന്ന് ചിന്തിക്കുക. നിങ്ങൾക്ക് യഥാർത്ഥ ചിത്രത്തെക്കുറിച്ച് അറിയില്ല, കുറച്ച് ആഴ്ചകൾ നിങ്ങൾ രാഷ്ട്രീയം കളിച്ചിട്ടുണ്ടാകാം, എന്നാൽ നിങ്ങൾ ചെയ്ത പാപത്തെ കുറിച്ച് നിങ്ങൾക്ക് ഒരു ധാരണയുമില്ലഅത് നമ്മുടെ സൈനികരുടെ ഹൃദയത്തിൽ ആഴത്തിലുള്ള മുറിവുണ്ടാക്കിയതായി ഞാൻ കരുതുന്നു. ഇന്ത്യൻ സൈന്യം ഏതെങ്കിലും അട്ടിമറിക്ക് ശ്രമിക്കുമെന്ന് കരുതാൻ വയ്യ. സ്വാതന്ത്ര്യത്തിന് ശേഷം നമ്മൾ മോശം ദിനങ്ങളെ അഭിമുഖീകരിച്ചിട്ടുണ്ടാകാം , നമ്മുടെ രാജ്യത്തെ നയിച്ചത് ദുർബ്ബലമായ പ്രധാനമന്ത്രിമാരും ദുർബലമായ ഗവൺമെന്റും ആയിരുന്നിരിക്കാം നമ്മളെ നയിച്ചത് ഭ്രരിപക്ഷ ഗവൺമെന്റായാലും കൂട്ടുകക്ഷി സർക്കാരായാലും, അങ്ങിനെ ഒന്നും ഉണ്ടായിട്ടില്ല , നമ്മുടെ സൈന്യം ഒരിക്കലും ഇത്തരം പാപകരമായ പ്രവൃത്തികളിൽ ഏർപ്പെട്ടിട്ടില്ല. ശരി, നിങ്ങളുടെ അഭിപ്രായത്തിൽ ഞങ്ങൾ വളരെ മോശമായ കാര്യങ്ങളാണ് ചെയ്തിരിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. നാമെല്ലാവരും ഉത്തരവാദപ്പെട്ട ആളുകളാണ്.

നമ്മുടെ ഗവൺമെന്റ് സ്ഥാപനങ്ങളെ നശിപ്പിക്കുന്ന നിരുത്തരവാദപരമായ പ്രസ്താവനകൾ നടത്തുന്നത് നാം ശ്രദ്ധിക്കേണ്ടതാണ്. ലോകത്തിനാകെ മാതൃകയാകാൻ നമ്മുടെ രാജ്യത്തെ തിരഞ്ഞെടുപ്പ് കമ്മീഷനു കഴിയും. നമ്മുടെ എല്ലാ രാഷ്ട്രീയ പാർട്ടികളും തിരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനങ്ങൾ ചില ആവലാതികൾക്കിടയിലും അനുസരിക്കുന്നു. ഈ സ്ഥാപനം പോലും നശിപ്പിക്കാൻ പോകുന്നത് നമ്മൾ തന്നെയാണോ? ഇന്ന് നമ്മൾ അതിനെ നശിപ്പിക്കുകയാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും ക്രിയാത്മകമായ ചിന്തകൾ നമുക്കുണ്ടാകുമോ? അതുപോലെ, നിങ്ങളുടെ പരാജയത്തിന്റെ പഴി ഇവിഎമ്മുകളിൽ ആരോപിക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. നിങ്ങൾ

ഇവിഎമ്മുകളെ കുറ്റപ്പെടുത്തുന്ന തിരക്കിലായിരിക്കുമ്പോൾ ഇന്ന് രാജ്യം മുഴുവൻ ബജറ്റിനെ കുറിച്ച് ചർച്ച ചെയ്യുകയാണ്. നിങ്ങൾ എന്തിനാണ് ഇത്ര പേടിക്കുന്നത്, എന്താ നിങ്ങൾക്ക് പറ്റിയത്?

കോളനിവൽക്കരണ കാലഘട്ടം ഇന്ത്യയെ സംബന്ധിച്ചിടത്തോളം നീണ്ടതായിരുന്നു, എന്നാൽ ആ കാലഘട്ടത്തിൽ ആളുകൾ കലാപം നടത്തുകയോ രാജ്യത്തിന്റെ ഒരു ഭാഗത്ത് നിന്നോ മറ്റെവിടെയെങ്കിലുമോ സ്വാതന്ത്ര്യത്തിനായി ആളുകൾ ജീവൻ ത്യജിക്കുകയോ ചെയ്തിട്ടില്ല. 1857ൽ ഒരു സംഘടിത സംഘം ഉയർന്നുവെങ്കിലും മഹാത്മാഗാന്ധി വലിയ സംഭാവന നൽകിയിരുന്നു. അദ്ദേഹം രാജ്യത്തെ സാധാരണക്കാരനെ സ്വാതന്ത്ര്യ സമര സേനാനിയാക്കി മാറ്റി. അവർ ഉത്തുവാരുകയായിരുന്നെങ്കിൽ പോലും അത് സ്വാതന്ത്ര്യത്തിന്റെ ആത്മാവ് ഊട്ടിയുറപ്പിക്കാനായിരുന്നു. വിദ്യാർത്ഥികളെ പഠിപ്പിക്കുന്നുവെങ്കിലും അത് സ്വാതന്ത്ര്യത്തിനുവേണ്ടിയായിരുന്നു. അവർ ഖാദി വസ്ത്രം ധരിച്ചെങ്കിൽ അത് സ്വാതന്ത്ര്യത്തിന്റെ ആത്മാവിനെ പരിപോഷിപ്പിക്കാൻ വേണ്ടിയായിരുന്നു. ബാപ്പു രാജ്യത്തുടനീളം അത്തരമൊരു അന്തരീക്ഷം സൃഷ്ടിച്ചു. 1942ലെ 'ക്വിറ്റ് ഇന്ത്യാ സമരത്തിൽ' മുഴുവൻ രാജ്യവും ഏർപ്പെട്ടിരുന്നു. 1942- 1947 കാലഘട്ടം സ്വാതന്ത്ര്യ സമരത്തിന്റെ സുപ്രധാന വഴിത്തിരിവാണ്. രാജ്യത്തെ പ്രശ്നങ്ങളിൽ നിന്നും മോചിപ്പിക്കാനും നമ്മുടെ അവകാശങ്ങളേക്കാൾ നമ്മുടെ കടമകളിൽ ഊന്നൽ നൽകാനും 1942ലെ ഗാന്ധിയുടെ ഇന്ത്യപോലെ പ്രസ്ഥാനത്തിന്റെ മനോഭാവത്തോടെ നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റാനും രാജ്യത്തെ പ്രചോദിപ്പിക്കാനും അധികാരത്തോടെ ജനങ്ങളെ പ്രചൊടിപ്പിക്കാനും നമുക്ക് മുന്നോട്ടുവരാൻ കഴിയുമോ? രാഷ്ട്രപതി ഈ വിഷയം വളരെ പ്രാധാന്യത്തോടെ നമ്മുടെ മുൻപിൽ വെച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ എങ്ങനെ രാഷ്ട്രത്തെ നയിക്കുമെന്ന് ചിന്തിക്കുകയും ആശ്ചര്യപ്പെടുകയും ചെയ്തിരുന്നു. അവർ അതിനെ പരിഹസിച്ചിരുന്നു. എന്നാൽ സ്വാതന്ത്ര്യസമര സേനാനികൾക്ക് ഒരു നിശ്ചയദാർഢ്യം ഉണ്ടായിരുന്നു. സ്വാതന്ത്ര്യത്തിനായി ജീവൻ ബലിയർപ്പിച്ച ജനങ്ങൾക്ക് വ്യത്യസ്തമായ ഒരു മനോഭാവമുണ്ടായിരുന്നു. ക്ഷമയുണ്ടായിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ ജീവിക്കുന്ന ജനങ്ങളിൽ ആ ചൈതന്യം വളർത്താനുള്ള കഴിവ് ഈ നേതൃത്വത്തിനുണ്ട്. ഇത് എല്ലാവർക്കുമായി ഞാൻ ഉറപ്പിക്കുന്നു. ഇത് എനിക്കോ എന്റെ പാർട്ടിക്കോ വേണ്ടി മാത്രമല്ല. നമുക്ക് ഒരുമിച്ച് ഇത് നേടാം. അത് എന്റെ വ്യക്തിപരമായ നേട്ടങ്ങൾക്ക് വേണ്ടിയല്ല. സ്വാഭാവികമായും എനിക്ക് അത്തരം പരിമിതമായ ചിന്തകളില്ല. ഞാൻ ഒരിക്കലും ചെറുതായി ചിന്തിക്കുന്നില്ല. അത് കൊണ്ട് 125 കോടി ഇന്ത്യക്കാരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കണമെങ്കിൽ ചെറുതായി ചിന്തിക്കാൻ എനിക്ക് അവകാശമില്ല.

'ജബ് ഹോസ് ല ബനാ ലിയ ഊംചി ഉഡാൻ കാ,

ഫിർ ദേഖ്ന ഫിസുൽ ഹേ കാദ് ആസ്മാൻ കാ.'

ഈ ചൈതന്യത്തോടും പുതിയ നിശ്ചയദാർഢ്യത്തോടും കൂടി നാം മുന്നേറണം. പുതിയ സർക്കാർ രൂപീകരിച്ച് മൂന്നാഴ്ചയേ ആയിട്ടുള്ളൂ. എന്നാൽ ഒരു പഴഞ്ചൊല്ലുണ്ട് പുത്ര കേ ലക്ഷൻ പാൽനേ മേ ദിഖ് ജാതേ ഹേ. നമുക്കും ഞങ്ങളുടെ വിജയം ആഘോഷിക്കാമായിരുന്നു. എന്നാൽ ഞങ്ങൾ ആ വഴി തിരഞ്ഞെടുത്തില്ല. ആറ് മാസത്തെ തെരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകൾക്ക് ശേഷം അൽപ്പം വിശ്രമിക്കാമെന്ന് ഞങ്ങൾക്ക് ചിന്തിക്കാമായിരുന്നു. പക്ഷേ ഞങ്ങൾക്ക് ആ മാർഗ്ഗം ഇഷ്ടമല്ല. ഞങ്ങൾ ആ വഴി തിരഞ്ഞെടുക്കുന്നില്ല. രാജ്യത്തിന് വേണ്ടി ജീവിക്കാനാണ് ഞങ്ങൾ വന്നത്. മൂന്നാഴ്ചയ്ക്കുള്ളിൽ നിരവധി സുപ്രധാന തീരുമാനങ്ങളാണ് ഈ സർക്കാർ കൈക്കൊണ്ടത്. രാജ്യത്തെ പുരോഗതിയുടെ പാതയിലേക്ക് കൊണ്ടുപോകാൻ ഞങ്ങൾ ഓരോ നിമിഷവും വിനിയോഗിക്കുകയും ചെറുകിട കർഷകർ, ചെറുകിട വ്യാപാരികൾ, കർഷകത്തൊഴിലാളികൾ എന്നിവർക്ക് 60 വയസ് തികഞ്ഞതിന് ശേഷം പെൻഷൻ പോലുള്ള സുപ്രധാന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. നമ്മുടെ പ്രധാനമന്ത്രി കിസാൻ സമൃദ്ധി യോജന എല്ലാ കർഷകരെയും അതിൻറെ പരിധിയിൽ കൊണ്ടുവരുമെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്തിരുന്നു. അത് നിറവേറ്റി. പ്രതിരോധ ഉദ്യോഗസ്ഥരുടെ മക്കൾക്ക് നൽകുന്ന സ്കോളർഷിപ്പ് തുക വർധിപ്പിക്കുക മാത്രമല്ല അതോടൊപ്പം

നമ്മുടെ സമൂഹത്തിന്റെ സുരക്ഷ ഉറപ്പാക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ മക്കൾക്കും ഈ ആനുകൂല്യം നൽകാനുള്ള സുപ്രധാന തീരുമാനവും ഞങ്ങൾ എടുത്തു.

ഈ പാർലമെന്റിൽ മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട സുപ്രധാന നിയമങ്ങൾ അവതരിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ തയ്യാറെടുപ്പുകളും ഞങ്ങൾ നടത്തി. 2022ലെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനായി മുഖ്യമന്ത്രിമാരുടെ യോഗം, സർവകക്ഷിയോഗം, സർവകക്ഷി അധ്യക്ഷൻമാരുടെ യോഗം തുടങ്ങി ഒന്നിന് പുറകെ ഒന്നായി എല്ലാവരുമായും ചേർന്ന് സാധ്യമായ എല്ലാ നടപടികളും ഞങ്ങൾ മൂന്നാഴ്ചയ്ക്കുള്ളിൽ സ്വീകരിച്ചു. ഞാൻ എണ്ണാൻ തുടങ്ങിയാൽ അത് ദിവസേന ശരാശരി മൂന്ന് ജോലികൾ ആയിരിക്കും.

ബഹുമാനപ്പെട്ട സ്പീക്കർ സർ, ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പ്രസംഗം, മുൻ സർക്കാരുകൾ ഒരു ജോലിയും ചെയ്തില്ല എന്നല്ല. ഇവിടെ അണക്കെട്ടുകൾ നിർമ്മിച്ചതിനെക്കുറിച്ചുള്ള വിശദമായ ചർച്ച നടന്നിരുന്നു. ആ ചർച്ചകളിൽ ബാബാ സാഹിബ് അംബേദ്കറുടെ പേരും പറഞ്ഞാൽ നന്നായിരുന്നു. ഇന്ത്യയിൽ ജലവുമായി ബന്ധപ്പെട്ട എല്ലാ സംരംഭങ്ങളും അദ്ദേഹം മുൻകൈ എടുത്തായിരുന്നു ചെയ്തത്. എന്നാലും ഉയരത്തിനപ്പുറം ആളുകൾക്ക് നിലം കാണാൻ കഴിയില്ല. കേന്ദ്ര ജലപാതകൾ, ജലസേചനം, നാവിഗേഷൻ തുടങ്ങിയവയെക്കുറിച്ച് ബാബാ സാഹിബ് പറഞ്ഞത് ഇന്നും അർത്ഥപൂർണ്ണമാണെന്ന് ഞാൻ കരുതുന്നു. അദ്ദേഹം പറയാറുണ്ടായിരുന്ന 'മനുഷ്യനെ കൂടുതൽ കഷ്ടപ്പെടുന്നത് ജലത്തിന്റെ അഭാവമാണ്', ബാബാ സാഹിബ് പ്രകടിപ്പിച്ച ഉത്കണ്ഠ മനസ്സിലാക്കി, ഇക്കാര്യത്തിൽ നമ്മൾ എന്തെങ്കിലും ചെയ്യണം.

പല അണക്കെട്ടുകളെയും കുറിച്ച് ചർച്ച നടക്കുമ്പോഴാണ് സർദാർ സരോവർ അണക്കെട്ടിനെക്കുറിച്ച് പരാമർശമുണ്ടായത്. ബഹുമാനപ്പെട്ട സ്പീക്കർ കുറച്ചുകൂടി സമയം എടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ചിലപ്പോൾ തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനകൾ നടത്താറുണ്ട്. തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിൽ താൽപ്പര്യം പ്രകടിപ്പിക്കുന്ന തരത്തിലുള്ളതാണ് അവരുടെ ചിന്താഗതി. അവർ ഒരിക്കലും സത്യം പുറത്തുവരാൻ അനുവദിക്കുന്നില്ല. ഇന്ന് ഞാൻ നൽകുന്ന വിശദീകരണത്തിന് ശേഷവും സത്യം പുറത്തുവരുമെന്ന് ഉറപ്പില്ല. അത് ഇവിടെ മാത്രമേ നിലനിൽക്കൂ. പക്ഷേ ഞാൻ എന്റെ കടമ ചെയ്യുവെന്ന് വാദിക്കും. പണ്ഡിറ്റ് നെഹ്റു 1961ൽ സർദാർ സരോവർ അണക്കെട്ടിന് തറക്കല്ലിട്ടു. സർദാർ വല്ലഭായ് പട്ടേലിന്റെ സ്വപ്നമായിരുന്നു അത്. തറക്കല്ലിട്ടത് 1961ലാണ്. എന്നാൽ പതിറ്റാണ്ടുകളായി അംഗീകാരം ലഭിച്ചില്ല. തറക്കല്ലിട്ട . അക്കാലത്ത് 6000 കോടി രൂപയുടെ പദ്ധതിയായിരുന്നു ഇത്. അണക്കെട്ടിന്റെ നിർമാണം പൂർത്തിയാകുമ്പോഴേക്കും ചെലവ് 60,00070,000 കോടി രൂപയായി ഉയർന്നു. അത് രാജ്യത്തിന് എന്ത് സേവനമാണ് ചെയ്തത്? യു.പി.എ സർക്കാരിന്റെ കാലത്തും നിർമാണം തടയാൻ ശ്രമം നടന്നിരുന്നു. 1986-87ൽ 6000 കോടിയായിരുന്ന ചെലവ് 62000 കോടിയായി ഉയർന്നു. പിന്നീട് നമ്മുടെ സർക്കാർ വന്ന് അത് പൂർത്തിയാക്കി. യു.പി.എ സർക്കാരിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ മുഖ്യമന്ത്രിയെന്ന നിലയിൽ എനിക്കു നിരാഹാര സമരം നടത്തേണ്ടിവന്നു. പ്രധാനമന്ത്രിയായി 15 ദിവസത്തിനകം അതിന്റെ പൂർത്തീകരണത്തിലെ എല്ലാ തടസങ്ങളും ഞാൻ നീക്കി. ഇന്ന് ഏകദേശം നാല് കോടി ജനങ്ങൾ ഈ അണക്കെട്ടിലൂടെ വെള്ളം എടുക്കുന്നുണ്ട്. ഏഴ് മെട്രോ നഗരങ്ങളിലേക്കും ഏകദേശം 127 മുനിസിപ്പാലിറ്റികളിലേക്കും ഒൻപതിനായിരം ഗ്രാമങ്ങളിലേക്കും ഈ അണക്കെട്ടിലൂടെ വെള്ളം വിതരണം ചെയ്യുന്നു.

രാജസ്ഥാനിലെയും ഗുജറാത്തിലെയും ജനങ്ങൾക്ക് ജലക്ഷാമം മൂലമുള്ള ബുദ്ധിമുട്ട് നന്നായി മനസ്സിലാക്കാൻ കഴിയും. അതിനാൽ ഇത്തവണ ഞങ്ങൾ പ്രത്യേക ജലശക്തി മന്ത്രാലയം രൂപീകരിച്ചു. ജലക്ഷാമം നാം ഗൗരവമായി കാണണം. ഈ സീസണിൽ ജലസംരക്ഷണത്തിന് കൂടുതൽ ഊന്നൽ നൽകണം. എല്ലാ ബഹുമാനപ്പെട്ട സഭാംഗങ്ങൾ , എൻ.ജി.ഒ എന്നിവരോടു ഞാൻ അഭ്യർഥിക്കുന്നു , വെള്ളം സംരക്ഷിക്കുന്നതിൽ സംഭാവന നൽകണം, അതും സർക്കാർ സംവിധാനത്തിന് പുറത്ത്. മനുഷ്യ ജീവൻ രക്ഷിക്കാൻ വെള്ളം സംരക്ഷിക്കണം. ജലപ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിക്കുന്നത് രണ്ട് വിഭാഗത്തിനാണ്. പാവപ്പെട്ടവർക്കും പ്രത്യേകിച്ചും നമ്മുടെ അമ്മമാർക്കും സഹോദരിമാർക്കും . എന്റെ സോഷ്യലിസ്റ്റ് സുഹൃത്തുക്കളെക്കുറിച്ച് എനിക്കറിയില്ല, പക്ഷേ ലോഹ്യാജി പറയുമായിരുന്നു, 'ഈ രാജ്യത്തെ സ്ത്രീകളുടെ ഏറ്റവും വലിയ രണ്ട് പ്രശ്നങ്ങൾ വെള്ളവും ശൗചാലയവും ആണ് എന്ന്. നമ്മുടെ അമ്മമാരും സഹോദരിമാരും ഈ പ്രശ്നങ്ങളിൽ നിന്ന് മുക്തി നേടണമെന്ന് അദ്ദേഹം നിർബന്ധിച്ചു.

അതിനാൽ ഞങ്ങൾ സ്ത്രീകളുടെ അന്തസ്സ് വീണ്ടെടുക്കാൻ ടോയ്‌ലറ്റുകൾ നിർമ്മിക്കുകയും ലോഹ്യജിയുടെ സ്വപ്നം സാക്ഷാത്കരിക്കാൻ എല്ലാ ശ്രമങ്ങളും നടത്തുകയും ചെയ്തു. ഇപ്പോൾ ഞങ്ങൾ ജലപ്രശ്നത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും 'ഹർ ഘർ കോ ജൽ' എന്ന മന്ത്രവുമായി മുന്നോട്ടുപോകുകയും ചെയ്യും. ഇത് വലുതും ബുദ്ധിമുട്ടുള്ളതുമാണെന്ന് എനിക്കറിയാം. 70 അല്ല, 100ൽ 50 മാർക്ക് മാത്രം നൽകി ആരെങ്കിലും അത് വിലയിരുത്തി എന്നെ പരാജയപ്പെടുത്തിയേക്കാം. എന്നിരുന്നാലും ആരെങ്കിലും ഇതിനായി മുൻകൈയെടുക്കണം. ഞങ്ങൾ മുൻകൈ എടുത്ത് ഞങ്ങൾ ഒരു പ്രത്യേക ജലശക്തി മന്ത്രാലയം രൂപീകരിച്ചു.

ജലസംരക്ഷണം കൂടാതെ, ജലസേചനമാണ് അടുത്ത വലിയ ഉത്തരവാദിത്തം. ലോകമെമ്പാടും തെളിയിക്കപ്പെട്ടിട്ടുണ്ട് കരിമ്പ് ഉൽപാദനത്തിൽ മൈക്രോ ഇറിഗേഷൻ പ്രയോജനകരമാണെന്ന് . എന്നാലും നമ്മൾ ഇപ്പോഴും ഫ്ലഡ് ഇറിഗേഷനെ ആണ് ആശ്രയിക്കുന്നത്. മൈക്രോ ഇറിഗേഷനാണ് നല്ലതെന്നും സർക്കാർ പദ്ധതിയാണെന്നും ഫണ്ട് അനുവദിക്കുമെന്നും കർഷകർക്ക് ആരാണ് മനസ്സിലാക്കിക്കൊടുക്കുക? മൈക്രോ ഇറിഗേഷൻ വെള്ളം ലാഭിക്കുന്നതിന് സഹായകമാകും. നമ്മുടെ രാജ്യ പുരോഗതി ഉറപ്പാക്കാൻ ഓരോ തുള്ളി വെള്ളവും സംരക്ഷിക്കാൻ നാം ആരംഭിക്കേണ്ട നിരവധി നടപടികളുണ്ട്. കൃഷി നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ്. നമ്മുടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ്. പക്ഷേ നമ്മൾ പഴയ രീതികളിൽ നിന്ന് മുക്തി നേടേണ്ടതുണ്ട്. ഇൻപുട്ട് ചെലവ് കുറയ്ക്കാൻ ശ്രമിക്കണം. സീറോ ബജറ്റിംഗ് ഫാമിംഗ് എന്ന പരീക്ഷണം വിജയം കൊയ്യുന്നു. ഇത് ഉൽപ്പാദനത്തിൽ കുറവുണ്ടാക്കില്ല. സമഗ്രമായ ആരോഗ്യ പരിരക്ഷയുടെ ഭൂണനിലവാരം ഇന്നത്തെ കാലത്ത് മെച്ചപ്പെട്ടിട്ടുണ്ട്. രാഷ്ട്രീയ അതിർവരമ്പുകൾക്ക് അതീതമായി ഉയരുന്ന കർഷകരുടെ താൽപര്യങ്ങൾ മുൻനിർത്തിയും ഇവ സർക്കാർ സംരംഭങ്ങളാണെന്ന് പരിഗണിക്കാതെയും ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ നമ്മൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ കർഷകർക്ക് കൈത്താങ്ങ് നൽകണം. കോർപ്പറേറ്റ് ലോകത്തിന് കാർഷിക മേഖലയിൽ നിക്ഷേപമില്ല. കൃഷിയിൽ നിക്ഷേപം നടത്താൻ അവരെ നമ്മൾ പ്രോത്സാഹിപ്പിക്കണം. അവർക്കായി പുതിയ നിയമങ്ങളും നയങ്ങളും രൂപപ്പെടുത്തേണ്ടതുണ്ട്. ഒരു കമ്പനി ട്രാക്ടർ നിർമിച്ചാൽ കൃഷിയിൽ നിക്ഷേപം നടത്തിയെന്ന് പറയാനാകില്ല. ഗോഡൗണുകളുടെയും കോൾഡ് സ്റ്റോറേജുകളുടെയും നിർമ്മാണത്തിനായി കോർപ്പറേറ്റ് മേഖല നേരിട്ട് ഭക്ഷ്യ സംസ്കരണത്തിൽ നിക്ഷേപം നടത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അത് ഉയർത്താൻ നമ്മൾ പ്രവർത്തിക്കണം. എഫ്.പി.ഒകളുടെ സഹായത്തോടെ കർഷകർക്ക് പരമാവധി അവസരം നൽകി അവർക്ക് വേണ്ടി വിത്ത് മുതൽ വിപണി വരെ ഒരു സംവിധാനം ഏർപ്പെടുത്തണം. ഇത് കാർഷിക മേഖലയിൽ കയറ്റുമതിക്ക് വലിയ സാധ്യതകൾ സൃഷ്ടിക്കും. ആ മേഖലകളിൽ നാം ഊന്നൽ നൽകണം. ആ മേഖലയിൽ ശക്തി പകരണം .

കഴിഞ്ഞ തവണ, 2014ൽ പയറുവർഗങ്ങളുടെ വില ഒരു പ്രശ്നമായി മാറിയിരുന്നു. പക്ഷേ കർഷകരുടെ മനോഭാവം നോക്കൂ. പയർ കൃഷിക്ക് മുന്നിട്ടിറങ്ങാൻ ഞാൻ അവരോട് ഒരു ലളിതമായ അഭ്യർത്ഥന നടത്തിയിരുന്നു. എൻറെ രാജ്യത്തെ കർഷകർ രാജ്യത്തിന്റെ പയറുവർഗങ്ങളുടെ ആവശ്യകത നിറവേറ്റാൻ കഠിനമായി അധ്വാനിച്ചു. പയറുവർഗങ്ങൾക്കു ശേഷം എണ്ണക്കുരുക്കൃഷി ചെയ്യാൻ കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. രാജ്യത്തിന് എണ്ണയുടെയും ഭക്ഷ്യ എണ്ണയുടെയും ഇറക്കുമതി ആവശ്യമില്ല. രാജ്യത്തെ കർഷകരെ പ്രോത്സാഹിപ്പിക്കാൻ സാധ്യമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ കർഷകന്റെ ശക്തിയും രാജ്യത്തിന്റെ ആവശ്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഭാവിയിലേക്കുള്ള കാഴ്ചപ്പാടോടെ നമുക്ക് പ്രവർത്തിക്കാം. ആ ദിശയിൽ നാം മുന്നേറണം.

ബഹുമാനപ്പെട്ട സ്പീക്കർ സർ, സ്ഥിതിവിവരക്കണക്കുകൾ എല്ലാവിധത്തിലും വിമർശനത്തിന് ഉപയോഗിക്കാമെന്നത് ശരിയാണ്. ഒരു കാലഘട്ടത്തിൽ രാജ്യത്തിന്റെ സ്വപ്നങ്ങൾ പൂർത്തീകരിക്കുക എന്നത് ആഹ്ലാദിക്കേണ്ട കാര്യമാണെങ്കിലും മറ്റൊരു കാലഘട്ടത്തിലെ അതേ നേട്ടം അസ്വീകാര്യമായ കാര്യമായി മാറുന്നു. അതേ സഭയിൽ സമ്പദ്‌വ്യവസ്ഥയുടെ കാര്യത്തിൽ ഇന്ത്യ 13ൽ നിന്ന് പഞ്ചാമാം സ്ഥാനത്തേക്ക് ഉയർന്നപ്പോൾ, വലിയ ആവേശവും ബെഞ്ചുകളും തപ്പി. അത് വലിയ നേട്ടമായി വിലയിരുത്തപ്പെട്ടു. എന്നാൽ ഇപ്പോൾ ഇന്ത്യ ആറാം സ്ഥാനത്തേക്ക് മെച്ചപ്പെട്ടപ്പോൾ, പിന്നെ എന്തിനാണ് നിരാശ . പതിനൊന്നിൽ നിന്നും ആറിൽ എത്തുമ്പോൾ സന്തോഷം അല്ലേ വേണ്ടത്. രാജ്യം ഒന്നുതന്നെയാണ്. നമ്മൾ ഒരേ രാഷ്ട്രത്തിലെ ജനങ്ങളാണ്. പതിനൊന്നാം

സ്ഥാനത്തേക്കുള്ള പുരോഗതി നമ്മെ സന്തോഷിപ്പിക്കുന്നുവെങ്കിൽ, ആറാം സ്ഥാനത്തെത്തുമ്പോൾ അത് നമ്മെ കൂടുതൽ സന്തോഷിപ്പിക്കണം. നമുക്ക് നിലം കാണാൻ കഴിയാത്തത്ര ഉയരത്തിൽ എത്തിയാൽ ഇങ്ങനെ ആകുമായിരിക്കും ? എന്തുകൊണ്ടാണ് അഞ്ച് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ നമ്മുടെ എല്ലാവരുടെയും സ്വപ്നമായി മാറാത്തത്? നമ്മളെല്ലാവരും ചേർന്ന് രാജ്യത്തെ അഞ്ച് ട്രില്യൺ സമ്പദ്‌വ്യവസ്ഥയിലേക്ക് നയിച്ചാൽ ആർക്കാണ് നഷ്ടം? എല്ലാവർക്കും പ്രയോജനപ്പെടും. നാമെല്ലാവരും അതിനായി കഠിനാധ്വാനം ചെയ്യണമെന്ന് ഞാൻ വിശ്വസിക്കുന്നു. ആ സ്വപ്നവുമായി മുന്നോട്ടു പോകണം. 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയെ പരിഹസിച്ചെങ്കിലും രാജ്യത്തിനുള്ളിൽ അതിന്റെ പങ്ക് ആർക്കെങ്കിലും നിഷേധിക്കാനാകുമോ? ബഹുമാനപ്പെട്ട സ്പീക്കർ, ഞാനിവിടെ ആരെയും വിമർശിക്കാനല്ല, സമയം കളയാനും ആഗ്രഹിക്കുന്നില്ല. എനിക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. എന്നാൽ ചില കാര്യങ്ങൾ രാജ്യത്തെ അറിയിക്കേണ്ടത് പ്രധാനമാണ്.

നമ്മുടെ രാജ്യത്തിന് ആയുധ നിർമ്മാണത്തിൽ 200-225 വർഷത്തെ പരിചയമുണ്ട്. സ്വാതന്ത്ര്യാനന്തരം, നമുക്ക് 18 ആയുധ ഫാക്ടറികൾ ഉണ്ടായിരുന്നു. സ്വാതന്ത്ര്യാനന്തരം ആയുധ നിർമാണ മേഖലയിൽ ത്തിൽ ചൈന പൂജ്യം ആയിരുന്നു . ചൈനക്ക് അനുഭവപരിചയമില്ലായിരുന്നു. ഇന്ന് ചൈന ലോകമെമ്പാടും അവരുടെ പ്രതിരോധ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു. അതേസമയം ഞങ്ങൾ ലോകത്തെ ഒന്നാം നമ്പർ ഇറക്കുമതിക്കാരാണ്. ഈ യാഥാർത്ഥ്യത്തിൽ നിന്ന് നമുക്ക് രാജ്യത്തെ പിൻവലിക്കേണ്ടതുണ്ട്. മേക്ക് ഇൻ ഇന്ത്യയെ പരിഹസിച്ച് നിങ്ങൾ എന്ത് ചെയ്യും? ഒരുപക്ഷേ നിങ്ങൾക്ക് നല്ല ഉറക്കം ലഭിക്കുമെങ്കിലും അത് രാജ്യത്തിന് ഒരു ഗുണവും ചെയ്യില്ല.

ബഹുമാനപ്പെട്ട സ്പീക്കർ, എനിക്ക് സംസാരിക്കാൻ അവസരം നൽകിയതിന് നിങ്ങളോടും സഭയോടും ഞാൻ ശരിക്കും നന്ദിയുള്ളവനാണ്. ലോകത്തെ മികച്ച അഞ്ച് സമ്പദ്‌വ്യവസ്ഥകളുടെ ഗ്രൂപ്പിൽ ഇന്ത്യ പ്രവേശിക്കാനും കയറ്റുമതി വർധിപ്പിക്കാനും മേക്ക് ഇൻ ഇന്ത്യയെ കൂടുതൽ പ്രോത്സാഹിപ്പിക്കാനും സ്റ്റാർട്ടപ്പുകളുടെ മേഖലയിലെ യുവാക്കളെ പ്രോത്സാഹിപ്പിക്കാനുമുള്ള വഴികൾ നാം കണ്ടെത്തേണ്ടതുണ്ട്. ജയ് ജവാൻ, ജയ് കിസാൻ- ജയ് വിജ്ഞാനം ജയ് അനുസന്ധാൻ ഇവയെല്ലാം പ്രോത്സാഹിപ്പിക്കുകയും യുവാക്കൾക്ക് തൊഴിലവസരങ്ങൾ ഉറപ്പാക്കുകയും വേണം.

നമ്മുടെ രാജ്യത്തിന് ടൂറിസം മേഖലയിൽ വലിയ സാധ്യതകളുണ്ട്. പക്ഷേ, നമ്മുടെ രാജ്യത്തെക്കുറിച്ച് നിഷേധാത്മകമായ മതിപ്പ് സൃഷ്ടിച്ചു. നമ്മുടെ രാജ്യത്തെ ലോകത്തിനു അഭിമാനം ആക്കി ആകർഷിക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടു. ശുചീകരണ യജ്ഞം നമുക്ക് കരുത്ത് പകർന്നു. ടൂറിസത്തിന് ഊന്നൽ നൽകാം. രാജ്യത്ത് തൊഴിൽ സാധ്യത ഉയരും. ലോകത്തിനുമുമ്പിൽ വിനോദസഞ്ചാരത്തിന്റെ കാര്യത്തിൽ നമുക്ക് രാഷ്ട്രത്തിന്റെ ഒരു പുതിയ ഐഡന്റിറ്റി സൃഷ്ടിക്കാൻ കഴിയും. ഈ കാര്യങ്ങൾ നമ്മൾ മുന്നോട്ടുകൊണ്ടുപോകണം.

വരും ദിവസങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിലേക്ക് രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകണം. 100 ലക്ഷം കോടി രൂപ ,ഇതു പോലും രാജ്യത്തിന്റെ ആവശ്യവുമായി താരതമ്യം ചെയ്യുമ്പോൾ ചെറിയ തുകയായിരിക്കും. എന്നാൽ ഈ വലിയ സ്വപ്നം നാം മുന്നോട്ട് കൊണ്ടുപോകുകയും ലോകം നൽകുന്ന സഹായവും പിന്തുണയും പ്രയോജനപ്പെടുത്തുകയും വേണം. പുതിയ ഇന്ത്യ, ആധുനിക ഇന്ത്യ, ജീവിത സൗകര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള നമ്മുടെ സ്വപ്നങ്ങൾ അതിനു പിന്നിലുണ്ട്. സാധാരണക്കാരന് ഈസ് ഓഫ് ലിവിംഗ് , അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള എല്ലാ മാർഗങ്ങളും ഉണ്ടെന്ന് ഉറപ്പാക്കണം. അത്തരം സംവിധാനങ്ങൾ നാം വികസിപ്പിക്കേണ്ടതുണ്ട്. ഗ്രാമമായാലും നഗരമായാലും ഈ ലക്ഷ്യത്തിനായി എല്ലാവർക്കും തുല്യ അവസരം നൽകണം.

ഇന്ന് ലോകത്ത് നമ്മൾ ഡെമോഗ്രാഫിക് ഡിവിഡന്റിനെക്കുറിച്ച് സംസാരിക്കുന്നു. രാഷ്ട്രത്തിന് യുവശക്തിയുണ്ട്. പക്ഷേ, ലോകത്തിന്റെ ആവശ്യങ്ങൾക്കായി നമ്മുടെ യുവാക്കളെ സജ്ജമാക്കാൻ നമുക്ക് കഴിയുമോ? നമ്മൾ ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. നമുക്ക് നൈപുണ്യ വികസനത്തിന്റെ തോത് ഉയർത്തുകയും എല്ലാ അവസരങ്ങളും പിടിച്ചെടുക്കുകയും വേണം. ആധുനികതയിലേക്ക് എങ്ങനെ നമുക്ക് നീങ്ങാം എന്ന് ബഹുമാനപ്പെട്ട രാഷ്ട്രപതിജി പറഞ്ഞു തന്നിട്ടുണ്ട്. വിപണിക്കായി സർക്കാർ ജി.ഇ.എമ്മുമായി (GEM) രംഗത്തെത്തിയിട്ടുണ്ട്. എല്ലാ സംസ്ഥാന സർക്കാരുകളേയും, അവർ ഏത് പാർട്ടിയിൽ ഉൾപ്പെട്ടാലും, ജെം പോർട്ടൽ ഉപയോഗിക്കുന്നതിലൂടെ വലിയൊരു തുക ലാഭിക്കുകയും അനേകർക്ക് ഉപകാരപ്പെടുകയും ചെയ്യും. ഏതൊരു വ്യക്തിക്കും തന്റെ ഉൽപ്പന്നം സർക്കാരിന് വിൽക്കാം. അതിനായി എല്ലാവരും പ്രവർത്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

അഴിമതിക്കെതിരായ ഞങ്ങളുടെ പോരാട്ടം തുടരും. കറച്ചുപേരെ ജയിലിൽ അടയ്ക്കാത്തതിന്റെ പേരിൽ നാം ശപിക്കപ്പെടുകയാണ്. ആരെയും ജയിലിൽ അടയ്ക്കേണ്ട അടിയന്തരാവസ്ഥയല്ല ഇത്. ഇതാണ് ജനാധിപത്യം. ഈ ദൗത്യം നിർവഹിക്കാൻ കോടതിയുണ്ട്. ഞങ്ങൾ നിയമപരമായി പ്രവർത്തിക്കുന്നവരാണ് . ഇനി ആർക്കെങ്കിലും ജാമ്യം കിട്ടിയാൽ ആശ്വസിക്കുക, സന്തോഷിക്കുക . പ്രതികാര മനോഭാവത്തോടെ പ്രവർത്തിക്കാൻ പാടില്ല. എന്നാൽ അഴിമതിക്കെതിരായ പോരാട്ടം ഞങ്ങൾ തുടരും. ദൈവം നൽകിയ ശക്തിയും ജ്ഞാനവും ഉപയോഗിച്ച് നമ്മൾ എന്ത് ചെയ്താലും അത് സത്യസന്ധതയോടെ ചെയ്യുക. ആരോടും വെറുപ്പോടെ ഞങ്ങൾ ഒന്നും ചെയ്തില്ല. രാഷ്ട്രം നമുക്ക് ഒരുപാട് നൽകിയിട്ടുണ്ട്. നമുക്ക് അതുകൊണ്ട് തെറ്റായ വഴിയിലൂടെ നടക്കേണ്ടതില്ല.

സാങ്കേതിക വിദ്യ വലിയ തോതിൽ പ്രയോജനപ്പെടുത്താം. ബഹുമാനപ്പെട്ട സ്പീക്കർ, തീവ്രവാദത്തിന്റെ വിഷയത്തിൽ രാജ്യത്തു എന്തിന് അഭിപ്രായ വ്യത്യാസം ഉണ്ടാകണം? അത് മനുഷ്യരാശിക്ക് വലിയ ഭീഷണിയാണ്. അത് മനുഷ്യത്വത്തോടുള്ള വെല്ലുവിളിയാണ്. മനുഷ്യത്വത്തിൽ വിശ്വസിക്കുന്നവർ ഒന്നിച്ച് തീവ്രവാദത്തിനെതിരെ പോരാടണം.

നമുക്ക് സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് സംസാരിക്കാം. സ്ത്രീശാക്തീകരണം ഉറപ്പാക്കാൻ കോൺഗ്രസിന് നിരവധി അവസരങ്ങളുണ്ടായിരുന്നു. പക്ഷേ, ചില കാര്യങ്ങൾ കാണാൻ അവർക്ക് കഴിഞ്ഞില്ല. അൻപതുകളുടെ ഘട്ടത്തിൽ ഏകീകൃത സിവിൽ കോഡ് ചർച്ച ചെയ്യപ്പെടുകയായിരുന്നു. കോൺഗ്രസിന് അവസരം ലഭിച്ചെങ്കിലും അത് നഷ്ടമായി. അവർ ഹിന്ദു കോഡ് ബിൽ പാസാക്കി സ്ത്രീ ശാക്തീകരണ പ്രശ്നം ഒഴിവാക്കി. അതിനും മുപ്പത്തിയഞ്ച് വർഷങ്ങൾക്ക് ശേഷം കോൺഗ്രസിന് രണ്ടാമത്തെ അവസരം ലഭിച്ചു ഷാ ബാനോ കേസിൽ. സുപ്രീം കോടതി അവരെ പൂർണമായി സഹായിച്ചു. രാജ്യത്തെ സാഹചര്യം പോലും ലിംഗസമത്വത്തിന് അനുകൂലമായിരുന്നു. എന്നാൽ ആ ഉയരത്തിൽ നിന്ന് താഴെയുള്ള കാര്യങ്ങൾ കാണാൻ അവർ വിസമ്മതിക്കുകയും തൽഫലമായി അവസരം നഷ്ടപ്പെടുത്തുകയും ചെയ്തു. കഴിഞ്ഞ തവണ 35 വർഷങ്ങൾക്ക് ശേഷം വീണ്ടും കോൺഗ്രസിന് ഈ അവസരമുണ്ടായി. ഞങ്ങൾ ബില്ലുമായി വന്നിരിക്കുന്നു. ഈ രാജ്യത്തെ സ്ത്രീകളുടെ അഭിമാനം പ്രോത്സാഹിപ്പിക്കുക. ഇത് ഒരു മതവുമായും വിഭാഗവുമായും കൂട്ടിയോജിപ്പിക്കേണ്ടതില്ല. ഷാ ബാനോ വിഷയം നടക്കവേ ഒരു മന്ത്രി പറഞ്ഞത് ഞെട്ടിക്കുന്നതാണ് , കോൺഗ്രസിനെ ഓർമിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ടി.വി അഭിമുഖത്തിൽ അദ്ദേഹം നടത്തിയ പ്രസ്താവന വരുന്നത്. അത് പരിശോധിക്കാൻ എനിക്ക് സമയമില്ല. പക്ഷേ ഞാൻ കേട്ടത് കോൺഗ്രസിന്റെ മന്ത്രി പറയുന്ന അതേ കാര്യങ്ങൾ തന്നെയാണ് അദ്ദേഹം പറഞ്ഞത്. ഷഹബാനോ കേസ് നഗരത്തിൽ ചർച്ചയായപ്പോൾ ഒരു കോൺഗ്രസ് മന്ത്രി പറഞ്ഞു, 'മുസ്ലിം ഉന്നമനം കോൺഗ്രസിന്റെ ഉത്തരവാദിത്തമല്ല'. ഇത് ഗൗരവമുള്ള കാര്യമാണ്. മുസ്ലീങ്ങളുടെ ഉന്നമനം കോൺഗ്രസിന്റെ ഉത്തരവാദിത്തമല്ല. അവർ നമ്മുടെ രാജ്യത്തിന്റെ പൗരന്മാരാണ്, അവരുടെ ഉന്നമനത്തിനായി. യൂട്യൂബിന്റെ ലിങ്ക് ഞാൻ അയച്ചു തരാം.

ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ അധികം സമയമെടുക്കുന്നില്ല, എന്നാൽ 'ഗാന്ധി 150', 'സ്വാതന്ത്ര്യം 75' എന്നിവയെക്കുറിച്ച് രാഷ്ട്രപതി എന്താണ് സംസാരിച്ചത്. നമ്മുടെ രാജ്യത്ത് എല്ലാ കാര്യങ്ങളും ചില കാരണങ്ങളാൽ അവകാശങ്ങളെ കേന്ദ്രീകരിച്ചായിരുന്നുവെന്ന് ഞങ്ങൾ ശ്രദ്ധിക്കുന്നു. എല്ലാവരും അവകാശങ്ങളെ കുറിച്ച് സംസാരിച്ചു കൊണ്ടിരുന്നു. അവകാശങ്ങളിൽ നിന്ന് കടമകളിലേക്ക് രാജ്യത്തെ മാതൃകാപരമായ രീതിയിൽ മാറ്റേണ്ട ഒരു അവസരമാണിത്. ജനങ്ങളുടെ മനസ്സാക്ഷിയെ ഉണർത്താൻ ജനപ്രതിനിധിക്ക് കടമയുണ്ട്. ഇത്തരമൊരു നിർണായക സമയത്ത് നേതൃത്വം നൽകേണ്ടത് ജനപ്രതിനിധികളുടെ കടമയാണ്.

ഈ വിഷയം ഞാൻ പറയുന്നത് പോലെയല്ല. കടമയുടെ ശക്തിയെക്കുറിച്ച് നമ്മൾ ഓരോരുത്തരും കേട്ടിട്ടുണ്ട്. മഹാത്മാഗാന്ധി പറയാറുണ്ടായിരുന്നു. ഓരോ അവകാശവും അതിനനുസൃതമായ ഒരു കടമയും വഹിക്കുന്നു. ലോഹ്യാജി പറയുമായിരുന്നു. കടമ നിർവഹിക്കുമ്പോൾ, ലാഭമോ നഷ്ടമോ എന്ന ചോദ്യം ഉയരുന്നില്ല. ഈ ഉദ്ധരണി ഞാൻ വിശദീകരിക്കാം . ഇത് എല്ലാ ആളുകൾക്കും ഈ മാർഗത്തിലൂടെ സഞ്ചരിക്കാൻ ഇത് വെളിച്ചം കാണിക്കും.

ഇത് വളരെ പഴയ ഒരു ചൊല്ലാണ്. അതിങ്ങനെ ആണ്

"ലോകത്തെ പഠിപ്പിക്കാൻ ഇന്ത്യയ്ക്ക് വലിയ പാഠമുണ്ട്.

കടമകൾ ആണ് ഇവിടെ പ്രഥമസ്ഥാനത്ത് വരിക , ഈ കടമകളിൽ നിന്നാണ്, അവകാശങ്ങളുടെ ആവിർഭാവം സംഭവിക്കുന്നത്. എല്ലായിടത്തും സംഘർഷം നടക്കുന്ന, ഇന്നത്തെ ഭൗതിക ലോകത്ത്, അവരവരുടെ അവകാശങ്ങളെയും പദവികളെയും കുറിച്ച് എല്ലാവരും സംസാരിക്കുന്നു. അപൂർവ്വമായിട്ടു മാത്രമേ കടമകളെക്കുറിച്ച് ആരെങ്കിലും സംസാരിക്കുന്നുള്ളൂ . സംഘർഷത്തിൻറെ മൂലകാരണമതാകുന്നു.

അവകാശങ്ങൾക്കും പ്രത്യേകാവകാശങ്ങൾക്കും വേണ്ടി മാത്രമാണ് നമ്മൾ പോരാടുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്.പക്ഷേ

കടമകൾ മറന്നു കൊണ്ടാണ് അങ്ങിനെ ചെയ്യുന്നതെങ്കിൽ , ഈ അവകാശങ്ങളും പദവികളും നമ്മൾക്കൊപ്പം നിലനിൽക്കില്ല ".

ഇത് വ്യക്തമായ ഒരു തത്വമാണെന്ന് ഞാൻ കരുതുന്നു. പ്രസ്തുത ഉദ്ധരണി പറഞ്ഞ മഹാനായ വ്യക്തിയെ ഓർക്കേണ്ടത് നമ്മുടെ കടമയാണ്. അദ്ദേഹത്തെ വീണ്ടും സ്മരിച്ചുകൊണ്ട് നമുക്ക് ഈ കാര്യം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമോ? 1951 ജൂലൈ 14ന് ആണ് ആ മഹാ പുരുഷൻ ഇത് പറഞ്ഞത് . തെരഞ്ഞെടുപ്പിന് മുമ്പ് കോൺഗ്രസിന്റെ ആദ്യ പ്രകടനപത്രിക പ്രഖ്യാപിക്കുമ്പോൾ പണ്ഡിറ്റ് നെഹ്റുജിയാണ് ഈ ഖണ്ഡിക പറഞ്ഞത്. പണ്ഡിറ്റ് നെഹ്റുവിന്റെ സ്വപ്നമായ രാജ്യത്തെ കടമയുടെ പാതയിലേക്ക് കൊണ്ടുപോകുക എന്നത് അദ്ദേഹത്തിന്റെ ശാന്തമായ ആഗ്രഹമായി കണക്കാക്കി സാക്ഷാത്കരിക്കാൻ നമുക്ക് കഴിയുമോ എന്ന് ഞാൻ അത്ഭുതപ്പെടുന്നു. അത് യോജിച്ച രീതിയിൽ തീരുമാനിക്കുകയും രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകാനുള്ള ശ്രമങ്ങൾ നടത്തുകയും വേണം. മഹാത്മാഗാന്ധി രാജ്യത്തെ യുവാക്കളോട് പഠനം ഉപേക്ഷിച്ച് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാൻ ആവശ്യപ്പെട്ടപ്പോൾ നമ്മുടെ രാജ്യം അത് അനുഭവിച്ചിട്ടുണ്ട്. വിദേശ വസ്ത്രങ്ങൾ ഉപേക്ഷിക്കാനും തദ്ദേശീയമായവ സ്വീകരിക്കാനും ഗാന്ധിജി ഒരിക്കൽ ആവശ്യപ്പെട്ടു. ജനങ്ങൾ അങ്ങനെ ചെയ്തു. ലാൽ ബഹദൂർ ശാസ്ത്രിജി ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിക്കാനും ഭക്ഷ്യധാന്യങ്ങൾ ഉത്പാദിപ്പിക്കാനും ആവശ്യപ്പെട്ടു. രാജ്യം അങ്ങനെ ചെയ്തു. എന്നെപ്പോലുള്ള ഒരു ചെറിയ വ്യക്തി ഗ്യാസ് സബ്സിഡി ഉപേക്ഷിക്കാൻ ആവശ്യപ്പെട്ടു. ആളുകൾ അത് ചെയ്തു. രാജ്യം സജ്ജമാണ്. രാജ്യം എപ്പോഴും തയ്യാറാണ് എന്ന് പറയുക എന്നതാണ് ഇതിനർത്ഥം. വരൂ

ഒരു പുതിയ ഇന്ത്യ ഉണ്ടാക്കാനും ആധുനിക ഇന്ത്യയെ വികസിപ്പിക്കാനും നമുക്ക് ഒന്നിക്കാം. കാരണം രാജ്യം രാഷ്ട്രീയത്തിന് അതീതമാണ്. രാജ്യം ഏത് പാർട്ടിയേക്കാളും വലുതാണ്. രാജ്യത്തെ കോടിക്കണക്കിന് ആളുകൾക്ക് പ്രതീക്ഷകളും ആഗ്രഹങ്ങളുമുണ്ട്. അവ നിറവേറ്റുന്നതിന് രാഷ്ട്രപതി നമുക്ക് നല്കിയ മാർഗ്ഗനിർദ്ദേശങ്ങളും നിർദ്ദേശങ്ങളും പാലിക്കാം . ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പ്രസംഗത്തിന് മാത്രമല്ല, രാജ്യത്തിന്റെ നന്മയ്ക്കായി എന്തെങ്കിലും ചെയ്യുന്നതിനുള്ള അദ്ദേഹത്തിന്റെ വാക്കുകളെ ഞാൻ വിലമതിക്കുന്നു . ഈ പ്രതീക്ഷയോടെ ചർച്ച ഫലപ്രദമാക്കാൻ അംഗങ്ങൾ ശ്രമിച്ചു. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കർ അങ്ങേയ്ക്കും വളരെ നന്ദി.

രാജ്യസഭയുടെ ഇരുന്നൂറ്റി
അൻപതാം സമ്മേളനത്തിൽ
പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി
യുടെ പ്രസംഗം

നവംബർ 18, 2019

നവംബർ 18, 2019
രാജ്യസഭ

രാജ്യസഭയുടെ ഇരുന്നൂറ്റി അൻപതാം വാർഷിക സമ്മേളനത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി രാജ്യസഭയിൽ നടത്തിയ പ്രസംഗം

ആദരണീയനായ ചെയർമാൻ സർ, ഈ ഇരുന്നൂറ്റി അൻപതാം സെഷനിൽ എല്ലാ പാർലമെൻറ് അംഗങ്ങൾക്കും ഞാൻ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഈ ഇരുന്നൂറ്റി അൻപത് സമ്മേളനങ്ങളുടെ യാത്രക്കായി ഇതുവരെ സംഭാവന നൽകിയ എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. അവരെ ആദരപൂർവം സ്മരിക്കുന്നു.

ചെയർമാൻ സാർ , താങ്കൾ രണ്ടു വ്യത്യസ്ഥ സംഭവങ്ങളെക്കുറിച്ച് വളരെ വ്യക്തമായി ഒരേസമയം തന്നെ പരാമർശിച്ചു. എനിക്ക് തോന്നുന്നത് നമ്മുടെ രാജ്യ ചരിത്രം എഴുതുന്നവർ ഈ അവസരത്തെ സസൂക്ഷ്മം നിരീക്ഷിക്കുകയും ഇരുന്നൂറ്റി അൻപതാം സമ്മേളനം വെറുമൊരു സമ്മേളനം മാത്രമല്ല ആശയങ്ങളുടെ ഒരു നീണ്ട യാത്രയിലെ നാഴികക്കല്ലാണ് എന്ന് തിരിച്ചറിയുകയും ചെയ്യും എന്ന് ഞാൻ കരുതുന്നു

ചെയർമാൻ സർ, രണ്ട് വ്യത്യസ്ത സംഭവങ്ങൾ നിങ്ങൾ വളരെ വ്യക്തമായി അവതരിപ്പിക്കുമ്പോൾ. രാജ്യത്തെ ലേഖനങ്ങൾ എഴുതാൻ ഇഷ്ടമുള്ള ജനങ്ങൾ തീർച്ചയായും ഇത് ശ്രദ്ധിക്കുകയും ഇപ്പോൾ തന്നെ അത് എഴുതുകയും ചെയ്യുമെന്ന് ഞാൻ കരുതുന്നു, അവർ എഴുതുക ഇരുന്നൂറ്റി അൻപതാം സമ്മേളനം വെറുമൊരു സമ്മേളനം മാത്രമല്ല , മറിച്ച് ഇന്നേ വരെ നടന്നിട്ടില്ലാത്ത ആശയങ്ങളുടെ ഒരു യാത്രയാണ് എന്നാകും . താങ്കൾ പറഞ്ഞത് പോലെ ചില സമയങ്ങളിൽ ഒരു ബിൽ ഒരു പ്രത്യേക രൂപത്തിലാണ് സഭയിൽ അവതരിപ്പിക്കുന്നത്, എന്നാൽ അവസാന ഘട്ടത്തിൽ, അതേ ബിൽ മറ്റൊരു രൂപം കൈക്കൊള്ളും. കാലം മാറി, സാഹചര്യങ്ങൾ മാറി, മാറിയ സാഹചര്യങ്ങളിൽ ഈ സഭയും സമയോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. ഇത് വളരെ വലിയ കാര്യമാണെന്ന് ഞാൻ കരുതുന്നു, ഈ ദിശയിൽ പ്രവർത്തിച്ച എല്ലാ സഭാംഗങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. അല്ലെങ്കിൽ ഒരു സഭാംഗം 20 കൊല്ലം മുമ്പ് ഒരു നിലപാടെടുക്കുകയും ഇന്ന് നിലപാടിൽ മാറ്റം വരുത്തിയത് എന്തിനാണെന്ന് പലർക്കും തോന്നാം . പക്ഷേ ഈ വസ്തുത വ്യക്തമാക്കിയ അങ്ങയുടെ രീതി നമ്മുടെ ചിന്തകളുടെ പ്രതിഫലനവും ഇന്ത്യയുടെ വികസന യാത്രയുടെ പ്രതിഫലനവും ആഗോള പരിതസ്ഥിതിയിൽ പുതിയ വശങ്ങൾ നയിക്കാൻ ഇന്ത്യ പ്രാപ്തമാകുന്ന രീതിയുടെ പ്രതിഫലനവുമാണ്. ഈ സഭയിൽ നിന്നാണ് ഇക്കാര്യം ചെയ്യുന്നത് , അതിനാൽ അതിൽ സഭ സ്വയം അഭിമാനിക്കുന്നു.

ഈ സുപ്രധാന ചടങ്ങിൽ പങ്കെടുക്കാനും സാക്ഷ്യം വഹിക്കാനും ഇന്ന് എനിക്ക് അവസരം ലഭിച്ചു എന്നത് എന്നെ സംബന്ധിച്ചിടത്തോളം ഒരു വലിയ ഭാഗ്യമാണ്.

ഒന്നോ രണ്ടോ സഭകൾ വേണമോ എന്ന് ഭരണഘടനാ ശിൽപികൾക്കിടയിൽ ചർച്ച നടന്നിരുന്നുവെന്ന് നമുക്ക് വ്യക്തമായി പറയാൻ കഴിയും; എന്നാൽ ഭരണഘടനാ ശിൽപികൾ നൽകിയ ക്രമീകരണം വളരെ ഉചിതമായിരുന്നു എന്നാണ് അനുഭവം പറയുന്നത് ; എത്ര നന്നായാണ് അവർ സംഭാവന ചെയ്തിട്ടുള്ളത് ! ലോക് സഭ അടിസ്ഥാന യാഥാർത്ഥ്യങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിൽ, ഉപരിസഭ ദീർഘവീക്ഷണമുള്ളതാണ്. ഈ രീതിയിൽ, ഇന്ത്യയുടെ വികസന യാത്രയുമായി ബന്ധപ്പെട്ട അടിസ്ഥാന യാഥാർത്ഥ്യത്തെ ലോക് സഭ പ്രതിഫലിപ്പിക്കുമ്പോൾ, ദീർഘവീക്ഷണത്തിന് പ്രാപ്തമായ ഉപരിസഭ, ഇവയെ രണ്ടും സംയോജിപ്പിച്ച് സംഭാവന ചെയ്യുന്നു. ഈ രണ്ട് അനുഭവങ്ങളുടെ മനോഹരമായ സംയോജനമാണ് നമ്മുടെ രണ്ട് സഭകളിൽ നമുക്ക് കാണാൻ കഴിയുന്നത്.

അനേകം ചരിത്ര മുഹൂർത്തങ്ങൾക്ക് ഈ സഭ സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഈ സഭ ചരിത്രം നിർമ്മിക്കുക മാത്രമല്ല , ചരിത്രം നിർമ്മിക്കുന്നതിൻ്റെ സാക്ഷ്യം കൂടി വഹിച്ചിട്ടുണ്ട്. മാത്രവുമല്ല ചരിത്രത്തെ മാറ്റി ആവശ്യമുള്ളപ്പോൾ

പുതിയ വഴികൾ കണ്ടെത്തുവാനും ഈ സഭക്ക് സാധിച്ചിട്ടുണ്ട്. അത് പോലെ അനേകം പ്രഗത്ഭരായ മഹത് വ്യക്തികൾ ഈ സഭക്ക് നേതൃത്വം നൽകിയിട്ടുണ്ട്. അതിനാലാണ് വികസന പാതയിൽ നമ്മുടെ യാത്ര സ്വാതന്ത്ര്യത്തിനുശേഷം ആരംഭിക്കുകയും ചെയ്യേണ്ടതായ പല കർത്തവ്യങ്ങളും നാം വിജയകരമായി കാര്യങ്ങളും നാം ചെയ്ത് തീർത്തതും. ഇന്ന് 50 -60 വർഷങ്ങൾക്കു ശേഷം പല കാര്യങ്ങളിലും നമുക്ക് വ്യക്തത കൈവന്നു. എന്നാൽ സ്വാതന്ത്ര്യത്തിൻ്റെ ശൈശവ നാളുകളിൽ അറിയാത്തതിനെ നാം ഭയപ്പെട്ട .എന്നാൽ എല്ലാവരും കാണിച്ച വിവേകവും നേതൃപാടവവും നമ്മുടെ വിജയത്തിന് വഴി തെളിച്ചു.

ആദരണീയനായ ചെയർമാൻ, ഈ സഭയ്ക്ക് വളരെ പ്രത്യേകതയുണ്ട്. ഇതിനു രണ്ടു വശങ്ങളുണ്ട് ഒന്ന് ഇതിൻ്റെ കാലാതീതമായ സ്വഭാവമാണ് , അതായത് ഇത്, കാലാതീതമാണ്. മറ്റൊന്ന് ഇതിൻ്റെ വൈവിധ്യമാണ്. ഇത് സ്ഥായിയാണ് എന്നതിന് കാരണം ,ലോക്സഭ പിരിച്ചുവിടാറുണ്ട് ,എന്നാൽ ഈ രാജ്യസഭ ഉണ്ടായതിന് ശേഷം ഒരിക്കലും പിരിച്ചു വി ടപ്പെട്ടിട്ടില്ല അതിനാൽ ഇത് അനന്തമായി തുടരുന്നു. ആളുകൾ മാറിക്കൊണ്ടിരിക്കും എന്നാൽ വ്യവസ്ഥ എന്നും നിലനിൽക്കും. ഇത് രാജ്യസഭയുടെ പ്രത്യേകതയാണ് .രണ്ടാമത്തെ പ്രത്യേകത ഇതിൻ്റെ വൈവിധ്യമാണ്. സംസ്ഥാനങ്ങളുടെ പ്രാതിനിധ്യം ഇവിടെ പ്രധാനമാണ് . ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിൻ്റെ അന്തസത്ത നമ്മെ അനു നിമിഷം പ്രചോദിപ്പിക്കുന്നു.

ഇന്ത്യയുടെ ഏറ്റവും വലിയ ശക്തി നമ്മുടെ വൈവിധ്യമാണ്. വൈവിധ്യത്തിലെ ഏകാത്മകത ഈ സഭയിൽ പ്രതിഫലിച്ചു കാണാം. നമ്മുടെ പ്രവർത്തനങ്ങളിലും അത് പ്രതിഫലിക്കുന്നു. അതുപോലെ ഈ വൈവിധ്യങ്ങൾ ഉൾക്കൊണ്ട് നാം മുന്നോട്ട് പോകുമ്പോൾ ഈ സഭയ്ക്ക് മറ്റൊരു പ്രയോജനം ലഭിക്കുന്നു . എല്ലാവർക്കും തെരഞ്ഞെടുപ്പ് എന്ന കടമ്പ കടക്കാൻ എളുപ്പമല്ല. എന്നാൽ രാജ്യ താൽപര്യത്തിൽ അവരുടെ കഴിവ് നഷ്ടമാകുന്നില്ല. അവരുടെ കഴിവും അനുഭവങ്ങളും നമുക്ക് വിലപ്പെട്ടതാണ് . അതിനാൽ ഇവിടെ പ്രഗത്ഭരായവരുടെ അനുഭവവും കഴിവും അവരുടെ വിവിധ മേഖലകളിലെ പരിചയവും രാജ്യത്തെ രാഷ്ട്രീയധരയിൽ പ്രയോജനപ്പെടുത്തുകയാണ്. നമ്മുടെ തീരുമാനങ്ങളെടുക്കാൻ അവരെയും നാം പ്രയോജനപ്പെടുത്തുന്നു. ശാസ്ത്രജ്ഞരാകട്ടെ, കായിക താരങ്ങൾ ആകട്ടെ, കലാകാരന്മാരോ എഴുത്തു കാരോ ആകട്ടെ, തെരഞ്ഞെടുപ്പിലൂടെ കടന്നു വരാൻ കഴിയാത്ത പ്രഗത്ഭരുടെ കഴിവുകൾ രാഷ്ട്രനിർമ്മാണത്തിൽ, നാം പ്രയോജനപ്പെടുത്തുന്നു. ഈ വ്യവസ്ഥ കാരണം നമുക്ക് നമ്മുടെ ബൗദ്ധിക സമ്പത്ത് ലഭിക്കുവാൻ കാരണമായി

ഇതിന് ഏറ്റവും നല്ല ഉദാഹരണം ബാബാ സാഹേബ് അംബേദ്ക്കർ ആണ് എന്നതാണ് എൻറെ വിശ്വാസം. ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെടാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. എന്നാൽ രാജ്യസഭയിൽ കൂടെയാണ് നമുക്ക് ബാബാസാഹിബ് അംബേദ്കറുടെ സാന്നിധ്യവും അതുവഴി പ്രയോജനം ലഭിച്ചത്. രാജ്യസഭയിലൂടെയാണ് രാജ്യത്തിന് ബാബാസാഹിബ് അംബേദ്കർ പോലെ പല പ്രഗത്ഭരുടേയും സേവനം ലഭിച്ചത്. സുദീർഘമായ ഒരു കാലം നമുക്ക് പ്രതിപക്ഷം എന്ന ഒന്നില്ലായിരുന്നു.

പ്രതിപക്ഷം നാമമാത്രമായിരുന്നു . അതിനാൽ ഭരണപക്ഷത്ത് ഉള്ളവർക്ക് അതൊരു വലിയ ആനുകൂല്യമായിരുന്നു. ആ ആനുകൂല്യം എന്ന് നമുക്ക് ഇല്ല . ഇന്ന് നമ്മൾ ഓരോ അടി വെക്കുമ്പോഴും എതിർപ്പുണ്ടാകുന്നു. അന്ന് പ്രതിപക്ഷം ദുർബലമായിരുന്നു . എപ്പോഴും ഈ സഭയിലെ അനുഭവജ്ഞാനം ഉള്ളവർ, അറിവുള്ളവർ, ഭരണസംവിധാനത്തിൽ ഏകാധിപത്യം കടന്നുവരാതെ സൂക്ഷിച്ചു .ഈ സഭ ഭരണചക്രം തിരിക്കുന്നവരെ നേരായ ദിശയിൽ നയിക്കുവാൻ ഒരുപാട് നന്നായി ശ്രമിച്ചു. ആ മഹാദൗത്യം നിറവേറ്റിയതിന് നാമെല്ലാം ഇന്ന് അഭിമാനിക്കുന്നു. അത് എന്നും സ്മരണീയമാണ്.

ആദരണീയനായ ചെയർമാൻ, ഈ സഭയെ പറ്റി ആദ്യ ഉപരാഷ്ട്രപതി ഡോക്ടർ സർവേപ്പള്ളി രാധാകൃഷ്ണൻ എന്താണ് പറഞ്ഞതെന്ന് ഞാൻ ഉദ്ധരിക്കാൻ ആഗ്രഹിക്കുന്നു . ഡോക്ടർ സർവെപ്പള്ളി രാധാകൃഷ്ണൻ ജി , ഇതേ കസേരയിൽ ഇരുന്നുകൊണ്ട് പറഞ്ഞത് ഇരു സഭകളിലെയും നമ്മുടെ വീക്ഷണവും നമ്മുടെ പെരുമാറ്റവും നമ്മുടെ ചിന്തകളുമാണ് പാർലമെൻററി വ്യവസ്ഥിതിയുടെ പര്യാപ്തത നിർണ്ണയിക്കാൻ പോകുന്നത് എന്നാണ്. ഇരു സഭകളുമടങ്ങിയ , ഭരണഘടന അനുശാസിക്കുന്ന ഈ വ്യവസ്ഥ നമ്മുടെ പ്രവർത്തനങ്ങളുടെ പേരിലായിരിക്കും വിലയിരുത്തപ്പെടുന്നത്. പാർലമെൻ്ററി വ്യവസ്ഥിതിയിൽ രണ്ടു സഭകളെ നാം ആദ്യമായിട്ടാണ് അന്ന് പരീക്ഷിച്ചത് . നമ്മുടെ പ്രയത്നം, നമ്മുടെ ചിന്തകളും കഴിവും അറിവും അനുസരിച്ച് ഈ വ്യവസ്ഥിതിയെ രാജ്യത്തിന്

മുന്നിൽ കാര്യക്ഷമമാണ് എന്ന് തെളിയിക്കുക എന്നതാണ്. അദ്ദഹത്തിൻറെ വാക്കുകൾ ഇന്നും പ്രസക്തമാണ്. അതിനാൽ

ബഹുമാന്യനായ പ്രണബ് മുഖർജിയുടെ വാക്കുകൾ നിങ്ങൾ പരാമർശിച്ചാലും നിങ്ങളുടെ വേദന പ്രകടിപ്പിച്ചാലും, ഈ വാക്കുകളിൽ ഈ കാര്യങ്ങളെല്ലാം പരാമർശിക്കപ്പെടുന്നു.

അങ്ങനെ ഇരുന്നൂറ്റി അൻപതാം സമ്മേളനം തുടങ്ങവേ,

നാം ആർജ്ജിച്ച അനുഭവസമ്പത്തിൻ്റെ വെളിച്ചത്തിൽ ഇന്ന് നമുക്കുള്ള ചുമതലയും വരും തലമുറകളുടെ ചുമതലയും വർദ്ധിക്കുന്നു. ഡോക്ടർ രാധാകൃഷ്ണൻ്റെ പ്രതീക്ഷകൾ സാക്ഷാത്കരിക്കാൻ നാം പ്രയത്നിക്കുന്നുവോ അതോ നാം അദ്ദേഹത്തിൻറെ പ്രതീക്ഷകൾക്കൊപ്പം ഉയരാൻ കഴിയാതെ പരാജിതരാകുകയാണോ എന്ന് സ്വയം ചോദിക്കണം. മാറിവരുന്ന സാഹചര്യങ്ങളിൽ നാം ആ പ്രതീക്ഷകൾക്കുമപ്പുറത്തേക്ക് ലക്ഷ്യം വയ്ക്കുന്നുവോ എന്നതും ചിന്തിക്കാനുള്ള സമയമാണിത് .ഈ സഭയിൽ ഇന്നുള്ള തലമുറയും വരും തലമുറകളും ഡോക്ടർ രാധാകൃഷ്ണൻ്റെയും രാജ്യത്തെ ജനങ്ങളുടെയും പ്രതീക്ഷകൾ സാക്ഷാത്കരിക്കുവാൻ അക്ഷീണം പ്രയത്നിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ബഹുമാന്യനായ ചെയർമാൻ പറഞ്ഞതുപോലെ കഴിഞ്ഞ 250 സമ്മേളനങ്ങൾ അവലോകനം ചെയ്യുകയാണെങ്കിൽ , ചരിത്ര പ്രാധാന്യമുള്ള പല ബില്ലുകളും നാം ഇവിടെ പാസാക്കി . അവ രാജ്യത്തെ നിയമമായി മാറി. ജനങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുന്ന നിയമങ്ങളാണ്. കഴിഞ്ഞ അഞ്ച് വർഷങ്ങളെ അവലോകനം ചെയ്യുകയാണെങ്കിൽ ചരിത്രപ്രധാനമായ അനേകം മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ കഴിഞ്ഞത് ഒരനുഗ്രഹമായി ഞാൻ കരുതുന്നു. പണ്ഡിതന്മാരായ പലരുടെയും അഭിപ്രായങ്ങൾ കേൾക്കുവാനും പലതും പുതിയ കണ്ണുകളോടെ കാണുവാനുമുള്ള ഒരു അവസരം ഈ സഭ എനിക്ക് നൽകി. അതെനിക്ക് വളരെ അധികം ഗുണം ചെയ്തു. അതിനാൽ ഞാൻ നിങ്ങളോടു കടപ്പെട്ടിരിക്കുന്നു.

നാം പലതും മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യുകയാണെങ്കിൽ അതിൻ്റെ ഗുണഫലങ്ങൾ പലവിധത്തിൽ ആയേക്കാം. ഞാൻ ഈ കാര്യം ഇവിടെ അനുഭവിച്ചറിഞ്ഞതാണ്. നിങ്ങളോടൊപ്പം ഇരിക്കാനും പല കാര്യങ്ങളും നിങ്ങളിൽ നിന്ന് മനസ്സിലാക്കുവാനും കഴിയുന്നത് വലിയ അനുഗ്രഹമാണ് . കഴിഞ്ഞ അഞ്ചുവർഷത്തെ കാര്യങ്ങൾ എടുക്കാം. മുത്തലാഖ് ബിൽ സഭയിൽ പാസാക്കി . നിയമഭേദഗതി ആകുമോ എന്ന കാര്യത്തിൽ പലർക്കും സംശയമുണ്ടായിരുന്നു. പലരും വിചാരിച്ചത്, ബില്ല് ഇവിടെ തന്നെ കെട്ടിക്കിടക്കുമെന്നായിരുന്നു. എന്നാൽ വളരെ പക്വതയോടെ സ്ത്രീശാക്തീകരണത്തിനു സഹായകമായ ആ ബിൽ

പാസാക്കി. സംവരണത്തെ എതിർത്തു കൊണ്ട് ,

സമൂഹത്തിൽ വിഘടനത്തിന്റെ വിത്ത് പാകാൻ പലരും പലവട്ടം ശ്രമിച്ചു . ഈ വിഷയത്തിൽ ഭീകര അന്തരീക്ഷം സൃഷ്ടിക്കുവാനും ശ്രമങ്ങളുണ്ടായി. എന്നാൽ ഈ സഭ , മുന്നോക്ക സമുദായത്തിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് വേണ്ടി പത്ത് ശതമാനം സംവരണം നൽകുവാൻ തീരുമാനിച്ചു.

രാജ്യത്ത് ഒരു ആക്രമണവും നടന്നില്ല. ഒരു സമരവും നടന്നില്ല , മാത്രമല്ല ഒരു സമവായം ഉണ്ടായി. അതും ഈ സഭയുടെ നേട്ടമാണ്.

അതുപോലെ ജിഎസ്ടി . പല ഗവൺമെൻറും പലവട്ടം അത് നടപ്പിലാക്കാൻ ശ്രമിച്ചു. പലരും അതിനെ പോരായ്മകളെ പറ്റി വാദിച്ചു. ജി എസ് ടി നിയമത്തിൽ ഭേദഗതികൾ വേണമോ എന്നും ചർച്ചകൾ നടന്നു. ഒടുവിൽ ഈ സഭ തീരുമാനത്തിലെത്തി- ഒരു രാജ്യം ഒരു നികുതി വ്യവസ്ഥ രാജ്യത്തിന് പൊതുവായ ലക്ഷ്യം നൽകുന്നു. അതിനാൽ ലോകരാജ്യങ്ങളുടെ മുന്നിൽ നമുക്ക് നമ്മുടെ ആവശ്യങ്ങൾ ആത്മവിശ്വാസത്തോടെ പറയുവാൻ സാധിക്കുന്നു.

ഇനി രാജ്യത്തിന്റെ ഐക്യത്തെയും അഖണ്ഡതയെയും കുറിച്ച്. ഈ വിഷയത്തിൽ 1964 ൽ സഭയിൽ വാശാനങ്ങൾ നൽകുകയുണ്ടായി നമ്മൾ ഒരു വർഷത്തിൽ ഉറപ്പാക്കുമെന്ന്. എന്നാലത് ഉറപ്പാക്കാൻ കഴിഞ്ഞില്ല. ഈ സഭയാണ് മുന്നൂറ്റി എഴുപതാം വകുപ്പും 35(A) വകുപ്പും പിൻവലിച്ചത്. ഈ ഭേദഗതി ആദ്യമായി ഈ സഭയിൽ പാസായി. പിന്നീട് ലോക് സഭയും അതിനു അനുമതി നൽകി. അതിനാൽ ഈ സഭ , രാജ്യ അഖണ്ഡതയും ഐക്യവും നില നിർത്താൻ വലിയ പങ്കു വഹിക്കുന്നു .

ഈ സഭയുടെ മറ്റൊരു പ്രത്യേകത കൂടി- മുന്നൂറ്റി എഴുപതാം വകുപ്പ് ഭരണഘടനയിൽ ചേർക്കുവാൻ അവതരിപ്പിച്ച ശ്രീ എൻ . ഗോപാലസ്വാമി ഈ സഭയിലെ ആദ്യകാല നേതാവായിരുന്നു. ഈ സഭയിൽ അവതരിപ്പിക്കപ്പെട്ട വകുപ്പ് ഈ സഭ തന്നെ പിൻവലിച്ചു. ഇതും അഭിമാനിക്കേണ്ട കാര്യം തന്നെ. ആ സംഭവവും ഇന്ന് ചരിത്രത്തിൻറെ ഭാഗമാണ് എങ്കിലും അതും ഇവിടെയാണ് സംഭവിച്ചത്.

നമ്മുടെ ഭരണഘടനാ ശിൽപികൾ നമുക്ക് നൽകിയ ഉത്തരവാദിത്തം - നമ്മുടെ മുൻഗണന ഒരു ക്ഷേമ രാഷ്ട്രമാണ്, എന്നാൽ അതോടൊപ്പം സംസ്ഥാനങ്ങളുടെ ക്ഷേമം ഉറപ്പാക്കാനുള്ള ഉത്തരവാദിത്തവും നമുക്കുണ്ട് എന്നതാണ് . അതായത്, ഇന്ത്യ ഒരു ക്ഷേമരാഷ്ട്രമായി പ്രവർത്തിക്കുന്നു, എന്നാൽ അതേ സമയം തന്നെ 370, 35(എ) വകുപ്പുകൾ അസാധുവാക്കി രാജ്യത്തിന് ഒരു ദിശാബോധം നൽകിയത് ഈ സഭയാണെന്ന് ഉറപ്പാക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. സംസ്ഥാനങ്ങളുടെ ക്ഷേമവും ഉറപ്പാക്കണം . ഇവ രണ്ടും ഒന്നിച്ചാൽ, അതായത് സംസ്ഥാനങ്ങളും കേന്ദ്രവും ഒരുമിച്ചാൽ മാത്രമേ രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയൂ, , സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്നതിനാൽ, അങ്ങനെ ചെയ്യുന്നതിൽ, ഈ സഭ, ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

നമ്മുടെ ഭരണഘടനാ സ്ഥാപനങ്ങൾക്കും ഞങ്ങൾ കരുത്ത് പകർന്നു. നമ്മുടെ ഫെഡറൽ ഘടന നമ്മുടെ രാജ്യത്തിന്റെ വികസനത്തിന് ഒരു പ്രധാന വ്യവസ്ഥയാണ്, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ പുരോഗതി സാധ്യമാകൂ.

രാജ്യത്തെ എതിരാളികളല്ല കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്ന് രാജ്യസഭ ഉറപ്പുനൽകുന്നു. എന്നാൽ കൂട്ടാളികളെ സഹകാരികളാക്കി രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകാൻ ഞങ്ങൾ പ്രവർത്തിക്കുന്നു. ഇവിടെ കൈമാറ്റം ചെയ്യപ്പെടുന്ന ആശയങ്ങളുടെ സത്തകൾ ഇവിടെയുള്ള പ്രതിനിധികൾ അവരവരുടെ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുകയും സംസ്ഥാന സർക്കാരുകളെ അറിയിക്കുകയും ചെയ്യുന്നു. സംസ്ഥാന സർക്കാരുകളെ ക്രിയാത്മകമായി അതിലിടപെടാൻ നാം പ്രേരിപ്പിക്കേണ്ടതുണ്ട്.

രാജ്യത്തിന്റെ വികസനവും സംസ്ഥാനങ്ങളുടെ വികസനവും രണ്ടും വ്യത്യസ്ത കാര്യങ്ങൾ അല്ല. സംസ്ഥാനത്തിന്റെ വികസനം സാധ്യമാകാതെ രാജ്യത്തിന്റെ വികസനം സാധ്യമല്ല, രാജ്യത്തിന്റെ വികസനത്തിന്റെ ശ്രുപരേഖ സംസ്ഥാനങ്ങളുടെ വികസനത്തിന് വിരുദ്ധമാണെങ്കിൽ, സംസ്ഥാനങ്ങൾക്ക് പോലും വികസനം സാധ്യമല്ല. ഈ കാര്യങ്ങൾ ഏറ്റവും കൂടുതൽ പ്രതിഫലിക്കുന്നത് ഈ സഭയിലാണ്. കേന്ദ്രസർക്കാർ പല നയങ്ങളും ഉണ്ടാക്കുന്നുണ്ട്.

സർക്കാരിന്റെ നയരൂപീകരണത്തിൽ , സംസ്ഥാനങ്ങളുടെ പ്രതീക്ഷകൾ, സംസ്ഥാനങ്ങളുടെ നിലപാടുകൾ, സംസ്ഥാനങ്ങളുടെ അനുഭവങ്ങൾ , സംസ്ഥാനങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾ വളരെ കൃത്യമായി കൊണ്ടുവരാൻ രാജ്യസഭയ്ക്കും അതിലെ അംഗങ്ങൾക്കും മാത്രമേ കഴിയൂ.

ഫെഡറൽ ഘടനയ്ക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നു. എല്ലാ ജോലിയും ഒരുമിച്ച് ചെയ്യാൻ പോകുന്നില്ല; അഞ്ച് വർഷത്തിനുള്ളിൽ ചില ജോലികൾ പൂർത്തീകരിക്കും; ചിലത് അടുത്ത അഞ്ചു വർഷത്തിനുള്ളിൽ; എന്നാൽ ലക്ഷ്യം നിശ്ചയിച്ചിരിക്കുന്നു, ആ ജോലി ഇവിടെ നിന്ന് നടക്കുന്നു

ബഹുമാനപ്പെട്ട ചെയർമാൻ, ഈ സഭ 200 സമ്മേളനങ്ങൾ പൂർത്തിയാക്കിയപ്പോൾ, 2003ൽ, ഒരു പരിപാടി സംഘടിപ്പിച്ചു, അന്നു ഭരണത്തിൽ എൻഡിഎ സർക്കാരും അടൽ ബിഹാരി വാജ്പേയി പ്രധാനമന്ത്രിയുമായിരുന്നു. അതിനാൽ ആ ഇരുന്നൂറാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട അടൽജിയുടെ പ്രസംഗം വളരെ രസകരമായിരുന്നു. വളരെ സവിശേഷമായ സംസാര ശൈലിയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത് .

നമ്മുടെ പാർലമെന്ററി ജനാധിപത്യത്തിന്റെ ശക്തി വർധിപ്പിക്കാനാണ് രണ്ടാമത്തെ സഭ നിലനിൽക്കുന്നതെന്നും 'രണ്ടാം' സഭയെ 'രണ്ടാം തരം ' സഭ ആക്കുന്ന തെറ്റ് ചെയ്യരുതെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകിയിരുന്നു.

അടൽജി പറഞ്ഞ വാക്കുകൾ വായിച്ചപ്പോൾ ഇന്നത്തെ സന്ദർഭത്തിന് അനുസരിച്ച് അദ്ദേഹത്തിന്റെ വാക്കുകൾ പുതിയ രീതിയിൽ അവതരിപ്പിക്കണം എന്ന് എനിക്ക് തോന്നി. ഞാൻ പറയുന്നത് രാജ്യസഭ രണ്ടാം സഭയാണ്, രണ്ടാം തരം സഭയല്ല. ഇന്ത്യയുടെ വികസനത്തിന് എന്നും അതൊരു പിന്തുണ സഭയായി നിലകൊള്ളുക തന്നെ ചെയ്യും . നമ്മുടെ പാർലമെൻറ് സംവിധാനത്തിൻറെ അൻപതാം, വർഷത്തിൽ അടൽജിയുടെ ഒരു പ്രഭാഷണം ഉണ്ടായിരുന്നു, അതിൽ കാവ്യാത്മകമായി ഒരു കാര്യം അദ്ദേഹം പറഞ്ഞു " ഒരു നദിയുടെ ഇരുകരകളും ശക്തമായിരിക്കുമ്പോൾ മാത്രമാണ അതിൻറെ പ്രവാഹം നല്ലതായിരിക്കുന്നത് ". അദ്ദേഹം വീണ്ടും പറഞ്ഞു " നമ്മുടെ ജനാധിപത്യപ്രവാഹത്തിൻറെ ഒരു കരയായി നിൽക്കുന്നത് ലോക് സഭയാണ് .മറുകര രാജ്യസഭയും. ഇവ രണ്ടും ശക്തമായിരിക്കുമെങ്കിൽ മാത്രമാണ ജനാധിപത്യ പ്രവർത്തനങ്ങളുടെ യാത്ര തടസ്സമില്ലാതെ മുന്നോട്ട് പോകുക ". ഇത് അടൽജി അന്ന് പറഞ്ഞതാണ്.

ഇന്ത്യയ്ക്ക് ഒരു ഫെഡറൽ ഘടനയുണ്ടെന്നും വൈവിധ്യങ്ങൾ നിറഞ്ഞതാണെന്നും ഉറപ്പാണ്, അക്കാരണം കൊണ്ട് തന്നെ ദേശീയ വീക്ഷണത്തിൽ നിന്ന് നാം വ്യതിചലിക്കരുത് എന്നത് കൂടുതൽ പ്രധാനമാണ്. നാം എപ്പോഴും ദേശീയ വീക്ഷണം കേന്ദ്രത്തിൽ നിലനിർത്തണം. പക്ഷേ, പ്രാദേശിക താൽപ്പര്യവും ദേശീയ കാഴ്ചപ്പാടും വളരെ കൃത്യമായ രീതിയിൽ സന്തുലിതമായി സമന്വയിപ്പിക്കേണ്ടതുണ്ട് . എങ്കിൽ മാത്രമേ ഈ സന്തുലിത പ്രവർത്തനത്തിലൂടെ നമുക്ക് ആ വികാരത്തെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയൂ. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് മാത്രമേ ഈ സഭയിൽ ഇത് സാധ്യമാകൂ, ആ കർത്തവ്യത്തിന് വേണ്ടി അംഗങ്ങൾ നിരന്തരം പരിശ്രമിക്കുന്നുണ്ടെന്ന് എനിക്ക് ഉറപ്പുണ്ട്.

രാജ്യസഭയെ സംബന്ധിച്ചിടത്തോളം പരിശോധനകൾക്കും തടസ്സപ്പെടുത്തലുകൾക്കും മദ്ധ്യേ ഒരു വേർതിരിവ് നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. പ്രതിരോധത്തിനും തുല്യതക്കും ഇടയിൽ ഒരു സന്തുലിത മായ അവസ്ഥ നിലനിർത്തുക എന്നതും നമുക്കു വളരെ പ്രധാനമാണ്. സഭ ചർച്ചയ്ക്കും സംവാദത്തിനും വിചാര വിമർശനങ്ങൾക്കും വേണ്ടിയായിരിക്കണമെന്ന് നമ്മുടെ പല പ്രഗത്ഭരായ വ്യക്തികളും ആവർത്തിച്ചു പറയുന്നു. ഉയർന്ന ശബ്ദങ്ങളിൽ സംവാദങ്ങൾ ഉണ്ടാകാം; അതിൽ ഒരു ദോഷവുമില്ല. എന്നിരുന്നാലും, തടസ്സങ്ങൾക്ക് പകരം നമ്മൾ ചർച്ചയുടെ പാത തിരഞ്ഞെടുക്കേണ്ടത് ആവശ്യമാണ്.

ഇന്ന് ഞാൻ രണ്ട് പാർട്ടികളെ പരാമർശിക്കാൻ ആഗ്രഹിക്കുന്നു, വേറെയും പാർട്ടികൾ ഉണ്ടാകാം ഏതെങ്കിലും പേരുകൾ ഞാൻ വിട്ടു പോയെങ്കിൽ ദയവായി ക്ഷമിക്കുക എങ്കിലും രണ്ടു പാർട്ടികളുടെ പേരുകൾ പരാമർശിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു - എൻസിപിയും ബിജെഡിയും. ഈ രണ്ട് പാർട്ടികളുടെയും പ്രത്യേകത നോക്കൂ - സഭാ നടുത്തളത്തിലേക്ക് തങ്ങൾ പാഞ്ഞുകയറില്ലെന്ന് അവർ തന്നെ തീരുമാനിച്ചു, ഈ രണ്ട് പാർട്ടികളിലെയും ഒരു അംഗം പോലും ആ നിയമം ലംഘിച്ചിട്ടില്ലെന്ന് ഞാൻ കാണുന്നു. എന്റെ പാർട്ടി ഉൾപ്പെടെ എല്ലാ രാഷ്ട്രീയ പാർട്ടികളും അത് പഠിക്കേണ്ടതുണ്ട്. ഈ നിയമം പാലിച്ചിട്ടും എൻസിപിയുടെയും ബിജെഡിയുടെയും രാഷ്ട്രീയ വികസന യാത്രയിൽ ഒരു തടസ്സവും ഉണ്ടായിട്ടില്ലെന്ന് നാമെല്ലാവരും പഠിക്കേണ്ടതുണ്ട്.

അതിനർത്ഥം, അത്തരം തടസ്സങ്ങൾ സൃഷ്ടിക്കാതെ, സഭാ നടുത്തളത്തിലേക്ക് കുതിക്കാതെ നിങ്ങൾക്ക് ആളുകളുടെ വിശ്വാസം നേടാനാകും നിങ്ങൾക്ക് ജനങ്ങളുടെ ഹൃദയം കീഴടക്കാം. അതുകൊണ്ടാണ് കെട്ടിപ്പടുത്ത ഉയർന്ന പാരമ്പര്യങ്ങളിൽ നിന്ന് ട്രഷറി ബെഞ്ച് ഉൾപ്പെടെ നാമെല്ലാവരും പഠിക്കേണ്ടതുണ്ട് എന്ന് ഞാൻ കരുതുന്നത്. കാരണം ഇവ രാഷ്ട്രീയ ദോഷങ്ങളൊന്നും വരുത്തിയിട്ടില്ല. അവർ നമ്മുടെ മുന്നിൽ തന്നെ ഉണ്ട്. അതുകൊണ്ടാണ് എൻസിപിയും ബിജെഡിയും പിന്തുടരുന്ന അച്ചടക്കത്തെക്കുറിച്ച് നമുക്ക് സാധ്യമായ രീതിയിൽ ചർച്ച ചെയ്യേണ്ടതെന്നും എപ്പോഴെങ്കിലും അവർക്ക് നന്ദി പറയണമെന്നും ഞാൻ മുഴുവൻ സഭയോടും പറയുന്നത്. ഇന്ന് നമ്മൾ ഈ ഇരുന്നൂറ്റി അൻപതാം സമ്മേളനം നടത്തുമ്പോൾ, അത്തരം മഹത്തായ സംഭവങ്ങൾ പരാമർശിക്കുകയും ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യണമെന്ന് ഞാൻ വിശ്വസിക്കുന്നു.

സഭയുടെ അന്തസ്സും മര്യാദയും കാത്തുസൂക്ഷിക്കുന്നതിന് ആവശ്യമായതെല്ലാം ചെയ്യുന്നതിൽ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും തങ്ങളുടെ പങ്ക് തുടർന്നും നിർവഹിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. നിങ്ങളുടെ വേദനയും ആകുലതകളും പ്രതിഫലിച്ചുകൊണ്ടേയിരിക്കും.ഈ ഇരുന്നൂറ്റി അൻപതാം സമ്മേളനത്തിൽ നാമെല്ലാവർക്കും ഒരു പ്രതിജ്ഞയെടുക്കാൻ ശ്രമിക്കാം അതിലൂടെ സാധ്യമായ ഏറ്റവും കുറഞ്ഞ വിഷമാവസ്ഥയിൽ നിങ്ങൾക്ക് കഴിയുവാനും നിങ്ങളുടെ വികാരങ്ങൾ മാനിക്കപ്പെടാനും കഴിയും. അച്ചടക്കം പാലിച്ച് കൊണ്ട് ,നിങ്ങളുടെ ആഗ്രഹങ്ങൾക്ക് അനുസരിച്ച ഈ സഭയുടെ നടത്തിപ്പിൽ ഞങ്ങൾ നിങ്ങളുടെ പങ്കാളികൾ ആയിരിക്കും

ഈ ഉറച്ച തീരുമാനത്തോടെ , എല്ലാവർക്കും എന്റെ ആശംസകൾ ഈ സുപ്രധാന അവസരത്തിൽ , ഞാൻ ഒരിക്കൽ കൂടി അറിയിക്കുന്നു. സഭയെ ഈ നിലയിലേക്ക് എത്തിച്ച എല്ലാവർക്കും നന്ദി. ഇതോടെ ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ഒരു പാട് നന്ദി.

“ഭരണഘടനയുടെ എഴുപതാം വാർഷിക ദിനത്തിൽ പാർലമെന്റിന്റെ ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി യുടെ പ്രസംഗം

നവംബർ 26, 2019”

നവംബർ 26, 2019

ലോക് സഭ – രാജ്യസഭ

ഭരണഘടനയുടെ എഴുപതാം വാർഷികത്തിൽ ഇരുസഭകളെയും അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി നടത്തിയ പ്രഭാഷണം

ആദരണീയനായ രാഷ്ട്രപതി, ഉപരാഷ്ട്രപതി, ആദരണീയനായ സ്പീക്കർ ശ്രീ പ്രഹ്ലാദ് ജി, ആദരണീയരായ പൊതു പ്രതിനിധികളെ,

കഴിഞ്ഞ കാലവുമായി നമ്മുടെ ബന്ധത്തെ ശക്തമാക്കുകയും ഭാവിയിലേക്ക് പ്രവർത്തിക്കുവാൻ വേണ്ട പ്രേരണ നൽകുകയും ചെയ്യുന്ന ചില സന്ദർഭങ്ങളുണ്ട്. 26 നവംബർ എന്ന ഈ ദിവസം ചരിത്ര ദിവസമാണ്. 70 വർഷം മുമ്പ് നാം പുത്തൻ രൂപത്തോടെ ഭരണഘടനയെ യഥാവിധി സ്വീകരിച്ചു. പക്ഷേ അതേ സമയം 26 നവംബർ വേദനിപ്പിക്കു കയും ചെയ്യും കാരണം അന്നേ ദിവസം ,ആണ് ഭീകരവാദികൾ ഇന്ത്യയുടെ മഹത്തായ പാരമ്പര്യത്തെയും സാംസ്കാരിക പൈതൃകത്തെയും വസുധൈവ കുടുംബകം എന്ന ആശയത്തെയും മുംബൈ നഗരത്തിൻ്റെ ജീവിതശൈലി പാരമ്പര്യത്തെയും തകർക്കാൻ ശ്രമിച്ചത്. പരേതരായ എല്ലാ ആത്മാക്കളെയും ഇന്ന് ഞാൻ നമിക്കുന്നു.

ഏഴു ദശാബ്ദങ്ങൾക്ക് മുൻപ് ഇതേ സെൻറർ ഹാളിൽ , പല അനുഗ്രഹീതരുടെയും ശബ്ദങ്ങൾ പ്രതിധ്വനിച്ചിരുന്നു. ഭരണഘടനയുടെ എല്ലാ വകുപ്പുകളും സുദീർഘമായി ചർച്ച ചെയ്യപ്പെട്ടു . വാദങ്ങൾ ഉണ്ടായി ,വസ്തുതകൾ അവതരിപ്പിക്കപ്പെട്ടു. വിശ്വാസ സംഹിതകളും സ്വപ്നങ്ങളും തീരുമാനങ്ങളും ചർച്ച ചെയ്യപ്പെട്ടു. ഒരർത്ഥത്തിൽ ഈ സഭ അറിവിൻറെ ഒരു മഹാകുംഭമായിരുന്നു, അവിടെ ഇന്ത്യയുടെ ഓരോ ഭാഗത്ത് നിന്നുമുള്ള സ്വപ്നങ്ങളെ വാക്കുകളായി മാറ്റുവാനുള്ള ബൃഹത് ശ്രമം നടന്നു.

ഡോ. രാജേന്ദ്ര പ്രസാദ്, ഡോ. ഭീംറാവു ബാബാ സാഹേബ് അംബേദ്കർ, സർദാർ വല്ലഭായി പട്ടേൽ, പണ്ഡിറ്റ് നെഹ്റു, ആചാര്യ കൃപലാനി ജി, മൗലാന ആസാദ്, പുരുഷോത്തം ദാസ് ടണ്ടൻ, സുചേത കൃപലാനി, ഹൻസ മേത്ത, എ കൃഷ്ണസ്വാമി അയ്യർ, എൻ. ഗോപാലസ്വാമി അയ്യങ്കാർ, ജോൺ മത്തായി - അസംഖ്യം വ്യക്തിത്വങ്ങളുണ്ട് അവർ പ്രത്യക്ഷമായും പരോക്ഷമായും സംഭാവനകൾ നൽകിയാണ് ഈ മഹത്തായ പൈതൃകം നമുക്ക് സമ്മാനിച്ചത് . ഇന്നത്തെ ഈ അവസരത്തിൽ, ആ മഹാരഥന്മാരെയെല്ലാം ഞാൻ അനുസ്മരിക്കുകയും അവർക്ക് ആദരവോടെ പ്രണാമം അർപ്പിക്കുകയും ചെയ്യുന്നു.

1949 നവംബർ 25 ന് ഭരണഘടന അംഗീകരിക്കുന്നതിന് ഒരു ദിവസം മുമ്പ് ബാബാസാഹേബ് അംബേദ്കർ തന്റെ അവസാന പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങളും ഇന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ബാബാസാഹിബ് രാജ്യത്തെ ഓർമിപ്പിച്ചു:- ഇന്ത്യ ആദ്യമായി 1947-ൽ സ്വതന്ത്രമാവുകയോ 1950 ജനുവരി 26-ന് റിപ്പബ്ലിക്കായി മാറുകയോ ചെയ്തു. എന്നാൽ അതല്ല . ഇന്ത്യ മുമ്പ് തന്നെ സ്വതന്ത്രമായിരുന്നു, നമ്മുടെ ഇവിടെ നിരവധി റിപ്പബ്ലിക്കുകൾ ഉണ്ടായിരുന്നു. പക്ഷേ നമ്മുടെ തന്നെ സ്വന്തം തെറ്റുകൾ കാരണം നമുക്ക് സ്വാതന്ത്ര്യം നഷ്ടപ്പെട്ടുവെന്നും അതേ കാരണത്താൽ റിപ്പബ്ലിക്ക് സ്വഭാവവും നഷ്ടപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. അത്തരമൊരു സാഹചര്യത്തിൽ, നമുക്ക് സ്വാതന്ത്ര്യം ലഭിച്ചെങ്കിലും, ബാബാ സാഹിബ് രാജ്യത്തിന് മുന്നറിയിപ്പ് നൽകിയിരുന്നു. നമ്മളും ഒരു റിപ്പബ്ലിക്കായി മാറിയിരുന്നു, പക്ഷേ നമുക്ക് അത് നിലനിർത്താനാകുമോ? ഭൂതകാലത്തിൽ നിന്ന് നമുക്ക് പഠിക്കാനാകുമോ?

ഇന്ന് ഇവിടെ ബാബാ സാഹിബ് ഉണ്ടായിരുന്നെങ്കിൽ, അദ്ദേഹത്തെക്കാൾ സന്തോഷവാനായി ആരും തന്നെ കാണില്ല, കാരണം വർഷങ്ങളായി ഇന്ത്യ അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക മാത്രമല്ല നമ്മുടെ സ്വാതന്ത്ര്യവും ജനാധിപത്യവും സുശക്തമാക്കുകയും ചെയ്തു.

അതുകൊണ്ട് ഈ അവസരത്തിൽ, കഴിഞ്ഞ ഏഴ് പതിറ്റാണ്ടുകളായി ഭരണഘടനയുടെ അന്തസ്സത്തയെ കളങ്കപ്പെടുത്താതെ സംരക്ഷിച്ച നിർത്തിയ നമ്മുടെ ഭരണ സംവിധാനം, നീതിന്യായ വ്യവസ്ഥ, നിയമനിർമ്മാണ സമിതികൾ എന്നിവരെയും അനുസ്മരിക്കുന്നു . ജനാധിപത്യത്തിലുള്ള ഇന്ത്യയുടെ വിശ്വാസത്തെ ഉറപ്പോടെ നിലനിർത്തിയ 130 കോടി ഇന്ത്യക്കാരെ ഞാൻ പ്രത്യേകം നമിക്കുന്നു. നമ്മുടെ ഭരണഘടനയെ എല്ലായ്പ്പോഴും ഒരു വിശുദ്ധ ഗ്രന്ഥമായും വഴികാട്ടിയായ പ്രകാശമായും ഞാൻ കാണുന്നു .

ഭരണഘടനയുടെ 70 വർഷം സന്തോഷത്തിന്റെയും മികവിന്റെയും തീരുമാനങ്ങളുടെയും സമ്മിശ്ര വികാരങ്ങളാണ് നമുക്ക് നൽകിയത്. ഭരണഘടനയുടെ ചൈതന്യം അചഞ്ചലവും ശക്തവുമാണ് എന്നതിലാണ് ഈ സന്തോഷം. അത് തകർക്കുവാനുള്ള നിരവധി ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, ആ ശ്രമങ്ങളെ രാജ്യത്തെ ജനത ഒറ്റക്കെട്ടായി പരാജയപ്പെടുത്തി. ഭരണഘടനക്കു ഹാനി വരുത്തുവാൻ ഒന്നിനെയും അവർ അനുവദിച്ചിട്ടില്ല. നമ്മുടെ ഭരണഘടനയുടെ ശക്തി കൊണ്ട് മാത്രമാണ് " 'ഏക് ഭാരത് ശ്രേഷ്ഠ ഭാരത'മെന്ന ലക്ഷ്യത്തിലേക്ക് നീങ്ങാൻ ഞങ്ങൾക്ക് കഴിഞ്ഞത്. ഭരണഘടനയുടെ പരിധിയിൽ നിന്ന് ഞങ്ങൾ നിരവധി പരിഷ്കാരങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഈ ബൃഹത്തായ വൈവിധ്യമാർന്ന ഇന്ത്യയുടെ പുരോഗതിക്കും, പുതിയ ഭാവിക്കും, പുതിയ ഇന്ത്യക്കും വേണ്ടി നമ്മുടെ മുന്നിലുള്ള ഒരേയൊരു മാർഗ്ഗം ഭരണഘടന, ഭരണഘടനയുടെ അന്തസ്സത്ത കാത്തു സൂക്ഷിക്കുക തന്നെയാണ് . നമ്മുടെ ഭരണഘടനയാണ് നമുക്ക് ഏറ്റവും മഹത്തായതും വിശുദ്ധവുമായ ഗ്രന്ഥം. നമ്മുടെ ജീവിതം, നമ്മുടെ സമൂഹം, നമ്മുടെ പാരമ്പര്യങ്ങൾ, നമ്മുടെ വിശ്വാസങ്ങൾ, നമ്മുടെ ധാർമ്മികത നമ്മുടെ പെരുമാറ്റം എന്നിവയെല്ലാം അതിൽ ഉൾക്കൊള്ളുന്നു നമ്മൾ നേരിടുന്ന പല വെല്ലുവിളികൾക്കുമിതിൽ പരിഹാരമുണ്ട്. നമ്മുടെ ഭരണഘടന വളരെ വിശാലമാണ്. ഒരു ചട്ടക്കൂട്ടിൽ ഒതുങ്ങുന്ന ഒന്നല്ല അത്. പുറത്തു നിന്നുള്ള പ്രകാശത്തിന് കടന്നു വരാൻ നാം ഭരണഘടനയുടെ ജാലകങ്ങൾ തുറന്നിട്ടിരിക്കുന്നു , അതേ സമയം അതിനുള്ളിലെ പ്രകാശത്തിന് കൂടുതൽ തെളിച്ചമായി പ്രകാശിക്കുവാനും നമ്മൾ അവസരം ഒരുക്കിയിട്ടുണ്ട് .

ഇന്ന്, ഈ അവസരത്തിൽ, 2014-ൽ ചെങ്കോട്ടയുടെ കൊത്തളത്തിൽ നിന്ന് ഞാൻ പറഞ്ഞ ഒരു കാര്യം ഞാൻ ആവർത്തിക്കുന്നു. ഭരണഘടനയെ രണ്ട് ലളിതമായ വാക്കുകളിൽ വിവരിക്കണമെങ്കിൽ, പറയാം അത് ഇന്ത്യക്കാരുടെ ആത്മാഭിമാനം , ഇന്ത്യയുടെ അഖണ്ഡത . ഈ രണ്ട് മന്ത്രങ്ങളും നമ്മുടെ ഭരണഘടന പൂർത്തീകരിച്ചിരിക്കുന്നു, പൗരന്മാരുടെ അഭിമാനവും ഭാരതത്തിൻറെ ഐക്യവും അഖണ്ഡതയും നിലനിർത്തുന്നു. ആഗോള ജനാധിപത്യത്തിന്റെ ആത്യന്തിക ഉദാഹരണമാണ് നമ്മുടെ ഭരണഘടന. ഇത് നമ്മുടെ അവകാശങ്ങളെക്കുറിച്ച് പറയുക മാത്രമല്ല, നമ്മുടെ കടമകളെക്കുറിച്ച് കൂടി നമ്മെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. ഒരു തരത്തിൽ പറഞ്ഞാൽ ലോകത്തിലെ ഏറ്റവും മതനിരപേക്ഷമായ ഭരണഘടനയാണ് നമ്മുടെ ഭരണഘടന. നമ്മൾ എന്താണ് ചെയ്യേണ്ടത്, നമുക്ക് എത്ര വലിയ സ്വപ്നം കാണാൻ കഴിയും, എവിടെ എത്തണം എന്നതിന് പരിധിയില്ല. ഭരണഘടനയിൽ തന്നെ അധികാരങ്ങളെ കുറിച്ച് പറയുന്നു, ഭരണഘടനയിൽ തന്നെ കടമകൾ പാലിക്കുന്നതിനുള്ള പ്രതീക്ഷയും ഉൾപ്പെടുന്നു. ഒരു വ്യക്തിയെന്ന നിലയിലും കുടുംബമെന്ന നിലയിലും സമൂഹമെന്ന നിലയിലും നമ്മുടെ ഭരണഘടനയും നമ്മുടെ രാജ്യവും നമ്മുടെ നാട്ടുകാരും നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നതുപോലെ നമ്മുടെ കടമകളെക്കുറിച്ച് ബോധവാൻമാരാണോ ? രാജേന്ദ്രബാബു ജി പറഞ്ഞതു പോലെ , ഭരണഘടനയിൽ എഴുതാത്തത് നമുക്ക് മുൻകാല സമ്പ്രദായപ്രകാരം തീരുമാനിക്കാവുന്നതാണ്. ഇതും ഇന്ത്യയുടെ പ്രത്യേകതയാണ്. കഴിഞ്ഞ ദശകങ്ങളിൽ, നമ്മുടെ അവകാശങ്ങൾക്ക് നമ്മൾ ഊന്നൽ നൽകിയിരുന്നു, അത് കാലത്തിൻറെ അനിവാര്യതയായിരുന്നു. കാരണം അത്തരം സാമൂഹ്യ വ്യവസ്ഥിതി സൃഷ്ടിക്കപ്പെട്ടതിനാൽ സമൂഹത്തിലെ വലിയൊരു വിഭാഗത്തിന് അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്നു. ഈ അവകാശങ്ങൾ എന്ന ആശയം പ്രചരിപ്പിക്കാതെ , ഈ വലിയ സമൂഹത്തെ സമത്വത്തിന്റെയും നീതിയുടെയും പ്രാധാന്യം ബോധ്യപ്പെടുത്താൻ കഴിയുമായിരുന്നില്ല. എന്നാൽ ഇന്ന്, ഈ കാലഘട്ടത്തിന്റെ ആവശ്യം പൗരന്മാർ എന്ന നിലയിൽ നമ്മുടെ അവകാശങ്ങൾ ആസ്വദിക്കുന്നതിനൊപ്പം കടമകളും ഉത്തരവാദിത്തങ്ങളും പാലിക്കേണ്ടതുണ്ട്എന്നതാകുന്നു. കാരണം നമ്മുടെ കടമകൾ നിറവേറ്റാതെ നമുക്ക് നമ്മുടെ അവകാശങ്ങളെ സംരക്ഷിക്കാൻ കഴിയില്ല.

അവകാശങ്ങളും കടമകളും തമ്മിൽ ശക്തമായ ബന്ധമുണ്ട്, ഈ ബന്ധം മഹാത്മാഗാന്ധി വളരെ വ്യക്തമായി വിശദീകരിച്ചു. ഇന്ന് രാജ്യം ആദരണീയനായ ബാപ്പുവിന്റെ നൂറ്റിയൻപതാം ജന്മവാർഷികം ആഘോഷിക്കുമ്പോൾ അദ്ദേഹത്തെ പരാമർശിക്കുന്നത് അങ്ങേയറ്റം പ്രസക്തമാകുന്നു.

കർത്തവ്യം നന്നായി നിർവഹിക്കുന്നതാണ് അവകാശത്തിൻറെ ആദ്യ പടിയെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട് . അദ്ദേഹം അതെവിടെയോ എഴുതിയതാണ് . നിങ്ങൾ യഥാർത്ഥ സത്യസന്ധതയോടും അർപ്പണബോധത്തോടും കൂടി ചെയ്യുന്ന നിങ്ങളുടെ കടമകളിൽ നിന്നും അവകാശങ്ങൾക്കുള്ള വഴി തുറക്കുമെന്ന് നിരക്ഷരയും എന്നാൽ വിവേകമതിയുമായ എന്റെ അമ്മയിൽ നിന്ന് ഞാൻ മനസ്സിലാക്കി.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ, ലോകം മുഴുവൻ അവകാശങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ, ഗാന്ധിജി ഒരു പടി മുന്നോട്ട് പോയി പറഞ്ഞു - നമുക്ക് പൗരന്മാരുടെ കടമകളെക്കുറിച്ച് സംസാരിക്കാം. 1947-ൽ യുനെസ്കോയുടെ ഡയറക്ടർ ജനറലായിരുന്ന ഡോ. ജൂലിയൻ ഹക്സ്ലി 60 പ്രമുഖർക്ക് ഒരു കത്ത് എഴുതുകയും അവരുടെ മാർഗനിർദേശം ആവശ്യപ്പെടുകയും ചെയ്തിരുന്നു. മനുഷ്യാവകാശങ്ങളെ സംബന്ധിച്ച് ആഗോളതലത്തിൽ പ്രമാണപത്രം തയാറാക്കുമ്പോൾ അതിൻറെ അടിസ്ഥാനം എന്തായിരിക്കുമെന്ന് അദ്ദേഹം കത്തിൽ ചോദിച്ചിരുന്നു. ഇതിൽ അദ്ദേഹം ലോകത്തിലെ മഹാരഥന്മാരോട് അഭിപ്രായം തേടുകയും മഹാത്മാഗാന്ധിയോടും ചോദിക്കുകയും ചെയ്തിരുന്നു. എന്നാൽ മഹാത്മാഗാന്ധിയുടെ ആശയം മറ്റുള്ളവരിൽ നിന്ന് അൽപം വ്യത്യസ്തമായിരുന്നു. പൗരന്മാർ എന്ന നിലയിൽ നമ്മുടെ കർത്തവ്യങ്ങൾ പൂർണമായി നിർവഹിക്കുമ്പോൾ മാത്രമേ നമ്മുടെ ജീവിതത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയൂ എന്ന് മഹാത്മാജി പറഞ്ഞിരുന്നു. അതായത്, കടമകൾ നിർവ്വഹിച്ച് തന്നെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാം. അക്കാലത്ത് മഹാത്മാഗാന്ധിയാണ് ഇത് ഊന്നിപറഞ്ഞത് . കടമകളെക്കുറിച്ചും കർത്തവ്യങ്ങളെക്കുറിച്ചും നമ്മൾ സംസാരിക്കുമ്പോൾ, ഒരു രാഷ്ട്രമെന്ന നിലയിൽ നാം നിറവേറ്റേണ്ട സർവസാധാരണമായ ഉത്തരവാദിത്തങ്ങളാണിവ, അതിനാൽ അത് ചെയ്യാൻ ബാധ്യസ്ഥരുമാണ് നമ്മൾ. നമ്മൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യം സേവനത്തെയും നമ്മൾ കടമയായി കണക്കാക്കണം എന്നതാണ്. സേവനവും മൂല്യങ്ങളും പാരമ്പര്യങ്ങളും ഓരോ സമൂഹത്തിനും വളരെ പ്രധാനമാണ്. എന്നാൽ കടമ എന്നത് സേവനത്തേക്കാൾ വലുതാണ്, ചിലപ്പോൾ അത് നമ്മുടെ ശ്രദ്ധയിൽപ്പെടില്ല. റോഡിൽ ആവശ്യമുള്ള ആരെയെങ്കിലും നിങ്ങൾ സഹായിക്കുകയാണെങ്കിൽ, അത് ഒരു സേവനമാണ്. ഈ സേവന മനോഭാവം ഏതൊരു സമൂഹത്തെയും മനുഷ്യത്വത്തെയും വളരെ ശക്തമാക്കുന്നു. . എന്നാൽ ഡ്യൂട്ടി അല്പം വ്യത്യസ്തമാണ്. വഴിയിൽ പോകുന്നവരെ സഹായിക്കുന്നത് നല്ല കാര്യമാണ്. പക്ഷേ ഞാൻ ട്രാഫിക് നിയമങ്ങൾ പാലിക്കുകയും ആർക്കും ഒരു കുഴപ്പവും ഞാൻ മൂലം ഉണ്ടാക്കില്ലെന്ന് ഉറപ്പാക്കുകയും ചെയ്യുന്നത് കടമയാണ്. അത്തരമൊരു സംവിധാനത്തിന്റെ ഭാഗമാകേണ്ടത് എന്റെ കടമയാണ്. നിങ്ങൾ സ്വയം ഒരു ചോദ്യം ചോദിക്കുകയാണെങ്കിൽ - ഞാൻ ചെയ്യുന്ന പ്രവർത്തി എന്റെ രാജ്യത്തിൻറെ വളർച്ചയെ ശക്തിപ്പെടുത്തുമോ? ഒരു കുടുംബാംഗമെന്ന നിലയിൽ നമ്മുടെ കുടുംബത്തിന്റെ ശക്തി വർദ്ധിപ്പിക്കുന്നതെല്ലാം നമ്മൾ ചെയ്യുന്നു. അതുപോലെ, നമ്മുടെ രാജ്യത്തെ ശക്തിപ്പെടുത്തുന്നതിനും നമ്മുടെ രാഷ്ട്രത്തെ ശക്തമാക്കുന്നതിനും പൗരന്മാരെന്ന നിലയിൽ നമ്മൾ പ്രവർത്തിക്കണം .

ഒരു പൗരൻ തന്റെ കുട്ടിയെ സ്കൂളിൽ അയയ്ക്കുമ്പോൾ, അവർ മാതാപിതാക്കൾ എന്ന രീതിയിൽ അവരുടെ കടമ ചെയ്യുന്നു; എന്നാൽ ആ മാതാപിതാക്കൾ ബോധപൂർവ്വം തങ്ങളുടെ കുട്ടിയെ മാതൃഭാഷ പഠിക്കാൻ പ്രേരിപ്പിക്കുകയാണെങ്കിൽ, ഒരു പൗരനെന്ന നിലയിൽ അവർ തങ്ങളുടെ കടമ നിർവഹിക്കുകയാണ്. അവർ രാജ്യത്തോടുള്ള അവരുടെ കടമ നിർവഹിക്കുന്നു. അതിനാൽ ഓരോ തുള്ളി വെള്ളവും സംരക്ഷിക്കുന്നത് പോലെയുള്ള ചെറിയ കാര്യങ്ങൾ ഒരു വ്യക്തി തന്റെ ഭാഗത്തുനിന്ന് ചെയ്യുകയാണെങ്കിൽ, അവർ തന്റെ പൗരധർമ്മം നിർവ്വഹിക്കുന്നു.

ആരും പ്രേരിപ്പിക്കാതെ തന്നെ ഒരാൾ പോയി വാക്സിൻ എടുത്താൽ അത് അയാളുടെ കടമ നിർവഹിച്ചതാണ് . ആരും പ്രേരിപ്പിക്കാതെ ഒരാൾ വോട്ട് ചെയ്യാൻ പോയാൽ, അയാൾ തന്റെ കടമ നിർവഹിക്കുന്നു. ഒരാൾ കൃത്യസമയത്ത് നികുതി അടച്ചാൽ, അയാൾ തന്റെ കടമ നിർവഹിക്കുന്നു.

അത്തരം നിരവധി ഉത്തരവാദിത്തങ്ങളുണ്ട്. ഒരു പൗരനെന്ന നിലയിൽ സ്വഭാവികമായ ഒരു ജീവിതചര്യയായി അവ വികസിപ്പിച്ചെടുത്താൽ, നമ്മുടെ സംസ്കാരത്തിൻറെ ഭാഗമാക്കുകയാണെങ്കിൽ നമുക്ക് നമ്മുടെ രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. നമ്മുടെ രാജ്യത്തെ ഓരോ പൗരന്റെയും ബോധത്തിൽ ഈ ചോദ്യങ്ങൾ പരമപ്രധാനമായില്ലെങ്കിൽ, നമ്മുടെ പൗരധർമ്മം ദുർബലമായി തുടരുകയും മറ്റുള്ളവരുടെ അവകാശങ്ങളെ ഏതെങ്കിലും രൂപത്തിൽ ഹനിക്കുകയും ചെയ്യും. അതിനാൽ, മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നമ്മുടെ കടമകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ബാധ്യതയും നമുക്കുണ്ട്.

ജനപ്രതിനിധികൾ എന്ന നിലയിൽ ഞങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്തങ്ങളുണ്ട്. ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനൊപ്പം, നാം നമ്മെത്തന്നെ ഒരു മാതൃകയായി അവതരിപ്പിക്കേണ്ടതുണ്ട്. അത് നമ്മുടെ ഉത്തരവാദിത്തമാണ് . സമൂഹത്തിൽ അർത്ഥവത്തായ ഒരു മാറ്റം കൊണ്ടുവരാൻ ഈ കടമ നാം നിറവേറ്റേണ്ടതുണ്ട്. എല്ലാ പരിപാടികളിലും എല്ലാ ചർച്ചകളിലും നമ്മൾ കടമകളെക്കുറിച്ച് പറയേണ്ടതുണ്ട്. പൊതുജനങ്ങളുമായി ആശയവിനിമയം നടത്തുമ്പോൾ കടമകളെക്കുറിച്ച് സംസാരിക്കാൻ മറക്കരുത്. നമ്മുടെ ഭരണഘടന ആരംഭിക്കുന്നത് 'ഭാരതത്തിലെ ജനങ്ങളായ നാം ' എന്നാണല്ലോ. ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തിൻറെ ശക്തിയാണ്. നമ്മളാണ് രാജ്യത്തിൻറെ പ്രേരക ശക്തി , നമ്മൾ തന്നെയാണ് അതിന്റെ നിലനിൽപ്പും. .

'ഞാൻ സമൂഹത്തിന് വേണ്ടി നിലകൊള്ളുന്നു ;ഞാൻ രാഷ്ട്രത്തിനുവേണ്ടി നിലകൊള്ളുന്നു ' - '

ഈ കർത്തവ്യ പ്രകടനമാണ് നമ്മുടെ പ്രചോദനത്തിന്റെ ഉറവിടം. ഈ പ്രമേയത്തിലൂടെ ഇന്ത്യയിലെ ഉത്തരവാദിത്തപ്പെട്ട പൗരന്മാർ എന്ന നിലയിൽ നിങ്ങളുടെ കടമകൾ നിറവേറ്റാൻ ഞാൻ നിങ്ങളെ എല്ലാവരോടും ആഹ്വാനം ചെയ്യുന്നു. നമുക്കൊരുമിച്ച് നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയെ ഒരു പുതിയ സംസ്കാരത്തിലേക്ക് കൊണ്ടുപോകാം, അതിൽ കടമകൾ നിറവേറ്റി നമുക്ക് മുന്നേറാം. നമുക്കെല്ലാവർക്കും രാജ്യത്തിന്റെ പുതിയ പൗരന്മാരും ശ്രേഷ്ഠ പൗരന്മാരുമായി മാറാം. നമ്മുടെ ഭരണഘടനയുടെ ആദർശങ്ങൾ ഉയർത്തിപ്പിടിക്കുകയും രാഷ്ട്രനിർമ്മാണത്തിന് സംഭാവന ചെയ്യാനുമുള്ള നമ്മുടെ പ്രതിബദ്ധതയെ ശക്തിപ്പെടുത്തുകയും നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ സ്വപ്നം കണ്ട സ്വപ്നം സാക്ഷാത്കരിക്കാനുള്ള ശക്തി നമുക്ക് നൽകുകയും ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഭരണഘടനയുടെ മസ്തിഷ്കോദ്ദീപനം നടന്ന പുണ്യസ്ഥലമാണിത്, അതിന്റെ പ്രതിധ്വനി ഇപ്പോഴും അലയടിക്കുന്നു. ഈ പ്രതിധ്വനി തീർച്ചയായും നമ്മെ അനുഗ്രഹിക്കുകയും പ്രചോദിപ്പിക്കുകയും ശക്തി നൽകുകയും ചെയ്യും.ഈ പ്രതിധ്വനി തീർച്ചയായും നമുക്ക് ഒരു ലക്ഷ്യം നൽകും.ഈ വികാരത്തോടെ, ഭരണഘടനാ ദിനമായ ഇന്ന് ആദരണീയനായ ബാബാ സാഹിബ് അംബേദ്കറുടെ സ്മരണക്ക് മുന്നിൽ ഞാൻ ശിരസ്സ് നമിക്കുന്നു, , ഭരണഘടനയുടെ രചയിതാക്കളെ സ്മരിക്കുന്നു , അവർക്ക് പ്രണാമം അർപ്പിക്കുകയും രാജ്യത്തെ എല്ലാ ജനങ്ങൾക്കും എന്റെ ആശംസകൾ അറിയിക്കുകയും ചെയ്യുന്നു. നന്ദി!

2020



ശ്രീ നരേന്ദ്ര മോദി, കിസാൻ ക്രെഡിറ്റ് കാർഡ് ഗുണഭോക്താക്കളോടൊപ്പം.

"രാജ്യത്തെ കൃഷിക്കാരുടെ ആത്മവിശ്വാസമാണ് രാജ്യത്തിൻറെ ശക്തിയുടെ ഉറവിടം."

“ശ്രീരാമ ജന്മഭൂമി തീർത്ഥ ക്ഷേത്ര ട്രസ്റ്റിന്റെ രൂപീകരണത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി യുടെ ലോക്സഭയിലെ പ്രസംഗം

ഫെബ്രുവരി 5, 2020”

ഫെബ്രുവരി 05, 2020

ലോക് സഭ

രാമജന്മ ഭൂമി തീർഥ ക്ഷേത്ര ട്രസ്റ്റ് സ്ഥാപിച്ചു കൊണ്ടു ലോക് സഭയിൽ ആദരണീയ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അറിയിപ്പ്

ആദരണീയ സ്പീക്കർ, വളരെ പ്രധാനപ്പെട്ടതും ചരിത്രപരവുമായ ഒരു വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ പങ്കുവയ്ക്കാൻ ഇന്ന് നിങ്ങളുടെ എല്ലാവരുടെയും മുമ്പാകെ ഞാൻ പ്രത്യേകമായി വന്നിരിക്കുന്നത് . നമ്മുടെ കോടിക്കണക്കിനു സഹജീവികളുടെ പോലെ തന്നെ എന്റെ ഹൃദയത്തോടും ചേർന്നിരിക്കുന്ന വിഷയമാണിത് . ഈ വിഷയം ശ്രീരാമ ജന്മഭൂമിയുമായി ബന്ധപ്പെട്ടിരിക്കുന്നു, ഭഗവാൻ ശ്രീരാമന്റെ അയോധ്യയിലെ അദ്ദേഹത്തിന്റെ ജന്മസ്ഥലത്ത് ഗംഭീരമായ ഒരു ക്ഷേത്രം നിർമ്മിക്കുന്നതിനെക്കുറിച്ചാണ് ഞാൻ സംസാരിക്കുവാൻ പോകുന്നത് . ഇതേക്കുറിച്ച് സംസാരിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു.

കർതാർപൂർ സാഹിബ് ഇടനാഴി രാജ്യത്തിന് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഞാൻ പഞ്ചാബിലായിരുന്നു . അന്നേ ദിവസം 2019 നവംബർ 9-ന്, ഗുരു നാനാക്ദേവ് ജിയുടെ 550-ാമത് പ്രകാശ് പർവ് കൂടി ആയിരുന്നു , ആ ദിവ്യമായ അന്തരീക്ഷത്തിൽ ആയിരുന്നു രാജ്യത്തെ പരമോന്നത കോടതി രാമജന്മഭൂമി വിഷയത്തിൽ എടുത്ത ചരിത്രപരമായ വിധിയെക്കുറിച്ച് ഞാൻ അറിയുന്നത്. ഈ വിധിയിൽ, രാമജന്മഭൂമിയിലെ തർക്കഭൂമിയുടെ അകം മുറ്റവും പുറം മുറ്റവും ഭഗവാൻ ശ്രീരാം ലല്ല വിരാജ്മാമാൻറെ അവകാശതയിൽ ഉള്ളതാണെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി നിർണയിച്ചിട്ടുണ്ട് .

കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പരസ്പരം കൂടിയാലോചിച്ച് സുന്നി സെൻട്രൽ വഖഫ് ബോർഡിന് അഞ്ചേക്കർ ഭൂമി അനുവദിക്കുമെന്നും ബഹുമാനപ്പെട്ട സുപ്രീം കോടതി അവരുടെ വിധിന്യായത്തിൽ വ്യക്തമാക്കിയിരുന്നു. ഇന്ന് രാവിലെ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഈ വിഷയത്തിൽ സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ട കാര്യം ഈ മഹത് സഭയോടും രാജ്യമൊട്ടാകെയും പങ്കിടുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി, ഭഗവാൻ ശ്രീരാമന്റെ ജന്മസ്ഥലത്ത് അദ്ദേഹത്തിനു അതിവിശിഷ്ടമായ ക്ഷേത്രം നിർമ്മിക്കുന്നതിനും മറ്റ് അനുബന്ധ കാര്യങ്ങൾക്കുമായി എന്റെ സർക്കാർ വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സുപ്രീം കോടതിയുടെ ഉത്തരവനുസരിച്ച്, ഒരു സ്വയംഭരണ ട്രസ്റ്റ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം- "ശ്രീരാമ ജന്മഭൂമി തീർത്ഥക്ഷേത്ര" പാസാക്കി.

അയോധ്യയിലെ ഭഗവാൻ ശ്രീരാമന്റെ ജന്മസ്ഥലത്ത് അതിമനോഹരവും ദിവ്യവുമായ ശ്രീരാമക്ഷേത്രം നിർമ്മിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും ഈ ട്രസ്റ്റിന് പൂർണ്ണ സ്വയംഭരണാധികാരം ഉണ്ടായിരിക്കും.

ആദരണീയ സ്പീക്കർ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി, വിശദമായ കൂടിയാലോചനകൾക്കും ചർച്ചകൾക്കും ശേഷം, സുന്നി സെൻട്രൽ വഖഫ് ബോർഡിന് അഞ്ചു ഏക്കർ ഭൂമി അനുവദിക്കാൻ ഉത്തർപ്രദേശ് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരും ഇത് അംഗീകരിച്ചിട്ടുണ്ട്.

ആദരണീയ സ്പീക്കർ, ഭഗവാൻ ശ്രീരാമന്റെ ദിവ്യമാഹാത്മ്യത്തെക്കുറിച്ചും , അയോധ്യയുടെ ചരിത്ര സന്ദർഭങ്ങളും , അയോധ്യാധാമിന്റെ ഭക്തി തുടങ്ങിയവയെല്ലാം എന്നിവയെല്ലാം നമുക്ക് നന്നായി അറിയാം, ഇവയെല്ലാം ഇന്ത്യയുടെ ആത്മാവിന്റെയും ആദർശങ്ങളുടെയും നീതിയുടെയും അവിഭാജ്യഘടകങ്ങൾ ആണ് .

അയോധ്യയിൽ ഭഗവാൻ ശ്രീരാമന്റെ അതിമനോഹരമായ ക്ഷേത്രം പണിയുന്നതുമായി സംബന്ധിച്ചും രാംലല്ലയുടെ ദർശനത്തിനായി ഇപ്പോൾ വരുന്ന തീർഥാടകരുടെയും ഭാവിയിൽ വരാനിരിക്കുന്ന തീർഥാടകരുടെയും എണ്ണവും അവരുടെ വികാരവും മനസ്സിലാക്കിക്കൊണ്ട് മറ്റൊരു സുപ്രധാന തീരുമാനവും സർക്കാർ എടുത്തിട്ടുണ്ട്

അയോധ്യാ നിയമപ്രകാരം ഏറ്റെടുത്ത മുഴുവൻ ഭൂമിയും, അകത്തും പുറത്തുമുള്ള മുറ്റവും ഉൾപ്പെടെ ഏകദേശം 67.703 ഏക്കർ ഭൂമിയും പുതുതായി രൂപീകരിച്ച ട്രസ്റ്റായ - "ശ്രീരാമ ജന്മഭൂമി തീർത്ഥക്ഷേത്ര" യുടെ അവകാശത്തിൽ ആയിരിക്കുമെന്ന് തീരുമാനം എൻറെ സർക്കാർ കൈക്കൊണ്ടു .

ആദരണീയ സ്പീക്കർ, രാമജന്മഭൂമിയുടെ വിധി 2019 നവംബർ 9-ന് പുറപ്പെടുവിച്ചതിന് ശേഷം നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ പൂർണ്ണ വിശ്വാസത്തോടെ ഇന്ത്യയിലെ ജനങ്ങൾ വലിയ പക്വതയാണ് പ്രകടിപ്പിച്ചത്. നമ്മുടെ സഹപൌരൻമാർ പ്രകടിപ്പിച്ച പക്വതയെ ഇന്ന് ഈ സഭയിൽ, ഞാൻ അഭിനന്ദിക്കുന്നു.

"വസുധൈവ കുടുംബകം", "സർവേ ഭവന്തു സുഖിനഃ" എന്നീ ദർശനങ്ങൾ നമ്മുടെ സംസ്കാരവും പാരമ്പര്യങ്ങളും നമുക്ക് സമ്മാനിക്കുകയും ഈ ചൈതന്യവുമായി മുന്നോട്ട് നയിക്കാൻ നമുക്ക് പ്രചോദികമാകുകയും ചെയ്യുന്നു. ഇന്ത്യയിലെ എല്ലാ മതങ്ങളിലുമുള്ള ആളുകൾ, അവർ ഹിന്ദുക്കളോ, മുസ്ലീങ്ങളോ, സിഖുകാരോ, ക്രിസ്ത്യാനികളോ, ബുദ്ധമതക്കാരോ, പാർസികളോ, ജൈനരോ ആകട്ടെ, എല്ലാവരും ഒരു വലിയ കുടുംബത്തിലെ അംഗങ്ങളാണ്.

ഈ കുടുംബത്തിലെ ഓരോ അംഗവും പുരോഗതി കൈവരിക്കാനും സന്തോഷത്തോടെയും ആരോഗ്യത്തോടെയും തുടരുന്നതിനും ഐശ്വര്യപൂർണമാകുന്നതിനും രാജ്യം പുരോഗതി പ്രാപിക്കുന്നതിനുമായി "സബ്കാ സാത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്" (ഏവർക്കും ഒപ്പം, ഏവരുടെയും പുരോഗതി, ഏവരുടെയും വിശ്വാസം)എന്ന മന്ത്രവുമായി എന്റെ സർക്കാർ മുന്നോട്ട് പോവുകയാണ്.

ഈ ചരിത്രനിമിഷത്തിൽ, അയോധ്യയിലെ ശ്രീരാമക്ഷേത്ര പുനരുദ്ധാരണത്തിനും ഗംഭീരമായ രാമക്ഷേത്ര നിർമ്മാണത്തിനും നിങ്ങളുടെ ഏകകണ്ഠമായ പിന്തുണ നൽകാൻ ഈ മഹനീയ സഭയിലെ ഹൗസിലെ എല്ലാ അംഗങ്ങളോടും ഞാൻ അഭ്യർഥിക്കുന്നു

“രാഷ്ട്രപതിയുടെ പ്രസംഗത്തിൽ
രാജ്യസഭയിൽ നടന്ന
നന്ദിപ്രമേയ ചർച്ചയിൽ
പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി
യുടെ മറുപടി പ്രസംഗം

ഫെബ്രുവരി 6, 2020”

ഫെബ്രുവരി 06, 2020

രാജ്യസഭ

രാജ്യസഭയിൽ രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദി പ്രമേയചർച്ചയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിജിയുടെ പ്രസംഗം

ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പ്രസംഗത്തിൽ നിന്ന് പഠിച്ച പാഠങ്ങൾ 130 കോടി ഇന്ത്യക്കാരുടെ അഭിലാഷങ്ങളെയും പ്രതീക്ഷകളെയും പ്രതിഫലിപ്പിക്കുന്നു. ആദരണീയനായ രാഷ്ട്രപതിയുടെ പ്രസംഗത്തെ കുറിച്ച് സംസാരിക്കുവാൻ ആണ് ഇന്ന് നിങ്ങൾക്കിടയിൽ നിൽക്കുന്നത് .

145- ധികം ബഹുമാനപ്പെട്ട അംഗങ്ങൾ തങ്ങളുടെ വീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് നവരുടെ സഭയാണ് , അനുഭവപരിചയമുള്ള മഹാന്മാരുടെ സഭ . ചർച്ചയെ സമ്പന്നമാക്കാനാണ് എല്ലാവരുടെയും ശ്രമം. ശ്രീ ഗുലാം നബി ആസാദ് ജി, ശ്രീ ആനന്ദ് ശർമ്മ ജി, ശ്രീ ഭൂപേന്ദ്ര യാദവ് ജി, ശ്രീ സുധാംശു ത്രിവേദി ജി, ശ്രീ സുധാകർ ശേഖർജി, ശ്രീ രാമചന്ദ്ര പ്രസാദ് ജി, ശ്രീ രാംഗോപാൽ യാദവ് ജി, ശ്രീ സതീഷ് ചന്ദ്ര മിശ്ര ജി, ശ്രീ സഞ്ജയ് റൗത്ജി, ശ്രീ സ്വപൻ ദാസ് ഗുപ്ത ജി, ശ്രീ പ്രസന്ന ആചാര്യ ജി, ശ്രീ എ നവനീത് കൃഷ്ണൻ ജി, തുടങ്ങിയ ബഹുമാന്യരായ എല്ലാ അംഗങ്ങളും അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ഈ പ്രസംഗങ്ങളിൽ നിന്നെല്ലാം ഞാൻ കുറിപ്പുകൾ എടുക്കുമ്പോൾ, പല പുതിയ കാര്യങ്ങളും വെളിപ്പെട്ടു. വളരെ ക്രിയാത്മകമായിരുന്നു ഞങ്ങളുടെ പോയ വർഷങ്ങൾ . ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടെയും സഹകരണമാണ് ആണ് അതിനു കാരണം എന്നതിൽ ഈ സഭയ്ക്ക് അഭിമാനിക്കാം. ഈ മഹനീയ സഭയിലെ എല്ലാ ബഹുമാന്യ അംഗങ്ങളും അതിന് അഭിനന്ദനാർഹരാണ് . പരിചയസമ്പന്നരും മുതിർന്നവരുമായ വ്യക്തികളുടെ സഭയാണിത്, അതിനാൽ രാജ്യത്തിനും വലിയ പ്രതീക്ഷകൾ ഉണ്ടാകുക സ്വാഭാവികമാണ്. ടഷറി ബെഞ്ചുകളിൽ ഇരിക്കുന്ന ആളുകൾക്ക് ഒരുപാട് പ്രതീക്ഷകളുണ്ടായിരുന്നു, നിങ്ങളുടെ പ്രയത്നങ്ങളിൽ നിന്നും രാജ്യത്തിന് വേണ്ടി ഒരുപാട് നല്ല കാര്യങ്ങൾക്കു വേണ്ടിയും , എന്നെപ്പോലുള്ള പുതിയ അംഗങ്ങൾക്കും മികച്ച മാർഗ്ഗനിർദ്ദേശം ഉണ്ടാകുമെന്ന് എനിക്ക് തന്നെ ഒരുപാട് പ്രതീക്ഷകളുണ്ടായിരുന്നു. പക്ഷേ, ആ പ്രതീക്ഷകൾ നടപ്പാകാതെ നിരാശയിലേക്ക് മാറ്റി നിർത്തപ്പെട്ടതായി എനിക്കു തോന്നുന്നു. നിങ്ങൾ നിലകൊണ്ട ഇടത്തു നിന്ന് മാറാൻ നിങ്ങൾക്കു ഒരു ആഗ്രഹവും ഇല്ലെന്നു തോന്നിപ്പോകുന്നു . നിന്നിടത്ത് നിന്നും നിങ്ങൾ പിന്നോട്ട് പോകുകയാണെന്ന് പോലും തോന്നിപ്പോകുന്നു . നിരാശയും വിഷാദവും നിറഞ്ഞ ധാരണകൾ സൃഷ്ടിക്കുന്നതിനുപകരം രാജ്യത്തിന് ശരിയായ ദിശാബോധം നൽകുവാൻ നമുക്ക് ആകുമെങ്കിൽ നന്നായിരുന്നു; നിങ്ങളുടെ പുതിയ ഉത്സാഹം, പുതിയ ആശയങ്ങൾ, പുതിയ ഊർജ്ജം എന്നിവയിൽ നിന്ന് ഗവൺമെന്റിന് മാർഗ്ഗനിർദ്ദേശം ലഭിക്കാമായിരുന്നതിന് പകരം ; നിഷ്ക്രിയത്വമാണ് നല്ലതെന്ന് നിങ്ങൾ കരുതിയിരിക്കാം. കാക്കാ ഹാത് രസിയുടെ രസകരമായ കവിത ഈ അവസരത്തിൽ ഞാൻ ഓർക്കുന്നു. അദ്ദേഹം പറയുന്നതു വളരെ ശരിയായ കാര്യമാണ് .

പ്രകൃതി ബദൽത്തി ക്ഷണ്-ക്ഷണ് ദേഖോ,

ബദൽ രഹേ അണു കണ് -കണ് ദേഖോ,

തും നിഷ്ക്രിയ് സേ പഡേ ഹടയെ ഹോ,

തും നിഷ്ക്രിയ് സേ പഡേ ഹടയെ ഹോ,

ഭാഗ്യ വാദ് പർ അടെ ഹടയെ ഹോ.

ഛോഡോ മിത്ര്, പുരാനി ഡഫലി

ജീവന് മേ പരിവർത്തന് ലാവോ

പരമ്പരാ സേ ഊംചേ ഉഠ്കർ ,

കുഛ് തോ സ്റ്റാൻഡേർഡ് ബനാവോ .

ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷൻ ചർച്ച ആരംഭിച്ചപ്പോൾ , ഗുലാം നബി ജി സംസാരിക്കുവാൻ തുടങ്ങിയിരുന്നു. അദ്ദേഹം ക്ഷുഭിതനായിരുന്നു , പല കാര്യങ്ങളിലും സർക്കാരിനെ വിമർശിക്കുവാനുള്ള ശ്രമം ഉണ്ടായിരുന്നു , അത് വളരെ സ്വാഭാവികമായ കാര്യമാണ്. എന്നാൽ പൊരുത്തപ്പെടാത്ത കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്. സഭയിൽ ചർച്ച ചെയ്യാതെയാണ് ജമ്മു- കശ്മീർ വിഷയത്തിൽ തീരുമാനമെടുത്തതെന്നദ്ദേഹം പറഞ്ഞു. ചർച്ച രാജ്യം മുഴുവൻ ദിവസം മൊത്തം ടെലിവിഷനിലൂടെ കാണുകയും കേൾക്കുകയും ചെയ്തു. വിശാലമായി നടന്ന ചർച്ചയ്ക്ക് രാജ്യം സാക്ഷ്യം വഹിച്ചു, അതുയും വിപുലമായ ചർച്ചയ്ക്ക് ശേഷം മാത്രമാണ സഭ തീരുമാനത്തിൽ എത്തിയത്. ഉച്ചയ്ക്ക് 2 മണി വരെ ചില അംഗങ്ങൾ സഭയുടെ നടുത്തളത്തിൽ ഇരുന്നുവെന്നത് ശരിയാണ്, എന്നാൽ പുറത്ത് നിന്ന് വാർത്തകൾ വരാൻ തുടങ്ങിയപ്പോൾ സഭയിലേക്ക് മടങ്ങുന്നതാണ് തങ്ങൾക്ക് നല്ലതെന്ന് അവർക്കെല്ലാം മനസ്സിലായി. വളരെ വിശാലമായി തന്നെ ചർച്ച ചെയ്തു, ബഹുമാനപ്പെട്ട അംഗങ്ങൾ വോട്ട് രേഖപ്പെടുത്തി തീരുമാനമെടുത്തു. ആസാദ് സാഹിബ്, ഞാൻ നിങ്ങളുടെ ഓർമ്മകളെ ഒന്നുകൂടി പുതുക്കട്ടെ. പണ്ട് ചെയ്ത കുട്ടിയ കാര്യങ്ങൾ ഒന്നും ആളുകൾ അതു പെട്ടെന്ന് മറക്കില്ല. തെലങ്കാന നിർമിച്ചപ്പോൾ സഭ എങ്ങനെ തീരുമാനമെടുത്തുവെന്ന് ഓർക്കുക. സഭ പൂട്ടി, ടിവികൾ ഓഫാക്കി. ചർച്ചയ്ക്ക് സ്ഥാനമേ ഇല്ലായിരുന്നു . അത് പാസാക്കിയ രീതികൾ ഒരാൾക്കും മറക്കാനാവില്ല. അതിനാൽ ഞങ്ങൾക്ക് ഉപദേശം നൽകു, നിങ്ങൾ സീനിയറാണ്, എങ്കിലും സത്യത്തെയും അംഗീകരിക്കേണ്ടതുണ്ട്. പതിറ്റാണ്ടുകൾക്ക് ശേഷം ഒരു പുതിയ സംസ്ഥാനം സൃഷ്ടിക്കാൻ നിങ്ങൾക്ക് അവസരം ലഭിച്ചു. എല്ലാവരേയും അഭിലാഷങ്ങളിലും ഉത്സാഹത്തിലും ഒപ്പം കൂട്ടിക്കൊണ്ടുതന്നെ നിങ്ങൾക്കത് ചെയ്യാൻ കഴിയുമായിരുന്നു . ഇപ്പോൾ ആനന്ദ്ജി ചോദിച്ച , നിങ്ങൾ സംസ്ഥാനങ്ങളോട് ചോദിച്ചോ, അങ്ങനെ കുറെ പറയുകയുണ്ടായി. ആന്ധ്ര-തെലങ്കാനയിലെ ജനങ്ങളുടെ ആഗ്രഹം എന്താണെന്ന് എങ്കിലും കുറഞ്ഞത് നിങ്ങൾക്ക് ചോദിക്കാമായിരുന്നു. എന്നാൽ നിങ്ങൾ എന്തു ചെയ്തു അത് ചരിത്രമാണ്, ആ സമയത്ത് അന്നത്തെ പ്രധാനമന്ത്രി ബഹുമാനപ്പെട്ട മൻമോഹൻ സിംഗ് ജി ലോക്സഭയിൽ ഒരു കാര്യം പറഞ്ഞിരുന്നു, അത് ഇന്ന് നമ്മൾ ഓർക്കണമെന്ന് ഞാൻ കരുതുന്നു. തെലങ്കാന വിഷയത്തിൽ നടക്കുന്ന പ്രതിഷേധത്തിന്റെ ഫലമായി ഇന്ത്യയിലെ ജനാധിപത്യത്തിന് കോട്ടം തട്ടുന്നുവെന്ന് അദ്ദേഹം അന്ന് പറഞ്ഞിരുന്നു. അടൽ ജിയുടെ സർക്കാർ പൂർണ്ണ അന്തസ്സോടെ, സമാധാനത്തോടെ, സൗഹാർദ്ദത്തോടെ ഉത്തരാഖണ്ഡ്, ജാർഖണ്ഡ്, ഛത്തീസ്ഗഢ് സൃഷ്ടിച്ചു. ഇന്ന് ഈ മൂന്ന് പുതിയ സംസ്ഥാനങ്ങളും അവരുടേതായ രീതിയിൽ രാജ്യത്തിന്റെ പുരോഗതിയിൽ സംഭാവന ചെയ്യുന്നുണ്ട്. ജമ്മു കശ്മീർ, ലഡാക്ക് എന്നിവയുമായി ബന്ധപ്പെട്ട് ഏത് തീരുമാനങ്ങളും എടുത്തത് പൂർണവും ദീർഘവുമായ ചർച്ചകൾക്ക് ശേഷമാണ്.

ജമ്മു കശ്മീരിലെ സ്ഥിതിഗതികളെക്കുറിച്ചുള്ള ചില വിവരങ്ങൾ ഇവിടെ അവതരിപ്പിക്കപ്പെട്ടു. എന്റെ കയ്യിലും ചില കണക്കുകൾ ഉണ്ട്. ഈ സഭയുടെ മുമ്പിൽ ആ സ്റ്റേറ്റ്മെൻറ് നൽകണമെന്ന് എനിക്കും തോന്നുന്നു. 2018 ജൂൺ 20 - അവിടത്തെ സർക്കാർ മാറിയതിന് ശേഷം അവിടെ ഒരു പുതിയ സംവിധാനം സൃഷ്ടിച്ചു. ഗവർണർ ഭരണം ഏർപ്പെടുത്തി, തുടർന്ന് രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി, മുന്നൂറ്റി എഴുപതാം വകുപ്പ് എടുത്തുകളയാൻ തീരുമാനമെടുത്തു . അതിന് ശേഷം, ആദ്യമായി പാവപ്പെട്ട പൊതുവിഭാഗത്തിന് സംവരണത്തിന്റെ ആനുകൂല്യം ലഭിച്ചുവെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ജമ്മു കശ്മീരിൽ പഹാഡി സംസാരിക്കുന്ന ആളുകൾക്ക് സംവരണത്തിന്റെ ആനുകൂല്യം ആദ്യമായി ലഭിച്ചു. സംസ്ഥാനത്തിന് പുറത്ത് നിന്നും വിവാഹം കഴിച്ചാലും തങ്ങളുടെ സ്വത്ത് നഷ്ടമാകില്ല എന്ന അവകാശം ജമ്മു കശ്മീരിൽ ആദ്യമായി സ്ത്രീകൾക്ക് ലഭിച്ചു. സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം ആദ്യമായി ബ്ലോക്ക് ഡവലപ്മെന്റ് കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്നു. ജമ്മു കശ്മീരിൽ ആദ്യമായി ആർഇആർഎ നിയമം നിലവിൽ വന്നു. സ്റ്റാർട്ടപ്പ് പോളിസി, ട്രേഡ് ആൻഡ് എക്സ്പോർട്ട് പോളിസി, ലോജിസ്റ്റിക് പോളിസി എന്നിവയും ജമ്മു കശ്മീരിൽ ആദ്യമായി രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു . ഇനി പറയുന്നത് രാജ്യത്തെ അത്ഭുതപ്പെടുത്തും, ആദ്യമായി ജമ്മു കശ്മീരിൽ അഴിമതി വിരുദ്ധ ബ്യൂറോ സ്ഥാപിച്ചു.

അതിർത്തിക്കപ്പുറത്ത് നിന്നുള്ള ധനസഹായം ജമ്മു കശ്മീരിലെ വിഘടനവാദികൾക്ക് ആദ്യമായി നിയന്ത്രിക്കപ്പെട്ടു. ജമ്മു കശ്മീരിലെ വിഘടനവാദികളെ അനുമോദിക്കുന്ന പാരമ്പര്യം ആദ്യമായി അവസാനിപ്പിക്കപ്പെട്ടു . ഇതാദ്യമായാണ് ജമ്മു കശ്മീരിലെ തീവ്രവാദത്തിനും ഭീകരർക്കുമെതിരെ ജമ്മു കശ്മീർ പോലീസും സുരക്ഷാ സേനയും ഒരുമിച്ച് നിർണായക നടപടി സ്വീകരിക്കുന്നത്. മറ്റ് കേന്ദ്ര ജീവനക്കാർക്ക് പതിറ്റാണ്ടുകളായി ലഭിക്കുന്ന അലവൻസുകളുടെ ആനുകൂല്യം ജമ്മു കശ്മീരിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ആദ്യമായി ലഭിച്ചു. ഇന്ന് , ഇതാദ്യമായി ജമ്മു കശ്മീരിലെ പോലീസുകാർക്ക് എൽടിസി എടുത്ത് കന്യാകുമാരിയിലേക്കോ വടക്ക്-കിഴക്കോ ആൻഡമാൻ-നിക്കോബാറിലോ വിനോദ യാത്ര പോകുവാൻ സാധ്യമായിരിക്കുന്നു . ആദരണീയ അദ്ധ്യക്ഷൻ , ഗവർണർ ഭരണം വന്നു കഴിഞ്ഞ് 18 മാസത്തിനുള്ളിൽ 4400-ലധികം സർപഞ്ചുകളിലേക്കും മുപ്പത്തിയയ്യായിരത്തിലധികം പഞ്ചുകളിലേക്കും സമാധാനപരമായ തിരഞ്ഞെടുപ്പ് നടന്നു. പതിനെട്ട് മാസങ്ങൾക്കുള്ളിൽ ജമ്മു കശ്മീരിൽ 2.5 ലക്ഷം ശൌചാലയങ്ങൾ നിർമ്മിച്ചു, 18 മാസം കൊണ്ട് ജമ്മു കശ്മീരിൽ മൂന്ന് ലക്ഷത്തി മുപ്പത്തിനായിരം വീടുകളിൽ വൈദ്യുതി കണക്ഷൻ നൽകി. ജമ്മു കശ്മീരിൽ ആയുഷ്മാൻ യോജനയുടെ ഗോൾഡ് കാർഡുകൾ 18 മാസത്തിനുള്ളിൽ 3.5 ലക്ഷത്തിലധികം ആളുകൾക്ക് നൽകി. കേവലം 18 മാസത്തിനുള്ളിൽ ജമ്മു കശ്മീരിൽ ഒന്നര ലക്ഷം വൃദ്ധർ , സ്ത്രീകൾ , വികലാംഗരെന്നിവരെ പെൻഷൻ പദ്ധതിയുമായി ബന്ധിപ്പിച്ചു. മുൻപും വികസനം നടന്നിരുന്നുവെന്ന് ആസാദ് സാഹിബ് പറഞ്ഞു. ഞങ്ങൾ ഒരിക്കലും അങ്ങനെ ഇല്ല എന്നു പറഞ്ഞിട്ടില്ല. എന്നാൽ വികസനം എങ്ങനെയാണ് നടന്നിരുന്നത് എന്നതിന് ഒരു ഉദാഹരണം നൽകാൻ ഞാനാഗ്രഹിക്കുന്നു. നേരത്തെ പ്രധാനമന്ത്രി ആവാസ് യോജനക്കു കീഴിൽ 3.5 ആയിരം വീടുകൾ മാത്രമായിരുന്നു നിർമ്മിച്ചത്. എന്നാൽ അതേ പദ്ധതിയുടെ കീഴിൽ രണ്ടു വർഷത്തിൽ കുറഞ്ഞ സമയം കൊണ്ട് ഇരുപത്തി നാലായിരത്തിലധികം വീടുകൾ നിർമ്മിച്ചതായി ഇപ്പോൾ നിങ്ങൾക്ക് കാണാൻ കഴിയും. സ്കൂളുകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനും ആശുപത്രികൾ നവീകരിക്കുന്നതിനും ജലസേചന സാഹചര്യങ്ങൾ പരിഹരിക്കുന്നതിനും വിനോദസഞ്ചാരം വർധിപ്പിക്കുന്നതിനുമായി പിഎം പാക്കേജ് ഉൾപ്പെടെയുള്ള മറ്റു പല പദ്ധതികളും അതിവേഗം മുന്നോട്ട് പോകുകയാണ് .

ബഹുമാനപ്പെട്ട വൈക്കോജി, അദ്ദേഹം എപ്പോഴും വളരെ വികാരാധീനനാണ് അത് അദ്ദേഹത്തിൻറെ ഒരു ശൈലിയാണ് . 2019 ഓഗസ്റ്റ് 5 , ജമ്മു കശ്മീരിനെ സംബന്ധിച്ച് കുറ്റ ദിനമാണെന്നദ്ദേഹം പറഞ്ഞു. വൈകോജീ, ഇതൊരു കുറ്റ ദിനമല്ല, തീവ്രവാദവും വിഘടനവാദവും പ്രോത്സാഹിപ്പിക്കുന്നവർക്ക് കുറ്റ ദിനമാണെന്ന് തെളിഞ്ഞു കഴിഞ്ഞു . അവിടെയുള്ള ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ഇന്ന് ഒരു പുതിയ വിശ്വാസവും പ്രതീക്ഷയുടെ ഒരു പുതിയ കിരണവും ഇന്ന് കാണുവാൻ ആകുന്നു .

ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷൻ , ഇവിടെ വടക്ക് - കിഴക്കും ചർച്ച ചെയ്തിട്ടുണ്ട്. ആസാദ് സാഹിബ് പറയുന്നത് നോർത്ത് ഈസ്റ്റ് കത്തുന്നു എന്നാണ് . അത് കത്തുന്നുണ്ടെങ്കിൽ, തീർച്ചയായും ഏറ്റവും ആദ്യം എംപിമാരുടെ പ്രതിനിധി സംഘത്തെ അങ്ങോട്ടേക്ക് അയക്കുക നിങ്ങളായിരുന്നു, തീർച്ചയായും വാർത്താസമ്മേളനം നടത്തുമായിരുന്നു, ഫോട്ടോയും പ്രസിദ്ധീകരിക്കുമായിരുന്നു. അതുകൊണ്ട് ആസാദ് സാഹിബ് നല്കിയ വിവരങ്ങൾ 2014-ന് മുമ്പുള്ളതാണെന്ന് ഞാൻ കരുതുന്നു. അതിനാൽ, അഭൂതപൂർവമായ ശാന്തിയോടെ വടക്കുകിഴക്ക് , ഇന്ത്യയുടെ വികസന യാത്രയുടെ മുൻനിര പങ്കാളിയായി മാറിയിരിക്കുന്നുവെന്ന കാര്യം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

നാൽപ്പത് - അൻപത് വർഷങ്ങളായി അക്രമാസക്തമായ പ്രക്ഷോഭങ്ങൾ വടക്കുകിഴക്കൻ മേഖലയിൽ നടന്നിരുന്നു , ഉപരോധങ്ങൾ ഉണ്ടായിരുന്നു, അവ എത്രത്തോളം ആശങ്കാജനകമായിരുന്നുവെന്ന് എല്ലാവർക്കും അറിയാം. എന്നാൽ ആ നീക്കങ്ങൾ ഇന്ന് അവസാനിച്ചിരിക്കുന്നു , ഉപരോധങ്ങൾ നിർത്തലാക്കി , വടക്കു കിഴക്കൻ പ്രദേശങ്ങൾ മുഴുവൻ സമാധാനത്തിന്റെ പാതയിൽ മുന്നേറുകയാണ്. ഒരു കാര്യം കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു - ഏകദേശം 25-30 വർഷമായി ബ്രൂ ജനവിഭാഗത്തിൻറെ പ്രശ്നം നിങ്ങൾക്കും അറിയാം, ഞങ്ങൾക്കും അറിയാം. ഏകദേശം 30,000 ആളുകൾ അനിശ്ചിതത്വത്തിലായിരുന്ന ജീവിതം നയിച്ചിരുന്നത്. ചെറിയ മുറികളിൽ , അതും താൽക്കാലികമായ ചെറിയ കുടിലുകളിൽ . നൂറുകണക്കിന് ആളുകൾ താമസിക്കാൻ നിർബന്ധിതരാക്കപ്പെട്ടു

. മൂന്ന് പതിറ്റാണ്ടുകളായി അത് തുടരുന്നു, അവരുടെ ദുരിതം ഒട്ടും കുറവല്ലായിരുന്നു , അവരുടെ കുറ്റം കൊണ്ടല്ലായിരുന്നു . അതിലെ വിരോധാഭാസം നോക്കൂ, നിങ്ങളുടെ പാർട്ടിക്ക് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ സർക്കാരുകൾ ഉണ്ടായിരുന്നു . ത്രിപുരയിൽ ഇപ്പോൾ നിങ്ങളുടെ പാർട്ടി സഖ്യമാണ് അധികാരത്തിലുള്ളത്, നിങ്ങൾക്ക് സുഹൃത്തുക്കളുണ്ടായിരുന്നു, പ്രിയ സുഹൃത്തേ. നിങ്ങൾക്ക് മനസു വച്ചിരുന്നു എങ്കിൽ , മിസോറാം സർക്കാർ നിങ്ങളോടൊപ്പമുണ്ടായിരുന്നു, നിങ്ങളുടെ സുഹൃത്തുക്കൾ ത്രിപുരയിലും നിങ്ങൾ കേന്ദ്രത്തിലും ഇരിക്കുകയായിരുന്നു. നിങ്ങൾ ആഗ്രഹിച്ചിരുന്നുവെങ്കിൽ ബ്രൂ ജനങ്ങളുടെ പ്രശ്നത്തിന് സന്തോഷകരമായ ഒരു പരിഹാരം കൊണ്ടുവരാമായിരുന്നു. എന്നാൽ ഇന്ന്, വർഷങ്ങൾക്ക് ശേഷം, ആ പ്രശ്നം പരിഹരിക്കുന്നതിൽ , അത് ശാശ്വതമായി പരിഹരിക്കുന്നതിൽ ഞങ്ങൾ വിജയിച്ചു. ഇത്രയും വലിയ ഒരു പ്രശ്നത്തിൽ ഇത്ര ഉദാസീനത എന്തുകൊണ്ടാണെന്ന് ഞാൻ അത്ഭുതപ്പെട്ടിരുന്നു . എന്നാൽ , ആ ഉദാസീന പ്രകൃതത്തിന് കാരണം എനിക്കിപ്പോൾ മനസിലാക്കാൻ ആകുന്നു. തങ്ങളുടെ വീടുകളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും വേർപെട്ട ബ്രൂ ജാതിക്കാർ നശിക്കപ്പെട്ട അവസ്ഥയിലാണ്, അവരുടെ വേദനകൾ പരിധിയില്ലാത്തതാണ് എന്നാൽ അവരുടെ വോട്ടുകളുടെ എണ്ണത്തിനു പരിധി ഉണ്ട്. ഈ വോട്ടിലെ പരിധി ആണ് അവർക്ക് നേരെയുള്ള അനാസ്ഥയുടെ, നിസ്സംഗതയുടെ കാരണമെന്ന് ഇപ്പോൾ എനിക്ക് മനസ്സിലായി. അതൊരു വോട്ടിന്റെ കളിയായിരുന്നു, അതിലൂടെ അവരുടെ പരിധിയില്ലാത്ത വേദന അനുഭവിക്കാൻ നമുക്ക് കഴിയില്ല, അവരുടെ പ്രശ്നം പരിഹരിക്കാൻ നമുക്ക് കഴിഞ്ഞില്ല. ഇതാണ് നമ്മുടെ ചരിത്രം, അത് മറക്കരുത്. ഞങ്ങളുടെ ചിന്താഗതി വ്യത്യസ്തമാണ് ; സബ്കാ സാത്ത് , സബ്കാ വികാസ് സബ്കാ വിശ്വാസ് (ഏവർക്കും ഒപ്പം, എല്ലാവരുടെയും വികസനം, ഏവരുടെയും വിശ്വാസം) എന്ന മന്ത്രവുമായി മുന്നോട്ട് പോകുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു, പൂർണ്ണ ഉത്തരവാദിത്തത്തോടെയും അനുകമ്പയോടെയും ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്നതെന്തും ചെയ്യുവാനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ഞങ്ങൾ ഏർപ്പെട്ടിരിക്കുകയാണ്. അവരുടെ ദുരിതങ്ങൾ ഞങ്ങൾ മനസിലാക്കുന്നു . ഇന്നു രാജ്യത്തിന് അഭിമാനിക്കാം , 29,000 പേർക്ക് സ്വന്തമായി വീട് ലഭിക്കും, സ്വന്തമായ മേൽവിലാസമവർക്കുണ്ടാകും , അവരുടേതായ ഒരിടം അവർക്ക് കിട്ടും .അവർക്ക് അവരുടെ സ്വപ്നങ്ങൾ നെയ്തെടുക്കാൻ കഴിയും; അവരുടെ കുട്ടികളുടെ ഭാവി തീരുമാനിക്കാൻ അവർക്ക് കഴിയും. അതിനാൽ ബ്രൂ ഗോത്രത്തിനും, വടക്കു-കിഴക്കിന് മുഴുവനായും, പ്രശ്നങ്ങൾ പരിഹരിക്കാനുള്ള വഴികളിതാണ്. ബോഡോകളെ കുറിച്ച് ദീർഘമായി സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല, എന്നാൽ അതും വളരെ പ്രധാനപ്പെട്ട മഹത്വപൂർണമായ ഒരു കാര്യം നടന്നു . അക്രമത്തിന്റെ പാതയിലുണ്ടായിരുന്ന എല്ലാ സായുധ സംഘങ്ങളും ഒരുമിച്ചു എന്നതാണ് അതിന്റെ പ്രത്യേകത. അതിനു ശേഷം ബോഡോ പ്രസ്ഥാനത്തിന്റെ എല്ലാ ആവശ്യങ്ങളും പരിഹരിച്ചു, ഇനിയൊന്നും അവശേഷിച്ചിട്ടില്ലെന്ന് എല്ലാവരും കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
.

ശ്രീ സുഖേന്ദു ശേഖർജി ഉൾപ്പെടെയുള്ള നിരവധി സഹപ്രവർത്തകർ ഇവിടെ സാമ്പത്തിക പ്രശ്നങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. സാമ്പത്തിക കാര്യങ്ങളുടെ ചർച്ചയ്ക്ക് മുഴുവൻ സെഷനും നീക്കിവയ്ക്കണമെന്ന്, വളരെ ആത്മാർത്ഥമായി തന്നെ സർവകക്ഷിയോഗം നടന്നപ്പോഴും ഞാൻ പറഞ്ഞിരുന്നു. ഇവിടെ തീവ്രമായ ചർച്ച നടക്കണം. എല്ലാ വശങ്ങളും പ്രാമുഖ്യത്തോടെ കണക്കാക്കണം . ജനങ്ങളോടൊപ്പം നമുക്കുള്ള കഴിവുകളെല്ലാം, അത് അവിടെയും ഇവിടെയും ആകട്ടെ, അത് വ്യത്യസ്തമാണ്. എന്നാൽ നമുക്ക് ഒരുമിച്ച് ഇത്തരം പുതിയ കാര്യങ്ങൾ പറയാം, പുതിയ കാര്യങ്ങൾ കണ്ടെത്താം, പുതിയ വേരുകൾ വികസിപ്പിക്കാം, ഇന്നത്തെ ആഗോള സാമ്പത്തിക സാഹചര്യം ഇന്ത്യക്ക് എങ്ങനെ പരമാവധി പ്രയോജനപ്പെടുത്താം, ഇന്ത്യയ്ക്ക് എങ്ങനെ വേരുകൾ ശക്തിപ്പെടുത്താം, ഇന്ത്യയ്ക്ക് എങ്ങനെ അതിന്റെ സാമ്പത്തിക താൽപ്പര്യങ്ങൾ ശക്തിപ്പെടുത്താം, ഇതിനെക്കുറിച്ചെല്ലാം നമുക്ക് ചർച്ച ചെയ്യാം. വിശദമായി, ഗഹനമായി , നമുക്ക് ചർച്ച ചെയ്യാമെന്ന് സർവകക്ഷി യോഗത്തിൽ ഞാൻ എല്ലാവരോടും അഭ്യർത്ഥിച്ചിരുന്നു. ഈ സമ്മേളനം പൂർണമായും രാജ്യത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾക്കായി സമർപ്പിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ബജറ്റ് ചർച്ച ചെയ്യണം, അത് കൂടുതൽ വിശദമായി ചർച്ച ചെയ്യും, ചർച്ചയുടെ സത്ത് പുറത്തുവരും. ചില ആരോപണ പ്രത്യാരോപണങ്ങൾ ഉണ്ടാകും, ചില വഴക്കുകൾ ഉണ്ടാകും, എങ്കിലും ഇപ്പൊഴും ഞാൻ മനസിലാക്കുന്നത് കടഞ്ഞെടുക്കുമ്പോൾ അമൃത് പുറത്തു വരും എന്നതാണ് , അതിനാലാണ് സമ്പദ്വ്യവസ്ഥ, സാമ്പത്തിക സ്ഥിതി, സാമ്പത്തിക നയങ്ങൾ, സാമ്പത്തിക സാഹചര്യങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യാൻ ഞാൻ എല്ലാവരേയും വീണ്ടും ക്ഷണിക്കുന്നത്, ഡോ. മൻമോഹൻ ജിയെപ്പോലുള്ള

അനുഭവപരിചയമുള്ള പ്രമുഖർ നമുക്കിടയിൽ ഉണ്ട്, രാജ്യത്തിന് തീർച്ചയായും പ്രയോജനം ലഭിക്കും. നാം അതു ചെയ്യണം; നമ്മുടെ മനസ്സ് അതിനായി തുറന്നിരിക്കുന്നു. എന്നാൽ സാമ്പത്തിക സ്ഥിതിയുമായി ബന്ധപ്പെട്ട് ഇവിടെ ചർച്ച ചെയ്യുന്നത്, രാജ്യം നിരാശപ്പെടേണ്ട ഒരു കാരണവും ഇല്ല . നിരാശ പടർത്തിക്കൊണ്ട് നമ്മൾ ഒന്നും നേടാനും പോകുന്നില്ല. ഇന്നും, നമ്മുടെ അടിസ്ഥാന തത്വങ്ങൾ , രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാന തത്വങ്ങങ്ങൾ ഉണ്ട് , മാനദണ്ഡം, അത് ഉറപ്പുള്ളതാണ് ; രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ ശക്തമാണ്, സുസ്ഥിരമാണ്, മുന്നോട്ട് പോകാൻ പൂർണ്ണമായും സഹജമായ ശക്തിയുണ്ട്. ഒരു രാജ്യത്തിനും ചെറിയ ചിന്തകൾ കൊണ്ട് മുന്നോട്ട് പോകാനാവില്ല. ഇപ്പോൾ നമ്മുടെ യുവ തലമുറ രാജ്യത്തിൽ നിന്നും പ്രതീക്ഷിക്കുന്നത് നമ്മൾ കൂടുതൽ വലുപ്പത്തിൽ ചിന്തിക്കാനും മുന്നോട്ട് ഒരുപാട് ദൂരേക്ക് ചിന്തിക്കാനും കൂടുതൽ ശക്തിയോടെ മുന്നോട്ട് പോകാനുമാണ് . ഈ മൂലമന്ത്രമുപയോഗിച്ച്, അഞ്ച് ട്രില്യൺ ഡോളറിന്റെ സമ്പദ്‌വ്യവസ്ഥയെടുത്ത്, ഞങ്ങൾ രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നു, ബന്ധിപ്പിക്കാൻ ശ്രമിക്കുന്നു നിരാശപ്പെടാൻ ഒരു കാര്യവും ഇല്ല . ആദ്യ ദിവസം തന്നെ പറയുകയാണ് , എയ് നമ്മളെക്കൊണ്ടു സാധ്യമല്ല. എന്താണ് സാധ്യമല്ലാത്തത്, അപ്പോൾ സാധ്യമായത് മാത്രം ചെയ്യാനായാണോ നമ്മൾ ശ്രമിക്കേണ്ടത് ? ഒരാൾ ഓരോ തവണയും രണ്ടടിയെ നടക്കൂ എങ്കിൽ നമ്മളും ഓരോ തവണയും അതു മാത്രം ചെയ്താൽ മതിയോ ? ചിലപ്പോൾ എങ്കിലും നിങ്ങൾ അഞ്ച് ചുവടുകൾ വയ്ക്കുവാൻ ഉള്ള ശ്രമം നടത്തുക. ചിലപ്പോൾ നിങ്ങൾ ഏഴ് ചുവടുകൾ വയ്ക്കാൻ ശ്രമിക്കൂ . ഈ നിരാശ രാജ്യത്തിന് ഒരിക്കലും ഗുണകരമല്ല, അത് കൊണ്ടാണ് അഞ്ച് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് സംസാരിക്കുന്നതിന്റെ സുഖകരമായ പ്രയോജനം എന്തെന്ന് വച്ചാൽ , അതിനെ എതിർക്കുന്നവർക്കും അഞ്ച് ട്രില്യൺ ഡോളറിനെക്കുറിച്ച് സംസാരിക്കേണ്ടി വരുന്നു എന്നതാണ്. ഓരോരുത്തർക്കും അഞ്ച് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥക്കു വേണ്ട അടിത്തറ ഉണ്ടാക്കേണ്ടതുണ്ട്. ഇതൊരു വലിയ മാറ്റമാണ്. അതല്ലായിരുന്നുവെങ്കിൽ തെരുവിൽ തന്നെ കളി തുടരേണ്ടി വരും. ഇന്ന് ലോകത്തിന് മുന്നിൽ കളിയ്ക്കാൻ ഒരു ക്യാൻവാസ് സജ്ജമാക്കിയിരിക്കുന്നു. മനോഗതി തന്നെ നമ്മൾ മാറ്റി: ഇക്കാര്യങ്ങൾ നടപ്പാക്കുവാൻ ഗ്രാമങ്ങളിലും നഗരങ്ങളിലും, എംഎസ്എംഇകളിലും, ടെക്സ്റ്റൈൽ മേഖലകളിലും, തൊഴിലവസര സാധ്യതയുള്ള സ്ഥലങ്ങളിലെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകണം. ഞങ്ങൾ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിച്ചു, സ്റ്റാർട്ടപ്പ് പ്രോത്സാഹിപ്പിച്ചു. ഒരു വലിയ അവസരമാണ് വിനോദസഞ്ചാരം . കഴിഞ്ഞ 70 വർഷമായി, പല കാരണങ്ങളാൽ ഇന്ത്യയെ ബ്രാൻഡ് ചെയ്യേണ്ട രീതിയിലുള്ള വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുക എന്നത് നമുക്ക് നഷ്ടമായി. ഇന്നും അതിനൊരു അവസരമുണ്ട്, ഇന്ത്യയുടെ കാഴ്ചപ്പാടിൽ നിന്ന് വേണം ഇന്ത്യ വിനോദസഞ്ചാരം വികസിപ്പിക്കുവാൻ , പടിഞ്ഞാറൻ കാഴ്ചപ്പാടിൽ നിന്ന് ഇന്ത്യയുടെ വിനോദ സഞ്ചാരം വികസിപ്പിക്കാൻ നമുക്ക് സാധ്യമല്ല . ഇന്ത്യ കാണാൻ ലോകം വരണം. അല്ലാത്തപക്ഷം, ചിരിയുടെ-സന്തോഷത്തിന്റെ ലോകം കാണാൻ താൽപ്പര്യമുണ്ടെങ്കിൽ, ലോകത്ത് അങ്ങിനെ ധാരാളം സ്ഥലങ്ങൾ ഉണ്ട് അവർ അവിടേക്ക് പോകട്ടെ .

ഞങ്ങൾ മേക്ക് ഇൻ ഇന്ത്യയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്, അതിന്റെ വിജയം ദൃശ്യമാണ്. വിദേശ നിക്ഷേപത്തിന്റെ കണക്കുകൾ നിങ്ങൾ കണ്ടിരിക്കണം

നികുതി ഘടനയുടെ മുഴുവൻ പ്രക്രിയയും ലളിതമാക്കാൻ ഞങ്ങൾ നിരന്തരം ശ്രമിച്ചിട്ടുണ്ട്. ലോകത്ത് തന്നെയുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗ് വിഷയം ആയാലും ഇന്ത്യയിൽ ഈസ് ഓഫ് ലിവിംഗ് വിഷയം ആയാലും ഞങ്ങൾ രണ്ടും ഒരുമിച്ച് ചെയ്തു. ഗുജറാത്തിൽ ആയിരുന്നപ്പോൾ, നിരവധി മഹാപണ്ഡിതർ ലേഖനങ്ങൾ എഴുതിയിരുന്നു ,നമ്മുടെ രാജ്യത്ത് ബാങ്കുകളുടെ ലയനം വേണമെന്ന് അവർ പറഞ്ഞിരുന്നത് ഞാൻ ഓർക്കുന്നു. അങ്ങനെ സംഭവിച്ചാൽ അത് വലിയൊരു പരിഷ്കരണമായി കണക്കാക്കും. പലതവണ ഇതെല്ലാം നമ്മൾ വായിച്ചിട്ടുണ്ട്. ഈ സർക്കാർ നിരവധി ബാങ്കുകളെ ലയിപ്പിച്ചത് . വളരെ എളുപ്പം അത് ചെയ്യാനായി . ഇന്ന് ബലവത്തായ ബാങ്കുകളുടെ ഘടന തയാറായിക്കൊണ്ടിരിക്കുന്നു, തയാറായി കഴിഞ്ഞു, അത് വരാനിരിക്കുന്ന രാജ്യത്തിന്റെ സാമ്പത്തിക നട്ടെല്ലിനെ ശക്തിപ്പെടുത്തുകയും ത്വരിതപ്പെടുത്തുകയും ചെയ്യും.

ഉൽപ്പാദന മേഖലയെ പുതിയൊരു വീക്ഷണകോൺ കൂടി നോക്കേണ്ടതുണ്ട് .ഏത് കാരണത്താൽ ആണ് ബാങ്കുകളിൽ പണം കരുങ്ങിക്കിടക്കുവാൻ കാരണമെന്താണ് ? . മുൻ സർക്കാരിൻറെ കാലത്ത് ഞാൻ വിശദമായി പറഞ്ഞിട്ടുണ്ട്

ആരെയും താഴ്ത്തികെട്ടാൻ ഞാൻ അവർത്തിച്ച ശ്രമിക്കാറില്ല . രാജ്യത്തിന് മുന്നിൽ വയ്ക്കേണ്ട സത്യം ഉണ്ടായിരുന്നു , അത് വച്ച് കൊണ്ട് വെച്ചുകൊണ്ട്, മുന്നോട്ട് പോകാൻ ഞാൻ ശ്രമിക്കുന്നു

അത്തരം കാര്യങ്ങളിൽ ഞാൻ എന്റെ സമയം പാഴാക്കുന്നില്ല; അല്ലാത്തപക്ഷം ഒരുപാടുണ്ട് പറയാൻ. സാമ്പത്തിക വിഷയത്തിൽ ചർച്ച ഉണ്ടായിരുന്നു , ജി.എസ്.ടിയിൽ വീണ്ടും വീണ്ടും മാറ്റങ്ങൾ ഉണ്ടായി എന്ന തരത്തിലുള്ള ചർച്ചയുണ്ടായി , അത് നല്ലരീതിയിൽ ആണോ മോശമായാണോ കാണുന്നത് എന്നു ഞാൻ അത്ഭുതപ്പെടുകയാണ് ; ജിഎസ്ടിയുടെ രൂപീകരണം, അത് ഇന്ത്യയുടെ ഫെഡറൽ ഘടനയുടെ ഒരു വലിയ നേട്ടമാണ്, ഇപ്പോൾ സംസ്ഥാനങ്ങളുടെ അഭിലാഷങ്ങൾ അതിൽ പ്രകടിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ട്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളുടെ ഭാഗത്തുനിന്നും പ്രശ്നങ്ങൾ ഉയരുന്നുണ്ട്. ദൈവം നമുക്ക് എല്ലാ അറിവും തന്നു , , നമ്മൾ ചെയ്തത് അന്തിമമാണ്, ഇനി ഒരു മാറ്റവും ഉണ്ടാകില്ല എന്ന് പറഞ്ഞു നമ്മൾ നിർത്തണോ?

അത് ഞങ്ങളുടെ രീതിയല്ല ; ആവശ്യമുള്ളിടത്ത് സമയത്തിന് അനുകൂലമായ മാറ്റം വരുത്തണം എന്നതാണ് ഞങ്ങളുടെ അഭിപ്രായം. ഇതു വലിയ രാജ്യമാണ് , ധാരാളം വിഷയങ്ങളുണ്ട്. സംസ്ഥാന ബജറ്റുകളുടെ സമയത്ത് , വിൽപ്പന നികുതിയെ അല്ലെങ്കിൽ , മറ്റ് നികുതികളെ സംബന്ധിച്ച് , നിരവധി ചർച്ചകൾ നടക്കാറുണ്ട് ഒടുവിൽ സംസ്ഥാനങ്ങൾക്കു അതിൽ മാറ്റങ്ങൾ വരുത്തേണ്ടിവരുമെന്നത് നിങ്ങൾ കണ്ടിരിക്കണം. ഇപ്പോൾ വിഷയം സംസ്ഥാനങ്ങളിൽ നിന്ന് മാറി ഒന്നായപ്പോൾ അത് ഭാരിച്ചതായി തോന്നുന്നു . നോക്കൂ , ജിഎസ്ടി വളരെ ലളിതമായിരിക്കണമായിരുന്നു, അതിങ്ങനെ ആയിരിക്കണമായിരുന്നു, അതായിരിക്കണമായിരുന്നു ഇതായിരിക്കണമായിരുന്നു, അതുയും വേണമായിരുന്നു എന്നൊക്കെ ഇവിടെ പറഞ്ഞത് എന്ന് ഞാൻ മനസ്സിലാക്കുന്നു. എനിക്ക് ഒരു കാര്യം ചോദിക്കാനുണ്ട്, നിങ്ങൾക്ക് ഇതുയധികം അറിവ് നിങ്ങൾക്കുണ്ടായിരുന്നുവെങ്കിൽ , വളരെ ലളിതമാക്കാൻ പാകത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ടെങ്കിൽ, പിന്നെ എന്തിനാണ് നിങ്ങൾ അത് നീട്ടിക്കൊണ്ടു പോയത് ? ഈ ആശയക്കുഴപ്പം പ്രചരിപ്പിക്കരുത്. ഞാൻ പറയാം, ഞാൻ നിങ്ങളോട് പറയാം നിങ്ങളിത് ഇന്ന് കേൾക്കേണ്ടിയിരിക്കുന്നു ശ്രദ്ധിക്കണം. ധനമന്ത്രിയായിരിക്കെ പ്രണബ് ദാ ഗുജറാത്തിൽ വന്നപ്പോൾ ഞങ്ങൾ അദ്ദേഹവുമായി ദീർഘമായ ചർച്ച നടത്തിയിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു, ദാദാ ഇതൊരു സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന സംവിധാനമല്ലേ . അതിൻറെ കാര്യം എന്തായി ? അതില്ലാതെ പ്രവർത്തിക്കാൻ സാധിക്കില്ല . അപ്പോൾ ദാദ പറഞ്ഞു, ഒന്ന് നിൽക്കൂ ഇത് നിങ്ങളുടെ ചോദ്യമാണ് - തൻറെ സെക്രട്ടറിയെ വിളിച്ച് അദ്ദേഹം പറഞ്ഞു, നോക്കൂ, മോദിജി എന്താണ് പറയുന്നത്. അപ്പോൾ ഞാൻ പറഞ്ഞു, ഇതൊരു സാങ്കേതികവിദ്യാധിഷ്ഠിത സംവിധാനമാണ്, അതിനാൽ സാങ്കേതികവിദ്യയില്ലാതെ ഇത് മുന്നോട്ടപോകാൻ പോകുന്നില്ല. അദ്ദേഹം പറഞ്ഞു, ഇല്ല, ഞങ്ങൾ തീരുമാനിച്ചത്, ഞങ്ങൾ ഒരു കമ്പനിയെ നിയമിക്കും, അത് ചെയ്യാൻ പോകുകയാണ് ഞങ്ങൾ . ഞാൻ ജിഎസ്ടിയെ കുറിച്ച് പറയാൻ വന്ന കാലത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്, അത്തരമൊരു സംവിധാനം അപ്പോഴും ഇല്ലായിരുന്നു . ജിഎസ്ടി വിജയകരമാകാൻ ഉത്പാദന സംസ്ഥാനങ്ങളുടെ ബുദ്ധിമുട്ടുകൾ നിങ്ങൾ പരിഹരിക്കണമെന്ന് രണ്ടാമതായി ഞാൻ പറഞ്ഞു. തമിഴ്നാട്, കർണാടക, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുണ്ട്.

അത്തരം കാര്യങ്ങളിൽ ഞാൻ എന്റെ സമയം പാഴാക്കുന്നില്ല; അല്ലാത്തപക്ഷം ഒരുപാടുണ്ട് പറയാൻ. സാമ്പത്തിക വിഷയത്തിൽ ചർച്ച ഉണ്ടായിരുന്നു , ജി.എസ്.ടിയിൽ വീണ്ടും വീണ്ടും മാറ്റങ്ങൾ ഉണ്ടായി എന്ന തരത്തിലുള്ള ചർച്ചയുണ്ടായി , അത് നല്ലരീതിയിൽ ആണോ മോശമായാണോ കാണുന്നത് എന്നു ഞാൻ അത്ഭുതപ്പെടുകയാണ് ; ജിഎസ്ടിയുടെ രൂപീകരണം, അത് ഇന്ത്യയുടെ ഫെഡറൽ ഘടനയുടെ ഒരു വലിയ നേട്ടമാണ്, ഇപ്പോൾ സംസ്ഥാനങ്ങളുടെ അഭിലാഷങ്ങൾ അതിൽ പ്രകടിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ട്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളുടെ ഭാഗത്തുനിന്നും പ്രശ്നങ്ങൾ ഉയരുന്നുണ്ട്. ദൈവം നമുക്ക് എല്ലാ അറിവും തന്നു , നമ്മൾ ചെയ്തത് അന്തിമമാണ്, ഇനി ഒരു മാറ്റവും ഉണ്ടാകില്ല എന്ന് പറഞ്ഞു നമ്മൾ നിർത്തണോ? അത് ഞങ്ങളുടെ രീതിയല്ല ; ആവശ്യമുള്ളിടത്ത് സമയത്തിന് അനുകൂലമായ മാറ്റം വരുത്തണം എന്നതാണ് ഞങ്ങളുടെ അഭിപ്രായം. ഇതു വലിയ രാജ്യമാണ്, ധാരാളം വിഷയങ്ങളുണ്ട്. സംസ്ഥാന ബജറ്റുകളുടെ സമയത്ത്, വിൽപ്പന നികുതിയെ അല്ലെങ്കിൽ, മറ്റ് നികുതികളെ സംബന്ധിച്ച് , നിരവധി ചർച്ചകൾ നടക്കാറുണ്ട് ഒടുവിൽ സംസ്ഥാനങ്ങൾക്കു അതിൽ മാറ്റങ്ങൾ

വരുത്തേണ്ടിവരുമെന്നത് നിങ്ങൾ കണ്ടിരിക്കണം. ഇപ്പോൾ വിഷയം സംസ്ഥാനങ്ങളിൽ നിന്ന് മാറി ഒന്നായപ്പോൾ അത് ഭാരിച്ചതായി തോന്നുന്നു . നോക്കൂ , ജിഎസ്ടി വളരെ ലളിതമായിരിക്കണമായിരുന്നു, അതിങ്ങനെ ആയിരിക്കണമായിരുന്നു, അതായിരിക്കണമായിരുന്നു ഇതായിരിക്കണമായിരുന്നു, അതുയും വേണമായിരുന്നു എന്നൊക്കെ ഇവിടെ പറഞ്ഞത് എന്ന് ഞാൻ മനസ്സിലാക്കുന്നു. എനിക്ക് ഒരു കാര്യം ചോദിക്കാനുണ്ട്, നിങ്ങൾക്ക് ഇതുയധികം അറിവ് നിങ്ങൾക്കുണ്ടായിരുന്നുവെങ്കിൽ , വളരെ ലളിതമാക്കാൻ പാകത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ടെങ്കിൽ, പിന്നെ എന്തിനാണ് നിങ്ങൾ അത് നീട്ടിക്കൊണ്ടു പോയത് ? ഈ ആശയക്കുഴപ്പം പ്രചരിപ്പിക്കരുത്. ഞാൻ പറയാം, ഞാൻ നിങ്ങളോട് പറയാം നിങ്ങളിത് ഇന്ന് കേൾക്കേണ്ടിയിരിക്കുന്നു ശ്രദ്ധിക്കണം. ധനമന്ത്രിയായിരിക്കെ പ്രണബ് ദാ ഗുജറാത്തിൽ വന്നപ്പോൾ ഞങ്ങൾ അദ്ദേഹവുമായി ദീർഘമായ ചർച്ച നടത്തിയിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു, ദാദാ ഇതൊരു സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന സംവിധാനമല്ലേ . അതിൻറെ കാര്യം എന്തായി ? അതില്ലാതെ പ്രവർത്തിക്കാൻ സാധിക്കില്ല . അപ്പോൾ ദാദ പറഞ്ഞു, ഒന്ന് നിൽക്കൂ ഇത് നിങ്ങളുടെ ചോദ്യമാണ് - തൻറെ സെക്രട്ടറിയെ വിളിച്ച് അദ്ദേഹം പറഞ്ഞു, നോക്കൂ, മോദിജി എന്താണ് പറയുന്നത്. അപ്പോൾ ഞാൻ പറഞ്ഞു, ഇതൊരു സാങ്കേതികവിദ്യാധിഷ്ഠിത സംവിധാനമാണ്, അതിനാൽ സാങ്കേതികവിദ്യയില്ലാതെ ഇത് മുന്നോട്ടുപോകാൻ പോകുന്നില്ല. അദ്ദേഹം പറഞ്ഞു, ഇല്ല, ഞങ്ങൾ തീരുമാനിച്ചത്, ഞങ്ങൾ ഒരു കമ്പനിയെ നിയമിക്കും, അത് ചെയ്യാൻ പോകുകയാണ് ഞങ്ങൾ. ഞാൻ ജിഎസ്ടിയെ കുറിച്ച് പറയാൻ വന്ന കാലത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്, അത്തരമൊരു സംവിധാനം അപ്പോഴും ഇല്ലായിരുന്നു. ജിഎസ്ടി വിജയകരമാകാൻ ഉത്പാദന സംസ്ഥാനങ്ങളുടെ ബുദ്ധിമുട്ടുകൾ നിങ്ങൾ പരിഹരിക്കണമെന്ന് രണ്ടാമതായി ഞാൻ പറഞ്ഞു. തമിഴ്നാട്, കർണാടക, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുണ്ട്. മൊത്തത്തിൽ, അവർ ഉത്പാദക സംസ്ഥാനങ്ങൾ ആണ്. ഉപഭോഗത്തിന്റെ അവസ്ഥകൾ നിർമ്മിക്കുന്നു, ഉപഭോക്ത സംസ്ഥാനങ്ങൾ , ഉപഭോക്താക്കൾ, അവർക്ക് ഇതത്ര ബുദ്ധിമുട്ടാകില്ല വളരെ അഭിമാനത്തോടെ ഞാൻ പറയാം, അന്ന് ധനകാര്യമന്ത്രി അരുൺ ജെയ്റ്റ്ലി ആയിരുന്നു, അദ്ദേഹം ഈ കാര്യങ്ങളെ അഭിമുഖീകരിക്കുകയും അത് പരിഹരിക്കുകയും ചെയ്തു. അതിനു ശേഷം രാജ്യം ജി എസ്ടി യുടെ ഒപ്പം നീങ്ങി . ഇക്കാരണത്താൽ മുഖ്യമന്ത്രി എന്ന നിലയിൽ ഞാൻ ഉന്നയിച്ച പ്രശ്നങ്ങൾ പ്രധാനമന്ത്രിയെന്ന നിലയിൽ പരിഹരിക്കുകയും പരിഹരിച്ച് ജിഎസ്ടിക്ക് വഴിയൊരുക്കുകയും ചെയ്തു.

ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയിൽ ഇപ്പോഴും ഇനിയും കുറച്ചു മാത്രം വളരെ കുറച്ച് ഉറന്നുകാട്ടപ്പെടുന്ന ഒരു കാര്യമുണ്ട്, അതിന് വളരെ പ്രധാന്യം നല്കേണ്ടതുണ്ട് . രാജ്യത്ത് വരാൻ പോകുന്ന ഈ വലിയ മാറ്റത്തിൽ, നമ്മുടെ ടയർ-2, ടയർ-3 നഗരങ്ങൾ വളരെ വേഗത്തിൽ വലിയ സംഭാവനകൾ നൽകുന്നുണ്ട്. നിങ്ങൾ സ്പോർട്സിൽ നോക്കൂ , ടയർ-2, ടയർ-3 നഗരങ്ങളിലെ കുട്ടികൾ മുന്നോട്ട് വരുന്നു. ടയർ-2, ടയർ-3 നഗരങ്ങളിലെ കുട്ടികൾ വിദ്യാഭ്യാസത്തിൽ മുന്നോട്ടുവരുന്നത് നിങ്ങൾ കാണുന്നു. സ്റ്റാർട്ടപ്പുകളെ നോക്കൂ, ടയർ-2, ടയർ-3 നഗരങ്ങളിലാണ് ഏറ്റവും കൂടുതൽ സ്റ്റാർട്ടപ്പുകൾ വരുന്നത്

അതിനാൽ, നമ്മുടെ രാജ്യത്തെ ആകാംക്ഷ ഉള്ള യുവാക്കൾ , പല കാര്യങ്ങളിലും വലിയ ഭാരങ്ങൾ ഒന്നും ഇല്ലാത്ത യുവാക്കൾ ഒരു വലിയ നൂതന ശക്തിയുമായിട്ടു വരികയാണ്. ചെറിയ നഗരങ്ങളിലും ചെറിയ പട്ടണങ്ങളിലും അവയുടെ സമ്പദ്വ്യവസ്ഥയിലും നമ്മൾ കുറച്ച് പുരോഗതി കൈവരിച്ചു കഴിഞ്ഞു, അതേ ദിശയിൽ കുറെ കൂടി ചേർന്ന് പ്രവർത്തിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ് ഞങ്ങൾ

നമ്മുടെ രാജ്യത്തെ ഡിജിറ്റൽ ഇടപാടുകൾ. ഡിജിറ്റൽ ഇടപാടുകളെ കുറിച്ചുള്ള പ്രസംഗങ്ങൾ ഈ സഭയിലെ പ്രസംഗങ്ങൾ, പ്രാസംഗികർ അവരുടെ പ്രസംഗങ്ങൾ പുറത്തെടുത്താൽ, അവർ അങ്ങനെ പറയുകയുണ്ടായോ എന്നു അവർ തന്നെ അത്ഭുതപ്പെട്ടേക്കും ? ചിലർ മൊബൈലിനെ പരിഹസിക്കുകയും ചെയ്തു. കളിയാക്കുകയും ചെയ്തു. ആ ആളുകൾ ഡിജിറ്റൽ ബാങ്കിംഗ്, ബില്ലിംഗ് സംവിധാനം എന്നിവ നോക്കാൻ തുടങ്ങിക്കഴിഞ്ഞു . ഇന്ന് ഭൂരിഭാഗം ഡിജിറ്റൽ ഇടപാടുകൾ നടന്നു കാണുന്നതും ചെറിയ സ്ഥലങ്ങളിൽ ആണെന്നതും അടിസ്ഥാന സൌകര്യ നിർമാണങ്ങളിൽ ടയർ-2, ടയർ-3 നഗരങ്ങൾ വളരെ ദൂരം മുന്നേറിയതും എന്നെ അത്ഭുതപ്പെടുത്തുന്നു.

നമ്മുടെ റെയിൽവേ, നമ്മുടെ ഹൈവേകൾ, നമ്മുടെ വിമാനത്താവളങ്ങൾ, അവയുടെ മൂഴുവൻ ശ്രേണിയും-ഇപ്പോൾ ഉഡാൻ സ്കീം ഫ്ലൈറ്റ് പ്ലാൻ നോക്കൂ; ഇരുന്നൂറ്റി അൻപതാമത്തെ റൂട്ട് കഴിഞ്ഞ ദിവസം ആരംഭിച്ചു, ഇന്ത്യയുള്ളിൽ

ഇരുനൂറ്റമ്പത് റൂട്ടുകൾ. നമ്മുടെ വിമാന യാത്രാ സംവിധാനം എത്ര വേഗത്തിലാണ് മാറിക്കൊണ്ടിരിക്കുന്നത് . വരും ദിവസങ്ങളിൽ കൂടുതൽ മാറ്റങ്ങൾ ഉണ്ടാകും . കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ, നമുക്ക് 65 പ്രവർത്തനക്ഷമമായ വിമാനത്താവളങ്ങളുണ്ടായിരുന്നു, ഇന്ന് നമ്മൾ 100 എണ്ണം കടന്നിരിക്കുന്നു. 65 എണ്ണം പ്രവർത്തനക്ഷമമായിരുന്നു, ഇപ്പോൾ 100 എണ്ണം പ്രവർത്തനക്ഷമമാക്കി. അതുപോലെ, കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഞങ്ങൾ ഗവൺമെന്റിനെ മാറ്റുക മാത്രമല്ല, നമ്മുടെ ചിന്താഗതിയിലും മാറ്റം വരുത്തി, പ്രവർത്തന രീതിയിലും മാറ്റം വരുത്തി. ഞങ്ങൾ സമീപന രീതിയും മാറ്റി. ഇനി നമുക്ക് ഡിജിറ്റൽ ഇന്ത്യ, ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി എന്നിവയെക്കുറിച്ച് സംസാരിക്കാം . ഇനി ബ്രോഡ്ബാൻഡ് കണക്ടിവിറ്റിയുടെയും ഡിജിറ്റൽ ഇന്ത്യയുടെയും കാര്യം നമുക്ക് സംസാരിക്കാം . ആദ്യം ജോലികൾ തുടങ്ങി, പ്ലാൻ ഉണ്ടാക്കി, എന്നാൽ ആ പ്ലാനിന്റെ രീതിക്കും ചിന്തകൾക്കും പരിമിതികളുണ്ടായിരുന്നു അത് കൊണ്ട് ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി 59 ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് എത്തിയത്. ഇന്ന് ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി അഞ്ച് വർഷത്തിനുള്ളിൽ 1.25 ലക്ഷത്തിലധികം ഗ്രാമങ്ങളിൽ എത്തിയിട്ടുണ്ട്. ബ്രോഡ്ബാൻഡ് പ്രവർത്തനക്ഷമമാക്കുക മാത്രമല്ല, പൊതുവിദ്യാലയങ്ങൾ, ഗ്രാമങ്ങൾ, മറ്റ് ഓഫീസുകൾ, ഏറ്റവും പ്രധാനമായി പൊതു സേവന കേന്ദ്രങ്ങൾ എന്നിവയും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. 2014ൽ ഞങ്ങൾ വരുമ്പോൾ 80,000 പൊതു സർവീസ് കേന്ദ്രങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടായിരുന്നു . ഇന്ന്, 3 ലക്ഷത്തി അറുപത്തി അയ്യായിരം സേവന കേന്ദ്രങ്ങളായി അവ വർദ്ധിച്ചു, ഗ്രാമത്തിലെ യുവാക്കൾ അത് നടത്തുന്നു . ഗ്രാമങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, സാങ്കേതികവിദ്യയുടെ മുഴുവൻ സേവനങ്ങളും അവ വാഗ്ദാനം ചെയ്യുന്നു. 12 ലക്ഷത്തിലധികം ഗ്രാമീണ യുവാക്കൾ സ്വന്തം ഗ്രാമങ്ങളിൽ താമസിക്കുന്നു. വൈകുന്നേരങ്ങളിൽ അവർ മാതാപിതാക്കളെ സഹായിക്കുകയും കൃഷിപ്പണികൾ ചെയ്യുകയും ചെയ്യുന്നു. 12 ലക്ഷം ഗ്രാമീണ യുവാക്കളെ ഈ തൊഴിൽ രീതിയിലേക്ക് ചേർത്തു. ഈ രാജ്യത്തിന് അഭിമാനിക്കാം .അഭിമാനിക്കുകയും വേണം. സർക്കാരിനെ വിമർശിച്ച് നിങ്ങൾ ഡിജിറ്റൽ ഇടപാടിനെ കളിയാക്കി. ശരി , എന്നാൽ ഇന്ന് ലോകത്തിലെ സാമ്പത്തിക ഡിജിറ്റൽ ഇടപാടുകളിൽ വളരെ ശക്തവും സുരക്ഷിതവുമായ പ്ലാറ്റ്ഫോമായി ഭീം ആപ്പ് ലോകമെമ്പാടും സ്വീകാര്യത നേടുകയാണ്. ഇത് രാജ്യത്തിന്റെ അഭിമാനപ്രശ്നമാണ്, നരേന്ദ്രമോദിയല്ല ഇത് സൃഷ്ടിച്ചത്. ഇത് നമ്മുടെ രാജ്യത്തെ യുവാക്കളുടെ ബുദ്ധിയുടെയും കഴിവിന്റെയും ഫലമായാണ് , ഇന്ന് ഡിജിറ്റൽ ഇടപാടുകൾക്ക് ഏറ്റവും മികച്ച പ്രകടനം കാഴ്ചവെക്കുന്ന ഒരു പ്ലാറ്റ്ഫോം നമുക്കുള്ളത് .

ജനുവരി മാസത്തിൽ അദ്ധ്യക്ഷൻ സർ, അതേ ജനുവരി മാസത്തിൽ തന്നെ മൊബൈൽ ഫോൺ വഴി ഭീം ആപ്പിൽ നിന്ന് 2 ലക്ഷത്തി 16,000 കോടി രൂപയുടെ പണമിടപാട് നടന്നിട്ടുണ്ട്. നമ്മുടെ രാജ്യം മാറ്റത്തെ സ്വീകരിക്കുന്നത് അങ്ങനെയാണ്. റുപേ കാർഡ് - റുപേ കാർഡ് തുടങ്ങിയത് നിങ്ങൾക്ക് അറിയാം. വളരെ ചെറിയ സംഖ്യയിൽ, ഏകദേശം ആയിരക്കണക്കിന്, റുപേ കാർഡുകൾ ഉണ്ടായിരുന്നു, ഡെബിറ്റ് കാർഡുകളുടെ ലോകത്ത്, പോയിന്റ് 0.6% നമ്മുടെ സംഭാവനയാണെന്ന് പറയപ്പെടുന്നു. ഇന്ന് അത് ഏകദേശം 50% എത്തിയിരിക്കുന്നു. ഇന്ന് അന്താരാഷ്ട്ര തലത്തിലും ലോകത്തിലെ പല രാജ്യങ്ങളിലും അതിൻറെ സ്വീകാര്യത വർദ്ധിക്കുന്നു. അതിനാൽ ഇന്ത്യയുടെ റുപേ കാർഡ് സ്വന്തമായി ഒരു ഇടം നേടുകയാണ് , ഇത് നമുക്കെല്ലാവർക്കും അഭിമാനകരമാണ്. ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , അതുപോലെ ഈ സർക്കാരിൻറെ സമീപനത്തിനും മറ്റൊരു വിഷയമുണ്ട് - ജലജീവൻ മിഷൻ പോലെ. ലക്ഷ്യമുള്ള ദിശയിൽ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ ഞങ്ങൾ നൂറു ശതമാനവും ശ്രമിച്ചു. ടോയ്ലറ്റുകൾ - 100% വീടുകൾ - 100% വൈദ്യുതിയും - ഗ്രാമത്തിൽ വൈദ്യുതി100% - കൂടാതെ 100% ഈ ഓരോ കാര്യത്തിലും ഞങ്ങൾ രാജ്യത്തെ ബുദ്ധിമുട്ടുകളിൽ നിന്ന് മോചിപ്പിക്കാനുള്ള സമീപനത്തോടെയാണ് നീങ്ങുന്നത്

ശുദ്ധജലം വീടുകളിലെത്തിക്കുന്നതിനുള്ള വലിയ പ്രചാരണമാണ് ഞങ്ങൾ ഏറ്റെടുത്തിരിക്കുന്നത്, ഈ ദൗത്യം കേന്ദ്ര സർക്കാരിൻറെ ദൗത്യമാണെങ്കിലും പണം ചെലവഴിക്കാൻ പോകുന്നത് കേന്ദ്രസർക്കാരാണ് എന്നതാണ് ഇതിൻറെ പ്രത്യേകത . പ്രേരകശക്തി കേന്ദ്രസർക്കാരായിരിക്കും, പക്ഷേ യഥാർത്ഥത്തിൽ നടപ്പാക്കുന്നത് ഫെഡറലിസത്തിന്റെ മൈക്രോ യൂണിറ്റ് ആയ നമ്മുടെ ഗ്രാമങ്ങൾ , ഗ്രാമ സംവിധാനങ്ങൾ ആയിരിക്കും . അവർ തന്നെ തീരുമാനങ്ങൾ എടുക്കും അവർ ആസൂത്രണം ചെയ്യും, വീടുവീടാന്തരം വെള്ളമെത്തിക്കുന്ന സംവിധാനം അവർ തന്നെ തയ്യാറാക്കും . ഈ പദ്ധതിയും ഞങ്ങൾ മുന്നോട്ട് കൊണ്ടുപോകുകയാണ്. നമ്മുടെ രാജ്യത്ത് വോട്ടുബാങ്കിനു വേണ്ടി അങ്ങോട്ടും ഇങ്ങോട്ടുമുള്ള രാഷ്ട്രീയകളികൾ ധാരാളം ഉണ്ടായി

എന്നാൽ ഈ രാജ്യത്തിലെ പ്രദേശങ്ങളിലെ വികസനം പിന്നിൽ തന്നെയായി തുടർന്നിരുന്നു. അവരെ ശ്രദ്ധിക്കുന്നതിൽ നമ്മൾ വളരെ വൈകിപ്പോയി. പല സംസ്ഥാനങ്ങളിലെയും ചില ജില്ലകൾ തികച്ചും പിന്നോക്കം നിൽക്കുന്നതിൽ നിരവധി പാരാമീറ്ററുകൾ ഉണ്ടെന്ന് ഞാൻ വായിച്ചു. അവയൊക്കെ പരിഹരിച്ചാൽ വലിയ തോതിൽ രാജ്യത്തിൻറെ ശരാശരി മെച്ചപ്പെടും. ചിലപ്പോൾ വിരമിക്കാൻ പോകുന്ന ഉദ്യോഗസ്ഥൻ ഉള്ള ജില്ല, അതേപടി നിലനിർത്താറുണ്ട് .സഹകരണ ഫെഡറലിസത്തിന്റെ നിർവാഹണ ഏജൻസിയെന്ന നിലയിൽ ജില്ലാതലത്തിൽപ്പോലും ഈ അഭിലാഷ ജില്ല വളരെ ഹൃദ്യമായ അനുഭവവുമായി മുന്നോട്ടപോകുകയാണെന്ന തിരിച്ചറിവ് ഇന്ന് തിരിച്ചറിയാനാകുന്നു . ജില്ലകളിലെ ഉദ്യോഗസ്ഥർക്കിടയിൽ മത്സരം ഓൺലൈനായി നടക്കുന്ന രീതിയിൽ , എല്ലാവരും ശ്രമിക്കുന്നു , ഈ ജില്ല വാക്സിനേഷനിൽ മുന്നോട്ട് പോയി, ഞാനും ഈ ആഴ്ച പ്രവർത്തിക്കും, പ്രതിരോധ കുത്തിവയ്പ്പിൽ ഞാനും മുന്നോട്ട് പോകും എന്ന തോന്നൽ സൃഷ്ടിക്കപ്പെട്ടു . അതായത് ജനങ്ങളുടെ സൗകര്യം വർധിപ്പിക്കാനുള്ള ഒരു നല്ല ജോലി അവിടെ നടക്കുന്നുണ്ട്.

ആയുഷ്മാൻ ഭാരതിന് വേണ്ടിയും ഞങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്- കാരണം ഈ ജില്ലയിൽ ആരോഗ്യ സേവനങ്ങളും ഒരേ തരത്തിലുള്ളതാണ് . ഇത്തവണ അവിടെ ആരോഗ്യമേഖലയ്ക്കാണ് ഞങ്ങൾ മുൻഗണന നൽകിയത്, അതിലൂടെ ആ മേഖലകൾക്ക് മുന്നോട്ട് പോകാനാകും. കൂടാതെ, ആസ്പിറേഷണൽ ജില്ലകളിലെ (പിന്നോക്കാവസ്ഥയിൽ ഉള്ള ജില്ലകളിലെ) ജനങ്ങൾ നമ്മുടെ ആദിവാസി സഹോദരങ്ങൾ, ദിവ്യാംഗുകൾ (ശാരീരികശേഷിക്കുറവുള്ളവർ) എന്നിവരായാലും, അവർക്കായി പൂർണ്ണ സംവേദനക്ഷമതയോടെ പ്രവർത്തിക്കാനുള്ള ശ്രമങ്ങൾ തയാറാക്കുകയാണ് സർക്കാർ. രാജ്യത്തെ എല്ലാ ആദിവാസി പോരാളികളെയും ആദരിക്കുന്ന പ്രവർത്തനമാണ് കഴിഞ്ഞ അഞ്ച് വർഷമായി നടക്കുന്നത്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി ഗോത്രവർഗ

ജനതയുടെ പിന്തുണ, രാജ്യം കെട്ടിപ്പടുക്കുന്നതിലും സംരക്ഷിക്കുന്നതിലും അവരുടെ പങ്ക് തുടങ്ങി അവരുടെ സംഭാവനകളെ മാനിച്ചു ഒരു മ്യൂസിയവും ഒരു ഗവേഷണ സ്ഥാപനവും സ്ഥാപിച്ചു, അതൊരു പ്രചോദനമായി മാറും, രാജ്യത്തെ സമന്വയിപ്പിക്കാനുള്ള ഒരു കാരണവുമാകും, അതിനുള്ള പ്രവർത്തനവും നടക്കുന്നുണ്ട്. നമ്മുടെ ആദിവാസിക്കുട്ടികളിൽ ഭാവിയുടെ വാഗ്ദാനമായ നിരവധി കുട്ടികളുണ്ട്, എന്നാൽ അവർക്ക് അവസരങ്ങൾ ഇല്ല. കായികമായാലും വിദ്യാഭ്യാസമായാലും അവസരങ്ങൾ ലഭിച്ചാൽ അവർക്ക് മികച്ച പ്രകടനം നടത്താൻ കഴിയും. ഏകലവ്യ സ്കൂളുകളിലൂടെ, മികച്ച തരത്തിലുള്ള സ്കൂളുകൾ സൃഷ്ടിച്ചുകൊണ്ട് അത്തരം വാഗ്ദാനമുള്ള കുട്ടികൾക്ക് അവസരങ്ങൾ നൽകുന്നതിൽ ഞങ്ങൾ മികച്ച പ്രവർത്തനമാണ് നടത്തിയത്.

ആദിവാസി കുട്ടികൾക്കൊപ്പം 30,000-ത്തോളം സ്വയം സഹായ സംഘങ്ങളും ഈ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു, കൂടാതെ ഞങ്ങൾ വന ഉൽപന്നങ്ങൾക്ക് എം എസ് പി നൽകുന്നു. മുന്നോട്ടുള്ള പ്രയാണത്തിന് അവരെ ശാക്തീകരിക്കുന്നതിനും ഞങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. സ്ത്രീശാക്തീകരണ മേഖലയിൽ- രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ഇക്കാര്യങ്ങൾ വളരെ ചുരുക്കി സൂചിപ്പിച്ചിട്ടുണ്ട്. രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായി സൈനിക സ്കൂളുകളിൽ പെൺകുട്ടികൾക്ക് പ്രവേശനം അനുവദിച്ചു. മിലിട്ടറി പോലീസിൽ വനിതകളെ നിയമിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. സ്ത്രീകളുടെ സുരക്ഷയ്ക്കായി രാജ്യത്ത് 600-ലധികം വൺ -സ്റ്റോപ് കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. രാജ്യത്തെ എല്ലാ സ്കൂളുകളിലും ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പരിപാടികൾക്ക് ആരംഭം കുറിച്ചിട്ടുണ്ട് . ലൈംഗിക കുറ്റവാളികളെ കണ്ടെത്തുന്നതിനും അത്തരം ആളുകളെ നിരീക്ഷിക്കുന്നതിനുമായി ഒരു ദേശീയ ഡാറ്റാബേസ് തയ്യാറാക്കിയിട്ടുണ്ട്. .ഇതുകൂടാതെ മനുഷ്യക്കടത്തിനെതിരായ ഒരു യൂണിറ്റ് രൂപീകരിക്കാനും ഞങ്ങൾ പദ്ധതിയിട്ടിട്ടുണ്ട്. കുട്ടികൾക്കെതിരായ ഗുരുതരമായ ലൈംഗികാതിക്രമ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി, കുറ്റവാളികളെ ശിക്ഷിക്കുന്ന തരത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് അത്തരം കുറ്റകൃത്യങ്ങളെ പോക്സോ നിയമ പരിധിക്കുള്ളിൽ കൊണ്ടുവന്നു. ഇത്തരം കേസുകളിൽ വേഗത്തിൽ നീതി നടപ്പാക്കണം, അതിനാൽ രാജ്യത്തുടനീളം ആയിരത്തിലധികം അതിവേഗ കോടതികൾ സ്ഥാപിക്കും.

ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷൻ , സിഎഎയെ കുറിച്ച് സഭയിൽ ചർച്ച നടന്നിട്ടുണ്ട്. ഇവിടെ പല ആവർത്തി പറയാൻ ശ്രമിച്ചു അതായത് പ്രതിഷേധമെന്ന പേരിൽ അരാജകത്വം പരത്തി , നിരവധി ഭാഗങ്ങളിൽ പ്രതിഷേധമെന്ന

ഭാഗമായി അക്രമങ്ങൾ പടർത്തി , കൊലപാതകങ്ങൾ ഉണ്ടായി, അതിനെ പ്രതിഷേധിക്കാനുള്ള അവകാശമായിട്ടാണ് കണ്ടത് . ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങൾ മറയ്ക്കാൻ ഭരണഘടനയുടെ പേരിൽ ആവർത്തിച്ചുള്ള ആഹ്വാനങ്ങൾ നടക്കുന്നു. കോൺഗ്രസിന്റെ നിസ്സഹായത ഞാൻ മനസ്സിലാക്കുന്നു, എന്നാൽ കേരളത്തിലെ ഇടതുമുന്നണിയിലെ നമ്മുടെ സുഹൃത്തുക്കൾ കുറച്ചു കാര്യങ്ങൾ മനസ്സിലാക്കണം. കേരള മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത് എന്താണെന്ന് ഇവിടെ വരുന്നതിന് മുമ്പ് തന്നെ അതവർ അറിയേണ്ടതാണ് . കേരളത്തിൽ നടക്കുന്ന പ്രകടനങ്ങൾക്ക് പിന്നിൽ തീവ്രവാദ സംഘങ്ങളുടെ കൈകളുണ്ടെന്നും അത് മാത്രമല്ല, അതിനെതിരെ കർശന നടപടിയുണ്ടാകുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഏത് അരാജകത്വം ആണോ നിങ്ങളെ കേരളത്തിൽ ബുദ്ധിമുട്ടിക്കുന്നത് ആ ആരാകത്വം ഡൽഹിയിലോ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലോ ഉണ്ടാകുമ്പോൾ അതിനെ എങ്ങിനെ നിങ്ങൾക്ക് പിന്തുണയ്ക്കാനാകും? പൗരത്വ ഭേദഗതി നിയമത്തെക്കുറിച്ച് എന്തൊക്കെയാണോ പറഞ്ഞു നടക്കുന്നത് , എന്തൊക്കെയാണോ പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത് , അതേ കുറിച്ച് എല്ലാ സഹപ്രവർത്തകരും സ്വയം ചോദിക്കേണ്ടതുണ്ട്, രാജ്യത്തെ വഴിതെറ്റിക്കുക , തെറ്റിദ്ധരിപ്പിക്കുക - ഈ പ്രവണതകളെ നമ്മൾ അവസാനിപ്പിക്കണോ അതോ നാമെല്ലാവരും അതിനു തടയിടാതെയിരിക്കണോ? അത് നമ്മുടെ കർത്തവ്യം ആണോ അല്ലയോ ? അത്തരമൊരു പ്രചാരണത്തിന് നമ്മൾ ഭാഗമാകേണ്ടതുണ്ടോ? അത് ആർക്കും രാഷ്ട്രീയ ഗുണം ചെയ്യാൻ പോകുന്നില്ല എന്ന് മനസ്സിലാക്കുക , അത് മനസിലാക്കി മുന്നോട്ട് നീങ്ങുക. ഈ പാത ശരിയല്ല, നമ്മൾ ശരിയായ പാതയിലാണോ പോകുന്നതെന്ന് ചിന്തിക്കുക. അല്ല ഇത് എന്ത ഇരട്ട സ്വഭാവം ആണ് ? നിങ്ങൾ 24 മണിക്കൂറും ന്യൂനപക്ഷത്തിന് വേണ്ടി കരഞ്ഞു കൊണ്ടിരിക്കുന്നു, വളരെ നല്ല വാക്കുകൾ ഉപയോഗിച്ച് അവർക്ക് വേണ്ടി സംസാരിക്കുന്നു , ആനന്ദ്ജി പറഞ്ഞത് ഞാൻ ഇപ്പോൾ ശ്രദ്ധിക്കുകയായിരുന്നു. എന്നാൽ , നിങ്ങൾ ചെയ്ത ഭൂതകാലത്തിലെ തെറ്റുകൾ കാരണം അയൽപക്കത്ത് ന്യൂനപക്ഷമായി ആര് മാറിയോ അവരുടെ വിരുദ്ധമായി ഇപ്പോൾ നടക്കുന്നതുണ്ടല്ലോ, അവരുടെ വേദന എന്തുകൊണ്ട് നിങ്ങൾ മനസിലാക്കുന്നില്ല ? വളരെ വൈകാരികമായ ഈ വിഷയത്തിൽ ആളുകളെ ഭയപ്പെടുത്തുന്നതിനു പകരം ശരിയായ വിവരങ്ങൾ നൽകണമെന്നാണ് രാജ്യം പ്രതീക്ഷിക്കുന്നത്. ഇത് നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്തമാണ്. എന്നാൽ അതിശയകരമെന്നു പറയട്ടെ, പ്രതിപക്ഷത്തുള്ള പലരും ഈ ദിവസങ്ങളിൽ വളരെ ആവേശഭരിതരായിരിക്കുന്നു. ഒരിക്കൽ നിശ്ശബ്ദരായിരുന്നവർ ഇന്ന് അക്രമാസക്തരാണ്. ഈ സഭ വളരെ മുതിർന്ന ആളുകളുടേതാണ് , അത് കൊണ്ട് ചില മഹാന്മാരുടെ വാക്കുകൾ നിങ്ങൾക്കു വേണ്ടി വായിച്ചു കേൾപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ആദ്യത്തെ പ്രസ്താവന ഇതാണ് - ''പാകിസ്ഥാനിലെ കിഴക്കൻ പ്രവിശ്യകളിൽ താമസിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളുടെ ജീവനും സ്വത്തിനും ബഹുമാനത്തിനും സുരക്ഷിതത്വമില്ലായ്മയും പാകിസ്ഥാന്റെ ആ പ്രദേശങ്ങളിൽ അവർക്ക് എല്ലാ മനുഷ്യാവകാശങ്ങളും പൊതുവായി നിഷേധിക്കുന്നതും കണക്കിലെടുത്തു കൊണ്ട് , ന്യൂനപക്ഷ സമുദായങ്ങളിൽ പെട്ടവരുടെ കിഴക്കൻ പാകിസ്ഥാനിൽ നിന്ന് ഇന്ത്യൻ യൂണിയനിലേക്ക് കുടിയേറ്റത്തിൽ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുന്നതിനൊപ്പം ലോകാഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള നടപടികളും ഇന്ത്യാ ഗവൺമെന്റ് പരിഗണിക്കണം എന്നതാണ് ഈ സഭയുടെ അഭിപ്രായം.

സഭയിലാണ് ഇക്കാര്യം പറഞ്ഞത്. ഇപ്പോൾ നിങ്ങൾ ആലോചിക്കാൻ തുടങ്ങും ഇങ്ങനെയൊക്കെ ചില ജനസംഘം നേതാക്കൾ മാത്രമേ പറയൂ എന്നാകും . അന്ന് ബി.ജെ.പി ഇല്ലെങ്കിലും ജനസംഘം നിലവിലുണ്ടായിരുന്നു. അതുകൊണ്ട് ജനസംഘത്തിലെ ആരെങ്കിലും സംസാരിച്ചിരിക്കും എന്നു നിങ്ങൾ കരുതിയിരിക്കണം. എന്നാൽ ഈ പ്രസ്താവന ഏതെങ്കിലും ബി.ജെ.പിയുടെയോ ജനസംഘത്തിന്റെയോ നേതാവിന്റെതല്ല.

ഇതേ മഹാനായ വ്യക്തിയുടെ മറ്റൊരു പ്രസ്താവന കൂടെ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു -" കിഴക്കൻ പാക്കിസ്ഥാനെ കണക്കിലെടുക്കുമ്പോൾ , മുസ്ലീംങ്ങൾ അല്ലാത്തവർ എത്രയുണ്ടോ അവരെ മുഴുവൻ ഒഴിവാക്കണം എന്ന ഒരു തീരുമാനം കൂടി അവിടെ എടുത്തിട്ടുണ്ട് എന്നു അറിയാൻ ആകുന്നു . അതൊരു ഇസ്ലാമിക രാജ്യം ആണ്. ഇസ്ലാം രാജ്യം ആയത് കൊണ്ട് തന്നെ ഇസ്ലാമിൽ വിശ്വസിക്കുന്നവർക്ക് മാത്രമേ ഇവിടെ വസിക്കാൻ ആകൂ എന്നു കരുത്തുന്നു , അനിസ്ലാമിക ജനങ്ങൾക്ക് ഇവിടെ കഴിയാൻ ആകില്ലെന്നും വിശ്വസിക്കുന്നു. അതിനാൽ , ഹിന്ദുക്കളെ പുറന്തള്ളുകയാണ്, ക്രിസ്ത്യാനികളെ പുറത്താക്കുകയാണ്. മുപ്പത്തിയേഴായിരം ക്രസ്ത്യാനികൾ അവിടെ നിന്നും ഇന്ത്യയിലേക്ക് ഇന്ന്

കടിയേറിയിട്ടുണ്ട് എന്നു ഞാൻ മനസിലാക്കുന്നു . അവിടെ നിന്നും ബുദ്ധവിശ്വാസികളെയും പുറത്താക്കിക്കൊണ്ടിരിക്കുന്നു . " ഇതും ഒരു ജന സംഘത്തിൻറെയോ ബിജെപിയുടെയോ നേതാവിൻറെ വാക്കുകൾ അല്ല. തുടർന്ന് മതപീഡനത്തെ തുടർന്ന് ഇന്ത്യയിലേക്ക് വരുന്ന അഭയാർത്ഥികളെ കുറിച്ച് പാർലമെന്റിൽ ചർച്ച ചെയ്യുകയായിരുന്നു. ആ ചർച്ചയിലാണ് ശാസ്ത്രി ജി പറയുന്നത് . ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , ബഹുമാനപ്പെട്ട സഭയോടു മറ്റൊരു പ്രസ്താവനയെക്കുറിച്ച് ഞാൻ പറയട്ടെ. ഇത് പ്രത്യേകിച്ച് എന്റെ സോഷ്യലിസ്റ്റ് സുഹൃത്തുക്കൾക്ക് സമർപ്പിക്കുന്നു, കാരണം അവിടെ നിന്നാണ് പ്രചോദനം ഉണ്ടാകുന്നത്. ശ്രദ്ധിച്ചു കേട്ടാൽ മതി. "ഇന്ത്യയിലെ മുസ്ലീങ്ങൾ ജീവിക്കണം, അതേ പോലെ പാകിസ്ഥാനിലെ ഹിന്ദുക്കളും ജീവിക്കണം. പാക്കിസ്ഥാനിലെ ഹിന്ദുക്കൾ പാക്കിസ്ഥാനിലെ പൗരന്മാരാണെന്നതിനാൽ അവരെക്കുറിച്ച് നമ്മൾ ശ്രദ്ധിക്കേണ്ടതില്ല വസ്തുത ഞാൻ തീർത്തും നിരാകരിക്കുന്നു, അതിനാൽ പാക്കിസ്ഥാനിലെ ഹിന്ദു എവിടെ ഉള്ള പൗരനാണെങ്കിലും, ഹിന്ദുസ്ഥാനിലെ ഹിന്ദുക്കളെയോ മുസ്ലീങ്ങളെയോ പോലെ അവരെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്" ആരാണ് ഇത് പറഞ്ഞത്? ഇതും ജനസംഘത്തിലെയോ ബിജെപിയിലേയോ ആരുടേതുമല്ല . ശ്രീ റാം മനോഹർ ലോഹ്യാജിയുടെ പ്രസ്താവനയാണിത്. നമ്മുടെ സോഷ്യലിസ്റ്റ് കൂട്ടാളികൾ, ഞങ്ങളെ വിശ്വസിച്ചാലും ഇല്ലെങ്കിലും, ലോഹ്യാജിയെ എങ്കിലും കുറഞ്ഞത് നിഷേധിക്കരുത്, അതാണ് അവരോടുള്ള എന്റെ അഭ്യർത്ഥന.

ബഹുമാനപ്പെട്ട ചെയർമാൻ, ഈ സഭയിൽ ശാസ്ത്രിജിയുടെ മറ്റൊരു പ്രസ്താവന കൂടി വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അഭയാർത്ഥികളുടെ വിഷയത്തിൽ സംസ്ഥാന സർക്കാരുകളുടെ പങ്കിനെക്കുറിച്ചാണ് അദ്ദേഹം ഈ പ്രസ്താവന നടത്തിയത്. ഇന്ന് വോട്ട് ബാങ്ക് രാഷ്ട്രീയത്തിന്റെ പേരിൽ സംസ്ഥാനങ്ങളിലെ നിയമസഭകളിൽ പ്രമേയം അവതരിപ്പിച്ച് നടത്തുന്ന കളികൾ നടക്കുമ്പോൾ ലാൽ ബഹദൂർ ശാസ്ത്രിജിയുടെ ഈ പ്രസംഗം നിങ്ങൾ കേൾക്കണം. നിങ്ങൾ എവിടേക്കാണ് പോകുന്നതെന്നും എവിടെയായിരുന്നുവെന്നും നിങ്ങൾക്ക് എന്താണ് സംഭവിച്ചതെന്നും ജനങ്ങളെ , നിങ്ങൾ അറിയും. ചെയർമാൻ സർ, ലാൽ ബഹദൂർ ശാസ്ത്രിജി പറഞ്ഞിരുന്നു, ''നമ്മുടെ എല്ലാ സംസ്ഥാന സർക്കാരുകളും ഇതൊരു (അഭയാർത്ഥികളുടെ കുടിയിരുത്തൽ) ഒരു ദേശീയ പ്രശ്നമായി കണക്കാക്കിയിട്ടുണ്ട്. ഇതിനായി ഞങ്ങൾ അവരെ അഭിനന്ദിക്കുന്നു, അങ്ങനെ ചെയ്യുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ബീഹാറായാലും ഒറീസയായാലും മധ്യപ്രദേശായാലും ഉത്തർപ്രദേശായാലും മഹാരാഷ്ട്രയായാലും ആന്ധ്രയായാലും എല്ലാ സംസ്ഥാനങ്ങളും എല്ലാ പ്രദേശങ്ങളും അവരെ ഇവിടെ പാർപ്പിക്കാൻ തയ്യാറാണെന്ന് ഇന്ത്യാ ഗവൺമെന്റിന് കത്തെഴുതിയിട്ടുണ്ട്. ചിലർ പറഞ്ഞു അമ്പതിനായിരം ആളുകളെ , ചിലർ പതിനയ്യായിരം കുടുംബങ്ങൾ പറഞ്ഞു, ചിലർ പതിനായിരം കുടുംബങ്ങളെ കുടിയിരുത്താനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കാൻ തയ്യാറാണെന്ന് പറഞ്ഞു. ശാസ്ത്രിജിയുടെ ഈ പ്രസ്താവന 1964ൽ രാജ്യത്ത് കൂട്ടുതലും കോൺഗ്രസ് സർക്കാരുകൾ നിലനിന്നിരുന്ന കാലത്താണ്. എന്തായാലും ഇന്ന് , ഞങ്ങൾ നല്ലൊരു കാര്യം ചെയ്യുമ്പോൾ നിങ്ങൾ തടസ്സങ്ങൾ സൃഷ്ടിക്കുന്നു, അതിനു കാരണം നിങ്ങളുടെ വോട്ട് ബാങ്ക് രാഷ്ട്രീയം ആണ്. ആദരണീയനായ അദ്ധ്യക്ഷൻ, ഒരു ഉദാഹരണം കൂടി നല്കുവാൻ ഞാൻ ആഗ്രഹിക്കുന്നു - ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തിയേഴിൽ , അതായത് രാജ്യം സ്വതന്ത്രമായി കുറച്ചു മാസങ്ങൾക്കുള്ളിൽ , കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയെ ഒരു പ്രമേയം പാസ്സാക്കി. എന്താണ് ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തിയേഴ് നവംബർ 25 ലെ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി നിർദേശം പറയുന്നത് : ' പാകിസ്ഥാൻ അതിർത്തി കടന്ന് ഇന്ത്യയിലേക്ക് വരുന്ന, അല്ലെങ്കിൽ സ്വന്തം അഭിമാനവും ജീവനും രക്ഷിക്കാൻ വരുന്ന ഇസ്ലാം അല്ലാത്ത എല്ലാവർക്കും പൂർണ സംരക്ഷണം നല്കാൻ കോൺ ഗ്രസ് തീർച്ചയായും ബാധ്യസ്ഥരാണ് " ഇത് മുസ്ലീം അല്ലാത്തവർക്കു വേണ്ടിയാണ്. ആദരണീയ അദ്ധ്യക്ഷൻ, നവംബർ 25, ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തിയേഴിൽ കോൺഗ്രസ് വർഗ്ഗീയവാദി ആയിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നില്ല. , ഇന്ന് അവർ പൊടുന്നനെ മതേതരരായി . അതും ഞാൻ വിശ്വസിക്കുന്നില്ല . നവംബർ 25, ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തിയേഴിൽ നിങ്ങൾക്ക് എഴുതാമായിരുന്നു പാകിസ്ഥാനിൽ നിന്നും വരുന്ന എല്ലാ ആളുകളും എന്ന്, നിങ്ങൾ എന്തുകൊണ്ട് അങ്ങിനെ എഴുതിയില്ല . നിങ്ങൾ എന്തുകൊണ്ട് മുസ്ലീം അല്ലാത്തവർ മാത്രം എന്ന് എഴുതി? വിഭജനത്തിന് ശേഷം പാകിസ്ഥാനിൽ തുടർന്ന ഹിന്ദുക്കൾ അധികവും നമ്മുടെ ദളിത് സഹോദരീ സഹോദരന്മാർ ആയിരുന്നു . ഈ ആളുകളോട് ബാബാസാഹേബ് അംബേദ്കർ പറഞ്ഞു, "ഇന്ന് പാകിസ്ഥാനിൽ കുടുങ്ങിപ്പോയ /പട്ടികജാതിക്കാരോട് / ഇന്ത്യയിലേക്ക് വരണം എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു..." ബാബാ സാഹേബ്

അംബേദ്ക്കരും അതേ സന്ദേശം ആണ് നല്കിയത്. ഈ പ്രസ്താവനകൾ എല്ലാം തന്നെ ഈ രാജ്യത്തിൻറെ രാഷ്ട്ര ശിൽപ്പികൾ ആയ മഹത് വ്യക്തികളുടെയാണ് , അവർ വർഗ്ഗീയ വാദികൾ ആയിരുന്നോ ? വോട്ട് ബാങ്ക് രാഷ്ട്രീയം കാരണം കോൺഗ്രസ്സും അവരുടെ കൂട്ടാളികൾ ആയ ദേശ നിർമാതാക്കളും മറന്നു തുടങ്ങിയിരിക്കുന്നു . ഇത് രാജ്യത്തെ സംബന്ധിച്ച ഉത്കണ്ഠയുണർത്തുന്ന കാര്യമാണ് .

ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , ഇവിടെ സന്നിഹിതരായിരിക്കുന്ന നിരവധി സഹപ്രവർത്തകർ 1997-ലെ സഭയിലും സന്നിഹിതർ ആയവർ ആയിരിക്കാം . അന്നത്തെ ഗവൺമെൻറ് നിർദേശാനുസരണം ഹിന്ദുക്കളും സിഖുകാരും എന്ന വാക്കുകൾ ഉപയോഗിക്കാനായി തുടങ്ങിയ വർഷം ആയിരുന്നു അത് . നേരത്തെ അതുവിടെ ഉണ്ടായിരുന്നില്ല, അത് ചേർത്തിട്ടുണ്ട്. 2011-ൽ പാകിസ്ഥാനിൽ നിന്ന് വരുന്ന ക്രിസ്ത്യൻ, ബുദ്ധ എന്നീ വിഭാഗവും അതിൽ സൃഷ്ടിക്കപ്പെട്ടു. ഇതെല്ലാം സംഭവിച്ചത് 1997ലും 2011ലുമാണ്. 2003-ൽ ലോക്സഭയിൽ പൗരത്വ ഭേദഗതി ബിൽ അവതരിപ്പിച്ചു. പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി ഇത് ചർച്ച ചെയ്യുകയും 2003 ലെ പൗരത്വ ഭേദഗതി ബിൽ മുന്നോട്ട് കൊണ്ടുപോകുകയും ചെയ്തു, ആ കമ്മിറ്റിയിലെ നിരവധി അംഗങ്ങൾ ഇപ്പോഴും കോൺഗ്രസിൽ ഉണ്ട്. ഇവിടെ, പാർലമെന്റിന്റെ ആ കമ്മിറ്റിയിലും സ്റ്റാൻഡിംഗ് കമ്മിറ്റിയിലും ഉണ്ടായിരുന്നവർ അതേ റിപ്പോർട്ടിൽ പറഞ്ഞു, "അയൽ രാജ്യങ്ങളിൽ നിന്ന് വരുന്ന ന്യൂനപക്ഷങ്ങളെ രണ്ട് ഭാഗങ്ങളായി കാണണം, ഒന്ന് മതപരമായ പീഡനം മൂലം വരുന്നവരും , രണ്ടാമത്തേത് സിവിൽ പ്രശ്നങ്ങൾ കാരണം വരുന്ന പൌരൻമാർ " ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ആണ്.

ഇന്ന് ഈ സർക്കാർ ഇതേക്കുറിച്ച് പറയുമ്പോൾ , 17 വർഷത്തിനു ശേഷം എന്തിനാണ് ഇതിന്റെ പേരിൽ കോലാഹലം? ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , പാകിസ്ഥാനിൽ നിന്ന് വന്ന ന്യൂനപക്ഷ ഹിന്ദു സമുദായത്തിലെ ജനങ്ങൾക്ക് ഇന്ത്യൻ പൗരത്വം നൽകുന്നതിന് രാജസ്ഥാൻ മുഖ്യമന്ത്രിയുടെ അഭ്യർഥന പ്രകാരം ഫെബ്രുവരി 28, രണ്ടായിരത്തി നാലിൽ , രാജസ്ഥാനിലെ രണ്ടു ജില്ലയിലെയും ഗുജറാത്തിലെ 4 ജില്ലകളിലെയും കളക്ടർമാർക്ക് കേന്ദ്ര സർക്കാർ അവകാശം നൽകി, ഈ നിയമം 2005 ലും 2006 ലും പ്രാബല്യത്തിൽ തുടർന്നു. 2005ലും 2006ലും നിങ്ങൾ ആയിരുന്നു അധികാരത്തിലിരുന്നത്. അന്ന് ഭരണഘടനയുടെ അടിസ്ഥാന തത്വത്തിന് ഒരു ഭീഷണിയും ഉണ്ടായില്ല, അതിനെതിരായിരുന്നില്ല. 10 വർഷം മുന്പു വരെ ഈ കാര്യങ്ങൾ ഒക്കെ വളരെ ശരിയായിരുന്നു , ഒരു ബഹളവുമില്ല, ഇന്ന് പെട്ടെന്ന് നിങ്ങളുടെ ലോകം മാറി, തോൽവി നിങ്ങളെ ഇത്രയും വിഷമിപ്പിക്കുമെന്ന് , ഞാൻ ഒരിക്കലും വിചാരിച്ചിട്ടില്ല ബഹുമാനപ്പെട്ട ചെയർമാനേ, എൻ പി ആറും വളരെയധികം ചർച്ച ചെയ്യപ്പെടുന്നുണ്ട്. സെൻസസും എൻ പി ആറും രാജ്യത്ത് ഇതിന് മുൻപും നടന്നിട്ടുള്ള പൊതു ഭരണപരമായ പ്രവർത്തനങ്ങളാണ്.എന്നാൽ വോട്ട് ബാങ്ക് രാഷ്ട്രീയം നിർബന്ധം ഉണ്ടാകുമ്പോൾ ജനങ്ങളെ 2010ലെ എൻ പി ആർ കൊണ്ട് വന്ന ആളുകൾ സ്വയം അതിനെ കുറിച്ച് തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുകയും ഇന്ന് അതിനെ എതിർക്കുകയും ചെയ്യുന്നു.

ബഹുമാനപ്പെട്ട , അദ്ധ്യക്ഷൻ , രാജ്യം സ്വാതന്ത്ര്യം നേടിയതിന് ശേഷമുള്ള സെൻസസ് അങ്ങ് നോക്കുകയാണെങ്കിൽ , ആദ്യ ദശകത്തിൽ ചില ചോദ്യങ്ങൾ ഉണ്ടായേക്കാം, രണ്ടാം ദശകത്തിൽ ചില ചോദ്യങ്ങൾ നീക്കം ചെയ്തേക്കാം, ചിലത് കൂട്ടി ചേർത്തിട്ടുണ്ടാകാം. ആവശ്യം അനുസരിച്ച് , ഭരണത്തിലെ എല്ലാ മേഖലകളിലും അത് ഉണ്ടാകുമെന്ന് അറിയാം. ചെറിയ മാറ്റങ്ങൾ എപ്പോഴും സംഭവിച്ചു കൊണ്ടിരിക്കുന്നു. കിംവദന്തികൾ പ്രചരിപ്പിക്കുന്ന പ്രവർത്തി നമ്മൾ ചെയ്യരുത്. നമ്മുടെ രാജ്യത്ത് മാതൃഭാഷയെ ചൊല്ലി ഇത്രയും വലിയ പ്രതിസന്ധി ഇതിന് മുൻപ് ഒരിയ്ക്കലും ഉണ്ടായിട്ടില്ല. ഇന്ന് ഒഡീഷയിൽ നിന്നും അനേകം ആളുകൾ സൂറത്തിലേക്ക് കുടിയേറി. ഒഡിയ സ്കൂൾ ഞങ്ങൾ നടത്തില്ലെന്ന് ഗുജറാത്ത് സർക്കാർ പറഞ്ഞാൽ, എത്രനാൾ അങ്ങിനെ തുടരാനാകും. ആരൊക്കെ ഏത് മാതൃഭാഷയാണ് സംസാരിക്കുന്നത്, അവരുടെ പിതാവ് ഏത് ഭാഷയാണ് സംസാരിച്ചിരുന്നത് എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ സർക്കാരിന് ഉണ്ടായിരിക്കണം എന്നു ഞാൻ വിശ്വസിക്കുന്നു , അതേ തുടർന്ന് സൂറത്തിൽ ഒഡിയ സ്കൂളുകൾ ആരംഭിക്കാൻ കഴിയും . നേരത്തെ കുടിയേറ്റം കുറവായിരുന്നു, ഇന്ന് കുടിയേറ്റം നടക്കുമ്പോൾ അത് ആവശ്യമാണ്.

ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , മുമ്പ് നമ്മുടെ രാജ്യത്തു കുടിയേറ്റം വളരെ ചെറിയ തോതിലായിരുന്നു. കാലക്രമേണ, നഗരങ്ങളോടുള്ള ആകർഷണം വർദ്ധിക്കുന്നു, നഗരങ്ങളുടെ വികസനം, ആളുകളുടെ അഭിലാഷം മാറുന്നു, അതിനാൽ കഴിഞ്ഞ 30-40 വർഷങ്ങളിൽ കുടിയേറ്റം ദൃശ്യമാകുന്നത് നാം നിരന്തരം കാണുന്നു. ഏത് ജില്ലകളിൽ നിന്നാണ് കുടിയേറ്റം നടക്കുന്നത്, ഏതൊക്കെ ജില്ലകളിലേക്കാണ് നടക്കുന്നതു എന്നറിയാതെ ആ ജില്ലയുടെ വികസനത്തിന് മുൻഗണന നൽകാൻ നിങ്ങൾക്ക് കഴിയില്ല. കിംവദന്തികൾ പ്രചരിപ്പിക്കുകയും ആളുകളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുക നിങ്ങൾക്ക് പ്രധാനമാണ്, നിങ്ങൾ 2010 ൽ എൻ പി ആർ കൊണ്ടുവന്നു. 2014 മുതൽ ഞങ്ങൾ ഇവിടെ ഇരിക്കുകയാണ്, ഇതേ എൻ പി ആർ സംബന്ധിച്ച് ഞങ്ങൾ ആരുടെ എങ്കിലും പേരിൽ ചോദ്യം ഉന്നയിച്ചിരുന്നോ ? ഞങ്ങളുടെ പക്കൽ രേഖകൾ ഉണ്ട് . നിങ്ങളുടെ എൻപിആറിന്റെ ഒരു റെക്കോർഡ് ഞങ്ങളുടെ പക്കലുണ്ട്. നിങ്ങളുടെ കാലത്തുള്ള എൻ പി ആർ രേഖകൾ . ആ എൻപിആറിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യത്തെ ഒരു പൗരനും പിഡിപ്പിക്കപ്പെട്ടിട്ടില്ല. ഇത് മാത്രമല്ല, ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , എൻപിആർ സമാരംഭിക്കുമ്പോൾ, അന്നത്തെ യുപിഎ ആഭ്യന്തര മന്ത്രി, എൻപിആറിൽ ഓരോ സാധാരണ സ്ഥിരവാസിയുടെയും, സാധാരണ താമസക്കാരന്റെയും എൻറോൾമെന്റിന്റെ ആവശ്യകതയെ കുറിച്ചും എല്ലാവരും ഈ ശ്രമത്തിന്റെ ഭാഗമാകണമെന്നും പ്രത്യേകം പറയുകയുണ്ടായി . മാധ്യമങ്ങൾ എൻ പി ആറിന് പ്രചാരണം നല്കണം എന്നു അദ്ദേഹം മാധ്യമങ്ങളോട് അഭ്യർഥിക്കുകയും ചെയ്തു . ആളുകളെ പഠിപ്പിക്കുക, ആളുകൾ എൻപിആറിൽ ചേരുന്നു. അങ്ങനെ അന്നത്തെ ആഭ്യന്തരമന്ത്രി പരസ്യമായി അഭ്യർത്ഥിച്ചു. യുപിഎ 2010ൽ എൻപിആർ അവതരിപ്പിച്ചു. 2011ൽ എൻപിആറിനായി ബയോമെട്രിക് ഡാറ്റ ശേഖരിക്കാൻ തുടങ്ങി. 2014ൽ നിങ്ങളുടെ സർക്കാർ ഇല്ലാതായപ്പോഴേക്കും എൻപിആറിന് കീഴിൽ കോടിക്കണക്കിന് പൗരന്മാരുടെ ഫോട്ടോകൾ അടക്കം രേഖകൾ രേഖപ്പെടുത്തി സ്കാൻ ചെയ്യുന്ന ജോലി പൂർത്തിയായിരുന്നു. ബയോമെട്രിക് വിവരശേഖരണം പുരോഗമിക്കുകയാണ്. ഞാൻ സംസാരിക്കുന്നത് നിങ്ങളുടെ കാലാവധിയെക്കുറിച്ചാണ്. ഇന്ന് നിങ്ങൾ 2015-ൽ തയ്യാറാക്കിയ എൻ പി ആർ രേഖകൾ ഞങ്ങൾ അപ്ഡേറ്റ് ചെയ്തപ്പോൾ ഈ എൻ പി ആർ റെക്കോർഡുകളിലൂടെ, പ്രധാന് മന്ത്രി ആവാസ് യോജന, ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ തുടങ്ങിയ എല്ലാ സർക്കാർ സ്കീമുകളിലും ഇനിയും അവശേഷിക്കുന്ന ഗുണഭോക്താക്കളെ ഉൾപ്പെടുത്താൻ ഞങ്ങൾ എൻ പി ആറിൻറെ രേഖകളെ നല്ല രീതിയിൽ ഉപയോഗിച്ചു, പാവപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ നൽകി. എന്നാൽ നിങ്ങൾ ഇന്ന്, രാഷ്ട്രീയവൽക്കരിച്ച്, എൻപി ആറിനെ എതിർക്കുകയും കോടിക്കണക്കിന് പാവങ്ങളെ ഈ ജനക്ഷേമ പദ്ധതികളുടെ ഭാഗമാകുന്നതിൽ നിന്ന് തടഞ്ഞു കൊണ്ട് ഒരു പാപം ചെയ്യുകയുമാണ്. തങ്ങളുടെ നിസ്സാരമായ രാഷ്ട്രീയ ആഖ്യാനത്തിനായി ഇവർ ചെയ്യുന്നതെന്തും, ഇവരുടെ ദരിദ്രവിരുദ്ധ മനോഭാവത്തെ തുറന്നുകാട്ടപ്പെടുന്നു. 2020 ലെ സെൻസസിനൊപ്പം, എൻപിആർ രേഖകൾ അപ്ഡേറ്റ് ചെയ്യാൻ ഞങ്ങൾ ആഗ്രഹിക്കുന്നു, അതിലൂടെ ദരിദ്രവിഭാഗത്തിനായി ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഈ പദ്ധതികൾക്കു കൂടുതൽ കാര്യക്ഷമമായും സത്യസന്ധമായും അവരിലേക്ക് എത്തിച്ചേരാനാകും. എന്നാൽ നിങ്ങൾ ഇപ്പോൾ പ്രതിപക്ഷത്തായതിനാൽ, നിങ്ങൾ ആരംഭിച്ച എൻ പി ആർ മോശമായിട്ടു നിങ്ങൾ കാണുന്നു .

എല്ലാ സംസ്ഥാനങ്ങളും, ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ, എല്ലാ സംസ്ഥാനങ്ങളും ഉചിതമായ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് എൻപിആറിന് അംഗീകാരം നൽകുകയുണ്ടായി . എന്നാൽ ചില സംസ്ഥാനങ്ങൾ പൊടുന്നനെയു-ടേൺ ഇപ്പോൾ എടുക്കുകയും എൻ പി ആറിന് തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു, അത് മാത്രമല്ല ഇതിന്റെ പ്രാധാന്യത്തെയും പാവപ്പെട്ടവർക്ക് അതിലൂടെ ലഭ്യമായേക്കാവുന്ന നേട്ടത്തേയുമവർ മനഃപൂർവം അവഗണിക്കുകയുമാണ് ചെയ്യുന്നത്. 70 വർഷമായി അവർ ചെയ്യാതിരുന്ന കാര്യങ്ങൾ ഇപ്പോൾ പ്രതിപക്ഷത്തിരിക്കുമ്പോൾ ഇതേ പോലെ അവർ സംസാരിക്കുന്നത് ഉചിതമായ കാര്യം അല്ല. അതേ പോലെ , നിങ്ങളായിട്ട് സ്വയം കൊണ്ടുവന്ന, നിങ്ങൾ തന്നെ പ്രചരിപ്പിച്ച , മാധ്യമങ്ങളിൽ കൂടി പ്രോത്സാഹിപ്പിച്ച പ്രവൃത്തിയെ , ഇപ്പോൾ നിങ്ങൾ തൊട്ടുകൂടായ്മയായി വിളിച്ച് എതിർക്കാൻ ശ്രമിക്കുകയാണ്! വോട്ട് ബാങ്ക് രാഷ്ട്രീയം മാത്രം അനുസരിച്ചാണ് നിങ്ങളുടെ ആഖ്യാനങ്ങൾ തീരുമാനിക്കപ്പെടുന്നത് എന്നതിന്റെ തെളിവാണിത്. പ്രീണനത്തിന്റെ ഒരു ചോദ്യമുണ്ടെങ്കിൽ, വികസനത്തിന്റെയും വിഭജനത്തിന്റെയും പാതകൾക്കിടയിൽനിന്നും , ജനങ്ങളെ ഭിന്നിപ്പിക്കുന്ന പാതയെ പരസ്യമായി നിങ്ങൾ തിരഞ്ഞെടുക്കുന്നു.

ഏതെങ്കിലുമൊക്കെ പാർട്ടിക്കു ഇത്തരമൊരു അവസരവാദപരമായ എതിർപ്പ് ഗുണമോ ദോഷമോ ചെയ്തേക്കാം എന്നാൽ രാജ്യം ഇക്കാരണത്താൽ തീർച്ചയായും കഷ്ടപ്പെടും . അവിശ്വാസത്തിന്റെ ഒരു അവസ്ഥയായി രാജ്യത്തിൽ അത് മാറും. അതുകൊണ്ട് സത്യവും യഥാർത്ഥ വസ്തുതകളും മാത്രം നമ്മൾ ജനങ്ങൾക്കിടയിൽ എത്തിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഈ ദശകത്തിൽ, ഇന്ത്യയിൽ നിന്ന് ലോകത്തിന് വലിയ പ്രതീക്ഷകളുണ്ട്, ഇന്ത്യക്കാർക്ക് ഞങ്ങളിൽ നിന്ന് വലിയ പ്രതീക്ഷകളുണ്ട്. ഈ പ്രതീക്ഷകളെ നിറവേറ്റാനുള്ള നമ്മുടെ എല്ലാവരുടെയും ശ്രമങ്ങൾ 130 കോടി ഇന്ത്യക്കാരുടെ അഭിലാഷങ്ങളുമായി ഒത്തുചേരേണ്ടതാണ്. രാജ്യതാൽപ്പര്യമുള്ള എല്ലാ കാര്യങ്ങളിലും ഈ സഭ , സങ്കല്പ്പിക്കുക, സംവദിക്കുക, എന്ന ലക്ഷ്യത്തോടെയാകും പ്രവർത്തിക്കുക, അതായത് ഒരുമിച്ചു നീങ്ങുക, യോജിച്ചു മുന്നേറുക - ഈ ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുക . സംവാദങ്ങളും ചർച്ചകളും ഉണ്ടാകട്ടെ , അതേ തുടർന്നു തീരുമാനങ്ങളുമുണ്ടാകട്ടെ .

ശ്രീ ദിഗ്വിജയ് സിംഗ്ജി ഇവിടെ ഒരു കവിത ചൊല്ലി, ഒരു കവിത ഞാനും ഓർക്കുന്നു.

'എനിക്ക് വീടില്ല, സത്യം ,ദയ, അഭിലാഷങ്ങൾ , സ്വപ്നങ്ങൾ

എന്നിവയാൽ നിറഞ്ഞിരിക്കുന്ന തുറന്ന ഇടങ്ങൾ മാത്രം

എൻറെ രാജ്യം വികസിതവും മഹത്തരവുമായി കാണാനുള്ള ആഗ്രഹം,

സന്തോഷവും സമാധാനവും ചുറ്റിനും കാണാനുള്ള സ്വപ്നങ്ങൾ !!

ഇന്ത്യയുടെ മഹാനായ പുത്രൻ, മുൻ രാഷ്ട്രപതി ഡോ. എപിജെ കലാമിന്റെ ഈ വരികൾ എനിക്ക് ഇഷ്ടപ്പെട്ടു, ഈ വരികൾ എനിക്ക് ഇഷ്ടപ്പെട്ടു, നിങ്ങൾ തിരഞ്ഞെടുത്ത വരികളാണ് നിങ്ങൾക്ക് ഇഷ്ടപ്പെടുക . "ജാകി രഹി ഭാവനാ ജയ്സി , പ്രഭു മൂരത് ദേഖി തിൻ ജയ്സി" എന്ന ചൊല്ല് കൂടി നിങ്ങൾ കേട്ടിരിക്കണം. നിങ്ങളുടെ ഇഷ്ടം മാറ്റണോ അതോ ഇരുപതാം നൂറ്റാണ്ടിന്റെ ഗൃഹാതുരത്വത്തോടെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ജീവിക്കണോ എന്ന് ഇപ്പോൾ നിങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. ഈ പുതിയ ഇന്ത്യ മുന്നോട്ട് നീങ്ങിക്കഴിഞ്ഞു . ഇത് കടമയുടെ പാതയിലേക്ക് നീങ്ങാൻ തുടങ്ങി, എല്ലാ അവകാശങ്ങളുടെയും സത്ത കടമ തന്നെ ഉൾക്കൊള്ളുന്നു, ഇതാണ് മഹാത്മാഗാന്ധിയുടെ സന്ദേശം.

ഗാന്ധിജി പറഞ്ഞ കടമയുടെ പാതയിലൂടെ നമുക്ക് മുന്നേറാം, സമ്പന്നവും കാര്യക്ഷമവും നിശ്ചയദാർഢ്യവുമുള്ള ഒരു പുതിയ ഇന്ത്യ നിർമ്മിക്കാൻ ആരംഭിക്കാം നമ്മുടെ എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ ഇന്ത്യയുടെ എല്ലാ അഭിലാഷങ്ങളും ദൃഢനിശ്ചയങ്ങളും സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. ഇന്ത്യൻ ഭരണഘടനയുടെ ഉന്നതമായ വികാരങ്ങളെ മാനിച്ചുകൊണ്ട്, രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും മുൻഗണന നൽകിക്കൊണ്ട് , നമ്മുടെ രാജ്യത്തെ മുന്നോട്ട് നയിക്കാൻ സംഭവനകൾ നല്കാൻ നമുക്ക് ഒന്നിച്ചു നടക്കാം എന്ന വികാരത്തോടെ, രാഷ്ട്രപതിയോടും എല്ലാ അംഗങ്ങളോടും ഞാൻ ഒരിക്കൽ കൂടി എന്റെ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. ഈ ചർച്ചയെ സമ്പന്നമാക്കിയതിന് ആദരണീയനായ രാഷ്ട്രപതിയോടും ബഹുമാനപ്പെട്ട അംഗങ്ങളോടും ഞാൻ ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തുന്നു.

വളരെയധികം നന്ദി.

“രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയിലെ നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി യുടെ മറുപടി പ്രസംഗം

ഫെബ്രുവരി 6, 2020”

ഫെബ്രുവരി 06, 2020

ലോക്സഭാ

രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദി പ്രമേയ ചർച്ചയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ലോക് സഭയിൽ ചെയ്ത മറുപടി പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ സർ , ആദരണീയ രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തിനാണ് ഞാൻ നിൽക്കുന്നത്. തൻറെ പ്രഭാഷണത്തിൽ നവ ഇന്ത്യ എന്ന കാഴ്ചപ്പാടാണ് രാഷ്ട്രപതി അവതരിപ്പിച്ചത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൻറെ മൂന്നാം ദശകത്തിൽ രാഷ്ട്രപതി ചെയ്ത ഈ പ്രഭാഷണം രാജ്യത്തെ കോടിക്കണക്കിന് ജനങ്ങളിൽ ആത്മവിശ്വാസം പകരുന്നതും ഈ ദശാബ്ദത്തിലേക്ക് നമുക്കെല്ലാവർക്കും ദിശാബോധം പകരുന്നതുമായ ഒന്നാണ് . ഈ ചർച്ചയിൽ സഭയിലെ പരിചയസമ്പന്നരായ എല്ലാ മാന്യ അംഗങ്ങളും അവരുടെ അഭിപ്രായങ്ങൾ വളരെ നന്നായി അവതരിപ്പിച്ചു. ചർച്ചയെ സമൃദ്ധമാക്കാൻ അവരവരുടേതായ രീതിയിൽ അവർ ശ്രമിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അധീർ രഞ്ജൻ ചൗധരി ജി, പ്രൊഫ. സൗഗത് റോയ് ജി, ഡോ. ശശി തരൂർ ജി, ബഹു. ഒവൈസി ജി, ഡാനിഷ് അലി ജി, രാം കൃപാൽ യാദവ് ജി, പി പി ചൗധരി ജി, പിനാകി മിശ്ര ജി, അഖിലേഷ് യാദവ് ജി, വിനായക് റൗട്ട് ജി. എല്ലാവരുടേയും പേരുകൾ പറയുവാൻ കൂടുതൽ സമയമെടുക്കും. എന്നാൽ എല്ലാവരും അവരവരുടെ കാഴ്ചപ്പാടുകൾ അവരുടെ രീതിയിൽ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ എന്തിനാണ് തിടുക്കപ്പെട്ട് സർക്കാർ ഈ ജോലികളെല്ലാം ഒരുമിച്ച് ചെയ്യുന്നത് എന്ന ചോദ്യം ഉയർന്നുവന്നിട്ടുണ്ട്. തുടക്കത്തിൽ തന്നെ ശ്രീ സർവേശ്വർ ദയാൽ സക്സേന ജിയുടെ ഒരു കവിത ഉദ്ധരിച്ചു തുടങ്ങാൻ ഞാൻ ആഗ്രഹിക്കുന്നു, ഒരുപക്ഷേ അതായിരിക്കാം ഒരു പക്ഷേ നമ്മുടെ 'സംസ്കാരവും ', നമ്മുടെ ഗവൺമെൻറിൻറെ പ്രകൃതവും , അതേ പ്രചോദനത്താൽ സാമ്പ്രദായികമല്ലാത്ത തീരുമാനങ്ങൾ എടുക്കുകയും അതിനൊപ്പം വേഗത്തിൽ നീങ്ങുകയും ചെയ്യുവാൻ ഞങ്ങൾ ശ്രമിക്കുകയാണ് . ബഹുമാനപ്പെട്ട സർവേശ്വർ ദയാൽ ജി തൻറെ കവിതയിൽ എഴുതിയിട്ടുണ്ട്

ലീക് പർ വേ ചലേ . ലീക് പർ വേ ചലേ

ജിൻ കേ ചരൺ ദുർബൽ ഓർ ഹാരെ ഹെ,

ജിൻ കേ ചരൺ ദുർബൽ ഓർ ഹാരെ ഹെ

ഹമെ തോ ജോ ഹമാരി യാത്രാ സേ ബനേ ,

ഹമെ തോ ജോ ഹമാരി യാത്രാ സേ ബനേ ,

ഐസെ അനിർമിത് പന്ഥ് ഹി പ്യാരെ ഹേ

ബഹുമാനപ്പെട്ട സ്പീക്കർ , ഇപ്പോൾ ജനങ്ങൾ മാറ്റിയത് സർക്കാരിനെ മാത്രമല്ല, അതിലൂടെ തങ്ങളുടെ ആശങ്കകളും മാറുമെന്ന പ്രതീക്ഷയിലാണ് അവർ . വ്യത്യസ്തമായി പ്രവർത്തിക്കുകയും ഭരിക്കുകയും ചെയ്യുമെന്ന് ജനങ്ങൾക്ക പ്രതീക്ഷയുള്ളത് കൊണ്ടാണ് രാജ്യത്തെ സേവിക്കാൻ ഞങ്ങൾക്ക് അവസരം ലഭിച്ചത്. എന്നാൽ നിങ്ങൾ പ്രവർത്തിച്ചിരുന്ന അതേ രീതിയിലാണ് ,ഞങ്ങൾ പ്രവർത്തിച്ചിരുന്നതെങ്കിൽ, നിങ്ങൾ നടന്ന അതേ പാതയിലാണ് ഞങ്ങൾ സഞ്ചരിച്ചിരുന്നുവെങ്കിൽ 70 വർഷം കഴിഞ്ഞിട്ടും മുന്നൂറ്റി എഴുപതാം വകുപ്പ് റദ്ദാക്കുക അസാധ്യമായിരുന്നു .

ആ പഴയ രീതി തന്നെ ഞങ്ങൾ പിന്തുടർന്നിരുന്നെങ്കിൽ മുസ്ലീം സഹോദരിമാരെ ഭീതിയിൽ ആഴ്ത്തുന്ന മുത്തലാഖ് ഇന്നും തുടരുമായിരുന്നു. ഞങ്ങൾ നിങ്ങളുടെ പാത പിന്തുടർന്നിരുന്നെങ്കിൽ, പ്രായപൂർത്തിയാകാത്തവർ ബലാത്സംഗത്തിന് ഇരയായാൽ പ്രതിക്കു വധശിക്ഷ നൽകുന്ന നിയമം ഉണ്ടാകുമായിരുന്നില്ല. നിങ്ങളുടെ ചിന്ത

പിന്തുടർന്നു ഞങ്ങൾ പ്രവർത്തിച്ചിരുന്നെങ്കിൽ രാമജന്മഭൂമി ഇപ്പോഴും തർക്ക വിഷയമായി തുടർന്നേനെ. നിങ്ങളുടെ സമീപനം പോലെ ആയിരുന്നു എങ്കിൽ കർതാർപൂർ ഇടനാഴി ഒരിക്കലും നിർമ്മിക്കാൻ കഴിഞ്ഞെന്നു വരില്ല. നിങ്ങളുടെ സർക്കാരിനെ പോലെ ഞങ്ങൾ പ്രവർത്തിച്ചിരുന്നെങ്കിൽ ഇന്ത്യ-ബംഗ്ലാദേശ് അതിർത്തി തർക്കം ഒരിക്കലും പരിഹരിക്കപ്പെടില്ലായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ, അധിർ ജിയെ കാണുമ്പോഴും കേൾക്കുമ്പോളും എല്ലാം ഞാൻ കിരൺ റിജ്ജു ജിയെ ഓർക്കും . അതിനു കാരണം ഫിറ്റ് ഇന്ത്യ മൂവ്മെന്റ് ആണ്. ഫിറ്റ് ഇന്ത്യ മൂവ്മെന്റിന്റെ പ്രചരണം അദ്ദേഹം വളരെ നന്നായി ചെയ്യുന്നു. അദ്ദേഹം പ്രസംഗങ്ങൾക്കൊപ്പം ജിമ്മിൽ വ്യായാമവും ചെയ്യുന്നു. ഇത് ഫിറ്റ് ഇന്ത്യക്കു പ്രോത്സാഹനം ആണ്. ഫിറ്റ് ഇന്ത്യ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അഭിനന്ദിക്കുന്നു .

ആദരണീയ സ്പീക്കർ , ഓരോ നിമിഷവും രാജ്യം വെല്ലുവിളികൾ നേരിടാൻ ശ്രമിക്കുന്നുവെന്നത് ആർക്കും നിഷേധിക്കാനാവില്ല.

ചില സമയങ്ങളിൽ വെല്ലുവിളികൾ ഏറ്റെടുക്കാത്തതിന്റെ ലക്ഷണങ്ങളും വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിവില്ലാത്ത വിധത്തിലുള്ള വ്യക്തികളെയും രാജ്യം കാണിച്ചുതന്നിട്ടുണ്ട്, കണ്ടിട്ടുണ്ട്. എന്നാൽ ഇന്ന് ഇന്ത്യയിൽ നിന്നും ലോകം പ്രതീക്ഷിക്കുന്നതിന് അനുസൃതമായി, വെല്ലുവിളികൾ നാം ഏറ്റെടുത്തില്ലെങ്കിൽ, നാം ധൈര്യക്കുറവ് കാണിക്കുകയോ മുന്നോട്ടുള്ള വഴിയിൽ ഒരുമിച്ച് നീങ്ങുകയോ ചെയ്തില്ലെങ്കിൽ ഒരു പക്ഷേ ദീർഘകാലത്തേക്കുള്ള പ്രശ്നങ്ങൾ രാജ്യം അഭിമുഖീകരിക്കേണ്ടി വന്നേക്കും . ഇപ്പോഴും നമ്മൾ കോൺഗ്രസിന്റെ പാത പിന്തുടർന്നിരുന്നെങ്കിൽ, 50 വർഷം കഴിഞ്ഞാലും എനിമി പ്രോപ്പർട്ടി ആക്ടിനായി (ശത്രു സ്വത്ത് നിയമത്തിനായി) രാജ്യം കാത്തിരിക്കേണ്ടി വരുമായിരുന്നു. 35 വർഷങ്ങൾക്ക് ശേഷവും ഏറ്റവും പുതിയ തരം പോർവിമാനത്തിനായി രാജ്യം കാത്തിരിക്കേണ്ടി വരും . 28 വർഷം കഴിഞ്ഞിട്ടും ബിനാമി ഇടപാട് നിയമം (നിരോധന നിയമം) പ്രാബല്യത്തിൽ വരില്ല . 20 വർഷത്തിന് ശേഷവും ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫിനെ നിയമിക്കുകയില്ല .

ആദരണീയ സ്പീക്കർ , വേറിട്ട പുതിയ പാതയിലൂടെ , വികല നയങ്ങളെ ഒഴിവാക്കിയുള്ള പ്രവർത്തനം ആണ് ഞങ്ങളുടെ ഗതിവേഗത്തിന് പിന്നിൽ . സ്വാതന്ത്ര്യം ലഭിച്ച് എഴുപത് വർഷം പിന്നിട്ടു . ഇനിയും ദീർഘനാൾ കാത്തിരിക്കാൻ രാജ്യം തയ്യാറല്ലെന്നും തയാറാകുകയില്ലെന്നും ഞങ്ങൾ നന്നായി മനസ്സിലാക്കുന്നു. ഇക്കാരണത്താൽ വേഗതയും അളവുകോലും വലുതാക്കിയേ മതിയാകൂ . നിശ്ചയദാർഢ്യവും ദൃഢനിർണ്ണയവും ഉണ്ടായിരിക്കണം. സംവേദനക്ഷമതയും പരിഹാരങ്ങളും ഉണ്ടായിരിക്കണം. കഴിഞ്ഞ അഞ്ചു വർഷമായി ഞങ്ങൾ നടത്തിയ സംഘടിത പ്രയത്നങ്ങളെ ജനങ്ങൾ കാണുകയും വീണ്ടും അവരെ സേവിക്കാൻ ഞങ്ങളിൽ വിശ്വാസം അർപ്പിക്കുകയും ഞങ്ങൾക്ക് കൂടുതൽ ഭൂരിപക്ഷം നൽകുകയും ചെയ്തു . ഇത്ര വേഗതയിൽ അല്ലായിരുന്നു എങ്കിൽ ഇത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ മുപ്പത്തിയേഴ് കോടി ജനങ്ങൾ ബാങ്ക് അക്കൗണ്ടുകൾ തുറക്കില്ലായിരുന്നു, ഇത്ര വേഗത്തിൽ പ്രവർത്തിച്ചില്ലായിരുന്നുവെങ്കിൽ പതിനൊന്നു കോടി ജനങ്ങളുടെ വീടുകളിൽ ശൌചാലയങ്ങളുടെ പണികൾ പൂർത്തിയാകുമായിരുന്നില്ല, പതിമൂന്നു കോടി കുടുംബങ്ങളിൽ പാചക വാതക കണക്ഷനുകൾ നൽകില്ലായിരുന്നു, ഇത്രയും വേഗത്തിൽ പ്രവർത്തിച്ചില്ലായിരുന്നു എങ്കിൽ ദരിദ്രർക്കായി രണ്ട് കോടി പുതിയ വീടുകൾ നിർമ്മിക്കപ്പെടുമായിരുന്നില്ല, ഇത്രയും വേഗത്തിൽ പ്രവർത്തിച്ചില്ലായിരുന്നു എങ്കിൽ ഡെൽഹിയിലെ നാല് ദശലക്ഷത്തിലധികം ജനങ്ങൾ വസിക്കുന്ന 1700-ലധികം അനധികൃത കോളനികൾ ഇപ്പോഴും നിയമ വിരുദ്ധമായി തുടരുമായിരുന്നു . ആ പ്രവർത്തി തീർന്നിട്ടില്ല . ഇന്നിപ്പോൾ അവർക്കും സ്വന്തം വീടിനു മേൽ അവകാശം ലഭിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട സ്പീക്കർ , വടക്ക് കിഴക്കൻ മേഖലയും ഇവിടെ ചർച്ച ചെയ്യപ്പെട്ട . രാഷ്ട്രീയ സമവാക്യങ്ങളെ തിരുത്താൻ മതിയായ സീറ്റുകളില്ലവിടെ . രാഷ്ട്രീയ സമവാക്യങ്ങൾ തിരുത്താൻ വേണ്ടി വടക്ക്-കിഴക്കൻ മേഖലകൾക്ക് പല ദശാബ്ദങ്ങൾ കാത്തിരിക്കുന്നു . രാഷ്ട്രീയ കണക്കുകൂട്ടലുകളിൽ നിന്നുകൊണ്ട് തീരുമാനങ്ങൾ എടുത്തപ്പോൾ ആ മേഖല എല്ലായ്പ്പോഴും അവഗണിക്കപ്പെട്ടതാണ് അതിനു കാരണം . ഞങ്ങളെ സംബന്ധിച്ചിടത്തോളം വടക്ക് കിഴക്കൻ മേഖല വോട്ടിൻറെ തുലാസിൽ വച്ച് തൂക്കിനോക്കേണ്ട മേഖലയല്ല . ഇന്ത്യയിലെ വിദൂര പ്രദേശങ്ങളിൽ ഇരിക്കുന്നവരുടെ ഇന്ത്യയോടുള്ള ഐക്യവും അഖണ്ഡതക്കും ഒപ്പം ആ

പൗരന്മാരുടെ കഴിവുകൾ ഇന്ത്യയുടെ വികസനത്തിനായി പ്രയോജനപ്പെടുത്തുവാൻ, രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കാൻ അവരെയും ഒപ്പം ചേർക്കാൻ ഭരണകൂടം പ്രവർത്തിക്കണം . അവിടെ ജീവിക്കുന്ന ഓരോ പൗരനോടും വളരെയേറെ ആത്മവിശ്വാസത്തോടെയും ബഹുമാനത്തോടെയും സമീപിച്ചുകൊണ്ടു മുന്നോട്ട് പോകാനാണ് ഞങ്ങളുടെ ശ്രമം. ഒരിക്കൽ ഡൽഹിയിൽ നിന്ന് വളരെ വിദൂരത്തെന്നു തോന്നിച്ച വടക്ക്-കിഴക്കൻ പ്രദേശങ്ങളിൽ, കഴിഞ്ഞ അഞ്ചു വർഷമായി ഡെൽഹി അവരെ കാണുവാൻ അവരുടെ പടിവാതിൽക്കൽ ചെല്ലുന്നു . മന്ത്രിമാർ വടക്കുകിഴക്കൻ മേഖലകളിൽ മന്ത്രിമാർ നിരന്തരം സന്ദർശിക്കുകയും അവിടെ താമസിച്ചു അവിടെയുള്ള 3 ചെറു പട്ടണങ്ങളിൽ പോകുകയും ജനങ്ങളുമായി ആശയവിനിമയം നടത്തി, അവരുടെ വിശ്വാസമാർജിക്കുകയും ചെയ്തു . വൈദ്യുതിയുടെ കാര്യത്തിലായാലും, റെയിൽ സൗകര്യങ്ങൾ, വിമാനത്താവള നിർമ്മാണമോ , മൊബൈൽ കണക്റ്റിവിറ്റിയോ തുടങ്ങി ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വികസനങ്ങൾക്ക് ആആവശ്യമായ കാര്യങ്ങൾ ചെയ്യുവാൻ ഞങ്ങൾ ശ്രമിച്ചു, ജനങ്ങൾക്ക് നമ്മുടെ മുകളിൽ ഉള്ള വിശ്വാസവും നമ്മുടെ ആത്മവിശ്വാസവും എങ്ങനെ ഫലം നൽകുന്നു എന്നത് ഈ സർക്കാരിന്റെ ഭരണകാലത്ത് കാലത്ത് തന്നെ കാണുവാൻ ആകുന്നുണ്ട്.

ബോഡോ പ്രശ്നം ഇവിടെ ചർച്ച ചെയ്യുകയുണ്ടായി , ആദ്യത്തെ തവണയല്ലയിതെന്നും പറഞ്ഞു . ഇത് ആദ്യമായാണ് സംഭവിക്കുന്നതെന്ന്

ഞങ്ങളും പറഞ്ഞിട്ടില്ല. നിരവധി പരീക്ഷണങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഇപ്പോഴും പരീക്ഷണങ്ങൾ നടക്കുന്നുണ്ടെന്നും ഞങ്ങൾ പറയുന്നു.

പക്ഷേ, നടന്നതെല്ലാം രാഷ്ട്രീയത്തിൻറെ തുലാസുകളിൽ വച്ച് തൂക്കിനോക്കിയ ശേഷമായിരുന്നു നടന്നത് എന്നുമാത്രം .

ചെയ്ത കാര്യങ്ങൾ കേവലം ഔപചാരികമായ പകൃതി മനസ്സോടെ ചെയ്തു. അക്കാരണത്താൽ കരാറുകൾ കടലാസിൽ മാത്രമായി, വളരെ അഭിമാനപൂർവം ഫോട്ടോകൾ എടുക്കപ്പെട്ടു അഭിനന്ദിക്കപ്പെട്ടു. ഇന്നും അവ ചർച്ച ചെയ്യപ്പെടുന്നു. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും ബോഡോ പ്രശ്നങ്ങളെ പരിഹരിക്കാൻ കടലാസ് കരാറുകൾക്ക് സാധിച്ചില്ല . നിഷ്കളങ്കരായ നാലായിരത്തിൽ കൂടുതൽ ജനങ്ങൾ കൊല്ലപ്പെട്ടു . സമൂഹത്തിനും ജനങ്ങൾക്കും അപകടകരമായ തരത്തിൽ കൊള്ളയടിക്കലിലേക്കും മറ്റ് സാമൂഹിക തിന്മകളിലേക്കും അത് നയിക്കപ്പെട്ടു. എന്നാൽ വടക്കുകിഴക്കൻ രാജ്യത്ത് ആയുധമെടുക്കാമെന്നും അക്രമം നടത്താമെന്നു കരുതുന്നവർക്കും വടക്ക് കിഴക്കൻ പ്രദേശങ്ങൾക്കുമൊരു സന്ദേശം നൽകുന്നതാണ് ഇപ്പോഴത്തെ കരാർ. ഈ നേട്ടത്തെ പ്രചരിപ്പിക്കുവാനുള്ള ഒരു സംവിധാനം നമുക്കില്ല എന്നത് ഒരു വസ്തുതയാണ്, എന്തായാലും ഇതിനായി നമ്മൾ തികച്ചും പരിശ്രമിക്കും. ഈ കരാറിന്റെ ഒരു പ്രധാന സവിശേഷത എന്തെന്നാൽ എല്ലാ സായുധ വിമത ഗ്രൂപ്പുകളും ഒരു കുടക്കീഴിൽ വന്നു അത് ഒപ്പ് വച്ചു എന്നതാണു . അവരുടെ ഒരു ആവശ്യങ്ങളും നിറവേറാതെയിരുന്നിട്ടില്ല . വടക്ക് കിഴക്ക് മേഖല ഉദയസൂര്യന്റെ നാടാണ്, എങ്കിലും തീവ്രവാദം കാരണം, ഭൂമിക്ക് ഇരുട്ടിനെ അകറ്റാൻ കഴിയുകയോ പ്രതീക്ഷയുടെ പുതിയ കിരണങ്ങൾ ഒരിയ്ക്കലും അനുഭവപ്പെടുകയോ ചെയ്തിരുന്നില്ല . ഇന്ന് , പുതിയ പ്രഭാതത്തിന് ഭൂമി സാക്ഷ്യം വഹിച്ചുവെന്നും അതിൽ ശുഭപ്രതീക്ഷയുടെ കിരണങ്ങൾ ചേർന്നിരുന്നു എന്നും മനോഭാവം മാറ്റിയാൽ നിങ്ങൾക്കും അനുഭവിക്കാൻ സാധിക്കുമെന്നും അഭിമാനത്തോടെ പറയുവാൻ എനിക്കു സാധിയ്ക്കും . പ്രസംഗമദ്ധ്യേ എനിക്കു ഒരു ഇടവേള നിങ്ങൾ നല്കിയതിന് നന്ദിയുണ്ട് . ഇന്നലെ സ്വാമി വിവേകാനന്ദനെ മറയാക്കി ചില ആളുകൾ സംസാരിച്ചിരുന്നു, നിങ്ങൾ അത് സഭാ രേഖകളിൽ നിന്നും ഒഴിവാക്കിയത് കൊണ്ട് ഞാൻ അതിനെ കുറിച്ച് പരാമർശിക്കുന്നില്ല . ഞാനത് ലംഘിക്കുന്നില്ല . പക്ഷേ രസകരമായ ചെറിയ ഒരു കഥ ഞാൻ ഓർക്കുന്നു . ഒരിക്കൽ കുറച്ചു ആളുകൾ ഒരു തീവണ്ടിയിൽ യാത്ര ചെയ്യുകയായിരുന്നു, തീവണ്ടിയുടെ വേഗം കുത്തുന്ന അവസരങ്ങളിൽ ടാക്കിൽ നിന്നും ശബ്ദം കേൾക്കുന്നത് നമുക്കെല്ലാവർക്കും സുപരിചിതമാണ്, നമ്മൾ അത് അനുഭവിച്ചിട്ടുണ്ട്. യാത്ര ചെയ്ത ഒരു മഹാത്മാവായ ഋഷിവര്യൻ പറഞ്ഞു ടാക്കിൽ നിന്നും വരുന്ന ശബ്ദം സഹയാത്രക്കാരുടെ ശ്രദ്ധയിൽ പെടുത്തി . ജീവനില്ലാത്ത ആ ടാക്ക് പോലും അവരോടു പറയുന്നത് - "പ്രഭു കർ ദേ ബെഡാ പാർ " (ദൈവമേ സുരക്ഷിതമായി അക്കരെയെത്തിക്കണേ) എന്നാണ് എന്ന് അദ്ദേഹം പറഞ്ഞു . എന്നാൽ അതിനു വ്യത്യസ്തമായി ' പ്രഭു തേരി ലീലാ അപരംപാർ " ("ദൈവമേ അങ്ങയുടെ ലീലകൾ അനന്തമാണ് ") എന്നാണ് താൻ കേൾക്കുന്നതെന്ന് കൂടെ

ഉണ്ടായിരുന്ന മറ്റൊരു സംന്യാസിവര്യൻ പറഞ്ഞു . അടുത്തിരുന്ന ഒരു മൌലവി താൻ കേൾക്കുന്നത് മറ്റൊന്നാണ് എന്ന് പറഞ്ഞു . അദ്ദേഹം എന്താണു കേൾക്കുന്നത് എന്ന് സംന്യാസിവര്യന്മാർ ചോദിച്ചു. "യാ അല്ലാഹ് തേരി റെഹമത് "(ദൈവമേ നിൻറെ അനുകമ്പ) എന്നാണ് താൻ കേൾക്കുന്നതെന്ന് മൌലവി പറഞ്ഞു . അടുത്തിരുന്ന ഒരു ഹ്രസ്വിക്കാരൻ താൻ മറ്റൊന്നാണ് കേൾക്കുന്നത്, അത് " ഖാ റബ് ഡി , കർ കർസത്ത് , ഖാ റബ് ഡി , കർ കർസത്ത് " ('റബ്ഡി കഴിക്കു , വ്യായാമം ചെയ്യു ") എന്നാണെന്നും . ഇന്നലെ വിവേകാനന്ദജിയുടെ പേരിൽ എന്തൊക്കെ ഇവിടെ പറഞ്ഞുവോ , നമ്മൾ കേൾക്കാൻ ആഗ്രഹിക്കുന്നതേ നമ്മുടെ ഹൃദയം കേൾക്കു, എന്തിനെയാണോ മുറുകെ പിടിക്കുക അതേ നമ്മൾ മുറുകെ പിടിക്കു . നമുക്ക് എല്ലാം നമ്മുടെ തൊട്ടരികിൽ ഉണ്ട്, നിങ്ങൾ വളരെ ദൂരേക്ക് നോക്കേണ്ട ആവശ്യമില്ല .

ആദരണീയ സ്പീക്കർ, കർഷകരുടെ പ്രശ്നം സംബന്ധിച്ച് ഞാൻ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. നിരവധി സുപ്രധാന പ്രവർത്തനങ്ങൾ ,പുതിയ മനോഭാവത്തോടെ , നൂതന രീതിയിൽ അടുത്ത കാലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആദരണീയ രാഷ്ട്രപതി തന്റെ അഭിസംബോധനയിലും അതിനെ കുറിച്ച് പരാമർശിച്ചിരുന്നു . എന്നാൽ ഇവിടെ ചർച്ചയ്ക്ക് കൊണ്ട് വന്ന രീതി , അറിവില്ലായ്മകൊണ്ടാണോ അതോ മനപൂർവ്വം ചെയ്തതാണോ എന്നെനിക്കറിയില്ല. കാരണം ചില കാര്യങ്ങൾ അങ്ങിനെയാണ്, ആ വിഷയങ്ങളെ കുറിച്ച് ബോധം ഉണ്ടായാൽ പോലും നമ്മൾ അങ്ങനെ ചെയ്യുകയില്ല . താങ്കുവില 1.5 മടങ്ങ് വർദ്ധിപ്പിക്കണം എന്ന ആവശ്യം ദീർഘകാലമായിട്ടുള്ളതാണെന്ന് നമുക്കറിയാം . ഈ പ്രശ്നം ഞങ്ങളുടെ സർക്കാരിന്റെ ഭരണവുമായി ബന്ധപ്പെട്ടതല്ല, ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പുതന്നെ ഇത് ഉണ്ടായിരുന്നു, എന്നിരുന്നാലും കർഷകരോടുള്ള ഉത്തരവാദിത്തമായിരുന്നു അത് , ഞങ്ങളുടെ ഉത്തരവാദിത്തം ഞങ്ങൾ നിറവേറ്റിയിട്ടുണ്ട്. 80 മുതൽ 90 ശതമാനം വരെ ചെലവാക്കിയിട്ടും ജലസേചന പദ്ധതികൾ 20 വർഷമായി കണക്കിൽപ്പെടാതെ അനിശ്ചിതമായി കിടക്കുന്നു എന്നത് എന്നെ അലട്ടുപ്പെടുത്തുന്നു. പദ്ധതിയുടെ ഒരു ഫോട്ടോ മാത്രം എടുത്തതോടെ തങ്ങളുടെ ജോലി പൂർത്തിയായി എന്നു അവർ കരുതി . ഇതേ പോലെ ഇത്തരത്തിലുള്ള 99 പദ്ധതികൾ ഞങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. അത്തരം പദ്ധതികൾ യുക്തിസഹമായി പൂർത്തീകരിക്കാൻ മാത്രം ഞങ്ങൾ 1 ലക്ഷം കോടിയിലധികം രൂപയിലധികം ചെലവഴിച്ചു, ഇപ്പോൾ അവയുടെ നേട്ടം കർഷകർക്ക് ലഭിക്കുന്നു. പ്രധാനമന്ത്രി ഫസൽ ബീമാ യോജനയിലൂടെ (പ്രധാനമന്ത്രി വിള ഇൻഷൂറൻസിലൂടെ) കർഷകർക്കിടയിൽ ഒരു ആത്മ വിശ്വാസം ജനിച്ചിട്ടുണ്ട്. കർഷകരിൽ നിന്ന് ഏകദേശം 13,000 കോടി രൂപ പ്രീമിയം ലഭിച്ചിട്ടുണ്ട് , എന്നിരുന്നാലും, പ്രകൃതിക്ഷോഭം മൂലം കർഷകർക്ക് ഉണ്ടായ നാശനഷ്ടങ്ങളിൽ ഏകദേശം 56,000 കോടി രൂപ ഈ പദ്ധതി പ്രകാരം കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷൂറൻസിൽ നിന്നും നൽകിയിട്ടുണ്ട്. കർഷകരുടെ വരുമാനം വർധിപ്പിക്കുക എന്നതാണ് ഞങ്ങളുടെ മുൻഗണന. ഇൻപുട്ട് ചെലവ് കുറയ്ക്കണമെന്നതും ഞങ്ങളുടെ മുൻഗണനയാണ്. മുൻ കാലങ്ങളിൽ രാജ്യത്ത് താങ്കുവിലയുടെ പേരിൽ എന്താണ് സംഭവിച്ചിരുന്നത്? നമ്മുടെ രാജ്യത്ത് ഏഴ ലക്ഷം ടൺ പയർവർഗ്ഗങ്ങളും എണ്ണക്കുരുക്കളുമായിരുന്നു മുൻപ് സംഭരിച്ചത്, ഞങ്ങളുടെ ഭരണകാലത്ത് ഈ സംഭരണം 100 ലക്ഷം ടണ്ണായി ഇതുയർന്നു. ഏഴും നൂറും തമ്മിലുള്ള വ്യത്യാസം നിങ്ങൾക്ക് നന്നായി അറിയാമല്ലോ . ഇ-നാം ഒരു പദ്ധതിയാണ്, നമ്മൾ ഇന്ന് നിൽക്കുന്നത് ഡിജിറ്റൽ യുഗത്തിലാണ്. ലോകമെമ്പാടുമുള്ള നിരക്കുകൾ മൊബൈൽ ഫോണിലൂടെ അറിയുവാൻ നമ്മുടെ കർഷകർക്കും അവസരമുണ്ട്. തന്റെ ഉൽപന്നങ്ങൾ ഓൺലൈനായി നേരിട്ട് വിൽക്കാൻ കർഷകന് സാധിക്കുന്ന ഒരു പദ്ധതി ഞങ്ങൾ അവതരിപ്പിച്ചു, ഗ്രാമങ്ങളിൽ നിന്നും ഏകദേശം 1.75 കോടി കർഷകർ ഈ പദ്ധതിയിൽ പങ്കാളികളായതിൽ എനിക്ക് സന്തോഷമുണ്ട്. ഇ-നാം പദ്ധതിയുടെ കീഴിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ ഏകദേശം 1 ലക്ഷം കോടി രൂപയുടെ വ്യാപാരം നടത്താൻ കഴിഞ്ഞു, ഇപ്പോൾ സാങ്കേതികവിദ്യ ഉപയോഗിക്കാൻ അവർക്ക് സാധിച്ചു . കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വിപുലീകരിക്കാനും , ഒപ്പം മൃഗസംരക്ഷണം, മത്സ്യബന്ധനം, കോഴിവളർത്തൽ, സൗരോർജ്ജം, സോളാർ പമ്പ് തുടങ്ങി നിരവധി കാര്യങ്ങൾ, മറ്റ് പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കാനും ഞങ്ങൾ ശ്രമിച്ചു. അത്തരം കാര്യങ്ങളിലൂടെ അവരുടെ സാമ്പത്തിക അവസ്ഥയിൽ ഗണ്യമായ മാറ്റങ്ങൾ ഇന്ന് വന്നിട്ടുണ്ട്. ഞങ്ങളുടെ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് 2014 ൽ കൃഷി മന്ത്രാലയത്തിന്റെ ബജറ്റ് 27,000 കോടിയായിരുന്നു. അത് ഇപ്പോൾ അഞ്ചിരട്ടി വർധിപ്പിച്ചു ഏകദേശം ഒന്നര ലക്ഷം കോടി രൂപയായി .

പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി യോജനക്ക കീഴിൽ പണം നേരിട്ട് കർഷകരുടെ അക്കൗണ്ടിലേക്ക് അയക്കുന്നു . ഇതിനോടകം ഏകദേശം 45,000 കോടി രൂപ കർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറി. അവിടെ ഇടനിലക്കാരുടെ ശല്യങ്ങളില്ല , ഫയലിംഗ് ജോലിയുടെ ബുദ്ധിമുട്ടുകൾ ഇല്ല , ഒറ്റ ക്ലിക്കിലൂടെ പണം കൈമാറുന്നു . എന്നാൽ, ഇവിടെ ഉള്ള എന്റെ സഹപ്രവർത്തകരോടു അവരുടെ രാഷ്ട്രീയ പ്രവർത്തനം തുടരാൻ ഞാൻ തീർച്ചയായും അഭ്യർത്ഥിക്കുന്നു, അത് തുടരുക തന്നെ വേണം , അവരുടെ ബുദ്ധിമുട്ടുകൾ എനിക്ക മനസ്സിലാകും, എന്നാൽ രാഷ്ട്രീയ ലാഭത്തിന് കർഷകരുടെ താത്പര്യങ്ങളുടെ മേൽ വേണമോ എന്നത് ഒന്നു ചിന്തിക്കുക,

ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളോടും ഞാൻ പ്രത്യേകമായി അഭ്യർത്ഥന നടത്തുകയാണ് , കർഷകരുടെ പ്രശ്നങ്ങൾക്ക് വേണ്ടി കോലാഹലം ഉണ്ടാക്കിയ അംഗങ്ങൾ കൂടുതൽ ശ്രദ്ധിക്കണം , പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി യോജനയ്ക്ക് കീഴിലേക്ക് കർഷകരുടെ പട്ടിക അവരുടെ സർക്കാരുകൾ കൈമാറിയോ ? എന്തുകൊണ്ട് അവർ നൽകുന്നില്ല? അവരുടെ സംസ്ഥാനങ്ങളിലെ ചുറ്റുപാടുകൾ നിരീക്ഷിക്കണം, അവരുടെ സംസ്ഥാനങ്ങളിലെ അവസ്ഥയുടെ കണക്കുകൾ എടുക്കണം , എന്തുകൊണ്ടാണ് ഈ സംസ്ഥാനങ്ങൾ ഈ പദ്ധതിയുമായി സഹകരിക്കാത്തത്? ആർക്കാണ് നഷ്ടം? ആ സംസ്ഥാനങ്ങളിലെ കർഷകർക്കാണ് നഷ്ടം. പല മാന്യ അംഗങ്ങളും ഉറക്കെ സംസാരിക്കുന്നില്ല എങ്കിലും പല സ്ഥലങ്ങളിൽ പല കാര്യങ്ങളും നടക്കുന്നുണ്ട്, എന്നത് അവർക്ക് നന്നായി അറിയാം.

അതുപോലെ, കർഷകർക്ക് വേണ്ടി ഒരുപാട് സംസാരിച്ച അംഗങ്ങളോടും ബഹുമാനപ്പെട്ട എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. കർഷകർക്ക് കപട വാഗ്ദാനങ്ങൾ നൽകി, ഉച്ചത്തിലുള്ള വാഗ്ദാനങ്ങൾ നടത്തി വോട്ടുകൾ വർദ്ധിപ്പിച്ച് , അധികാരമേറ്റതിന് ശേഷം സത്യപ്രതിജ്ഞ ചെയ്ത്, കർഷകർക്ക് വാഗ്ദാനങ്ങൾ നൽകിയിട്ടില്ലാത്ത ആ സംസ്ഥാനങ്ങളിലേക്ക് നോക്കണം. ആ സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന ഇവിടെ ഇരിക്കുന്ന അംഗങ്ങൾ കർഷകർക്ക് അവരുടെ അവകാശങ്ങൾ അനുവദിക്കുന്നതിൽ അലംഭാവം കാണിക്കരുതെന്ന് അതത് സംസ്ഥാന സർക്കാരുകളോട് തീർച്ചയായും പറയണം.

ബഹുമാനപ്പെട്ട സ്പീക്കർ, എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പങ്കെടുത്ത ഒരു സർവകക്ഷി യോഗത്തിൽ ഇതേ അഭ്യർഥന ഞാൻ ചെയ്തിരുന്നു , ഒപ്പം എൻറെ കാഴ്ചപ്പാടുകളും പറഞ്ഞിരുന്നു. അതിനു ശേഷം സമ്മേളനത്തിൻറെ തുടക്കത്തിൽ, ഞാൻ മാധ്യമങ്ങളോട് സംസാരിക്കുമ്പോൾ, ഈ സമ്മേളനം മുഴുവനും സമ്പദ്‌വ്യവസ്ഥ, സാമ്പത്തിക കാര്യങ്ങൾ, സാമ്പത്തിക സ്ഥിതി, അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലേക്കുമായി നമ്മൾ നീക്കിവയ്ക്കുമെന്ന് ഞാൻ പറഞ്ഞിരുന്നു. ഈ സമ്മേളനത്തിൽ ഏതൊക്കെ അറിവുകളാണോ അവയുടെയും കാര്യക്ഷമതയുടെയും , ബൗദ്ധിക പ്രതിഭയുടെയും സത്ത നമ്മൾ കൊണ്ടുവന്നിട്ടുണ്ട്. കാരണം, ഇന്ന് ലോകത്ത് നിലനിൽക്കുന്ന സാമ്പത്തിക സ്ഥിതിയുടെ പരമാവധി പ്രയോജനം നേടുന്നതിന് ആഗോള തലത്തിൽ നാം സ്വീകരിക്കേണ്ട നടപടികൾ തിട്ടപ്പെടുത്തുന്നതിനാണ് നമ്മുടെ ശ്രമം . ഈ സമ്മേളനത്തിൽ അത് ഞാൻ ആഗ്രഹിക്കുന്നു, ഇടവേള കഴിഞ്ഞു സഭ പൂർണമാണ് , നമുക്ക് സമയമുണ്ട്, ആവശ്യം ഉള്ളപ്പോഴെല്ലാം , എല്ലാ അംഗങ്ങളോടും ഞാൻ ഒരു അഭ്യർഥന നടത്തുവാൻ ആഗ്രഹിക്കുന്നു , അതായത് എപ്പോൾ ഒക്കെ സംസാരിക്കുമ്പോഴും വിഷയത്തോടുള്ള ധാരണയോടെ ഗൗരവത്തോടെ സമീപിക്കണം , പുതിയ നിർദേശങ്ങൾ കൊണ്ടുവരണം , അപ്പോൾ മാത്രമാണ് മുഴുവൻ കഴിവോടെ ലോകം എമ്പാടും സൃഷ്ടിക്കപ്പെടുന്ന അവസരങ്ങളുടെ പ്രയോജനം ഏറ്റവും അധികം ഉപയോഗപ്പെടുത്താൻ ആകൂ . എല്ലാവരെയും ഞാൻ ക്ഷണിക്കുന്നു, പ്രധാനപ്പെട്ട സാമ്പത്തിക വിഷയത്തിൽ ചർച്ചകൾ നടത്തുക എന്നത് നമ്മുടെ കൂട്ടായ ഉത്തരവാദിത്തം ആണെന്ന് ഞാൻ വിശ്വസിക്കുന്നു , മുൻകാലങ്ങളിൽ ചെയ്ത തെറ്റുകൾ നമുക്ക് മറക്കാൻ കഴിയില്ല, കാരണം നമ്മുടെ മുൻകാല തെറ്റുകളെ നമ്മുടെ ഭാവി പ്രതിഫലിപ്പിക്കും

ഗവൺമെന്റിനെ അതിൻറെ പരാജയങ്ങളിൽ നമ്മുടെ ബഹുമാന്യരായ അംഗങ്ങൾ ചോദ്യം ചെയ്യുന്നത് കുഴപ്പമില്ല , അല്ലെങ്കിൽ എങ്ങിനെ അല്ലെങ്കിൽ അത് എപ്പോൾ, ചെയ്യുമെന്ന ആഗ്രഹം അവർ പ്രകടിപ്പിക്കുന്നു, ചില അംഗങ്ങൾക്കു നിങ്ങൾ സർക്കാരിനെ വിമർശിക്കുകയാണെന്ന് തോന്നും. സർക്കാരിനുള്ള മാർഗനിർദേശമെന്ന

നിലയിൽ നിങ്ങളുടെ വിമർശനം എനിക്കിഷ്ടമാണ്. നിങ്ങൾ എന്നെ മനസ്സിലാക്കിയതിൽ എനിക്ക് സന്തോഷമുണ്ട്, കാരണം ഞാൻ അത് ചെയ്യാനുള്ള ഒരു അവസ്ഥയിലാണെന്ന് നിങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഇതിനെ ഒരു വിമർശനമായി എടുക്കാതെ, ഈ നിരീക്ഷണങ്ങളെ മാർഗ്ഗനിർദ്ദേശമായും പ്രേരണയായും എടുക്കുന്നത് അതിനാലാണ് ഈ ആശങ്കകളെയും സംശയങ്ങളെയും ഞാൻ സ്വാഗതം ചെയ്യുന്നതും അവ സ്വീകരിക്കാൻ ശ്രമിക്കുന്നതും. അതിനാൽ അത്തരം നിരീക്ഷണങ്ങൾക്കെല്ലാം ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു, കാരണം രാജ്യത്തെക്കുറിച്ച് ഞങ്ങൾക്കു കരുതലുണ്ട് എന്ന ഒരു വികാരമവർക്കുള്ളത് കൊണ്ടാണ് എപ്പോൾ നടക്കും , എങ്ങനെ നടക്കും തുടങ്ങിയ എന്ന നല്ല നിരീക്ഷണങ്ങളിലൂടെ അവർ നടത്തുന്നത് . എന്നിരുന്നാലും, ഭൂതകാലത്തിലേക്ക് നോക്കാതെ വർത്തമാനകാലത്തെ മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്.

നമ്മുടെ ഭൂതകാലം എന്താണെന്ന് നമുക്കെല്ലാവർക്കും അറിയാം, അഴിമതി വ്യാപകമായ അഴിമതി നിറഞ്ഞതായിരുന്നു ആ വ്യവസ്ഥിതി . എല്ലാ പത്രങ്ങളിലും അതൊരു തലക്കെട്ടായിരുന്നു. അഴിമതിയുടെ പേരിൽ സഭയിൽ പലതവണ അവർ വഴക്കടിച്ചിരുന്നു . അത് എല്ലായിടത്തും ചർച്ചയായി. അൺപ്രൊഫഷണൽ ബാങ്കിംഗ് നമുക്ക് മറക്കാൻ കഴിയുമോ , ദുർബലമായ അടിസ്ഥാന സൗകര്യ നയങ്ങൾ ആർക്കാണ് മറക്കാൻ കഴിയുക?

കൊള്ളയും വിഭവങ്ങളുടെ കൊള്ളയും; എന്റെ ദൈവമേ, എന്തായിരുന്നു സ്ഥിതി? അത്തരം ഒരു അവസ്ഥയിൽ നിന്ന് കരകയറാനും ഈ പ്രശ്നങ്ങൾക്ക് ദീർഘകാല പരിഹാരങ്ങൾ നേടുന്നതിനുള്ള കൃത്യമായ ദിശയിൽ ഉറച്ചുനിൽക്കാനും ഞങ്ങൾ നിരന്തരമായ ശ്രമം നടത്തി, ഇന്ന് സമ്പദ്‌വ്യവസ്ഥയിലെ ധനക്കമ്മി, നല്ല മിതമായ പണപ്പെരുപ്പവും മാക്രോ-സാമ്പത്തിക സ്ഥിരതയും ഞങ്ങളുടെ പരിശ്രമത്തിന്റെ ഫലം ആണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

ജിഎസ് ടി , കോർപ്പറേറ്റ് നികുതി കുറയ്ക്കൽ, ഐബിസി പരിചയപ്പെടുത്തിയത് അല്ലെങ്കിൽ എഫ്ഡിഐ വ്യവസ്ഥയുടെ ഉദാരവൽക്കരണം തുടങ്ങി ബന്ധപ്പെട്ട് നിരവധി നടപടികളും പ്രധാനപ്പെട്ട തീരുമാനങ്ങളും ഞങ്ങളുടെ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. അത് ദീർഘകാലാടിസ്ഥാനത്തിലുള്ള ശക്തി പകരാൻ ബാങ്കുകളുടെ പുനർമൂലധനവൽക്കരണം അനിവാര്യമായത് പോലും ആകട്ടെ , ഈ നടപടികളെല്ലാം എന്റെ ഗവൺമെന്റ് സ്വീകരിച്ചതാണ്, അവയുടെ ആനുകൂല്യങ്ങൾ നമുക്ക് ലഭിക്കാനും തുടങ്ങിയിട്ടുണ്ട് . എല്ലായ്പ്പോഴും ചർച്ചയുടെ ഭാഗമായിരുന്ന ആ പരിഷ്കാരങ്ങൾ, നിങ്ങളുടെ പാർട്ടിയിലെ ഏറ്റവും അറിവുള്ള വ്യക്തികൾ പോലും അതിനെക്കുറിച്ച് സംസാരിക്കാറുണ്ടെങ്കിലും അത് നടപ്പാക്കാൻ സാധിച്ചിരുന്നില്ല. നിങ്ങളുടെ ഗവൺമെന്റിലെ ഏറ്റവും പ്രഗത്ഭരായ സാമ്പത്തിക വിദഗ്ധർ പോലും ആ പരിഷ്കാരങ്ങളെക്കുറിച്ച് സംസാരിക്കാറുണ്ടായിരുന്നു, എന്നാൽ ഇന്ന് ഞങ്ങളുടെ സർക്കാർ ആ പരിഷ്കാരങ്ങൾ ഒന്നിനു പുറകെ ഒന്നായി നടപ്പിലാക്കി.

നിക്ഷേപകരുടെ വിശ്വാസം ജനിപ്പിക്കുന്നതിനും സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനുമായി ഞങ്ങൾ നിരവധി സുപ്രധാന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

2019 ജനുവരി മുതൽ 2020 കാലയളവിൽ ജിഎസ് ടിയിൽ നിന്നുള്ള വരുമാനം ആറ് തവണയായി ഒരു ലക്ഷം കോടി രൂപയിലേറെയായി.

2018 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള എഫ്ഡിഐ 22 ബില്യൺ ഡോളറായിരുന്നു, ഇന്ന് അതേ കാലയളവിൽ തന്നെ എഫ് ഡി ഐ 26 ബില്യൺ ഡോളർ കടന്നു. ഇന്ത്യയെക്കുറിച്ച്, ഇന്ത്യൻ സമ്പദ് വ്യവസ്ഥിതിയെ കുറിച്ച് വിദേശ നിക്ഷേപകരുടെ വിശ്വാസം വർധിച്ചു എന്നതിന്റെ തെളിവാണിത്.

സാമ്പത്തിക മേഖലയിൽ വലിയ അവസരങ്ങളുണ്ട്, ഈ ഉറച്ച വിശ്വാസം ഉണ്ടായത് കൊണ്ടാണ് വിദേശികൾ ഇവിടെ വന്ന് നിക്ഷേപത്തിനായി വരുന്നത് . പല കുപ്രചരണങ്ങൾക്കിടയിലും സാമ്പത്തിക മേഖലയിൽ നിക്ഷേപം നടത്താൻ ജനങ്ങൾ മുന്നിട്ടു ഇറങ്ങിയെന്നത് വലിയ നേട്ടമാണ്.

ആദരണീയ സ്പീക്കർ, വലിയ നിക്ഷേപം, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, വർദ്ധിച്ച മൂല്യവർദ്ധന, പരമാവധി തൊഴിലവസരങ്ങൾ എന്നിവയായിരുന്നു ഞങ്ങളുടെ ലക്ഷ്യം. ബഹുമാനപ്പെട്ട സ്പീക്കർ, കർഷകരിൽ നിന്ന് ഞാൻ

ഒരുപാട് പഠിക്കുന്നു. കഠിനമായ വേനലിൽ കർഷകൻ തന്റെ നിലം ഉഴുതുമറിച്ചു തയാറാക്കും, പക്ഷേ അവർ ആ സമയത്ത് വിത്ത് വിതയ്ക്കുന്നില്ല, വിത്ത് വിതയ്ക്കാൻ അനുയോജ്യമായ സമയത്തിനായി കാത്തിരിക്കുന്നു. ഇപ്പോൾ പോയ 10 മിനിറ്റുകൾ ഇവിടെ ഞാൻ വയലിൽ എന്നത് പോലെ ഉഴുതുമറിക്കുകയായിരുന്നു. ഇപ്പോൾ നിങ്ങളുടെ തലച്ചോർ സ്വീകരിക്കുവാൻ സജ്ജമാണ്, ഓരോ വിത്തുകളായി ഞാൻ വിതയ്ക്കാം. ആദരണീയ സ്പീക്കർ സർ, മുദ്ര യോജന, സ്റ്റാർട്ട് അപ്പ് ഇന്ത്യ, സ്റ്റാൻഡ് അപ്പ് ഇന്ത്യ തുടങ്ങിയ പദ്ധതികൾ രാജ്യത്തെ സ്വയം തൊഴിലിന് ശക്തി പകർന്നു, അതോടൊപ്പം മറ്റുള്ളവർക്ക് തൊഴിൽ നൽകുവാനും സഹായകമായി. അത് മാത്രമല്ല, ഈ രാജ്യത്തെ കോടിക്കണക്കിനു ജനങ്ങൾ മുദ്ര യോജനയിൽ ആദ്യമായി പങ്കെടുക്കുകയും അതിൽ നിന്നും സമ്പാദിക്കുവാനും മറ്റുള്ള ആളുകൾക്ക് തൊഴിൽ അവസരങ്ങൾ നല്കുവാനും തുടങ്ങി. ഇത് മാത്രമല്ല, ആദ്യമായി ബാങ്കുകളിൽ നിന്ന് മുദ്ര യോജനയിലൂടെ പണം ലഭിച്ചവർ , അവരിൽ 70 ശതമാനവും നമ്മുടെ അമ്മമാരും സഹോദരിമാരുമാണ്.

മുമ്പ്, സാമ്പത്തിക പ്രവർത്തന മേഖലയിലല്ലാതിരുന്നവർ , ഇപ്പോൾ അതേ രീതിയിൽ സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിന് സംഭാവന ചെയ്യുന്നു. 28000ലധികം സ്റ്റാർട്ടപ്പുകൾ അംഗീകരിക്കപ്പെട്ടു, ഇന്ന് രണ്ടാം നിര മൂന്നാം നിര നഗരങ്ങളിൽ നമ്മുടെ രാജ്യത്തെ യുവാക്കൾ പുതിയ തീരുമാനങ്ങളുമായി മുന്നേറുന്നത് സന്തോഷകരമായ കാര്യമാണ്. മുദ്ര യോജനക്കു കീഴിൽ 22 കോടിയിലധികം രൂപയുടെ വായ്പകൾ അനുവദിക്കുകയും കോടിക്കണക്കിന് യുവാക്കൾക്ക് സ്വയം തൊഴിൽ ലഭിക്കുകയും ചെയ്തു. എഴുപതു വർഷങ്ങളിലെ രാഷ്ട്രീയം ഈ രാജ്യത്തെ ഒരു കോൺഗ്രസുകാരനെയും സ്വയം പര്യാപ്തനാക്കാൻ സാധിക്കാത്ത രീതിയിൽ ആയിരുന്നു. ലോകബാങ്കിന്റെ സംരംഭകരുടെ കണക്കുകൾ പ്രകാരം ലോകത്ത് മൂന്നാം സ്ഥാനത്താണ് ഇന്ത്യ . 2017 സെപ്തംബർ മുതൽ 2019 നവംബർ വരെയുള്ള കാലയളവിൽ 1 കോടി 39 ലക്ഷം പുതിയ വരിക്കാരെ ഇപിഎഫ്ഒ പേറോൾ ഡാറ്റയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിലില്ലാതെ ആർക്കും പണം നിക്ഷേപിക്കാനാവില്ലല്ലോ

ഇന്നലെ എന്നെ കുറിച്ച് ഒരു കോൺഗ്രസ് നേതാവ് പ്രവചിക്കുന്നത് ഞാൻ കേൾക്കാനിടയായി , ആറ് മാസത്തിനുള്ളിൽ മോദിജിയെ തല്ലി പുറത്താക്കുമെന്ന് , കുറച്ചു കഠിനമായ ജോലിയാണ് അത്, അതിനു തയാറെടുക്കാൻ കുറഞ്ഞത് ആറ് മാസമെങ്കിലും എടുക്കും. ആറുമാസത്തെ സമയം നല്ലതാണ്, ഈ ആറുമാസത്തേക്ക് പ്രതിദിനം സൂര്യനമസ്കാരത്തിന്റെ എണ്ണം വർദ്ധിപ്പിക്കാൻ ഞാൻ തീരുമാനിച്ചു, കഴിഞ്ഞ ഇരുപതു വർഷമായി ഞാൻ കേട്ടുവരുന്ന വൃത്തികെട്ട അധിക്ഷേപങ്ങൾക്ക എതിരെ അധിക്ഷേപ പ്രതിരോധമുണ്ടാക്കാൻ എനിക്കു സ്വയം സാധിച്ചു . ഏത് അടിയും തടയാൻ പാകത്തിന് എന്നെ ശക്തമാക്കാൻ ഈ ആറുമാസവും ഞാൻ സൂര്യനമസ്കാരം ചെയ്യും . നേരത്തെ ഇക്കാര്യം പ്രഖ്യാപിച്ചതിൽ എനിക്കുള്ള നന്ദി അറിയിക്കട്ടെ , കാരണം ആ ആറ് മാസം എനിക്കു വ്യായാമത്തിനുള്ള കൂടുതൽ സമയം ലഭിക്കുമല്ലോ

ബഹുമാനപ്പെട്ട സ്പീക്കർ സർ, ഞാൻ കഴിഞ്ഞ 30- 40 മിനിറ്റുകളായി സംസാരിക്കുന്നു, പക്ഷേ അവിടേക്ക് കറൻറ് എത്തിച്ചേരാൻ വളരെയധികം സമയമെടുത്തു. പല ട്യൂബ് ലൈറ്റുകളുടെയും അവസ്ഥ ഇതാണ്.

ബഹുമാനപ്പെട്ട സ്പീക്കർജി , വ്യവസായം 4.0, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ എന്നിവ കോടിക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ നൽകുന്നു.

നൈപുണ്യ വികസനം, പുതിയ നൈപുണ്യ സേന തയ്യാറാക്കൽ, തൊഴിൽ പരിഷ്കരണ നിർദ്ദേശങ്ങൾ തുടങ്ങിയവയെക്കുറിച്ച് പാർലമെന്റിൽ ചർച്ച ചെയ്തിട്ടുണ്ട്, കൂടാതെ ചില നിർദ്ദേശങ്ങൾ കൂടിയുണ്ട്, ഈ സഭയും അവ നടപ്പിലാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു, അത് വഴി രാജ്യത്തെ തൊഴിൽ അവസരങ്ങളിൽ ഒരു തടസ്സവും ഉണ്ടാകരുത്. പോയ നൂറ്റാണ്ടിലെ ചിന്തയുമായി നമുക്ക് മുന്നോട്ട് പോകാനാവില്ല. മാറിയ ആഗോള സാഹചര്യത്തിൽ പുതിയ ചിന്തകളോടെ ഈ മാറ്റങ്ങൾക്കെല്ലാം വേണ്ടി നമ്മൾ മുന്നോട്ട് വരണം. ഞാൻ വിശ്വസിക്കുന്നു, അതോടൊപ്പം അഭ്യർഥിക്കുന്നത് , എല്ലാ തൊഴിലാളി യൂണിയനുകളും ചേർന്ന് തീരുമാനിച്ച തൊഴിൽ പരിഷ്കാരങ്ങളുടെ പ്രവൃത്തികൾ എത്രയും പെട്ടെന്നു നടപ്പിലാക്കുവാൻ ഈ സഭയിലെ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളെയും ഞാൻ പ്രേരിപ്പിക്കുന്നു , അത് പുതിയ തൊഴിലവസരങ്ങൾക്കുള്ള സൗകര്യം വർദ്ധിപ്പിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു .

അഞ്ച് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ, നിർബാധം ബിസിനസ്സ് ചെയ്യുക, അനായാസം ജീവിക്കുക എന്നിവ അങ്ങിനെ സാധിക്കില്ല .

ബഹുമാനപ്പെട്ട സ്പീക്കർ, വരും ദിവസങ്ങളിൽ 16 കോടി രൂപയുടെ ദൗത്യവുമായി ഞങ്ങൾ മുന്നോട്ട് പോകുന്നു എന്നത് സത്യമാണ്.

എന്നാൽ നിങ്ങൾ കഴിഞ്ഞ ഘട്ടത്തിലും കണ്ടിട്ടുണ്ടാകും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്ത് പകരുന്നതിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ അധികം പ്രധാനമാണെന്ന് . ഇൻഫ്രാസ്ട്രക്ചർ പ്രവർത്തനങ്ങൾക്ക് എത്രമാത്രം മൂല്യം നൽകുന്നുവോ, അതിനനുസരിച്ച് അത് സമ്പദ്‌വ്യവസ്ഥയെ നയിക്കുകയും തൊഴിലവസരങ്ങൾ നൽകുകയും പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുകയും ചെയ്യും. ഇക്കാര്യത്താൽ അടിസ്ഥാന സൗകര്യങ്ങളുടെ പ്രവർത്തനങ്ങളിലെല്ലാം ഞങ്ങൾ ഒരു പുതിയ ചലനശക്തി കൊണ്ടുവന്നു. അതല്ലെങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ എന്നാൽ സിമന്റ്, കോൺക്രീറ്റ് കെട്ടിടങ്ങൾ, ടെൻഡർ പ്രക്രിയകൾ, ഇടനിലക്കാർ തുടങ്ങിയവയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് കരുതിവന്നിരുന്നത് . അടിസ്ഥാന സൗകര്യങ്ങളെ കുറിച്ച് ഞങ്ങൾ സംസാരിക്കുമ്പോഴെല്ലാം എന്തെങ്കിലും കുഴപ്പമുള്ളതായി ആളുകൾ കരുതിയിരുന്നു . അടിസ്ഥാന സൗകര്യങ്ങൾക്ക് ഇന്ന് നമ്മൾ മൂല്യം നൽകിയിട്ടുണ്ട്, അത് 21-ാം നൂറ്റാണ്ടിൽ ആധുനിക ഇന്ത്യയെ സുതാര്യതയോടെ കെട്ടിപ്പടുക്കാനാകുമെന്ന് നമുക്ക് കരുതാം. നമ്മുടെ നാട് നമുക്ക് അടിസ്ഥാന സൌകര്യം ആണ്. അത് കേവലം

സിമന്റിന്റെയും കോൺക്രീറ്റിന്റെയും മാത്രം കളിയല്ല . അടിസ്ഥാന സൗകര്യങ്ങൾ നമുക്ക് ഭാവിയെ കൊണ്ടു വരുമെന്ന് ഞാൻ വിശ്വസിക്കുന്നു, കാർഗിലിനെ കൊഹിമയുമായി ബന്ധിപ്പിക്കാനുള്ള ശക്തിയുണ്ട് അടിസ്ഥാന സൗകര്യങ്ങൾക്ക് . അഭിലാഷങ്ങളെയും നേട്ടങ്ങളെയും അത് ബന്ധിപ്പിക്കുന്നു. ജനങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള ശക്തിയുണ്ട് അടിസ്ഥാന സൗകര്യങ്ങൾക്ക് . അടിസ്ഥാന സൗകര്യങ്ങൾ കൊണ്ട് മാത്രമേ ജനങ്ങളുടെ സർഗ്ഗാത്മകതയുമായി ഉപഭോക്താക്കളെ ബന്ധിപ്പിക്കുന്ന പ്രവർത്തനം സാധ്യമാകൂ, ഒരു ചെറിയ കുട്ടിയെ ഒരു സ്കൂളുമായി ബന്ധിപ്പിക്കുന്ന ചുമതല ചെറുതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ കാരണമാണ് നടപ്പാകുന്നത്. ഒരു കർഷകനെ വിപണിയുമായി ബന്ധിപ്പിക്കുന്ന ജോലിയാണ് അടിസ്ഥാനസൌകര്യങ്ങൾ ചെയ്യുന്നത്. ഒരു വ്യവസായിയെ അയാളുടെ ഉപഭോക്താക്കളുമായി ബന്ധിപ്പിക്കുന്ന ജോലിയും അടിസ്ഥാന സൗകര്യങ്ങൾ വഴിയാണ് ചെയ്യുന്നത്. മലിനീകരണത്തെ നിയന്ത്രിച്ച ആരോഗ്യകരമായ ജീവിതവുമായി ബന്ധിപ്പിക്കുന്ന ജോലിയും ഇൻഫ്രാസ്ട്രക്ചർ ചെയ്യുന്നു. ജനങ്ങളെ ജനങ്ങളുമായി ബന്ധിപ്പിക്കുന്ന ജോലിയും അടിസ്ഥാന സൗകര്യങ്ങൾ വഴിയാണ് ചെയ്യുന്നത്. ഒരു പാവപ്പെട്ട ഗർഭിണിയായ അമ്മയെപ്പോലും ആശുപത്രികളുമായി ബന്ധിപ്പിക്കുന്നത് അടിസ്ഥാന സൌകര്യങ്ങൾ ആണ്. അതിനാൽ, ജലസേചനം മുതൽ വ്യവസായം വരെ, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ മുതൽ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ, റോഡ് ടു പോർട്ട്, എയർവേകൾ മുതൽ ജലപാതകൾ വരെ തുടങ്ങിയ നിരവധി സംരംഭങ്ങൾ ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച വർഷമായി രാജ്യവും നാട്ടുകാരും കണ്ടതാണ്, അതുകൊണ്ടാണ് ഞങ്ങൾ ഇവിടെ ഇരിക്കുവാൻ കാരണം , ഈ അടിസ്ഥാന സൌകര്യങ്ങൾ ആണ് ഞങ്ങളെ ഇവിടെ എത്തിച്ചത് .

ഞങ്ങളോട് യുപിയിലെ ജനങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കർ , അടിസ്ഥാന സൗകര്യ മേഖലയിൽ ഞങ്ങൾ എങ്ങനെ പ്രവർത്തിച്ച എന്നതിന് ഒരു ഉദാഹരണം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു, നമ്മുടെ ഡൽഹിയുടെ ഉദാഹരണം മാത്രം എടുക്കുക. നേരത്തെ ഗതാഗതക്കുരുക്കുന്ദായിരുന്ന അവിടെ , പരിസ്ഥിതി മലിനീകരണവും , ആയിരക്കണക്കിന് ട്രക്കുകൾ ഡൽഹിയിൽ കൂടി കടന്നിരുന്നു. ഡൽഹിക്ക് ചുറ്റുമുള്ള പെരിഫറൽ എക്സ്പ്രസ് വേ രണ്ടായിരത്തി ഒൻപതോടെ പൂർത്തിയാക്കുമെന്ന് യു.പി.എ സർക്കാർ പ്രതിജ്ഞയെടുത്തു. 2014ൽ ഞങ്ങൾ അധികാരത്തിലെത്തിയപ്പോഴും അത് കടലാസിൽ മാത്രമായിരുന്നു. 2014 ന് ശേഷം, ഞങ്ങൾ ഈ ജോലി മിഷൻ മോഡിൽ ആരംഭിച്ചു, ഇന്ന് ഞങ്ങൾ അത് പൂർത്തിയാക്കി. ഡൽഹിയിൽ ഇന്ന് 40,000 ട്രക്കുകൾ വരുന്നില്ല.അവർ ഡൽഹിക്ക് പുറത്തേക്ക് പോകുന്നു. ഡൽഹിയെ മലിനീകരണത്തിൽ നിന്ന് രക്ഷിക്കാനുള്ള സുപ്രധാന നടപടിയാണിത്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ പ്രാധാന്യം എന്താണ്? രണ്ടായിരത്തി ഒൻപതോടെ

പൂർത്തീകരിക്കേണ്ട ഒരു സ്വപ്നം 2014 വരെ കടലാസുകളിൽ തന്നെ ആയി അവശേഷിച്ചെങ്കിൽ നമുക്ക് വ്യത്യാസം മനസ്സിലാക്കാം. അതെല്ലാം മനസ്സിലാക്കാൻ കുറച്ച് സമയമെടുക്കും.

ബഹുമാനപ്പെട്ട സ്പീക്കർ , കുറച്ചു കൂടി കാര്യങ്ങൾ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ശശി തരൂർജി, അവിടെയുള്ള ചിലർ ഭരണഘടനയെ സംരക്ഷിക്കുന്നതിനെക്കുറിച്ച് ആവർത്തിച്ച് പറയുന്നുണ്ട്, അത് കൊണ്ട് ഭരണഘടനയെ സംരക്ഷിക്കുന്നതിനെക്കുറിച്ച് കോൺഗ്രസ് ഒരു ദിവസം ഒരു നൂറു തവണ സംസാരിക്കണമെന്ന് ഞാനും പറയുന്നു. ഭരണഘടന സംരക്ഷിക്കുക എന്നത് കോൺഗ്രസിന്റെ മന്ത്രം ആകണം. എപ്പോഴാണ്, എന്താണ് ഭരണഘടനക്കു സംഭവിച്ചതെന്ന് അവർക്ക് അറിയാത്തതിനാൽ അത് വളരെ ആവശ്യമാണ്. ഭരണഘടനയുടെ പ്രാധാന്യം നിങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ ഭരണഘടനക്കു ഇത് സംഭവിക്കില്ലായിരുന്നു. അതിനാൽ, നിങ്ങൾ എത്ര തവണ ഭരണഘടനയെക്കുറിച്ച് സംസാരിക്കുന്നുവോ, നിങ്ങളുടെ തെറ്റുകൾ തിരിച്ചറിയുവാൻ അത്തരം ചില കാര്യങ്ങൾ നിങ്ങളെ സഹായിക്കും . നിങ്ങളുടെ ഉദ്ദേശ്യങ്ങൾ തിരിച്ചറിയുവാൻ അത് സഹായിക്കുകയും ഈ രാജ്യത്ത് ഭരണഘടന എത്രമാത്രം പ്രധാനപ്പെട്ടതും മൂല്യവത്തായതുമാണെന്ന് നിങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യും.

ബഹുമാനപ്പെട്ട സ്പീക്കർ , അതേ ആളുകളാണ് ഇവർ . അടിയന്തരാവസ്ഥയുടെ കാലത്ത് ഭരണഘടനയെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ഓർമ്മയില്ലേ?

ജുഡീഷ്യൽ റിവ്യൂ ചെയ്യാനുള്ള അവകാശം ജുഡീഷ്യറിയിൽ നിന്ന് എടുത്തുകളഞ്ഞ പാപം ചെയ്തതിനാലാണ് ഭരണഘടനയെ രക്ഷിക്കാൻ അവർക്കു ആവർത്തിച്ചാവർത്തിച്ചു സംസാരിക്കേണ്ടി വരുന്നത് . ജീവിക്കാനുള്ള അവകാശം ജനങ്ങളിൽ നിന്ന് കവർന്നെടുക്കുമെന്ന് പറഞ്ഞവർ ഭരണഘടന ആവർത്തിച്ചു വായിക്കുകയും സംസാരിക്കുകയും ചെയ്യേണ്ടി വരും. പല തവണയും ഭരണഘടന മാറ്റണം എന്ന നിർദ്ദേശങ്ങൾ കൊണ്ടുവന്ന ഇക്കൂട്ടർക്ക് ഭരണഘടനയെ സംരക്ഷിക്കുന്നതിനെക്കുറിച്ച് സംസാരിക്കുകയല്ലാതെ മറ്റൊരു വഴിയുമില്ല. സംസ്ഥാനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ നിരവധി തവണ പിരിച്ചുവിട്ടു. ഭരണഘടനയെ സംരക്ഷിക്കുന്നതിനെക്കുറിച്ച് എപ്പോഴും സംസാരിക്കുക എന്നത് അവരുടെ ശീലമായും ജീവിതചര്യയായും മാറിയിരിക്കുന്നു. ജനാധിപത്യത്തിനും ഭരണഘടനയ്ക്കും കീഴിൽ രൂപീകരിച്ച മന്ത്രിസഭയിൽ പാസാക്കിയ ഒരു നിർദ്ദേശം പത്രസമ്മേളനത്തിൽ വച്ച് അവർ കീറിയെറിഞ്ഞത് കാണിക്കുന്നത് , ഭരണഘടനയെ സംരക്ഷിക്കുന്നതിനെക്കുറിച്ച് ആവർത്തിച്ച് സംസാരിക്കുന്നത് വളരെ പ്രധാനമാണെന്നാണ് .

റിമോട്ട് കൺട്രോളിലൂടെ സർക്കാരിനെ നിയന്ത്രിക്കുകയും ദേശീയ ഉപദേശക സമിതിയിലൂടെ പ്രധാനമന്ത്രിയെയും പ്രധാനമന്ത്രിയുടെ ഓഫീസിനെയും നിയന്ത്രിക്കുകയും ചെയ്യുന്ന അവർ ഭരണഘടനയുടെ പ്രാധാന്യം അറിയേണ്ടത് വളരെ അത്യാവശ്യമാണ്.

ബഹുമാനപ്പെട്ട സ്പീക്കർ , ഭരണഘടനയുടെ പേരിൽ ഡൽഹിയിലും രാജ്യത്തും എന്താണ് സംഭവിക്കുന്നതെന്ന് രാജ്യം നന്നായി കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നു. ഇപ്പോൾ എല്ലാം നിശബ്ദമായി നിരീക്ഷിക്കുന്ന രാജ്യം ഇന്നല്ലെങ്കിൽ എന്നെങ്കിലും ഒരു നാൾ പ്രതികരിക്കും. ഭരണഘടനയുടെ സുപ്രധാന ഭാഗമാണ് സുപ്രീം കോടതി.അക്രമത്തിന്റെ പാത പിന്തുടരുന്നതോ, സാധാരണക്കാരന് ബുദ്ധിമുട്ടുണ്ടാക്കുന്നതോ ആയ പ്രക്ഷോഭങ്ങൾ പാടില്ലെന്നാണ് രാജ്യത്തിന്റെ പരമോന്നത കോടതി ആവർത്തിച്ച് പറയുന്നത്. ഭരണഘടനയെ രക്ഷിക്കുന്നതിനെക്കുറിച്ചാണ് അവർ സംസാരിക്കുന്നത്, എന്നാൽ ഈ ഇടതുപക്ഷക്കാരും ഈ കോൺഗ്രസ് പാർട്ടിക്കാരും വോട്ട് ബാങ്ക് രാഷ്ട്രീയം ചെയ്യുന്ന ഈ ആളുകൾ അവിടെ പോയി ആളുകളെ പ്രകോപിപ്പിക്കുകയാണ്.

ബഹുമാനപ്പെട്ട സ്പീക്കർ , ഒരു കവി പറയുകയുണ്ടായി , ഒരുപക്ഷേ ഈ സാഹചര്യത്തിൽ ഇത് വളരെ ഉചിതമായിരിക്കും:

"ഖുബ് പർദാ ഹേ കി ചിൽമൻ സെ ലഗേ ബൈട്ടേ ഹേ,

സാഫ് ചൂപ്പേ ഭീ നഹിം സാംനേ ആതേ ഭി നഹീം,

പൊതുജനത്തിന് എല്ലാം അറിയാം, എല്ലാം അവർ മനസ്സിലാക്കുന്നു. അവർ നൽകിയ പ്രസ്താവനകളെക്കുറിച്ച് ഇവിടെ സഭയിൽ പരാമർശിക്കുന്നത് ശരിയല്ല.

ബഹുമാനപ്പെട്ട സ്പീക്കർ , അവർ സംസാരിച്ച ഭാഷയും നൽകിയ പ്രസ്താവനകളും. സഭയിലെ വലിയ നേതാക്കൾ പോലും അത്തരം രീതിയിലേക്ക് പോകുന്നത് വളരെ ദൗർഭാഗ്യകരമാണ്.

ബഹുമാനപ്പെട്ട സ്പീക്കർ , കോൺഗ്രസ് പാർട്ടിയുടെ സർക്കാരിന്റെ കാലത്ത് ഭരണഘടനയുടെ സ്ഥിതി എന്തായിരുന്നുവെന്ന് അവരോട് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജനങ്ങളുടെ അവകാശങ്ങളുടെ അവസ്ഥ എന്തായിരുന്നു? ഭരണഘടന വളരെ പ്രധാനമാണെന്ന് ഞങ്ങൾ എല്ലാവരും വിശ്വസിക്കുന്നതുപോലെ, ഇവരും അത് വിശ്വസിച്ചിരുന്നെങ്കിൽ, ജമ്മു കശ്മീരിൽ ഇന്ത്യൻ ഭരണഘടന നടപ്പിലാക്കാൻ നിങ്ങളെ ആരാണ് തടഞ്ഞത്? ഈ ഭരണഘടന നൽകുന്ന അവകാശങ്ങൾ നിന്ന് ജമ്മു കശ്മീരിലെ എന്റെ സഹോദരീസഹോദരങ്ങൾക്ക് നഷ്ടമാക്കിയ പാപം ആരാണ് ചെയ്തത്, ശശി ജി നിങ്ങൾ ജമ്മു - കശ്മീരിന്റെ മരുമകനായിരുന്നു. ഈ പെൺമക്കളോട് നിങ്ങൾ കരുതൽ കാണിക്കണമായിരുന്നു.

ആദരണീയ സ്പീക്കർ, സർ, ബഹുമാനപ്പെട്ട ഒരു അംഗം പറഞ്ഞത് ജമ്മു കശ്മീരിന് അതിന്റെ സ്വത്വം നഷ്ടപ്പെട്ടു എന്നാണ്. ചിലരുടെ കണ്ണിൽ ജമ്മു കശ്മീർ ഒരു തുണ്ട് ഭൂമി മാത്രമാണ്. ബഹുമാനപ്പെട്ട സ്പീക്കർ കാശ്മീരിനെ വെറും ഒരു തുണ്ട് ഭൂമി മാത്രം കാണുന്ന അവർക്ക് ഈ രാജ്യത്തെ കുറിച്ച് ഒരു ധാരണയുമില്ല, ഇത് അവരുടെ വിവരക്കുറവാന് കാണിക്കുന്നത് . ഇന്ത്യയുടെ കിരീടത്തിന്റെ രത്നമാണ് കാശ്മീർ . ബഹുമനപ്പെട്ട സ്പീക്കർ ബോംബും തോക്കുകളും വിഘടനവാദവും കശ്മീരിന്റെ സ്വത്വത്തിന്റെ പര്യായമായി മാറിയിരിക്കുന്നു. ആളുകൾ സ്വത്വത്തെക്കുറിച്ച് സംസാരിക്കുന്നു, 1990 ജനുവരി 19-ലെ ഇരുണ്ട രാത്രിയിൽ ചില ആളുകൾ കശ്മീരിന്റെ സ്വത്വത്തെ മറവ് ചെയ്തു. സൂഫി പാരമ്പര്യമാണ് കശ്മീരിന്റെ സ്വത്വം. സർവ് പന്ത് സംഭവ് എന്ന സ്വത്വവുമായി ചേരുന്ന ഒന്നാണ് കശ്മീരിന്റെ സ്വത്വം . കശ്മീരിന്റെ പ്രതിനിധികൾ മാ ലാൽ ദേദ്, നന്ദ് ഋഷി, സയ്യദ് ബുൾബുൾ ഷാ, മീർ സയ്യദ്, അലി ഹംദാനി ഇവരൊക്കെയാണ് , ഇവരൊക്കെയാണ് കശ്മീരിന്റെ വ്യക്തിത്വങ്ങൾ . വകുപ്പ് 370 എടുത്തുകളഞ്ഞാൽ സ്ഥിതി കൂടുതൽ വഷളാകുമെന്ന് ചിലർ പറയുന്നു, ഏത് തരത്തിലുള്ള പ്രവാചകന്മാരാണ് ഇവരൊക്കെ ? ഭരണഘടനയുടെ സുരക്ഷയ്ക്ക് വേണ്ടിയാണ് സഭ. ഈ സഭ ഭരണഘടനയ്ക്കായി സമർപ്പിക്കപ്പെട്ടതാണ്. ഭരണഘടനയുടെ മഹത്വത്തിന് വേണ്ടിയാണ് ഈ സഭ . ഭരണഘടനയോടുള്ള തങ്ങളുടെ കടമകൾ നിറവേറ്റാൻ ബാധ്യസ്ഥരായ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ഈ സഭ രൂപീകരിച്ചിരിച്ചിട്ടുള്ളത്, ഇന്ന് എല്ലാ ആദരണീയ അംഗങ്ങളുടെയും ആത്മാവിനെ സ്പർശിക്കാൻ ശ്രമിക്കുന്നു, അങ്ങനെ അവർക്കൊന്നുണ്ടെങ്കിൽ . ബഹുമാനപ്പെട്ട സ്പീക്കർ , ആഗസ്റ്റ് 5 ന് മഹ്ബൂബ മുഫ്തി ജി എന്താണ് പറഞ്ഞത്? ഭരണഘടനയോട് അർപ്പണബോധമുള്ള ആളുകൾ മെഹബൂബ മുഫ്തി പറഞ്ഞത് ശ്രദ്ധയോടെ കേൾക്കണം. ഈ വാക്കുകൾ വളരെ ഗൗരവമുള്ളതാണ്.

അവർ പറഞ്ഞു: "ഇന്ത്യ കശ്മീരിനെ വഞ്ചിച്ചു, ഞങ്ങൾ ജീവിക്കാൻ തീരുമാനിച്ച രാജ്യം നമ്മളെ വഞ്ചിച്ചു. 1947 ൽ നമ്മൾ തെറ്റായ തിരഞ്ഞെടുപ്പ് നടത്തിയതായി തോന്നുന്നു" . ഭരണഘടയെ പിന്തുടരുന്നവർക്ക് ഇത്തരം ഭാഷ ഭാഷ അംഗീകരിക്കാൻ കഴിയുമോ? നിങ്ങൾ അവർക്കുവേണ്ടിയാണോ വാദിക്കുന്നത് ? അവരുടേത് ശരിയാണ് എന്നാ നിങ്ങൾക്ക് തോന്നുന്നുണ്ടോ ? അതേ പോലെ ശ്രീ ഒമർ അബ്ദുള്ള ജി ഇങ്ങനെ പറയുകയുണ്ടായി : "ആർട്ടിക്കിൾ 370 എടുത്തുകളയുമ്പോൾ കാശ്മീരിനെ ഇന്ത്യയിൽ നിന്ന് വേർപെടുത്തുന്ന തരത്തിലുള്ള ഒരു ഭ്രമാത്മകം അതിലൂടെ സംഭവിക്കുക ." ബഹുമാനപ്പെട്ട സ്പീക്കർ ഫാറൂഖ് അബ്ദുള്ള പറഞ്ഞു: "ആർട്ടിക്കിൾ 370 നീക്കം ചെയ്യുന്നത് കശ്മീരിലെ ജനങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ പാത തുറക്കും. കശ്മീരിലെ ആർട്ടിക്കിൾ 370 നീക്കം ചെയ്താൽ ഇന്ത്യയുടെ പതാക കാശ്മീരിൽ ഉയർത്താൻ ആരുമുണ്ടാകില്ല". ഇന്ത്യയുടെ ഭരണഘടനയ്ക്ക് വേണ്ടി സമർപ്പിക്കപ്പെട്ട ഏതെങ്കിലും ഇത്തരം ഭാഷയോ ഇത്തരം വികാരമോ അംഗീകരിക്കാൻ കഴിയുമോ?ആർക്കെങ്കിലും ഇതിനോട് യോജിക്കാൻ കഴിയുമോ?ഞാൻ ഈ പറയുന്നത് അവിടെ ആത്മാവുള്ള മനുഷ്യരോടാണ് . അവർക്ക് ആത്മാവുണ്ടെങ്കിൽ .

ബഹുമാനപ്പെട്ട സ്പീക്കർ കശ്മീരിലെ ജനങ്ങളെ വിശ്വസിക്കാത്തവർ ആണ് ഇള്ളട്ടർ അത് കൊണ്ട് മാത്രമാണ ഈ രീതിയിലുള്ള ഭാഷ അവർ സംസാരിക്കുന്നത് . എന്നാൽ കശ്മീരിലെ ജനങ്ങളിൽ വിശ്വാസമുള്ളവരാണ് ഞങ്ങൾ. അവരിൽ ഞങ്ങൾക്ക് വിശ്വാസമുണ്ട്, കശ്മീരിലെ ജനങ്ങളെ ഞങ്ങൾ വിശ്വസിച്ചു. ആർട്ടിക്കിൾ 370 റദ്ദാക്കി, അവിടെയും ത്വരിത വേഗത്തിൽ വികസനം നടത്തുകയാണ് ഞങ്ങൾ . കാശ്മീരോ, വടക്കുകിഴക്കോ, കേരളമോ ആകട്ടെ, രാജ്യത്തിന്റെ ഒരു പ്രദേശത്തെയും സ്ഥിതിഗതികൾ മോശമാകുന്നത് അനുവദിക്കാനാവില്ല. അതിനുള്ള അനുമതി നൽകാനാവില്ല. നമ്മുടെ മന്ത്രിമാരും ജമ്മു -കശ്മീർ തുടർച്ചയായി സന്ദർശിക്കുന്നു, ജനങ്ങളുമായി ആശയവിനിമയം നടത്തുന്നു , അതിലൂടെ അവിടെയുള്ള പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയാണ് ഞങ്ങൾ

ബഹുമാനപ്പെട്ട സ്പീക്കർ, ജമ്മു കശ്മീരിന്റെ മികച്ച ഭാവിക്കും ജമ്മു കശ്മീരിന്റെ വികസനത്തിനും ജമ്മു കശ്മീരിലെ ജനങ്ങളുടെ പ്രതീക്ഷകളും ആഗ്രഹങ്ങളും നിറവേറ്റുന്നതിനായി ഞാൻ പ്രതിജ്ഞാബദ്ധനാണെന്ന് ഈ സഭയിലൂടെ ഇന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു". ഭരണഘടനയ്ക്ക് വേണ്ടി സമർപ്പിക്കപ്പെട്ടവരാണ് നമ്മൾ എല്ലാവരും. എന്നാൽ ലഡാക്കിനെ കുറിച്ചും സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു . ബഹുമാനപ്പെട്ട സ്പീക്കർ , നമ്മുടെ രാജ്യത്തെ സിക്കിം ഒരു ജൈവ സംസ്ഥാനമായി അവരുടെ സ്വത്വം തെളിയിച്ചു , രാജ്യത്തെ നിരവധി ചെറു സംസ്ഥാനങ്ങൾക്ക് സിക്കിം പോലെ ഒരു ചെറിയ സംസ്ഥാനം പ്രചോദനം നൽകി

ഇക്കാര്യത്തിന് സിക്കിമിലെ കർഷകരും പൗരന്മാരും അഭിനന്ദനം അർഹിക്കുന്നു. ലഡാക്കിന്റെ വ്യക്തമായ ഒരു ചിത്രം എന്റെ മനസ്സിലുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അതിനാൽ, നമ്മുടെ അയൽരാജ്യമായ ഭൂട്ടാനെ അതിന്റെ പരിസ്ഥിതിയുടെ പ്രത്യേകതയാൽ പ്രശംസിക്കപ്പെടുകയും ലോകത്തെ കാർബൺ ന്യൂട്രൽ രാജ്യമായി അവരുടെ സ്വത്വം സൃഷ്ടിക്കുകയും ചെയ്ത പോലെ , ഒരു കാർബൺ ന്യൂട്രൽ യൂണിറ്റായി ലഡാക്കിനെയും നമ്മൾ വികസിപ്പിക്കുമെന്ന് പ്രതിജ്ഞയെടുക്കണം. നമ്മുടെ രാജ്യത്തിന് ഒരു സവിശേഷത ആകുകയും വരും തലമുറകൾക്ക് അതിൻറെ ഗുണം ഒരു മാതൃകയെന്ന നിലയിൽ ലഭിക്കും . ലഡാക്ക് ഞാൻ സന്ദർശിക്കുമ്പോൾ അവരുടെ സഹകരണത്തോടെ അതിൻറെ രൂപരേഖ തയാറാക്കി ഈ ദിശയിൽ പ്രവത്തിക്കാൻ ശ്രമിക്കും.

ബഹു. സ്പീക്കർ സാർ, ഇവിടെ ഈ സഭയിൽ പാസാക്കിയ നിയമം, ഇരുസഭകളിലും പാസാക്കിയ ഭേദഗതികൾ, വിജ്ഞാപനം ചെയ്യപ്പെട്ടവ, അതിനായി ചില ശ്രമങ്ങൾ കൂടി നടക്കുന്നുണ്ടെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടാണ് സിഎഎ ആകാൻ ഇത്ര തിടുക്കം കാണിച്ചതെന്ന് ചിലർ ചോദിക്കുന്നു . ചില ഈ സർക്കാർ ജനങ്ങളെ ഭിന്നിപ്പിക്കുകയാണെന്ന് ചില അംഗങ്ങൾ പറഞ്ഞു. ഈ സർക്കാർ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും വിവേചനം കാണിക്കുകയാണ്. ഇന്ത്യയെ വിഭജിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നുവെന്ന് ചിലർ പറഞ്ഞു, വളരെയധികം കാര്യങ്ങൾ ഇവിടെ പറഞ്ഞു , പുറത്തും പറഞ്ഞു കൊണ്ടിരിക്കുന്നു . സാങ്കൽപ്പിക ഭയം സൃഷ്ടിക്കാൻ സമ്പൂർണ അടിയന്തരാവസ്ഥ ഉപയോഗിച്ചു. ഇതേ ആളുകൾ തന്നെയാണ് രാജ്യത്തെ വിഭജിക്കുവാൻ ആഗ്രഹിക്കുന്ന ആളുകൾക്ക് അരികിൽ ചെന്നു ഫോട്ടോഗ്രാഫുകൾക്ക് വേണ്ടി നിൽക്കുന്നവർ

പതിറ്റാണ്ടുകളായി പാകിസ്ഥാൻ ഈ ഭാഷയാണ് സംസാരിക്കുന്നത്. പാക്കിസ്ഥാനിത് തന്നെയാണ് സംസാരിക്കുന്നത്. ഇന്ത്യയിലെ മുസ്ലീങ്ങളെ പ്രകോപിപ്പിക്കാൻ സാധ്യമാകുന്നതെല്ലാം പാകിസ്ഥാൻ ചെയ്തു . ഇന്ത്യയിലെ മുസ്ലീങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ പാകിസ്ഥാൻ പലതും ചെയ്തു , എന്നാൽ അത്തരം കാര്യങ്ങൾ ഇപ്പോൾ നടക്കുന്നില്ല . പാക്കിസ്ഥാന്റെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നില്ല. രാജ്യത്തെ ജനങ്ങൾ അധികാരത്തിൽ നിന്ന് പുറത്താക്കിയ ആളുകൾ രാജ്യത്തെ ജനങ്ങൾക്ക് സങ്കൽപ്പിക്കാൻ പോലും കഴിയാത്ത ഇത്തരം പ്രവൃത്തികൾ ചെയ്യുന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. ക്വിറ്റ് ഇന്ത്യ', 'ജയ് ഹിന്ദ്' തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചവർ മുസ്ലീം ആണെന്ന് നമ്മളെ ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുന്നു. പ്രശ്നം എന്തെന്നാൽ കോൺഗ്രസിന്റെ ദൃഷ്ടിയിൽ ആ ആളുകൾ മുസ്ലീങ്ങൾ മാത്രമായിരുന്നു, ഞങ്ങളുടെ കാഴ്ചപ്പാടിൽ ഇവർ ഇന്ത്യക്കാരാണ് എന്നതാണ് . ബഹുമാനപ്പെട്ട സ്പീക്കർ , എന്റെ കുട്ടിക്കാലത്ത് ഖാൻ അബ്ദുൾ ഗഫാർ ഖാൻ ജിയുടെ പാദങ്ങൾ തൊടാൻ അവസരം ലഭിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. അത് ഖാൻ അബ്ദുൽ ഗഫാർ ഖാൻ ആയാലും, അഷ്ഫാക്കുള്ള ഖാൻ ആയാലും, ബേഗം ഹസ്രത്ത് മഹലായാലും, വീർ ഷഹീദ് അബ്ദുൾ ഹമീദായാലും, മുൻ രാഷ്ട്രപതി ശ്രീ എ.പി.ജെ. അബ്ദുൾ കലാം ജിയായാലും , ഞങ്ങളുടെ കാഴ്ചപ്പാടിൽ എല്ലാവരും ഇന്ത്യക്കാരാണ്. സഭയുടെ സമയം നഷ്ടമാക്കാതെ ഇരിക്കണം എന്നതിനാൽ

ചുരുക്കം ആളുകളുടെ പേരുകൾ മാത്രമാണു ഞാൻ പറഞ്ഞത്. അതിൽ കൂടുതൽ പേരുകൾ നിങ്ങൾക്ക് ചേർക്കുകയും ആ പേരുകൾ എന്റെ പ്രസംഗത്തിൽ എഴുതുകയും ചെയ്യാം. ബഹുമാനപ്പെട്ട സ്പീക്കർ , കോൺഗ്രസ് പാർട്ടിയും മറ്റ് പാർട്ടികളും ഇന്ത്യയുടെ വീക്ഷണകോണിൽ നിന്ന് ഇന്ത്യയെ നോക്കാൻ തുടങ്ങുന്ന ദിവസം അവർ തങ്ങളുടെ തെറ്റ് തിരിച്ചറിയും.

കോൺഗ്രസ് പാർട്ടിയോടും അതിന്റെ ചുറ്റുപാടുകളോടും വളരെ നന്ദിയുള്ളവനാണ് ഞാൻ . പൗരത്വ ഭേദഗതി നിയമത്തെക്കുറിച്ച് അവർ വളരെയധികം ഒച്ചപ്പാടുകൾ സൃഷ്ടിച്ചു. ഇത്രയധികം അവർ പ്രതിഷേധിച്ചിച്ചായിരുന്നുവെങ്കിൽ ഒച്ചപ്പാടുണ്ടാക്കിയില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ അവരുടെ യഥാർത്ഥ നിറം രാജ്യത്തിന് തിരിച്ചറിയാനാകുമായിരുന്നില്ല. ആരാണ് പാർട്ടിക്ക് വേണ്ടിയുള്ളതെന്നും ആരാണ് രാജ്യത്തിന് വേണ്ടി നിലകൊള്ളുന്നതെന്നും രാജ്യം കണ്ടു . ഈ ചർച്ച ആരംഭിക്കവേ , അത് കൂടുതൽ ചർച്ച ചെയ്യപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആർക്കും പ്രധാനമന്ത്രിയാകാൻ മോഹിക്കാം, അതിൽ ഒരു തെറ്റും ഇല്ല.

പക്ഷേ ആർക്കോ പ്രധാനമന്ത്രിയാകണമായിരുന്നു , അതുകൊണ്ടു ഇന്ത്യയുടെ മുകളിൽ ഒരു രേഖ വരച്ചു, രാജ്യം വിഭജിക്കപ്പെട്ടു, വിഭജനത്തിന് ശേഷം പാകിസ്ഥാനിൽ ഹിന്ദുക്കളും സിഖുകാരും മറ്റ് ന്യൂനപക്ഷ വിഭാഗങ്ങളും പീഡിപ്പിക്കപ്പെട്ടു, അവർ അനുഭവിച്ച രീതികൾ ആർക്കും ഊഹിക്കാവുന്നതിനും അപ്പുറം ആയിരുന്നു . കോൺഗ്രസ് സഹപ്രവർത്തകരോട് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു അവർ എപ്പോഴെങ്കിലും ഭൂപേന്ദ്ര കുമാർ ദത്തിന്റെ പേര് കേട്ടിട്ടുണ്ടോ എന്ന് .

കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഇത് പ്രധാനപ്പെട്ടതാണ്. ഇവിടെ സന്നിഹിതർ അല്ലാത്തവരും ഇത് അറിഞ്ഞിരിക്കേണ്ടത് പ്രധാനമാണ് .

അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റി അംഗമായിരുന്നു, ഭൂപേന്ദ്ര കുമാർ. സ്വാതന്ത്ര്യ സമര കാലത്ത് 23 വർഷം ജയിൽ ശിക്ഷ അനുഭവിച്ചയാൾ. നീതിക്കുവേണ്ടി ജയിലിൽ 78 ദിവസം നിരാഹാരം അനുഷ്ഠിച്ച ഒരു മഹാനായ വ്യക്തിത്വം ആയിരുന്നു അദ്ദേഹം, അത് അദ്ദേഹത്തിന്റെ പേരിലുള്ള റെക്കോഡ് കൂടി ആണ്. സ്വാതന്ത്ര്യത്തിനു ശേഷം അദ്ദേഹം പാക്കിസ്ഥാനിൽ തുടർന്നു. അവിടെ കോൺസ്റ്റിറ്റ്യൂവൻറ് അസംബ്ലിയിൽ അംഗമായിരുന്നു അദ്ദേഹം.. ഭരണഘടന രൂപം കൊള്ളുന്ന സമയമായിരുന്നു. പ്രാരംഭ ഘട്ടം, അന്ന് അദ്ദേഹം അസംബ്ലിയിൽ അക്കാലത്ത് പറഞ്ഞ കാര്യം ഇന്ന് ഇവിടെ ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, കാരണം ഞങ്ങൾക്ക് എതിരെ ആരോപണങ്ങൾ ഉന്നയിക്കുന്നവർ ഇത് അറിയേണ്ടതും, മനസിലാക്കേണ്ടതും വളരെ പ്രധാനമാണ്.

.ഭൂപേന്ദ്ര കുമാർ ദത്ത് പറഞ്ഞു: "പാകിസ്ഥാന്റെ ഈ ഭാഗത്തെ സംബന്ധിച്ചിടത്തോളം, ന്യൂനപക്ഷങ്ങൾ പ്രായോഗികമായി ഇല്ലാതായിരിക്കുന്നു ". അദ്ദേഹം വീണ്ടും പറയുന്നു, " ഇപ്പോഴും കിഴക്കൻ ബംഗാളിൽ അവശേഷിക്കുന്ന ഒരു കോടിയോളം ആളുകളെ പ്രതിനിധീകരിച്ച് ഇവിടെ ജീവിക്കാൻ വന്ന ഞങ്ങൾ പൂർണമായും നിരാശയിലാണ് " . വിഭജനത്തിനു ശേഷം കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിൽ ഭൂപേന്ദർ പറഞ്ഞ വാക്കുകളാണ് ഇത്. ഇതായിരുന്നു അവസ്ഥ. സ്വാതന്ത്ര്യത്തിന്റെ തുടക്കം മുതൽ ന്യൂനപക്ഷങ്ങളുടെ അവസ്ഥ ഇതായിരുന്നു. ഇതിനുശേഷം പാക്കിസ്ഥാനിലെ സ്ഥിതി വീണ്ടും വഷളായി. ഭൂപേന്ദ്ര ദത്ത ഇന്ത്യയിലേക്ക് അഭയം തേടി പോരേണ്ടി വന്നു , ഇന്ത്യയിൽ വച്ചാണ് അദ്ദേഹത്തിൻറെ അന്ത്യം സംഭവിച്ചത് .

ബഹുമാനപ്പെട്ട സ്പീക്കർ, അക്കാലത്ത് പാക്കിസ്ഥാനിൽ തങ്ങുകയും അവിടെ താമസിക്കുകയും ചെയ്ത മറ്റൊരു സ്വാതന്ത്ര്യ സമര സേനാനിയുണ്ട്, ജോഗിന്ദർ നാഥ് മണ്ഡൽ. പീഡിപ്പിക്കപ്പെട്ട, ചൂഷണം ചെയ്യപ്പെട്ട, സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട ഒരു വിഭാഗത്തെ അദ്ദേഹം പ്രതിനിധീകരിച്ചു. പാക്കിസ്ഥാനിലെ പ്രഥമ നിയമ മന്ത്രിയായി അദ്ദേഹം നിയമിതനായി . സ്വാതന്ത്ര്യ ലബ്ധിക്കും വിഭജനത്തിനും ശേഷം രണ്ടോ മൂന്നോ വർഷങ്ങൾ കഴിഞ്ഞ് 1950 ഒക്ടോബർ 9 ന് അദ്ദേഹം രാജി വച്ചു. അദ്ദേഹത്തിന്റെ രാജിക്കത്തിലെ ഒരു ഖണ്ഡികയിൽ എഴുതിയത് ഇവിടെ ഞാൻ ഉദ്ധരിക്കട്ടെ. അദ്ദേഹം എഴുതിയിരിക്കുന്നു - "പാകിസ്ഥാനിൽ നിന്നും ഹിന്ദുക്കളെ പുറത്താക്കുന്ന നയം പടിഞ്ഞാറൻ പാക്കിസ്ഥാനിൽ പൂർണമായിക്കഴിഞ്ഞു , കിഴക്കൻ പാകിസ്ഥാനിൽ അത് പൂർത്തീകരിക്കുന്നതിലേക്ക്

അടുത്ത കഴിഞ്ഞു " . മുസ്ലിം ലീഗിനു പാക്കിസ്ഥാൻ പരിപൂർണ തൃപ്തിയോ സുരക്ഷിതത്വ ബോധമോ നൽകിയില്ല, അദ്ദേഹം പറയുന്നു. പാക്കിസ്ഥാനിലെ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക ജീവിതത്തെ ഒരു വിധത്തിലും സ്വാധീനിക്കാനാകാത്ത വിധം ഹിന്ദു ബുദ്ധിജീവികളെ ഏതുവിധവും മാറ്റിനിർത്തണം എന്നതാണ് അവർ ഇപ്പോൾ ആവശ്യപ്പെടുന്നത് .

മണ്ഡൽ ജി ഇക്കാര്യം തന്റെ രാജിക്കത്തിൽ എഴുതിയതാണ് . അദ്ദേഹവും ഒടുവിൽ ഇന്ത്യയിൽ എത്തുകയും ഭാരതത്തിൽ വച്ച് മരണമടയുകയും ചെയ്തു. നിരവധി പതിറ്റാണ്ടുകൾക്കു ശേഷവും പാക്കിസ്ഥാന്റെ മനോഭാവത്തിനു യാതൊരു മാറ്റവുമില്ല. ഇന്നും ന്യൂനപക്ഷങ്ങൾ പീഡിപ്പിക്കപ്പെടുന്നു. ഈ അടുത്ത കാലത്ത് നങ്കണ സാഹിബിൽ എന്താണ് സംഭവിച്ചതെന്ന് രാജ്യം മുഴുവനും ലോകവും കണ്ടതാണ്. ഹിന്ദുക്കൾക്കും സിഖുകാർക്കും മാത്രമല്ല അത്തരം അനുഭവം, മറ്റു ന്യൂനപക്ഷങ്ങളും അതേ സ്ഥിതി അഭിമുഖീകരിക്കുന്നു. ക്രിസ്ത്യാനികളും ഇതേ പോലുള്ള പീഡനങ്ങൾ സഹിക്കുന്നുണ്ട്.

സഭയിലെ ചർച്ചക്കിടയിൽ ഗാന്ധിജിയുടെ വാക്കുകളും ഉദ്ധരിക്കപ്പെട്ടിരുന്നു. സിഎഎയെക്കുറിച്ച് ഗവൺമെൻറ് ഗാന്ധിജിയുടെ തത്വങ്ങൾക്ക് അനുസൃതമായല്ല പറയുന്നത് എന്നു പറയുകയുണ്ടായി . ഏതായാലും കോൺഗ്രസിനെപ്പോലുള്ള പാർട്ടികൾ ഗാന്ധിജിയുടെ വാക്കുകൾ ദശാബ്ദങ്ങൾക്കു മുമ്പേ തന്നെ ഉപേക്ഷിച്ചിരുന്നു. അതിനുള്ള ഉദാഹരണങ്ങൾ ലഭ്യവുമാണ്. അമ്പത് തവണയെങ്കിലും ഞങ്ങൾ അവർക്ക് നൽകിയിട്ടുണ്ട്. നിങ്ങൾ ഗാന്ധിജിയിൽ നിന്നും അകന്നത് കൊണ്ട് തന്നെ രാജ്യത്തിനോ എനിക്കോ നിങ്ങളിൽ നിന്ന് ഒരു പ്രതീക്ഷയുമില്ല. പക്ഷേ എന്തടിസ്ഥാനത്തിലാണ് ഇന്ന് കോൺഗ്രസിന്റെ പ്രവർത്തനം നടക്കുന്നത്. അതാണ് ഇന്ന് ഞാൻ വിശദീകരിക്കാൻ ആഗ്രഹിക്കുന്നത്. നെഹ്റു ലിയാഖത്ത് കരാർ ഒപ്പിട്ടത് 1950-ലാണ്

ഇന്ത്യയിലും പാക്കിസ്ഥാനിലും ജീവിക്കുന്ന ന്യൂനപക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ചായിരുന്നു ഈ കരാർ. കരാറിന്റെ അടിസ്ഥാനം പാക്കിസ്ഥാനിലെ മതന്യൂനപക്ഷങ്ങൾക്ക് വിവേചനം നേരിടേണ്ടി വരില്ല എന്നതായിരുന്നു . നെഹ്റുവും ലിയാഖത്തും തമ്മിൽ ഒപ്പുവച്ച , പാക്കിസ്ഥാനിൽ ജീവിക്കുന്ന മതന്യൂനപക്ഷങ്ങളെ സംബന്ധിക്കുന്ന കരാറിനെ കുറിച്ചാണ് നമ്മൾ ഇപ്പോൾ സംസാരിക്കുന്നത് . ഇനി ഉത്തരം പറയേണ്ടത് കോൺഗ്രസാണ്, നെഹ്റുവിനെപ്പോലെ മഹാനായ ഒരു മതേതരവാദി, മഹാനായ ഒരു ചിന്തകൻ, വലിയ ദാർശനികനായ ,നിങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാമെല്ലാമായ ഒരാൾ എന്തുകൊണ്ടാണ് 'ന്യൂനപക്ഷത്തിന് ' പകരം "എല്ലാ പൗരന്മാരും" പോലെയുള്ള വാക്കുകൾ ഉപയോഗിക്കാതിരുന്നത് ? അദ്ദേഹം അത്രയ്ക്ക് മഹാനും ഉദാരമതിയും ആയിരുന്നെങ്കിൽ എന്തുകൊണ്ട് അതു ചെയ്തില്ല?. നിശ്ചയമായും അതിനൊരു കാരണമുണ്ടാകും? പക്ഷേ, ഈ സത്യം എത്ര കാലം നിങ്ങൾക്കു നിഷേധിക്കാനാകും? ആദരണീയനായ സ്പീക്കർ, സർ , അക്കാലത്ത് , ഞാൻ അങ്ങയോട് പറയുന്നതു ആ കാലത്തെക്കുറിച്ചാണ് .... ഈ കരാറിൽ പാക്കിസ്ഥാനിലെ ന്യൂനപക്ഷങ്ങളെ കുറിച്ച് നെഹ്റുജിക്കു എങ്ങിനെ തീരുമാനിക്കാൻ സാധിച്ചു. തീർച്ചയായും അതിനു ചില കാരണങ്ങളുണ്ട്. ഞങ്ങളിപ്പോൾ എന്താണോ പറയുന്നത്, അതേ കാര്യം തന്നെയാണ് നെഹ്റു ജി അക്കാലത്തും പറഞ്ഞത്.

ബഹുമനപ്പെട്ട സ്പീക്കർ, എന്തുകൊണ്ടാണ് നെഹ്റു ജി ന്യൂനപക്ഷം എന്ന വാക്ക് ഉപയോഗിക്കാത്തത്? നിങ്ങൾ അതിനെക്കുറിച്ച് സംസാരിക്കില്ല, കാരണം നിങ്ങൾ പ്രശ്നത്തിൽ ആകും എന്നത് കൊണ്ടാണ് . എന്നാൽ നെഹ്റുജി തന്നെ അതിന് മറുപടി നല്കിയിരുന്നു. നെഹ്റു-ലിയാഖത്ത് കരാർ ഒപ്പിടുന്നതിന് ഒരു വർഷം മുമ്പ് നെഹ്റുജി അന്നത്തെ അസം മുഖ്യമന്ത്രി ശ്രീ ഗോപിനാഥ് ജിക്ക് കത്തെഴുതിയിരുന്നു. ശ്രീ ഗോപിനാഥ് ജിക്ക് എഴുതിയ കത്തിൽ അദ്ദേഹം എഴുതിയത് ഇവിടെ ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ ഹിന്ദുക്കൾ - മുസ്ലീംങ്ങൾ എന്നും, രാജ്യത്തെ വിഭജിക്കുന്നു എന്നുമൊക്കെ പറയുന്നവർ നെഹ്റു ജി

പറഞ്ഞത് ഓർക്കണം. അന്ന് ആസാം മുഖ്യമന്ത്രിയായിരുന്ന ശ്രീ ഗോപിനാഥ് ജിക്ക് നെഹ്റു എഴുതി - " ഹിന്ദു അഭയാർത്ഥികളെയും മുസ്ലീം കുടിയേറ്റക്കാരെയും നിങ്ങൾ വേർതിരിക്കണം, ഈ അഭയാർത്ഥികളുടെ ഉത്തരവാദിത്തം രാജ്യം ഏറ്റെടുക്കേണ്ടിവരും." ഈ കത്ത് അന്നത്തെ അസം മുഖ്യമന്ത്രിക്ക് ഭാരതത്തിന്റെ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്രു ജി എഴുതിയതാണ്. നെഹ്രു-ലിയാഖത് കരാറിനു മാസങ്ങൾക്കു ശേഷം1950 നവംബർ

5ന് ഇതേ പാർലമെന്റിൽ നെഹ്റുജി സംസാരിച്ചു: 'പ്രശ്നബാധിതരായി ഇന്ത്യയിലേക്കു വന്ന് ഇവിടെ ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക് പൗരത്വം നൽകണം എന്നതിൽ ഒരു സംശയവുമില്ല. അതിന് നിയമം അനുകൂലമല്ലെങ്കിൽ ആ നിയമം മാറ്റണം' എന്നാണ് അദ്ദേഹം പറഞ്ഞത്

ഇതേ ലോക്സഭയിൽ 1963ൽ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം കൊണ്ടു വന്നു. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന നെഹ്രു ജി ആയിരുന്നു അന്ന് വിദേശകാര്യ വകുപ്പിന്റെ ചുമതലയും ഏറ്റെടുത്തു നടത്തിയിരുന്നത് . പ്രമേയത്തിന് വിദേശകാര്യ മന്ത്രാലയത്തിന്റെ സഹമന്ത്രി ശ്രീ ദിനേശ് സിംഗ് ജി മറുപടി പറയുന്നതിനു ഒടുവിൽ പ്രധാനമന്ത്രി നെഹ്രു ഇടപെടു. അദ്ദേഹം എന്താണ് പറഞ്ഞത് എന്നത് ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു : " കിഴക്കൻ പാക്കിസ്ഥാനിലെ ഭരണകൂടം അവിടെ ഹിന്ദുക്കൾക്കു മേൽ കടുത്ത സമ്മർദം ചെലുത്തുകയാണ്" ഇത് പണ്ഡിറ്റ് ജിയുടെ പ്രസ്താവനയാണ് . പാക്കിസ്ഥാനിലെ സാഹചര്യങ്ങളേക്കുറിച്ച് ഗാന്ധിജിയുടെ മാത്രമല്ല നെഹ്രുജിയുടെയും വികാരം ഇതായിരുന്നു. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരവധി രേഖകളും കത്തുകളും റിപ്പോർട്ടുകളും ഉണ്ട് . എല്ലാം ഇത്തരം ഒരു നിയമത്തിന് വേണ്ടി ആവശ്യം ഉന്നയിച്ചിട്ടുണ്ട്. വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഞാൻ സഭയിൽ സംസാരിച്ചത്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ കോൺഗ്രസിനോട് വ്യക്തമായി എനിക്കു ചോദിക്കാനുണ്ട്; അവർക്ക് എന്റെ ചോദ്യം മനസ്സിലാവുകയും ചെയ്യും. ഞാൻ ഈ പറഞ്ഞ കാര്യങ്ങളെല്ലാം വ്യക്തമാക്കുന്നത് നെഹ്രുജി വർഗ്ഗീയവാദിയാണ് എന്നാണോ? എനിക്കൊന്ന് അറിഞ്ഞാൽ കൊള്ളാം. പണ്ഡിറ്റ് നെഹ്രുവിന് ഹിന്ദു മുസ്ലിം വിവേചനമുണ്ടായിരുന്നോ? ഒരു ഹിന്ദു രാഷ്ട്രം രൂപീകരിക്കാൻ പണ്ഡിറ്റ് നെഹ്രു ആഗ്രഹിച്ചിരുന്നോ? ആദരണീയ സ്പീക്കർ, ഇതാണ് കോൺഗ്രസ് പാർട്ടിയുടെ പ്രശ്നം , അവർ വെറുതെ സംസാരിക്കും , അവർ 'തെറ്റായ' വാദഗാനങ്ങൾ നല്ലം, വാദഗാനങ്ങൾ പതിറ്റാണ്ടുകളോളം നീട്ടിക്കൊണ്ടുപോകുന്നു. നമ്മുടെ രാഷ്ട്രശിൽപികളുടെ വികാരങ്ങളുടെ അടിസ്ഥാനത്തിൽ ഇന്നിപ്പോൾ ഈ ഗവൺമെന്റ് തീരുമാനമെടുക്കുമ്പോൾ കോൺഗ്രസിന് അത് പ്രശ്നമാണ്. ഈ സഭയിലൂടെ ഈ രാജ്യത്തെ 130 കോടി പൗരന്മാരോട് വീണ്ടും വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു, അങ്ങേയറ്റത്തെ ഉത്തരവാദിത്തത്തോടെ , ഭരണഘടനയുടെ പരിമിതികളും ഉത്തരവാദിത്തങ്ങളും മനസ്സിലാക്കിക്കൊണ്ട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു അതായത് സിഎഎ , ഈ ബിൽ , ഈ നിയമം ഇന്ത്യയിലെ ഒരു പൗരനെയും ബാധിക്കുകയില്ല . അവർ ഹിന്ദുവാകട്ടെ മുസ്ലിമാകട്ടെ ക്രിസ്ത്യാനിയോ സിഖോ ആകട്ടെ, ആർക്കും ഒരുതരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാക്കുന്നില്ല . ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ ഒരു തരത്തിലും ഇത് ഉപദ്രവിക്കുകയില്ല . എന്നിട്ടും രാജ്യത്തെ ജനങ്ങൾ തള്ളിക്കളഞ്ഞ ആളുകൾ , വോട്ട് ബാങ്ക് രാഷ്ട്രീയത്തിന് വേണ്ടി ഇതിനെ ഉപയോഗിക്കുകയാണ് .

ന്യൂനപക്ഷത്തിന്റെ പേരിൽ വോട്ട് ബാങ്ക് രാഷ്ട്രീയം നടത്തുന്ന കോൺഗ്രസുകാരോട് പ്രത്യേകം എനിക്ക് ചോദിക്കാനുണ്ട്. കോൺഗ്രസിന് 1984ലെ ഡൽഹി കലാപം ഓർമ്മയുണ്ടോ? അത് ന്യൂനപക്ഷമായിരുന്നില്ലേ എന്ന്. ന്യൂനപക്ഷമായിരുന്നോ അല്ലയോ എന്ന് എന്നോടു പറയൂ? നമ്മുടെ സിഖ് സഹോദരങ്ങളുടെ കഴുത്തിൽ ടയർ കെട്ടി കത്തിച്ചു. അത് മാത്രമല്ല, സിഖ് കലാപത്തിലെ പ്രതികളെ നിങ്ങൾ ജയിലിലേക്ക് അയച്ചില്ല. സിഖ് കലാപത്തിന് പ്രേരിപ്പിച്ചുവെന്ന് ആരോപിക്കപ്പെടുന്നവരെ, നിങ്ങൾ അവരെ മുഖ്യമന്ത്രിയാക്കുന്നു. സിഖ് കലാപത്തിലെ പ്രതികളെ ശിക്ഷിക്കാൻ വിധവകളായ നമ്മുടെ അമ്മമാർക്ക് നീതി ലഭിക്കാൻ കാരണത്തു മൂന്ന് പതിറ്റാണ്ടെങ്കിലും കാത്തിരിക്കേണ്ടി വന്നു, അവർ ന്യൂനപക്ഷമല്ലേ? ന്യൂനപക്ഷത്തിന് നീതിയുടെ രണ്ട് തുലാസുകൾ ഉണ്ടാകുമോ? ഇതായിരിക്കുമോ നിങ്ങളുടെ നീതി വിതരണത്തിനുള്ള മാർഗം.ആദരണീയ സ്പീക്കർ , കോൺഗ്രസ് പാർട്ടി നിരവധി വർഷം രാജ്യം ഭരിച്ചു , ഉത്തരവാദിത്തമുള്ള ഒരു പ്രതിപക്ഷ പാർട്ടിയാകുമെന്ന് രാജ്യം ആരെ പ്രതീക്ഷിച്ചിരുന്നോ ആ പാർട്ടി ഇന്ന് തെറ്റായ പാത പിന്തുടരുന്നത് ദൗർഭാഗ്യകരമാണ്. ഈ വഴി നിങ്ങൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കാൻ പോകുന്നു. അത് രാജ്യത്തിന് പ്രശ്നമുണ്ടാക്കുകയും ചെയ്യും. എല്ലാവരും രാജ്യത്തെക്കുറിച്ച് ഉത്കണ്ഠയുള്ളവരായിരിക്കണം എന്ന കാരണം കൊണ്ടാണ് ഈ മുന്നറിയിപ്പ് ഞാൻ നൽകുന്നത്. രാജ്യത്തിന്റെ ശോഭനമായ ഭാവിയെക്കുറിച്ച് നാമെല്ലാവരും ആശങ്ക ഉള്ളവർ ആകണം . ഒരു ഉദാഹരണത്തിന് , നിങ്ങളുടെ ഗവൺമെന്റ് ഭരിക്കുന്ന രാജസ്ഥാനിലെ നിയമസഭ ഒരു തീരുമാനമെടുത്തു , ഒരു സംവിധാനം വികസിപ്പിച്ചു എന്നു കരുതുക , രാജസ്ഥാനിലെ ജനം അത് സ്വീകരിക്കാതെ അതിനെതിരെ പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയും അവർ

തീവെപ്പിലും ജാഥയിലും അക്രമത്തിലും ഏർപ്പെടാൻ തുടങ്ങിയാൽ . അവിടുത്തെ സ്ഥിതി എന്തായിരിക്കുമെന്ന് എന്നോട് പറയൂ? മധ്യപ്രദേശിലും നിങ്ങളുടെ പാർട്ടിയാണ് ഭരിക്കുന്നത്.

മധ്യപ്രദേശിലെ നിയമസഭ ഏതെങ്കിലും ഒരു തീരുമാനമെടുത്താൽ അവിടെയുള്ള ജനങ്ങളതിനെ എതിർത്തു നിൽക്കുകയാണെങ്കിൽ എന്ത് സംഭവിക്കും?

ഒരു രാജ്യത്തിന് ഇങ്ങനെ മുന്നോട്ട് പോകുവാൻ സാധിക്കുമോ ? നിങ്ങൾ ഒരുപാട് തെറ്റുകൾ ചെയ്തു, അക്കാരണത്താൽ , നിങ്ങൾ അവിടെ ഇരിക്കണം, നിങ്ങൾ ചെയ്ത പ്രവർത്തനങ്ങളുടെ ഫലമായാണ് പൊതുജനം നിങ്ങളെ അവിടെ ഇരുത്തിയത്. ജനാധിപത്യ രീതിയിൽ അഭിപ്രായസ്വാതന്ത്ര്യത്തിന് രാജ്യത്തെ എല്ലാവർക്കും അവകാശമുണ്ട്, പക്ഷേ നുണകളും കിംവദന്തികളും പ്രചരിപ്പിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതു കൊണ്ട് ഒരു നന്മയും രാജ്യത്തിന് വേണ്ടി ചെയ്യാൻ നമുക്ക് കഴിയില്ല. അതിനാൽ ഭരണഘടനയെക്കുറിച്ച് സംസാരിക്കുന്നവരോട് ഇന്ന് ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുന്നത് - വരൂ, നമുക്ക് ഭരണഘടനയെ ആദരിക്കാം . രാജ്യം നമുക്കെല്ലാവർക്കും ഒരുമിച്ച് ഭരിക്കാം . രാജ്യത്തെ മുന്നോട്ട് നയിക്കാം . അഞ്ച് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ എന്ന നിശ്ചയവുമായി നമുക്ക് മുന്നോട്ട് പോകാം. ശുദ്ധമായ കുടിവെള്ളം ലഭിക്കാത്ത പതിനഞ്ചു കോടി കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. രാജ്യത്തെ ഓരോ പാവപ്പെട്ടവർക്കും ഒരു ഉറപ്പുള്ള വീട് നിർമിച്ചു നൽകുന്ന പ്രവർത്തനം നമുക്ക് ഒരുമിച്ച് ഏറ്റെടുക്കാം അത് വഴി അവരിൽ ഓരോരുത്തർക്കും ഓരോ ഉറപ്പുള്ള വീടുകൾ ലഭിക്കും. രാജ്യത്തെ കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും കന്നുകാലി സംരക്ഷകരുടെയും വരുമാനം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ന വിജയകരമായി പൂർത്തീകരിക്കാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം . ബ്രോഡ്ബാൻഡ് എല്ലാ പഞ്ചായത്തുകളിലും നമുക്ക് ലഭ്യമാക്കാം . 'ഏക ഭാരതം , ശ്രേഷ്ഠ ഭാരതം' എന്നത് സാക്ഷാത്കരിക്കാനുള്ള പ്രതിജ്ഞയുമായി നമുക്ക് മുന്നേറാം. ആദരണീയയായ അധ്യക്ഷ, ഇന്ത്യയുടെ ഉജ്ജ്വലമായ ഭാവിക്കായി നമുക്ക് ഒരുമിച്ച് മുന്നേറാം. ഈ ചിന്തയോടെ ആദരണീയനായ രാഷ്ട്രപതിക്ക് കൃതജ്ഞത ഞാൻ അറിയിയ്ക്കുന്നു എൻറെ പ്രസംഗം ഞാൻ അവസാനിപ്പിക്കുന്നു. ആദരണീയ അധ്യക്ഷൻ, എനിക്കു താങ്കളോടുള്ള പ്രത്യേകമായ നന്ദിയും രേഖപ്പെടുത്തുന്നു

ശ്രീ ഹരിവംശ് നാരായൺ സിംഗിനെ രാജ്യസഭാ ഡെപ്യൂട്ടി ചെയർമാനായി തിരഞ്ഞെടുത്ത വേളയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി നടത്തിയ പ്രസംഗം

സെപ്തംബർ 14, 2020

സെപ്റ്റംബർ 14, 2020

രാജ്യസഭ

ശ്രീ ഹരിവംശ് നാരായൺസിംഗിനെ രാജ്യസഭാ ഉപാധ്യക്ഷനായി തെരഞ്ഞെടുത്ത വേളയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി നടത്തിയ പ്രസംഗം

രണ്ടാം തവണയും ഈ സഭയുടെ ഡെപ്യൂട്ടി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ ഹരിവംശ്ജിയെ ഈ സഭയ്ക്കും ഈ രാജ്യത്തെ എല്ലാവർക്കും വേണ്ടി ഞാൻ അഭിനന്ദിക്കുന്നു. സാമൂഹ്യ സേവനരംഗത്തും പത്രപ്രവർത്തന ലോകത്തും തന്റെ സത്യസന്ധമായ പ്രതിച്ഛായ സൃഷ്ടിച്ച ഹരിവംശ് ജിയുടെ രീതികൾ കാരണം അദ്ദേഹത്തോട് വളരെയധികം ആദരവ് എനിക്കുണ്ട്. . എനിക്ക് അദ്ദേഹത്തോടുള്ള അതേ ബഹുമാനവും ഊഷ്മളതയും അദ്ദേഹത്തെ അടുത്തറിയുന്ന വ്യക്തികൾക്കും ഉണ്ടെന്ന് ഞാൻ കരുതുന്നു ; സഭയിലെ ഓരോ അംഗവും അങ്ങനെ തന്നെ. ഈ ആദരവും അടുപ്പവും ഹരിവംശ് ജി സ്വയം നേടിയെടുത്തതാണ് . അദ്ദേഹത്തിന്റെ പ്രവർത്തന ശൈലിയും സഭാ നടപടികൾ കൊണ്ടുപോകുന്നതും വളരെ സ്വാഭാവികമായ രീതിയിലാണ് . സഭയിലെ നിങ്ങളുടെ നിഷ്പക്ഷമായ രീതി ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നു.

ചെയർമാൻ സർ, ഇന്നേവരെ കണ്ടിട്ടില്ലാത്ത അതിരൂക്ഷമായ സാഹചര്യത്തിലാണ് ഇത്തവണ സഭാനടപടികൾ നടക്കുന്നത്. നിലവിലുള്ള കൊറോണ ചുറ്റുപാടുകളിൽ ഈ സഭ പ്രവർത്തിക്കേണ്ടതും രാജ്യത്തോടുള്ള അതിന്റെ സുപ്രധാന കടമകൾ നിറവേറ്റുകയും ചെയ്യേണ്ടത് നമ്മുടെ എല്ലാവരുടെയും കടമയാണ്. എല്ലാ മുൻകരുതലുകളും മാർഗ്ഗനിർദ്ദേശങ്ങളും ഉറപ്പാക്കിക്കൊണ്ട് നമ്മൾ നമ്മുടെ കടമകൾ നിറവേറ്റുമെന്ന് എനിക്ക് ഉറപ്പുണ്ട്. ചെയർമാൻ സർ , സഭ സുഗമമായി നടത്തുന്നതിന് ഡെപ്യൂട്ടി ചെയർമാനു കൂടുതൽ സഹകരണം നല്കുമ്പോൾ , സഭാസമയം കൂടുതൽ വിനിയോഗിക്കുവാനും എല്ലാവരും സുരക്ഷിതരാകുകയും ചെയ്യും.

ബഹുമാനപ്പെട്ട അധ്യക്ഷൻ , രാജ്യസഭയിൽ നാം ഹരിവംശ് ജിയിൽ അർപ്പിച്ച ഉത്തരവാദിത്വങ്ങളോട് അദ്ദേഹം എല്ലാതലത്തിലും വിശ്വാസ്യത പുലർത്തി. എൻറെ കഴിഞ്ഞ പ്രസംഗത്തിൽ ഞാൻ പറഞ്ഞതുപോലെ ദൈവം എല്ലാവർക്കും വേണ്ടി ഉള്ളതാണെന്നത് പോലെ സഭയുടെ ദൈവവും ഭരണകക്ഷിക്കും പ്രതിപക്ഷ അംഗങ്ങൾക്കും ഉള്ളതായിരിക്കും എന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. നമ്മുടെ സഭയുടെ ദൈവമായ ഹരി വംശ് ജി യാതൊരു വിവേചനവുമില്ലാതെ , മുൻവിധികളും കൂടാതെ നിലകൊള്ളുകയും, ഭരണ പക്ഷത്തോടോ പ്രതിപക്ഷത്തോടോ കക്ഷി ചേരാതിരിക്കുകയും ചെയ്യും

സഭയുടെ ഈ ഫീൽഡിൽ കളിക്കാരേക്കാൾ അമ്പയർമാരാണ് ബുദ്ധിമുട്ടുന്നതെന്നും ഞാൻ പറഞ്ഞിരുന്നു. നിയമങ്ങൾക്കനുസൃതമായി കളിക്കാൻ പാർലമെന്റംഗങ്ങളെ നിർബന്ധിക്കുന്നത് വളരെയധികം വെല്ലുവിളി നിറഞ്ഞതാണ്.അദ്ദേഹം നല്ലൊരു അമ്പയർ ആകുമെന്ന് എനിക്ക് പൂർണ്ണ വിശ്വാസമുണ്ടായിരുന്നു, തന്നെ പരിചയമില്ലാത്തവരുടെ പോലും വിശ്വാസം തൻറെ നിശ്ചയദാർഢ്യത്തിൽ കൂടിയും ഉറച്ച തീരുമാനങ്ങളിലൂടെയും ഹരിവംശ് ജി നേടിയെടുത്തു. ആദരണീയ അദ്ധ്യക്ഷൻ , ഹരിവംശ് ജി തന്റെ ഉത്തരവാദിത്തങ്ങൾ എത്രമാത്രം വിജയകരമായി നിറവേറ്റി എന്നതിന് തെളിവാണ് ഈ രണ്ടു വർഷങ്ങൾ . പ്രധാനപ്പെട്ട നിയമനിർമാണങ്ങളിൽ ഗഹനമായ ചർച്ചകൾ സംഘടിപ്പിച്ചും മണിക്കൂറുകളോളം ഇരുന്ന് ബില്ലുകൾ വേഗത്തിൽ പാസാക്കിയും ഹരിവംശ് ജി സഭയെ കാര്യക്ഷമമായി നടത്തിച്ചു. ഈ കാലയളവിൽ രാജ്യത്തിൻറെ ഭാവിയെ സംബന്ധിക്കുന്ന നിരവധി ചരിത്രപരമായ ബില്ലുകൾ സഭയിൽ പാസായി. 10 വർഷത്തിനുള്ളിലെ പരമാവധി ഉൽപ്പാദനക്ഷമതയുടെ റെക്കോർഡ് കഴിഞ്ഞ ഒരു വർഷം കൊണ്ട് ഈ സഭ സൃഷ്ടിച്ചു, അതും ലോക്സഭാ തിരഞ്ഞെടുപ്പ് പുരോഗമിക്കുമ്പോൾ .

ഉൽപ്പാദനക്ഷമതയ്ക്കൊപ്പം കൂടുതൽ അനുകൂലമനോഭാവവും ഉണ്ടായി എന്നതിൽ ഓരോ അംഗത്തിനും അഭിമാനിക്കാവുന്ന കാര്യമാണ്. എല്ലാവർക്കുമവരുടെ അഭിപ്രായങ്ങൾ തുറന്നു പറയാൻ സാധിച്ചു . സഭാ പ്രവർത്തനങ്ങൾ തടസ്സപ്പെടാതെയിരിക്കാൻ അനുസൃതമായ സംഘടിതമായ ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്

സഭയുടെ അന്തസ്സ് വർധിപ്പിക്കുകയും ചെയ്തു. ഉപരിസഭയിൽ നിന്നുള്ള ഭരണഘടനാ നിർമ്മാതാക്കളുടെ അഭിലാഷവും ഇതായിരുന്നു. ഒരു ജനാധിപത്യ പരിശീലകൻ ജെപിയുടെയും കർപ്പൂരിയുടെയും ഠാക്കൂറിന്റെ ബീഹാറിൽ നിന്നോ ബാപ്പുവിന്റെ ചമ്പാരനിൽ നിന്നോ വന്ന് ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുമ്പോൾ, ആ വ്യക്തിയും ഹരി വംശ് ജി ചെയ്യുന്നതു പോലെയേ പ്രവർത്തിക്കൂ. ഹരിവംശ് ജിയെ കുറിച്ച് അദ്ദേഹത്തിന്റെ അടുത്ത അനുയായികളുമായി ചർച്ച ചെയ്യുമ്പോൾ, എന്തുകൊണ്ടാണ് അദ്ദേഹം ഇത്രയധികം വിനയാന്വിതനായതെന്ന് ഒരാൾക്ക് മനസ്സിലാകും. ഗ്രാമത്തിലെ ഒരു വേപ്പു മരച്ചുവട്ടിലെ താൽക്കാലിക സ്കൂളിലായിരുന്നു അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം. വിദ്യാഭ്യാസത്തിലൂടെ ലഭിച്ച ശിക്ഷണമാണ് അടിസ്ഥാന യാഥാർത്ഥ്യങ്ങളുമായി സ്വയം ബന്ധപ്പെടുത്താൻ അദ്ദേഹത്തിന് സാധിക്കുന്നത്

ജയപ്രകാശ്ജിയുടെ സിതാബ് ദിയാര ഗ്രാമത്തിൽ നിന്നാണ് ഹരിവംശ്ജി വരുന്നത് എന്ന് നമുക്കെല്ലാവർക്കും നന്നായി അറിയാം. ഈ ഗ്രാമമാണ് ജയപ്രകാശ്ജിയുടെ ജന്മസ്ഥലം. ഗംഗ, ഘാഗ്ര എന്നീ രണ്ട് നദികൾക്കിടയിലും ഉത്തർപ്രദേശിലെ രണ്ട് സംസ്ഥാനങ്ങൾക്കും ബീഹാറിലെ മൂന്ന് ജില്ലകളായ അറാ, ബല്ലിയ, ഛപ്ര എന്നിവയ്ക്കിടയിലും വിഭജിക്കപ്പെട്ട ദിയാര, എല്ലാ വർഷവും, വെള്ളപ്പൊക്കത്തിൽ ഒരു ദ്വീപായി മാറും. കഷ്ടിച്ച് ഒരു വിള കൃഷി ചെയ്യാം. എവിടെയും പോകാനുള്ള ഏക മാർഗം ബോട്ടിൽ നദി മുറിച്ചുകടക്കുക എന്നത് മാത്രമാണ്. സംതൃപ്താവസ്ഥയാണ് സന്തോഷം എന്ന പ്രായോഗിക പരിജ്ഞാനം ഹരിവംശ്ജിക്ക് ലഭിച്ചത് തന്റെ ഗ്രാമത്തിലെ വീട്ടിലെ അവസ്ഥകളിൽ നിന്നാണ്. ഒരിക്കൽ, ആരോ അവന്റെ പശ്ചാത്തലത്തെക്കുറിച്ച് എന്നോട് ഒരു സംഭവം പറഞ്ഞു. ഹൈസ്കൂളിൽ എത്തിയപ്പോഴാണ് ഹരിവംശ്ജിക്ക് ആദ്യമായി ഷൂസ് ആവശ്യമായി വന്നത്. അന്ന് വരെ ഒരിക്കലും വാങ്ങാത്തതു കൊണ്ട് ഷൂസുകൾ അദ്ദേഹത്തിൻറെ കൈവശം ഇല്ലായിരുന്നു. അതിനാൽ, ഗ്രാമത്തിൽ ചെരുപ്പ് ഉണ്ടാക്കുന്ന ഒരാളോട് ഹരിവംശ്ജിക്ക് വേണ്ടി ഷൂസ് തയ്യാറാക്കാൻ ആവശ്യപ്പെട്ടു. ഷൂ ഉണ്ടാക്കുന്നതിലെ പുരോഗതി കാണാൻ ഹരിവംശ്ജി പലപ്പോഴും അദ്ദേഹത്തെ സന്ദർശിക്കുമായിരുന്നു. തന്റെ ബംഗ്ലാവിന്റെ പുരോഗതി കാണുന്നതിന് ഒരു ധനികൻ ഇടയ്ക്കിടെ ബംഗ്ലാവു സന്ദർശിക്കുന്നതുപോലെ, ഷൂസിന്റെ പുരോഗതി നിരീക്ഷിക്കാൻ ഹരിവംശ്ജിയും ഇടയ്ക്കിടെ അവിടെ പോകുമായിരുന്നു. എല്ലാ ദിവസവും, ഷൂസ് നിർമ്മാതാവിനോട് തന്റെ ഷൂസ് എപ്പോൾ തയ്യാറാകുമെന്ന് അദ്ദേഹം ചോദിക്കും. എന്തുകൊണ്ടാണ് ഹരിവംശ്ജി ഇത്രയധികം വിനയാന്വിതൻ ആയതെന്ന് നിങ്ങൾക്ക് ഊഹിക്കാം. ജെപി അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചു. അക്കാലത്ത് പുസ്തകങ്ങളോടുള്ള ഇഷ്ടവും അദ്ദേഹത്തിൽ വളർന്നു. അതുമായി ബന്ധപ്പെട്ട ഒരു സംഭവം എനിക്കു അറിയാം. ആദ്യമായി സർക്കാർ സ്കോളർഷിപ്പ് ഹരിവംശ്ജിക്ക് ലഭിച്ചപ്പോൾ, ആ പണം മുഴുവനും വീട്ടിലേക്ക് അദ്ദേഹം കൊണ്ടുവരുമെന്ന് അദ്ദേഹത്തിന്റെ കുടുംബത്തിലെ ചിലർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ സ്കോളർഷിപ്പ് തുക വീട്ടിലെത്തിക്കുന്നതിനുപകരം, ഹരിവംശ്ജി പണം മുഴുവൻ പുസ്തകങ്ങൾക്കായി ചെലവഴിച്ചു. ജീവചരിത്രങ്ങളും സാഹിത്യവും ഉൾപ്പെടെ നിരവധി പുസ്തകങ്ങൾ അദ്ദേഹം വീട്ടിൽ കൊണ്ടുവന്നു. അന്നുമുതൽ, പുസ്തകങ്ങളോടുള്ള സ്നേഹം ഹരിവംശ്ജിയിൽ ഇന്നും തുടരുന്നു . ആദരണീയ അദ്ധ്യക്ഷൻ , നാല് പതിറ്റാണ്ടോളം നീണ്ട സാമൂഹിക പ്രശ്നങ്ങളിൽ ഊന്നിയ മാധ്യമ പ്രവർത്തനത്തിനു ശേഷം ഹരിവംശ്ജി 2014-ലാണ് പാർലമെന്റിൽ പ്രവേശിക്കുന്നത് . സഭയുടെ ഉപാധ്യക്ഷൻ എന്ന നിലയിലുള്ള ഔചിത്യബോധം ഹരിവംശ്ജി കാത്തുസൂക്ഷിച്ച രീതിയും , പാർലമെന്റേറിയൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ കാലയളവും ഒരുപോലെ ആകർഷകമാണ് . സമ്പദ്വ്യവസ്ഥയെ കുറിച്ചോ തന്ത്രപരമായ സുരക്ഷയെ കുറിച്ചോ ആകട്ടെ, ഒരു അംഗമെന്ന നിലയിൽ, ഹരിവംശ്ജി തന്റെ കാഴ്ചപ്പാടുകൾ വളരെ ഫലപ്രദമായി അവതരിപ്പിച്ചു. തന്റെ കാഴ്ചപ്പാടുകൾ ഭംഗിയായി അവതരിപ്പിച്ചുകൊണ്ട് തൻറെ വ്യക്തിമുദ്ര പതിപ്പിച്ചതായി നമുക്കെല്ലാവർക്കും അറിയാം. സഭയിലെ അംഗമെന്ന നിലയിൽ ആർജിച്ച അനുഭവപരിചയവും തൻറെ അറിവും ഉപയോഗിച്ച് രാജ്യത്തെ സേവിക്കാൻ അദ്ദേഹം എല്ലാ ശ്രമങ്ങളും നടത്തിയിട്ടുണ്ട്. , എല്ലാ അന്താരാഷ്ട്ര വേദികളിലും ഇന്ത്യയുടെ അന്തസ്സും പദവിയും ഉയർത്തിപ്പിടിക്കാൻ ഹരിവംശ്ജി പ്രവർത്തിച്ചിട്ടുണ്ട് അത് ഇന്റർ-പാർലമെന്ററി യൂണിയന്റെ നിരവധി യോഗങ്ങൾ ആകട്ടെ അതല്ലെങ്കിൽ മറ്റ് രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ സാംസ്കാരിക പ്രതിനിധികളുടെ അംഗമെന്ന നിലയിൽ ഉള്ള ഉത്തരവാദിത്തമാകട്ടെ . അത്തരം സ്ഥലങ്ങളിലെല്ലാം ഇന്ത്യയുടെയും രാജ്യത്തിന്റെ പാർലമെന്റിന്റെയും അന്തസ്സ് ഹരിവംശ്ജി വർദ്ധിപ്പിച്ചിട്ടുണ്ട് .

ആദരണീയ അദ്ധ്യക്ഷൻ സഭയുടെ ഡെപ്യൂട്ടി ചെയർമാനെന്നതിന് പുറമേ, രാജ്യസഭയിലെ നിരവധി കമ്മിറ്റികളുടെ ചെയർമാനായും ഹരിവംശ്ജി പ്രവർത്തിച്ചിട്ടുണ്ട്. അത്തരം നിരവധി കമ്മിറ്റികളുടെ ചെയർമാനെന്ന നിലയിൽ, ഹരിവംശ്ജി കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും അവയുടെ പങ്ക് ഫലപ്രദമായി ഉയർത്തിക്കാട്ടുകയും ചെയ്തിട്ടുണ്ട്. ഒരു പത്രപ്രവർത്തകനായതു കൊണ്ട് തന്നെ ഒരു പാർലമെൻറ് അംഗത്തിൻറെ പെരുമാറ്റം എങ്ങനെയായിരിക്കണം എന്ന കാര്യത്തിൽ എപ്പോഴും ഒരു ദൗത്യത്തിലാണ് ഹരിവംശി എന്ന് കഴിഞ്ഞ തവണ ഞാൻ പറഞ്ഞിരുന്നു. തങ്ങളുടെ പെരുമാറ്റത്തിൽ കൂടുതൽ മനസാക്ഷിയോടെ പെരുമാറാൻ എല്ലാ എംപിമാരെയും ഉദ്ബോധിപ്പിക്കാൻ പാർലമെന്റേറിയനായ ശേഷം, അദ്ദേഹം നിരവധി ശ്രമങ്ങൾ ചെയ്തു .

ആദരണീയ അദ്ധ്യക്ഷൻ , പാർലമെന്ററി പ്രവർത്തനങ്ങൾക്കും ഉത്തരവാദിത്തങ്ങൾക്കും ഒപ്പം തന്നെ ഒരു ബുദ്ധിജീവി , ചിന്തകൻ എന്ന നിലയിലും ഹരിവംശ്ജി ഒരുപോലെ സജീവമാണ്. അദ്ദേഹം ഇപ്പോഴും രാജ്യത്തെ സ്ഥലങ്ങൾ സന്ദർശിക്കാറുണ്ട്. ഇന്ത്യയുടെ സാമ്പത്തികവും സാമൂഹികവും തന്ത്രപരവും രാഷ്ട്രീയവുമായ വെല്ലുവിളികളെക്കുറിച്ച് സാധാരണക്കാർക്കിടയിൽ അദ്ദേഹം അവബോധം സൃഷ്ടിക്കുന്നു. അദ്ദേഹത്തിലെ പത്രപ്രവർത്തകനും എഴുത്തുകാരനും ഇപ്പോഴും അചഞ്ചലമാണ്. നമ്മുടെ മുൻ പ്രധാനമന്ത്രി ശ്രീ ചന്ദ്രശേഖർജിയുടെ ജീവിതത്തെ വളരെ അടുത്ത് എടുത്തു കാണിക്കുന്നതാണ്, അദ്ദേഹത്തിന്റെ പുസ്തകം അതിനൊപ്പം ഹരിവംശ്ജിയുടെ രചനാ വൈദഗ്ധ്യവും പ്രകടമാക്കുന്നു. ഒരു ഉപാധ്യക്ഷൻ എന്ന നിലയിൽ ഹരിവംശ്ജിയുടെ മാർഗനിർദേശം തുടർന്നും നമുക്ക് ലഭിക്കുമെന്നതിൽ ഞാനും ഈ സഭയിലെ എല്ലാ അംഗങ്ങളും ഭാഗ്യവാന്മാരാണ് . ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , ഈ ഉപരിസഭ 250-ലധികം സമ്മേളനങ്ങൾ പൂർത്തിയാക്കിക്കൊണ്ട് പുതിയ ഒരു തുടക്കം കുറിച്ചിരിക്കുകയാണ് . നമ്മുടെ ജനാധിപത്യത്തിൻറെ പക്വതയെ ഈ യാത്ര സൂചിപ്പിക്കുന്നു. സുപ്രധാനവും ബൃഹത്തായതുമായ ഈ ഉത്തരവാദിത്തത്തിന് ഹരിവംശ്ജിക്ക് ഒരിക്കൽ കൂടി ആശംസകൾ നേരുന്നു . താങ്കൾ ആരോഗ്യവാനായിരിക്കുകയും ആരോഗ്യകരമായ അന്തരീക്ഷം നിലനിർത്തിക്കൊണ്ട് ഉപരിസഭയുടെ പ്രതീക്ഷകൾക്കനുസരിച്ച് താങ്കളുടെ ചുമതലകൾ നിർവഹിക്കുകയും ചെയ്യുക . ഹരിവംശ്ജിക്ക് ഒരു വെല്ലുവിളി നൽകിയ മനോജ് ഝാജിക്കും എന്റെ ആശംസകൾ. ജനാധിപത്യത്തിന്റെ മഹത്വത്തിന് തിരഞ്ഞെടുപ്പ് പ്രക്രിയയും പ്രധാനമാണ്. ജനാധിപത്യ ധാർമികതയുടെ നാടാണ് നമ്മുടെ ബീഹാർ. ഈ സഭയിലൂടെ വൈശാലിയുടെ പാരമ്പര്യവും ബീഹാറിന്റെ മഹത്വവും ആദർശങ്ങളും ഹരിവംശ്ജി ഉയർത്തുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുത്തതിന് സഭയിലെ എല്ലാ മാന്യ അംഗങ്ങൾക്കും ഞാൻ നന്ദി പറയുന്നു. ഒരിക്കൽ കൂടി, ഹരിവംശ്ജിക്കും എല്ലാ അംഗങ്ങൾക്കും അഭിനന്ദനങ്ങൾ. നന്ദി!

2021



സ്വച്ഛ് ഭാരത് മിഷൻ, അർബൻ , അമൃത് , നീഡൽഹിയിൽ ഇവയുടെ സമാരംഭ വേളയിൽ ശ്രീ നരേന്ദ്രമോദി

"സ്വച്ഛ് ഭാരത്, അമൃത് മിഷൻ എന്നിവയുടെ യാത്രയിൽ ഒരു ദൗത്യമുണ്ട്, അഭിമാനമുണ്ട്, മഹത്വമുണ്ട്, ഒരു രാജ്യത്തിന്റെ അഭിലാഷമുണ്ട്, അതോടൊപ്പം മാതൃഭൂമിയോടുള്ള അതീവമായ സ്നേഹവുമുണ്ട്"

രാഷ്ട്രപതിയുടെ പ്രസംഗത്തിൽ
രാജ്യസഭയിൽ നടന്ന
നന്ദിപ്രമേയ ചർച്ചയിൽ
പ്രധാനമന്ത്രി ശ്രീ നരേന്ദ്ര
മോദി യുടെ മറുപടി പ്രസംഗം

ഫെബ്രുവരി 8, 2021

ഫെബ്രുവരി 08, 2021

രാജ്യസഭ

രാജ്യസഭയിലെ രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയ ചർച്ചയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ മറുപടി പ്രസംഗം

ബഹുമാനപ്പെട്ട അധ്യക്ഷൻ, സർ, ലോകം മുഴുവൻ നിരവധി വെല്ലുവിളികളിൽ കൂടിയാണ് കടന്നുപോകുന്നത്. ഇത്തരമൊരു ദുഷ്കരമായ ഘട്ടത്തിലൂടെ മനുഷ്യരാശിക്ക് കടന്നു പോകേണ്ടി വരുമെന്നു ആരും കരുതിയിരുന്നില്ല . അത്തരം വെല്ലു വിളികൾക്കിടയിൽ ഈ ദശകത്തിന്റെ ആരംഭത്തിൽ പാർലമെന്റിന്റെ ഇരുസഭകളിലും നമ്മുടെ ആദരണീയനായ രാഷ്ട്രപതി നടത്തിയ പ്രസംഗം ഈ വെല്ലുവിളി നിറഞ്ഞ ലോകത്ത് പുതിയ പ്രതീക്ഷയും ആത്മവിശ്വാസവും സൃഷ്ടിക്കുന്നതാണ്. രാഷ്ട്രപതിയുടെ പ്രസംഗം ആത്മനിർഭർ ഭാരതത്തിനും ഈ ദശകത്തിനുമുള്ള മാർഗ്ഗ നിർദേശമാണ്. ആദരണീയ അധ്യക്ഷൻ, നമ്മുടെ ബഹുമാന്യനായ രാഷ്ട്രപതിയോടുള്ള ഹൃദയംഗമമായ നന്ദി അറിയിക്കാനാണ് ഞാൻ നിങ്ങൾക്കിടയിൽ നിൽക്കുന്നത്. സംവാദത്തെ സമ്പന്നമാക്കിയതിന് ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കും ഞാൻ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. അൻപതിലധികം ബഹുമാനപ്പെട്ട അംഗങ്ങൾ പതിനൊന്നും പതിനാലും മണിക്കൂറോളം രാജ്യസഭയിൽ നിരവധി വശങ്ങളെക്കുറിച്ച് നിരവധി പ്രശ്നങ്ങളിൽ അവരുടെ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു . എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. രാഷ്ട്രപതിയുടെ പ്രസംഗം കേൾക്കുവാൻ എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നുവെങ്കിൽ അത് നമ്മുടെ ജനാധിപത്യത്തെ കൂടുതൽ മഹത്വമാക്കുകയും രാഷ്ട്രപതിയുടെ പ്രസംഗം കേൾക്കാൻ സാധിച്ചില്ല എന്നു പരാതിപ്പെടാൻ ആർക്കും അവസരമൊരുക്കുകയുമില്ലായിരുന്നു. എന്നാൽ രാഷ്ട്രപതിയുടെ പ്രസംഗത്തിന്റെ ഉള്ളടക്കം അത്ര വളരെ ഫലപ്രദമായിരുന്നു കാരണം അത് കേട്ടില്ലെങ്കിലും ബഹുമാനപ്പെട്ട അംഗങ്ങൾ അതിനെക്കുറിച്ച് സുദീർഘമായി സംസാരിച്ചു. അവർ അത് കേട്ടില്ലെങ്കിലും അദ്ദേഹത്തിൻറെ പ്രസംഗത്തിൻറെ കരുത്തും അതിലെ ചിന്തകളും ആദർശങ്ങളും കാരണം അവർ അത് കേൾക്കാതെയിരുന്നിട്ടും അതിലെ സന്ദേശം കൈമാറപ്പെട്ടു . അതിനാൽ, ആ പ്രസംഗത്തിനു വലിയ മൂല്യമുണ്ട് എന്നാണ് എൻറെ കാഴ്ചപ്പാട് .

ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , സർ, വിവിധ വെല്ലുവിളികൾക്കിടയിലും ഈ ദശാബ്ദത്തിൽ ആദരണീയ രാഷ്ട്രപതി നടത്തിയ ആദ്യത്തെ പ്രസംഗമാണെന്ന് ഞാൻ പറഞ്ഞു, എന്നാൽ അതേ സമയം, ഇന്ന് ലോകത്തെ മുഴുവൻ നോക്കുമ്പോൾ, യുവമനസ്സുകളെ നോക്കുമ്പോൾ തോന്നുന്നു ഇന്ത്യ ശരിയായ രീതിയിൽ അവസരങ്ങളുടെ നാടാണെന്ന് തോന്നുന്നു. ഒരുപാട് അവസരങ്ങൾ നമ്മെ കാത്തിരിക്കുന്നു. അതുകൊണ്ടാണ് യുവത്വവും തീക്ഷ്ണതയും നിശ്ചയദാർഢ്യത്തോടെ വിവിധ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്നതുമായ ഒരു രാജ്യത്തിന് ഒരിക്കലും ഈ അവസരങ്ങളെ അവഗണിക്കാൻ കഴിയില്ല. സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വർഷത്തിലേക്ക് കടക്കുന്ന നമുക്കെല്ലാവർക്കും ഇത് പ്രചോദനാത്മകമായ ഒരു അവസരം കൂടിയാണ്. നമ്മൾ എവിടെയായിരുന്നാലും ഏത് രൂപത്തിൽ ആയാലും ഭാരതമാതാവിന്റെ പുത്രന്മാരും പുത്രിമാരും എന്ന നിലയിൽ നാമെല്ലാവരും ഈ എഴുപത്തിയഞ്ചാം സ്വാതന്ത്ര്യ വാർഷികം പ്രചോദനത്തിന്റെ ഉത്സവമായി ആഘോഷിക്കണം. ഇനി വരാനിരിക്കുന്ന വർഷങ്ങളിൽ രാജ്യത്തെ തയാറാക്കുന്നതിന് വേണ്ടിയുള്ള ആവേശം നമുക്കെല്ലാവർക്കും ഉണ്ടായിരിക്കണം. സ്വാതന്ത്ര്യം നേടിയതിന്റെ നൂറാം വാർഷികം രണ്ടായിരത്തി നാൽപ്പത്തിയെഴിൽ ആഘോഷിക്കുമ്പോൾ രാജ്യത്തെ എത്രത്തോളം മുന്നോട്ട് കൊണ്ടുപോകാൻ പോകുവാൻ സാധിക്കുമെന്നതിനെക്കുറിച്ച് നാം ഏവരും സ്വപ്നം കണ്ടുകൊണ്ടിരിക്കണം. ഇന്ന് ലോകം മുഴുവൻ ഇന്ത്യയിലേക്ക് നോക്കുകയാണ്. ഒരു വശത്ത് ഇന്ത്യയിൽ നിന്ന് നിരവധി പ്രതീക്ഷകൾ പുലർത്തുമ്പോൾ ഇന്ത്യ കൈവരിക്കുന്ന നേട്ടങ്ങളിലൂടെ , നിരവധി പ്രശ്നങ്ങൾക്കു

പരിഹാരമുണ്ടാകുമെന്ന വിശ്വാസവും ജനങ്ങൾക്കുണ്ട്. ഈ ഒരു വിശ്വാസം ലോകത്തിന് ഇന്ത്യയിൽ വർധിച്ചു വരുന്നുണ്ട് .

ആദരണീയ അധ്യക്ഷൻ , ഞാൻ അവസരങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, മഹാകവി ശ്രീ മൈഥിലീശരൺ ഗുപ്ത ജിയുടെ ഒരു കവിത ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഗുപ്താജി പറഞ്ഞു:-

"അവസർ തേരേ ലിയേ ഖഡാ ഹേ,

ഫിർ ഭി തു ചുപ്ചാപ് പഡാ ഹേ.

തേരാ കർമ്മ ക്ഷേത്ര ബഡാ ഹേ,

പൽ പൽ ഹേ അൻമോൾ.

അരേ ഭാരത് ഉഠ് ! ആൻഖേ ഖോൽ."

("അവസരങ്ങൾ നിങ്ങൾക്കായി കാത്തിരിക്കുന്നു

എന്നിട്ടും നിങ്ങൾ മിണ്ടാതിരിക്കുന്നു

നിങ്ങളുടെ കർമ്മ മേഖല വലുതാണ്

ഓരോ നിമിഷവും വിലപ്പെട്ടതാണ്

ഓ ഇന്ത്യ , ഉണരുക , കണ്ണുതുറക്കുക"

എന്നാൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അദ്ദേഹത്തിന് എഴുതേണ്ടി വന്നാൽ എന്ത് എഴുതുമെന്ന് ഞാൻ ചിന്തിച്ചു. അദ്ദേഹം എഴുതുമെന്ന് ഞാൻ കരുതുന്നു:-

"അവസർ തേരേ ലിയേ ഖഡാ ഹേ,

തു ആത്മവിശ്വാസ് സേ ഭരാ പഡാ ഹേ.

ഹർ ബാധാ, ഹർ ബന്ദിഷ് കോ തോഡ്,

അരേ ഭാരത് !

ആത്മനിർഭർത കേ പഥ് പർ ദൗഡ്."

(" അവസരം നിങ്ങൾക്കായി കാത്തിരിക്കുന്നു

.ആത്മവിശ്വാസം നിങ്ങളിൽ കവിഞ്ഞ് ഒഴുകുകയാണ്

എല്ലാ തടസ്സങ്ങളും വേലികളും തകർക്കുക

അല്ലയോ ഭാരതമേ , സ്വാശ്രയത്തിന്റെ പാതയിലൂടെ ഓടുക"

ആദരണീയ സഭാ അധ്യക്ഷൻ, ലോകമെമ്പാടും കൊറോണ കാരണം ഉണ്ടായ സ്ഥിതിവിശേഷത്താൽ ആർക്കും ആരെയും സഹായിക്കുക എന്നത് അസാധ്യമായിരുന്നു . ഒരു രാജ്യത്തിനു മറ്റൊരു രാജ്യത്തെ സഹായിക്കാനാവില്ല , ഒരു സംസ്ഥാനത്തിനു മറ്റ് സംസ്ഥാനത്തെ സഹായിക്കാനാവില്ല , എന്തിന് പറയണം ഒരു കുടുംബത്തിലെ ഒരാൾക്ക് സ്വന്തം കുടുംബത്തിലെ പോലും മറ്റൊരു അംഗത്തെ സഹായിക്കാൻ സാധിക്കില്ല . കൊറോണ കാരണം അത്തരം അന്തരീക്ഷം ആയിരുന്നു. ഇന്ത്യയെ കുറിച്ച് വലിയ സംശയങ്ങൾ ലോകം പ്രകടിപ്പിച്ചിരുന്നു. ഈ കൊറോണ മഹാമാരിയെ ഒരു പക്ഷേ ഇന്ത്യക്കു സ്വയം കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ല എങ്കിൽ അത് ഇന്ത്യക്കു മാത്രമല്ല മൊത്തം മാനവരാശിയും വലിയ പ്രതിസന്ധിയിൽ ആകുമെന്ന് ലോകം ആശങ്കപ്പെട്ടിരുന്നു. എല്ലാവരും ഇതേ ആശങ്ക പ്രകടീപ്പിച്ചിരുന്നു.

കോടിക്കണക്കിന് ആളുകൾ കുടുങ്ങിക്കിടക്കും. ദശലക്ഷക്കണക്കിന് ആളുകൾ മരിക്കും. നമ്മുടെ ഇവിടെയും നിരവധി ഭയം ജനിപ്പിക്കുന്ന കാര്യങ്ങൾക്കും ഇവിടെ സാക്ഷിയായി. എന്തുകൊണ്ടാണ് അത് സംഭവിച്ചത്? ഒരു അജ്ഞാത ശത്രുവിന് എന്തുചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് ആർക്കും ധാരണയില്ല. ഓരോരുത്തരും അവരവരുടേതായ രീതിയിൽ അതിനെ വിലയിരുത്തി. എന്നാൽ എങ്ങിനെ കൈകാര്യം ചെയ്യണം എന്നു ഒരു ഒന്നും അറിയില്ലായിരുന്നു.

പുതിയ ചിന്താഗതിയോടെ എല്ലാവർക്കും പുതിയ വഴിയിലൂടെ സഞ്ചരിക്കേണ്ടിയിരുന്നു. ചില പണ്ഡിതന്മാർക്കും കഴിവുറ്റവരുമായ ആളുകൾക്ക് വ്യത്യസ്ത അഭിപ്രായമുണ്ടായിരുന്നിരിക്കാം , പക്ഷേ അതൊരു അജ്ഞാത ശത്രുവായിരുന്നു, ഞങ്ങൾക്ക് വഴി കണ്ടെത്തേണ്ടിയിരുന്നു, വഴിയൊരുക്കേണ്ടിയിരുന്നു, ഒപ്പം ജനങ്ങളെ സംരക്ഷിക്കുകയും ചെയ്യണം. അക്കാലത്ത് സർവ്വശക്തൻ നൽകിയ ജ്ഞാനവും ശക്തിയും കഴിവും അതിൻറെ മികച്ച രീതിയിൽ തന്നെ ഉപയോഗിച്ച് എല്ലാം ചെയ്യാൻ രാജ്യം ശ്രമിച്ചു, സ്വയം രക്ഷിക്കാൻ കഠിനമായി പരിശ്രമിച്ചു. ഈ ലോകത്ത് മനുഷ്യരാശിയെ രക്ഷിക്കുന്നതിൽ നിർണായക പങ്ക് വഹിച്ച ഇന്ത്യയെ കുറിച്ച് ലോകം ഇന്ന് അഭിമാനിക്കുന്നു. ഈ പോരാട്ടത്തിൽ വിജയിച്ചതിനുള്ള അംഗീകാരം ഒരു വ്യക്തിക്കോ ഒരു സർക്കാരിനോ മാത്രമല്ല, മുഴുവൻ രാജ്യത്തിനും അവകാശപ്പെട്ടതാണ്. അതിൽ അഭിമാനിക്കുന്നതിൽ എന്താണ് കുഴപ്പം? ആത്മവിശ്വാസത്തോടെ ലോകത്തോട് വിശദീകരിക്കുന്നതിലൂടെയോ നമുക്ക് എന്താണ് നഷ്ടപ്പെടുന്നത്?

ഈ രാജ്യം അത് ചെയ്തു, ഈ രാജ്യത്തെ ദരിദ്രരിൽ ദരിദ്രർ അതിലേക്ക് സംഭാവന നൽകിയിട്ടുണ്ട്. ഇന്ത്യയുടെ നന്മയ്ക്ക് വേണ്ടി പ്രാർത്ഥിക്കാൻ ഫുട്പാത്തിൽ തൻറെ കൊച്ചു കുടിലിൽ ഇരുന്ന ഒരു വൃദ്ധയായ അമ്മ പോലും ആ കുടിലിന് പുറത്ത് വിളക്ക് കത്തിക്കുന്നത് നിങ്ങൾ അക്കാലത്ത് സാമൂഹ്യ മാധ്യമങ്ങളിലൂടെ കണ്ടിട്ടുണ്ടാകും. അതിനെ , അവരുടെ പ്രവർത്തിയെ പോലും നമ്മൾ പരിഹസിച്ചു. ഒരു സ്കൂൾ പോലും സന്ദർശിക്കാത്ത ഒരാൾ, അവരുടെ മനസ്സിൽ പോലും ഒരു വിളക്ക് കൊളുത്തിയായാലും രാജ്യത്തെ സേവിക്കാൻ കഴിയുന്നത് എങ്ങനെയാണോ, അങ്ങിനെ ഞാൻ ചെയ്യും എന്ന തോന്നലിൽ സഹായിക്കാൻ ശ്രമിച്ചിരുന്നു. ആ വികാരം രാജ്യത്ത് ഒരു കൂട്ടായ ശക്തിയെ ഉണർത്തുകയും അതിലൂടെ ശക്തിയും കഴിവും പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ അത്തരം പരിഹസിക്കുന്നതിൽ നിങ്ങൾ സന്തോഷം കണ്ടെത്തുകയാണ്. വിരോധം തീർക്കാൻ നിരവധി രീതികളുണ്ട്. പ്രതിഷേധിക്കണം, പക്ഷേ ഒരിക്കൽ പോലും രാജ്യത്തിൻറെ ആത്മധൈര്യത്തെ കെടുത്തുകയും സാധ്യതകളെ വിലകുറച്ച് കാണുകയും ചെയ്യുന്ന തരത്തിൽ ഉള്ള പ്രവർത്തികളിൽ നമ്മൾ ഏർപ്പെടരുത്. ഇത് ഒരിക്കലും ഒരു ലാഭവും ഉണ്ടാക്കില്ല . നമ്മുടെ കൊറോണ യോദ്ധാക്കളും മുൻനിര പ്രവർത്തകരും എങ്ങനെ പ്രവർത്തിച്ചുവെന്ന് നിങ്ങൾക്ക് സങ്കൽപ്പിക്കാം. എവിടെ നിന്നും കൊറോണ വന്നേക്കാവുന്ന ചുറ്റുപാടിൽ ഒരാളുടെ ജോലി ചെയ്യുന്നതും ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതും ഒരു നിസ്സാര കാര്യമല്ല . അവരെ കുറിച്ച് നമ്മൾ അഭിമാനിക്കുകയും അവരെ ആദരിക്കുകയുമാണ് വേണ്ടത്. അവരുടെ ശ്രമങ്ങളുടെ ഫലമായാണ് ഇന്ന് രാജ്യം ഈ ദൈത്യം വിജയിച്ചത്. പക്ഷേ നമ്മൾ ഭൂതകാലത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കുമ്പോൾ, ഇത് വിമർശനം അല്ല , അത്തരം ചുറ്റുപാടുകളിൽ കൂടിയാണ് കടന്നു പോയത്, വസൂരിയെക്കുറിച്ച് പരാമർശിക്കാൻ പോലും ഭയം തോന്നിപ്പിച്ചിരുന്നു, പോളിയോ ശരിക്കും ഭയാനകമായിരുന്നു. . അവയുടെ വാക്സിൻ ലഭിക്കാൻ പോലും വലിയ രീതിയിൽ ബുദ്ധിമുട്ടിയിട്ടുണ്ട്. അത് ലഭിക്കുമോ ഇല്ലയോ , അഥവാ ലഭിച്ചാൽ തന്നെ എത്ര ഡോസുകൾ എടുക്കണം തുടങ്ങിയ ആശങ്കകൾ എല്ലാം നമ്മൾ

അനുഭവിച്ചറിഞ്ഞതാണ്. ആ ദിവസങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ ഓർക്കുകയാണെങ്കിൽ, ഇന്ന് മനുഷ്യരാശിയുടെ ക്ഷേമത്തിനായി വികസിപ്പിച്ചെടുത്ത ഒരു വാക്സിനുമായി മൂന്നാം ലോക രാജ്യങ്ങളിൽ ഉൾപ്പെട്ടതെന്നു വിളിക്കപ്പെടുന്ന ഒരു രാജ്യം എത്തിയിരിക്കുന്നു എന്ന് കാണാം.

ഇത്രയും ചെറിയ കാലയളവിൽ നമ്മുടെ ശാസ്ത്രജ്ഞരും ദൌത്യ ശ്രുപത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇത് മനുഷ്യരാശിയുടെ ചരിത്രത്തിൽ ഇന്ത്യ നല്കിയ സംഭാവനയുടെ മഹത്തായ കഥയാണ്. അതിൽ നമ്മൾ അഭിമാനിക്കണം. ഒരു പുതിയ ആത്മവിശ്വാസത്തിൻറെ പ്രേരണയും ഇതിലൂടെ സംഭവിക്കുന്നു. രാഷ്ട്രത്തിന് ഇന്നഭിമാനിക്കാം, അത്തരത്തിലുള്ള പ്രേരണ വളർത്താനുള്ള ശ്രമങ്ങളിൽ രാജ്യത്തിന് അഭിമാനിക്കാം, ലോകത്തിലെ ഏറ്റവും വലിയ വാക്സിനേഷൻ യജ്ഞം നമ്മുടെ എ വലിയ മാതൃരാജ്യത്ത് നടക്കുന്നു. അത്തരം ആത്മവിശ്വാസം വളർത്താനുള്ള ശ്രമങ്ങളിൽ രാജ്യത്തിന് അഭിമാനിക്കാം.

ലോകത്ത് എവിടെയെങ്കിലും അതിവേഗം വാക്സിനേഷൻ നടക്കുന്നുണ്ടെങ്കിൽ അത് നമ്മുടെ മാതൃരാജ്യമായ ഇന്ത്യയിലാണ് നടക്കുന്നത്. ഇന്ത്യയുടെ ഈ സാധ്യതകൾ എവിടെയാണ് എത്താത്തത് ? കൊറോണ, ലോകവും ഇന്ത്യയുമായുള്ള ബന്ധത്തെ ഒരു പുതിയ തലത്തിലേക്ക് കൊണ്ടുപോയിരിക്കുന്നു. തുടക്കത്തിൽ മരുന്നില്ലായിരുന്നു, ഏത് മരുന്നാണ് ഫലപ്രദം എന്ന ആശങ്കയിലായിരുന്നപ്പോൾ ഇന്ത്യൻ വാക്സിൻ ലോകശ്രദ്ധ ആകർഷിച്ചു. ലോകത്തിലെ ഒരു ഫാർമസിയുടെ ഒരു ഹബ്ബായി ഇന്ത്യ ഉയർന്നു വന്നു. പ്രതിസന്ധി ഘട്ടത്തിലും നൂറ്റിയമ്പത് രാജ്യങ്ങളിലേക്ക് മരുന്ന് അയക്കുവാൻ ഭാരതത്തിന് സാധിച്ചു. . മാനവരാശിയെ രക്ഷിക്കാനുള്ള ഉത്തരവാദിത്തത്തിൽ നിന്ന് നമ്മൾ പിന്നോട്ട പോയില്ല . ഇത് മാത്രമല്ല; , ഇന്ത്യൻ വാക്സിൻ ലഭിച്ചതായി ലോകം അഭിമാനത്തോടെ അവകാശപ്പെട്ടു. നമുക്ക് അറിയാം. പ്രമുഖ വ്യക്തികൾ ലോകത്തെ വലിയ ആശുപത്രികളിൽ വലിയ ഓപ്പറേഷനുകൾക്കായി പോകുമ്പോൾ, അവരെ ഓപ്പറേഷൻ തിയറ്ററിലേക്ക് കൊണ്ടുപോയ ശേഷം , പ്രക്രിയ ആരംഭിക്കുന്നതിന് മുമ്പ് അവരുടെ കണ്ണുകൾ ചുറ്റും നോക്കും , ഒരു ഇന്ത്യൻ ഡോക്ടറുണ്ടോ ഇല്ലയോ എന്നറിയാനാണത് ആ സംഘത്തിൽ . ഒരു ഇന്ത്യൻ ഡോക്ടറെ കാണുമ്പോൾ, രോഗിക്ക് ആത്മവിശ്വാസം ഉണ്ടാകുന്നു. ഈ രാജ്യം നേടിയെടുത്തതാണ് . അതിൽ നമ്മൾ അഭിമാനിക്കണം, ഈ അഭിമാനത്തോടെയാണ് നമ്മൾ മുന്നോട്ട് പോകുന്നത്. ഈ കൊറോണ , ആഗോള ബന്ധങ്ങളിൽ നമ്മുടെ സ്വന്തമായ ഒരു വ്യക്തിത്വവും സ്വന്തം സ്ഥാനവും നേടിയെടുത്തു. അതേ പോലെ ഭാരതം അതിൻറെ ഫെഡറൽ ഘടനയുടെ ആന്തരിക ശക്തിയും പ്രകടിപ്പിച്ചു . പ്രതിസന്ധി ഘട്ടത്തിൽ പ്രശ്നത്തെ നേരിടാൻ എങ്ങിനെ നമുക്ക് ഒരുമിച്ച് ചേർന്ന് നമ്മുടെ പൂർണ ശക്തിയും ഒരു ലക്ഷ്യത്തിൽ അർപ്പിച്ചു കൊണ്ട് ശ്രമിക്കാം . രാജ്യവും സംസ്ഥാനങ്ങളും ഒരുമിച്ച് അത് ചെയ്തു കാണിച്ചു .

സംസ്ഥാനങ്ങളെയും , കാരണം ഈ സഭയിൽ സംസ്ഥാനങ്ങൾക്ക് അവരുടേതായ അഭിരുചിയുള്ളതിനാൽ ഞാൻ സംസ്ഥാനങ്ങളെയും പ്രത്യേകിച്ചും അഭിനന്ദിക്കുന്നു, ഈ കൊറോണ കാലത്ത് കോർപ്പൊറേറ്റ് ഫെഡറലിസത്തെ ശക്തിപ്പെടുത്താനുള്ള ശ്രമം , ഈ പ്രതിസന്ധിയെ അവസരമാക്കി മാറ്റുന്നതിൽ നമ്മുടെ എല്ലാ സഹപ്രവർത്തകരും പ്രവർത്തിച്ചു . അതിനാൽ, ഇവരെല്ലാം അഭിനന്ദനം അർഹിക്കുന്നു. ഇവിടെ ജനാധിപത്യത്തെ സംബന്ധിച്ച ധാരാളം ഉപദേശങ്ങൾ നല്കയുണ്ടായി. അതിനെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പറഞ്ഞു. എന്നാൽ ഈ പറഞ്ഞ കാര്യങ്ങളെ ഞാൻ വിശ്വസിക്കുന്നില്ല, രാജ്യത്തെ ഒരു പൗരനും അതെല്ലാം വിശ്വസിക്കുകയില്ല . ഇന്ത്യൻ ജനാധിപത്യം ഇങ്ങനെ അല്ല, അതാർക്കും കീറിമുറിക്കാവുന്ന ഒന്നല്ല. അത്തരം തെറ്റുകൾ നമ്മൾ ചെയ്യരുത്. ഞാൻ ശ്രീ ഡെറക് ജിയുടെ പ്രസംഗം കേൾക്കുകയായിരുന്നു. സംസാര സ്വാതന്ത്ര്യം, ഭീഷണിപ്പെടുത്തൽ, വേട്ടയാടൽ തുടങ്ങിയ വലിയ വലിയ വാക്കുകൾ അദ്ദേഹം തൻറെ പ്രസംഗത്തിൽ ഉപയോഗിച്ചു. ഈ വാക്കുകൾ കേൾക്കുമ്പോൾ, ബംഗാളിനെക്കുറിച്ചാണോ അതോ രാജ്യത്തെക്കുറിച്ചാണോ സംസാരിക്കുന്നതെന്ന് ഞാൻ അത്ഭുതപ്പെട്ടു! ഇരുപത്തിനാല് മണിക്കൂറും കാണുന്നതും കേൾക്കുന്നതും അബദ്ധത്തിൽ ഇവിടെ വിശദീകരിച്ചിരിക്കുക എന്നത് സ്വാഭാവികം. കോൺഗ്രസിലെ ബജ്വ സാഹിബും നല്ല പ്രസംഗം നടത്തി. അദ്ദേഹം അത് വലിച്ചു നീട്ടി കൊണ്ട് പോയപ്പോൾ എനിക്കു തോന്നി വളരെ പെട്ടെന്നു തന്നെ അടിയന്തിരാവസ്ഥയിലേക്ക് എത്തിച്ചേരുമെന്ന്, കുറച്ചു കൂടി സമയം കഴിഞ്ഞാൽ, ഒരു പടി കൂടി കടന്നാൽ അദ്ദേഹം അദ്ദേഹം 1984 ലേക്ക് എത്തിച്ചേരുമെന്ന് എനിക്കു

തോന്നി. . പക്ഷേ അദ്ദേഹം അവിടെക്കു പോയില്ല . സാരമില്ല കോൺഗ്രസ് രാജ്യത്തെ ഒരുപാട് നിരാശപ്പെടുത്തി, താങ്കളും നിരാശപ്പെടുത്തി.

ആദരണീയ സഭാദ്ധ്യക്ഷൻ, ഒരു ഉദ്ധരണി സഭയുടെ മുന്നിൽ വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രത്യേകിച്ചും ജനാധിപത്യത്തിൽ ചിലർ സംശയം പ്രകടിപ്പിക്കുമ്പോൾ , ഭാരതത്തിൻറെ അടിസ്ഥാന ശക്തിയെ കുറിച്ച് സംശയം പ്രകടിപ്പിക്കുമ്പോൾ . അവരോടു ഞാൻ പ്രത്യേകം പറയുന്നു, ഇത് മനസിലാക്കുവാനുള്ള ശ്രമം നടത്തുക. നമ്മുടെ ജനാധിപത്യം ഒരു രീതിയിലും ഒരു പാശ്ചാത്യസ്ഥാപനം അല്ല, അതൊരു മാനവ സ്ഥാപനമാണ്. ഭാരതത്തിൻറെ ഇതിഹാസം ജനാധിപത്യ സംഘടനകളെ കുറിച്ച് നിരവധി ഉദാഹരണങ്ങളുണ്ട്.

പുരാതന ഇന്ത്യയിലെ 81 റിപ്പബ്ലിക്കുകളുടെ വിവരണം നമുക്ക് കണ്ടെത്താം. ഇന്ന്, ഭാരതത്തിൻറെ ദേശീയതയ്ക്കെതിരെ നടക്കുന്ന ആക്രമണങ്ങളെക്കുറിച്ച് നമ്മുടെ പൗരന്മാർക്ക് മുന്നറിയിപ്പ് നൽകേണ്ടത് ആവശ്യമാണ്. ഇന്ത്യൻ ദേശീയവാദം സങ്കുചിതമല്ല , സ്വാർത്ഥമല്ല, ആക്രമണോത്സുകമല്ല. "സത്യം, ശിവം, സുന്ദരം" എന്ന മൂല്യങ്ങളിൽ നിന്നാണ് ഈ പ്രചോദനം ഉൾക്കൊണ്ടിരിക്കുന്നത്. ". ആദരണീയ അധ്യക്ഷ് ജി, ഈ ഉദ്ധരണി ആസാദ് ഹിന്ദ് ഫൌജിൻറെ പ്രഥമ ഗവൺമെൻറിലെ പ്രഥമ പ്രധാനമന്ത്രി നേതാജി സുഭാഷ് ചന്ദ്ര ബോസിൻറേതാണ്. അദ്ദേഹത്തിൻറെ നൂറ്റി ഇരുപത്തിയഞ്ചാമത് വാർഷികം നമ്മൾ ആഘോഷിക്കുന്നത് ഇന്നാണ് എന്നത് യാദൃശ്ചികമാകാം.

എന്നാൽ നിർഭാഗ്യകരമെന്ന് പറയേണ്ടത് അറിഞ്ഞോ അറിയാതെയോ നമ്മൾ നേതാജിയുടെ ഈ സങ്കൽപ്പത്തെ , നേതാജിയുടെ ഈ ചിന്തകളെ , നേതാജിയുടെ ഈ ആദർശത്തെ നമ്മൾ മറന്നു, അതിൻ ഫലമായി നാം നമ്മെത്തന്നെ ശപിക്കാൻ തുടങ്ങി, ചിലപ്പോഴൊക്കെ ഞാൻ ഞെട്ടിപ്പോകും. ലോകം നമുക്ക് പിടിക്കാൻ ഒരു വാക്ക് തന്നു, നമ്മൾ അതും പിടിച്ച് നടക്കുന്നു. . ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യം! ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യം! ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യം! ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യം എന്ന് കേൾക്കാൻ നമുക്കും ഇഷ്ടമായിരുന്നു, പക്ഷേ ഇന്ത്യയാണ് ജനാധിപത്യത്തിൻറെ മാതാവ് എന്നു നമ്മുടെ യുവതലമുറയെ നമ്മൾ പഠിപ്പിച്ചില്ല . ഭാരതം ജനാധിപത്യത്തിൻറെ അമ്മയാണ്. ഇന്ത്യ ജനാധിപത്യത്തിന് ജന്മം നൽകി, അത് നമ്മൾ ആകുന്നത് വെറുതെയല്ല. നമ്മൾ വെറുതെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാമെന്നല്ല, ഈ രാജ്യം ജനാധിപത്യത്തിന്റെ മാതാവാണ്. നമ്മുടെ പൂർവ്വികർ നമുക്ക് ഈ പൈതൃകം നൽകിയതിനാൽ നാം അത് നമ്മുടെ ഭാവി തലമുറയെ പഠിപ്പിക്കുകയും അഭിമാനത്തോടെ പറയുകയും വേണം. ഇന്ത്യയിൽ ജനാധിപത്യ ഭരണസംവിധാനം ഉള്ളതുകൊണ്ട് മാത്രം നമ്മൾ ഒരു ജനാധിപത്യ രാജ്യമായതല്ല . ഇന്ത്യയുടെ സംസ്കാരം, ഭാരതത്തിന്റെ ധാർമ്മികത, ഇന്ത്യയുടെ പാരമ്പര്യങ്ങൾ, ഇന്ത്യയുടെ ഹൃദയം എന്നിവ ജനാധിപത്യപരമാണ്, അതിനാൽ നമ്മുടെ സംവിധാനം ജനാധിപത്യപരമാണ്. അത് അങ്ങിനെ ആയത് കൊണ്ട് ഇത് അങ്ങിനെ ആയെന്നല്ല, അടിസ്ഥാനപരമായി തന്നെ നമ്മൾ ജനാധിപത്യവാദികളാണ്. അതാണ് കാരണം. ഈ പരീക്ഷണത്തിലൂടെ കടന്നുപോയി. അടിയന്തരാവസ്ഥയിലെ ആ നാളുകൾ ഓർക്കുക. എന്തായിരുന്നു ജൂഡീഷ്യറിയുടെ അവസ്ഥ? മാധ്യമങ്ങളുടെ അവസ്ഥ എങ്ങനെയുണ്ടായിരുന്നു? ഭരണം എങ്ങനെയായിരുന്നു? എല്ലാം ജയിലറകളാക്കി മാറ്റപ്പെട്ടിരുന്നു. പക്ഷേ ജനാധിപത്യത്തിലൂടെ നിറം പകർന്ന ഈ രാജ്യത്തിൻറെ സംസ്കാരം, ഈ രാജ്യത്തിൻറെ ജനങ്ങളുടെ മനസ്സ് അവയെ പിടിച്ച് കുലുക്കാൻ അടിയന്തിരാവസ്ഥക്ക് സാധിച്ചില്ല. കിട്ടിയ അവസരത്തിൽ തന്നെ ജനാധിപത്യം പുനഃസ്ഥാപിക്കപ്പെട്ടു. ഇതായിരുന്നു ആളുകളുടെ ശക്തി, അതാണ് നമ്മുടെ സംസ്കാരത്തിൻറെ ശക്തി , നമ്മുടെ മൂല്യങ്ങളുടെ ശക്തി . ഇവിടെ ഏത് സർക്കാർ, ഏത് സർക്കാർ എന്നതല്ല വിഷയം, അതിനെക്കുറിച്ച് ചർച്ച ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല , അത്തരം കാര്യങ്ങൾക്കായി സമയം കളയാൻ അല്ല നിങ്ങൾ എന്നെ ഇവിടെ ഇരുത്തിയിരിക്കുന്നത്. അയച്ചിട്ടില്ല. നമ്മുടെ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിച്ചു കൊണ്ട് നമുക്ക് മുന്നോട്ട് പോകണം .

ആത്മനിർഭർ ഭാരത് എന്ന ആശയവും ചർച്ച ചെയ്യപ്പെട്ടു. ആത്മനിർഭർ ഭാരത ദിശ എന്തായിരിക്കണമെന്ന് നമ്മുടെ സഹപ്രവർത്തകൻ ധർമ്മേന്ദ്ര പ്രധാൻ ജി വിശദമായി അതേക്കുറിച്ച് പറയുകയുണ്ടായി . എന്നാൽ സാമ്പത്തിക മേഖലയിലും ഇന്ന് ഇന്ത്യക്ക് എത്തിച്ചേരാൻ സാധിയ്ക്കുന്നു എന്നതും ശരിയാണ്. ഒരു വശത്ത്, ലോകമെമ്പാടുമുള്ള

ആളുകൾ കൊറോണ കാലത്ത് ലോകമെമ്പാടുമുള്ള ജനം നിക്ഷേപത്തിനായി കൊതിക്കുമ്പോൾ, എന്നാൽ ഇന്ത്യയിൽ റെക്കോർഡ് നിക്ഷേപമാണ് ലഭിക്കുന്നത്. എല്ലാ കണക്കുകളും പറയുന്നതു പല . രാജ്യങ്ങളിലെയും സാമ്പത്തിക അവസ്ഥ കഴഞ്ഞ് മറിഞ്ഞിരിക്കുന്നു എന്നാണ് . എന്നാൽ ലോകം ഇന്ത്യയിൽ ഇരട്ട അക്ക വളർച്ചയാണ് ഉണ്ടാകുക എന്ന് അനുമാനിക്കുന്നു. ഒരു വശത്ത്, പരിസ്ഥിതി തികച്ചും ഇരുണ്ടതാണെങ്കിലും, പ്രത്യാശയുടെ ഒരു കിരണമാണ് ഇന്ത്യയിൽ കാണുന്നത്. ഇന്ന്, ഇന്ത്യയുടെ വിദേശ നാണ്യ കരുതൽ ശേഖരം റെക്കോർഡ് തലത്തിലെത്തി, അതുപോലെ തന്നെ ഭാരതത്തിലെ ഭക്ഷ്യ ഉൽപാദനവും. ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ ഇന്റർനെറ്റ് ഉപയോഗിക്കുന്ന രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. ഇന്ന്, ഇന്ത്യയിൽ പ്രതിമാസം 54,000 കോടി രൂപയുടെ ഇടപാട് ഡിജിറ്റലായി നടക്കുന്നുണ്ട്. യു പി ഐ എന്ന മാർഗ്ഗത്തിലൂടെ ആണ് ഇത് ചെയ്യുന്നത്. ഒന്നു ഓർത്തു നോക്കൂ, രണ്ടോ മൂന്നോ വർഷം മുമ്പ് ഈ സഭയിൽ തന്നെ നടന്ന ഒരു പ്രസംഗം കേൾക്കുകയായിരുന്നു, അതിൽ മൊബൈൽ ഫോൺ എങ്ങിനെ , എവിടെ കാണും , എങ്ങനെ ആളുകൾ ഡിജിറ്റലായി ചെയ്യാൻ കഴിയും എന്ന ആശങ്ക പ്രകടിപ്പിക്കപ്പെട്ടു. ഈ രാജ്യത്തിൻറെ ശക്തി നോക്കൂ. പ്രതിമാസം നാല് ലക്ഷം കോടി രൂപ . ഒരു മൊബൈൽ ഫോൺ നിർമ്മാതാവ് എന്ന പേരിൽ ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ രാജ്യമായി ഇന്ത്യ മാറി. സ്റ്റാർട്ടപ്പുകളും യൂണികോണുകളും റെക്കോർഡ് സംഖ്യയിൽ നടത്തുന്നു, എന്തിൻറെ പേരിൽ ലോകം ജയാരവം മുഴക്കുന്നുവോ അവ ഈ ഭൂമിയിൽ നമ്മുടെ യുവ തലമുറയാണ് ചെയ്യുന്നത് .

പുനരുപയോഗ ഊർജ മേഖലയിൽ ലോകത്തിലെ മികച്ച ആദ്യ അഞ്ച് രാജ്യങ്ങളിൽ ഇന്ത്യ സ്ഥാനം ഉറപ്പിച്ചു, സമീപഭാവിയിൽ നമ്മൾ നമ്മുടെ സ്ഥാനം മെച്ചപ്പെടുത്താൻ പോകുകയാണ്. കരയോ കടലോ ആകാശമോ ബഹിരാകാശമോ എന്നിങ്ങനെ എല്ലാ മേഖലയിലും സ്വയം പ്രതിരോധിക്കാനുള്ള കരുത്തോടെ മിടുക്കോടെ ഇന്ത്യ ഉറച്ചുനിൽക്കുന്നു. സർജിക്കൽ സ്ട്രൈക്കായാലും

ആദരണീയ അദ്ധ്യക്ഷൻ,സർ, രണ്ടായിരത്തി പതിനാലിൽ ആദ്യമായി ഈ ചുറ്റുപാടിലേക്ക് വന്നപ്പോൾ, നേതാവായി ഞാൻ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ, എൻറെ കന്നിപ്രസംഗത്തിൽ ഞാൻ സൂചിപ്പിക്കുകയുണ്ടായി ദർദ്രർക്ക് വേണ്ടി സമർപ്പിക്കപ്പെട്ടതാണ് എൻറെ ഗവൺമെൻറ് എന്ന്. ഇന്ന് രണ്ടാം അവസരത്തിലും എൻറെ തീരുമാനം ആവർത്തിക്കുകയാണ്, ദാരിദ്ര്യം തുടച്ചുനീക്കാതെ രാഷ്ട്രത്തിന് പുരോഗതി പ്രാപിക്കാനാവില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നതിനാൽ, ഒട്ടും നേർപ്പിക്കാതെ , ഒരു വ്യതിചലനവും കൂടാതെ ഒരേ ദിശയിൽ ഒരേ സ്വഭാവത്തോടെ പ്രവർത്തിക്കുന്നു. നമ്മുടെ ശ്രമങ്ങളെ കൂട്ടിച്ചേർത്തു മുന്നോട്ട് പോകേണ്ടി വരും. ചില ശ്രമങ്ങൾ നേരത്തെ നടത്തിയിരുന്നെങ്കിൽ അതിലേക്കു കുറച്ചുകൂടി ചേർക്കേണ്ടി വരും. ചെയ്തതു മതിയെന്ന ധാരണയിൽ വിശ്രമിക്കാനാവില്ല. നമ്മൾ ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

ആത്മവിശ്വാസം സൃഷ്ടിക്കുന്ന ഈസ് ഓഫ് ലിവിംഗിന് ആവശ്യമായ അടിസ്ഥാന ആവശ്യകതകൾ നിറവേറ്റാൻ കഴിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട് ദാരിദ്ര്യം അനുഭവിക്കുന്നവരിൽ , ഒരിക്കൽ ആത്മവിശ്വാസം സൃഷ്ടിക്കുവാൻ സാധിച്ചാൽ ദാരിദ്ര്യത്തെ വെല്ലുവിളിക്കാനുള്ള കരുത്തോടെ അവർക്ക് നിലകൊള്ളാൻ കഴിയും. അവർ ആരുടേയും ഔദാര്യത്തിന് വേണ്ടി കാത്തുനിൽക്കില്ല . ഇത് എൻറെ അനുഭവമാണ്. അത് കൊണ്ട് പറഞ്ഞു. രാജ്യത്ത് പത്ത് കോടിയിലധികം ശൗചാലയങ്ങൾ നിർമ്മിച്ചതിലും നാൽപ്പത്തിയൊന്ന് കോടിയിലധികം ആളുകൾ പുതിയ ബാങ്ക് അക്കൗണ്ടുകൾ തുറന്നതിലും എനിക്ക് സന്തോഷമുണ്ട്. അതേ സമയം രണ്ട് കോടിയിലധികം പാവപ്പെട്ടവർക്ക് വീട് നിർമിച്ചു നൽകി. കൂടാതെ, എട്ട് കോടിയിലധികം സൗജന്യ ഗ്യാസ് കണക്ഷനുകൾ നൽകിയപ്പോൾ, അഞ്ച് ലക്ഷം രൂപ വരെ സൗജന്യ ചികിത്സയുടെ സൗകര്യം പാവപ്പെട്ടവരുടെ ജീവിതത്തിൽ വലിയ ശക്തിയായി. പാവപ്പെട്ടവരുടെ ജീവിതത്തെ മാറ്റിമറിക്കുകയും അവരിൽ ഒരു പുതിയ ആത്മവിശ്വാസം ഉണർത്തുകയും ചെയ്യുന്ന ഇത്തരം നിരവധി പദ്ധതികൾ ഉണ്ട്.

ബഹുമാനപ്പെട്ട സഭാധ്യക്ഷ് ജി, സർ, വെല്ലുവിളികൾ ഉണ്ട്. വെല്ലുവിളികൾ ഇല്ലെങ്കിൽ ? അതെപ്പോഴും എവിടേയും ഉണ്ട്. ലോകത്തിലെ ഏറ്റവും സമ്പന്നരായ രാജ്യങ്ങൾക്ക് പോലും നേരിടാൻ വെല്ലുവിളികളുണ്ട്. നമ്മുടെ വെല്ലുവിളികൾ വ്യത്യസ്തമാണ് അവരുടെ വെല്ലുവിളികൾ വ്യത്യസ്തമാണ്. പക്ഷേ നമ്മൾ പ്രശ്ന ഭാഗമാകണോ അതോ പരിഹാര ഭാഗമാകണോ എന്ന് തീരുമാനിക്കേണ്ടതുണ്ട് . വളരെ നേർത്ത വരയാണ് രണ്ടിനും മദ്ധ്യേ

ഉള്ളത്. നമ്മൾ പ്രശ്ന ഭാഗമാകുകയാണെങ്കിൽ, രാഷ്ട്രീയ പരിഗണനകൾ തകരാറിലാകും , എന്നാൽ നമ്മൾ സമാധാന ഭാഗമാകുകയാണെങ്കിൽ, രാഷ്ട്രതാത്പര്യങ്ങളെ അത് സുന്ദരമാക്കും . അതുകൊണ്ട് ഇന്നത്തെ തലമുറയെയും ഭാവി തലമുറയെയും കുറിച്ച് ചിന്തിക്കേണ്ടത് നമ്മുടെ കടമയാണ്. പ്രശ്നങ്ങൾ ഉണ്ട്, എന്നാൽ എനിക്കുറപ്പുണ്ട്, ആത്മവിശ്വാസത്തോടെ നമ്മൾ ഒരുമിച്ച് പ്രവർത്തിക്കും, ആത്മവിശ്വാസത്തോടെ പ്രവർത്തിക്കും. നമ്മൾ സാഹചര്യം മാറ്റും നമ്മാൾ ആഗ്രഹിച്ച ഫലവും കൈവരിക്കും

ആദരണീയ അദ്ധ്യക്ഷ് ജി , സഭയിൽ കർഷകരുടെ പ്രതിഷേധത്തെക്കുറിച്ച് ഒരുപാട് ചർച്ചകൾ നടന്നു. ചർച്ചയുടെ ഭൂരിഭാഗം സമയവും പ്രതിഷേധത്തെ വിശദീകരിക്കുന്നതിലാണ് വിനിയോഗിച്ചതെങ്കിലും പ്രതിഷേധ വിഷയം എന്തെന്നറിയാതെ എല്ലാവരും നിശബ്ദരായി. പ്രതിഷേധം എങ്ങനെ നടക്കുന്നു, എന്താണ് സംഭവിക്കുന്നത് എന്നിങ്ങനെ പല കാര്യങ്ങളും പരാമർശിച്ചു. ഈ കാര്യങ്ങളും പ്രധാനമാണ് എന്നാൽ അടിസ്ഥാനപരമായ വിഷയം വിശദമായി ചർച്ച ചെയ്തിരുന്നെങ്കിൽ നന്നായിരുന്നു. ബഹുമാനപ്പെട്ട നമ്മുടെ ആദരണീയ കൃഷിമന്ത്രി വളരെ ഭംഗിയായി ചില ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. ആ ചോദ്യങ്ങൾക്ക് ഒരിക്കലും ഉത്തരം ലഭിക്കില്ലെന്ന് എനിക്ക് ഉറപ്പുണ്ട്, എന്നാൽ ഈ സഭയിൽ അദ്ദേഹം ഇക്കാര്യം വ്യക്തമായി ചർച്ച ചെയ്തു.

ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷ് ജി ബഹുമാനപ്പെട്ട ദേവഗൗഡ ജിയോട് എനിക്കു വളരെ നന്ദിയുയുണ്ട്. ഈ ചർച്ചയിൽ എല്ലാം അദ്ദേഹം വളരെ ഗൌരവത്തോടെ തന്നെ ഇടപെട്ടു . സർക്കാർ ചെയ്യുന്ന നല്ല ശ്രമങ്ങളെ അദ്ദേഹം പ്രശംസിച്ചു, കാരണം കർഷകർക്ക് വേണ്ടി ജീവിതം അദ്ദേഹം സമർപ്പിച്ചു. ഈ ഗവൺമെന്റിന്റെ ശ്രമങ്ങളെ അദ്ദേഹം പ്രശംസിക്കുകയും ചില നല്ല നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട ദേവഗൗഡ ജിയോട് ഞാൻ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

ബഹുമാനപ്പെട്ട അധ്യക്ഷ് ജി, കൃഷിയുടെ അടിസ്ഥാന പ്രശ്നം എന്താണ്, അതിൻറെ മൂലകാരണം എവിടെയാണ് കിടക്കുന്നത് ? ഞാൻ ഇന്ന് മുൻ പ്രധാനമന്ത്രി ചൗധരി ചരൺ സിംഗ് ജി ഇതേക്കുറിച്ച് വളരെ വിശദീകരിച്ചതിനെ കുറിച്ച് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു . അദ്ദേഹത്തിൻറെ പാരമ്പര്യം അഭിമാനത്തോടെ അവകാശപ്പെടുന്ന നിരവധി പേരുണ്ട്. അവർ തീർച്ചയായും ഇത് മനസ്സിലാക്കാൻ ശ്രമിക്കും. 1970-71 ൽ നടന്ന കാർഷിക സെൻസസിനെക്കുറിച്ച അദ്ദേഹം തൻറെ പ്രസംഗത്തിൽ എപ്പോഴും പറയാറുണ്ട്, ഞാൻ അതേ കുറിച്ചാണ് സംസാരിക്കുന്നത്. ബഹു. ചൗധരി ചരൺ സിംഗ് ജി എന്താണ് പറഞ്ഞത് ? അദ്ദേഹത്തിൻറെ വാക്കുകളാണ് :-

"കർഷകരുടെ കണക്കെടുപ്പ് നടത്തി, അതിൽ മുപ്പത്തി മൂന്നു ശതമാനം കർഷകരിങ്ങനെയാണ്, അവരിൽ രണ്ടു ബിഗയിൽ താഴെ ഭൂമിയുള്ളൂ, രണ്ടു ബിഗ ഇല്ല, രണ്ടു ബീഗ വരെയോ ഭൂമിയോ ഉള്ളവരാണെന്ന് കണ്ടെത്തി. . പതിനെട്ട് ശതമാനം എന്ന് പറയുന്ന കർഷകരിൽ 2 മുതൽ നാല് ബിഗാ വരെയുള്ള ഭൂവുടമകളുണ്ട്, അതായത് അര ഹെക്ടർ മുതൽ ഒരു ഹെക്ടർ വരെ.

ഇവർ 51 ശതമാനം കർഷകരാണ്. ഇവർ എത്ര കഠിനാധ്വാനം ചെയ്താലും അവരുടെ ചെറിയ ഭൂമിയിൽ ഇവരുടെ ജീവിതം സത്യസന്ധമായി നിലനിർത്താൻ കഴിയില്ല." ഇത് ബഹു. ചൗധരി ചരൺ സിംഗ് ജിയുടെ വാക്കുകൾ ആണ് . ചെറുകിട കർഷകരുടെ ദയനീയമായ അവസ്ഥ അദ്ദേഹത്തെ എപ്പോഴും വേദനിപ്പിച്ചു. അദ്ദേഹം എപ്പോഴും അവരെക്കുറിച്ച് ആശങ്കാകുലനായിരുന്നു. ഇപ്പോൾ, മുന്നോട്ടു നോക്കാം . ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കർഷകരുടെ ശതമാനം 1971 ലെ 51 ശതമാനത്തിൽ നിന്ന് ഇന്ന് 68 ശതമാനമായി വർദ്ധിച്ചു. ചെറിയൊരു ഭാഗം ഭൂവുടമസ്ഥതയുള്ള ഇത്തരം കർഷകരുടെ എണ്ണം രാജ്യത്ത് വർധിച്ചുവരികയാണ് എന്നർത്ഥം. ഇന്ന്, ചെറുകിട നാമമാത്ര കർഷകരെ സംയോജിപ്പിച്ചാൽ, അവർ 86 ശതമാനത്തിലധികം വരും, അവരുടെ എണ്ണം 12 കോടിയാണ്, കൂടാതെ, ഈ കർഷകരുടെ കൈവശം 2 ഹെക്ടറിൽ താഴെയാണ് ഭൂമി. ഈ 12 കോടി കർഷകരോട് ഞങ്ങൾക്ക് ഒരു ഉത്തരവാദിത്തവുമില്ലേ? രാഷ്ട്രത്തിന് അവരോട് ഒരു ഉത്തരവാദിത്തവും ഇല്ലേ? നമ്മുടെ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഈ 12 കോടി കർഷകരെ കേന്ദ്രീകരിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണോ അല്ലയോ? ബഹുമാനപ്പെട്ട ചൗധരി ചരൺ സിംഗ് ജി ഈ ചോദ്യത്തിൻറെ ഉത്തരം നമുക്ക് വിട്ടുതന്നിരിക്കുന്നു , ഈ ഉത്തരം

നമ്മൾ കണ്ടെത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട ചൗധരി ചരൺ സിംഗ് ജിക്ക് യഥാർത്ഥ ആദരാഞ്ജലികൾ അർപ്പിക്കാൻ, ഓരോരുത്തർക്കും ഒരവസരം കിട്ടുമ്പോഴെല്ലാം അവരവരുടേതായ രീതിയിൽ പരിശ്രമിക്കേണ്ടതുണ്ട്.

മുൻ സർക്കാരുകളുടെ ചിന്തയിൽ ചെറുകിട കർഷകൻ ആരായിരുന്നു? ഒരിക്കലെങ്കിലും ചിന്തിച്ചാൽ നമുക്കത് ഓർമ വരും. വിമർശനത്തിന് വേണ്ടിയല്ല ഞാൻ പറയുന്നത്. എന്നാൽ നാമെല്ലാവരും ചിന്തിക്കേണ്ടതുണ്ട്. തിരഞ്ഞെടുപ്പ് വരുന്നതിന് തൊട്ടുമുമ്പ് ഒരു കാര്യക്രമം ഉണ്ട്. കാർഷിക വായ്പ എഴുതിത്തള്ളൽ എന്നാൽ ഇത് കർഷകർക്ക് വേണ്ടിയുള്ള പരിപാടിയാണോ അതോ വോട്ടുകൾക്കായുള്ള പരിപാടിയാണോ എന്ന് ഇന്ത്യയിലെ എല്ലാവർക്കും നന്നായി അറിയാം; എന്നിരുന്നാലും, ഈ പ്രക്രിയയിൽ വായ്പ എഴുതിത്തള്ളിയിരുന്നു. അവിടെയും ചെറുകിട കർഷകൻ വഞ്ചിക്കപ്പെട്ടിരുന്നു . കാരണം ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുന്നവർക്ക് മാത്രമേ വായ്പ എഴുതിത്തള്ളൽ ബാധകമാകൂ. പാവം ബാങ്കിൽ അക്കൗണ്ട് പോലുമില്ലാത്ത ചെറുകിട കർഷകർ വായ്പക്ക് വേണ്ടി എവിടെ പോകും? രാഷ്ട്രീയത്തിന് വേണ്ടി നമ്മൾ ചെയ്തിട്ടുണ്ടാകാം, ചെറുകിട കർഷകർക്ക് വേണ്ടിയല്ല. ബാങ്ക് അക്കൗണ്ടില്ലാത്ത ഒന്നോ രണ്ടോ ഏക്കർ ഭൂമിയുള്ള കർഷകന് വായ്പ എടുക്കുകയോ വായ്പ എഴുതിത്തള്ളലിന്റെ ആനുകൂല്യം ലഭിക്കുകയോ ചെയ്യുന്നില്ല.

അതുപോലെ, മുമ്പത്തെ 'ഫസൽ ബീമ യോജന' എന്തായിരുന്നു? ഒരു തരത്തിൽ ബാങ്ക് ഗ്യാരണ്ടിയായി പ്രവർത്തിച്ചിരുന്ന അതും ചെറുകിട കർഷകൻറെ കാര്യത്തിൽ ഇല്ലായിരുന്ന , ബാങ്കിൽ നിന്ന് വായ്പയെടുത്ത ഇൻഷുറൻസ് ഉള്ള അതേ കർഷകരെ ഉദ്ദേശിച്ചായിരുന്നു ഇത്. ഇന്ന് രണ്ട് ഹെക്ടറിൽ താഴെ ഭൂമിയുള്ള എത്ര കർഷകർ ഇന്ന് ബാങ്കിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട്? ഇനി ജലസേചന സൗകര്യം നോക്കാം. ചെറുകിട കർഷകർക്ക് ഇതുപോലും ലഭിച്ചില്ല. വൻകിട കർഷകർ വലിയ പമ്പുകളും കുഴൽക്കിണറുകളും എളുപ്പത്തിൽ സ്ഥാപിച്ചു. അവർക്ക് എളുപ്പത്തിൽ വൈദ്യുതി ലഭിക്കുകയും വൈദ്യുതിയും സൗജന്യമായി ലഭിക്കുകയും ചെയ്തു. അവരുടെ കാര്യങ്ങൾ മുന്നോട്ട് പോയി . ചെറുകിട കർഷകനു ജലസേചനത്തിന് പോലും ബുദ്ധിമുട്ട് നേരിട്ടു. ഒരു കുഴൽ കിണർ സ്ഥാപിക്കാൻ അവർക്ക് കഴിഞ്ഞില്ല, ചിലപ്പോൾ വൻകിട കർഷകരിൽ നിന്ന് വെള്ളം വാങ്ങുകയും അവർ ആവശ്യപ്പെടുന്ന വില നൽകുകയും ചെയ്യേണ്ടിവന്നു. ഇനി, യൂറിയയുടെ കാര്യം നോക്കൂ, വൻകിട കർഷകർക്ക് യൂറിയ കിട്ടാൻ പ്രശ്നമില്ലെങ്കിലും ചെറുകിട കർഷകന് രാത്രി മുഴുവൻ ക്യൂവിൽ നിൽക്കേണ്ടി വന്നു, . ചിലപ്പോൾ ലാത്തിചാർജ്ജ് ഏറ്റുവാങ്ങേണ്ടി വന്നു ചിലപ്പോൾ വെറുംകൈയോടെ മടങ്ങേണ്ടി വന്നു. ഈ ചെറുകിട കർഷകരുടെ അവസ്ഥ നമുക്കറിയാം. 2014-ന് ശേഷം ചില മാറ്റങ്ങൾ ഞങ്ങൾ വരുത്തി. 'വിള ഇൻഷുറൻസ് പദ്ധതിയുടെ' പരിരക്ഷ ഞങ്ങൾ വർദ്ധിപ്പിച്ചു, അതുവഴി ചെറുകിട കർഷകർക്ക് പോലും ഇതിന്റെ പ്രയോജനം ലഭിക്കും. തുച്ഛമായ തുകയിൽ ഞങ്ങൾ ഈ ജോലി ആരംഭിച്ചപ്പോൾ, കഴിഞ്ഞ നാലോ അഞ്ചോ വർഷത്തിനിടയിൽ, വിള ഇൻഷുറൻസ് പദ്ധതിയിൽ 90,000 കോടി രൂപയുടെ ക്ലെയിമുകൾ കർഷകർക്ക് ലഭിച്ചു. അത് ചെറിയ തുകയല്ല. ഈ തുക വായ്പ എഴുതിത്തള്ളൽ പദ്ധതിയുടെ തുകയേക്കാൾ കൂടുതലാണ്.

പിന്നെ കിസാൻ ക്രെഡിറ്റ് കാർഡ് ഉണ്ട്. പക്ഷേ അത് വലിയ കർഷകർക്ക് മാത്രം പ്രയോജനം ചെയ്തു. വളരെ കുറഞ്ഞ പലിശയ്ക്കാണ് ഇവർ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തിരുന്നത്. ചില സംസ്ഥാനങ്ങളിൽ പലിശ നിരക്ക് പൂജ്യം ശതമാനത്തിൽ താഴെയായിരുന്നു. വൻകിട കർഷകർക്ക് സാധാരണയായി ചില സൈഡ്-ബിസിനസ്സുകളോ വ്യാപാരമോ ഉണ്ടായിരുന്നു, ആ വ്യാപാരങ്ങളിൽ നിക്ഷേപിക്കുന്നതിന് വായ്പയെടുത്ത പണമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ചെറുകിട കർഷകർക്ക് ഇതുപോലും ഇല്ലായിരുന്നു. ഇന്ത്യയിലെ എല്ലാ കർഷകർക്കും കിസാൻ ക്രെഡിറ്റ് കാർഡ് നൽകാൻ ഞങ്ങൾ തീരുമാനിച്ചു. മാത്രവുമല്ല, മത്സ്യത്തൊഴിലാളികൾക്കും ഇതിൻറെ പ്രയോജനം ലഭിക്കുന്നതിനായി ഞങ്ങൾ ഈ സൗകര്യം വ്യാപിപ്പിച്ചിട്ടുണ്ട്. നൂറ്റി എഴുപത്തിയഞ്ച് ലക്ഷത്തിലധികം കർഷകർ 'കിസാൻ ക്രെഡിറ്റ് കാർഡ്' പ്രയോജനപ്പെടുത്തി. കൂടുതൽ കൂടുതൽ കർഷകർക്ക് ഇത് പ്രയോജനപ്പെടുത്താൻ ഈ പ്രവർത്തനം തുടർച്ചയായി തുടരാൻ മറ്റ് സംസ്ഥാനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾ കൂടുതൽ സഹായം നൽകുന്നതോടെ കൂടുതൽ പ്രവർത്തനങ്ങൾ നടത്തും. അതുപോലെ, ഞങ്ങൾ 'പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി യോജന' എന്ന പേരിൽ ഒരു പദ്ധതി കൊണ്ടുവന്നു. ഈ പദ്ധതിയിലൂടെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് പണം നേരിട്ട് എത്തുന്നത്. ഇവരെല്ലാം

മുൻകാലങ്ങളിൽ ഇത്തരത്തിൽ സഹായം ലഭിക്കാത്ത പാവപ്പെട്ട കർഷകരാണ്. ഇന്ന് ഈ പദ്ധതിയുടെ പ്രയോജനം നേടിയ 10 കോടി കുടുംബങ്ങളുണ്ട്. രാഷ്ട്രീയം തടസ്സപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ പശ്ചിമ ബംഗാളിൽ നിന്നുള്ള കർഷകരും ഈ പദ്ധതിയുമായി ബന്ധപ്പെടുമായിരുന്നു, ഒടുവിൽ ഈ കണക്ക് വളരെ കൂടുതലാകുമായിരുന്നു. ഇതുവരെ 1,15,000 കോടി രൂപ ഈ കർഷകരുടെ അക്കൗണ്ടുകളിലേക്ക് കൈമാറി. ഈ പണം കൈപ്പറ്റിയവരെല്ലാം പാവപ്പെട്ടവരും ചെറുകിട കർഷകരുമാണ്. ഞങ്ങളുടെ എല്ലാ പദ്ധതികളും ഈ ആളുകളെ കേന്ദ്രീകരിച്ചാണ്.

ബഹുമാനപ്പെട്ട അധ്യക്ഷ് ജി , 100% സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതിനെക്കുറിച്ച് ഞങ്ങൾ സംസാരിച്ചു, അതിലൂടെ ഒരു ചെറുകിട കർഷകന് പോലും അവരുടെ ഭൂമി എത്രമാത്രം ഫലഭൂയിഷ്ഠമാണെന്നും അത് ഏത് വിളയ്ക്ക് അനുയോജ്യമാണെന്നും അറിയാൻ കഴിയും. 100% സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതിനായി ഞങ്ങൾ പ്രവർത്തിച്ചു. അതുപോലെ, ഞങ്ങൾ വേപ്പെണ്ണ പുരട്ടിയ യൂറിയ നൂറു ശതമാനം നല്കി. യൂറിയ ലഭിക്കുന്നതിൽ നിന്ന് പാവപ്പെട്ട കർഷകനെ ഒന്നും തടയരുത് എന്നതായിരുന്നു ഇതിന് പിന്നിലെ ഞങ്ങളുടെ ഉദ്ദേശം. യൂറിയയുടെ ഉപയോഗം വഴിതിരിച്ചു വിടുന്നത് തടയുക എന്നതായിരുന്നു ഈ ലക്ഷ്യം കൈവരിക്കുന്നതിൽ ഞങ്ങൾ വിജയിച്ചു.

ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ സൗകര്യം ഞങ്ങൾ ആദ്യമായി അവതരിപ്പിച്ചു. ഇപ്പോൾ നമ്മുടെ ചെറുകിട കർഷകർ ക്രമേണ മുന്നോട്ട് വരികയും താൽപ്പര്യം പ്രകടിപ്പിക്കുകയും ചെയ്യുന്നതായി എനിക്ക് കാണാൻ കഴിയും. അതുപോലെ, ഞങ്ങൾക്ക് 'പ്രധാനമന്ത്രി ഗ്രാം സഡക് യോജനയുണ്ട്.' ഈ പദ്ധതിയിലൂടെ റോഡുകൾ നിർമ്മിക്കുക മാത്രമല്ല, ഗ്രാമീണ കർഷകരുടെ ജീവിതത്തെ മാറ്റിമറിക്കുന്ന മഹത്തായ ഭാവിക്ക് ഇത് വഴിയൊരുക്കുകയും ചെയ്യുന്നു, അതുകൊണ്ടാണ് ഞങ്ങൾ ഈ പദ്ധതിക്ക് ഊന്നൽ നൽകിയത്.

കിസാൻ റെയിൽ എന്ന ആശയം ഞങ്ങൾ ആദ്യമായി വിഭാവനം ചെയ്തു. ചെറുകിട കർഷകർക്ക് ഉൽപന്നങ്ങൾ പ്രയാസമായിരുന്നു. . . ഇന്ന്, കിസാൻ റെയിൽ സഹായത്തോടെ ചെറുകിട കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങളും പഴങ്ങളും പച്ചക്കറികളും മുംബൈയിലെ മാർക്കറ്റുകളിൽ വിൽക്കാനും അതിൽ നിന്ന് ലാഭം നേടാനും കഴിയുന്നു. കിസാൻ റെയിലിന്റെ പ്രയോജനം ചെറുകിട കർഷകർക്കാണ്. 'കിസാൻ ഉഡാൻ യോജന' വഴി അവരുടെ

അവരുടെ ഉൽപ്പന്നങ്ങൾ ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് എളുപ്പത്തിൽ എയർലിഫ്റ്റ് ചെയ്യാം. നമുക്ക് വടക്ക്-കിഴക്കൻ മേഖലയുടെ ഉദാഹരണം എടുക്കാം. വടക്ക് കിഴക്ക് പ്രദേശങ്ങളിൽ ധാരാളം നല്ല സാധനങ്ങൾ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും ഗതാഗത സംവിധാനത്തിലെ അഭാവം മൂലം അവിടത്തെ കർഷകർക്ക് ആവശ്യമായ പ്രയോജനം ലഭിക്കില്ല. ഇന്ന്, 'കിസാൻ ഉഡാൻ യോജന'യുടെ പ്രയോജനവും അവർക്ക് ലഭിക്കുന്നുണ്ട്.

ചെറുകിട കർഷകരുടെ പ്രശ്നങ്ങളെ കുറിച്ച് എല്ലാവർക്കും അറിയാം. കാലാകാലങ്ങളിൽ അവരുടെ ശാക്തീകരണത്തിനുള്ള ആവശ്യങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ ബഹുമാന്യനായ ശരദ് പവാർ ജിയും അനേകം കോൺഗ്രസിലെ അനേകം നേതാക്കളും എല്ലാ സർക്കാരുകളും കാർഷിക പരിഷ്കാരങ്ങൾക്കായി വാദിച്ചു. ആരും പിന്നിലല്ല. എല്ലാവരും ഇത് ചെയ്യണമെന്ന് ആഗ്രഹിക്കുന്നു. അവർക്ക് അത് സാധിച്ചോ ഇല്ലയോ എന്നത് വേറെ കാര്യം. എന്നാൽ പരിഷ്കരിക്കണം എന്ന വാദത്തെ എല്ലാവരും പിന്തുണച്ചു. ഇന്ന് മാത്രമല്ല, പണ്ടും സ്ഥലവും സ്ഥാനവും നോക്കാതെ എല്ലാവരും പിന്തുണച്ചിരുന്നു. അടുത്തയിടെ ബഹുമാനപ്പെട്ട ശരദ് പവാർജി കാർഷിക പരിഷ്കരത്തിന് അനുകൂലമാണെന്ന് ഇപ്പോൾ ഒരു പ്രസ്താവനയും നടത്തിയിരുന്നു. പദ്ധതി നടത്തിപ്പിനെ കുറിച്ച് അദ്ദേഹത്തിന് മനസിൽ ചോദ്യങ്ങളുണ്ടാകാം, പക്ഷേ പരിഷ്കാരങ്ങൾക്ക് അദ്ദേഹം എതിരല്ല. ഞങ്ങളുടെ സഹപ്രവർത്തകനായ ബഹുമാനപ്പെട്ട സിന്ധ്യ ജി ഈ നിയമങ്ങളുടെ വിവിധ വശങ്ങളെ കുറിച്ച് വളരെ വ്യക്തമായ രീതിയിൽ കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് . ഈ വിഷയത്തിലെ ചർച്ചകൾ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി പല വേദികളിലായി തുടർച്ചയായി നടക്കുന്നു. ഞങ്ങളുടെ സർക്കാർ വന്നതിന് ശേഷം തുടങ്ങിയതല്ല. ഈ പരിഷ്കാരങ്ങളെക്കുറിച്ച് എല്ലാവരും സംസാരിച്ചു, സമയം വന്നിരിക്കുന്നു, ഇപ്പോൾ അത് ചെയ്യപ്പെടട്ടെ എന്ന് എല്ലാവർക്കും തോന്നി. അവിടെയും ഇവിടെയും ചെറിയ വ്യത്യാസങ്ങൾ ഉണ്ടാകാം, കുത്തോ കോമയോ അങ്ങോട്ടും ഇങ്ങോട്ടും മാറിയിട്ടുണ്ടാകാം . പക്ഷേ തങ്ങളുടെ സമയത്തെ ചിന്തകൾ ആയിരുന്നു മികച്ചത് എന്ന് ആർക്കും അവകാശപ്പെടാൻ കഴിഞ്ഞില്ല. ഞങ്ങളുടെ കാഴ്ചപ്പാട് മാത്രമാണ് ഏറ്റവും മികച്ചതെന്നും ഒരു ദശാബ്ദത്തിനു ശേഷവും

പുതിയ ആശയങ്ങളൊന്നും ഉയർന്നുവരാൻ കഴിയില്ലെന്നും എനിക്ക് പോലും അവകാശപ്പെടാൻ സാധിക്കുകയില്ല . അങ്ങനെ സംഭവിക്കുന്നില്ല. നമ്മുടെ സാമൂഹിക ജീവിതത്തിന് മാറുന്ന സ്വഭാവമുണ്ട്. ഇന്നത്തെ സമയത്തിന് ശരിയെന്നു തോന്നുന്നത് നമുക്ക് പൂർത്തിയാക്കാം. ഭാവിയിൽ നമുക്ക് അത് മെച്ചപ്പെടുത്തുകയും പുതിയ കാര്യങ്ങൾ ചേർക്കുകയും ചെയ്യും. ഇതാണ് പുരോഗതിയുടെ വഴി. തടസ്സങ്ങൾ സൃഷ്ടിച്ച് നമുക്ക് എങ്ങനെ മുന്നേറാനാകും?

എന്നാൽ ചിലർ പൊടുന്നനെ യു ടേൺ എടുത്തത് എന്നെ അത്ഭുതപ്പെടുത്തുന്നു. എന്തുകൊണ്ടാണ് അവർ ഇത് ചെയ്തത്? ഈ സമരത്തിന്റെ വിഷയങ്ങളിൽ നിങ്ങൾക്ക് സർക്കാരിനെ ചോദ്യം ചെയ്യാം കൊള്ളാം പക്ഷേ അതേ സമയം തന്നെ മാറ്റം ഇപ്പോൾ അടിയന്തിരമായി ആവശ്യമാണെന്ന് കർഷകരെ നിങ്ങൾ ബോധ്യപ്പെടുത്തേണ്ടതായിരുന്നു. ഒരുപാട് വർഷങ്ങൾ കഴിഞ്ഞു. മാറ്റം ഇപ്പോൾ അനിവാര്യമാണ്. എങ്കിൽ മാത്രമേ രാജ്യം മുന്നോട്ടു പോകൂ. എന്തു ചെയ്യും ചിലപ്പോഴൊക്കെ നമ്മുടെ സ്വന്തം ആശയങ്ങളെ പിന്നിലേക്ക് തള്ളിക്കൊണ്ട് രാഷ്ട്രീയം ആധിപത്യം സ്ഥാപിക്കുമെന്ന് ഞാൻ കരുതുന്നു. നല്ല കാര്യം , ബഹുമാനപ്പെട്ട ഡോ. മൻമോഹൻ സിംഗ് ജി ഇവിടെയുണ്ട്. ഇന്ന്, അദ്ദേഹത്തിന്റെ ഒരു ഉദ്ധരണി ഇവിടെ വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. യു-ടേൺ എടുക്കുന്നവർ എന്നോട് യോജിക്കുകയോ സമ്മതിക്കാതിരിക്കുകയോ ചെയ്യാം, പക്ഷേ അവർ തീർച്ചയായും ഡോ. മൻമോഹൻ സിംഗ് ജിയോട് യോജിക്കും എന്നെനിക്ക് ഉറപ്പുണ്ട് . "ആയിരത്തി തൊള്ളായിരത്തി മുപ്പതുകളിൽ സ്ഥാപിക്കപ്പെട്ട മൊത്തം വിപണി വ്യവസ്ഥയിലെ വിട്ടുവീഴ്ചയില്ലാത്ത മറ്റ് കാര്യങ്ങൾ അവർക്ക് കൂടിയ നിരക്കിൽ അവരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിൽ നിന്നും നമ്മുടെ കർഷകരെ തടയുന്നു. ഒരു വലിയ പൊതു വിപണിയായി ഇന്ത്യയുടെ വിശാലമായ സാധ്യതകൾ തിരിച്ചറിയുന്നതിന് തടസ്സമായി വരുന്ന ഇത്തരം പ്രതിബന്ധങ്ങളെ നീക്കം ചെയ്യുക എന്നത് നമ്മുടെ ലക്ഷ്യമാണ്" ഇത്

ആദരണീയ ഡോ. മൻമോഹൻ സിംഗ് ജിയുടെ ഉദ്ധരണിയാണിത്. കർഷകർക്ക് അവരുടെ വിളകൾ വിൽക്കാനുള്ള സ്വാതന്ത്ര്യം നൽകാനും ഭാരതത്തിന് ഒരു പൊതു കാർഷിക വിപണി നൽകാനുമുള്ള വിഷയത്തിൽ തൻറെ ആഗ്രഹം ആദരണീയ മൻമോഹൻ ജി , പ്രകടിപ്പിച്ചിരുന്നു, ഞങ്ങൾ ആ ജോലി ചെയ്യുകയാണ്. മൻമോഹൻ സിംഗ് ജി പറഞ്ഞു അത് മോദി ചെയ്യുന്നു എന്നതിൽ നിങ്ങൾ അഭിമാനിക്കണം. രസകരം എന്തെന്നാൽ, ഇവിടെ രാഷ്ട്രീയ വെല്ലുവിളികളിൽ മുഴുകുന്ന എല്ലാവരും അവരവരുടെ സംസ്ഥാനങ്ങളിൽ അവസരം കിട്ടുമ്പോഴെല്ലാം ഇതിൽ നിന്നും എന്തെങ്കിലും ഒക്കെ ചെയ്തിട്ടുണ്ട് എന്നതാണ്. ഇവിടെ ഉള്ള പ്രതിപക്ഷ കക്ഷികൾ അവർ ഭരിക്കുന്ന സംസ്ഥാനങ്ങളിലും ഇതിലെ ചില നടപടികളുമായി മുന്നോട്ട് പോയത് വേറെ പോംവഴികൾ ഇല്ല എന്ന തിരിച്ചറിവിൽ ആണ്. ഈ ചർച്ചയിൽ നിയമത്തിൻറെ സത്തകളെ കുറിച്ച് ഒരു വാദപ്രതിവാദവും നടന്നിട്ടില്ല എന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു. പരാതികൾ , അത് നേരത്തെ ചെയ്യൂ, ആരോടും ചോദിച്ചില്ല ചോദിക്കാതെ തിടുക്കത്തിൽ ചെയ്യൂ, ഒരു കൂടിയാലോചന കൂടാതെ ചെയ്യൂ . അതൊക്കെ നടക്കും. നമ്മുടെ കുടുംബങ്ങളിൽ പോലും കല്യാണ സമയങ്ങളിൽ ഇത് സംഭവിക്കുന്നു, വിവാഹസമയത്ത് 'ഫുഫി' (പിതൃ സഹോദരി) തന്നെ ആര് ക്ഷണിച്ചു എന്ന് പറഞ്ഞു നീരസം കാണിക്കാം . അതൊക്കെ സംഭവിക്കും. ഇത്ര വലിയ കുടുംബത്തിൽ ഇതൊക്കെ സംഭവിക്കാം .

ചില കാര്യങ്ങളിൽ കൂടി നമുക്ക് ശ്രദ്ധ നല്കാം. നോക്കൂ, പാലുത്പാദനം. ഒരു നിയമങ്ങളാലും നിയന്ത്രിക്കുന്നില്ലെന്ന് നമുക്ക് കാണാൻ കഴിയും, ക്ഷീര കർഷകരെ നിയമങ്ങൾ കൊണ്ട് നിയന്ത്രിക്കുന്നില്ല, പാൽ ഉത്പാദനത്തെ നിയമങ്ങൾ കൊണ്ട് നിയന്ത്രിക്കുന്നില്ല. ക്ഷീര മേഖലയിൽ സ്വകാര്യ-സഹകരണ മേഖലകൾ രണ്ടു പേരും ശക്തമായ ഒരു മേഖല സൃഷ്ടിച്ചിട്ടുണ്ട്, അത് വഴി രണ്ടു മേഖലക്കും ഒരുമിച്ച് പ്രവർത്തിക്കുന്നു. ശക്തമായ വിതരണ ശൃംഖല നമ്മുടെ രാജ്യത്തു പ്രവർത്തിക്കുന്നു എന്നതാണ് രസകരമായ കാര്യം. അത് ഞങ്ങളുടെ ഭരണകാലത്ത് അല്ല ഞങ്ങൾക്ക് മുൻപാണ് . അതിൻറെ അവകാശം നിങ്ങൾക്ക് തന്നെയാണ് . അതിൽ നിങ്ങൾക്ക് അഭിമാനിക്കാം. അതിൽ നമ്മളും അഭിമാനിക്കണം. ഇന്ന്, പഴങ്ങളും പച്ചക്കറികളും ഉത്പാദിപ്പിക്കുന്ന ഭൂരിഭാഗം കർഷകർക്കും യാതൊരു ഇടപെടലും കൂടാതെ നേരിട്ട് വിപണികളിൽ പ്രവേശനമുണ്ട്. വിപണികളിലെ തടസ്സങ്ങൾ മാറിക്കഴിഞ്ഞു. അതിൻറെ പ്രയോജനങ്ങൾ ലഭിക്കുന്നു.. ക്ഷീര ഉത്പന്നങ്ങളോ പഴം-പച്ചക്കറികളോ വാങ്ങുന്ന സംരംഭകർ കർഷകരുടെ ഉൽപ്പന്നങ്ങളും സംഭരിക്കുന്ന വ്യാപാരികൾ കർഷകരുടെ കന്നുകാലികളെയോ അവരുടെ ഭൂമിയോ

തട്ടിയെടുക്കുന്നുണ്ടോ? ഇല്ല ഇത് അങ്ങനെയല്ല. പാൽ വിൽക്കപ്പെടുന്ന കന്നുകാലികളെയല്ല . മൊത്തം കാർഷിക സമ്പദ് വ്യവസ്ഥയുടെ മൂല്യത്തെക്കാൾ 28 ശതമാനം കൂടുതലാണ് നമ്മുടെ രാജ്യത്തു ക്ഷീര മേഖലയുടെ സംഭാവന . അതായത് ദീർഘമായി കാർഷിക മേഖലയെ കുറിച്ച് നമ്മൾ ചർച്ച ചെയ്യുമ്പോൾ എട്ട് ലക്ഷം കോടി വിറ്റു വരവോടെ 28 ശതമാനം സംഭാവന എന്ന ഘടകം നമ്മൾ മറക്കുന്നു. ധാന്യങ്ങളുടെയും പരിപ്പ് വർഗ്ഗങ്ങളുടെയും മൊത്തം മൂല്യത്തെക്കാൾ കൂടുതലാണ് ക്ഷീരയുടെ അടിസ്ഥാനത്തിൽ പാലിൻറെ മൂല്യം . ഈ ഘടകത്തെ നമ്മൾ ഒരിയ്ക്കലും നോക്കിയിട്ടില്ല. കന്നുകാലികളെ വളർത്തുന്നവർ ഈ സ്വാതന്ത്ര്യം ആസ്വദിക്കുമ്പോൾ ആ സ്വാതന്ത്ര്യം എന്തു കൊണ്ട് ധാന്യങ്ങളും ഫയർ വർഗങ്ങളും ഉത്പാദിപ്പിക്കുന്ന ചെറുകിട നാമമാത്ര കർഷകർക്ക് നിഷേധിക്കണം? ഈ വരികളിൽ നമ്മൾ ചിന്തിക്കുവാൻ തുടങ്ങിയാൽ എനിക്കുറപ്പുണ്ട്, ഈ ചോദ്യങ്ങൾക്ക് ആവശ്യമായ മറുപടികൾ ലഭിച്ചു ശരിയായ പാതയിൽ നമുക്ക് സഞ്ചരിക്കാൻ ആകുമെന്ന് എനിക്കുറപ്പുണ്ട് .

ബഹുമാനപ്പെട്ട സഭാധ്യക്ഷ് ജി, ചെറിയ മാറ്റങ്ങൾ പോലും, ഉദാഹരണത്തിന്, നമ്മുടെ വീട്ടിലെ ഒരു മാറ്റം പോലും , കസേര എന്തിന് അവിടെ ഇട്ടു, മേശ എന്തിനിവിടെ വച്ചു , തുടങ്ങിയ ചെറിയ കാര്യങ്ങൾ പോലും നമ്മുടെ പ്രകൃതം അനുസരിച്ചു അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ള കാര്യം ആണ്. ഇത്രയും വലിയ രാജ്യമാണ് , നമ്മൾ വളർന്ന് വന്ന രീതികൾ എല്ലാം അനുസരിച്ചു ഇത് സ്വാഭാവികമാണ് എന്ന് ഞാൻ കരുതുന്നു. പുതിയതായി എന്തെങ്കിലും വരുമ്പോഴെല്ലാം നമുക്കിടയിൽ ഭയവും ആശയക്കുഴപ്പവും പ്രകടമാണ്. എന്നാൽ ഹരിതവിപ്ലവ കാലഘട്ടത്തെക്കുറിച്ചുള്ള ചർച്ചകൾ ഓർക്കാൻ ശ്രമിക്കുക. ഹരിതവിപ്ലവത്തിലെ കാർഷിക പരിഷ്കാരങ്ങളെക്കുറിച്ചുള്ള ഊഹാപോഹങ്ങളും പ്രക്ഷോഭങ്ങളും രേഖപ്പെടുത്തപ്പെട്ടതാണ് ഇന്നത്തെ സാഹചര്യത്തിൽ പരിഗണിക്കേണ്ടതുമാണ്. കാർഷിക പരിഷ്കാരങ്ങൾക്കായി കടുത്ത തീരുമാനങ്ങൾ എടുക്കുന്ന ആ കാലഘട്ടത്തിൽ, തൻറെ സഹപ്രവർത്തകർ ആരും കൃഷി മന്ത്രാലയ ചുമതല ഏറ്റെടുക്കാൻ തയ്യാറാകാത്ത ഒരു അവസ്ഥ ശാസ്ത്രിജിക്കു അഭിമുഖീകരിക്കേണ്ടി വന്നു. കാരണം ആ പ്രക്രിയയിൽ തങ്ങളുടെ കൈകൾ പൊള്ളിച്ച കർഷകരുടെ രോഷം നേരിടേണ്ടിവരുമെന്ന് അവർ ഭയപ്പെട്ടു. ഒടുവിൽ അവരുടെ രാഷ്ട്രീയ ജീവിതം അവസാനിപ്പിക്കും. ശാസ്ത്രിജിയുടെ കാലത്തെ സംഭവങ്ങളാണിത്. അവസാനം, ശ്രീ സി. സുബ്രഹ്മണ്യത്തെ ശാസ്ത്രിജി കൃഷി മന്ത്രാലയം ചുമതലപ്പെടുത്തി. അദ്ദേഹം പരിഷ്കാരങ്ങൾക്ക് സംസാരിച്ചു . ആസൂത്രണ കമ്മീഷൻ പോലും ഇതിനെ എതിർത്തിരുന്നു എന്നതാണ് രസകരം. ധനമന്ത്രാലയം ഉൾപ്പെടെ മുഴുവൻ മന്ത്രിസഭയും എതിർത്തെങ്കിലും ശാസ്ത്രി ജി രാജ്യ ക്ഷേമത്തിനായി മുന്നോട്ട് പോയി. പിന്നെ ഇടതുപക്ഷ പാർട്ടികൾ, അവർ ഇന്ന് സംസാരിക്കുന്ന അതേ ഭാഷയാണ് അന്നും സംസാരിച്ചിരുന്നത്. അമേരിക്കയുടെ താളത്തിനൊത്ത് ശാസ്ത്രിജി കാര്യങ്ങൾ ചെയ്യുന്നു , അമേരിക്കയുടെ താളത്തിനൊത്തു കോൺഗ്രസ് പാർട്ടിയേയും അത് ചെയ്യുന്നു എന്നെല്ലാം കുറ്റപ്പെടുത്തി. ഇന്ന് എൻറെ അക്കൌണ്ടിൽ അവർ തന്നിട്ടുള്ള എല്ലാ കാര്യങ്ങളും അക്കാലത്ത് നിങ്ങളുടെ അക്കൌണ്ടിലും ഉണ്ടായിരുന്നു. കോൺഗ്രസ് നേതാക്കളെ അമേരിക്കയുടെ ഏജന്റുമാർ എന്നു പോലും അവർ വിളിച്ചിരുന്നു. അന്നും ഇന്നും ഇടതുപക്ഷക്കാരുടെ ഭാഷയിൽ മാറ്റമില്ല. കാർഷിക പരിഷ്കാരങ്ങൾ ചെറുകിട കർഷകരെ നശിപ്പിക്കാനാണെന്ന് ആരോപണം ഉയർന്നിരുന്നു. രാജ്യം മൊത്തം ആയിരക്കണക്കിന് പ്രതിഷേധങ്ങൾ നടത്തി വഹിക്കുകയും വലിയ പ്രസ്ഥാനം ആണ് തുടങ്ങിയത് . ഇതിനിടയിലും ശാസ്ത്രി ജിയും മാറിമാറി വന്ന സർക്കാരുകളും നടത്തിയ പ്രവർത്തനങ്ങളുടെ പരിണാമ ഫലമാണ് നമ്മൾ പണ്ട് പി എൽ 480 ഇറക്കുമതി ചെയ്ത ഭക്ഷണം കഴിച്ചു കൊണ്ടിരുന്നതിന് പകരമായി നമ്മുടെ കർഷകർ ഇന്ന് സ്വന്തം മണ്ണിൽ ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യധാന്യം രാജ്യം കഴിക്കുന്നത്.

റെക്കോർഡ് ഉൽപ്പാദനം ഉണ്ടായിട്ടും നമ്മുടെ കാർഷിക മേഖലയിൽ പ്രശ്നങ്ങളുണ്ട്. ഈ യാഥാർത്ഥ്യം ഇല്ല എന്നു ആർക്കും പറയുവാൻ സാധിക്കില്ല . പക്ഷേ പ്രശ്നങ്ങൾക്കുള്ള പരിഹാരത്തിന് വേണ്ടി നാമെല്ലാവരും കൂട്ടായി പരിശ്രമിക്കേണ്ടതുണ്ട്. കൂടുതൽ കാലം കാത്തിരിക്കാൻ സാധിക്കില്ല. കൊറോണ ലോക്ക്ഡൗൺ സമയത്തും കർഷകർ റെക്കോർഡ് വിളവ് നൽകിയെന്ന് ശ്രീ രാം ഗോപാൽ ജി പറഞ്ഞത് ശരിയാണ്. എന്നിരുന്നാലും, വിത്ത് , വളം എത്തിച്ചു നൽകുന്നതിൽ സർക്കാർ ഒരു കുറവും വരുത്തിയില്ല, ഒരു ബുദ്ധിമുട്ടുകൾക്കും ഇടവരുത്തിയില്ല. കൊറോണ കാലഘട്ടത്തിൽ വിത്തും വളവും മറ്റും കൃത്യമായി നൽകിയതിൻറെ കൂട്ടായ സാമൂഹ്യ ഫലമാണ് രാജ്യത്തിന്റെ വെയർഹൗസ് നിറയെ ഭക്ഷ്യധാന്യങ്ങൾ ഉണ്ടായതും കർഷകരുടെ ഉൽപന്നങ്ങളുടെ സംഭരണവും ഈ

കൊറോണ കാലഘട്ടത്തിൽ റെക്കോർഡ് തലത്തിലെത്തിയത്. അതിനാൽ, പുതിയ കണ്ടുപിടുത്തങ്ങൾ നടത്തി നമ്മൾ മുന്നോട്ട് പോകേണ്ടതുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ പറഞ്ഞത് പോലെ ഓരോ നിയമവും, ഒരുപാട് നിയമങ്ങൾ ഉണ്ട് , ഓരോ നിയമത്തിലും രണ്ട് വർഷത്തിനും അഞ്ച് വർഷത്തിനും ശേഷം അല്ലെങ്കിൽ ചിലപ്പോൾ രണ്ട് മാസത്തിനും അല്ലെങ്കിൽ മൂന്ന് മാസത്തിനും ശേഷം ഇവ ഭേദഗതികൾ വരുത്തിക്കൊണ്ടിരിക്കും . നിശ്ചലാവസ്ഥയിൽ ജീവിക്കുന്ന മനുഷ്യരാണോ നമ്മൾ ? നല്ല നിർദ്ദേശങ്ങളുടെ ഫലമാണ് നല്ല പരിഷ്കാരങ്ങൾ, സർക്കാർ പോലും നല്ല നിർദ്ദേശങ്ങൾ സ്വീകരിക്കുന്നു. നമ്മുടെ സർക്കാർ മാത്രമല്ല, എല്ലാ സർക്കാരുകളും നല്ല നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്, ഇതാണ് ജനാധിപത്യ പാരമ്പര്യം. അതിനാൽ, മെച്ചപ്പെട്ട എന്തെങ്കിലും ചെയ്യുന്നതിനായി, പരിഷ്കാരങ്ങൾ കൊണ്ടുവരാനുള്ള നല്ല നിർദ്ദേശങ്ങളും തയ്യാറെടുപ്പുകളുമായി നാമെല്ലാവരും മുന്നോട്ട് പോകണം. കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി പ്രതിഷേധക്കാരെ ബോധ്യപ്പെടുത്തി രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്, ഇന്നല്ലെങ്കിൽ, നാളെ ആരു അധികാരത്തിൽ വന്നാലും ഈ ജോലി ചെയ്യേണ്ടി വരും. ഇന്ന് ഞാൻ അത് ചെയ്യു, അതിനാൽ ഞാൻ വിമർശനങ്ങൾ എൻറെ നേരിൽ വന്നോട്ടേ. പക്ഷേ അത് മികച്ചതാക്കാൻ ദയവായി ഒരുമിച്ച് വരിക. മോശമാണെങ്കിൽ എൻറെ അക്കൌണ്ടിൽ, നല്ലതെങ്കിൽ നിങ്ങളുടെ അക്കൌണ്ടിൽ , ആയിക്കൊള്ളട്ടെ വരൂ, നമുക്ക് ഒരുമിച്ച് മുന്നേറാം.

നമ്മുടെ കൃഷിമന്ത്രി കർഷകരുമായി നിരന്തരം സംസാരിക്കുന്നുണ്ട്. നിരന്തരം കൂടിക്കാഴ്ചകൾ നടക്കുന്നുണ്ട്. ഇതുവരെയും ഒരു പ്രശ്നവുമില്ലാതെ ആണ് യോഗങ്ങൾ നടക്കുന്നത്. പരസ്പരം ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. പ്രതിഷേധവുമായി ബന്ധപ്പെട്ടവരോടുള്ള ഞങ്ങളുടെ നിരന്തരമായ അഭ്യർത്ഥന എന്തെന്നാൽ പ്രതിഷേധിക്കുക നിങ്ങളുടെ അവകാശമാണ്, പക്ഷേ പ്രതിഷേധ സ്ഥലങ്ങളിൽ ഉള്ള പ്രായമായവർ സമരസ്ഥലത്ത് ഇരിക്കുക എന്നത് ശരിയല്ല അവരെ ദയവായി തിരിച്ചയക്കുക , പ്രതിഷേധം അവസാനിപ്പിക്കുക. പരസ്പര ചർച്ചകളിലൂടെ മുന്നോട്ട് പോകാനുള്ള അവസരം ഉണ്ടാകും . മാർഗ്ഗം തുറന്നു തന്നെയിരിക്കുകയാണ്. ഇത് ഞങ്ങൾ എപ്പോഴും പറയുന്ന കാര്യമാണ്. ഇപ്പൊഴും ഈ സഭയുടെ മാധ്യമത്തിലൂടെ ഞാൻ വീണ്ടും ക്ഷണിക്കുന്നു.

ആദരണീയ സഭാധ്യക്ഷ് ജി, നമ്മുടെ കൃഷിയെ അഭിവൃദ്ധിപ്പെടുത്താൻ തീരുമാനങ്ങൾ എടുക്കുവാനുള്ള സമയമാണിത് എന്നത് വാസ്തവമാണ്. ഈ അവസരം നമ്മൾ നഷ്ടപ്പെടുത്തരുത്. നമുക്ക് മുന്നോട്ട് പോകണം, രാജ്യത്തെ പിന്നോട്ട് കൊണ്ടുപോകുകയുമരുത്. ഭരണകക്ഷിയാകട്ടെ, പ്രതിപക്ഷമാകട്ടെ, പ്രതിഷേധിക്കുന്ന സഹപ്രവർത്തകരായാലും ഈ പരിഷ്കാരങ്ങൾക്ക് നമ്മൾ അവസരം നൽകുകയും ഈ മാറ്റങ്ങൾ നമുക്ക് ഗുണം ചെയ്യുമോ ഇല്ലയോ എന്ന് സ്വയം വിലയിരുത്തുകയും വേണം. കുറവുകൾ ഉണ്ടെങ്കിൽ നമുക്ക് പരിഹരിക്കാം, എന്തെങ്കിലും അയവുണ്ടെങ്കിൽ അത് മുറുക്കാം . എല്ലാ വാതിലുകളും അടച്ചിരിക്കുന്നു എന്നു കരുതണ്ട. കൂടുതൽ . മണ്ഡികളുടെ ആധുനികവത്ക്കരണത്തിലൂടെ കൂടുതൽ മത്സരം ഉണ്ടാകും എന്നു ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു. ഈ ബജറ്റിൽ അതിനുള്ള നീക്കവും നടത്തിയിട്ടുണ്ട്. ഇത് മാത്രമല്ല, എം എസ്പി ഉണ്ട്, എം എസ് പി ഉണ്ടായിരുന്നു, എം എസ് പി തുടരുകയും ചെയ്യും. . ഈ സഭയുടെ പവിത്രത നാം മനസ്സിലാക്കണം. എൺപത് കോടിയിലധികം ആളുകൾക്ക് ന്യായവിലയ്ക്ക് റേഷൻ നൽകുന്നു അത് തുടർന്നും ലഭിക്കും; അതിനാൽ, ദയവു ചെയ്യു കിംവദന്തികൾ പ്രചരിപ്പിക്കുന്നതിൽ നിന്ന് നാം വിട്ടുനിൽക്കണം, കാരണം രാജ്യം നമുക്ക് ഒരു പ്രത്യേക ഉത്തരവാദിത്തം നൽകിയിട്ടുണ്ട്.

കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള മറ്റ് സാധ്യതകളിലും നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ജനസംഖ്യ വർദ്ധിക്കുന്നു, ഒരു കുടുംബത്തിലെ അംഗങ്ങളുടെ എണ്ണവും വർദ്ധിക്കുന്നു, അവരുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം കുറയുന്നു. ഇത്തരമൊരു സാഹചര്യത്തിൽ, കൃഷിയെ ആശ്രയിക്കുന്നത് കുറയാനും നമ്മുടെ കർഷകരുടെ കുടുംബങ്ങളിൽ അവർക്ക് ഉപജീവനമാർഗം കണ്ടെത്തുന്നതിന് മറ്റ് മാർഗങ്ങൾ നൽകാനും നാം എന്തെങ്കിലും ചെയ്യേണ്ടതുണ്ട്. അവരുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കാൻ നമുക്ക് ശ്രമങ്ങൾ നടത്തേണ്ടതുണ്ട്, ഇതിൽ കാലതാമസം വരുത്തുകയും നമ്മുടെ രാഷ്ട്രീയ താൽപ്പര്യങ്ങളിൽ സമയം ചെലവിടുകയും ചെയ്യുന്നതിലൂടെ നമ്മൾ കർഷകരെ കൂടുതൽ ഇരുട്ടിലേക്ക് തള്ളിവിടുമെന്ന് ഞാൻ വിശ്വസിക്കുന്നു. കർഷകരുടെ ശോഭനമായ ഭാവിക്കായി നമ്മൾ ഇത്

ഒഴിവാക്കണമെന്നും ഈ വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും ഞാൻ നിങ്ങളോട് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

ആദരണീയ സഭാദ്ധ്യക്ഷ് ജി , നമ്മുടെ കാർഷിക മേഖലയുടെ ഒപ്പം തന്നെ മൃഗപരിപാലനം, ക്ഷീര മേഖല എന്നിവയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട് അതിലൂടെ നമ്മുടെ കർഷകർക്ക് സ്വയം പര്യാപ്തി കൈവരിക്കാൻ സാധിയ്ക്കും. കുളമ്പു രോഗത്തിനെതിരെ ഒരു പ്രചാരണം ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്, ഇതിലൂടെ കൃഷിയുമായി ബന്ധപ്പെട്ടിട്ടുള്ള കർഷകർക്കും കന്നുകാലികളെ വളർത്തുന്നവർക്കും പ്രയോജനം ലഭ്യമാകും. നമ്മൾ മത്സ്യബന്ധന മേഖലയ്ക്ക് വേണ്ടി ശ്രദ്ധ കേന്ദ്രീകരിക്കുകയും അതിനായി ഒരു പ്രത്യേക മന്ത്രാലയം രൂപീകരിക്കുകയും ചെയ്തു. "മത്സ്യ സമ്പത്ത് യോജന"ക്കു വേണ്ടി 20,000 കോടി രൂപ മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ ഈ മുഴുവൻ മേഖലക്കും ഒരു പുതിയ ഉണർവുണ്ടാകും.

ഇന്ത്യയിൽ മധുരവിപ്ലവത്തിന് കൂടുതൽ സാധ്യതകളുണ്ട്. ഇതിന് വലിയ അളവിൽ ഭൂമിയുടെ ആവശ്യമിതിന് വേണ്ടി വരികയില്ല . മില്ല. തൻറെ വയലിലെ ഒരു മൂലയിൽ ഒരു കർഷകൻ ഇത് തുടങ്ങിയാൽ അയാൾക്ക് ഒരു വർഷം നാൽപ്പത്തിനായിരം മുതൽ അൻപത്തിനായിരം വരെ അല്ലെങ്കിൽ ഒരു ലക്ഷം മുതൽ രണ്ട് ലക്ഷം വരെ രൂപ ഉണ്ടാക്കുവാൻ സാധിക്കും . അതിനാൽ, തേൻ ഉൽപാദനത്തിന് ആവശ്യമായ 'മധുരവിപ്ലവ'ത്തിനുള്ള അന്തരീക്ഷം ഞങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. . തേനീച്ച മെഴുകിന്റെ കാര്യവും ഇതുപോലെ ആണ്. . ലോകത്ത് തേനീച്ച മെഴുകിന് ആവശ്യക്കാരേറെയാണ്. ഇന്ത്യയ്ക്ക് തേനീച്ച മെഴുക് കയറ്റുമതി ചെയ്യാം. അതിനുള്ള അന്തരീക്ഷം ഞങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഒരു ചെറുകിട കർഷകന് തന്റെ വയലിന്റെ ഒരു മൂലയിൽ തേനീച്ച വളർത്തൽ നടത്തി ഇതര വരുമാനം ഉണ്ടാക്കാം. തേനീച്ച വളർത്തലിന് ന്യൂകണക്കിന് ഏക്കർ ഭൂമി ആവശ്യമില്ലാത്തതിനാൽ നമുക്ക് ഇത് ഉൾപ്പെടുത്താം. . വാസ്തവത്തിൽ, ഒരു കർഷകന് അയാളുടെ വയലിൽ വളരെ സുഖമായി തേനീച്ച വളർത്തൽ ചെയ്യാൻ സാധിക്കും.

സൌരോർജ പമ്പിലേക്ക് വരാം. നമ്മൾ പറയുന്നത് 'അന്നദാത' (ഭക്ഷ്യ നിർമ്മാതാവ്) ഒരു 'ഊർജദത്ത' (ഊർജ്ജ നിർമ്മാതാവ്) ആകണം എന്നാണ് . കർഷകൻ സോളാർ ഊർജത്തിൻറെ സഹായത്താൽ സ്വന്തം വയലിൽ ഊർജം ഉത്പാദിപ്പിക്കുകയും ജല ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സോളാർ പമ്പ് പ്രവർത്തിപ്പിക്കുകയും ചെയ്യുക . ഇതുവഴി ജലസേചനത്തിനു വേണ്ടിവരുന്ന ചെലവിലെ ഭാരം കുറയ്ക്കാൻ അവർക്ക് സാധിക്കും. ഒന്നിൽ നിന്ന് രണ്ടോ മൂന്നോ വരെ വിളകളുടെ എണ്ണം വർദ്ധിപ്പിക്കാനും അവർക്ക് കഴിയും. വിളകളുടെ രീതി മാറ്റാൻ അവർ ആഗ്രഹിക്കുന്നുവെങ്കിൽ, അത് ചെയ്യാനും ഈ ദിശയിൽ പ്രവർത്തിക്കാനും നമുക്ക് കഴിയും.

ഒരു കാര്യം കൂടിയുണ്ട്. ഭാരതത്തിൻറെ ശക്തി ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പുതിയ വഴികൾ കണ്ടെത്തുന്നതിലുമാണ്, ഇനിയും അത് ചെയ്യും. എന്നാൽ കുറച്ചു പേരുണ്ട്. ഭാരതം അശാന്തവും അസ്ഥിരവും അസ്വസ്ഥവുമാക്കാൻ നിരന്തരം ശ്രമിക്കുന്ന ചിലർ. ഈ ആളുകളെ നമ്മൾ തിരിച്ചറിയണം. പഞ്ചാബിന് സംഭവിച്ചത് നമ്മൾ മറക്കരുത്. വിഭജനമുണ്ടായപ്പോൾ ഏറ്റവും കൂടുതൽ അനുഭവിച്ചത് പഞ്ചാബാണ് . 1984 ലെ കലാപമുണ്ടായി. ഏറ്റവും കൂടുതൽ കണ്ണീരൊഴുക്കേണ്ടി വന്നത് പഞ്ചാബാണ്, ഏറ്റവും ദാരുണമായ സംഭവങ്ങളുടെ ഇരയായത് പഞ്ചാബാണ് . ജമ്മു കാശ്മീരിൽ ഉണ്ടായി, നിരപരാധികൾ കൊല്ലപ്പെട്ടു, വടക്ക് കിഴക്കൻ മേഖലയിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരുന്നു, അടിക്കടിയുള്ള ഷെല്ലാക്രമണങ്ങളും വെടിവയ്പ്പുകളും . എല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ രാജ്യത്തിന് വലിയ നഷ്ടമാണ് ഉണ്ടാക്കിയത്. അതിന് പിന്നിലെ ശക്തികൾ ഏതാണ്? എല്ലാ സർക്കാരുകളും എല്ലാ സമയവും ഇത് കാണുകയും മനസ്സിലാക്കുകയും ഇത്തരം പ്രവൃത്തികൾക്ക് പിന്നിലെ ശക്തികളെക്കുറിച്ച് അന്വേഷിക്കുകയും ചെയ്തിട്ടുണ്ട്, അതിനാൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ നാം വേഗത്തിൽ മുന്നോട്ട് നീങ്ങേണ്ടതുണ്ട്. ചില ആളുകൾ , പ്രത്യേകിച്ചും പഞ്ചാബിലെ നമ്മുടെ സിഖ് സഹോദരങ്ങളുടെ മനസ്സിൽ തെറ്റിദ്ധാരണ നിറയ്ക്കാൻ ചിലർ ശ്രമിക്കുന്നുണ്ട് എന്ന കാര്യം നമ്മൾ മറക്കരുത്. ഈ രാജ്യം ഓരോ സിഖുകാരെയും ഓർത്തു അഭിമാനിക്കുന്നു. രാജ്യത്തിനു വേണ്ടി അവർ എന്താണ് ചെയ്യാത്തത്? അവർക്ക് എത്ര ബഹുമാനം നൽകിയാലും അത് അപര്യാപ്തമായിരിക്കും. ഗുരുക്കന്മാരുടെ മഹത്തായ പാരമ്പര്യം നിലനിൽക്കുന്ന

സംസ്ഥാനം, പഞ്ചാബിലെ റൊട്ടി കഴിക്കാൻ അവസരം ലഭിച്ചത് എൻറെ ഭാഗ്യമായി കരുതുന്നു. ജീവിതത്തിലെ സുപ്രധാന വർഷങ്ങൾ ഞാൻ പഞ്ചാബിലാണ് ചെലവഴിച്ചത്, അതിനാൽ എനിക്കറിയാം. അതുകൊണ്ടു തന്നെ ചില ആളുകൾ അവർക്കായി ഉപയോഗിക്കുന്ന ഭാഷ, അവരെ തെറ്റിദ്ധരിപ്പിക്കാനുള്ള ചിലരുടെ ശ്രമങ്ങൾ അത് രാജ്യത്തിന് ഒരു ഗുണവും ചെയ്യില്ലെന്ന് എനിക്ക് അറിയാം. അതിനാൽ, നമ്മൾ ഇതിനെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

ആദരണീയ സഭാധ്യക്ഷ് , ചില വാക്കുകൾ നമുക്ക് പരിചിതമാണ്. ശ്രംജീവികൾ (അതായത് അധ്വാനിച്ച് സമ്പാദിക്കുന്നവർ), ബുദ്ധിജീവികൾ (അതായത് ബുദ്ധിജീവി വിഭാഗം) തുടങ്ങിയ വാക്കുകൾ നമുക്ക് പരിചിതമാണ്. എന്നിരുന്നാലും, കുറച്ചു കാലമായി ഒരു പുതിയ കൂട്ടം ഈ രാജ്യത്ത് ജന്മം കൊണ്ടിട്ടുണ്ട്. ഒരു പുതിയ വിഭാഗം മുന്നിൽ നിൽക്കുന്നുണ്ട്. അവരാണ് ആന്ദോളൻജീവി (അതായത് പ്രതിഷേധങ്ങൾ കൊണ്ട് ജീവിക്കുന്നവർ) ഈ കൂട്ടത്തെ നിങ്ങൾ ശ്രദ്ധിച്ചാൽ കാണാം, അഭിഭാഷകരുടെ പ്രതിഷേധമാണോ ഇവരെ അവിടെ കാണാം, വിദ്യാർഥികളുടെ പ്രതിഷേധമാണോ അവിടെ ഇവരെ കാണാം, തൊഴിലാളി സമരമാണോ ഇവരെ അവിടെ കാണാം . ചിലപ്പോൾ തിരശീലക്കു പിന്നിൽ അല്ലെങ്കിൽ തിരശ്ശീലയുടെ മുന്നിൽ. ഇതൊരു സംഘമാണ്. ആന്ദോളൻജീവികളുടെ ഈ സംഘത്തിന് പ്രതിഷേധമില്ലാതെ ജീവിക്കാനാകില്ല, പ്രതിഷേധത്തിലൂടെ ജീവിക്കാൻ വേണ്ടി ഇവർ വഴികൾ കണ്ടെത്തും. അങ്ങനെയുള്ളവരെ നമ്മൾ തിരിച്ചറിയണം, അവർ എല്ലാ ഇടങ്ങളിലും കടന്നു ചെല്ലുകയും വലിയ പ്രത്യയശാസ്ത്രപരമായ കാര്യങ്ങൾ പ്രസംഗിക്കുകയും മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കാനും പുതിയ വഴികൾ പറഞ്ഞുകൊടുക്കാനും മുതിരും. രാജ്യം ആന്ദോളൻ ജീവികളിൽ നിന്നും രക്ഷ നേടണം അതിനു നമ്മൾ എല്ലാവരും ശ്രമിക്കണം. ഇത് അവരുടെ കഴിവാണ്. എന്താണ് കഴിവ് ? അവർക്ക് സ്വന്തമായി എണീറ്റ് നിൽക്കാൻ കഴിവില്ല . ആരെങ്കിലും ചെയ്യുന്നതിന് അരികിൽ പോയിരിക്കും. എത്ര ദിവസം മുന്നോട്ട് പോകുമോ അത്രയും ദിവസം അവരുടെ കാര്യം നടക്കും . അത്തരക്കാരെ തിരിച്ചറിയേണ്ടത് വളരെ ആവശ്യമാണ്. . അത്തരം എല്ലാ ആന്ദോളൻ ജീവികളും പരാന്നജീവികൾ ആണ് . ഇവിടെ ഇരിക്കുന്ന എല്ലാവർക്കും എൻറെ വാക്കുകൾ ഇഷ്ടമായെങ്കിൽ അവർ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ അത്തരം പരാന്നഭോജികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ അവർക്കും നേരിടേണ്ടി വന്നിട്ടുണ്ടാകാം. അതേ പോലെ മറ്റൊരു പുതിയ കാര്യം ഞാൻ ശ്രദ്ധിച്ചത്

രാജ്യം പുരോഗമിക്കുന്നു; നമ്മൾ എഫ്ഡിഐ യെ കുറിച്ച് സംസാരിക്കുന്നു (ഫോറിൻ ഡിറക്ട് ഇൻവെസ്റ്റ്മെൻറ് - നേരിട്ടുള്ള വിദേശ നിക്ഷേപം), എന്നാൽ ഈ ദിവസങ്ങളിൽ ഒരു പുതിയ എഫ്ഡിഐ മൈതാനത്ത് വന്നിട്ടുണ്ട് . ഈ പുതിയ എഫ്ഡിഐയിൽ നിന്നും രക്ഷപ്പെടേണ്ടതുണ്ട്. ഈ പുതിയ എഫ്ഡിഐ - ഫോറിൻ ഡിസ്ട്രക്ടീവ് ഐഡിയോളജി - ഇത് രാജ്യത്തിന് നല്ലതല്ല, ഈ പുതിയ എഫ് ഡി ഐയിൽ നിന്നും രക്ഷപ്പെടാൻ നമ്മൾ ഇതെക്കുറിച്ച് ജാഗരൂകരാകുക തന്നെ വേണം .

ആദരണീയ അദ്ധ്യക്ഷ് ജി , ഗ്രാമീണ സമ്പദ്വ്യവസ്ഥയ്ക്ക് നമ്മുടെ രാജ്യ വികസനത്തിൽ അതിൻറെതായ മൂല്യമുണ്ട് .

'ആത്മനിർഭർ ഭാരത'ത്തിന്റെ പ്രധാന സ്തംഭങ്ങളിലൊന്നാണ് ഗ്രാമീണ സമ്പദ്വ്യവസ്ഥ. 'ആത്മനിർഭർ ഭാരത്' ഒരു ഗവൺമെന്റിന്റെയും പരിപാടിയാകാൻ കഴിയില്ല, അത് അങ്ങനെയാകരുത്. ഇത് രാജ്യത്തെ 130 കോടി ജനങ്ങളുടെ സങ്കൽപ്പം ആകണം . അതിൽ നമ്മൾ അഭിമാനിക്കണം, അതിൽ ഒരു സംശയവും വേണ്ട. മഹാത്മാഗാന്ധിയെപ്പോലുള്ള മഹത്തായ വ്യക്തികൾ ഈ പാതയാണ് നമുക്ക് കാണിച്ചുതന്നിരുന്നത്. ഈ പാതയിൽ നിന്ന് അൽപ്പം വ്യതിചലിച്ചാലും, ട്രാക്കിൽ തിരിച്ചെത്തി ആത്മനിർഭർ ഭാരത പാതയിലൂടെ മുന്നോട്ട് പോകേണ്ടതുണ്ട്. ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള അന്തരം നമുക്ക് നികത്തണമെങ്കിൽ, നമുക്ക് 'ആത്മനിർഭർ ഭാരത്' എന്ന പാതയിലൂടെ സഞ്ചരിക്കേണ്ടി വരും. ആ കാര്യങ്ങളുമായി മുന്നോട്ട് പോകുമ്പോൾ നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ വിശ്വാസവും വളരുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഉദാഹരണത്തിന്; ഇപ്പോൾ അവസാനിച്ച ചോദ്യോത്തര വേളയിൽ, 'ജൽ ജീവൻ മിഷനെ' കുറിച്ചു ചർച്ച നടന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ മൂന്ന് കോടി കുടുംബങ്ങൾക്ക് വീടുകളിൽ പൈപ്പുകളിലൂടെ കുടിവെള്ളം എത്തിക്കുവാനുള്ള ചർച്ച നടന്നു. സമ്പദ്വ്യവസ്ഥയിലേക്ക് എല്ലാവരുടെയും പങ്കാളിത്തം ഉണ്ടായാലേ ആത്മ നിർഭരത രാജ്യം യഥാർഥമാകൂ .

നമ്മുടെ സഹോദരി സോണാൽ ജി അവരുടെ പ്രസംഗത്തിൽ സഹോദരിമാരുടെയും പെൺമക്കളുടെയും പങ്കാളിത്തത്തെ കേന്ദ്രീകരിച്ച് വളരെ വിശദമായി സംസാരിച്ചു.

കൊറോണ കാലത്ത് റേഷനാകട്ടെ , സാമ്പത്തിക ആശ്വാസമാകട്ടെ , സൗജന്യ ഗ്യാസ് സിലിണ്ടറാകട്ടെ നമ്മുടെ അമ്മമാരും സഹോദരിമാരും ബുദ്ധിമുട്ടരുതെന്ന ചിന്തയിൽ ചെയ്യുവാൻ ആകുന്നതൊക്കെ ചെയ്യ കൊടുക്കുന്നതിന് സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചു. അവർ ഒരു ശക്തിയായി മാറിക്കൊണ്ട് ഈ കാര്യങ്ങളെ കൈകാര്യം ചെയ്യാൻ മുന്നോട്ട് വന്നു സഹായിച്ചു. ഈ ദുഷ്കരമായ സമയത്ത് നമ്മുടെ രാജ്യത്തെ നാരീശക്തി വളരെ ധൈര്യത്തോടെ , കുടുംബങ്ങളെയും സാഹചര്യങ്ങളെയും വളരെ ക്ഷമയോടെ കൈകാര്യം ചെയ്തു. കൊറോണയ്ക്കെതിരായ പോരാട്ടത്തിൽ ഓരോ വീടുകളിലെയും മാതൃശക്തി വളരെ നിർണായക പങ്ക് വഹിച്ചു അതിനു ഞാൻ എത്ര നന്ദി പറഞ്ഞാലും അത് കുറവാണ്. സഹോദരിമാരുടെയും പെൺമക്കളുടെയും ധൈര്യവും ശക്തിയും

'ആത്മനിർഭർ ഭാരത്' എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ അവർ ഒരു പ്രധാന പങ്ക് വഹിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ന് യുദ്ധരംഗത്തും നമ്മുടെ പെൺമക്കളുടെ പങ്കാളിത്തം കൂടിവരികയാണ്. നമ്മുടെ പെൺമക്കൾക്ക് എല്ലാ മേഖലകളും തുറന്നുകൊടുക്കുന്നതിനായി പുതിയ തൊഴിൽ നിയമങ്ങൾ പ്രകാരം തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പാക്കിയിട്ടുണ്ട്. 'മുദ്ര സ്കീം' പ്രകാരം നൽകിയ വായ്പയുടെ 70 ശതമാനവും സ്ത്രീകൾ മുഖേന ആയിരുന്നു എടുത്തത്. ഏകദേശം ഏഴ് കോടിയോളം സ്ത്രീകളുടെ പങ്കാളിത്തത്തോടെ അറുപത് ലക്ഷത്തിലധികം സ്വയം സഹായ സംഘങ്ങൾ 'ആത്മനിർഭർ ഭാരതത്തിൻറെ' പ്രയത്നങ്ങൾക്ക് ഇന്ന് പുതിയ കരുത്ത് പകരുകയാണ്.

ഭാരതത്തിലെ യുവ ശക്തിയിൽ നമ്മൾ എത്ര ശ്രദ്ധ നൽകുന്നുവോ വേണ്ടി നാം എത്രത്തോളം അവസരങ്ങൾ സൃഷ്ടിക്കുന്നുവോ അത് വഴി നമ്മുടെ രാജ്യത്തിന്റെ ശോഭനമായ ഭാവിക്ക് അടിത്തറ ഒരുക്കുകയാണ്. പുതിയ ദേശീയ വിദ്യാഭ്യാസ നയം നമ്മുടെ യുവാക്കൾക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കാനും ശ്രമിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നയം ചർച്ച ചെയ്യാൻ ഗണ്യമായ സമയം ചിലവഴിച്ചതിൽ എനിക്ക് സന്തോഷമുണ്ട്, എന്നാൽ അത് രാജ്യം സ്വീകരിച്ച രീതിയിലൂടെ ഒരു പുതിയ വിശ്വാസം സൃഷ്ടിക്കപ്പെട്ടു. കൂടാതെ ഈ പുതിയ വിദ്യാഭ്യാസ നയം , പുതിയ വിദ്യാഭ്യാസ രീതി നമ്മുടെ നൂതനമായ പഠന വഴികളുടെയും പുതിയ ചിന്തകളുടെയും തുടക്കമാണെന്ന് എനിക്ക് ഉറപ്പുണ്ട്.

ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നത് നമ്മുടെ എംഎസ്എംഇ മേഖലയിലാണ് . കൊറോണ സമയത്ത് എംഎസ്എംഇകൾക്ക് നൽകിയ ഉത്തേജനത്തിലൂടെ ഈ മേഖല കൂടുതൽ ശ്രദ്ധിക്കുകയും തൽ ഫലമായി അവർ ഇന്ന് സാമ്പത്തിക വീണ്ടെടുക്കലിൽ ഒരു പ്രധാന പങ്ക് വഹിക്കുകയും ഞങ്ങൾ അത് മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യുന്നു.

'സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ വിശ്വാസം' എന്നതാണ് തുടക്കം മുതലേ നമ്മുടെ മന്ത്രം. ഇക്കാരണത്താൽ, വടക്ക്-കിഴക്കൻ അല്ലെങ്കിൽ നക്സൽ ബാധിത പ്രദേശങ്ങളിലെ സ്ഥിതി ക്രമേണ സാധാരണ നിലയിലാകുന്നത് സമാധാന അന്തരീക്ഷത്തിലേക്ക് നയിക്കുന്നു. അതിൻ ഫലമായി ആ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കെല്ലാം മുഖ്യധാരവികസനത്തിലേക്ക് വരാനുള്ള അവസരമാണ് ലഭിക്കുന്നത്. ഇന്ത്യയുടെ ശോഭനമായ ഭാവി രൂപപ്പെടുത്തുന്നതിൽ കിഴക്കൻ ഇന്ത്യ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുമെന്നും ഈ ദിശയിൽ പൂർണ ശക്തിയോടെ പ്രവർത്തിക്കുമെന്നും എനിക്ക് വ്യക്തമായി കാണാൻ കഴിയും. മാന്യനായ ഗുലാം നബി ആസാദ് ജി പറയുന്നത് ഞാൻ ശ്രദ്ധിക്കുകയായിരുന്നു, പരുഷമായ വാക്കുകളൊന്നും ഉപയോഗിക്കാതെ മൃദുവും മാന്യവുമായ ഭാഷയിൽ സംസാരിക്കുന്നത് ഗുലാം നബി ജിയുടെ വിശേഷതയാണ് എന്നു ഞാൻ പറയാൻ ആഗ്രഹിക്കുന്നു. നാമെല്ലാവരും അദ്ദേഹത്തിൽ നിന്ന് ഇത് പഠിക്കേണ്ടതുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു, ഇക്കാര്യത്തിൽ ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നു. ജമ്മു കശ്മീരിൽ നടന്ന തിരഞ്ഞെടുപ്പിനെ അദ്ദേഹം അഭിനന്ദിച്ചു. ജമ്മു-കശ്മീരിന് തന്റെ ഹൃദയത്തിൽ ഒരു പ്രത്യേക സ്ഥാനമുണ്ടെന്ന് അദ്ദേഹം പറയുകയുണ്ടായി. ജമ്മു- കശ്മീരിനെക്കുറിച്ച് രാജ്യം മുഴുവൻ സമാന വികാരങ്ങൾ ഉള്ളതിനാൽ അത് സ്വാഭാവികമാണ് . ജമ്മു കശ്മീരിനെ സ്വാശ്രയമാകും , അവിടെ പഞ്ചായത്ത്, ബിഡിസി, ഡിഡിസി തെരഞ്ഞെടുപ്പുകൾ നടത്തി, അവയെയെല്ലാം ഗുലാം നബി ജി അഭിനന്ദിച്ചിട്ടുണ്ട്. .ഈ അഭിനന്ദനത്തിന് താങ്കളോട് അങ്ങേയറ്റം എനിക്കു നന്ദിയുണ്ട് . എന്നാൽ താങ്കൾ പ്രശംസിക്കുമ്പോൾ തന്നെ,

താങ്കളുടെ പാർട്ടി ഈ അഭിനന്ദനത്തെ ശരിയായ രീതിയിൽ സ്വീകരിക്കുമെന്നും അത് ജി -23 - ൻറെ കാഴ്ചപ്പാടായി തെറ്റിദ്ധരിക്കരുതെന്നും ജി -23 അഭിപ്രായമായി മുദ്രകുത്തി അതിനെ തള്ളിക്കളയുകയില്ല എന്നും കരുതുന്നു .

ആദരണീയ അദ്ധ്യക്ഷൻ , സർ, കൊറോണയുടെ പ്രയാസകരമായ കാലഘട്ടത്തിൽ പോലും നമ്മുടെ അതിർത്തികളിൽ വെല്ലുവിളി ഉയർത്താനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. നമ്മുടെ ധീരരായ സൈനികർ അവരുടെ ധൈര്യവും കാര്യകുശലതയും പ്രകടിപ്പിച്ചുകൊണ്ട് അവർക്ക് ഉചിതമായ മറുപടി നൽകി. ഓരോ ഇന്ത്യക്കാരനും അതിൽ അഭിമാനിക്കണം. പ്രയാസകരമായ സാഹചര്യങ്ങളിൽ പോലും നമ്മുടെ സൈനികരെ തടയാൻ യാതൊന്നിനും കഴിഞ്ഞില്ല. നമ്മുടെ സഹപ്രവർത്തകരിൽ മിക്കവരും നമ്മുടെ സൈനികരുടെ ധീരതയെ പുകഴ്ത്തിയിട്ടുണ്ട്, ഞാൻ അവരോട് നന്ദിയുള്ളവനാണ്. എൽ എസിയിലെ സ്ഥിതിയിൽ ഇന്ത്യയുടെ നിലപാട് വ്യക്തമാണ്, രാജ്യം ഇത് വീക്ഷിക്കുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്നു. അതിർത്തിയിലെ അടിസ്ഥാന സൗകര്യങ്ങൾ, അതിർത്തി സുരക്ഷ ഇവയിൽ ഞങ്ങളുടെ പ്രതിബദ്ധതയിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ല, അതിന് ഒരു സാധ്യതയുമില്ല. ഞങ്ങളുടെ പ്രവർത്തികളും ആശയങ്ങളും ലക്ഷ്യങ്ങളും കാണുന്നവർ ഇക്കാര്യത്തിൽ ഞങ്ങളെ ഒരിക്കലും ചോദ്യം ചെയ്തില്ല, കാരണം ഇതുപോലെയുള്ള വിഷയങ്ങളിൽ ഒരിക്കലും വിട്ടുവീഴ്ച ചെയ്യാൻ ഞങ്ങൾക്ക് സാധിക്കുകയില്ല, അത് കൊണ്ടാണ് ഇത്തരം കാര്യങ്ങളിൽ ഒരിക്കലും പിടി അയക്കാത്തത് എന്നും അവർക്കറിയാം. ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , സർ, സഭയിൽ നടത്തിയ പ്രബുദ്ധമായ ചർച്ചയ്ക്ക് ഞാൻ എല്ലാവരോടും നന്ദി പറയുന്നു. ഒരു മന്ത്രം ചൊല്ലിക്കൊണ്ടു ഞാൻ എൻറെ പ്രസംഗം ഉപസംഹരിക്കാം. നമ്മുടെ ഇവിടെ വേദങ്ങളിൽ നിന്ന് വലിയ മഹത്തരമായ ആശയം ലഭിക്കുന്നു. ഇത് നമുക്ക് എല്ലാവർക്കും , നൂറ്റി മുപ്പതു കോടി ജനങ്ങൾക്കും ഒരു വലിയ പ്രേരണ ആണ് ഈ മന്ത്രം നൽകുന്നത് . ആ വേദ മന്ത്രം ഇപ്രകാരം പറയുന്നു

"ആയുതോഅഹം ആത്മ അയുതം മേ ചക്ഷു: അയുതം മേ ശ്രോത്രം"

അതായത്, ഞാൻ ഒന്നല്ല, ഞാൻ തനിച്ചല്ല. ഞാൻ എനിക്കൊപ്പം കോടിക്കണക്കിനു മാനവരെ കാണുകയും അനുഭവിക്കുകയും ചെയ്യുന്നു. അതുകൊണ്ട് എൻറെ ആത്മീയ ശക്തി കോടിക്കണക്കിനു ജനങ്ങളുടെയാണ് , എൻറെ ഒപ്പം കോടിക്കണക്കിനു ആളുകളുടെ കാഴ്ചയുണ്ട്, എൻറെ ഒപ്പം കോടിക്കണക്കിനു ആളുകളുടെ കേൾവിശക്തിയുണ്ട്" .

ആദരണീയ സഭാധ്യക്ഷ് ജി , വേദങ്ങളുടെ ഈ ചേതനയും സത്തയും നല്കിയ പ്രേരണയുമായി നൂറ്റിമുപ്പത് കോടിയിലധികം ജനങ്ങളുടെ ഇന്ത്യ എല്ലാവരെയും ഒരുമിച്ച് കൂട്ടി മുന്നേറുകയാണ്. ഇന്ന് നൂറ്റിമുപ്പത് കോടി രാജ്യക്കാരുടെ സ്വപ്നങ്ങളാണ് ഇന്ത്യയുടെ സ്വപ്നങ്ങൾ. ഇന്ന് നൂറ്റിമുപ്പതു കോടിയിലധികം വരുന്ന രാജ്യക്കാരുടെ ആകാംക്ഷകൾ ഈ രാജ്യത്തിൻറെ ആകാംക്ഷയാണ്. ഇന്ന്, നൂറ്റിമുപ്പത് കോടി രാജ്യക്കാരുടെ ഭാവി ഇന്ത്യയുടെ ശോഭനമായ ഭാവിയുടെ ഉറപ്പാണ്. അതുകൊണ്ട് തന്നെ ഇന്ന് രാജ്യം നയങ്ങൾ സൃഷ്ടിക്കുമ്പോൾ , പരിശ്രമങ്ങൾക്ക് തുനിയുമ്പോൾ അത് ക്ഷണ നേരം കൊണ്ടുള്ള ലാഭത്തിനും നഷ്ടത്തിനും വേണ്ടിയല്ല മറിച്ച് , ഒരു ദീർഘ ഭാവിക്ക് , സ്വാതന്ത്ര്യ ശതാബ്ദി ആഘോഷിക്കുന്ന വേളയിൽ, രണ്ടായിരത്തി നാൽപ്പത്തിയെഴിൽ , രാജ്യത്തെ പുതിയ ഉയരങ്ങളിലെത്തിക്കാനുള്ള സ്വപ്നങ്ങളുമായാണ് ഈ അടിത്തറ പാകുന്നത്. ഈ ജോലി വിജയകരമായി പൂർത്തിയാക്കാൻ കഴിയുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പ്രസംഗത്തിന് ഞാൻ ഒരിക്കൽ കൂടി ആദര പൂർവം നന്ദി പറയുന്നു. അദ്ദേഹത്തെ അഭിനനന്ദിക്കുന്നു. എനിക്കൊരു കാര്യം വളരെ തുറന്ന മനസോടെ സത്യസന്ധമായി പറയുവാനുള്ളത് സഭയിൽ രാഷ്ട്രപതിയുടെ പ്രസംഗത്തോട് അനുബന്ധിച്ച് നടന്ന ചർച്ചയുടെ നിലവാരം നല്ലതായിരുന്നു, അന്തരീക്ഷവും അനുകൂലമായിരുന്നു. ശരിയാണ് ഇതിൽ നിന്നും എത്രയാണ് ലാഭം ഉണ്ടാകുന്നത് .

എന്നെ അനേക തവണക വിമർശിച്ചു, എന്തൊക്കെ പറയാൻ സാധിക്കുമോ അതൊക്കെ പറയുകയും ചെയ്തു. പക്ഷേ എനിക്കു സന്തോഷം ഉണ്ട്, എന്നെക്കൊണ്ട് നിങ്ങൾക്ക് അത്രയെങ്കിലും പ്രയോജനം ഉണ്ടായല്ലോ. എന്തായാലും,കൊറോണ കാരണം എവിടേയും പോകാൻ ആകാതെ പൂട്ടിക്കെട്ടി ഇരിക്കുന്ന അവസ്ഥ ആണ്. വീട്ടിലും കശപിശ കാണാം. പക്ഷേ ഇവിട ഇത്രയും കോപം മൊത്തം പുറത്തു വിട്ടത് വഴി മനസിൻറെ ഭാരം കുറഞ്ഞതായി നിങ്ങൾക്ക് അനുഭവപ്പെടുന്നുണ്ടാകണം. ഇനി നിങ്ങൾക്ക് സമാധാനത്തോടെ ,സന്തോഷത്തോടെ വീട്ടിൽ സമയം

ചെലവഴിക്കാൻ കഴിയും, ഈ സന്തോഷത്തിന് പിന്നിലെ കാരണം ഞാൻ ആണ് എന്നത് ഒരു സൌഭാഗ്യമായി ഞാൻ കരുതുന്നു. അത്തരം ആനന്ദം നിങ്ങൾ പതിവായി ആസ്വദിക്കു, ചർച്ചകൾ തുടരു, സഭയെ സജീവമാക്കു എന്നും ഞാൻ ആഗ്രഹിക്കുന്നു. മോദി ഉള്ളപ്പോൾ അവസരങ്ങൾ ആസ്വദിക്കു.

നന്ദി.

“രാജ്യസഭയിലെ നാല് അംഗങ്ങളുടെ വിരമിക്കൽ വേളയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി യുടെ ആശംസാപ്രസംഗം

ഫെബ്രുവരി 9, 2021”

ഫെബ്രുവരി 09, 2021
രാജ്യസഭ

രാജ്യസഭയിലെ അംഗങ്ങളുടെ വിരമിക്കലിനോട് അനുബന്ധിച്ച് ആദരണീയനായ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി രാജ്യസഭയിൽ ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട അധ്യക്ഷൻ, ഈ സഭയ്ക്ക് യശസ്സും ചടുലതയും കൈവരുത്തുകയും സഭയിലൂടെ പൊതുസേവനത്തിൽ ഏർപ്പെടുകയും ചെയ്ത നമ്മുടെ നാല് സഹപ്രവർത്തകർ അവരുടെ കാലാവധി പൂർത്തിയാകുന്നതിനാൽ പുതിയ ചുമതലകൾ ഏറ്റെടുക്കാൻ പോകുന്നു. ശ്രീ ഗുലാം നബി ആസാദ് ജി, ശ്രീ ഷംഷേർ സിംഗ് മൻഹാസ് ജി, ശ്രീ മിർ മുഹമ്മദ് ഫയാസ് ജി, ശ്രീ നസീർ അഹമ്മദ് ലവായ് ജി എന്നിവർക്ക്, ഈ സഭയ്ക്ക് നിങ്ങൾ നൽകിയ ശോഭക്ക് നിങ്ങളോട് എല്ലാവരോടും നന്ദിയും കടപ്പാടും അറിയിക്കാൻ ഞാൻ ആദ്യം ആഗ്രഹിക്കുന്നു; നിങ്ങളുടെ അനുഭവങ്ങൾ കൊണ്ടും അറിവുകൾ കൊണ്ടും നിങ്ങളുടെ പ്രദേശത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിങ്ങളുടെ സംഭാവനകൾ കൊണ്ടും വീടിനെയും രാജ്യത്തെയും സമ്പന്നമാക്കുന്നു.

സഭയിലെ എന്റെ സഹപ്രവർത്തകരായ ശ്രീ മിർ മുഹമ്മദ് ജിയെയും ശ്രീ നസീർ അഹമ്മദ് ലവായ് ജിയെയും വളരെ കുറച്ചുപേർ മാത്രമേ ശ്രദ്ധിച്ചിട്ടുണ്ടാകൂ, പക്ഷേ എന്റെ ചേംബറിൽ വിവിധ വിഷയങ്ങളിൽ അവരെ കാണാനും ചർച്ച ചെയ്യാനും എനിക്ക് അവസരം ലഭിക്കാതിരുന്ന ഒരു സെഷൻ പോലും ഉണ്ടായിരുന്നില്ല. ഞങ്ങൾ സംസാരിക്കാൻ ഇരിക്കുമ്പോഴെല്ലാം കശ്മീരുമായി ബന്ധപ്പെട്ട സൂക്ഷ്മമായ പല കാര്യങ്ങളും അവർ പങ്കുവെക്കാറുണ്ടായിരുന്നു. ചില സമയങ്ങളിൽ, കുടുംബത്തോടൊപ്പം വന്ന് പല വശങ്ങൾ ചർച്ച ചെയ്യുമായിരുന്നു, അത് എനിക്കും ഗുണം ചെയ്തിരുന്നു. എന്റെ രണ്ട് സഹപ്രവർത്തകർക്കും എന്നെ വ്യക്തിപരമായി പരിചയപ്പെടുന്നതിനും ആവശ്യമുള്ള വിവരങ്ങൾ നൽകിയതിനും ഞാൻ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. രാജ്യത്തിന്റെ ഐക്യവും സന്തോഷവും സമാധാനവും സമൃദ്ധിയും വർദ്ധിപ്പിക്കുന്നതിന് അവരുടെ പ്രതിബദ്ധതയും കഴിവും രാജ്യത്തിന് പൊതുവായും, ജമ്മു കശ്മീരിന് പ്രത്യേകിച്ചും ഉപയോഗപ്രദമാകുമെന്ന് എനിക്ക് ഉറപ്പുണ്ട്

ഞങ്ങളുടെ സഹപ്രവർത്തകരിൽ ഒരാളായ ശ്രീ ഷംഷേർ സിംഗ് ജി. അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച വർഷങ്ങളുടെ എണ്ണം ഓർത്തെടുക്കാൻ

ഇന്ന്, എനിക്ക് ആകുന്നില്ല. എപ്പോഴും സംഘടനാ പ്രവർത്തനം ആയിരുന്നതു കൊണ്ട് , ജമ്മു കശ്മീരിൽ വർഷങ്ങളോളം പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചു. ആ സമയത്ത്, ചില അവസരങ്ങളിൽ ഞാനും അദ്ദേഹത്തിന് ഒപ്പം യാത്ര ചെയ്യുമായിരുന്നു. അക്കാലത്ത്, ചില അവസരങ്ങളിൽ ഒരു സഹപ്രവർത്തകനെപ്പോലെ ഒരേ സ്കൂട്ടറിൽ അദ്ദേഹത്തോടൊപ്പം യാത്ര ഞാനും ചെയ്യുമായിരുന്നു. അടിയന്തരാവസ്ഥക്കാലത്ത് വളരെ ചെറുപ്പത്തിൽ തന്നെ ശ്രീ ഷംഷേർ സിംഗ് ജയിലിൽ പോയി. ശ്രീ. ഷംഷേർ ജിയുടെ

ഈ സഭയിലെ ഹാജർ ശതമാനം 96% ആണ്. ജനങ്ങൾ നൽകിയ ഉത്തരവാദിത്തം നിറവേറ്റാനുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥതയാണ് ഇതിൽ നിന്നും തെളിയുന്നത്. മൃദുഭാഷിയായ, ലാളിത്യമുള്ള വ്യക്തിത്വം ആണ് അദ്ദേഹത്തിന്റെ.

ജമ്മു കശ്മീരിൽ നിന്നുള്ള, വിരമിക്കുന്ന നാല് ബഹുമാനപ്പെട്ട അംഗങ്ങളുടെയും ജീവിതത്തിലെ ഏറ്റവും മികച്ച കാലയളവ് ഈ ഭരണകാലം ആയിരിക്കണമെന്ന് ഞാൻ വിശ്വസിക്കുന്നു, കാരണം ചരിത്രം ഒരു പുതിയ വഴിത്തിരിവായി, അവർ അതിന് സാക്ഷികളും ഈ യാത്രയിൽ സഹയാത്രികരുമാണ്. ഇത് നമ്മുടെ ജീവിതത്തിലെ ഒരു പ്രധാന സംഭവമാണ്.

ശ്രീ ഗുലാം നബി ജിയെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു, ശ്രീ ഗുലാം നബി ജിയുടെ പിൻഗാമിയായി വരുന്ന ഒരാൾക്ക് അദ്ദേഹം രാജ്യക്കാരോടും അദ്ദേഹത്തിന്റെ പാർട്ടിയോടും കാണിച്ച കഴിവിന്റെയും കരുതലിന്റെയും വ്യാപ്തിയുമായി പൊരുത്തപ്പെടാൻ പ്രയാസമായിരിക്കും. ഇതൊരു ചെറിയ കാര്യമല്ല; എന്നാൽ ഒരു പക്ഷെ അത് വലിയ കാര്യമാണ്, പ്രതിപക്ഷ നേതാവിന്റെ അധികാരം ഉപയോഗിച്ച് ആർക്കും ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കാം. ശ്രീ ശരദ് പവാർ ജിയെയും അതേ വിഭാഗത്തിൽ നിർത്താൻ ഞാൻ ആഗ്രഹിക്കുന്നു, കാരണം

അദ്ദേഹവും വീടിനും രാജ്യത്തിനും മുൻഗണന നൽകിയിട്ടുണ്ട്. ശ്രീ ഗുലാം നബി ജി തന്റെ കടമ വളരെ നന്നായി നിർവഹിച്ചു.

ഞാൻ ഓർക്കുന്നു, കൊറോണ കാലത്തും ഞാൻ ഫ്ലോർ ലീഡർമാരുടെ ഒരു യോഗം വിളിച്ചിരുന്നു,

അതേ ദിവസം തന്നെ ശ്രീ ഗുലാം നബി ജിയിൽ നിന്ന് എനിക്ക് ഒരു കോൾ ലഭിച്ചു. ഫ്ലോർ ലീഡർമാരുടെ യോഗം വിളിക്കുന്നത് നല്ലതാണെന്ന് അദ്ദേഹം എന്നെ ഉപദേശിക്കുകയും എല്ലാ പാർട്ടികളുടെയും അധ്യക്ഷന്മാരുമായി ഒരു യോഗം വിളിക്കാൻ എന്നോട് ആവശ്യപ്പെടുകയും ചെയ്തു. ഞാൻ സമ്മതിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ആ യോഗം നടത്തുകയും ചെയ്തു. അത്തരമൊരു നിർദ്ദേശം അദ്ദേഹം എനിക്ക്

നൽകിയതിൽ എനിക്ക് വളരെ സന്തോഷം തോന്നി. സർക്കാരിലും പ്രതിപക്ഷത്തും ഒരുപോലെ സേവനമനുഷ്ഠിച്ച അനുഭവം അദ്ദേഹത്തിനുണ്ടായിരുന്നു എന്നതാണ് ഞങ്ങൾക്കിടയിലെ ഇത്തരത്തിലുള്ള സമന്വയത്തിന് പിന്നിലെ അടിസ്ഥാന കാരണം എന്നത് പരാമർശിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. നീണ്ട 28 വർഷം സേവനമനുഷ്ഠിക്കുക എന്നത് ചെറിയ കാര്യമല്ല.

വളരെക്കാലം മുമ്പായിരുന്നു, ഒരുപക്ഷേ അടൽജിയുടെ സർക്കാരിന്റെ കാലത്ത്, എന്തെങ്കിലും ജോലിക്കായിട്ട് സഭയിൽ വന്നതാണോ എന്നു ഞാൻ ഇപ്പോൾ കൃത്യമായി ഓർക്കുന്നില്ല. ആ കാലത്ത്

തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഞാൻ ഇല്ലായിരുന്നു, ഞാൻ സംഘടനയ്ക്ക് വേണ്ടി പ്രവർത്തിച്ചിരുന്നു.

ഞാനും ഗുലാം നബി ജിയും ഒരു ലോബിയിൽ ഇരുന്ന ഞങ്ങളുടെ കാഴ്ചപ്പാടുകൾ കൈമാറുകയും മാധ്യമപ്രവർത്തകർ അവരുടെ സ്വഭാവത്തിന് അനുസൃതമായി എല്ലാവരേയും നിരീക്ഷിക്കുന്ന അവർ ഞങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു, ഇവർ രണ്ടുപേരും എങ്ങനെ സൗഹൃദപരമായിട്ടാകും സംസാരിക്കുക? ഞങ്ങളുടെ സംഭാഷണത്തിന് ശേഷം, ഞങ്ങൾ പുറത്തിറങ്ങിയതിന് തൊട്ടുപിന്നാലെ, മാധ്യമപ്രവർത്തകർ ഞങ്ങളോട് ചില ചോദ്യങ്ങൾ എറിഞ്ഞു, ശ്രീ ഗുലാം നബി ജി ഒരു മികച്ച മറുപടി നൽകി, ആ മറുപടി നമുക്കെല്ലാവർക്കും വളരെ ഉപയോഗപ്രദമാകും. ഞങ്ങളുടെ വഴക്കുകളെ കുറിച്ച് നിങ്ങൾ പത്രങ്ങളിൽ വായിക്കുകയോ ടിവിയിലോ പൊതുയോഗങ്ങളിലോ കാണുകയോ ചെയ്യും എന്ന് അദ്ദേഹം അവരോട് പറഞ്ഞു. എന്നാൽ ഞങ്ങൾക്ക് ഇടയിൽ ശക്തമായ ഒരു ബന്ധമുണ്ട്, ഞങ്ങളുടെ സന്തോഷങ്ങളും വേദനകളും ഞങ്ങൾ ഒരുമിച്ച് പങ്കിടുന്നു, ഈ മനോഭാവത്തിൽ തന്നെ ഒരു വലിയ സന്ദേശമടങ്ങിയിട്ടുണ്ട്.

ഒരുപക്ഷേ വളരെ കുറച്ച് ആളുകൾക്ക് മാത്രമേ ശ്രീ ഗുലാം നബി ജിയുടെ ഒരു ഹോബിയെക്കുറിച്ച് അറിയൂ. അദ്ദേഹത്തോടൊപ്പം കുറച്ച് സമയം ചിലവഴിക്കുമ്പോൾ മാത്രമേ നിങ്ങൾക്ക് അതിനെക്കുറിച്ച് അറിയാൻ കഴിയൂ. നമ്മൾ സർക്കാർ ബംഗ്ലാവുകളിൽ താമസിക്കുന്നു, നമ്മുടെ ശ്രദ്ധ എപ്പോഴും ബംഗ്ലാവിന്റെ ചുവരുകളിലോ സോഫ സെറ്റുകളിലോ ആയിരിക്കും. എന്നാൽ ഗുലാം നബി ജി ആ ബംഗ്ലാവിൽ ഒരു പൂന്തോട്ടം നിർമ്മിച്ചിട്ടുണ്ട്, അത് ഒരു തരത്തിൽ കാശ്മീർ

താഴ് വരയെ ഓർമ്മിപ്പിക്കുന്നു, അതിൽ അദ്ദേഹം അഭിമാനിക്കുന്നു. അദ്ദേഹം തന്റെ സമയം അതിനായി നീക്കിവയ്ക്കുകയും പുതിയ കാര്യങ്ങൾ അതിലേക്കു കൂട്ടിച്ചേർക്കുകയും ചെയ്തും., മത്സരത്തിൽ ഓരോ തവണയും അദ്ദേഹത്തിന്റെ പൂന്തോട്ടം റാങ്കിൽ ഒന്നാമതെത്താറുണ്ട്. അതുയേറെ സ്നേഹത്തോടെയും കരുതലോടെയുമാണ് അദ്ദേഹം തന്റെ ഔദ്യോഗിക വസതി പരിപാലിക്കുന്നത്. അങ്ങ് മുഖ്യമന്ത്രിയായിരുന്നപ്പോൾ ഞാനും ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായിരുന്നു. ആ കാലഘട്ടം വരെ ഞങ്ങൾ തമ്മിൽ വളരെ അടുത്ത ബന്ധം ഉണ്ടായിരുന്നു. ഞങ്ങൾക്ക് ബന്ധം നഷ്ടമായ സന്ദർഭങ്ങൾ ഉണ്ടായിട്ടില്ല.

ഒരിക്കൽ ഗുജറാത്തിൽ നിന്നുള്ള വിനോദസഞ്ചാരികളെ ജമ്മു കശ്മീരിൽ വച്ച് തീവ്രവാദികൾ ആക്രമിച്ചു, ഗുജറാത്തിൽ നിന്നും ധാരാളം ആളുകൾ ജമ്മു കശ്മീരിലേക്ക് വിനോദസഞ്ചാരത്തിനായി പോകാറുള്ളതാണ്. അതിൽ എട്ട് പേർ കൊല്ലപ്പെടുകയും ചെയ്തു. എനിക്ക് ഉടൻ തന്നെ ശ്രീ ഗുലാം നബി ജിയിൽ നിന്ന് ഒരു കോൾ ലഭിച്ചു, ആ ഫോൺ

കോൾ വെറും അപ്ഡേറ്റുകൾ നൽകാൻ മാത്രം ആയിരുന്നില്ല. ഫോണിലൂടെ അദ്ദേഹത്തെ ആശ്വസിപ്പിക്കാൻ ആകില്ലായിരുന്നു. ശ്രീ പ്രണബ് മുഖർജി അക്കാലത്ത് പ്രതിരോധ മന്ത്രിയായിരുന്നു, രാത്രി വൈകിയതിനാൽ മൃതദേഹങ്ങൾ തിരികെ കൊണ്ടുവരാൻ സൈനിക വിമാനം ലഭിക്കുമോ എന്ന് ചോദിക്കാൻ ഞാൻ അദ്ദേഹത്തെ വിളിച്ചിരുന്നു.

വിഷമിക്കേണ്ട, എല്ലാ ക്രമീകരണങ്ങളും ചെയ്യുമെന്ന് എന്നോട് ശ്രീ പ്രണബ് മുഖർജി പറഞ്ഞു. അപ്പോൾ ശ്രീ ഗുലാം നബി ജി വീണ്ടും രാത്രി എന്നെ വിളിച്ചു, അദ്ദേഹം നേരിട്ട് എയർപോർട്ടിൽ എത്തിയിരുന്നു. എയർപോർട്ടിൽ നിന്ന് അദ്ദേഹം എന്നെ വിളിച്ചു, ഏതൊരു കുടുംബാംഗത്തെയും പോലെ അദ്ദേഹം ആശങ്കാകുലനായിരുന്നു. ജീവിതം സ്ഥാനവും അധികാരവും നൽകുന്നു, എന്നാൽ അവ രണ്ടും എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നാം അദ്ദേഹത്തിൽ നിന്ന് പഠിക്കേണ്ടതുണ്ട്.

എന്നെ സംബന്ധിച്ചിടത്തോളം അത് വളരെ വൈകാരികമായ ഒരു നിമിഷമായിരുന്നു. എല്ലാവരും എത്തിയോ എന്ന് ചോദിച്ച് അടുത്ത ദിവസം രാവിലെ തന്നെ എനിക്കൊരു കോൾ വന്നു. അതിനാൽ, അനുഭവങ്ങളുടെയും സംഭവങ്ങളുടെയും അടിസ്ഥാനത്തിൽ ഞാൻ ശ്രീ ഗുലാം നബി ജിയെ ഒരു സുഹൃത്തായി ബഹുമാനിക്കുന്നു. അദ്ദേഹത്തിന്റെ കരുണയും വിനയവും ഈ രാജ്യത്തിന് വേണ്ടി എന്തെങ്കിലും ചെയ്യാനുള്ള ആഗ്രഹവും ഒരിക്കലും ഒരിടത്ത് സമാധാനമായി ഇരിക്കാൻ അദ്ദേഹത്തെ അനുവദിക്കില്ലെന്ന് എനിക്ക് പൂർണ്ണമായും ബോധ്യമുണ്ട്. അദ്ദേഹം ഏത് ഉത്തരവാദിത്തം കൈകാര്യം ചെയ്താലും അതിന് മൂല്യം കൂട്ടുകയും തന്റെ സംഭാവനകൾ നൽകുകയും രാജ്യത്തിന് അത് പ്രയോജനപ്പെടുത്തുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

അദ്ദേഹത്തിന്റെ സേവനങ്ങൾക്ക് ഒരിക്കൽ കൂടി ഞാൻ ആദരപൂർവം നന്ദി പറയുന്നു.

ഈ സഭയിൽ ഇനി ഉൾപ്പെട്ടവനല്ല താനെന്നു അദ്ദേഹം കരുതരുത് എന്നത് അദ്ദേഹത്തോടുള്ള വ്യക്തിപരമായ അഭ്യർത്ഥന കൂടിയാണ്. സഭയിലെ ബഹുമാന്യരായ ഈ നാല് അംഗങ്ങൾക്കും വേണ്ടി എന്റെ വാതിലുകൾ എപ്പോഴും തുറന്നിരിക്കുന്നു. രാജ്യത്തിന് വളരെ ഉപകാരപ്രദമായതിനാൽ നിങ്ങളുടെ കാഴ്ചപ്പാടുകളും നിർദ്ദേശങ്ങളും പതിവായി ലഭിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ അനുഭവങ്ങൾ ഒരുപാട് നമുക്ക് സഹായകം ആണ്. ഞാൻ നിങ്ങളെ വിരമിക്കാൻ അനുവദിക്കില്ല. ഒരിക്കൽ കൂടി, നിങ്ങൾക്ക് ആശംസകൾ. നന്ദി.

രാഷ്ട്രപതിയുടെ പ്രസംഗത്തിൽ
ലോക്സഭയിലെ നന്ദിപ്രമേയ
ചർച്ചയിൽ പ്രധാനമന്ത്രി ശ്രീ
നരേന്ദ്രമോദി യുടെ മറുപടി
പ്രസംഗം

ഫെബ്രുവരി 10, 2021

ഫെബ്രുവരി 10, 2021

ലോക് സഭ

ലോക്സഭയിൽ രാഷ്ട്രപതി നടത്തിയ പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തിനു പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി നൽകിയ മറുപടി

ആദരണീയ അദ്ധ്യക്ഷ ജി , ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പ്രചോദനാത്മകമായ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ചർച്ചയിൽ പങ്കെടുക്കുന്നതിനും അദ്ദേഹത്തിന് നന്ദി രേഖപ്പെടുത്തുന്നതിനും കുറച്ച് കാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു . രാഷ്ട്രപതിയുടെ പ്രസംഗം ഇന്ത്യയിലെ നൂറ്റി മുപ്പതു കോടി പൗരന്മാരുടെ നിശ്ചയദാർഢ്യത്തിന്റെയും ദൃഢനിശ്ചയത്തിന്റെയും പ്രതിഫലനമാണ്. ദുഷ്കരവും വെല്ലുവിളി നിറഞ്ഞതുമായ ഈ കാലഘട്ടത്തിൽ പോലും, ഈ രാജ്യം ഏത് രീതിയിലാണ് തൻറെ പാത തിരഞ്ഞെടുക്കുന്നതും ആ പാതയിലൂടെ സഞ്ചരിക്കുകയും ആ ലക്ഷ്യങ്ങൾ നേടിയെടുത്തുകൊണ്ട് മുന്നോട്ട് പോകുന്നു. ഇക്കാര്യങ്ങളെല്ലാം രാഷ്ട്രപതി തന്റെ പ്രസംഗത്തിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. അദ്ദേഹത്തിൻറെ ഓരോ വാക്കും രാജ്യത്തെ ജനങ്ങളിൽ ഒരു പുതിയ വിശ്വാസം വളർത്തുന്നതും തന്റെ രാജ്യത്തിന് വേണ്ടി എന്തെങ്കിലും ചെയ്യാൻ ഓരോ പൌരനെയും പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ് . ഇതിന് നമ്മുടെ നന്ദി പ്രകടിപ്പിക്കാൻ വാക്കുകൾ മതിയാകില്ല. ഈ സഭയിൽ 15 മണിക്കൂറിലേറെ ചർച്ച നടന്നു. ഏതാണ്ട് അർദ്ധരാത്രി 12 മണി വരെ, നമ്മുടെ ബഹുമാനപ്പെട്ട എല്ലാ പാർലമെന്റംഗങ്ങളുംഈ പ്രബുദ്ധതയോടെ ജീവൻ നല്കി. ശക്തവും സജീവവുമായ ചർച്ചകളിൽ അവർ പങ്കെടുത്തു . ചർച്ചയിൽ പങ്കെടുത്ത എല്ലാ മാന്യ അംഗങ്ങൾക്കും ഞാൻ ആത്മാർത്ഥമായി നന്ദി പറയുന്നു. ഈ ചർച്ചയിൽ കൂടുതൽ പങ്കാളിത്തം നമ്മുടെ വനിതാ പാർലമെന്റ് അംഗങ്ങൾക്ക് ഉണ്ടായിരുന്നതിനാലും സൂക്ഷ്മമായ ഗവേഷണത്തിലൂടെ എല്ലാ ആശയങ്ങളെയും പിന്താങ്ങാനുള്ള തങ്ങളുടെ ശ്രമത്തിൽ ബുദ്ധികൂർമത പ്രകടമാക്കിയതിനാലും ഞാൻ അവരോട് പ്രത്യേകം നന്ദി രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ വനിതാ പാർലമെന്റ് അംഗങ്ങളോടെല്ലാം എനിക്കു പ്രത്യേകം നന്ദിയുണ്ട്. അവരുടെ വിവേകത്തിനും അവർ സ്വയം തയ്യാറാക്കി അവതരിപ്പിച്ച രീതിക്കും അവരെ അഭിനന്ദിക്കുന്നു. അവരുടെ മൂല്യവത്തായ യുക്തിസഹമായ ഉൾക്കാഴ്ചകൾ സഭയെയും ചർച്ചയെയും വളരെയധികം സമ്പന്നമാക്കി.

ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , ഇന്ത്യ ഒരു തരത്തിൽ നമ്മുടെ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വർഷത്തിന്റെ പടിവാതിൽക്കൽ എത്തിനിൽക്കുകയാണ്. 75 വർഷമെന്ന ഇത്തരമൊരു നാഴികക്കല്ലിലെത്തുക എന്നത് ഓരോ ഇന്ത്യക്കാരനും അഭിമാനകരമായ കാര്യമാണ്. അത് മുന്നോട്ട് പോകാനുള്ള പുരോഗതിയുടെ ആഘോഷവുമാണ്. അതിനാൽ, ഏതെങ്കിലും സാമൂഹിക വ്യവസ്ഥയിൽ ഏതിൽ ആണെങ്കിലും ഇന്ത്യയുടെ ഏതെങ്കിലും കോണിലാണെങ്കിലും ഉള്ളവരായാലും , സാമൂഹികവും സാമ്പത്തികവുമായ തലങ്ങളിൽ ഏത് സ്ഥാനത്ത് ആയിരുന്നാലും , നമ്മുടെ സ്വാതന്ത്ര്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് , രണ്ടായിരത്തി നാൽപ്പത്തിയെഴിൽ രാഷ്ട്രം സ്വാതന്ത്ര്യത്തിന്റെ നൂറാം വർഷം ആഘോഷിക്കുമ്പോൾ പുതിയ ആവേശത്തോടെ പുതിയ സങ്കൽപ്പത്തോടെ നാമെല്ലാവരും എത്തണം , ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ ഒരു നൂറ്റാണ്ട് കൈവരിക്കാൻ നമുക്ക് ഇരുപത്തിയഞ്ച് വർഷങ്ങൾ മുന്നിലുണ്ട്. ഈ ഇരുപത്തിയഞ്ച് വർഷങ്ങൾ കൊണ്ട് , രാജ്യം എത്രത്തോളം പുരോഗമിക്കണം, ആഗോള ഭൂപടത്തിൽ രാജ്യമെവിടെ സ്ഥാനം പിടിക്കണം എന്നത് എല്ലാ ഇന്ത്യക്കാരുടെയും കാഴ്ചപ്പാടിൽ ഉണ്ടാകണം . വികസനത്തിനായി ഈ ആവാസവ്യവസ്ഥയെ പ്രദാനം ചെയ്യേണ്ടത് പാർലമെന്റിന്റെയും ഈ പവിത്ര ഭൂമിയുടെയും ഈ കൂട്ടായ്മയുടെയും ഉത്തരവാദിത്തമാണ്.

ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയപ്പോൾ, അവസാനത്തെ ബ്രിട്ടീഷ് കമാൻഡർ, പോകുമ്പോൾ, ആവാനമായി ഇങ്ങനെ പറഞ്ഞു .ഇന്ത്യ നിരവധി രാജ്യങ്ങളുടെ ഒരു വലിയ ദ്വീപാണ് എന്നും ആർക്കും ഒരിക്കലും ഇന്ത്യയെ ഒരു ഏകീകൃത രാഷ്ട്രമാക്കാൻ കഴിയില്ലെന്നും പറഞ്ഞിരുന്നു. എന്നാൽ അത്തരം സംശയങ്ങളെയും മുൻകരുതലുകളേയും ഭാരതവാസികൾ തകർത്തു. അങ്ങനെയുള്ള സംശയ മനസ്സുകളെല്ലാം ഒടുവിൽ നമ്മൾ അടച്ചു. നമ്മൾ നമ്മുടെ ഉത്പതിഷ്ണുത , സാംസ്കാരിക ഐക്യം, പാരമ്പര്യങ്ങൾ എന്നിവയാൽ, ഇന്ന്,

ലോകത്തിന് പ്രതീക്ഷയുടെ കിരണങ്ങൾ കൊണ്ടുവരുന്ന ഒരു സംയോജിത രാഷ്ട്രമെന്ന നിലയിൽ നാം ലോകത്ത് ഒരു ശ്രദ്ധ പിടിച്ച് പറ്റുന്ന സ്ഥാനം നേടിയിരിക്കുന്നു

ഇതെല്ലാം ഈ എഴുപത്തിയഞ്ച് വർഷത്തെ യാത്രയിൽ നേടിയതാണ്. ഇന്ത്യയെ ഒരു അദ്ഭുത ജനാധിപത്യമെന്നാണ് പലരും വിശേഷിപ്പിച്ചത്. ഈ മിഥ്യാധാരണയും നമ്മൾ തകർത്തു. ജനാധിപത്യം നമ്മുടെ ഡിഎൻഎയിലാണ്, ഓരോ സ്പന്ദനവും ഒരു വിധത്തിൽ ഈ ചൈതന്യത്താൽ പ്രതിധ്വനിക്കുന്നു. ജനാധിപത്യത്തിന്റെ ആത്മാവ് നമ്മുടെ ചിന്തകളിലും സംരംഭങ്ങളിലും പ്രയത്നങ്ങളിലും സ്വാംശീകരിച്ചിരിക്കുന്നു. നിരവധി തിരഞ്ഞെടുപ്പുകളും ഭരണമാറ്റങ്ങളും ഉണ്ടായിട്ടും ഈ മനോഭാവം നമ്മൾ ഉയർത്തിപ്പിടിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. രാജ്യം എല്ലാ പുതിയ ഭരണത്തെയും പൂർണ്ണഹൃദയത്തോടെ സ്വീകരിക്കുകയും മുന്നേറുകയും ചെയ്തിട്ടുണ്ട്. ഇത് എഴുപത്തിയഞ്ച് വർഷമായി ഈ ക്രമം തുടരുന്നു. വൈവിധ്യങ്ങളാൽ നിറഞ്ഞ രാജ്യമാണ് നമ്മുടേത് , അതിനാൽ നമ്മുടെ ജനാധിപത്യ മൂല്യങ്ങളെ മാനിക്കുന്നു. നൂറിലധികം ഭാഷകളും ഉപഭാഷകളുമുണ്ട്, വകഭേദങ്ങളുള്ള വസ്ത്രധാരണരീതികളും വൈവിധ്യമാർന്ന സംസ്കാരങ്ങളും ഉണ്ട്, എന്നിട്ടും നമ്മൾ ഒരു ഏകീകൃത ലക്ഷ്യം നിലനിർത്തുകയും അത് കൈവരിക്കുവാനായി ഒരു പൊതു മാർഗ്ഗത്തിൽ ഒരുമിച്ച് സഞ്ചരിക്കുകയും ചെയ്യുന്നു

ഇന്ന് ഭാരതത്തെക്കുറിച്ച് നമ്മൾ സംസാരിക്കുമ്പോൾ, സ്വഭാവികമായും സ്വാമി വിവേകാനന്ദൻറെ വാക്കുകളെ സ്മരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞു "എല്ലാ രാജ്യത്തിനും കൈമാറാൻ ഒരു സന്ദേശം ഉണ്ട്, നിറവേറ്റാനുള്ള ഒരു ദൗത്യം, എത്തിച്ചേരാനുള്ള ഒരു നിയതിയുണ്ട് " അതായത് "എല്ലാ രാജ്യത്തിൻറെയും കൈവശം ഒരു സന്ദേശമുണ്ട്, അത് അവർക്ക് എത്തിക്കേണ്ടതുണ്ട്, എല്ലാ രാജ്യത്തിനും ഒരു ദൌത്യമുണ്ട്, അത് അവർക്ക് നേടാനുണ്ട് , എല്ലാ രാജ്യത്തിനും ഒരു നിയതിയുണ്ട് അത് അവർ പ്രാപ്തമാക്കുന്നു ". കൊറോണ പൊട്ടിപ്പുറപ്പെട്ട സമയത്ത്, സ്വയം കൈകാര്യം ചെയ്യുന്നതിൽ മാത്രമല്ല, ലോകത്തെ സഹായിക്കുന്നതിലും നിർണായക പങ്ക് ഇന്ത്യ വഹിച്ച രീതി ഒരു തരത്തിൽ നമുക്ക് ഒരു വഴിത്തിരിവാണ്. വേദങ്ങളിൽ തുടങ്ങി വിവേകാനന്ദൻ വരെയുള്ള വൈദിക സംസ്കാരങ്ങളും വികാരങ്ങളും ഉൾക്കൊണ്ടാണ് നമ്മൾ വളർന്നത്. "സർവേ ഭവന്തു സുഖിനഃ സർവേ സന്തു നിരാമയഃ" അതായത്. "എല്ലാ ജീവജാലങ്ങൾക്കും സമാധാനം ഉണ്ടാകട്ടെ, ആരും അസുഖങ്ങളാൽ കഷ്ടപ്പെടാതെ ഇരിക്കട്ടെ". കൊറോണ എന്ന മഹാമാരി

യുടെ കാലത്ത് ഇന്ത്യ ഇത് തെളിയിച്ചിട്ടുണ്ട്. ഒരു സ്വാശ്രയ ആത്മനിർഭർ രാഷ്ട്രമായി ഇന്ത്യയെ കെട്ടിപ്പടുക്കാൻ നമ്മുടെ രാജ്യവും പൗരന്മാരും മതിയായ ഒന്നിന് പുറമെ മറ്റൊന്നു എന്ന തരത്തിൽ ഉറപ്പുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതും , രണ്ട് യുദ്ധങ്ങൾ ലോകത്തെ ഇളക്കിമറിക്കുകയും തകർക്കുകയും ചെയ്ത കാലം നമുക്ക് എങ്ങനെ ഓർക്കാതിരിക്കാനാകും. മനുഷ്യത്വവും മാനുഷിക മൂല്യങ്ങളും രണ്ടും അപകടഘട്ടത്തിലായി. എല്ലായിടത്തും നിരാശ നിലനിന്നിരുന്നു, രണ്ടാം ലോകമഹായുദ്ധാനന്തരം ലോകമെമ്പാടും ഒരു പുതിയ ലോകക്രമം രൂപപ്പെട്ടു. സമാധാനം പുനഃസ്ഥാപിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും സൈനികേതര സഹകരണമെന്ന മുദ്രാവാക്യം ലോകമെമ്പാടും ശക്തിപ്പെടുത്തുകയും ചെയ്തു. ഐക്യരാഷ്ട്രസഭ സ്ഥാപിക്കപ്പെട്ടു. രാഷ്ട്രങ്ങളെ സംഘടിതമായ രീതിയിൽ സമാധാനവും പുരോഗതിയും നിറഞ്ഞ പാതയിലേക്ക് കൊണ്ടുവരാൻ അത്തരം വിവിധ ഏജൻസികളും സംവിധാനങ്ങളും രൂപീകരിച്ചു.എന്നാൽ അനുഭവം അനുഭവങ്ങളും മറ്റൊന്നായിരുന്നു. അനുഭവം ഇതായിരുന്നു.

സമാധാനത്തെക്കുറിച്ച് സംസാരിക്കുന്നതിനിടയിൽ അധികാരമുള്ള പല രാജ്യങ്ങളും സൈനിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ തുടങ്ങി.യുഎൻ രൂപീകരണത്തിനു ശേഷം അവരുടെ സൈനിക ശക്തി പലമടങ്ങ് വർധിച്ചു. സൈനിക ശക്തിയുടെ മത്സരത്തിൽ ചെറിയ രാജ്യങ്ങൾ പോലും ഉയർന്നുവന്നു. സമാധാന ചർച്ചകൾ ഒരുപാട് നടന്നിട്ടുണ്ട് എന്നതിൽ സംശയമില്ല, എന്നാൽ അതിനിടയിൽ നിരവധി ശക്തരായ രാജ്യങ്ങൾ അവരുടെ സൈനിക ശക്തി വികസിപ്പിക്കാനുള്ള എല്ലാ ശ്രമങ്ങളിലും ഒത്തുചേർന്നിരുന്നു എന്ന വസ്തുത ആർക്കും അവഗണിക്കാനാവില്ല. സൈനിക സേനയെ ശക്തിപ്പെടുത്തുന്നതിനുമുള്ള എല്ലാ നവീകരണങ്ങളും ഗവേഷണങ്ങളും ഈ കാലഘട്ടത്തിലാണ് നടന്നത്.

കൊറോണയ്ക്കുശേഷം, ഒരു പുതിയ ലോകക്രമം ഉയർന്നുവരുന്നത് ഒരാൾക്ക് കാണാൻ സാധിച്ചില്ലെങ്കിലും . ലോകമെമ്പാടും സഹകരണവും ബന്ധങ്ങളും കൈകോർക്കുന്ന ഒരു പുതിയ ആവാസവ്യവസ്ഥ രൂപപ്പെടും. ലോകമഹായുദ്ധത്തിനു ശേഷമുള്ള സാഹചര്യത്തിലെന്നപോലെ നിശബ്ദ കാഴ്ചക്കാരായി തുടരണോ അതോ ഉയർന്നുവരുന്ന പുതിയ ലോകക്രമവുമായി സ്വയം ക്രമീകരിക്കാനും പൊരുത്തപ്പെടുത്താനും ശ്രമിക്കണോ എന്ന് നമ്മൾ ഇപ്പോൾ തീരുമാനിക്കേണ്ടതുണ്ട്. ഈ കാലഘട്ടം നമുക്കും ഒരേ പോലെ ആണ് .

എന്നാൽ ഇപ്പോൾ കൊറോണയ്ക്ക് ശേഷം ഒരു പുതിയ ലോകക്രമം ഉയർന്നുവരുന്നു, അത് അനിവാര്യമാണ്. എന്നാൽ ഇത് ഏത് രൂപമാകും സ്വീകരിക്കുക എന്നതും ആരാകും ഇതിന് തുടക്കമിടുകയെന്നുമൊക്കെ കാലത്തിനു മാത്രമേ പറയുവാനാകൂ .എന്നാൽ പ്രതിസന്ധികളെ ലോകം എങ്ങനെ സഹിച്ചുവോ, അതിനെക്കുറിച്ച് ചിന്തിക്കുവാനും അത് ചെയ്യാനും ലോകം നിർബന്ധിക്കപ്പെട്ടവരാകുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ ലോകവുമായി അന്യമായി തുടരാൻ ഇന്ത്യക്കു കഴിയില്ല. ഒരു ശൂന്യതയിൽ തുടരാൻ നമുക്ക് ആകില്ല . കരുത്തുറ്റ കളിക്കാരായി ഇപ്പോൾ നാം ഉയർന്നുവരേണ്ടതുണ്ട്. നമ്മുടെ വലിയ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മാത്രം ലോകത്ത് നമ്മുടെ ശക്തി സ്ഥാപിക്കാനാവില്ല. അത് നമ്മുടെ ശക്തിയാണ്, പക്ഷേ അത് കൊണ്ട് മാത്രം പര്യാപ്തമല്ല. പുതിയ ലോകക്രമത്തിൽ ഒരു ഇടം കണ്ടെത്തുന്നതിന് ഇന്ത്യ സ്വയം ശക്തിപ്പെടുത്തുകയും സ്വയം ആശ്രയിക്കുകയും വേണം, ഇതിനുള്ള ഉത്തരം ആത്മനിർഭർ ഭാരതാണ്. ഇന്ന് ഫാർമസി മേഖലയിൽ നമ്മൾ സ്വയം പര്യാപ്തരാണ്. ലോക ക്ഷേമത്തിൽ നിർണായക പങ്ക് നമുക്ക് വഹിക്കുവാനായി . ഇന്ത്യ എത്രത്തോളം സ്വാശ്രയവും കാര്യക്ഷമതയും കൈവരുത്തുന്നുവോ അത്രത്തോളം അത് മാനവികതയുടെയും ലോക ക്ഷേമത്തിലും കൂടുതൽ പ്രധാന പങ്ക് വഹിക്കും. സർവേ ഭവന്തു സുഖിനഃ എന്ന മന്ത്രം നമ്മുടെ രക്തത്തിലുണ്ട്. അതിനാൽ, ആത്മനിർഭർ ഭാരത് എന്നതിനായുള്ള ആഹ്വാനത്തെ കൂടുതൽ ശക്തമാക്കേണ്ടത് വളരെ പ്രധാനമാണ്. ഇത് ഏതെങ്കിലും രാഷ്ട്രീയക്കാരന്റെയോ സർക്കാരിന്റെയോ ശബ്ദമല്ലെന്നും ഓർക്കുക.

ഇക്കാലത്ത്, ഇന്ത്യയുടെ ഓരോ മുക്കിലും മൂലയിലും 'വോക്കൽ ഫോർ ലോക്കൽ' - "പ്രാദേശികതയ്ക്കുവേണ്ടി ശബ്ദമുയർത്തുക" എന്ന മുദ്രാവാക്യം മുഴങ്ങുന്നു. നമ്മൾ കൈ വയ്ക്കുന്ന ഓരോ ഉൽപ്പന്നവും പ്രാദേശികമാണെന്നത് വളരെ സന്തോഷം നൽകുന്ന കാര്യമാണ്.

ഈ ആത്മാഭിമാന ബോധം ഒരു സ്വാശ്രയ ഇന്ത്യക്ക് വളരെ ഉപയോഗപ്രദമാണ്, നമ്മുടെ ചിന്തകളും നയങ്ങളും തീരുമാനങ്ങളും ഇന്ത്യയെ സ്വാശ്രയമാക്കുന്നതിന് ആവശ്യമായ എല്ലാ മാറ്റങ്ങളും കൊണ്ടുവരുന്നതിന് വേണ്ടിയായിരിക്കണമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതാണ് എന്റെ അഭിപ്രായം.

ഈ ചർച്ചയ്ക്കിടെ, മിക്കവാറും എല്ലാ അംഗങ്ങളും കൊറോണയെ പരാമർശിച്ചു. നമ്മളെ സംബന്ധിച്ച് ഈ വിഷയം സംതൃപ്തിയും അഭിമാനവും ആയ വിഷയമാണ് . കൊറോണ പൊട്ടിപ്പുറപ്പെട്ടതു സൃഷ്ടിക്കുന്ന പ്രതിസന്ധിയുടെ ഭീമാകാരമായ തോത് ലോകം പ്രതീക്ഷിച്ചിരുന്നു, കൂടാതെ മഹാമാരിയുടെ ആഘാതം പ്രവചിക്കുന്നതിൽ നിരവധി മികച്ച വിദഗ്ധർ ഏർപ്പെട്ടിരുന്നു. ഇന്ത്യയിലും ഭീതി പടർത്താൻ നിരവധി ശ്രമങ്ങൾ നടന്നിരുന്നു. അതൊരു ഒരു അജ്ഞാത ശത്രുവായതിനാൽ വിശ്വാസത്തോടെ ഒന്നും അവകാശപ്പെടാനോ വിശ്വാസത്തോടെ ഒന്നും ചെയ്യാനോ ആകുമായിരുന്നില്ല . യുദ്ധം അജ്ഞാതനായ ശത്രുവിനെതിരെയായിരുന്നു. ഇത്രയും ജനസാന്ദ്രത കൂടുതലുള്ള, പല മേഖലകളിലും അടിസ്ഥാന സൗകര്യങ്ങളുടെ കുറവുള്ള, ഇത്രയും വലിയ ഒരു രാജ്യത്തിൻറെ കഴിവുകളെ സംശയിക്കുന്നത് സ്വാഭാവികമായിരുന്നു. കാരണം നിരവധി വലിയ രാഷ്ട്രങ്ങൾ ഇതിനകം തന്നെ മഹാമാരിക്ക് കീഴടങ്ങിയിരുന്നു, ഇന്ത്യക്കെങ്ങിനെ വെല്ലുവിളിയെ നേരിടാൻ കഴിയും. ഇന്ത്യയുടെ സ്ഥിതി കൂടുതൽ വഷളായാൽ ലോകത്തെ ആർക്കും രക്ഷിക്കുവാനും ആകില്ല എന്നും അനുമാനിക്കപ്പെട്ടിരുന്നു.

അത്തരമൊരു സാഹചര്യത്തിൽ, നൂറ്റി മുപ്പത് കോടി രാജ്യക്കാരുടെ അച്ചടക്കവും , അവരുടെ സമർപ്പണമാണ് ഇന്ന് നമ്മെ രക്ഷിച്ചത്.

ക്രെഡിറ്റ് നൂറ്റി മുപ്പത് കോടി ഹിന്ദുസ്ഥാനികൾക്കുള്ളതാണ്, നാമെല്ലാവരും അതിൻറെ മഹത്വത്തെ കുറിച്ച പാടണം. ഇതും ഇന്ത്യയുടെ മുദ്ര പതിപ്പിക്കാനുള്ള അവസരമൊരുക്കി. നമ്മെത്തന്നെ നിരന്തരം ശപിച്ചുകൊണ്ട് ഇരുന്നാൾ ലോകത്തെ കൊണ്ട് നമ്മളെ അംഗീകരിപ്പിക്കാൻ ഒരിക്കലും സാധ്യമല്ല. നമ്മുടെ സാഹചര്യങ്ങൾക്കെതിരെ പോരാടാനും നമ്മുടെ പരിമിതികളിൽ പ്രവർത്തിക്കാനും നാം പരിശ്രമിക്കണം. ആത്മവിശ്വാസത്തോടെ ലോകത്തെ അഭിമുഖീകരിക്കാനുള്ള അനുഭവവും നാം നേടണം.

അപ്പോൾ മാത്രമേ ലോകം നമ്മെ സ്വീകരിക്കുകയുള്ളൂ. നിങ്ങളുടെ സ്വന്തം കുട്ടിയെ നിങ്ങൾ അംഗീകരിക്കില്ലെങ്കിലും സമൂഹം അവരെ അംഗീകരിക്കണം എന്ന നിങ്ങൾ കരുതുന്നുവെങ്കില് അത് ഒരിക്കലും സാധ്യമാകില്ല. ഇതാണ് ലോകത്തിന്റെ രീതി , നമ്മൾ അതിനെക്കുറിച്ച് സംസാരിക്കണം. ദൈവാനുഗ്രഹം കൊണ്ടാണ് നമ്മൾ കൊറോണയിൽ നിന്ന് രക്ഷപ്പെട്ടത് എന്ന ഒരു കാര്യം ശ്രീ മനീഷ് തിവാരി ജി പറഞ്ഞിരുന്നു. ഈ കാര്യത്തെ കുറിച്ച് തീർച്ചയായും എനിക്കു പറയുവാനുണ്ട് . വാസ്തവത്തിൽ ഭഗവാൻ തന്നെ അനുഗ്രഹിച്ചത് തന്നെയാണ്. ലോകം കൊറോണയാൽ പ്രക്ഷുബ്ധമായിരിക്കെ, ഈശ്വരാനുഗ്രഹത്താൽ നമ്മൾ രക്ഷപ്പെട്ടു. കാരണം ഈശ്വരൻ ഡോക്ടർമാരുടെയും നഴ്സുമാരുടെയും വേഷത്തിൽ വന്നതായിരുന്നു . വൈകുന്നേരം തിരിച്ചെത്തുമെന്ന് ഈ ഡോക്ടർമാരും നഴ്സുമാരും തങ്ങളുടെ കുട്ടികൾക്ക് ഉറപ്പുനൽകും, പക്ഷേ രണ്ടോഴ്ചയിലേറെയായി പല അവസരങ്ങളിലും അവർക്ക് മടങ്ങാൻ കഴിഞ്ഞില്ല. മനുഷ്യരൂപത്തിൽ നമ്മളെ പരിപാലിക്കുന്ന ഈശ്വരൻ ആയിരുന്നു അവർ.

നമ്മുടെ ശുചീകരണത്തൊഴിലാളികൾ സ്വന്തം ജീവനു പ്രശ്നം ആകുമെന്ന് അറിഞ്ഞിട്ടും കഠിനമായ പോരാട്ടത്തിന് നമ്മുടെ ശുചീകരണ തൊഴിലാളികൾ സന്നദ്ധരായത് കൊണ്ടാണ് നമുക്ക് കൊറോണയെ പരാജയപ്പെടുത്താൻ കഴിയുന്നത് .

രോഗികളെ പരിചരിക്കാൻ ആർക്കും സാധിക്കുമായിരുന്നില്ല അപ്പോഴും , അവരെ വൃത്തിയും ശുചിത്വവുമുള്ള അവസ്ഥയിൽ നിലനിർത്തിയത് നമ്മുടെ ശുചീകരണ തൊഴിലാളികളാണ്. ദൈവം അവരുടെ രൂപത്തിൽ വന്നതാണ്. ആംബുലൻസ് കൊണ്ട് വന്നിരുന്ന ഡ്രൈവർമാർ സാക്ഷരരായിരുന്നില്ല. എന്നിട്ടും, കൊറോണ പോസിറ്റീവ് രോഗികളെയാണ് തങ്ങൾ കൊണ്ടുപോകുന്നതെന്ന് അവർക്ക് നന്നായി അറിയാമായിരുന്നു, എന്നിട്ടും അവർ മനുഷ്യരാശിയെ നിസ്വാർത്ഥമായി സേവിച്ചു, ആംബുലൻസ് ഡ്രൈവർ ദൈവത്തിൻറെ രൂപം തന്നെയായിരുന്നു . ഭഗവാൻ പല പല രൂപങ്ങളിൽ വന്നു.

പ്രതിബദ്ധതയും അർപ്പണബോധവും നിറഞ്ഞ അവരുടെ മഹത്തായ കഥകൾ എത്രത്തോളം അഭിമാനത്തോടെ നമ്മൾ പങ്കിടുന്നുവോ, ദേശത്തിൻറെ സഫലതയെ കുറിച്ച എത്രത്തോളം നമ്മൾ പറയുന്നുവോ അത്രയധികം നമുക്ക് ഉള്ളിൽ ശാക്തീകരണം അനുഭവപ്പെടും.

ഇപ്പോഴും നിരാശയുടെ പിടിയിൽ കഴിയുന്ന നിരവധി പേരുണ്ട്, രാജ്യത്തെ നൂറ്റി മുപ്പതു കോടിയോളം വരുന്ന ജനങ്ങളുടെ ശ്രമങ്ങളെയും ശക്തിയെയും കുറിച്ച് ചിന്തിക്കാൻ ഞാൻ അവരോട് പറയാൻ ആഗ്രഹിക്കുന്നു. അപ്പോൾ നിങ്ങൾക്ക് ഉള്ളിലും തീർച്ചയായും കൂടുതൽ ഊർജ്ജസ്വലത അനുഭവപ്പെടും.

ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ , ഈ കൊറോണയുടെ കാലം ഒരു പരീക്ഷയായിരുന്നു . നിങ്ങൾ ഒരു പ്രതിസന്ധി നേരിടുമ്പോഴാണ് പരീക്ഷകൾ നേരിടേണ്ടി വരിക. . സാധാരണ ദിവസങ്ങളിൽ ഒരാൾ അത്രക്കു വലിയ പ്രശ്നങ്ങൾ നേരിടേണ്ടി വരില്ല . ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രങ്ങൾക്ക് പോലും ഈ ദുരന്തത്തിൻറെ പിടിയിൽ നിന്നും മാറി നില്ക്കാൻ സാധിച്ചില്ല. പ്രതിസന്ധി ഘട്ടത്തിൽ ഓരോ പൗരനും , സാമ്പത്തിക, വൈദ്യസഹായങ്ങൾ നേരിട്ട് എത്തുന്നുവെന്ന് ഉറപ്പാക്കുക എന്നതായിരുന്നു ഓരോ രാജ്യത്തിന്റെയും ആദ്യ ശ്രമം. ഡോളറുകളും പൗണ്ടുകളും കൊണ്ട് ഖജനാവുകൾ നിറച്ച പല രാജ്യങ്ങൾക്കും ആഗ്രഹം ഉണ്ടായിട്ടു പോലും , കൊറോണ പൊട്ടിപ്പുറപ്പെട്ടതും ലോക്ക്ഡൗണുകളും കർഫ്യൂവും മൂലമുണ്ടായ അനിശ്ചിതത്വം കാരണം തങ്ങളുടെ പൗരന്മാർക്ക് മതിയായ സഹായങ്ങൾ നൽകാൻ കഴിയുന്നില്ല എന്നറിയുമ്പോൾ നിങ്ങൾ അമ്പരന്നുപോകും.

ബാങ്കുകളും പോസ്റ്റോഫീസുകളും മറ്റ് എല്ലാ സൗകര്യങ്ങളും പെട്ടെന്ന് അടച്ചുപൂട്ടേണ്ടി വന്നു. ഒന്നും ചെയ്യാൻ ആയില്ല. ആഗ്രഹം ഉണ്ടായിരുന്നു ,ഉദ്ദേശശുദ്ധി വ്യക്തമായിരുന്നു പ്രഖ്യാപനങ്ങളും നടത്തി. പക്ഷേ ഒന്നും ചെയ്യാൻ സാധിച്ചില്ല. പക്ഷേ, ഇന്ത്യയാണ്, ഇവിടെ പകർച്ചവ്യാധിയുടെ കാലഘട്ടത്തിൽ, ഏകദേശം 75 കോടിയിലധികം ഇന്ത്യക്കാർക്ക് അവരുടെ വീട്ടുവാതിൽക്കൽ നിന്ന് എട്ട് മാസത്തേക്ക് റേഷൻ നല്കാൻ സാധിച്ചു, ഈ ഇന്ത്യയാണ് ഈ കാലത്ത് ജൻധൻ അക്കൗണ്ടുകളിലൂടെയും ആധാർ കാർഡ്, മൊബൈൽ ബാങ്കിംഗ് എന്നിവയിലൂടെ 2 ലക്ഷം കോടി രൂപ, ജനങ്ങളിലേക്ക് എത്തിച്ചത്. ആധാർ, മൊബൈൽ, ജൻധൻ അക്കൌണ്ട് എത്രയോ പാവപ്പെട്ട ജനങ്ങൾക്ക് പ്രയോജനമായി വന്നു , എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ, ഈ ആധാർ തടയാൻ ഏത് ആളുകളാണ് കോടതിയിൽ പോയത് ? ഏത് ആളുകൾ ആയിരുന്നു സുപ്രീം കോടതിയിൽ ആവർത്തിച്ചു സമീപിച്ചത്, ഞാൻ പലപ്പോഴും ഞെട്ടിയിട്ടുണ്ട് , ഇന്ന് ഞാൻ ഇത് വീണ്ടും വീണ്ടും പറയുന്നു, ആദരണീയ അദ്ധ്യക്ഷൻ എന്നോടു ക്ഷമിക്കണം .

ആദരണീയ സ്പീക്കർ, സർ, കൊറോണ മഹാമാരിയുടെ കാലത്ത് സമയത്ത് വഴിയോരക്കച്ചവടക്കാർക്ക് സാമ്പത്തിക സഹായവും ആശ്വാസ നടപടികളും നൽകാനാണ് ഈ ശ്രമം നടത്തിയത്. ഈ ശ്രമം

വിജയകരമായി കൈവരിക്കാനായതിൽ എനിക്ക് സന്തോഷമുണ്ട്.

ബഹുമാനപ്പെട്ട സ്പീക്കർ, സർ, നമ്മുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് - ഈ പ്രതിസന്ധി ഘട്ടത്തിലും ഞങ്ങൾ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഒരു പരമ്പര കൊണ്ടുവന്നു. ഇന്ത്യയെ പോലൊരു സമ്പദ്വ്യവസ്ഥയെ രക്ഷിക്കാനും വികസിപ്പിക്കാനുമുള്ള ഉദ്ദേശത്തോടെയാണ് ഞങ്ങൾ മുന്നോട്ട് പോയത്, ചില സുപ്രധാന തീരുമാനങ്ങൾ എടുക്കേണ്ടി വരും.

ആദ്യ ദിവസം മുതൽ ഞങ്ങൾ നിരവധി പരിഷ്കാരങ്ങൾ കൊണ്ടുവന്നത് നിങ്ങൾ ശ്രദ്ധിച്ചിരിക്കണം, അതിൻറെ പരിണാമഫലമായി ട്രാക്ടറുകളുടെയും ഓട്ടോമൊബൈലുകളുടെയും റെക്കോർഡ് വിൽപ്പനയുണ്ടായി. ജിഎസ്ടി കളക്ഷൻ എക്കാലത്തെയും ഉയർന്നതാണ്. ഈ സ്ഥിതിവിവരക്കണക്കുകൾ നമ്മുടെ സമ്പദ്വ്യവസ്ഥയിൽ ഊർജം പകരുന്നു. ഇന്ത്യൻ സമ്പദ്വ്യവസ്ഥ വളരെ ആവേശത്തോടെ ഉയർന്നുവരുന്നു എന്ന സൂചനയാണിത്.

ലോകമെമ്പാടുമുള്ള ആളുകളും വിദഗ്ധരും അനുമാനിച്ച ടെ ഇരട്ട അക്ക വളർച്ചയെക്കുറിച്ച് .പല പണ്ഡിതന്മാരും ഇരട്ട അക്ക വളർച്ചയുടെ സാധ്യതകൾ പ്രവചിച്ചിട്ടുണ്ട്. ഈ മഹാമാരി കാലഘട്ടത്തിൽ , പ്രതിസന്ധികൾക്കിടയിലും പോലും രാജ്യം വളർച്ചയ്ക്ക് സാക്ഷ്യം വഹിക്കുമെന്നും പൗരന്മാരുടെ പ്രതീക്ഷകൾ നിറവേറ്റുമെന്നും എനിക്ക് ഉറപ്പുണ്ട്.

ബഹുമാനപ്പെട്ട സ്പീക്കർ, സർ, ഈ കൊറോണ കാലത്ത് മൂന്ന് കാർഷിക നിയമങ്ങളെ അവതരിപ്പിച്ചു. ഈ കാർഷിക പരിഷ്കാരങ്ങൾ കാലഘട്ടത്തിന്റെ ആവശ്യവും കാലങ്ങളായി കാർഷിക മേഖല നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനു നിർണായകവുമായിരുന്നു .

അവയെ പുനരുജ്ജീവിപ്പിക്കാൻ നാം തീർച്ചയായും യോജിച്ചതും അശ്രാന്തവുമായ പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഈ ദിശയിൽ ഞങ്ങൾ സത്യസന്ധമായ ഒരു ശ്രമമാണ് നടത്തിയത് .

കാർഷിക മേഖലയിലെ ഭാവിയിലെ വെല്ലുവിളികൾ, ഞാൻ പറയുന്നതല്ല , പ്രഗത്ഭരായ വിദഗ്ധർ പ്രവചിച്ചതാണ് . ഈ വെല്ലുവിളികളെ നേരിടാൻ ഇപ്പോൾ മുതൽ ശ്രമിക്കേണ്ടതുണ്ട്. .അതുകൊണ്ട് ഒട്ടും താമസിക്കാതെ ഞങ്ങൾ ഒരു ശ്രമം നടത്തി. ഇവിടെ ചർച്ച നടക്കുമ്പോൾ, നിയമത്തിൻറെ നിറം കുറുപ്പാണോ വെളുപ്പാണോ എന്ന് ചർച്ചചെയ്യുന്ന യോഗ്യരായ എൻറെ പ്രതിപക്ഷത്തെ ഞാൻ നിരീക്ഷിക്കുകയായിരുന്നു, പ്രത്യേകിച്ച് കോൺഗ്രസിലെ എൻറെ സുഹൃത്തുക്കളെ. രാജ്യത്തെ കർഷകർക്ക് ശരിയായ ഒരു ചിത്രം ലഭിക്കത്തക്ക വിധത്തിൽ അതിൻറെ ഉള്ളടക്കവും ഉദ്ദേശവും അവർ ചർച്ച ചെയ്തിരുന്നെങ്കിൽ വളരെ മഹത്തായിരുന്നു .

'ദാദ'യും സംസാരിച്ച , അദ്ദേഹം വളരെ അർഥവത്തായ നല്ല കാര്യങ്ങൾ പറയുമെന്നും ശ്രദ്ധാപൂർവമായ റിഹേഴ്സലിന് ശേഷം അവ അവതരിപ്പിക്കുമെന്നും ഞാൻ കരുതി , പക്ഷേ ഖേദകരമെന്നു പറയട്ടെ, അദ്ദേഹം പ്രധാനമന്ത്രിയും സംഘവും നടത്തിയ പശ്ചിമ ബംഗാൾ സന്ദർശനത്തെ കുറിച്ചായിരുന്നു പറഞ്ഞത്, എന്തിന് പോയി, എങ്ങനെ പോയി എവിടെ പോയി തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിക്കുന്നതിൽ മാത്രം മുഴകി. അതിനാൽ, സങ്കടകരമെന്നു പറയട്ടെ, ഇത്തവണ അദ്ദേഹത്തിൻറെ ജ്ഞാനത്തിൽ ഞങ്ങൾ പറ്റിക്കപ്പെട്ടു . സാരമില്ല . എന്തായാലും തിരഞ്ഞെടുപ്പിന് ശേഷം അങ്ങയുടെ ഭാഗത്ത് അവസരം ഉണ്ടായാൽ . ഈ സംസ്ഥാനം വളരെ പ്രധാനമാണ്, അതു കൊണ്ട് ഞങ്ങൾ സന്ദർശിക്കുന്നു . നിങ്ങൾ അത് അവഗണിക്കുന്നു, പക്ഷേ ഞങ്ങൾ അതിനു പ്രാധാന്യം നല്കാൻ ആഗ്രഹിക്കുന്നു . ദില്ലിയുടെ അതിർത്തിയിൽ ഇരിക്കുന്ന കർഷകരുടെ പ്രക്ഷോഭത്തെ കുറിച്ച് സംസാരിക്കുമ്പോൾ , അഭ്യൂഹങ്ങളുടെയും തെറ്റിദ്ധാരണകളുടെയും ഇരകളായവർ ആണ് എന്നു ഞങ്ങൾ മനസിലാക്കുന്നു

ബഹുമാന്യ അദ്ധ്യക്ഷൻ , സമരം ചെയ്യുന്ന കർഷകരുടെ വികാരങ്ങളെ ഈ സഭയും സർക്കാരും മാനിക്കുന്നു, അത് തുടരുകയും ചെയ്യും . അതു കൊണ്ട് തന്നെ സർക്കാരിലെ മുതിർന്ന മന്ത്രി പഞ്ചാബിൽ ഈ പ്രക്ഷോഭം നടക്കുമ്പോഴും അതിനു ശേഷവും പിന്നീട് അവരുമായി തുടർച്ചയായി ചർച്ചകൾ നടത്തിയിരുന്നു

ഞങ്ങൾ കർഷകരോട് ആദരവോടെ തന്നെയാണ് സംസാരിക്കുന്നത് . ബഹുമാന്യ . പഞ്ചാബിൽ പ്രക്ഷോഭം നടക്കുമ്പോൾ സർക്കാർ കർഷകരുമായി തുടർച്ചയായി ചർച്ചകൾ നടത്തിയിരുന്നു

ചർച്ചകൾക്കിടയിൽ, അവരുടെ സംശയങ്ങൾ തിരിച്ചറിയാൻ ശ്രമിച്ചു, ഓരോ വിഷയവും ഞങ്ങൾ ചർച്ച ചെയ്യും എന്ന് അവരോടു നിരന്തരം പറഞ്ഞു. രാജ്യസഭയിലും ഇക്കാര്യം ഞാൻ വിശദമായി പറഞ്ഞിട്ടുണ്ട്. ക്ലോസ് ബൈ ക്ലോസ് ചർച്ച ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. അതിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് കർഷകർക്ക് ഏതെങ്കിലും വിധത്തിൽ പ്രയോജനകരമല്ലെങ്കിൽ അത് തിരുത്തുന്നതിൽ വിരോധമില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇത് ദേശവാസികൾക്കുള്ളതാണ്. ഇനി എന്തെങ്കിലും തീരുമാനമെടുത്താൽ അത് കർഷകർക്ക് വേണ്ടിയുള്ളതാണ്

അവർ എന്തെങ്കിലും പ്രത്യേക കാര്യം ചൂണ്ടിക്കാണിച്ചാൽ, അതും ബോധ്യപ്പെടുന്നതാണെങ്കിൽ, അത് തിരുത്താൻ ഞങ്ങൾക്ക് ഒരു മടിയുമില്ല എന്ന് ഞങ്ങൾ ഇപ്പോഴും കാത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ സർ, ഈ മൂന്ന് നിയമങ്ങളും ഒരു ഓർഡിനൻസിലൂടെ കൊണ്ടുവന്നതാണ്. പിന്നീട് പാർലമെന്റ് പാസാക്കുകയും ചെയ്തതാണ് . ഈ നിയമങ്ങൾ പാസാക്കിയതിന് ശേഷം രാജ്യത്ത് ഒരു മണ്ഡിയും അടച്ചിട്ടില്ല, നിയമം പാസാക്കിയതിന് ശേഷം എവിടെയും എംഎസ്പി നിർത്തിയിട്ടില്ല. ഇതാണ് യാഥാർത്ഥ്യം.

ഇത് സത്യമാണ്, ഇത് മറച്ചു വച്ച് ഞങ്ങൾ സംസാരിക്കേണ്ട ഒരു ആവശ്യവുമില്ല ഇതുമാത്രമല്ല, എംഎസ്പിയുടെ നിർവഹണം വർധിച്ചു, ഈ വർദ്ധനവുണ്ടായത് പുതിയ നിയമങ്ങൾ നടപ്പിലാക്കിയതിന് ശേഷമാണ് . ബഹുമാനപ്പെട്ട അദ്ധ്യക്ഷ ജി, ഇവിടെ ഈ കോലാഹലങ്ങളും ഈ ശബ്ദങ്ങൾ, ഈ തടസ്സങ്ങൾ ഉണ്ടാക്കുവാനുള്ള ശ്രമങ്ങൾ എല്ലാം വളരെ നന്നായി ആലോചിച്ച് ആസൂത്രണം ചെയ്ത തന്ത്രമാണ് . ആലോചിച്ച കൊണ്ട് വന്ന തന്ത്രമെന്തെന്നാൽ ഈ പറഞ്ഞു പരത്തിയ

അസത്യവും കിംവദന്തികളുടെയും സത്യാവസ്ഥ പുറത്തുവരാൻ പോകുന്നു. അത് പുറത്തു വന്നു അവിടെ എത്തിയാൽ പിന്നെ അവർക്ക് ഒരു നിലപാടും ഉണ്ടാവില്ല, അതുകൊണ്ട് തന്നെ ഈ ബഹളം സഭയിലും പുറത്തും തുടരുകയാണ് , എന്നാൽ ഒരു കാര്യം ഓർക്കുക, നിങ്ങൾ ഒരിക്കലും ജനങ്ങളുടെ വിശ്വാസം നേടിയെടുക്കുവാൻ പോകുന്നില്ല . അത് മനസിലാക്കി മുന്നോട്ട് പോകുക .

ആദരണീയ അധ്യക്ഷ ജി , പാർലമെന്റ് ഈ നിയമം നടപ്പിലാക്കുന്നതിന് മുമ്പ് കർഷകർക്ക് ലഭ്യമായിരുന്ന ഏതെങ്കിലും അവകാശങ്ങളും വ്യവസ്ഥകളും ഈ പുതിയ നിയമം പിൻവലിച്ചിട്ടുണ്ടോ എന്ന് ഏതെങ്കിലും കർഷകനോട് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനെ കുറിച്ച് ആരും ചർച്ച ചെയ്യുന്നില്ല , ആരും മറുപടി പറയുന്നില്ല. എല്ലാം പഴയതുപോലെ തന്നെയാണ് എന്താണ് ഉണ്ടായത്? . അവർക്ക് കൂടുതലായി ഒരു മാർഗം കൂടി

ലഭിച്ചിരിക്കുകയാണ്, അതും നിർബന്ധിതമല്ല . അതും നിർബന്ധിതമല്ല . എന്നതാണ് മാറിയത്. നിയമം നിർബന്ധിതം ആണെങ്കിൽ അതിനെ എതിർക്കുന്നതിൽ അർത്ഥം ഉണ്ടെന്ന് പറയാം, പക്ഷേ ഇത് ഇച്ഛാനുസൃതമാണ് . നിങ്ങൾ അവിടെ പോകണോ വേണ്ടയോ എന്നത് നിങ്ങളുടെ ഇഷ്ടമാണ്. എവിടെ നിന്നുമാണോ കൂടുതൽ പ്രയോജനം ഉള്ളത് അവിടെക്കു കർഷകന് പോകാം എന്നതാണു ഈ ക്രമീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

(അധീർ രഞ്ജൻ ജി ഇപ്പോൾ ഇത് കുറച്ചു കൂടുതലാണ്. താങ്കൾ പറഞ്ഞതെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട് എന്നു ഞാൻ നേരത്തെ പറഞ്ഞതുമാണ്. പശ്ചിമ ബംഗാളിൽ ടിഎംസിക്കു ലഭിക്കുന്നതിനെക്കാൾ കൂടുതൽ പ്രചാരം താങ്കൾക്ക് ലഭിക്കും , ഈ ബഹളം എന്തിനാണ് ? ദാദാ, ഞാൻ അങ്ങയോട് പറഞ്ഞു , വിഷമിക്കേണ്ട . അധീർ രഞ്ജൻ ജീ, ഇത് നന്നായി തോന്നുന്നില്ല. ഞാൻ താങ്കളെ വളരെയധികം ബഹുമാനിക്കുന്നു, എന്തുകൊണ്ടാണ് നിങ്ങൾ ഇന്ന് ഇങ്ങനെ ചെയ്യുന്നത്? നിങ്ങൾ മുമ്പ് അങ്ങനെ ചെയ്യാറില്ലായിരുന്നു. നിങ്ങൾ എന്തിനാണ് പരിധിക്കപ്പുറം പോകുന്നത്?)

ആദരണീയ അദ്ധ്യക്ഷ ജി , ഈ പുതിയ നിയമങ്ങൾ ആർക്കും ഒരു ബന്ധനമല്ല ആരെയും ബന്ധിക്കുന്നില്ല ഈ നിയമങ്ങൾ ഇച്ഛാനുസൃതമാണ് . അങ്ങിനെ ഉള്ളിടത്ത് എതിർക്കേണ്ട കാര്യമില്ല. അതെ, അടിച്ചേൽപ്പിക്കപ്പെടുന്ന ഏതൊരു നിയമവും എതിർക്കാനുള്ള കാരണമായിരിക്കാം. ഇതൊരു പുതിയ പ്രക്ഷോഭ രീതിയാണെന്ന് ഞാൻ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. എന്തു രീതിയാണിത്? പ്രക്ഷോഭകാരികൾ ഒരിക്കലും ഇത്തരം മാർഗങ്ങൾ സ്വീകരിക്കാറില്ല. എന്നാൽ ആന്ദോളൻജീവികൾ (പ്രൊഫഷണൽ പ്രക്ഷോഭകർ) അത്തരം രീതികൾ സ്വീകരിക്കുന്നു, അവർ പറയും ഇങ്ങനെ സംഭവിച്ചാൽ അങ്ങനെ സംഭവിക്കും , അങ്ങിനെ സംഭവിച്ചാൽ ഇങ്ങനെ സംഭവിക്കും, കും. ഒന്നും സംഭവിച്ചിട്ടില്ല, ഒന്നും സംഭവിക്കാൻ പോകുന്നുമില്ല , പക്ഷേ അതേക്കുറിച്ച് ഭയം എന്തിന് സൃഷ്ടിക്കപ്പെടുന്നു. ദീർഘകാലമായി കെട്ടിക്കിടക്കുന്ന ഒരു കേസിനെ സംബന്ധിച്ച സുപ്രീം കോടതി എടുത്ത തീരുമാനത്തിനെ ചൊല്ലി രാജ്യം മുഴുവൻ പ്രശ്നം ഉണ്ടാക്കുക എന്നത് ജനാധിപത്യത്തിലും അഹിംസയിലും വിശ്വസിക്കുന്ന രാജ്യത്തെ എല്ലാവരേയും ആശങ്കപ്പെടുത്തുന്ന വിഷയമാണ്. അത് സർക്കാരിൻറെ മാത്രം ആശങ്കയല്ല , രാജ്യത്തിന് മൊത്തമുള്ളതാണ് .

ആദരണീയ അധ്യക്ഷ ജി , പഴയ മണ്ഡികൾക്ക് ഒരു നിയന്ത്രണവുമില്ല. ഇത് മാത്രമല്ല, ഈ മണ്ഡികളുടെ നവീകരണത്തിനും അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കൂടുതൽ ഫണ്ട് ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഞങ്ങളുടെ ഈ തീരുമാനം സർവജൻ ഹിതായ് സർവജൻ സുഖായ് - എല്ലാവരുടെയും പ്രയോജനത്തിനും എല്ലാവരുടെയും താൽപ്പര്യങ്ങൾക്കു വേണ്ടിയെന്ന ചിന്തയെ അടിസ്ഥാനമാക്കി ആയിരുന്നു . ആദരണീയ അധ്യക്ഷ ജി ഈ സഭയിലെ അംഗങ്ങൾ അത് നന്നായി മനസ്സിലാക്കുന്നു, കോൺഗ്രസും മറ്റ് ചില പാർട്ടികളും വളരെ ഉറക്കേ അവരുടെ അഭിപ്രായങ്ങൾ പറഞ്ഞു, എന്നിരുന്നാലും, അതുയും സമഗ്രമായ പഠനം അവർ നടത്തിയതു കൊണ്ട് ജനങ്ങളുടെ പ്രതീക്ഷകൾ അറിയിച്ച് വിവേകത്തോടെ നീങ്ങുന്ന വിഷയങ്ങൾ അവർ ചൂണ്ടിക്കാണിക്കണമായിരുന്നു.

അത് മാത്രമല്ല . ഈ സഭയിൽ ഒരു പുതിയ യുക്തി ഉയർന്നതിൽ എനിക്കു അതിശയം ഉണ്ട്. ഞങ്ങൾ ആവശ്യപ്പെട്ടിട്ടില്ല പിന്നെ എന്തിന് തന്നു? ഞങ്ങൾ ആവശ്യപ്പെട്ടില്ലെങ്കിൽ പിന്നെ എന്തിന് തന്നു ? ഇക്കാര്യത്തിൽ ആദ്യമേ തന്നെ പറയാം. ഇതൊരു വ്യവസ്ഥയാണ്. നിങ്ങൾ അത് സ്വീകരിക്കുമോ ഇല്ലയോ എന്ന തീരുമാനം പൂർണ്ണമായും നിങ്ങളുടേതാണ്. . ഇതൊരു ഐച്ഛിക സംവിധാനമാണ്. നമ്മുടേത് വളരെ വലിയ രാജ്യമാണ്. രാജ്യത്തിലെ ചില ഭാഗങ്ങളിൽ ഇത് കർഷകർക്ക് ഗുണം ചെയ്യും, രാജ്യത്തിലെ മറ്റ് ചില കോണുകളിൽ ഇത് പ്രയോജനകരമാകില്ല, എന്നിരുന്നാലും, ഇത് നിർബന്ധിതമല്ല, അതിനാൽ ഇത് ആവശ്യപ്പെട്ടോ ഇല്ലയോ എന്ന ചോദ്യത്തിന് പ്രാധാന്യം ഉയരുന്നില്ല. എന്നിരുന്നാലും, ഒരു കോണിൽ നിന്നും ആവശ്യപ്പെട്ടില്ലെങ്കിലും രാജ്യത്ത് വിവിധ നിയമങ്ങൾ നടപ്പിലാക്കേണ്ടി വരും . സ്ത്രീധന നിരോധം നിയമം രാജ്യത്ത് നിലവിൽ വന്നു, അത് രാജ്യത്തു ആരും ആവശ്യപ്പെട്ടിട്ടല്ല പക്ഷേ അത് രാജ്യ പുരോഗതിക്ക് വേണ്ടി കൊണ്ട് വന്നു . ബഹുമാന്യ സ്പീക്കർ, മുത്തലാഖുമായി ബന്ധപ്പെട്ട നിയമങ്ങൾ ഒരു ഭാഗത്തുനിന്നും ആവശ്യപ്പെട്ടിട്ടില്ല, എന്നിരുന്നാലും, ഒരു പുരോഗമന സമൂഹത്തിന് അത് ആവശ്യമാണ്, അതുകൊണ്ടാണ് ഞങ്ങൾ ഈ നിയമങ്ങളെല്ലാം നടപ്പിലാക്കിയത്. ഇന്ത്യയിൽ ബാല വിവാഹം നിരോധിക്കണമെന്ന നിയമം ഒരു കോണിൽ നിന്നും ആവശ്യപ്പെട്ടിട്ടില്ല, എന്നിട്ടും നിയമങ്ങൾ

നിലവിൽ വന്നു, കാരണം അത് ഏതൊരു പുരോഗമന സമൂഹത്തിനും ആവശ്യമാണ്. വിവാഹപ്രായപരിധി വർധിപ്പിക്കണമെന്ന് ആരും ആവശ്യപ്പെട്ടിട്ടില്ല, എന്നിട്ടും പുരോഗമന സമൂഹം കണക്കിലെടുത്താണ് ഇത്തരം തീരുമാനങ്ങൾ. പെൺ മക്കൾക്ക് സ്വത്തിൽ അവകാശം ഉറപ്പാക്കണമെന്ന് ആരും ആവശ്യപ്പെട്ടിട്ടില്ല, എന്നിട്ടും പുരോഗമന സമൂഹത്തിന് അവശ്യമാണെന്ന് കരുതുന്നതിനാലാണ് അത്തരം നിയമങ്ങൾ നടപ്പിലാക്കുന്നത്. വിദ്യാഭ്യാസത്തിനുള്ള അവകാശം ആരും ആവശ്യപ്പെട്ടിട്ടില്ല, എന്നിട്ടും സമൂഹത്തിന്, മാറ്റങ്ങൾക്ക് അത് ആവശ്യമായിരുന്നു, അത് നടപ്പിലാക്കുകയും ചെയ്തു. എപ്പോഴെങ്കിലും ഇത്രയധികം പരിഷ്കാരങ്ങൾ നടന്നിട്ടുണ്ടോ? പരിവർത്തന രീതിയിലുള്ള സമൂഹം അത്തരം മാറ്റങ്ങളെ അംഗീകരിക്കുകയും ലോകം മുഴുവൻ അത് അറിയുകയും ചെയ്യുന്നു.

ആദരണീയ അദ്ധ്യക്ഷൻ , ഈ രാജ്യത്തെ പുരാതനമായ പാർട്ടി കോൺഗ്രസ് പാർട്ടി ആണെന്ന് ഞാൻ സമ്മതിക്കുന്നു, ഏകദേശം ആറ് പതിറ്റാണ്ടോളം അനിഷേധ്യമായ ഭരണം നടത്തിയ പാർട്ടി. ആ പാർട്ടിയുടെ അവസ്ഥ ഇങ്ങനെ ആയി മാറി . അവരുടെ രാജ്യസഭാ വിഭാഗം ഒരു വഴിക്കും ലോക്സഭാ വിഭാഗം മറ്റൊരു വഴിക്കും പോകുന്നു. ഇങ്ങനെ ഭിന്നിച്ച പാർട്ടി, ആശയക്കുഴപ്പത്തിലുമായ ഒരു പാർട്ടി, അവർ സ്വയം പ്രയോജനം ചെയ്യുകയുമില്ല ഈ രാജ്യത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കുകയുമില്ല . ഇതിനേക്കാൾ ദൗർഭാഗ്യകരമായ മറ്റെന്തുണ്ട്? കോൺഗ്രസ് പാർട്ടി രാജ്യസഭയിലുമുണ്ട്. എന്നാൽ രാജ്യസഭയിലെ പാർട്ടിയുടെ മുതിർന്ന നേതാവ് ചർച്ചയിൽ പങ്കെടുത്തത് വളരെ സന്തോഷത്തോടെ , തുറന്ന മനസോടെയാണ് തൻറെ അഭിപ്രായങ്ങൾ അവതരിപ്പിച്ചത്. അതേസമയം കോൺഗ്രസിലെ മറ്റൊരു വിഭാഗം ഈ സഭയിൽ മറ്റൊരു ചിത്രം അവതരിപ്പിക്കുന്നു. സമയം എല്ലാം തീരുമാനിക്കും.

ആദരണീയ അധ്യക്ഷ ജി, ഇപിഎഫ് പെൻഷൻ പദ്ധതി . ഇപിഎഫ് പെൻഷൻ പദ്ധതിക്കു കീഴിൽ നല്കിയിരുന്ന പെൻഷനിൽ വലിയ വ്യത്യാസം ഉണ്ടായിരുന്നു . എനിക്കറിയാം 2014-ൽ ഞാൻ ഓഫീസ് ഏറ്റെടുത്ത ശേഷം എൻറെ ശ്രദ്ധയിൽപ്പെട്ട നിരവധി കേസുകൾ ഉണ്ടായിരുന്നു. ചിലർക്ക് പെൻഷൻ ഏഴു രൂപയായിരുന്നു കിട്ടിയിരുന്നത് ചിലർക്ക് 25 രൂപ ലഭിച്ചു, ചിലർക്ക് 50/- രൂപയും ചിലർക്ക് 250/- രൂപയും ലഭിച്ചു. അതായിരുന്നു ഈ രാജ്യത്തു നടന്നു കൊണ്ടിരുന്നത്. , ഈ പെൻഷൻ വാങ്ങാൻ വരുന്നതിന് കൊടുക്കാനുള്ള ഓട്ടോറിക്ഷാ കൂലി അതിൽ കൂടുതലാകും . ആരും അതിനു വേണ്ടി ചോദിച്ചിട്ടില്ല , ഒരു തൊഴിലാളി സംഘടനയും അതേക്കുറിച്ച് എഴുതിയിട്ടില്ല . അവർക്ക് കുറഞ്ഞത് ആയിരം രൂപ പെൻഷൻ നല്കാൻ ഞങ്ങൾ തീരുമാനിക്കുകയായിരുന്നു. ചെറുകിട കർഷകർക്ക് വേണ്ടി ഫണ്ടുകൾ അനുവദിക്കാനുള്ള ഏതെങ്കിലും സാധ്യതകൾ സൃഷ്ടിക്കണം എന്നു ആരും ആവശ്യപ്പെട്ടിട്ടില്ല , ഒരു കർഷക സംഘടനയും എന്നോടു ചോദിച്ചിട്ടില്ല , പക്ഷേ "പ്രധാന മന്ത്രി സമ്മാൻ നിധി യോജന "ക്കു കീഴിൽ ഈ തുക കർഷകർക്ക് നേരിട്ടു നല്കാൻ ഞങ്ങൾ ആരംഭിക്കുകയായിരുന്നു .

ആദരണീയ അദ്ധ്യക്ഷ ജി . ഏതൊരു ആധുനിക സമൂഹത്തിനും പരിവർത്തനം അത്യന്താപേക്ഷിതമാണ്. നമ്മൾ അത് കണ്ടിട്ടുണ്ട് .ഏത് രീതിയിലാണ് ആ കാലഘട്ടത്തിൽ വിരോധം ഉണ്ടായിട്ടും രാജാ റാംമോഹൻ റോയ്, ഈശ്വർ ചന്ദ്ര വിദ്യാസാഗർ, ജ്യോതിബ ഫൂലെ, ബാബാസാഹേബ് അംബേദ്കർ തുടങ്ങിയ അസംഖ്യം മഹാ വ്യക്തികൾ , സമൂഹവ്യവസ്ഥകളോട് എതിരിട്ട നിന്നു സാമൂഹിക പരിഷ്കരണങ്ങൾ കൊണ്ടുവരാൻ ധൈര്യം കാണിച്ചതെന്ന് . ഏതെങ്കിലുമൊക്കെ കാലത്ത് ആരെങ്കിലുമൊക്കെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കണം . ഇത്തരം കാര്യങ്ങളിൽ ആരംഭത്തിൽ എതിർപ്പുകൾ നേരിടേണ്ടി വന്നേക്കും പക്ഷേ സത്യം പറയുമ്പോൾ ജനം അത് അംഗീകരിക്കും . എത്ര വലിയ രാജ്യമാണ് ഇന്ത്യ. ഏത് തീരുമാനത്തെയും നൂറു ശതമാനവും ഏകകണ്ഠമായി ഒരു തീരുമാനം എടുക്കുക എന്നത് ഏതാണ്ട് അസാധ്യമാണ്. വളരെ വൈജാത്യമുള്ള നാടാണ് നമ്മുടെ . ഒരു ഭാഗത്ത് കൂടുതൽ ലാഭം എടുത്തേക്കാം , ചില ഇടങ്ങളിൽ കുറവ് വരാം . ചിലയിടങ്ങളിൽ ലാഭം ഉണ്ടായിരുന്നിടത്ത് വഞ്ചന കണ്ടേക്കാം . നമ്മുടെ പോലെ വളരെ വലിയ ഒരു രാജ്യത്ത് നൂറു ശതമാനം അംഗീകാരം ഉള്ള സംവിധാനം ബുദ്ധിമുട്ടാണ് . എങ്കിലും രാജ്യത്തിൻറെ പൊതുവായ വലിയ താത്പര്യം ലക്ഷ്യമാക്കിയാണ് ഞങ്ങൾ നീങ്ങുന്നത് . ഏവരുടെയും പുരോഗതിയും സന്തോഷവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനം ലക്ഷ്യമാക്കിയാണ് ഞങ്ങൾ മുന്നേറുന്നത്

ആദരണീയ അദ്ധ്യക്ഷ ജി , ഈ ചിന്തയോടാണ് എനിക്ക വിരോധം. ആവശ്യപ്പെടേണ്ടിയിരുന്നോ എന്ന ചിന്ത ? യാചകരെ പോലെ രാജ്യത്തെ ജനം നമ്മളോട് ആവശ്യപ്പെടണോ?അങ്ങനെ ഒരു മാടമ്പി സമ്പ്രദായത്തിലാണോ നമ്മൾ ? അല്ലെങ്കിൽ അങ്ങിനെ ചോദിക്കുവാനായി നാം അവരെ നിസ്സഹായതയിലേക്ക് തള്ളിവിടണോ? അങ്ങിനെ ആവശ്യപ്പെടാനായി ജനങ്ങളെ തള്ളിവിടുന്ന ഈ ചിന്താഗതിയെ ജനാധിപത്യവുമായി ബന്ധപ്പെടുത്താനാവില്ല. ഏറ്റവും ജനാധിപത്യപരമായ രീതിയിൽ ജനങ്ങളുടെ ക്ഷേമത്തിനായി സർക്കാരുകൾ സംവേദനക്ഷമതയോടെ മുന്നോട്ടുവരണം. ഈ രാജ്യത്തെ ജനങ്ങൾ ഒരിക്കലും 'ആയുഷ്മാൻ ഭാരത്' പദ്ധതി ആവശ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും, പാവപ്പെട്ടവരെ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കണമെങ്കിൽ, 'ആയുഷ്മാൻ ഭാരത്' പദ്ധതി കൊണ്ടുവരണമെന്ന് എനിക്ക് തോന്നി. ഈ രാജ്യത്തെ പാവപ്പെട്ടവർ ബാങ്ക് അക്കൗണ്ടിനായി ഒരു മെമ്മോറാണ്ടവും നൽകിയില്ല , ഞങ്ങളുടെ സർക്കാർ ജൻ-ധൻ യോജനക്ക് രൂപം നൽകുകയും ബാങ്ക് അക്കൗണ്ടുകൾ തുറക്കുകയും ചെയ്തു. ആരാണ് സ്വച്ഛ് ഭാരത് ആവശ്യപ്പെട്ടത്? ആരും ചെയ്തില്ല . എന്നാൽ ഞങ്ങൾ പ്രചാരണം ആരംഭിച്ചു, അത് ശക്തി പ്രാപിച്ചു. ആളുകൾ അവരുടെ വീട്ടിൽ കക്കൂസ് നിർമ്മിക്കാൻ ആവശ്യപ്പെട്ടോ? എന്നാൽ ഞങ്ങൾ 10 കോടി വീടുകളിൽ ശൗചാലയങ്ങൾ നിർമിച്ചു. ജനങ്ങൾ എന്തെങ്കിലും ആവശ്യപ്പെടുകയും പിന്നീട് സർക്കാർ നടപടികളിലേക്ക് നീങ്ങുകയും ചെയ്യുന്ന ദിവസങ്ങൾ കഴിഞ്ഞു. ഇത് ഫ്യൂഡലിസമല്ല ജനാധിപത്യമാണ്. അവർക്ക് ആനുകൂല്യങ്ങൾ നേരിട്ട് കൈമാറണം. പൌരന്മാരെ യാചകരാക്കി മാറ്റി അവരുടെ ആത്മവിശ്വാസം വർധിപ്പിക്കാൻ നമുക്ക് കഴിയില്ല പകരം

അവരെ ശാക്തീകരിച്ചുകൊണ്ട് നാം മുന്നോട്ട് പോകണം. പൗരന്മാരെ യാചകരാക്കിയാൽ അവരുടെ ആത്മവിശ്വാസം കെടും. , അവരെ പ്രാപ്തരാക്കാനും അവരിൽ ആത്മവിശ്വാസം ജനിപ്പിക്കാനുമാണ് നാം ശ്രമിക്കേണ്ടത് , ഇക്കാര്യത്തിൽ ഞങ്ങൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആദരണീയ അധ്യക്ഷ് ജി, എനിക്കൊരു കാര്യം അറിയാം, കെട്ടിക്കിടക്കുന്ന വെള്ളം പല രോഗങ്ങൾക്കും ആതിഥേയത്വം വഹിക്കുന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാം. ഒഴുകുന്ന വെള്ളം, ജീവിതത്തിൽ പ്രതീക്ഷകൾ നിറയ്ക്കുന്നു. ആഹ്ളാദം നിറയ്ക്കുന്നു . നിലവിലുള്ള പോലെ നടക്കും നടക്കാൻ അനുവദിക്കൂ , ആരെങ്കിലും വരുമ്പോൾ നടക്കും. ഇത് അനുവദിക്കാനാവില്ല. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയും കാലഘട്ടത്തിൻറെ ആവശ്യത്തിനനുസരിച്ച് തീരുമാനങ്ങൾ എടുക്കുകയും വേണം. സ്റ്റാറ്റസ് ക്വോയെ (മാറ്റമില്ലാത്ത സ്ഥിതിഗതികൾ) സംബന്ധിച്ച ഈ മാനസിക അവസ്ഥ രാജ്യത്തെ നശിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ലോകം മാറുകയാണ്, എത്രകാലം നമ്മൾ സ്റ്റാറ്റസ് ക്വോയിൽ തുടരും , അങ്ങനെ തുടർന്നാൽ ഒന്നും മാറില്ല. രാജ്യത്തെ യുവതലമുറ അധികകാലം കാത്തിരിക്കില്ല . എന്നിരുന്നാലും, ഇന്ന് ഒരു സംഭവം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സ്റ്റാറ്റസ്ക്വോയുടെ അനന്തരഫലങ്ങൾ എന്താണെന്ന് മനസ്സിലാക്കാൻ അത് തീർച്ചയായും നമ്മെ സഹായിക്കും . ഈ സംഭവത്തിന് ഏകദേശം നാൽപ്പത് -അൻപത് വർഷം പഴക്കമുണ്ട്. ഞാനത് ആരിൽ നിന്നോ കേട്ടതാണ് . അതിനാൽ, തീയതി അല്പസ്വൽപ്പം വ്യത്യസ്തമായിരിക്കാം, എങ്കിലും ഞാൻ ആ ഓർമ്മ നിങ്ങളുമായി പങ്കിടുന്നു.

അരുപതുകളുടെ ദശകത്തിൽ തമിഴ്നാട്ടിലെ സംസ്ഥാന ജീവനക്കാരുടെ ശമ്പളം വർധിപ്പിക്കാൻ ഒരു കമ്മീഷൻ രൂപീകരിച്ചു. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം പുനഃപരിശോധിക്കുകയായിരുന്നു കമ്മിഷൻറെ ചുമതല. ആ കമ്മിഷൻ അധ്യക്ഷന് ഒരു കത്ത് ലഭിച്ചു, അതിൽ മുകളിലായി അതീവ രഹസ്യമായതെന്ന് കുറിച്ചിരുന്നു.. കത്തിലെ ഉള്ളടക്കം ഒരു ഹർജി ആയിരുന്നു. താൻ വർഷങ്ങളായി സത്യസന്ധമായി ഈ സംവിധാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്നും എന്നാൽ ശമ്പളത്തിൽ വർദ്ധനവ് നൽകിയിട്ടില്ലെന്നും അതുകൊണ്ട് ശമ്പളം കൂട്ടണം എന്നും എഴുതിയിരുന്നു . ഈ കത്ത് എഴുതുന്നയാളുടെ വിവരങ്ങളും പദവിയും അറിയണം എന്ന് ചെയർമാൻ ആവശ്യപ്പെട്ടപ്പോൾ, താൻ തമിഴ്നാട് സർക്കാർ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ ആണ് ജോലി ചെയ്യുന്നതെന്നും അവിടെ സിസിഎ ആയിട്ടാണ് ജോലി ചെയ്യുന്നതെന്നും മറുപടി ലഭിച്ചു. ആ മറുപടി, സി സി എ ഏത് തരത്തിലുള്ള പദവിയാണെന്നും ചെയർമാൻ ചിന്തിച്ചു. വീണ്ടും ആ പദവി അതായത് സിസിഎ എന്തെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ബന്ധപ്പെട്ട വ്യക്തിക്ക് ചെയർമാൻ കത്തെഴുതി . അപ്പോൾ, 1975 വരെ ആ പദവിയുടെ യഥാർത്ഥ

വ്യക്തിത്വം വെളിപ്പെടുത്താൻ തനിക്ക് സാധിക്കില്ല , 1975 കഴിഞ്ഞേ തനിക്ക് അത് ചെയ്യാൻ കഴിയൂ, ഇപ്പോഴാകില്ല എന്നായിരുന്നു മറുപടിയായി അദ്ദേഹത്തിന് ലഭിച്ചത്

തുടർന്ന് ചെയർമാൻ അദ്ദേഹത്തിന് ഒരു കത്ത് എഴുതി, അവിടെ 1975-ന് ശേഷം രൂപീകരിക്കുന്ന കമ്മീഷനിൽ ആ കേസ് വാദിക്കാനും തന്നെ ശല്യപ്പെടുത്താതിരിക്കാനും ഉപദേശിച്ചു. ഈ മറുപടി തനിക്ക് പ്രശ്നമുണ്ടാക്കുമെന്ന് സിസിഎക്ക് തോന്നി, അതിനാൽ, തൻറെ വ്യക്തിത്വം വെളിപ്പെടുത്താൻ അദ്ദേഹം സമ്മതിച്ചു, കൂടാതെ അദ്ദേഹം ഒരു കത്ത് എഴുതി, അതിൽ അദ്ദേഹം ചീഫ് സെക്രട്ടറിയുടെ ഓഫീസിലും സിസിഎയുടെ ഓഫീസിലും വർഷങ്ങളായി സിസിഎ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടെന്ന് സൂചിപ്പിച്ചു. സിസിഎ എന്ന പദവി 'ചർച്ചിൽ സിഗാർ അസിസ്റ്റന്റ് എന്നതിൻറെ ചുരുക്കപ്പേരാണ്. അതെന്താണ് . 1940-ൽ ചർച്ചിൽ ബ്രിട്ടൻ പ്രധാനമന്ത്രിയായപ്പോൾ ട്രിച്ചി സാഗറിൽ നിന്നും പ്രത്യേക ചുരുട്ടുകൾ കയറ്റുമതി ചെയ്തിരുന്നു. അത് കൃത്യമായി എത്തിക്കുന്നതു പരിശോധിക്കുവാൻ ആയിരുന്നു ഈ തസ്തിക സൃഷ്ടിച്ചത്.

ചർച്ചിൽ ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തിയഞ്ചിൽ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു, എന്നിരുന്നാലും, സിഗരറ്റ് വിതരണത്തോടൊപ്പം ആ സ്ഥാനവും തുടർന്നു. രാജ്യം സ്വാതന്ത്ര്യം നേടിയെങ്കിലും ആ പദവി തുടർന്നു, ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ ചർച്ചിലിന് സിഗരറ്റ് എത്തിച്ചു കൊടുക്കാൻ വേണ്ടിയുള്ള ഒരു തസ്തിക അപ്പോഴും തുടർന്ന് കൊണ്ടിരുന്നു. ഇപ്പോഴും തുടരുകയാണ്. ഈ സാഹചര്യത്തിലാണ് തൻറെ ശമ്പളം കൂട്ടുന്നതിന് അയാൾ കത്ത് നൽകുന്നത് . നോക്കൂ, അത്തരം ഒരു സ്റ്റാറ്റസ് ക്വോ , നിങ്ങൾ മാറ്റം വരുത്തിയില്ലെങ്കിൽ വ്യവസ്ഥിതികളെ നോക്കിക്കണ്ടില്ലെങ്കിൽ? ഇതിലും വലിയ ഉദാഹരണം എന്താണ് വേണ്ടത്?

ഞാൻ മുഖ്യമന്ത്രിയായപ്പോൾ ഇന്ന് ബലൂൺ കണ്ടില്ല, രസീത് വിതരണം ചെയ്യില്ല എന്നൊരു റിപ്പോർട്ട് കിട്ടുമായിരുന്നു. രണ്ടാം ലോകമഹായുദ്ധസമയത്തായിരുന്നിരിക്കണം ഈ സമ്പ്രദായം ആരംഭിച്ചത് . അക്കാലത്ത് അത് ആവശ്യമായിരുന്നു, എന്നാൽ ഇന്നത്തെ കാലത്ത് അങ്ങനെയല്ല. ചുരുക്കത്തിൽ, അത്തരം ക്രമീകരണങ്ങൾ നമ്മുടെ സംവിധാനത്തിൽ നുഴഞ്ഞു കയറിയിരുന്നു . നമ്മൾ ചിലപ്പോൾ റിബൺ മുറിക്കും വിളക്ക് കൊളുത്തും ഫോട്ടോ എടുക്കും നമ്മുടെ ജോലി തീർന്നു . പക്ഷേ രാജ്യം ഇങ്ങനെ മുന്നോട്ട് പോകില്ല . രാജ്യത്ത് മാറ്റം കൊണ്ടുവരാൻ നമ്മൾ എല്ലാ തരത്തിലുമുള്ള ശ്രമങ്ങളും ആത്മാർഥമായി നടത്തണം. ചിലപ്പോൾ തെറ്റുകൾ ഉണ്ടാകാം എന്നാൽ നമ്മുടെ ഉദ്ദേശം ശരിയാണെങ്കിൽ അതിന്റെ ഫലവും നല്ലതായിരിക്കും. ചിലപ്പോൾ നമുക്ക് ആഗ്രഹിച്ച ഫലം ലഭിക്കാതെ വന്നേക്കുകയും ചെയ്യാം .

നോക്കൂ, ഒരു കാലത്ത് നമ്മുടെ നാട്ടിൽ ആർക്കെങ്കിലും അവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തേണ്ടതുണ്ടെങ്കിൽ അവർക്കു കോർപ്പറേറ്റർമാരുടെയും കൗൺസിലർമാരുടെയും വസതികൾക്ക് മുന്നിൽ രാവിലെ മുതൽ നീണ്ട ക്യൂ നിൽക്കേണ്ടിയിരുന്നു, എല്ലാവരും അവരുടെ പേപ്പറുകളിൽ അതിൽ സീൽ വച്ച് സാക്ഷ്യപ്പെടുത്തുന്നതിനായി കാത്തുനിന്നിരുന്നു. അവർ സീൽ വച്ച് കൊടുക്കുന്നതു വരെ . പക്ഷേ രസകരമായ കാര്യം, അവർ അല്ല ചെയ്യുക. , പക്ഷേ ആ ജോലി ചെയ്യുക പുറത്ത് ഇരിക്കുന്ന, അതിനെക്കുറിച്ച് യാതൊരു ധാരണയുമില്ലാത്ത പയ്യൻ ആയിരുന്നു . അയാൾ അതിൽ സീൽ വച്ച് കൊടുക്കും. അത് അങ്ങനെ തുടർന്നിരുന്നു. ഞാൻ അതിനെക്കുറിച്ച് ആലോചിച്ചു, അങ്ങനെ ചെയ്യുന്നതിൽ ഒരർത്ഥവുമില്ലെന്ന് മനസ്സിലാക്കി . നമ്മുടെ പൗരന്മാരിൽ നമുക്ക് പൂർണ്ണ വിശ്വാസമുണ്ടായിരിക്കണം, അധികാരത്തിൽ വന്നപ്പോൾ പേപ്പർ സാക്ഷ്യപ്പെടുത്തുന്നതിനുള്ള ഈ പ്രക്രിയ ഞാൻ നിർത്തി. അത് രാജ്യത്തെ ജനങ്ങൾക്ക് ലാഭം ഉണ്ടായി . മാറ്റത്തിനും പരിഷ്കരണത്തിനും വേണ്ടി നമ്മൾ പ്രവർത്തിക്കണം. നമ്മുടെ ഇവിടെ അഭിമുഖങ്ങൾ നടന്നിരുന്നു. എനിക്കിപ്പോഴും അമ്പരപ്പ് ആണ്. . ഒരു വാതിലിലൂടെ ഒരു വ്യക്തി കടന്നു ചെല്ലുന്നു , മൂന്ന് പേരുടെ പാനലവിടെ ഇരിക്കുന്നു . അവരുടെ മൂഡ് അനുസരിച്ചു പേര് പോലും മുഴുവൻ ചോദിക്കില്ല . മൂന്നാമത്തെ ആൾ പോകുന്നു. അങ്ങനെ ആയിരിക്കണക്കിന് . അവർ അഭിമുഖങ്ങൾ അവസാനിച്ചു എന്നറിയിക്കുന്നു , പിന്നെ ഓർഡർ തയാറാക്കുന്നു. ഞാൻ ചോദിക്കുന്നത് ഈ പ്രക്രിയയുടെ ഉദ്ദേശം എന്താണ്? ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതകൾ ശേഖരിച്ചു, അതിനനുസരിച്ചുള്ള അനുസരിച്ചുള്ള മെറിറ്റ് ലിസ്റ്റ് കമ്പ്യൂട്ടർ മുഖേന തയ്യാറാക്കു. ക്ലാസ്സ് മൂന്ന് ക്ലാസ്സ് നാല് വിഭാഗത്തിലേക്ക് അഭിമുഖം നടത്തേണ്ട ആവശ്യകത എന്തായിരുന്നു? ശിപാർശയില്ലാതെ ജോലി കിട്ടില്ലെന്ന് ആളുകൾ പറയാറുണ്ടായിരുന്നു.

ഇതെല്ലാം നമ്മൾ അവസാനിപ്പിച്ചു. രാജ്യത്ത് മാറ്റങ്ങൾ വരുത്തണം എന്നു ഞാൻ കരുതുന്നു. പരാജയഭീതിയിൽ നിലവിലെ സ്ഥിതിയിൽ തുടരുന്നത് ആർക്കും പ്രയോജനകരമല്ലെന്നും എനിക്ക് തോന്നുന്നു. മാറ്റത്തിനായി നാം പരിശ്രമിക്കണം, ഞങ്ങൾ അങ്ങനെ ചെയ്യുന്നു.

ആദരണീയ അധ്യക്ഷ് ജി നമ്മുടെ കൃഷി.

നമ്മുടെ സാംസ്കാരിക മുഖ്യധാരയുടെ ഭാഗമാണ് നമ്മുടെ കൃഷിയും . ഒരു തരത്തിൽ നമ്മുടെ സാംസ്കാരിക പ്രവാഹവുമായി നമ്മുടെ കർഷകരും അലിഞ്ഞു ചേർന്നിരിക്കുന്നു. നമ്മുടെ ഋഷി ശ്രേഷ്ഠരും സന്യാസിമാരും ദാർശനികരും പലയിടത്തും ഇതെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. കൃഷിയെയും കൃഷിയെയും കുറിച്ചുള്ള ഗ്രന്ഥങ്ങൾ നമുക്കുണ്ട്, മഹത്തായ അനേകം അനുഭവങ്ങളുണ്ട്. നമ്മുടെ രാജ്യത്ത് രാജാക്കന്മാർ പോലും വയലിൽ ഉഴുതുമറിച്ചിരുന്നതും അതിനെക്കുറിച്ചുള്ള പരാമർശങ്ങളും നമ്മുടെ പുരാണങ്ങളിൽ ലഭ്യമാണ്. ജനക രാജാവിനെപ്പറ്റിയും ശ്രീകൃഷ്ണ ഭഗവാൻറെ ജ്യേഷ്ഠനായിരുന്ന ബലരാമനെ കുറിച്ചും പരാമർശം കാണാം. ഏത് വലിയ വീടായിക്കോട്ടെ അവിടെയും കൃഷി അവരുടെ ഭാഗമായിരിക്കും. നമ്മുടെ നാട്ടിൽ കൃഷി എന്നത് വിളവെടുപ്പു മാത്രമല്ല, അത് നമ്മുടെ സാമൂഹിക ജീവിതത്തിലെ അവിഭാജ്യ ഘടകമാണ്, ഈ പശ്ചാത്തലത്തിലാണ് ഞാൻ അതിനെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാക്കുന്നത്. അത് നമ്മുടെ ഉത്സവങ്ങളായാലും സംഗീതമായാലും എല്ലാം വിത്യസ്തമായി വിളവെടുപ്പുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് നമ്മുടെ പാരമ്പര്യമാണ്, നമ്മുടെ എത്ര ആളുകളുമാകട്ടെ അവരുടെ ജീവിതങ്ങൾ കൃഷി, വിളവെടുപ്പ് എല്ലാമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാം കൃഷിയുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ ഇവിടെ ആരെയെങ്കിലും ആശീർവദിക്കുമ്പോൾ ശുഭാശംസകൾ നേരുമ്പോൾ 'ധന ധന്യ' എന്ന വാക്ക് ഒരേസമയം ഉപയോഗിക്കുന്നു. രണ്ട് വാക്കുകളും ഒരുമിച്ചെ ഉപയോഗിക്കൂ. വേറിട്ട് ഉപയോഗിക്കില്ല . ധാന്യം എന്നു മാത്രം പറയില്ല, ധനം എന്നു മാത്രം പറയില്ല. ധൻ - ധാന്യ എന്നെ പറയൂ. നമ്മുടെ ഇവിടെ ധാന്യത്തിൻറെ മൂല്യം, മഹത്വം സമൂഹ ജീവിതത്തിലെ ഭാഗമാണ്. ഇവിടെ വന്നു കഴിഞ്ഞ മാറ്റങ്ങളെ വീണ്ടും ശരിയായ പാതയിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ ആണ് നടക്കുന്നത്

ഞാൻ രാജ്യസഭയിൽ ചെറുകിട കർഷകരെ കുറിച്ച് വിശദമായി സംസാരിക്കുകയുണ്ടായി . ഇപ്പോൾ രാജ്യത്തെ എൺപത് -എൺപത്തിയഞ്ച് ശതമാനം. അവരെ അവഗണിച്ചു കൊണ്ട് നമുക്ക് രാജ്യത്തെ വികസിപ്പിക്കാൻ കഴിയില്ല. നാം അവർക്ക് വേണ്ടി ചിന്തിക്കണം. വളരെ വിനയത്തോടെ തന്നെ ചിന്തിക്കുകയും വേണം. ചെറുകിട കർഷകർ എങ്ങനെ അവഗണിക്കപ്പെട്ടുവെന്ന് എണ്ണം എടുത്താണ് ഞാൻ പറഞ്ഞത് , അതും കർഷകരുടെ പേരിലാണ് നടന്നിട്ടുള്ളത്. അതിൽ ഒരു മാറ്റം വളരെ ആവശ്യമാണ്, വലിയ മാറ്റം. ചെറുകിട കർഷകർ ഉണർന്നെണീക്കുമ്പോൾ , നിങ്ങൾക്കു ഉത്തരം നൽകേണ്ടി വരുമെന്ന് പൂർണ്ണമായും ഞാൻ മനസ്സിലാക്കുന്നു. നമ്മുടെ ഇവിടെ ജനസംഖ്യ കൂടിക്കൊണ്ടിരിക്കുന്നു. അതനുസരിച്ച് കുടുംബങ്ങളിൽ ഭൂമി വിഭജിക്കപ്പെടുന്നു. അങ്ങിനെ ഒരു കർഷകനു കൈവശം ഉള്ള ഭൂമി അയാൾക്ക് ട്രാക്ടർ തിരിക്കാൻ പോലും ആകാത്തവിധം ചെറുതാകാൻ സാധ്യത ഉണ്ട് എന്ന് ശ്രീ ചൌധരി ചരൺ സിംഗ് ജി ഒരിക്കൽ പറയുകയുണ്ടായി . ഈ ആശങ്കകൾ നമ്മുടെ സ്വന്തം മഹത് വ്യക്തികൾ നമുക്ക് മുന്നിൽ പ്രകടിപ്പിച്ചതിനാൽ, നമ്മളും ചില ക്രമീകരണങ്ങൾ ചെയ്യേണ്ടതുണ്ട്. സ്വാതന്ത്ര്യാനന്തരം നമ്മുടെ രാജ്യത്ത് ഇരുപത്തിയെട്ട് ശതമാനം ഭ്രരഹിതരായ കർഷക തൊഴിലാളികളായിരുന്നു. പത്ത് വർഷം മുമ്പ് നടത്തിയ സെൻസസ് പ്രകാരം ഭ്രരഹിത കർഷകത്തൊഴിലാളികളുടെ ജനസംഖ്യ ഇരുപത്തിയെട്ടിൽ നിന്നും അൻപത്തിയഞ്ച് ശതമാനമായി ഉയർന്നു. ഇത് ഏത് രാജ്യത്തെയും ആശങ്കപ്പെടുത്തുന്ന കാരണമാണ്. ഇരുപത്തിയെട്ട് ശതമാനത്തിൽ നിന്നും അൻപത്തിയഞ്ച് ശതമാനമായി ഭ്രരഹിത കർഷകത്തൊഴിലാളികളുടെ വർധനവും ഭ്രമിയുടെ കുറവും ഭ്രമിയിൽ നിന്നും കിട്ടേണ്ട വരുമാനം കുറവ് കാരണം കർഷകർക്ക് ജീവിതം ദുരിതം ആകുകയും കുട്ടികളെ വളർത്താനും ജീവിതം പുലർത്താനും അവർ മറ്റ് തൊഴിലുകളിലേക്ക് തിരിയാൻ നിർബന്ധിതരാകുകയും ചെയ്യുന്നു . കാർഷിക മേഖലയ്ക്ക് ആവശ്യമായ നിക്ഷേപം നമ്മുടെ രാജ്യത്ത് നടക്കുന്നില്ല എന്നത് ദൌർഭാഗ്യകരമാണ് . സർക്കാരിന് അത്രയും ചെയ്യാൻ കഴിയുന്നില്ല, സംസ്ഥാന സർക്കാരുകൾക്കും അത് ചെയ്യാൻ കഴിയുന്നില്ല, കർഷകന് സ്വയം ചെയ്യാൻ കഴിയുന്നില്ല. ഒരു കർഷകൻ അതിൽ നിന്ന് സമ്പാദിക്കുന്നതെത്രയും, സ്വന്തം കുഞ്ഞുങ്ങളെ വളർത്താനും ഭക്ഷണത്തിനും സംരക്ഷണത്തിനുമായി

ചെലവഴിക്കേണ്ടി വരുന്നു. നിക്ഷേപം അടിയന്തിരമായി ആവശ്യമാണ്. നാം നിക്ഷേപം കൊണ്ടുവരികയും നമ്മുടെ കൃഷിയെ നവീകരിക്കുകയും ചെറുകിട കർഷകനുപോലും പ്രയോജനപ്രദമായ സംവിധാനങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്നത് വരെ, നമുക്ക് രാജ്യത്തെ കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ കഴിയില്ല. അതിനാൽ, നമ്മുടെ കർഷകരെ ആതമനിർഭരാക്കുവാനും അവരുടെ ഉൽപ്പന്നങ്ങളെ എവിടെയും വിൽക്കാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്ന ദിശയിൽ നാം പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ കർഷകർ കേവലം ഗോതമ്പും അരിയും ഉൽപ്പാദിപ്പിക്കുന്നതിൽ മാത്രം ഒതുങ്ങണമെന്നതും ഇനി നടക്കില്ല. ഇന്ന്, ആഗോള വിപണിയിൽ ഡിമാൻഡ് എന്താണെന്ന് കണ്ടെത്താൻ ഗവേഷണം നടക്കുന്നു. കർഷകർ അത്തരത്തിലുള്ള സാധനങ്ങൾ ഉൽപ്പാദിപ്പിച്ച് ലോക വിപണിയിൽ വിൽക്കണം.

പുറത്തു നിന്നുള്ള ഇറക്കുമതി നിർത്തലാക്കേണ്ടത് ഇന്ത്യയ്ക്ക് അത്യാവശ്യമാണ്. എനിക്കോർമ വരുന്നു, പണ്ട് എൻറെ സംഘടനാ പ്രവർത്തനങ്ങളുടെ ഭാഗമായി ഇവിടെ വടക്കൻ പ്രദേശങ്ങളിൽ ഞാൻ പ്രവർത്തിച്ചിരുന്നു , അക്കാലത്ത് ഫാറൂഖ് സാഹിബിനൊപ്പം പ്രവർത്തിക്കാൻ നിരവധി അവസരങ്ങൾ എനിക്കു ലഭിച്ചിരുന്നു . അങ്ങനെ ഒരിക്കൽ ഹരിയാനയിൽ നിന്നുള്ള ഒരു കർഷകൻ, അദ്ദേഹത്തിന് ഒരു ചെറിയ കൃഷി ഭൂമി ഉണ്ടായിരുന്നു, ഒന്നോ ഒന്നരയോ ഏക്കർ ഭൂമി കാണും, എന്നെ പല തവണ ആ കൃഷി ഭൂമി വന്നു കാണുവാൻ നിർബന്ധിച്ചു . കാരണം അറിയാൻ എനിക്കും ആകാംക്ഷയായി. പിന്നെ ഞാൻ അവിടെ പോയി. ആ കൃഷി ഭൂമി വളരെ വികസിതമായിരുന്നു. ഏകദേശം മുപ്പത് നാൽപ്പത് വർഷങ്ങൾക്ക് മുൻപു നടന്ന സംഭവം ആണിത്. മുപ്പതു വർഷം. അയാൾ എന്താണ് ചെയ്തത്? ഡൽഹിയിലെ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ വിദേശത്ത് നിന്ന് കൊണ്ടുവരുന്ന വിദേശ പച്ചക്കറികളും മറ്റും ശ്രദ്ധാപൂർവം അയാൾ പഠിച്ചു . ഈ ഹോട്ടലുകളിൽ ചെറിയ ഇനം ചോളം അല്ലെങ്കിൽ തക്കാളി ആവശ്യമുണ്ടെങ്കിൽ, അയാൾ ആളുകളുടെ സഹായത്തോടെ ആ ചെറിയ സ്ഥലത്തും നിയന്ത്രിത ചുറ്റുപാടിനുള്ളിലും അദ്ദേഹം ഈ വിളകൾ കൃഷി ചെയ്തു. ആ ഉൽപ്പന്നങ്ങൾ ഡൽഹിയിലെ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ എത്തിക്കാൻ അയാൾക്ക് സാധ്യമായി എന്നതാണ് പ്രധാന കാര്യം. നമ്മുടെ രാജ്യത്ത് ചെറിയ മാറ്റങ്ങൾ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. തണുത്ത പ്രദേശങ്ങളിൽ വലിയതോതിൽ ഉൽപ്പാദിപ്പിക്കുന്ന സ്ട്രോബെറി മറ്റിടങ്ങളിലും ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് നമ്മൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? കച്ചിലെ മരുഭൂമിയിൽ സ്ട്രോബെറി കൃഷി ചെയ്യുന്നതായി ഞാൻ കാണുന്നു. ഉത്തർപ്രദേശിലും മധ്യപ്രദേശിലും സ്ട്രോബെറി കൃഷി ചെയ്യുന്നതായി ഞാൻ കാണുന്നു. ജലക്ഷാമമുള്ള ബുന്ദേൽഖണ്ഡിലാണ് ഇത് ഉത്പാദിപ്പിക്കുന്നത്. ഇതിനർത്ഥം നമുക്ക് ഇവിടെ സാധ്യതകൾ ഉണ്ടെന്നാണ്. നമ്മൾ നമ്മുടെ പുതിയ കാര്യങ്ങൾ പഠിപ്പിക്കുകയും അവരെ മുന്നോട്ട് നയിക്കാൻ പ്രേരിപ്പിക്കുകയും ആണ് ചെയ്യേണ്ടത്. നമ്മുടെ രാജ്യത്തെ കർഷകൻ മുന്നോട്ട് വരുമെന്ന് ഞാൻ വിശ്വസിക്കുന്നു. അവർക്ക് പ്രോത്സാഹനം ആവശ്യമാണ് , അവരുടെ കൈകൾ പിടിച്ച് പുതിയ മാർഗത്തിലേക്ക് നയിക്കണം, അവർ ഒരിക്കൽ ആ മാർഗത്തിലേക്ക് വന്നാൽ അവർ അത്ഭുതങ്ങൾ സൃഷ്ടിക്കുമെന്നുറപ്പാണ് . അതുപോലെ, കാർഷിക മേഖലയിലേക്കുള്ള പുതിയ നിക്ഷേപ വരവോടെ, തൊഴിലവസരങ്ങൾ വർധിക്കുമെന്നും നമുക്ക് ലോകത്ത് ഒരു പുതിയ വിപണി ലഭിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ഇവിടെ കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ സാധ്യതകൾ നമ്മുടെ രാജ്യത്തും ഗ്രാമീണ സമ്പദ്വ്യവസ്ഥയെ മെച്ചപ്പെടുത്തുകയും ചെയ്യും , അതിനാൽ ഈ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിന് നാം പ്രവർത്തിക്കണം. നമ്മുടെ കർഷകർ പല പ്രതികൂല സാഹചര്യങ്ങളിലും കൊറോണ കാലഘട്ടത്തിൽ പോലും റെക്കോർഡ് ഉൽപ്പാദനം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നമ്മുടെ കർഷകരുടെ പ്രശ്നങ്ങൾ ലഘൂകരിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. അവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ ലഘൂകരിക്കാൻ നമ്മൾ ചില നടപടികൾ കൈക്കൊള്ളണം, ഈ കാർഷിക പരിഷ്കാരങ്ങളിലൂടെ ആ ദിശയിൽ എന്തെങ്കിലും ചെയ്യാൻ ഞങ്ങൾ ശ്രമിക്കുന്നു. കർഷകർക്ക് തുല്യ വേദികൾ നമുക്ക് നൽകാനാകണം . അവരെ ആധുനിക സാങ്കേതിക വിദ്യകളുമായി പൊരുത്തപ്പെടുത്താനും അവരിൽ ഒരു പുതിയ ആത്മവിശ്വാസം പകരാനും സകാരാത്മക ചിന്തയുടെ വലിയ ആവശ്യകതയുണ്ട്. പഴയ ചിന്താഗതികൾക്കും പഴയ മാതൃകകൾക്കും കർഷകരുടെ ക്ഷേമത്തിനായി ചെയ്യാനുണ്ടായിരുന്നുവെങ്കിൽ അത് വളരെക്കാലം മുമ്പേ ചെയ്യുമായിരുന്നു. രണ്ടാം ഹരിതവിപ്ലവത്തെക്കുറിച്ച് നമ്മൾ സംസാരിച്ചു. നവീന രീതികളുമായി വേണം നമ്മൾ മുന്നോട്ട് പോകേണ്ടത്. അതിനു വേണ്ടി എല്ലാവരും ചിന്തിക്കണം. അതിനെ രാഷ്ട്രീയ പ്രശ്നമാകരുത്. രാജ്യ ക്ഷേമത്തിന് ഇത് വളരെ

പ്രധാനമാണ്, നമ്മൾ ഒരുമിച്ച് ഇരുന്ന ചർച്ച ചെയ്യണം. ട്വിറ്റർ ബെഞ്ചുകളും പ്രതിപക്ഷവും ഉൾപ്പെടെ നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്തമാണ് ഇത്. പതിനെട്ടാം നൂറ്റാണ്ടിലെ ചിന്തകൾ ഉപയോഗിച്ച് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നമ്മുടെ കാർഷിക മേഖല നേരിടുന്ന വെല്ലുവിളികളെ നേരിടാൻ കഴിയില്ല. നമ്മൾ അതിനു മാറ്റം വരുത്തണം . ദാരിദ്ര്യ ചക്രത്തിൽ നമ്മുടെ കർഷകർ കുടുങ്ങിക്കിടക്കണമെന്ന് ആരും ആഗ്രഹിക്കുന്നില്ല, അവർക്ക് ജീവിക്കാനുള്ള അവകാശം ലഭിക്കുന്നില്ല. അവർ മറ്റുള്ളവരെ ആശ്രയിക്കുന്നില്ലെന്നും അല്ലെങ്കിൽ മറ്റുള്ളവരുടെ കീഴിൽ ആകരുതെന്നും അല്ലെങ്കിൽ സർക്കാർ സഹായത്തിൽ ജീവിക്കാൻ അവർ നിർബന്ധിതരല്ലെന്നും ഉറപ്പാക്കാനുള്ളത് നമ്മുടെ ഉത്തരവാദിത്തം കൂടിയാണെന്ന് ഞാൻ വിശ്വസിക്കുന്നു, ആ ഉത്തരവാദിത്തം നമ്മൾ നിറവേറ്റേണ്ടതുണ്ട്.

നമ്മുടെ കർഷകർ സമ്പന്നരാകുകയും രാജ്യത്തിനായി കൂടുതൽ കാര്യങ്ങൾ അവർക്ക് ചെയ്യാൻ കഴിയുകയും ചെയ്താൽ അത് വളരെ നല്ലതാണ്. സർദാർ വല്ലഭായ് പട്ടേൽ ഒരു കാര്യം പറയാറുണ്ടായിരുന്നു- സ്വാതന്ത്ര്യം നേടിയ ശേഷവും, സ്വാതന്ത്ര്യം ആസ്വദിക്കാതെ ദുരിതത്തിൽ കഴിയുന്ന ജനങ്ങൾ ഉണ്ടെങ്കിൽ രാജ്യം യഥാർത്ഥ അർത്ഥത്തിൽ സ്വതന്ത്രമായെന്ന് കണക്കാക്കാനാവില്ല. നമ്മുടെ ചെറുകിട കർഷകന് പുതിയ അവകാശങ്ങൾ ലഭിക്കുന്നതുവരെ, സമ്പൂർണ്ണ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വാക്കുകൾ അപൂർണ്ണമായിരിക്കും. അതുകൊണ്ട് തന്നെ വലിയൊരു മാറ്റം കൊണ്ട് വന്ന് വരുത്തി ഈ കർഷകരെ ഒരു നീണ്ട യാത്രയ്ക്ക് ഒരുക്കണം, അത് നേടിയെടുക്കാൻ നമ്മൾ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണം. ഒരാളെയും ദ്രോഹിക്കുവാനെന്ന ലക്ഷ്യത്തോടെ ഒരു കാര്യവും ചെയ്യരുത് മറിച്ച് ആരുടെയെങ്കിലും നന്മയും ക്ഷേമവും ലക്ഷ്യമാക്കിയാണ് ഓരോ കാര്യവും ചെയ്യേണ്ടത്

നമ്മുടെ ഗവൺമെൻറ് ചെറുകിട കർഷകർക്ക് വേണ്ടി വയ്ക്കുന്ന ഓരോ ചുവടും കാണുകയാണെങ്കിൽ , ചെറുകിട കർഷകനെ സഹായിക്കാനും അവർക്ക് നേട്ടമുണ്ടാക്കാനും വേണ്ടി വിത്ത് മുതൽ വിപണി വരെ നിരവധി ഇടപെടലുകൾ കഴിഞ്ഞ ആറ് വർഷത്തിനിടെ നടത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, ക്ഷീരമേഖലയും സഹകരണ മേഖലയും . അവ ശക്തമാവുകയും ശക്തമായ മൂല്യ ശൃംഖല വികസിപ്പിക്കുകയും ചെയ്തു. സർക്കാരിടപെടൽ കുറവാണ്, എന്നിട്ടും ഇവ തഴച്ചുവളർന്നു. പഴങ്ങൾ, പൂക്കൾ, പച്ചക്കറികൾ എന്നിവയിൽ നമുക്ക് ക്രമേണ ഊന്നൽ നൽകാം, തുടർന്ന് ധാന്യങ്ങളിലേക്ക് നമുക്ക് ഊന്നൽ നൽകാം. നമുക്ക് അവരെ വളരെ ശക്തരാക്കാം. ഞങ്ങൾക്ക് വിജയകരമായ ഒരു മാതൃകയുണ്ട്. നാം ആ വിജയകരമായ മാതൃക ഉപയോഗിക്കുകയും അവർക്ക് ബദൽ വിപണികൾ നൽകുകയും വേണം.

പതിനായിരം കർഷക ഉൽപാദക സംഘടനകളുമായി ബന്ധപ്പെട്ടതാണ് ഞങ്ങൾ പൂർത്തിയാക്കിയ രണ്ടാമത്തെ പ്രധാന പ്രവർത്തനം. കർഷകർക്ക്, പ്രത്യേകിച്ച് ചെറുകിട കർഷകർക്ക് വലിയ ശക്തിയായി ഇവ ഉയർന്നുവരാൻ പോകുന്നു. എഫ്പിഒ ഉണ്ടാക്കുന്നതിനുള്ള ഒരു പ്രത്യേക പരീക്ഷണം മഹാരാഷ്ട്രയിൽ നടത്തിയിട്ടുണ്ട്. മറ്റ് പല സംസ്ഥാനങ്ങളും അത് ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, കേരളത്തിലും കമ്യൂണിസ്റ്റ് പാർട്ടിയുടെ ആളുകൾ വലിയൊരു എഫ്പിഒ ഉണ്ടാക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇതുമൂലം കർഷകർ തങ്ങളുടെ വിപണി കണ്ടെത്തുന്നതിനുള്ള കൂട്ടായ ശക്തിയായി ഉയർന്നുവരും. ഈ പതിനായിരം എഫ്പിഒകൾ രൂപീകരിച്ച ശേഷം, കർഷകർ, ഗ്രാമത്തിൽ താമസിക്കുന്ന ചെറുകിട കർഷകർ പോലും വിപണി നിർണ്ണയിക്കുന്നത് നിങ്ങൾ കാണും. ഈ എഫ്പിഒകൾ രൂപീകരിച്ചാൽ കർഷകർ ശക്തരാകുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഈ എഫ്പിഒകൾ വഴിയും ബാങ്കിൽ നിന്ന് പണം കടം വാങ്ങാം. ചെറിയ സ്റ്റോറേജുകളും അവർക്ക് ക്രമീകരിക്കാൻ കഴിയും. കുറച്ചുകൂടി ആത്മവിശ്വാസം സംഭരിച്ചാൽ ചെറിയ കോൾഡ് സ്റ്റോറേജും ഉണ്ടാക്കാം.

കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിനായി ഞങ്ങൾ ഒരു ലക്ഷം കോടി രൂപ നീക്കിവച്ചിട്ടുണ്ട്, കൂടാതെ ഏഴ് കോടിയോളം സഹോദരിമാർ ഈ സ്വയം സഹായ സംഘങ്ങളിൽ ചേർന്നു. ഗ്രാമത്തിൽ നിന്നുള്ള നമ്മുടെ സഹോദരിമാർ യഥാർത്ഥത്തിൽ കർഷക കുടുംബങ്ങളിൽ നിന്നുള്ളവരാണ്. ഈ ശൃംഖല ഇന്ന് കർഷകരുടെ ഉന്നമനത്തിന് ഉപയോഗപ്രദമായിക്കൊണ്ടിരിക്കുകയാണ്

അവ സാമ്പത്തിക പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായി മാറുകയാണ്. ഞാൻ ഓർക്കുന്നു, ഗുജറാത്തിലെ വൽസാദ് ജില്ലയിൽ, ഗോത്രവർഗക്കാരുടെ കൈവശമുള്ള ഭൂമി ഉയർന്നതും താഴ്ന്നതുമായ ഭൂമിയാണ്. അതായത് അസമമായ

ഭ്രമിയാണ്, ഈ ഭ്രമി ചെറുതാണ്. പ്രത്യേകത കൂടിയുള്ള വാടി എന്ന ഒരു പദ്ധതി ഞങ്ങൾ ചെയ്തിരുന്നു. വളരെ വിജയകരമായ ഒരു പരീക്ഷണമായിരുന്നു. അബ്ദുൾ കലാം ജി ഒരു ദിവസം അദ്ദേഹത്തിൻറെ ജന്മദിനത്തിൽ അവിടം സന്ദർശിക്കുകയുണ്ടായി . സന്ദർശന സമയത്ത് തനിക്ക് ഒരു പ്രോട്ടോക്കോളും ആവശ്യമില്ലെന്ന് അദ്ദേഹം പറഞ്ഞു. ഈ കർഷകർക്കൊപ്പം നിൽക്കാൻ ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ആ ആദിവാസി മേഖലയിലെ സ്ത്രീകൾ വളരെയധികം കഠിനാധ്വാനം ചെയ്യുമായിരുന്നു. അവർ ക്ലൗൺ ഉത്പാദിപ്പിക്കാൻ തുടങ്ങി. ഗോവയിൽ ഉൽപ്പാദിപ്പിക്കുന്ന അതേ ഗുണനിലവാരത്തിൽ അവർ കശുവണ്ടി ഉൽപ്പാദിപ്പിക്കാൻ തുടങ്ങി, വിപണി അവർ നേടി. ചെറിയ സ്ഥലങ്ങളിലെ ചെറുകിട കർഷകർ ഉണ്ടായിരുന്നു, എന്നാൽ അവർ പരിശ്രമിച്ചപ്പോൾ അവർക്കും ഫലം ലഭിച്ചു. അബ്ദുൾ കലാം ജിയും അതിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. അദ്ദേഹം നേരിൽ വന്നു കണ്ടതാണ് . പുതിയ ശ്രമങ്ങളുടെ ദിശയിലേക്ക് പോകണമെന്ന് ഞാൻ പറയുന്നു. നമുക്ക് ഇവിടെ പയറുവർഗ്ഗങ്ങളുടെ ക്ഷാമം ഉണ്ടായിരുന്നു. രണ്ടായിരത്തി പതിനാലിൽ ഞങ്ങൾ വന്നപ്പോൾ കൂടുതൽ പയർവർഗ്ഗങ്ങൾ കൃഷി ചെയ്യാൻ കർഷകരോട് അഭ്യർത്ഥിച്ചു. നാട്ടിലെ പയറുവർഗ്ഗങ്ങളുടെ ദൗർലഭ്യത്തിൽ നിന്ന് അവർ നമ്മളെ മോചിപ്പിച്ചു, അവർക്കും വിപണി ലഭിച്ചു. കർഷകർ തങ്ങളുടെ സാധനങ്ങൾ ഓൺലൈനായും ഓഫ്‌ലൈനായും ഇ-നാം വഴിയും വിൽക്കുന്നു എന്നതാണ് ഞാൻ ഇപ്പോൾ കാണുന്നത്.

ഈ കൊറോണ കാലത്തെ പ്രയോജനപ്പെടുത്തി "കിസാൻ റെയിൽ" വഴി ഞങ്ങൾ ഒരു പരീക്ഷണം നടത്തി. കർഷകരുടെ ഉൽപന്നങ്ങൾ ചെറുതായാലും വലുതായാലും എല്ലാത്തരം വിപണികളിലും എത്തിക്കുന്നതിൽ കിസാൻ റെയിലും കിസാൻ ഉഡാനും മികച്ച വിജയം നേടിയിട്ടുണ്ട്. ഒരു രീതിയിൽ ചലിക്കുന്ന ഒരു കോൾഡ് സ്റ്റോറേജ് ആണ് ഈ ടെയിൻ . ഇക്കാര്യം സഭാംഗങ്ങളോട് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പറയുമ്പോൾ കിസാൻ റെയിൽ ഒരു ഗാതാഗത സംവിധാനം ആയിരിക്കാം പക്ഷേ വിദൂര ഗ്രാമങ്ങളിൽ താമസിക്കുന്ന ചെറുകിട കർഷകരെ മറ്റ് സംസ്ഥാനങ്ങളിലെ വലിയ വിപണികളുമായി ബന്ധിപ്പിച്ചിരിക്കുന്നു

നോക്കൂ , നാസിക്കിലെ ഒരു കർഷകൻ മുസാഫർനഗറിലെ ഒരു വ്യാപാരിയുമായി ബന്ധപ്പെടുകയും അതിലൂടെ നേട്ടമുണ്ടാക്കുകയും ചെയ്ത ഉദാഹരണം എടുക്കുക. കിസാൻ റെയിൽ വഴി അദ്ദേഹം മുപ്പതു കിലോ അനാർ (മാതളം) , അതിന് അദ്ദേഹം എത്രയാണ് ചലവ് ചെയ്തത്? നൂറ്റി ഇരുപത്തി നാലു രൂപ മാത്രം. അയാൾക്ക് വലിയ മാർക്കറ്റ് കിട്ടി. ഈ മുപ്പതു കിലോഗ്രാം അനാർ ചെറിയ ചരക്ക് ആയത് കൊണ്ട് മറ്റേതെങ്കിലും സ്ഥലത്തേക്ക് കൊണ്ടുപോകാൻ ചിലപ്പോൾ ഒരു കൊറിയർ കമ്പനിയും തയാറാകില്ല . പക്ഷേ കിസാൻ റെയിൽ വഴി ഇത് നടക്കും . അത്തരത്തിലുള്ള സൗകര്യമാണ് കർഷകർക്കായി ഒരുക്കിയിരിക്കുന്നത്. അതുപോലെ, ആരോ മറ്റൊരിടത്തേക്ക് മുട്ട അയച്ചുകൊടുത്തതു അറിയാൻ സാധിച്ചു. ഗതാഗതത്തിനായി അദ്ദേഹം ചെലവഴിച്ച ആകെ തുക അറുപത് രൂപ മാത്രം. കൃത്യസമയത്ത് മുട്ട വിൽക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ദേവ്‌ലാലിയിലെ ഒരു കർഷകൻ ഏഴു കിലോ കിവി ദാനാപൂരിലേക്ക് അയച്ച ചെലവ് അറുപത്തി രണ്ട് രൂപയാണ്. അദ്ദേഹത്തിന്റെ കിവിക്ക് നല്ല മാർക്കറ്റ് ലഭിച്ചു, അത് മറ്റേതോ സംസ്ഥാനത്തായിരുന്നു. കിസാൻ റെയിൽ വളരെ സാധാരണമായ ഒരു കാര്യം പോലെയാണ് നമുക്ക് തോന്നുന്നത്, എന്നിരുന്നാലും, വലിയൊരു മാറ്റം അതിലൂടെ ഉണ്ടാകുന്നു എന്നതിന് നിരവധി ഉദാഹരണങ്ങൾ നമുക്ക് കണ്ടെത്താനാകും

ആദരണീയ സ്പീക്കർ, ചൗധരി ചരൺ സിംഗ്ജി ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ഒരു പുസ്തകം രചിച്ചിട്ടുണ്ട്, ഇന്ത്യയെ കാർഷിക ഉൽപ്പന്നങ്ങളുടെ ഒരൊറ്റ വിപണിയായി കണക്കാക്കണമെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു . മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇന്ത്യയുടെ ഒരു ഭാഗത്ത് നിന്ന് മറ്റൊരു ഭാഗത്തേക്ക് ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്നതിന് ഒരു നിയന്ത്രണവും പാടില്ല. ഇത് ചൌധരി ചരൺ സിംഗ് ജിയുടെ പുസ്തകത്തിലെ വരികളാണ് ഇത്. കിസാൻ റെയിൽ, ഇലക്ട്രോണിക് പ്ലാറ്റ്ഫോമുകൾ, ഇ-നാം തുടങ്ങിയ കാർഷിക പരിഷ്കരണങ്ങളിലൂടെ കർഷകർക്ക് , ചെറുകിട കർഷകർക്ക് വലിയൊരു അവസരമാണ് സൃഷ്ടിക്കപ്പെടുന്നത്. ആദരണീയ അധ്യക്ഷ് ജി , ഇത്രയും കാലം അധികാര അമരത്തിരുന്നവരും നിരവധി വാദങ്ങൾ ഉന്നയിക്കുന്നവരുമായ ആളുകൾക്ക് കർഷകരുടെ പ്രശ്നങ്ങളെക്കുറിച്ചുള്ള അറിവ് കുറവായിരുന്നു എന്ന വാദം ഞാൻ സമ്മതിക്കുന്നില്ല. അവർക്ക് അതേക്കുറിച്ച് നല്ല

ഓർമ്മയും നല്ല ധാരണയും ഉണ്ടായിരുന്നു. അവരുടെ സ്വന്തം ചില കാര്യങ്ങൾ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ചിലർ ഇവിടെ ഇല്ലെന്ന് എനിക്കറിയാം, പക്ഷേ ഇത് മനസ്സിലാക്കേണ്ടത് രാജ്യത്തിന് വളരെ ആവശ്യമാണ്. ഒരു ഉദ്ധരണി വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു:

"നേരിട്ടുള്ള വിപണനം, കരാർ കൃഷി, സ്വകാര്യ മാർക്കറ്റ് സ്ഥാപിക്കൽ, ഉപഭോക്തൃ/കർഷക വിപണികൾ, ഇ-ട്രേഡിംഗ് എന്നിവയ്ക്കായി രണ്ടായിരത്തി അഞ്ചിൽ തന്നെ അവരുടെ സ്റ്റേറ്റ് എപിഎംസി നിയമം ഭേദഗതി ചെയ്യാൻ സ്റ്റേറ്റ് മുൻകൈയെടുത്തു, ഭേദഗതി വരുത്തിയ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി രണ്ടായിരത്തി ഏഴിൽ നിയമങ്ങൾ വിജ്ഞാപനം ചെയ്തു. . വാസ്തവത്തിൽ, സ്റ്റേറ്റിൽ ഇതിനോടകം ഇരുപത്തിനാല് സ്വകാര്യ മാർക്കറ്റുകൾ ഉയർന്നുവന്നിട്ടുണ്ട്"

എപിഎംസി ആക്ടിൽ ഭേദഗതികൾ കൊണ്ടുവരുന്നതിലും അത്തരത്തിലുള്ള ഇരുപത്തി നാല് മാർക്കറ്റുകൾ പ്രവർത്തിക്കുന്നുവെന്നും അഭിമാനത്തോടെ പറയുന്നവർ ആരാണ് ? അത് മറ്റാരുമല്ല, ഡോ. മൻമോഹൻ സിംഗ് ജിയുടെ നേതൃത്വത്തിലുള്ള സർക്കാരിൽ കൃഷിമന്ത്രിയായിരുന്ന ശ്രീ ശരദ് പവാറാണ്. അദ്ദേഹത്തിൻറെ ഉദ്ധരണിയാണ് ഞാൻ പരാമർശിച്ചത്. ഇപ്പോൾ, അവർ ഒരു പൂർണ്ണമായ യു-ടേൺ എടുത്തു . അതിനാൽ, രാജ്യത്തെ കർഷകരെ തെറ്റിദ്ധരിപ്പിക്കാൻ എന്തുകൊണ്ടാണ് അവർ ഈ പാത തിരഞ്ഞെടുത്തതെന്നത് എന്നെ ഭയപ്പെടുത്തുന്നു? രാജ്യത്തെ മണ്ഡികൾ പ്രവർത്തനക്ഷമമാണ്, കാർഷികോൽപ്പന്നങ്ങളുടെ വിലയെ സ്വാധീനിക്കാൻ രാജ്യത്ത് പ്രവർത്തിക്കുന്ന സിൻഡിക്കേറ്റുകളെക്കുറിച്ചും ഇടപാടുകളെക്കുറിച്ചും ഒരു ചോദ്യം അദ്ദേഹത്തോട് ചോദിച്ചപ്പോൾ, ശ്രീ ശരദ് പവാർ ജി വളരെ രസകരമായ ഒരു മറുപടി നൽകി. കർഷകരുടെ ക്ഷേമത്തിനായി എപിഎംസി പരിഷ്കാരങ്ങൾ പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും അതിനാൽ കർഷകർക്ക് എംഎസ്പി മണ്ഡികളുടെ രൂപത്തിൽ ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാമെന്നും അദ്ദേഹം പറഞ്ഞിരുന്നു. രജിസ്റ്റർ ചെയ്ത വ്യാപാരികൾ കൂടുതൽ ഉണ്ടാകുമ്പോൾ അത് മത്സരം വർദ്ധിപ്പിക്കുകയും അനാവശ്യ ഇടപാടുകളിൽ ഏർപ്പെട്ടിരിക്കുന്ന ഘടകങ്ങളെ പരാജയപ്പെടുത്തുകയും ചെയ്യും."

അദ്ദേഹം ഇക്കാര്യങ്ങളെല്ലാം പ്രസ്താവിച്ചിട്ടുണ്ട്, അതുകൊണ്ടു ഈ കാര്യങ്ങൾ എല്ലാം നമ്മൾ അറിഞ്ഞിരിക്കണം. പ്രതിപക്ഷ പാർട്ടികൾ അധികാരത്തിലിരിക്കുന്ന ആ സംസ്ഥാനങ്ങളിൽ പോലും, കാർഷിക പരിഷ്കരണങ്ങൾ ഏറിയും കുറഞ്ഞും സ്വീകരിച്ചിട്ടുണ്ട്. ഞങ്ങൾ ആയിരത്തി അഞ്ഞൂറു നിയമങ്ങൾ റദ്ദാക്കുകയും ചെയ്തു. ഞങ്ങൾ പുരോഗമന രാഷ്ട്രീയത്തിൽ വിശ്വസിക്കുന്നു, പ്രതിലോമ രാഷ്ട്രീയം കളിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഭോജ്പുരിയിൽ ഒരു ചൊല്ലുണ്ട്, "നാ ഖേലബ് നാ ഖേലേ ദേബ്, ഖേൽവേ ബിഗാഡബ്", അതിനർത്ഥം " ഞാൻ സ്വയം ചെയ്യില്ല, ഞാൻ മറ്റുള്ളവരെ ചെയ്യാൻ അനുവദിക്കില്ല, മറ്റുള്ളവർ ചെയ്യുന്നത് നശിപ്പിക്കുകയും ചെയ്യും ". ആദരണീയ സ്പീക്കർ, സർ, രാജ്യത്തെ ശക്തിപ്പെടുത്തുന്നതിനുള്ള കൂട്ടായ സംഭാവനയുടെ ഭാഗമാണ് എല്ലാവരും. കാശ്മീർ മുതൽ കന്യാകുമാരി വരെയും കച്ച് മുതൽ കാമാഖ്യ വരെയും എല്ലാ ഇന്ത്യാക്കാരുടെയും കഠിനാധ്വാനവും പ്രയത്നവും കൊണ്ടാണ് രാജ്യം പുരോഗമിക്കുന്നത്. രാജ്യ പുരോഗതിക്ക് പൊതുമേഖലയുടെ പങ്കാളിത്തം പോലെ തന്നെ സ്വകാര്യമേഖലയുടെ പങ്കാളിത്തവും ആവശ്യമാണെന്ന് എന്റെ കോൺഗ്രസ് സഹപ്രവർത്തകരെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു

രാജ്യത്തെ മൊബൈൽ നിർമ്മാണത്തിന് സർക്കാർ പ്രോത്സാഹനം നൽകി, സ്വകാര്യ നിർമ്മാതാക്കൾ വന്ന് നേതൃത്വം നൽകി. ഇന്ന് പാവപ്പെട്ട കുടുംബങ്ങൾക്ക് പോലും മൊബൈൽ സ്മാർട്ട് ഫോണുകൾ ലഭിക്കുന്നു. ടെലികോം മേഖലയിലെ മത്സരം പ്രോത്സാഹിപ്പിക്കപ്പെടുന്നു, ഈ ശ്രമങ്ങളുടെ ഫലമായി ഇപ്പോൾ മൊബൈലിൽ സംസാരിക്കുന്നതിന് നിങ്ങൾക്ക് ഒന്നും തന്നെ ചെലവാകില്ലെന്നും ലോകത്തിലെ ഏറ്റവും വിലകുറഞ്ഞ ഡാറ്റ ദാതാക്കളിൽ ഒരാളായി ഇന്ത്യക്ക് അഭിമാനിക്കാം. വാക്സിൻ നിർമ്മാതാക്കൾ , നമ്മുടെ ഫാർമ വ്യവസായം പോലും ലോകോത്തര സ്ഥാപനങ്ങളാണ്, അവ സർക്കാർ സ്ഥാപനങ്ങളാണോ? നമ്മുടെ സ്വകാര്യമേഖലാ സംരംഭങ്ങൾക്ക് അതിൽ വളരെയധികം സംഭാവന ചെയ്യാനുണ്ട്. നമുക്ക് നമ്മുടെ രാജ്യത്തെ യുവത്വത്തിൽ പൂർണ

വിശ്വാസമുണ്ടായിരിക്കണം. നമ്മൾ അവരുടെ മനോവീര്യം താഴ്ത്തി സ്വകാര്യ സംരംഭകത്വ മനോഭാവത്തെ അവഗണിക്കുന്നത് തുടരുകയാണെങ്കിൽ, അതിൽ നിന്ന് ഒന്നും പുറത്തുവരില്ല. പൊതുമേഖലയും സർക്കാരും വലിയ പങ്ക് വഹിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു, അത് സംഭവിച്ചു, എന്നാൽ ഇന്ന് ലോകം മാറിയിരിക്കുന്നു. സമൂഹത്തിന് ഇന്ന് പ്രചോദനം ലഭിച്ചിട്ടുണ്ട്. ശക്തിയുണ്ട് . രാജ്യത്തും ആ മാറ്റം പ്രകടമാണ് . എല്ലാവർക്കും അവസരങ്ങൾ ലഭിക്കണം . ഈ രംഗത്തേക്ക് വരുന്നവരെ അപകീർത്തിപ്പെടുത്തിയും നിരാശപ്പെടുത്തിയും മുൻകാലങ്ങളിൽ ഈ സംസ്കാരം കൊണ്ട് വോട്ട് പിടിക്കാമായിരുന്നു, എന്നാൽ അന്നത്തെ പോലെയല്ല. ഇന്ന് .

സമ്പത്തുണ്ടാക്കുന്നവരും ഇന്ത്യയുടെ പുരോഗതിയിൽ അവിഭാജ്യമാണെന്ന് ഞാൻ ചെങ്കോട്ടയുടെ കൊത്തളത്തിൽ നിന്ന് പ്രഖ്യാപിച്ചിരുന്നു. അപ്പോൾ മാത്രമേ നമുക്ക് സമ്പത്ത് പുനർവിതരണം ചെയ്യാൻ കഴിയൂ. പാവപ്പെട്ടവർക്ക് പണം എവിടെ നിന്നു നല്കും? , ദൈനം ദിന കാര്യങ്ങൾ നടത്തുവാൻ സാധിക്കു. എല്ലാ കാര്യങ്ങളും ബാബുമാർ ചെയ്താൽ എങ്ങനെ സാധിയ്ക്കും .ഐ എ എസ് വേണം കമ്പനികൾ ഭരിക്കാൻ , രാസവള കമ്പനികൾ ഭരിക്കാൻ ഐ എ എസ് വേണം ഐ എ എസ് ആയാൽ വിമാനക്കമ്പനികൾ പോലും ഭരിക്കാം . ഇതെന്ത് ശക്തിയാണ് അവർക്ക് നമ്മൾ നല്കിയിരിക്കുന്നത്? ബാബുമാരുടെ കൈകളിൽ രാജ്യത്തെ നല്കി നമ്മൾ എന്താണ് നേടാൻ പോകുന്നത് ? ഈ ബാബുമാർ ഈ രാജ്യത്തെ ആണ് എങ്കിൽ , ഈ യുവാക്കളും ഈ രാജ്യത്തെ ആണ്. രാജ്യത്തെ യുവാക്കൾക്ക് നമ്മൾ കൂടുതൽ അവസരങ്ങൾ നൽകിയാൽ നമുക്ക് കൂടുതൽ പ്രയോജനം ലഭിക്കുമെന്ന് ഞാൻ കരുതുന്നു. ബഹുമാന്യ സ്പീക്കർ, സർ, വസ്തുതകളുടെ പിൻബലമില്ലാതെ നിങ്ങൾ ഒരു വാദം ഉന്നയിക്കുമ്പോൾ, അതിനുള്ള ഫലമാണ് നിങ്ങൾ ഇപ്പോൾ കാണുന്നത്. ഭയവും സംശയങ്ങളും സൃഷ്ടിക്കപ്പെടുന്നു, അത്തരത്തിലുള്ള അന്തരീക്ഷമാണ് 'ആന്ദോളൻജീവികൾ' സൃഷ്ടിക്കുന്നത്

ബഹുമനപ്പെട്ട സ്പീക്കർ, സർ, കർഷക പ്രക്ഷോഭം പവിത്രമാണ്, അതിനുള്ള ശരിയായ വാക്കുകൾ എടുക്കുന്നതിൽ ഞാൻ ഉത്തരവാദിത്തമുള്ളവനായിരിക്കാൻ ആഗ്രഹിക്കുന്നു. കർഷക പ്രക്ഷോഭം അങ്ങേയറ്റം പവിത്രമാണെന്ന് ഞാൻ കരുതുന്നു, കൂടാതെ ഇന്ത്യൻ ജനാധിപത്യത്തിൽ പ്രക്ഷോഭകർ വഹിക്കുന്ന അവിഭാജ്യ പങ്കിനെയും ഞാൻ അഭിനന്ദിക്കുന്നു, അത് അങ്ങനെ തന്നെ തുടരും. എന്നിരുന്നാലും, ഇത്തരം 'ആന്ദോളൻജീവികൾ' തങ്ങളുടെ നേട്ടത്തിനായി ഈ പ്രക്ഷോഭങ്ങളെ ഹൈജാക്ക് ചെയ്യുമ്പോഴെല്ലാം, യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്? മൂന്ന് കർഷക നിയമങ്ങൾ കേന്ദ്ര അജണ്ടയിൽ ഉൾപ്പെടുത്തുകയും ജയിലിൽ കഴിയുന്ന കലാപകാരികളും വർഗീയവാദികളും തീവ്രവാദികളും നക്സലുകളും ആയവരെ മോചിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്യുമ്പോൾ ഇവർ എന്ത് തരത്തിലുള്ള ആവശ്യങ്ങളാണ് ഉന്നയിക്കുന്നതെന്ന് ആർക്കെങ്കിലും എന്നോട് പറയാമോ. ഇത് കർഷക സമരത്തെ മുഴുവൻ അവഹേളിക്കുന്നതാണോ അല്ലയോ?

ബഹുമനപ്പെട്ട സ്പീക്കർ, സർ, ടോൾ പ്ലാസകൾ രാജ്യത്ത് എല്ലാ സർക്കാരുകളും സ്വീകരിച്ച ഒരു സംവിധാനമാണ്. ആ ടോൾ പ്ലാസകളെ വളഞ്ഞു പിടിച്ച് നശിപ്പിച്ച് പ്രവർത്തിക്കാൻ അനുവദിക്കാതെ ചയ്യുക എന്നത് കർഷകരുടെ പവിത്ര പ്രക്ഷോഭത്തിന് കളങ്കം വരുത്തുന്നില്ലേ? പഞ്ചാബിലെ നൂറുകണക്കിന് ടെലികോം ടവറുകൾ നശിപ്പിച്ചത് കർഷകരുടെ ആവശ്യത്തിന് യോജിച്ചതാണോ? കർഷകരുടെ പവിത്ര പ്രക്ഷോഭം നശിപ്പിക്കുന്നത് പ്രക്ഷോഭകരല്ല, മറിച്ച് 'ആന്ദോളൻജീവികൾ' എന്നാണ്. അതിനാൽ, പ്രക്ഷോഭകരെയും 'ആന്ദോളൻജീവികളെയും' വേർതിരിക്കുന്നത് രാജ്യത്തിന് വളരെ പ്രധാനമാണ്, ഈ 'ആന്ദോളൻജീവികളിൽ' നിന്ന് രാജ്യത്തെ രക്ഷിക്കുക എന്നത് ഒരുപോലെ പ്രധാനമാണ്

ഈ ആന്തോളൻ ജീവികൾ കിംവദന്തികൾ പ്രചരിപ്പിക്കുന്നതിലും അപവാദങ്ങൾ പ്രചരിപ്പിക്കുന്നതിലും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിലും വളരെയധികം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നമ്മുടെ രാജ്യം വളരെ വലുതാണ്, ദശലക്ഷക്കണക്കിന് ആളുകളുണ്ട്, അവരെ മുന്നോട്ട് കൊണ്ടുപോകാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. രാജ്യത്ത് വളരെ വലിയ ഒരു വിഭാഗം ആളുകളുണ്ട്, ഈ വിഭാഗത്തെ തിരിച്ചറിയുക എങ്ങിനെ എന്നാൽ എപ്പോഴും ശരിയായ കാര്യങ്ങൾ സംസാരിക്കുക. ശരിയായ കാര്യങ്ങൾ സംസാരിക്കുന്നതിൽ തെറ്റില്ല പക്ഷേ ഈ വിഭാഗത്തിന് ശരിയായ കാര്യങ്ങൾ ചെയ്യുന്ന പാതയിൽ സഞ്ചരിക്കുന്ന വിഭാഗത്തോടു വെറുപ്പാണ് . ഇവർ തമ്മിലുള്ള വ്യത്യാസം നമ്മൾ

മനസ്സിലാക്കണം. ശരിയായ കാര്യങ്ങൾ സംസാരിക്കുന്നവർ ശരിയായ കാര്യങ്ങൾ ചെയ്യേണ്ട അവസരങ്ങളിൽ അതിനെ എതിർത്തു നില്ക്കുന്നു . നല്ല കാര്യങ്ങൾ ചെയ്യുന്നതിൽ അവർക്ക് വിശ്വാസമില്ല. സംസാരിക്കുന്നതിൽ മാത്രമാണു താത്പര്യം. തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെ കുറിച്ച് സംസാരിക്കുന്നവർ 'ഒരു രാഷ്ട്രം-ഒരു തിരഞ്ഞെടുപ്പ്' വിഷയം വരുമ്പോൾ തന്നെ എതിർത്തു തുടങ്ങും. ഇതേ ആളുകൾ ലിംഗ നീതിയെക്കുറിച്ച് സംസാരിക്കുമ്പോൾ വലിയ സംസാരം നടത്തും എന്നാൽ മുത്തലാഖ് നിർത്തലാക്കാൻ ലക്ഷ്യമിട്ടുള്ള ഏതൊരു നീക്കത്തെയും എതിർക്കാൻ തുടങ്ങും . ഇവർ പരിസ്ഥിതിയെ കുറിച്ചും സംസാരിക്കും എന്നാൽ ജലവൈദ്യുത പദ്ധതിക്കും ആണവോർജ്ജ ശക്തിക്കും മുന്നിൽ പോയി അവർ കൊടി പിടിച്ച് പ്രക്ഷോഭം ആരംഭിക്കുന്നു. അത് നടക്കരുത് അതിനു വേണ്ടി സമരം ചെയ്യും. തമിഴ്നാട് അത് ശരിക്കും അനുഭവിച്ചിട്ടുണ്ട്. അതുപോലെ, ഡെൽഹിയിൽ മലിനീകരണപ്രശ്നവും കൊണ്ട് കോടതികളിൽ പൊതുതാൽപര്യ ഹർജികൾ ഉൾപ്പെടെയുള്ള റിട്ടുകളും അപ്പീലുകളും ഫയൽ ചെയ്യും. അതേ ആളുകൾ, ഡെൽഹിയിലെ ആളുകൾ , വൈക്കോൽ കത്തിക്കുന്നതിനെ അനുകൂലിക്കുന്നവരുടെ കൂടെ പിന്തുണച്ചു നില്ക്കുകയും ചെയ്യും . എന്ത് തരത്തിലുള്ള തെറ്റിദ്ധാരണാജനകമായ ശ്രമങ്ങളാണ് ഇവർ നടത്തുന്നതെന്നതെന്ന് രാജ്യം അവരെ മനസ്സിലാക്കണം.

പോയ ആറ് വർഷങ്ങൾക്കുള്ളിൽ പ്രതിപക്ഷ പാർട്ടികളുടെ രീതികൾ എത്ര കണ്ടു മാറിപ്പോയി എന്നു ഞാൻ കാണുകയായിരുന്നു . ഞങ്ങളും ഒരു കാലത്ത് പ്രതിപക്ഷത്തായിരുന്നു, എന്നാൽ ആ സമയം ഞങ്ങൾ പുരോഗതി, അഴിമതി തുടങ്ങിയ വിഷയങ്ങളിൽ ശബ്ദമുയർത്തുകയും ആ വിഷയങ്ങളിൽ ഭരണകക്ഷിയെ ചോദ്യം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നത് നിങ്ങൾ കണ്ടിരിക്കാം. എന്നിരുന്നാലും, ഇന്ന് വികസനത്തിന്റെ ഒരു പ്രശ്നവും അവർ ചർച്ച ചെയ്യുന്നില്ല എന്നതാണ് എന്നെ ആശയക്കുഴപ്പത്തിലാക്കുന്നത്. ഇത്തരം പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനായി ഞാൻ എപ്പോഴും പ്രതീക്ഷിക്കുന്നു, അതുവഴി ഞങ്ങൾ ഏത് തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത് എന്നതിനെക്കുറിച്ച് കൂടുതൽ വെളിച്ചം വീശാൻ കഴിയും. എന്നാൽ ഞങ്ങൾക്ക് അതിനുള്ള അവസരമൊന്നും ലഭിക്കുന്നില്ല, അവർക്ക് അത്തരം വിഷയങ്ങളിൽ സംസാരിക്കാൻ ഒന്നുമില്ല എന്നതാണ് കാരണം. അതിനാൽ, എത്ര റോഡുകളും പാലങ്ങളും ഞങ്ങൾ നിർമ്മിച്ചു, എത്ര ട്രാക്കുകൾ സ്ഥാപിച്ചു, അതിർത്തിയിലെ സാഹചര്യം എങ്ങനെ കൈകാര്യം ചെയ്തു എന്നൊന്നും അവർ ചോദിക്കുന്നില്ല. അത്തരം വിഷയങ്ങൾ ചർച്ച ചെയ്യാൻ അവർക്ക് താൽപ്പര്യമില്ല. ആദരണീയ അധ്യക്ഷ് ജി , ഈ ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ പ്രധാനമാണ്, ഇന്ത്യ പുരോഗതി പ്രാപിക്കണമെങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ ഊന്നൽ നൽകേണ്ട ആവശ്യകത വളരെ വലുതാണ്, ഇത് കാലഘട്ടത്തിനു ആവശ്യമാണ്. 'ആത്മനിർഭർ ഭാരതിന് ' വേണ്ടിയുള്ള റോഡ് മാപ്പ് സൃഷ്ടിക്കുന്നത് വളരെ പ്രധാനമാണ്. ശക്തമായ അടിസ്ഥാന സൗകര്യങ്ങൾ രാജ്യത്ത് അതിവേഗ വളർച്ചയ്ക്ക് കാരണമാകുകയും അത് അതിന്റെ ചക്രവാളങ്ങൾ വികസിപ്പിക്കുകയും ചെയ്യും. അതിനാൽ, ഈ ദിശയിൽ നാം പരിശ്രമിക്കണം. അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നതിനർത്ഥം ദരിദ്രർക്കും ഇടത്തരം കുടുംബങ്ങൾക്കും വലിയ അവസരങ്ങൾ ഇതിലൂടെ സൃഷ്ടിക്കുന്നതാണ്. ഇത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് നയിക്കുകയും സമ്പദ്വ്യവസ്ഥയെ ഗുണപരമായി ബാധിക്കുകയും ചെയ്യുന്നു. അതിനാൽ, നമ്മൾ അതിന് ഊന്നൽ നൽകേണ്ടതുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ എന്നാൽ വോട്ട് ബാങ്ക് അവസരങ്ങൾ എന്നല്ല. ഞങ്ങൾ ചില റോഡ് വികസിപ്പിക്കാൻ പോകുന്നുവെന്ന് കടലാസിൽ ഒരു പ്രഖ്യാപനം നടത്തി നിങ്ങൾക്ക് ഒന്നോ രണ്ടോ തിരഞ്ഞെടുപ്പ് വിജയിച്ചേക്കാം, എന്നിട്ട് നിങ്ങൾ പോയി കുറച്ച് സാധനങ്ങൾ കൊണ്ടുവന്നിട്ടുണ്ടെന്ന് കാണിച്ച് നിങ്ങൾക്ക് അനുകൂലമായി ഒരു തിരഞ്ഞെടുപ്പ് വിജയിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുക, ഇത് അതിനായല്ല. ജീവിതത്തിലും നിലവിലുള്ള സംവിധാനങ്ങളിലും ഒരു യഥാർത്ഥ മാറ്റം കൊണ്ടുവരുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ നാം ഊന്നൽ കൊടുക്കുന്നു .

അതിനാൽ, അഭൂതപൂർവമായ ഒരു പദ്ധതിക്കായി ഞങ്ങൾ പ്രവർത്തിക്കുന്നു. ഈ ബജറ്റിൽ അടിസ്ഥാന സൗകര്യ വികസനത്തിന് നൂറിപ്പുത്തു ലക്ഷം കോടി പദ്ധതിയിലൂടെ രാജ്യത്തെ ഇരുപത്തി ഏഴു നഗരങ്ങളിൽ മെട്രോ ടെയിനുകൾ അവതരിപ്പിക്കുന്നതിലും ആറ് ലക്ഷത്തിലധികം ഗ്രാമങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിലും വൈദ്യുതി മേഖലയിൽ ഒരു രാജ്യം ഒരു ഗ്രിഡ് എന്ന ആശയം യാഥാർഥ്യമാക്കുന്നതിലും ഞങ്ങൾ വിജയിച്ചിട്ടുണ്ട്. സൗരോർജ്ജത്തിന്റെയും പുനരുപയോഗിക്കാവുന്ന ഊർജത്തിന്റെയും കാര്യത്തിൽ ലോകത്തെ അഞ്ച് മുൻനിര

രാജ്യങ്ങളിൽ ഇടം നേടാനും ഇന്ത്യക്ക് കഴിഞ്ഞു. ഇന്ന് ഇന്ത്യയിൽ ഏറ്റവും വലിയ സൗരോർജ്ജ-കാറ്റ് ഊർജ ഹൈബ്രിഡ് പാർക്ക് സ്ഥാപിക്കപ്പെടുകയാണ്. വികസനം നമ്മൾ ഒരു പുതിയ വേഗത കൈവരിക്കുന്നതും നമ്മൾ കാണുന്നു.

വികസനത്തിലെ അസമത്വങ്ങൾ പ്രത്യേകിച്ച് വടക്ക് കിഴക്കൻ ഇന്ത്യയിൽ പരിഹരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനും ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്, ഇന്ത്യയുടെ കിഴക്കൻ ഭാഗത്തെ സമ്പദ്വ്യവസ്ഥകൾ ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയുമായി തുല്യമാക്കേണ്ടതുണ്ട്

ഒരു ഭാഗവും വികസനത്തിൽ പിന്നോക്കം പോകരുത് .

അത് രാജ്യത്തിന്റെ വളർച്ചാ സാധ്യത വർദ്ധിപ്പിക്കും. അതിനാൽ, ഗ്യാസ് പൈപ്പ് ലൈനുകളുടെ വിതരണം, റോഡുകളുടെയും വിമാനത്താവളങ്ങളുടെയും നിർമ്മാണം, റെയിൽ ലൈനുകൾ സ്ഥാപിക്കൽ, ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകൽ എന്നിവയാണെങ്കിലും കിഴക്കൻ ഇന്ത്യയുടെ വികസനത്തിന് ഞങ്ങൾ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. ഇതുമാത്രമല്ല, വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ ജലപാതകളുമായി ബന്ധിപ്പിക്കുന്നതിലും ഞങ്ങൾ തീവ്രശ്രമം നടത്തുന്നുണ്ട്. രാജ്യത്തെ സന്തുലിത വികസനത്തിൽ ഞങ്ങൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി എനിക്ക് തോന്നുന്നു. രാജ്യത്തിന്റെ ഒരു പ്രദേശവും പിന്നാക്കം പോകാത്ത വികസന മാതൃകയിലാണ് ഞങ്ങൾ പ്രവർത്തിച്ചത്. അതിനാൽ, കിഴക്കൻ ഇന്ത്യയിൽ ഞങ്ങൾ ഒരു മിഷൻ മോഡിൽ പ്രവർത്തിക്കുന്നു. സിഎൻജി, പിഎൻജി, സിറ്റി ഗ്യാസ് വിതരണ ശൃംഖല സൃഷ്ടിക്കാൻ ഞങ്ങൾക്ക് വിജയകരമായി കഴിഞ്ഞു, ഇത് രാസവളങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും നഗര വാതക വിതരണ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതും ഞങ്ങൾ ഉറപ്പാക്കിയതിനാൽ അടച്ചു പൂട്ടിയ വളം പ്ലാന്റുകളെ പുനരുജ്ജീവിപ്പിക്കാനുള്ള സാധ്യതയിലേക്കും നയിച്ചു. ആദരണീയ . സ്പീക്കർ, സർ, ഞങ്ങൾ സമർപ്പിത ചരക്ക് ഇടനാഴിയെക്കുറിച്ച് വർഷങ്ങളായി സംസാരിക്കുന്നു, എന്നാൽ അതിന്റെ ഗതി എന്തായിരുന്നുവെന്ന് നിങ്ങൾ അൽപ്പനേരം ചിന്തിക്കുമോ? ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ഈ പദ്ധതിയുടെ ഒരു കിലോമീറ്റർ പ്രവൃത്തി മാത്രമാണ് പൂർത്തിയായത്. ഇന്ന്, കഴിഞ്ഞ ആറ് വർഷത്തിനിടയിൽ ഞങ്ങൾ ഏകദേശം അറന്നൂറു കിലോമീറ്റർ ജോലി പൂർത്തിയാക്കി, അതായത് ചില ഭാഗങ്ങളിൽ ചരക്ക് ട്രെയിനുകൾ പ്രവർത്തനം ആരംഭിച്ചു

യു പി എ കാലത്ത് അതിർത്തിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യം. ഏത് രാജ്യത്തിൻറെ സുരക്ഷയെ സംബന്ധിച്ചാൽ അതിർത്തി സുരക്ഷ വളരെയധികം പ്രധാനപ്പെട്ടതാണ്. യു.പി.എ കാലത്ത് , അത് പൂർണ്ണമായും അവഗണിക്കപ്പെട്ട, തഴയപ്പെട്ട ഒരു മേഖലയായിരുന്നു അത്. രാജ്യ സുരക്ഷാ കണ്ണിലൂടെ നോക്കുമ്പോൾ ഈ വിഷയം പൊതുവായി ചർച്ച ചെയ്യുന്നത് ശരിയല്ല . എങ്കിലും അത് ചിന്തിക്കേണ്ട വിഷയമാണ്. അവിടെ ജനങ്ങൾ ഇല്ല , വോട്ടുകൾ ലഭിക്കില്ല പിന്നെ സൌകര്യം എന്തിന്? സായുധ സേനാംഗങ്ങൾ അവിടെ പോയാൽ പോയി, എന്തു സംഭവിക്കാനാണ്. . ഈ ചിന്ത കൊണ്ട് അവിടെ ഒന്നും ചെയ്തില്ല. ഇത് മാത്രമല്ല, ഒരു തവണ ഒരു രാജ്യരക്ഷാ മന്ത്രി പാർലമെൻറിൽ പറഞ്ഞു , അതിർത്തിയിലെ അടിസ്ഥാന സൗകര്യങ്ങൾ ഞങ്ങൾ ചെയ്യാത്തത് ആ സൌകര്യങ്ങൾ ശത്രുരാജ്യമുപയോഗിക്കുമെന്ന ഭയം മൂലമാണ് എന്ന് .

ഇന്ന് നമ്മൾ ഈ ചിന്താഗതി തന്നെ മാറ്റി, അതിർത്തിയിലെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ധാരാളം വിഭവങ്ങൾ സമാഹരിച്ചിരിക്കുന്നു. എൽ.എ.സി.യിൽ പാലങ്ങളുടെ നിർമാണം വരെ. ആശങ്കയുണ്ട്, അത്തരം എഴുപത്തിയഞ്ച് പാലങ്ങളുടെ പണി നമ്മൾ ത്വരിതപ്പെടുത്തിയിട്ടുണ്ടെന്നാണ് ഞാൻ അനുമാനിക്കുന്നു . നൂറുകണക്കിനു കിലോമീറ്റർ റോഡുകൾ ഞങ്ങൾ സൃഷ്ടിച്ചു. എഴുപത്തിയഞ്ച് ശതമാനം ജോലികൾ നമ്മൾ പൂർത്തിയാക്കി, ഞങ്ങൾ ഞങ്ങളുടെ ശ്രമങ്ങൾ ഇനിയും തുടരും. അടിസ്ഥാന സൗകര്യങ്ങൾ നിരവധി മേഖലകളെ ഉൾക്കൊള്ളുന്നു.

ഹിമാചൽ പ്രദേശിലെ അടൽ ടണലിന്റെ ഉദാഹരണം നിങ്ങൾക്ക് എടുക്കാം. അതിന്റെ വിധി എന്തായിരുന്നു? അടൽ ജിയുടെ കാലഘട്ടത്തിൽ ഇത് സങ്കൽപ്പിക്കപ്പെട്ടു, എന്നാൽ അടൽ ജി പോയതിന് ശേഷം അത് കടലാസിൽ

മാത്രമായി തുടർന്നു. തുടക്കത്തിൽ ചെറിയ മുന്നേറ്റം നടത്തിയെങ്കിലും വീണ്ടും അത് പിൻവലിച്ചു. ഈ പ്രക്രിയയിൽ ഒരുപാട് സമയം നഷ്ടപ്പെടുത്തി . കഴിഞ്ഞ ആറ് വർഷമായി ഞങ്ങൾ ഈ ദിശയിൽ ഞങ്ങളുടെ പരിശ്രമങ്ങൾ സമർപ്പിച്ചു, ഇന്ന് അടൽ ടണൽ പ്രവർത്തനക്ഷമമാണ്, രാജ്യത്തിലെ സൈന്യം അതിലൂടെ എളുപ്പത്തിൽ നീങ്ങുന്നു, സാധാരണക്കാർ പോലും അങ്ങനെ ചെയ്യുന്നു. മാസങ്ങളോളം ഒരുമിച്ചു തടസ്സപ്പെട്ടിരുന്ന റൂട്ടുകൾ ഇന്ന് തുറന്നു. അടൽ തുരങ്കം പ്രവർത്തനക്ഷമമാണ്, അതുപോലെ തന്നെ, ഒരു കാര്യം വ്യക്തമായി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു ഓരോ ആവശ്യഘട്ടങ്ങൾ വരുമ്പോഴെല്ലാം വെല്ലുവിളികൾ വരുമ്പോഴും നമ്മുടെ പ്രതിരോധ സേന ഒരിക്കലും നമ്മുടെ രാജ്യത്തെ നിരാശപ്പെടുത്തില്ല. രാജ്യത്തെ തല താഴ്ത്തി നില്ക്കാൻ അവർ അനുവദിക്കില്ല. അവർ അവരുടെ ഉത്തരവാദിത്തങ്ങളിൽ പൂർണ്ണമായും പ്രതിജ്ഞാബദ്ധരാണ്. പ്രതികൂല കാലാവസ്ഥയും മറ്റ് പ്രതികൂല സാഹചര്യങ്ങളും നേരിട്ടാണ് അവർ അങ്ങനെ ചെയ്യുന്നത്. നമ്മുടെ ധീരരായ വീരരായ സൈന്യത്തെയും അവരുടെ കഴിവുകളെയും കുറിച്ച് നാം അഭിമാനിക്കുന്നു.

രാജ്യം വളരെ ധീരതയോടെ തീരുമാനങ്ങൾ എടുക്കുന്നു, നാം പുരോഗതിയുടെ പാതയിൽ തന്നെ സഞ്ചരിക്കുന്നു. ഒരിക്കൽ ഞാൻ കേട്ട ഒരു ഗസൽ കേട്ടു, എനിക്കു അതിൽ വലിയ താത്പര്യം ഇല്ല, അധികം അറിയുകയുമില്ല . അതിൽ എഴുതിയിരുന്നു .

''മേ ജിസ്സെ ഓഡ്ത്ത ബിച്ചാഥാ ഹൻ

''മേ ജിസ്സെ ഓഡ്ത്ത ബിച്ചാഥാ ഹൻ

വോ ഗസൽ ആപ്കോ സുനാത ഹ ''

ഇപ്പോൾ പോയ സുഹൃത്തുക്കൾ അവർ കടന്നു പോയ കാലഘട്ടത്തിന്റെ ഓർമ്മകളിൽ മുഴുകിയിരിക്കുകയാണെന്നും അവർ അതേക്കുറിച്ച് മാത്രം ചിന്തിച്ച് കൊണ്ടിരിക്കുകയാണെന്നും അതേ കുറിച്ചു മാത്രം പറഞ്ഞു കൊണ്ടിരിക്കുകയുമാണ് എന്ന് എനിക്ക് തോന്നുന്നു. അത് കൊണ്ട് തന്നെ ഇനിമുതൽ നമ്മൾ വളരെ ധൈര്യമുള്ളവരായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു . വളരെ ഉറപ്പോടെ മുന്നോട്ട് നമ്മൾ പോകേണ്ടിയിരിക്കുന്നു .

ഈ പുതിയ കൊറോണാനന്തര ലോകക്രമത്തിൽ, ഒന്നും മാറാൻ പോകുന്നില്ല എല്ലാം വിധിക്ക് മുന്നിൽ വിട്ടുകൊടുക്കാമെന്ന മനോഗതിയും അങ്ങനെയൊക്കെ നടക്കും ('ചൽത്താ ഹേ') എന്ന മനോഭാവവും ഇന്ത്യ ഒഴിവാക്കണമെന്ന് ഞാൻ പറയുന്നു.

130 കോടി ഇന്ത്യക്കാരുടെ കൂട്ടായ കഴിവ് നമുക്കുണ്ട്. പ്രശ്നങ്ങൾ വരും. ദശലക്ഷക്കണക്കിന് പ്രശ്നങ്ങളുണ്ടെങ്കിൽ, കോടിക്കണക്കിന് പരിഹാരങ്ങളും ഉണ്ട്. നമ്മുടേത് ശക്തമായ രാജ്യമാണ്, അതിനാൽ നമ്മുടെ ഭരണഘടനാ സംവിധാനങ്ങളിൽ വിശ്വാസമർപ്പിച്ച് മുന്നേറേണ്ടതുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങളുമായി നമ്മൾ ഒരുമിച്ച് നിൽക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. നമ്മൾ ഇടനിലക്കാരുടെ സംസ്കാരം അവസാനിപ്പിച്ചെന്നത് സത്യമാണ് എന്നാൽ രാജ്യത്തെ മധ്യവർത്തി വിഭാഗത്തിൻറെ അഭിവൃദ്ധിക്കായി ക്ഷേമത്തിനായി ധാരാളം കാര്യങ്ങൾ വളരെ വേഗത്തിൽ ചെയ്യുകയും ചെയ്യുന്നു, അതിനാൽ മധ്യവർഗത്തിലെ വലിയൊരു വിഭാഗം രാജ്യ പുരോഗതിയിൽ ഒരു പ്രധാന പങ്ക് വഹിക്കാൻ പോകുന്നു. . ഇക്കാര്യത്തിൽ ആവശ്യമായ നിയമപരമായ എല്ലാ ക്രമീകരണങ്ങളും ഞങ്ങൾ ചെയ്തിട്ടുണ്ട്. ആദരണീയ അധ്യക്ഷ ജി , ഒരു പുതിയ വിശ്വാസത്തോടെ രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകാനുള്ള നിരന്തരമായ ശ്രമങ്ങൾ ആണ് നടന്നു കൊണ്ടിരിക്കുന്നത് . രാഷ്ട്രപതി ജിയോട് എനിക്കു ഹൃദയംഗമമായ നന്ദിയുണ്ട്. അദ്ദേഹം നിരവധി വിഷയങ്ങൾ പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. രാഷ്ട്രീയ അജണ്ടയാൽ പ്രചോദിതരായവർ അത് തുടർന്നുകൊണ്ടേയിരിക്കും, അവർക്ക് ആശംസകൾ. രാജ്യത്തിൻറെ അജണ്ടയിൽ ഞങ്ങൾ പ്രവർത്തിക്കും, രാജ്യ വികസനത്തോട് ചേർന്നു ഞങ്ങൾ നിൽക്കും. രാജ്യത്തെ കർഷകരോട് ഞാൻ ഒരിക്കൽ കൂടി അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വരിക, ഒരുമിച്ച് ഇരുന്നു ചർച്ച ചെയ്ത പരിഹാരങ്ങൾ കണ്ടെത്താം. ആദരണീയ

ആദരണീയ രാഷ്ട്രപതിജിയുടെ അഭിസംബോധനയിൽ നന്ദി പറഞ്ഞുകൊണ്ട് ഞാൻ താൽക്കാലികമായി എൻറെ വാക്കുകളെ ഉപസംഹരിക്കുവാൻ ഞാന് ആഗ്രഹിക്കുന്നു

Azadi Ka Amrit Mahotsav

